# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

**2015 ഡിസംബർ 2, ബുധൻ**

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 160 - നമ്പർ 3

**വില : ₹ 50**

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

2015 ഡിസംബർ 2, ബുധൻ

സ്പീക്കർ
**ശ്രീ. എൻ. ശക്തൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. പാലോട് രവി**

സെക്രട്ടറി
**ശ്രീ. പി. ഡി. ശാരംഗധരൻ**

ചീഫ് എഡിറ്റർ
**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

1352/2017

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. ഉമ്മൻ ചാണ്ടി |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. അബ്ദു റബ്ബ് |
| റവന്യൂവും കയറും വകുപ്പുമന്ത്രി | : | ശ്രീ. അടൂർ പ്രകാശ് |
| പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. പി. അനിൽ കുമാർ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. അനൂപ് ജേക്കബ് |
| ഊർജ്ജ വകുപ്പുമന്ത്രി | : | ശ്രീ. ആര്യാടൻ മുഹമ്മദ് |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. കെ. ബാബു |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : | ശ്രീ. സി. എൻ. ബാലകൃഷ്ണൻ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | : | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീമതി പി. കെ. ജയലക്ഷ്മി |
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | : | ശ്രീ. കെ. സി. ജോസഫ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. പി. ജെ. ജോസഫ് |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | : | ശ്രീ. മഞ്ഞളാംകുഴി അലി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : | ശ്രീ. കെ. പി. മോഹനൻ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ഡോ. എം. കെ. മുനീർ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | : | ശ്രീ. രമേശ് ചെന്നിത്തല |
| തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി | : | ശ്രീ. ഷിബു ബേബി ജോൺ |
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. ശിവകുമാർ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ |

# ഉള്ളടക്കം

*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ... 1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ... 26

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ... 26

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ... 80

**II ഡെപ്യൂട്ടി സ്പീക്കർ തെരഞ്ഞെടുപ്പ്** ... 502

**III അടിയന്തരപ്രമേയം**

വിഴിഞ്ഞം പുനരധിവാസ പാക്കേജ്—
ശ്രീമതി ജമീലാ പ്രകാശം
(അവതരണാനുമതി നിഷേധിച്ചു) ... 504

**IV ശ്രദ്ധ ക്ഷണിക്കൽ**

1. സ്കൂൾ കൗൺസിലർമാരെ സ്ഥിരപ്പെടുത്തൽ നടപടി—
ഡോ. എൻ. ജയരാജ് ... 524

2. മണിയോർഡർ സംവിധാനം പുനഃസ്ഥാപിക്കൽ—
ശ്രീ. വി. ശിവൻകുട്ടി ... 529

**V സബ്മിഷൻ**

1. കേസ് സി.ബി.ഐ.-യ്ക്ക് കൈമാറൽ—
പ്രതിപക്ഷനേതാവ്
(ശ്രീ. വി. എസ്. അച്ചുതാനന്ദൻ) ... 535

2. ഹജ്ജ് ക്വാട്ട വർദ്ധിപ്പിക്കൽ—
ശ്രീ. കെ. എൻ. എ. ഖാദർ ... 537

3. കർഷകർക്ക് നഷ്ടപരിഹാരം—

ശ്രീ. മോൻസ് ജോസഫ് ... 539

4. കെ.എസ്.ആർ.ടി.സി. റൂട്ട്/സർവ്വീസുകൾ വർദ്ധിപ്പിക്കൽ—
ശ്രീ. ആർ. സെൽവരാജ് ... 540

5. ഭൂമിയുടെ കരം സ്വീകരിക്കൽ—
ശ്രീ. എം. ഉമ്മർ ... 541

6. വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിൽ കോഴ്സ് ആരംഭിക്കൽ—
ശ്രീ. എ. കെ. ബാലൻ ... 543

7. കോങ്ങാട്-കാഞ്ഞിക്കുളം റോഡിന്റെ ശോച്യാവസ്ഥ—
ശ്രീ. കെ. വി. വിജയദാസ് ... 544

8. കാരുണ്യ ഡയാലിസിസ് സെന്ററിന്റെയും ട്രോമാ കെയർ യൂണിറ്റിന്റെയും പ്രവർത്തനം—
ശ്രീമതി പി. അയിഷാ പോറ്റി ... 545

**VI മേശപ്പുറത്തുവച്ച കടലാസുകൾ**

1. ചട്ടം 47(2) അനുസരിച്ചുള്ള ലിസ്റ്റ് I പ്രകാരം ... 546
2. ചട്ടം 236(6) അനുസരിച്ചുള്ള ലിസ്റ്റ് II പ്രകാരം ... 548

**VII റിപ്പോർട്ട് സമർപ്പണം**

1. പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പതിനാറ് മുതൽ പതിനെട്ട് വരെയുള്ള റിപ്പോർട്ടുകൾ ... 557
2. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നാൽപ്പത്തിരണ്ട് മുതൽ നാൽപ്പത്തിയഞ്ച് വരെയുള്ള റിപ്പോർട്ടുകൾ ... 557

**VIII ക്രമപ്രശ്നം**

മത്സ്യബന്ധനവും ഇുറമുഖവും എക്സൈസും വകുപ്പുമന്ത്രി 1-12-2015-ന്
മേശപ്പുറത്തുവച്ച ക്യാബിനറ്റ് നോട്ടിന്റെ പകർപ്പ് സംബന്ധിച്ച് ... 557

*പേജ്*

**IX നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട്
കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

1. 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ ... 567

2. 2015-ലെ കേരള ഹർത്താൽ നിയന്ത്രണ ബിൽ ... 615

**X ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപം**

ഡോ. ബി. ആർ. അംബേദ്കറുടെ 125-ാം ജന്മവാർഷികം ... 700

**XI പ്രത്യേക പരാമർശം** ... 771

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

*2015 ഡിസംബർ 2, ബുധൻ*

വാല്യം 160] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 3

നിയമസഭ 2015 ഡിസംബർ മാസം 2-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ബാർ കോഴക്കേസിൽ കുറ്റാരോപിതനായ മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി രാജിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റിനുമുന്നിൽ നിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ: ഓർഡർ ...... ഓർഡർ...... ചോദ്യം നമ്പർ *61

### തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കൽ

1 (*61) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. ബെന്നി ബെഹനാൻ:
ശ്രീ. ജോസഫ് വാഴയ്ക്കൻ:
ശ്രീ. കെ. മുരളീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ,

(എ) ഉണ്ട്. ഇതിനായി തൊഴിൽ വകുപ്പിൽ, ലേബർ കമ്മീഷണറേറ്റിൽ ഒരു തൊഴിൽ നിയമപരിഷ്കരണസമിതി രൂപീകരിച്ചിട്ടുണ്ട്.

(ബി) തൊഴിൽ നിയമങ്ങളിൽ കാലോചിതമായ മാറ്റം വരുത്തുകയാണ് ലക്ഷ്യം.

(സി) സംസ്ഥാനത്ത് തൊഴിൽ ചെയ്തുവരുന്ന തൊഴിലാളികൾക്ക് അർഹതപ്പെട്ട വേതനവും ആരോഗ്യപരിരക്ഷയും തൊഴിൽ സുരക്ഷയും ഉറപ്പുവരുത്തുന്നതിലേക്കായി 1961-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമങ്ങളും ചട്ടങ്ങളും, 1959-ലെ പ്ലാന്റേഷൻ ലേബർ ചട്ടങ്ങളും ഭേദഗതി വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 1958-ലെ മിനിമം വേതനം ചട്ടങ്ങളിൽ ഭേദഗതി വരുത്തി വേതന സുരക്ഷാ പദ്ധതിക്ക് നിയമസാധുത നൽകി 8-7-2015-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതോടൊപ്പം എംപ്ലോയീസ് കോമ്പൻസേഷൻ ചട്ടങ്ങളും ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ ലേബർ കമ്മീഷണറേറ്റിൽ നിയമപരിഷ്കരണ കമ്മിറ്റിയുടെ നേതൃത്വത്തിൽ പുരോഗമിച്ചുവരുന്നു. ഇതുകൂടാതെ പേയ്മെന്റ് ഓഫ് വേജസ് ആക്ട് ഭേദഗതി വരുത്തുവാനുള്ള ബിൽ സഭയുടെ പരിഗണനയിലാണ്. കേരളാ ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (നാഷണൽ & ഫെസ്റ്റിവൽ ഹോളിഡെയ്സ്) ഭേദഗതി ബില്ലും പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, സ്വാതന്ത്ര്യത്തിനുശേഷം നാട്ടിൽ നിലനിന്നിരുന്ന തൊഴിൽ സാഹചര്യങ്ങളനുസരിച്ചുള്ള തൊഴിൽ നിയമങ്ങളാണ്

അന്ന് ഉണ്ടാക്കിയിരുന്നത്. അതിൽ കാതലായ മാറ്റം ഇന്ന് ഉണ്ടായിരിക്കുകയാണ്. ഇന്ന് പൊതുമേഖലയിൽ നിന്ന് സ്വകാര്യമേഖലയിലേക്കും സർവ്വീസ് സെക്ടറിലേക്കും തൊഴിൽ മേഖല മാറിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ പല തൊഴിൽ നിയമങ്ങളും കാലഹരണപ്പെട്ടിരിക്കുകയാണ്. തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കാനുള്ള ഗവൺമെന്റിന്റെ നടപടിയെ സ്വാഗതം ചെയ്യുന്നു. അതോടൊപ്പംതന്നെ, തൊഴിലാളി സംഘടനകളുമായും തൊഴിൽ മേഖലയുമായും വിപുലമായ ഒരു ചർച്ച നടത്തി തൊഴിൽ നിയമങ്ങളിൽ കാതലായ മാറ്റംവരുത്താനുള്ള നിയമപരിഷ്കരണ നടപടികളുമായി മുന്നോട്ടുപോകാൻ ഗവൺമെന്റ് ശ്രദ്ധിക്കുമോ?

<u>ശ്രീ. ഷിബു ബേബി ജോൺ</u>: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ശരിയാണ്. തൊഴിൽ സാഹചര്യങ്ങളിൽ വന്നിട്ടുള്ള മാറ്റത്തിനനുസൃതമായി നിയമങ്ങൾ പരിഷ്കരിക്കാൻ നമുക്ക് സാധിച്ചിട്ടില്ല. ദൗർഭാഗ്യവശാൽ, തൊഴിലാളികൾക്ക് അനുകൂലമാകുന്നതിനുപകരം കോർപ്പറേറ്റുകൾക്ക് അനുകൂലമാകുന്ന നിലയിലാണ് കേന്ദ്രഗവൺമെന്റ് തൊഴിൽ നിയമങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടിരിക്കുന്നത്. ഈ പശ്ചാത്തലത്തിലാണ് കേരളത്തിൽ തൊഴിൽ വകുപ്പിലെ ലേബർ കമ്മീഷണറേറ്റിൽ ഒരു തൊഴിൽ നിയമ പരിഷ്കരണ സമിതി രൂപീകരിച്ചത്. ഏതൊക്കെ ബില്ലുകളാണ് പരിഷ്കരിക്കേണ്ടത് എന്നുള്ളതിനെക്കുറിച്ച് അവർ ഒരു പഠനം നടത്തുകയും അതിന്റെയടിസ്ഥാനത്തിൽ ട്രേഡ് യൂണിയനുകളുമായി ചർച്ച നടത്തി ആവശ്യമായ മാറ്റങ്ങൾ വരുത്താനാണ് ഗവൺമെന്റ് ലക്ഷ്യമിട്ടിരിക്കുന്നത്. അത് സമയബന്ധിതമായി പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി പല നിയമപരിഷ്കരണങ്ങളും ഇതിനോടകം സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞതു പോലെ കേന്ദ്രത്തിലും കേരളത്തിലും പഴയകാലങ്ങളിൽ കൊണ്ടുവന്ന തൊഴിൽ നിയമങ്ങളെല്ലാം തൊഴിലാളികളുടെ വെൽഫെയറിനുവേണ്ടിയായിരുന്നു. ദൗർഭാഗ്യവശാൽ ഇന്ന് ആ സ്ഥിതി മാറി കോർപ്പറേറ്റ് മേഖലയേയും സ്വകാര്യമേഖലയേയും സംരക്ഷിക്കാനുള്ള തൊഴിൽ നിയമങ്ങളാണ് വരുന്നത്. സംഘടിത മേഖലയിൽ തൊഴിലാളി പ്രസ്ഥാനങ്ങൾ ഇതിനെ ചെറുത്ത് നിൽക്കുകയാണ്. എന്നാൽ അസംഘടിത മേഖലയിൽ ഗൗരവതരമായ തൊഴിൽ പ്രശ്നങ്ങൾ ഉണ്ടായിരിക്കുകയാണ്.

കേരളം ചർച്ച ചെയ്യപ്പെട്ട വിഷയങ്ങളാണ് ആശുപത്രികളിലെ നഴ്സുമാരുടെയും അൺ-എയ്ഡഡ് സ്കൂളുകളിലെ ടീച്ചർമാരുടെയും പ്രശ്നങ്ങൾ. ഇത്രയും ശമ്പളം കിട്ടി എന്ന് അവരുടെ കയ്യിൽനിന്നും ഒപ്പിട്ട് വാങ്ങുകയും എന്നാൽ അത്രയും കൊടുക്കാതിരിക്കുകയും ചെയ്യുകയാണ്. നിയമപരമായ പ്രശ്നങ്ങൾ ഇല്ലാതിരിക്കാൻ വേണ്ടി ഇതുപോലുള്ള ധാരാളം കാര്യങ്ങൾ ചെയ്യുന്നുണ്ട്. എന്നാൽ അർഹതപ്പെട്ട ശമ്പളവും സേവന-വേതന വ്യവസ്ഥകളും അവിടെ നിലനിൽക്കുന്നില്ല. തൊഴിൽ സുരക്ഷിതത്വവും വേതന സുരക്ഷിതത്വവും ഉറപ്പുവരുത്താനും അവരെ കബളിപ്പിക്കുന്ന ഇത്തരം നടപടികൾ അവസാനിപ്പിക്കാനും എന്ത് നടപടി സ്വീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്?

ശ്രീ. ഷിബു ബേബി ജോൺ: സർ, അസംഘടിത മേഖലയിൽ ദൗർഭാഗ്യവശാൽ വലിയ ചൂഷണം നിലനിൽക്കുന്നുണ്ട്. നമ്മുടെ നിയന്ത്രണത്തിനുമപ്പുറത്തേക്ക് സാഹചര്യങ്ങൾ മാറുകയാണ്. അത് മനസ്സിലാക്കിക്കൊണ്ടാണ് നൂതനമായ 'വേജ് പ്രൊട്ടക്ഷൻ സിസ്റ്റം' എന്നൊരു പദ്ധതി കൊണ്ടുവന്നത്. ഗൾഫ് രാജ്യങ്ങളിലൊക്കെ തൊഴിലാളികൾക്ക് ശമ്പളം കൊടുക്കുമ്പോൾ അത് സംബന്ധിച്ച എല്ലാ വിവരങ്ങളും അവിടത്തെ സെൻട്രൽ ബാങ്കിന് ലഭിക്കണം. അതുപോലെ ശമ്പളവും ആനുകൂല്യങ്ങളും സംബന്ധിച്ച വിവരങ്ങൾ ലേബർ കമ്മീഷണറേറ്റിൽ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. വ്യവസായങ്ങളും മറ്റ് സംരംഭങ്ങളും വളരെയധികം വർദ്ധിച്ചിട്ടുള്ളതിനാൽ ലേബർ ഓഫീസർമാർ എല്ലാ കടകളിലും സ്ഥാപനങ്ങളിലും പോയി ഫിസിക്കലായി പരിശോധന നടത്തുകയെന്നത് അസാധ്യമാണ്. അതുകൊണ്ടുതന്നെ മോഡേൺ ടെക്നോളജി ഉപയോഗിച്ച് ഡി.എൽ.ഒ.-യ്ക്ക് ലേബർ ഓഫീസിൽ ഇരുന്നുകൊണ്ടു തന്നെ വിശദാംശങ്ങൾ ലഭ്യമാക്കാൻ കഴിയുന്ന നിലയിലുള്ള ഒരു സംവിധാനമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. 42 കാര്യങ്ങളാണ് ഇങ്ങനെ ലഭ്യമാക്കാൻ ആവശ്യപ്പെടുന്നത്. ഈ സംവിധാനം നിലവിൽ വരുമ്പോൾ വ്യവസായം ചെയ്യുന്നവർക്കും അത് സഹായകരമാകും. കാരണം അവർക്ക് എല്ലാ ലെഡ്ജറും പ്രത്യേകം എഴുതി സൂക്ഷിക്കേണ്ട ആവശ്യം വരില്ല. ഇലക്ട്രോണിക്കലായി വച്ചിരുന്നാൽമതി. ആവശ്യപ്പെടുമ്പോൾ ഹാർഡ് കോപ്പി കൊടുക്കണമെന്നേയുള്ളൂ. എന്നാൽ തൊഴിലാളികൾക്ക് ഇക്കാര്യങ്ങൾ കാണിച്ചുകൊണ്ടുള്ള വേജ് സ്ലിപ്

കൊടുക്കുകയും അതനുസരിച്ച് അവരുടെ പേമെന്റ് ബാങ്കുവഴി ആക്കുകയും ചെയ്യുന്ന ഒരു പദ്ധതിയാണ് വേജ് പ്രൊട്ടക്ഷൻ പദ്ധതി. അത് പരീക്ഷണാർത്ഥം തിരുവനന്തപുരം ജില്ലയിൽ 7 സെക്ടറുകളിൽ ആരംഭിച്ചിട്ടുണ്ട്. അതിന്റെ തെറ്റു കുറ്റങ്ങൾ പരിഹരിച്ച് കേരളത്തിലെ എല്ലാ സെക്ടറുകളിലേക്കും വ്യാപിപ്പിക്കാനാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്.

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സർ, ഇന്ന് ഏറ്റവും വലിയ തൊഴിൽദാന മേഖലയായി നമ്മുടെ ഐ.ടി. മേഖല മാറിയിരിക്കുകയാണ്. എന്നാൽ ഈ മേഖലയിലെ തൊഴിലാളികൾക്ക് പല ആനുകൂല്യങ്ങളും അവകാശങ്ങളും ലഭിക്കുന്നില്ല എന്ന പരാതിയുണ്ട്. അതോടൊപ്പംതന്നെ ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് അനുസരിച്ച് വാണിജ്യസ്ഥാപനങ്ങൾ, കടകൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇന്ന് ചെറിയ കടകളെല്ലാം മാളുകളായി മാറിയിരിക്കുകയാണ്. ആ മാളുകളിൽ ജോലി ചെയ്യുന്നവരിൽ കൂടുതലും സ്ത്രീകളാണ്. അവിടങ്ങളിൽ അവർക്കുവേണ്ട അടിസ്ഥാനസൗകര്യങ്ങളൊന്നുമില്ല. ഇത്തരം കാര്യങ്ങൾ പുതിയ ഭേദഗതി ബില്ലിൽ വന്നിട്ടുണ്ടോ; അതിനായി എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീ. ഷിബു ബേബി ജോൺ</u> : സർ, ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പരിഷ്കരിച്ചതുതന്നെ ഇത്തരം സാഹചര്യങ്ങൾ കണക്കിലെടുത്തുകൊണ്ടാണ്. സ്ത്രീ തൊഴിലാളികൾ നേരിടേണ്ടിവരുന്ന ഗുരുതരമായ പ്രശ്നങ്ങളെ സംബന്ധിച്ച്, പ്രത്യേകിച്ച് അസംഘടിതരായവർ നേരിടുന്ന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് പല സമരങ്ങളും കേരളത്തിലുണ്ടായിട്ടുണ്ട്. ഈ പശ്ചാത്തലത്തിലാണ് ഇങ്ങനെയൊരു പരിഷ്കരം നിർദ്ദേശിച്ചത്. 1961-നുശേഷം ആദ്യമായി ആ നിയമം പരിഷ്കരിച്ചിരിക്കുകയാണ്. ഫൈനുകൾ കർശനമാക്കുകയും വർദ്ധിപ്പിക്കുകയും ചെയ്തു. മുമ്പുണ്ടായിരുന്ന നിയമ പ്രകാരം ഞായറാഴ്ച ദിവസം അല്ലെങ്കിൽ ആഴ്ചയിൽ ഒരു ദിവസം അവധി കൊടുക്കണമെന്നുണ്ട്. ഞായറാഴ്ച ദിവസം സ്ഥാപനങ്ങൾ/കടകൾ തുറന്നാൽ പരമാവധി 50 രൂപവരെ മാത്രമേ ഫൈനുണ്ടായിരുന്നുള്ളൂ. അതിനെല്ലാം മാറ്റം വരുത്തിക്കൊണ്ട്, ഒരു കടയോ മാളോ വൻകിട കടയാണെങ്കിലും ആരംഭിക്കണമെങ്കിൽ

അവിടെ തൊഴിലാളികൾക്ക് ഒരു റെസ്റ്റ് റൂം ഉണ്ടായിരിക്കണം, നാലുമണിക്കൂർ കഴിയുമ്പോൾ വിശ്രമിക്കാനുള്ള സൗകര്യമുണ്ടാകണം, ക്രഷ് (മൂന്നോ നാലോ കടകൾ ചേർന്ന് ഗ്രൂപ്പ് ക്രഷ്) ഉണ്ടാകണം. അങ്ങനെ നിരവധി വ്യവസ്ഥകൾ വച്ചുകൊണ്ടാണ് ആ നിയമം പരിഷ്കരിച്ചിരിക്കുന്നത്. ഇത് ഐ.ടി. മേഖലയ്ക്കും ബാധകമാണ്. വേജ് പ്രൊട്ടക്ഷൻ സിസ്റ്റം ഏറ്റവും സഹായകരമാകുമെന്ന് പറഞ്ഞു കൊണ്ടിരുന്നത് ഐ.ടി. മേഖലയിലാണ്. അവിടെയുള്ള നിയമനിഷേധം നമുക്ക് അനുവദിക്കാൻ കഴിയില്ല. ഐ.ടി. മേഖല അവകാശപ്പെട്ടുകൊണ്ടിരുന്നത് അവരെല്ലാം ബാങ്കുവഴിയാണ് പേയ്മെന്റ് കൊടുക്കുന്നതെന്നാണ്. അങ്ങനെ ബാങ്കുവഴി പേയ്മെന്റ് കൊടുക്കുന്നവർക്ക് വേജ് പ്രൊട്ടക്ഷൻ സിസ്റ്റത്തിലേക്ക് മാറുമ്പോൾ യാതൊരുവിധ പ്രയാസവും ഉണ്ടാകേണ്ട കാര്യമില്ല. അവർക്ക് അതിന്റെ ഡീറ്റയിൽസ് കൊടുത്താൽ മതി. പക്ഷേ ദൗർഭാഗ്യവശാൽ അവർ തന്നെയാണ് ഇപ്പോൾ വേജ് പ്രൊട്ടക്ഷൻ സിസ്റ്റത്തോട് മുഖംതിരിഞ്ഞ് നിൽക്കുന്നത്. അവരുമായി ചർച്ചകൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഐ.ടി. മേഖലയിൽ ഒരു ചെറിയ വിഭാഗം നിയമനിഷേധം നടത്തുന്നുണ്ടെന്നതും അവിടെ ചൂഷണം നിലനിൽക്കുന്നുവെന്നതും ഒരു വസ്തുതയാണ്. പരാതി കിട്ടിയാൽ മാത്രമേ അവിടെ പരിശോധനയ്ക്ക് ചെല്ലുകയുള്ളൂ എന്നതായിരുന്നു ഇതുവരെയുണ്ടായിരുന്ന ധാരണ. അവിടത്തെ ചൂഷണം അവസാനിപ്പിക്കാൻ വേണ്ടി ഇങ്ങനെയൊരു പ്രോഗ്രസ്സീവായിട്ടുള്ള നിയമം കൊണ്ടുവരുമ്പോൾ മുഖംതിരിഞ്ഞ് നിൽക്കുകയാണെങ്കിൽ കർശന നിലപാട് കൈക്കൊള്ളേണ്ടിവരും എന്നുള്ളതാണ് ഗവൺമെന്റിന്റെ അഭിപ്രായം.

ശ്രീ. ജോസഫ് വാഴയ്ക്കൻ : സർ, കേന്ദ്രസർക്കാർ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന പുതിയ തൊഴിൽ നിയമം തികച്ചും തൊഴിലാളിവിരുദ്ധമാണ് എന്നാണ് പത്ര വാർത്തകളിലൂടെ കാണാൻ കഴിയുന്നത്. 40 തൊഴിലാളികളിൽ താഴെ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ അവർക്ക് ഇന്നലെവരെ ഉണ്ടായിരുന്ന ഇ.എസ്.ഐ., പി.എഫ്., മിനിമം വേജസ് തുടങ്ങിയ ആനുകൂല്യങ്ങളൊന്നും ഇനി ഉണ്ടാകില്ല. അവർ അതിന് അർഹരല്ല എന്ന നിലയിലുള്ള വാർത്തകളാണ് മാധ്യമങ്ങളിൽ വരുന്നത്. ഇങ്ങനെ ഒരു നിയമം കേന്ദ്രം കൊണ്ടുവന്നാൽ, ഇവിടത്തെ

തൊഴിലാളികളെ സംരക്ഷിക്കത്തക്ക രീതിയിൽ ആ നിയമത്തിനെതിരായി ഒരു നിയമം കൊണ്ടുവരാനും സംരക്ഷിക്കാനും സംസ്ഥാനത്തിന് കഴിയുമോ എന്നാണ് അറിയേണ്ടത്.

ശ്രീ. ഷിബു ബേബി ജോൺ: സർ, സെൻട്രൽ ആക്ടിന് കോൺട്രാഡിക്ടറിയായി നമുക്ക് നിയമം പാസ്സാക്കാൻ കഴിയില്ല. ഇന്ത്യാ രാജ്യത്തെ തൊഴിലാളി സംഘടനകളും പല സംസ്ഥാന ഗവൺമെന്റുകളും കേന്ദ്രഗവൺമെന്റിന്റെ ഈ നിയമപരിഷ്കാരങ്ങളെ എതിർത്തിട്ടുണ്ട്. തൊഴിലാളികളുടെ പ്രശ്നംകൊണ്ടാണ് ഇവിടെ വ്യവസായം വരാത്തതെന്നാണ് കേന്ദ്രസർക്കാരിന്റെ വിചിത്രമായൊരു കണ്ടെത്തൽ. സ്വതന്ത്രഭാരതത്തിൽ മിനിമം കൂലി കൊടുക്കാത്തതിന് ഒരാളെപ്പോലും ശിക്ഷിച്ചതായി നമുക്കറിയില്ല, പല കേസുകളും എടുത്തിട്ടുണ്ടായിരിക്കും. അങ്ങനെയുള്ള സാഹചര്യമുള്ളപ്പോൾ, തൊഴിൽ മേഖലയിൽ വ്യാപകമായ നീതി/നിയമനിഷേധം നിലനിൽക്കുമ്പോൾത്തന്നെ കേന്ദ്ര ഗവൺമെന്റ് പറയുന്നത് ഇതിനെല്ലാം മാറ്റം വന്നേ മതിയാകൂ എന്നാണ്. കേരളത്തിന്റെ അഭിപ്രായം വളരെ ശക്തമായിത്തന്നെ അവിടെ പ്രകടിപ്പിച്ചു. പാശ്ചാത്യ രാജ്യങ്ങളെ അനുകരിച്ചുകൊണ്ട് കോർപ്പറേറ്റൈസേഷൻ എന്നുപറഞ്ഞുകൊണ്ട് പോകുമ്പോൾ പാശ്ചാത്യരാജ്യങ്ങളിൽപ്പോലും ഒരു നിയമം നടപ്പിലാക്കുന്നത് എത്ര കർശനമായിട്ടാണെന്നത് നമ്മൾ തിരിച്ചറിയണം. ഇന്ത്യൻ ഡിപ്ലോമാറ്റായ ദേവയാനി കോബ്രഗഡെയെ വിയന്ന കൺവെൻഷന്റെ പ്രൊട്ടക്ഷൻ ഉണ്ടായിട്ടുപോലും മിനിമം വേജസ് നിഷേധിച്ചുവെന്ന് പറഞ്ഞ് അമേരിക്കൻ പോലീസ് അറസ്റ്റ് ചെയ്തു. ഇന്ത്യാ രാജ്യത്ത് അതിനുപോലുമുള്ള സാഹചര്യമില്ല. എന്നിട്ടാണ് ഇവിടെ തൊഴിലാളി നിയമങ്ങളെല്ലാം മാറ്റിയാൽ മാത്രമേ വ്യവസായം വരികയുള്ളൂവെന്ന് കേന്ദ്രഗവൺമെന്റ് പറയുന്നത്. എനിക്ക് ഇതിനോട് ശക്തമായ വിയോജിപ്പാണ് ഉള്ളത്. കേന്ദ്രഗവൺമെന്റ് ഈ നിയമം പാസ്സാക്കിക്കഴിഞ്ഞാലുള്ള സാഹചര്യത്തെക്കുറിച്ച് നമുക്ക് കൂട്ടായി ആലോചിക്കാം.

ശ്രീ. കെ. മുരളീധരൻ: സർ, പുതിയ മാളുകൾ ഉണ്ടാക്കുമ്പോഴുള്ള നിയമങ്ങളെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കേരളത്തിൽ ഇപ്പോൾ മഹാഭൂരിപക്ഷവും പഴയ തുണിക്കടകളാണ്, മാളുകൾ വിരലിൽ

എണ്ണാവുന്നതേയുള്ളൂ. തുണിക്കടകളിൽ ജോലി ചെയ്യുന്നവരിൽ 90 ശതമാനവും സ്ത്രീകളാണ്. അവർക്ക് രാവിലെ മുതൽ രാത്രി വരെ ഒരേ നിൽപ്പ് എന്നുമാത്രമല്ല, പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാനുള്ള സൗകര്യങ്ങൾ പോലും പല തുണി കടകളിലുമില്ല. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ കർശന നടപടി സ്വീകരിക്കണം. ഇല്ലെങ്കിൽ സ്ത്രീ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അത് വലിയൊരു പീഡനം തന്നെയാണെന്നുള്ള കാര്യത്തിൽ സംശയമില്ല.

ശ്രീ. ഷിബു ബേബി ജോൺ: സർ, മാളുകൾക്കുവേണ്ടി മാത്രമല്ല നിയമം പരിഷ്കരിച്ചിട്ടുള്ളത്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ പരിഷ്കരിച്ച നിയമം കേരളത്തിലെ എല്ലാ ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സിനും ബാധക മാക്കിയിട്ടുണ്ട്. എന്നാൽ ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം തുണിക്കടകളിൽ ഇരുന്ന് ജോലി ചെയ്യണമെന്ന് പറയാൻ നമുക്ക് സാധിക്കില്ല. പക്ഷെ നാലു മണിക്കൂർ തുടർച്ചയായി ജോലി ചെയ്യുന്ന ഏതൊരു വ്യക്തിക്കും ഒരു മണിക്കൂർ വിശ്രമത്തിനുള്ള അർഹതയുണ്ട്. അതുകൊണ്ട് തന്നെയാണ് ആ പരിഷ്കാരങ്ങൾ കൊണ്ടുവന്നത്. തുണിക്കടകളിലും മറ്റു സ്ഥാപനങ്ങളിലും റെസ്റ്റ് റൂം, ടോയ്‌ലെറ്റ്, മുലയൂട്ടാനുള്ള ക്രഷ് എന്നിങ്ങനെയുള്ള സൗകര്യം ഉണ്ടാകണം. ഒരു തുണിക്കടയ്ക്ക് മാത്രമായി ക്രഷ് ഉണ്ടാക്കാൻ സാധിച്ചില്ലെങ്കിൽ ഒരു ഗ്രൂപ്പായിട്ട് ക്രഷ് ഉണ്ടാക്കണം. ആ മേഖലയിലെ സഹോദരിമാരുടെ പ്രശ്നങ്ങൾ കണക്കിലെടുത്തു കൊണ്ടുതന്നെയാണ് കേരള നിയമസഭ ഈ നിയമം പാസ്സാക്കിയത്.

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട മന്ത്രി കേരളത്തിലെ തൊഴിൽ മേഖലയിൽ കാര്യമായ മാറ്റം വരുത്താൻ പുതിയ നിർദ്ദേശങ്ങളും പദ്ധതികളും കൊണ്ടുവരുന്നത് നല്ലകാര്യമാണ്. എന്നാൽ എന്താണ് അതിന്റെ ഉള്ളടക്കമെന്നത് ഇതുവരെ വ്യക്തമല്ല. കേരളത്തിലെ തൊഴിൽ മേഖലയിലെ പ്രശ്നം നിയമങ്ങൾ ഇല്ലാത്തതല്ല. ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ട്, മിനിമം വേജസ് ആക്ട്, പ്രോവിഡന്റ് ഫണ്ട് ആക്ട്, ഇ.എസ്.ഐ. ആക്ട് എന്നിങ്ങനെ തൊഴിലാളികളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന നിരവധി നിയമങ്ങൾ പാസ്സാക്കിയ

സഭയാണിത്. ഇവിടെ ഇവയൊന്നും എൻഫോഴ്സ് ചെയ്യാൻ സാധിക്കുന്നില്ല എന്നുള്ളതാണ് കേരളത്തിലെ തൊഴിലാളികൾ നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. സംഘടിത ശക്തിക്ക് കൂടുതൽ കരുത്ത് നൽകാനാണ് നിയമങ്ങൾ ഉണ്ടാക്കുന്നത്. ലാലാ ലജ്പത് റായ് ആണ് ഇന്ത്യയിൽ ആദ്യത്തെ തൊഴിലാളി സംഘടന കൊണ്ടുവന്നത്. അതുപോലെ കേന്ദ്രം കൊണ്ടുവരാൻ പോകുന്ന നിയമങ്ങൾ തൊഴിലാളികളെ അങ്ങേയറ്റം ദ്രോഹിക്കുന്നവയാണെന്ന് അങ്ങ് പറഞ്ഞു. സംസ്ഥാന ഗവൺമെന്റും അക്കാര്യത്തിൽ മോശമല്ല. ഹർത്താൽ നിയന്ത്രണ ബിൽ കൊണ്ടു വരുന്നതുവഴി തൊഴിലാളികളുടെ ഏറ്റവും ശക്തമായ സമരായുധമാണ് നിങ്ങൾ നിർജ്ജീവമാക്കുന്നത്. എന്റെ ചോദ്യം, പുതിയ നിയമങ്ങൾ കൊണ്ടു വരുന്നതിനു പകരം നിലവിലുള്ള നിയമങ്ങൾ ശക്തമായി എൻഫോഴ്സ് ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ; അതിനായി എൻഫോഴ്സ്മെന്റ് ഡിപ്പാർട്ട്മെന്റ് രൂപീകരിക്കുമോ എന്നാണ്?

ശ്രീ. ഷിബു ബേബി ജോൺ: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഒരു യാഥാർത്ഥ്യമാണ്. എൻഫോഴ്സ്മെന്റിന്റെ കാര്യത്തിലുള്ള ബുദ്ധിമുട്ട് നേരത്തെ ഞാൻ ഇവിടെ പറഞ്ഞതാണ്. വ്യവസായ സ്ഥാപനങ്ങളുടെയും മറ്റ് സ്ഥാപനങ്ങളുടെയും എണ്ണത്തിൽ വളരെയധികം വർദ്ധനവുണ്ടായിട്ടുള്ള പശ്ചാത്തലത്തിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ വച്ചുകൊണ്ട് ഓരോ സ്ഥാപനങ്ങളിലും പരിശോധന നടത്തി തൊഴിൽ നിയമങ്ങൾ പാലിക്കുന്നുണ്ടെന്ന് ensure ചെയ്യാൻ പറ്റില്ല. ഇതെല്ലാം കണക്കിലെടുത്തുകൊണ്ടാണ് വേജ് പ്രൊട്ടക്ഷൻ സിസ്റ്റം കൊണ്ടുവന്നിട്ടുള്ളത്. ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കുറച്ച് സെക്ടറുകളിൽ അതിന് തുടക്കം കുറിച്ചിരിക്കുകയാണ്. ക്രമേണ അത് എല്ലാ മേഖലകളിലും വ്യാപകമാക്കുമ്പോൾ തീർച്ചയായും കേരളത്തിലെ തൊഴിൽ പ്രശ്നങ്ങൾക്ക് ഒരളവുവരെ പരിഹാരം കാണാൻ സാധിക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. ഹർത്താൽ നിയന്ത്രണ ബില്ലിനെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം പറഞ്ഞു. തൊഴിലാളികളുടെ സമരം ചെയ്യാനുള്ള അവകാശങ്ങളെ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് കവർന്നെടുത്തിട്ടില്ല. സമരം ചെയ്യാനുള്ള അവകാശം ഉണ്ടായിരിക്കും. അതിൽ യാതൊരു ആശങ്കയും

ആർക്കും വേണ്ട. രാഷ്ട്രീയ ആവശ്യങ്ങൾക്കുവേണ്ടി നടത്തുന്ന ഹർത്താലുകളെ കുറിച്ച് ചിലപ്പോൾ രണ്ട് അഭിപ്രായങ്ങൾ ഉണ്ടായിരിക്കാം. അതല്ലാതെ തൊഴിലാളികളുടെ അവകാശങ്ങൾ കവർന്നെടുക്കാൻ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല.

ശ്രീ. എ. കെ. ബാലൻ: സർ, മൂലധന ശക്തികൾക്കെതിരായിട്ടുള്ള പോരാട്ടത്തിൽ ജനങ്ങൾക്ക് വിശ്വസിക്കാൻ പറ്റുന്ന ഒരേയൊരു വർഗ്ഗം തൊഴിലാളി വർഗ്ഗമാണ്. ആഗോളീകരണത്തിന്റെ തുടർച്ചയായി അവരെ ഇല്ലാതാക്കുകയെന്നുള്ളതാണ് ലക്ഷ്യം. അതിന് നേതൃത്വം കൊടുത്ത പാർട്ടിയാണ് കോൺഗ്രസ്(ഐ). രാജ്യത്തിന്റെ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി അദ്ധ്വാനിക്കുന്ന ജനവിഭാഗം നടത്തിയ ഐതിഹാസികമായ പോരാട്ടത്തിന്റെ ഫലമായാണ് 1856-ൽ ഫാക്ടറീസ് ആക്ട്, 1926-ൽ ട്രേഡ് യൂണിയൻ ആക്ട്, 1948-ൽ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട് ഇവയെല്ലാം നേടിയെടുത്തത്. എന്നിട്ടും 70% ജനതയും നിയമത്തിന് പുറത്താണ്. അങ്ങനെയുള്ള ഒരു സാഹചര്യത്തിലാണ് ഇപ്പോൾ കേന്ദ്ര നിയമം കൊണ്ടുവന്ന് ഇതെല്ലാം ഇല്ലാതാക്കുന്നത്. ഈ നയത്തിനെതിരായിട്ടുള്ള പേരാട്ടത്തിൽ ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ഒരു പുനർചിന്തനം നടത്താൻ തയ്യാറുണ്ടോ; ബഹുമാനപ്പെട്ട ബേബിജോണിന്റെ തൊഴിൽവർഗ്ഗ സംസ്കാരം സംരക്ഷിക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, ബേബി ജോണിന്റെ പാരമ്പര്യത്തിൽ ഞാനായിട്ടൊരു കളങ്കവും വരുത്തില്ല എന്നുള്ളതാണ് എന്റെ രാഷ്ട്രീയത്തിലെ ലക്ഷ്യം. അതുകൊണ്ടു തന്നെ അത്തരത്തിലുള്ള ഒരു നടപടിയും എന്റെ ഭാഗത്തു നിന്നും ഉണ്ടാകില്ല. കേന്ദ്രഗവൺമെന്റിന്റെ നിയമങ്ങളെ നമുക്ക് ഒന്നിച്ച് എതിർക്കാം. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് കൊണ്ടുവന്ന നടപടികളെല്ലാം തെറ്റാണെന്ന് പറയാൻ കഴിയില്ല. ബഹുമാനപ്പെട്ട ശ്രീ. എ. കെ. ബാലനും ഞങ്ങളുമെല്ലാം ഒരുമിച്ച് എതിർത്തപ്പോഴും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് കൊണ്ടുവന്ന പല പരിഷ്കാരങ്ങളുമുണ്ട്. അഞ്ചോ ആറോ പതിറ്റാണ്ടുകൾക്ക് ശേഷമാണെങ്കിലും ജവഹർലാൽ നെഹ്റുവിന്റെ അന്നത്തെ സംഭാവന ഇപ്പോൾ പ്രകീർത്തിക്കപ്പെടുന്നുണ്ട്. അതത് സമയങ്ങളിൽ എതിർത്തിട്ടുണ്ടെങ്കിലും ഇന്ത്യാ രാജ്യത്തുണ്ടായ ഗുണകരമായ

മാറ്റം നമുക്ക് കാണാതിരിക്കാൻ സാധിക്കില്ല.

ശ്രീ. വർക്കല കഹാർ: സർ, ജവഹർലാൽ നെഹ്റു പ്രധാനമന്ത്രിയായ ആദ്യ മാസങ്ങളിലാണ് ലോകത്തിന് മുഴുവൻ മാതൃകയായിട്ടുള്ള തൊഴിൽ നിയമങ്ങൾ ഇന്ത്യയിൽ ഉണ്ടായത്. ഇന്ത്യാ ചരിത്രത്തിൽ അന്ന് ഇതിനുവേണ്ടി ഒരു പ്രശ്നവും എവിടെയും നടന്നില്ല. ആ കാലയളവിൽ പോലും രാജ്യത്തെ തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് വലിയ പ്രാധാന്യം നൽകിക്കൊണ്ടുള്ള തൊഴിൽ നിയമങ്ങൾ ഇന്ത്യയിൽ ഉണ്ടായി. ലോകത്ത് ഏറ്റവും കൂടുതൽ തൊഴിൽ നിയമങ്ങളുള്ള രാജ്യം ഇന്ത്യയാണ്. അങ്ങനെയുള്ള ഈ രാജ്യം ഏറ്റവും അപകടകരമായ പ്രതിസന്ധികളിലൂടെയാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. രാജ്യത്തെ തൊഴിൽ നിയമങ്ങൾ, തൊഴിൽ സംരക്ഷണം, വേതന സംരക്ഷണം, അവകാശങ്ങൾ നേടാനുള്ള തൊഴിലാളിയുടെ സ്വാതന്ത്ര്യം ഇതിന്റെയെല്ലാം കടയ്ക്കൽ കത്തിവയ്ക്കാൻ പോകുകയാണ്. അതിനെതിരെയുള്ള പോരാട്ടമാണ് രാജ്യത്തെ തൊഴിലാളികൾ ഒരുമിച്ച് നടത്തുന്നത്. ശ്രീ. സി. ദിവാകരൻ പറഞ്ഞതുപോലെ, നമ്മുടെ സംസ്ഥാനത്ത് തൊഴിൽ നിയമങ്ങളുടെ അഭാവമല്ല, അവ പരിരക്ഷിക്കുന്നതിലാണ് പ്രശ്നങ്ങളുള്ളത്. 1964-ൽ ആണ് ഇപ്പോഴുള്ള സ്റ്റാഫ് പാറ്റേൺ ഉണ്ടായത്. അതിനുശേഷം തൊഴിലാളികളുടെ എണ്ണവും പ്രശ്നങ്ങളും വളരെയധികം വർദ്ധിച്ചു. അതുകൊണ്ട് ഈ നിയമങ്ങളുടെ എൻഫോഴ്സ്മെന്റ് ശക്തിപ്പെടുത്തണം, സംസ്ഥാനത്ത് ഫെയർ വേജസ് നടപ്പിലാക്കുന്നതിന് നിയമ നിർമ്മാണമുണ്ടാകണം, അക്കാര്യങ്ങൾ ശ്രദ്ധിക്കുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, പല ചോദ്യങ്ങളാണ് ഇവിടെ ഉന്നയിച്ചിരിക്കുന്നത്. ഫെയർ വേജസിനെ സംബന്ധിച്ച് ബിൽ തയ്യാറാക്കി ക്യാബിനറ്റിന്റെ അപ്രൂവൽ ലഭിച്ചിട്ടുണ്ട്. ഒരു പ്രോഗ്രസ്സീവ് സൊസൈറ്റിയിൽ, ഇത്തരം നീതി നിഷേധങ്ങൾ കുറയേണ്ടതാണ്. പക്ഷെ സാഹചര്യങ്ങൾ കൊണ്ട് ഇവിടെ തിരിച്ചാണ് സംഭവിച്ചത്. 1964-ലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കണമെന്ന് പറഞ്ഞു. എന്നാൽ, സ്റ്റാഫ് സ്ട്രെങ്ത് ഇനി എത്രതന്നെ വർദ്ധിപ്പിച്ചാലും തൊഴിൽ മേഖലയിൽ അതിനേക്കാൾ കൂടുതൽ വളർച്ചയുണ്ടായതുകൊണ്ട് പ്രശ്നങ്ങൾ ഉണ്ടാകും. മാത്രമല്ല, മറ്റ് സംസ്ഥാനങ്ങളിലെ ലേബർ ഡിപ്പാർട്ടുമെന്റിന്റെ സ്റ്റാഫ് സ്ട്രെങ്ത് വച്ചുനോക്കുമ്പോൾ ഇപ്പോൾത്തന്നെ കേരളത്തിൽ വളരെ കൂടുതലാണെന്ന

വാദം പല ഭാഗങ്ങളിൽനിന്നും വരുന്നുണ്ട്. സ്റ്റാഫ് സ്ട്രെങ്ത് കൂട്ടണമെന്ന വ്യക്തിപരമായ അഭിപ്രായമാണ് എനിക്കുള്ളത്. അതിനേക്കാളുപരി നമ്മുടെ ടെക്നോളജി ഉപയോഗിച്ചുകൊണ്ട് നിയമനിഷേധം പൂർണ്ണമായും നിർത്തലാക്കുന്ന നിലയിലേക്ക് മുന്നോട്ട് പോകുകയെന്നതാണ് ശാശ്വതമായ പരിഹാരം.

ശ്രീ. കെ. രാജു: സർ, തൊഴിൽ വകുപ്പുമന്ത്രി കൊല്ലം ജില്ലയുടെ പ്രത്യേകം ചാർജുള്ള മന്ത്രി കൂടിയാണ്. വ്യവസായ വകുപ്പുമന്ത്രി കൈകാര്യം ചെയ്തു കൊണ്ടിരുന്ന കശുവണ്ടി വ്യവസായ മേഖലയുടെ ചാർജ് കൂടി പ്രത്യേകമായി തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രിയെ ഏല്പിച്ചുവെന്ന ഒരു വാർത്ത പത്രത്തിൽ വായിക്കുകയുണ്ടായി. അതിന്റെ നിജസ്ഥിതി എന്താണെന്ന് അറിയാൻ സാധിച്ചിട്ടില്ല. അങ്ങനെ എന്തെങ്കിലും തീരുമാനമുണ്ടായിട്ടുണ്ടോ; അതുസംബന്ധിച്ച് ഔദ്യോഗികമായ അറിയിപ്പൊന്നും എം.എൽ.എ. മാർക്ക് കിട്ടിയിട്ടില്ല. ലക്ഷക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന കൊല്ലം ജില്ലയിലെ കശുവണ്ടി മേഖലയിൽ നടക്കുന്ന നിയമ നിഷേധവും തൊഴിൽരാഹിത്യവും അത്തരത്തിൽ പ്രത്യേകം ചുമതലയുള്ള അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അതോടൊപ്പം, റീഹാബിലിറ്റേഷൻ പ്ലാന്റേഷനുകളിൽ താമസിക്കുന്ന നാലായിരത്തോളം ആളുകൾക്ക് പുനരധിവാസ പദ്ധതി നടപ്പിലാക്കുമെന്ന് പറഞ്ഞിരുന്നത് നടപ്പിലായോ; ഇല്ലെങ്കിൽ എന്തെങ്കിലും ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, വിവിധ വിഷയങ്ങളാണ് ചോദിച്ചിരിക്കുന്നത്. ഒരു സബ്മിഷനായി തരികയാണെങ്കിൽ ഡീറ്റെയിൽഡായി മറുപടി പറയാം. കാരണം ഇത് സമയമെടുത്ത് പറയേണ്ടതാണ്. അദ്ദേഹം വായിച്ച പത്രം ഞാനും വായിച്ചുവെന്നല്ലാതെ അതിനപ്പുറത്തേക്ക് വേറെ കാര്യമില്ല. എന്തെങ്കിലും അറിയിക്കാനുണ്ടെങ്കിൽ ഗവൺമെന്റ് അത് അറിയിക്കും. കശുവണ്ടി വികസന കോർപ്പറേഷനുമായി ബന്ധപ്പെട്ട് മാത്രമല്ല സ്വകാര്യമേഖലയിലും പ്രശ്നങ്ങളുണ്ട്. കഴിഞ്ഞ വർഷം ഒരു വലിയ സമരം തന്നെ പൊട്ടിപ്പുറപ്പെട്ടു. മൂന്നു വർഷം തികഞ്ഞപ്പോൾ കശുവണ്ടി തൊഴിലാളികളുടെ കൂലി വർദ്ധനവ് നമുക്ക് അനിവാര്യമായിത്തീർന്നു. അങ്ങനെ ഗവൺമെന്റ് മുൻകൈയെടുത്ത് സംസാരിച്ച് കൂലി വർദ്ധനവ് നടപ്പിലാക്കി. അതിനുശേഷം അന്താരാഷ്ട്ര തലത്തിലുണ്ടായ തോട്ടണ്ടിയുടെ വിലവർദ്ധനവ് കാരണം വ്യവസായം ലാഭകരമാകുന്നില്ലായെന്ന വാദമാണ് കശുവണ്ടി മുതലാളിമാർ സ്വീകരിച്ചിരിക്കുന്നത്. അതുകൊണ്ട് പല

ഫാക്ടറികളും പൂട്ടിക്കിടക്കുകയാണ്. അതൊരു പ്രശ്നം തന്നെയാണ്. കശുവണ്ടി തൊഴിലാളികൾക്ക് പണിയില്ലാത്ത സാഹചര്യം അവിടെ ഉണ്ടായിട്ടുണ്ടെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനൊരു പരിഹാരം കാണാൻ കാഷ്യൂ കോർപ്പറേഷനുമായി ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി ഇന്ന് 12.30-ന് ഒരു ചർച്ച നടത്താൻ തീരുമാനിച്ചിട്ടുണ്ട്. അതിനെത്തുടർന്ന് കശുവണ്ടി മേഖലയിലെ എല്ലാ പ്രശ്നങ്ങളും സംബന്ധിച്ച് ഒരു ചർച്ച ഉദ്ദേശിക്കുന്നുണ്ട്. സ്വകാര്യമേഖലയിലെ ഈ ഫാക്ടറികളെല്ലാം എങ്ങനെ തുറന്നു പ്രവർത്തിപ്പിക്കാൻ സാധിക്കും, അതിന് ഗവൺമെന്റ് എന്താണ് ചെയ്യേണ്ടത് എന്നുള്ളത് മനസ്സിലാക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഒരു ചർച്ച നടത്തുന്നുണ്ട്.

ശ്രീ. പാലോട് രവി: സർ, നിരന്തരമായ സമരങ്ങളിലൂടെയാണ് കേരളത്തിലെ തൊഴിൽ മേഖലയിൽ ദിവസക്കൂലിക്കാരെ ടെമ്പററിയാക്കുകയും ടെമ്പററി തൊഴിലാളികളെ പെർമനെന്റ് തൊഴിലാളികളാക്കുകയും ചെയ്തത്. കേരളത്തിൽ വർഷങ്ങളോളം നിലനിന്നിരുന്ന കങ്കാണി സമ്പ്രദായം അവസാനിപ്പിക്കാൻ നടന്ന സമരങ്ങൾ ചരിത്ര പ്രാധാന്യമുള്ള സമരങ്ങളായിരുന്നു. ഇന്ന് സ്ഥിരം തൊഴിലാളികളുടെ എണ്ണം കുറയുകയും പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെ സകല തൊഴിൽ മേഖലയിലും കോൺട്രാക്ട് സിസ്റ്റം കടന്നു വരികയുമാണ്. സ്റ്റാഫ് ഫിക്സേഷൻ നടത്തിയിട്ടുള്ള എല്ലാ സ്ഥാപനങ്ങളിലും നിലവിലുള്ള സ്റ്റാഫ് ഫിക്സേഷൻ അനുസരിച്ച് പെർമനെന്റ് തൊഴിലാളികളെ ഉറപ്പുവരുത്തുവാൻ ഈ പരിഷ്കരണം നടപ്പിലാക്കുമ്പോൾ നടപടി സ്വീകരിക്കുമോ; കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിലും തൊഴിൽ മേഖലകളിലും കോൺട്രാക്ട് സിസ്റ്റം അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിൽ ചില വസ്തുതകളുണ്ട്. കോൺട്രാക്ട് ലേബർ അബോളിഷ് ചെയ്ത ഒരു കാലഘട്ടമുണ്ടായിരുന്നു. അതിനുശേഷം സുപ്രീംകോടതിയുടെ ഇടപെടലിനെ തുടർന്ന് വീണ്ടും അത് പുനഃസ്ഥാപിക്കപ്പെട്ടിട്ടുണ്ട്. മാത്രമല്ല ഇപ്പോൾ കോൺട്രാക്ട് എന്നുള്ള വാക്ക് മാറ്റി പകരം ഔട്ട് സോഴ്സിംഗ് എന്നുപറയുന്ന കോർപ്പറേറ്റ് വാക്കാണ് വ്യാപകമായി ഉപയോഗിക്കുന്നത്. ഔട്ട് സോഴ്സിംഗ് എല്ലാ മേഖലകളിലും

വരുന്നുണ്ട്. അതിനെ എങ്ങനെ അതിജീവിക്കാൻ സാധിക്കുമെന്ന് നമുക്കെല്ലാവർക്കും കൂടി കൂട്ടായി ആലോചിച്ച് ആവശ്യമുള്ള നിയമ പരിഷ്കാരങ്ങൾ നടപ്പിലാക്കി മുന്നോട്ട് പോകാം.

ശ്രീ. പി. കെ. ഗുരുദാസൻ: സർ, ബഹുമാനപ്പെട്ട വർക്കല കഹാർ ഇവിടെ സംസാരിച്ചപ്പോൾ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവാണ് തൊഴിൽ നിയമങ്ങൾ കൊണ്ടുവന്നതെന്ന് പറഞ്ഞു. അദ്ദേഹത്തെ ഞങ്ങൾ എല്ലാവരും ബഹുമാനിക്കുന്നുണ്ട്. അതേസമയം 1926-ലാണ് ട്രേഡ് യൂണിയൻ ആക്ട് നിലവിൽ വന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഭേദഗതി ചെയ്യാൻ കൊണ്ടുവന്നിരിക്കുന്ന Payment of Wages Act- നിലവിൽ വന്നത് 1936-ലാണ്. സ്വാതന്ത്ര്യത്തിനു മുൻപുതന്നെ കുറെയധികം നിയമങ്ങൾ നിലവിൽ വന്നിട്ടുണ്ട്. സ്വാതന്ത്ര്യ പ്രാപ്തിയെത്തുടർന്ന് 1948-ലാണ് Industrial Dispute Act-നിലവിൽ വന്നത്. അതുകൊണ്ട് എല്ലാം പുതിയ ഗവൺമെന്റ് വന്നതിനുശേഷമാണ് കൊണ്ടുവന്നിട്ടുള്ളത് എന്ന അർത്ഥത്തിൽ എടുക്കരുത്. തൊഴിലാളി വർഗ്ഗത്തിന്റെ ഉജ്ജ്വലമായ പോരാട്ടങ്ങളിൽക്കൂടി കൈവരിച്ചിട്ടുള്ള തൊഴിൽ നിയമങ്ങളാണ് ഇവയെല്ലാം. അത് മനസ്സിലാക്കാതെ പോകരുത്. അവയെല്ലാം സംരക്ഷിക്കുകയെന്നുള്ളതാണ് നമ്മുടെ ആവശ്യം. എന്റെ ചോദ്യം, ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ സഭയിലെ ഒരു ചോദ്യത്തിന് ഉത്തരമായി വേജ് പ്രൊട്ടക്ഷൻ സിസ്റ്റം നടപ്പിലാക്കുന്ന വിഷയം തൊഴിലാളി സംഘടനകളെ വിളിച്ച് ചർച്ച ചെയ്യുമെന്ന് പറഞ്ഞിരുന്നു. ഇതുവരെ അത് ചെയ്തില്ല. ഇപ്പോൾ നിയമം കൊണ്ടുവന്നിരിക്കുകയാണ്. അപ്രകാരം ഒരു നിയമം കൊണ്ടു വരുന്നതിന് മുമ്പ് തൊഴിലാളി സംഘടനകളുടെ ഒരു യോഗം വിളിച്ചു കൂട്ടേണ്ടതായിരുന്നു. മറ്റൊന്ന്, Wage Protection System നടപ്പിലാക്കുമ്പോൾ ഉദ്യോഗസ്ഥർക്ക് മറ്റ് ചുമതലകളൊന്നും ഇല്ലെന്ന രീതിയിലാണ് വരുന്നത്. ഡിസ്ട്രിക്ട് ലേബർ ഓഫീസറായാലും ഡെപ്യൂട്ടി ലേബർ ഓഫീസറായാലും, ലേബർ ഓഫീസറായാലും അവർ ഓരോ പ്രദേശത്തും നടത്തേണ്ട എൻഫോഴ്സ്മെന്റ് നടപടികൾ സ്വീകരിക്കുമെന്ന് ഉറപ്പു വരുത്തുമോ?

ശ്രീ. ഷിബു ബേബി ജോൺ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ഞാൻ

ഉൾക്കൊള്ളുന്നു. കഴിഞ്ഞ നിയമസഭയിൽ ട്രേഡ് യൂണിയനുകളെ വിളിച്ച് ചർച്ച ചെയ്യുമെന്ന് പറഞ്ഞിരുന്നുവെങ്കിലും ചർച്ച ചെയ്തില്ല. അതൊരു വീഴ്ചയാണ്. ഈ നിയമസഭയിൽ വരുന്നത് Wage Protection System-ന്റെ നിയമമല്ല. നിലവിലുള്ള Payment of Wages Act-ൽ ബാങ്ക് വഴി ശമ്പളം കൊടുക്കാൻ പ്രൊവിഷൻ ഇല്ല. അതുമാറ്റി ബാങ്കുകളിൽ കൂടി ശമ്പളം കൊടുക്കാൻ സാധിക്കുന്ന ഒരു അമെന്റ്മെന്റ് മാത്രമേ ഈ നിയമസഭയിൽ വരുന്നുള്ളൂ. വേറൊരു മാറ്റവും അതിൽ ഉണ്ടാകുന്നില്ല. ട്രേഡ് യൂണിയനുകളെ വിളിച്ച് സംസാരിച്ചിരുന്നെങ്കിൽ ഈ തെറ്റിദ്ധാരണ ഉണ്ടാകുമായിരുന്നില്ല. ഈ സിസ്റ്റം ഡി.എൽ.ഒ.-മാരെ അവരുടെ ജോലിയിൽനിന്നും പിന്തിരിപ്പിക്കുന്നതല്ല. അവരുടെ പരിശോധനകൾ തുടരും. ഡി.എൽ.ഒ.-മാർക്ക് എല്ലാ സ്ഥാപനങ്ങളുടെയും വിവരം അവരുടെ വിരൽത്തുമ്പിലൂടെ ലഭ്യമാക്കുന്നൊരു സാഹചര്യം സൃഷ്ടിക്കുകയെന്നുള്ളതാണ് ഉദ്ദേശിക്കുന്നത്. അല്ലാതെ എൻഫോഴ്സ്മെന്റ് ഇല്ലാതാക്കുകയില്ല. കുറെക്കൂടി എളുപ്പത്തിൽ കാര്യങ്ങൾ മനസ്സിലാക്കി എൻഫോഴ്സ്മെന്റ് കർശനമായി നടത്തുന്നതിനുവേണ്ടിയുള്ള സംവിധാനമാണ് ഒരുക്കുന്നത്. കേരളത്തിൽ നീതി നിഷേധങ്ങൾ, തൊഴിൽ നിഷേധങ്ങൾ, നിയമ നിഷേധങ്ങൾ എന്നിവ അവസാനിപ്പിക്കാനുള്ള നടപടിയാണ് Wage Protection System.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, കേരളത്തിലെ അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരുടെ ഒരു പ്രധാനപ്പെട്ട തൊഴിൽ മേഖലയായി അൺ-എയ്ഡഡ് വിദ്യാഭ്യാസ മേഖല വളർന്നിട്ടുണ്ട്. ലക്ഷക്കണക്കിന് അഭ്യസ്തവിദ്യരാണ് ആ മേഖലയിൽ പണിയെടുക്കുന്നത്. സർക്കാർ തുടർച്ചയായി അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അംഗീകാരം കൊടുത്തുകൊണ്ടിരിക്കുകയാണ്. യാതൊരു തൊഴിൽ നിയമങ്ങളും ബാധകമല്ലാതെ അടിമകളെപ്പോലെ പണിയെടുക്കുന്ന ഒരു വിഭാഗമാണിത്. അവർക്ക് മിനിമം വേതനം ഉറപ്പുവരുത്താനാവശ്യമായ നിയമ നിർമ്മാണത്തെ സംബന്ധിച്ച് മന്ത്രി നിയമസഭയ്ക്ക് ഉറപ്പുനൽകിയിട്ട് മൂന്നുവർഷം കഴിഞ്ഞു. എന്താണ് ആ നിയമനിർമ്മാണത്തിന് തടസ്സം; ആ നിയമനിർമ്മാണം കൊണ്ടുവരുന്നതിന് തൊഴിൽ നിയമംമാത്രം ബാധകമാക്കാൻ കഴിയാത്ത സാഹചര്യത്തിൽ വിദ്യാഭ്യാസ വകുപ്പുമായി ചേർന്നുമാത്രമേ സാധിക്കുകയുള്ളൂവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേരളത്തിലെ മൂന്നുലക്ഷത്തോളം വരുന്ന അഭ്യസ്തവിദ്യരായ

ചെറുപ്പക്കാർക്ക് മാന്യമായ മിനിമം വേതനം ഉറപ്പുവരുത്തുന്നതിനുള്ള ഈ നിയമനിർമ്മാണം തടസ്സപ്പെടുത്തുന്നത് ആരാണ്; എന്താണ് തടസ്സം?

ശ്രീ. ഷിബു ബേബി ജോൺ: സർ, നിയമനിർമ്മാണത്തിന് തടസ്സം നിയമം തന്നെയാണ്. സുപ്രീംകോടതി വിധി പ്രകാരം ലേബർ ഡിപ്പാർട്ടുമെന്റിന് അധ്യാപകരുടെ കാര്യത്തിൽ ഇടപെടാൻ സാധിക്കുകയില്ല. Teaching is noble profession, it is a service എന്നാണ് സുപ്രീംകോടതി കണ്ടെത്തിയിട്ടുള്ളത്. അതുകൊണ്ട് ലേബർ ഡിപ്പാർട്ടുമെന്റിന് ആ അധികാരമില്ലായെന്നുള്ളതാണ്. എന്നാൽ അതുകൊണ്ട് പിന്മാറുന്നില്ല. കേരള സർക്കാർ assured wages-ന്റെ ഒരു ബില്ലിനെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അധ്യാപകരുടെ മാത്രമല്ല കേരളത്തിൽ പണിയെടുക്കുന്നവർക്ക് minimum wages എന്നല്ലാതെ bare wages എന്നോ അല്ലെങ്കിൽ assured wages എന്നോ ഉള്ള നിലയിലേക്ക് ഒരു നിയമം കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. അത് പരിഗണിച്ചു കൊണ്ടിരിക്കുകയാണ്. ഈ നിയമം നിലവിൽ വരുമ്പോൾ കേരളത്തിൽ പണിയെടുക്കുന്ന എല്ലാ സെക്ടറിനും assured wages ഉറപ്പുവരുത്താനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. എ. കെ. ശശീന്ദ്രൻ : സർ, ഇവിടെ തൊഴിൽ നിയമങ്ങളില്ലാത്തതല്ല, അത് നടപ്പിലാക്കുന്നതിലെ വീഴ്ചയാണ് തൊഴിലാളികൾക്ക് ആനുകൂല്യം ലഭിക്കാതെ പോകുന്നതെന്ന് മന്ത്രി ഇവിടെ വ്യക്തമാക്കുകയുണ്ടായി. ഗവൺമെന്റ് തന്നെ ഇത്തരം കാര്യങ്ങളിൽനിന്നും പിന്നോട്ടു പോകുമ്പോൾ ആരെയാണ് കുറ്റപ്പെടുത്തുക? ഉദാഹരണത്തിന് തൊഴിലാളികളെ സംരക്ഷിക്കാനാണ് നമ്മൾ ക്ഷേമനിധി ഉണ്ടാക്കിയിരിക്കുന്നത്. കർഷകത്തൊഴിലാളി മേഖലയിൽ മാത്രം രണ്ടുലക്ഷത്തിലധികം അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്. ക്ഷേമനിധി പ്രകാരമുള്ള അവരുടെ ആനുകൂല്യങ്ങൾ കൊടുത്തിട്ടില്ല. നീതി നിഷേധിക്കുന്നത് സർക്കാർ തന്നെയാകുമ്പോൾ തൊഴിലുടമകളെ കുറ്റപ്പെടുത്തി നമുക്കെങ്ങനെയാണ് മൗനം പാലിക്കാൻ കഴിയുക? ഈ നിലപാടിൽ മാറ്റം വരുത്താൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. ഷിബു ബേബി ജോൺ : സർ, ബഹുമാനപ്പെട്ട ശ്രീ. എ. കെ. ശശീന്ദ്രൻ എങ്ങനെ മനസ്സിലാക്കിയെന്നറിയില്ല. നടപ്പിലാക്കുന്ന രീതിയല്ല, നിയമങ്ങളുടെ

കാലാനുസൃതമായിട്ടുള്ള മാറ്റം വരാത്തതാണ് പലപ്പോഴും ഈ നിഷേധങ്ങൾക്ക് കാരണമെന്നാണ് ഞാൻ പറഞ്ഞത്. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2000 മുതൽ കുടിശ്ശിക കിടക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 111 കോടി രൂപ, 2009 വരെയുള്ള കുടിശ്ശിക 2010-ൽ കൊടുത്തുവെന്നുള്ളത് ഒരു വസ്തുതയാണ്. ഇന്ത്യയ്ക്ക് മാതൃകയായി, കേരളത്തിൽ ക്ഷേമനിധി ബോർഡുകൾ ആരംഭിച്ചത് വിപ്ലവകരമായ ഒരു മാറ്റമായിരുന്നു. പക്ഷേ ഇന്ന് ആ ക്ഷേമനിധി ബോർഡുകളുടെ ഹെൽത്ത് എന്താണെന്നുള്ളതിനെക്കുറിച്ച് സെൻട്രൽ ട്രേഡ് യൂണിയനുകളെ വിളിച്ച് ഞാൻ വിശദീകരിച്ചുകൊടുത്തതാണ്. അതിവിദൂരമല്ലാത്ത ഭാവിയിൽ വിരലിലെണ്ണാവുന്ന ക്ഷേമനിധി ബോർഡുകൾ ഒഴികെ ബാക്കിയെല്ലാം വലിയ കടക്കെണിയിലേക്കു പോകുന്ന സാഹചര്യമാണ് ഉണ്ടാകാൻ പോകുന്നത്. കാലാകാലങ്ങളിൽ അധികാരത്തിൽ വന്നിട്ടുള്ള അപ്പുറത്തും ഇപ്പുറത്തുമുള്ളവർ ഓരോരുത്തരും അതിന്റെ വരുംവരായ്ക നോക്കാതെയുള്ള ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചു. പ്രതിമാസം അഞ്ചുരൂപ വച്ച് അറുപതുരൂപ ഒരു വർഷം കൊടുക്കുന്ന തൊഴിലാളിക്ക് അയാൾ പിരിയുമ്പോൾ ഒരു വർഷത്തേയ്ക്ക് 650 രൂപ കൊടുക്കണം. ഏതു മാന്ത്രിക വിദ്യകൊണ്ട് ഈ തുക കൊടുക്കാൻ സാധിക്കും; ഇതൊന്നും ആലോചിക്കാതെ കാലാകാലങ്ങളിൽ എടുത്ത തീരുമാനങ്ങൾ കാരണമാണ് കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് വലിയ ഒരു പ്രതിസന്ധിയിലായിരിക്കുന്നത്. 250 കോടി രൂപയാണ് കുടിശ്ശികയായി കൊടുക്കാനുള്ളത്. ഗവൺമെന്റിന്റെ ഇന്നത്തെ സാമ്പത്തിക സ്ഥിതിയിൽ ക്ഷേമനിധി ബോർഡിന് ഈ തുക കൊടുക്കാൻ സാധിക്കുന്നില്ല. പ്രത്യേകിച്ച് കർഷകത്തൊഴിലാളി പെൻഷൻ ഗവൺമെന്റാണ് കൊടുക്കുന്നത്. അത് കൊടുക്കാൻ സാധിക്കുന്നില്ലെന്നൊരു വസ്തുത കൂടിയുണ്ട്. ബാക്കി ക്ഷേമനിധിബോർഡുകളിലേയ്ക്കും ഈ സാഹചര്യം വരാൻ പോവുകയാണ്. അവിടെ തൊഴിലാളികളുടെ അംശദായം വർദ്ധിപ്പിക്കണം എന്നു പറയുമ്പോൾ ട്രേഡ് യൂണിയനുകൾ എതിർക്കുന്നു. ഭ്രവുടമകളുടെ വിഹിതം കൂട്ടണമെന്നു പറയുമ്പോൾ വേറെ ചിലർ എതിർക്കുന്നു. ഇങ്ങനെപോയിട്ട് കാര്യമില്ല. ക്ഷേമനിധി ഇഫക്റ്റീവ് ആകണമെങ്കിൽ എല്ലാവരും കൂടിയാലോചിച്ച് ഒരു സമന്വയം ഉണ്ടായി അതുവഴി മാത്രമേ ഈ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം ഉണ്ടാകുകയുള്ളൂ.

<u>ശ്രീ. കെ. കെ. നാരായണൻ</u> : സർ, സംഘടിത മേഖലയെ ലക്ഷ്യമാക്കി മാത്രമാണ് നിയമ പരിഷ്കാരമെല്ലാം കൊണ്ടുവരുന്നത്. അസംഘടിത മേഖലയിൽ

ജോലിചെയ്യുന്ന, തുണിക്കട, സ്വർണ്ണക്കട തുടങ്ങിയ സ്ഥാപനങ്ങളിൽ പണിയെടുക്കുന്നവർ സെക്യൂരിറ്റി ജീവനക്കാർ, ബീഡി മേഖലയിൽ പണിയെടുക്കുന്നവർ, കേബിൾ ടി.വി. ഓപ്പറേറ്റർമാർ അങ്ങനെ തുടങ്ങി നിരവധി മേഖലകളിൽ പണിയെടുക്കുന്ന പതിനായിരക്കണക്കിന് തൊഴിലാളികൾക്ക് ഒരു നിയമ സംരക്ഷണവുമില്ല. അവർക്കുകൂടി സംരക്ഷണമുണ്ടാക്കാൻ എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കുമോയെന്നാണ് അറിയേണ്ടത്.

ശ്രീ. ഷിബു ബേബി ജോൺ : സർ, Shops and Commercial Establishment Act-ൽ Amendment വരുത്തിയത് അസംഘടിത മേഖലയിലെ ഈ വിഭാഗങ്ങളുടെ താല്പര്യം സംരക്ഷിച്ച് നിയമ നിഷേധം അവസാനിപ്പിക്കാൻ വേണ്ടിയാണ്.

ശ്രീ. സി. കൃഷ്ണൻ: സർ, തൊഴിൽ നിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കേണ്ടത് ആവശ്യമാണ്. കേന്ദ്രഗവൺമെന്റ് തൊഴിലുടമകൾക്കു വേണ്ടിയാണ് തൊഴിൽ നിയമങ്ങളെല്ലാം പരിഷ്കരിച്ചുകൊണ്ടിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള തൊഴിൽ നിയമ പ്രകാരം പ്രഖ്യാപിച്ചിട്ടുള്ള തൊഴിൽ ആനുകൂല്യങ്ങൾ തന്നെ നിഷേധിക്കപ്പെടുകയാണ് ചെയ്യുന്നത്. ഉദാഹരണത്തിന് കേരളത്തിലെ പരമ്പരാഗത അസംഘടിത മേഖലകളിലെ തൊഴിലാളികളുടെ മിനിമം വേതനം പല മേഖലകളിലുമുണ്ട്. പല മേഖലകളിലുമുള്ള ഇന്നത്തെ കൂലി മുന്നൂറു രൂപയിൽ താഴെയാണ്. അത് അഞ്ഞൂറ് രൂപയാക്കുകയെന്നുള്ളത് പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു കാര്യമാണ്. ദേശീയതലത്തിൽ തന്നെ പ്രതിമാസവേതനം പതിനയ്യായിരം രൂപ എന്നുള്ളത് തത്വത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള കാര്യമാണ്. ലക്ഷക്കണക്കിന് തൊഴിലാളികൾ പണിയെടുക്കുന്ന കൈത്തറി, ഖാദി, ബീഡി തുടങ്ങിയ പരമ്പരാഗത മേഖലയിലെ വേതനം അഞ്ഞൂറു രൂപയെങ്കിലുമാക്കി ഉയർത്തുന്നതിനുവേണ്ടിയുള്ള എന്തെങ്കിലും പരിഷ്കരണങ്ങൾ ഉദ്ദേശിക്കുന്നുണ്ടോ; തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കുമ്പോൾ മഹാഭൂരിപക്ഷം വരുന്ന തൊഴിലാളികളുടെ സംരക്ഷണം ലക്ഷ്യമാക്കിയുള്ള നിയമ ഭേദഗതികളായിരിക്കുമോ കൊണ്ടുവരുന്നത്?

ശ്രീ. ഷിബു ബേബി ജോൺ: സർ, പതിനയ്യായിരം രൂപ എന്നുള്ളത് അംഗീകരിക്കപ്പെട്ടിട്ടില്ല. കേന്ദ്ര ഗവൺമെന്റിനോട് മിനിമം പതിനയ്യായിരം രൂപ

വേണമെന്നുള്ളത് നമ്മളെല്ലാവരും ആവശ്യപ്പെട്ടിരിക്കുന്ന കാര്യമാണ്. പരമ്പരാഗത മേഖലയിലെ സാഹചര്യം നമുക്കറിയാമല്ലോ; അവിടെ ഒരു ഗവൺമെന്റിന് അഞ്ഞൂറ് രൂപ മിനിമം കൂലി കൊടുക്കാമെന്ന പ്രഖ്യാപിക്കാനുള്ള ഒരു സാഹചര്യമില്ലെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ അത് ഉൾക്കൊണ്ടുകൊണ്ടാണ് ഇൻകം സപ്പോർട്ട് സ്കീം എന്നൊരു പദ്ധതിയെക്കുറിച്ച് ആലോചിച്ചത്. ഈ ഗവൺമെന്റ് വന്നിട്ടാണ് ആ സ്കീം പല വിഭാഗങ്ങളിലും നടപ്പിലാക്കിയത്. പരമ്പരാഗത മേഖലയെ സംബന്ധിച്ചിടത്തോളം അതിന്റെ ഭാവി എങ്ങനെ വേണമെന്നുള്ളത് വ്യത്യസ്തമായി ചർച്ചചെയ്യേണ്ടതാണ്. ഏതെങ്കിലും മേഖലയിൽ ഇപ്പോൾ അഞ്ഞൂറ് രൂപ കൂലി നിശ്ചയിച്ചുകൊണ്ട് പിടിച്ചു നിൽക്കാൻ സാധിക്കുമോ? സംഘങ്ങൾക്ക് ഇ.എസ്.ഐ. പോലും ഒഴിവാക്കി കൊടുക്കണമെന്ന ആവശ്യം വന്നുകൊണ്ടിരിക്കുകയാണ്. ഇ.എസ്.ഐ. കൊടുക്കാനുള്ള ശേഷിയില്ലെന്നാണ് തൊഴിലാളി യൂണിയനുകളും മാനേജുമെന്റും ഒരുമിച്ച് ആവശ്യപ്പെടുന്നത്. അങ്ങനെയൊരു സാഹചര്യത്തിൽ അഞ്ഞൂറ് രൂപ എന്നത് സാദ്ധ്യമല്ല. നമുക്കൊരുമിച്ച് ആലോചിച്ച് അതിനൊരുവഴി ഉണ്ടെങ്കിൽ തീർച്ചയായും ഗവൺമെന്റ് അതിനെ സ്വാഗതം ചെയ്യും.

**മുല്ലപ്പെരിയാർ ഡാം മേൽനോട്ട സമിതി**

2 (*62) ശ്രീ. എം. എ. ബേബി :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ ഡാം മേൽനോട്ട സമിതി സംസ്ഥാനത്തിന്റെ ആശങ്കകൾ ദൂരീകരിക്കാനുള്ള നടപടി സ്വീകരിച്ചിരുന്നോ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) കേന്ദ്ര സർക്കാരിനെയും കേന്ദ്ര ജലകമ്മീഷനേയും ഇക്കാര്യത്തിൽ

സമീപിച്ചിരുന്നോ; എങ്കിൽ പ്രതികരണം എന്തായിരുന്നെന്ന് വെളിപ്പെടുത്താമോ;

(സി) സുപ്രീംകോടതി നിർദ്ദേശിച്ച പ്രകാരം മേൽനോട്ട സമിതി കാലാകാലങ്ങളിൽ ഡാം സുരക്ഷിതത്വം പരിശോധിക്കുകയും സംസ്ഥാന താല്പര്യത്തിന് തൃപ്തികരമായ രീതിയിൽ മുൻകരുതൽ നടപടികളും സുരക്ഷാ നടപടികളും എടുക്കാൻ കേരളത്തിനും തമിഴ്നാടിനും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ടോ;

(ഡി) സമിതിയുടെ നടപടികൾ തൃപ്തികരമായ രീതിയിലല്ലെങ്കിൽ അക്കാര്യം സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ,

(എ&ബി) നടപടി സ്വീകരിച്ചിരുന്നു. ജലനിരപ്പ് സുപ്രീംകോടതി നിർദ്ദേശിച്ച പ്രകാരം ഉയർത്തുമ്പോൾ അതുമൂലം കേരളത്തിലെ ജനങ്ങൾക്കുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനുള്ള എല്ലാ ക്രിയാത്മക നടപടികളും സ്വീകരിക്കണമെന്നും ആവശ്യമായ മുൻകരുതലുകൾ എടുക്കണമെന്നും കേരളം മേൽനോട്ടസമിതി ചെയർമാനോടും കേന്ദ്ര സർക്കാരിനോടും യഥാസമയം അഭ്യർത്ഥിച്ചിരുന്നു. 2014 വർഷത്തിൽ വടക്കുകിഴക്കൻ മൺസൂൺ ശക്തിപ്പെട്ടപ്പോൾ നീരൊഴുക്ക് വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥിതിഗതികൾ വിലയിരുത്തുന്നതിനായി മേൽനോട്ടസമിതിയുടെ യോഗം എത്രയും പെട്ടെന്ന് വിളിച്ചുചേർക്കണമെന്ന് കേരളം മേൽനോട്ട സമിതി ചെയർമാനോട് വീണ്ടും ആവശ്യപ്പെടുകയുണ്ടായി. ജലനിരപ്പ് 138 അടിയോട് അടുത്തപ്പോൾ തമിഴ്നാട് ജലനിരപ്പ് ഉയർത്തുന്നതു സസൂക്ഷ്മം നടത്തണമെന്നും മേൽനോട്ടസമിതി 30-11-2015-ൽ കൂടുന്നതുവരെ ജലനിരപ്പ് 140 അടിയ്ക്ക് മുകളിൽ ഉയർത്തരുതെന്നും സമിതി ചെയർമാൻ ശ്രീ. എൽ. എ. വി. നാഥൻ തമിഴ്നാട് മെമ്പർ ശ്രീ. എൻ. എസ്. പളനിയപ്പനെ കത്ത് മുഖേന അറിയിക്കുകയും ആ കത്തിന്റെ പകർപ്പ് കേരള പ്രതിനിധിക്ക് അയയ്ക്കുകയും ചെയ്തു. 30-11-2015-ൽ എട്ടാമത്തെ മേൽനോട്ടസമിതി കൂടുകയും സ്ഥിതിഗതികൾ വിശദമായി ചർച്ച ചെയ്യുകയും ചെയ്തു. 142 അടിയിൽ ജലനിരപ്പ് കവിയാത്ത വിധം സ്പിൽ വേ ഗേറ്റുകൾ ക്രമേണ തുറന്ന് പുറത്തേയ്ക്കുള്ള ജലത്തിന്റെ ഒഴുക്ക് ജനങ്ങൾക്ക് പ്രയാസമുണ്ടാകാത്ത തരത്തിൽ ക്രമീകരിക്കുവാനും സമിതി തമിഴ്നാടിന് നിർദ്ദേശം നൽകി. കൂടാതെ ക്രമാതീതമായി മഴ തുടരുകയും ജലനിരപ്പ് 142 അടി കവിയാൻ സാദ്ധ്യത

വരികയും ചെയ്യുന്ന അവസരം വന്നാൽ വൈഗ ജലാശയത്തിലേക്ക് വെള്ളം തിരിച്ച് വിടാനും സമിതി തമിഴ്നാടിന് നിർദ്ദേശം നൽകുകയും ചെയ്തു. 1-12-2015-ലെ ജലനിരപ്പ് 139.5 അടിയാണ്. ഇപ്പോൾ മഴയുടെ തീവ്രത നന്നേ കുറഞ്ഞിട്ടുണ്ട്.

(സി) മേൽനോട്ട സമിതിയുടെ 8 യോഗങ്ങൾ നാളിതുവരെ ചേർന്നിട്ടുണ്ട്. ഡാമിന്റെ സുരക്ഷിതത്വം സംബന്ധിച്ച്; മിക്കയോഗങ്ങൾക്കും മുന്നോടിയായി സമിതി പരിശോധന നടത്തുകയും ഉണ്ടായിട്ടുണ്ട്. ഡാമിന്റെ സുരക്ഷ സംബന്ധിച്ച് കേരള സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിച്ചു കിട്ടുന്നതിനുള്ള നടപടികൾ ഉണ്ടാകണമെന്ന് കേരളത്തിന്റെ പ്രതിനിധി; സമിതിയുടെ യോഗങ്ങളിൽ നിരന്തരം ആവശ്യപ്പെടാറുണ്ട്. കൂടാതെ മുല്ലപ്പെരിയാർ വിഷയത്തിൽ കേരള ജനതയ്ക്കുള്ള ആശങ്കകൾ പരിഹരിക്കുന്നതിലേയ്ക്കായി; ഡാമിന്റെ സുരക്ഷ ഉറപ്പാക്കുന്നതിനായിട്ടുള്ള എല്ലാ ക്രമീകരണങ്ങളും നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഏർപ്പെടുത്തണമെന്ന് മേൽനോട്ടസമിതി ചെയർമാനോടും, തമിഴ്നാട് സർക്കാരിനോടും കേരളത്തിന്റെ പ്രതിനിധി രേഖാമൂലവും ആവശ്യപ്പെട്ടിട്ടുണ്ട്. അതിനാവശ്യമായ നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ മേൽനോട്ടസമിതി തമിഴ്നാടിന് നൽകുകയും അത് തമിഴ്നാട് പാലിക്കുന്നുണ്ടോയെന്ന് വിലയിരുത്തി വരികയും ചെയ്യുന്നു.

(ഡി) മേൽനോട്ട സമിതിയുടെ പ്രവർത്തനം സംബന്ധിച്ചുള്ള കാര്യങ്ങൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. മേൽനോട്ട സമിതിയിലെ കേരളത്തിന്റെ പ്രതിനിധി സംസ്ഥാന താല്പര്യങ്ങൾ സംരക്ഷിച്ചുകിട്ടുന്നതിനായി സമിതി യോഗങ്ങളിൽ ശക്തമായി വാദിക്കാറുണ്ട്. മുല്ലപ്പെരിയാർ വിഷയത്തിൽ കേരളത്തിനുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ ക്രിയാത്മക നിർദ്ദേശങ്ങൾ പരിഗണിക്കുന്ന കാര്യത്തിൽ മേൽനോട്ട സമിതിയുടെ സമയോചിതമായ ഇടപെടൽ ഉണ്ടാകാതിരുന്ന അവസരത്തിൽ, ഇക്കാര്യത്തിലുള്ള സംസ്ഥാന സർക്കാരിന്റെ വിയോജിപ്പ് യഥാസമയം കേന്ദ്ര സർക്കാരിനേയും കേന്ദ്രജലകമ്മീഷനേയും അറിയിച്ചിരുന്നു.

ശ്രീ. എം. എ. ബേബി : സർ, മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുമ്പോൾ, നമ്മൾ എന്നുമെടുത്തിട്ടുള്ള ഒരു സമീപനമുണ്ട്, തമിഴ്നാടിന് കരാർ പ്രകാരം വാഗ്ദാനം നൽകിയിട്ടുള്ള ജലം, അത് ഒരു ആശയക്കുഴപ്പവുമില്ലാതെ

നമ്മൾ ഉറപ്പുനൽകുന്നു. എന്നാൽ കേരളത്തിന്റെ സുരക്ഷ; ഡാമിനെന്തെങ്കിലും സംഭവിച്ചാൽ ലക്ഷക്കണക്കിനാളുകളുടെ സുരക്ഷയെ ബാധിക്കുന്ന പ്രശ്നമാണ്. എന്നാലിവിടെ ഇപ്പോഴുള്ള സ്ഥിതിവിശേഷം വളരെ ഗുരുതരമാണ്. ജലനിരപ്പുമായി ബന്ധപ്പെട്ട കാര്യം പറയുമ്പോൾ സുപ്രീംകോടതിയുടെ വിധിയുണ്ടെങ്കിൽപോലും റൂർക്കി ഐ.ഐ.ടി.യിലെ വിദഗ്ദ്ധന്മാരടക്കം നടത്തിയ പഠനത്തിൽ ജലനിരപ്പ് 136 അടി കവിഞ്ഞാൽ പ്രശ്നമുണ്ടെന്നാണ് പറയുന്നത്. ഈ ഡാം ഒരു ലോകാത്ഭുതം തന്നെയാണെന്ന് എല്ലാവർക്കുമറിയാം. 120 വർഷങ്ങൾക്കുമുമ്പ് നിലവിലുണ്ടായിരുന്ന പ്രാചീന സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിച്ചതാണ് ഈ ഡാം. സാധാരണ ഗതിയിൽ 60 വർഷത്തെ ആയുസാണ് ഈ രൂപത്തിൽ നിർമ്മിച്ച ഒരു ഡാമിനുണ്ടാകുകയെന്നാണ് വിദഗ്ദ്ധർ പറയുന്നത്. ഇപ്പോൾ അതിന്റെ ഇരട്ടി വർഷമായി. ഇത്തരമൊരു ഘട്ടത്തിൽ ഉത്കണ്ഠയുണ്ടാവുക സ്വാഭാവികമാണ്. കഴിഞ്ഞ ദിവസം കളക്ടർ ഒരു യോഗം വിളിച്ചിരുന്നു. മൂന്ന് ദിവസം മുമ്പ് അയ്യപ്പൻ കോവിൽ ഗ്രാമപഞ്ചായത്തിൽ സർവ്വകക്ഷിയോഗം ചേർന്നു. പതിനാറ് ആവശ്യങ്ങൾ ഉന്നയിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും വകുപ്പുമന്ത്രിക്കും അവർ നിവേദനം തന്നിട്ടുണ്ട്. ഇക്കാര്യങ്ങളിൽ ശ്രദ്ധയുണ്ടാകണമെന്നാണ് ഒന്നാമതായി എനിക്ക് പറയാനുള്ളത്. ഡാമിന്റെ ജലനിരപ്പ് 139.5 അടി എത്തിയിരിക്കുന്ന ഇത്തരമൊരു ഘട്ടത്തിൽ അടിയന്തരമായി കൈക്കൊള്ളേണ്ട നടപടിക്ക് പുറമേ, ഇതിന്റെ സുരക്ഷയെ സംബന്ധിച്ച് നടന്നിട്ടുള്ള പഠനങ്ങൾക്ക് പല അപര്യാപ്തതകളുമുണ്ട്. ഇന്ത്യയിലെ വിദഗ്ദ്ധരാണ് മുഖ്യമായും ഇതിൽ ഉൾപ്പെട്ടിട്ടുള്ളത്. അങ്ങയിലൂടെ, ബഹുമാനപ്പെട്ട ഗവൺമെന്റിൽനിന്ന് ഞാൻ അറിയാൻ ആഗ്രഹിക്കുന്ന കാര്യം, ഡാം നിർമ്മിതിയുമായും ഡാം സുരക്ഷയുമായും ബന്ധപ്പെട്ട് അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദഗ്ദ്ധന്മാരും കേരളത്തിന്റെ പ്രതിനിധി, തമിഴ്നാടിന്റെ പ്രതിനിധി, കേന്ദ്രഗവൺമെന്റിന്റെ പ്രതിനിധി ഇവർക്ക് അംഗീകരിക്കാൻ കഴിയുന്ന അന്താരാഷ്ട്ര വൈദഗ്ദ്ധ്യമുള്ള വ്യക്തികൾ, ഇവരടങ്ങുന്ന ഒരു വിദഗ്ദ്ധ സമിതി ഈ ഡാമിന്റെ സുരക്ഷയെ സംബന്ധിച്ചും സുരക്ഷയ്ക്ക് പ്രശ്നമുണ്ടെങ്കിൽ കൈക്കൊള്ളേണ്ട അനന്തര നടപടികളെക്കുറിച്ചും ശിപാർശ സമർപ്പിക്കാൻ നിയോഗിക്കപ്പെടണം. കേരളത്തിന്റേയും തമിഴ്നാടിന്റേയും കേന്ദ്രത്തിന്റേയും പ്രതിനിധികളടക്കം ഒരു അന്താരാഷ്ട്ര വിദഗ്ദ്ധ സംഘത്തെ നിയോഗിക്കുന്ന കാര്യം ഗവൺമെന്റ് ഗൗരവമായി ആലോചിക്കുമോ?

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, ഈ ഡാമിന്റെ സുരക്ഷയെയും അപകടസ്ഥിതിയെയും സംബന്ധിച്ച് മൂന്ന് തലത്തിലാണ് കേരളം സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയത്. ഒന്ന്, അതിന്റെ സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി. ഒരു ഡാം കാലാകാലങ്ങളോളം നിലനിൽക്കുകയില്ലല്ലോ? ഇപ്പോൾതന്നെ 120 കൊല്ലം കഴിഞ്ഞിരിക്കുന്നു. രണ്ട്, അവിചാരിതമായി ഉണ്ടാകുന്ന സാഹചര്യങ്ങൾ - ഒന്ന്, ഭൂകമ്പം, ഭൂകമ്പസാധ്യതയുള്ള മേഖലയായി ഇത് കണക്കാക്കപ്പെട്ടിരിക്കുന്നു. റിക്ടർ സ്കെയിലിൽ ആറ് കഴിഞ്ഞാൽ എപ്പോഴും അപകടമുണ്ടാകാം. അത് എപ്പോഴുണ്ടാകുമെന്ന് നമുക്ക് പറയാൻ കഴിയില്ല. രണ്ട്, മഴ ഇരുപത്തിനാല് മണിക്കൂറിൽ 60 സെന്റീമീറ്റർ മഴ പെയ്താൽ ജലനിരപ്പുയർന്ന് ഡാം കവിഞ്ഞൊഴുകുമെന്ന് ഐ.ഐ.റ്റി. വിദഗ്ദ്ധൻ <u>ഹുസൈന്റെ</u> നേതൃത്വത്തിലുള്ള സംഘം റിപ്പോർട്ട് നൽകിയിരുന്നു. ഈ രണ്ട് സ്ഥിതി ഗതികളും നിലനിൽക്കുകയാണ്. അതുകൊണ്ട് കേരളത്തിന്റെ ആശങ്ക ഇപ്പോഴും നിലനിൽക്കുന്നു. സുപ്രീംകോടതി ഇതിൽ വിധി പ്രഖ്യാപിച്ചുവെങ്കിലും ഈ ഡാമിന്റെ സേഫ്റ്റിയെ സംബന്ധിച്ച കേരളത്തിന്റെ ആശങ്ക ഇപ്പോഴും നിലനിൽക്കുന്നു. അതു സംബന്ധിച്ച് ഇന്ത്യയിലെ വിദഗ്ദ്ധന്മാരും വിദേശത്തുള്ള വിദഗ്ദ്ധരുൾപ്പെടെയുള്ള ഒരു സമിതിയെ നിയോഗിക്കുന്ന കാര്യമാണ് ശ്രീ. എം. എ. ബേബി പറഞ്ഞത്. തീർച്ചയായും അത് പരിഗണിക്കാവുന്ന നിർദ്ദേശമാണ്. കേന്ദ്രഗവൺമെന്റാണ് ഇതിൽ തീരുമാനമെടുക്കേണ്ടത്. ഏതായാലും അക്കാര്യം മുഖ്യമന്ത്രിയുമായി ആലോചിച്ച് പ്രത്യേകമായി പരിഗണിക്കും.

<u>ശ്രീ. എം. എ. ബേബി</u> : സർ, ജലനിരപ്പ് അനിയന്ത്രിതമായി ഉയർന്നാൽ അതിന്റെ ഫലമായി ജലം വനത്തെ വിഴുങ്ങുകയാണ്, വനനഷ്ടമുണ്ടാകുന്നുണ്ട്. വനത്തിൽ ജീവിക്കുന്ന ജീവജാലങ്ങൾക്ക് പ്രശ്നമുണ്ടാകുന്നുണ്ട്. ഇതിനെക്കുറിച്ച് ഗവൺമെന്റ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ. പാരീസിൽ കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച് പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര സമ്മേളനം നടക്കുകയാണ്. ജലനിരപ്പ് അനിയന്ത്രിതമായി ഉയരുമ്പോൾ വനനഷ്ടവും വന നശീകരണവുമുണ്ടാകുന്നുണ്ട്. വന്യജീവികളുടെ സുരക്ഷിതത്വത്തെ ഇത് ബാധിക്കുന്നുണ്ട്. ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഇതിന്റെ പ്രത്യാഘാതങ്ങൾ കണക്കിലെടുത്തിട്ടുണ്ടോ; ഇത് മറികടക്കാൻ എന്തെങ്കിലും ആലോചന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടോ?

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, 136 അടിയിൽ നിന്നും 142 അടിയായി ഉയരുമ്പോൾ തീർച്ചയായും അത് വനപ്രദേശത്തേയും വന്യജീവികളെയും ബാധിക്കും. ഇതെല്ലാം നമ്മൾ സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. പക്ഷേ അതൊന്നും പരിഗണിക്കുവാൻ അവർ തയ്യാറായില്ല.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, മുല്ലപ്പെരിയാർ അണക്കെട്ടിനെ സംബന്ധിച്ച വിഷയം ഏറ്റവും ശ്രദ്ധേയമായി ചർച്ച നടന്നിട്ടുള്ളതാണ്. ഒരു ദിവസത്തെ സഭാസമ്മേളനം വരെ ഇതിനായി വിളിച്ചുകൂട്ടിയതായി നമുക്കറിയാം. ബഹുമാനപ്പെട്ട അംഗങ്ങൾ ചോദ്യങ്ങൾ ചോദിച്ചപ്പോഴും അതിന് മന്ത്രി മറുപടി പറഞ്ഞപ്പോഴും ഇത് ആശങ്കയുള്ള കാര്യമാണെന്ന് മന്ത്രി തന്നെ സൂചിപ്പിച്ചു. ഒന്നരവർഷക്കാലം കൊണ്ട് ഇതുതന്നെ പറയുകയാണ്. എന്നാൽ ഇത് ഇപ്പോഴും അന്നത്തെ സ്ഥിതിയിൽ തന്നെ നിലനിൽക്കുന്നുവെന്നതാണ് ഏറ്റവും ആശങ്കാജനകമായി കാണാൻ കഴിയുന്നത്. അവിടെയുള്ള 13 ഷട്ടറുകളിൽ പതിമൂന്നും വർക്ക് ചെയ്യുമോ ഇല്ലയോ എന്നത് പരിശോധിക്കണമെന്ന് പറഞ്ഞിട്ട് ഒരു ഷട്ടർ മാത്രമാണ് ഉയർത്തി കാട്ടിയതെന്ന് ഇന്നലത്തെ പത്രത്തിൽ റിപ്പോർട്ട് ചെയ്തു വന്നിട്ടുണ്ട്. ഇത്തരം കാര്യങ്ങളിൽ എന്തുകൊണ്ടാണ് കൂടുതൽ ജാഗ്രതയോടെ ഒരു ഫോളോ-അപ് ഉണ്ടാകാത്തതെന്നാണ് എനിക്ക് മനസ്സിലാകാത്തത്. ഇതുമായി ബന്ധപ്പെട്ട കേസുകളിൽ നമ്മുടെ കാര്യങ്ങൾ പരിഗണിക്കാതെ പോകുന്നത് എന്തുകൊണ്ടാണ്? സുപ്രീംകോടതിയെ ആയാലും കേന്ദ്രസർക്കാരിനെ ആയാലും വിദഗ്ദ്ധസമിതിയെ ആയാലും നമ്മുടെ കാര്യങ്ങൾ കൺവിൻസ് ചെയ്യിക്കാൻ നമ്മുടെ സർക്കാരിന് കഴിയാതെ പോകുന്നതുകൊണ്ടല്ലേയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. കഴിഞ്ഞ ഒരു തവണ ഇതു സംബന്ധിച്ച് ചർച്ച നടന്നപ്പോൾ നമ്മുടെ പ്രതിനിധി അവിടെ പോയി ഒരക്ഷരം മിണ്ടാതെയിരുന്നു. ഇത് വളരെ ഗൗരവമായി കാണേണ്ടതല്ലേ? ഇവിടെ വിവാദമായ പല കേസ്സുകളിലും വലിയ വക്കീലന്മാരെ കൊണ്ടുവരുമ്പോഴും, നിമിഷനേരം കൊണ്ട് സ്റ്റേ വാങ്ങിക്കുന്നതിൽ കാണിക്കുന്ന ജാഗ്രതപോലും ഇക്കാര്യത്തിൽ എന്തുകൊണ്ടാണ് കാണിക്കാത്തതെന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ഇക്കാര്യത്തിൽ വളരെ ഗൗരവത്തോടെ നമ്മൾ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ വിദഗ്ദ്ധസമിതിയുടെ എല്ലാ റിപ്പോർട്ടുമുണ്ട്. ആവശ്യപ്പെട്ടാൽ മാത്രം പോര, സ്റ്റെഡി

ഫോളോ-അപ്പായി സർക്കാർ മുന്നോട്ട് പോകുന്നില്ല. അതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: സർ, ഇപ്പോൾ 1400 ക്യുസെക്സ് വെള്ളം ഡാമിലേയ്ക്ക് ഒഴുകി എത്തുന്നുണ്ട്. തമിഴ്നാട് 250 ക്യുസെക്സ് വെള്ളം മാത്രമേ കൊണ്ടുപോകുന്നുള്ളൂ. ഷട്ടറുകൾ തുറക്കുമ്പോൾ തീർച്ചയായും താഴെ പാർക്കുന്ന ജനങ്ങൾക്ക് കുറെയധികം ബുദ്ധിമുട്ടുകളുണ്ടാകും. 142 അടിയിൽ എത്തിക്കാതെ 140 അടി ആകുമ്പോൾ തന്നെ തുറക്കുക അല്ലെങ്കിൽ വൈഗ ഡാമിലേക്ക് വെള്ളം കൊണ്ടുപോകുക എന്ന നിർദ്ദേശമാണ് വച്ചിരിക്കുന്നത്. ഇന്ന് 139.9 അടിയായി വെള്ളം ഉയർന്നിട്ടുണ്ട്. അടിയന്തരമായി ഇക്കാര്യം അവരെ അറിയിക്കുന്നതാണ്. വൈഗ ഡാമിലേക്ക് കൂടുതലായി വെള്ളം കൊണ്ടുപോകണം. ഷട്ടറുകളെല്ലാം ശരിയായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കിയിട്ടുണ്ട്. എങ്കിലും താഴേയ്ക്ക് വെള്ളം ഒഴുകുമ്പോൾ ബുദ്ധിമുട്ടുകൾ ഉണ്ടാകാത്ത നിലയിൽ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നതാണ്.

ശ്രീ. രാജു എബ്രഹാം: സർ, ലക്ഷക്കണക്കിന് ജനങ്ങളുടെ ജീവൻ പന്താടുന്ന ഒരു സ്ഥിതിവിശേഷമാണ് മുല്ലപ്പെരിയാർ പ്രശ്നത്തിൽ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. 134 അടി വെള്ളം ഉയർന്ന ഘട്ടങ്ങളിലെല്ലാം മുന്നറിയിപ്പ് നൽകുന്ന ഒരു സംവിധാനം അവിടെ ഉണ്ടായിരുന്നു. ബഹുമാനപ്പെട്ട മന്ത്രിക്ക് അക്കാര്യം നന്നായി അറിയാവുന്നതാണ്. 135 അടി ആയപ്പോൾ അവിടെയുള്ള ജനങ്ങളെ മുഴുവൻ മാറ്റിപ്പാർപ്പിച്ചിരുന്നു. ഇപ്പോൾ 139 അടി കഴിഞ്ഞിരിക്കുന്നു. ഒരു നടപടിയും ഉണ്ടായിട്ടില്ല. മുന്നറിയിപ്പ് നൽകിയിട്ടില്ല, ആളുകളെ മാറ്റിപ്പാർപ്പിച്ചിട്ടില്ല. പുതിയ ഒരു ചോർച്ച കൂടി കണ്ടെത്തിയിരിക്കുകയാണ്. അത്യന്തം ഗുരുതരമായിട്ടുള്ള ഈയൊരു സാഹചര്യത്തിൽ ഗവൺമെന്റിന്റെ നിസംഗഭാവം മാറ്റിവച്ച് അടിയന്തരമായി ഈ പ്രശ്നത്തിൽ ഇടപെടാനും മുന്നറിയിപ്പ് നൽകാനും ജനങ്ങളെ മാറ്റി പാർപ്പിക്കാനും അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: സർ, മുന്നറിയിപ്പ് നൽകിയിട്ടില്ല എന്നുപറയുന്നത് ശരിയല്ല. പീരുമേട്ടിൽ ബന്ധപ്പെട്ട പഞ്ചായത്തിലെ ആളുകളെ വിളിച്ചുകൂട്ടി കളക്ടർ ഒരു യോഗം നടത്തിയിരുന്നു. അത്യാവശ്യമായ ക്രമീകരണങ്ങൾ അവിടെ ചെയ്തിട്ടുണ്ട്.

വെള്ളം താഴേയ്ക്ക് ഒഴുക്കാതെ വൈഗ ഡാമിലേക്ക് ഒഴുക്കണമെന്നുതന്നെയാണ് നമ്മൾ ആവശ്യപ്പെട്ടിരിക്കുന്നത്. മുന്നറിയിപ്പ് നൽകുകയും കളക്ടർ യോഗം വിളിച്ചു കൂട്ടുകയും ചെയ്തിട്ടുണ്ട്.

ശ്രീ. സാജു പോൾ: സർ, മുല്ലപ്പെരിയാർ പ്രശ്നത്തിൽ ഞാനും ശ്രീ.എസ്. രാജേന്ദ്രൻ, ശ്രീമതി ഇ.എസ്. ബിജിമോൾ, ശ്രീ. ജി.എസ്. ജയലാൽ, ശ്രീ. കെ. അജിത്, ശ്രീ. റോഷി അഗസ്റ്റിൻ, ശ്രീ. ചിറ്റയം ഗോപകുമാർ എന്നിവരുൾപ്പെടെ ദിവസങ്ങളോളം അവിടെ നിരാഹാരം അനുഷ്ഠിച്ചിരുന്നതാണ്. അവിടത്തെ ഡിസാസ്റ്റർ മാനേജ്മെന്റ് സെൽ, ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് എന്നിവ പൂട്ടുകയുണ്ടായി. ഒരു പോലീസ് സ്റ്റേഷൻ മുല്ലപ്പെരിയാറിൽ അനുവദിച്ചിട്ടുണ്ട്. പക്ഷേ ടൂറിസം ഡിപ്പാർട്ടുമെന്റ് സ്ഥലം കൊടുത്താൽ മാത്രമേ അതിന് പ്രവർത്തനം ആരംഭിക്കാൻ കഴിയുകയുള്ളൂ. ഇടമലയാർ ഡാം കഴിഞ്ഞ വർഷം തുറന്നുവിട്ടപ്പോൾ നെടുമ്പാശ്ശേരി വിമാനത്താവളമടക്കം പെരുമ്പാവൂർ, അങ്കമാലി, മൂവാറ്റുപുഴ, കോതമംഗലം എന്നിവിടങ്ങളിൽ വലിയ വെള്ളപ്പൊക്കവും ദുരിതങ്ങളുമുണ്ടായി. അതേ ഗൗരവത്തിൽ ഈ പ്രശ്നത്തെ കാണാനോ മുന്നോട്ടു പോകാനോ കഴിഞ്ഞിട്ടില്ല. അവിടെ ചില കുന്നുകളിലൊക്കെ മഞ്ഞപെയിന്റടിച്ച് ഇവിടെവരെ വെള്ളമുയരുമെന്നുള്ളത് രേഖപ്പെടുത്തിയതൊഴികെ യാതൊരു മുൻകരുതലും സ്വീകരിച്ചിട്ടില്ല. ഐക്യരാഷ്ട്ര സംഘടനയുടെ ദുരന്തനിവാരണ വിഭാഗത്തിന്റെ മേധാവിയായ പെരുമ്പാവൂരുകാരനായ ഡോ. മുരളി തുമ്മാരുകുടിയെപ്പോലെയുള്ളവരെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഇക്കാര്യത്തിൽ ഹ്രസ്വകാല-ദീർഘകാല പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനും ഈ വലിയ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാനും സർക്കാർ സത്വര നടപടി സ്വീകരിക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: സർ, ഈ വിഷയത്തിൽ കേരളത്തിനുള്ള ആശങ്ക ഇപ്പോഴും നിലനിൽക്കുകയാണെന്ന് ഞാൻ ആദ്യം പറയുകയുണ്ടായി. അവിടെ ചെയ്യേണ്ട ക്രമീകരണങ്ങളെ സംബന്ധിച്ച് കുറെയധികം നടപടികൾ ഡിസാസ്റ്റർ മാനേജ്മെന്റ് റവന്യൂ വകുപ്പിൽനിന്ന് സ്വീകരിച്ചിട്ടുണ്ട്. കളക്ടർ യോഗം വിളിച്ചുകൂട്ടി അത്യാവശ്യം ചെയ്യേണ്ട കാര്യങ്ങളെല്ലാം ആലോചിച്ചിട്ടുണ്ട്. ഏതായാലും വെള്ളം താഴേയ്ക്ക് ഒഴുക്കാതെ വൈഗാ ഡാമിലേക്ക് തന്നെ വിടണമെന്നുള്ള ശക്തമായ നിർദ്ദേശമാണുള്ളത്. അതിന് തമിഴ്നാട് തയ്യാറാകുമെന്നുതന്നെയാണ് ഞാൻ കരുതുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, ഇതു സംബന്ധിച്ചും ബഹുമാനപ്പെട്ട മന്ത്രിയുടെ ഇടപെടലിനെ സംബന്ധിച്ചും ഇതിനെ കുറിച്ച് ജനങ്ങളെയും കേന്ദ്ര ഗവൺമെന്റിനെയും അണിനിരത്താനും ഇതിന്റെ സീരിയസ്നെസ് അവരെ ബോദ്ധ്യപ്പെടുത്താനും തക്കവിധത്തിലുള്ള ഇടപെടൽ മുഖ്യമന്ത്രിയുടെയോ വകുപ്പുമന്ത്രിയുടെയോ ഭാഗത്തുനിന്ന് വേണ്ടവിധത്തിലുണ്ടായിട്ടില്ല എന്നുള്ള വളരെ ശക്തമായ പ്രതിഷേധം ജനങ്ങളുടെ ഇടയിൽ ഉണ്ടായി കൊണ്ടിരിക്കുകയാണ്. വെള്ളം ഇത്രയേറെ ഉയരുന്നതിനുമുമ്പുതന്നെ നമ്മുടെ ഉത്ക്കണ്ഠ അറിയിച്ചിട്ടുള്ളതാണ്. അന്തർദേശീയമായി ഈ വക കാര്യങ്ങളെ സംബന്ധിച്ച് വൈദഗ്ദ്ധ്യമുള്ള ആളുകളെ ഒരു പഠനത്തിന് ഇവിടെ ക്ഷണിക്കാനും അവരെ കൊണ്ടുവരാനും ഇടയാകത്തക്കവിധത്തിലുള്ള യാതൊരു ശ്രമവും നമ്മൾ നടത്തുന്നില്ലെന്നുമാത്രമല്ല, വൈഗ നദിയിലേക്ക് വെള്ളം ഒഴുക്കണമെന്ന് തമിഴ്നാടിനോട് അഭ്യർത്ഥിച്ചുകൊണ്ടോ സുപ്രീംകോടതിയോട് അഭ്യർത്ഥിച്ചതുകൊണ്ടോ വല്ല കാര്യവുമുണ്ടോ; അതുകൊണ്ട് കേന്ദ്രഗവൺമെന്റിന് ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെടാൻ കഴിയത്തക്കവിധത്തിൽ ദശലക്ഷക്കണക്കിന് ആളുകളുടെ ജീവന്റെ പ്രശ്നത്തെ സംബന്ധിച്ച് എന്ത് നടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയാൻ താൽപ്പര്യമുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, മുല്ലപ്പെരിയാറിനെ സംബന്ധിച്ച് നമ്മൾ എടുത്തിട്ടുള്ള നടപടികളെല്ലാം അറിയാം. എല്ലാക്കാര്യങ്ങളും ആലോചിച്ച് മാത്രമാണ് ഈ ഗവൺമെന്റ് മുന്നോട്ട് പോയത്. തമിഴ്നാടുമായിട്ടുള്ള ഒരു പ്രശ്നമാക്കി ഇതിനെ മാറ്റരുതെന്ന് ഗവൺമെന്റിന് നിർബന്ധമുണ്ട്. കാരണം വെള്ളം കൊടുക്കുന്നതിന് നമ്മൾ എതിരല്ല. പക്ഷേ ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാനുള്ള ബാദ്ധ്യത ഗവൺമെന്റിനും ഈ സംസ്ഥാനത്തിനുമുണ്ട്. അക്കാര്യത്തിനാണ് നമ്മളൊരുമിച്ച് പ്രവർത്തിച്ച് ഇതുവരെ മുന്നോട്ട് പോയിട്ടുള്ളത്. ഇക്കാര്യം പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. പുതിയ ഗവൺമെന്റ് വന്നതിനു ശേഷം ഇക്കാര്യത്തിൽ ഇടപെടണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. പക്ഷേ കേന്ദ്ര ഗവൺമെന്റ് ഒരു അകലം പാലിച്ചുകൊണ്ടുള്ള സമീപനമാണ് ഇതുവരെ സ്വീകരിച്ചത്. പക്ഷേ ഇക്കാര്യത്തിൽ കേരളത്തിന്റെ നിലപാടിന് ഒരു മാറ്റവുമില്ല. 'തമിഴ്നാടിന് വെള്ളം, കേരളത്തിന് സുരക്ഷ' എന്നതിന് പുതിയ ഡാം വേണമെന്നുള്ള നിലപാടിൽ തന്നെയാണ് ഗവൺമെന്റ് നിൽക്കുന്നത്. അതിനുള്ള അനുമതി നൽകണം. തമിഴ്നാടിന് ലഭിക്കുന്ന വെള്ളത്തിന് യാതൊരു വിധത്തിലുള്ള തടസ്സവുമില്ലാതെ

തന്നെ കേരളത്തിന്റെ ആവശ്യം അംഗീകരിക്കാൻ സാധിക്കും. അക്കാര്യത്തിൽ കേന്ദ്രഗവൺമെന്റ് ഇടപെടണമെന്നതന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹം. വീണ്ടും അതിനുവേണ്ടിയുള്ള ശ്രമങ്ങൾ തുടരും.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, മുഖ്യമന്ത്രി ഇവിടെ പറഞ്ഞതും നമ്മൾ പറഞ്ഞുകൊണ്ടിരിക്കുന്നതും 'തമിഴ്നാടിന് വെള്ളം, കേരളത്തിന് സുരക്ഷ' എന്നുള്ളതാണ്. എന്നാൽ തമിഴ്നാട് പറയുന്നത് 'ഞങ്ങൾക്ക് വെള്ളം, നിങ്ങളുടെ സുരക്ഷ ഞങ്ങൾക്ക് പ്രശ്നമല്ല' എന്നാണ്. ആയിരം വർഷം നിലനിൽക്കും എന്നുള്ള വാദവുമായി തമിഴ്നാട് മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. അവരുടെ വാദത്തിന് അനുകൂലമായിട്ടാണ് കോടതിയും മറ്റ് ഭരണഘടനാ ബെഞ്ച് അടക്കമുള്ള സംവിധാനങ്ങളും നിൽക്കുന്നത്. കഴിഞ്ഞ ദിവസം അവിടെ സന്ദർശിച്ച മേൽനോട്ടസമിതിയിലുള്ള ആളുകളുടെ നിലപാടും അതാണ്. ഇപ്പോൾ വൈഗ ഡാമിലേക്ക് വെള്ളം കൊണ്ടുപോകുന്ന വിഷയം ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി പറഞ്ഞു. പക്ഷേ വൈഗ ഡാമിലെ ജലനിരപ്പ് ഏതാണ്ട് മാക്സിമം ലെവലിൽ നിൽക്കുകയാണ്. 3000 ഘനയടി വെള്ളം ഡാമിലേക്ക് ഒഴുകിയെത്തുമ്പോൾ 514 ഘനയടി വെള്ളം മാത്രമാണ് ഷട്ടർവഴി കൊണ്ടുപോകാൻ കഴിയുന്നത്. 139.9 അടി ആണ് ഇന്നത്തെ ജലനിരപ്പ് എന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. 136 അടിയിൽ നിൽക്കുമ്പോഴാണ് വെള്ളം കവിഞ്ഞൊഴുകുകയും പലരുടെയും വീട്ടിനുള്ളിൽ വെള്ളം കയറുകയും ആളുകൾ ഭീതിയിലാകുകയും ചെയ്യുന്നത്. 142 അടിയിൽ വെള്ളം നിൽക്കുമ്പോൾ ഷട്ടർ തുറക്കാൻ തീരുമാനിച്ചാൽ എവിടെവരെ വെള്ളം കയറുമെന്നതുസംബന്ധിച്ച് നമ്മുടെ കയ്യിൽ രേഖകളോ കണക്കുകളോ ഇല്ല. കാരണം അങ്ങനെ ഒരു സ്ഥിതിയിൽ ഷട്ടർ തുറന്നിട്ടില്ല എന്നുള്ളതാണ് പ്രശ്നം. ഈ അവസരത്തിൽ നമുക്ക് ചെയ്യാൻ കഴിയുന്നത്, കളക്ടർ അവിടെ യോഗം വിളിച്ചുകൂട്ടി എന്നുപറഞ്ഞു. പൈനാവിലെ ജില്ലാകളക്ടറുടെ ചേമ്പറിലാണ് യോഗം വിളിച്ചുകൂട്ടിയത്. പക്ഷേ അവിടെനിന്നും മനസ്സിലാക്കിയ ഒരു കാര്യം ആവശ്യത്തിനുള്ള പണം ഇല്ലെന്നുള്ളതാണ്. പണം കൊടുക്കുന്നതിന് സർക്കാർ തീരുമാനിക്കണം. അതോടൊപ്പം തന്നെ തയ്യാറായി വരുന്ന ആളുകളെ അവിടെ

നിന്നും മാറ്റിപ്പാർപ്പിക്കുന്നതിനും ആളുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും അങ്ങ് ഈ ഗവൺമെന്റിന്റെ തുടക്കത്തിൽ പറഞ്ഞ ചില നിർദ്ദേശങ്ങളുണ്ട്. അവിടെ മതിൽ പണിത് അത്തരം ദുരന്തമുണ്ടാകുകയാണെങ്കിൽ വെള്ളം ഡൈവർട്ട് ചെയ്ത് വിടുന്നതടക്കമുള്ള വിഷയങ്ങളെ സംബന്ധിച്ച് ഗൗരവതരമായി പരിഗണിക്കും എന്ന് പറയുന്ന.....

മി. സ്പീക്കർ: മറുപടി പറയണ്ടേ?...........ശ്രീമതി ബിജിമോൾ.......... ........സമയം കഴിഞ്ഞു.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, അങ്ങയുടെ വാഗ്ദാനം പാലിക്കുന്നതിനും ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും തയ്യാറുള്ള ആളുകളെ മാറ്റിപ്പാർപ്പിക്കുന്നതിനും തയ്യാറാകുമോ?

ശ്രീ. പി. ജെ. ജോസഫ്: സർ, വൈഗ ഡാമിലേക്ക് തമിഴ്നാടിന് വേണമെങ്കിൽ 2000 ക്യൂസെക്സ് വരെ വെള്ളം കൊണ്ടുപോകാം. 1400 ക്യൂസെക്സ് വെള്ളമാണ് ഇപ്പോൾ ഒഴുകിയെത്തുന്നത്. അങ്ങനെ ചെയ്താൽ നമുക്ക് ഇവിടെ തുറന്നുവിടേണ്ട ആവശ്യം വരുന്നില്ല. അക്കാര്യം വീണ്ടും ശക്തമായി ആവശ്യപ്പെടുന്നതാണ്. അവിടെയുള്ള ജനങ്ങളുടെ സുരക്ഷയെ സംബന്ധിച്ച് ഡിസാസ്റ്റർ മാനേജ്മെന്റ് റവന്യൂ വകുപ്പുമായി ഗൗരവമായി ആലോചിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**ദേശീയ ജലപാതകൾ**

3 (*63) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :

809/2017

1352/2017

<u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളെ ബന്ധിപ്പിച്ചുകൊണ്ട് ദേശീയ ജലപാതകൾ വികസിപ്പിക്കാനുള്ള പദ്ധതി നടപ്പാക്കുമ്പോൾ സംസ്ഥാനത്തിന്റെ പൊതുതാല്പര്യം സംരക്ഷിക്കാൻ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിക്കേണ്ടിവരുമെന്നാണ് കരുതുന്നത്; വ്യക്തമാക്കാമോ;

(ബി) ദേശീയ ജലപാതകളിൽ ഉൾപ്പെടുത്താൻ സംസ്ഥാനം നിർദ്ദേശിച്ചിട്ടുള്ള കനാലുകൾ ഏതൊക്കെയാണ് ; വിശദമാക്കുമോ ;

(സി) കേന്ദ്രത്തിന്റെ സഹകരണത്തോടുകൂടി ജലപാതകൾ വികസിപ്പിക്കുന്നതിനും, എല്ലായ്പ്പോഴും ഗതാഗതയോഗ്യമാക്കി നിലനിർത്തുന്നതിനുമുള്ള സമഗ്ര പദ്ധതികൾ പരിഗണിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. പി. ജെ. ജോസഫ്</u>):

(എ) ദേശീയ ജലപാതാ ബിൽ 2015-ന്റെ കരടിൽ കേരളത്തിലെ പത്ത് നദികളെ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ നദികളെ ഉൾപ്പെടുത്തിക്കൊണ്ട് ദേശീയ ജലപാതാ വികസന പദ്ധതി നടപ്പിലാക്കുമ്പോൾ നിലവിൽ നദികളിൽ ജലസേചനത്തിനും കുടിവെള്ള പദ്ധതികൾക്കുമായി നിർമ്മിച്ചിട്ടുള്ള തടയണകൾ, റഗുലേറ്ററുകൾ, കിണറുകൾ എന്നിവ പുനർനിർമ്മിക്കേണ്ടതായി വരും. ഇത് ചെലവേറിയതും പ്രായോഗികമായി ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതുമാണ്. കൂടാതെ നദികളെ ജലപാതാ നിലവാരത്തിലേക്കുയർത്തുമ്പോൾ ആഴം കൂട്ടേണ്ടി വരുന്നതിനാൽ ഉൾപ്രദേശങ്ങളിലേക്ക് ഉപ്പുവെള്ളം കയറുകയും അതുവഴി ജലജന്യ ആവാസ വ്യവസ്ഥയ്ക്ക് കോട്ടം വരുത്തുകയും ചെയ്യും. ഇക്കാര്യങ്ങൾ ചൂണ്ടിക്കാട്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി 27-7-2015-ൽ കേന്ദ്ര സർക്കാരിന് കത്തെഴുതുകയും ആയതിനെത്തുടർന്ന് കേരളത്തിലെ പത്ത് നദികളെ ദേശീയ ജലപാതയായി പ്രഖ്യാപിക്കുന്നതിൽനിന്നും ഒഴിവാക്കിയതായി കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ട്. അവ താഴെപ്പറയുന്നവയാണ്: കല്ലട, പമ്പ, മണിമല, മീനച്ചിൽ, മൂവാറ്റുപുഴ, ഭാരതപ്പുഴ, കടലുണ്ടിപ്പുഴ, കോരപ്പുഴ, ചാലിയാർ, വളപട്ടണം പുഴ.

(ബി) ദേശീയ ജലപാതയിലുൾപ്പെടുത്താൻ സംസ്ഥാനം നിർദ്ദേശിച്ചിട്ടുള്ള

കനാലുകൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| ആലപ്പുഴ | - | ചങ്ങനാശ്ശേരി കനാൽ |
| ആലപ്പുഴ | - | കോട്ടയം കനാൽ |
| കോട്ടയം | - | വൈക്കം കനാൽ<br>അതിരമ്പുഴ കനാൽ |

(സി) കഴിഞ്ഞ വർഷങ്ങളിൽ വിവിധ കേന്ദ്ര ധനസഹായ പദ്ധതികളിൽ ഉൾപ്പെടുത്തി ഉൾനാടൻ ജലപാതയിൽ വിവിധ പ്രവൃത്തികൾ നടത്തിയിട്ടുണ്ട്. ജലപാതയുടെ പൂർത്തിയായ ഭാഗങ്ങളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായുള്ള കേന്ദ്ര ധനസഹായത്തിനുള്ള നിർദ്ദേശം, ഓരോന്നിന്റെയും പ്രായോഗികതയും എസ്റ്റിമേറ്റും പദ്ധതി രൂപരേഖയും തയ്യാറാക്കി സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയറോട് (ജലസേചനവും ഭരണവും) ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര സഹകരണം ലഭിക്കുകയാണെങ്കിൽ ജലപാതകൾ വികസിപ്പിക്കുന്നതിനും എല്ലായ്പ്പോഴും ഗതാഗത യോഗ്യമാക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

## വിദേശ ജോലിക്കായുള്ള നഴ്സുമാരുടെ റിക്രൂട്ട്മെന്റ്

4 (*64) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :

ശ്രീ. എ. പ്രദീപ്കുമാർ :

ശ്രീ. എം. ഹംസ :

ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എമിഗ്രേഷൻ നിയമപരിഷ്കാരാനുസൃതം വിദേശ ജോലിക്കായുള്ള നേഴ്സുമാരുടെ റിക്രൂട്ട്മെന്റ് സർക്കാർ സ്ഥാപനമായ ഒഡെപെക് ഉൾപ്പെടെ മൂന്ന് ഏജൻസികൾക്കായി പരിമിതപ്പെടുത്തിയതിനാൽ റിക്രൂട്ട്മെന്റ് സംവിധാനം വിപുലീകരിക്കുന്നതിന് ഒഡെപെക് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പുതിയ നിയമനം നിലവിൽ വന്നശേഷം ഒഡെപെക് വഴി എത്രപേർക്ക്

റിക്രൂട്ട്മെന്റ് ലഭിച്ചെന്ന് അറിയിക്കാമോ;

(സി) എമിഗ്രേഷൻ നിയമഭേദഗതി പ്രാബല്യത്തിലാകുന്നതിനു മുൻപ് വിദേശ ജോലിക്കായി തെരഞ്ഞെടുക്കപ്പെട്ടിരുന്ന നേഴ്സുമാരുടെ എമിഗ്രേഷൻ ക്ലിയറൻസിനായി ചെയ്ത കാര്യങ്ങൾ അറിയിക്കുമോ; അതിന്റെ ഫലപ്രാപ്തി വിശദമാക്കുമോ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ) ഉണ്ട്. നഴ്സുമാരുടെ റിക്രൂട്ട്മെന്റ് സംവിധാനം വിപുലീകരിക്കുന്നതിന്റെ പ്രാരംഭ ചെലവുകൾക്കായി 3.5 കോടി രൂപ ഒഡെപെക്കിന് അനുവദിച്ചിട്ടുണ്ട്. മെട്രൊപോളിറ്റൻ നഗരങ്ങളിൽ ഒഡെപെക്കിന്റെ ഓഫീസ് ആരംഭിക്കുവാനും സർക്കാർ ഏജൻസികൾവഴി മാത്രം നഴ്സുമാരുടെ റിക്രൂട്ട്മെന്റ് നടത്തുവാൻ എംബസികൾക്ക് നിർദ്ദേശം നൽകുവാനും തീരുമാനിച്ചിട്ടുണ്ട്. ഒഡെപെക്കിനെ ഇതിനകം അൻപതോളം വിദേശ സ്ഥാപനങ്ങൾ നഴ്സുമാരെ റിക്രൂട്ട് ചെയ്യുന്നതിന് താല്പര്യം കാണിച്ച് ബന്ധപ്പെട്ടിട്ടുണ്ട്. 22 സ്ഥാപനങ്ങളിലായി 269 നഴ്സുമാരെ പുതിയ സംവിധാനം വന്നശേഷം റിക്രൂട്ട് ചെയ്ത് അയച്ചിട്ടുണ്ട്. കൂടാതെ 1200 -ഓളം ഒഴിവുകൾ ഒഡെപെക്കിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിലേക്കുള്ള നിയമന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആസ്ഥാന ഓഫീസിന്റെ വിപുലീകരണത്തിനായി തിരുവനന്തപുരത്തെ വഴുതക്കാട് കാർമൽ ടവേഴ്സിൽ ഉദ്ദേശം 4000 സ്ക്വയർ ഫീറ്റിൽ ആധുനിക സംവിധാനത്തോടെ ഓഫീസ് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഡൽഹിയിൽ ലയ്സൻ ഓഫീസ് വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. സൗദി അറേബ്യ, ഒമാൻ, യു.എ.ഇ., ഖത്തർ മുതലായ രാജ്യങ്ങളിലെ ആരോഗ്യവകുപ്പിന്റെ നിയമനങ്ങൾ ലഭിക്കുന്നതിനുള്ള നടപടികൾ നടത്തിവരുന്നു.

(ബി) 269 പേരെ റിക്രൂട്ട് ചെയ്തിട്ടുണ്ട്.

(സി) എമിഗ്രേഷൻ നിയമ ഭേദഗതി പ്രാബല്യത്തിലാകുന്നതിനുമുമ്പ്

വിദേശത്ത് ജോലി ലഭിച്ചുപോകുന്ന നഴ്സുമാർക്ക് എമിഗ്രേഷൻ ക്ലിയറൻസിന്റെ ആവശ്യമില്ല.

**സ്വയം പര്യാപ്ത ഗ്രാമം പദ്ധതി**

5 (*65) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :

<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :

<u>ശ്രീ. സി. പി. മുഹമ്മദ്</u> :

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സങ്കേതങ്ങളിൽ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. എ. പി. അനിൽ കുമാർ</u>):

(എ) ഉണ്ട്.

(ബി) സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൻകീഴിൽ തെരഞ്ഞെടുക്കപ്പെട്ട പട്ടികജാതി കോളനികളുടെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. അതിന്റെ ഭാഗമായി പ്രസ്തുത കോളനികളിൽ താഴെ പറയുന്ന വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു:

1. ഇന്റേണൽ റോഡ് /ഫുട്പാത്ത്
2. ആശയ വിനിമയ സൗകര്യം
3. കുടിവെള്ള സൗകര്യങ്ങൾ
4. ഡ്രെയിനേജ് സൗകര്യങ്ങൾ
5. വൈദ്യുതീകരണം/വീടുകളിലേക്കുള്ള സോളാർ വൈദ്യുതീകരണം
6. സോളാർ തെരുവ് വിളക്ക്
7. സാനിറ്റേഷൻ
8. ഭവന പുനരുദ്ധാരണം
9. മാലിന്യ നിർമ്മാർജ്ജനം
10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ
11. സ്ഥലം വികസിപ്പിക്കൽ/സംരക്ഷണ ഭിത്തി നിർമ്മാണം
12. ഇറിഗേഷൻ
13. അടുക്കളത്തോട്ടം
14. വരുമാന ദായക പദ്ധതി/മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ/വീവിംഗ്/കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി)
15. കോളനിയിലേക്കാവശ്യമായിട്ടുള്ള മറ്റ് വികസന പ്രവർത്തനങ്ങൾ

(സി) 2012-13 സാമ്പത്തിക വർഷം ആരംഭിച്ച ഈ പദ്ധതി പ്രകാരം പ്രസ്തുത വർഷത്തിൽ തെരഞ്ഞെടുത്ത 113-ഉം 2013-14 വർഷം തെരഞ്ഞെടുത്ത 102 കോളനികളുമടക്കം ആകെ 215 കോളനികളിൽ വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നു. 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ ഈ പദ്ധതിയിൻ കീഴിൽ പുതുതായി കോളനികളെ തെരഞ്ഞെടുത്തിട്ടില്ല. ഈ പദ്ധതിയിൻ കീഴിൽ തെരഞ്ഞെടുക്കപ്പെട്ട ഓരോ കോളനിയിലും പരമാവധി ഒരു കോടി രൂപ വരെയുള്ള വികസന പ്രവർത്തനങ്ങൾക്കാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പദ്ധതികൾ നടപ്പിലാക്കുന്നതിനായി

അക്രഡിറ്റഡ് ഏജൻസികളുടെ പട്ടികയിൽനിന്നും എം.എൽ.എ./എം.പി. തെരഞ്ഞെടുക്കുന്ന ഏജൻസിയെ ഏൽപ്പിക്കുന്നു. ഓരോ കോളനിയുടെയും പ്രവൃത്തിയുടെ സുഗമമായ നടത്തിപ്പിനായി ബന്ധപ്പെട്ട എം.എൽ.എ./എം.പി. (ചെയർമാൻ), വാർഡ് മെമ്പർ, എസ്.സി. പ്രൊമോട്ടർ, ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ, ഏജൻസിയുടെ രണ്ട് പ്രതിനിധികൾ, കോളനിയിൽ നിന്നുള്ള ഒരു വനിതയും ഒരു പുരുഷനും എന്നിവരടങ്ങുന്ന ഒരു പ്രാദേശിക മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നതിനും പ്രസ്തുത കമ്മിറ്റി, അവിടെ നടത്തുന്ന വികസന പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

## സുരക്ഷിതാഹാരം ആരോഗ്യത്തിനാധാരം പദ്ധതി

6 (*66) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് "സുരക്ഷിതാഹാരം ആരോഗ്യത്തിനാധാരം" പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശം നല്കുമോ;

(സി) പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) കേരള സർക്കാർ മിഷൻ 676-ൽ ഉൾപ്പെടുത്തി 2014-15 സാമ്പത്തിക വർഷം മുതൽ "സുരക്ഷിതാഹാരം ആരോഗ്യത്തിനാധാരം" പദ്ധതി കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സുരക്ഷിത ഭക്ഷണത്തെക്കുറിച്ച് വിദ്യാർത്ഥികളെയും കുട്ടികളെയും ബോധവത്കരിക്കുന്നതിനുവേണ്ടി മിഷൻ 676-ൽ ഉൾപ്പെടുത്തി ഭക്ഷ്യസുരക്ഷാ വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് "സുരക്ഷിതാഹാരം ആരോഗ്യത്തിനാധാരം”

പദ്ധതി. ഈ പദ്ധതി പ്രകാരം ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെട്ട സർക്കാർ/ എയ്ഡഡ്/സ്വകാര്യ സ്കൂളിലെ 9, 11 ക്ലാസുകളിലെ തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് ജീവിതശൈലി രോഗങ്ങൾക്ക് കാരണമായ ജംഗ് ഫുഡ്, ട്രാൻസ് ഫാറ്റ്, കളറുകൾ, രുചിവർദ്ധക വസ്തുക്കൾ ചേർത്ത ഭക്ഷണ പദാർത്ഥങ്ങൾ, ലഹരി വസ്തുക്കളായ ഗുഡ്ക, പാൻമസാല എന്നിവയുടെ ദൂഷ്യവശങ്ങളെപ്പറ്റി അറിവ് നൽകുന്നു. ഇതിനായി വിദഗ്ദ്ധരായ ഫുഡ് സേഫ്റ്റി ഓഫീസറുടെയും പോഷകാഹാര വിദഗ്ദ്ധരുടെയും നേതൃത്വത്തിൽ കുട്ടികൾക്ക് പരിശീലനം നൽകുന്നതാണ്. ഇങ്ങനെ പരിശീലിപ്പിച്ച കുട്ടികൾ അതാത് സ്കൂളുകളിലെ മറ്റ് കുട്ടികൾക്ക് ഒരു ഫുഡ് സേഫ്റ്റി ഓഫീസറുടെ സാന്നിദ്ധ്യത്തിൽ തുടർ പരിശീലനം നൽകിവരുന്നു. ഇതിനാവശ്യമായ ലഘുലേഖകൾ, സിഡികൾ മറ്റ് പരിശീലന സാമഗ്രികൾ എന്നിവ ഭക്ഷ്യസുരക്ഷാ വകുപ്പ് നൽകിവരുന്നു. ഇതിനകം തന്നെ എല്ലാ ജില്ലകളിലും ആദ്യഘട്ട പരിശീലനം ഭക്ഷ്യസുരക്ഷാ വകുപ്പ് നൽകിക്കഴിഞ്ഞിട്ടുണ്ട്.

(സി) 2014-15 സാമ്പത്തിക വർഷത്തിൽ ഓരോ ജില്ലയിലെയും പത്ത് സർക്കാർ സ്കൂളുകളിൽനിന്ന് 9, 11 ക്ലാസുകളിലെ തെരഞ്ഞെടുത്ത കുട്ടികൾക്കു വേണ്ടി പരിശീലനം നൽകിയിട്ടുണ്ട്. സുരക്ഷിത ഭക്ഷണത്തിന്റെ ആവശ്യകതയെപ്പറ്റി വിദ്യാർത്ഥികളെ ബോധവൽക്കരിക്കുന്നതിനുവേണ്ടി ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും ഉപന്യാസ മത്സരം നടത്തിക്കഴിഞ്ഞു. മേഖലാടിസ്ഥാനത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ വച്ച് ഈ വിഷയത്തെപ്പറ്റി പ്രശ്നോത്തരി നടത്തി വിജയികളെ കണ്ടെത്തി അവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തുകഴിഞ്ഞു. വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടു കൂടി എല്ലാ സ്കൂളുകളിലും ആഴ്ചയിൽ ഒരു ദിവസം ഫുഡ് സേഫ്റ്റി അസംബ്ലി നടത്താനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. 2015-16 നടപ്പ് സാമ്പത്തിക വർഷത്തിൽ ഓരോ ജില്ലകളിൽനിന്നും പത്ത് എയ്ഡഡ്, പത്ത് സ്വകാര്യ സ്കൂളുകളെ 9, 11 ക്ലാസുകളിലെ കുട്ടികളെ തെരഞ്ഞെടുത്ത് അവർക്ക് പരിശീലനം നൽകുന്ന പരിപാടികൾ ആരംഭിച്ചുകഴിഞ്ഞു. സുരക്ഷിത ഭക്ഷണത്തിന്റെ ആവശ്യകതയെപ്പറ്റി വിദ്യാർത്ഥികളെ ബോധവത്ക്കരിക്കുന്നതിനുവേണ്ടി 2015 ഒക്ടോബർ രണ്ടാം തീയതി എല്ലാ ജില്ലാ കേന്ദ്രങ്ങളിലും വച്ച് പോസ്റ്റർ രചനാ മത്സരം സംഘടിപ്പിച്ച് വിജയികളെ കണ്ടെത്തി സമ്മാനം വിതരണം ചെയ്തു. മേഖലാടിസ്ഥാനത്തിൽ കൊല്ലം, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിൽ ഈ വിഷയത്തെപ്പറ്റി പ്രശ്നോത്തരി നടത്തി സമ്മാനങ്ങൾ വിതരണം ചെയ്തുകഴിഞ്ഞു.

ഇതുകൂടാതെ കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ സഹായത്തോടു കൂടി 'സുരക്ഷിതാഹാരം ആരോഗ്യത്തിനാധാരം' എന്ന വിഷയത്തെക്കുറിച്ച് ഒരു ഡോക്യുമെന്ററി ഫിലിം നിർമ്മിച്ച് സിഡികൾ എല്ലാ സ്കൂളുകളിലും എത്തിച്ചിട്ടുണ്ട്.

**തോട്ടം തൊഴിലാളി സമരം**

7 (*67) ശ്രീ. സി. ദിവാകരൻ :

ശ്രീമതി. ഇ. എസ്. ബിജിമോൾ :

ശ്രീ. കെ. രാജു :

ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടന്ന തോട്ടം തൊഴിലാളി സമരം ഒത്തു തീർപ്പിലെത്തിച്ച വ്യവസ്ഥകൾ എന്തെല്ലാം; പ്രസ്തുത വ്യവസ്ഥകൾ നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഒത്തുതീർപ്പ് വ്യവസ്ഥ പ്രകാരം എത്ര ശതമാനം ബോണസ്സാണ് നൽകാൻ തീരുമാനിച്ചത്; പ്രസ്തുത ബോണസ്സ് നൽകാനാവില്ലെന്ന് തോട്ടം ഉടമകൾ അറിയിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് എത്ര തോട്ടം തൊഴിലാളികളുണ്ട്; ഇവരിൽ ചെറുകിട തോട്ടം മേഖലയിൽ പ്രവർത്തിക്കുന്നവർ എത്ര ; വ്യക്തമാക്കുമോ ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ) M/s. കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻ (കെ.ഡി.എച്ച്.പി.) കമ്പനിയുടെ ഉടമസ്ഥതയിൽ മൂന്നാറിൽ പ്രവർത്തിച്ചുവരുന്ന വിവിധ തേയില തോട്ടങ്ങളിലെ 2014-15 വർഷത്തെ ബോണസ് സംബന്ധിച്ച് ഉണ്ടായിരുന്ന തർക്കം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 13-9-2015 തീയതിയിൽ വിളിച്ചുചേർത്ത യോഗത്തിൽ ഒത്തുതീർപ്പായി. ഒത്തുതീർപ്പ് വ്യവസ്ഥകൾ ചുവടെ ചേർക്കും പ്രകാരമാണ്:

1. M/s. കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻ ലിമിറ്റഡ് (കെ.ഡി.എച്ച്.പി.) മൂന്നാറിലെ തോട്ടം തൊഴിലാളികൾക്ക് 2014-15 വർഷത്തേയ്ക്ക് ബോണസ് നിയമപ്രകാരം 8.33 ശതമാനം ബോണസും കൂടാതെ 11.67 ശതമാനം തുക എക്സ്ഗ്രേഷ്യയായും സ്പെഷ്യൽ കേസായി നൽകുന്നതാണ്. (ആകെ 20 ശതമാനത്തിന് തുല്യമായ തുക).

2. ടി തുക 21-9-2015 തീയതിയിലോ അതിന് മുമ്പോ വിതരണം നടത്തുന്നതാണ്.

3. തൊഴിലാളികൾ ഉന്നയിച്ച വേതന വർദ്ധനവ് ഉൾപ്പെടെയുള്ള ഇതര വിഷയങ്ങൾ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്.

4. 1951-ലെ തോട്ടം തൊഴിലാളി നിയമപ്രകാരവും മറ്റ് തൊഴിൽ നിയമപ്രകാരവും തൊഴിലാളികൾ ഉന്നയിച്ചിട്ടുള്ള നിയമ ലംഘനങ്ങൾ സംബന്ധിച്ച് പ്ലാന്റേഷൻ ചീഫ് ഇൻസ്പെക്ടർ അടിയന്തരമായി പരിശോധന നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

പ്ലാന്റേഷൻ മേഖലയിലെ വേതനം പുതുക്കി നിശ്ചയിക്കുന്നത് സംബന്ധിച്ച് വിവിധ തൊഴിലാളി യൂണിയനുകൾ നടത്തിവന്ന സമരം 14-10-2015- ൽ ചേർന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ ഒത്തുതീർപ്പായി. ഒത്തുതീർപ്പ് വ്യവസ്ഥകൾ താഴെ പറയും പ്രകാരമാണ്:

1. തേയിലത്തോട്ടം തൊഴിലാളികളുടെ വേതനം 232 രൂപയിൽ നിന്നും 301 രൂപയാക്കി വർദ്ധിപ്പിച്ചു.

2. കാപ്പിത്തോട്ടങ്ങളിൽ തേയിലത്തോട്ടങ്ങളിലെ അതേ നിരക്ക് ബാധകമായിരിക്കുന്നതാണ്.

3. ഏലത്തോട്ടം തൊഴിലാളികളുടെ വേതനം 267 രൂപയിൽ

നിന്നും 330 രൂപയാക്കി വർദ്ധിപ്പിച്ചു.

4. റബ്ബർത്തോട്ടം തൊഴിലാളികളുടെ വേതനം 317 രൂപയിൽ നിന്നും 381 രൂപയാക്കി വർദ്ധിപ്പിച്ചു.

ബാക്കിയുള്ള കാര്യങ്ങൾക്ക് ചർച്ചകൾ നടന്നുവരുന്നു. വേതന വർദ്ധനവ് 2015 നവംബർ മാസത്തെ ശമ്പളത്തോടൊപ്പം നൽകുന്നതിന് മാനേജ്മെന്റുകൾക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(ബി) M/s കണ്ണൻദേവൻ ഹിൽസ് പ്ലാന്റേഷൻ (കെ.ഡി.എച്ച്.പി.) മൂന്നാറിലെ തൊഴിലാളികൾക്ക് 2014-15 വർഷത്തേക്ക് ബോണസ് നിയമപ്രകാരം 8.33 ശതമാനം ബോണസും കൂടാതെ 11.67 ശതമാനം തുക എക്സ്ഗ്രേഷ്യയായും സ്പെഷ്യൽ കേസായി നൽകുന്നതാണ്. (ആകെ 20 ശതമാനത്തിന് തുല്യമായ തുക). ടി തുക വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത ബോണസ് നൽകാനാവില്ലെന്ന് ഉടമകൾ അറിയിച്ചിട്ടില്ല.

(സി) സംസ്ഥാനത്ത് ആകെ മൂന്ന് ലക്ഷത്തോളം തൊഴിലാളികളുണ്ടെങ്കിലും പ്ലാന്റേഷൻ ലേബർ ആക്ട് പ്രകാരം 64391 തൊഴിലാളികളെ രജിസ്റ്റർ ചെയ്യിച്ചിട്ടുണ്ട്.

**സൗജന്യ മരുന്ന് വിതരണ പദ്ധതി**

8 (*68) ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗജന്യ മരുന്നു വിതരണ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) ഉണ്ട്.

(ബി) സംസ്ഥാന സർക്കാരിന്റെ ഒന്നാം വാർഷികാഘോഷം പ്രമാണിച്ച് പ്രധാന സർക്കാർ ആശുപത്രികളിലൂടെ എല്ലാ വിഭാഗം രോഗികൾക്കും (ആദായ നികുതി അടയ്ക്കുന്നവർ ഒഴികെ) ആവശ്യമായ ജനറിക് മരുന്നുകൾ സൗജന്യമായി നൽകുന്ന പദ്ധതിയുടെ ഒന്നാം ഘട്ടം 2012 നവംബർ ഒന്നിന് ആരംഭിച്ചു. 2013 ഒക്ടോബർ രണ്ടിന് ഇത് എല്ലാ സർക്കാർ ആശുപത്രികളിലേക്കും വ്യാപിപ്പിച്ചു. കൂടാതെ ടി പദ്ധതിയിലൂടെ മേൽപ്പറഞ്ഞ വിഭാഗം രോഗികൾക്ക് ക്യാൻസർ ചികിത്സയ്ക്കുള്ള 69 ഇനം മരുന്നുകളും കോർപ്പറേഷൻവഴി സംഭരിച്ച് സൗജന്യമായി സർക്കാർ ആശുപത്രികൾ മുഖേന ലഭ്യമാക്കിവരുന്നു. 2011 സാമ്പത്തിക വർഷം മുതൽ നടപ്പ് സാമ്പത്തിക വർഷം ഉൾപ്പെടെ ഏകദേശം 1136 കോടി രൂപ മരുന്ന് സംഭരണത്തിനായി സർക്കാർ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി ചെലവിട്ടിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം ഏകദേശം 300 കോടി രൂപയുടെ 585 ഇനം മരുന്നുകൾ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുകയും ആവർത്തിച്ച് ദർഘാസുകൾ ക്ഷണിച്ചിട്ടും വിതരണക്കാരെ ലഭിക്കാത്തതിനാൽ സംഭരിക്കുവാൻ സാധിക്കാത്ത 69 ഇനം മരുന്നുകൾ ഒഴികെ 516 ഇനം മരുന്നുകൾ പൊതുജനാരോഗ്യ കേന്ദ്രങ്ങൾക്കും ലഭ്യമാക്കിക്കഴിഞ്ഞു.

(സി) സംസ്ഥാന ആരോഗ്യവകുപ്പും ആരോഗ്യ വിദ്യാഭ്യാസ വകുപ്പും നൽകുന്ന മരുന്നുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കുമുള്ള വാർഷിക ഇൻഡന്റ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ക്രോഡീകരിച്ച് ഇ-ടെണ്ടർ

നടപടിക്രമങ്ങളിലൂടെ സംഭരിച്ച് കോർപ്പറേഷന്റെ വിവിധ ജില്ലാ സംഭരണ ശാലകളിലൂടെ സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്ക് നൽകിവരുന്നു. കൂടാതെ ഏതെങ്കിലും അവശ്യമരുന്നുകൾക്ക് ക്ഷാമമുണ്ടാകുന്ന പക്ഷം മരുന്നില്ലാത്ത സാഹചര്യം ഒഴിവാക്കി അവ ആശുപത്രി തലത്തിൽതന്നെ വാങ്ങുന്നതിന് 5-6-2014 തീയതിയിലെ സ.ഉ. (സാധാ) നമ്പർ 1856/2014/H&FWD നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ മനോരോഗ ചികിത്സ നടത്തുന്ന ആശുപത്രികളിൽ ഏതെങ്കിലും മരുന്നിന്റെ ലഭ്യതക്കുറവുണ്ടായാൽ (കോർപ്പറേഷനിൽ നിന്നും ലഭ്യമല്ലാത്ത മനോരോഗ ചികിത്സയ്ക്കുള്ള മരുന്നുകൾ) ആശുപത്രി തലത്തിൽ തന്നെ വാങ്ങി മരുന്നിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി 17-11-2014 തീയതിയിൽ സ.ഉ. (സാധാ) നമ്പർ 3725/2014/H & FWD നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷത്തേയ്ക്കാവശ്യമായ മരുന്നുകളും അനുബന്ധ ഉപകരണങ്ങളും സമയബന്ധിതമായി സംഭരിച്ച് വിതരണം ചെയ്യുന്നതിന്റെ ഭാഗമായി സംസ്ഥാന ആരോഗ്യ വകുപ്പിൽനിന്നും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽനിന്നും ലഭിച്ച വാർഷിക ഇന്റന്റിന്റെ അടിസ്ഥാനത്തിൽ ദർഘാസ് നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

**മായം കലർന്ന ഉല്പന്നങ്ങൾ**

9 (*69) ശ്രീ. സാജു പോൾ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ബാബു എം. പാലിശ്ശേരി :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിറപറ ബ്രാൻഡിലുള്ള മസാലകൾ നിരോധിച്ചതിന്റെ അടിസ്ഥാനം വിശദമാക്കുമോ ; നിരോധിച്ച ഉല്പന്നങ്ങൾ നിർമ്മിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നവർക്കെതിരെ കേസ്സെടുക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കിയോ ; വിശദാംശം നൽകുമോ;

(ബി) നിരോധനം നിലവിലുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം അറിയിക്കുമോ ; പ്രസ്തുത ബ്രാൻഡിൽ വിപണനം ചെയ്യുന്ന ഉല്പന്നങ്ങൾ മായം കലരാത്തതാണെന്ന് തെളിഞ്ഞിട്ടുണ്ടോ ;

(സി) മറ്റു ബ്രാൻഡുകളിലുള്ള സമാന ഉല്പന്നങ്ങളിലും മായം കലർന്നിട്ടുണ്ടോയെന്ന് പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) പരിശോധന നടത്തിയ ഉദ്യോഗസ്ഥർക്ക് സ്ഥലംമാറ്റ ഭീഷണി ഉയർന്നതിനാൽ തുടർ നടപടി നിർത്തിവച്ചുവെന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിജസ്ഥിതി വ്യക്തമാക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) 2013 സെപ്റ്റംബർ മാസത്തിൽ ഇടുക്കി ജില്ലയിൽനിന്നും പരിശോധനയ്ക്കെടുത്ത നിറപറ ബ്രാൻഡിന്റെ മല്ലിപ്പൊടിയിൽ സ്റ്റാർച്ച് ചേർത്തിട്ടുണ്ടെന്ന് എറണാകുളം റീജണൽ അനലിറ്റിക്കൽ ലബോറട്ടറിയിൽ നടത്തിയ പരിശോധനയിൽ കാണുകയുണ്ടായി. അതിനുശേഷം സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും വിവിധ കാലയളവിലെടുത്ത മുപ്പത്തിനാലോളം മല്ലി, മഞ്ഞൾ, മുളകുപൊടി സാമ്പിളുകൾ 20 ശതമാനം മുതൽ 80 ശതമാനം വരെ സ്റ്റാർച്ചിന്റെ (Added Starch) സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്. ഇത് കൽക്കട്ടയിലെ റഫറൽ ഫുഡ് ലബോറട്ടറിയിലും കൊച്ചിയിലെ സ്പൈസസ് ബോർഡ് ലബോറട്ടറിയിലും മൈസൂറിലെ സെൻട്രൽ ഫുഡ് ടെക്നോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലും പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടുള്ളതാണ്. പല കേസിലും കമ്പനി കുറ്റം സമ്മതിച്ച് ഫൈൻ അടയ്ക്കുകയും ചെയ്തു. അതിനുശേഷവും കുറ്റകൃത്യം തുടർച്ചയായി ചെയ്തുവന്ന സാഹചര്യത്തിലാണ് ഫുഡ്സേഫ്റ്റി കമ്മീഷണർ ഈ ഉൽപ്പന്നങ്ങൾ നിരോധിച്ചത്. നിരോധിച്ച ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നത് ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം വകുപ്പ് 26(4) പ്രകാരം ശിക്ഷാർഹമായ കുറ്റകൃത്യമാണ്. അപ്രകാരം ചെയ്യുന്നവർക്കെതിരെ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) നിരോധനം നിലവിലില്ല. നിരോധന ഉത്തരവിനെതിരെ നിറപറ ബ്രാൻഡിന്റെ ഉൽപ്പാദകരായ കെ.കെ.ആർ. ഫുഡ് പ്രോഡക്ട്സ് സമർപ്പിച്ച റിട്ട്

ഹർജിയിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി നിരോധന ഉത്തരവ് റദ്ദാക്കുകയുണ്ടായി. നിരോധന ഉത്തരവിനെതിരെ സർക്കാർ സമർപ്പിച്ച അപ്പീൽ ഡിവിഷൻ ബഞ്ച് അഡ്മിറ്റ് ചെയ്യുകയും നിറപറ ഉൽപ്പന്നങ്ങളുടെ സാമ്പിൾ എടുക്കാനും നിയമം അനുവദിക്കുന്ന മറ്റ് നടപടികൾ സ്വീകരിക്കാനും അനുവദിച്ചുകൊണ്ട് ഇടക്കാല ഉത്തരവ് നൽകിയിട്ടുണ്ട്. പ്രസ്തുത ബ്രാൻഡിൽ വിപണനം ചെയ്യുന്ന ഉല്പന്നങ്ങൾ മായം കലരാത്തതാണെന്ന് തെളിഞ്ഞിട്ടില്ല. നിരോധന ഉത്തരവിറക്കിയതിനു ശേഷം എടുത്ത് പരിശോധിച്ച സാമ്പിളുകളും മായം കലർന്നതാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) ഉണ്ട്. വിവിധ ബ്രാൻഡുകൾ പല കാലയളവിലായി പരിശോധിച്ചതിൽ NKR Master ബ്രാൻഡിൽ ഉൽപ്പാദിപ്പിക്കുന്ന മല്ലിപ്പൊടിയിൽ starch കണ്ടെത്തിയിട്ടുണ്ട്. എറണാകുളം റീജണൽ അനലിറ്റിക്കൽ ലബോറട്ടറിയിൽ നടന്ന പരിശോധനയിലാണ് ആയത് കണ്ടെത്തിയിട്ടുള്ളത്. അനാലിസിസ് റിപ്പോർട്ട് 90/2015-16 തീയതി 19-11-2015.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരെ ആരെയും തന്നെ ഈ വിഷയത്തിൽ സ്ഥലംമാറ്റിയിട്ടില്ല.

**ചികിത്സാ ചെലവ്**

10 (*70) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. എം. എ. ബേബി :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവാസികളിൽ 12% പേരേയും നഗരവാസികളിൽ 8% പേരെയും ദാരിദ്ര്യരേഖയ്ക്ക് താഴേക്ക് തള്ളുന്ന വിധത്തിൽ സംസ്ഥാനത്തെ പ്രതിശീർഷ ചികിത്സാ ചെലവ് വർദ്ധിച്ചതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) രോഗികളുടെ എണ്ണത്തിലും സ്വഭാവത്തിലും ഉണ്ടാകുന്ന മാറ്റത്തിനനുസൃതമായി സർക്കാർ മേഖലയിൽ പ്രാഥമിക ആരോഗ്യ സേവനം ലഭ്യമാക്കുന്നതിന് ഈ സർക്കാർ ചെയ്ത കാര്യങ്ങൾ അറിയിക്കുമോ ;

(സി) ഉദ്ദേശം എഴുപതു ശതമാനം രോഗികളും ചികിത്സയ്ക്കായി സ്വകാര്യ മേഖലയെ ആശ്രയിക്കേണ്ടി വന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ആരോഗ്യ മേഖലയിൽ കർമ്മ പദ്ധതി തയ്യാറാക്കുന്നതിനായി രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെ ശുപാർശാനുസരണം പി.പി.പി. മാതൃക, സേവനത്തിന്റെ ഗുണനിലവാരമനുസരിച്ച് ഫീസ് ഈടാക്കുക തുടങ്ങിയവ ഉൾപ്പെടെ ഘടനാപരമായി എന്തൊക്കെ മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) പരിശോധിച്ചിട്ടുണ്ട്. കേരളീയരുടെ ഉയർന്ന ആയൂർദൈർഘ്യവും അതുവഴി വയോജനങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവും (Demographic Transition) ഉയർന്ന ആരോഗ്യ സാക്ഷരതയും ചികിത്സ നേടാനുള്ള പ്രവണതയും ജീവിതശൈലീ രോഗങ്ങളിലുണ്ടായ വർദ്ധനവും കേരളത്തിലെ വർദ്ധിച്ച ചികിത്സാ ചെലവിനുള്ള കാരണങ്ങളായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഗുരുതരരോഗങ്ങളായ ഹൃദയസംബന്ധമായ അസുഖങ്ങൾ, ക്യാൻസർ, പ്രമേഹം, ഹൈപ്പർ ടെൻഷൻ തുടങ്ങിയവ ബാധിച്ചവരുടെ എണ്ണത്തിലുണ്ടായ വർദ്ധനവും വയോജനങ്ങളുടെ വർദ്ധനവും ഉയർന്ന ആയൂർദൈർഘ്യവും അതുവഴിയുണ്ടാകുന്ന തുടർ ചികിത്സയ്ക്കായി വേണ്ടിവരുന്ന ചെലവും കേരളത്തിലെ ചികിത്സാ ചെലവ് വർദ്ധിപ്പിക്കുന്നതായും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) പ്രാഥമികാരോഗ്യ മേഖലയുടെ അടിസ്ഥാന സൗകര്യവികസനത്തിനും മാനവ വിഭവശേഷി വികസനത്തിനും മരുന്നുകൾ, ഉപകരണങ്ങൾ തുടങ്ങിയവയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും ചികിത്സാ ചെലവ് കുറയ്ക്കുന്നതിനുമായി ഒട്ടനവധി പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പ് ചെയ്തുവരുന്നു. റഫറൽ ആശുപത്രികൾ എന്ന നിലയിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കി രോഗികൾക്ക് വിദഗ്ദ്ധ ചികിത്സ

നൽകിവരുന്നുണ്ട്. കൂടാതെ എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും ആധുനിക ചികിത്സാ സംവിധാനങ്ങളും ഉപകരണങ്ങളും മറ്റടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കി കൂടുതൽ വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. പുതിയ സർക്കാർ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങളും നടന്നുവരുന്നു. രോഗികളുടെ വർദ്ധനവിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ആയുർവ്വേദ/സിദ്ധ/പ്രകൃതി ചികിത്സാ ആശുപത്രികളിലെ കിടക്കകളുടെ എണ്ണമടക്കമുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും നിലവിൽ കിടത്തി ചികിത്സാ സൗകര്യമില്ലാതിരുന്ന ഡിസ്പെൻസറികൾ കിടക്കകളുള്ള ആശുപത്രികളായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ആയുർവ്വേദ ചികിത്സാ സൗകര്യങ്ങളില്ലാതിരുന്ന എല്ലാ ഗ്രാമപഞ്ചായത്തുകളിലും അവയുടെ പ്രവർത്തനം ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) കേരളത്തിൽ സാമ്പത്തികമായി ഉയർന്ന നിലയിലുള്ള രോഗികളിൽ നല്ലൊരു ശതമാനം ചികിത്സയ്ക്കായി സ്വകാര്യ മേഖലയെ ആശ്രയിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ സാധാരണക്കാരായ രോഗികൾ മെഡിക്കൽ കോളേജുകളുൾപ്പെടെയുള്ള സർക്കാർ സംവിധാനങ്ങൾ തന്നെയാണ് ചികിത്സയ്ക്കായി ഉപയോഗപ്പെടുത്തുന്നത്.

(ഡി) പൊതു-സ്വകാര്യ പങ്കാളിത്ത മാതൃക, സേവനത്തിന്റെ ഗുണനിലവാരം അനുസരിച്ച് ഫീസ് ഈടാക്കൽ തുടങ്ങിയ ഘടനാപരമായ കാര്യങ്ങൾ സംബന്ധിച്ച് ആസൂത്രണ ബോർഡിന്റെ വിദഗ്ദ്ധ സമിതി സർക്കാരിലേയ്ക്ക് ശിപാർശ നൽകിയിട്ടില്ല.

## തൊഴിലാളികൾക്ക് മിനിമം വേതനം

11 (*71) ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. ആർ. സെൽവരാജ് :

ശ്രീ. എം. പി. വിൻസെന്റ് :

ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കാൻ

പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ&ബി) ഉണ്ട്. വിവിധ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിനും വേതനം ബാങ്ക് വഴി നൽകുന്നതിനുമായുള്ള വേതനസുരക്ഷാപദ്ധതി (ഇ-പേയ്മെന്റ് ഓഫ് വേജസ്) സംസ്ഥാനത്ത് തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നു. പദ്ധതിമൂലം തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് ഓൺലൈൻ ആയി പരിശോധിക്കുന്നതിനും വീഴ്ചവരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനും കഴിയും.

(സി) വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി 1958-ലെ മിനിമം വേതന ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള വിജ്ഞാപനം സർക്കാരിന്റെ 8-7-2015-ലെ സ.ഉ.(അച്ചടി) നമ്പർ 84/2015/തൊഴിൽ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കെൽട്രോണുമായി സഹകരിച്ച് പ്രസ്തുത പദ്ധതിക്കായി ഒരു സോഫ്റ്റ്വെയർ വികസിപ്പിക്കുകയും ആയത് നടപ്പാക്കുന്നതിനായി നാഷണലൈസ്ഡ്, ഷെഡ്യൂൾഡ് ബാങ്കുകൾ, സ്വകാര്യ തൊഴിലുടമാ പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തുകയും 16 ബാങ്കുകളുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

**രോഗപ്രതിരോധം**

12 (*72) ശ്രീ. കെ. രാജു :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിഫ്ത്തീരിയ തുടങ്ങിയ രോഗങ്ങൾ വീണ്ടും പ്രത്യക്ഷപ്പെട്ടിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം രോഗങ്ങളുടെ തിരിച്ചു വരവിനെ പ്രതിരോധിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ രോഗങ്ങൾ പ്രതിരോധിക്കുന്നതിനുവേണ്ടി ചുവടെ ചേർക്കുന്ന നടപടികൾ കേരളത്തിലുടനീളം സ്വീകരിച്ചുവരുന്നു:

1. സാർവ്വത്രിക പ്രതിരോധ പരിപാടി

പോളിയോ, ഡിഫ്ത്തീരിയ, വില്ലൻചുമ, അഞ്ചാംപനി, ക്ഷയരോഗം, ടെറ്റനസ് തുടങ്ങിയ രോഗങ്ങളെ സാർവ്വത്രിക പ്രതിരോധ കുത്തിവയ്പ്പ് പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ബി.സി.ജി., പെന്റാ, റ്റി.റ്റി, റൂബെല്ലാ വാക്സിനേഷൻ, എം.എം.ആർ. എന്നിവയിലൂടെ പ്രതിരോധിക്കുവാൻ കഴിയും. 1982 മുതൽ ഭാരതസർക്കാരിന്റെ നിർദ്ദേശാനുസരണം നൽകിവരുന്ന സാർവ്വത്രിക പ്രതിരോധ കുത്തിവയ്പ്പ് പരിപാടി കേരളത്തിലുടനീളം കാര്യക്ഷമമായി തന്നെ നടപ്പിലാക്കിവരുന്നുണ്ട്. എല്ലാ സർക്കാർ ആരോഗ്യ സ്ഥാപനങ്ങളിലും എല്ലാ ബുധനാഴ്ചകളിലും പ്രതിരോധ കുത്തിവയ്പ്പ് പരിപാടി സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾവഴി അംഗൻവാടികളേയും ഉൾപ്പെടുത്തി മാസത്തിൽ 4 എന്ന കണക്കിന് പ്രതിരോധ കുത്തിവയ്പ്പ് പരിപാടി സംഘടിപ്പിച്ചുവരുന്നുണ്ട്.

2. പൾസ് പോളിയോ പ്രോഗ്രാം

പോളിയോ ഭാരതത്തിൽനിന്ന് തന്നെ പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യുന്നതിന്റെ ഭാഗമായി 1995 മുതൽ ആരംഭിച്ച പൾസ് പോളിയോ പ്രോഗ്രാം കേരളത്തിലും വിജയകരമായി നടപ്പിലാക്കി വരുന്നു. 2016-ൽ ജനുവരി 17, ഫെബ്രുവരി 21 തീയതികളിലാണ് ഇപ്രാവശ്യത്തെ പൾസ് പോളിയോ പ്രോഗ്രാം സംഘടിപ്പിച്ചിരിക്കുന്നത്.

3. മിഷൻ ഇന്ദ്രധനുഷ് പരിപാടി

2015 ഏപ്രിൽ മാസം മുതൽ ഭാരത സർക്കാരിന്റെ പ്രത്യേക നിർദ്ദേശാനുസരണം രാജ്യത്തെ പ്രതിരോധ കുത്തിവയ്പ്പിൽ പിന്നിൽ നിൽക്കുന്ന 201 ജില്ലകളിൽ ഉൾപ്പെടുത്തി കേരളത്തിലെ മലപ്പുറം, കാസർഗോഡ് ജില്ലകളിൽ മിഷൻ ഇന്ദ്രധനുഷ് എന്ന പ്രതിരോധ കുത്തിവയ്പ് ശാക്തീകരണ പരിപാടി ഒരു മാസത്തിൽ 7 ദിവസമെന്ന കണക്കിന് തുടർച്ചയായി 4 മാസം സംഘടിപ്പിക്കുകയുണ്ടായി. തുടർന്ന് ഭാരത സർക്കാരിന്റെ നിർദ്ദേശം അനുസരിച്ച് മീഡിയ ഫോക്കസ്ഡ് ആയ 7 ജില്ലകളെ (എറണാകുളം, കണ്ണൂർ, കൊല്ലം, കോട്ടയം, കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ) ഉൾപ്പെടുത്തി ഒക്ടോബർ 7 മുതൽ 4 മാസത്തേയ്ക്ക് മിഷൻ ഇന്ദ്രധനുഷ് പരിപാടി സംഘടിപ്പിച്ചുവരുന്നു.

4. സ്പെഷ്യൽ ഇമ്മ്യൂണൈസേഷൻ പരിപാടി

സംസ്ഥാനത്ത് പൂർണ്ണമായോ ഭാഗീകമായോ പ്രതിരോധ കുത്തി വയ്പ്പ് എടുക്കാത്ത കുട്ടികൾ ഉള്ള പ്രദേശങ്ങളിൽ പ്രത്യേകിച്ച് മലപ്പുറം ജില്ലയിൽ ഡിഫ്തീരിയ ബാധിച്ച് 8-9-2015-ന് 2 കുട്ടികളുടെ മരണം ഉൾപ്പെടെ 5 ഡിഫ്തീരിയ കേസ് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ പ്രത്യേക പ്രതിരോധ കുത്തിവയ്പ്പ് ശാക്തീകരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

5. ബോധവൽക്കരണ പരിപാടികൾ

പ്രതിരോധ കുത്തിവയ്പ്പ് പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വാക്സിനുകളെപ്പറ്റിയും അവമൂലം പ്രതിരോധിക്കാവുന്ന രോഗങ്ങളെപ്പറ്റിയും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുവേണ്ടി ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ വിശദമായ ബോധവൽക്കരണ പരിപാടികൾ ആരോഗ്യ വകുപ്പിന്റെയും എൻ.എച്ച്.എം.-ന്റെയും മേൽനോട്ടത്തിൽ നടപ്പിലാക്കിവരുന്നു.

<u>ഹ്രസ്വകാല പ്രവർത്തന ലക്ഷ്യങ്ങൾ</u>

16 വയസ്സുവരെയുള്ള കുട്ടികൾക്കെല്ലാം (ഭാഗികമായി കുത്തിവയ്പ്പ് കിട്ടിയവർക്കും പൂർണ്ണമായി കിട്ടാത്തവർക്കും) ഫീൽഡ്തല കുത്തിവയ്പ്പ് താഴെപ്പറയും പ്രകാരം നടപ്പാക്കാൻ തീരുമാനിച്ചു:

- 0-1 വയസ്സുവരെ പെന്റാ
- 1-7 വയസ്സുവരെ ടി.പി.റ്റി. ബൂസ്റ്റർ

<u>7-16 വയസ്സുവരെ</u>

- കുത്തിവയ്പ് ലഭിക്കാത്തവർക്ക് 3 ഡോസ് ടി.ഡി. വാക്സിൻ-0,1,6 മാസങ്ങളിൽ
- ഭാഗിക കുത്തിവയ്പ്പ് കിട്ടിയവർക്ക്-1 ഡോസ്

ടി.ഡി. വാക്സിൻ

<u>സ്കൂൾ ഇമ്മ്യൂണൈസേഷൻ</u>

- 1-7 വയസ്സുവരെ ടി.പി.റ്റി. ബൂസ്റ്റർ
- 7-16 വയസ്സുവരെ ടി.ഡി. വാക്സിൻ
- കുത്തിവയ്പ് ലഭിക്കാത്തവർക്ക്- 3 ഡോസ് (0,1,6 മാസങ്ങളിൽ)
- ഭാഗിക കുത്തിവയ്പ് കിട്ടിയവർക്ക്-1 ഡോസ് ടി.ഡി.

വാക്സിൻ

<u>ദീർഘകാല പ്രവർത്തന ലക്ഷ്യം</u>

ടി.ടി വാക്സിന് പകരമായി സ്കൂൾ കുത്തിവയ്പ് പരിപാടിയിൽ ടി.ഡി. വാക്സിൻ നടപ്പിലാക്കുക.

കൂടാതെ അടുത്ത 6 മാസത്തേക്ക് ആവശ്യമായ ടി.ഡി. വാക്സിൻ വാങ്ങാനും ആന്റി ഡിഫ്ത്തീരിയ സിറം ആവശ്യത്തിന് സ്റ്റോക്ക് ചെയ്യാനും നടപടി സ്വീകരിച്ചു.

**ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ ആധുനിക മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ**

13 (*73) <u>ശ്രീ. എം. പി. വിൻസെന്റ്</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. ടി. എൻ. പ്രതാപൻ</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ആധുനിക മാലിന്യ നിർമ്മാർജ്ജന പ്ളാന്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിസോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. എ. പി. അനിൽ കുമാർ</u>):

(എ ) ഉണ്ട്.

(ബി) പ്രമുഖ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ സമഗ്ര ശുചിത്വവും ഇതിലൂടെ ടൂറിസ്റ്റുകൾക്ക്

ശുചിത്വവും സമ്പൂർണ്ണവും ആരോഗ്യപരവുമായ വിനോദസഞ്ചാരം ഉറപ്പുവരുത്താനാണ് ഉദ്ദേശിക്കുന്നത്.

(സി) " Sewage Treatment Plant" (STP) ആവശ്യമുള്ള ഡെസ്റ്റിനേഷനുകളിൽ ടൂറിസം വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് മാലിന്യ നിർമ്മാർജ്ജനം നടപ്പിലാക്കുന്നതിനായി പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സ്ഥല ലഭ്യത പരിഗണിച്ച് പദ്ധതി നിർദ്ദേശങ്ങൾക്ക് അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ഭവനനിർമ്മാണ പദ്ധതി**

14 (*74) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭവനരഹിതരായ പട്ടികജാതിക്കാർക്ക് വീട് നിർമ്മിക്കുവാൻ പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ):

(എ) സംസ്ഥാനത്തെ ഭവനരഹിതരായ പട്ടികജാതിക്കാർക്ക് വീട് നിർമ്മിച്ചു നൽകുന്നതിനുള്ള വിവിധ പദ്ധതികൾ പട്ടികജാതി വികസനം, തദ്ദേശസ്വയം ഭരണം, ഗ്രാമവികസനം എന്നീ വകുപ്പുകളിലൂടെ നടപ്പിലാക്കിവരുന്നുണ്ട്. പട്ടികജാതി

വികസന വകുപ്പ് മുഖേന ഭവനരഹിത പുനരധിവാസ പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) അർഹരായ മുഴുവൻ പട്ടികജാതിക്കാർക്കും വാസയോഗ്യമായ ഭവനം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടുകൂടി ഗ്രാമപ്രദേശങ്ങളിൽ 2 സെന്റും നഗരപ്രദേശങ്ങളിൽ 1.5 സെന്റും ഭൂമി സ്വന്തമായുള്ള 50,000 രൂപയിൽ കവിയാത്ത കുടുംബ വാർഷിക വരുമാനമുള്ള ഭവനരഹിതരായ പട്ടികജാതി വിഭാഗക്കാർക്കാണ് ധനസഹായം അനുവദിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഭവനനിർമ്മാണ ധനസഹായം 1 ലക്ഷം രൂപയായിരുന്നു. 15-9-2011-ൽ രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. തുടർന്ന് 2011-ൽ ടി ധനസഹായം 3 ലക്ഷം രൂപയായി വർദ്ധിപ്പിച്ചുനൽകി. ഈ പദ്ധതി മുഖേന ഭവനനിർമ്മാണത്തിന് താഴെപ്പറയും പ്രകാരം ധനസഹായം നൽകുന്നു:

1. പുതിയ ഭവനനിർമ്മാണത്തിന് 3 ലക്ഷം രൂപ ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നു.
2. 2007-08 സാമ്പത്തിക വർഷം മുതൽ വകുപ്പിൽനിന്നും ഭവന നിർമ്മാണത്തിന് ഭാഗികമായി ധനസഹായം കൈപ്പറ്റുകയും ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതുമായ വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നിലവിലുള്ള നിരക്കിന് ആനുപാതികമായി അവശേഷിക്കുന്ന ഗഡുക്കൾ സ്പിൽ ഓവർ പദ്ധതിയിൻകീഴിൽ നൽകിവരുന്നു.
3. 7 വർഷത്തിൽ കൂടുതലും 25 വർഷത്തിൽ കുറവും കാലപ്പഴക്കമുള്ള വീടുകൾക്ക് ഭവനപുനരുദ്ധാരണം/അഡീഷണൽ റൂം നിർമ്മാണത്തിന് 50,000 രൂപ ധനസഹായം നൽകിവരുന്നു.
4. പട്ടികജാതിയിലെ ദുർബ്ബല സമുദായങ്ങളിൽപ്പെട്ടവർക്ക് ഭവന നിർമ്മാണത്തിന് 3.50 ലക്ഷം രൂപ അനുവദിച്ചുവരുന്നു.

(സി) ഭവനനിർമ്മാണ ധനസഹായ പദ്ധതിക്കായി ബഡ്ജറ്റിൽ ഓരോ വർഷവും നിശ്ചിത തുക വകയിരുത്തുന്നുണ്ട്. നടപ്പ് സാമ്പത്തിക വർഷം 180

കോടി രൂപയാണ് ഭവനനിർമ്മാണ ധനസഹായത്തിനും ഭവനപുനരുദ്ധാരണ പദ്ധതിക്കുമായി വകയിരുത്തിയിട്ടുള്ളത്. ഭൗതികലക്ഷ്യത്തിനനുസൃതമായി തുക ചെലവഴിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലകൾക്ക് ജനസംഖ്യാനുപാതികമായി ഭൗതികലക്ഷ്യം നിശ്ചയിച്ച് തുകയും അനുവദിച്ചുവരുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രാമസഭ/വാർഡ് സഭ ലിസ്റ്റിൽ നിന്നുമാണ് പ്രസ്തുത പദ്ധതികൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഗ്രാമസഭ/വാർഡ് സഭ ലിസ്റ്റ് യഥാസമയം ലഭ്യമാകാത്ത സാഹചര്യങ്ങളിൽ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് അപേക്ഷകരെ പത്രപ്പരസ്യത്തിലൂടെ കണ്ടെത്തി അർഹത പരിശോധിച്ച് ആനുകൂല്യം വിതരണം ചെയ്തുവരുന്നു.

**ഉൾനാടൻ ജലാശയ മലിനീകരണം**

15 (*75) ശ്രീ. സി. മോയിൻകുട്ടി :

ശ്രീ. എം. ഉമ്മർ :

ശ്രീ. പി. ബി. അബ്ദുൾ റസാക് :

ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാന വിനോദസഞ്ചാര ഡെസ്റ്റിനേഷനായ ഉൾനാടൻ ജലാശയങ്ങളുടെ മലിനീകരണവും അതുമൂലമുള്ള ദുർഗന്ധവും, വിനോദസഞ്ചാര മേഖലയിൽ സൃഷ്ടിക്കുന്ന വിപരീത ഫലങ്ങളെക്കുറിച്ച് ഗൗരവപൂർവ്വം പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിഷയത്തിനു പരിഹാരം കാണുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിവിധ വകുപ്പുകളുടെ ഏകോപനവും പൊതുജന പങ്കാളിത്തവും ആവശ്യമായ സാഹചര്യത്തിൽ അതിനുള്ള നടപടികൾ

സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ):

(എ) ഉണ്ട്.

(ബി) കായലോര പരിസ്ഥിതി സംരക്ഷണം മുൻനിർത്തി ജലാശയങ്ങളുടേയും കായലോരങ്ങളുടേയും മലിനീകരണം തടയുന്നതിനും പ്രധാനമായും ഹൗസ്ബോട്ടുകളിൽ നിന്നുള്ള മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുടേയും പൊതുജനപങ്കാളിത്തത്തിലൂടേയും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ ഹൗസ്ബോട്ടുകളിൽ നിന്നുള്ള മാലിന്യം സംസ്കരിക്കുന്നതിനായി ആലപ്പുഴയിലും കോട്ടയത്തും ഓരോ "Sewage Treatment Plant" (STP)-കൾ ബന്ധപ്പെട്ട ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖാന്തരം സ്ഥാപിച്ചിട്ടുണ്ട്. Port Department-ഉം ജില്ലാ ഭരണകൂടവുമായി സഹകരിച്ച് ഏകോപിച്ചാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.

**എസ്.എൻ.ഡി.പി.-ക്ക് മൈക്രോഫിനാൻസിനായി നൽകിയ വായ്പ**

16 (*76) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, എസ്.എൻ.ഡി.പി.-ക്ക് മൈക്രോഫിനാൻസിനായി വായ്പ നൽകിയിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ; വിശദമാക്കുമോ;

(ബി) കോർപ്പറേഷൻ പ്രസ്തുത വായ്പാ തുകയ്ക്ക് ഈടാക്കുന്ന പലിശ

നിരക്കെത്രയെന്നും എസ്.എൻ.ഡി.പി. മൈക്രോ ഫിനാൻസ് സംഘാംഗങ്ങളിൽ നിന്ന് ഈടാക്കുന്ന നിരക്കെത്രയെന്നും അറിയിക്കുമോ ;

(സി) സംഘാംഗങ്ങൾക്ക് വായ്പ നല്കാതെ അവരുടെ പേരിൽ പണം തട്ടിയെടുത്തതായി ഉയർന്ന പരാതിയെക്കുറിച്ച് നടത്തിയ അന്വേഷണത്തിന്റെ വിശദാംശങ്ങൾ അറിയിക്കുമോ ;

(ഡി) തുക വിനിയോഗ സർട്ടിഫിക്കറ്റ് യഥാസമയം നൽകിയിരുന്നോ എന്ന് വ്യക്തമാക്കുമോ;

(ഇ) കോർപ്പറേഷൻ നൽകുന്ന തുക എൻ.ജി.ഒ.-കൾ ദുരുപയോഗം ചെയ്താൽ സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണെന്നും ഇത്തരത്തിൽ സ്വീകരിച്ച നടപടികളുടെ വിശദവിവരവും ലഭ്യമാക്കുമോ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ):

(എ) ഉണ്ട്. നിലവിലുള്ള വായ്പാ വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു:

1. NGO കൾക്ക് ലഭിക്കുന്ന വായ്പ സ്വയം സഹായ സംഘങ്ങൾവഴി അംഗങ്ങൾക്ക് വിതരണം ചെയ്യേണ്ടതും സംഘത്തിന് പരമാവധി 5 ലക്ഷം രൂപ വായ്പയായി വിതരണം ചെയ്യാവുന്നതുമാണ്.
2. സംഘങ്ങൾവഴി ഒരു വ്യക്തിക്ക് അനുവദിക്കാവുന്ന പരമാവധി വായ്പ 25,000 രൂപ.
3. അയൽക്കൂട്ടങ്ങളിലെ അംഗസംഖ്യ 20-ൽ കൂടാൻ പാടുള്ളതല്ല.
4. NBCFDC മൈക്രോ ക്രെഡിറ്റ് പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഓരോ അയൽക്കൂട്ടങ്ങളിലും 75% അംഗങ്ങളും മറ്റു പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവരായിരിക്കണം.
5. കുടുംബ വാർഷിക വരുമാനം ഗ്രാമങ്ങളിൽ 81,000 രൂപയിലും നഗരപ്രദേശങ്ങളിൽ 1,03,000 രൂപയിലും താഴെ ആയിരിക്കണം.

6. വരുമാനദായകമായ ഏതെങ്കിലും പദ്ധതി തുടങ്ങുന്നതിന്/ നിലവിലുള്ള പദ്ധതി വിപുലീകരിക്കുന്നതിന് വായ്പാ തുക വിനിയോഗിക്കേണ്ടതാണ്.

(ബി) കോർപ്പറേഷൻ SNDP യോഗത്തിൽനിന്നും നിലവിൽ ഈടാക്കുന്ന പലിശ നിരക്ക് 3% ഉം SNDP ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കേണ്ട പലിശ നിരക്ക് 5% ഉം ആണ്.

(സി) വായ്പാ വിനിയോഗം സംബന്ധിച്ച് അന്വേഷണം നടന്നുവരുന്നു.

(ഡി) നല്കിയിരുന്നില്ല.

(ഇ) തുക ദുരുപയോഗം ചെയ്താൽ കരാർ ലംഘനമായി കണക്കാക്കി കരാർ വ്യവസ്ഥകൾ പ്രകാരം 3% പലിശ കൂടാതെ 12% അധിക പലിശ ഈടാക്കി തുക തിരിച്ച് പിടിക്കുന്നതാണ്. SNDP യോഗത്തിന് ഏറ്റവും ഒടുവിൽ നല്കിയ വായ്പയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ജില്ലാ/ഉപജില്ലാ മാനേജർമാർ Field Verification നടത്തി വരുന്നു.

**ശബരിമല മാസ്റ്റർ പ്ലാൻ**

17 (*77) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) മാസ്റ്റർ പ്ലാൻ നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

വിശദമാക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിനുവേണ്ടി ബഹു. കേരള ഹൈക്കോടതി രൂപീകരിച്ച ഹൈപവർ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഒന്നാംഘട്ട പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ശബരിമലയുടേയും ശബരിമലയുമായി ബന്ധപ്പെട്ട ഇതര പ്രദേശങ്ങളുടേയും ആസൂത്രിത വികസനത്തിനു വേണ്ടി തയ്യാറാക്കിയ മാസ്റ്റർപ്ലാനിലെ വിവിധ പദ്ധതികൾ പ്രധാനമായും ശബരിമലയിലെത്തുന്ന അയ്യപ്പഭക്തൻമാരുടെ ദർശനത്തിനും പ്രാഥമിക കൃത്യങ്ങൾ നിർവ്വഹിക്കുന്നതിനും താമസത്തിനുമുള്ള സൗകര്യങ്ങൾക്കാണ് പ്രാധാന്യം നൽകിയിട്ടുള്ളത്.

(ബി) മാസ്റ്റർ പ്ലാൻ പ്രകാരം നടത്തിയ ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി ശബരി പീഠം മുതൽ മരക്കൂട്ടം വരെയുള്ള ക്യൂകോംപ്ലക്സുകളുടെ നിർമ്മാണം, ബെയ്‌ലി ബ്രിഡ്ജിന്റെ നിർമ്മാണം, ബെയ്‌ലി ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് നിർമ്മാണം, നിലയ്ക്കലിലെ നിലവിലുള്ള റോഡിന്റെ നവീകരണം, നിലയ്ക്കലിലെ വെഹിക്കിൾ ഫെസിലിറ്റി സെന്ററിന്റെ നിർമ്മാണം, കടുവാത്തോട്ടിലെ ചെക്ക് ഡാമിന്റെ നിർമ്മാണം, നിലയ്ക്കലിലെ വാട്ടർ ടാങ്കിന്റെ നിർമ്മാണം, നിലയ്ക്കലിലെ ഹൈമാസ്റ്റ് ലൈറ്റിന്റെ നിർമ്മാണം, സ്വാമി അയ്യപ്പൻ റോഡ് വീതി കൂട്ടി ഗതാഗതയോഗ്യമാക്കിയ പ്രവൃത്തി, വിരിവെക്കുന്നതിന് കൂടുതൽ സ്ഥലം ലഭ്യമാക്കി ഇന്റർലോക്ക് ടൈൽ വിരിക്കൽ, മാളികപ്പുറം എലിവേറ്റഡ് അപ്രോച്ച്, മരക്കൂട്ടത്തിലെ അടിപ്പാത, നിലയ്ക്കലിലെ കുഴൽക്കിണർ നിർമ്മാണം, മരക്കൂട്ടം മുതൽ ശരംകുത്തി വരെയുള്ള ക്യൂകോംപ്ലക്സുകളുടെ നിർമ്മാണം, സന്നിധാനത്തെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, പമ്പയിലും സന്നിധാനത്തും ടോയിലറ്റ് ബ്ലോക്കുകൾ, നിലയ്ക്കലിൽ 10000 വാഹനങ്ങൾ പാർക്ക് ചെയ്യാവുന്ന സ്ഥലം തുടങ്ങിയ പ്രവൃത്തികൾ ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ നിലയ്ക്കലിലെ റോഡുകളുടേയും പാർക്കിംഗ് ഏരിയകളുടേയും വിപുലീകരണവും പമ്പയിലെ റസ്റ്റോറന്റ് ബ്ലോക്ക് എന്നിവ പൂർത്തിയായി വരുന്നു.

(സി) 2050 വരെയുള്ള ആസൂത്രിത വികസന പദ്ധതികളാണ് മാസ്റ്റർ

പ്ലാനിൽ വിഭാവനം ചെയ്യുന്നത്. മാസ്റ്റർപ്ലാനിൽ നിർദ്ദേശിക്കുന്ന പ്രകാരം മാസ്റ്റർപ്ലാൻ നടപ്പിലാക്കുന്നതിനുവേണ്ടി ബഹു. ഹൈക്കോടതി രൂപീകരിച്ച ഹൈപവർ കമ്മിറ്റിയും ഹൈപവർ കമ്മിറ്റിക്ക് സാങ്കേതിക ഉപദേശങ്ങൾ നൽകുവാൻവേണ്ടി രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയും ബന്ധപ്പെട്ട കൺസൾട്ടന്റ്മാരും കാലാകാലങ്ങളിൽ കൂടിയാണ് ഘട്ടംഘട്ടമായി നടപ്പിലാക്കേണ്ട വികസന പ്രവർത്തനങ്ങൾക്ക് രൂപം നൽകിവരുന്നത്.

## സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളുമായുള്ള കരാർ

18 (*78) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ആർ. രാജേഷ് :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 വർഷത്തെ എം.ബി.ബി.എസ്. പ്രവേശനത്തിൽ സർക്കാരുമായി എഗ്രിമെന്റ്വയ്ക്കാത്ത കോളേജുകൾക്ക് അംഗീകാരം നൽകാതിരിക്കലും നൽകിയിട്ടുള്ള സൗകര്യങ്ങൾ പിൻവലിക്കുന്നതുമുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുമെന്ന് സഭയിൽ നൽകിയ ഉറപ്പ് പാലിച്ചിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ; ഇവർക്കെതിരെ നടപടി സ്വീകരിക്കാൻ മെഡിക്കൽ കൗൺസിലിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഏതെങ്കിലും സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ സ്വന്തം നിലയിൽ പ്രവേശനം നടത്തുകയുണ്ടായോ ; എങ്കിൽ അവ ഏതൊക്കെയെന്നും പ്രവേശനത്തിന് അവ സ്വീകരിച്ച രീതിയും അറിയിക്കുമോ ;

(സി) ന്യൂനപക്ഷ പദവിയുള്ള ചില സ്വാശ്രയ മെഡിക്കൽ കോളേജുകൾ വൻതുക കോഴ വാങ്ങിയതായി സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ അറിയിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്മേൽ ആരോഗ്യ സർവ്വകലാശാല സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) കരാറിൽ ഏർപ്പെട്ട സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് ഘടന വിശദമാക്കുമോ ; വ്യത്യസ്ത കോളേജുകൾക്ക് വ്യത്യസ്ത രീതിയിലുള്ള ഫീസ് വാങ്ങാൻ അനുമതി നൽകിയിരിക്കുന്നതിന്റെ മാനദണ്ഡം അറിയിക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) പാലിച്ചിട്ടുണ്ട്. 2015-16 വർഷം സർക്കാർ പുറത്തിറക്കിയ മെഡിക്കൽ പ്രവേശനത്തിനായുള്ള പ്രോസ്പെക്ടസിൽ ഉൾപ്പെട്ടിട്ടുള്ള ഒരു സ്വാശ്രയ മെഡിക്കൽ കോളേജ് മാത്രമാണ് ന്യൂനപക്ഷ പദവിയുടെ പിൻബലത്തിൽ സർക്കാരുമായി കരാറിലേർപ്പെടാതെ സ്വന്തം നിലയ്ക്ക് പ്രവേശനം നടത്തിയിട്ടുള്ളത്. ഈ മെഡിക്കൽ കോളേജിനെതിരെ കർശന നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി Kerala Professional Colleges or institutions (Prohibition of capitation fee, regulation of admission, fixation of non-exploitative fee and other measures to ensure equity and excellence in professional education) Act 2006 (Act 19 of 2006) ലെ 14(1) വ്യവസ്ഥ പ്രകാരം നോട്ടീസ് നൽകുകയും പ്രസ്തുത കോളേജിലെ പ്രവേശനം ന്യൂനപക്ഷ പദവിക്കനുസൃതമായാണോ നടത്തിയിട്ടുള്ളതെന്ന് വിലയിരുത്തുവാൻ മിന്നൽ പരിശോധനകൾ നടത്തുവാനായി അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ മുൻവർഷം സർക്കാരുമായി കരാറിലേർപ്പെടാതെ മാറിനിൽക്കുന്ന മറ്റ് അഞ്ച് സ്വാശ്രയ മെഡിക്കൽ കോളേജുകൾക്കെതിരെയും നടപടി സ്വീകരിക്കുവാൻ സംസ്ഥാന സർക്കാർ ഇന്ത്യൻ മെഡിക്കൽ കൗൺസിലിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(ബി) ന്യൂനപക്ഷ പദവിയുള്ള താഴെപ്പറയുന്ന 6 സ്വാശ്രയ കോളേജുകൾ സ്വന്തം നിലയിൽ പ്രവേശനം നടത്തിയിട്ടുണ്ട്:

1. എം.ഇ.എസ്. മെഡിക്കൽ കോളേജ്, പെരിന്തൽമണ്ണ, മലപ്പുറം.
2. ട്രാവൻകൂർ മെഡിക്കൽ കോളേജ്, കൊല്ലം.
3. അസീസിയ മെഡിക്കൽ കോളേജ്, കൊല്ലം.
4. കെ.എം.സി.റ്റി. മെഡിക്കൽ കോളേജ്, കോഴിക്കോട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

5. കണ്ണൂർ മെഡിക്കൽ കോളേജ്, കണ്ണൂർ.

6. കരുണ മെഡിക്കൽ കോളേജ്, പാലക്കാട്.

പ്രവേശനത്തിനായി സ്വന്തം നിലയ്ക്ക് പ്രോസ്പെക്ടസ് തയ്യാറാക്കുകയും ആയതിന് അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയുടെ അംഗീകാരം വാങ്ങിയശേഷം പ്രസ്തുത പ്രോസ്പെക്ടസിലെ വ്യവസ്ഥകൾക്കനുസൃതമായി പ്രവേശനം നടത്തിയെന്നുമാണ് മനസ്സിലാകുന്നത്.

(സി) സർക്കാരിനെ അറിയിച്ചിട്ടില്ല.

(ഡി) സർക്കാരുമായി കരാറിലേർപ്പെടുന്ന സ്വാശ്രയ മാനേജ്മെന്റുകൾക്ക് കീഴിലുള്ള മാനേജ്മെന്റ് ക്വാട്ടാ സീറ്റുകൾക്ക് രൂപ 8,50,000 (എട്ടുലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) ആണ് വാർഷിക ഫീസായി നിശ്ചയിച്ചിട്ടുള്ളത്. കൂടാതെ നിർധനരായ വിദ്യാർത്ഥികൾക്ക് അഞ്ചു വർഷത്തെ പഠനം പൂർത്തിയാക്കുന്നതിനായി സ്കോളർഷിപ്പ് നൽകാമെന്ന വ്യവസ്ഥയിൽ കരാറിലേർപ്പെട്ട ക്രിസ്ത്യൻ മാനേജ്മെന്റുകൾക്ക് എല്ലാ വിഭാഗം വിദ്യാർത്ഥികളിൽ നിന്നും ഒരേ ഫീസ് ഈടാക്കുവാൻ അനുവാദം നൽകിയിട്ടുണ്ട്.

## ക്യാൻസറിനെതിരെ ബോധവൽക്കരണം

19 (*79) <u>ശ്രീ. എ. എ. അസീസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ രോഗത്തിനെതിരെ സ്വീകരിച്ചുവരുന്ന ബോധവൽക്കരണ പരിപാടികൾ എന്തൊക്കെയാണ് ;

(ബി) സർക്കാർ തലത്തിൽ ക്യാൻസർ രോഗിക്ക് ലഭിക്കുന്ന സൗജന്യ ചികിത്സയും ആനുകൂല്യങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി <u>(ശ്രീ. വി. എസ്. ശിവകുമാർ) :</u>

(എ) കേരളത്തിൽ പുരുഷൻമാരിൽ വായിലെ ക്യാൻസറും ശ്വാസകോശ അർബുദവുമാണ് കൂടുതലായി കണ്ടുവരുന്നത്. സ്ത്രീകളിൽ സ്തനാർബുദവും തൈറോയ്ഡ്

ക്യാൻസറും ഗർഭാശയ ക്യാൻസറുമാണ് കൂടുതലായി കണ്ടുവരുന്നത്. ഇതിൽ വദനാർബുദം, ശ്വാസകോശാർബുദം എന്നിവ പുകയിലയുടെ ദൂഷ്യഫലമായി ഉണ്ടാകുന്നതും ബോധവൽക്കരണത്തിലൂടെ ഒഴിവാക്കാവുന്നതുമാണ്. അതുപോലെ തന്നെ സ്തനാർബുദവും ഗർഭാശയ ക്യാൻസറും മുൻകൂട്ടി നിർണ്ണയിക്കപ്പെടാവുന്നതും ചികിത്സിച്ച് ഭേദമാക്കാവുന്നതുമാണ്. എല്ലാ വർഷവും സംസ്ഥാന ആരോഗ്യ വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഉടനീളം ബോധവൽക്കരണ ക്യാംപെയിനുകൾ, സ്കൂളുകൾ, കോളേജുകൾ, തൊഴിൽ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സംഘടിപ്പിക്കാറുണ്ട്. ഇതിനോടൊപ്പം ഫീൽഡ് തല ജീവനക്കാരിലൂടെയും ആശാപ്രവർത്തകരിലൂടെയും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. എക്സിബിഷനുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, ലഘുലേഖനങ്ങൾ, സെമിനാറുകൾ എന്നിവ ക്യാൻസർ ബോധവൽക്കരണത്തിന്റെ ഭാഗമായി നടത്തിവരുന്നു. സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ എത്തുന്ന രോഗികൾക്ക് ബോധവൽക്കരണ പരപാടികളുടെ ഭാഗമായി ക്ലാസ്സുകൾ നൽകി വരുന്നുണ്ട്. ക്യാൻസറിനെതിരെ ആർ.സി.സി.-യുടെ ആഭിമുഖ്യത്തിൽ ശക്തമായ ബോധവൽക്കരണം നടക്കുന്നുണ്ട്. ബോധവൽക്കരണത്തിനും മുൻകൂർ ക്യാൻസർ നിർണ്ണയത്തിനുമായി കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം തന്നെ ആർ.സി.സി.-യിൽ പ്രവർത്തിക്കുന്നു. കൂടാതെ കൊല്ലം, എറണാകുളം, പാലക്കാട്, കണ്ണൂർ, പത്തനംതിട്ട എന്നീ സ്ഥലങ്ങളിൽ ആർ.സി.സി.-യുടെ ഉപകേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിലും ക്യാൻസർ ബോധവൽക്കരണ ക്ലാസ്സുകളും മുൻകൂർ ക്യാൻസർ നിർണ്ണയ ക്യാമ്പുകളും സംഘടിപ്പിച്ച് വരുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവയുമായി സഹകരിച്ചുകൊണ്ട് ബോധനക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. ആർ.സി.സി.-യിലെ പബ്ലിക്ക് റിലേഷൻസ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ പൊതുമാധ്യമങ്ങളിലൂടെ വിവിധ പരിപാടികൾ, ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ ക്യാൻസറിനെക്കുറിച്ചുള്ള ലേഖനങ്ങൾ എന്നിവയും ബോധനപ്രവർത്തനത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കുടുംബശ്രീ ആർ.സി.സി.-യുമായി സഹകരിച്ചുകൊണ്ട് കേരളത്തിലെ എല്ലാ കുടുംബങ്ങളിലും ക്യാൻസർ ബോധന സന്ദേശം എത്തിക്കുന്നതിനുള്ള "സ്വാസ്ഥ്യം" പദ്ധതി പത്തനംതിട്ട ജില്ലയിൽ തുടങ്ങിക്കഴിഞ്ഞു. കുടുംബശ്രീ പ്രവർത്തകരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഈ ബോധനപ്രവർത്തനങ്ങൾ മറ്റു ജില്ലകളിലും നടപ്പാക്കുന്നുണ്ട്.

809/2017

1352/2017

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആർട്സ് & സ്പോർട്സ് ക്ലബുകൾ, വായനശാലകൾ, ആരാധനാലയങ്ങൾ, വിദ്യാലയങ്ങൾ, സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങി സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ള സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവയുടെ സജീവ പങ്കാളിത്തത്തോടെ സംസ്ഥാനമൊട്ടാകെ ഈ ബോധനപ്രവർത്തനങ്ങൾ നടത്താൻ ആർ.സി.സി.യ്ക്ക് കഴിയുന്നുണ്ട്. മലബാർ ക്യാൻസർ സെന്ററിന്റെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിന്റെ കീഴിൽ ക്യാൻസർ ബോധവൽക്കരണത്തിന്റെയും, ക്യാൻസർ നിയന്ത്രണത്തിന്റെയും ഭാഗമായി ധാരാളം ക്ലാസ്സുകളും ക്യാമ്പുകളും നടത്തി വരുന്നുണ്ട്.

(ബി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ ക്യാൻസർ രോഗികൾക്കും സൗജന്യ ക്യാൻസർ ചികിത്സ ഉറപ്പാക്കുന്ന സുകൃതം പദ്ധതി സംസ്ഥാന സർക്കാർ നടപ്പിലാക്കി വരുന്നു. ആർ.സി.സി., എം.സി.സി., 5 മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നീ സ്ഥാപനങ്ങളിലാണ് സുകൃതം പദ്ധതി നിലവിലുള്ളത്. എല്ലാ ജില്ലകളിലും ക്യാൻസർ ചികിത്സ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ജില്ലയിലെ ഒരു പ്രധാനപ്പെട്ട ആശുപത്രിയിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള ജില്ലാ ക്യാൻസർ പദ്ധതി നിലവിലുണ്ട്. ക്യാൻസർ ചികിത്സാ വിദഗ്ദ്ധരുടെ ദൗർലഭ്യം കണക്കിലെടുത്ത് നിലവിലുള്ള ഡോക്ടർമാർക്കും നഴ്സുമാർക്കും ആർ.സി.സി.-യിൽ വിദഗ്ദ്ധ പരിശീലനം നൽകി ഈ സെന്ററുകളിൽ വിന്യസിച്ചിട്ടുണ്ട്. അർബുദ ചികിത്സക്കായി ക്യാൻസർ സെന്ററുകളെ ആശ്രയിച്ച വലിയ ജനവിഭാഗത്തിന് ഇത് ഒരു ആശ്വാസമായി ഭവിച്ചിട്ടുണ്ട്. 18 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് ആർ.ബി.എസ്.കെ./ആരോഗ്യ കിരണം പദ്ധതിയിലൂടെ സൗജന്യ ചികിത്സ സർക്കാർ ആശുപത്രികളിൽ ലഭ്യമാണ്. ലോട്ടറി വകുപ്പിന്റെ കാരുണ്യ ബെനവലന്റ് ഫണ്ട് RSBY-CHIS/CHIS Plus എന്നീ ഇൻഷ്വറൻസ് പദ്ധതി വഴിയും ക്യാൻസർ ചികിത്സയ്ക്കുള്ള ധനസഹായം ലഭിക്കുന്നുണ്ട്. സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ ചികിത്സയ്ക്കായി എത്തുന്ന രോഗികൾക്ക് സുകൃതം, കാരുണ്യ, ആർ.എസ്.ബി.വൈ. പദ്ധതികൾവഴി പരമാവധി സൗജന്യ ചികിത്സ നൽകിവരുന്നു. 2014-15 സാമ്പത്തികവർഷം ക്യാൻസർ രോഗ ചികിത്സ സൗജന്യമാക്കുന്നതിനായി സർക്കാർ സുകൃതം പദ്ധതി നടപ്പിലാക്കുകയും ടി

പദ്ധതിയിനത്തിൽ സർക്കാർ മെഡിക്കൽ കോളേജുകൾക്കുവേണ്ടി 11 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ആർ.സി.സി.യിൽ ക്യാൻസർ രോഗികൾക്ക് ലഭിക്കുന്ന സൗജന്യ ചികിത്സയും ആനുകൂല്യങ്ങളും താഴെപ്പറയുന്നവയാണ്:

കേരള സർക്കാർ പദ്ധതികൾ :

1. സുകൃതം:- ഈ പദ്ധതി പ്രകാരം ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട ക്യാൻസർ രോഗികൾക്ക് 3 ലക്ഷം രൂപ വരെയുള്ള ക്യാൻസർ ചികിത്സ സൗജന്യമായി നൽകുന്നു.

2. കാരുണ്യ ബെനവലന്റ് ഫണ്ട്:- ലോട്ടറിവകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയിട്ടുള്ള ജീവകാരുണ്യ പദ്ധതിയായ കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും 2 ലക്ഷം രൂപ വരെ ചികിത്സാ ധനസഹായം ലഭിക്കും. ബി.പി.എൽ./എ.പി.എൽ. വ്യത്യാസമില്ലാതെ ലഭിക്കുന്ന ഈ പദ്ധതി പ്രകാരം 3 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ളവർക്ക് സഹായം ലഭിക്കും.

3. ചിസ് പ്ലസ്:- ആർ.എസ്.ബി.വൈ. ഇൻഷ്വറൻസ് കാർഡുടമകളായ ബി.പി.എൽ. വിഭാഗങ്ങൾക്ക് ചിസ് പ്ലസ് പദ്ധതി പ്രകാരം 70,000 (എഴുപതിനായിരം രൂപ മാത്രം) രൂപയുടെ സൗജന്യ ക്യാൻസർ ചികിത്സ നൽകുന്നുണ്ട്. വർഷംതോറും ഈ കാർഡ് പുതുക്കിയാൽ ആനുകൂല്യം തുടർന്നും ലഭ്യമാകുന്നതാണ്.

4. ക്യാൻസർ സുരക്ഷാ പദ്ധതി:- 18 വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾക്ക് ക്യാൻസർ ചികിത്സ പരിപൂർണ്ണ സൗജന്യമായി നൽകുന്ന പദ്ധതിയാണിത്. മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ആനുകൂല്യം ഇല്ലാത്തവർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കും. ക്യാൻസർ സ്ഥിരീകരിച്ച റിപ്പോർട്ടും പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റും മാത്രമാണ് ഈ ആനുകൂല്യത്തിനാവശ്യമായ രേഖകൾ.

5. മെഡിക്കൽ അസിസ്റ്റൻസ് റ്റു ദി പുവർ:- ആരോഗ്യ വകുപ്പിൽനിന്ന്

ക്യാൻസർ രോഗികൾക്ക് നൽകുന്ന സഹായമാണിത്. പരമാവധി 20,000 രൂപ വരെയാണ് ധനസഹായം. പ്രത്യേക അപേക്ഷാ ഫോറത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

6. പട്ടികവർഗ്ഗത്തിൽപ്പെട്ട രോഗികൾക്കുള്ള സൗജന്യ ചികിത്സ:- ഈ പദ്ധതി പ്രകാരം പട്ടികവർഗ്ഗത്തിൽപ്പെട്ട രോഗികൾക്ക് (ഷെഡ്യൂൾഡ് ട്രൈബ്) ക്യാൻസർ ചികിത്സ പൂർണ്ണമായും സൗജന്യമായി ലഭിക്കുന്നതാണ്. രോഗി പട്ടികവർഗ്ഗത്തിൽപ്പെട്ടതാണെന്ന് തെളിയിക്കുന്നതിന് ട്രൈബൽ ഓഫീസറുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മാത്രം മതിയാകും. രോഗിയുടെ സാമ്പത്തിക സ്ഥിതി പരിഗണിക്കാതെ എല്ലാ ചികിത്സകളും സൗജന്യമായിരിക്കും.

7. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി:-മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ക്യാൻസർ രോഗികൾക്ക് സഹായം ലഭിക്കുന്നുണ്ട്. ക്യാൻസർ ആശുപത്രിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ് സഹിതം വില്ലേജ് ആഫീസർവഴി ഇതിനായി അപേക്ഷ സമർപ്പിക്കാം.

8. ക്യാൻസർ പെൻഷൻ:- ഒരു ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള ക്യാൻസർ രോഗികൾക്ക് പ്രതിമാസം 1000 രൂപ പെൻഷൻ ലഭ്യമാണ്. ക്യാൻസർ ആശുപത്രിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ് സഹിതം വില്ലേജ് ഓഫീസർവഴി ഇതിന് അപേക്ഷ സമർപ്പിക്കണം.

9. പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പിൽ നിന്നുള്ള സഹായം:- ഈ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് 25,000 രൂപ വരെ ധനസഹായം നൽകാനുള്ള പദ്ധതിയുണ്ട്. ക്യാൻസർ ആശുപത്രിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ് സഹിതം പ്രത്യേക അപേക്ഷാ ഫോറത്തിൽ ടി വകുപ്പിലേക്ക് അപേക്ഷ സമർപ്പിക്കണം.

കേന്ദ്ര സർക്കാർ പദ്ധതികൾ :

1. <u>പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധി</u>:-ചികിത്സിക്കുന്ന ആശുപത്രിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ് തഹസിൽദാറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ് എന്നിവ സഹിതം അപേക്ഷിച്ചാൽ രണ്ട് ലക്ഷം രൂപ വരെയുള്ള ധനസഹായം ലഭിക്കും.

2. <u>രാഷ്ട്രീയ ആരോഗ്യനിധി (റാൻ)</u>:- കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ പദ്ധതിയായ റാൻ പ്രകാരം രണ്ട് ലക്ഷം രൂപ വരെ ധനസഹായമുണ്ട്. ചികിത്സാ സർട്ടിഫിക്കറ്റും താലൂക്കാഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റും സഹിതം അപേക്ഷ സമർപ്പിക്കുകയോ വരുമാന സർട്ടിഫിക്കറ്റ് ചികിത്സിക്കുന്ന ആശുപത്രിയിൽ സമർപ്പിക്കുകയോ വേണം.

3. <u>റെയിൽവേ കൺസഷൻ</u>:- ക്യാൻസർ രോഗികൾക്ക് വീട്ടിൽനിന്നും ചികിത്സിക്കുന്ന ആശുപത്രിയിലേയ്ക്കും തിരികെയുമുള്ള യാത്ര സൗജന്യമാണ്. രോഗിയുടെ കൂടെ ഒരു സഹായിക്ക് 50% നിരക്കിൽ യാത്ര ചെയ്യാം. ഇന്ത്യൻ റെയിൽവേ നൽകുന്ന ആനുകൂല്യമാണിത്.

   ക്യാൻസർ രോഗികൾക്കായി സർക്കാർ നടപ്പിലാക്കിവരുന്ന താഴെപ്പറയുന്ന ചികിത്സാധനസഹായ പദ്ധതികൾ എം.സി.സി.യിലും നൽകിവരുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു:

   1. സുകൃതം പദ്ധതി
   2. കാരുണ്യ ബെനവലന്റ് സ്കീം
   3. ചിസ് പ്ലസ് സ്കീം
   4. ക്യാൻസർ സുരക്ഷാ പദ്ധതി (18 വയസ്സിനു താഴെയുള്ള കുട്ടികൾക്ക്)
   5. താലോലം പദ്ധതി
   6. പട്ടികവർഗ്ഗക്കാരായ രോഗികൾക്കുള്ള സമഗ്ര ആരോഗ്യ

പദ്ധതി

7. പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധി

8. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

9. ദേശീയ ദുരിതാശ്വാസ നിധി

10. ആശ്വാസ് പദ്ധതി

11. ഇ.എസ്.ഐ.

12. പോണ്ടിച്ചേരി മെഡിക്കൽ റിലീഫ് സൊസൈറ്റി ഫോർ പുവർ

പ്രസ്തുത പദ്ധതികൾ ഒന്നും ലഭിക്കാത്ത സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികൾക്ക് എം.സി.സി.സി.-യുടെ പേഷ്യന്റ് വെൽഫയർ ഫണ്ടിൽനിന്നും സൗജന്യ ചികിത്സ നൽകിവരുന്നു. കൂടാതെ കിടത്തി ചികിത്സയിലുള്ള എല്ലാ രോഗികൾക്കും സൗജന്യ ഭക്ഷണവും നൽകിവരുന്നു.

**മണ്ഡലകാല - മകരവിളക്ക് ഉത്സവം**

20 (*80) ശ്രീ. കെ. ദാസൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ മണ്ഡലകാല - മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് ശബരിമലയിൽ തീർത്ഥാടകരുടെ സൗകര്യത്തിനായി എന്തെല്ലാം പ്രവർത്തനങ്ങൾ ചെയ്തു ;

(ബി) അരവണ പ്ലാന്റ് നവീകരിക്കുമെന്നും കാണിക്കപ്പെട്ടി സൂക്ഷിച്ചിരിക്കുന്ന മുറിയിൽ സ്കാനർ ഏർപ്പെടുത്തുമെന്നുമുള്ള പ്രഖ്യാപനം നടപ്പിലായോ;

(സി) മാലിന്യ നിർമ്മാർജ്ജനത്തിനും പമ്പ മാലിന്യമുക്തമാക്കുന്നതിനും ചെയ്ത

പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ ;

(ഡി) റോഡ് അറ്റകുറ്റപ്പണിയിലെ ക്രമക്കേടുകൾ ദേവസ്വം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) 2015-16 മണ്ഡല മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ തീർത്ഥാടകർക്കുവേണ്ടി തിരുവിതാംകൂർ ദേവസ്വം ബോർഡും ശബരിമല മാസ്റ്റർപ്ലാൻ ഹൈപ്പവർ കമ്മിറ്റിയും മറ്റിതര സർക്കാർ വകുപ്പുകളും സന്നദ്ധ സംഘടനകളുമായി ഏകോപിപ്പിച്ചുകൊണ്ട് താഴെപ്പറയുന്ന ക്രമീകരണങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്:

1. തീർത്ഥാടകർക്കാവശ്യമായ പ്രാഥമിക സൗകര്യങ്ങൾ പ്രാവർത്തികമാക്കുകയും ക്ഷേത്ര സമുച്ചയങ്ങളുടെയും മറ്റ് അനുബന്ധ കെട്ടിടങ്ങളുടെയും വാർഷിക അറ്റകുറ്റപ്പണികളും പ്രസാദ നിർമ്മാണ വിതരണം കുറ്റമറ്റ രീതിയിൽ പ്രവർത്തിപ്പിക്കുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചു.

2. ശബരിമല ക്ഷേത്ര അനുബന്ധ കെട്ടിടങ്ങൾ, ഡോണർ ഹൗസുകൾ പിൽഗ്രിം സെന്ററുകൾ എന്നിവയുടെ അറ്റകുറ്റപണികൾ.

3. സ്പെഷ്യൽ ഡ്യൂട്ടിക്കായി നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് കൂടുതൽ താമസ സൗകര്യം.

4. താമസ സൗകര്യത്തിനായി മുറികൾ മുൻകൂട്ടി ബുക്ക് ചെയ്യുന്നതിനുള്ള ഓൺലൈൻ ബുക്കിംഗ് സൗകര്യം.

5. ശബരിമല മാസ്റ്റർ പ്ലാൻ മുഖേന പുതുതായി ശബരിമലയിൽ 120 യൂണിറ്റ് കക്കൂസുകളുടെയും 34 കുളിമുറികളുടെയും നിർമ്മാണവും പമ്പയിൽ പഴയ കക്കൂസുകൾക്ക് പകരമായി പുനർനിർമ്മിച്ച, ഓരോ യൂണിറ്റിലും 84 ടോയ്‌ലറ്റ് വീതമുള്ള രണ്ട് ടോയ്‌ലറ്റ് ബ്ലോക്കുകൾ, കൂടാതെ പരമ്പരാഗത പാതയിലും സ്വാമി അയ്യപ്പൻ

റോഡിലും കൂടുതൽ ബയോ യൂറിനൽ യൂണിറ്റുകളും സ്ഥാപിച്ചു.

6. പരമ്പരാഗത പാതയിലും സ്വാമി അയ്യപ്പൻ റോഡിലും ഔഷധക്കൂട്ടുകളിട്ട് തിളപ്പിച്ച കുടിവെള്ളമുൾപ്പെടെയുള്ള ശുദ്ധജല വിതരണത്തിനും ലഘുഭക്ഷണങ്ങൾ ലഭ്യമാക്കുന്നതിനും ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

7. കുടിവെള്ള സംഭരണത്തിനായി 20 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള പുതിയ ടാങ്കുകളും കൂടാതെ പ്രത്യേകം ട്രീറ്റ് ചെയ്ത ശുദ്ധജലം ശബരിമലയിലും പമ്പയിലും ലഭ്യമാക്കുന്ന ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്.

8. നിലയ്ക്കലിൽ രണ്ടിലധികം കുഴൽ കിണറുകൾ സ്ഥാപിച്ച് പ്രവർത്തനയോഗ്യമാക്കി.

9. നിലയ്ക്കലിൽ ആവശ്യമായ ശുദ്ധജലം ടാങ്കർ ലോറികളിൽ വിതരണം ചെയ്യാനുള്ള നടപടികൾ.

10. തീർത്ഥാടകർക്ക് സന്നിധാനത്തും പമ്പയിലും മുഴുവൻ സമയവും അന്നദാനം നടത്തുന്നതിനുള്ള ക്രമീകരണം.

11. പരമ്പരാഗത പാതയിലും സ്വാമി അയ്യപ്പൻ റോഡിലും ഓക്സിജൻ പാർലറുകളും അതിനോടനുബന്ധിച്ചുള്ള ഹെൽത്ത് കിയോസ്കുകളും, ഓക്സിജൻ പാർലറുകളുടെ എണ്ണവും വർദ്ധിപ്പിച്ചു.

12. അപ്പാച്ചിമേട്, നീലിമല എന്നിവിടങ്ങളിലെ കാർഡിയോളജിക് സെന്ററുകളിൽ ഡോക്ടർമാരുടെ സേവനവും ആവശ്യമായ ഉപകരണങ്ങളും ഏർപ്പെടുത്തി.

13. അലോപ്പതി, ആയുർവേദം, ഹോമിയോ ആശുപത്രികൾക്ക് പുറമേ എൻ.എസ്.എസ്. ആശുപത്രി, ശ്രീ മാതാ അമൃതാനന്ദമയി മഠത്തിന്റെ നിയന്ത്രണത്തിലുള്ള ആശുപത്രി എന്നിവയും പ്രവർത്തിക്കുന്നു.

14. പ്രധാന വഴിപാട് ഇനങ്ങളായ അപ്പം, അരവണ എന്നിവ ആവശ്യത്തിന് സ്റ്റോക്ക് ചെയ്തിട്ടുണ്ട്.

15. കുറ്റമറ്റ രീതിയിലുള്ള ശുചീകരണ പ്രവർത്തനങ്ങൾക്ക് ശബരിമല സാനിറ്റേഷൻ സൊസൈറ്റിക്കു പുറമേ മറ്റ് സന്നദ്ധ സംഘടനകളുടെ സേവനവും ഉറപ്പാക്കി കഴിഞ്ഞു.

16. പമ്പ – ശബരിമല റൂട്ടിലും പമ്പ മുതൽ പ്ലാപ്പള്ളി വരെയും നിലയ്ക്കലിലും കൂടാതെ മറ്റ് വാഹന പാർക്കിംഗ് സ്ഥലങ്ങളിലും ആവശ്യമായ വെളിച്ച സംവിധാനം കെ.എസ്.ഇ.ബി. മുഖേനയും ആവശ്യമായ സ്ഥലങ്ങളിൽ ജനറേറ്ററുകൾ ഉപയോഗിച്ചും ഏർപ്പെടുത്തിയിട്ടുണ്ട്.

17. പരമ്പരാഗത പാതയിൽ വൈദ്യുതീകരണത്തിന് ഏരിയൽ ബഞ്ച് കേബിൾ സ്ഥാപിച്ചു.

18. നിലയ്ക്കലും പമ്പയിലും വാഹന പാർക്കിംഗിനായി വിപുലമായ ക്രമീകരണങ്ങൾ. നിലയ്ക്കലിൽ ചെറുതും വലുതുമായ പതിനായിരത്തോളം വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ട്.

19. കാനനപാതയിൽ കൂടുതൽ ബാരിക്കേടുകൾ.

20. പമ്പാ നദിയിൽ അടിഞ്ഞുകൂടിയിട്ടുള്ള തുണിയും മറ്റും നീക്കം ചെയ്യുന്നതിനുള്ള ക്രമീകരണം.

21. കുളിക്കടവുകളിൽ 6 ഭാഷകളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കൽ.

22. സന്നിധാനത്ത് 5 എം.എൽ.ഡി. ശേഷിയുള്ള പുതിയ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനം ആരംഭിച്ചു.

23. പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

24. സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തി.

25. പമ്പ മുതൽ മരക്കൂട്ടം വരെ നടപ്പന്തലുകൾക്കു പുറമേ മരക്കൂട്ടം മുതൽ ശരംകുത്തി വരെ പുതിയ 6 ക്യൂ കോംപ്ലക്സുകൾ സ്ഥാപിച്ചു.

(ബി) അരവണ പ്ലാന്റിന്റെ നവീകരണത്തിനുള്ള നടപടികൾ സ്വീകരിച്ചു

വരികയാണെന്നും ആയത് അടുത്ത മണ്ഡല-മകരവിളക്ക് ഉത്സവത്തിന് മുൻപായി പൂർത്തിയാക്കുന്നതാണെന്നും ഭണ്ഡാരത്തിൽ സ്കാനർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

(സി) സന്നിധാനത്ത് 5 എം.എൽ.ഡി. ശേഷിയുള്ള പുതിയ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. പമ്പാ മാലിന്യ സംസ്കരണ പ്ലാന്റ് എല്ലാ കൊല്ലത്തേയുംപോലെ ഇക്കൊല്ലവും പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്. കൂടാതെ പമ്പാ ആക്ഷൻപ്ലാനിന്റെ ഭാഗമായി 1.5 എം.എൽ.ഡി. ശേഷിയുള്ള മാലിന്യ സംസ്കരണ പ്ലാന്റ് അടുത്ത മണ്ഡല-മകരവിളക്ക് ഉത്സവത്തിന് മുൻപായി പ്രവർത്തനസജ്ജമാക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. പമ്പാ നദിയിൽ തീർത്ഥാടകർ വസ്തുങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയുടെ ഉത്തരവ് ശ്രദ്ധയിൽപ്പെടുത്തി പൊതുജനങ്ങളിൽ അവബോധം വളർത്തുന്നതിനും അത്തരം പ്രവർത്തനം തടയുന്നതിനുമായി കേരളം, തമിഴ്നാട്, ആന്ധ്ര, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ അതാത് സംസ്ഥാനങ്ങളുടെ മാതൃഭാഷകളിൽ അവബോധന അറിയിപ്പുകൾ ദേശീയ ദൂരദർശൻ മാധ്യമംവഴി പ്രക്ഷേപണം ചെയ്യുന്നതിന് നടപടി കൈക്കൊണ്ടു. ഇതേ അറിയിപ്പുകൾ കേരളത്തിൽ തെരഞ്ഞെടുത്ത റെയിൽവേ സ്റ്റേഷനുകളിലും പ്രദർശനത്തിനായി നൽകുകയുണ്ടായി. ആയത് തിരുവനന്തപുരം, കൊല്ലം, കോട്ടയം, ചെങ്ങന്നൂർ, തിരുവല്ല, എറണാകുളം, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട് എന്നീ റെയിൽവേ സ്റ്റേഷനുകളിൽ പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും പമ്പയിലെത്തുന്ന ഭക്തർക്ക് മാർഗ്ഗ നിർദ്ദേശം നൽകുന്നതിനായി എൻ.എസ്.എസ്. വോളന്റിയർമാരെയും പമ്പാ കുളിക്കടവിൽ നിയോഗിച്ചിട്ടുണ്ട്. പമ്പാ പോലീസുമായി ചേർന്ന് വസ്ത്രം പമ്പയിൽ ഉപേക്ഷിക്കുന്നവരെ കണ്ടുപിടിച്ച് താക്കീത് ചെയ്യുന്നതിനും ലംഘിക്കുന്നതിന്റെ ഭവിഷ്യത്തുകൾ മനസ്സിലാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പ്രദർശന ബോർഡുകൾ, കൂടുതൽ തീർത്ഥാടകർ വരുന്ന സ്ഥലങ്ങളിൽ വാഹനം ഉപയോഗിച്ചുള്ള പരസ്യങ്ങൾ നൽകുന്നുണ്ട്. കൂടാതെ പമ്പാനദിയിൽ അയ്യപ്പൻമാർ ഉപേക്ഷിക്കുന്ന വസ്ത്രങ്ങൾ നീക്കം ചെയ്യുന്നതിനും ആയത് തടയുന്നതിനുവേണ്ടി പ്രത്യേകം സ്പെഷ്യൽ ഓഫീസർമാരെ ദേവസ്വം ബോർഡ്

ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

(ഡി) ദേവസ്വം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## മുല്ലപ്പെരിയാർ പരിസ്ഥിതി ആഘാത പഠനം

21 (*81) ശ്രീ. ഇ. പി. ജയരാജൻ :

ശ്രീ. കെ. സുരേഷ് കുറുപ്പ് :

ശ്രീ. കെ. രാധാകൃഷ്ണൻ :

ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള പരിസ്ഥിതി ആഘാത പഠനം നടത്തുവാൻ കേന്ദ്ര വനം വന്യജീവി വകുപ്പ് നൽകിയ അനുമതി റദ്ദാക്കിയതിന് ആധാരമായി പറഞ്ഞിരിക്കുന്ന കാരണങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത ആവശ്യം ഉന്നയിച്ചുകൊണ്ട് തമിഴ് നാട് സുപ്രീം കോടതിയിൽ ഫയൽ ചെയ്തിരിക്കുന്ന ഹർജിയിൽ ഉത്തരവോ, ഇടക്കാല ഉത്തരവോ വന്നിട്ടുണ്ടോ; എങ്കിൽ ആയത് വെളിപ്പെടുത്തുമോ;

(സി) ഹർജി ഫയൽ ചെയ്തിട്ടുണ്ട് എന്ന കാരണത്താൽ മാത്രം പരിസ്ഥിതി ആഘാത പഠനത്തിനു നൽകിയ അനുമതി പിൻവലിച്ചത് സംസ്ഥാന സർക്കാരിന്റെ ജാഗ്രത കുറവുകൊണ്ടാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഇ) സംസ്ഥാനത്തിന്റെ അന്തർ സംസ്ഥാന ജലവിഭാഗവും കാവേരി സ്പെഷ്യൽ സെല്ലും പ്രസ്തുത ആവശ്യത്തിനായി ചെയ്ത നടപടികൾ വിശദമാക്കാമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള പരിസ്ഥിതി ആഘാത പഠനം (EIA study) നടത്തുവാനുള്ള അനുമതി ദേശീയ വന്യജീവി

ബോർഡിന്റെ ശിപാർശയോടെ ലഭ്യമാക്കുന്നതിനാവശ്യമായ നിയമാനുസരണ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചിരുന്നു. ഇതിലേക്കായി പരിസ്ഥിതി ആഘാത പഠനം സംബന്ധിച്ച ടേംസ് ഓഫ് റഫറൻസ് (TOR) അംഗീകരിച്ചു കിട്ടുന്നതിന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ Expert Appraisal Committee മുമ്പാകെയും അപേക്ഷ സമർപ്പിച്ചിരുന്നു. കേരളത്തിന്റെ ആവശ്യത്തിന്മേൽ അനുഭാവ പൂർണ്ണമായ സമീപനമാണ് പ്രസ്തുത കമ്മിറ്റി തുടക്കത്തിൽ സ്വീകരിച്ചിരുന്നത്. പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്ന അവസരത്തിൽ കേരളം സ്വീകരിച്ചു വരുന്നു. പര്യവേഷണ ജോലികളും പരിസ്ഥിതി ആഘാത പഠനത്തിനുള്ള നടപടികളും നിർത്തിവക്കുന്ന കാര്യത്തിൽ ഉത്തരവുണ്ടാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തമിഴ്നാട് ബഹു. സുപ്രീംകോടതിയിൽ ഇടക്കാല ഹർജി ഫയൽ ചെയ്തു. സുപ്രീംകോടതിയിൽ ഫയൽ ചെയ്യപ്പെട്ട ഇടക്കാല ഹർജിയിൽ തീരുമാനമാകുന്നതുവരെ പരിസ്ഥിതി ആഘാത പഠനത്തിനുള്ള TOR-ന് അംഗീകാരം നൽകേണ്ടതില്ലായെന്ന് Expert Appraisal Committee ആദ്യം തീരുമാനിച്ചിരുന്നു. എന്നാൽ മുല്ലപ്പെരിയാർ വിഷയത്തിലുള്ള 7-5-2014-ലെ സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ, ഇരുസംസ്ഥാനങ്ങളുടേയും (കേരളം, തമിഴ്നാട്) പരസ്പരധാരണയുടേയും അംഗീകാരത്തോടേയും കൂടി മാത്രമേ പുതിയ അണക്കെട്ട് നിർമ്മിക്കുവാൻ പാടുള്ളൂവെന്ന വസ്തുത കണക്കിലെടുത്ത് പരിസ്ഥിതി ആഘാത പഠനത്തിനുള്ള TOR അംഗീകരിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ നിർദ്ദേശം delist ചെയ്യപ്പെട്ടതായി പിന്നീട് അറിയിപ്പ് ലഭിച്ചിട്ടുണ്ട്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ മേൽവിവരിച്ച തീരുമാനത്തെ തുടർന്ന് ദേശീയ വന്യജീവി ബോർഡിൽ നിന്നും പരിസ്ഥിതി ആഘാത പഠനത്തിന് നല്കിയ ശിപാർശയ്ക്ക് പ്രസക്തിയില്ലായെന്നുള്ള നിഗമനത്തിൽ, പരിസ്ഥിതി ആഘാത പഠനത്തിനായി ദേശീയ വന്യജീവി ബോർഡ് നൽകിയിട്ടുള്ള ശിപാർശ പിൻവലിക്കുന്നതായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിലെ വന്യജീവി വിഭാഗവും അറിയിച്ചിട്ടുണ്ട്.

(ബി&സി) ഇല്ല. പരാമർശ വിഷയത്തിൽ തമിഴ്നാട് ഫയൽ ചെയ്ത ഇടക്കാല ഹർജിയിന്മേൽ ബഹു.സുപ്രീംകോടതി തീർപ്പ് കൽപ്പിച്ചിട്ടില്ല. മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിലേയ്ക്കായി പരിസ്ഥിതി ആഘാത പഠനം

നടത്തുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാരോ ബന്ധപ്പെട്ട വകുപ്പോ വീഴ്ച വരുത്തിയിട്ടില്ല. ഇക്കാര്യത്തിൽ ജാഗ്രതക്കുറവും ഉണ്ടായിട്ടില്ല. പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന് മുന്നോടിയായുള്ള പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിന് നിയമപരമായ തടസ്സങ്ങൾ ഇല്ലായെന്ന് കാര്യകാരണസഹിതം സംസ്ഥാന സർക്കാർ അറിയിച്ചിട്ടും, സർക്കാരിന്റെ വാദങ്ങൾ പരിഗണിക്കപ്പെട്ടില്ലായെന്നുള്ളതാണ് വസ്തുത. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ വിവിധ ഏജൻസികൾ കൈക്കൊണ്ടിട്ടുള്ള ഏകപക്ഷീയമായ തീരുമാനങ്ങൾ പുനഃപരിശോധനയ്ക്ക് വിധേയമാക്കണമെന്നുള്ള ആവശ്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ഉചിതമായ നടപടികൾ യഥാസമയം സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ ആവശ്യം; മുല്ലപ്പെരിയാർ വിഷയത്തിൽ ബഹു. സുപ്രീംകോടതിയുടെ 7-5-2014-ലെ വിധിന്യായത്തിലെ വ്യവസ്ഥകൾ പ്രകാരം ഇരുസംസ്ഥാനങ്ങളും തമ്മിൽ ധാരണയിലെത്താതെ അംഗീകരിക്കാൻ നിർവ്വാഹമില്ലായെന്നുള്ള നിലപാടാണ് കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്.

(ഡി) പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിന് നിയമപരമായ തടസ്സങ്ങൾ ഇല്ലായെന്നുള്ള നിയമോപദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന സർക്കാർ പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനമെടുത്തിട്ടുള്ളത്. ഇക്കാര്യത്തിലുള്ള കേരളത്തിന്റെ ആവശ്യം നിരസിക്കുന്നതിനുള്ള തീരുമാനം ഏകപക്ഷീയമാണെന്നും, കേരളത്തിന്റെ അപേക്ഷ പരിഗണിക്കുന്നതിന് നിയമപരമായ തടസ്സങ്ങൾ ഇല്ലെന്നും അറിയിച്ചുകൊണ്ട് വിശദമായ കത്തുകൾ കേന്ദ്രസർക്കാരിനും ബഹു. പ്രധാനമന്ത്രിക്കും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ കേരളത്തിന്റെ ആവശ്യം പരിഗണിക്കുന്നതിനുള്ള അനുകൂലമായ നിലപാട് കേന്ദ്ര സർക്കാരോ, കേന്ദ്ര സർക്കാർ ഏജൻസികളോ സ്വീകരിച്ചിട്ടില്ല. നിയമപരമായ നടപടികൾ ഇക്കാര്യത്തിൽ വീണ്ടും സ്വീകരിക്കുന്നതു സംബന്ധിച്ച് സുപ്രീംകോടതിയിൽ സർക്കാരിനുവേണ്ടി കേസ് വാദിക്കുന്ന വിദഗ്ധരായ അഭിഭാഷകരുടെ നിയമോപദേശം ലഭ്യമാക്കാൻ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കൗൺസിലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ തമിഴ്നാട് ഫയൽ ചെയ്ത ഇടക്കാല ഹർജി സംബന്ധിച്ചുള്ള Reply

affidavit കേരളം ഫയൽ ചെയ്തിട്ടുണ്ട്. നിയമോപദേശം ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ തുടർ നടപടികൾ സമയബന്ധിതമായിതന്നെ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്.

(ഇ) മുല്ലപ്പെരിയാറിൽ പുതിയ ഡാം പണിയുന്നതിന്റെ മുന്നോടിയായി പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിന് ദേശീയ വന്യജീവി ബോർഡിന്റെ ശിപാർശയോടെയുള്ള അനുമതിയും പ്രസ്തുത പഠനത്തിനുള്ള ടേംസ് ഓഫ് റഫറൻസ് (TOR)-നുള്ള അംഗീകാരവും ലഭ്യമാക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിന് സർക്കാരും, ജലസേചന വകുപ്പും, ജലസേചന വകുപ്പിലെ അന്തർസംസ്ഥാന ജലവിഭാഗവും ആത്മാർത്ഥമായി പരിശ്രമിച്ചിട്ടുണ്ട്. പരാമർശ വിഷയത്തിൽ സുപ്രീംകോടതിയിൽ ഫയൽ ചെയ്യപ്പെട്ട ഹർജികളിന്മേൽ നിയമപരമായ നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നതിന് ഡൽഹിയിലെ കാവേരി സ്പെഷ്യൽ സെല്ലും പരിശ്രമിച്ചു വരുന്നുണ്ട്. ഇക്കാര്യത്തിലുള്ള സംസ്ഥാനത്തിന്റെ ആവശ്യം പരിഗണിച്ചു കിട്ടുന്നതിലേയ്ക്കായി സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്നുള്ള ഉറച്ച നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

**മാനസിക വെല്ലുവിളി നേരിടുന്നവരുടെ പ്രശ്നങ്ങൾ**

22(*82) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എം. ഉമ്മർ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാനസിക വെല്ലുവിളി നേരിടുന്നവരുടെ പ്രശ്നങ്ങൾ കാര്യക്ഷമമായി കൈകാര്യം ചെയ്യാൻതക്കവിധത്തിലുള്ള സൗകര്യങ്ങൾ നിലവിലില്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ അപര്യാപ്തത പരിഹരിക്കാൻ എന്തൊക്കെ സൗകര്യങ്ങൾ കൂടുതലായി ഏർപ്പെടുത്തേണ്ടതുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സമ്പൂർണ്ണ ചികിൽസ ആവശ്യമുള്ളവരുടെ കാര്യത്തിൽ അതിനുള്ള സൗകര്യമേർപ്പെടുത്തുകയും അല്ലാത്ത കേസുകളിൽ കൗൺസിലിംഗ് പോലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്ത് 2013 മുതൽ സമഗ്ര മാനസിക ആരോഗ്യ പദ്ധതി നിലവിൽ വന്നു. എല്ലാ ജില്ലകളിലും മാനസിക രോഗം വന്ന സ്ത്രീകൾക്കും പുരുഷൻമാർക്കുമായി പ്രത്യേകം പകൽവീടുകൾ സജ്ജീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ആരോഗ്യ വകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലാ മാനസിക ആരോഗ്യ പദ്ധതി തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ എന്നീ ജില്ലകളിൽ പ്രവർത്തനക്ഷമമാണ്. ദേശീയ മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായി വയനാട്, ഇടുക്കി, കണ്ണൂർ ജില്ലകളിൽ കേന്ദ്ര സർക്കാരിന്റെ ഫണ്ടിലൂടെ മാനസികാരോഗ്യ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കോഴിക്കോട് മെഡിക്കൽ കോളേജ് വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ദേശീയ ആരോഗ്യ മിഷൻ ഫണ്ട് വഴി പത്തനംതിട്ട, കോട്ടയം, കോഴിക്കോട്, കാസർഗോഡ്, പാലക്കാട്, മലപ്പുറം, എറണാകുളം എന്നീ ജില്ലകളിൽ ജില്ലാ മാനസികാരോഗ്യ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഇതിൽ തന്നെ കാസർഗോഡ്, കോഴിക്കോട്, മലപ്പുറം, വയനാട്, എന്നീ ജില്ലകളിൽ IMHANS മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. ഇതിന് പുറമെ തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ മാനസികാരോഗ്യ കേന്ദ്രങ്ങളും 22 De-addiction Centre-കളും പ്രവർത്തനസജ്ജമാണ്. കുട്ടികളിലെ മാനസിക രോഗം മുൻകൂട്ടി കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമായി District Early Intervention Centres (DEIC) എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നുണ്ട്.

(സി) കേരളത്തിൽ ആരോഗ്യവകുപ്പിന്റെ കീഴിൽ മൂന്ന് മാനസികാരോഗ്യ കേന്ദ്രങ്ങൾ - തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ പ്രവർത്തിച്ചു വരുന്നു. കിടത്തി ചികിത്സയും പുനരധിവാസവും മാനസിക രോഗത്തിനുള്ള സമ്പൂർണ്ണ ചികിത്സയും ഈ കേന്ദ്രങ്ങളിൽ ലഭ്യമാണ്. സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ദേശീയ മാനസികാരോഗ്യ പദ്ധതി, ജില്ലാ മാനസികാരോഗ്യ പദ്ധതി, സമഗ്ര മാനസികാരോഗ്യ പദ്ധതി എന്നിവയിലൂടെ പ്രാഥമിക ചികിത്സ, കൗൺസിലിംഗ് തുടങ്ങിയ ചികിത്സാ സൗകര്യങ്ങളും, പകൽ വീടുപോലുള്ള

പുനരധിവാസ കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു.

**കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്**

23 (*83) ശ്രീ. എളമരം കരീം :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) ക്ഷേമനിധി ആനുകൂല്യങ്ങൾ യഥാസമയം നൽകാൻ കഴിയാത്തതിന്റെ കാരണങ്ങൾ എന്തെന്നും മുടങ്ങിക്കിടക്കുന്ന ആനുകൂല്യങ്ങൾ നൽകാൻ വേണ്ട തുക എത്രയെന്നും വിശദമാക്കുമോ;

(സി) 2.91 ലക്ഷം അപേക്ഷകൾ കെട്ടിക്കിടക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതു പരിഹരിക്കാനായി എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു ;

(ഡി) മനുഷ്യാവകാശ കമ്മീഷൻ ഇക്കാര്യത്തിൽ ഇടപെട്ടിട്ടുണ്ടോ ; കമ്മീഷന്റെ നിർദ്ദേശം എന്തായിരുന്നു ; അതു നടപ്പിലാക്കിയോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ) ബോർഡ് തലത്തിൽ വിലയിരുത്താറുണ്ട്. ഓരോ മാസവും ജില്ലാ ഓഫീസുകളിൽ നിന്ന് കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസിൽ ലഭിക്കുന്ന റിപ്പോർട്ടുകൾ പരിശോധിച്ച് ജില്ലയിലെ പ്രവർത്തനങ്ങൾ വിലയിരുത്തി വരുന്നുണ്ട്. രണ്ട് മാസത്തിലൊരിക്കൽ വെൽഫെയർ ഫണ്ട് ഓഫീസർമാരുടെ യോഗം ചേരുകയും, അംഗങ്ങളുടെ രജിസ്ട്രേഷൻ, അംശദായ അടവ്, ഭ്രവുടമാ വിഹിതത്തിന്റെ വരവ്, ആനുകൂല്യ വിതരണം എന്നിവയുടെ വിവരങ്ങൾ വിലയിരുത്തി വരുന്നുണ്ട്. ഇതുകൂടാതെ ക്ഷേമനിധി ബോർഡ് യോഗം ചേർന്ന് ബോർഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്.

(ബി) കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് നേരിട്ടുകൊണ്ടിരിക്കുന്ന

സാമ്പത്തിക പ്രതിസന്ധിമൂലമാണ് യഥാസമയം തൊഴിലാളികൾക്ക് ആനുകൂല്യം നൽകാൻ കഴിയാത്തത്. മുടങ്ങിക്കിടക്കുന്ന ആനുകൂല്യങ്ങൾ നൽകുന്നതിനായി ഏകദേശം 234.35 കോടി രൂപ ആവശ്യമാണ്.

(സി) 30-9-2015-ലെ കണക്കുകൾ പ്രകാരം വിവിധ ആനുകൂല്യങ്ങൾ നൽകുവാൻ 301598 അപേക്ഷകൾ കുടിശ്ശികയായിട്ടുണ്ട്. കുടിശ്ശിക വിതരണം ചെയ്യുന്നതിലേക്കായി ധനസഹായം അനുവദിക്കുന്നതിന് ബോർഡ് സമർപ്പിച്ച ശിപാർശ സർക്കാരിന്റെ പരിശോധനയിലാണ്.

(ഡി) ഉണ്ട്. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അതിവർഷാനുകൂല്യം വിതരണം ചെയ്യുന്നതിന് സർക്കാർ ആവശ്യമായ ഫണ്ട് ലഭ്യമാക്കണമെന്ന് ഒരു പരാതിയിന്മേൽ തീർപ്പ് കൽപ്പിക്കവേ ബഹു.മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ ആനുകൂല്യ കുടിശ്ശിക വിതരണം ചെയ്യുന്നതിന് ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിശോധനയിലാണ്.

**തെറ്റായ ആരോഗ്യ ചോദന**

24 (*84) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെങ്കിലും തരത്തിലുള്ള രോഗാവസ്ഥ അനുഭവപ്പെടുന്നവരുടെ എണ്ണത്തിലെ അനുപാതം ദേശീയ ശരാശരിയെക്കാൾ കേരളത്തിൽ കൂടുതലാണെന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള പ്രത്യേക കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സ്വകാര്യ മേഖലയിൽ വർദ്ധിച്ചുവരുന്ന സ്പെഷ്യലിസ്റ്റ് ആശുപത്രികളും ഹൈടെക് ലബോറട്ടറികളുമൊക്കെ സമൂഹത്തിലുണ്ടാക്കുന്ന തെറ്റായ ആരോഗ്യ ചോദന (ഹെൽത്ത് ഡിമാൻറ്) ഇതിന് ഒരു കാരണമാവുന്നുണ്ടെന്ന അഭിപ്രായ ഗതിയെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(സി) കേരള സമൂഹത്തിൽ മോഡേൺ മെഡിസിൻ വിഭാഗം നടത്തുന്ന

തള്ളിക്കയറ്റവും അതുമൂലം ഉടലെടുക്കുന്ന അമിത ആരോഗ്യ മുൻകരുതലുകൾ സൃഷ്ടിക്കുന്ന അവസ്ഥാ വിശേഷവും ചികിത്സാ രംഗത്ത് അനിവാര്യമാവുന്ന അമിത സാമ്പത്തിക ഭാരവും ഒഴിവാക്കുന്നതിനുള്ള പ്രായോഗിക നടപടികളെക്കുറിച്ച് ആലോചിക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) ശിശുമരണനിരക്ക്, മാതൃമരണനിരക്ക്, ആയുർ ദൈർഘ്യം തുടങ്ങിയ ആരോഗ്യ സൂചികകളിൽ കേരളം ദേശീയ ശരാശരിയെക്കാൾ ഏറെ മുന്നിലാണെങ്കിലും പ്രമേഹം, രക്താദിസമ്മർദ്ദം, ഹൃദ്രോഗം, പക്ഷാഘാതം തുടങ്ങിയ ജീവിത ശൈലീ രോഗങ്ങൾ കേരളത്തിൽ വർദ്ധിച്ചുവരുന്നതായിട്ടാണ് വിവിധ പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. വർദ്ധിച്ചുവരുന്ന നഗരവൽക്കരണം, ജീവിതശൈലിയിൽ വന്ന പാശ്ചാത്യവൽക്കരണം, മദ്യം, പുകയില തുടങ്ങിയ ലഹരികളോടുള്ള ആസക്തി, തൊഴിൽപരമായും വിദ്യാഭ്യാസപരമായിട്ടുള്ള മത്സരബുദ്ധി, മാനസിക പിരിമുറുക്കം തുടങ്ങിയ നിരവധി കാരണങ്ങൾ ഈ രോഗങ്ങൾ വർദ്ധിക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. ഇതിൽ അനാരോഗ്യകരമായ ഭക്ഷണ രീതികളും കുറഞ്ഞു വരുന്ന വ്യായാമശീലവും വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗവും പ്രധാന കാരണങ്ങളായി കണക്കാക്കാവുന്നതാണ്.

(ബി) മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സ്വകാര്യ മേഖലയിൽ സ്പെഷ്യാലിറ്റി ആശുപത്രികളും ലബോറട്ടറികളും വർദ്ധിച്ചു വരുന്നുണ്ട്. സ്വകാര്യ ആശുപത്രികൾ, ലബോറട്ടറികൾ, നഴ്സിംഗ് ഹോമുകൾ എന്നിവയുടെ നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവയ്ക്കുവേണ്ടി 'ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ' സർക്കാരിന്റെ സജീവ പരിഗണനയിൽ ഉണ്ട്.

(സി) കേരളത്തിൽ മോഡേൺ മെഡിസിനിൽ ജനങ്ങൾക്കുള്ള വിശ്വാസ്യത അനുദിനം വർദ്ധിച്ചുവരുന്ന ആശുപത്രികളുടെ എണ്ണം കൊണ്ടും ഓരോ ആശുപത്രികളിലും അനുഭവപ്പെടുന്ന ജനബാഹുല്യം കൊണ്ടും മനസ്സിലാക്കാവുന്നതാണ്. പകർച്ച

വ്യാധികളും ജീവിതശൈലീരോഗങ്ങളും ഒരുപോലെ കേരളത്തിലെ ആരോഗ്യ മേഖലയിൽ വെല്ലുവിളികൾ സൃഷ്ടിക്കുമ്പോൾ സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലുമുള്ള മോഡേൺ മെഡിസിൻ ആശുപത്രികളിൽ ഒരുപോലെ ജനങ്ങളുടെ തള്ളിക്കയറ്റം ഉണ്ടാവുകയും തൽഫലമയി ചികിത്സാ ചിലവ് വർദ്ധിക്കുന്നുവെന്നതും ഒരു വസ്തുതയാണ്. സർക്കാർ മേഖലയിലുള്ള ആശുപത്രികളിൽ ചികിത്സാ ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി ജനറിക് മരുന്നുകളുടെ ഉപയോഗം സർക്കാർ ആശുപത്രികളിൽ കർശനമാക്കി. ആർ.ബി.എസ്.കെ./ആരോഗ്യകിരണം തുടങ്ങിയ പദ്ധതികളിലൂടെ 18 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സയും ജെ.എസ്.എസ്.കെ. യിലൂടെ ഗർഭിണികൾക്കും നവജാത ശിശുക്കൾക്കും സൗജന്യ ചികിത്സയും ഉറപ്പാക്കിയിട്ടുണ്ട്. സുകൃതം പദ്ധതിയിലൂടെ ബി.പി.എൽ. വിഭാഗത്തിലുള്ള ക്യാൻസർ രോഗികൾക്ക് സൗജന്യ ചികിത്സയും ആർ.എസ്.ബി.വൈ-ചിസ്/ചിസ് പ്ലസ്/ കാരുണ്യ തുടങ്ങിയ പദ്ധതികളിലൂടെ സാമ്പത്തിക സഹായവും ജനങ്ങൾക്ക് നൽകി വരുന്നു. രോഗം വരാതെ നോക്കുന്നതിനുള്ള മുൻകരുതൽ എന്ന നിലയ്ക്ക് പ്രതിരോധ കുത്തിവയ്പുകൾ പ്രതിരോധ മരുന്നുകൾ എന്നിവയും ആരോഗ്യ വകുപ്പ് നൽകി വരുന്നു. പരിസര ശുചിത്വം, Source reduction activities എന്നിവയിലൂടെ പകർച്ചവ്യാധി നിയന്ത്രണവും ജീവിതശൈലീ രോഗനിയന്ത്രണ ക്ലിനിക്കിലൂടെ ജീവിതശൈലീ രോഗങ്ങളും നിയന്ത്രിച്ചുവരുന്നു. വാർഷിക വരുമാനം മൂന്നുലക്ഷം രൂപവരെയുള്ള രോഗികൾക്ക് ആരോഗ്യ വകുപ്പിൽനിന്നും ചികിത്സാ ധനസഹായം നൽകുന്നതിനായി 'സൊസൈറ്റി ഫോർ മെഡിസിൻ അസിസ്റ്റൻസ് ടു ദി പുവർ' എന്ന പദ്ധതി നിലവിലുണ്ട്. ആരോഗ്യ വകുപ്പുമന്ത്രിയുടെ ക്ഷേമനിധിയിൽ നിന്നും 3 ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ളവർക്ക് മാരകമല്ലാത്തതും എസ്.എം.എ.പി. പദ്ധതിയിൽ ഉൾപ്പെടാത്ത മാരകമായ രോഗങ്ങൾക്കും പരമാവധി 2000 രൂപ ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്.

**ഉത്തരവാദിത്വ ടൂറിസം പദ്ധതി**

25 (*85) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്വ ടൂറിസം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ):

(എ) ഉണ്ട്. 2007-ൽ ആരംഭിച്ച പദ്ധതി കോവളം, കുമരകം, തേക്കടി, വയനാട്, ബേക്കൽ, കുമ്പളങ്ങി എന്നീ പ്രദേശങ്ങളിലാണ് നടപ്പാക്കി വരുന്നത്. മുസിരിസ് പദ്ധതി പ്രദേശത്ത് കൂടി ഉത്തരവാദിത്വ ടൂറിസം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ടൂറിസത്തിന്റെ ഗുണഫലങ്ങൾ പരമാവധി തദ്ദേശിയർക്ക് ലഭ്യമാക്കാനും ദോഷഫലങ്ങൾ പരമാവധി കുറയ്ക്കുവാനും ലക്ഷ്യമിടുന്ന പദ്ധതിയാണ് ഉത്തരവാദിത്വ ടൂറിസം. തദ്ദേശിയർക്ക് മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങളും സഞ്ചാരികൾക്ക് മെച്ചപ്പെട്ട സേവനങ്ങളും ലഭ്യമാക്കാൻ സഹായിക്കുംവിധം ടൂറിസം കേന്ദ്രങ്ങളെ വികസിപ്പിക്കുക എന്ന അടിസ്ഥാന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ഉത്തരവാദിത്വ ടൂറിസം പദ്ധതി സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക മേഖലകളെ കേന്ദ്രീകരിച്ചാണ് നടപ്പാക്കുന്നത്. തദ്ദേശീയർക്ക് തൊഴിൽ, കാര്യശേഷി വികസനം, ടൂറിസം ഉത്പ്പന്ന വികസനം, ഗ്രാമീണ പാക്കേജുകൾ, പാരിസ്ഥിതിക സാംസ്കാരിക പൈതൃക സംരക്ഷണം, സ്ത്രീ ശാക്തീകരണം ദാരിദ്ര്യ ലഘൂകരണം, ഗ്രാമീണ വികസനം എന്നിവയ്ക്കുള്ള ഉപാധിയായി ടൂറിസത്തെ മാറ്റുന്നതിനും ഉത്തരവാദിത്വ ടൂറിസം ലക്ഷ്യമിടുന്നു.

(സി) പദ്ധതി നടത്തിപ്പിനായി 2011-12 മുതൽ 2015-16 സാമ്പത്തിക വർഷം വരെ 6.47 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2011 ജൂൺ മുതൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം &ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്)-നെ പദ്ധതി

നടത്തിപ്പിനുള്ള നോഡൽ ഏജൻസിയായി നിയമിക്കുകയുണ്ടായി. ഉത്തരവാദിത്വ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് ആദ്യഘട്ടത്തിൽ പ്രവർത്തനം നടത്തിയിരുന്ന കുമരകം, തേക്കടി, കോവളം, വൈത്തിരി എന്നിവിടങ്ങളിൽ കൂടാതെ കുമ്പളങ്ങി, ബേക്കൽ, അമ്പലവയൽ, മുസിരിസ് എന്നിവിടങ്ങളിൽകൂടി ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു. ഉത്തരവാദിത്വ ടൂറിസം വിപുലീകരണ പദ്ധതിയുമായി ബന്ധപ്പെട്ട് തെരഞ്ഞെടുത്ത 50 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാരംഭ പഠനങ്ങളും ചർച്ചകളും നടത്തുകയുണ്ടായി. സർക്കാരിന്റെ മിഷൻ 676 പദ്ധതി പ്രകാരം "GOD'S OWN COUNTRY-PEOPLE'S OWN TOURISM പദ്ധതിയിൽ ഉൾക്കൊള്ളിച്ച് 112 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉത്തരവാദിത്ത ടൂറിസം പദ്ധതി നടപ്പാക്കാൻ തീരുമാനിക്കുകയും അതിന്റെ പ്രവർത്തനങ്ങർ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**വിസ ഓൺ അറൈവൽ പദ്ധതി**

26 (*86) ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'വിസ ഓൺ അറൈവൽ' പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ):

(എ) ഉണ്ട്. ഇന്ത്യാ ഗവൺമെന്റ് നടപ്പിലാക്കിയ ഈ സംവിധാനം ടൂറിസ്റ്റ് വിസ ഓൺ അറൈവൽ (TvoA) എന്ന പേരിൽ അറിയപ്പെടുന്നു. ജർമ്മനി, ജപ്പാൻ, ആസ്ട്രേലിയ, ന്യൂസിലാന്റ്, നോർവേ, റഷ്യ, യു.എ.ഇ. തുടങ്ങിയ 113 രാജ്യങ്ങളിൽനിന്ന് ഇന്ത്യയിലെത്തുന്ന സഞ്ചാരികൾക്ക് രാജ്യത്തെ 16 വിമാനത്താവളങ്ങളിൽനിന്ന് ലളിതമായ നടപടിക്രമങ്ങളിലൂടെ ടൂറിസ്റ്റ് വിസ ലഭ്യമാക്കുന്നതാണ് ഈ സംവിധാനം. കേരളത്തിൽ ഇത് കൊച്ചി, തിരുവനന്തപുരം എന്നീ വിമാനത്താവളങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. വിനോദസഞ്ചാരം, സുഹൃത്തുക്കളേയും ബന്ധുക്കളേയും സന്ദർശിക്കൽ, ഹ്രസ്വകാലയളവിലേക്കുള്ള ചികിത്സ/ ബിസിനസ് തുടങ്ങിയ ആവശ്യങ്ങൾക്കായി എത്തുന്ന വിദേശികൾക്കാണ് ഈ സൗകര്യം ലഭിക്കുക. ഇത് ആത്യന്തികമായി രാജ്യത്തിന്റെയും ഇതോടൊപ്പം കേരളത്തിന്റെയും വിനോദസഞ്ചാര മേഖലയ്ക്ക് ഗുണകരമാകും എന്നാണ് കരുതുന്നത്, കുറഞ്ഞത് 6 മാസത്തെ പാസ്സ്പോർട്ടുള്ള, മേൽ രാജ്യങ്ങളിൽ നിന്നുള്ള സഞ്ചാരികൾക്ക്, 60 യു.എസ്. ഡോളർ വരെയുള്ള വ്യത്യസ്ത നിരക്കുകളിൽ 30 ദിവസത്തേക്ക് അംഗീകാരമുള്ള വിസയാണ് നൽകുക.

(ബി) വിനോദസഞ്ചാരത്തിനായി കേരളത്തിലെത്തുന്ന വിദേശികൾക്ക് പരമാവധി ബുദ്ധിമുട്ടുകൾ കുറച്ച് വിസ ലഭ്യമാക്കുന്നതുവഴി 2021-ഓടെ 30 ലക്ഷം വിദേശ വിനോദസഞ്ചാരികൾ കേരളം സന്ദർശിക്കുക എന്ന ലക്ഷ്യമിട്ട് നടത്തുന്ന പ്രചാരണ പരിപാടികൾക്ക് സ്വീകാര്യത ലഭിക്കുമെന്നാണ് കരുതുന്നത്. ഇതുവരെ വേണ്ടത്ര പ്രചരണം ലഭിക്കാത്ത ഏഷ്യയിലെയും യൂറോപ്പിലെയും വിവിധ വിപണികൾ ഉപയോഗപ്പെടുത്തുന്നതിനും, പുതിയ വിപണികളിൽ നിന്നുള്ള സഞ്ചാരികളെ ആകർഷിക്കുന്നതിനും ഈ സംവിധാനം സഹായകരമാകും. ഇതുവഴി ടൂറിസം വ്യവസായത്തിലെ സമഗ്ര മേഖലകളിലും പുതിയൊരു ചലനം ഉണ്ടാക്കുവാൻ കഴിയും. കൂടാതെ ഇതര സംവിധാനത്തിന്റെ സാധ്യതകൾ കൂടി കണക്കിലെടുത്താണ് 2015-16 വർഷം വിസിറ്റ് കേരള ഇയർ എന്ന രീതിയിൽ വിപണനം ചെയ്യാൻ തീരുമാനമെടുത്തിട്ടുള്ളത്.

(സി) 2013-ലും 2014-ലും ജപ്പാനിലെ 'ജപ്പാൻ അസോസിയേഷൻ ഓഫ് ട്രാവൽ ഏജന്റ്സ് ' (JATA) ഫെയറിലും 2014 ജനുവരിയിൽ ഫിൻലാൻഡിലെ 'MATKA ട്രാവൽ 'ഫെയറിലും കേരള ടൂറിസം പങ്കെടുക്കുകയും 2014-ൽ ഫിൻലാൻഡിലെ ഹെൽസിങ്കിയിലും ന്യൂസിലാൻഡിലെ ഓക്ക്‌ലാൻഡിലും റോഡ് ഷോകൾ സംഘടിപ്പിക്കുകയും ചെയ്തു. 2015-ൽ I.T.B, Berlin, MITT

Moscow, ATM Dubai എന്നീ ടൂറിസം ഫെയറുകളിലും പങ്കെടുക്കുന്നുണ്ട്. TVoA സംവിധാനത്തിലുൾപ്പെടുന്ന മേൽപ്പറഞ്ഞ രാജ്യങ്ങളിലെ കേരള ടൂറിസത്തിന്റെ സജീവ സാന്നിദ്ധ്യം TvoA-യുടെ പ്രചാരണത്തിന് ഉപയോഗിക്കാൻ കഴിയുന്നുണ്ട്. പ്രസ്തുത സംവിധാനത്തിന്റെ അനന്ത സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതിനു വേണ്ടി വിനോദ സഞ്ചാര വകുപ്പ് 'കം-ടു-കേരള' എന്ന പേരിൽ ഒരു ഓൺലൈൻ മത്സര പദ്ധതി വിജയകരമായി സംഘടിപ്പിച്ചു. 12 രാജ്യങ്ങളിൽനിന്നും ഓൺലൈൻ സംവിധാനത്തിലൂടെ ഫോട്ടോഗ്രാഫ്, പാചകം, ചരിത്രം, സംഗീതം തുടങ്ങിയ വിവിധ വിഷയങ്ങളിൽ താൽപ്പര്യമുള്ള വ്യത്യസ്ത ഗ്രൂപ്പുകൾ സൃഷ്ടിക്കുകയും ഫെയ്സ്ബുക്ക്, ട്വിറ്റർ, ഗൂഗിൾപ്ലസ് തുടങ്ങിയ സോഷ്യൽ മീഡിയകളിലൂടെ വോട്ടെടുപ്പുവഴി '9' വിജയികളെ തെരഞ്ഞെടുക്കുകയും ഇവർക്ക് കേരളം കാണുന്നതിനുള്ള അവസരം ഒരുക്കുകയും ചെയ്തു. 'കം-ടു-കേരള' പ്രോഗ്രാമിലൂടെ ലക്ഷക്കണക്കിന് ജനങ്ങളിൽ TVoA സംവിധാനത്തിന്റെ പ്രചാരണം നൽകുന്നതിന് സാധിച്ചു. കൂടാതെ കേരള ടൂറിസത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ TVoA സംവിധാനത്തിന്റെ മുഴുവൻ വിശദാംശങ്ങളും നൽകിയിട്ടുണ്ട്.

**ജപ്പാൻ കുടിവെള്ള പദ്ധതി**

27 (*87) ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ശുദ്ധജല ദൗർലഭ്യം കൂടുതൽ അനുഭവപ്പെടുന്ന തീരമേഖല, കുട്ടനാടൻ പ്രദേശങ്ങൾ, മറ്റ് സമാനമായ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ പ്രാധാന്യം നല്കി പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) തിരുവനന്തപുരം, മീനാട് (കൊല്ലം), ചേർത്തല (ആലപ്പുഴ), കോഴിക്കോട്, പട്ടുവം (കണ്ണൂർ) എന്നീ ജില്ലകളിലാണ് ഇപ്പോൾ ജപ്പാൻ കുടിവെള്ള പദ്ധതി

നടപ്പിലാക്കിയിട്ടുള്ളത്. ഇതുപോലുള്ള പദ്ധതി പത്തനംതിട്ട, ഇടുക്കി, കോട്ടയം, തൃശ്ശൂർ, എറണാകുളം, കാസർഗോഡ് എന്നീ ജില്ലകളിൽ കൂടി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.

(ബി) തീരമേഖല, കുട്ടനാടൻ പ്രദേശങ്ങൾ, മറ്റ് സമാനമായ സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ശുദ്ധജല ദൗർലഭ്യം പരിഹരിക്കുന്നതിനായി നിലവിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ കീഴിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. കുട്ടനാടിനു വേണ്ടി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

**ഓൺലൈൻ മരുന്ന് വ്യാപാരം**

28 (*88) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യത്തിന് ഭീഷണി ഉയർത്തി, യാതൊരു നിയന്ത്രണവുമില്ലാതെ സംസ്ഥാനത്ത് ഓൺലൈൻ മരുന്ന് വ്യാപാരം നടക്കുന്ന വിവരം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച പരാതികൾ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത പരാതികളിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(സി) ഓൺലൈൻ വ്യാപാരംവഴി ഗുണനിലവാരമില്ലാത്തതും വ്യാജവുമായ മരുന്നുകൾ ഡോക്ടർമാരുടെ കുറിപ്പടി ഇല്ലാതെ യഥേഷ്ടം വിറ്റഴിക്കപ്പെടുന്നതായി വിവരം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇത്തരം ഓൺലൈൻ മരുന്ന് കച്ചവടം തടയുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) സംസ്ഥാനത്ത് ഓൺലൈൻ മരുന്ന് വ്യാപാരം അനധികൃതമായി നടക്കുന്നതായിട്ടുള്ള പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കേരളത്തിൽ

ഇപ്രകാരം വെബ്സൈറ്റുകൾവഴി മരുന്നു വ്യാപാരം നടത്തുന്ന സ്ഥാപനങ്ങൾ നിലവിലില്ല എന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് അന്വേഷണം നടത്തി ഉറപ്പ് വരുത്തിയിട്ടുണ്ട്.

(ബി) നിലവിൽ അനധികൃത ഓൺലൈൻ മരുന്നു വ്യാപാരം സംബന്ധിച്ച് പത്രവാർത്തകളല്ലാതെ രേഖാമൂലമുള്ള പരാതികളൊന്നും ലഭ്യമായിട്ടില്ല. എന്നിരുന്നാലും ഓൺലൈൻ മരുന്നുവ്യാപാരം സംബന്ധിച്ച് ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തരം പരിശോധനകൾ നടത്തുകയും നിയമലംഘനങ്ങൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം വകുപ്പ് കർശന നടപടികൾ സ്വീകരിക്കുന്നതുമാണ്.

(സി) നിലവിലുള്ള നിയമങ്ങൾക്ക് (ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് 1940 ആന്റ് റൂൾസ് 1945) വിരുദ്ധമായി നടത്തിവരുന്ന ഇത്തരത്തിലുള്ള ഓൺലൈൻ മരുന്നു വ്യാപാരംവഴി വ്യാജമരുന്നുകൾ/ലഹരിക്കായി ദുരുപയോഗം ചെയ്യാൻ സാദ്ധ്യതയുള്ള മരുന്നുകൾ എന്നിവ യാതൊരു നിയന്ത്രണവുമില്ലാതെ വിറ്റഴിക്കപ്പെടുന്നതിന്റെ സാമൂഹിക വിപത്തുകൾ കണക്കിലെടുത്ത് ഓൺലൈൻ മരുന്നു വ്യാപാരം നിയന്ത്രണ പരിധിയിൽ കൊണ്ടുവരുന്നതിന്റെ ഭാഗമായി Dr. Harshadeep Kamble, IAS, Commissioner FDA, Maharashtra-യുടെ അദ്ധ്യക്ഷതയിൽ ഉപസമിതി രൂപീകരിക്കുവാൻ 48th Drugs Consultaitve Committee-യിൽ തീരുമാനമായിട്ടുണ്ട്. E-commerce-ന്റെ പുരോഗതിയെ മുൻനിർത്തി ഓൺലൈൻ വ്യാപാരം പോലുള്ള പുതിയ സാങ്കേതികവിദ്യയുടെ ആവിർഭാവം ഉൾക്കൊണ്ടുകൊണ്ട് ആയതിനെ നിയമാനുസൃതമാക്കേണ്ടത് അനിവാര്യമായതിനാൽ വികസിത രാജ്യങ്ങളിൽ പ്രാവർത്തികമായിട്ടുള്ള പ്രസ്തുത സംരംഭങ്ങളുടെ പ്രായോഗിക വശങ്ങളെക്കുറിച്ചും നിയമസാധുതകളെക്കുറിച്ചും കൂടുതൽ പരിശോധിക്കാനായി രൂപീകരിച്ചിട്ടുള്ള പ്രസ്തുത ഉപസമിതിയുടെ പ്രാരംഭ യോഗത്തിൽ, വ്യക്തികൾ/സംഘടനകൾ/വ്യാപാരമേഖലയിലുള്ളവർ/കമ്പനികൾ എന്നിവർ ഉൾപ്പെടുന്ന പൊതുജനങ്ങളിൽനിന്നും വിഷയസംബന്ധമായ കാര്യങ്ങളിന്മേലുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ ഔഷധ വ്യാപാരം നിയമാനുസൃതമാക്കുന്നതിലേയ്ക്കായിട്ടുള്ള ഭേദഗതികൾ കേന്ദ്ര നിയമമായ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് 1940-ലും

ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസ് 1945-ലും വരുത്തുമെന്നാണ് പ്രതീക്ഷ.

**പാചകവാതക വിതരണ ശൃംഖലയിലെ തൊഴിൽ പ്രശ്നങ്ങൾ**

29 (*89) ശ്രീ. കെ. എം. ഷാജി :

ശ്രീ. സി. മമ്മൂട്ടി :

ശ്രീ. പി. കെ. ബഷീർ :

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാചകവാതക വിതരണ ശൃംഖലയിൽ തുടരെ ഉണ്ടാകുന്ന തൊഴിൽ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) കയറ്റിറക്ക് തൊഴിലാളികൾ, ലോറിത്തൊഴിലാളികൾ, ഫില്ലിംഗ് തൊഴിലാളികൾ തുടങ്ങിയ വിഭാഗങ്ങൾ ഒറ്റതിരിഞ്ഞും, കൂട്ടായും ഉത്സവ സീസണുകളോടനുബന്ധിച്ച് പണിമുടക്കുന്നതുമൂലം പാചകവാതകം ലഭിക്കാതെ പൊതുജനങ്ങൾ കഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ):

(എ) ഉണ്ട്. സ്റ്റേറ്റ് ഗവൺമെന്റിന്റെ അധികാര പരിധിയിൽ വരുന്ന തൊഴിൽ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾ ബന്ധപ്പെട്ട അനുരഞ്ജന ഉദ്യോഗസ്ഥർ 1947-ലെ വ്യവസായ തൊഴിൽ തർക്ക നിയമപ്രകാരം അനുരഞ്ജന ചർച്ചകൾ നടത്തുകയും ഒത്തുതീർപ്പിൽ എത്തിക്കാൻ ശ്രമിക്കുകയും ചെയ്യാറുണ്ട്. കൂടാതെ ജില്ലാ ഭരണകൂടവും യഥാസമയം പ്രശ്നത്തിൽ ഇടപെട്ട് പ്രശ്നപരിഹാരം കാണാറുണ്ട്.

(ബി) പാചകവാതക വിതരണ മേഖലയിലെ മിന്നൽ പണിമുടക്കുകൾ നിത്യജീവിതത്തെ ബാധിക്കുന്നതായി കണ്ടെത്തിയതിനെതുടർന്ന് ഈ മേഖലയിലെ വിവിധ വിഭാഗം തൊഴിലുകളെ 1994-ലെ കേരള എസൻഷ്യൽ സർവ്വീസസ് മെയിന്റനൻസ് ആക്ടിന്റെ പരിധിയിൽ വരുത്തി സർക്കാർ വിജ്ഞാപനം

പുറപ്പെടുവിച്ചിട്ടുണ്ട്.

## വിദ്യാലയ ആരോഗ്യം പദ്ധതി

30 (*90) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാലയ ആരോഗ്യം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) സംസ്ഥാനത്ത് വിദ്യാലയ ആരോഗ്യ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെയും, ആരോഗ്യ-വിദ്യാഭ്യാസ വകുപ്പുകളുടെയും സംയുക്ത സംരംഭമായി 2009-ൽ 10%-ത്തോളം സ്കൂളുകളിൽ ആരംഭിച്ച വിദ്യാലയ ആരോഗ്യ പദ്ധതി 2012-13 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ എല്ലാ സർക്കാർ, സർക്കാർ എയ്ഡഡ് സ്കൂളുകളിലേക്കു വ്യാപിപ്പിക്കുകയുണ്ടായി. പുതുതായി ഉൾപ്പെടുത്തിയ സ്കൂളുകളിൽ പദ്ധതി പൂർണ്ണ രൂപത്തിൽ പ്രവർത്തന സജ്ജമാക്കുന്നതിലേക്കുള്ള പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു.

(ബി) വിദ്യാലയ ആരോഗ്യ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു:

1. കുട്ടികളിൽ സർവ്വസാധാരണയായി കാണുന്ന അസുഖങ്ങൾ കാലേക്കൂട്ടി കണ്ടുപിടിച്ച് ചികിത്സിപ്പിക്കുക.

2. കുട്ടികളിൽ കാണുന്ന മാനസിക പ്രശ്നങ്ങളിൽ സംയോജിതമായി

ഇടപെടുക, അവരുടെ മാനസിക ആരോഗ്യം മെച്ചപ്പെടുത്തുക.

3. വിവിധ ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾവഴി തങ്ങളുടെ ആരോഗ്യം കാത്തുസൂക്ഷിച്ച് മെച്ചപ്പെട്ട ആരോഗ്യം കൈവരിക്കുന്നതിനും ഇതുവഴി ആരോഗ്യസംബന്ധിയായ കാര്യങ്ങളിൽ ബുദ്ധിപൂർവ്വമായ തീരുമാനങ്ങൾ എടുക്കാൻ പ്രാപ്തരാക്കുക.

<u>പ്രവർത്തന രീതി</u>

- ജെ.പി.എച്ച്.എൻ. ലഘുവായ ആരോഗ്യ പ്രശ്നങ്ങൾ സ്കൂളിൽവച്ചു തന്നെ കൈകാര്യം ചെയ്യും. റഫർ ചെയ്യേണ്ടവ ആരോഗ്യ കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യും.
- വർഷത്തിലൊരിക്കൽ സ്പെഷ്യാലിറ്റി ക്യാമ്പുകൾ ബ്ലോക്ക് അടിസ്ഥാനത്തിൽ നടത്തുന്നു. മരുന്നുകൾ സർക്കാർ ആരോഗ്യ കേന്ദ്രങ്ങളിൽനിന്നും സൗജന്യമായി ലഭിക്കും.
- പ്രഥമ ശുശ്രൂഷ ഉൾപ്പെടെയുള്ള ചികിത്സാ സേവനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തിയിട്ടുണ്ട്.
- ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വിദഗ്ദ്ധരുടെ സഹായത്തോടെ കൗൺസിലിംഗ് നടപ്പിലാക്കുക.
- യോഗ ഉൾപ്പെടെയുള്ള സമഗ്ര ആരോഗ്യ പരിപാലനത്തിന് ആവശ്യമായ വിവിധങ്ങളായ പരിശീലന പരിപാടികൾ നടപ്പിലാക്കുക.
- അമ്മമാർക്കും കൗമാരക്കാരായ കുട്ടികൾക്കും പോഷണ മൂല്യത്തിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിന് വിവിധ പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്.
- സാംക്രമിക, ജീവിതശൈലീ രോഗങ്ങളിൽനിന്നും കുട്ടികളെ മുക്തരാക്കുന്നതിനായി വിദഗ്ദ്ധ പരിശോധനയും വിവിധങ്ങളായ ബോധവൽക്കരണ പരിപാടികളും വിദ്യാലയ അന്തരീക്ഷത്തിലെ

അനാരോഗ്യ സാഹചര്യങ്ങളെ പൂർണ്ണമായും അകറ്റി നിർത്തുവാൻ നടപടികൾ സ്വീകരിക്കുന്നു.

- വർഷത്തിലൊരിക്കൽ സ്കൂളിലെ എല്ലാ കുട്ടികളുടെയും സ്ക്രീനിംഗ് നടത്തി, വിവരങ്ങൾ ആരോഗ്യ പ്രവർത്തകർ ഹെൽത്ത് റെക്കോർഡിൽ രേഖപ്പെടുത്തും.
- വിദ്യാഭ്യാസ ക്ലാസ്സുകൾ, എക്സിബിഷൻ, ഫിലിംഷോ, പോസ്റ്റർ പ്രദർശനം, നാടകം മറ്റു കലാരൂപങ്ങൾ മുഖേനയുള്ള അവബോധം.
- പ്രതിരോധ കുത്തിവയ്പ്പ് ആരോഗ്യകേന്ദ്രങ്ങൾ മുഖേന നടത്തുന്നു.
- 2014-15 കാലയളവിൽ സ്കൂൾ ആരോഗ്യ പദ്ധതി രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം എന്ന പദ്ധതിയായി രൂപാന്തരപ്പെടുത്തിയിട്ടുണ്ട്.

(സി) പദ്ധതിയുടെ നടത്തിപ്പിലേക്കായി എടുത്തിരിക്കുന്ന നടപടികൾ താഴെ രേഖപ്പെടുത്തിയിരിക്കുന്നു:

- പദ്ധതി ഘട്ടംഘട്ടമായി സംസ്ഥാനത്തുടനീളം വ്യാപിപ്പിച്ച സ്കൂൾ ആരോഗ്യ പദ്ധതിയുടെ നടത്തിപ്പിലേക്കായി പ്രത്യേകം നിയോഗിക്കപ്പെട്ട സ്കൂൾ ഹെൽത്ത് നഴ്സമാരെ ആവശ്യാനുസൃതം നിയമിച്ചു. നിലവിൽ സംസ്ഥാനത്തൊട്ടാകെ 1100 സ്കൂൾ ഹെൽത്ത് നഴ്സമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.
- നിയമിതരായ എല്ലാ സ്കൂൾ ഹെൽത്ത് നഴ്സമാർക്കും 5 ദിവസം നീണ്ടു നിൽക്കുന്ന ഇൻഡക്ഷൻ പരിശീലനത്തിന് പുറമേ തുടർ പരിശീലനങ്ങളും നൽകിവരുന്നു.
- കൂടാതെ ആരോഗ്യവകുപ്പിലെ ജെപി.എച്ച്.എൻ., മെഡിക്കൽ ഓഫീസർമാർ, ജെ.എച്ച്.ഐ. അദ്ധ്യാപകർ, പ്രധാനാധ്യാപകർ എന്നിവർക്ക് സ്കൂൾ ഹെൽത്ത് പ്രോഗ്രാമിനെ സംബന്ധിച്ച ട്രെയിനിംഗ് നൽകിയിട്ടുണ്ട്.

- പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ഹെൽത്ത് റെക്കോർഡുകൾ, ഹെൽത്ത് രജിസ്റ്ററുകൾ, ആരോഗ്യ വിദ്യാഭ്യാസ പോസ്റ്ററുകൾ, വൈദ്യ പരിശോധനയ്ക്കായി പരിശോധനാ കിറ്റുകൾ മുതലായവ ലഭ്യമാക്കിയിട്ടുണ്ട്. ഇപ്രകാരം 7344 എക്യുപ്‌മെന്റ് കിറ്റുകൾ സ്കൂളുകളിൽ വിതരണം ചെയ്തിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ആരോഗ്യവകുപ്പിലെ സ്ഥലംമാറ്റം

1 (690) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ലാബ് ടെക്നീഷ്യൻ, സ്റ്റാഫ് നഴ്സ്, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ മുതലായ തസ്തികകളിലെ സ്ഥലം മാറ്റം അട്ടിമറിക്കപ്പെടുന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വ്യക്തമായ കോടതിവിധി ഉണ്ടായിട്ടും ആയത് അവഗണിച്ചാണ് പ്രസ്തുത തസ്തികകളിലെ സ്ഥലം മാറ്റം അട്ടിമറിക്കുന്നതെന്ന ഉദ്യോഗാർത്ഥികളുടെ പരാതി പരിഗണിക്കുമോ;

(സി) ഇതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ മാതൃകാപരമായി നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇക്കാര്യം നിലവിലെ ചട്ടങ്ങൾക്ക് വിധേയമായി പരിശോധിക്കുന്നതാണ്.

(സി) ബാധകമല്ല.

### സാമൂഹ്യ ആരോഗ്യകേന്ദ്രങ്ങൾ താലൂക്ക് ആശുപത്രിയായി ഉയർത്തിയതിന്റെ വിവരങ്ങൾ

2 (691) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം സാമൂഹ്യ ആരോഗ്യകേന്ദ്രങ്ങൾ താലൂക്ക് ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്;

(ബി) ആശുപത്രികളുടെ പേരും അപ്ഗ്രേഡ് ചെയ്ത തീയതിയും അറിയിക്കാമോ

ഉത്തരം

(എ&ബി) 1. 14-3-2013-ലെ ജി.ഒ. (എംഎസ്.) നമ്പർ 86/2013/ ആ.കു.വ. തീയതി പ്രകാരം തിരുവനന്തപുരം ഫോർട്ട് സാമൂഹികാരോഗ്യകേന്ദ്രം,

2. 26-9-2013-ലെ സ.ഉ. (എംഎസ്.) നമ്പർ 395/2013/ ആ.കു.വ. പ്രകാരം കോഴിക്കോട്, ബാലുശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രം,

3. 1-11-2013-ലെ സ.ഉ. (എംഎസ്.) നമ്പർ 434/2013/ ആ.കു.വ. പ്രകാരം വണ്ടൂർ സാമൂഹികാരോഗ്യകേന്ദ്രം, മലപ്പുറം,

4. 13-12-2013-ലെ സ.ഉ. (എംഎസ്.) നമ്പർ 484/2013/ ആ.കു.വ. പ്രകാരം അരീക്കോട് സാമൂഹികാരോഗ്യകേന്ദ്രം, മലപ്പുറം,

5. 12-2-2014-ലെ സ.ഉ. (എംഎസ്.) നമ്പർ 48/2014/ ആ.കു.വ. പ്രകാരം എറണാകുളം പള്ളുരുത്തി സാമൂഹികാരോഗ്യ കേന്ദ്രം,

6. 18-11-2015-ലെ സ.ഉ. (എംഎസ്.) നമ്പർ 263/2015/ ആ.കു.വ. പ്രകാരം ഇടുക്കി കട്ടപ്പന സാമൂഹികാരോഗ്യ കേന്ദ്രം എന്നീ സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ താലൂക്ക് ആശുപത്രികളായി ഉയർത്തിയിട്ടുണ്ട്.

## ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ ജോലി ചെയ്യുന്ന വെൽഫെയർ സെന്ററുകളുടെ വാടക കുടിശ്ശിക

3 (692) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ മേഖലയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ ജോലിചെയ്യുന്ന വെൽഫെയർ സെന്ററുകളുടെ വാടക കുടിശ്ശിക എന്തുകൊണ്ടാണ് സർക്കാർ നൽകാത്തതെന്ന് വ്യക്തമാക്കുമോ;

(ബി) വാടക നൽകാത്തതു സംബന്ധിച്ച് ജില്ലാ മെഡിക്കൽ ഓഫീസർമാരോ ആരോഗ്യ വകുപ്പ് ഡയറക്ടറോ സർക്കാരിനെ അറിയിച്ചിട്ടുണ്ടോ, എങ്കിൽ ആയത് ശ്രദ്ധയിൽപ്പെട്ടത് എന്നാണെന്ന് വ്യക്തമാക്കുമോ;

(സി) വാടക കുടിശ്ശികയായതുമൂലം കെട്ടിടം ഒഴിയണമെന്ന് ഉടമകൾ ആവശ്യപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ഇപ്രകാരം വാടക നൽകാത്തതുമൂലം കെട്ടിടം ഒഴിയേണ്ടിവന്നാൽ അതിൽ പ്രവർത്തിക്കുന്ന വെൽഫയർ സെൻററുകളിൽ നിന്നുമുള്ള സേവനം കുട്ടികൾക്കും സ്ത്രീകൾക്കും എങ്ങനെ നൽകുമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളുടെ വാടക എന്നത്തേക്ക് നൽകുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഫാമിലി വെൽഫയർ സബ്സെന്ററുകളുടെ വാടക മുൻവർഷങ്ങളിൽ എൻ.ആർ.എച്ച്.എം. വഴിയാണ് നൽകിയിരുന്നത്. ഇപ്പോൾ അവിടെ ഫണ്ട് ലഭ്യമല്ലാത്തതിനാലാണ് നൽകാൻ കഴിയാത്തത്. എൻ.ആർ.എച്ച്.എം.-ൽ ഫണ്ട് ലഭ്യമല്ലാത്തതിനാൽ ആലപ്പുഴ, കൊല്ലം, മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർമാർ ഇപ്പോൾ അവിടത്തെ വാടക കുടിശ്ശികയുടെ ലിസ്റ്റ് നൽകിയതനുസരിച്ച് ആയതിനുള്ള ഫണ്ട് അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ആലപ്പുഴ, കൊല്ലം, മലപ്പുറം എന്നീ ജില്ലാ മെഡിക്കൽ ഓഫീസർമാർ അവിടെയുള്ള ഫാമിലി വെൽഫയർ സബ്സെന്ററുകളുടെ വാടക കുടിശ്ശികയുടെ ലിസ്റ്റ് ആരോഗ്യവകുപ്പ് ഡയറക്ടർ മുഖേന 26-11-2015-ൽ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

(സി) വാടക കെട്ടിടം ഒഴിയണമെന്ന് ഉടമകൾ ആവശ്യപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഫണ്ട് അനുവദിക്കുന്നതിനായുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. ആയതു കഴിവതും വേഗം നൽകുന്നതാണ്.

**മെഡിക്കൽ കോളേജ് സ്ഥാപിക്കൽ**

4 (693) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജനറൽ ആശുപത്രി വളപ്പിൽ പുതിയ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനായി അവിടെയുള്ള എത്ര കെട്ടിടങ്ങൾ പൊളിച്ചുമാറ്റി ; പ്രസ്തുത കെട്ടിടങ്ങളിൽ ഏതൊക്കെ ചികിത്സാ വിഭാഗങ്ങൾ ആണ് പ്രവർത്തിച്ചു കൊണ്ടിരുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ചികിത്സാ വിഭാഗങ്ങൾ ഇപ്പോൾ ആശുപത്രിയിൽ എവിടെയാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) തിരുവനന്തപുരം ജനറൽ ആശുപത്രി വളപ്പിൽ പുതിയ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനായി ജീർണ്ണാവസ്ഥയിലുണ്ടായിരുന്ന രണ്ട് കെട്ടിടങ്ങൾ പൊളിച്ചു മാറ്റിയിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങളിൽ ചികിത്സാ വിഭാഗങ്ങളൊന്നും പ്രവർത്തിച്ചിരുന്നില്ല.

**ഇ-ഹെൽത്ത് പദ്ധതി**

5 (694) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇ-ഹെൽത്ത് പദ്ധതി പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; ഇതിന്റെ ഉദ്ദേശ്യ

ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ഇ-ഹെൽത്ത് പദ്ധതി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പദ്ധതിക്കുവേണ്ടിയുള്ള സോഫ്റ്റ് വെയർ നിർമ്മാണപ്രവർത്തനം ആരംഭിച്ചു. ഇ-ഹെൽത്ത് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്:

1. വിവരസാങ്കേതികവിദ്യയുടെ സഹായത്താൽ കേരളത്തിലെ പൊതു ജനാരോഗ്യ സംബന്ധമായ വിവരങ്ങൾ ഒരു കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനത്തിൽ ലഭ്യമാക്കുക.

2. കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിലും ബന്ധപ്പെട്ട മറ്റു പൊതുജനാരോഗ്യ സ്ഥാപനങ്ങളിലും കമ്പ്യൂട്ടർവൽകൃത സേവനങ്ങൾ ലഭ്യമാക്കുക.

3. കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളേയും ബന്ധപ്പെട്ട മറ്റു പൊതുജനാരോഗ്യ സ്ഥാപനങ്ങളേയും ഒരു വൈഡ് ഏരിയ നെറ്റ് വർക്കിലൂടെ കേന്ദ്രീകൃത കമ്പ്യൂട്ടർ സംവിധാനവുമായി ബന്ധിപ്പിക്കുക.

4. കേരളത്തിലെ സർക്കാർ മേഖലയിലുള്ള എല്ലാ അലോപ്പതി ആശുപത്രികളിൽ ചികിത്സ നടത്തുന്നവരുടെയും ചികിത്സാ വിവരങ്ങൾ കമ്പ്യൂട്ടറിൽ സൂക്ഷിക്കുകയും പിന്നീട് തുടർചികിത്സയ്ക്കായി വീണ്ടുമെത്തുമ്പോൾ അവ പ്രസ്തുത ആശുപത്രികളിലെ ഡോക്ടർമാർക്ക് അനായാസേന ലഭ്യമാക്കുകയും ചെയ്യുക.

**എൻ.ആർ.എച്ച്.എം. പദ്ധതി പ്രകാരം ലഭിച്ച തുക**

6 (695) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻ.ആർ.എച്ച്.എം. പദ്ധതിക്കായി കേന്ദ്രത്തിൽ നിന്നും എത്ര തുക ലഭിച്ചു ; പ്രസ്തുത തുക ഏതെല്ലാം പദ്ധതികൾക്കായാണ് ചെലവഴിച്ചത് ; വിശദവിവരം നൽകുമോ ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2015 നവംബർ മാസം വരെ ലഭിച്ച തുക താഴെ ചേർക്കുന്നു:

| വർഷം | കേന്ദ്ര വിഹിതം ലഭിച്ച തുക (രൂപ കോടിയിൽ) |
|---|---|
| 2011-12 | 599.87 |
| 2012-13 | 504.05 |
| 2013-14 | 359.2 |
| 2014-15 | 520 |
| 2015-16 | 161.98 |

(ബി) പ്രസ്തുത തുക താഴെ പറയുന്ന പ്രധാന പദ്ധതികൾക്കായാണ് ചെലവഴിച്ചത്:

1. മാതൃ ആരോഗ്യ പദ്ധതി
2. ജനനി സുരക്ഷാ യോജന
3. മാതൃമരണ ആഡിറ്റ് നടപ്പാക്കുക
4. ജനനി ശിശു സുരക്ഷാ കാര്യക്രം
5. നവജാത ശിശുക്കളുടെ സ്ക്രീനിംഗ് പ്രോഗ്രാം
6. ശിശു ആരോഗ്യ പദ്ധതി
7. വിദ്യാലയ ആരോഗ്യ പദ്ധതി
8. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം
9. ഇമ്മ്യൂണൈസേഷൻ
10. കുടുംബക്ഷേമ പദ്ധതി
11. കൗമാര ആരോഗ്യ പദ്ധതി

12. നഗരമേഖലയിലെ പ്രജനന ശൈശവ ആരോഗ്യ പദ്ധതി
13. ആദിവാസി മേഖലയിലെ ആരോഗ്യ പദ്ധതി
14. പി.എൻ.ഡി.റ്റി. ആക്ട് നടപ്പാക്കുക
15. ആരോഗ്യ പരിശീലനം
16. ആരോഗ്യ മേഖലയിലെ മാനവശേഷി വികസനം
17. അംഗീകൃത സാമൂഹിക ആരോഗ്യ പ്രവർത്തക (ആശ) പദ്ധതി
18. ആശുപത്രികൾ, സാമൂഹിക ആരോഗ്യകേന്ദ്രം, പ്രാഥമിക ആരോഗ്യകേന്ദ്രം, ഉപകേന്ദ്രം എന്നിവയ്ക്ക് ഉപാധിരഹിത ഫണ്ട്
19. ആശുപത്രികൾ, സാമൂഹിക ആരോഗ്യകേന്ദ്രം, പ്രാഥമിക ആരോഗ്യകേന്ദ്രം എന്നിവയ്ക്ക് ആശുപത്രി നിർവ്വഹണ സമിതി ഗ്രാന്റ്
20. ആശുപത്രികൾ, സാമൂഹിക ആരോഗ്യകേന്ദ്രം, പ്രാഥമിക ആരോഗ്യകേന്ദ്രം, ഉപകേന്ദ്രം എന്നിവയ്ക്ക് അറ്റകുറ്റപ്പണികൾക്കുള്ള ഗ്രാന്റ്
21. ആശുപത്രികളുടെ നവീകരണവും കെട്ടിട നിർമ്മാണവും
22. ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കൽ
23. ആശുപത്രികളിൽ ക്വാളിറ്റി അഷ്വറൻസ് പദ്ധതി നടപ്പാക്കുക
24. ആയുഷ് പദ്ധതി
25. ആരോഗ്യ ബോധശീലവൽക്കരണ പ്രവർത്തനങ്ങൾ
26. പദ്ധതികളുടെ മേൽനോട്ടവും അവലോകനവും
27. ആരോഗ്യ വിവര ശേഖരണ പദ്ധതി (എച്ച്.ഐ.എം.എസ്.)
28. റേഡിയോ ഹെൽത്ത്

29. ജീവിതശൈലീരോഗ നിയന്ത്രണ പദ്ധതി

30. അയഡിൻ കുറവുമൂലമുണ്ടാകുന്ന രോഗനിയന്ത്രണ പദ്ധതി

31. സംയോജിത രോഗ അവലോകന പദ്ധതി

32. ദേശീയ ജന്തുജന്യരോഗ നിയന്ത്രണ പദ്ധതി

33. ദേശീയ ക്ഷയരോഗ നിയന്ത്രണ പദ്ധതി

34. ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി

35. സമഗ്ര ആരോഗ്യ പദ്ധതി

## ഡി.എച്ച്.എസ്.-ലെ തപാൽ സെക്ഷനിലെ കാലതാമസം

7 (696) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.എച്ച്.എസ്. - ലെ തപാൽ സെക്ഷനിൽനിന്നും തപാലുകൾക്ക് നമ്പർ ലഭിക്കുന്നതിനുവേണ്ടി എം.എൽ.എ.-മാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ സമ്മർദ്ദം ചെലുത്തേണ്ടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ കാരണം അന്വേഷിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത കാലതാമസം പരിഹരിക്കുന്നതിൽ വകുപ്പ് മേധാവി വേണ്ടത്ര ശ്രദ്ധചെലുത്തുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനായി വകുപ്പ് മേധാവി 2015 സെപ്റ്റംബർ മുതൽ നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(സി) പ്രസ്തുത നടപടിയുടെ ഫലമായി സെക്ഷന്റെ പ്രവർത്തനത്തിൽ എത്രമാത്രം പുരോഗതിയുണ്ടായി എന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ തപാൽ സെക്ഷനിലെ

ജീവനക്കാരുടെ കുറവ് കാരണം 2015 ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ തപാലുകൾ വിതരണം ചെയ്യുന്നതിൽ ചെറിയ കാലതാമസം വന്നിട്ടുണ്ട്. എന്നിരുന്നാലും അടിയന്തര പ്രാധാന്യമുള്ള തപാലുകൾ യഥാസമയം ബന്ധപ്പെട്ട സെക്ഷനുകളിൽ എത്തിച്ചിട്ടുണ്ട്. ഇപ്പോൾ യാതൊരുവിധ താമസവും ഉണ്ടാകുന്നില്ല.

(ബി) ഇല്ല. 2015 സെപ്റ്റംബർ മാസത്തിനുശേഷം തപാൽ സെക്ഷനിൽ ഒഴിവുണ്ടായിരുന്ന തസ്തികയിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിച്ച് സെക്ഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. തപാൽ വിതരണത്തിനായി ഒരു ജൂനിയർ സൂപ്രണ്ട് സെക്ഷന്റെ മേൽനോട്ടം വഹിക്കുന്നു.

(സി) വിലയിരുത്തിയിട്ടുണ്ട്. ഒഴിവുണ്ടായിരുന്ന തസ്തികകളിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിച്ചുകൊണ്ട് തപാൽ വിതരണം വേഗത്തിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

**ആശാ വർക്കർമാർ**

8 (697) <u>ശ്രീ. കെ. അജിത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം നിയോജക മണ്ഡലത്തിൽ ആകെ എത്ര ആശാവർക്കർമാരാണ് പ്രവർത്തിച്ചുവരുന്നതെന്നും ഇവരെ ഏതെല്ലാം ജോലികൾക്കാണ് നിയോഗിക്കുന്നതെന്നും വ്യക്തമാക്കുമോ;

(ബി) ആശാവർക്കർമാർക്ക് ഇപ്പോൾ നൽകുന്ന വേതനം എത്ര; വ്യക്തമാക്കുമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിൽ ആശാവർക്കർമാരുടെ എണ്ണം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വൈക്കം നിയോജക മണ്ഡലത്തിലെ 189 ആശാവർക്കർമാരാണ് പ്രവർത്തിച്ചുവരുന്നത്. ഇവരെ പ്രധാനമായും അമ്മയും കുഞ്ഞും പദ്ധതിയുടെ പ്രവർത്തനങ്ങൾക്കും വാർഡ് ഹെൽത്ത് സാനിറ്റേഷൻ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്കും കുടുംബാസൂത്രണ പദ്ധതിയുടെ പ്രവർത്തനങ്ങൾക്കും ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട വരുന്ന മറ്റ് പ്രവർത്തനങ്ങൾക്കുമാണ് നിയോഗിക്കുന്നത്.

(ബി)

| ക്രമ നമ്പർ | ഇനം | തുക (രൂപയിൽ) |
|---|---|---|
| (1) | (2) | (3) |
| 1 | ജെ.എസ്.വൈ | 300x2 |
| 2 | ഇമ്മ്യൂണൈസേഷന് 1 കുട്ടിയെ ആശുപത്രിയിൽ എത്തിക്കുന്നതിനായുള്ള ഇൻസന്റീവ് | 20 |
| (1) | (2) | (3) |
| 3 | 1 വയസുവരെയുള്ള എല്ലാ കുത്തിവയ്പുകളും എടുപ്പിക്ക ന്നതിന് | 100 |
| 4 | 2 വയസുവരെയുള്ള എല്ലാ കുത്തിവയ്പുകളും എടുപ്പിക്കുന്നതിന് | 50 |
| 5 | മാസാവലോകന മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിന് | 100 |
| 6 | ഹോണറേറിയം | 1000 |
| 7 | വാർഡ്തല ആരോഗ്യ പോഷണ ദിനാചരണം | 100 |
| 8 | വന്ധ്യംകരണം -സ്ത്രീകൾ പുരുഷൻമാർ | 150/200 |

മേൽ പ്രസ്താവിച്ചിരിക്കുന്ന തുക നൽകുന്നത് നാഷണൽ ഹെൽത്ത് മിഷന്റെ നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും.

(സി) തദ്ദേസശസ്വയംഭരണ സ്ഥാപന പരിധിയിൽ ആശാവർക്കർമാരുടെ എണ്ണം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം ജനസംഖ്യയാണ്. ഗ്രാമപ്രദേശങ്ങളിൽ 1000 ജനസംഖ്യയ്ക്ക് 1 ആശാവർക്കർ, നഗരപ്രദേശങ്ങളിൽ 1000-2500 ജനസംഖ്യയ്ക്ക് 1 ആശാവർക്കർ എന്ന തോതിലാണ് നിയമിക്കുന്നത്.

## കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ

9 (698) <u>ശ്രീ. ജോസ് തെറ്റയിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നിലവിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത് ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കോർപ്പറേഷൻ മുഖാന്തിരം വാങ്ങി സപ്ലൈ ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം സംബന്ധിച്ചും അതിൽ ഉണ്ടായിട്ടുള്ള ക്രമക്കേടുകളെ സംബന്ധിച്ചും ഉള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ആക്ഷേപങ്ങളിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ ആരോഗ്യവകുപ്പിനും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനും കീഴിൽ വരുന്ന സർക്കാർ ആശുപത്രികൾക്ക് ആവശ്യമായ മരുന്നുകൾ, വാക്സിനുകൾ, ഉപകരണങ്ങൾ എന്നിവ വകുപ്പ് തലവന്മാർ അംഗീകരിച്ച് നൽകുന്ന വാർഷിക ഇൻഡന്റ് അനുസരിച്ച് ദേശീയ അടിസ്ഥാനത്തിൽ മത്സര ടെൻഡർ ക്ഷണിച്ച് സുതാര്യമായ നടപടിക്രമങ്ങളിലൂടെ വിതരണം ചെയ്യുന്നതാണ് കോർപ്പറേഷന്റെ പ്രധാന പ്രവർത്തനം. കൂടാതെ ദേശീയ ആരോഗ്യ ദൗത്യത്തിന്റെ കീഴിൽ വരുന്ന നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കാവശ്യമായ ജനറിക് മരുന്നുകളും അനുബന്ധ ഉപകരണങ്ങളും കോർപ്പറേഷൻ മുഖേന സംഭരിച്ച് വിതരണം ചെയ്തുവരുന്നു. കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ മുഖേന അവശ്യമരുന്നുകളും അനുബന്ധ ഉപകരണങ്ങളും ക്യാൻസർ, കിഡ്നി, ഹീമോഫീലിയ തുടങ്ങിയ രോഗങ്ങൾക്കുള്ള വളരെ വിലകൂടിയ മരുന്നുകളും പൊതു വിപണിയേക്കാൾ വിലക്കുറവിൽ രോഗികൾക്ക് ലഭ്യമാക്കുന്നുണ്ട്. നിലവിൽ 39 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളാണ് പ്രവർത്തിക്കുന്നത്. മരുന്നുകളുടെ ഗുണനിലവാരം സംബന്ധിച്ച് ഒറ്റപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എം.എസ്.സി.എൽ.) വഴി വിതരണം ചെയ്യുന്ന ജനറിക് മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് അഞ്ച് (5) തലങ്ങളിലുള്ള മുൻകരുതലുകളാണ് സ്വീകരിച്ചുവരുന്നത്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ സംബന്ധിച്ച് സംസ്ഥാന ഔഷധ നിയന്ത്രണ വിഭാഗത്തിൽനിന്നോ മറ്റ് ഏതെങ്കിലും തരത്തിലോ ജനറിക് മരുന്നുകളുടെ ഗുണനിലവാരവുമായി ബന്ധപ്പെട്ട് റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് ടി മരുന്നുകളുടെ വിതരണം ഉടനടി നിർത്തിവയ്ക്കുകയും കമ്പനികളെ കരിമ്പട്ടികയിൽ പെടുത്തുന്നതുൾപ്പെടെയുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ കരിമ്പട്ടികയിൽപ്പെടുത്തിയ കമ്പനികൾക്ക് അടുത്ത മൂന്ന്

വർഷക്കാലത്തേയ്ക്ക് ഇന്ത്യയിൽ മരുന്ന് വിതരണവുമായി ബന്ധപ്പെട്ട ഒരു ദർഘാസുകളിലും പങ്കെടുക്കാൻ സാധിക്കുന്നതല്ല. നിലവിൽ മേൽ നടപടിക്രമങ്ങളിലൂടെ കോർപ്പറേഷൻ 32 ഇനം മരുന്നുകളെയും 5 മരുന്ന് കമ്പനികളെയും കരിമ്പട്ടികയിൽപ്പെടുത്തിയിട്ടുണ്ട്.

**കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനം**

10 (699) <u>ശ്രീ. മാത്യു ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത കോർപ്പറേഷൻ മുഖാന്തിരം വാങ്ങിനല്കുന്ന മരുന്നുകളുടെ ഗുണനിലവാരം സംബന്ധിച്ചും അതിൽ ഉണ്ടായിട്ടുള്ള ക്രമക്കേടുകളെ സംബന്ധിച്ചുമുള്ള ആക്ഷേപങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ ആരോഗ്യവകുപ്പിനും, ആരോഗ്യവിദ്യാഭ്യാസ വകുപ്പിനും കീഴിൽ വരുന്ന സർക്കാർ ആശുപത്രികൾക്ക് ആവശ്യമായ മരുന്നുകൾ, വാക്സിനുകൾ, ഉപകരണങ്ങൾ എന്നിവ വകുപ്പ് തലവന്മാർ അംഗീകരിച്ച് നൽകുന്ന വാർഷിക ഇൻഡന്റ് അനുസരിച്ച് ദേശീയ അടിസ്ഥാനത്തിൽ മത്സര ടെണ്ടർ ക്ഷണിച്ച് സുതാര്യമായ നടപടിക്രമങ്ങളിലൂടെ വിതരണം ചെയ്യുന്നതാണ് കോർപ്പറേഷന്റെ പ്രധാന പ്രവർത്തനം. കൂടാതെ ദേശീയ ആരോഗ്യ ദൗത്യത്തിന്റെ കീഴിൽ വരുന്ന നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കാവശ്യമായ ജനറിക് മരുന്നുകളും അനുബന്ധ ഉപകരണങ്ങളും കോർപ്പറേഷൻ മുഖേന സംഭരിച്ച് വിതരണം ചെയ്തുവരുന്നു. ഈ കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ മുഖേന അവശ്യമരുന്നുകളും അനുബന്ധ ഉപകരണങ്ങളും ക്യാൻസർ, കിഡ്നി, ഹീമോഫീലിയ തുടങ്ങിയ രോഗങ്ങൾക്കുള്ള വളരെ വിലകൂടിയ മരുന്നുകളും പൊതുവിപണിയേക്കാൾ വിലക്കുറവിൽ രോഗികൾക്ക്

ലഭ്യമാകുന്നുണ്ട്. നിലവിൽ 39 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളാണ് പ്രവർത്തിക്കുന്നത്. മരുന്നുകളുടെ ഗുണനിലവാരം സംബന്ധിച്ച ഒറ്റപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എം.എസ്.സി.എൽ.) വഴി വിതരണം ചെയ്യുന്ന ജനറിക് മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് അഞ്ച് (5) തലങ്ങളിലുള്ള മുൻകരുതലുകളാണ് സ്വീകരിച്ചുവരുന്നത്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ സംബന്ധിച്ച് സംസ്ഥാന ഔഷധ നിയന്ത്രണ വിഭാഗത്തിൽ നിന്നോ മറ്റ് ഏതെങ്കിലും തരത്തിലോ ജനറിക് മരുന്നുകളുടെ ഗുണനിലവാരവുമായി ബന്ധപ്പെട്ട് റിപ്പോർട്ടുകൾ ലഭിക്കുന്നമുറയ്ക്ക് ടി മരുന്നുകളുടെ വിതരണം ഉടനടി നിർത്തിവയ്ക്കുകയും കമ്പനികളെ കരിമ്പട്ടികയിൽ പ്പെടുത്തുന്നതുൾപ്പെടെയുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ കരിമ്പട്ടികയിൽപ്പെടുത്തിയ കമ്പനികൾക്ക് അടുത്ത മൂന്ന് വർഷക്കാലത്തേക്ക് ഇന്ത്യയിൽ മരുന്ന് വിതരണവുമായി ബന്ധപ്പെട്ട ഒരു ദർഘാസുകളിലും പങ്കെടുക്കാൻ സാധിക്കുന്നതല്ല. നിലവിൽ മേൽ നടപടി ക്രമങ്ങളിലൂടെ കോർപ്പറേഷൻ 32 ഇനം മരുന്നുകളെയും 5 മരുന്ന് കമ്പനികളെയും കരിമ്പട്ടികയിൽപ്പെടുത്തിയിട്ടുണ്ട്.

**കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനം**

11 (700) <u>ശ്രീ. സി. കെ. നാണു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നിലവിൽ ഏതെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത കോർപ്പറേഷൻ മുഖേന വാങ്ങി വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം, അതിൽ ഉണ്ടായിട്ടുള്ള ക്രമക്കേടുകൾ എന്നിവ സംബന്ധിച്ചുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആക്ഷേപങ്ങളിൻമേൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ ആരോഗ്യവകുപ്പിനും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനും കീഴിൽ വരുന്ന സർക്കാർ ആശുപത്രികൾക്ക് ആവശ്യമായ മരുന്നുകൾ, വാക്സിനുകൾ, ഉപകരണങ്ങൾ എന്നിവ വകുപ്പ് തലവന്മാർ അംഗീകരിച്ച് നൽകുന്ന വാർഷിക ഇൻഡന്റ് അനുസരിച്ച് ദേശീയ അടിസ്ഥാനത്തിൽ മത്സര ടെൻഡർ ക്ഷണിച്ച് സുതാര്യമായ നടപടിക്രമങ്ങളിലൂടെ വിതരണം ചെയ്യുന്നതാണ് കോർപ്പറേഷന്റെ പ്രധാന പ്രവർത്തനം. കൂടാതെ ദേശീയ ആരോഗ്യ ദൗത്യത്തിന്റെ കീഴിൽ വരുന്ന നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കാവശ്യമായ ജനറിക് മരുന്നുകളും അനുബന്ധ ഉപകരണങ്ങളും കോർപ്പറേഷൻ മുഖേന സംഭരിച്ച് വിതരണം ചെയ്തുവരുന്നു. ഈ കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ മുഖേന അവശ്യമരുന്നുകളും, അനുബന്ധ ഉപകരണങ്ങളും, ക്യാൻസർ, കിഡ്നി, ഹീമോഫീലിയ തുടങ്ങിയ രോഗങ്ങൾക്കുള്ള വളരെ വിലകൂടിയ മരുന്നുകളും പൊതുവിപണിയേക്കാൾ വിലക്കുറവിൽ രോഗികൾക്ക് ലഭ്യമാകുന്നുണ്ട്. നിലവിൽ 39 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളാണ് പ്രവർത്തിക്കുന്നത്. മരുന്നുകളുടെ ഗുണനിലവാരം സംബന്ധിച്ച ഒറ്റപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എം.എസ്.സി.എൽ.) വഴി വിതരണം ചെയ്യുന്ന ജനറിക് മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് അഞ്ച് (5) തലങ്ങളിലുള്ള മുൻകരുതലുകളാണ് സ്വീകരിച്ചുവരുന്നത്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ സംബന്ധിച്ച് സംസ്ഥാന ഔഷധ നിയന്ത്രണ വിഭാഗത്തിൽനിന്നോ മറ്റ് ഏതെങ്കിലും തരത്തിലോ ജനറിക് മരുന്നുകളുടെ ഗുണനിലവാരവുമായി ബന്ധപ്പെട്ട് റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് ടി മരുന്നുകളുടെ വിതരണം ഉടനടി നിർത്തിവയ്ക്കുകയും കമ്പനികളെ കരിമ്പട്ടികയിൽ പെടുത്തുന്നതുൾപ്പെടെയുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ കരിമ്പട്ടികയിൽപ്പെടുത്തിയ കമ്പനികൾക്ക് അടുത്ത മൂന്ന് വർഷക്കാലത്തേക്ക് ഇന്ത്യയിൽ മരുന്ന് വിതരണവുമായി ബന്ധപ്പെട്ട ഒരു ദർഘാസുകളിലും പങ്കെടുക്കാൻ സാധിക്കുന്നതല്ല. നിലവിൽ മേൽ നടപടി ക്രമങ്ങളിലൂടെ കോർപ്പറേഷൻ 32 ഇനം മരുന്നുകളെയും 5 മരുന്നു കമ്പനികളെയും

കരിമ്പട്ടികയിൽപ്പെടുത്തിയിട്ടുണ്ട്.

**കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രവർത്തനം**

12 (701) ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(ബി) അവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) പ്രസ്തുത കോർപ്പറേഷൻ മുഖാന്തരം വാങ്ങി സപ്ലൈ ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം സംബന്ധിച്ചും അതിൽ ഉണ്ടായിട്ടുള്ള ക്രമക്കേടുകളെ സംബന്ധിച്ചും ഉള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ആ ആക്ഷേപങ്ങളിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ ആരോഗ്യവകുപ്പിനും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനും കീഴിൽ വരുന്ന സർക്കാർ ആശുപത്രികൾക്ക് ആവശ്യമായ മരുന്നുകൾ, വാക്സിനുകൾ, ഉപകരണങ്ങൾ എന്നിവ വകുപ്പ് തലവന്മാർ അംഗീകരിച്ച് നൽകുന്ന വാർഷിക ഇൻഡന്റ് അനുസരിച്ച് ദേശീയ അടിസ്ഥാനത്തിൽ മത്സര ടെൻഡർ ക്ഷണിച്ച് സുതാര്യമായ നടപടിക്രമങ്ങളിലൂടെ വിതരണം ചെയ്യുന്നതാണ് കോർപ്പറേഷന്റെ പ്രധാന പ്രവർത്തനം. കൂടാതെ ദേശീയ ആരോഗ്യ ദൗത്യത്തിന്റെ കീഴിൽ വരുന്ന നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്കാവശ്യമായ ജനറിക് മരുന്നുകളും അനുബന്ധ ഉപകരണങ്ങളും കോർപ്പറേഷൻ മുഖേന സംഭരിച്ച് വിതരണം ചെയ്തുവരുന്നു. കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ മുഖേന അവശ്യ മരുന്നുകളും അനുബന്ധ ഉപകരണങ്ങളും ക്യാൻസർ, കിഡ്നി, ഹീമോഫീലിയ തുടങ്ങിയ രോഗങ്ങൾക്കുള്ള വളരെ വിലകൂടിയ മരുന്നുകളും പൊതുവിപണിയേക്കാൾ വിലക്കുറവിൽ രോഗികൾക്ക് ലഭ്യമാക്കുന്നുണ്ട്. നിലവിൽ

39 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളാണ് പ്രവർത്തിക്കുന്നത്.

(സി&ഡി) മരുന്നുകളുടെ ഗുണനിലവാരം സംബന്ധിച്ച ഒറ്റപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എം.എസ്.സി.എൽ.) വഴി വിതരണം ചെയ്യുന്ന ജനറിക് മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് അഞ്ച് (5) തലങ്ങളിലുള്ള മുൻകരുതലുകളാണ് സ്വീകരിച്ചുവരുന്നത്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ സംബന്ധിച്ച് സംസ്ഥാന ഔഷധ നിയന്ത്രണ വിഭാഗത്തിൽനിന്നോ മറ്റ് ഏതെങ്കിലും തരത്തിലോ ജനറിക് മരുന്നുകളെ സംബന്ധിച്ച് ഗുണനിലവാരവുമായി ബന്ധപ്പെട്ട് റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് ടി മരുന്നുകളുടെ വിതരണം ഉടനടി നിർത്തി വയ്ക്കുകയും കമ്പനികൾകളെ കരിമ്പട്ടികയിൽപ്പെടുത്തുന്നതുൾപ്പെടെയുള്ള നടപടികൾ കോർപ്പറേഷൻ സ്വീകരിക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ കരിമ്പട്ടികയിൽപ്പെടുത്തിയ മരുന്നുകൾക്കും കമ്പനികൾക്കും അടുത്ത മൂന്ന് വർഷക്കാലത്തേക്ക് ഇന്ത്യയിൽ മരുന്ന് വിതരണവുമായി ബന്ധപ്പെട്ട ഒരു ദർഘാസുകളിലും പങ്കെടുക്കാൻ സാധിക്കുന്നതല്ല. നിലവിൽ മേൽ നടപടിക്രമങ്ങളിലൂടെ കോർപ്പറേഷൻ 32 ഇനം മരുന്നുകളെയും 5 മരുന്ന് കമ്പനികളെയും കരിമ്പട്ടികയിൽപ്പെടുത്തിയിട്ടുണ്ട്.

## അന്യ സംസ്ഥാനത്തുനിന്നും വരുന്ന വിഷലിപ്തമായ ഭക്ഷ്യവസ്തുക്കൾ

13 (702) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനത്തുനിന്നും വരുന്ന പഴങ്ങൾ, പച്ചക്കറികൾ, പാൽ എന്നിവയിൽ അനുവദനീയമായതിൽ കൂടുതൽ വിഷാംശം ഉണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ഭക്ഷ്യോൽപ്പന്നങ്ങൾ ചെക്ക് പോസ്റ്റുകളിൽ പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദമാക്കുമോ;

(സി) കഴിഞ്ഞ 6 മാസത്തിനുള്ളിൽ ഇത്തരം വിഷലിപ്തമായ ഭക്ഷ്യ വസ്തുക്കൾ വിൽപനയ്ക്കായി എത്തിച്ചതിന്റെ പേരിൽ എത്ര കമ്പനികൾ/സ്ഥാപനങ്ങൾ/ വിതരണക്കാർക്കെതിരെ നടപടിയെടുത്തിട്ടുണ്ട്; വിശദാംശം നൽകുമോ;

(ഡി) ഇത്തരം ഭക്ഷ്യ വസ്തുക്കൾ അതിർത്തി കടന്ന് വരുന്നില്ലെന്ന് ഉറപ്പു വരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അന്യസംസ്ഥാനത്തുനിന്നും വരുന്ന പഴങ്ങൾ, പച്ചക്കറികൾ എന്നിവയിൽ കീടനാശിനിയുടെ അംശം കണ്ടെത്തിയിട്ടുണ്ട്. പാലിൽ കീടനാശിനിയുടെ അംശം കണ്ടെത്തിയിട്ടില്ല.

(ബി) ചെക്ക് പോസ്റ്റുകളിൽ പരിശോധിക്കുന്നതിന് സ്ഥിരം സംവിധാനങ്ങളില്ല. എന്നാൽ അന്യസംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ കൊണ്ടുവരുന്ന എല്ലാത്തരം ഭക്ഷ്യോൽപ്പന്നങ്ങളുടെയും സാമ്പിളുകൾ ചെക്ക്പോസ്റ്റുൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിന്ന് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലുള്ള അനലറ്റിക്കൽ ലാബുകളിലും കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള പെസ്റ്റിസൈഡ് റസഡ്യൂടെസ്റ്റിംഗ് ലാബിലേക്കും അയച്ച് പരിശോധിക്കാറുണ്ട്.

(സി) സംസ്ഥാനത്തെ വിപണികളിൽനിന്ന് കഴിഞ്ഞ 6 മാസത്തിനുള്ളിൽ പരിശോധിച്ച ഭക്ഷ്യവസ്തുക്കളിൽ കീടനാശിനിയുടെ അംശം കണ്ടെത്തിയിട്ടുണ്ട്. ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമത്തിൽ പ്രതിപാദിക്കാത്ത നിരവധി കീടനാശിനികളുടെ സാന്നിധ്യമാണ് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. ആയതിനാൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാരനിയമം അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

(ഡി) ചെക്ക് പോസ്റ്റ് കേന്ദ്രീകരിച്ച് ഉത്സവകാലയളവുകളിൽ സ്പെഷ്യൽ സ്ക്വാഡുകളെ നിയോഗിച്ച് പച്ചക്കറികൾ, പാൽ എന്നിവ കൊണ്ടുവരുന്ന വാഹനങ്ങൾ പരിശോധിക്കുകയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്യാറുണ്ട്. കൂടാതെ പ്രത്യേക സാഹചര്യങ്ങളിൽ അതിർത്തി ചെക്ക്പോസ്റ്റുക ളുള്ള ജില്ലയിൽ പ്രത്യേക ജാഗ്രത നിർദ്ദേശം നൽകാറുള്ളതും അതിർത്തി കടന്ന് വരുന്ന ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ കൂടുതലായി സ്വീകരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാറുമുണ്ട്.

**ആന്റി റാബീസ് വാക്സിൻ**

14 (703) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യത്തിന്

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജില്ലാ ആശുപത്രികളിൽ ആന്റി - റാബീസ് വാക്സിനുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

ജില്ലാ മെഡിക്കൽ ഓഫീസർമാർ നൽകുന്ന വാർഷിക indent സംസ്ഥാന തലത്തിൽ സൂക്ഷ്മ പരിശോധന നടത്തിയതിനുശേഷമാണ് എത്ര ആന്റിറാബീസ് വാക്സിൻ ജില്ലാ ആശുപത്രികളിൽ ലഭ്യമാക്കണമെന്ന് തീരുമാനിക്കുന്നത്. ആന്റിറാബീസ് വാക്സിന്റെ സംഭരണവും വിതരണവും നടത്തുന്നത് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ്. ഇപ്പോൾ എല്ലാ ജില്ലാ ആശുപത്രികളിലും ആന്റിറാബീസ് വാക്സിൻ ലഭ്യമാണ്.

**എയർ ആംബുലൻസ് സർവ്വീസ്**

15 (704) ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിൽ എയർ ആംബുലൻസ് സർവ്വീസ് ആരംഭിക്കുന്നതിനുള്ള സാധ്യത പഠനം നടത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മൃതസഞ്ജീവനി പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് എയർ ആംബുലൻസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കേരളത്തിൽ അത്യാസന്ന നിലയിലുള്ള രോഗികൾക്ക് സേവനം നൽകുവാനും മൃതസഞ്ജീവനി പദ്ധതി കാര്യക്ഷമമായി നടത്തുവാനുമായി താത്പര്യമുള്ള വ്യക്തികൾ, കമ്പനികൾ അല്ലെങ്കിൽ കൂട്ടായ്മയിൽനിന്നും എയർ ആംബുലൻസ് സർവ്വീസ് നടത്തുവാനായി സർക്കാർ നിർദ്ദേശപ്രകാരം കേരളാ

മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 13-8-2015-ൽ പ്രസ്തുത പദ്ധതിയിൽ സർക്കാരിന്റെ പങ്കിനെക്കുറിച്ചുള്ള വിശദ വിവരണം ഉൾപ്പെടെ ആവശ്യപ്പെട്ടു കൊണ്ട് താത്പര്യപത്രം ക്ഷണിക്കുകയും തത്ഫലമായി 7 കമ്പനികൾ താത്പര്യപത്രം സമർപ്പിക്കുകയുമുണ്ടായി. G.O.(Rt) No. 3289/2015/H&FWD dated, 18-10-2015 പ്രകാരം 7 അംഗ കമ്മിറ്റിയെ ഈ താത്പര്യ പത്രങ്ങൾ വിശദമായി പഠിക്കുവാനും ഈ പദ്ധതി പ്രവർത്തിപ്പിക്കുവാനുമുള്ള സാങ്കേതിക സാമ്പത്തിക മാനദണ്ഡങ്ങൾ നിർണയിക്കുവാനുമായി ഉത്തരവായിട്ടുണ്ട്. G.O.(MS) No. 251/2015/H&FWD dated, 11-11-2015 പ്രകാരം കേരളത്തിലെ അത്യാസന്ന നിലയിലുള്ള രോഗികളെ ഉയർന്ന നിലവാരമുള്ള ആശുപത്രികളിലേക്ക് നീക്കം ചെയ്യുവാനും അവയവമാറ്റ ശസ്ത്രക്രിയയെ സഹായിക്കുന്നതിനുമായി കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിനായി നോഡൽ ഏജൻസിയായി നിയമിച്ചുകൊണ്ട് ഭരണപരമായി അംഗീകാരം നൽകുകയും ചെയ്തു. ഇതിൻപ്രകാരം കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ തത്പര്യപത്രം സമർപ്പിച്ച കമ്പനികളുടെ ഒരു യോഗം 2-12-2015-ൽ ചേരുന്നതാണ്.

**പുതിയ മെഡിക്കൽ കോളേജുകൾ**

16 (705) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. പാലോട് രവി :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തത് ;

(ബി) ഏതെല്ലാം മേഖലകളിലാണ് മെഡിക്കൽ കോളേജുകൾ തുടങ്ങുന്നത്; വിശദീകരിക്കുമോ;

(സി) ഓരോ മെഡിക്കൽ കോളേജും സംബന്ധിച്ച നിർമ്മാണ പുരോഗതി വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) സർക്കാർ മേഖലയിൽ പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുന്നതിന് വിപുലമായ പദ്ധതികൾ സർക്കാർ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സർക്കാർ മേഖലയിൽ നേരത്തെ നിലവിലുണ്ടായിരുന്ന 5 മെഡിക്കൽ കോളേജുകളെ കൂടാതെ മഞ്ചേരിയിലും ഇടുക്കിയിലും പുതിയ രണ്ട് മെഡിക്കൽ കോളേജുകൾ സ്ഥാപിച്ച് കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കോന്നിയിലും തിരുവനന്തപുരത്തും ആരംഭിക്കാനുദ്ദേശിക്കുന്ന പുതിയ രണ്ട് മെഡിക്കൽ കോളജുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തീകരിച്ചുവരികയാണ്. തിരുവനന്തപുരത്ത് തുടങ്ങുന്ന പുതിയ മെഡിക്കൽ കോളേജിനാവശ്യമായ മൂന്നു നിലയിലുള്ള അക്കാഡമിക് ബ്ലോക്കിന്റെ നിർമ്മാണം ജനറൽ ആശുപത്രി കാമ്പസിൽ പുരോഗമിച്ചുവരുന്നു. പ്രസ്തുത രണ്ട് കോളേജുകളിലും അടുത്ത അധ്യയന വർഷം തന്നെ ക്ലാസുകൾ തുടങ്ങുന്നതിന് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം തേടിയിട്ടുണ്ട്. ടി കോളേജുകളിൽ പ്രാരംഭഘട്ടത്തിൽ ആവശ്യമായ തസ്തികകളും സൃഷ്ടിച്ചുകഴിഞ്ഞിട്ടുണ്ട്. കോന്നി മെഡിക്കൽ കോളേജിനോടനു ബന്ധിച്ചുള്ള ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയായി വരുന്നു. നാലുനിലകളിലായുള്ള പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണവും ദ്രുതഗതിയിലാണ്.

മഞ്ചേരി ജില്ലാ ആശുപത്രിയുടെ സേവനം പ്രയോജനപ്പെടുത്തി മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. ഇവിടെ 100 എം.ബി.ബി.എസ്. സീറ്റുകളിലേക്ക് പ്രവേശനം നടത്തി ക്ലാസുകൾ നടന്നുവരുന്നു. പ്രീക്ലിനിക്, പാരാക്ലിനിക് വിഭാഗങ്ങളുടെ പ്രവർത്തനം പൂർണ്ണ തോതിൽ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇതിനായുള്ള തസ്തികകൾ സൃഷ്ടിക്കുന്ന നടപടിയും നടന്നുവരുന്നു. ഇടുക്കി (ചെറുതോണി) ജില്ലാ ആശുപത്രിയുടെ സേവനം പ്രയോജനപ്പെടുത്തി ഇടുക്കി സർക്കാർ മെഡിക്കൽ കോളേജ് താത്കാലിക കാമ്പസിൽ 50 എം.ബി.ബി.എസ്. സീറ്റുകളിലേയ്ക്ക് പ്രവേശനം നടത്തി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പുതിയ കോളേജ് കെട്ടിടം പണിയുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. പ്രസ്തുത കോളേജിന് പ്രാരംഭഘട്ടത്തിൽ ആവശ്യമായ അദ്ധ്യാപക-അനദ്ധ്യാപക

തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. എറണാകുളം സഹകരണ മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുകയും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജ് തുടങ്ങുന്നതിനാവശ്യമായ നടപടികൾ നടന്നുവരുന്നു. വയനാട് മെഡിക്കൽ കോളേജ് തുടങ്ങുന്നതിനാവശ്യമായ 50 ഏക്കർ ചന്ദ്രപ്രഭ ട്രസ്റ്റിൽനിന്നും സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിൽ പുതിയ മെഡിക്കൽ കോളേജ് തുടങ്ങുന്നതിന് സ്ഥലമേറ്റെടുക്കൽ ഉൾപ്പെടെയുള്ള നടപടികൾ നടന്നുവരുന്നു. പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ് സംസ്ഥാന സർക്കാർ ഏറ്റെടുത്തുകഴിഞ്ഞു. ടി കോളേജിലും അടുത്ത അധ്യയന വർഷം തന്നെ കോഴ്സ് തുടങ്ങുന്നതിന് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം തേടിയിട്ടുണ്ട്. ഇത്തരത്തിൽ എല്ലാ ജില്ലകളിലും സർക്കാർ മെഡിക്കൽ കോളേജ് എന്ന സർക്കാർ നയം പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് ആരംഭിക്കുന്ന മെഡിക്കൽ കോളേജ് പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിലും ബാക്കിയുള്ളവയെല്ലാം പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിലും തുടങ്ങാനാണ് വിഭാവന ചെയ്തിട്ടുള്ളത്.

(സി) ചോദ്യം (എ) യുടെ ഉത്തരത്തിൽ ഉൾപ്പെട്ടിട്ടുണ്ട്.

**പുതിയ മെഡിക്കൽ കോളേജുകൾ**

17 (706) <u>ശ്രീ. കെ. എം. മാണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതിയതായി എത്ര മെഡിക്കൽ കോളേജുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട് എന്നും അവയിൽ എത്രയെണ്ണം പ്രവർത്തനം തുടങ്ങിയെന്നും അറിയിക്കുമോ;

(ബി) പ്രവർത്തനം ആരംഭിക്കാത്തവയുടെ നിലവിലെ അവസ്ഥ എന്താണെന്നും അവയുടെ പ്രവർത്തനം എന്ന് ആരംഭിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ ;

(സി) ഡിസ്ട്രിക്ട് ജനറൽ ആശുപത്രികൾ മെഡിക്കൽ കോളേജുകളാക്കണമെന്ന

കേന്ദ്ര സർക്കാർ നിയമമനുസരിച്ച് സംസ്ഥാനത്തെ ഏതെല്ലാം ഡിസ്ട്രിക്ട് ജനറൽ ആശുപത്രികളെ മെഡിക്കൽ കോളേജുകൾ ആക്കി മാറ്റുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മഞ്ചേരി, ഇടുക്കി, കോന്നി, കാസർഗോഡ്, വയനാട്, തിരുവനന്തപുരം, ആലപ്പുഴ (ഹരിപ്പാട്) എന്നിവിടങ്ങളിൽ പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇവയിൽ മഞ്ചേരിയിലും ഇടുക്കിയിലും മെഡിക്കൽ കോളേജുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കോന്നിയിലും തിരുവനന്തപുരത്തുമുള്ള മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തീകരിച്ചുവരുന്നു. അടുത്ത അധ്യയന വർഷംതന്നെ ഈ രണ്ടു കോളേജുകളിലും എം.ബി.ബി.എസ്. കോഴ്സിലേയ്ക്ക് പ്രവേശനം നടത്തുവാനായി ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം തേടിയിട്ടുണ്ട്. അംഗീകാരം കിട്ടിയാലുടൻ പ്രവർത്തനമാരംഭി ക്കുവാൻ കഴിയും. കാസർഗോഡും ആലപ്പുഴയിലും (ഹരിപ്പാട്) പുതിയ മെഡിക്കൽ കോളേജുകൾക്കുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. വയനാട് മെഡിക്കൽ കോളേജ് തുടങ്ങുന്നതിനായി 50 ഏക്കർ സ്ഥലം ചന്ദ്രപ്രഭ ട്രസ്റ്റിൽനിന്നും സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

(സി) ഇടുക്കി, മഞ്ചേരി, കോന്നി, തിരുവനന്തപുരം എന്നിവിടങ്ങളിൽ ജില്ലാ/ജനറൽ ആശുപത്രികളെയാണ് മെഡിക്കൽ കോളേജുമായി ബന്ധിപ്പിക്കുന്നതിന് തീരുമാനിച്ചത്.

**കാത്ത് ലാബ് സ്ഥാപിക്കുന്ന നടപടി**

18 (707) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ ആശുപത്രിയിൽ കാത്ത് ലാബ് സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) പ്രസ്തുത കാത്ത് ലാബ് നടപ്പ് സാമ്പത്തികവർഷം തന്നെ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇതിനായി വേണ്ടിവരുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2015-16 സാമ്പത്തികവർഷത്തിൽ കാത്ത് ലാബ് & ഐ.സി.യു. സംവിധാനം ആരംഭിക്കുക എന്ന പദ്ധതിയിൽ ജില്ലാ ആശുപത്രി കൊല്ലം, ജനറൽ ആശുപത്രി, എറണാകുളം, ജില്ലാ ആശുപത്രി കോഴിക്കോട് എന്നിവിടങ്ങളിൽ കാത്ത് ലാബ് ആരംഭിക്കുന്നതിന് 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഒരു സ്ഥാപനത്തിൽ കാത്ത് ലാബ് ആരംഭിക്കുന്നതിന് 5 കോടി രൂപയോളം ചെലവുവരുന്നതിനാൽ നടപ്പുസാമ്പത്തികവർഷം ജനറൽ ആശുപത്രി, എറണാകുളം ആണ് തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) നടപ്പ് സാമ്പത്തികവർഷം കൊല്ലം ജില്ലാ ആശുപത്രിയിൽ കാത്ത് ലാബ് ആരംഭിക്കുന്നതിന് തുക വകയിരുത്തിയിട്ടില്ല.

(സി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

**ജീവൻ രക്ഷാ മരുന്നുകളുടെ ക്ഷാമം**

19 (708) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> :
<u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ സർക്കാർ ആശുപത്രികളിൽ ജീവൻ രക്ഷാ മരുന്നുകൾക്ക് കടുത്ത ക്ഷാമം ഉണ്ടെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കുടിശ്ശിക നൽകാത്തതിനാൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് (കെ.എം.എസ്.സി.എൽ.) മരുന്നു നൽകേണ്ടന്ന് ഉത്തരേന്ത്യൻ മരുന്നു കമ്പനികൾ തീരുമാനിച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല

(ബി) കുടിശ്ശിക നൽകണമെന്ന് മരുന്ന് വിതരണ കമ്പനികൾ ആവശ്യപ്പെടുന്നുണ്ടെങ്കിലും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മരുന്നു നൽകേണ്ടതില്ലെന്ന് ഉത്തരേന്ത്യൻ കമ്പനികൾ തീരുമാനിച്ചിരിക്കുന്നുവെന്നതു സംബന്ധിച്ച കാര്യങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഭക്ഷ്യ സുരക്ഷ**

20 (709) <u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ വസ്തുക്കളിലെ മായത്തിനും വിഷത്തിനും എതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിന് ഭക്ഷ്യ സുരക്ഷാ വിഭാഗം ഉദ്യോഗസ്ഥർക്ക് സംരക്ഷണം നൽകുമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥരെ സമ്മർദ്ദത്തിലാക്കുന്ന നടപടികളിൽനിന്നും പിന്തിരിയുമോ?

<u>ഉത്തരം</u>

(എ&ബി) ഭക്ഷ്യ വസ്തുക്കളിലെ മായത്തിനും വിഷത്തിനും എതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിന് ഭക്ഷ്യ സുരക്ഷാ വിഭാഗം ഉദ്യോഗസ്ഥർക്ക് നിയമപ്രകാരമുള്ള എല്ലാ സംരക്ഷണവും സർക്കാർ ഉറപ്പാക്കുന്നുണ്ട്. ജീവനക്കാരെ സമ്മർദ്ദത്തിലാക്കുന്ന നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കൊല്ലം ജില്ലാ ആയുർവ്വേദ ആശുപത്രി**

21 (710) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ ആയുർവ്വേദ ആശുപത്രി 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി നടപ്പു സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കൊല്ലം ജില്ലാ ആയുർവ്വേദ ആശുപത്രി ഉൾപ്പെടെ തിരുവനന്തപുരം,

എറണാകുളം, തൃശ്ശൂർ, കാസർഗോഡ് എന്നീ 5 ജില്ലാ ആശുപത്രികൾ 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുന്നതിന് നടപ്പു സാമ്പത്തിക വർഷം ബഡ്ജറ്റിൽ 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**ഭക്ഷ്യ സുരക്ഷാ നിയമം അനുസരിച്ചുള്ള പരിശോധന**

22 (711) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ നിയമം അനുസരിച്ച് പരിശോധന നടത്തി കുറ്റക്കാർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ബി) പിഴ മാത്രം ഈടാക്കുന്നത് ഇത്തരം കുറ്റങ്ങൾ ആവർത്തിക്കുന്നതിനുള്ള പ്രവണത വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത്തരം പ്രവണതകൾ അവസാനിപ്പിക്കുന്നതിന് എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ) ഭക്ഷ്യ സുരക്ഷാ നിയമം 2006 അനുസരിച്ച് ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ സംസ്ഥാനത്തുടനീളം പരാതികളുടെ അടിസ്ഥാനത്തിൽ പരിശോധനകൾ നടത്തുകയും സംസ്ഥാനത്ത് വിപണനം നടത്തുന്ന ഭക്ഷ്യോൽപ്പന്നങ്ങളുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കി നിശ്ചിത ഗുണനിലവാരം ഇല്ലാത്തതോ മായം ചേർത്തതായോ കണ്ടെത്തുന്നപക്ഷം 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമവും അനുബന്ധ ചട്ടങ്ങളിലും അനുശാസിക്കുംപ്രകാരം നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി&സി) പരിശോധിച്ചിട്ടുണ്ട്. അത്തരത്തിൽ നിരന്തരമായ കുറ്റങ്ങൾ ആവർത്തിച്ച് കണ്ടെത്തിയ ഉല്പന്നങ്ങൾക്കെതിരെ നിരോധന നടപടികളടക്കം

സ്വീകരിച്ചുവരുന്നു.

**തുറവൂർ താലൂക്ക് ആശുപത്രി**

23(712) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ തുറവൂർ താലൂക്ക് ആശുപത്രിയുടെ പുതിയ I.P ബ്ലോക്കിന്റെ ഉദ്ഘാടന വേളയിൽ പ്രസ്തുത ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിച്ചു നൽകാമെന്ന് ഒരു സ്വകാര്യ സ്ഥാപനം വാഗ്ദാനം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയത്തിന്മേൽ എന്തു നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത് ; ഡയാലിസിസ് യൂണിറ്റിന് എത്ര ജീവനക്കാരാണ് ആവശ്യമായിട്ടുള്ളത് ;

(ബി) ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് പ്രൊപ്പോസൽ ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. ടി യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് കുറഞ്ഞത് രണ്ട് ഡയാലിസിസ് ടെക്നീഷ്യൻമാരെ ആവശ്യമാണ്. ഈ തസ്തികകൾ ടി ആശുപത്രിയിൽ നിലവിലില്ലാത്തതിനാൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ കീഴിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുവാൻ എച്ച്.എം.സി. യോഗം തീരുമാനം എടുത്തിട്ടുണ്ട്.

**സൗജന്യ ക്യാൻസർ കെയർ പദ്ധതി**

24 (713) <u>ശ്രീ. കെ. ശിവദാസൻ നായർ</u> :

<u>ശ്രീ. സണ്ണി ജോസഫ്</u> :

<u>ശ്രീ. എം. പി. വിൻസെന്റ്</u> :

<u>ശ്രീ. പാലോട് രവി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗജന്യ ക്യാൻസർ കെയർ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) എല്ലാ ജില്ലയിലും കീമോതെറാപ്പി ഉൾപ്പെടെയുള്ള ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതുവഴി എല്ലാ ജില്ലയിലെയും അർബുദരോഗികൾക്ക് അവരുടെ ജില്ലയിൽ തന്നെ ചികിത്സ ഉറപ്പാക്കാനും അതിലൂടെ രോഗികൾക്ക് ഉണ്ടാകാമായിരുന്ന സാമ്പത്തികവും ശാരീരികവും മാനസികവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കാനും സാധിക്കുന്നു. ക്യാൻസർ രോഗനിർണ്ണയം എല്ലാ ജില്ലയിലും ലഭ്യമാക്കുന്നതുവഴി എല്ലാ ജില്ലയിലും രോഗനിർണ്ണയം നടത്താൻ കഴിയുന്നു. റീജണൽ ക്യാൻസർ സെന്ററിലെ ബാഹുല്യം കുറയ്ക്കാൻ സാധിക്കുന്നു.

(സി) ആരോഗ്യ വകുപ്പിലെ ഡോക്ടർമാർക്കും നഴ്സുമാർക്കും ആർ.സി.സി. യിൽ വെച്ച് വിദഗ്ധ പരിശീലനം നൽകുകയുണ്ടായി. ആരോഗ്യവകുപ്പിന്റെ വാർഷിക പദ്ധതിയിലൂടെ ജില്ലാ ക്യാൻസർ സെന്ററുകൾ ആരംഭിക്കുന്നതിനും മരുന്നു വാങ്ങുന്നതിനുമുള്ള ഫണ്ട് നൽകിയിട്ടുണ്ട്. സർക്കാർ ഡോക്ടർമാർക്കും നഴ്സുമാർക്കും ക്യാൻസർ ചികിത്സയ്ക്കുള്ള പരിശീലനം എം.സി.സി. നൽകിവരുന്നു. എല്ലാ ജില്ലകളിലേയും ആശുപത്രികളിൽ തുടർ കീമോതെറാപ്പി ചികിത്സ നൽകാൻ കഴിയുന്ന തരത്തിലാണ് പ്രസ്തുത പരിശീലന പരിപാടി വിഭാവന ചെയ്തിരിക്കുന്നത്. ഇത് കൂടാതെ കാസർഗോഡ്, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ വിവിധ ആശുപത്രികളുമായി ടെലി മെഡിസിൻ വഴിയുള്ള ചികിത്സാ പദ്ധതികളും ആരോഗ്യ തുടർവിദ്യാഭ്യാസ പരിപാടികളും നടത്തിവരുന്നു.

**ആരോഗ്യ വകുപ്പിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കൽ**

25 (714) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രികൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ, പബ്ലിക് ഹെൽത്ത് സെൻറർ തുടങ്ങി ആരോഗ്യ വകുപ്പിലെ വിവിധ തലത്തിലുള്ള സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ എപ്രകാരമാണ്;

(ബി) ഈ സ്റ്റാഫ് പാറ്റേൺ എന്നു മുതലാണ് തുടങ്ങിയത്, ഇത് ഏതെങ്കിലും കാലത്ത് പരിഷ്കരിക്കപ്പെട്ടിട്ടുണ്ടോ;

(സി) ആരോഗ്യ വകുപ്പിലെ സ്റ്റാഫ് പാറ്റേൺ എന്നാണ് അവസാനമായി പരിഷ്കരിച്ചത് എന്ന് പറയാമോ ; ഇതിനുശേഷം രോഗികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രമാത്രം വർദ്ധനവുണ്ടായി ;

(ഡി) ദിനംപ്രതി വർദ്ധിക്കുന്ന രോഗികളുള്ള സാഹചര്യത്തിൽ വർഷങ്ങൾക്ക് മുമ്പുണ്ടായിരുന്ന സ്റ്റാഫ് പാറ്റേൺ പ്രകാരമുള്ള ജീവനക്കാരെ വച്ചുകൊണ്ട് എല്ലാ പോസ്റ്റുകളും പൂർണ്ണമായി നികത്താതെയും നിയമിക്കപ്പെട്ടവരിൽ തന്നെ ഒട്ടേറെപേർ ലീവെടുക്കുന്ന സാഹചര്യത്തിലും മെച്ചപ്പെട്ട ആരോഗ്യ പരിപാലനം എങ്ങനെ സാധ്യമാകുമെന്ന് പറയാമോ; രോഗികളുടെ എണ്ണത്തിനും പുതുതായി ഉണ്ടായി വരുന്ന രോഗങ്ങളുടെ സാഹചര്യത്തിനും അനുസരിച്ച് ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും എണ്ണം വർദ്ധിപ്പിച്ച് സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 6-11-2008 ലെ സർക്കാർ ഉത്തരവ് ജി.ഒ. (എംഎസ്.) നമ്പർ 568/2008 ആ.കു.വ. പ്രകാരമാണ് വിവിധതലത്തിലുള്ള സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിട്ടുള്ളത്. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു)*.

(ബി) 6-11-2008 മുതൽ അതിനുശേഷം പരിഷ്കരിക്കപ്പെട്ടിട്ടില്ല.

(സി) 6-11-2008, ഉണ്ട്, രോഗികളുടെ എണ്ണത്തിൽ ഇരട്ടിയോളം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ഡി) ആരോഗ്യകേന്ദ്രങ്ങളിലും ആശുപത്രികളിലും ആവശ്യമായ അധിക തസ്തിക സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. നാഷണൽ ഹെൽത്ത്മിഷൻ, ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി എന്നിവവഴി ആവശ്യമായ അധിക ജീവനക്കാരെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കാറുണ്ട്. നിലവിലുള്ള സ്റ്റാഫ് പാറ്റേൺ കിടക്കകളുടെ എണ്ണവും ലഭ്യമായ ചികിത്സ സേവന സൗകര്യങ്ങളും അടിസ്ഥാന പെടുത്തിയുള്ളതാണ്. രോഗികളുടെ എണ്ണത്തിനും പുതുതായി വരുന്ന രോഗങ്ങളുടെയും അടിസ്ഥാനത്തിൽ കിടക്കകളുടെ എണ്ണം, ചികിത്സാ സൗകര്യം, അധിക സ്റ്റാഫ് എന്നിവ വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## അസറ്റ് ഡെവലപ്മെന്റ് ഫണ്ട് ഉപയോഗിച്ച് കെട്ടിടം

26 (715) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എൻ.ആർ.എച്ച്.എം.-ന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന, ഏതെല്ലാം ആശുപത്രികൾക്ക് അസറ്റ് ഡവലപ്പ്മെന്റ് ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദമായ പട്ടിക ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

എൻ.ആർ.എച്ച്.എം.-ന്റെ നിയന്ത്രണത്തിൽ ആശുപത്രികൾ ഒന്നും പ്രവർത്തിക്കുന്നില്ല. അസറ്റ് മെയിന്റനൻസ് ഫണ്ടായ 10 കോടി രൂപ താഴെ പറയുന്ന ആശുപത്രികൾക്കു വേണ്ടി ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് മുഖാന്തരം എൻ.ആർ.എച്ച്.എം.-ന് കൈമാറിയിട്ടുണ്ട്:

| | |
|---|---|
| ജനറൽ ആശുപത്രി തിരുവനന്തപുരത്തിന്റെ നവീകരണത്തിനായി | 5 കോടി |
| ജനറൽ ആശുപത്രി, തലശ്ശേരി | 2 കോടി |
| ഗവൺമെന്റ് വിക്ടോറിയ ആശുപത്രി, കൊല്ലം | 1 കോടി |
| ജനറൽ ആശുപത്രി, എറണാകുളം | 2 കോടി |

## വയനാട് - ശിശുക്കളുടെ മരണം

27 (716) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :

ശ്രീമതി കെ. കെ. ലതിക :

ശ്രീ. പി. ടി. എ. റഹീം :

ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലാ ആശുപത്രിയിൽ ചികിത്സ നൽകാതെ ഗർഭിണിയായ പട്ടികഗോത്രവർഗ്ഗ സ്ത്രീയെ തിരികെ അയച്ചതിനെ തുടർന്ന് മൂന്ന് ശിശുക്കൾ മരണപ്പെടാനിടയായ സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തിയിരുന്നോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) കുറ്റക്കാർ ആരൊക്കെയെന്നും അവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെന്നും അറിയിക്കുമോ;

(സി) പര്യാപ്തമായ ചികിത്സാ സംവിധാനം ജില്ലാ ആശുപത്രിയിലും മറ്റു ആശുപത്രികളിലും ഒരുക്കിയിരുന്നോ ; വിശദാംശം നൽകുമോ ;

(ഡി) സ്ത്രീകളുടെയും കുട്ടികളുടേയും ആശുപത്രികളില്ലാത്ത ജില്ലകളിൽ അവ സ്ഥാപിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കാനായി ഇതുവരെ ചെയ്ത കാര്യങ്ങൾ വിശദീകരിക്കുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) ആയിരുന്ന ഡോ. ആർ. എൽ. സരിത അന്വേഷണം നടത്തിയിരുന്നു. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(ബി) മാനന്തവാടി ജില്ലാ ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റ് (ഗൈനക്കോളജി) ഡോ. സുഷമ സി. കെ., അസിസ്റ്റന്റ് സർജൻ, ഡോ. അഖിൽ. ആർ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നമ്പ്യാർ, സ്റ്റാഫ് നഴ്സ് ഗ്രേഡ് - I ശ്രീമതി കെ. കെ. ശോഭന എന്നിവർ കുറ്റക്കാരാണെന്ന് കണ്ടെത്തുകയുണ്ടായി. ഡോ. സുഷമ, സി. കെ.-യെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യുകയും കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തു. ഡോ. അഖിൽ. ആർ. നമ്പ്യാർ, ശ്രീമതി കെ. കെ. ശോഭന എന്നിവർക്കും അച്ചടക്ക നടപടിയുടെ ഭാഗമായി കുറ്റാരോപണ മെമ്മോ നൽകിയിട്ടുണ്ട്.

(സി) ഗർഭിണികളെ ചികിത്സിപ്പിക്കുന്നതിനാവശ്യമായ സൗകര്യം ജില്ലാ ആശുപത്രിയിൽ ലഭ്യമാണ്. നിലവിൽ ജില്ലാ ആശുപത്രിയിൽ ലേബർ റൂം, ഓപ്പറേഷൻ തീയേറ്റർ എന്നിവ 24 മണിക്കൂറും പ്രവർത്തനസജ്ജമാണ്. ഇവിടെ രണ്ട് വീതം ഗൈനക്കോളജിസ്റ്റിന്റെയും അനസ്തെറ്റിസ്റ്റിന്റെയും സേവനം ലഭ്യമാണ്. സിസേറിയൻ ഉൾപ്പെടെ ശസ്ത്രക്രിയകൾ ഇവിടെ ചെയ്യുന്നുണ്ട്. പ്രസവവാർഡും നിലവിൽ ഉണ്ട്. എന്നാൽ എല്ലാത്തരം സങ്കീർണതകളും കൈകാര്യം ചെയ്യുന്നതിന് പര്യാപ്തമായ ചികിത്സാ സംവിധാനം (preterm low birth weight ICU system) ജില്ലാ ആശുപത്രിയിൽ ലഭ്യമല്ല.

(ഡി) പ്രസ്തുത പ്രഖ്യാപനം നടപ്പിലാക്കുന്നതിനായി വയനാട് ജില്ലയിൽ ബത്തേരി താലൂക്കിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി നിർമ്മാണത്തിനായി 300 ലക്ഷം രൂപ അനുവദിക്കുകയും, നിർമ്മാണ പ്രവർത്തനങ്ങൾ പി.ഡബ്ല്യു.ഡി. വഴി ചെയ്യുന്നതിനായി പ്രസ്തുത തുക എൻ.എച്ച്.എം.-ന് കൈമാറിയിരിക്കുകയുമാണ്.

**എയ്ഡ്സ് കൺട്രോൾ സൊസൈറ്റി**

28 (717) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ താളം തെറ്റാൻ ഇടയായത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്ര ഫണ്ട് വകമാറ്റി ചെലവഴിച്ചതിനാലാണ് സൊസൈറ്റിയിലെ ജീവനക്കാർക്ക് ശമ്പളം നൽകാൻ കഴിയാതെ വന്നതെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് വിശദമാക്കുമോ;

(സി) സൊസൈറ്റിയിൽ എത്രപേരെയാണ് നിയമിച്ചിരുന്നതെന്നും അതിൽ എത്ര ജീവനക്കാർ ഇപ്പോൾ തുടരുന്നുണ്ടെന്നും അവർക്ക് എത്ര മാസത്തെ ശമ്പള കുടിശ്ശികയുണ്ടെന്നും വിശദമാക്കുമോ?

ഉത്തരം

(എ) എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ സുഗമമായി നീങ്ങുന്നുണ്ട്. താളം തെറ്റിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കേന്ദ്ര ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടില്ല. കൂടാതെ സൊസൈറ്റിയിലെ ജീവനക്കാർക്ക് 2015 ഒക്ടോബർ വരെയുള്ള മുഴുവൻ ശമ്പളവും നൽകിയിട്ടുണ്ട്.

(സി) സൊസൈറ്റിയുടെ ഹെഡ് ഓഫീസിലും പെരിഫറൽ യൂണിറ്റുകളിലുമായി 604 തസ്തികകൾ ഉള്ളതിൽ 555 പേർ ജോലി ചെയ്യുന്നുണ്ട്. ഇവർക്കെല്ലാവർക്കും 2015 ഒക്ടോബർ വരെയുള്ള ശമ്പളം നൽകിയിട്ടുണ്ട്. ശമ്പള കുടിശ്ശിക നൽകാനില്ല.

**ആരോഗ്യ കേരളം പരിപാടിയുടെ പരിശീലന പരിപാടിയിൽ അനുവദനീയമായ ബത്ത നൽകാത്തത്**

29 (718) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ കേരളം പരിപാടിയുടെ ഭാഗമായി 2009-ൽ കോട്ടയം ജില്ലയിൽ മെഡിക്കൽ ഓഫീസർമാർ ഉൾപ്പെടെ അനവധി ആരോഗ്യ വകുപ്പ് ജീവനക്കാർക്ക് വേണ്ടി നടത്തിയ ത്രിദിന H.M.I.S. പരിശീലന പരിപാടിയിൽ പങ്കെടുത്ത ആർക്കും അനുവദനീയമായ ബത്ത നൽകാത്തത് പ്രസ്തുത ട്രെയിനിംഗിൽ പങ്കെടുത്തവർ പല സ്ഥലങ്ങളിലേക്ക് സ്ഥലം മാറിപ്പോയതുമൂലമാണ് എന്ന ആരോഗ്യ വകുപ്പിന്റെ വിശദീകരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ട്രെയിനിംഗിൽ ബത്ത നൽകാതെ ആയത് സ്വീകരിച്ചതായി ട്രെയിനികളെക്കൊണ്ട് ഒപ്പുവച്ച് വാങ്ങിയതായി പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അന്വേഷണം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോട്ടയം ജില്ലയിൽ ആരോഗ്യ വകുപ്പ് ജീവനക്കാർക്ക് വേണ്ടി

ഹെൽത്ത് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (എച്ച്.എം.ഐ.എസ്.) പരിശീലന പരിപാടി നടത്തിയത് HISP INDIA-യാണ്. അതിനാൽ ട്രെയിനിംഗിൽ ജീവനക്കാരുടെ രേഖകളും വൗച്ചറുകളും വാങ്ങി സൂക്ഷിച്ചത് HISP INDIA യിലെ ജീവനക്കാരാണ്. 24-4-2013-ൽ ചേർന്ന കോട്ടയം ജില്ലാ നിർവ്വാഹക സമിതി യോഗത്തിന്റെ തീരുമാനപ്രകാരം പ്രസ്തുത ട്രെയിനിംഗിന്റെ എല്ലാ കാര്യങ്ങളും ഏൽപ്പിച്ചിരുന്നത് HISP INDIA-യെ ആയിരുന്നതുകൊണ്ട് എൻ.എച്ച്.എം. ഫണ്ടിൽനിന്ന് ടി തുക നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിരുന്നു.

(ബി) പ്രസ്തുത ട്രെയിനിംഗിൽ ബത്ത നൽകാതെ ആയത് സ്വീകരിച്ചതായി ട്രെയിനികളെ കൊണ്ട് ഒപ്പുവച്ച് വാങ്ങിയതായി പരാതി ഒന്നും ലഭിച്ചിട്ടില്ല എന്ന് ട്രെയിനിംഗ് നടത്തിയ കോട്ടയം ജില്ലയിലെ എൻ.എച്ച്.എം. പ്രോഗ്രാം മാനേജർ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാരിന് പരാതികളൊന്നും ലഭിച്ചിട്ടില്ല.

**മരുന്ന് ക്ഷാമം**

30 (719) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നായരമ്പലം സർക്കാർ ആയുർവ്വേദ ആശുപത്രിയിൽ അനുഭവപ്പെടുന്ന മരുന്ന് ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ആവശ്യമായ തോതിലും, യഥാസമയവും മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) പ്രസ്തുത ആശുപത്രിയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഡിപ്പാർട്ട്മെന്റ് മുഖേനയും നായരമ്പലം ഗ്രാമപഞ്ചായത്ത് പ്രോജക്ട് പ്രകാരവും മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നുണ്ട്.

(സി) നായരമ്പലം സർക്കാർ ആയുർവ്വേദ ആശുപത്രിയിൽ പുതുതായി ഒ.പി. ബ്ലോക്ക് നിർമ്മിച്ചിട്ടുണ്ട്. പഞ്ചകർമ്മ തിയേറ്ററിന്റെ നവീകരണ പ്രവർത്തനം നടപ്പിലാക്കിയിട്ടുണ്ട്.

## നാഷണൽ റൂറൽ ഹെൽത്ത് മിഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം

31 (720) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് ആസ്ഥാനമായുള്ള നാഷണൽ റൂറൽ ഹെൽത്ത് മിഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ നിലവിൽ ഏതു കെട്ടിടത്തിലാണ് ഇതിന്റെ പ്രവർത്തനം നടക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ഇതിനായുള്ള കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) കെട്ടിടം തുറന്ന് പ്രവർത്തിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ഡി) കെട്ടിടം എന്നുമുതൽ തുറന്ന് പ്രവർത്തിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കാഞ്ഞങ്ങാട്, ആരോഗ്യവകുപ്പിന്റെ കീഴിലാണ് ട്രെയിനിംഗ് സെന്റർ പ്രവർത്തിക്കുന്നത്. നിലവിൽ ട്രെയിനിംഗ് നടത്തുന്നത് ജില്ലാ മെഡിക്കൽ ഓഫീസറുടെ കോൺഫറൻസ് ഹാളിലും ജില്ലാ ആശുപത്രിയിലെ പാലിയേറ്റീവ് ട്രെയിനിംഗ് സെന്ററിലുമാണ്.

(ബി) നാഷണൽ ഹെൽത്ത് മിഷൻ മുഖേന പുതിയ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് നിർമ്മിച്ച് ജില്ലാ മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്.

(സി) പുതിയ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിടത്തിൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. ഫർണിച്ചറുകളും ഉപകരണങ്ങളും സൈറ്റിൽ ലഭ്യമായിട്ടില്ല.

(ഡി) ഫർണിച്ചർ ലഭ്യമായ ഉടൻതന്നെ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനം

തുടങ്ങുന്നതാണ്.

**ആലപ്പുഴ ജനറൽ ആശുപത്രിയുടെ ശോചനീയാവസ്ഥ**

32 (721) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജനറൽ ആശുപത്രി തകർച്ചയെ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അത്യാസന്ന നിലയിലുള്ള രോഗികളെ പോലും മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്യുന്നതായും കാഷ്വാലിറ്റിയിൽപ്പോലും മുഴുവൻ സമയ ഡോക്ടർമാരുടെ സേവനം ലഭ്യമല്ലെന്നുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജനറൽ ആശുപത്രിയിൽ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്നതിനും വികസിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ആലപ്പുഴ ജനറൽ ആശുപത്രിയിൽ അത്യാഹിത വിഭാഗത്തിൽ വരുന്ന രോഗികൾക്ക് ആവശ്യമായ ചികിത്സ നൽകി വരുന്നുണ്ട്. ഇവിടെ നിലവിൽ ഇല്ലാത്ത സ്പെഷ്യാലിറ്റികളായ കാർഡിയോളജി, ന്യൂറോളജി, ഗ്യാസ്ട്രോ എന്ററോളജി, ന്യൂറോ സർജറി മുതലായ വിഭാഗങ്ങളിൽ ചികിത്സ തേടേണ്ട രോഗികൾക്ക് പ്രാഥമിക ചികിത്സ നൽകിയ ശേഷം തുടർ ചികിത്സയ്ക്കായി മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യാറുണ്ട്. കാഷ്വാലിറ്റിയിൽ മുഴുവൻ സമയ ഡോക്ടർമാരുടെ സേവനം ലഭ്യമല്ല എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ 12 ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ട്. എങ്കിലും അത്യാഹിത വിഭാഗം, വാർഡ് ഡ്യൂട്ടി എന്നിവയിൽ ഡോക്ടർമാരുടെ സേവനം മുഴുവൻ സമയവും ഉറപ്പ് വരുത്തിയിട്ടുണ്ട്.

(സി) നിലവിലെ ഡോക്ടർമാരുടെ ഒഴിവുകളിൽ അസിസ്റ്റന്റ് സർജൻ/ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട്

ചെയ്തിട്ടുണ്ട്. കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ നിന്ന് പ്രൊമോഷൻ നൽകി നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജൂനിയർ കൺസൾട്ടന്റ് തസ്തികയിലേക്ക് ജനറൽ കേഡറിലെ ഡോക്ടർമാരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് തസ്തിക മാറ്റംവഴി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കാരുണ്യ ഫാർമസി**

33 (722) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര കാരുണ്യ ഫാർമസികളാണ് ആരംഭിച്ചതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) കാരുണ്യ ഫാർമസിയിൽ മരുന്നുകൾ ക്ഷാമമില്ലാതെ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 39 കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളും മരുന്ന് സംഭരണത്തിനായി 4 ഡിപ്പോകളും ആരംഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | കാരുണ്യ ഫാർമസി |
|---|---|
| തിരുവനന്തപുരം | 5 |
| കൊല്ലം | 4 |
| പത്തനംതിട്ട | 2+2 (ശബരിമല, പമ്പ സീസൺ) |
| ആലപ്പുഴ | 4 |
| കോട്ടയം | 3 |
| ഇടുക്കി | 1 |
| എറണാകുളം | 3 |

809/2017
1352/2017

| | |
|---|---|
| തൃശ്ശൂർ | 2 |
| പാലക്കാട് | 2 |
| മലപ്പുറം | 2 |
| കോഴിക്കോട് | 4 |
| വയനാട് | 2 |
| കണ്ണൂർ | 1 |
| കാസർഗോഡ് | 2 |
| ആകെ | 39 |

(ബി) മരുന്ന കമ്പനികളുടെ ഇടനിലക്കാരെ ഒഴിവാക്കി കമ്പനികളിൽ നിന്നും നേരിട്ട് വിലപേശി മരുന്ന് വാങ്ങി സംഭരിച്ച് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിവഴി പൊതുജനങ്ങളിൽ എത്തിക്കുന്നു. ഏതെങ്കിലും ഫാർമസികളിൽ മരുന്നുകളുടെ ലഭ്യതക്കുറവ് വരുമ്പോൾ മറ്റേതെങ്കിലും കാരുണ്യ മെഡിസിൻ ഡിപ്പോകളിൽ നിന്നോ, കാരുണ്യ ഫാർമസികളിൽ നിന്നോ മരുന്ന് എത്തിച്ച് കുറവ് നികത്താറുണ്ട്.

**പനികൾ ബാധിച്ച് മരണപ്പെട്ടവരുടെ വിവരങ്ങൾ**

34(723) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ പനികൾ ബാധിച്ച് എത്രപേർ മരണപ്പെട്ടെന്ന് വിശദമാക്കുമോ;

(ബി) പനി ബാധിച്ച് മരിക്കുന്നതിന് പ്രധാന കാരണങ്ങളായി കണ്ടെത്തിയ വിവരങ്ങൾ വിശദമാക്കുമോ;

(സി) ഇത്തരം പനികൾ പ്രതിരോധിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*

(ബി) 1. പ്രമേഹം, ഹൃദ്രോഗം, കരൾ രോഗങ്ങൾ, വൃക്കരോഗങ്ങൾ പോലുള്ള മറ്റ് ഗുരുതര രോഗങ്ങൾ ഉള്ളവർക്ക് വൈറൽ പനി ബാധിച്ചാൽ മരണത്തിന് കൂടുതൽ സാധ്യതയുള്ളതായി കണ്ടുവരുന്നു.

2. കൃത്യമായ ചികിത്സ തേടുന്നതിലും ലഭ്യമാക്കുന്നതിലും വരുന്ന കാലതാമസവും ഒരു പരിധിവരെ കാരണമായി കാണുന്നു.

3. പ്രായാധിക്യവും രോഗ പ്രതിരോധ ശേഷി കുറഞ്ഞ അവസ്ഥയും ഉള്ളവരെ വൈറൽ പനി ബാധിച്ചാൽ മരണത്തിനുള്ള സാദ്ധ്യത താരതമ്യേന കൂടുതലായി കണ്ടുവരുന്നു.

(സി) പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനും ഒരു വർഷം നീണ്ടു നില്ക്കുന്ന കർമ്മ പരിപാടി തയ്യാറാക്കി ഇതര വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നു.

- മഴക്കാല പൂർവ്വ ശുചീകരണത്തിനും, കൊതുക് നിയന്ത്രണത്തിനും, ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനുമുള്ള കാമ്പെയിനുകൾ പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കിവരുന്നു.
- രോഗം പൊട്ടിപ്പുറപ്പെടുന്നത് മുൻകൂട്ടി കണ്ടുപിടിക്കാൻ രോഗ നിരീക്ഷണം, കൊതുക് നിരീക്ഷണം തുടങ്ങിയവ നടത്തി വരുന്നു.
- രോഗചികിത്സക്കും രോഗ പരിചരണത്തിനുമുള്ള സജ്ജീകരണങ്ങൾ ആശുപത്രികളിൽ ഒരുക്കിയിട്ടുണ്ട്.
- ആവശ്യാനുസരണം ഉദ്യോഗസ്ഥരെ വിന്യസിച്ചു.
- മരുന്ന്, അനുബന്ധ സാമഗ്രികൾ, കൊതുക് നശീകരണത്തിനുള്ള ഉപകരണങ്ങൾ, കീടനാശിനികൾ തുടങ്ങിയവ ലഭ്യമാക്കി.
- രോഗം റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ ജില്ലാതലത്തിൽ ദ്രുതകർമ്മ സേന സന്ദർശിച്ച് രോഗ നിയന്ത്രണം ത്വരിതപ്പെടുത്തി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

- പൊതുജനാരോഗ്യ നിയമങ്ങളും മറ്റ് നിയമങ്ങളും അനുസരിച്ച് വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ, അന്യസംസ്ഥാന തൊഴിലാളി ക്യാമ്പുകൾ തുടങ്ങിയവ പരിശോധിച്ച് നിയമ നടപടികൾ സ്വീകരിച്ചു.

**ചികിത്സ ലഭിക്കാതെ മരണം**

35(724) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 സെപ്തംബർ 15-ന് ആലപ്പുഴ ജനറൽ ആശുപത്രിയിൽ നിഖിൽ എന്ന വിദ്യാർത്ഥി മരണപ്പെട്ടത് ചികിത്സ ലഭിക്കാതെയാണെന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ; അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ടോ; കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) നിഖിലിന്റെ കുടുംബത്തിന് സാമ്പത്തിക സഹായം നല്കുന്നകാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസർ പ്രാഥമികാന്വേഷണം നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. ആലപ്പുഴ ജനറൽ ആശുപത്രിയിലെ ഡോക്ടർമാരുടേയും, ജീവനക്കാരുടേയും ഭാഗത്തുനിന്നും യാതൊരുവിധ വീഴ്ചയും ഉണ്ടായിട്ടില്ലെന്നാണ് ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. എന്നാൽ, കുട്ടിയുടെ മാതാപിതാക്കളെ നേരിട്ട് കണ്ടപ്പോൾ ഡോക്ടർമാരുടെയും ജീവനക്കാരുടെയും, ഭാഗത്തുനിന്നും തൃപ്തികരമായ പെരുമാറ്റം ഉണ്ടായിട്ടില്ലെന്നും യഥാസമയം കൃത്യമായ ചികിത്സ ലഭ്യമായില്ലായെന്നും അവർ പറഞ്ഞതായും ആയതിനാൽ ടി വിഷയത്തിൽ ഒരു അന്വേഷണം ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം നടത്തണമെന്നും, ആലപ്പുഴ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണം നടത്തി രണ്ട് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുവാൻ ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്)-നെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിച്ചതിനുശേഷം നടപടി സ്വീകരിക്കുന്നകാര്യം തീരുമാനിക്കുന്നതാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## കാരുണ്യ ഡയാലിസിസ് യൂണിറ്റ്

36 (725) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്ക് ആശുപത്രിക്ക് കാരുണ്യ ഡയാലിസിസ് യൂണിറ്റ് അനുവദിച്ച് ഉത്തരവായത് എന്നാണ്; പ്രസ്തുത യൂണിറ്റിന്റെ നിർമ്മാണ ചുമതല ആർക്കാണ് നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ ;

(ബി) സ്ഥലലഭ്യത ഉണ്ടായിട്ടും നിർമ്മാണപ്രവർത്തനം നീളുന്നതിന്റെ കാരണങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത യൂണിറ്റ് പ്രവർത്തന സജ്ജമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) 5-2-2013-ലെ സർക്കാർ ഉത്തരവ് നമ്പർ 114/2013/റ്റി.ഡി. പ്രകാരം കൊട്ടാരക്കര താലൂക്ക് ആശുപത്രിക്ക് ഡയാലിസിസ് യൂണിറ്റ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഇതിന്റെ നിർമ്മാണ ചുമതല കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫെയർ സൊസൈറ്റിയെ ഏൽപ്പിക്കുകയും അവർ സമർപ്പിച്ച അടങ്കൽ തുക ലഭ്യമാക്കുന്നതിനുവേണ്ടി കാരുണ്യ ബെനവലന്റ് ഫണ്ട് ഓഫീസിലേക്ക് 10-6-2015-ൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും കത്ത് നല്കിയിട്ടുമുണ്ട്.

(ബി&സി) പ്രസ്തുത യൂണിറ്റ് ആരംഭിക്കുന്നതിന് ആവശ്യമായ തുകയായ 1,24,33,391 രൂപ കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്.

## പ്രൈമറി ഹെൽത്ത് സെന്ററുകളെ സി.എച്ച്.സി.-യായി ഉയർത്തിയത്

37 (726) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളാണുള്ളത്; അവയിൽ ഈ സർക്കാർ അധികാരമേറ്റതിനുശേഷം സി.എച്ച്.സി. യായി ഉയർത്തിയ പ്രൈമറി ഹെൽത്ത് സെന്ററുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) സി.എച്ച്.സി.-യുടെ സ്റ്റാഫ് പാറ്റേൺ എപ്രകാരമാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ ഷൊർണ്ണൂർ, ചെർപ്പുളശ്ശേരി എന്നീ പി.എച്ച്.സി.-കളെ സി.എച്ച്.സി. ആക്കിയിട്ട് വർഷങ്ങൾ ആയിട്ടും സി.എച്ച്.സി.-ക്ക് വേണ്ട സ്റ്റാഫ് പാറ്റേണോ അടിസ്ഥാന സൗകര്യങ്ങളോ ഇല്ല എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ സത്വരനടപടികളാണ് ആരോഗ്യവകുപ്പ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) ദിനംപ്രതി 500-ൽ അധികം ഒ.പി. യും അതിനോടനുബന്ധിച്ചുള്ള ഐ.പി.യുമുള്ള പ്രസ്തുത സി.എച്ച്.സി.-കളിലെ നിലവിലുള്ള ഡോക്ടർ ഉൾപ്പെടെയുള്ള സ്റ്റാഫ് പാറ്റേൺ എത്രയെന്നും ഇത് എത്രയായി ഉയർത്തുവാൻ ഉദ്ദേശിക്കുന്നുവെന്നും അടിസ്ഥാന സൗകര്യങ്ങളിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തുവാനാണ് ആരോഗ്യ വകുപ്പ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇരുന്നൂറ്റിമുപ്പത്. ഈ സർക്കാർ അധികാരമേറ്റതിനുശേഷം താഴെ പറയുന്ന 7 പി.എച്ച്.സി.-കളെ സി.എച്ച്.സി.-കളായി ഉയർത്തിയിട്ടുണ്ട്:

1. പി.എച്ച്.സി. പള്ളിക്കൽ, തിരുവനന്തപുരം
2. പി.എച്ച്.സി. ചിറ്റാർ, പത്തനംതിട്ട
3. പി.എച്ച്.സി. വാകത്താനം, കോട്ടയം
4. പി.എച്ച്.സി. അയർക്കുന്നം, കോട്ടയം
5. പി.എച്ച്.സി. ഊർങ്ങാട്ടിരി, മലപ്പുറം

6. പി.എച്ച്.സി. കോടഞ്ചേരി, കോഴിക്കോട്

7. പി.എച്ച്.സി. കുട്ടുമുഖം, കണ്ണൂർ

(ബി) 6-11-2008-ലെ സർക്കാർ ഉത്തരവ് നമ്പർ (എംഎസ്.)568/08/ ആ.കു.വ. പ്രകാരമാണ് സ്റ്റാഫ് പാറ്റേൺ തീരുമാനിച്ചിട്ടുള്ളത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഷൊർണ്ണൂർ സി.എച്ച്.സി.-യിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനു വേണ്ടിയുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) പ്രസ്തുത സി.എച്ച്.സി. കളിലെ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ അനുബന്ധമായി* ചേർക്കുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആവശ്യാനുസരണം അടിസ്ഥാന സൗകര്യങ്ങളിൽ മാറ്റം വരുത്തുകയും അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

**സർക്കാർ ആശുപത്രികൾ**

38(727) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഴുവൻ ആരോഗ്യ കേന്ദ്രങ്ങളിലും ഉപയോഗശൂന്യമായതും പ്രവർത്തന രഹിതവുമായ ക്വാർട്ടേഴ്സുകൾ നവീകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ ആശുപത്രികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും ;വ്യക്തമാക്കുമോ;

(സി) സർക്കാർ ആശുപത്രികളിലേക്കുള്ള റോഡുകൾ റബ്ബറൈസ്ഡ് ടാറിംഗ് നടത്തി ആംബുലൻസുകൾ ഉൾപ്പെടെ സുഗമമായി എത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത ആശുപത്രികൾ വൃത്തിയായി സൂക്ഷിക്കുന്നതിന് ക്ലീനിംഗ് സ്റ്റാഫിനെ കൂടുതലായി നിയമിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എ) സംസ്ഥാനത്തെ ആരോഗ്യ കേന്ദ്രങ്ങളിൽ പ്രവർത്തനരഹിതമായ ക്വാർട്ടേഴ്സുകൾ നവീകരിക്കുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസലുകളും എസ്റ്റിമേറ്റും ജില്ലാ മെഡിക്കൽ ആഫീസർമാർ സമർപ്പിക്കുന്ന മുറയ്ക്കും ഫണ്ടിന്റെ ലഭ്യത അനുസരിച്ചും നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) നിലവിൽ തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ പ്രോഗ്രാം, കേരളാ അക്രഡിറ്റേഷൻ സ്റ്റാന്റേർഡ് ഫോർ ഹോസ്പിറ്റൽസ്, നാഷണൽ സ്റ്റാന്റേർഡ് ഫോർ ക്വാളിറ്റി അഷ്വറൻസ് എന്നിവ നടപ്പാക്കി വരുന്നു. ഇതുവരെ 9 ഗവൺമെന്റ് ആരോഗ്യ സ്ഥാപനങ്ങൾക്ക് എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. 18 ആരോഗ്യ സ്ഥാപനങ്ങൾക്ക് കേരളാ അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസിന്റെ അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. രണ്ട് ആരോഗ്യ സ്ഥാപനങ്ങൾക്ക് നാഷണൽ സ്റ്റാന്റേർഡ് ഫോർ ക്വാളിറ്റി അഷ്വറൻസിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല സർട്ടിഫിക്കേഷൻ നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ കൂടുതൽ ആശുപത്രികളിൽ നടപ്പാക്കുന്നത് പരിശോധിക്കുന്നതാണ്.

(സി) സർക്കാർ ആശുപത്രി കോംപൗണ്ടിനകത്തുള്ള റോഡുകൾ ടാറിംഗ് നടത്തുന്നതിനായുള്ള പ്രൊപ്പോസലും, എസ്റ്റിമേറ്റും ജില്ലാ മെഡിക്കൽ ആഫീസർ സമർപ്പിക്കുന്ന മുറയ്ക്ക് ഫണ്ട് ലഭ്യത അനുസരിച്ച് ഭരണാനുമതി നൽകി ടാറിംഗ് നടത്തുന്നുണ്ട്. തുടർന്നുള്ള പ്രൊപ്പോസലുകളും എസ്റ്റിമേറ്റും സമർപ്പിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) പുതിയതായി തസ്തികകൾ സൃഷ്ടിക്കുന്നതിനാവശ്യമായ പ്രൊപ്പോസലുകൾ ജില്ലാ മെഡിക്കൽ ആഫീസർമാർ സമർപ്പിക്കുന്ന മുറയ്ക്ക് കൂടുതൽ ക്ലീനിങ്ങ് സ്റ്റാഫിനെ നിയമിക്കുന്നകാര്യം തീരുമാനിക്കുന്നതാണ്.

**വികലാംഗ ജീവനക്കാരുടെ സ്ഥിരപ്പെടുത്തൽ**

39 (728) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രികൾ,

താലൂക്കാശുപത്രികൾ എന്നിവിടങ്ങളിൽ താത്ക്കാലികാടിസ്ഥാനത്തിൽ എത്ര വികലാംഗ ജീവനക്കാർ തൊഴിലെടുക്കുന്നുണ്ട് ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ പത്ത് വർഷത്തിലേറെ തുടർച്ചയായി ജോലി ചെയ്തുവരുന്ന എത്ര ജീവനക്കാരാണുള്ളത് ;

(സി) പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുവേണ്ടി എന്തെങ്കിലും നടപടികൾ വകുപ്പിന്റെ ഭാഗത്ത് നിന്നുണ്ടായിട്ടുണ്ടോ ;

(ഡി) സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ട് പ്രസ്തുത വികലാംഗ ജീവനക്കാർ അപേക്ഷ നൽകിയിട്ടുണ്ടോ ;

(ഇ) അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ആരോഗ്യ വകുപ്പിന്റെ കീഴിൽ 8 വികലാംഗ ജീവനക്കാർ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നുണ്ട്.

| | | |
|---|---|---|
| ജനറൽ ആശുപത്രി, ആലപ്പുഴ | - | 2 |
| താലൂക്ക് ആശുപത്രി, ഹരിപ്പാട് | - | 1 |
| ജനറൽ ആശുപത്രി, മഞ്ചേരി | - | 1 |
| താലൂക്ക് ആശുപത്രി, നാദാപുരം | - | 2 |
| ജനറൽ ആശുപത്രി, വടകര | - | 1 |
| താലൂക്ക് ആശുപത്രി, വണ്ടൂർ, മലപ്പുറം | - | 1 |

(ബി) പത്ത് വർഷത്തിലേറെ തുടർച്ചയായി ജോലി ചെയ്തുവരുന്ന ആരും തന്നെയില്ല. (179 ദിവസം കൂടുമ്പോൾ നിയമാനുസൃതമായി ജോലിയിൽ പര്യവസാനം നൽകിക്കൊണ്ടിരിക്കുന്നു).

(സി) വികലാംഗ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം അർഹതയുള്ളവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള

നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. കോഴിക്കോട് ജില്ലയിലെ നാദാപുരം താലൂക്കാശുപത്രിയിലെ പമ്പ് ഓപ്പറേറ്റർ കുറ്റിയിൽ ചന്ദ്രൻ, മലപ്പുറം ജില്ലയിലെ ജനറൽ ആശുപത്രിയിൽ വികസന സൊസൈറ്റിക്ക് കീഴിൽ ജോലി ചെയ്തുവരുന്ന ശ്രീ. അനീസ് കെ.എസ്. എന്നിവർ അപേക്ഷ നൽകിയിട്ടുണ്ട്.

(ഇ) നാദാപുരം താലൂക്കാശുപത്രിയിലെ പമ്പ് ഓപ്പറേറ്റർ കുറ്റിയിൽ ചന്ദ്രന്റെ അപേക്ഷയിന്മേൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ശ്രീ. അനീസ് കെ. എസ്. നൽകിയ അപേക്ഷയിൽ മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

## കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി റീജണൽ മാനേജർ നിയമനത്തിലെ അഴിമതി

40 (729) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി റീജണൽ മാനേജർ നിയമനത്തിൽ അഴിമതിയും ഉന്നത ഇടപെടലും ഉണ്ടായതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മുൻകാലങ്ങളിൽ ഈ നിയമനത്തിന് സ്വീകരിച്ചിരുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നു ;

(സി) അതിൽനിന്നും വ്യത്യസ്തമായി നിയമനം നടത്താൻ ആരാണ് ഉത്തരവ് നൽകിയത് ;

(ഡി) നിലവിൽ കോർപ്പറേഷനിൽ ജോലിനോക്കുന്ന എം.ഫാം. യോഗ്യതയുള്ളവരെ പ്രസ്തുത പോസ്റ്റിലേക്കുള്ള നിയമനത്തിൽനിന്ന് ഒഴിവാക്കിയിരുന്നോ ; എങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) മുൻകാലങ്ങളിൽ റീജണൽ മാനേജർ നിയമനം നടത്തിയിരുന്നില്ല.

(സി&ഡി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഡയറക്ടർ ബോർഡിന്റെ തീരുമാനപ്രകാരമാണ് ഇപ്പോഴത്തെ നിയമനത്തിനായി നടപടികൾ സ്വീകരിച്ചത്. കോർപ്പറേഷനിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വിഭാഗത്തിൽ ജോലി ചെയ്യുന്ന കാരുണ്യ ഫാർമസിയിലും കാരുണ്യ മെഡിസിൻ ഡിപ്പോയിലും മാനേജ് ചെയ്ത് പരിചയമുള്ള ബി.ഫാം അല്ലെങ്കിൽ എം.ഫാം യോഗ്യതയുള്ള എല്ലാവരെയും റീജണൽ മാനേജർ നിയമനത്തിന് പരിഗണിച്ചിരുന്നു. മറ്റു വിഭാഗങ്ങളിൽ ജോലി ചെയ്യുന്ന പ്രസ്തുത യോഗ്യതയില്ലാത്തവരെ നിയമനത്തിന് പരിഗണിച്ചിരുന്നില്ല. കൂടാതെ തിരുവനന്തപുരം ജില്ല ഉൾപ്പെടുന്ന റീജണൽ മാനേജരായി നിയമിതനായ ഉദ്യോഗാർത്ഥി എം.ഫാം യോഗ്യതയുള്ളയാളാണ്.

## താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നത്

41(730) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന്റെ ഭാഗമായി പ്രസ്തുത ആശുപത്രിയിൽ എന്തെല്ലാം സൗകര്യങ്ങളാണ് കൂടുതലായി നിലവിൽ വരുന്നതെന്ന് വിശദമാക്കാമോ;

(സി) താലൂക്ക് ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുന്ന നടപടി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) താനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടർ തയ്യാറാക്കി വരുന്നു.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

**നെന്മാറ ആശുപത്രികളിലെ തസ്തികകൾ**

42 (731) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിൽ ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞ് കിടക്കുന്നത് എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) ഏത് വർഷം മുതലാണ് പ്രസ്തുത തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നത് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പി.എസ്.സി. വഴി നികത്തേണ്ടതായ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആശുപത്രി അറ്റൻഡർമാരുടെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്ന് ലഭിച്ച ലിസ്റ്റിൽ നിന്ന് ഇന്റർവ്യൂ കഴിഞ്ഞ് നിയമനം നൽകുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിവരുന്നു. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരുടെ പി.എസ്.സി. ലിസ്റ്റ് നിലവിൽ ഇല്ലാത്തതിനാൽ ഒഴിവുകൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു.*

**മാവൂർ തെങ്ങിലക്കടവ് - ക്യാൻസർ സെന്റർ**

43 (732) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മാവൂർ തെങ്ങിലക്കടവിൽ ക്യാൻസർ സെന്റർ സ്ഥാപിക്കാൻ സൗജന്യമായി വിട്ടുകിട്ടിയ സ്ഥലവും കെട്ടിടവും കോഴിക്കോട് മെഡിക്കൽ കോളേജിന് കൈമാറിയിട്ടുണ്ടോ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജിന് കീഴിൽ ക്യാൻസർ എക്സ്റ്റൻഷൻ സെന്റർ തുടങ്ങുന്നതിന് ഒരു ഡോക്ടറുടെയും നാല് നഴ്സുമാരുടെയും തസ്തികകൾ സൃഷ്ടിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത കെട്ടിടങ്ങളുടെ പൂർത്തീകരണത്തിന് പ്രത്യേക ഗ്രാന്റ് നൽകുന്നതിനുള്ള 16457/JI/2013/H&FWD ഫയലിൽ എന്തു തീരുമാനമാണ് എടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) കോഴിക്കോട് ജില്ലയിലെ മാവൂർ തെങ്ങിലക്കടവിൽ ക്യാൻസർ സെന്റർ സ്ഥാപിക്കാൻ സൗജന്യമായി വിട്ടുകിട്ടിയ സ്ഥലവും കെട്ടിടവും കോഴിക്കോട് മെഡിക്കൽ കോളേജിന് കൈമാറുന്ന കാര്യവും പ്രസ്തുത മെഡിക്കൽ കോളേജിനു കീഴിൽ ക്യാൻസർ എക്സ്റ്റൻഷൻ സെന്റർ തുടങ്ങുന്നതിന് ഒരു ഡോക്ടറുടെയും നാല് നഴ്സുമാരുടെയും തസ്തികകൾ സൃഷ്ടിക്കുന്ന കാര്യവും പരിഗണനയിലാണ്. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) പ്രസ്തുത പദ്ധതിക്ക് നബാർഡ് ഗ്രാന്റിന്റെ അനുമതിക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നാട്ടിക പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോക്ടർമാരുടെ നിയമനം**

44 (733) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിർദ്ദിഷ്ട സ്റ്റാഫ് പാറ്റേൺ പ്രകാരം ഡോക്ടർമാരെയും അനുബന്ധ ജീവനക്കാരെയും ആവശ്യത്തിന് നിയമിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഒഴിവുള്ള തസ്തികകളിൽ സ്ഥിരമായ നിയമനം നടത്തുവാൻ സത്വരമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിയമിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**അവയവദാനം**

45 (734) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അവയവദാനം പ്രോൽസാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് നടപടിക്രമം ലഘൂകരിക്കുമോ; പ്രസ്തുത വിഷയത്തിൽ നിയമ നിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

അവയവദാനം പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി ബോധവൽക്കരണ സെമിനാറും ശില്പശാലകളും നടത്തിവരുന്നു. ഇന്ത്യൻ പാർലമെന്റ് 1994-ൽ പാസ്സാക്കിയ Transplantation of Human Organ Act-ഉം തുടർന്ന് പാർലമെന്റ് തന്നെ പാസ്സാക്കിയ നിയമഭേദഗതികളുമാണ് ഇതു സംബന്ധമായി സംസ്ഥാനത്ത് നിലവിലുള്ള നിയമ വ്യവസ്ഥകൾ. ഇതനുസരിച്ച് മസ്തിഷ്കമരണം സംഭവിച്ചവരുടെ അവയവങ്ങൾ മാറ്റിവയ്ക്കുന്നതിനായുള്ള നിബന്ധനകൾ സംബന്ധിച്ച് കേരള സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ചികിത്സാ പിഴവുമൂലം അംഗവൈകല്യം സംഭവിച്ചവരും മരണപ്പെട്ടവരും

46 (735) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ ചികിത്സാ പിഴവ് മൂലം വിവിധ സർക്കാർ ആശുപത്രികളിൽ മരണപ്പെട്ടവർ എത്ര; അംഗവൈകല്യം സംഭവിച്ചവർ എത്ര; വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിനുള്ളിൽ വിവിധ സ്വകാര്യ ആശുപത്രികളിൽ ചികിത്സാ പിഴവുമൂലം എത്ര പേർ മരണപ്പെട്ടുവെന്നും എത്ര പേർക്ക് അംഗവൈകല്യം സംഭവിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ മരണപ്പെട്ടവർ, അംഗവൈകല്യം സംഭവിച്ചവർ തുടങ്ങിയവർക്ക് ഈ സർക്കാർ എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ എത്രപേർക്ക്; ആർക്കൊക്കെ; എന്തു തുകയുടെ ധനസഹായമാണ് നൽകിയത്; വ്യക്തമാക്കുമോ;

(ഡി) ചികിത്സാ പിഴവിന് വിവിധ കോടതികൾ എത്ര സർക്കാർ/സ്വകാര്യ ഡോക്ടർമാരെ കുറ്റക്കാരാണെന്ന് കണ്ടെത്തി; അവർ ആരെല്ലാം; സർക്കാർ/ സ്വകാര്യം എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കുമോ;

(ഇ) ഇത്തരം ചികിത്സാ പിഴവ് മൂലമുള്ള മരണങ്ങളും അംഗവൈകല്യങ്ങളും ഉണ്ടാകാതിരിക്കാൻ സർക്കാർ/സ്വകാര്യ ആശുപത്രികളിൽ എന്തെല്ലാം നടപടികൾ സർക്കാർ സത്വരമായി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

## മെഡിക്കൽ കോളേജ്

47(736) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര മെഡിക്കൽ

കോളേജുകളാണ് പുതിയതായി ആരംഭിക്കാൻ തീരുമാനിച്ചത്; അതിൽ എത്ര എണ്ണം പ്രവർത്തനം ആരംഭിച്ചുവെന്നും ബാക്കിയുള്ളവ എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മഞ്ചേരി, ഇടുക്കി, കോന്നി, കാസർഗോഡ്, വയനാട്, തിരുവനന്തപുരം, ആലപ്പുഴ (ഹരിപ്പാട്) എന്നിവിടങ്ങളിലായി അഞ്ച് പുതിയ മെഡിക്കൽ കോളേജുകൾ ആരംഭിക്കാൻ തീരുമാനിച്ചു. ഇവയിൽ മഞ്ചേരിയിലും ഇടുക്കിയിലും മെഡിക്കൽ കോളേജുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കോന്നിയിലും, തിരുവനന്തപുരത്തുമുള്ള മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തീകരിച്ചുവരുന്നു. അടുത്ത അദ്ധ്യയന വർഷം തന്നെ ഈ രണ്ടു കോളേജുകളിലും എം.ബി.ബി.എസ്. കോഴ്സിലേക്ക് പ്രവേശനം നടത്തുവാനായി ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം തേടിയിട്ടുണ്ട്. അംഗീകാരം കിട്ടിയാലുടൻ പ്രവർത്തനമാരംഭിക്കുവാൻ കഴിയും. കാസർഗോഡും ആലപ്പുഴയിലും (ഹരിപ്പാട്) പുതിയ മെഡിക്കൽ കോളേജുകൾക്കുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. വയനാട് മെഡിക്കൽ കോളേജ് തുടങ്ങുന്നതിനായി 50 ഏക്കർ സ്ഥലം ചന്ദ്രപ്രഭ ട്രസ്റ്റിൽ നിന്നും സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

**അങ്കമാലി താലൂക്ക് ആശുപത്രി**

48(737) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 7-2-2011-ൽ താലൂക്ക് ആശുപത്രിയായി ഉയർത്തപ്പെട്ട അങ്കമാലി താലൂക്ക് ആശുപത്രിക്ക് ആവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് തയ്യാറാക്കിയിട്ടുള്ള പ്രൊപ്പോസൽ 4 വർഷം കഴിഞ്ഞിട്ടും സർക്കാരിന് സമർപ്പിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) രോഗങ്ങളും സ്വകാര്യ ആശുപത്രികളിലെ ചികിത്സാ ചെലവുകളും

വർദ്ധിക്കുന്നതുമൂലം സാധാരണ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് പ്രസ്തുത പ്രൊപ്പോസൽ അടിയന്തരമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിൽ വികസനപ്രവർത്തനങ്ങൾ ഘട്ടംഘട്ടമായാണ് നടന്നുവരുന്നത്. 7-2-2011-ൽ പദവി ഉയർത്തപ്പെട്ട ടി ആശുപത്രിയിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലിൽ നടപടി കൈക്കൊണ്ടുവരുന്നുണ്ട്.

(ബി&സി) നടപടി സ്വീകരിച്ചുവരികയാണ്.

## സ്വകാര്യ ലാബുകളിലെ ഫീസ് ഏകീകരണം

49 (738) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ലാബുകൾ വിവിധ രോഗനിർണ്ണയ ടെസ്റ്റുകൾക്ക് അന്യായ ഫീസ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എല്ലാ സ്വകാര്യ ലാബുകളുടെയും വിവിധ ടെസ്റ്റുകളുടെ ഫീസ് നിരക്ക് ഏകീകരിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ ഓരോ ടെസ്റ്റും അതിന് ഫീസായി ഈടാക്കാവുന്ന നിരക്ക് സംബന്ധിച്ചും ഉള്ള വിശദാംശം നൽകാമോ;

(സി) ഫീസ് നിരക്കുകൾ ഏകീകരിച്ചു നൽകുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല; ബാധകമല്ല.

(സി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ, മറ്റ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്, നഴ്സിംഗ് ഹോമുകൾ എന്നിവയുടെ

നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവയ്ക്ക്‌വേണ്ടി 'ദി കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ ' എന്ന പേരിൽ ഒരു ബിൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

**എറണാകുളം ക്യാൻസർ സെന്റർ**

50(739) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ക്യാൻസർ സെന്ററിൻെറ പ്രവർത്തനം ആരംഭിക്കാൻ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സെന്റർ പ്രവർത്തനം ആരംഭിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) ഇവിടെ ആവശ്യത്തിന് ജീവനക്കാരെയും ചികിത്സാ സംവിധാനവും അടിയന്തരമായി ഏർപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി&സി) 3-2-2014-ലെ ജി.ഒ. (എംഎസ്.) 39/2014/ആ.കു.വ. പ്രകാരം എറണാകുളം മെഡിക്കൽ കോളേജ് കാമ്പസിൽ ഒരു ക്യാൻസർ സെന്റർ ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. കൊച്ചിയിൽ ഒരു ക്യാൻസർ സെന്റർ സ്ഥാപിക്കുന്നതിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ മന്ത്രിസഭായോഗ തീരുമാന പ്രകാരം കൊച്ചിൻ ക്യാൻസർ &റിസർച്ച് സെന്ററിന് ഭരണാനുമതി നൽകിക്കൊണ്ട് 4/9/15-ലെ ജി.ഒ.(എംഎസ്.) 192/2015/ആ.കു.വ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

1. കൊച്ചിൻ ക്യാൻസർ & റിസർച്ച് സെന്റർ പദ്ധതി മൂന്ന് ഘട്ടങ്ങളിലായി നടപ്പിലാക്കുന്നതിനുള്ള നടപടിയുടെ ഒന്നാംഘട്ടമായി ഒരു OPD Services ആരംഭിക്കുന്നതിനായി ആരോഗ്യ വകുപ്പ് സെക്രട്ടറിയും ആർ.സി.സി. ഡയറക്ടറും സ്ഥലം

സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി അതിനുശേഷം സ്പെഷ്യൽ ഓഫീസർ (ജനറൽ) ആയ ഡോ. ആഷാ തോമസും സ്പെഷ്യൽ ഓഫീസർ (ടെക്നിക്കൽ) ആയ ഡോ. വി.പി. ഗംഗാധരനും സ്ഥലം സന്ദർശിച്ചു.

2. 6-10-2015-ലെ ജി.ഒ, (ആർറ്റി.) നമ്പർ 3262/ 2015/ ആ.കു.വ. ഉത്തരവ് പ്രകാരം എറണാകുളം മെഡിക്കൽ കോളേജ് പ്രിൻസിപ്പലിനോട് പേവാർഡ് ബ്ലോക്കിലെ സെൻട്രൽ ബ്ലോക്ക് കെട്ടിടം സ്പെഷ്യൽ ഓഫീസർ ജനറലിന് കൈമാറാൻ നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവായി. പ്രസ്തുത ഉത്തരവിൻമേൽ കെട്ടിടം ടെക്നിക്കൽ സ്പെഷ്യൽ ഓഫീസറുമായി ആലോചിച്ച് ആവശ്യമായ മാറ്റങ്ങളോടുകൂടി OPD ആരംഭിക്കുന്നതിന് സജ്ജമാക്കുവാൻ പൊതുമരാമത്തുവകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. പേ വാർഡ് ബ്ലോക്കിലെ സെൻട്രൽ ബ്ലോക്ക് കെട്ടിടം നവീകരിക്കുന്നതിനായി സ്പെഷ്യൽ ഓഫീസർ (ജനറൽ) വിദഗ്ധരുമായി ചർച്ച നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ കെട്ടിടം രൂപകല്പന ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു.

3. 6-10-2015-ലെ ജി.ഒ. (ആർറ്റി.) നമ്പർ 3258/2015/ ആ.കു.വ. ഉത്തരവ് പ്രകാരം കൊച്ചിൻ ക്യാൻസർ & റിസർച്ച് സെന്റർ ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്യുന്നതിന് സ്പെഷ്യൽ ഓഫീസർക്ക് (ജനറൽ) അനുമതി നൽകി. 15-10-2015-ലെ ജി.ഒ.(ആർറ്റി.) നമ്പർ 3380/ 2015/ആ.കു.വ. ഉത്തരവ് പ്രകാരം MoA അംഗീകരിക്കുകയും അനന്തര നടപടികൾക്കായി സ്പെഷ്യൽ ഓഫീസർ (ജനറൽ)-നെ ചുമതലപ്പെടുത്തുകയും ചെയ്തു.

4. 28-10-2015-ലെ ജി.ഒ.(എംഎസ്.) നമ്പർ 243/2015/ ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ വിദേശമദ്യ വില്പനയുടെ 5% Cess-ൽ നിന്നും ലഭ്യമാകുന്ന 10 കോടി രൂപ അടിയന്തരമായി കൈമാറാൻ അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത തുക ഹോസ്പിറ്റൽ കൺസൾട്ടൻസി സർവ്വീസസ് കോർപ്പറേഷന്

പ്രാരംഭഘട്ട പ്രവർത്തനങ്ങൾക്കും മറ്റു ചെലവുകൾക്കുമായി ഉപയോഗിക്കുവാനുള്ളതാണ്. 30-11-2015-ലെ ജി.ഒ. (ആർറ്റി.) നമ്പർ 3846/2015/ആ.കു.വ പ്രകാരം എറണാകുളം മെഡിക്കൽ കോളേജിലെ ബി. ബിൽഡിംഗ് ഒ.പി. സൗകര്യങ്ങൾക്കനുസൃതമായി പൊതുമരാമത്തു വകുപ്പിന്റെ 2.7 കോടി രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം രൂപകല്പനയിൽ മാറ്റം വരുത്തുന്നതിനും നഴ്സിംഗ് സ്റ്റാഫിനെ ആർ.സിസി.-യിൽ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം നിയമിക്കുന്നതിനുമായി സ്പെഷ്യൽ ഓഫീസർക്ക് (ജനറൽ) അനുമതി നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. കൂടാതെ സ്പെഷ്യൽ ഓഫീസർ (ജനറൽ) കേന്ദ്രസർക്കാർ അധികൃതരുമായും കോർപ്പറേറ്റ് സ്ഥാപനങ്ങളുമായും ചർച്ചകൾ നടത്തി സാമ്പത്തിക സഹായം ലഭ്യമാക്കാൻ ശ്രമങ്ങൾ നടത്തുന്നുണ്ട്.

## കണ്ണൂർ ജില്ലയിലെ സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സ്റ്റാഫ് പാറ്റേൺ

51 (740) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ആകെ എത്ര സാമൂഹികാരോഗ്യകേന്ദ്രങ്ങളാണുള്ളത്; ഏതെല്ലാം;

(ബി) ഓരോ സാമൂഹികാരോഗ്യകേന്ദ്രത്തിലും അനുവദിക്കപ്പെട്ട ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും തസ്തികകൾ എത്രയാണ്;

(സി) പ്രസ്തുത ജില്ലയിലെ ഓരോ സാമൂഹികാരോഗ്യകേന്ദ്രത്തിലും ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും എത്ര ഒഴിവുകളാണ് നിലവിലുള്ളത്;

(ഡി) കണ്ണൂർ ജില്ലയിലെ സാമൂഹികാരോഗ്യകേന്ദ്രങ്ങളിലെ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും ഒഴിവുകൾ നികത്തുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പതിനൊന്ന്, വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

1. സി.എച്ച്.സി. ഇരിക്കൂർ
2. സി.എച്ച്.സി. കൂട്ടുമുഖം
3. സി.എച്ച്.സി. മട്ടന്നൂർ
4. സി.എച്ച്.സി. അഴീക്കോട്
5. സി.എച്ച്.സി. എരിവേരി
6. സി.എച്ച്.സി. കരിവെല്ലൂർ
7. സി.എച്ച്.സി. മയ്യിൽ
8. സി.എച്ച്.സി. ഒടുവള്ളിത്തട്ട്
9. സി.എച്ച്.സി. പാനൂർ
10. സി.എച്ച്.സി. പാപ്പിനിശ്ശേരി
11. സി.എച്ച്.സി. പിണറായി

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. (1&II)*

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു. (1II)*

(ഡി) അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്. ജൂനിയർ കൺസൾട്ടന്റ് തസ്തികയിലേക്കുള്ള ഒഴിവുകൾ സർവ്വീസിൽ പി.ജി.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ബിരുദമുള്ള അസിസ്റ്റന്റ് സർജൻമാരിൽനിന്നും ഓപ്ഷൻ വാങ്ങി റാങ്ക് ലിസ്റ്റ് തയ്യാറാക്കി; ആയതിൽ നിന്നും നിയമനം നൽകി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ലാബ്ടെക്നീഷ്യൻ, ഒഫ്ത്താൽമിക് അസിസ്റ്റന്റ് ഒഴിവുകൾ യഥാസമയം, പി.എസ്.സി., എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവരെ അറിയിച്ചിട്ടുണ്ട്.

## സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനം

52 (741) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

പ്രൊഫ. സി. രവീന്ദ്രനാഥ് :

ശ്രീ. വി. ശിവൻകുട്ടി :

ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശന മേൽനോട്ടത്തിനും ഫീസ് നിയന്ത്രണത്തിനുമായി രൂപീകരിച്ചിട്ടുള്ള ജെ. എം. ജയിംസ് കമ്മിറ്റിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) 2015-16 വർഷത്തെ സ്വാശ്രയ മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ടും ഫീസ് നിർണയത്തിലും പ്രസ്തുത സമിതി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) സർക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ മാനേജ്മെന്റുകൾ മാനേജ്മെന്റ് സീറ്റിൽ പ്രവേശനം നടത്തുന്ന രീതിയും അതിന് അവലംബിച്ചിട്ടുള്ള മാനദണ്ഡവും വിശദമാക്കുമോ; പ്രവേശനം സുതാര്യമാണെന്ന് ഉറപ്പാക്കാൻ കമ്മിറ്റിക്ക് സാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) 2016-ലെ എം.ബി.ബി.എസ്. പ്രവേശനത്തിന് വിജ്ഞാപനം പുറപ്പെടുവിച്ചിരിക്കുന്നത് സ്വകാര്യ സ്വാശ്രയ കോളേജുകളുമായി പുതിയ കരാറിൽ എത്തിയതിനുശേഷമാണോ; അല്ലെങ്കിൽ അടുത്ത വർഷത്തെ പ്രവേശനം ഏത് രീതിയിൽ നിയന്ത്രിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 2015-16 വർഷത്തെ സ്വാശ്രയ മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട് സ്വാശ്രയ മെഡിക്കൽ കോളേജുകൾ സ്വീകരിക്കേണ്ട രീതികളെ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ 28-5-2015-ൽ പുറപ്പെടുവിച്ചിട്ടുണ്ട്. അപ്രകാരം പ്രവർത്തിക്കുന്നുണ്ടോയെന്ന് മുൻ കൊല്ലങ്ങളിലെപ്പോലെ തന്നെ സമിതി മേൽനോട്ടം വഹിക്കുന്നുണ്ട്. എല്ലാ സ്വകാര്യ മെഡിക്കൽ കോളേജുകളുടെയും പ്രോസ്പെക്ടസുകൾ പരിശോധിച്ച് വിശദമായ നിർദ്ദേശങ്ങളും നിബന്ധനകളും പ്രത്യേകമായി അതാത് മെഡിക്കൽ കോളേജുകൾക്ക് നൽകിയിട്ടുണ്ട്. ഏതെങ്കിലും സ്വകാര്യ മെഡിക്കൽ കോളേജ് അമിതമായ ഫീസ് ഈടാക്കിയതായി പരാതി ലഭിക്കുമ്പോഴൊക്കെ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി നിയമാനുസരണം നടപടിയെടുത്ത് ഉചിതമായ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. സ്വകാര്യ മെഡിക്കൽ കോളേജ് പ്രവേശനവുമായി ബന്ധപ്പെട്ട് സർക്കാരും അതാത് കോളേജുകളുമായി കരാറുകൾ ഒപ്പുവച്ചതിന്റെ അടിസ്ഥാനത്തിൽ മാനേജ്മെന്റ് സീറ്റുകൾക്കും സർക്കാർ സീറ്റുകൾക്കും എൻ.ആർ.ഐ. സീറ്റുകളിലേക്കുമുള്ള ട്യൂഷൻ ഫീസ് നിശ്ചയിച്ചിട്ടുണ്ട്. മറ്റ് ഫീസിനങ്ങളിൽ പരാതിയുള്ളപക്ഷം പരാതിക്കാരെയും സ്വകാര്യ കോളേജിനെയും വാദം കേട്ടശേഷം അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി ഫീസ് നിർണ്ണയിക്കുന്നതാണ്.

(സി) സർക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള സ്വകാര്യ സ്വാശ്രയ കോളേജുകൾ മാനേജ്മെന്റ് സീറ്റുകളിലേക്ക് പ്രവേശനം നൽകുന്നതിന് അവലംബിച്ചിട്ടുള്ള മാനദണ്ഡവും രീതിയും ബഹു: സുപ്രീം കോടതിയുടെ TMA PAI Foundation Vs State of Karnataka (2002 8 Supreme Court Cases 481), Islamic Academy of Education Vs State of Karnataka (2003 6 Supreme Court Cases 697), P A Inaamdhar Vs State of Maharashtra (2005 6 Supreme Court Cases 537) എന്നീ കേസുകളുടെയും ബഹു: കേരള ഹൈക്കോടതിയിലെ താഴെ പറയുന്ന കേസുകളിലെ തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ കൈക്കൊണ്ടുവരുന്നു:

1. 2013 (3) KLT 316 (Kerala Private Medical College

Management Association Vs ASC and Others).

2. W.P(C) No. 122/15 (Principal, Noorul Islam College Vs ASC and others).

3. 2011 (3) KLT 753 (Amina Nahna Vs State of Kerala and others).

4. WP(C) 9218/15 and connected W.P.(C)s (The Principal, Karuna Medical College and others)

(ഡി) അല്ല. മുൻവർഷം സർക്കാരുമായി കരാറൊപ്പിട്ട സ്വകാര്യ സ്വാശ്രയ കോളേജുകളെയായിരിക്കും ഇത്തവണയും അവർ കരാറൊപ്പിടുമെന്ന പ്രതീക്ഷയിൽ ഈ വർഷത്തെ മെഡിക്കൽ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയത്. 2016-ലെ എം.ബി.ബി.എസ്. പ്രവേശനവുമായി ബന്ധപ്പെട്ട് സ്വകാര്യ സ്വാശ്രയ കോളേജുകളുമായി ചർച്ചകൾ ആരംഭിച്ചിട്ടില്ല. ചർച്ച നടത്തി കരാറിലെത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**സ്വാശ്രയ മെഡിക്കൽ കോളേജുകൾക്കെതിരെ നടപടികൾ**

53 (742) <u>ശ്രീ. എം. എ. ബേബി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അലോട്ട്മെന്റ് നിരസിച്ച് ന്യൂനപക്ഷ പദവിയുടെ മറവിൽ ലക്ഷങ്ങൾ ഫീസും തലവരിയും കോഴയും ഈടാക്കി എം.ബി.ബി.എസ്. പ്രവേശനം നടത്തിയ സ്വാശ്രയ മെഡിക്കൽ കോളേജുകൾക്കെതിരെ നടപടികൾ ആരംഭിച്ചത് എപ്പോഴാണെന്ന് വ്യക്തമാക്കുമോ;

(ബി) 2014-15 വർഷത്തിൽ സർക്കാർ അലോട്ട്മെന്റ് നടത്താമായിരുന്ന എത്ര എം.ബി.ബി.എസ്. സീറ്റുകൾ നഷ്ടപ്പെടുകയുണ്ടായി; 2015-16 ൽ നഷ്ടപ്പെട്ട സീറ്റുകൾ എത്ര;

(സി) സർക്കാരുമായി കരാറിലെത്താൻ തയാറാകാത്ത സ്വാശ്രയ കോളേജുകൾക്കെതിരെ യഥാസമയം നടപടി സ്വീകരിക്കാതിരുന്നത് ഫലത്തിൽ

സ്വന്തം നിലയിൽ കോഴവാങ്ങി പ്രവേശനം നടത്താൻ സ്വാശ്രയ മാനേജ്മെന്റുകൾക്ക് അവസരം നൽകുകയായിരുന്നുവോ; കോളേജുകൾക്കെതിരെ നടപടി സ്വീകരിക്കാൻ മെഡിക്കൽ കൗൺസിലിന് കത്ത് നൽകിയത് എപ്പോൾ?

(ഡി) 2014-15-ൽ കരാറിലെത്താൻ വിമുഖത കാണിച്ച ഏതെങ്കിലും സ്വാശ്രയ കോളേജിന്റെ അംഗീകാരം പുതുക്കി നൽകാതിരിക്കാൻ സർക്കാർ ഇടപെടുകയുണ്ടായോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) 2015-16 വർഷം സർക്കാർ പുറത്തിറക്കിയ മെഡിക്കൽ പ്രവേശനത്തിനായുള്ള പ്രോസ്പെക്ടസിൽ ഉൾപ്പെട്ടിട്ടുള്ള ഒരു സ്വാശ്രയ മെഡിക്കൽ കോളേജ് മാത്രമാണ് ന്യൂനപക്ഷ പദവിയുടെ പിൻബലത്തിൽ സർക്കാരുമായി കരാറിലേർപ്പെടാതെ സ്വന്തം നിലയ്ക്ക് പ്രവേശനം നടത്തിയിട്ടുള്ളത്. ഈ മെഡിക്കൽ കോളേജിനെതിരെ കർശന നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി Kerala Professional Colleges or institutions (Prohibition of capitation fee, regulation of admission, fixation of non-exploitative fee and other measures to ensure equity and excellence in professional education) Act 2006 (Act 19 of 2006)-ലെ 14 (1) വ്യവസ്ഥ പ്രകാരം നോട്ടീസ് നൽകുകയും പ്രസ്തുത കോളേജിലെ പ്രവേശനം ന്യൂനപക്ഷ പദവിക്കനുസൃതമായാണോ നടത്തിയിട്ടുള്ളതെന്ന് വിലയിരുത്തുവാൻ മിന്നൽ പരിശോധനകൾ നടത്തുവാനായി അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ മുൻവർഷം സർക്കാരുമായി കരാറിലേർപ്പെടാതെ മാറിനിൽക്കുന്ന മറ്റ് അഞ്ച് സ്വാശ്രയ മെഡിക്കൽ കോളേജുകൾക്കെതിരെയും നടപടി സ്വീകരിക്കുവാൻ സംസ്ഥാന സർക്കാർ ഇന്ത്യൻ മെഡിക്കൽ കൗൺസിലിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) 2014-15 അധ്യയന വർഷത്തിൽ 325 സീറ്റുകളും 2015-16-ൽ 375 സീറ്റുകളും നഷ്ടപ്പെടുകയുണ്ടായി.

(സി&ഡി) യഥാസമയം നടപടി സ്വീകരിക്കുകയും 2014-15 അധ്യയന

വർഷം സർക്കാരുമായി കരാറിലേർപ്പെടാതിരുന്ന സ്വാശ്രയ മെഡിക്കൽ കോളേജുകൾക്ക് സർക്കാർ നൽകി വന്നിരുന്ന സൗകര്യങ്ങൾ പിൻവലിച്ചുകൊണ്ട് 10-3-2015-ലെ സ.ഉ. (ആർറ്റി.) 810/2015/ആ.കു.വ. നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിന്മേൽ വേണ്ട നടപടികൾ സ്വീകരിക്കാൻ ഇന്ത്യൻ മെഡിക്കൽ കൗൺസിലിനോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

**എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ ഹൃദ്രോഗ വിഭാഗവും കാത്ത് ലാബും ഏർപ്പെടുത്തുവാൻ നടപടി**

54 (743) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ മുഴുവൻ സമയ ഹൃദ്രോഗ വിഭാഗത്തിന്റെയും കാത്ത് ലാബിന്റെയും അഭാവം രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) ഇവിടെനിന്നും മറ്റ് ആശുപത്രികളിലേക്ക് റഫർ ചെയ്യപ്പെട്ട രോഗികൾ യാത്രാമദ്ധ്യേ മരണപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ മുഴുവൻ സമയ ഹൃദ്രോഗ വിഭാഗവും കാത്ത് ലാബും ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) വാഹനാപകടത്തിൽ ഗുരുതര പരിക്കേറ്റ് എറണാകുളം മെഡിക്കൽ കോളേജിൽ പ്രവേശിപ്പിക്കുകയും അടിയന്തര ചികിത്സ നൽകിയശേഷം വിദഗ്ധ ചികിത്സയ്ക്കായി റഫർ ചെയ്യുകയും ചെയ്ത ഒരു രോഗി മരണപ്പെട്ടിട്ടുണ്ട്.

(ഡി) മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ വിശദമായ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

**പ്രതിരോധ കുത്തിവയ്പ്പ്**

55 (744) ഡോ. കെ. ടി. ജലീൽ :

ശ്രീമതി കെ. കെ. ലതിക :

ശ്രീ. ബി. ഡി. ദേവസ്സി :

ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാർവ്വത്രിക പ്രതിരോധ കുത്തിവയ്പ്പ് ലഭിക്കാത്ത ശിശുക്കളുടെ എണ്ണം വർദ്ധിക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രതിരോധ കുത്തിവയ്പ്പ് എടുക്കാത്തതുകൊണ്ട് മലപ്പുറം ജില്ലയിൽ ഉണ്ടായ ഡിഫ്ത്തീരിയമൂലമുള്ള മരണങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഡിഫ്ത്തീരിയ, അഞ്ചാം പനി, വില്ലൻചുമ തുടങ്ങിയ രോഗങ്ങൾ വ്യാപകമായി റിപ്പോർട്ട് ചെയ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രതിരോധ കുത്തിവയ്പ്പുകൾ നിയമംമൂലം നിർബന്ധമാക്കുന്നത് സംബന്ധിച്ച് അഭിപ്രായം വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഡി.എൽ.എച്ച്.എസ്. സർവ്വേ പ്രകാരം സാർവ്വത്രിക പ്രതിരോധ കുത്തിവയ്പ്പ് എടുക്കാത്ത കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതായാണ് കാണാൻ കഴിയുന്നത്. ഡി.എൽ.എച്ച്.എസ്-3 (ഡിസ്ട്രിക്ട് ലവൽ ഹൗസ്ഹോൾഡ് സർവ്വേ 2007-2008) പ്രകാരം പൂർണ്ണമായും പ്രതിരോധ കുത്തിവയ്പ്പ് എടുത്ത കുട്ടികളുടെ ശതമാനം 79.6 ഉം. ഡി.എൽ.എച്ച്.എസ്.-4 (2012-13) പ്രകാരം പൂർണ്ണമായും പ്രതിരോധ കുത്തിവയ്പ്പ് എടുത്ത കുട്ടികളുടെ ശതമാനം 82.5-ഉം ആണ്. റാപ്പിഡ്

സർവ്വേ ഓൺ ചിൽഡ്രൺ (RSOC 2013-14) പ്രകാരം പൂർണ്ണമായും പ്രതിരോധ കുത്തിവയ്പ്പ് എടുത്ത കുട്ടികളുടെ ശതമാനം 83 ആണ്. മേൽപറഞ്ഞ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും സംസ്ഥാനത്ത് ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിലും സാർവ്വത്രിക പ്രതിരോധ കുത്തിവയ്പ്പ് എടുക്കാത്ത കുട്ടികളുടെ എണ്ണം സംസ്ഥാനത്ത് കുറഞ്ഞുവരുന്നതായിട്ടാണ് കാണുന്നത്.

(ബി) മലപ്പുറം ജില്ലയിൽ പ്രതിരോധ കുത്തിവയ്പ്പ് എടുക്കാത്തതുകൊണ്ട് ഉണ്ടായ ഡിഫ്ത്തീരിയ മൂലമുള്ള മരണങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു. മലപ്പുറം ജില്ലയിലെ വെട്ടന്നൂർ, കാളമ്പാടി എന്നീ സ്ഥലങ്ങളിലാണ് ഡിഫ്ത്തീരിയ രോഗബാധ റിപ്പോർട്ട് ചെയ്യപ്പെട്ടത്. ആരോഗ്യ വകുപ്പിന്റെ സമയോചിതമായ നടപടികളിലൂടെ രോഗനിയന്ത്രണം സാധ്യമാകുകയും ചുവടെ പറയുന്ന ഊർജ്ജിത കർമ്മ പരിപാടികൾക്ക് രൂപം നൽകി നടപ്പിലാക്കി വരുന്നു:

1. ജില്ലാ പഞ്ചായത്തിന്റെയും ജില്ലാ ഭരണകൂടത്തിന്റെയും നേതൃത്വത്തിൽ ജില്ലാ മെഡിക്കൽ ഓഫീസറെ കൺവീനർ ആക്കിക്കൊണ്ട് കോഴിക്കോട്, മഞ്ചേരി മെഡിക്കൽ കോളേജുകളിലെ വിദഗ്ധരും, ഐ.എ.പി., ഐ.എം.എ. കെ.ജി.എം.ഒ.എ, കെ.ജി.എം.സി.റ്റി.എ, എഫ്.ഒ.ജി.എസ്., ക്യൂ.പി.എം.പി.എ. ജില്ലയിലെ മുതിർന്ന ഡോക്ടർമാർ എന്നിവരടങ്ങുന്ന കർമ്മസേന രൂപീകരിക്കാനും കർമ്മസേനയുടെ മേൽനോട്ടത്തിലും മാർഗ്ഗനിർദ്ദേശത്തിലും തുടർപ്രവർത്തനങ്ങൾ നടത്താനും സാധിച്ചു.

2. രോഗബാധ സ്ഥിരീകരിക്കപ്പെട്ട പ്രദേശങ്ങളിൽ രോഗപ്രതിരോധ കുത്തിവയ്പുകൾ സ്വീകരിക്കാത്ത കുട്ടികളെ കണ്ടെത്തുകയും ഡിഫ്തീരിയ കുത്തിവയ്പ്പ് പൂർണ്ണമായും എടുക്കാത്തവർക്ക് മൂന്നും ഭാഗികമായി എടുത്തവർക്ക് ഒന്നും ഡോസ് വീതം ടി.ഡി. വാക്സിൻ നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. മരണപ്പെടുകയും രോഗം സ്ഥിരീകരിക്കപ്പെടുകയും ചെയ്ത കുട്ടികളുമായി

അടുത്തിടപഴകിയ എല്ലാവർക്കും പ്രായഭേദമന്യേ ഒരു ഡോസ് ടി.ഡി. വാക്സിനും ഒരു കോഴ്സ് എറിത്രോമൈസിൻ ഗുളികകളും നൽകിവരുന്നു.

4. സ്കൂൾ വാക്സിനേഷന്റെ ഭാഗമായി 10-16 വയസ്സുകളിലുള്ള വിദ്യാർത്ഥികൾക്ക് നിലവിൽ നൽകി വരുന്ന ടി.ടി. ബൂസ്റ്റർ ഡോസിന് പകരം ടി.ഡി. വാക്സിൻ നൽകി വരുന്നു.

5. പൂർണ്ണമായോ, ഭാഗികമായോ കുത്തിവെയ്പ്പ് ലഭിക്കാത്ത കുട്ടികളെ കണ്ടെത്താൻ വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ പ്രവർത്തനം ആരംഭിച്ചു.

6. ആവശ്യമായ ഡിഫ്തീരിയ ആന്റിടോക്സിൻ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു.

7. പ്രതിരോധ കുത്തിവയ്പ്പിനെ പരമാവധി പ്രോത്സാഹിപ്പിക്കാനും ജില്ലയിലെ ചില ഭാഗങ്ങളിൽ കണ്ടുവരുന്ന വാക്സിനേഷനെതിരായ പ്രചരണങ്ങളെ നിരുത്സാഹപ്പെടുത്താനും സ്ഥിരമായും, നിരന്തരവുമായ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്തു.

8. കർമ്മസേനാ സമിതി അംഗങ്ങൾ ഡിഫ്തീരിയ രോഗബാധ റിപ്പോർട്ട് ചെയ്ത കാളമ്പാടി, വെട്ടന്നൂർ യത്തീംഖാനകൾ സന്ദർശിക്കുകയും അധികാരികളുമായി ആശയവിനിമയം നടത്തുകയും ചെയ്തു. തുടർന്ന് ഡിഫ്തീരിയ രോഗബാധയേറ്റ് മരിച്ചതായി സംശയിക്കുന്ന കുട്ടികളുടെ വീട് ഉൾക്കൊള്ളുന്ന തലക്കാട് പ്രാഥമിക ആരോഗ്യ കേന്ദ്രം പരിധിയിലെ കൽപ്പകച്ചേരി പ്രദേശം സന്ദർശിച്ച് അന്വേഷണം നടത്തുകയും അതിനുശേഷം ജില്ലയ്ക്കു വേണ്ട സമഗ്രമായ കർമ്മ പരിപാടിയ്ക്ക് രൂപം കൊടുക്കുകയും ചെയ്തു.

(സി) സ്കൂൾ പ്രവേശന സമയത്ത് ഇമ്മ്യൂണൈസേഷൻ കാർഡ് നിർബന്ധമാക്കണമെന്നാവശ്യപ്പെട്ട് ഇന്ത്യൻ അക്കാദമി ഓഫ് പീഡിയാട്രിക്സ് സമർപ്പിച്ച നിവേദനത്തിൻമേൽ പൊതു വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ അടുത്ത അദ്ധ്യയന വർഷം മുതൽ സ്കൂൾ പ്രവേശന സമയത്ത് രക്ഷിതാക്കൾ അവരുടെ

കൈവശമുള്ള ഇമ്മ്യൂണൈസേഷൻ കാർഡ് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുവാനും, പ്രസ്തുത കാർഡ് പരിശോധിച്ച് പൂർണ്ണമായോ, ഭാഗീകമായോ പ്രതിരോധ കുത്തിവയ്പ്പ് എടുക്കാത്ത കുട്ടികളുടെ ഒരു പട്ടിക തയ്യാറാക്കി തുടർന്നുള്ള രണ്ട് മാസ കാലയളവിനുള്ളിൽ അത്തരം കുട്ടികൾക്ക് പ്രതിരോധ കുത്തിവയ്പ്പ് എടുക്കുന്നതിനുവേണ്ടിയുള്ള ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുവാനും തീരുമാനിച്ചു. ഇതിനുവേണ്ട നിർദ്ദേശം ആരോഗ്യവകുപ്പ് ഡയറക്ടർ ഇന്ത്യൻ അസോസിയേഷൻ ഓഫ് പീഡിയാട്രിക്സിന്റെ സഹകരണത്തോടെ വിദ്യാഭ്യാസ വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

## താലൂക്ക് ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ

56 (745) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആശുപത്രികളിൽ നിർണ്ണയിച്ചിട്ടുള്ള സ്റ്റാഫ് പാറ്റേൺ വിശദമാക്കാമോ;

(ബി) ഏതെല്ലം വിഭാഗങ്ങളിലാണ് സ്പെഷ്യലൈസേഷൻ ഉള്ള ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇത്തരം ആശുപത്രികളിൽ എത്ര രോഗികൾക്കാണ് കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യങ്ങൾ ലഭ്യമാവുകയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) താലൂക്ക് ആശുപത്രികളിൽ നിർണ്ണയിച്ചിട്ടുള്ള സ്റ്റാഫ് പാറ്റേൺ അനുബന്ധം "എ" ആയി ഉള്ളടക്കം ചെയ്യുന്നു.*

(ബി) സ്പെഷ്യാലിറ്റി യൂണിറ്റുകൾ

ശസ്ത്രക്രിയ

മെഡിസിൻ

ശിശുരോഗ വിഭാഗം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഒബ് & ഗൈനക്കോളജി

പി.പി. യൂണിറ്റ്

(സി) താലൂക്ക് ആശുപത്രികളിൽ 100 ബെഡ്ഡുകളാണ് അനുവദനീയമായിട്ടുള്ളത്.

**പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ**

57 (746) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിൽ പൊതുജനങ്ങൾക്കായി നൽകുന്ന സേവനങ്ങൾ എന്തെല്ലാം; വിശദാംശം നൽകുമോ;

(ബി) ഇത്തരം സേവനങ്ങൾ യഥാസമയം പൊതുജനങ്ങൾക്ക് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ പൊതുജനങ്ങൾക്കായി നൽകുന്ന സേവനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ഔട്ട് പേഷ്യന്റ് ചികിത്സയും (Referal Service) രോഗപ്രതിരോധ പ്രവർത്തനങ്ങളും ദേശീയ/സംസ്ഥാന ആരോഗ്യ കുടുംബക്ഷേമ പ്രവർത്തനങ്ങളുമാണ് പ്രധാനമായും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലൂടെ നടത്തിവരുന്നത്. പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം തന്നെ നോൺ-കമ്മ്യൂണിക്കബിൾ ഡിസീസ്സിൽ ഉൾപ്പെടുന്ന രോഗങ്ങൾ നിയന്ത്രിക്കുന്നതിനുവേണ്ട നടപടികളും ബോധവൽക്കരണ പരിപാടികളും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലൂടെ നടത്തിവരുന്നുണ്ട്.

(ബി) പൊതുജനങ്ങൾക്ക് യഥാസമയം സേവനങ്ങൾ ലഭിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ മെഡിക്കൽ ഓഫീസറും ജില്ലാ മെഡിക്കൽ ഓഫീസറുമാണ് സ്വീകരിക്കുന്നത്. പ്രതിമാസ റിപ്പോർട്ടുകൾ വഴിയും, അവലോകനയോഗങ്ങൾ വഴിയും സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. ജില്ലാതലത്തിൽനിന്ന് സ്ഥാപനങ്ങൾ നേരിട്ട്

സന്ദർശിച്ചും പ്രവർത്തനങ്ങൾ വിലയിരുത്തുന്നു.

### ജൂനിയർ കൺസൾട്ടന്റുമാരുടെ പ്രൊമോഷൻ

58(747) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജനറൽ ആശുപത്രികളിലെ സ്പെഷ്യാലിറ്റി കേഡറുകളിലേക്ക് ജൂനിയർ കൺസൾട്ടന്റുമാർക്ക് പ്രൊമോഷൻ നൽകുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചോയെന്ന് വിശദമാക്കുമോ?

ഉത്തരം

ജനറൽ ആശുപത്രികളിൽ ജനറൽ മെഡിസിൻ തസ്തികയിലൊഴികെ ബാക്കി എല്ലാ സ്പെഷ്യാലിറ്റി തസ്തികകളിലും ജൂനിയർ കൺസൾട്ടന്റുമാരായി പി.ജി. ബിരുദമുള്ള അസിസ്റ്റന്റ് സർജന്മാർക്ക് കേഡർ മാറ്റംവഴി പ്രൊമോഷൻ നൽകിയിട്ടുണ്ട്. ജനറൽ മെഡിസിൻ സ്പെഷ്യാലിറ്റിയിൽ ജൂനിയർ കൺസൾട്ടന്റുമാർക്ക് പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

### ഹൃദയാഘാതം തടയുന്നതിനായി ബോധവൽക്കരണം

59 (748) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൃദയചികിത്സാ രംഗത്ത് കേരളം ലോക നിലവാരത്തിലേക്ക് ഉയരുമ്പോഴും രോഗപ്രതിരോധത്തിൽ പിന്നോട്ടാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഹൃദയാഘാതത്തിന്റെ തോതും അതുമൂലം മരിക്കുന്നവരുടെ എണ്ണവും വർദ്ധിക്കുന്നത് തടയുന്നതിനായി ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ആധുനിക സാങ്കേതികവിദ്യയുടെ പ്രയോജനം പൂർണ്ണമായും

ഉൾക്കൊണ്ടുകൊണ്ട് കേരളത്തിലെ സർക്കാർ സ്വകാര്യ മേഖലയിലുള്ള ഹൃദ്രോഗ ചികിത്സ ലോക നിലവാരത്തിലേക്ക് ഉയർന്നുവെങ്കിലും ഹൃദ്രോഗികളുടെ എണ്ണം സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഹൃദയാഘാതത്തിലേക്ക് ഒരു വ്യക്തിയെ നയിക്കുന്നത് വിവിധതരം കാരണങ്ങളാണ്. കൊഴുപ്പേറിയ ഭക്ഷണം, വ്യായാമം ഇല്ലായ്മ, പുകവലി, പ്രമേഹം, രക്താദിസമ്മർദ്ദം തുടങ്ങിയ രോഗങ്ങൾ, പാരമ്പര്യം തുടങ്ങിയ വിവിധ കാരണങ്ങളാലാണ് ഹൃദ്രോഗവും ഹൃദയാഘാതവും സംഭവിക്കുന്നത്. ഇത് തടയുന്നതിന് ആവശ്യമായ ആരോഗ്യബോധവൽക്കരണവും നേരത്തെയുള്ള രോഗനിർണ്ണയവും ചികിത്സാവിധികളും അനിവാര്യമാണ്. ഈ ഉദ്ദേശ്യലക്ഷ്യത്തോടെ സംസ്ഥാന ആരോഗ്യ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് 'അമൃതം ആരോഗ്യം'. ആരോഗ്യപരമായ ഭക്ഷണരീതിയും ചിട്ടയായ വ്യായാമത്തിന്റെ ആവശ്യകതയും, പുകവലി, മദ്യപാനം എന്നീ ദുശ്ശീലങ്ങളുടെ ദൂഷ്യഫലങ്ങളും അത് ഒഴിവാക്കുവാൻ വേണ്ടിയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും ആരോഗ്യ പ്രവർത്തകരിലൂടെ ജനങ്ങളിലേക്ക് എത്തിക്കുന്നു. യോഗാ പരിശീലനങ്ങൾ ആരോഗ്യ പ്രവർത്തകർക്കും പൊതുജനങ്ങൾക്കും നൽകിവരുന്നു. മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനവിഭാഗങ്ങളെയും ജീവിതശൈലി രോഗങ്ങൾ കണ്ടെത്തുന്നതിനായി സ്ക്രീനിംഗ് നടത്തുന്നതിലൂടെ ഹൃദ്രോഗത്തിന് കാരണമായ രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും സാധിക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ എൻ.പി.സി. ഡി.സി.എസ്. നിലവിലുള്ള അഞ്ച് ജില്ലകളിൽ കൊറോണറി കെയർ യൂണിറ്റ് ജില്ലാ ആശുപത്രികളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിനു പുറമെ സർക്കാർ ഡോക്ടർമാർക്കും മറ്റ് ജീവനക്കാർക്കും ഹൃദ്രോഗ പരിചരണത്തിനുള്ള പ്രത്യേക പരിശീലനവും നൽകിവരുന്നു.

## ക്യാൻസർ ബോധന-നിയന്ത്രണ ചികിത്സാ പദ്ധതി

60 (749) ശ്രീ. ജോസഫ് വാഴയ്ക്കൻ :

<u>ശ്രീ. വി. ഡി. സതീശൻ</u> :

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> :

<u>ശ്രീ. എം. എ. വാഹീദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്യാൻസർ ബോധന - നിയന്ത്രണ ചികിൽസാ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്ന ജനവിഭാഗങ്ങളിൽ ഫീൽഡ് തലത്തിൽ ക്യാൻസർ രോഗനിർണ്ണയവും ബോധവൽക്കരണവും, രോഗം കണ്ടെത്തുന്നവർക്ക് ക്യാൻസർ സെന്ററുകൾവഴി ചികിത്സ നൽകൽ എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. മുൻകൂട്ടി കണ്ടെത്താൻ സാദ്ധ്യമായതും പൂർണ്ണമായും ചികിത്സിച്ച് ഭേദമാക്കാൻ കഴിയുന്നതുമായ സ്തനാർബുദം, വദനാർബുദം, ഗർഭാശയ ക്യാൻസർ എന്നീ ക്യാൻസറുകളാണ് ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആശാ പ്രവർത്തകരിലൂടെ രോഗ ലക്ഷണങ്ങൾ ഉള്ളവരെ കണ്ടെത്തി പി.എച്ച്.സി./സി.എച്ച്.സി. തലത്തിൽ രോഗനിർണ്ണയം നടത്തി രോഗികളെ മുൻകൂട്ടി കണ്ടെത്തി ചികിത്സിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രവർത്തന രീതി.

(സി) 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിലാണ് ഈ പദ്ധതി അവതരിപ്പിച്ചത്. തുടർന്ന് ആരോഗ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ആർ.സി.സി. യുടെയും ആരോഗ്യവകുപ്പിന്റെയും ഉന്നത ഉദ്യോഗസ്ഥർ പങ്കെടുത്ത ഉന്നതതല മീറ്റിംഗ് കൂടുകയും ക്യാൻസർ സെന്ററിനോട് പദ്ധതി തയ്യാറാക്കാൻ ആവശ്യപ്പെടുകയും

ചെയ്തു. ആർ.സി.സി. നൽകിയ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ എഴുപത് (70) ഡോക്ടർമാർക്കും തൊണ്ണൂറ്റി അഞ്ച് (95) നഴ്സുമാർക്കും റീജണൽ ക്യാൻസർ സെന്ററിൽ പരിശീലനം നൽകുകയുണ്ടായി. ആദ്യ ഘട്ടത്തിൽ ആറ് ജില്ലകളിൽ ഈ പദ്ധതി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു. എന്നാൽ ഫണ്ട് ലഭിക്കാത്തതിനെ തുടർന്ന് എൻ.സി.ഡി. പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുകയുണ്ടായി. കുടുംബശ്രീയുമായി സഹകരിച്ച് "സ്വാസ്ഥ്യം" പദ്ധതി പത്തനംതിട്ട ജില്ലയിൽ നടന്നുവരുന്നുണ്ട്. നാഷണൽ സേവിംഗ്സ് സ്കീം പ്രവർത്തകർക്ക് പരിശീലനം നൽകുകവഴി അവർ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വീടുവീടാന്തരം ക്യാൻസർ നിയന്ത്രണ-പ്രതിരോധ സന്ദേശം എത്തിക്കുവാൻ ശ്രമിക്കുന്നുണ്ട്. ഇതുകൂടാതെ സംസ്ഥാന ആരോഗ്യവകുപ്പിന്റെ കീഴിൽ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നുണ്ട്.

## പതിനെട്ടു വയസിന് താഴെയുള്ളവർക്ക് സൗജന്യ ചികിത്സ

61 (750) ശ്രീ. ടി. എൻ. പ്രതാപൻ :

ശ്രീ. എം. പി. വിൻസെന്റ് :

ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനെട്ടു വയസിന് താഴെയുള്ളവർക്ക് എല്ലാ രോഗങ്ങൾക്കും സൗജന്യ ചികിൽസ നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ആർ.ബി.എസ്.കെ. ആരോഗ്യകിരണം പദ്ധതികളുടെ പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു: ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികൾക്കുണ്ടാകുന്ന എല്ലാ രോഗങ്ങൾക്കുമുള്ള ചികിത്സ ലഭ്യമാക്കുക എന്നത് ഈ

പദ്ധതികളുടെ പ്രധാന ലക്ഷ്യമാണ്. ഈ പദ്ധതികൾ നടപ്പിലാക്കിയതിലൂടെ ചികിത്സാ ചെലവുകൾ കാരണം കഷ്ടപ്പെടുന്ന അനേകായിരം കുടുംബങ്ങൾക്ക് വലിയ ആശ്വാസം നൽകുന്നതിനോടൊപ്പം അവരെ മാനസികമായും സാമൂഹികമായും ഉന്നതിയിലേക്ക് നയിക്കുന്നതിനും സാധിക്കുന്നു.

(സി) രാഷ്ട്രീയ ബാല സ്വാസ്ഥ്യ കാര്യക്രം (ആർ.ബി.എസ്.കെ.) എന്ന കേന്ദ്രസർക്കാർ പദ്ധതി 2013 അവസാനത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കി തുടങ്ങി. 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ പദ്ധതിക്കാവശ്യമായ തുക ദേശീയ ആരോഗ്യ ദൗത്യംവഴി ലഭ്യമാകുകയും പദ്ധതി ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യനീതി വകുപ്പുകളുടെ സഹായ സഹകരണത്തോടെ സംസ്ഥാനത്ത് നടപ്പിലാക്കുകയും ചെയ്യുന്നു. പദ്ധതിയുടെ സുഗമമായ നടത്തിപ്പിലേക്കായി കേന്ദ്ര ഗവൺമെന്റ് വിശദമായ മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ വിവിധ വശങ്ങളെപ്പറ്റി വിശദമായി പ്രതിപാദിക്കുന്ന സമഗ്രമായ മാർഗ്ഗനിർദ്ദേശം 2014-15, 2015-16 വർഷങ്ങളിൽ സംസ്ഥാന ആരോഗ്യ കേരളം മിഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിയുടെ അവലോകനം ജില്ലാതലത്തിലും സംസ്ഥാനതലത്തിലും കാര്യക്ഷമമായി നടന്നുവരുന്നു. 20-5-2013-ലെ സർക്കാർ ഉത്തരവ് സ.ഉ. (എംഎസ്.) നമ്പർ 178/2013/ ആ.കു.വ. പ്രകാരം ആരോഗ്യകിരണം പദ്ധതി നിലവിൽ വന്നു. തുടർന്ന് പദ്ധതിയുടെ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാന ആരോഗ്യ മിഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ആരോഗ്യകിരണം പദ്ധതിക്കാവശ്യമായി വരുന്ന തുക, അതാത് സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തുകയും തുക പൂർണ്ണമായും ലഭ്യമാക്കുകയും ചെയ്യുന്നു. സർക്കാർ ആശുപത്രികൾ മുഖേനയും ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി മുഖേനയുമാണ് സൗജന്യ ചികിത്സ മുഖ്യമായും നൽകിവരുന്നത്.

## പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ കാഷ്വാലിറ്റി ആരംഭിക്കുന്നത്

62 (751) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ ആശുപത്രികളിലാണ് പുതുതായി കാഷ്വാലിറ്റി ആരംഭിക്കാൻ തീരുമാനിച്ചത് എന്ന് വ്യക്തമാക്കുമോ ;

(ബി) പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ കാഷ്വാലിറ്റി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) 35 താലൂക്ക് ആശുപത്രികളിലും രണ്ട് സാമൂഹ്യാരോഗ്യ കേന്ദ്രത്തിലും പുതുതായി കാഷ്വാലിറ്റി ആരംഭിച്ചിട്ടുണ്ട്. (പട്ടിക അനുബന്ധമായി* ചേർത്തിരിക്കുന്നു.)

(ബി) തീരുമാനിച്ചിട്ടുണ്ട്. 16-11-2015-ലെ സ.ഉ.(കൈ) നമ്പർ 261/15 ആ.കു.വ. പ്രകാരം പേരാമ്പ്ര താലൂക്ക് ആശുപത്രിയടക്കം സംസ്ഥാനത്തെ 37 ആശുപത്രികളിൽ കാഷ്വാലിറ്റി യൂണിറ്റ് ആരംഭിക്കുന്നതിന് 148 അസിസ്റ്റന്റ് സർജൻമാരുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്. (അനുബന്ധം ബി)*

**ജീവിത ശൈലീ രോഗങ്ങൾ**

63 (752) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലീ രോഗങ്ങൾ അനിയന്ത്രിതമായി സംസ്ഥാനത്ത് പടർന്നുപിടിയ്ക്കുന്നതു തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) മാരകരോഗമായ ക്യാൻസർ അതിവേഗം കേരള ജനതയെ കീഴടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന്റെ വ്യാപനം തടയുന്നതിനായി എന്തെല്ലാം മുൻകരുതലുകൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രമേഹം, ക്യാൻസർ മുതലായ രോഗങ്ങൾ കണ്ടെത്തുന്നതിനുള്ള ടെസ്റ്റുകൾ സർക്കാർ ആശുപത്രികളിൽ സൗജന്യമായി ചെയ്തുകൊടുക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എല്ലാ ജനവിഭാഗങ്ങൾക്കിടയിലും വർദ്ധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങൾ പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സംസ്ഥാനത്തെ ആരോഗ്യ വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് 'അമൃതം ആരോഗ്യം' ഈ പദ്ധതിയുടെ പ്രയോജനം എല്ലാ ജനങ്ങളിലേയ്ക്കും എത്തിക്കുന്നതിന് സംസ്ഥാനത്തെ 835 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, 5144 കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഗ്ലൂക്കോമീറ്റർ, ബി.പി. അപ്പാരറ്റസ്, വെയിങ്ങ് മെഷീൻ തുടങ്ങിയ ഉപകരണങ്ങൾ എത്തിക്കുകയും ആഴ്ചയിൽ ഒരു ദിവസം സ്ക്രീനിംഗ് നടത്തുകയും ചെയ്യുന്നു. ജീവിതശൈലി രോഗങ്ങൾക്കുള്ള മരുന്നുകൾ പ്രാഥമികാരോഗ്യ കേന്ദ്രതലംവരെ എത്തിക്കുകയും സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. അനാരോഗ്യകരമായ ഭക്ഷണരീതി, വ്യായാമമില്ലായ്മ, പുകവലി, മദ്യപാനം തുടങ്ങിയ ശീലങ്ങളോടുള്ള ആസക്തി എന്നിവയ്ക്ക് എതിരെയുള്ള ബോധവൽക്കരണം, ഓഫീസുകൾ, തൊഴിൽശാലകൾ, സ്കൂളുകൾ എന്നീ സ്ഥാപനങ്ങളിൽ ജീവിതശൈലീ സ്ക്രീനിംഗ്, ബോധവൽക്കരണം, യോഗാ പരിശീലനം എന്നിവ നടത്തി വരുന്നു. ആരോഗ്യവകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാർക്കും ജീവിതശൈലീരോഗ നിയന്ത്രണത്തിനുള്ള പരിശീലനം നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2014 ജനവരി മാസം കേരള ആരോഗ്യ വകുപ്പും എൻ.ആർ.എച്ച്.എം.-ഉം ചേർന്ന് ഒരു സമഗ്ര ക്യാൻസർ നിയന്ത്രണ പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ട്. ഇതിന്റെ പ്രാരംഭ നടപടിയായി പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, കോഴിക്കോട്, തൃശ്ശൂർ എന്നീ ജില്ലകളിൽ നിന്നുള്ള എൻ.ആർ.എച്ച്.എം. ഡോക്ടർമാർക്കും എൻ.ആർ.എച്ച്.എം. നഴ്സുമാർക്കും ക്യാൻസർ ബോധവൽക്കരണ ക്ലാസ്സുകളും ക്യാൻസർ നേരത്തെ കണ്ടുപിടിക്കുന്നതിനാവശ്യമായ പ്രായോഗിക പരിശീലനവും റീജിയണൽ ക്യാൻസർ സെന്റർ നൽകിയിട്ടുണ്ട്. മുൻകൂർ രോഗനിർണ്ണയം നടത്തി യഥാസമയത്ത് ചികിത്സ ലഭ്യമാക്കുന്ന പക്ഷം ക്യാൻസർ രോഗം നല്ലൊരു പരിധിവരെ നിയന്ത്രിക്കുവാൻ കഴിയുന്നതാണ്. ഇതിനായി റീജിയണൽ ക്യാൻസർ സെന്ററിലെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗവും ആർ.സി.സി.-യുടെ ഉപകേന്ദ്രങ്ങളായ കൊല്ലം, എറണാകുളം, പാലക്കാട് എന്നീ മുൻകൂർ ക്യാൻസർ നിർണ്ണയ കേന്ദ്രങ്ങളും ക്യാൻസർ നിർണ്ണയ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നു. കണ്ണൂർ, കോഴഞ്ചേരി എന്നിവിടങ്ങളിലെ മുൻകൂർ ക്യാൻസർ നിർണ്ണയ കേന്ദ്രങ്ങൾക്ക് ഇക്കാര്യത്തിൽ ആവശ്യമായ സാങ്കേതിക സഹായവും റീജിയണൽ ക്യാൻസർ സെന്റർ നൽകി വരുന്നു. ക്യാൻസർ തടയുന്നതിനാവശ്യമായ ബോധവൽക്കരണ പരിപാടികൾ സ്കൂൾ,

കോളേജ്, ഓഫീസ് തലത്തിലും ആരോഗ്യ പ്രവർത്തകരിലൂടെ ഫീൽഡ് തലത്തിലും ആരോഗ്യ വകുപ്പ് നടത്തിവരുന്നു. രോഗം മുൻകൂട്ടി കണ്ടെത്തുന്നതിനായി രോഗനിർണ്ണയ ക്യാമ്പുകൾ എല്ലാ ജില്ലകളിലും നടത്തി വരുന്നു. എല്ലാ ജില്ലകളിലും കീമോതെറാപ്പി സൗകര്യം ഉൾപ്പെടെയുള്ള ജില്ലാ ക്യാൻസർ കെയർ സെന്ററുകൾ ജില്ലയിലെ ഒരു പ്രധാന ആശുപത്രിയിൽ സജ്ജീകരിച്ചിട്ടുണ്ട്.

(സി) പ്രമേഹം, രക്താതിസമ്മർദ്ദം എന്നിവ കണ്ടെത്തുന്നതിനുള്ള ടെസ്റ്റ് കിറ്റുകളും ഉപകരണങ്ങളും സംസ്ഥാനത്തെ എല്ലാ കമ്മ്യൂണിറ്റി സെന്ററുകളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും 2011 മുതൽ നൽകിയിട്ടുള്ളതും, സൗജന്യമായി ജനങ്ങൾക്ക് പരിശോധന നൽകി വരുന്നതുമാണ്. ഈ സാമ്പത്തിക വർഷം ഇത് സംസ്ഥാനത്തെ താലൂക്ക്, ജില്ലാ ജനറൽ ആശുപത്രികളിൽ കൂടി വ്യാപിപ്പിച്ചിട്ടുണ്ട്. ഗർഭാശയ ക്യാൻസറിനുള്ള VIA VILI കിറ്റുകൾ, വദനാർബുദം (ഓറൽ ക്യാൻസർ) കണ്ടുപിടിക്കുന്നതിനുള്ള പഞ്ച് ബയോപ്സി കിറ്റുകൾ എന്നിവ ആരോഗ്യവകുപ്പിലൂടെ വിതരണം ചെയ്തിട്ടുണ്ട്. ജില്ലാ ക്യാൻസർ കെയർ പദ്ധതി നടപ്പിലാക്കുന്ന ആശുപത്രികൾക്ക് ഉപകരണങ്ങളും കിറ്റുകളും വാങ്ങുന്നതിനും എല്ലാ വർഷവും ധനസഹായം നൽകാറുണ്ട്.

## തൃശ്ശൂർ മെഡിക്കൽ കോളേജ്

64 (753) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജാശുപത്രിയിൽ ഐ.പി./ഒ.പി. വിഭാഗങ്ങളിൽ ശരാശരി എത്ര രോഗികൾ ദിനം പ്രതി ചികിൽസയ്ക്കായി എത്തിച്ചേരുന്നുണ്ട് ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഡോക്ടർമാർ ഉൾപ്പെടെ ഓരോ തസ്തികയിലും എത്ര ജീവനക്കാർ ഉണ്ട് ;

(സി) രോഗികളുടെ വർദ്ധനവിനനുസരിച്ച് ഡോക്ടർമാരും ഇതര ജീവനക്കാരും ഇല്ലാത്തതുകാരണം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ

പ്രസ്തുത ആശുപത്രിയിൽ രോഗികളുടെ എണ്ണത്തിനാനുപാതികമായി ഡോക്ടർമാരെയും ജീവനക്കാരെയും നിയമിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ;

(ഡി) മെഡിക്കൽ കോളേജാശുപത്രിയിൽ കാർഡിയോ തൊറാസിക് സർജറി, ന്യൂറോ സർജറി വിഭാഗങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ടി വിഭാഗങ്ങൾ കൂടി ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഒ.പി. വിഭാഗത്തിൽ 2849-ഉം ഐ.പി. വിഭാഗത്തിൽ 169-ഉം രോഗികൾ ദിനംപ്രതി ചികിത്സയ്ക്കായി എത്തിച്ചേരുന്നുണ്ട്.

(ബി) തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിലവിൽ ഡോക്ടർമാരുൾപ്പെടെ 1324 പേർ ജോലി ചെയ്യുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ന്യൂറോ സർജറി വിഭാഗം നിലവിൽ പ്രവർത്തിക്കുന്നുണ്ട്. തൊറാസിക് സർജറി വിഭാഗം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**ചേർപ്പ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ**

65 (754) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർപ്പ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയാക്കി ഉയർത്തുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ തുടർപ്രവർത്തനങ്ങൾ എന്തെങ്കിലും നടന്നിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) ചേർപ്പ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക് ഹെഡ് ക്വാർട്ടേഴസ് ആശുപത്രിയാക്കി ഉയർത്താൻ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ലഭിച്ചിട്ടുണ്ട്. ചേർപ്പ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ അപ്ഗ്രഡേഷൻ സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**ജീവിതശൈലീ രോഗനിർണ്ണയവും ചികിത്സയും**

66 (755) ശ്രീ. വി. ടി. ബൽറാം :

ശ്രീ. കെ. അച്ചുതൻ :

ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജീവിതശൈലീ രോഗനിർണയവും ചികിൽസയും സൗജന്യമായി നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ജീവിതശൈലി രോഗങ്ങൾ നിയന്ത്രിക്കുന്നതിനും നേരത്തെ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും ആരോഗ്യ വകുപ്പ് 'അമൃതം ആരോഗ്യം' എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളെയും ജീവിത ശൈലീ രോഗങ്ങൾ കണ്ടെത്തുന്നതിനായി സ്ക്രീനിംഗ് നടത്തുക, രോഗം കണ്ടെത്തുന്നവർക്ക് ചികിത്സയും മരുന്നും സൗജന്യമായി നൽകുക, അനാരോഗ്യകരമായ ഭക്ഷണം, വ്യായാമം ഇല്ലായ്മ, പുകവലി, മദ്യപാനം തുടങ്ങിയ ശീലങ്ങളോടുള്ള ആസക്തി എന്നിവയ്ക്ക് എതിരെയുള്ള ബോധവൽക്കരണം എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ. ഇതിലൂടെ രോഗം വരാതിരിക്കുന്നതിനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതിനും രോഗം മുൻകൂട്ടി കണ്ടെത്തുന്നതിനും മുൻകൂറായി ചികിത്സിക്കുന്നതിനും ഗുരുതരാവസ്ഥ ഒഴിവാക്കുന്നതിനും സാധിക്കുന്നു.

(സി) 2010-11 വർഷത്തിൽ കേന്ദ്രം ആവിഷ്കരിച്ച പദ്ധതിയായിട്ടാണ് ജീവിതശൈലി രോഗനിയന്ത്രണ പദ്ധതി കേരളത്തിൽ ആരംഭിച്ചത്. അഞ്ച് ജില്ലകളിൽ മാത്രം നിലവിൽ വന്ന പദ്ധതിയുടെ ചുവട് പിടിച്ച് സംസ്ഥാന ആരോഗ്യവകുപ്പ് 2012-ൽ 'അമൃതം ആരോഗ്യം' എന്ന പേരിൽ സംസ്ഥാന വ്യാപകമായി ജീവിതശൈലിരോഗനിയന്ത്രണ പദ്ധതി നടപ്പിലാക്കിയത്. ഭരണതലത്തിൽ ഇതിനായി പ്രത്യേക കമ്മിറ്റികൾ രൂപീകരിക്കുകയും ചിട്ടയായ പ്രവർത്തനങ്ങളിലൂടെ ഈ പദ്ധതിക്ക് വേണ്ട രൂപരേഖയും, മാർഗ്ഗനിർദ്ദേശങ്ങളും തയ്യാറാക്കി സംസ്ഥാന തലത്തിലും ജില്ലാതലത്തിലും ആലോചന അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും പരിശീലന പരിപാടികൾ ഫീൽഡ്തലം വരെ നൽകുകയും ചെയ്യുന്നു. ആവശ്യമായ മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴി സംഭരിക്കുകയും സമയബന്ധിതമായി വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. സംസ്ഥനതലത്തിലും ജില്ലാതലത്തിലും ആശുപത്രിതലത്തിലും കൃത്യമായ അവലോകനം നടത്തുകയും പദ്ധതിയുടെ പുരോഗതി വിലയിരുത്തുകയും ചെയ്തുവരുന്നു.

**ലബോറട്ടറി പരിശോധനയ്ക്കുള്ള രക്തസാമ്പിളുകളുടെ ശേഖരണം**

67 (756) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിലെ വിവിധ വാർഡുകൾ, ഓപ്പറേഷൻ തീയേറ്ററുകൾ, ഐ.സി.യു. എന്നിവിടങ്ങളിലെ രോഗികളിൽ നിന്നും ലബോറട്ടറി പരിശോധനയ്ക്കുള്ള രക്തസാമ്പിളുകൾ ശേഖരിക്കുന്നത് ആരാണ്;

(ബി) ഈ ജോലിക്കായി ഏതെങ്കിലും വിഭാഗം ജീവനക്കാരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) മെഡിക്കൽ കോളേജ് ആശുപത്രിയിലെ വിവിധ വാർഡുകൾ, ഓപ്പറേഷൻ തീയേറ്ററുകൾ, ഐ.സി.യു. എന്നിവിടങ്ങളിലെ രോഗികളിൽനിന്നും ലബോറട്ടറി പരിശോധനയ്ക്കുള്ള രക്തസാമ്പിളുകൾ ശേഖരിക്കുന്നത് സ്റ്റാഫ് നഴ്സുമാരുടെ ജോലിയും ഉത്തരവാദിത്വവുമാണ്. ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

## എണ്ണപ്പാറ പ്രാഥമികാരോഗ്യകേന്ദ്രം ട്രൈബൽ ആശുപത്രിയായി ഉയർത്തുന്നതിനു നടപടി

68 (757) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിലെ എണ്ണപ്പാറ പ്രാഥമികാരോഗ്യകേന്ദ്രം ട്രൈബൽ ആശുപത്രിയായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ആവശ്യത്തിലേക്കായി ആരോഗ്യവകുപ്പ് ഡയറക്ടറുടെ ശിപാർശ ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത ആശുപത്രിയിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്വീകരിച്ചിട്ടില്ല.

(ബി) ഇല്ല.

(സി&ഡി) ബാധകമല്ല.

**കാസർഗോഡ് ജനറൽ ആശുപത്രിയിൽ ബ്ലഡ് കംപോണന്റ് സെപ്പറേഷൻ യൂണിറ്റ്**

69 (758) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഗവ. ജനറൽ ആശുപത്രിയിൽ ബ്ലഡ് കംപോണന്റ് സെപ്പറേഷൻ യൂണിറ്റ് (Blood Component Separation Unit) സ്ഥാപിക്കാൻ സാധിക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത യൂണിറ്റിന് ആവശ്യമായ സാമഗ്രികൾ കാസർഗോഡ് ജനറൽ ആശുപത്രിയിൽ എത്തിച്ചിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് എത്തിച്ചത്;

(സി) കാസർഗോഡ് ജനറൽ ആശുപത്രിയിൽ സ്ഥാപിക്കാൻ തീരുമാനിച്ച ബ്ലഡ് കംപോണന്റ് സെപ്പറേഷൻ യൂണിറ്റ് മറ്റേതെങ്കിലും ജില്ലയിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ; ഇതിന്റെ ഭാഗമായി സാമഗ്രികൾ തിരിച്ച് കൊണ്ടുപോയിട്ടുണ്ടോ; വിശദവിവരം നൽകാമോ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ അനുവദിച്ച പ്ലാൻ ഫണ്ട് ഉപയോഗിച്ച്

കാസർഗോഡ് ഗവൺമെന്റ് ജനറൽ ആശുപത്രിയിൽ ബ്ലഡ് കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റ് ആരംഭിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻവഴി ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. ബ്ലഡ് കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) ഉണ്ട്. 2015 ജൂലൈ മാസത്തോടുകൂടിയാണ് ഉപകരണങ്ങളുടെ വിതരണം പൂർത്തിയാക്കിയത്.

(സി) കാസർഗോഡ് ഗവൺമെന്റ് ജനറൽ ആശുപത്രിയിൽതന്നെ ബ്ലഡ് കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റ് നിലനിർത്തുവാനാണ് അന്തിമ തീരുമാനം. ബ്ലഡ് കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റിനുവേണ്ടി വിതരണം ചെയ്ത ഉപകരണങ്ങൾ ഒന്നും തന്നെ തിരിച്ചുകൊണ്ടുപോയിട്ടില്ല.

**നെടുങ്ങോലം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്**

70 (759) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ നെടുങ്ങോലം താലൂക്ക ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികളും ആയതിന്റെ പ്രവർത്തന പുരോഗതിയും അറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതി എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2015-16-ലെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി Setting up of Dialysis Units in Major Hospitals എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നെടുങ്ങോലം താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

2014-15 സാമ്പത്തിക വർഷത്തിൽ നെടുങ്ങോലം താലൂക്ക് ആശുപത്രിയിൽ (ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുവേണ്ടി ഉപകരണങ്ങൾ, ഫർണിച്ചർ, മരുന്ന് എന്നിവയ്ക്കായി 170 ലക്ഷം രൂപ കെ.എം.എസ്.സി.എൽ.-ലേക്ക് ഫണ്ട് കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായി. കൂടാതെ കെട്ടിട നിർമ്മാണത്തിനും കരാർ ജീവനക്കാർക്ക് പ്രതിഫലം നൽകുന്നതിനുമുള്ള ഫണ്ട് കൈമാറുന്നതിനും ഉള്ള നടപടി പൂർത്തിയായിട്ടുണ്ട്.

(ബി) കെട്ടിട നിർമ്മാണം പൂർത്തിയാവുന്ന മുറയ്ക്ക് പ്രവർത്തനത്തിനാവശ്യമായ ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ. വഴി ലഭ്യമാക്കി ജീവനക്കാരെ നിയമിച്ച് പ്രവർത്തനം തുടങ്ങുന്നതാണ്.

## കാസർഗോഡ് ഗവ.ജനറൽ ഹോസ്പിറ്റലിലെ എക്സ്റേ യൂണിറ്റ്

71 (760) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഗവ. ജനറൽ ഹോസ്പിറ്റലിൽ എക്സ്റേ യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ടോ ; എങ്കിൽ എപ്പോഴാണ് സ്ഥാപിച്ചിട്ടുള്ളതെന്നും അതിനായി എന്ത് തുക ചെലവായി എന്നും വ്യക്തമാക്കുമോ ;

(ബി) എക്സ്റേ യൂണിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണ് ; എപ്പോഴാണ് ഇത് പ്രവർത്തനക്ഷമമാക്കാൻ കഴിയുന്നത് ; കാസർഗോഡ് ജനറൽ ഹോസ്പിറ്റലിൽ ഒരു ദിവസം മിനിമം എത്ര രോഗികൾക്ക് എക്സ്റേ പരിശോധന വേണ്ടിവരുന്നു ; എക്സ്റേ യൂണിറ്റ് പ്രവർത്തിക്കുന്നില്ലെങ്കിൽ പാവപ്പെട്ട രോഗികൾക്കായി ബദൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) 1987-ൽ, 700 എം.എ. എക്സ്റേ മെഷീൻ 3,77,208 രൂപ ചെലവഴിച്ച് കാസർഗോഡ് ജനറൽ ആശുപത്രിയിൽ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ എക്സ്റേ മെഷീൻ സ്ഥാപിച്ചിരുന്ന പഴകിയ കെട്ടിടം തകർന്നതിനാൽ 2010

നവംബറിൽ എക്സ്റേ മെഷീൻ അഴിച്ചുവച്ചതുമുതൽ ജനറൽ ആശുപത്രിയിലെ എക്സ്റേ പ്രവർത്തിക്കുന്നില്ല. പകരമായി ആശുപത്രി കോമ്പൗണ്ടിനുള്ളിലുള്ള ജില്ലാ റ്റി.ബി. സെന്ററിലെ എക്സ്റേ യൂണിറ്റ് മുഖേനയാണ് ആശുപത്രിയിലെ രോഗികളുടെ എക്സ്റേ എടുത്തുകൊണ്ടിരുന്നത്. എന്നാൽ 2014 സെപ്റ്റംബർ പകുതിയോടെ ജില്ലാ ടി.ബി. സെന്ററിലെ മെഷീന്റെ പ്രധാന ഭാഗങ്ങൾ പൂർണ്ണമായി തകരാറിലായതിനാൽ പ്രവർത്തനം നിർത്തിവച്ചു. ഇതിനിടയിൽ കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസർ 2015 ഏപ്രിൽ മാസത്തിൽ ജനറൽ ആശുപത്രിക്ക് ഒരു 300 എം.എ. എക്സ്റേ അനുവദിച്ചു. പ്രസ്തുത യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള കെട്ടിടം എച്ച്.ഡി.സി. ഫണ്ട് ഉപയോഗിച്ച പൂർത്തിയായിവരുന്നു. എന്നാൽ ജില്ലാ ടി.ബി. സെന്ററിലെ യൂണിറ്റ് റിപ്പയർ ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയാകാത്തതിനാൽ പ്രസ്തുത യൂണിറ്റ് പ്രസ്തുത സ്ഥലത്തുനിന്നും മാറ്റിയതിനു ശേഷം പകരം ആശുപത്രിക്ക് അനുവദിച്ച എക്സ്റേ യൂണിറ്റ് സ്ഥാപിക്കുവാൻ ജില്ലാ കളക്ടർ നിർദ്ദേശിച്ചു. അതിൻപ്രകാരം കമ്പനിയോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. എന്നാൽ എ.ഇ.ആർ.ബി. രജിസ്ട്രേഷൻ നടപടി പൂർത്തിയാകാത്തതിനാലും ടി.ബി. സെന്ററിലെ പഴയ യൂണിറ്റ് അഴിച്ചുമാറ്റാത്തതിനാലും പുതിയ എക്സ്റേ യൂണിറ്റ് സ്ഥാപിച്ചിട്ടില്ല. പ്രസ്തുത കാര്യത്തിനുവേണ്ടിയുള്ള നടപടികൾ ഊർജ്ജിതമായി പുരോഗമിച്ചുവരുന്നു. പുതിയ യൂണിറ്റ് ഒരു മാസത്തിനകം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കാസർഗോഡ് ജനറൽ ആശുപത്രിയിൽ ഏതാണ്ട് പ്രതിദിനം മുപ്പതിലധികം രോഗികൾ എക്സറേ പരിശോധനയ്ക്ക് വരാറുണ്ട്. സമഗ്ര ആദിവാസി ആരോഗ്യ സുരക്ഷ പദ്ധതി, ആരോഗ്യകിരൺ, ആർ.എസ്.ബി.വൈ. എന്നീ സ്കീമിൽ ഉൾപ്പെടുന്ന പാവപ്പെട്ട രോഗികൾക്ക് പുറത്ത് നിന്ന് എക്സ്റേ എടുക്കുന്നതിന് വേണ്ടിവരുന്ന ചെലവ് 18-6-2014 മുതൽ ആശുപത്രിയിൽനിന്നും തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കൊണ്ടോട്ടി സി.എച്ച്.സി.**

72 (761) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് താലൂക്ക് കേന്ദ്രങ്ങളിലല്ലാത്ത എത്ര ഡിസ്പെൻസറി/

ആശുപത്രികളെ താലൂക്ക് ആശുപത്രിയായി ഉയർത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) താലൂക്ക് ആസ്ഥാനത്ത് സ്ഥിതിചെയ്യുന്ന കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെൻററിനെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് ലഭിച്ച നിവേദനങ്ങളിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) കൊണ്ടോട്ടി താലൂക്ക് ആശുപത്രി എന്നത്തേക്ക് യാഥാർത്ഥ്യമാകുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) നാല്

1. സി.എച്ച്.സി. പള്ളുരുത്തി
2. സി.എച്ച്.സി. വണ്ടൂർ
3. സി.എച്ച്.സി. അരീക്കോട്
4. സി.എച്ച്.സി. ബാലുശ്ശേരി

(ബി&സി) ആരോഗ്യ വകുപ്പ് ഡയറക്ടർ വിശദമായ പ്രൊപ്പോസൽ 27-11-2015-ന് ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**മാവേലിക്കര ജില്ലാ ആശുപത്രിയുടെ സമഗ്ര വികസനം**

73 (762) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയുടെ സമഗ്ര വികസനത്തിനായി തയ്യാറാക്കിയ 33 കോടി രൂപയുടെ പ്രൊപ്പോസൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് നബാർഡ് അംഗീകാരം ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ആവശ്യമായ സ്റ്റാഫ് പാറ്റേൺ എത്രയാണ്; നിലവിൽ എത്ര സ്റ്റാഫുണ്ട്; വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ മാവേലിക്കര ജില്ലാ ആശുപത്രിയുടെ വികസനത്തിനായി ചെലവഴിച്ച തുകയെത്ര; ഏത് വകുപ്പിൽനിന്നും; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) മാവേലിക്കര ജില്ലാ ആശുപത്രിയെ സംബന്ധിച്ച 33 കോടി രൂപയുടെ പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി)

| നം. | അനുവദിച്ചിട്ടുള്ള തസ്തികകൾ | സ്ഥിരം | താൽക്കാലികം |
|---|---|---|---|
| (1) | (2) | (3) | |
| 1 | കൺസൾട്ടന്റ് | 12 | |
| 2 | ജൂനിയർ കൺസൾട്ടന്റ് | 9 | |
| 3 | ദന്തൽ കൺസൾട്ടന്റ് (സിവിൽ സർജൻ) | 1 | |
| 4 | ദന്തൽ ജൂനിയർ കൺസൾട്ടന്റ് | 1 | |
| 5 | ലേ സെക്രട്ടറി | 1 | |
| (1) | (2) | (3) | |
| 6 | ഹെഡ് ക്ലാർക്ക് | 1 | |
| 7 | സീനിയർ ക്ലാർക്ക് | 3 | |
| 8 | ക്ലാർക്ക് | 3 | |
| 9 | എൽ.ഡി. ടൈപ്പിസ്റ്റ് | 1 | |

809/2017

1352/2017

| | | | |
|---|---|---|---|
| 10 | മെഡിക്കൽ റിക്കാർഡ് ലൈബ്രേറിയൻ | 1 | |
| 11 | ആഫീസ് അറ്റൻഡന്റ് | 2 | |
| 12 | നേഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ്-1 | 1 | |
| 13 | നേഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ്-2 | 1 | |
| 14 | ഹെഡ് നേഴ്സ് | 13 | |
| 15 | സ്റ്റാഫ് നേഴ്സ് | 45 | |
| 16 | നേഴ്സിംഗ് അസിസ്റ്റന്റ് | 25 | |
| 17 | ഹോസ്പിറ്റൽ അറ്റൻഡന്റ്- 1 | 6 | |
| 18 | ഹോസ്പിറ്റൽ അറ്റൻഡന്റ്-2 | 18 | |
| 19 | പാർട്ട് ടൈം സ്വീപ്പർ | 5 | |
| 20 | സ്റ്റോർ സൂപ്രണ്ട് | 1 | |
| 21 | ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ | 1 | |
| 22 | ഫാർമസിസ്റ്റ് | 5 | |
| 23 | ലാബ് ടെക്നീഷ്യൻ | 3 | |
| 24 | ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ | 1 | |
| 25 | റേഡിയോഗ്രാഫർ | 2 | |
| 26 | പി.എച്ച്.എൻ. | 1 | |
| 27 | ജെ.പി.എച്ച്.എൻ. | 1 | |
| (1) | (2) | (3) | (1) |
| 28 | എക്സ്റേ അറ്റൻഡർ | 2 | |
| 29 | ഡ്രൈവർ | 2 | |

| | | |
|---|---|---|
| 30 | ജെ.എച്ച്.ഐ.ഗ്രേഡ്-2 | 1 |
| 31 | ദന്തൽ ഹൈജീനിസ്റ്റ് | 1 |
| 32 | ദന്തൽ മെക്കാനിക്ക് | 1 |
| 33 | ഒപ്റ്റോമെട്രിസ്റ്റ് | 2 |
| 34 | പ്ലംബർ | 1 |
| 35 | ഇലക്ട്രീഷ്യൻ | 1 |
| 36 | കുക്ക് | 1 |
| 37 | നോൺ മെഡിക്കൽ സൂപ്പർവൈസർ | 1 |
| 38 | ട്രീറ്റ്മെന്റ് ഓർഗനൈസർ | 2 |
| 39 | ഇ.സി.ജി. ടെക്നീഷ്യൻ | 2 |

(ഡി) ജില്ലാ പഞ്ചായത്തിൽനിന്നും മെഡിക്കൽ വാർഡിന്റെ അറ്റകുറ്റ പണികൾക്ക് 50 ലക്ഷം രൂപയും ഓപ്പറേഷൻ തിയേറ്ററിന്റെ നവീകരണത്തിന് 50 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

**മാവേലിക്കര ജില്ലാ ആശുപത്രിയിൽ ബ്ലഡ് ബാങ്ക്**

74(763) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര ജില്ലാ ആശുപത്രിയിൽ ബ്ലഡ് ബാങ്ക് പ്രവർത്തനം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ബ്ലഡ് ബാങ്കിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

മാവേലിക്കര ജില്ലാ ആശുപത്രിയിൽ ബ്ലഡ് ബാങ്ക് പ്രവർത്തനം ആരംഭിക്കുന്നതിനായി 2012-13 സാമ്പത്തിക വർഷത്തിലെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ആവശ്യമായ ഉപകരണങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ബ്ലഡ് ബാങ്ക് പ്രവർത്തിക്കുന്നതിന് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളുള്ള മുറി ലഭ്യമാക്കാത്തതിനാൽ ഈ ഉപകരണങ്ങൾ സ്ഥാപിക്കാൻ സാധിച്ചിട്ടില്ല. മാവേലിക്കര ജില്ലാ ആശുപത്രിയിൽ ബ്ലഡ് ബാങ്കിന് കെട്ടിട സൗകര്യമൊരുക്കുന്നതിനായി 26 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിരുന്നുവെങ്കിലും ടി നിർമ്മാണത്തിന് തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഭരണാനുമതി നൽകിയിട്ടില്ല.

## മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ

75(764) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ;

(ബി) ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതിക്കാവശ്യമായ റിപ്പോർട്ട് ഫിനാൻസ് വകുപ്പിൽനിന്നും ആവശ്യപ്പെട്ടിട്ടും നാളിതുവരെയും നൽകിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഭരണാനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-ഡി ) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് ബഹു. എം.എൽ.എ. ഫണ്ടിൽനിന്നും 60 ലക്ഷം രൂപ ചെലവിൽ കെട്ടിടനിർമ്മാണത്തിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്. പ്രസ്തുത യൂണിറ്റ് ആരംഭിക്കുമ്പോൾ അധിക തസ്തിക സൃഷ്ടിക്കേണ്ടിവരും എന്നറിയിച്ചതിനാൽ നിലവിലുള്ള ജീവനക്കാരെ പുനർവിന്യാസം നടത്തി അധിക തസ്തിക സൃഷ്ടിക്കാതെ

തന്നെ യൂണിറ്റ് പ്രവർത്തന സജ്ജമാക്കാമോ എന്ന് റിപ്പോർട്ട് സമർപ്പിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. പ്രസ്തുത റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല.

**പുതുക്കാട് താലൂക്ക് ആശുപത്രി ജീവനക്കാർ**

76(765) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് താലൂക്ക് ആശുപത്രിയിൽ വേണ്ടത്ര ജീവനക്കാർ നിലവിലില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് നികത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ അവശ്യംവേണ്ട അധിക തസ്തികകളുടെ പ്രൊപ്പോസൽ സമർപ്പിക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുക്കിയ ശിപാർശ ലഭ്യമായിട്ടില്ല.

**മെഡിക്കൽ പോസ്റ്റ് ഗ്രാജ്വേറ്റ് അഡ്മിഷൻ**

77 (766) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-ൽ സർവ്വീസ് ക്വാട്ടയിൽ (അലോപ്പതി) മെഡിക്കൽ പോസ്റ്റ് ഗ്രാജ്വേഷന് അഡ്മിഷൻ ലഭിച്ച ആരോഗ്യവകുപ്പ് ഡോക്ടർമാരിൽ ഡെപ്യൂട്ടേഷൻ അനുവദിക്കുവാനുള്ള അപേക്ഷകൾ എത്ര പേരിൽനിന്നും ലഭിച്ചു; ഇതിൽ എത്ര പേർക്ക് ഡെപ്യൂട്ടേഷൻ അനുവദിച്ചു;

(ബി) ഇക്കാര്യത്തിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(സി) മെഡിക്കൽ പോസ്റ്റ് ഗ്രാജ്വേറ്റ് അഡ്മിഷന് ഡെപ്യൂട്ടേഷൻ അനുവദിക്കപ്പെട്ട ആൾ തുടർന്നും ട്യൂഷൻ ഫീസ് നൽകേണ്ടതുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) 30 അപേക്ഷകൾ ലഭിച്ചിരുന്നു. ഇതിൽ എല്ലാവർക്കും ഡെപ്യൂട്ടേഷൻ അനുവദിച്ചിട്ടുണ്ട്.

(ബി) ഡെപ്യൂട്ടേഷൻ സംബന്ധിച്ച് സർക്കാർ തലത്തിൽ പുനഃപരിശോധന ആവശ്യമായി വന്നതിനാലാണ് കാലതാമസം ഉണ്ടായത്.

(സി) ഡെപ്യൂട്ടേഷൻ അനുവദിക്കപ്പെട്ട ആൾ തുടർന്നും ട്യൂഷൻ ഫീസ് നൽകേണ്ടതില്ല.

**കുറ്റ്യാടി ഡയാലിസിസ് സെന്റർ നിർമ്മാണം**

78 (767) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഡയാലിസിസ് സെന്റർ നിർമ്മാണത്തിന് ആസ്തി വികസന ഫണ്ടിൽ നിന്ന് അനുവദിച്ച തുക ചെലവഴിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) സെന്ററിന്റെ നിർമ്മാണം എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കുറ്റ്യാടി ഡയാലിസിസ് സെന്റർ നിർമ്മാണത്തിന് ആസ്തി വികസന ഫണ്ട് ലഭിച്ചിട്ടില്ല.

(ബി) 9-5-2013-ന് കുറ്റ്യാടി താലൂക്ക് ആശുപത്രിയിൽ ചേർന്ന ആശുപത്രി മാനേജ്മെന്റ് കമ്മിറ്റി (എച്ച്.എം.സി.) തീരുമാനപ്രകാരം കുറ്റ്യാടി താലൂക്ക് ആശുപത്രിയുടെ പഴയ കെട്ടിടം, ബ്ലോക്ക് ഫണ്ട് ഉപയോഗിച്ച് നവീകരണ പ്രവൃത്തി നടത്തി ജില്ലാ പഞ്ചായത്തിന്റെ സ്നേഹസ്പർശം പദ്ധതിയിൽ ഉൾപ്പെടുത്തി 1860-ലെ

സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത് ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം 25-8-2014-ന് ആരംഭിക്കുകയും ചെയ്തു. നിലവിൽ ആഴ്ചയിൽ 3 ദിവസം എന്ന തോതിൽ 26 രോഗികൾക്ക് ഡയാലിസിസ് സേവനം നൽകിവരുന്നുണ്ട്.

## കാസർഗോഡ് ജില്ലയിലെ നഴ്സുമാരുടെ ഒഴിവുകൾ

79 (768) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജനറൽ ആശുപത്രി, കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ നഴ്സുമാരുടെ എത്ര ഒഴിവുകളാണുള്ളത്; തസ്തിക തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ജില്ലയിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ താലൂക്ക്, കമ്മ്യൂണിറ്റി ആശുപത്രികളായി ഉയർത്തിയിട്ടുണ്ടോ; പ്രസ്തുത ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ;

(സി) നഴ്സുമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ടോ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര നിയമനങ്ങളാണ് പ്രസ്തുത ലിസ്റ്റുകളിൽ നിന്നും നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാഞ്ഞങ്ങാട്

സ്റ്റാഫ് നഴ്സ് ഗ്രേഡ് I – 12 ഒഴിവുകൾ

സ്റ്റാഫ് നഴ്സ് ഗ്രേഡ് II – ഒഴിവുകൾ ഇല്ല

കാസർഗോഡ്

സ്റ്റാഫ് നഴ്സ് ഗ്രേഡ് I – 24 ഒഴിവുകൾ

സ്റ്റാഫ് നഴ്സ് ഗ്രേഡ് II – ഒഴിവുകൾ ഇല്ല

(ബി) ജില്ലയിലെ ചെറുവത്തൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെയും, പെരിയ ബന്തടുക്ക, മുളിയാർ, മംഗൽപാടി എന്നീ ബ്ലോക്ക് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും സാമൂഹികാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ താലൂക്കാശുപത്രിയായി ഉയർത്തിയിട്ടില്ല. സാമൂഹികാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ സി.എച്ച്.സി.-യുടെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) നിലവിലുണ്ട്. 66 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

## മെഡിക്കൽ സീറ്റുകളുടെ വർദ്ധനവ്

80(769) <u>ശ്രീ. എ. എ. അസീസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര എം.ബി.ബി.എസ്. സീറ്റുകളാണ് ഓരോ വർഷവും വർദ്ധിപ്പിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് സ്വാശ്രയ മേഖലയിൽ എത്ര മെഡിക്കൽ സീറ്റുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2013-ൽ 100-ഉം 2014-ൽ 150-ഉം എം.ബി.ബി.എസ്. സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) 2300 മെഡിക്കൽ സീറ്റുകളാണ് സ്വാശ്രയ മേഖലയിലുള്ളത്.

## കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ ഡെന്റൽ കോളേജ്

81 (770) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ ഡെന്റൽ കോളേജിൽ അനുവദിച്ചിട്ടുള്ള അദ്ധ്യാപക തസ്തികയുടെ കാറ്റഗറി തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) ആവശ്യത്തിന് അദ്ധ്യാപകർ ഇല്ലാത്തതുമൂലം പാഠ്യഭാഗങ്ങൾ സമയത്ത് പഠിപ്പിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും അദ്ധ്യാപകരെ നിയമിക്കുവാൻ അടിയന്തരമായി നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ)

| | കോഴിക്കോട് ഗവ. മെഡിക്കൽ കോളേജ് | കോഴിക്കോട് ഗവ. ഡെന്റൽ കോളേജ് |
|---|---|---|
| പ്രൊഫസർ | 59 | 9 |
| അസോസിയേറ്റ് പ്രൊഫസർ | 68 | 7 |
| അസിസ്റ്റന്റ് പ്രൊഫസർ | 279 | 34 |
| ലക്ചറർ | 74 | 2 |
| ട്യൂട്ടർ ടെക്നീഷ്യൻ | 3 | - |

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അദ്ധ്യാപക തസ്തികകളിൽ ഒഴിവുവരുന്ന മുറയ്ക്ക് അവ നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

**ട്രോമാകെയർ**

82 (771) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ സംവിധാനമൊരുക്കാൻ കെട്ടിടവും അനുബന്ധ സൗകര്യങ്ങളും തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) ഇതിലേക്ക് ഫണ്ട് ആവശ്യപ്പെട്ട് റോഡ് സേഫ്റ്റി അതോറിറ്റിക്ക് ശുപാർശ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(സി) ട്രോമാകെയർ സംവിധാനത്തിൽ എന്തെല്ലാം തരത്തിലുള്ള സൗകര്യങ്ങളാണ് ഒരുക്കുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2013-14 സാമ്പത്തിക വർഷത്തിൽ 13-ാം ധനകാര്യകമ്മീഷൻ അവാർഡ് തുക വിനിയോഗിച്ച് ആരോഗ്യവകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ് സജ്ജീകരിക്കുന്നതിനായി ആവശ്യമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് 35.51 ലക്ഷം രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് കൈമാറിയിട്ടുണ്ട്. കേരള റോഡ് സേഫ്റ്റി അതോറിറ്റിയുടെ 2015-16-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി ആറ്റിങ്ങൽ വലിയകുന്ന് ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ് ആരംഭിക്കുന്നതിന് 4,27,98,956 (നാല് കോടി ഇരുപത്തിയേഴ് ലക്ഷത്തി തൊണ്ണൂറ്റിയെട്ടായിരത്തിതൊള്ളായിരത്തി അമ്പത്തിയാറ് രൂപ) യുടെ ഒരു പ്രൊപ്പോസൽ റോഡ് സേഫ്റ്റി കമ്മീഷണർക്ക് സമർപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ ഫണ്ട് ലഭ്യമായിട്ടില്ല.

(ബി) സമർപ്പിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ആറ്റിങ്ങൽ വലിയകുന്ന് ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ് ആരംഭിക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്:

| പ്രവൃത്തികൾ | ആവശ്യമായ തുക |
|---|---|
| നിർമ്മാണ പ്രവൃത്തികൾ | 2,54,00,000 |
| ഫർണിച്ചർ | 22,36,550 |
| ഉപകരണങ്ങൾ | 40,34,406 |
| മറ്റുള്ളവ | |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | |
|---|---|
| 1. ജനറേറ്റർ | 10,00,000 |
| 2. ആംബുലൻസ് | 30,00,000 |
| 3. സ്പ്ലിറ്റ് എ.സി.(2 എണ്ണം) | 1,00,000 |
| 4. മിനി പവർ ലാൻട്രി (1) | 2,95,000 |
| 5. ബയോഗ്യാസ് പ്ലാന്റ് മെയിന്റനൻസ് | 2,00,000 |
| കണ്ടിജൻസി | |
| 1. കൺസ്യൂമബിൾസ് | 2,00,000 |
| 2. ട്രോമാകെയർ | 2,00,000 |
| 3. ആംബുലൻസ്/പി.ഒ.എൽ. | 3,00,000 |
| സാലറി-ഹ്യൂമൻ റിസോഴ്സ് | 58,32,000 |
| ആകെ | 4,27,98,956 |

**മറ്റത്തൂർ മദർ പി.എച്ച്.സി.**

83(772) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റത്തൂർ മദർ പി.എച്ച്.സി.യിൽ വേണ്ടത്ര ജീവനക്കാർ ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആവശ്യമായ ജീവനക്കാരെ എന്നത്തേക്ക് നിയമിക്കാനാകുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സിവിൽ സർജന്റെ ഒരു ഒഴിവിലേക്ക് ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റിയുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് അസിസ്റ്റന്റ് സർജൻ തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം നൽകി ഒഴിവു നികത്തുന്നതാണ്. കോടതി ഉത്തരവ്

നിലനിൽക്കുന്നതിനാലാണ് ഹെൽത്ത് ഇൻസ്പെക്ടറുടെ പ്രൊമോഷൻ വൈകുന്നത് ഫാർമസിസ്റ്റിന്റെ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് 2-ന്റെ ഒരു ഒഴിവ് പ്രൊമോഷൻവഴി നികത്തുന്നതാണ്. പാർട്ട് ടൈം ക്ലീനറുടെ ഒഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്കും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## മട്ടന്നൂർ നിയോജകമണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ ഒഴിവുകൾ

84(773) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ഓരോ പ്രാഥമികാരോഗ്യ കേന്ദ്രത്തിലും അനുവദിക്കപ്പെട്ട ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ് തസ്തികകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ് തസ്തികകളിൽ നിലവിൽ ഒഴിവുണ്ടെന്നും അവ എത്രയെന്നും വ്യക്തമാക്കുമോ;

(സി) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ വിവിധ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പി.എച്ച്.സി. മങ്ങാട്ടിടം, ചിറ്റാരിപ്പറമ്പ് എന്നിവിടങ്ങളിൽ ഡോക്ടർമാരുടെ ഒരു ഒഴിവ് വീതം ഉണ്ട്. പാരാമെഡിക്കൽ തസ്തികകളിൽ നിലവിൽ ഒഴിവുകൾ ഒന്നുംതന്നെയില്ല.

(സി) നിലവിലെ ഡോക്ടർമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

### ബയോമെടിക് പഞ്ചിംഗ് സമ്പ്രദായം

85 (774) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ കുടുംബക്ഷേമ വകുപ്പ് 2010-ൽ നടപ്പാക്കിയ ബയോമെടിക് പഞ്ചിംഗ് സമ്പ്രദായം കോഴിക്കോട് MCH-ൽ അട്ടിമറിച്ചതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വകാര്യ പ്രാക്ടീസ് നടത്തുന്ന ഡോക്ടർമാരെ സഹായിക്കാനാണ് അധികൃതർ ഡോക്ടർമാരെ പഞ്ചിംഗിൽനിന്നും ഒഴിവാക്കിയതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പഞ്ചിംഗ് പുനഃസ്ഥാപിച്ച് ആശുപത്രിയിൽ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരമൊരു ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നടപടി സ്വീകരിക്കുന്നതാണ്.

### പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ പുതിയ എക്സ്റേ മെഷീൻ അനുവദിക്കാൻ നടപടി

86(775) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്ക് ആശുപത്രിയിലെ എക്സ്റേ മെഷീൻ പ്രവർത്തന രഹിതമായിട്ടുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) നല്ല നിലയിൽ പ്രവർത്തിക്കുന്ന പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ പുതിയ എക്സ്റേ മെഷിൻ അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഉപകരണം റിപ്പെയർ ചെയ്യുന്നതിന് അത് വിതരണം ചെയ്ത കമ്പനിയുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. എന്നാൽ 100 MA Mobile X-ray Machine ഉപയോഗിച്ചുകൊണ്ട് നിലവിൽ രോഗികൾക്ക് ആവശ്യമായ എക്സ്റേ സംവിധാനം ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ബഹു. പയ്യന്നൂർ എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഒരു കോടി രൂപ അടങ്കലിൽ പുതിയ ഒരു റേഡിയോളജി ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ച് വരുന്നുണ്ട്. പ്രസ്തുത യൂണിറ്റ് പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ എക്സ്റേ യൂണിറ്റ് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്.

## ഞാറയ്ക്കൽ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നത്

87(776) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറയ്ക്കൽ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ താലൂക്ക് ആശുപത്രിക്ക് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിനും ജീവനക്കാരുടേയും ഡോക്ടർമാരുടേയും നിയമനത്തിനും സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത ആശുപത്രിയിൽ പുതിയ കെട്ടിടത്തിനായി ജിഡ ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ നിർമ്മാണ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 20-8-2010 തീയതിയിലെ ജി.ഒ. (എംഎസ്.) നമ്പർ 557/2010/ ആ.കു.വ. ഉത്തരവ് പ്രകാരം ഞാറയ്ക്കൽ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്.

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്നും ഇതുസംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(സി) ജിഡ ഫണ്ടിൽനിന്നും ഇതിലേക്ക് അഞ്ചുകോടി രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ജിഡയിൽ നിന്നോ എഫ്.ഐ.ടി.-യിൽ നിന്നോ പ്രസ്തുത വിഷയം

സംബന്ധിച്ച് പ്ലാനും എസ്റ്റിമേറ്റും ലഭ്യമായിട്ടില്ല

**കുട്ടികളുടെ ക്യാൻസർ ചികിത്സാ സൗജന്യം**

88(777) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ആർ.സി.സി.-യിലും തലശ്ശേരി മലബാർ ക്യാൻസർ സെന്ററിലും കുട്ടികളുടെ ചികിത്സക്ക് എന്തെല്ലാം സൗജന്യങ്ങളും ആനുകൂല്യങ്ങളുമാണ് ലഭ്യമാക്കിയിട്ടുള്ളത് ;

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള പ്രായപരിധി എത്രയാണ്; വരുമാനപരിധി എത്രയാണ്;

(സി) ടി ആനുകൂല്യങ്ങളും സൗജന്യങ്ങളും ലഭിക്കുന്നതിന് അസുഖബാധിതരായ കുട്ടികളുടെ രക്ഷിതാക്കൾ ആർക്കാണ് അപേക്ഷകൾ നൽകേണ്ടതെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) 2011 മേയ് മാസം മുതൽ നാളിതുവരെ ഈ പദ്ധതി പ്രകാരം തിരുവനന്തപുരം ആർ.സി.സി.-യിൽ എത്ര കുട്ടികൾക്ക് ആകെ എത്ര രൂപയുടെ ധനസഹായം നൽകിയെന്നും മലബാർ ക്യാൻസർ സെന്ററിൽ ആകെ എത്ര കുട്ടികൾക്ക് ആകെ എത്ര രൂപയുടെ ധനസഹായം നൽകിയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആർ.സി.സി.-യിലും മലബാർ ക്യാൻസർ സെന്ററിലും കുട്ടികളുടെ ചികിത്സ ക്യാൻസർ സുരക്ഷാ പദ്ധതി പ്രകാരം പൂർണ്ണമായും സൗജന്യമാണ്. കൂടാതെ മലബാർ ക്യാൻസർ സെന്ററിൽ താലോലം പദ്ധതിയിലും 18 വയസ്സിനു താഴെയുള്ള കുട്ടികളുടെ ചികിത്സാധനസഹായം നിലവിലുണ്ട്.

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള പ്രായപരിധി 18 വയസ്സിനു താഴെയാണ്. മെഡിക്കൽ റീഇംപേഴ്സ്മെന്റ്, ഇ.എസ്.ഐ. എന്നീ ആനുകൂല്യങ്ങൾ ഇല്ലാത്തവർക്കും പേവാർഡ് എടുക്കാത്തവരുമായ എല്ലാവർക്കും വരുമാന പരിധി കൂടാതെ മേൽപ്പറഞ്ഞ ആനുകൂല്യം ലഭിക്കുന്നുണ്ട്.

(സി) ടി ആനുകൂല്യങ്ങളും സൗജന്യങ്ങളും ലഭിക്കുന്നതിനായി പ്രത്യേക അപേക്ഷ നൽകേണ്ടതില്ല.

(ഡി) മേയ് 2011 മുതൽ 27 നവംബർ 2015 വരെ തിരുവനന്തപുരം ആർ.സി.സി.യിൽ ഈ പദ്ധതി പ്രകാരം ലഭിച്ച ധനസഹായം ചുവടെ ചേർക്കുന്നു:

ക്യാൻസർ സുരക്ഷാ സ്കീം

ആകെ തുക - 19,43,51,179 രൂപ

ചികിത്സ ലഭിച്ച കുട്ടികളുടെ എണ്ണം - 2340

മലബാർ ക്യാൻസർ സെന്ററിൽ 2011 മുതൽ 2015 ഒക്ടോബർ 31 വരെ 199 കുട്ടികൾക്ക് 2,06,10,245 രൂപ ധനസഹായമായി നൽകിയിട്ടുണ്ട്.

**മെഡിക്കൽ കോളേജുകളിലെ സ്റ്റാഫ് പാറ്റേൺ**

89(778) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മെഡിക്കൽ കോളേജുകളിലെ സ്റ്റാഫ് പാറ്റേൺ അവസാനമായി പരിഷ്കരിച്ചത് എന്നാണെന്നും അതിന്റെ അടിസ്ഥാനത്തിൽ ഓരോ വിഭാഗത്തിലും എത്ര പോസ്റ്റുകളാണ് നിലവിലുള്ളതെന്നും എത്ര പോസ്റ്റുകളിൽ നിലവിൽ ജീവനക്കാരുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന സ്റ്റാഫ് പാറ്റേണാണ് നിലവിലുള്ളത്. സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഡോക്ടർമാരുടെ 2089 തസ്തികകൾ ഉള്ളതിൽ 1956 തസ്തികകളിലും, നഴ്സുമാരുടെ 2282 തസ്തികകളിൽ 2132 തസ്തികകളിലും പാരാമെഡിക്കൽ സ്റ്റാഫിന്റെ 1156 തസ്തികളുള്ളതിൽ 1096 തസ്തികകളിലും നിലവിൽ ജീവനക്കാർ ജോലി ചെയ്യുന്നു.

**ആലപ്പുഴയിലെ സർക്കാർ ആയുർവേദ ആശുപത്രിയുടെ വികസന**

**പ്രവർത്തനങ്ങൾ**

90 (779) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴയിലെ സർക്കാർ ആയുർവേദ ആശുപത്രിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ;വ്യക്തമാക്കുമോ;

(ബി) സ്ഥലസൗകര്യത്തിന്റെ അപര്യാപ്തതമൂലം കാലികമായ വികസന പ്രവർത്തനം നടക്കുന്നില്ലായെന്ന അഭിപ്രായം പരിശോധിച്ചിട്ടുണ്ടോ ;

(സി) ആലപ്പുഴ ജനറൽ ആശുപത്രിയോടനുബന്ധിച്ച് ധാരാളം സ്ഥലവും ഒഴിവുള്ള കെട്ടിടങ്ങളും ഉള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത സ്ഥലത്തേക്ക് ആയുർവേദ ആശുപത്രി മാറ്റി സ്ഥാപിക്കുന്നതിനും കാലികമായ പരിഷ്കാരങ്ങളും സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ ആലപ്പുഴ ജില്ലയിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ആയുർവേദ ആശുപത്രികളുടെ പ്രവർത്തനങ്ങൾ വകുപ്പ് വിലയിരുത്തിയിട്ടുണ്ട്. ജില്ലയിൽ 11 ആശുപത്രികളാണ് പ്രവർത്തിച്ചു വരുന്നത്. ഏകദേശം 2000 രോഗികൾ ദിനംപ്രതി പ്രസ്തുത സ്ഥാപനങ്ങളിൽ ചികിത്സയ്ക്കായി എത്തുന്നുണ്ട്.

(ബി) ജില്ലാ ആയുർവേദ ആശുപത്രി 50 കിടക്കകളോടുകൂടിയാണ് പ്രവർത്തിച്ചുവരുന്നത്. സ്ഥലപരിമിതിമൂലം അപ്ഗ്രേഡ് ചെയ്യുന്നതിലേയ്ക്ക് ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സാധിക്കുന്നില്ല.

(സി&ഡി) ആലപ്പുഴ ജനറൽ ആശുപത്രിയോടനുബന്ധിച്ചിട്ടുള്ള സ്ഥലം ആരോഗ്യ വകുപ്പിന് കീഴിൽ തന്നെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് വിട്ടു നൽകിയിട്ടുണ്ട്.

**സർക്കാർ ആതുരാലയങ്ങൾ**

91 (780) ശ്രീ. മോൻസ് ജോസഫ് :

ശ്രീ. സി. എഫ്. തോമസ് :

ശ്രീ. തോമസ് ഉണ്ണിയാടൻ :

ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിലെ ആതുരാലയങ്ങളുടെ നിലവാരം ഉയർത്തുന്നതിനും ഗുണമേന്മയുള്ള സേവനം ലഭ്യമാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഗുണനിലവാരത്തോടുകൂടി ലഭ്യമാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ആശുപത്രികളിലെ ജീവനക്കാരുടെയും രോഗികളുടെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) സർക്കാർ മേഖലയിലെ ആതുരാലയങ്ങളുടെ നിലവാരം ഉയർത്തുന്നതിനും ഗുണനിലവാരമുള്ള സേവനം ലഭ്യമാക്കുന്നതിനുമായി സ്പെഷ്യാലിറ്റി വിഭാഗത്തിലുള്ള ഡോക്ടർമാരുടേയും മറ്റ് സ്റ്റാഫുകളുടേയും അധിക തസ്തിക സൃഷ്ടിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. അടിസ്ഥാന സൗകര്യങ്ങൾ ഗുണനിലവാരത്തോടുകൂടി ലഭ്യമാക്കുന്നതിന് ആസ്തി വികസന ഫണ്ട്, ആസ്തി പരിപാലന ഫണ്ട്, പദ്ധതി ഫണ്ട്, പദ്ധതിയേതര ഫണ്ട് എന്നിവ കൂടാതെ എല്ലാ സമ്പത്തിക വർഷവും ഒരു നിശ്ചിത തുക വകയിരുത്തി Major construction work, ആരോഗ്യ സ്ഥാപനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നീ പദ്ധതികൾ വഴിയും അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രത്യേകം തുക അനുവദിക്കുന്നുണ്ട്. ഈ പദ്ധതികൾ നടപ്പിലാക്കിയതിൻ പ്രകാരം കേരളത്തിലെ 9 സർക്കാർ സ്ഥാപനങ്ങൾക്ക് കേന്ദ്രഗവണ്മെന്റിന് കീഴിലുള്ള ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ ലഭിക്കുകയുണ്ടായി. സേവന ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച "കേരള അക്രഡിറ്റേഷൻ സ്റ്റാൻഡേർഡ് ഫോർ ഹോസ്പിറ്റൽസ്" പദ്ധതിയിലൂടെ കേരളത്തിലെ 18 ആശുപത്രികൾക്കും ഇതിനോടകം അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളോടനുബന്ധിച്ചുള്ള ആശുപത്രികളിൽ വാർഡുകളുടെ

നവീകരണം, അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കാവശ്യമായ സജ്ജീകരണങ്ങൾ, മൾട്ടി ഡിസിപ്ലിനറി ഐ.സി.യു.-കൾ, ഓങ്കോളജി, റേഡിയോതെറാപ്പി വിഭാഗങ്ങളെ ഏകോപിപ്പിച്ച് ടേർഷ്യറി ക്യാൻസർ കെയർ സെന്ററുകളാക്കി ഉയർത്തൽ തുടങ്ങിയ പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ, ആധുനിക സംവിധാനങ്ങളോടെ പുതിയ കെട്ടിടത്തിൽ കാർഡിയോളജി വിഭാഗം ആരംഭിക്കുകയും ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ഉൾപ്പെടെയുള്ള സങ്കീർണ്ണമായ ശസ്ത്രക്രിയകൾ ചെയ്യത്തക്ക സജ്ജീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ ഇവിടെ ധാരാളമായി നടക്കുന്നുണ്ട്. 26 വെന്റിലേറ്ററുകളോട് കൂടിയ പുതിയ മൾട്ടി ഡിസിപ്ലിനറി ഐ.സി.യു. ആരംഭിക്കുകയും ആധുനിക സംവിധാനങ്ങളോടെ മെഡിക്കൽ ഐ.സി.യു.വും മറ്റ് ഐ.സി.യു.കളും നവീകരിക്കുകയും ചെയ്തിട്ടുണ്ട്. പഴയ വാർഡുകൾ നവീകരിച്ച് അത്യാധുനിക സംവിധാനങ്ങൾ ഏർപ്പെടുത്തി വരുന്നു. കൂടുതൽ വാർഡുകളിൽ സെൻട്രൽ ഓക്സിജൻ സംവിധാനം ഏർപ്പെടുത്തുകയും ലിക്വിഡ് ഓക്സിജൻ പ്ലാന്റ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. 27 കോടി അടങ്കൽ തുകയുള്ള പുതിയ കാഷ്വാലിറ്റി കെട്ടിടത്തിന്റെ നിർമ്മാണം ധ്രുതഗതിയിൽ പൂർത്തിയായി വരുന്നു. ആശുപത്രിയുടെ നിലവാരം ഉയർത്തുന്നതിനുള്ള സമഗ്രമായ നടപടികൾ സമയബന്ധിതമായി നടന്നുവരികയുമാണ്/സർക്കാർ ഹോമിയോ ആതുരാലയങ്ങളുടെ നിലവാരം ഉയർത്തുന്നതിനായി "ഹോമിയോപ്പതി ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും നിലവാരം മെച്ചപ്പെടുത്തൽ" എന്ന ശീർഷകത്തിൽ ഒരു പദ്ധതി ഹോമിയോപ്പതി വകുപ്പിൽ നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ജില്ലയിലെ മികച്ച ഹോമിയോ ഡിസ്പെൻസറികളിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങളും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങളും ഏർപ്പെടുത്തി മാതൃകാ ഡിസ്പെൻസറികളായി അപ്ഗ്രേഡ് ചെയ്യുക, ക്ലിനിക്കൽ ലാബുകളില്ലാത്ത ആശുപത്രികളിൽ ആധുനിക സൗകര്യങ്ങളോട് കൂടിയ ക്ലിനിക്കൽ ലാബുകൾ, അൾട്രാ സൗണ്ട് സ്കാനർ യൂണിറ്റുകൾ തുടങ്ങിയവ സ്ഥാപിക്കുക, ക്ലിനിക്കൽ ലാബുകളിലേക്ക് റീ-ഏജന്റ്സ് വാങ്ങുക, ഹോമിയോ ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും നവീകരണവും നിർമ്മാണവും നിർവ്വഹിക്കുക, വാഹന സൗകര്യമില്ലാത്ത ആശുപത്രികളിൽ വാഹനസൗകര്യം ഏർപ്പെടുത്തുക തുടങ്ങിയ കാര്യങ്ങളും ചെയ്തുവരുന്നു.

(ബി) രോഗികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എല്ലാ ആശുപത്രികളോടും അനുബന്ധിച്ച് വികസന സമിതികൾ/ആശുപത്രി മാനേജ്മെന്റ് കമ്മിറ്റികൾ

എന്നിവ പ്രവർത്തിക്കുന്നുണ്ട്. ഇവ മൂന്ന് മാസത്തിലൊരിക്കൽ വിളിച്ചുചേർക്കുകയും രോഗികളുടെ പ്രശ്നങ്ങൾ, ആശുപത്രികളുടെ വികസനത്തെ സംബന്ധിക്കുന്ന കാര്യങ്ങൾ എന്നിവ ചർച്ച ചെയ്യുകയും പരിഹരിക്കുകയും ചെയ്യുന്നുണ്ട്. ആശുപത്രി സൂപ്രണ്ടും ആർ.എം.ഒ.-യും വാർഡുകൾ സന്ദർശിക്കുകയും ആശുപത്രിയുടെ പ്രവർത്തനത്തെ കൃത്യമായി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസർമാർ ബന്ധപ്പെട്ട ജില്ലകളിലെ ആശുപത്രികളിൽ സന്ദർശനം നടത്താറുണ്ട്. ആശുപത്രിയുടെ പ്രവർത്തനത്തിൽ പരാതിയുണ്ടെങ്കിൽ രോഗികൾക്കും സ്റ്റാഫിനും സൂപ്രണ്ടിന് നേരിട്ട് പരാതി നല്കാവുന്നതുമാണ്. ആശുപത്രി ജീവനക്കാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി സ്റ്റാഫ് മീറ്റിംഗുകൾ സംഘടിപ്പിക്കാറുണ്ട്.

**സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം**

92 (781) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ മരുന്നുക്ഷാമം നേരിടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എല്ലാ ആശുപത്രികളിലും ആവശ്യത്തിന് മരുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) നടപ്പു സാമ്പത്തിക വർഷം ടെണ്ടർ ചെയ്ത 585 ഇനം മരുന്നുകളിൽ വിതരണക്കാരെ ലഭിക്കാത്ത 67 ഇനം മരുന്നുകൾ ഒഴികെ ജീവൻ രക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ളവ ആരോഗ്യ വകുപ്പിന്റെയും ആരോഗ്യവിദ്യാഭ്യാസ വകുപ്പിന്റെയും മേധാവികൾ മുൻകൂട്ടി അംഗീകരിച്ചു നൽകിയ ഇന്റന്റ് അനുസരിച്ച് എല്ലാ കീഴ്ഘടക സ്ഥാപനങ്ങൾക്കും വിതരണം ചെയ്തു വരുന്നു. കൂടാതെ ടി മരുന്നുകളുടെ കരുതൽ സ്റ്റോക്ക് ജില്ലാതല മരുന്നു സംഭരണശാലകളിൽ സൂക്ഷിക്കുന്നുമുണ്ട്.

**സർക്കാർ ആശുപത്രികളിലെ ഡോക്ടർമാരുടെ സുരക്ഷ**

93 (782) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർക്ക് നേരെ വർദ്ധിച്ചുവരുന്ന അക്രമസംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2011 മേയ് മാസം മുതൽ 2015 ഒക്ടോബർ വരെ വിവിധ ജില്ലകളിലെ സർക്കാർ ആശുപത്രികളിലെ ഡോക്ടർമാർക്ക് നേരെയുണ്ടായിട്ടുള്ള അക്രമങ്ങളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ഡോക്ടർമാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനുള്ള പ്രത്യേക നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**സർക്കാർ ഡോക്ടർമാരുടെ സമരം**

94(783) ശ്രീ. ഇ. പി. ജയരാജൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഡോക്ടർമാരുടെ 2015 സെപ്തംബർ 9 മുതൽ ഒരാഴ്ച നീണ്ട സമരത്തിലെ ആവശ്യങ്ങൾ എന്തൊക്കെയായിരുന്നു; അതിൽ സർക്കാർ അംഗീകരിച്ചത് ഏതെല്ലാമാണ് ; ഒത്തുതീർപ്പിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ബി) സമരം അനാവശ്യമാണെന്നും സമരക്കാരായ ഡോക്ടർമാർക്കെതിരെ നടപടി സ്വീകരിക്കുമെന്നും മന്ത്രി പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) അടിക്കടി ആവർത്തിക്കുന്ന ഡോക്ടർമാരുടെ സമരത്തിന്റെ പശ്ചാത്തലത്തിൽ ഡോക്ടർമാരുടെ സേവനം അവശ്യസർവ്വീസായി പ്രഖ്യാപിക്കുന്നതിനെ കുറിച്ചുള്ള നിലപാട് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള ജനറൽ ആശുപത്രി/ജില്ലാ ആശുപത്രി എന്നിവയിൽ ചിലത് മെഡിക്കൽ കോളേജുകൾ ആക്കുന്നതിനെതിരേയും, സ്റ്റാഫ് സ്ട്രെങ്ത് വർദ്ധിപ്പിക്കുക, ഒഴിവുകൾ നികത്തുക, പ്രൊമോഷനുകൾ ത്വരിതപ്പെടുത്തുക, പ്രൈവറ്റ് പ്രാക്ടീസ് മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കുക, പി.ജി. ഡെപ്യൂട്ടേഷൻ ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുക, ആശുപത്രികൾ അപ്ഗ്രേഡ് ചെയ്യുമ്പോൾ ആവശ്യത്തിന് തസ്തികകൾ സൃഷ്ടിക്കുക, മഞ്ചേരി ജനറൽ ആശുപത്രി, ഇടുക്കി ജില്ലാ ആശുപത്രി എന്നിവ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ നിലനിർത്തുക തുടങ്ങി നിരവധി ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ടായിരുന്ന ഡോക്ടർമാരുടെ സമരം. ഒത്തുതീർപ്പ് വ്യവസ്ഥകൾ അടങ്ങുന്ന 'മിനിട്സ്'-ന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.* ഇവ പരിശോധിച്ചു വരികയാണ്. ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി&സി) പ്രഖ്യാപിച്ചിരുന്നു. ഇതുവരെ നടപടി സ്വീകരിച്ചിട്ടില്ല. സർക്കാർ ഈ വിഷയം പരിശോധിച്ചു വരികയാണ്.

**സർക്കാർ ആശുപത്രികളിൽ ലാൻഡ് ഫോൺ ശൃംഖല**

95(784) <u>ശ്രീ. സി. കെ സദാശിവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജ് ആശുപത്രികളിലെ വാർഡുകൾ തമ്മിൽ ബന്ധിപ്പിക്കുന്നതിനും രോഗികളുടെ ചികിത്സാവിവരങ്ങൾ കൈമാറുന്നതിനും ലാൻഡ് ഫോണുകൾ ആവശ്യമാണെന്ന വിവരം ശ്രദ്ധയിൽപ്പെടിട്ടുണ്ടോ;

(ബി) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ലാൻഡ് ഫോൺ സ്ഥാപിക്കാത്തതിനാൽ രോഗികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ലാൻഡ് ഫോൺ ഇല്ലാത്ത സർക്കാർ ആശുപത്രികളിൽ ഫോൺ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശൃംഖല സ്ഥാപിക്കുകയും രോഗികൾ, കൂട്ടിരിപ്പുകാർ, സന്ദർശകർ, ജീവനക്കാർ എന്നിവരുടെ അമിതമായ മൊബൈൽ ഫോൺ ഉപയോഗം നിയന്ത്രിക്കുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**സർക്കാർ ആശുപത്രികളിൽ ജീവനക്കാരുടെ ഒഴിവുകൾ**

96 (785) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിൽ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ എത്ര തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നതെന്നുള്ള ഇനം തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ വിവിധ സർക്കാർ ആശുപത്രികളിലെ ഒഴിവുകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

1. ബ്ലോക്ക് പി.എച്ച്.സി., വാമനപുരം

   പാർട്ട്ടൈം സ്വീപ്പർ - I

   ലേഡി ഹെൽത്ത് ഇൻസ്പെക്ടർ - I

   ഹെൽത്ത് ഇൻസ്പക്ടർ, ഗ്രേഡ് II - 2

2. <u>പി.എച്ച്.സി., പുല്ലംപാറ</u>

പാർട്ട്ടൈം സ്വീപ്പർ - I

3. <u>പി.എച്ച്.സി., മാണിക്കൽ</u>

പാർട്ട്ടൈം സ്വീപ്പർ - I

ലാബ് ടെക്നീഷ്യൻ - I

4. <u>സി.എച്ച്.സി., കല്ലറ</u>

പാർട്ട്ടൈം സ്വീപ്പർ - I

ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II - I

ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I - I

ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II - I

5. <u>സി.എച്ച്.സി., പാലോട്</u>

ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II - 2

6. <u>സി.എച്ച്.സി., കന്യാകുളങ്ങര</u>

ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II - 2

ഹെൽത്ത് ഇൻസ്പെക്ടർ, ഗ്രേഡ് II – 1

ഹെൽത്ത് സൂപ്പർവൈസർ - 1

7. പി.എച്ച്.സി., ആനാട്

ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ഗ്രേഡ് I – 1

8. <u>പി.എച്ച്.സി., വെമ്പായം</u>

ഓഫീസ് അറ്റൻഡന്റ് - 1

(ബി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എൻട്രി കേഡറിലെ ഒഴിവുകൾ (ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II, പാർട്ട്ടൈം സ്വീപ്പർ ഒഴികെ) മറ്റുള്ളവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് II-ന്റെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴി ലഭിച്ച ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ നികത്തുന്നതിന് ആവശ്യമായ നടപടികൾ പുരോഗമിക്കുന്നു.

**സർക്കാർ ആശുപത്രികളിൽ അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകൾ**

97 (786) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ അസിസ്റ്റന്റ് സർജൻമാരുടെ (എൻട്രി കേഡർ) എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ജില്ല തിരിച്ച് അറിയിക്കുമോ ;

(ബി) എൻട്രി കേഡറിൽ കൊല്ലം, വയനാട്, കോഴിക്കോട്, കാസർഗോഡ്, മലപ്പുറം, ഇടുക്കി അടക്കം 8 ജില്ലകളിൽ തന്നെ 208 അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകളുണ്ട് എന്ന് വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ മറുപടി നൽകിയിട്ടുള്ളതായി അറിയുമോ;

(സി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഡി) നിലവിലുള്ള അസിസ്റ്റന്റ് സർജൻ പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നുവരെയുണ്ട് ; പ്രസ്തുത ലിസ്റ്റിൽനിന്നും എത്ര പേരെ ഇതുവരെ അഡ്വൈസ് ചെയ്തിട്ടുണ്ട് ?

(ഇ) അഡ്വൈസ് ചെയ്ത എല്ലാവരും ജോലിയിൽ പ്രവേശിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അവരുടെ എൻ.ജെ.ഡി. (Not Joining Duty) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; എത്ര എൻ.ജെ.ഡി. ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; നിലവിൽ എത്ര പേരാണ് റാങ്ക് ലിസ്റ്റിൽ ഉള്ളത്;

(എഫ്) അടിയന്തര ആവശ്യത്തിന് എഴുത്തുപരീക്ഷ ഒഴിവാക്കി ഇന്റർവ്യൂ മാത്രം നടത്തി യുദ്ധകാലാടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കിയിട്ടും അതിൽ നിന്ന്

ഒഴിവുകൾ നികത്താത്തത് എന്തുകൊണ്ടാണ് ;

(ജി) പ്രസ്തുത തസ്തികയിലേക്ക് പുതിയ അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ ; പരീക്ഷ നടത്തിയിട്ടുണ്ടോ ; എങ്കിൽ റാങ്ക് ലിസ്റ്റ് നിൽക്കുകയും അവയിൽ നിന്ന് ഒഴിവുകൾ നികത്താതിരിക്കുകയും, പ്രസ്തുത തസ്തികയിലേക്ക് തന്നെ പുതിയതായി അപേക്ഷ ക്ഷണിക്കുകയും ചെയ്യുന്നത് എന്തുകൊണ്ടാണ് ; ഇതിനുള്ള കാരണം വിശദമാക്കുമോ ; കഴിഞ്ഞ മാസങ്ങളിൽ വിരമിച്ച സ്പെഷ്യാലിറ്റി കേഡറിലെ 410 ഓളം സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവുകൾ പ്രൊമോഷൻ വഴി നികത്താൻ ആരോഗ്യവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട്; പ്രൊമോഷൻ ത്വരിതപ്പെടുത്താൻ ഉണ്ടായിരുന്ന DHS ലെ സ്പെഷ്യൽ വിംഗ് പിരിച്ചുവിട്ടത് എന്തടിസ്ഥാനത്തിലാണ് ; ഇത് പുനഃസ്ഥാപിക്കുമോ ?

ഉത്തരം

(എ) സർക്കാർ ആശുപത്രികളിൽ 170 അസിസ്റ്റന്റ് സർജന്മാരുടെ ഒഴിവുകൾ നിലവിലുണ്ട്. ഒഴിവുകൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| കൊല്ലം | - 5 |
| പത്തനംതിട്ട | - 8 |
| ആലപ്പുഴ | - 10 |
| കോട്ടയം | - 8 |
| ഇടുക്കി | - 18 |
| എറണാകുളം | - 8 |
| തൃശ്ശൂർ | - 13 |
| പാലക്കാട് | - 10 |
| മലപ്പുറം | - 5 |
| വയനാട് | - 12 |
| കണ്ണൂർ | - 39 |
| കാസർഗോഡ് | - 34 |

(ബി) അറിയാം.

(സി) ചെയ്തിട്ടുണ്ട്.

(ഡി&ഇ) പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി 31-3-2016 വരെയുണ്ട്. 1541 പേർക്ക് ഇതുവരെ പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. അതിൽ 457 പേർ സർവ്വീസിൽ പ്രവേശിക്കുകയും, 564 പേർ എക്സ്റ്റൻഷൻ വാങ്ങുകയും, 520 പേർ എൻ.ജെ.ഡി. ആകുകയും ചെയ്തിട്ടുണ്ട്.

(എഫ്) നിലവിൽ പി.എസ്.സി. നൽകിയിട്ടുള്ള ലിസ്റ്റിൽനിന്നും അസിസ്റ്റന്റ് സർജൻ തസ്തികയിൽ നിയമനം നടത്തിവരികയാണ്.

(ജി) പുതിയ അപേക്ഷ 547/14 കാറ്റഗറി നമ്പർ ഗസറ്റ് വിജ്ഞാപനപ്രകാരം ക്ഷണിച്ചിട്ടുണ്ട്. 25-4-2015-ന് ടി തസ്തികയിലേക്ക് പരീക്ഷ നടത്തിയിട്ടുണ്ട്. അസിസ്റ്റന്റ് സർജൻ, LDC, LGS, Assistant in Secretariat / PSC, പോലീസ് വകുപ്പിലെ വിവിധ തസ്തികകൾ എന്നിങ്ങനെ പൊതുജനങ്ങൾക്ക് അവശ്യസേവനം ലഭ്യമാക്കേണ്ടതും, റാങ്ക് ലിസ്റ്റുകൾ നിലവിലില്ലാത്ത കാരണത്താൽ നിയമന ശിപാർശ നടക്കാതിരുന്നാൽ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതുമായ തസ്തികകളിൽ ഇടതടവില്ലാതെ ഒരു റാങ്ക് ലിസ്റ്റ് തയ്യാറാക്കുക എന്ന പി.എസ്.സി.-യുടെ പ്രഖ്യാപിത ലക്ഷ്യത്തിന്റെ ഭാഗമായാണ് ടി തസ്തികയ്ക്ക് പുതിയ വിജ്ഞാപനം പി.എസ്.സി. പുറപ്പെടുവിച്ച് തുടർ നടപടികൾ കൈക്കൊള്ളുന്നത്. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഡോക്ടർമാരുടെ പ്രൊമോഷൻ ത്വരിതപ്പെടുത്തുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ എച്ച്.ആർ. സെൽ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ട്.

**സർക്കാർ ആശുപത്രികൾക്ക് എൻ.എ.ബി.എച്ച്. അംഗീകാരം**

98 (787) <u>ശ്രീ. സണ്ണി ജോസഫ്</u> :

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> :

<u>ശ്രീ. എം. പി. വിൻസെന്റ്</u> :

<u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികൾക്ക് എൻ.എ.ബി.എച്ച്. അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അംഗീകാരം ലഭിക്കുന്നതിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ആശുപത്രികളിൽ ഒരുക്കിയത്; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത അംഗീകാരം ലഭിച്ചത് ഏതെല്ലാം തരം ആശുപത്രികൾക്കാണ് ?

<u>ഉത്തരം</u>

(എ) ലഭിച്ചിട്ടുണ്ട്. ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയാണ് ആശുപത്രികളുടെ ഗുണനിലവാരം പരിശോധിച്ച് എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ നൽകുന്നത്. ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഒരു സ്വയംഭരണ സ്ഥാപനമാണ്. എറണാകുളം ഗവൺമെന്റ് ജനറൽ ആശുപത്രി, തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, ചേർത്തല താലൂക്ക് ആശുപത്രി, കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്റർ, പാലക്കാട് ഷൊർണൂരുള്ള ഐകോൺസ് ആശുപത്രി, എറണാകുളത്തുള്ള സി.എച്ച്.സി. പണ്ടപ്പിള്ളി, ബ്ലഡ് ബാങ്ക് - ആലുവ, ജില്ലാ ആശുപത്രി - കണ്ണൂർ എന്നിവയ്ക്ക് കേന്ദ്ര ഗവൺമെന്റിന് കീഴിലുള്ള ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയുടെ എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ ലഭിക്കുകയുണ്ടായി. 2014-ൽ ജനറൽ ആശുപത്രി എറണാകുളത്തിന്റെ എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ ഗുണനിലവാര പരിശോധനയുടെ അടിസ്ഥാനത്തിൽ ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ മൂന്ന് വർഷത്തേക്ക് പുതുക്കി നൽകിയിട്ടുണ്ട്.

(ബി) താഴെപ്പറയുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തിയതിനുശേഷമാണ് ഈ ആശുപത്രികൾക്ക് എൻ.എ.ബി.എച്ച്. അംഗീകാരം ലഭിച്ചത്.

- അക്രഡിറ്റേഷൻ നൽകുന്നതിന്റെ ഭാഗമായി അക്രഡിറ്റേഷൻ ലഭിച്ച ആശുപത്രികളിലെ എല്ലാ ജീവനക്കാർക്കും പരിശീലനം നൽകി.
- രോഗികൾക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതിനായി

ആശുപത്രിയുടെ ലേ ഔട്ട്, സൈനേജ് ബോർഡുകൾ സ്ഥാപിച്ചു.

- ആശുപത്രിയുടെ ഒരു പൂർണ്ണവിവരണം അടങ്ങുന്ന മാർഗ്ഗ ദർശികൾ സ്ഥാപിച്ചു.
- രോഗികളുടെ അവകാശങ്ങളും പാലിക്കേണ്ട കടമകളും പ്രദർശിപ്പിക്കാനുള്ള സംവിധാനം
- ടോക്കൺ സിസ്റ്റം നടപ്പിലാക്കി.
- ഒ.പി.യുടെയും അത്യാഹിത വിഭാഗത്തിന്റെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി.
- ഒ.പി. വിഭാഗത്തിൽ രോഗികൾക്ക് വിശ്രമസ്ഥലം.
- രോഗികൾക്ക് ശുദ്ധമായ കുടിവെള്ളം നൽകുന്നതിന് നടപടി സ്വീകരിച്ചു.
- വീൽചെയറുകളും, ട്രോളി തുടങ്ങിയവ രോഗികളുടെ ആവശ്യത്തിനായി സജ്ജമാക്കി.
- രോഗികൾക്ക് വീൽചെയറുകളും ട്രോളിയും സേഫ്റ്റി ബെൽറ്റ് കൊണ്ട് സുരക്ഷിതമായി സജ്ജീകരിച്ചിരിക്കുന്നു.
- അത്യാഹിത വിഭാഗം അതുപോലെ ഒ.പി. എന്നിവയുടെ പ്രവേശന കവാടങ്ങൾ വീൽ ചെയറും ട്രോളിയും അനായാസം കൈകാര്യം ചെയ്യാൻ തക്കവണ്ണം സജ്ജീകരിച്ചു.
- അത്യാഹിത വിഭാഗത്തിലുള്ള രോഗികളുടെ സ്വകാര്യത ഉറപ്പു വരുത്തുന്നു.
- ദുരന്തനിവാരണ നിയന്ത്രണത്തിന് പരിശീലനം ജീവനക്കാർക്ക് നൽകി.
- മുലയൂട്ടുന്ന അമ്മമാർക്ക് വേണ്ടി അവരുടെ സ്വകാര്യത ഉറപ്പു വരുത്തുന്ന പ്രത്യേക മുറികൾ തയ്യാറാക്കി.
- ആശുപത്രികളിലെ അണുബാധ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ

നടപ്പിലാക്കി.

- രോഗികൾക്കായി ഉപയോഗിക്കുന്ന ഉപകരണങ്ങൾ രോഗാണു വിമുക്തമാക്കിയശേഷം മാത്രമേ ഉപയോഗിക്കാറുള്ളൂ എന്ന് ഉറപ്പ് വരുത്തുന്നു.
- ജൈവ മാലിന്യങ്ങളും അല്ലാതെയുമുള്ള മാലിന്യങ്ങളും വേർതിരിച്ച് നീക്കം ചെയ്യുകയും നിയമം അനുശാസിക്കുന്ന രീതിയിൽ നിർമ്മാർജ്ജനം ചെയ്യുകയും ചെയ്യുന്നു.
- ബയോമെഡിക്കൽ മാലിന്യങ്ങൾ കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന പ്രകാരം നിർമ്മാർജ്ജനം ചെയ്തു.
- രോഗീപരിചരണ വിഭാഗങ്ങളിൽ എൽബോ ടാപ്പുകൾ സ്ഥാപിച്ചു.
- രോഗികൾക്കും ആശുപത്രി ജീവനക്കാർക്കും വേണ്ട സുരക്ഷാ നടപടികൾ സ്വീകരിച്ചു.
- രോഗികൾക്കായി കേസ് റിക്കോർഡുകൾ ഏകീകരിച്ചു.
- പദ്ധതി പ്രകാരം രോഗികൾക്ക് ശരിയായ രീതിയിലുള്ള ചികിത്സാ സൗകര്യം സമയബന്ധിതമായി ആവിഷ്കരിച്ചു വരുന്നു.
- ശരിയായ രീതിയിലുള്ള രോഗീപരിചരണം, മരുന്നു വിതരണം എന്നിവ നടപ്പിലാക്കി.
- ലബോറട്ടറി പരിശോധനകളുടെ കൃത്യത ഉറപ്പുവരുത്തി.
- ലാബുകളിൽ രോഗിയുടെ രക്തം സ്വീകരിക്കുന്നതു മുതൽ റിസൽട്ട് കൊടുക്കുന്നതുവരെയുള്ള എല്ലാ പ്രക്രിയകളും ഒരു ചിട്ടപ്പെടുത്തിയ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ചെയ്തു വരുന്നു.
- ലബോറട്ടറിയിൽ ലഭ്യമാകുന്ന എല്ലാ സേവനങ്ങളും വിലനിലവാരവും ലാബിന്റെ മുൻഭാഗത്ത് പ്രദർശിപ്പിച്ചു.

- എല്ലാ രോഗനിർണ്ണയ ഉപകരണങ്ങളും കാലിബ്രേഷൻ നടത്തി.
- ഇതുകൂടാതെ ആശുപത്രികളിൽ അറ്റകുറ്റപ്പണികൾ നടത്തി. ആശുപത്രി കെട്ടിടങ്ങൾ നവീകരിച്ചു.
- കേടായ ഉപകരണങ്ങൾ നന്നാക്കി.
- അഗ്നിശമന ഉപകരണങ്ങൾ സ്ഥാപിച്ചു.
- അനൗൺസ്മെന്റ് സംവിധാനം നടപ്പാക്കി.
- രോഗികളുടെ റെക്കോഡുകൾ സൂക്ഷിക്കാനുള്ള സംവിധാനം.
- ഓരോ ജീവനക്കാർക്കും പ്രത്യേകം പേഴ്സണൽ റെക്കോഡുകൾ തയ്യാറാക്കി.
- മരുന്നുകളുടെ കൃത്യമായ ഉപയോഗം ഉറപ്പാക്കുന്നതിനായി ഡ്രഗ്ഫോർമുലറി രൂപീകരിച്ചു.
- പേരുകളിലും രൂപത്തിലും സാദൃശ്യം പുലർത്തുന്നതുമായ മരുന്നുകൾ തരംതിരിച്ച് ക്രമീകരിച്ചിരിക്കുന്നു.
- ഫ്രിഡ്ജിന്റെ താപനില അളന്ന് ശരിയായ പ്രവർത്തനം ആണോയെന്ന് വിലയിരുത്തുന്നു.
- അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നു.
- വാർഡുകളിലും ഫാർമസിയിലും മരുന്നുകൾ പ്രത്യേകം തയ്യാറാക്കിയ കണ്ടയിനറുകളിൽ സൂക്ഷിച്ചിരിക്കുന്നു.
- ഫാർമസിയിൽ ശുചിത്വവും വായുസഞ്ചാരവും ഉള്ളതുമായ അറകളിൽ മരുന്നുകൾ സൂക്ഷിച്ചിരിക്കുന്നു. നാർക്കോട്ടിക് മരുന്നുകൾ ദുരുപയോഗം ചെയ്യാത്ത രീതിയിൽ സുരക്ഷിതമായി ക്രമീകരിച്ചിരിക്കുന്നു.
- മരുന്നുകളുടെ പാർശ്വഫലങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സംവിധാനം കാര്യക്ഷമമാക്കി.
- രോഗികളെക്കുറിച്ചുള്ള വിവര സാങ്കേതിക സംവിധാനം

നടപ്പാക്കി.

- രോഗികളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ച് ആശുപത്രികളിൽ മേൽനടപടികൾ സ്വീകരിച്ചുവരുന്നു.
- ഗുണനിലവാര പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനായി തുടർച്ചയായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും മേൽനോട്ടം നടത്തി വരുന്നു.
- പൗരാവകാശ രേഖയുടെ പകർപ്പ് ആശുപത്രിയുടെ പ്രധാന ഭാഗങ്ങളിൽ പ്രദർശിപ്പിച്ചിരിക്കുന്നു.
- എല്ലാ ജീവനക്കാർക്കും തുടർപരിശീലനം നടപ്പിലാക്കി.
- കൂടാതെ ദേശീയ ആരോഗ്യ പദ്ധതികൾ കൃത്യമായി നടപ്പിലാക്കുകയും ചെയ്യുന്നു.

(സി)

| | | |
|---|---|---|
| ജനറൽ ആശുപത്രി | - | എറണാകുളം ഗവൺമെന്റ് ജനറൽ ആശുപത്രി |
| ജില്ലാ ആശുപത്രി | - | ജില്ലാ ആശുപത്രി, കണ്ണൂർ |
| താലൂക്ക് ആശുപത്രി | - | ചേർത്തല താലൂക്ക് ആശുപത്രി |
| സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി | - | തിരുവനന്തപുരം തൈക്കാടുള്ള സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി |
| ക്യാൻസർ സെന്റർ | - | തിരുവനന്തപുരത്തെ റീജിയണൽ ക്യാൻസർ സെന്റർ |
| സ്വാശ്രയ സ്ഥാപനം | - | പാലക്കാട് ഷൊർണൂരുള്ള ഐകോൺസ് ആശുപത്രി |
| സി.എച്ച്.സി. | - | എറണാകുളത്തുള്ള സി.എച്ച്.സി. പണ്ടപ്പിള്ളി |

**കാഞ്ഞങ്ങാട് - സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി**

99 (788) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്നും ഭരണാനുമതി എന്ന് ലഭിച്ചുവെന്നും വ്യക്തമാക്കുമോ; സാങ്കേതികാനുമതി, അടങ്കൽ തുക എന്നിവയുടെ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) കെട്ടിടം പണിയുടെ ആരംഭഘട്ടത്തിലാണ് 17-8-2015-ലെ സ.ഉ. (സാധാ) നമ്പർ 2644/2015/ആ.കു.വ. പ്രകാരം 650 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) നിലവിലുള്ള പഴയ കെട്ടിടം പൊളിച്ചുമാറ്റിയതിനുശേഷം മാത്രമേ പുതിയ കെട്ടിടം പണി ആരംഭിക്കുവാൻ സാധിക്കുകയുള്ളു. അതിനുവേണ്ടിയുള്ള പ്രൊപ്പോസൽ പി.ഡബ്ല്യു.ഡി.-യ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

**ഡോക്ടർമാരുടെ സമരം**

100(789) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഡോക്ടർമാർ 2015 സെപ്റ്റംബർ മാസത്തിൽ നടത്തിയ സമരത്തിൽ ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ എന്തൊക്കെയായിരുന്നു; അവയിൽ ഏതൊക്കെ ആവശ്യങ്ങളാണ് സർക്കാർ അംഗീകരിച്ചത്;

(ബി) വൈദ്യചികിൽസാരംഗം പണിമുടക്കുകളിൽനിന്നും വിമുക്തമാക്കി,

മുടക്കമില്ലാതെ വൈദ്യശുശ്രൂഷ ജനങ്ങൾക്ക് ഉറപ്പുവരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള ജനറൽ ആശുപത്രി/ജില്ലാ ആശുപത്രി എന്നിവയിൽ ചിലത് മെഡിക്കൽ കോളേജുകൾ ആക്കുന്നതിനെതിരേയും, സ്റ്റാഫ് സ്ട്രെങ്ത് വർദ്ധിപ്പിക്കുക, ഒഴിവുകൾ നികത്തുക, പ്രൊമോഷനുകൾ ത്വരിതപ്പെടുത്തുക, പ്രൈവറ്റ് പ്രാക്ടീസ് മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിക്കുക, പി.ജി. ഡെപ്യൂട്ടേഷൻ ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുക, ആശുപത്രികൾ അപ്ഗ്രേഡ് ചെയ്യുമ്പോൾ ആവശ്യത്തിന് തസ്തികകൾ സൃഷ്ടിക്കുക, മഞ്ചേരി ജനറൽ ആശുപത്രി, ഇടുക്കി ജില്ലാ ആശുപത്രി എന്നിവ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിൽ നിലനിർത്തുക തുടങ്ങി നിരവധി ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ടായിരുന്നു ഡോക്ടർമാരുടെ സമരം. ഒത്തുതീർപ്പ് വ്യവസ്ഥകൾ അടങ്ങുന്ന മിനിട്സ്-ന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.* ഇവ പരിശോധിച്ചു വരികയാണ്. ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(ബി) ഇക്കാര്യം പരിശോധിച്ചു വരികയാണ്.

**വർദ്ധിച്ചുവരുന്ന ക്യാൻസർ രോഗികൾ**

101 (790) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തതും മരണപ്പെട്ടതുമായ ക്യാൻസർ രോഗികളുടെ എണ്ണം വർഷാടിസ്ഥാനത്തിൽ ജില്ല തിരിച്ച് അറിയിക്കുമോ;

(സി) ക്യാൻസർ പ്രതിരോധത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്ത് ആർ.സി.സി.-യിൽ രജിസ്റ്റർ ചെയ്യതും മരണപ്പെട്ടതുമായ ക്യാൻസർ രോഗികളുടെ എണ്ണം വർഷാടിസ്ഥാനത്തിൽ ജില്ല തിരിച്ച് താഴെ കൊടുക്കുന്നു. ആർ.സി.സി.-യിൽ 2011-15 കാലയളവിൽ രജിസ്റ്റർ ചെയ്യപ്പെട്ട രോഗികളുടെ ജില്ല തിരിച്ചുള്ള കണക്ക്:

| ജില്ല | 2011-12 | 2012-13 | 2013-14 | 2014-15 |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| തിരുവനന്തപുരം | 3133 | 3276 | 3394 | 3614 |
| കൊല്ലം | 2396 | 2496 | 2552 | 2802 |
| പത്തനംതിട്ട | 785 | 781 | 773 | 932 |
| (1) | (2) | (3) | (4) | (5) |
| ആലപ്പുഴ | 775 | 839 | 819 | 898 |
| കോട്ടയം | 442 | 378 | 473 | 497 |
| ഇടുക്കി | 221 | 226 | 214 | 256 |
| എറണാകുളം | 546 | 539 | 611 | 550 |
| തൃശ്ശൂർ | 713 | 881 | 880 | 883 |
| പാലക്കാട് | 814 | 911 | 895 | 953 |
| കോഴിക്കോട് | 532 | 515 | 456 | 482 |
| മലപ്പുറം | 994 | 1047 | 1047 | 1120 |
| വയനാട് | 101 | 124 | 112 | 113 |
| കണ്ണൂർ | 468 | 395 | 356 | 364 |

| | | | | |
|---|---|---|---|---|
| കാസർഗോഡ് | 189 | 218 | 187 | 204 |
| ആകെ | 12109 | 12626 | 12769 | 13669 |

2011-15 കാലയളവിൽ തിരുവനന്തപുരം ആർ.സി.സി.-യിൽ ചികിത്സയിലിരിക്കെ മരണപ്പെട്ട രോഗികളുടെ കണക്ക്:

| ജില്ല | 2011-12 | 2012-13 | 2013-14 | 2014-15 |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| തിരുവനന്തപുരം | 260 | 264 | 308 | 277 |
| കൊല്ലം | 108 | 126 | 113 | 103 |
| പത്തനംതിട്ട | 40 | 28 | 25 | 33 |
| ആലപ്പുഴ | 24 | 25 | 27 | 35 |
| കോട്ടയം | 25 | 17 | 22 | 15 |
| ഇടുക്കി | 9 | 11 | 11 | 9 |
| (1) | (2) | (3) | (4) | (5) |
| എറണാകുളം | 15 | 20 | 23 | 18 |
| തൃശ്ശൂർ | 28 | 41 | 28 | 34 |
| പാലക്കാട് | 22 | 32 | 46 | 53 |
| കോഴിക്കോട് | 15 | 14 | 19 | 22 |
| മലപ്പുറം | 25 | 30 | 35 | 47 |
| വയനാട് | 5 | 3 | 5 | 4 |
| കണ്ണൂർ | 14 | 14 | 13 | 15 |

| | | | | |
|---|---|---|---|---|
| കാസർഗോഡ് | 4 | 8 | 5 | 5 |
| ആകെ | 594 | 633 | 680 | 670 |

(സി) ക്യാൻസർ രോഗത്തിന് സർക്കാർ മേഖലയിൽ തിരുവനന്തപുരം ആർ.സി.സി., എം.സി.സി. 5 മെഡിക്കൽ കോളേജുകൾ എന്നീ സ്ഥാപനങ്ങൾക്ക് പുറമേ എല്ലാ ജില്ലകളിലേയും ഒരു പ്രധാന ആശുപത്രിയിൽ ക്യാൻസർ ചികിത്സ ആരംഭിക്കുന്നതിനുള്ള പദ്ധതി 2013 മുതൽ തുടക്കമിട്ടു. ഈ പദ്ധതി 12 ജില്ലകളിൽ പ്രാവർത്തികമാക്കുകയും അർബുദരോഗികൾക്ക് അവരുടെ ജില്ലയിൽ തന്നെ ചികിത്സ ലഭ്യമാക്കുന്നതിനും സാധിച്ചു. ആരോഗ്യവകുപ്പിൽ ക്യാൻസർ രോഗ വിദഗ്ധരുടെ ദൗർലഭ്യം കണക്കിലെടുത്ത് നിലവിലുള്ള ഡോക്ടർമാർക്കും, നഴ്സമാർക്കും റീജിയണൽ ക്യാൻസർ സെന്ററിൽ വിദഗ്ധ പരിശീലനം നൽകി ഈ യൂണിറ്റുകളിൽ വിന്യസിക്കുകയുണ്ടായി. നിലവിലുള്ള ക്യാൻസർ ചികിത്സാ കേന്ദ്രങ്ങൾ മെച്ചപ്പെടുത്തുന്നതിനും, തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ മാമോഗ്രാഫി യൂണിറ്റ് ആരംഭിക്കുന്നതിനും ക്യാൻസർ നിർണ്ണയ ക്യാമ്പുകൾ ആരംഭിക്കുന്നതിനും കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ സാധിച്ചു. എല്ലാ വർഷവും സ്കൂൾ, കോളേജ് തലത്തിൽ ക്യാൻസർ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആരോഗ്യവകുപ്പിൽ പ്ലാൻ പദ്ധതിയിൽ നിന്ന് ഫണ്ട് അനുവദിക്കുന്നതും എല്ലാ ജില്ലകളിലും അത് നടപ്പിലാക്കി വരുന്നതുമാണ്. ഗ്രാമ പ്രദേശങ്ങളിൽ ക്യാൻസർ സ്ക്രീനിംഗ് നടത്തുന്നതിനും പ്രത്യേക പദ്ധതികൾ ആരോഗ്യവകുപ്പ് നടപ്പിലാക്കിവരികയാണ്. ക്യാൻസർ പ്രതിരോധവുമായി ബന്ധപ്പെട്ട് സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഓങ്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ രോഗനിർണ്ണയ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തിവരുന്നുണ്ട്. മലബാർ ക്യാൻസർ സെന്ററിന്റെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിന്റെ കീഴിൽ ക്യാൻസർ ബോധവൽക്കരണത്തിന്റെയും, ക്യാൻസർ നിയന്ത്രണത്തിന്റെയും ഭാഗമായി ധാരാളം ക്ലാസ്സുകളും ക്യാമ്പുകളും നടത്തിവരുന്നുണ്ട്. കൂടാതെ ക്യാൻസർ കെയർ പദ്ധതിയുടെ കീഴിൽ സർക്കാർ ഉത്തരവ് പ്രകാരം മലബാർ മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ ഡോക്ടർമാർക്കും, നഴ്സമാർക്കും ക്യാൻസർ ചികിത്സയ്ക്കുള്ള പരിശീലനം എം.സി.സി. നൽകിവരുന്നു. എല്ലാ ജില്ലകളിലേയും ആശുപത്രികളിൽ തുടർ കീമോതെറാപ്പി ചികിത്സ നൽകാൻ

കഴിയുന്ന തരത്തിലാണ് പ്രസ്തുത പരിശീലന പരിപാടി വിഭാവന ചെയ്തിരിക്കുന്നത്. ഇത് കൂടാതെ കാസർഗോഡ്, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ വിവിധ ആശുപത്രികളുമായി ടെലിമെഡിസിൻ വഴിയുള്ള ചികിത്സാ പദ്ധതികളും ആരോഗ്യ തുടർവിദ്യാഭ്യാസ പരിപാടികളും നടത്തിവരുന്നു. ക്യാൻസറിനെതിരെ ആർ.സി.സി.-യുടെ ആഭിമുഖ്യത്തിൽ ശക്തമായ ബോധവൽക്കരണം നടക്കുന്നുണ്ട്. ബോധവൽക്കരണത്തിനും മുൻകൂർ ക്യാൻസർ നിർണ്ണയത്തിനുമായി കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം തന്നെ ആർ.സി.സി.യിൽ പ്രവർത്തിക്കുന്നു. കൂടാതെ കൊല്ലം, എറണാകുളം, പാലക്കാട്, കണ്ണൂർ, പത്തനംതിട്ട എന്നീ സ്ഥലങ്ങളിൽ ആർ.സി.സി.-യുടെ ഉപകേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിലും ക്യാൻസർ ബോധവൽക്കരണ ക്ലാസ്സുകളും, മുൻകൂർ ക്യാൻസർ നിർണ്ണയ ക്യാമ്പുകളും സംഘടിപ്പിച്ചു വരുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവയുമായി സഹകരിച്ചുകൊണ്ട് ബോധനക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. ആർ.സി.സി.യിലെ പബ്ലിക്ക് റിലേഷൻസ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ പൊതുമാധ്യമങ്ങളിലൂടെ വിവിധ പരിപാടികൾ, ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ ക്യാൻസറിനെക്കുറിച്ചുള്ള ലേഖനങ്ങൾ എന്നിവയും ബോധനപ്രവർത്തനത്തിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. കുടുംബശ്രീ ആർ.സി.സി.യുമായി സഹകരിച്ചു കൊണ്ട് കേരളത്തിലെ എല്ലാ കുടുംബങ്ങളിലും ക്യാൻസർ ബോധന സന്ദേശം എത്തിക്കുന്നതിനുള്ള "സ്വാസ്ഥ്യം" പദ്ധതി പത്തനംതിട്ട ജില്ലയിൽ തുടങ്ങി കഴിഞ്ഞു. കുടുംബശ്രീ പ്രവർത്തകരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഈ ബോധന പ്രവർത്തനങ്ങൾ മറ്റു ജില്ലകളിലും നടപ്പാക്കുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആർട്സ് & സ്പോർട്സ് ക്ലബുകൾ, വായനശാലകൾ, ആരാധനാലയങ്ങൾ, വിദ്യാലയങ്ങൾ, സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങി സമൂഹത്തിന്റെ വിവിധ തലങ്ങളിലുള്ള സ്ഥാപനങ്ങൾ, സംഘടനകൾ എന്നിവയുടെ സജീവ പങ്കാളിത്തത്തോടെ സംസ്ഥാനമൊട്ടാകെ ഈ ബോധന പ്രവർത്തനങ്ങൾ നടത്താൻ ആർ.സി.സി.-ക്ക് കഴിയുന്നുണ്ട്.

**അയ്യമ്പള്ളി സർക്കാർ ആശുപത്രിയുടെ ശോചനീയാവസ്ഥ**

102 (791) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അയ്യമ്പിള്ളി സർക്കാർ ആശുപത്രിയുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് ഈ സർക്കാർ വന്നതിനുശേഷം നടപ്പാക്കിയ പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ആശുപത്രിയുടെ അടിസ്ഥാന സൗകര്യവികസനത്തിനായി ജിഡ ഫണ്ടിൽനിന്നും തുക അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ആശുപത്രിയുടെ നിലവിലുള്ള കെട്ടിടങ്ങളുടെ കാലപ്പഴക്കം എത്രയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ലബോറട്ടറി നിർമ്മാണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്ക് 15.5 ലക്ഷം രൂപയും (ഐ.സി.എ.ഡി.പി.) പുതിയ ഐ.പി. കെട്ടിടം നിർമ്മിക്കുന്നതിന് 1,91,35,000 രൂപയും (നബാർഡ്) അനുവദിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) 1. പ്രധാന കെട്ടിടം - 100 വർഷത്തിലേറെ പഴക്കം

2. ആണുങ്ങളുടെ വാർഡ് - 78 വർഷം പഴക്കം

3. പെണ്ണുങ്ങളുടെ വാർഡ് - 68 വർഷം പഴക്കം

4. ആഫീസ് ഒ.പി. കെട്ടിടം- 5 വർഷം പഴക്കം

**മനോരോഗികളെ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള സംവിധാനം**

103 (792) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മനോരോഗികളെ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള സംവിധാനം എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതാണെന്ന 2012-13-ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കൈക്കൊണ്ട നടപടികൾ എന്തൊക്കെയെന്ന അറിയിക്കുമോ :

(ബി) പ്രസ്തുത പദ്ധതി ഏതെല്ലാം ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്; ഓരോന്നിന്റെയും വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) മനോരോഗികളെ സംരക്ഷിക്കുന്നതിനും ചികിത്സിക്കുന്നതിനുമായി ജില്ലാ മാനസികാരോഗ്യ പരിപാടി (ഡി.എം.എച്ച്.പി.) സാമൂഹ്യ മാനസികാരോഗ്യ പരിപാടി (സി.എം.എച്ച്.പി.) എന്നിവയാണ് നിലവിലുള്ള പ്രധാന മാനസികാരോഗ്യ പരിപാടികൾ. ഇത് എല്ലാ ജില്ലകളിലും നടപ്പിലാക്കുകയും തുടർന്നുവരികയും ചെയ്യുന്നു. രോഗവിമുക്തി നേടിയ മനോരോഗികളെ പുനരധിവസിപ്പിക്കുന്നതിലേയ്ക്കായി സമഗ്ര മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായി എല്ലാ ജില്ലകളിലും ഡേ-കെയർ സെന്ററുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(ബി) ജില്ലാ/സാമൂഹ്യ മാനസികാരോഗ്യ പരിപാടി എല്ലാ ജില്ലകളിലും നടപ്പിലാക്കിക്കഴിഞ്ഞു. തിരുവനന്തപുരം, തൃശ്ശൂർ, ഇടുക്കി, വയനാട്, കണ്ണൂർ ജില്ലകളിൽ കേന്ദ്രസർക്കാരിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ ജില്ലാ മാനസികാരോഗ്യ പരിപാടിയും മുടക്കമില്ലാതെ തുടരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. കൂടാതെ കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ ജില്ലാ മാനസികാരോഗ്യ പരിപാടിയും നടപ്പിലാക്കിക്കഴിഞ്ഞു. പത്തനംതിട്ട, കോട്ടയം, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് ജില്ലകളിൽ നാഷണൽ ഹെൽത്ത് മിഷന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന സാമൂഹ്യ മാനസികാരോഗ്യ പരിപാടി തുടരുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും നോഡൽ സെന്ററുകളും, നോഡൽ ഓഫീസർമാരെയും നിയമിച്ചിട്ടുണ്ട്.

**തിരുവനന്തപുരം ജനറൽ ആശുപത്രി കോമ്പൗണ്ടിന്റെ ശോചനീയാവസ്ഥ**

104 (793) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജനറൽ ആശുപത്രി കോമ്പൗണ്ടിൽ പൊട്ടിപ്പൊളിഞ്ഞ റോഡുകളും നടപ്പാതകളും പ്രകാശിക്കാത്ത വൈദ്യുതി വിളക്കുകളും മലിനജലം ഒഴുകിപ്പോകാത്ത ഓടകളും ഉണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അവ പരിഹരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൊട്ടിപ്പൊളിഞ്ഞ റോഡുകളുടെ നിർമ്മാണത്തിനാവശ്യമായ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. മലിനജലം ഒഴുകിപ്പോകാത്ത ഓടകളുടെ പുനർനിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**തിരുവനന്തപുരം ജനറൽ ആശുപത്രിയുടെ നവീകരണം**

105 (794) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജനറൽ ആശുപത്രി പരിസരത്തും വാർഡുകളിലും ശുചിത്വം കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സമഗ്രമായ ശുചീകരണം നടത്തുന്നതിനായി ജീവനക്കാരെ നിയമിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ബി) ഫാർമസിക്ക് മുന്നിൽ കാത്തിരിക്കുന്നവർക്ക് ഇരിപ്പിടങ്ങൾ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) ആശുപത്രി വാർഡുകളിലെ പഴയ കട്ടിലുകൾ മാറ്റി നൽകുന്നതിനും പുരുഷൻമാരുടെ വാർഡുകളിലും സ്ത്രീകളുടെ സർജിക്കൽ വാർഡിലും സ്ട്രച്ചർ തള്ളിക്കയറ്റാനായി ചരിവുള്ള സ്ഥലം ശരിയായ രീതിയിൽ മെയിന്റനൻസ് നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) അത്യാഹിത വിഭാഗത്തിന് താഴെയുള്ള ലാബുകളിൽനിന്നും മുകളിലെത്തുന്നവർ ചെറിയ ജനാലയിലൂടെയാണ് മുറിയിൽ കയറുന്നതെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഇ) രാത്രി ഡ്യൂട്ടിയിലുള്ള, മെഡിക്കൽ വിഭാഗത്തിലെയും സർജറി വിഭാഗത്തിലെയും ഡോക്ടർമാർ ഹൗസ് സർജൻമാരെ ചുമതലപ്പെടുത്തി പോകുന്നതിനാൽ അത്യാസന്ന നിലയിലുള്ള രോഗികളെ മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് റഫർ

ചെയ്യുന്നത് പതിവാണ്. പ്രസ്തുത കാര്യം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

**തിരുവനന്തപുരം ജനറൽ ഹോസ്പിറ്റൽ മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റി നിയമിക്കപ്പെട്ട ഡോക്ടർമാർ**

106 (795) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജനറൽ ഹോസ്പിറ്റൽ മെഡിക്കൽ കോളേജിലേക്ക് തിരുവനന്തപുരം മെഡിക്കൽ കോളേജിൽനിന്നും എത്ര ഡോക്ടർമാരെയാണ് മാറ്റി നിയമിച്ചിട്ടുള്ളത്; ഈ മെഡിക്കൽ കോളേജിലേക്ക് മാറ്റിയിട്ടുള്ള മറ്റ് വിഭാഗം ജീവനക്കാരുടെ എണ്ണം കാറ്റഗറി തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഇവർ ഇപ്പോൾ (ഡോക്ടർമാരുൾപ്പടെ) എന്ത് ജോലിയാണ് നിർവ്വഹിക്കുന്നത്;

(സി) അവർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നുണ്ടോ; അതിനുള്ള സംവിധാനം എന്താണ് എന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽനിന്നും ഉദ്യോഗക്കയറ്റം മുഖേന 9 ഡോക്ടർമാരെ പുതിയ മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റി നിയമിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| 1. | പ്രിൻസിപ്പാൾ | - | 1 |
| 2. | പ്രൊഫസർ | - | 3 |
| 3. | അസോസിയേറ്റ് പ്രൊഫസർ | - | 5 |
| | ആകെ | - | 9 |

തിരുവനന്തപുരം മെഡിക്കൽ കോളേജിൽനിന്നും ഒരു ഓഫീസ് അസിസ്റ്റന്റിനെ പുതിയ മെഡിക്കൽ കോളേജിലേക്ക് മാറ്റിയിട്ടുണ്ട്.

(ബി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരത്തിനായുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

(സി) ഇവർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ബന്ധപ്പെട്ട ശീർഷകത്തിൽ

നിന്നും നൽകി വരുന്നു.

**തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ജീവനക്കാരുടെ ഒഴിവുകൾ**

107 (796) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫ്, മറ്റ് ജീവനക്കാർ എന്നിവരുടെ ഇപ്പോഴുള്ള ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

ഉത്തരം

തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫ്, മറ്റ് ജീവനക്കാർ എന്നിവരുടെ ഇപ്പോഴുള്ള ഒഴിവുകൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| സീനിയർ കൺസൾട്ടന്റ് (മെഡിസിൻ) | - | 2 |
| സീനിയർ കൺസൾട്ടന്റ് (സർജറി) | - | 1 |
| കൺസൾട്ടന്റ് (മെഡിസിൻ) | - | 2 |
| കൺസൾട്ടന്റ് (സർജറി) | - | 1 |
| കൺസൾട്ടന്റ് (ഇ.എൻ.റ്റി.) | - | 2 |
| കൺസൾട്ടന്റ് (അനസ്തേഷ്യ) | - | 1 |
| കൺസൾട്ടന്റ് (ഓർത്തോ) | - | 1 |
| കൺസൾട്ടന്റ് (ഡെർമറ്റോളജി) | - | 1 |
| കൺസൾട്ടന്റ് (റേഡിയോളജി) | - | 1 |
| കൺസൾട്ടന്റ് (സൈക്യാട്രി) | - | 1 |
| നഴ്സിംഗ് ഓഫീസർ | - | 1 |
| ജൂനിയർ സയന്റിഫിക് ഓഫീസർ | - | 2 |
| ചീഫ് റേഡിയോഗ്രാഫർ | - | 1 |
| പ്ലമ്പർ | - | 1 |
| ധോബി | - | 4 |

| | | |
|---|---|---|
| ബൈന്റർ | - | 1 |
| നഴ്സിംഗ് അസിസ്റ്റന്റ് | - | 6 |
| സ്റ്റാഫ് നഴ്സ് ഗ്രേഡ് I | - | 5 |
| സ്റ്റാഫ് നഴ്സ് ഗ്രേഡ് II | - | 5 |
| ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ | - | 1 |
| ഫാർമസിസ്റ്റ് | - | 1 |
| ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് I | - | 10 |
| ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് II | - | 25 |
| ബാർബർ | - | 1 |

## കുറവിലങ്ങാട് താലൂക്ക് ആശുപത്രി

108 (797) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ഇ 2/35365/H&FW1/13, E2/55176/H&FW/2013 എന്നീ നമ്പരുകളിലെ ഫയലുകൾ ഇപ്പോൾ ആരുടെ കൈവശമാണ് ; പ്രസ്തുത ഫയലുകൾ വീണ്ടും ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി അയക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പ്രസ്തുത ആശുപത്രിക്ക് ടോക്കൺ പ്രൊവിഷൻ നൽകിയിരുന്നുവെങ്കിലും ടി ഫയൽ ഇതുവരെയും ധനകാര്യ വകുപ്പിൽ എത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) കുറവിലങ്ങാട് താലൂക്ക് ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ തസ്തിക സൃഷ്ടിക്കുന്നതു സംബന്ധിച്ച പ്രസ്തുത ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ ?

### ഉത്തരം

(എ&ബി) 35365/ഇ 2/13 ആകുവ. എന്ന ഫയൽ ധനവകുപ്പിലയച്ചപ്പോൾ

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ അഭിപ്രായം ആരായാൻ അഭിപ്രായപ്പെട്ടതിനെ തുടർന്ന് 13-14 ബഡ്ജറ്റിൽ 4210-01-110-83 എന്ന ശീർഷകത്തിൽ പ്രസ്തുത വർക്കിന് തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ പരിഗണിക്കാനാവില്ല എന്ന അഭിപ്രായത്തോടെ ടി വകുപ്പ് (നമ്പർ 14933/എ 1/13/പ്ലാനിംഗ്) ഫയൽ മടക്കി, വീണ്ടും 55176/ഇ 2/13/ആകുവ. പ്രകാരം ധനവകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചപ്പോൾ കുറവിലങ്ങാട് താലൂക്ക് ആശുപത്രി തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറ്റം ചെയ്ത സ്ഥാപനമാണോ എന്ന് ആരാഞ്ഞിരുന്നു. ആയതിന് മറുപടി ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽനിന്നും ലഭ്യമായിട്ടില്ല. ടി ഫയലുകൾ ഇപ്പോൾ ആരോഗ്യ കുടുംബക്ഷേമ (ഇ) വകുപ്പിലാണ്. ഇത് സംബന്ധിച്ച് മറുപടി ലഭ്യമായാൽ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി അയയ്ക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(സി) അധിക തസ്തിക സൃഷ്ടിക്കൽ സംബന്ധിച്ച ഫയൽ നമ്പർ 13344/എം1/13/ആകുവ. സർക്കാർ പരിഗണിച്ചുവരുന്നു.

**ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ**

109 (798) ശ്രീ. സി. ദിവാകരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ കുറവും അനാസ്ഥയും കാരണം കുട്ടികൾ ഉൾപ്പെടെയുള്ള രോഗികളുടെ മരണ നിരക്ക് വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഡോക്ടർമാരുടെയും നഴ്സുമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും മറ്റ് ജീവനക്കാരുടെയും കുറവുമൂലം സർക്കാർ ആശുപത്രികളുടെ പ്രവർത്തനം താളം തെറ്റിയിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഓരോ വിഭാഗത്തിലും നിലവിലുള്ള ഒഴിവുകൾ എത്രവീതം ആണെന്നും പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് എന്തു നടപടികളാണുള്ളതെന്നും വിശദമാക്കുമോ ;

(സി) സർക്കാർ ആശുപത്രികളിൽ കൂടിയുള്ള സൗജന്യ മരുന്നു വിതരണം

കാര്യക്ഷമമല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സർക്കാർ ആശുപത്രികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി ആസ്തി വികസന ഫണ്ട്, അസറ്റ് മെയ്ന്റനൻസ് ഫണ്ട്, ആർ.എസ്.ബി.വൈ., എച്ച്.എം.സി. ഫണ്ട് മുതലായവ കൂടാതെ Major construction under DHS, Strengthening of Institution എന്നീ പദ്ധതികളിലും ഉൾപ്പെടുത്തി സംസ്ഥാനത്തെ നിരവധി ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ട പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ക്വാളിറ്റി അഷ്വറൻസിന്റെ കീഴിൽ പ്രധാനമായും 4 പ്രോഗ്രാമുകളാണ് നടപ്പിലാക്കിവരുന്നത്. (1) എൻ.എ.ബി.എച്ച്. അക്രഡിറ്റേഷൻ, (2) കെ.എ.എസ്.എച്ച്. അക്രഡിറ്റേഷൻ, (3) ദേശീയ സർട്ടിഫിക്കേഷൻ പദ്ധതി, (4) ബ്ലഡ് ബാങ്ക് അക്രഡിറ്റേഷൻ, ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ, സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം പ്രകാരം 2012 മുതൽ കേരളത്തിലെ ശിശുമരണനിരക്ക് 12 ആണ് (12/1000) വർദ്ധനവ് ഉണ്ടായിട്ടില്ല. ആരോഗ്യവകുപ്പിൽ 13 സ്പെഷ്യൽ ന്യൂബോൺ കെയർ യൂണിറ്റ് (SNCU) വിവിധ ആശുപത്രികളിലായി പ്രവർത്തിച്ചു വരുന്നുണ്ട്.

(ബി) ജീവനക്കാരുടെ കുറവുമൂലം ആശുപത്രികളുടെ പ്രവർത്തനം താളം തെറ്റിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഡോക്ടർമാരുടെ വിവിധ വിഭാഗങ്ങളിലുള്ള നിലവിലെ ഒഴിവുകൾ ചുവടെ നൽകുന്നു:

| | | |
|---|---|---|
| ജനറൽ കേഡർ | - | 210 |
| സ്പെഷ്യാലിറ്റി കേഡർ | - | 317 |
| അഡ്മിനിസ്ട്രേറ്റീവ് കേഡർ | - | 21 |

നിലവിലെ ഒഴിവുകളിലേക്ക് അഡ്ഹോക്ക്/എൻ.എൻ.എം. മുഖാന്തരം ഡോക്ടർമാരെ നിയമിച്ച് സേവനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവുകൾ എല്ലാംതന്നെ പി.എസ്.സി.-യ്ക്ക്

റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ആയത് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സിവിൽ സർജൻ/കൺസൾട്ടന്റ് തസ്തികകളിലെ ഒഴിവുകൾ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റിയുടെ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് സ്ഥാനക്കയറ്റം നൽകി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ചീഫ് കൺസൾട്ടന്റ്/സീനിയർ കൺസൾട്ടന്റ് തസ്തികകളിലെ ഒഴിവുകൾ താൽക്കാലിക സ്ഥാനക്കയറ്റം നൽകി നികത്തുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

| ക്രമ നമ്പർ | തസ്തിക | ഒഴിവ് |
|---|---|---|
| (1) | (2) | (3) |
| 1 | ബയോളജിസ്റ്റ് | 5 |
| 2 | അസിസ്റ്റന്റ് എന്റമോളജിസ്റ്റ് | 3 |
| 3 | ഡിസ്ട്രിക്ട് മലേറിയ ആഫീസർ | 4 |
| 4 | ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-1 | 1 |
| 5 | ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-2 | 2 |
| 6 | ക്ലിനിക്കൽ സൈക്കോളജിസ്റ്റ് | 5 |
| (1) | (2) | (3) |
| 7 | ഫീൽഡ് അസിസ്റ്റന്റ് | 13 |
| 8 | ഇൻസെക്ട് കളക്ടർ | 3 |
| 9 | ഫീൽഡ് വർക്കർ | 147 |
| 10 | ഹെൽത്ത് സൂപ്പർവൈസർ | 7 |
| 11 | ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 | 70 |

| | | |
|---|---|---|
| 12 | ജെ.എച്ച്.ഐ. ഗ്രേഡ് 1 | 8 |
| 13 | ജെ.എച്ച്.ഐ. ഗ്രേഡ് 2 | 49 |
| 14 | ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ് | 2 |
| 15 | അസിസ്റ്റന്റ് ലെപ്രസി ആഫീസർ | 8 |

എന്നീ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

| | | |
|---|---|---|
| ക്ലാർക്ക് | - | 28 |
| ടൈപ്പിസ്റ്റ് | - | 1 |
| എം.ആർ.എൽ | - | 3 |

എന്നീ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | തസ്തിക | ഒഴിവ് |
|---|---|---|
| (1) | (2) | (3) |
| 1 | ലാബ് ടെക്നീഷ്യൻ | 28 |
| 2 | ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് 1 | 44 |
| 3 | ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് 2 | 215 |
| 4 | റേഡിയോഗ്രാഫർ | 5 |
| 5 | പാർട്ട്ടൈം സ്വീപ്പർ | 26 |
| (1) | (2) | (3) |
| 6 | ബ്ലഡ് ബാങ്ക് ടെക്നീഷ്യൻ | 5 |
| 7 | ട്രീറ്റ്മെന്റ് ഓർഗനൈസർ | 4 |
| 8 | നഴ്സിംഗ് അസിസ്റ്റന്റ് | 2 |

| | | |
|---|---|---|
| 9 | ആഫീസ് അറ്റൻഡർ | 5 |
| 10 | ദന്തൽ ഹൈജീനിസ്റ്റ് | 1 |
| 11 | ഇ.സി.ജി. ടെക്നീഷ്യൻ | 1 |

എന്നീ ഒഴിവുകൾ പി.എസ്.സി. വഴിയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴിയും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർക്കാർ ആശുപത്രികളിൽകൂടിയുള്ള സൗജന്യ മരുന്ന് വിതരണം കാര്യക്ഷമമായി തന്നെയാണ് നടന്നുവരുന്നത്. ഏതെങ്കിലും മരുന്നുകളുടെ ദൗർലഭ്യം നേരിട്ടാൽ ആശുപത്രി മേധാവികൾ തന്നെ എച്ച്.ഡി.സി./ ആർ.എസ്.ബി.വൈ. ഫണ്ട് വിനിയോഗിച്ച് മരുന്നുകൾ വാങ്ങി ലഭ്യത ഉറപ്പ് വരുത്തുന്നുണ്ട്.

**ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ**

110 (799) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽനിന്നും മെഡിക്കൽ സയൻസിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കിയവർക്ക് ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നൽകുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ബിരുദാനന്തര ബിരുദ കോഴ്സുകളിലെ മെറിറ്റ് സീറ്റിൽ സർക്കാർ ക്വാട്ടയിൽ പ്രവേശനം ലഭിച്ചവർക്കു പോലും രജിസ്ട്രേഷൻ നൽകാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) വിദേശരാജ്യങ്ങളിൽനിന്നും മെഡിക്കൽ സയൻസിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കുന്നവർക്കുപോലും രജിസ്ട്രേഷൻ ലഭിക്കുന്ന സാഹചര്യത്തിൽ സർക്കാർ ക്വാട്ടയിൽ പഠനം പൂർത്തിയാക്കുന്നവർക്ക് രജിസ്ട്രേഷൻ ലഭിക്കാത്ത സാഹചര്യം ഗൗരവമായി വിലയിരുത്തുമോ ;

(ഡി) ഇത്തരത്തിലുള്ള അപാകം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിക്കാത്ത മെഡിക്കൽ ബിരുദാനന്തര ബിരുദ കോഴ്സ് പാസ്സായവർക്ക് നിലവിൽ ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷൻ നൽകുന്നില്ല.

(സി&ഡി) ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതും വിദേശ രാജ്യങ്ങളിൽനിന്നും നേടിയതുമായ ബിരുദാനന്തര ബിരുദങ്ങൾക്ക് രജിസ്ട്രേഷൻ അനുവദിക്കുന്നത് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭിച്ചശേഷം മതിയെന്ന് 16-10-2015-ലെ കൗൺസിൽ പ്രകാരം തീരുമാനമായിട്ടുണ്ട്.

**തിരുവനന്തപുരം മെഡിക്കൽ കോളേജ് വികസനം**

111 (800) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് വികസനവുമായി ബന്ധപ്പെട്ട് പുതിയ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) മാസ്റ്റർ പ്ലാനിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) തിരുവനന്തപുരം ഗവൺമെന്റ് മെഡിക്കൽ കോളേജ് വികസനവുമായി ബന്ധപ്പെട്ട പുതിയ മാസ്റ്റർ പ്ലാൻ പൂർത്തിയായിട്ടില്ല.

**ഡോക്ടർമാരുടെ അധിക തസ്തിക**

112 (T*801) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എതെല്ലാം ആശുപത്രികളിൽ എത്ര വീതം ഡോക്ടർമാരുടെ അധിക തസ്തിക അനുവദിച്ചിട്ടുണ്ട്;

(ബി) പുതുതായി താലൂക്ക് ആശുപത്രിയായി ഉയർത്തപ്പെട്ട ആശുപത്രികളിൽ എത്ര തസ്തിക വീതം അനുവദിച്ചിട്ടുണ്ട്?

ഉത്തരം

---

* 'T'മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(എ) വിശദാംശം അനുബന്ധമായി നൽകിയിരിക്കുന്നു.*

(ബി) പുതുതായി താലൂക്ക് ആശുപത്രിയായി ഉയർത്തപ്പെട്ട സ്ഥലങ്ങളിൽ സൃഷ്ടിക്കപ്പെട്ട തസ്തികകളുടെ എണ്ണം താഴെപ്പറയും പ്രകാരമാണ്:

| | | |
|---|---|---|
| THQH | വർക്കല | 20 |
| “ | ഫോർട്ട് | 36 |
| “ | വണ്ടൂർ | 2 |
| “ | അരീക്കോട് | 19 |
| “ | പാറശ്ശാല | 9 |
| “ | പള്ളുരുത്തി | 9 |
| “ | കട്ടപ്പന | 16 |

കൂടാതെ കാഷ്വാലിറ്റി സംവിധാനം നിലവിൽ ഇല്ലാത്ത 35 താലൂക്ക് ആശുപത്രികളിലും, താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിനുവേണ്ടി 2 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലുമായി ആകെ 37 സ്ഥാപനങ്ങളിൽ കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ (അസിസ്റ്റന്റ് സർജൻ)മാരുടെ തസ്തികകൾ കൂടി സൃഷ്ടിച്ചിട്ടുണ്ട്.

## ഡോക്ടർമാരുടെ മിന്നൽ പണിമുടക്ക്

113 (802) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഡോക്ടർമാർ എത്ര തവണ പണിമുടക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ; ഇതിൽ മിന്നൽ പണിമുടക്കിന്റെ കണക്ക് പ്രത്യേകം ലഭ്യമാക്കാമോ ?

### ഉത്തരം

എട്ട് തവണ വിവിധ തരത്തിലുള്ള പണിമുടക്കും സമരവും നടത്തിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

2011

| | |
|---|---|
| നിസ്സഹകരണ സമരം | - ഫെബ്രുവരി 27 |
| സൂചനാ പണിമുടക്ക് | - മെയ് 3 |
| അനിശ്ചിതകാല സമരം | - ജൂലൈ 30 മുതൽ |

2013

| | |
|---|---|
| പണിമുടക്ക് (സ്റ്റേറ്റ്‌വൈഡ്) | - മാർച്ച് 1 |

2014

| | |
|---|---|
| ഒരു ദിവസത്തെ ടോക്കൺ സമരം | - ജനുവരി 29 |
| അനിശ്ചിതകാല സമരം(തിരുവനന്തപുരം ജില്ല) | - ജനുവരി 29 |
| അനിശ്ചിതകാല സമരം(സ്റ്റേറ്റ്‌വൈഡ്) | - ഫെബ്രുവരി 3 |

2015

| | |
|---|---|
| അനിശ്ചിതകാല നിരാഹാര സമരം | - സെപ്റ്റംബർ 9 |

മിന്നൽ പണിമുടക്ക് സംബന്ധിച്ച വിവരം ശേഖരിച്ച് വരുന്നു.

**ഡോക്ടർമാരുടെ ഒഴിവുകൾ**

114 (803) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ നിലവിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ട്; പ്രസ്തുത ഒഴിവുകൾ എന്നു മുതലാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലെ പാരാമെഡിക്കൽ സ്റ്റാഫിന്റെ ഒഴിവുകൾ നികത്തുന്നതിന് വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ PHC കളിൽ ഡോക്ടർമാരുടെ നിലവിലുള്ള ഒഴിവുകൾ സംബന്ധിച്ച കണക്ക് ലഭ്യമാക്കുമോ; പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ;

(ഡി) താലൂക്ക് ആശുപത്രി ഉൾപ്പെടെയുള്ള ആശുപത്രികളിൽ അത്യാവശ്യ

മരുന്നുകൾ പോലും ലഭ്യമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തരമായി മരുന്നുക്ഷാമം പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആറ് ഡോക്ടർമാരുടെ ഒഴിവുകൾ ഉണ്ട്. ഒഴിവുകൾ നിലവിൽ വന്ന തീയതി ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| 1. | സൂപ്രണ്ട് | - | 1-6-2014 മുതൽ |
| 2. | കൺസൾട്ടന്റ്(മെഡിസിൻ) | - | 1-6-2010 മുതൽ |
| 3. | കൺസൾട്ടന്റ് (സർജറി) | - | 1-6-2010 മുതൽ |
| 4. | കൺസൾട്ടന്റ് (ഗൈനക്കോളജി) | - | 1-9-2010 മുതൽ |
| 5. | ജൂനിയർ കൺസൾട്ടന്റ് (അനസ്തേഷ്യ) | - | 15-3-2013 മുതൽ |
| 6. | ജൂനിയർ കൺസൾട്ടന്റ് (സൈക്യാട്രി) | - | 20-7-2013 മുതൽ |

(ബി) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ പാരാമെഡിക്കൽ സ്റ്റാഫുകളുടെ ഒഴിവുകൾ നിലവിലില്ല.

(സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ പി.എച്ച്.സി.-കളിൽ ഡോക്ടർമാരുടെ ഒഴിവുകൾ ഇല്ല.

(ഡി) താലൂക്ക് ആശുപത്രി ഉൾപ്പെടെയുള്ള ആശുപത്രികളിൽ ജീവൻ രക്ഷാ മരുന്നുകൾ എല്ലാം തന്നെ ലഭ്യമാണ്. ഏതെങ്കിലും അത്യാവശ്യ മരുന്നിന്റെ ദൗർലഭ്യം നേരിട്ടാൽ ആശുപത്രി മേധാവികൾ എച്ച്.ഡി.സി./ആർ.എസ്.ബി.വൈ. ഫണ്ട് വിനിയോഗിച്ച് ആയവ വാങ്ങി ലഭ്യത ഉറപ്പു വരുത്തുന്നുണ്ട്.

**ജീവിതശൈലീരോഗ നിയന്ത്രണ പ്രവർത്തനങ്ങൾ**

115 (804) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജീവിതശൈലീരോഗ നിയന്ത്രണത്തിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) അമൃതം ആരോഗ്യം പദ്ധതി നടപ്പാക്കിയത് എന്ന് മുതലാണ് ;

പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കുന്നതിന് എത്ര തുകയാണ് കേന്ദ്രം കഴിഞ്ഞ ഓരോ വർഷങ്ങളിലും നൽകിയത് ; ഓരോ വർഷവും ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ ജീവിതശൈലീരോഗ നിയന്ത്രണ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. <u>അമൃതം ആരോഗ്യം</u>

   മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളേയും ജീവിതശൈലീ രോഗങ്ങൾ കണ്ടെത്തുന്നതിനായി സ്ക്രീനിംഗ് നടത്തുന്നതിനും, രോഗം കണ്ടെത്തുന്നവർക്ക് ചികിത്സയും മരുന്നും സൗജന്യമായി നൽകുകയും ചെയ്യുന്ന പദ്ധതി.

2. <u>ലീപ്പ് (Life Style Education and Awareness Programme) (LEAP)</u>

   സ്കൂൾ കുട്ടികൾക്കായി നടപ്പിലാക്കിയ പദ്ധതിയാണ് ലീപ്പ്. ജീവിതശൈലീ രോഗങ്ങൾക്കുള്ള സ്ക്രീനിംഗും, യോഗ പദ്ധതിയും ഇതിലൂടെ നടത്തി വരുന്നു.

3. <u>ഷേപ്പ് (Systematic Health Assessment for Police Personal) (SHAPE)</u>

   പോലീസ് സേനയ്ക്കായി നടപ്പിലാക്കിയ പദ്ധതിയാണ് ഷേപ്പ്.

4. <u>കെയർ ഓൺ വീൽസും കെയർ ഓൺ വേവ്സും</u>

   വിദൂര പ്രദേശങ്ങളിലുള്ള രോഗികൾക്ക് ജീവിതശൈലീ രോഗം നിയന്ത്രിക്കുന്നതിന് സഞ്ചരിക്കുന്ന എൻ.സി.ഡി. ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്.

5. <u>ടെലിസ്ട്രോക്ക് (Telestroke)</u>

പക്ഷാഘാത ചികിത്സയ്ക്കായി ടെലിമെഡിസിൻ സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ട് നടപ്പിലാക്കിയ പദ്ധതി.

(ബി) 2010-11 വർഷത്തിൽ കേന്ദ്രം ആവിഷ്കരിച്ച പദ്ധതിയായിട്ടാണ് ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതി കേരളത്തിൽ ആരംഭിച്ചത്. അഞ്ച് ജില്ലകളിൽ മാത്രം നിലവിൽ വന്ന പദ്ധതിയുടെ ചുവട് പിടിച്ച് സംസ്ഥാന ആരോഗ്യ വകുപ്പ് സംസ്ഥാനത്തെ എല്ലാ ജനവിഭാഗങ്ങൾക്കിടയിലും വർദ്ധിച്ചു വരുന്ന ജീവിതശൈലീ രോഗങ്ങൾ പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും 2012-ൽ 'അമൃതം ആരോഗ്യം' എന്ന പേരിൽ സംസ്ഥാന വ്യാപകമായി ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതി നടപ്പിലാക്കി. ഈ പദ്ധതിയുടെ പ്രയോജനം എല്ലാ ജനങ്ങളിലേയ്ക്കും എത്തിക്കുന്നതിന് സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ അമൃതം ആരോഗ്യം ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു. എ.പി.എൽ./ബി.പി.എൽ. തരംതിരിവോ മറ്റ് മാനദണ്ഡങ്ങളോ ഈ സേവനം ലഭിക്കുന്നതിന് ബാധകമല്ല. ഇതിനു പുറമേ ഓരോ പ്രത്യേക ജനവിഭാഗത്തിനും അവർക്ക് അനുയോജ്യമായ പദ്ധതികളും അമൃതം ആരോഗ്യത്തിന് കീഴിൽ നടന്നുവരുന്നു. സ്കൂൾ കുട്ടികൾക്കായി നടപ്പിലാക്കിയ ലീപ്പ് (LEAP), പോലീസ് സേനയ്ക്കായി നടപ്പിലാക്കിയ ഷേപ്പ് (SHAPE), തൊഴിൽ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നവർക്കായി വർക്ക്പ്ലേസ് ഇന്റർവെൻഷൻ തുടങ്ങിയ പദ്ധതികൾ, ഓരോ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് വേണ്ടിയുള്ളതാണ്. ആശ (ASHA), കുടുംബശ്രീ, ആരോഗ്യ പ്രവർത്തകർ എന്നിവരിലൂടെ ബോധവൽക്കരണവും ആരോഗ്യ വിദ്യാഭ്യാസവും നടത്തി വരുന്നു. മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളേയും ജീവിതശൈലീ രോഗങ്ങൾ കണ്ടെത്തുന്നതിനായി സ്ക്രീനിംഗ് നടത്തുക, രോഗം കണ്ടെത്തുന്നവർക്ക് ചികിത്സയും മരുന്നും സൗജന്യമായി നൽകുക, അനാരോഗ്യകരമായ ഭക്ഷണം, വ്യായാമമില്ലായ്മ, പുകവലി, മദ്യപാനം തുടങ്ങിയ ശീലങ്ങളോടുള്ള ആസക്തി എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണം എന്നിവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) അമൃതം ആരോഗ്യം സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പിലാക്കിയ പദ്ധതിയാണ്. ഇതിന് കേന്ദ്ര ഫണ്ട് ഒന്നും തന്നെ ലഭിച്ചിട്ടില്ല.

**ഡോക്ടർമാരുടെ ഒഴിവുകളിൽ നിയമനം നടത്തുന്നത്**

116 (805) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ചാലക്കുടി താലൂക്ക് ആശുപത്രി, കക്കാട്, വെറ്റിലപ്പാറ, പരിയാരം, കൊടകര പി.എച്ച്.സി.-കൾ, എലിഞ്ഞിപ്ര സി.എച്ച്.സി. എന്നീ ആശുപത്രികളിലെ ഡോക്ടർമാരുടെ ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രൈമറി ഹെൽത്ത് സെന്ററിൽ സ്ഥിരമായി മെഡിക്കൽ ഓഫീസർമാരുടെ സേവനം ഉറപ്പുവരുത്തുന്നതിനും, സി.എച്ച്.സി.-കളിൽ നാല് വീതം സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ;

(സി) എൻ.ആർ.എച്ച്.എം. ഫണ്ട് വിവിധ സർക്കാർ ആശുപത്രികൾക്ക് അനുവദിക്കുന്നതിൽ കുറവ് വരുത്തിയിട്ടുണ്ടോ; വെട്ടിക്കുറച്ച എൻ.ആർ.എച്ച്.എം. ഫണ്ട് പുനഃസ്ഥാപിക്കുന്നതിനും അടിയന്തരമായി ഫണ്ട് ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ചാലക്കുടി താലൂക്ക് ആശുപത്രിയിലെ ശിശുരോഗ വിഭാഗത്തിലെ കൺസൾട്ടന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവിൽ പ്രസ്തുത ആശുപത്രിയിൽ നിന്നും ശിശുരോഗ കൺസൾട്ടന്റായി വിരമിച്ച ഡോ. ജയ്സൺ. കെ.ജി.-യെ താല്ക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. കക്കാട്, വെറ്റിലപ്പാറ, പരിയാരം, കൊടകര, എലിഞ്ഞിപ്ര എന്നീ ആശുപത്രികളിൽ നിലവിൽ ഒഴിവുകൾ ഇല്ല.

(ബി) സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നിലവിലുള്ള മെഡിക്കൽ ആഫീസർമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പി.എസ്.സി.-യിൽ നിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തിവരികയാണ്. എല്ലാ സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തിക അനുവദിച്ചിട്ടില്ല. അധിക തസ്തിക സൃഷ്ടിക്കുന്നത് സർക്കാരിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാക്കുമെന്നതിനാൽ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ 4 വീതം സ്പെഷ്യലിസ്റ്റുകളുടെ സേവനം ഇന്നത്തെ സാഹചര്യത്തിൽ ഉറപ്പുവരുത്താനാകില്ല.

(സി) സർക്കാർ ആശുപത്രികൾക്ക് അനുവദിക്കുന്ന ഉപാധിരഹിത/ വാർഷിക മെയിന്റനൻസ്/ആശുപത്രി വികസന സമിതി ഫണ്ടുകൾ, കേന്ദ്ര സർക്കാരിൽനിന്ന് അനുവദിച്ച ഫണ്ടിന്റെ അപര്യാപ്തത കാരണം ഈ വർഷം നൽകിയിട്ടില്ല. കൂടുതൽ ഫണ്ട് ലഭിക്കുന്നതിനുള്ള അപേക്ഷ കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിലേയ്ക്ക് അയച്ചിട്ടുണ്ട്. കേന്ദ്രത്തിൽനിന്ന് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് ആശുപത്രികൾക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി സ്ഥാപിക്കുന്നതിനെ സംബന്ധിച്ച്

117 (806) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളില്ലാത്ത 8 ജില്ലകളിൽ അവ സ്ഥാപിക്കുമെന്ന് 2012-13-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടായിരുന്നുവെന്നും നീക്കിവച്ച തുകയിൽനിന്ന് എത്ര തുക സംസ്ഥാന ഖജനാവിൽനിന്നും ചെലവഴിച്ചിട്ടുണ്ടെന്നും അത് ഏതെല്ലാം ജില്ലകളിൽ എന്തെല്ലാം പദ്ധതിക്കായിട്ടാണെന്നും വ്യക്തമാക്കുമോ;

(സി) തുടർ വർഷങ്ങളിൽ പ്രസ്തുത പദ്ധതിക്കായി തുക നീക്കിവച്ചിട്ടുണ്ടായിരുന്നോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ?

### ഉത്തരം

(എ) പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) 2012-13-ൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾക്കായി 3500 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയതിനാൽ മുഴുവൻ തുകയും പി.ഡബ്ല്യു.ഡി. മുഖേന ചെലവഴിക്കുന്നതിനായി എൻ.എച്ച്.എം.-ന് കൈമാറിയിട്ടുണ്ട്.

സിവിൽ വർക്ക് (2012-13)

| | | |
|---|---|---|
| തൃശ്ശൂർ | - | 725 ലക്ഷം രൂപ |
| കോട്ടയം | - | 880 ലക്ഷം രൂപ |
| സുൽത്താൻ ബത്തേരി, വയനാട് | - | 300 ലക്ഷം രൂപ |
| പൊന്നാനി, മലപ്പുറം | - | 360 ലക്ഷം രൂപ |
| തിരുവനന്തപുരം | - | 375.75 ലക്ഷം രൂപ |

(നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്)

നിലവിലുള്ള ഡബ്ല്യൂ & സി ആശുപത്രിക്ക് വേണ്ടിയും ഡബ്ല്യൂ & സി വിംഗിന് വേണ്ടിയും ചെലവഴിച്ച തുക (2012-13)

| ജില്ല | അടിസ്ഥാന സൗകര്യ വികസനം | ഉപകരണങ്ങൾ വാങ്ങുന്നത് |
|---|---|---|
| തിരുവനന്തപുരം (ഡബ്ല്യൂ & സി) | 10 ലക്ഷം | 67.90 ലക്ഷം |
| ജനറൽ ആശുപത്രി, എറണാകുളം | 90.98 ലക്ഷം | 142.36 ലക്ഷം |
| ജില്ലാ ആശുപത്രി, പേരൂർക്കട | 400 ലക്ഷം | 60.58 ലക്ഷം |
| താലൂക്ക് ആശുപത്രി, ചിറയിൻകീഴ് | ..... | 37.31 ലക്ഷം |
| സി.എച്ച്.സി., കന്യാകുളങ്ങര | 10 ലക്ഷം | 18.74 ലക്ഷം |
| ഡബ്ല്യൂ& സി., പൊന്നാനി | 200 ലക്ഷം | 130.38 ലക്ഷം |

(സി) തുടർ വർഷങ്ങളിലും ടി പ്രവൃത്തിക്കായി തുക നീക്കിവച്ചിരുന്നു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

2013-14-ൽ നീക്കി വച്ച തുക (ക്യാപ്പിറ്റൽ ഹെഡ്) 1000 ലക്ഷം രൂപ

| സ്ഥാപനം | അനുവദിച്ച തുക |
|---|---|
| ഡബ്ല്യൂ & സി, കാസർഗോഡ് | 360 ലക്ഷം രൂപ |
| ഡബ്ല്യൂ & സി, കോന്നി | 311 ലക്ഷം രൂപ |
| ഡബ്ല്യൂ & സി, മാങ്ങാട്ടുപറമ്പ, കണ്ണൂർ | 329 ലക്ഷം രൂപ |

2014-15-ൽ നീക്കി വച്ച തുക 1095 ലക്ഷം രൂപ (ഒ.റ്റി.എ.സി.എ.)

| സ്ഥാപനം | അനുവദിച്ച തുക |
|---|---|
| ഡബ്ല്യൂ & സി, തിരുവനന്തപുരം | 195 ലക്ഷം (സിവിൽ) |
| താലൂക്ക് ആശുപത്രി, കോന്നി | 319 ലക്ഷം (സിവിൽ) |
| ഗവണ്മെന്റ് വിക്ടോറിയ ആശുപത്രി, കൊല്ലം | 200 ലക്ഷം (സിവിൽ) |
| ഡബ്ല്യൂ & സി, കാഞ്ഞങ്ങാട് | 381 ലക്ഷം (സിവിൽ) |

2015-16-ൽ നീക്കി വച്ച തുക 1150 ലക്ഷം രൂപ

650 ലക്ഷം രൂപ സ്റ്റേറ്റ് പ്ലാനിലും, 500 ലക്ഷം രൂപ ഒറ്റത്തവണ കേന്ദ്ര അധിക സഹായത്തിലും ആണ് നീക്കിവച്ചിട്ടുള്ളത്. ആയതിനാൽ സ്റ്റേറ്റ് പ്ലാൻ ഫണ്ടിന് മാത്രമാണ് ഭരണാനുമതി ലഭ്യമായിട്ടുള്ളത്. (ഒ.റ്റി.എ.സി.എ.) ഒറ്റത്തവണ കേന്ദ്ര അധിക സഹായഫണ്ട് ലഭ്യമല്ലാത്തതിനാൽ ഭരണാനുമതി ലഭ്യമായിട്ടില്ല.

സ്റ്റേറ്റ് പ്ലാനിൽ ഭരണാനുമതി ലഭ്യമായതിൽ,

ഡബ്ല്യൂ & സി, അടിമാലി, ഇടുക്കി - 450 ലക്ഷം

ഡബ്ല്യൂ & സി, കാസർഗോഡ് - 200 ലക്ഷം രൂപയുമാണ് അനുവദിച്ചിട്ടുള്ളത്.

പ്രസ്തുത പദ്ധതിവഴി ഡബ്ല്യൂ & സി ഇല്ലാത്ത ജില്ലകളിൽ ഡബ്ല്യൂ&സി ആശുപത്രിയുടെ നിർമ്മാണവും, നിലവിൽ ഡബ്ല്യൂ&സി ഉള്ള ജില്ലകളിൽ

അവയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിച്ചു വരുന്നു.

**പച്ചക്കറികളിലെ കീടനാശിനികളുടെ സാന്നിദ്ധ്യം**

118 (807) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് എത്തിച്ചേരുന്ന പച്ചക്കറികളിലെ കീടനാശിനികളുടെ സാന്നിദ്ധ്യം പരിശോധിക്കുന്നതിന് എന്തെല്ലാം ഫലപ്രദമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ബി) ഏതെല്ലാം കേന്ദ്രങ്ങളിലാണ് ഇപ്പോൾ പരിശോധന നടത്തുന്നത് ; ആയതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; ഇപ്രകാരം പരിശോധന നടത്തി ലഭിച്ച വിവരങ്ങളുടെ സംക്ഷിപ്ത റിപ്പോർട്ട് ലഭ്യമാക്കുമോ ;

(സി) ഇപ്രകാരം മാരക കീടനാശിനി തളിച്ച് കൊണ്ടുവരുന്ന പച്ചക്കറികൾ പിടിച്ചെടുത്താൽ നിലവിൽ എന്തെല്ലാം ശിക്ഷാ നടപടികളാണ് സ്വീകരിച്ചു വരുന്നത്; ഇത്തരത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വിശദ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇതര സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേക്ക് എത്തിച്ചേരുന്ന പച്ചക്കറികളിലെ കീടനാശിനികളുടെ സാന്നിദ്ധ്യം കണ്ടെത്തുന്നതിന് ചെക്ക് പോസ്റ്റുകളിൽനിന്നും സംസ്ഥാനത്തെ വിപണികളിൽനിന്നും പച്ചക്കറികളുടെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കീഴിലുള്ള തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലുള്ള അനലിറ്റിക്കൽ ലാബുകളിലും കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള പെസ്റ്റിസൈഡ് റസഡ്യൂ ടെസ്റ്റിംഗ് ലാബിലേയ്ക്കും അയച്ച് കീടനാശിനിയുടെ സാന്നിദ്ധ്യവും അളവും പരിശോധിക്കാറുണ്ട്.

(ബി) ചെക്ക്പോസ്റ്റുകൾ, മൊത്ത ചില്ലറ വ്യാപാര കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ പരിശോധന നടത്തി സാമ്പിളുകൾ ശേഖരിക്കാറുണ്ട്. ഈ സ്ഥലങ്ങളിൽ പരിശോധന നടത്തുന്നതിനായി സ്പെഷ്യൽ സ്ക്വാഡുകളെയും നിയമിക്കാറുണ്ട്. അത്തരത്തിൽ 82 പച്ചക്കറി സാമ്പിളും 108 പഴവർഗ്ഗങ്ങളും പരിശോധിച്ചതിൽ ഒരു സാമ്പിളിലും അനുവദനീയമായ അളവിൽക്കൂടുതൽ കീടനാശിനി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

(സി) ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കുന്ന അളവിൽ കൂടുതൽ കീടനാശിനി പരിശോധന വേളയിൽ കണ്ടെത്തിയാൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാരനിയമത്തിലും അനുബന്ധചട്ടങ്ങളിലും അനുശാസിക്കും പ്രകാരമുള്ള നടപടി സ്വീകരിക്കുവാൻ കഴിയുന്നതാണ്. പച്ചക്കറികളിൽ മാരക കീടനാശിനി തളിച്ചത് സംബന്ധിച്ച് കേസ്സുകളൊന്നും തന്നെ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടില്ല.

**കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ആരോഗ്യപദ്ധതികൾ**

119 (808) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആരോഗ്യവകുപ്പ് മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാം ; ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്ര ; ഓരോ പദ്ധതിയുടെയും വിശദാംശം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നിന്റെയും പുരോഗതി വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പുമുഖേന കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

1. <u>സി.എച്ച്.സി. തിരുവങ്ങൂർ</u>

2011-12 : രണ്ട് പദ്ധതികൾ : 1 മരുന്ന് വാങ്ങൽ, 2- ഉപകരണങ്ങൾ വാങ്ങൽ.

2012-13 : രണ്ട് പദ്ധതികൾ : 1. പെയിൻ ആന്റ് പാലിയേറ്റീവ്, 2 ആരോഗ്യസ്ഥാപനങ്ങളിലേക്ക് ഉപകരണങ്ങൾ വാങ്ങൽ.

2013-14 : നാല് പദ്ധതികൾ : 1. പെയിൻ ആന്റ് പാലിയേറ്റീവ്, 2- കമ്പ്യൂട്ടർ വാങ്ങൽ, 3- ഫർണിച്ചറും ഉപകരണങ്ങളും വാങ്ങൽ, 4- എം.എം.ആർ. വാക്സിൻ വാങ്ങൽ.

2014-15 : അഞ്ച് പദ്ധതികൾ : 1. ലാപ് ടോപ്, സ്കാനർ, യു.പി.എസ്., പ്രിന്റർ എന്നിവ വാങ്ങൽ, 2- എൻ.സി.ഡി. ക്ലിനിക്കിലേക്ക് മരുന്ന് വാങ്ങൽ, 3-പാലിയേറ്റീവ് പരിചരണവും, വൈദ്യസഹായവും, 4- ഉപകരണങ്ങൾ വാങ്ങൽ, അധിക സൗകര്യങ്ങൾ ഏർപ്പെടുത്തൽ, 5-സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ.

2015-16 : പെയിൻ ആന്റ് പാലിയേറ്റീവ് പദ്ധതി. ഇവ കൂടാതെ സി.എച്ച്.സി. തിരുവങ്ങൂരിന്റെ കീഴിലുള്ള കൊല്ലം സബ് സെന്റർ നിർമ്മാണം തീരദേശവകുപ്പ് ഏറ്റെടുത്ത് നടത്തുന്നുണ്ട്. ഓരോ പദ്ധതിക്കും അനുവദിച്ച തുക താഴെ ചേർക്കുന്നു:

2011-12

1. മരുന്ന് വാങ്ങൽ : 1,50,000 രൂപ മരുന്നുകൾ വാങ്ങി ഫാർമസി വഴി വിതരണം ചെയ്തു.

2. ഉപകരണങ്ങൾ വാങ്ങൽ : 1,89,020 രൂപ വീൽ ചെയർ,

റിവോൾവിങ്ങ് ചെയർ, സ്റ്റീൽ അലമാര എന്നിവ വാങ്ങി.

2012-13

1. പെയിൻ ആന്റ് പാലിയേറ്റീവ് : 3,00,000 രൂപ കിടപ്പിലായ രോഗികൾക്ക് വൈദ്യ സഹായവും പരിചരണവും നൽകി.

2. ഉപകരണങ്ങൾ വാങ്ങൽ : 1,31,090 രൂപ ആരോഗ്യ സ്ഥാപനങ്ങളിലേക്ക് ഉപകരണങ്ങൾ വാങ്ങി.

2013-14

1. പെയിൻ ആന്റ് പാലിയേറ്റീവ് : 10,00,000 രൂപ കിടപ്പിലായ രോഗികൾക്ക് വൈദ്യസഹായവും പരിചരണവും നൽകി.

2. കമ്പ്യൂട്ടർ വാങ്ങൽ : 70,000 രൂപ തിരുവങ്ങൂർ സി.എച്ച്.സി. യിലേക്ക് കമ്പ്യൂട്ടർ വാങ്ങി.

3. ഫർണിച്ചറും ഉപകരണങ്ങളും വാങ്ങൽ : 4,68,660 രൂപ ആരോഗ്യ സ്ഥാപനത്തിന് ആവശ്യമായ ഫർണിച്ചറുകളും ഉപകരണങ്ങളും വാങ്ങി.

4. എം.എം.ആർ. വാക്സിൻ വാങ്ങൽ : 25,000 രൂപ വാക്സിൻ വാങ്ങി കുട്ടികൾക്ക് കുത്തിവെയ്പ്പ് നൽകി.

2014-15

1. ലാപ് ടോപ്, സ്കാനർ, യു.പി.എസ്സ്, പ്രിന്റർ എന്നിവ വാങ്ങൽ : 1,20,000 രൂപ ലാപ് ടോപ്, പ്രിന്റർ, യു.പി.എസ്., എന്നിവ വാങ്ങി.

2. എൻ.സി.ഡി. ക്ലിനിക്കിലേക്ക് മരുന്ന് വാങ്ങൽ : 1,49,292 രൂപ എൻ.സി.ഡി. ക്ലിനിക്കിലേക്ക് മരുന്ന് വാങ്ങി.

3. പാലിയേറ്റീവ് പരിചരണവും, വൈദ്യസഹായവും : 10,00,000 രൂപ കിടപ്പിലായ രോഗികൾക്ക് വൈദ്യസഹായവും പരിചരണവും നൽകി.

4. ഉപകരണങ്ങൾ വാങ്ങൽ : അധിക സൗകര്യങ്ങൾ ഏർപ്പെടുത്തൽ 2,29,376 രൂപ ആരോഗ്യ സ്ഥാപനത്തിനാവശ്യമായ ഫർണിച്ചറുകളും ഉപകരണങ്ങളും വാങ്ങി.

5. സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കൽ : 7,92,586 രൂപ സി.എച്ച്.സി.-യിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചു.

2015-16

പാലിയേറ്റീവ് പരിചരണവും, വൈദ്യസഹായവും : 11,00,000 രൂപ കിടപ്പിലായ രോഗികൾക്ക് വൈദ്യസഹായവും പരിചരണവും നൽകി.

2. സി.എച്ച്.സി. മേലടി

തിക്കോടി പഞ്ചായത്തിലെ 14-ാം വാർഡിൽ ആരോഗ്യ കുടുംബക്ഷേമ ഉപകേന്ദ്രം നിർമ്മിച്ച് പ്രവർത്തനമാരംഭിച്ചു. എം.പി. ഫണ്ട് ഉപയോഗിച്ച് മേലടി സാമൂഹികാരോഗ്യ കേന്ദ്രം കോമ്പൗണ്ടിൽ ഒ.പി. വിഭാഗത്തിനായി പുതിയ കെട്ടിടം നിർമ്മിച്ച് പ്രവർത്തനമാരംഭിച്ചു. മേലടി സി.എച്ച്.സി. ഓഫീസ് കെട്ടിടത്തിനു മുകളിലായി മേലടി ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് ഒരു കോൺഫറൻസ് ഹാൾ നിർമ്മിച്ചു.

അനുവദിച്ച തുക സബ് സെന്ററിന് 13 ലക്ഷം (2,60,000 രൂപ തിക്കോടി പഞ്ചായത്ത്, 10,40,000 രൂപ എൻ.ആർ.എച്ച്.എം. ഫണ്ട്). ഒ.പി. കെട്ടിടത്തിന് എം.പി. ഫണ്ട് : 25 ലക്ഷം, കോൺഫറൻസ് ഹാൾ : 5 ലക്ഷം ബ്ലോക്ക് ഫണ്ട്.

3. പി.എച്ച്.സി. മൂടാടി

| | | |
|---|---|---|
| 2011-12 പാലിയേറ്റീവ് കെയർ പ്രോഗ്രാം | : | 1,28,600 |
| മരുന്ന് വാങ്ങൽ | : | 50,000 |
| കണ്ണട വിതരണം | : | 50,000 |
| വികലാംഗ ഉപകരണ വിതരണം | : | 50,000 |

2012-13 പാലിയേറ്റീവ് കെയർ പ്രോഗ്രാം : 2,18,981

ശാരീരിക മാനസിക അവശത അനുഭവിക്കുന്നവരുടെ ക്ഷേമത്തിനുള്ള പ്രോഗ്രാം : 1,79,805

2013-14 മരുന്ന് വാങ്ങൽ : 50,000

പാലിയേറ്റീവ് കെയർ പ്രോഗ്രാം : 2,75,000

ക്യാൻസർ രോഗ നിയന്ത്രണ പരിപാടി : 1,47,800

ശുചിത്വഗ്രാമം : 9,57,770

2014-15 പാലിയേറ്റീവ് കെയർ പ്രോഗ്രാം : 3,07,200

മരുന്ന് വാങ്ങൽ : 1,00,000

2015-16 പാലിയേറ്റീവ് കെയർ പ്രോഗ്രാം : 3 ലക്ഷം രൂപ

4. <u>പി.എച്ച്.സി. ചെങ്ങോട്ടുകാവ്</u>

<u>2011-12</u>

1. പെയിൻ ആന്റ് പാലിയേറ്റീവ് കെയർ (എൽ.എസ്.ജി.ഡി. പ്രോജക്റ്റ്)

അനുവദിച്ച തുക : 2,00,000

ചെലവഴിച്ച തുക : 1,65,880

കിടപ്പിലായ രോഗികൾക്ക് ഹോംകെയർ സേവനങ്ങൾ നൽകൽ.

<u>2012-13</u>

1. പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പ്രോജക്റ്റ്

അനുവദിച്ച തുക : 2,00,000

ചെലവഴിച്ച തുക : 1,87,010

കിടപ്പിലായ രോഗികൾക്ക് ഹോംകെയർ സേവനങ്ങൾ നൽകൽ

2. മരുന്നുകൾ വാങ്ങിയത് : 50,000

ചെലവഴിച്ച തുക : 49,701

പി.എച്ച്.സി.യിലേക്ക് അവശ്യ മരുന്നുകൾ വാങ്ങൽ

2013-14

1. പെയിൻ ആന്റ് പാലിയേറ്റീവ് കെയർ (എൽ.എസ്.ജി.ഡി. പ്രോജക്റ്റ്)

അനുവദിച്ച തുക : 4,00,000

ചെലവഴിച്ച തുക : 3,80,250

2. കിടപ്പിലായ രോഗികൾക്ക് ഹോംകെയർ സേവനങ്ങൾ നൽകൽ

മരുന്നുകൾ വാങ്ങിയത് : 50,000

ചെലവഴിച്ച തുക : 50,000

പി.എച്ച്.സി.-യിലേക്ക് ആവശ്യമായ മരുന്നുകൾ വാങ്ങിക്കൽ

2014-15

1. പെയിൻ ആന്റ് പാലിയേറ്റീവ് കെയർ (എൽ.എസ്.ജി.ഡി. പ്രോജക്റ്റ്)

അനുവദിച്ച തുക : 3,50,000

ചെലവഴിച്ച തുക : 3,50,000

കിടപ്പിലായ രോഗികൾക്ക് ഹോംകെയർ സേവനങ്ങൾ നൽകൽ

2. സ്പിൽ ഓവർ പ്രോജക്റ്റ് പെയിൻ ആന്റ് പാലിയേറ്റീവ് പ്രോജക്റ്റ് 13-15

അനുവദിച്ച തുക : 19,750

ചെലവഴിച്ച തുക : 19,750

കിടപ്പിലായ രോഗികൾക്ക് ഹോംകെയർ സേവനം ലഭ്യമാക്കൽ

3. പൊയിൽകാവ് സബ്സെന്റർ ഫർണിച്ചർ വാങ്ങൽ (എൽ.എസ്.ജി.ഡി.)

അനുവദിച്ച തുക : 1,50,000

ചെലവഴിച്ച തുക : 99,400

2015-16

1. പെയിൻ ആന്റ് പാലിയേറ്റീവ് കെയർ (എൽ.എസ്.ജി.ഡി. പ്രോജക്റ്റ്)

അനുവദിച്ച തുക : 6,10,000

ചെലവഴിച്ച തുക : 1,30,000

കിടപ്പിലായ രോഗികൾക്ക് ഹോംകെയർ സേവനങ്ങൾ നൽകൽ

5. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, കൊയിലാണ്ടി

1. കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 197.95 രൂപ ജി.ഒ.(ആർടി.) നമ്പർ 1046/09/ പി.ഡബ്ല്യു.ഡി. തീയതി, 14-7-2009 ഉത്തരവ് അനുസരിച്ച് അനുവദിച്ചു. 2003-ൽ പ്രവൃത്തി ആരംഭിച്ച് 6 നിലയുള്ള കെട്ടിടത്തിന്റെ പണി പൂർത്തിയായി വരുന്നു.

2. 2014-15-ൽ ട്രോമാകെയർ യൂണിറ്റ് തുടങ്ങുന്നതിന് 15 ലക്ഷം രൂപ അനുവദിച്ച് നഗരസഭയ്ക്ക് കൈമാറി. പ്രവൃത്തി പൂർത്തിയായിട്ടില്ല.

3. 2013-14 വർഷത്തിൽ ടെലിമെഡിസിനിലേക്ക് ഒരു ഫിലിം സ്കാനറിനുവേണ്ടി 2.5 ലക്ഷം രൂപ അനുവദിച്ചു. സ്കാനർ വാങ്ങി ടെലിമെഡിസിൻ യൂണിറ്റ് സ്ഥാപിച്ചു. തുക പൂർണ്ണമായും ചെലവഴിച്ചു.

4. ജെറിയാട്രിക് ക്ലിനിക്ക് തുടങ്ങാൻ 1 ലക്ഷം രൂപ 2014-15 വർഷത്തിൽ അനുവദിച്ച തുക പൂർണ്ണമായും ചെലവഴിച്ചു.

5. മെഡിക്കൽ റിക്കോർഡ് ലൈബ്രറിയിൽ അടിസ്ഥാന സൗകര്യം ഒരുക്കുന്നതിലേക്കായി 2014-15 വർഷത്തിൽ 2.5 ലക്ഷം രൂപ അനുവദിച്ചത് പൂർണ്ണമായും പ്രസ്തുത കാര്യത്തിനായി ചെലവഴിച്ചു.

6. 2012-13 വർഷത്തിൽ ജെറിയാട്രിക് ടോയ്‌ലെറ്റിനായി

അനുവദിച്ചിട്ടുള്ള 1.5 ലക്ഷം രൂപയിൽ 1,49,982 രൂപ മാത്രം വിനിയോഗിച്ച് ജെറിയാട്രിക് ടോയ്‌ലറ്റ് ആരംഭിച്ചു.

7. 2015-16 വർഷത്തിൽ മെഡിക്കൽ റെക്കോർഡ് ലൈബ്രറിക്ക് 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കി വരുന്നു.

**യോഗ്യതയില്ലാത്തവർ രക്തം ശേഖരിക്കുന്നതായ പരാതി**

120 (809) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യോഗ്യതയില്ലാത്തവർ രക്തം ശേഖരിക്കുന്നതുമൂലം രക്തത്തിൽ അണുബാധയുണ്ടായതായ പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) തിരുവനന്തപുരത്തുള്ള രക്ത ബാങ്കിൽ എത്ര നഴ്സുമാരുണ്ട്; അവർ എന്ത് ജോലിയാണ് നിർവ്വഹിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) യോഗ്യതയില്ലാത്തവർ രക്തം ശേഖരിക്കുന്നതുമൂലം രക്തത്തിൽ അണുബാധയുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) തിരുവനന്തപുരം ജില്ലയിൽ ആരോഗ്യ വകുപ്പിന്റെ കീഴിൽ രണ്ട് രക്ത ബാങ്കുകളാണ് നിലവിലുള്ളത്. ജനറൽ ആശുപത്രിയോട് അനുബന്ധിച്ചും തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയോട് അനുബന്ധിച്ചുമാണ് ഈ രക്ത ബാങ്കുകൾ പ്രവർത്തിക്കുന്നത്. പ്രസ്തുത രക്ത ബാങ്കുകളിൽ ഓരോ സ്റ്റാഫ് നഴ്സുമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ രക്ത ബാങ്കിൽ രണ്ട് നഴ്സുമാർ ജോലി ചെയ്തു വരുന്നു. നഴ്സുമാരുടെ ജോലി സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**പകർച്ചവ്യാധികളുടെ നിയന്ത്രണം**

121 (810) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ഓരോ വർഷവും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എലിപ്പനി, ഡങ്കിപ്പനി , ഹെപ്പറ്റൈറ്റിസ്, മലേറിയ തുടങ്ങിയ വിവിധ അസുഖങ്ങൾമൂലം എത്രപേർ മരണപ്പെട്ടു എന്നുള്ള ആരോഗ്യവകുപ്പിന്റെ ഔദ്യോഗിക കണക്കുകൾ വിശദമാക്കാമോ ;

(ബി) ഈ വർഷം ഇതുവരെ പനിയും പകർച്ചവ്യാധികളുംമൂലം ആശുപത്രികളിൽ ചികിത്സ തേടിയെത്തിയവർ എത്രയാണെന്നും മരണപ്പെട്ടവർ എത്രയാണെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) വിശദാംശം അനുബന്ധം 'എ' ആയി ചേർക്കുന്നു.*

(ബി) വിശദാംശം അനുബന്ധം 'ബി' ആയി ചേർക്കുന്നു.*

**ഡോക്ടർമാർക്കെതിരെയുള്ള നടപടികൾ**

122 (811) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ സർക്കാർ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ ഹെൽത്ത് സർവ്വീസിലുള്ള എത്ര ഡോക്ടർമാരെ പിരിച്ചുവിട്ടു; അവർ ആരെല്ലാം; എത്ര ഡോക്ടർമാർക്കെതിരെ നടപടികൾ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഒരു ഡോക്ടറെ വാർത്തെടുക്കുവാൻ സംസ്ഥാന സർക്കാരിന് ഖജനാവിൽ നിന്നും എത്ര തുക ചെലവഴിക്കേണ്ടി വരും ; വിശദാംശം വ്യക്തമാക്കുമോ;

(സി) സർക്കാർ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെ ഹെൽത്ത് സർവ്വീസിലുള്ള എത്ര ഡോക്ടർമാർ അവധിയെടുത്തും അല്ലാതെയും വിദേശത്തും സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലും ജോലി ചെയ്യുന്നു; അവർ ആരെല്ലാം; വ്യക്തമാക്കുമോ;

(ഡി) ഇവരിൽ എത്ര പേരുടെ പേരിൽ ഈ സർക്കാർ നടപടി സ്വീകരിച്ചു;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അവർ ആരെല്ലാം; വ്യക്തമാക്കുമോ;

(ഇ) സംസ്ഥാന ഖജനാവിൽനിന്നും ചെലവ് വഹിച്ച് ഡോക്ടർ ആകുന്നവർ സർക്കാർ ആശുപത്രികളിൽ സേവനം അനുഷ്ഠിക്കാതെ അവധിയെടുത്ത് വിദേശത്തും, സ്വകാര്യ ആശുപത്രികളിലും സേവനം അനുഷ്ഠിച്ച് കൂടുതൽ കാശ് ഉണ്ടാക്കുന്ന ആർത്തി എന്ന പ്രവണത ഇപ്പോൾ കൂടിക്കൂടി വരുന്നു എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(എഫ്) എങ്കിൽ മെഡിക്കൽ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഇപ്രകാരം പ്രവർത്തിക്കുന്ന ഡോക്ടർമാർക്കെതിരെ എന്തൊക്കെ നടപടികൾ സർക്കാർ സ്വീകരിക്കുന്നു; കൂടാതെ ഇത്തരം കബളിപ്പിക്കൽ ഡോക്ടർമാർക്കെതിരെ ക്രിമിനൽ നടപടികൾ സ്വീകരിക്കുവാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും എന്ന് സർക്കാർ വിശദമാക്കുമോ ?

## ഉത്തരം

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട വിശദാംശം ചുവടെ ചേർക്കുന്നു:

പിരിച്ചുവിട്ടവർ :

1. ഡോ. ഡെന്നി ദേവസിക്കുട്ടി
2. ഡോ. ബ്ലസ്സി മാത്യൂ
3. ഡോ. ആഷ്‌ലി റ്റി. എ.
4. ഡോ. പ്രേം ഹരിദാസ് മേനോൻ
5. ഡോ. സിജിൻ എം. ജി.
6. ഡോ. അഭയ് ആനന്ദ്
7. ഡോ. മാധവൻ വി. പി.
8. ഡോ. റാണി കെ. തങ്കപ്പൻ

9. ഡോ. സലിം പി. എം.
10. ഡോ. ബിന്ദു
11. ഡോ. സുമ തോമസ്
12. ഡോ. സലിം റ്റി.
13. ഡോ. മായ കെ. എസ്.
14. ഡോ. സബിത എസ്.
15. ഡോ. ഷീബ സി. കെ.
16. ഡോ. സജീറ പി.
17. ഡോ. ഷീല കെ. പിള്ള
18. ഡോ. ജയശ്രീ കെ.
19. ഡോ. ഹാപ്പി ജി.
20. ഡോ. ശ്രീജിത്ത്
21. ഡോ. ഹരി ഗോവിന്ദൻ പി.
22. ഡോ. പി. ശ്രീകല
23. ഡോ. പ്രേമാനന്ദൻ
24. ഡോ. മഞ്ജു എൻ.
25. ഡോ. ഷമീർ പി. ഹമീദ്
26. ഡോ. പ്രവീൺ എസ്. വി.
27. ഡോ. ലക്ഷ്മി സി. പി.
28. ഡോ. മീര ആർ. സി.
29. ഡോ. ഗ്രേസിക്കുട്ടി മാത്യൂ

30. ഡോ. വിനോദ് തോമസ്
31. ഡോ. ശിവദാസൻ ആർ.
32. ഡോ. സോമരാജൻ എ.
33. ഡോ. ശ്രീകുമാർ മേനോൻ കെ.
34. ഡോ. പ്രവീൺ ജി. കെ.
35. ഡോ. അൻവർ എം. എച്ച്.
36. ഡോ. പി. ഗോപിനാഥൻ
37. ഡോ. വിശ്വനാഥൻ സി.
38. ഡോ. നാസർ റ്റി.
39. ഡോ. സിമി ജെ.

നടപടി സ്വീകരിച്ചുവരുന്നത് :

1. ഡോ. നൗഷാദ് എം.
2. ഡോ. രാധാകൃഷ്ണൻ എം.
3. ഡോ. അജിത് ആർ.
4. ഡോ. മനീഷ യു. ആർ.
5. ഡോ. ബിജു പി. വി.
6. ഡോ. എം. നാരായണൻ
7. ഡോ. ഫൈസൽ സലിം
8. ഡോ. ബിന്ദു വി. ബി.
9. ഡോ. അബ്ദുൾ ഗഫൂർ സുഹൈൽ
10. ഡോ. മുഹമ്മദ് നാസർ

11. ഡോ. മാധവൻ എൻ.
12. ഡോ ഷൺമുഖദാസ്
13. ഡോ. ദിനേശ് കുന്നമ്മൽ മട്ടാഞ്ചേരി
14. ഡോ. ബിജു കെ. ഗോപിനാഥ്
15. ഡോ. പ്രവീൺ എൻ.
16. ഡോ. നാസർ
17. ഡോ. ജോൺ കുര്യൻ
18. ഡോ. കവിത ഇരഞ്ഞിപ്പുറത്ത്
19. ഡോ. ഫെബി
20. ഡോ. രവി എസ്.
21. ഡോ. ബിജു എ. ജോസഫ്
22. ഡോ. സ്മിത വി.
23. ഡോ. ആനന്ദ്
24. ഡോ. കെ. സജിത
25. ഡോ. ജേക്കബ് ജോർജ്
26. ഡോ. ഹരിദാസ് സി. എച്ച്.
27. ഡോ. സിസി ബാസ്റ്റ്യൻ
28. ഡോ. ദേവരാജൻ
29. ഡോ. ശ്രീപ്രിയ
30. ഡോ. ജയചന്ദ്രൻ എൻ. വി.
31. ഡോ. കെ. കെ. ഫൈസൽ

32. ഡോ. പി. പി. മോഹനൻ

33. ഡോ. ഷാജി എബ്രഹാം

34. ഡോ. പി. പി. കരുണാദാസ്

35. ഡോ. ജിജിത് കൃഷ്ണൻ

36. ഡോ. കെ. ജി. സജിത് കുമാർ

37. ഡോ. ഹരികൃഷ്ണൻ ആർ.

38. ഡോ. ഷീജ കൃഷ്ണൻ

39. ഡോ. സിസിൽ കുമാർ

40. ഡോ. ടെസ്സി പി. ജെ.

41. ഡോ. നിത്യശ്രീ

42. ഡോ. ഉണ്ണികൃഷ്ണൻ

43. ഡോ. മീര മേരി നെവിസ്

ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട വിവരം ശേഖരിച്ചുവരുന്നു.

(ബി) ഇത്തരത്തിൽ ചെലവ് കണക്കാക്കിയിട്ടില്ല.

(സി) ആരോഗ്യ വകുപ്പിലെ ഡോക്ടർമാരുടെ വിശദാംശം സംബന്ധിച്ച് വിവരം ശേഖരിച്ചു വരുന്നു. മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ഉത്തരം 'എ'-യുടെ വെളിച്ചത്തിൽ ബാധകമല്ല.

(ഇ&എഫ്) ഇപ്രകാരം പ്രവർത്തിക്കുന്ന ഡോക്ടർമാർക്കെതിരെ സർവ്വീസിൽ നിന്നും പിരിച്ചുവിടുന്നതുൾപ്പെടെയുള്ള അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു.

**കുട്ടനാട്ടിലെ ആരോഗ്യമേഖലയിലെ വികസന പ്രവർത്തനങ്ങൾ**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

123 (812) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻ. ആർ. എച്ച്. എം., ആരോഗ്യ വകുപ്പ് എന്നിവയുടെ കീഴിൽ കുട്ടനാട്ടിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എടത്വ സി.എച്ച്.സി.യിൽ എൻ.ആർ.എച്ച്.എം 24 ലക്ഷം രൂപ മുതൽ മുടക്കി ഐ.പി. വാർഡും ലാബും പണി കഴിപ്പിച്ച് പ്രവർത്തിച്ചുവരുന്നു. ചമ്പക്കുളം സി.എച്ച്.സി.യിൽ എൻ.ആർ.എച്ച്.എം. ഒരു കോടി 35 ലക്ഷം രൂപ മുതൽ മുടക്കി ഒ.പി.-കം ഡയഗ്നോസ്റ്റിക് ബ്ലോക്ക് പണി പൂർത്തീകരിച്ച് 9-8-2015-ൽ പ്രവർത്തനം ആരംഭിച്ചു. നീലംപേരൂർ പി.എച്ച്.സി.യുടെ കീഴിൽ 13 ലക്ഷം രൂപ മുതൽ മുടക്കി ഈറ സെന്റർ പണി പൂർത്തീകരിച്ച് പ്രവർത്തനം സജ്ജമാക്കിയിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ വെള്ളത്താൽ ചുറ്റപ്പെട്ട ജനങ്ങൾക്ക് വൈദ്യസഹായം എത്തിക്കുന്നതിനു വേണ്ടി എൻ.ആർ.എച്ച്.എം. ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഫ്ലോട്ടിംഗ് ഡിസ്പെൻസറി. കുട്ടനാട്ടിൽ രണ്ട് ഫ്ലോട്ടിംഗ് ഡിസ്പെൻസറികൾ പ്രവർത്തിക്കുന്നുണ്ട്. മുൻകൂട്ടി നിശ്ചയിച്ച പ്രകാരം ബോട്ട് ജെട്ടികളിൽ എത്തി വൈദ്യസഹായം നൽകുന്നു. 4 മെഡിക്കൽ ഓഫീസർ, 2 സ്റ്റാഫ് നഴ്സ്, 2 ഫാർമസിസ്റ്റ് എന്നിവരുടെ സേവനം ലഭ്യമാണ്. കൂടാതെ കുട്ടനാട് ബ്ലോക്കിന്റെ കീഴിലുള്ള പ്രൈമറി സെന്ററുകളിലെ ഒഴിവുകളിൽ എൻ.ആർ.എച്ച്.എം. ഡോക്ടർമാരെ നിയമിച്ച് അവിടെ സേവനം ലഭ്യമാക്കുന്നുണ്ട്. സി.എച്ച്.പി. പദ്ധതിയിൽപ്പെടുത്തി പി.എച്ച്.സി. കാവാലത്തും സി.എച്ച്.സി. ചമ്പക്കുളത്തും ഓരോ ലാബിന്റെ പണി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**അമ്മയും കുഞ്ഞും പദ്ധതി**

124 (813) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. വർക്കല കഹാർ :

ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അമ്മയും കുഞ്ഞും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 2012 ഓഗസ്റ്റ് മുതൽ അമ്മയും കുഞ്ഞും പദ്ധതി നടപ്പാക്കിവരുന്നുണ്ട്.

(ബി) ഭാരത സർക്കാർ അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ സംരക്ഷണത്തിനായി ഏർപ്പെടുത്തിയ സൗജന്യ ചികിത്സാ പദ്ധതിയാണ് ജനനി ശിശു സുരക്ഷാ കാര്യക്രം അഥവാ അമ്മയും കുഞ്ഞും പദ്ധതി. സർക്കാർ ആശുപത്രികളിൽ ചികിത്സ തേടുന്ന എല്ലാ ഗർഭിണികൾക്കും, ഒരു വയസ്സുവരെ പ്രായമുള്ള കുട്ടികൾക്കും ആവശ്യമായ ചികിത്സാ ചെലവ്, ലാബ് പരിശോധന, രക്തം വേണ്ടി വരുന്ന സന്ദർഭങ്ങളിൽ സൗജന്യ രക്തം നൽകൽ, പ്രസവത്തിനായി വീട്ടിൽനിന്നും ആശുപത്രിയിലേക്കും തിരിച്ചുമുള്ള സൗജന്യ യാത്രാസൗകര്യം, പ്രസവത്തിനായി ആശുപത്രിയിൽ കഴിയുന്ന സന്ദർഭങ്ങളിൽ സൗജന്യ ഭക്ഷണം എന്നിവ ലഭ്യമാക്കുന്ന പദ്ധതിയാണ് അമ്മയും കുഞ്ഞും പദ്ധതി.

(സി) അമ്മയും കുഞ്ഞും പദ്ധതിയുടെ നടത്തിപ്പ് കൂടുതൽ കാര്യക്ഷമവും ഫലപ്രദവും ആക്കുന്നതിനായി ഒരു പരാതി പരിഹാരസെൽ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് 2015-16 സാമ്പത്തിക വർഷത്തിലേക്ക് ആവശ്യമായ ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്.

**സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പ്രവേശനം**

125 (814) <u>ഡോ. ടി. എം. തോമസ് ഐസക്</u> : താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ സ്വാശ്രയ മെഡിക്കൽകോളേജുകളുമായും ധാരണയാകാമെന്ന വാഗ്ദാനം പാലിക്കുവാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നടപടിമൂലം മെഡിക്കൽ പ്രവേശനപരീക്ഷയിൽ ഉയർന്ന റാങ്കുള്ള വിദ്യാർത്ഥികൾക്ക് സീറ്റ് ലഭിക്കാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) 2013-14, 2014-15 വർഷങ്ങളിൽ മെഡിക്കൽ കോളേജുകളിലെ ജനറൽ വിഭാഗത്തിൽ സർക്കാർ മെരിറ്റ് സീറ്റിൽ നടന്ന പ്രവേശനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 2014-15 അദ്ധ്യയന വർഷത്തിൽ പ്രോസ്പെക്ടസിൽ ഉൾപ്പെടുത്തിയിട്ടുള്ള 14 സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ കൊല്ലം അസീസിയ മെഡിക്കൽ കോളേജ് ഒഴികെയുള്ള 13 സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളുമായും സർക്കാർ കരാറിലേർപ്പെടുകയും ലഭ്യമായ സർക്കാർ സീറ്റുകളിൽ അലോട്ട്മെന്റ് നടത്തുകയും ചെയ്തിട്ടുണ്ട്.

(ബി) ലഭ്യമായ സർക്കാർ സീറ്റുകളിൽ പ്രോസ്പെക്ടസിലെ മാനദണ്ഡമനുസരിച്ച് അലോട്ട്മെന്റ് നടത്തിയിട്ടുണ്ട്.

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**എം.ബി.ബി.എസ്. പ്രവേശനം ലഭിച്ചവരുടെ എണ്ണം**

126 (815) <u>ശ്രീ. എം. എ. ബേബി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും സംസ്ഥാനത്ത് എം.ബി.ബി.എസ്. പ്രവേശനം ലഭിച്ചവരുടെ എണ്ണം എത്രയാണ്;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എത്ര വിദ്യാർത്ഥികൾക്കാണ് ഓരോ വർഷവും എൻട്രൻസ് കമ്മീഷണർ മെരിറ്റ് സീറ്റിൽ പ്രവേശനം നൽകിയത് ;

(സി) എല്ലാ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലുമായി ഓരോ വർഷവും നടത്തപ്പെട്ട എം.ബി.ബി.എസ്. സീറ്റുകളിലേക്കുള്ള പ്രവേശനം എത്രയാണ്; അതിൽ ഏതെല്ലാം കോളേജുകളിൽ എത്ര വീതം സീറ്റുകളിൽ എൻട്രൻസ് കമ്മീഷണർ പ്രവേശനം നടത്തി;

(ഡി) 50:50 എന്ന തത്വം പാലിച്ചുകൊണ്ട് കഴിഞ്ഞ 5 വർഷവും 50% സീറ്റിൽ എൻട്രൻസ് കമ്മീഷണർ പ്രവേശനം നടത്തിയത് ഏതെല്ലാം സ്വകാര്യ കോളേജുകളിലാണ്; വിശദമാക്കാമോ?

ഉത്തരം

(എ&ബി) അനുബന്ധം (എ) ആയി ചേർത്തിട്ടുണ്ട്.*

(സി&ഡി) അനുബന്ധം (ബി) ആയി ചേർത്തിട്ടുണ്ട്.*

**പുതിയ മെഡിക്കൽ കോളേജുകൾ**

127 (816) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതുതായി എത്ര മെഡിക്കൽ കോളേജുകളാണ് ആരംഭിക്കാൻ തീരുമാനിച്ചതെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി ആകെ എത്ര തുക നീക്കി വച്ചെന്ന് വെളിപ്പെടുത്തുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഇതിനകം എത്ര മെഡിക്കൽ കോളേജുകൾ ആരംഭിച്ചെന്നും ഓരോ മെഡിക്കൽ കോളേജിന്റെയും പ്രവർത്തനം ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത വകയിൽ ഇതിനകം എന്തുതുക ചെലവഴിച്ചെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മഞ്ചേരി, ഇടുക്കി, കോന്നി, കാസർഗോഡ്, വയനാട്, തിരുവനന്തപുരം, ആലപ്പുഴ (ഹരിപ്പാട്) എന്നിവിടങ്ങളിൽ പുതിയ മെഡിക്കൽ കോളേജുകൾ തുടങ്ങാൻ തീരുമാനിച്ചു.

(ബി) പുതിയ മെഡിക്കൽ കോളേജുകളുടെ രൂപീകരണത്തിനായി നാളിതുവരെ 1,64,97,00,000 രൂപ (നൂറ്റി അറുപത്തിനാല് കോടി തൊണ്ണൂറ്റേഴ് ലക്ഷം രൂപ മാത്രം) നീക്കിവച്ചിട്ടുണ്ട്.

(സി) ഇതിനോടകം മഞ്ചേരിയിലും ഇടുക്കിയിലും മെഡിക്കൽ കോളേജുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കോന്നിയിലും, തിരുവനന്തപുരത്തുമുള്ള മെഡിക്കൽ കോളേജുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തീകരിച്ചുവരുന്നു. കാസർഗോഡും ആലപ്പുഴയിലും (ഹരിപ്പാട്) പുതിയ മെഡിക്കൽ കോളേജുകൾക്കുള്ള സ്ഥലമേറ്റെടുക്കൽ പ്രവർത്തനങ്ങൾ നടന്നുവരുന്നു. വയനാട് മെഡിക്കൽ കോളേജ് തുടങ്ങുന്നതിനായി 50 ഏക്കർ സ്ഥലം ചന്ദ്രപ്രഭ ട്രസ്റ്റിൽനിന്നും സർക്കാർ ഏറ്റെടുത്തിട്ടുണ്ട്.

(ഡി) 110,25,55,819 രൂപ (നൂറ്റിപ്പത്തു കോടി ഇരുപത്തഞ്ചുലക്ഷത്തി അമ്പത്തയ്യായിരത്തി എണ്ണൂറ്റി പത്തൊമ്പത് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

**ആലപ്പുഴ മെഡിക്കൽ കോളേജിലെ വികസന പ്രവർത്തനങ്ങൾ**

128 (817) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കിയത് ; ഓരോ പ്രവൃത്തിയുടെ പേരും ചെലവഴിച്ച തുകയും വിശദമാക്കാമോ ;

(ബി) പൂർത്തീകരിച്ച പ്രവൃത്തികൾ, തുടർന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ, ഭരണാനുമതി ലഭിച്ചെങ്കിലും ഇതുവരെ ആരംഭിക്കാത്ത പ്രവൃത്തികൾ എന്നിവ തരം തിരിച്ച് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) 1 പൂർത്തിയാക്കിയ പദ്ധതികൾ :

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ചെലവായ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | ആലപ്പുഴ വണ്ടാനം റ്റി.ഡി. മെഡിക്കൽ കോളേജിലെ നഴ്സുമാരുടെ ഹോസ്റ്റലിന്റെ നിർമ്മാണം | 751.7 |
| 2 | എ.ബി.സി.ഡി. ബ്ലോക്കിൽ വിവിധ വകുപ്പുകൾക്ക് അധിക സൗകര്യ മൊരുക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തി | 550 |
| 3 | വണ്ടാനം റ്റി.ഡി. മെഡിക്കൽ കോളേജിലെ ക്യാന്റീനും, മെഡിക്കൽ സ്റ്റോറിനും വേണ്ടിയുള്ള കെട്ടിടനിർമ്മാണം | 97.57 |

II <u>പണി പുരോഗമിച്ചുകൊണ്ടിരിക്കുന്ന പദ്ധതികൾ</u>

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഇതുവരെ ചെലവഴിച്ച തുക | ഭരണാനുമതി നൽകിയ തുക |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | ആലപ്പുഴ വണ്ടാനം റ്റി.ഡി. മെഡിക്കൽ കോളേജിലെ 5 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഓവർ ഹെഡ് വാട്ടർ ടാങ്കിന്റെ നിർമ്മാണ പദ്ധതി | 14500000 | 20000000 |
| 2 | നബാർഡ് ആർ.ഐ.ഡി.എഫ്. XVII-ന്റെ | 48081417 | 840 ലക്ഷം |

| | | | |
|---|---|---|---|
| | സഹായത്തോടെ ആലപ്പുഴ വണ്ടാനം റ്റി.ഡി. മെഡിക്കൽ കോളേജിൽ ഗ്യാലറി ടൈപ്പ് ലക്ച്ചർ ഹാളിന്റെ നിർമ്മാണം. | | |
| 3 | നബാർഡ് ആർ.ഐ.ഡി.എഫ്.XVII-ന്റെ സഹായത്തോടെ ആലപ്പുഴ വണ്ടാനം റ്റി.ഡി. മെഡിക്കൽ കോളേജിൽ ഗ്യാലറി ടൈപ്പ് ഓഡിറ്റോറിയത്തിന്റെ നിർമ്മാണം. | 32500000 | 700 ലക്ഷം |
| 4 | ആലപ്പുഴ വണ്ടാനം റ്റി.ഡി. മെഡിക്കൽ കോളേജിൽ 8 നിലയുള്ള പി.ജി. ക്വാർട്ടേഴ്സിന്റെ നിർമ്മാണം | 20000000 | 25 കോടി |

| (1) | (2) | (3) | (4) |
|---|---|---|---|
| 5 | നിലവിലെ സി.റ്റി. സ്കാൻ സെന്ററിന്റെ സമീപത്തായുള്ള കെട്ടിടത്തിന്റെ നിർമ്മാണം | 4000000 | 4945000 |

III ഭരണാനുമതി ലഭ്യമായിട്ടും പണി ആരംഭിക്കാത്തത് :

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഭരണാനുമതി ലഭിച്ച തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 2013-14-ലെ അസറ്റ് മെയിന്റനൻസ് ഫണ്ട് മുഖേന ആലപ്പുഴ വണ്ടാനം റ്റി.ഡി. മെഡിക്കൽ കോളേജിലെ പഴയ ബ്ലോക്ക് 1-ന്റെയും 2-ന്റെയും നവീകരണ പ്രവർത്തികൾ | 205 | എഗ്രിമെന്റ് വച്ചു |
| 2 | ആലപ്പുഴ വണ്ടാനം റ്റി.ഡി. മെഡിക്കൽ കോളേജിൽ ട്രോമാകെയർ യൂണിറ്റിന്റെ | 1379 | വർക്ക് ടെൻണ്ടർ ചെയ്തു. |

| | | | |
|---|---|---|---|
| | നിർമ്മാണം. | | |
| 3 | ആലപ്പുഴ വണ്ടാനം റ്റി.ഡി. മെഡിക്കൽ കോളേജിലെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെയും എക്സാമിനേഷൻ ഹാളിന്റെയും നിർമ്മാണം. | 800 | എഗ്രിമെന്റ് വച്ചു |
| 4 | 180 പേർക്ക് ഇരിക്കാവുന്ന 2 ഗ്യാലറി ടൈപ്പ് ലക്ച്ചർ ഹാളിന്റെ നിർമ്മാണം | 300 | ഭരണാനുമതി നൽകി തുടർ നടപടി ആരംഭിച്ചിട്ടില്ല |
| 5 | ആലപ്പുഴ വണ്ടാനം റ്റി.ഡി. മെഡിക്കൽ കോളേജിലെ കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസിന്റെ അഡീഷണൽ ബ്ലോക്കിന്റെ നിർമ്മാണം | 220 | ഭരണാനുമതി നൽകി തുടർനടപടി ആരംഭിച്ചിട്ടില്ല |

**സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എം.ബി.ബി.എസ്. പ്രവേശനം**

129 (818) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരുമായി കരാറുണ്ടാക്കാതെ സ്വന്തം നിലയിൽ എല്ലാ സീറ്റുകളിലും മെഡിക്കൽ പ്രവേശനം നടത്തിയ സ്വാശ്രയ മെഡിക്കൽ കോളേജുകൾ ഏതൊക്കെയാണ് ;

(ബി) ഈ സർക്കാരിന്റെ കാലത്ത്, ഏതെല്ലാം സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ മാനേജ്മെന്റുകൾ സ്വന്തം നിലയിൽ എത്ര സീറ്റുകളിൽ വീതം എം.ബി.ബി.എസ്. പ്രവേശനം നടത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) കരാറിലേർപ്പെടാത്തവർക്ക് നൽകി വന്നിരുന്ന സൗകര്യങ്ങൾ എല്ലാം പിൻവലിക്കുകയുണ്ടായിട്ടുണ്ടോ ; എങ്കിൽ എന്നു മുതൽ ;

(ഡി) കരാറിലേർപ്പെടാത്ത ഏതെല്ലാം മെഡിക്കൽ കോളേജുകളുടെ

അഫിലിയേഷൻ ആരോഗ്യ സർവ്വകലാശാല പിൻവലിക്കുകയുണ്ടായി ;

(ഇ) സ്വകാര്യ സ്വാശ്രയ മാനേജ്മെന്റുകൾ കരാറിൽ ഏർപ്പെടാതെ വൻ തുകയ്ക്ക് എം.ബി.ബി.എസ്. സീറ്റുകൾ കച്ചവടം നടത്തുകയായിരുന്നു എന്ന ആക്ഷേപത്തിൽ നിലപാട് വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) ന്യൂനപക്ഷ പദവിയുള്ള താഴെപ്പറയുന്ന 6 സ്വാശ്രയ കോളേജുകൾ സ്വന്തം നിലയിൽ പ്രവേശനം നടത്തിയിട്ടുണ്ട്:

1. എം.ഇ.എസ്. മെഡിക്കൽ കോളേജ്, പെരിന്തൽമണ്ണ, മലപ്പുറം.
2. ട്രാവൻകൂർ മെഡിക്കൽ കോളേജ്, കൊല്ലം.
3. അസീസിയ മെഡിക്കൽ കോളേജ്, കൊല്ലം.
4. കെ.എം.സി.റ്റി. മെഡിക്കൽ കോളേജ്, കോഴിക്കോട്.
5. കണ്ണൂർ മെഡിക്കൽ കോളേജ്, കണ്ണൂർ
6. കരുണ മെഡിക്കൽ കോളേജ്, പാലക്കാട്

(ബി)
1. എം.ഇ.എസ്. മെഡിക്കൽ കോളേജ് - 100 സീറ്റ്
2. ട്രാവൻകൂർ മെഡിക്കൽ കോളേജ് - 100 സീറ്റ്
3. അസീസിയ മെഡിക്കൽ കോളേജ് - 100 സീറ്റ്
4. കെ.എം.സി.റ്റി. മെഡിക്കൽ കോളേജ് - 100 സീറ്റ്
5. കണ്ണൂർ മെഡിക്കൽ കോളേജ് - 150 സീറ്റ്
6. കരുണ മെഡിക്കൽ കോളേജ് - 100 സീറ്റ്

(സി) ഉണ്ട്. 10-3-2015 മുതൽ [10-3-2015-ലെ സ.ഉ.(സാധാ) നമ്പർ 810/ 2015 ആ.കു.വ. നമ്പർ പ്രകാരം.]

(ഡി) ഒരു കോളേജിന്റെയും അഫിലിയേഷൻ പിൻവലിച്ചിട്ടില്ല.

(ഇ) ദേശീയ ന്യൂനപക്ഷ കമ്മീഷൻ അനുവദിക്കുന്ന ന്യൂനപക്ഷ പദവിയുടെ പിൻബലത്തിൽ സർക്കാരുമായി കരാറിലേർപ്പെടാത്ത 6 കോളേജുകളാണ് സ്വന്തം നിലയ്ക്ക് മുഴുവൻ എം.ബി.ബി.എസ്. സീറ്റുകളിലേക്കും പ്രവേശനം നടത്തിയിട്ടുള്ളത്. ഈ കോളേജുകൾ സുതാര്യമായി അഡ്മിഷൻ പൂർത്തിയാക്കുന്നതിനായി അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി മുഖേന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ അംഗീകാരം റദ്ദാക്കൽ**

130(819) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴ വാങ്ങി പ്രവേശനം നടത്തുന്ന ന്യൂനപക്ഷപദവിയുള്ള ആറ് സ്വാശ്രയ മെഡിക്കൽ കോളേജുകളുടെ അംഗീകാരം റദ്ദാക്കണമെന്ന് സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം കോളേജുകളാണെന്നും ആയതിൻമേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) സർക്കാരുമായി കരാർ വയ്ക്കാതെയും 50% സീറ്റ് നീക്കിവയ്ക്കാതെയും ലക്ഷങ്ങൾ കോഴ വാങ്ങി പ്രവേശനം നടത്തുന്ന ജനാധിപത്യവിരുദ്ധമായ നടപടി ശരിയാണോ;

(ഡി) ബഹു. സുപ്രീംകോടതി വിധിയുടെ മറവിൽ വൻ തട്ടിപ്പുനടത്തുന്ന കോളേജ് മാനേജ്മെന്റിനെതിരെ കേസ്സെടുക്കണമെന്ന കമ്മീഷൻ അഭിപ്രായത്തോടുള്ള സമീപനം എന്താണ്?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ശരിയല്ല. ദേശീയ ന്യൂനപക്ഷ കമ്മീഷൻ അനുവദിക്കുന്ന ന്യൂനപക്ഷ പദവിയുടെ പിൻബലത്തിലാണ് 6 കോളേജുകൾ സർക്കാരുമായി കരാറിലേർപ്പെടാതെ സ്വന്തം നിലയ്ക്ക് പ്രവേശനം നടത്തിയത്. എങ്കിലും സർക്കാരുമായി കരാറിലേർപ്പെടാത്ത ടി കോളേജുകൾക്കുള്ള സർക്കാർ ആനുകൂല്യങ്ങൾ 10-3-2015 മുതൽ പിൻവലിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) ന്യൂനപക്ഷ പദവിയുടെ പേരിൽ സർക്കാരുമായി കരാറിലേർപ്പെടാതെ സ്വന്തം നിലയിൽ പ്രവേശനം നടത്തുന്ന കോളേജുകൾക്കെതിരെ സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ നടപടികൾക്ക് ശിപാർശ ചെയ്യുന്നപക്ഷം അതിൻമേൽ സർക്കാർ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. എന്നിരുന്നാലും സർക്കാരുമായി കരാറിലേർപ്പെടാത്ത കോളേജുകൾക്കെതിരെ തുടർനടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി 10-3-2015-ലെ സ.ഉ.(സാധ) നമ്പർ 810/2015/ആ.കു.വ. പ്രകാരം ടി കോളേജുകൾക്കുള്ള സർക്കാർ ആനുകൂല്യങ്ങൾ പിൻവലിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതുപോലെ ടി കോളേജുകളിലെ പ്രവേശനം സുതാര്യമായാണോ നടത്തിയതെന്ന് പരിശോധിക്കാൻ അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റിയോടും ടി കോളേജുകളുടെ അഫിലിയേഷൻ പിൻവലിക്കുന്നത് സംബന്ധിച്ച് പരിശോധനകൾ നടത്തുവാനായി കേരള ആരോഗ്യ സർവ്വകലാശാലയോടും ഇന്ത്യൻ മെഡിക്കൽ കൗൺസിലിനോടും അഭ്യർത്ഥിച്ചിട്ടുണ്ട്.

**സ്വകാര്യ മെഡിക്കൽ കോളേജുകളിലെ ബിരുദാനന്തര ബിരുദ പഠനം**

131 (820) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്വാശ്രയ സ്വകാര്യ മെഡിക്കൽ കോളേജുകളിൽ ബിരുദാനന്തര ബിരുദ പഠനത്തിന് വിദ്യാർത്ഥികളെ ചേർക്കാൻ അനുവാദം നൽകേണ്ടത് സർക്കാരാണോ ;

(ബി) എങ്കിൽ പെർമിറ്റഡ് സീറ്റുകളിൽ ചേർന്ന് പഠിക്കുന്ന വിദ്യാർത്ഥികളുടെ കോഴ്സും പരീക്ഷയും പൂർത്തിയാക്കി കഴിഞ്ഞാലും മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ കോഴ്സിന് അംഗീകാരം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരം സ്ഥാപനങ്ങളിൽനിന്ന് പ്രസ്തുത ബിരുദ കോഴ്സ് പഠിച്ച് ജയിച്ചുവരുന്ന മെഡിക്കൽ പി.ജി. ബിരുദധാരികൾക്ക് ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ നൽകാറുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഡി) മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരമില്ലാത്ത സർക്കാർ മെഡിക്കൽ കോളേജുകളിൽ നിന്ന് ജയിച്ചുവരുന്നവർക്ക് രജിസ്ട്രേഷൻ നൽകുകയും സ്വകാര്യ സ്വാശ്രയ കോളേജുകളിൽ പഠിച്ചവർക്ക് അത് നൽകാതിരിക്കുകയും ചെയ്യുന്നത് നീതിയാണോ ;

(ഇ) മെഡിക്കൽ കൗൺസിൽ അംഗീകാരം, പെർമിറ്റഡ് സീറ്റ് എന്നിവ ഇല്ലാത്ത ചൈന, റഷ്യ തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് മെഡിക്കൽ ബിരുദം നേടുന്നവർക്ക് പോലും രജിസ്ട്രേഷൻ നൽകിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) കേരള സർക്കാരിന്റെ അനുമതിയോടുകൂടി സർക്കാർ ക്വാട്ടയിൽ തന്നെ വിവിധ മെഡിക്കൽ കോളേജുകളിൽ പഠിച്ച് ജയിച്ചശേഷം ആരോഗ്യ സർവ്വകലാശാലയുടെ ബിരുദം ലഭിച്ച കുട്ടികൾക്ക് രജിസ്ട്രേഷൻ നിഷേധിക്കുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) ആരോഗ്യസർവ്വകലാശാലയിൽനിന്ന് ബിരുദം, ബിരുദാനന്തരബിരുദം എന്നിവ സമ്പാദിച്ച എല്ലാവർക്കും ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിൻെറ രജിസ്ട്രേഷൻ നൽകുന്നതിനാവശ്യമായ ഉത്തരവ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) അതെ.

(ബി) ഉണ്ട്.

(സി) ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിയമത്തിന്റെ 11(1) വകുപ്പുപ്രകാരം ഒന്നാം പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള, ഇന്ത്യയിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയോ മെഡിക്കൽ സ്ഥാപനമോ നൽകുന്ന യോഗ്യതകളാണ് അംഗീകൃത യോഗ്യതകൾ ആയിട്ടുള്ളത്. പ്രസ്തുത നിയമത്തിന്റെ 15-ാം വകുപ്പുപ്രകാരം ഇത്തരം പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള യോഗ്യതകൾക്ക് രജിസ്ട്രേഷൻ അനുവദിക്കാറുണ്ട്. പ്രസ്തുത നിയമത്തിന്റെ 11(2) വകുപ്പുപ്രകാരം ഇത്തരത്തിൽ കേന്ദ്ര സർക്കാർ അംഗീകരിച്ച് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള യോഗ്യതകൾക്ക് രജിസ്ട്രേഷന് അർഹതയുണ്ട്.

(ഡി) രജിസ്ട്രേഷൻ അനുവദിക്കുന്ന കാര്യത്തിൽ സർക്കാർ സ്ഥാപനമെന്നോ സ്വാശ്രയ സ്ഥാപനമെന്നോ ഉള്ള വിവേചനം നിലവിലില്ല. ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിയമത്തിന്റെ 10A അനുശാസിക്കുന്ന വിധമുള്ള അനുവാദം എല്ലാ സ്ഥാപനവും നേടിയിരിക്കേണ്ടത് അനിവാര്യമാണ്.

(ഇ) പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതും ചൈന, റഷ്യ തുടങ്ങിയ രാജ്യങ്ങളിൽനിന്നും നേടുന്നതുമായ യോഗ്യതകൾക്ക് രജിസ്ട്രേഷൻ അനുവദിക്കുന്നത് ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ നിബന്ധനകൾ പാലിച്ചുമാത്രമാണ്.

(എഫ്) ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം കൗൺസിൽ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുന്നുണ്ട്.

(ജി) ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിയമത്തിന്റെ 11(2) വകുപ്പുപ്രകാരം കേന്ദ്ര സർക്കാർ അംഗീകരിച്ച് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ യോഗ്യതകൾക്കും ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷൻ നൽകി വരുന്നുണ്ട്. (എഫ്)-ൽ പരാമർശിച്ചിട്ടുള്ളകാര്യം പരിശോധിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുന്നുണ്ട്.

**സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ സംവരണം**

132 (821) <u>ശ്രീ. സി. കെ സദാശിവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14, 2014-15 വർഷങ്ങളിൽ സംസ്ഥാനത്തെ സ്വാശ്രയ

മെഡിക്കൽകോളേജുകളിൽ സംവരണം ചെയ്തിട്ടുള്ള ഈഴവ, മുസ്ലീം പിന്നോക്ക ഹിന്ദു, പിന്നോക്ക ക്രിസ്ത്യൻ , ലാറ്റിൻ എന്നീ വിഭാഗത്തിൽപ്പെട്ടവർക്ക് ഓരോ വർഷവും എത്ര സീറ്റുകളിൽ പ്രവേശനം നേടാൻ കഴിഞ്ഞുവെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) എത്ര സീറ്റുകളാണ് ഓരോ വിഭാഗത്തിനും സംവരണം ചെയ്തിട്ടുള്ളതെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(സി) സ്വാശ്രയ മെഡിക്കൽ കോളേജിലെ സർക്കാർ മെരിറ്റ് സീറ്റ് 2014-15 വർഷത്തിൽ എത്രയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2013-14, 2014-15 വർഷങ്ങളിൽ സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ സംവരണം ചെയ്ത സീറ്റുകളുടെ എണ്ണവും അലോട്ട്മെന്റ് നൽകിയ സീറ്റുകളുടെ എണ്ണവും അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) 2014-15 അധ്യയന വർഷത്തിൽ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. കോഴ്സിന് 925 സീറ്റുകൾ അലോട്ട്മെന്റിനായി ലഭ്യമായിരുന്നു. ആയതിൽ മൈനോറിറ്റി/കമ്മ്യൂണിറ്റി/രജിസ്റ്റേർഡ് ട്രസ്റ്റ് ക്വാട്ട സീറ്റുകൾ (30%) ഒഴികെയുള്ള സീറ്റുകളാണ് മാൻഡേറ്ററി സീറ്റുകളായി പരിഗണിച്ചത്.

**മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ**

133 (822) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ ബിരുദധാരികളുടെ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷന് ഇപ്പോൾ എവിടെയാണ് സൗകര്യമുള്ളത് ;

(ബി) 2015 നവംബർ 10 വരെ അപേക്ഷ സമർപ്പിച്ച എം.ബി.ബി.എസ്. ബിരുദധാരികളിൽ എത്ര പേർക്ക് സർട്ടിഫിക്കറ്റ് നൽകാൻ ബാക്കിയുണ്ട് ; അവരുടെ പേര് വിവരം ലഭ്യമാക്കുമോ;

(സി) അപേക്ഷകളിലെ ഫോട്ടോയിൽ ശിരോവസ്ത്രം ധരിച്ചതിനാൽ മുഖഭാഗങ്ങൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പൂർണ്ണമായും കാണുന്നില്ലാ എന്നും മുഖഭാഗങ്ങൾ പൂർണമായും കാണത്തക്ക ഫോട്ടോ നൽകണം എന്നും കാണിച്ച് അപേക്ഷകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിന് ആധാരമായ ഉത്തരവോ, കൗൺസിൽ തീരുമാനമോ ഉണ്ടായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെയും യോഗത്തിന്റെ മിനിട്സിന്റെയും കോപ്പി ലഭ്യമാക്കുമോ ;

(ഇ) ശിരോവസ്ത്രം ധരിച്ച ഫോട്ടോക്ക് വിലക്കുണ്ടെങ്കിൽ പ്രസ്തുത തീരുമാനം പുനഃപരിശോധിക്കുമോ ?

<u>ഉത്തരം</u>

(എ) ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലാണ് രജിസ്ട്രേഷൻ നൽകുന്നത്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി&ഡി) മുഖം വ്യക്തമായും പൂർണ്ണമായും കാണാവുന്ന തരത്തിലുള്ള ഫോട്ടോകൾ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണെന്ന് ട്രാവൻകൂർ മെഡിക്കൽ കൗൺസിലിന്റെ ജോയിന്റ് കൗൺസിലിൽ തീരുമാനമായിട്ടുണ്ട്. തീരുമാനത്തിന്റെ മിനിട്സ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഇ) ശിരോവസ്ത്രം ധരിച്ച ഫോട്ടോ വിലക്കിയിട്ടില്ല.

## പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ് ഏറ്റെടുക്കൽ

134 (823) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരിപ്പള്ളിയിലെ ഇ.എസ്.ഐ. മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുന്നതിലേക്ക് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജ് ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ട് ഇ.എസ്.ഐ. കോർപ്പറേഷൻ അറിയിപ്പ് നൽകിയിരുന്നുവോ; എങ്കിൽ പ്രസ്തുത കത്തിന്റെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പകർപ്പ് ലഭ്യമാക്കുമോ ; ഇല്ലെങ്കിൽ മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്നതിലേക്ക് സർക്കാർ താല്പര്യം പ്രകടിപ്പിച്ചിരുന്നുവോ ; വിശദാംശം അറിയിക്കുമോ ;

(സി) മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്ന കാര്യത്തിൽ എന്നാണ് തീരുമാനമെടുത്തത്; പ്രസ്തുത തീരുമാനം, ഇ.എസ്.ഐ. കോർപ്പറേഷനെ അറിയിച്ചത് എന്നാണ് ;

(ഡി) പ്രസ്തുത മെഡിക്കൽ കോളേജ് ഏറ്റെടുക്കുമ്പോൾ ഇ.എസ്.ഐ. പരിധിയിലുള്ള തൊഴിലാളികൾക്കും അവരുടെ മക്കൾക്കും എന്തൊക്കെ ആനുകൂല്യങ്ങളാണ് ഉറപ്പുവരുത്തുക ; തീരുമാനം വ്യക്തമാക്കുമോ;

(ഇ) മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്ന നടപടി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പാരിപ്പള്ളിയിലെ ഇ.എസ്.ഐ. മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ആദ്യം ESIC-യുടെ ആവശ്യപ്രകാരം സംസ്ഥാന സർക്കാരിന്റെ തത്വത്തിലുള്ള സമ്മതം അവരെ അറിയിക്കുകയും പിന്നീട് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഉന്നതാധികാര കമ്മിറ്റി ഏറ്റെടുക്കൽ സംബന്ധിച്ച് നിർദ്ദേശിച്ച പ്രാരംഭ വ്യവസ്ഥകൾ മന്ത്രിസഭായോഗം അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഇ.എസ്.ഐ. കോർപ്പറേഷൻ ഉദ്യോഗസ്ഥരുമായി നടന്ന സെക്രട്ടറിതല ചർച്ചകളെ തുടർന്ന് ഇ.എസ്.ഐ. കോർപ്പറേഷൻ അന്തിമ നിബന്ധനകളും വ്യവസ്ഥകളും തയ്യാറാക്കി സംസ്ഥാന സർക്കാരിന്റെ അംഗീകാരത്തിനായി അയച്ചു തന്നിരുന്നു. ടി നിബന്ധനകളും വ്യവസ്ഥകളും സംബന്ധിച്ച് ധനകാര്യ, നിയമവകുപ്പുകളുടെ അഭിപ്രായമാരാഞ്ഞശേഷം മന്ത്രിസഭ അംഗീകരിക്കുകയും അതനുസരിച്ച് 11-9-2015-ലെ സ.ഉ.(കൈ)നമ്പർ 203/2015/ആ.കു.വ. പ്രകാരം ഇ.എസ്.ഐ. കോർപ്പറേഷനുമായി ധാരണാപത്രം ഒപ്പിടുന്നതിന് ഉത്തരവ് പുറപ്പെടുവിപ്പിക്കുകയും ചെയ്തു. തുടർന്ന് 12-10-2015-ന് ഇ.എസ്.ഐ. മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്നത് സംബന്ധിച്ച ധാരണാപത്രം സംസ്ഥാന സർക്കാർ ഇ.എസ്.ഐ. കോർപ്പറേഷനുമായി ഒപ്പുവച്ചു. പിന്നീട് മെഡിക്കൽ കോളേജ് ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതിനായി ഒരു മൂന്നംഗ കമ്മിറ്റിയെ നിയോഗിച്ചുകൊണ്ട് 30-10-2015-ലെ സ.ഉ.(സാധാ) നമ്പർ 3552/15/ആ.കു.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്ന്, 1-12-2015-ലെ സ.ഉ.

(കൈ)നമ്പർ 272/15/ആ.കു.വ. പ്രകാരം പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജിന്റെ ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) നൽകിയിരുന്നു. പ്രസ്തുത കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

(സി) 25-2-2015-ന് തീരുമാനമെടുത്തു. പ്രസ്തുത തീരുമാനം 26-2-2015-ന് ഇ.എസ്.ഐ. കോർപ്പറേഷനെ അറിയിച്ചു.

(ഡി) എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് സ്കീമിൽ ഇൻഷ്വർ ചെയ്തിട്ടുള്ള വ്യക്തികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും സൗജന്യ ചികിത്സ ഉറപ്പുവരുത്തും. മെഡിക്കൽ കോളേജിലെ 35% M.B.B.S. സീറ്റുകൾ ഇ.എസ്.ഐ. കോർപ്പറേഷനു കീഴിൽ ഇൻഷ്വർ ചെയ്ത വ്യക്തികളുടെ കുട്ടികൾക്ക് പ്രവേശനം നൽകുന്നതിന് മാറ്റിവയ്ക്കും.

(ഇ) പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ് സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്ന നടപടികൾ പൂർത്തിയാക്കി 1-12-2015-ലെ സ.ഉ.(കൈ) 272/2015/ ആ.കു.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## കേരളത്തെ ആയുർവേദ സംസ്ഥാനമാക്കുന്ന പദ്ധതി

135 (824) ശ്രീ. എം. എ. വാഹീദ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ആയുർവേദ സംസ്ഥാനമാക്കുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ-സി) കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലെയും ജനങ്ങൾക്ക് മെച്ചപ്പെട്ട ആയുർവേദ ചികിത്സ ലഭ്യമാക്കുന്നതിന് പദ്ധതി നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**സംസ്ഥാനത്തെ പാരമ്പര്യ ചികിത്സാ രീതികളുടെ സംരക്ഷണം**

136 (825) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാരമ്പര്യ ചികിത്സാ രീതികൾ സംരക്ഷിക്കുന്നതിനും ചികിത്സാ രംഗത്തെ നാട്ടറിവുകൾ സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇത്തരം ചികിത്സാരീതികൾ സംരക്ഷിക്കുന്നതിനും പരമ്പരാഗത വൈദ്യന്മാർക്ക് പരിഗണന നൽകുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ;

(സി) പരമ്പരാഗത വൈദ്യമെന്ന പേരിൽ വ്യാജമായി ഇത്തരം ചികിത്സ നടത്തുന്നവരെ കണ്ടെത്തുന്നതിന്എന്ത് നടപടിയാണ് സ്വീകരിച്ച് വരുന്നത്;

(ഡി) നമ്മുടെ പാരമ്പര്യ ചികിത്സാ രീതികളും ചികിത്സാ രംഗത്തെ നാട്ടറിവുകളും വംശമറ്റ് പോകാതിരിക്കുന്നതിനും സംരക്ഷിക്കപ്പെടുന്നതിനും വേണ്ട പരിഗണന നൽകുമോ ?

ഉത്തരം

(എ-ഡി) സംസ്ഥാനത്ത് പാരമ്പര്യ ചികിത്സാ രീതികൾ സംരക്ഷിക്കുന്നതിനും ചികിത്സാ രംഗത്തെ നാട്ടറിവുകൾ സംരക്ഷിക്കുന്നതിനും ഇപ്പോൾ പുതുതായി രൂപീകരിച്ച ആയുഷ് വകുപ്പിൽ ഈ വിഭാഗത്തിന് പ്രത്യേക പരിഗണന നൽകി നടപ്പിലാക്കിവരുന്നു. വ്യാജ ചികിൽസകരെക്കുറിച്ച് പരാതി ലഭിച്ചാൽ കർശന നടപടി എടുക്കുന്നതിന് പോലീസിന് നിർദ്ദേശം നൽകിവരുന്നു.

**ജനൗഷധി പദ്ധതി**

137 (826) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനൗഷധി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവ ഏതെല്ലാം;

(ബി) കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന ഈ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിൽ നേരിടുന്ന പ്രധാന തടസ്സങ്ങൾ വിശദീകരിക്കുമോ ;

(സി) പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാർ എന്തൊക്കെ വ്യവസ്ഥകളാണ് നിഷ്കർഷിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ജനൗഷധി സ്കീം പ്രധാനമായും പാവപ്പെട്ട രോഗികൾക്ക് വളരെ വിലക്കുറവിൽ 361 ഇനം മരുന്ന ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത പട്ടികയിലെ 216 ഇനം മരുന്നുകൾ നിലവിൽ സർക്കാരിന്റെ സൗജന്യ ജനറിക് മരുന്ന പദ്ധതി പ്രകാരം സർക്കാർ ആശുപത്രികൾവഴി സൗജന്യമായി വിതരണം ചെയ്യുന്ന പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും 42 ഇനം മരുന്നുകൾ കേരളത്തിന്റെ അവശ്യമരുന്ന പട്ടികയിൽ നിന്നും നീക്കം ചെയ്തിട്ടുള്ളതും 52 ഇനം മരുന്നുകൾ (സമ്മിശ്രം) ഇപ്പോൾ കേരളത്തിൽ ഉപയോഗിക്കാത്തതും ആണ്. ആയതിനാൽ ജനൗഷധി പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടില്ല.

(സി) സംസ്ഥാന സർക്കാർ പ്രസ്തുത സംരംഭം നടപ്പാക്കുന്നതിനായുള്ള ഏജൻസിയെ നിർദ്ദേശിക്കണമെന്നും നടപ്പിലാക്കുന്ന ഓരോ ആശുപത്രി പരിസരത്തും 120 ചതുരശ്ര അടി സ്ഥലം സ്വതന്ത്രമായി ഉപയോഗിക്കത്തക്ക നിലയിൽ നൽകണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനുപുറമെ ഏജൻസിക്ക് ഉണ്ടായിരിക്കേണ്ട മാനദണ്ഡങ്ങളും ചുവടെ ചേർത്തിരിക്കുന്നു :

1. ബന്ധപ്പെട്ട അധികാരികളിൽനിന്നും വിൽപ്പന ലൈസൻസ്, ഡ്രഗ്ഗ് ലൈസൻസ്, റ്റിൻ നമ്പർ എന്നിവ ലഭ്യമാക്കണം.
2. കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ഫാർമസിസ്റ്റ്, സ്റ്റേറ്റ് ഫാർമസി കൗൺസിലിലുള്ള രജിസ്ട്രേഷൻ നമ്പർ സഹിതം.
3. വില്പന വിലയിന്മേൽ 16% നൽകും. ഇതിനുപുറമെ സ്ഥാപന

പ്രാരംഭ ചെലവുകൾക്കായി 2 ലക്ഷവും കമ്പ്യൂട്ടറുകൾക്കായി 50,000 രൂപയും അനുവദിക്കും.

4. ആവശ്യത്തിന് ഫർണീച്ചറുകൾ, മരുന്നുകളും ബില്ലുകളും നൽകുന്നതിനുള്ള കൗണ്ടറുകൾ, കമ്പ്യൂട്ടർ, ഓഫീസ് ടേബിൾ, കസേരകൾ മുതലായവ.

5. കമ്പ്യൂട്ടർ, പ്രിന്റർ, ഇന്റർനെറ്റ്, ടെലിഫോൺ കണക്ഷൻ, ആവശ്യമായ സോഫ്റ്റ്‌വെയറുകൾ.

6. മരുന്നുകൾ നിശ്ചിത (കുറഞ്ഞ) താപനിലയിൽ സൂക്ഷിക്കുന്നതിനാവശ്യമായ റഫ്രിജറേറ്ററുകൾ.

7. ഏജൻസിയുടെ പ്രവർത്തനത്തിനാവശ്യമായ സ്റ്റാഫ്, ഏജൻസി കണ്ടെത്തേണ്ടതാണ്.

8. ബില്ലിംഗിനായി അംഗീകൃത സോഫ്റ്റ്‌വെയർ (ബ്യൂറോ ഓഫ് ഫാർമ പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്സ് ഓഫ് ഇന്ത്യ - ബി.പി.പി.ഐ. നൽകുന്നത്) ഉപയോഗിക്കണം.

9. ബി.പി.പി.ഐ. നൽകുന്ന മരുന്നുകൾ മാത്രമേ ജനൗഷധി സ്റ്റോറുകൾ മുഖേന വിൽക്കുവാൻ പാടുള്ളൂ.

10. പ്രവർത്തന സമയം രാവിലെ 8 മണി മുതൽ രാത്രി 8 മണിവരെ ആവശ്യമെങ്കിൽ 24 മണിക്കൂറും പ്രവർത്തിപ്പിക്കണം.

11. സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്റ്റോറുകൾക്ക് മരുന്ന് നൽകി പരമാവധി 60 ദിവസത്തിനുള്ളിൽ മരുന്നിന്റെ വില നൽകണം. മറ്റുള്ളവയ്ക്ക് മുൻകൂട്ടി തുക അടച്ചാൽ മാത്രമേ മരുന്ന് ലഭ്യമാക്കുകയുള്ളൂ.

**ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം**

138 (827) <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന ആയൂർവേദ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഉള്ളതെന്നും, പത്ര-ദൃശ്യമാദ്ധ്യമങ്ങളിൽ പരസ്യം നൽകി വിറ്റഴിക്കപ്പെടുന്ന എത്ര മരുന്നുകൾ പരിശോധന നടത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ആയൂർവേദ മരുന്നുകളിൽ സിന്തറ്റിക് സ്റ്റിറോയ്ഡുകളും സിൽഡനാഫിൽ സിട്രേറ്റുകളും ചേർക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിലുള്ള പരാതിയിൽ ഏതെങ്കിലും കമ്പനികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ കമ്പനികൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ആയൂർവേദ മരുന്നുകളുടെ ഗുണനിലവാരം നിർണ്ണയിക്കുന്നതിന് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി സർക്കാർ സംവിധാനത്തിലും, സ്വകാര്യ മാനുഫാക്ചറിംഗ് യൂണിറ്റുകളിലും ഏർപ്പെടുത്തിയിട്ടുണ്ട്. ലൈസൻസോടെ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനത്തിലും സ്വന്തമായി ക്വാളിറ്റി കൺട്രോൾ വിഭാഗം ഏർപ്പെടുത്തി ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്. കൂടാതെ ആയുഷിന്റെ അംഗീകാരത്തോടുകൂടിയ 7 അപ്രൂവ്ഡ് ലാബുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. സ്ഥാപനം പരിശോധിക്കുന്ന ഡ്രഗ്സ് ഇൻസ്പെക്ടർമാർ സാമ്പിൾ ശേഖരിച്ച് ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിലേക്ക് അയച്ച് ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്. പത്ര-ദൃശ്യ മാധ്യമംവഴി പരസ്യം ചെയ്ത് വിൽപ്പന നടത്തുന്ന 30-ൽപ്പരം ഉൽപ്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പാക്കാൻ പരിശോധനകൾ നടത്തിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്.

1. Warrier's Hospital & Panchakarma Centre, Ernakulam.
2. Pothigai Pharma (P) Ltd, Chennai
3. Eastern Herbals (P) Ltd., Malappuram (3 case)
4. Mysoor Sankar Pharmacy, Edappally, Kochi. എന്നീ

കമ്പനികൾക്കെതിരെ വിവിധ കോടതികളിൽ നിയമനടപടികൾ നടന്നുവരുന്നു.

**മരുന്നുവില നിയന്ത്രണം**

139 (828) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. എം. ഹംസ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൃദ്രോഗം, പ്രമേഹം, കാൻസർ തുടങ്ങി മിക്ക രോഗങ്ങൾക്കും വ്യാപകമായി ഉപയോഗിക്കുന്ന മരുന്നുകൾക്ക് വലിയ തോതിൽ വിലക്കയറ്റമുണ്ടായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വില നിയന്ത്രണ പട്ടികയിൽ ഉൾപ്പെട്ട മരുന്നുകൾക്കുപോലും വില കുത്തനെ കൂടിയത് തടയാനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) വില നിയന്ത്രണ പട്ടികയിൽ ഉൾപ്പെടുന്ന മരുന്നുകളുടെ ലഭ്യത കുറച്ചും ചേരുവയിൽ ചെറിയ മാറ്റം വരുത്തിയും വിലനിയന്ത്രണ നിയമം മറികടക്കുന്നുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ കണ്ടെത്തിയ വിവരങ്ങൾ അറിയിക്കുമോ; ഇത്തരം ചൂഷണം തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) പൊതുമേഖലാ ഔഷധ നിർമ്മാണ കമ്പനിയായ കെ.എസ്.ഡി.പി.-യെ ശക്തിപ്പെടുത്തി മരുന്നുവില നിയന്ത്രിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹൃദ്രോഗം, പ്രമേഹം, ക്യാൻസർ തുടങ്ങിയ രോഗങ്ങൾക്ക് ഉൾപ്പെടെ ഉപയോഗിക്കുന്ന 348 ഇനം മരുന്നുകളെ അവശ്യ മരുന്ന് പട്ടികയിൽ ഉൾപ്പെടുത്തി ഡ്രഗ്സ് പ്രൈസ് കൺട്രോൾ ഓർഡർ 2013 പ്രകാരം നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി (എൻ.പി.പി.എ.) ആയവയുടെ വില ഘട്ടംഘട്ടമായി നിശ്ചയിച്ചുറപ്പിച്ചുവരുന്നു. വില നിയന്ത്രണ

പരിധിയിൽ വന്നുകഴിഞ്ഞ അവശ്യ മരുന്നുകൾ, നിശ്ചയിച്ചുറപ്പിച്ച വിലയ്ക്ക് തന്നെയാണോ നിർമ്മിച്ച് വിതരണം ചെയ്യുന്നതെന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തരം പരിശോധിക്കുകയും നിയമ ലംഘനം നടത്തുന്ന നിർമ്മാതാക്കളുടെ വിശദാംശങ്ങൾ തുടർനടപടികൾക്കായി എൻ.പി.പി.എ.-യെ അറിയിക്കുകയും ചെയ്തുവരുന്നു.

(സി) വില നിയന്ത്രണ പരിധിയിൽ വന്നുകഴിഞ്ഞ അവശ്യ മരുന്നുകളുടെ നിശ്ചയിച്ചുറപ്പിച്ച വില, നിരന്തര പരിശോധനയിലൂടെ ഉറപ്പുവരുത്തുന്നതിനോടൊപ്പം തന്നെ അവശ്യ മരുന്നുകളുടെ ലഭ്യതയും ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉറപ്പു വരുത്തുന്നുണ്ട്. ദേശീയ ഔഷധ വില നിയന്ത്രണ സമിതിയുടെ അവശ്യ മരുന്നുകളുടെ പട്ടികയിൽ (National List of Essential Medicines) ഉൾപ്പെടുത്താത്ത മരുന്നുകൾക്ക് വർഷത്തിലൊരിക്കൽ 10%-ൽ കൂടുതൽ വില കൂട്ടുവാൻ പാടില്ല എന്ന് ഡ്രഗ്സ് ആന്റ് പ്രൈസ് കൺട്രോൾ ഓർഡർ 2013-ൽ നിഷ്കർഷിച്ചിട്ടുണ്ട്. ഈ നിയന്ത്രണം മറികടന്ന് അമിത വിലയ്ക്ക് മരുന്ന് വില്പന നടത്തുക എന്ന ഉദ്ദേശ്യത്തോടെ നിലവിലുള്ള ഒരു മരുന്നിന്റെ ചേരുവയിൽ മാറ്റം വരുത്തി അമിത വില ഈടാക്കിയ താഴെപ്പറയുന്ന മരുന്നിന്റെ വിൽപ്പന സമീപകാലത്ത് കണ്ടെത്തിയിട്ടുണ്ട്. സിപ്ല എന്ന കമ്പനി ഉൽപ്പാദിപ്പിച്ച് വിപണനം ചെയ്ത Asthalin Expectorant എന്ന മരുന്നിൽ Salbutamol Sulphate IP eqv. To Salbutamol 1 mg. Guaiphenesin IP 50 mg. Flavoured Syrup base q.s. എന്ന ചേരുവകളോടുകൂടിയാണ് 9.33 രൂപയ്ക്ക് വിപണനം ചെയ്തു വന്നിരുന്നത്. എന്നാൽ 2015-ൽ New Asthalin Expectorant എന്ന അതേ പേരിൽ ചേരുവകളിൽ ചെറിയ വ്യത്യാസം വരുത്തി Levo Salbutamol Sulphate eqv. To Levo Salbutamol 0.5 mg. Guaiphenesin IP 50 mg. Flavoured Syrup base q.s. എന്നീ ചേരുവകളോടുകൂടി 49.00 രൂപയ്ക്ക് വിപണനം നടത്തുകയാണ് ചെയ്തിട്ടുള്ളത്. ഇപ്രകാരം ചേരുവകളിലും പേരിലും ചെറിയ മാറ്റം വരുത്തി പഴയ മരുന്നിന്റെ ലഭ്യത കുറച്ച് മാർക്കറ്റിൽ വിപണനം ചെയ്തിരിക്കുകയാണ്. കേന്ദ്ര ഡ്രഗ്സ് കൺട്രോളറുടെ അനുമതിയില്ലാതെ പുതിയ ചേരുവകളടങ്ങുന്ന മരുന്ന് വിപണിയിൽ ഇറക്കുവാൻ സാധിക്കുകയില്ല. ആയതിനാൽ പ്രസ്തുത വിവരം ദേശീയ ഔഷധ വില നിയന്ത്രണ സമിതിയെ അനന്തര നടപടികൾക്കായി അറിയിച്ചിട്ടുണ്ട്.

(ഡി) അലോപ്പതി മരുന്നുകളുടെ വിലവർദ്ധനവ് നേരിടുന്നതിന്റെ ഭാഗമായി വ്യവസായ വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന ഏക ഔഷധ നിർമ്മാണ കമ്പനിയായ ആലപ്പുഴ ജില്ലയിലെ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തി, ഉൽപ്പാദനം വർദ്ധിപ്പിച്ച്, സംസ്ഥാന ആരോഗ്യവകുപ്പിനാവശ്യമായ മരുന്നുകൾ ന്യായവിലക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖാന്തിരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ബീറ്റാലാക്ടം കുത്തിവയ്പ്പ് മരുന്നുകളുടെ ഉൽപ്പാദനത്തിനുള്ള പദ്ധതി അവസാന ഘട്ടത്തിലാണ്. എൻ.എ.ബി.എൽ. അക്രഡിറ്റഡ് ലബോറട്ടറിയുടെ പ്രവർത്തനവും ഉടൻതന്നെ ആരംഭിക്കുന്നതാണ്.

**ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം**

140 (829) <u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> :
<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> :
<u>ശ്രീ. വി. ശശി</u> :
<u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി എത്ര വീതം ആയൂർവേദ മരുന്ന് നിർമ്മാണ ശാലകൾ പ്രവർത്തിക്കുന്നുണ്ട് ; എത്രയിനം ആയുർവ്വേദ മരുന്നുകളുടെ ഉൽപ്പാദനമാണ് നടക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത മരുന്നുകളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിന് ഏതെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ ; എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ആയൂർവേദത്തിന് ഡ്രഗ്സ് കൺട്രോൾ വിഭാഗം പ്രവർത്തിക്കുന്നുണ്ടോ ; പ്രസ്തുത വിഭാഗം രൂപീകരിക്കണമെന്ന കേന്ദ്ര നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ ; ഇതിനായി കേന്ദ്രത്തിൽ നിന്നും സഹായം ലഭിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ആകെ 850 ആയൂർവേദ ലൈസൻസുള്ള സ്ഥാപനങ്ങളുണ്ട്. പൊതുമേഖലയിൽ രണ്ടും സ്വകാര്യമേഖലയിൽ 848-ഉം സ്ഥാപനങ്ങൾ

പ്രവർത്തിക്കുന്നു. കഷായം, ചൂർണ്ണം, ലേഹ്യം/രസായനങ്ങൾ, തൈലം/ഘൃതം, അരിഷ്ടാസവങ്ങൾ, ഗുളികകൾ, ലേപം/ക്രീം/ഓയിന്റ്മെന്റ്/ബാം, അഞ്ജനം, അർക്കം, ക്യാപ്സ്യൂൾ, സിറപ്പ്, സോപ്പ്, ഷാംപൂ എന്നീ ഇനം ആയുർവേദ മരുന്നുകളുടെ ഉൽപ്പാദനമാണ് നടക്കുന്നത്.

(ബി) ഉണ്ട്. സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം നിർണ്ണയിക്കുന്നതിന് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി സർക്കാർ സംവിധാനത്തിലും സ്വകാര്യ മാനുഫാക്ചറിംഗ് യൂണിറ്റുകളിലും ഏർപ്പെടുത്തിയിട്ടുണ്ട്. ലൈസൻസോടെ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനത്തിലും സ്വന്തമായി ക്വാളിറ്റി കൺട്രോൾ വിഭാഗം ഏർപ്പെടുത്തി ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്. കൂടാതെ ആയുഷിന്റെ അംഗീകാരത്തോടുകൂടിയ 7 അപ്രൂവ്ഡ് ലാബുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. സ്ഥാപനം പരിശോധിക്കുന്ന ഡ്രഗ്സ് ഇൻസ്പെക്ടർമാർ സാമ്പിൾ ശേഖരിച്ച് ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിലേക്ക് അയച്ച് ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്.

(സി) ഉണ്ട്. പ്രത്യേക വകുപ്പാക്കണമെന്ന കേന്ദ്ര നിർദ്ദേശം നടപ്പാക്കിയിട്ടില്ല. 2014-15 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സഹായമായി 44.296 ലക്ഷം രൂപ സംസ്ഥാന ആയുർവേദ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന് അനുവദിച്ച് നൽകിയിട്ടുണ്ട്. അതിൽ 75% കേന്ദ്ര വിഹിതവും 25% സംസ്ഥാന വിഹിതവുമാണ്. 2015-16 വർഷത്തേക്ക് 43 ലക്ഷം രൂപയുടെ അനുമതിക്കായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

**മരുന്നുകളുടെ ഗുണനിലവാര പരിശോധന**

141 (830) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരുന്നുകളുടെ ഗുണമേന്മ പരിശോധന നടത്തുന്നതിന് അധികാരപ്പെട്ട സ്ഥാപനങ്ങൾ ഏതെല്ലാം;

(ബി) ഇത്തരം സ്ഥാപനങ്ങളിൽ മരുന്നുകളുടെ ഗുണമേന്മ പരിശോധന കാര്യക്ഷമമായി നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണങ്ങൾ എന്തെല്ലാമാണ്;

(സി) തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട്, കോട്ടയം എന്നീ മെഡിക്കൽ കോളേജുകൾക്ക് കീഴിലുള്ള ഫാർമസ്യൂട്ടിക്കൽ കോളേജുകളിൽ മരുന്നുകളുടെ ഗുണമേന്മ പരിശോധന നടത്തുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത കോളേജുകളിലെ ഏത് ഉദ്യോഗസ്ഥർക്കാണ് മരുന്ന പരിശോധന സംബന്ധിച്ച് സർട്ടിഫിക്കറ്റുകൾ നൽകാൻ അധികാരം നൽകിയിട്ടുള്ളത്?

ഉത്തരം

(എ) സർക്കാർ തലത്തിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കായി തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയേയും എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയേയുമാണ് അധികാര പ്പെടുത്തിയിട്ടുള്ളത്. കൂടാതെ സ്വന്തമായി ടെസ്റ്റിംഗ് സൗകര്യം ഇല്ലാത്ത നിർമ്മാതാക്കൾക്ക് വിതരണത്തിന് മുമ്പ് അവർ നിർമ്മിക്കുന്ന ഓരോ ബാച്ച് മരുന്നിന്റെയും ഗുണനിലവാരം ഉറപ്പാക്കുന്നതിലേക്കായി നിയമ പ്രകാരം വകുപ്പ് ലൈസൻസ് അനുവദിച്ചിട്ടുള്ള 3 സ്വകാര്യ ലാബുകളും പ്രവർത്തിക്കുന്നുണ്ട്.

(ബി) സർക്കാർ തലത്തിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ, മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്കായി പ്രവർത്തിക്കുന്നത് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, തിരുവനന്തപുരവും റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, എറണാകുളവുമാണ്. വർഷങ്ങളായി തിരുവനന്തപുരത്ത് പ്രവർത്തിച്ചുവരുന്ന ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പ്രതിവർഷം 4000 സാമ്പിളുകൾ പരിശോധിക്കുന്നുണ്ട്. എന്നാൽ 2013-ൽ പ്രവർത്തനം ആരംഭിച്ച എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിന്റെ ക്രമീകരണം (Standardization), തസ്തിക വിന്യാസം (Staff allotment) എന്നിവ പൂർത്തിയാകുന്ന മുറയ്ക്ക് ടി ലബോറട്ടറിയിലും പ്രതിവർഷം 4000 മരുന്ന് സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കാൻ കഴിയും.

(സി&ഡി) ജനൗഷധി പദ്ധതിയുടെ കീഴിൽ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ജനറിക് മരുന്നുകൾ വിതരണം ചെയ്യുന്നതിന് നടപടിയെടുത്തിരുന്നു.

ഇപ്രകാരം വിതരണം ചെയ്യുന്ന മരുന്നുകളുടെ ഗുണമേന്മ ഉറപ്പാക്കാൻ അതാത് ആശുപത്രികളിൽ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായാണ് തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട്, കോട്ടയം എന്നീ മെഡിക്കൽ കോളേജുകൾക്ക് കീഴിലുള്ള ഫാർമസ്യൂട്ടിക്കൽ കോളേജുകളിൽ ലബോറട്ടികൾ സജ്ജീകരിച്ചത്. അതാത് മെഡിക്കൽ കോളേജുകളിൽ വിതരണം ചെയ്യുന്ന ജനറിക് മരുന്നുകളുടെ ഗുണമേന്മ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുക എന്ന പരിമിതമായ ലക്ഷ്യം മാത്രമാണ് ഈ ലാബുകളിലുള്ളത്. ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് പ്രകാരം സർക്കാർ അനലിസ്റ്റിന് മാത്രമേ മരുന്ന പരിശോധന സംബന്ധിച്ച് സർട്ടിഫിക്കറ്റുകൾ നൽകാൻ അധികാരമുള്ളൂ.

**മുതുവല്ലൂരിൽ ഹോമിയോ ഡിസ്പെൻസറി**

142 (831) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഹോമിയോ ഡിസ്പെൻസറി തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) മലപ്പുറം ജില്ലയിലെ മുതുവല്ലൂരിൽ പുതിയ ഹോമിയോ ഡിസ്പെൻസറി തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) 2015-16 സാമ്പത്തിക വർഷത്തിൽ പുതിയ ഹോമിയോ ഡിസ്പെൻസറികൾ തുടങ്ങുന്ന കാര്യം പരിഗണിച്ചിട്ടില്ല.

**ഹോമിയോ ഡിസ്പെൻസറി**

143 (832) <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ഗ്രാമ പഞ്ചായത്തിൽ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഡിസ്പെൻസറി ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2015-16 സാമ്പത്തിക വർഷത്തിൽ പുതിയ ഡിസ്പെൻസറികൾ തുടങ്ങുന്ന കാര്യം പരിഗണിച്ചിട്ടില്ല.

**മാടായിക്കാവ് ക്ഷേത്രകലാ അക്കാദമി**

144(833) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ 7-8-2015-ന് ഉദ്ഘാടനം കഴിഞ്ഞ ക്ഷേത്രകലാ അക്കാദമിയിൽ കോഴ്സുകൾ തുടങ്ങുന്നതിനുള്ള തടസ്സമെന്താണ്; പ്രാരംഭഘട്ടത്തിൽ ഏതൊക്കെ കോഴ്സുകൾ തുടങ്ങുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

ക്ഷേത്രകലാ അക്കാദമിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുകയെ സംബന്ധിച്ച വരവ് ചെലവ് കണക്കുകളും ബില്ലുകൾ വൗച്ചറുകൾ എന്നിവ യഥാസമയം അക്കാദമി ഭരണ സമിതി പാസ്സാക്കി തലശ്ശേരി അസിസ്റ്റന്റ് കമ്മീഷണർ മുഖാന്തിരം ദേവസ്വം ബോർഡിലേക്ക് സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് യഥാസമയം ലഭ്യമാക്കാതിരുന്നതിനാൽ കൂടുതൽ ഫണ്ട് അനുവദിച്ചിട്ടില്ല. ഇക്കാരണത്താൽ അക്കാദമിയിൽ കോഴ്സുകൾ തുടങ്ങുന്നതിന് കാലതാമസം നേരിടുന്നതായി ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്. പ്രവർത്തനത്തിന്റെ ആദ്യഘട്ടമായി വാദ്യം, പൂരക്കളി, തിടമ്പ്, നൃത്തം എന്നീ കലകളാണ് അഭ്യസിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കാൻ മലബാർ ദേവസ്വം ബോർഡിന് നിർദ്ദേശം നൽകുന്നുണ്ട്.

**ക്ഷേത്രങ്ങളിലെ ആചാരസ്ഥാനീയർക്ക് സാമ്പത്തിക സഹായം**

145 (834) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരമലബാറിലെ ക്ഷേത്രങ്ങളിലേയും കാവുകളിലേയും ആചാരസ്ഥാനീയർക്കും

കോലധാരികൾക്കും ഇപ്പോൾ സാമ്പത്തിക സഹായം നൽകുന്നുണ്ടോ;

(ബി) പ്രസ്തുത ഇനത്തിൽ എത്ര മാസത്തെ കുടിശ്ശിക നൽകാനുണ്ട്; വിശദാംശം അറിയിക്കുമോ;

(സി) പ്രസ്തുത സഹായ പദ്ധതിയിൽ കൂടുതൽ പേരെ ഉൾപ്പെടുത്തുന്നതിനുള്ള ഹർജികൾ വകുപ്പിന് ലഭിച്ചിട്ടുണ്ടോ; ആയതിൽ എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത സഹായ പദ്ധതിയിൽ എത്ര പേരെ കൂടുതലായി ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) തലശ്ശേരി ഡിവിഷനിൽ 9/2015 മുതലും, കാസർഗോഡ്, കോഴിക്കോട് ഡിവിഷനുകളിൽ 8/2015 മുതലും കുടിശ്ശികകൾ നൽകാനുണ്ട്.

(സി) സർക്കാരിൽ ലഭ്യമായ അപേക്ഷകൾ തുടർ നടപടികൾക്കായി മലബാർ ദേവസ്വം ബോർഡ് കമ്മീഷണർക്ക് നൽകിയിട്ടുണ്ട്. ഇക്കാര്യത്തിലേക്കായി ബഡ്ജറ്റിൽ കൂടുതൽ തുക വകകൊള്ളിക്കാത്തതിനാൽ പ്രസ്തുത അപേക്ഷകൾ പരിഗണിച്ചിട്ടില്ല. കൂടുതൽ ഫണ്ട് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) 601 ആചാരസ്ഥാനികരേയും 89 കോലധാരികളേയും കൂടുതലായി ഉൾപ്പെടുത്തിയിട്ടുണ്ട്.

**ശബരിമല തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ**

146 (835) <u>ശ്രീ. റ്റി. യു. കുരുവിള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകർക്ക് എല്ലാ ഇടത്താവളങ്ങളിലും ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ശബരിമല ഇടത്താവളങ്ങളിൽ തീർത്ഥാടകർക്ക് സൗകര്യം ഒരുക്കാൻ

നിലവിൽ സർക്കാരും ദേവസ്വം ബോർഡും എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) തീർത്ഥാടന കാലത്ത് അപകടങ്ങൾ പരമാവധി ലഘൂകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) തീർത്ഥാടനം സുഗമമാക്കാൻ ഈ സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ&ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ഏതാനും ക്ഷേത്രങ്ങൾ ഇടത്താവളങ്ങളായി പ്രവർത്തിക്കുന്നുണ്ട്. ശബരിമല ദർശനത്തിനെത്തുന്ന അയ്യപ്പഭക്തർക്ക് യാത്രാ മദ്ധ്യേ വിശ്രമിക്കുന്നതിനും സമയബന്ധിതമായി മറ്റ് സൗകര്യങ്ങൾ നൽകുന്നതിനുമാണ് ഇടത്താവളങ്ങൾ പ്രവർത്തിക്കുന്നത്. ഇടത്താവളങ്ങളിൽ സാദ്ധ്യമാകുന്ന സ്ഥലങ്ങളിൽ ചുക്കുവെള്ള വിതരണം, പാർക്കിംഗ്, കംഫർട്ട് സ്റ്റേഷനുകൾ ഭക്തജനങ്ങൾ വിശ്രമിക്കുന്നതിനും വിരിവയ്ക്കുന്നതിനുമുള്ള സൗകര്യം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) തീർത്ഥാടന കാലത്ത് ശബരിമലയിൽ ദർശനത്തിനെത്തുന്ന ഭക്തജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് പോലീസ് വകുപ്പ് നിർദ്ദേശിച്ചിരിക്കുന്ന പ്രകാരമുള്ള എല്ലാ നടപടികളും തിരുവിതാംകൂർ ദേവസ്വം ബോർഡ് നിർവ്വഹിക്കുന്നതാണ്. തീർത്ഥാടകർക്കായി ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. പോലീസ് വകുപ്പ് നിർദ്ദേശിക്കുന്ന പ്രകാരമുള്ള ബാരിക്കേഡുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ എൻ.ഡി.ആർ.എഫ്, ആർ.എ.എഫ്. എന്നീ സേനാംഗങ്ങളെ ശബരിമലയിൽ വിന്യസിച്ചിട്ടുണ്ട്.

(ഡി) തീർത്ഥാടനം സുഗമമാക്കുന്നതിന് സർക്കാർ തലത്തിൽ നിരവധി വകുപ്പുതല യോഗങ്ങൾ വിളിച്ചുകൂട്ടിയിട്ടുള്ളതും പോലീസ്, ഫയർഫോഴ്സ് എന്നീ വകുപ്പുകളുടെ നേതൃത്വത്തിലുള്ള സുരക്ഷാ സംവിധാനം ഒരുക്കിയിട്ടുള്ളതും വില നിയന്ത്രണത്തിനും തീർത്ഥാടകർക്ക് മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും

പത്തനംതിട്ട/കോട്ടയം/ഇടുക്കി ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതും അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിനായി പത്തനംതിട്ട, ഇടുക്കി, കോട്ടയം, ആലപ്പുഴ ജില്ലാ കളക്ടർമാർക്ക് 10 ലക്ഷം രൂപ വീതവും പത്തനംതിട്ട, ഇടുക്കി, കോട്ടയം, ആലപ്പുഴ ജില്ലാ പോലീസ് സൂപ്രണ്ടുമാർക്ക് 5 ലക്ഷം രൂപ വീതവും സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ ശബരിമല തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലേക്കായി ചെങ്ങന്നൂർ, പത്തനംതിട്ട, തിരുവല്ല, ഏറ്റുമാനൂർ, പാല മുനിസിപ്പാലിറ്റികൾക്കും എരുമേലി, റാന്നി-പെരിനാട്, വടശ്ശേരിക്കര, പന്തളം, പഴവങ്ങാടി, റാന്നി, അങ്ങാടി, നാറാണംമൂലി, കുളനട, കോന്നി, മുത്തോളി, എലിക്കുളം, കോരുത്തോട്, മുണ്ടക്കയം, കുമളി, കാഞ്ഞിരപ്പള്ളി, ചിറക്കടവ്, പെരുവന്താനം, സീതത്തോട്, ചെറുകോൽ, ആയിരൂർ, പാറത്തോട്, വണ്ടിപ്പെരിയാർ, പീരുമേട് എന്നീ ഗ്രാമ പഞ്ചായത്തുകൾക്കുമായി മൊത്തം 3 കോടി രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്. ഹോട്ടലുകളിലെയും മറ്റും ശുചിത്വവും ആഹാരത്തിന്റെ ഗുണനിലവാരവും പരിശോധിക്കുന്നതിനായി ഫുഡ് സേഫ്റ്റി വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തീർത്ഥാടകർക്കായി പമ്പ, എരുമേലി, സന്നിധാനം എന്നിവിടങ്ങളിലും കാനന പാതകളിലും ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ സജ്ജീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. കുടിവെള്ള വിതരണത്തിനും ശുദ്ധജല ലഭ്യതയ്ക്കുമായി കേരള വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ നടപടി സ്വീകരിച്ചിട്ടുള്ളതും, അപകടങ്ങൾ കുറയ്ക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ സേഫ് സോൺ പദ്ധതി നടപ്പിലാക്കിയിട്ടുമുണ്ട്.

**ശബരിമല തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ**

147 (836) <u>ശ്രീ. കെ. അജിത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടകർക്ക് വിവിധ രീതിയിലുള്ള സൗകര്യങ്ങൾ ഉറപ്പു വരുത്തുന്നതിനായി എത്ര ഏക്കർ വനഭൂമിയാണ് വനംവകുപ്പിൽനിന്നും ദേവസ്വം ബോർഡിന് ലഭിച്ചിട്ടുള്ളത്; ഈ ഭൂമി എവിടെയൊക്കെ, ഏതെല്ലാം വർഷങ്ങളിലാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ശബരിമല തീർത്ഥാടകരുടെ സൗകര്യങ്ങൾക്കായി ദേവസ്വം ബോർഡിന് വിട്ടുകിട്ടിയ ഭൂമി മറ്റു സംസ്ഥാനങ്ങൾക്ക് നൽകാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഏതു വ്യവസ്ഥകൾ പ്രകാരമാണ് വനംവകുപ്പും ദേവസ്വം ബോർഡും തമ്മിലുള്ള കൈമാറ്റം നടന്നിട്ടുള്ളതെന്ന വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) ശബരിമലയ്ക്കും പമ്പയ്ക്കും ഇടയിലുള്ള ഭാഗങ്ങളിലെ വനപ്രദേശത്ത് ദേവസ്വം ബോർഡിന് സ്വതന്ത്രമായി നടപടികൾ സ്വീകരിക്കുവാൻ കഴിയുന്ന രീതിയിൽ ഭൂമി ലഭിച്ചിട്ടുള്ള ഭാഗങ്ങൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(ഇ) വനംവകുപ്പിൽനിന്നും ദേവസ്വം ബോർഡിന് ലഭിച്ച വനഭൂമിയിൽ എന്തെല്ലാം തരത്തിലുള്ള നിർമ്മാണപ്രവർത്തനങ്ങൾ നടത്താൻ കഴിയുമെന്ന കാര്യം വ്യക്തമാക്കുമോ ;

(എഫ്) ദേവസ്വം ബോർഡിന് വനംവകുപ്പിൽ നിന്നും വിട്ടുകിട്ടിയ ഭൂമിയിൽ നടത്തിയ ഏതെങ്കിലും പ്രവർത്തനങ്ങൾ സംബന്ധിച്ച് വനം വകുപ്പ് എതിർപ്പ് അറിയിക്കുകയോ ജോലികൾ തടസ്സപ്പെടുത്തിയതോ ആയ സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ ;

(ജി) വനം വകുപ്പും ദേവസ്വം ബോർഡും തമ്മിലുണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കുന്നതിനും വകുപ്പുകളുടെ ഏകോപനത്തിനുമായി എന്തെല്ലാം നടപടികളാണ് ഇരുവകുപ്പുകളും ചേർന്ന് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശബരിമല തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പെരിയാർ വെസ്റ്റ് ഡിവിഷനിൽനിന്നും 56.3955 ഹെക്ടറും, റാന്നി വനം ഡിവിഷനിൽ നിന്നും 124.9615 ഹെക്ടറും വനഭൂമി തിരുവിതാംകൂർ ദേവസ്വം ബോർഡിന് കൈമാറിയിട്ടുള്ളതായി വനം വകുപ്പ് അറിയിച്ചിട്ടുണ്ട്. ആയതിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു:

പെരിയാർ വെസ്റ്റ് ഡിവിഷൻ

| സ്ഥലം | വിസ്തീർണ്ണം (ഹെക്ടർ) | വർഷം |
|---|---|---|
| (1) | (2) | (3) |
| സന്നിധാനം | 5.26 | 1965 നുമുൻപ് |
| സന്നിധാനം | 20.24 | 1965 |
| പമ്പ | 4.048 | 1970 |
| ചെറിയാനവട്ടം | 0.4225 | 1970 |
| (1) | (2) | (3) |
| മാളികപ്പുറം | 1.90 | 1986 |
| പമ്പ | 3.44 | 1986 |
| ശരംകുത്തി | 5.59 | 1986 |
| വെടിപ്പുര | 2.62 | 1986 |
| കുന്നാർ | 0.20 | 2000 |
| ശബരിമലയ്ക്കും പമ്പയ്ക്കുമിടയിൽ വിവിധ ഭാഗങ്ങളിൽ | 12.675 | 2005 |

റാന്നി വനം ഡിവിഷൻ

| സ്ഥലം | വിസ്തീർണ്ണം (ഹെക്ടർ) | വർഷം |
|---|---|---|
| പമ്പാ നദിയുടെ തെക്ക് ഭാഗം, ചാലക്കയം പമ്പാ റോഡ് നവീകരണം, പ്ലാപ്പള്ളി പമ്പാ റോഡിൽ താൽക്കാലിക കടകൾ, | 14.4375 | 1975 മുതൽ 2000 വരെ |

| | | |
|---|---|---|
| കുന്നാറിൽ ചെക്ക് ഡാം, പമ്പയിൽ വാഹനപാർക്കിംഗ്, പമ്പാ കക്കി നദികൾക്ക് കുറുകെ രണ്ട് വെൻഡ് ക്രോസ്ബാർ | | |
| നിലയ്ക്കൽ ബെയ്സ് ക്യാമ്പിന്റെ വികസനം | 110.524 | 2005 |

(ബി) ശബരിമല തീർത്ഥാടനത്തിന് എത്തുന്ന തീർത്ഥാടകർക്ക് ആവശ്യമായ സൗകര്യം ഏർപ്പെടുത്തുന്നതിന് വിവിധ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ വിശ്രമ കേന്ദ്രങ്ങൾ നിലയ്ക്കലിൽ പണികഴിപ്പിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. ഇവയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് തീരുമാനം കൈക്കൊള്ളുന്നതിനുള്ള യോഗം ബോർഡ് തലത്തിൽ ഉടൻ നടത്തുന്നതാണ്.

(സി) മാസ്റ്റർ പ്ലാൻ അനുസൃതമായി നിർമ്മാണ പ്രവർത്തനങ്ങൾ മാത്രമേ പാടുള്ളൂ എന്നുള്ള വ്യവസ്ഥയിലാണ് വനഭൂമി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിൽനിന്നും ദേവസ്വം ബോർഡിന് കൈമാറിയിട്ടുള്ളത്.

(ഡി) ശബരിമല ക്ഷേത്ര സമുച്ചയത്തിന് ചുറ്റുമുള്ളതും പരമ്പരാഗത പാതയ്ക്കിരുവശമുള്ളതും പമ്പ ഗണപതിക്ഷേത്രത്തിന് സമീപമുള്ളതുമായ ഭൂമിയാണ് സ്വതന്ത്രമായി തിരുവിതാംകൂർ ദേവസ്വം ബോർഡിന് നടപടികൾ സ്വീകരിക്കാൻ കഴിയുന്നത്.

(ഇ) ശബരിമല മാസ്റ്റർ പ്ലാൻ അനുശാസിക്കുന്ന പ്രകാരമുള്ള പ്രവർത്തനങ്ങൾ മാത്രമേ നടത്തുവാൻ പാടുള്ളൂ എന്ന വ്യവസ്ഥയിലാണ് വനഭൂമി ദേവസ്വം ബോർഡിന് കൈമാറിയിട്ടുള്ളത്.

(എഫ്) മാസ്റ്റർപ്ലാനിന് അനുസൃതമായ പ്രവർത്തനങ്ങൾക്ക് വനം വകുപ്പിൽ നിന്നും എതിർപ്പുണ്ടായിട്ടില്ല.

(ജി) വനം വകുപ്പിന്റെയും ദേവസ്വം ബോർഡിന്റെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായും, ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പ്രവർത്തനങ്ങൾ

നടത്തുന്നതിനും ഹൈപ്പവർ കമ്മിറ്റി (എച്ച്.പി.സി.) രൂപീകരിച്ചിട്ടുണ്ട്. ഹൈപ്പവർ കമ്മിറ്റിയിൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അംഗമാണ്.

**പമ്പാ നദിയിലെ മലിനീകരണം**

148 (837) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പാനദിയിൽ ശബരിമല ഭക്തന്മാർ വസ്ത്രങ്ങൾ നിക്ഷേപിക്കുന്നത് തടയണമെന്ന ബഹു.ഹൈക്കോടതി നിർദ്ദേശം നടപ്പാക്കുന്നതിനായി എന്തു മുൻകരുതൽ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി മുൻ കാലങ്ങളിലെപ്പോലെ ലേലം വിളിച്ച് ആളെ ചുമതലപ്പെടുത്തിയിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പമ്പാനദിയിൽ വസ്ത്രങ്ങൾ ഉപേക്ഷിക്കുന്നത് കുറ്റകരമാണെന്ന ബഹു. ഹൈക്കോടതിയുടെ ഉത്തരവ് ശ്രദ്ധയിൽപ്പെടുത്തി പൊതുജനങ്ങളിൽ അവബോധം വളർത്തുന്നതിനും അത്തരം പ്രവർത്തനം തടയുന്നതിനുമായി കേരളം, തമിഴ്നാട്, ആന്ധ്ര, കർണ്ണാടക എന്നീ സംസ്ഥാനങ്ങളിൽ അതാത് സംസ്ഥാനങ്ങളുടെ മാതൃഭാഷകളിൽ അവബോധന അറിയിപ്പുകൾ ദേശീയ മാധ്യമമായ ദൂരദർശൻ വഴി പ്രക്ഷേപണം ചെയ്യുന്നതിന് നടപടി കൈക്കൊണ്ടു. ഇതേ അറിയിപ്പുകൾ കേരളത്തിൽ തെരഞ്ഞെടുത്ത റെയിൽവേ സ്റ്റേഷനുകളിലും പ്രദർശനത്തിനായി നൽകുകയുണ്ടായി. ആയത് തിരുവനന്തപുരം, കൊല്ലം, കോട്ടയം, ചെങ്ങന്നൂർ, തിരുവല്ല, എറണാകുളം, തൃശ്ശൂർ, ഗുരുവായൂർ, പാലക്കാട് എന്നീ റയിൽവേ സ്റ്റേഷനുകളിൽ പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു. കൂടാതെ ആൾ ഇന്ത്യാ റേഡിയോയിലും ഈ സന്ദേശങ്ങൾ പൊതുജന ബോധവൽക്കരണത്തിനായി പ്രക്ഷേപണം ചെയ്യുന്നതിനായി നടപടി കൈക്കൊണ്ടു. കൂടാതെ പമ്പയിലെത്തുന്ന ഭക്തർക്ക് മാർഗ്ഗ നിർദ്ദേശം നൽകുന്നതിനായി എൻ.എസ്.എസ്. വോളന്റിയർമാരെയും പമ്പാ കുളിക്കടവിൽ നിയോഗിച്ചിട്ടുണ്ട്. പമ്പാ പോലീസുമായി ചേർന്ന് വസ്ത്രം പമ്പയിൽ ഉപേക്ഷിക്കുന്നവരെ കണ്ടുപിടിച്ച് താക്കീത് ചെയ്യുന്നതിനും ലംഘിക്കുന്നതിന്റെ ഭവിഷ്യത്തുകൾ മനസ്സിലാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പ്രദർശന ബോർഡുകൾ, കൂടുതൽ തീർത്ഥാടകർ വരുന്ന സ്ഥലങ്ങളിൽ വാഹനം ഉപയോഗിച്ചുള്ള

പരസ്യങ്ങൾ എന്നിവ നടത്തുന്നുണ്ട്. കൂടാതെ അയ്യപ്പൻമാർ ഉപേക്ഷിക്കുന്ന വസ്ത്രങ്ങൾ നീക്കം ചെയ്യുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന രീതിയിൽ ഷിഫ്റ്റ് അടിസ്ഥാനത്തിൽ ആവശ്യമായ തൊഴിലാളികളെ നിയോഗിക്കുകയും വസ്ത്രം ഉപേക്ഷിക്കണമെന്നുള്ളവർക്ക് ഉപേക്ഷിക്കുന്നതിലേയ്ക്കായി പമ്പാ മണൽ പുറത്ത് ബിന്നുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ബഹു. കേരള ഹൈക്കോടതിയുടെ 16-10-2015-ലെ വിധിന്യായം ലഭിച്ചതിനെ തുടർന്ന് തൻവർഷം ടി ഇനം ടെൻഡർ ചെയ്ത് നൽകിയിട്ടില്ലാത്തതാണ്. അയ്യപ്പ ഭക്തൻമാർ പമ്പാ നദിയിൽ വസ്ത്രം ഉപേക്ഷിക്കുന്നത് തടയുക എന്നതാണ് തൻവർഷം സ്വീകരിച്ചിട്ടുള്ള നിലപാട്. വിലക്കുകളെ മറികടന്ന് ഉപേക്ഷിക്കപ്പെടുന്ന വസ്ത്രം നീക്കം ചെയ്യുന്നതിന് പ്രത്യേക തൊഴിലാളികളെ നിയോഗിച്ചിട്ടുള്ളതായി ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

**ശബരിമലയിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ**

149 (838) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡലകാല തീർത്ഥാടനത്തോടനുബന്ധിച്ച് ശബരിമലയിൽ ദേവസ്വം വകുപ്പ് മുഖേന നടപ്പിലാക്കിയ പരിഷ്കാരങ്ങൾ വിശദമാക്കാമോ;

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) സന്നിധാനവും പരിസരവും മാലിന്യരഹിതമാക്കുന്നതിനുള്ള മുൻകരുതൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ തീർത്ഥാടകർക്കുവേണ്ടി തിരുവിതാംകൂർ ദേവസ്വം ബോർഡും ശബരിമല മാസ്റ്റർ പ്ലാൻ ഹൈപ്പവർ കമ്മിറ്റിയും മറ്റിതര സർക്കാർ വകുപ്പുകളും സന്നദ്ധ സംഘടനകളുമായി ഏകോപിപ്പിച്ചുകൊണ്ട് താഴെ പറയുന്ന ക്രമീകരണങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

1. തീർത്ഥാടകർക്കാവശ്യമായ പ്രാഥമിക സൗകര്യങ്ങൾ പ്രാവർത്തികമാക്കുകയും ക്ഷേത്ര സമുച്ചയങ്ങളുടെയും മറ്റ് അനുബന്ധ

കെട്ടിടങ്ങളുടെയും വാർഷിക അറ്റകുറ്റപ്പണികളും പ്രസാദ നിർമ്മാണ വിതരണം കുറ്റമറ്റരീതിയിൽ പ്രവർത്തിപ്പിക്കുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചു.

2. ശബരിമല ക്ഷേത്ര അനുബന്ധ കെട്ടിടങ്ങൾ, ഡോണർ ഹൗസുകൾ പിൽഗ്രിം സെന്ററുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ.

3. സ്പെഷ്യൽ ഡ്യൂട്ടിക്കായി നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക് കൂടുതൽ താമസ സൗകര്യം.

4. താമസസൗകര്യത്തിനായി മുറികൾ മുൻകൂട്ടി ബുക്ക് ചെയ്യുന്നതിനുള്ള ഓൺലൈൻ ബുക്കിംഗ് സൗകര്യം.

5. ശബരിമല മാസ്റ്റർ പ്ലാൻ മുഖേന പുതുതായി ശബരിമലയിൽ 120 യൂണിറ്റ് കക്കൂസുകളുടെയും 34 കുളിമുറികളുടെയും നിർമ്മാണവും പമ്പയിൽ പഴയ കക്കൂസുകൾക്ക് പകരമായി പുനർനിർമ്മിച്ച, ഓരോ യൂണിറ്റിലും 84 ടോയ്‌ലറ്റ് വീതമുള്ള രണ്ട് ടോയ്‌ലറ്റ് ബ്ലോക്കുകൾ. കൂടാതെ പരമ്പരാഗതപാതയിലും സ്വാമി അയ്യപ്പൻ റോഡിലും കൂടുതൽ ബയോയൂറിനൽ യൂണിറ്റുകളും സ്ഥാപിച്ചു.

6. പരമ്പരാഗത പാതയിലും സ്വാമി അയപ്പൻ റോഡിലും ഔഷധക്കൂട്ടുകളിട്ടു തിളപ്പിച്ച കുടിവെള്ളമുൾപ്പെടെയുള്ള ശുദ്ധജല വിതരണത്തിനും ലഘുഭക്ഷണങ്ങൾ ലഭ്യമാക്കുന്നതിനും ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

7. കുടിവെള്ള സംഭരണത്തിനായി 20 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള പുതിയ ടാങ്കുകളും കൂടാതെ പ്രത്യേകം ട്രീറ്റ് ചെയ്ത ശുദ്ധജലം ശബരിമലയിലും പമ്പയിലും ലഭ്യമാക്കുന്ന ക്രമീകരണവും ഏർപ്പെടുത്തിയിട്ടുണ്ട്.

8. നിലയ്ക്കലിൽ രണ്ടിലധികം കുഴൽ കിണറുകൾ സ്ഥാപിച്ച് പ്രവർത്തനയോഗ്യമാക്കി.

9. നിലയ്ക്കലിൽ ആവശ്യമായ ശുദ്ധജലം ടാങ്കർ ലോറികളിൽ

വിതരണം ചെയ്യാനുള്ള നടപടികൾ.

10. തീർത്ഥാടകർക്ക് സന്നിധാനത്തും പമ്പയിലും മുഴുവൻ സമയവും അന്നദാനം നടത്തുന്നതിനുള്ള ക്രമീകരണം.

11. പരമ്പരാഗത പാതയിലും സ്വാമി അയ്യപ്പൻ റോഡിലും ഓക്സിജൻ പാർലറുകളും അതിനോടനുബന്ധിച്ചുള്ള ഹെൽത്ത് കിയോസ്കുകളും, ഓക്സിജൻ പാർലറുകളുടെ എണ്ണവും വർദ്ധിപ്പിച്ചു.

12. അപ്പാച്ചിമേട് നീലിമല എന്നിവിടങ്ങളിലെ കാർഡിയോളജി സെന്ററുകളിൽ ഡോക്ടർമാരുടെ സേവനവും ആവശ്യമായ ഉപകരണങ്ങളും ഏർപ്പെടുത്തി.

13. അലോപ്പതി, ആയുർവേദം, ഹോമിയോ ആശുപത്രികൾക്കു പുറമേ എൻ.എസ്.എസ്. ആശുപത്രി, ശ്രീ മാതാ അമൃതാനന്ദമയി മഠത്തിന്റെ നിയന്ത്രണത്തിനുള്ള ആശുപത്രി എന്നിവയും പ്രവർത്തിക്കുന്നു.

14. പ്രധാന വഴിപാട് ഇനങ്ങളായ അപ്പം, അരവണ എന്നിവ ആവശ്യത്തിന് സ്റ്റോക്ക് ചെയ്തിട്ടുണ്ട്.

15. കുറ്റമറ്റ രീതിയിലുള്ള ശുചീകരണ പ്രവർത്തനങ്ങൾക്ക് ശബരിമല സാനിറ്റേഷൻ സൊസൈറ്റിക്കു പുറമെ മറ്റ് സന്നദ്ധ സംഘടനകളുടെ സേവനവും ഉറപ്പാക്കി കഴിഞ്ഞു.

16. പമ്പ ശബരിമല റൂട്ടിലും പമ്പ മുതൽ പ്ലാപ്പള്ളി വരെയും നിലയ്ക്കലിലും കൂടാതെ മറ്റ് വാഹന പാർക്കിംഗ് സ്ഥലങ്ങളിലും ആവശ്യമായ വെളിച്ച സംവിധാനം കെ.എസ്.ഇ.ബി. മുഖേനയും ആവശ്യമായ സ്ഥലങ്ങളിൽ ജനറേറ്ററുകൾ ഉപയോഗിച്ചും ഏർപ്പെടുത്തിയിട്ടുണ്ട്.

17. പരമ്പരാഗത പാതയിൽ വൈദ്യുതീകരണത്തിന് ഏരിയൽ ബഞ്ച് കേബിൾ സ്ഥാപിച്ചു.

18. നിലയ്ക്കലും പമ്പയിലും വാഹന പാർക്കിംഗിനായി വിപുലമായ ക്രമീകരണങ്ങൾ. നിലയ്ക്കലിൽ ചെറുതും വലുതുമായ പതിനായിരത്തോളം വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ട്.

19. കാനനപാതയിൽ കൂടുതൽ ബാരിക്കേട്ടുകൾ

20 പമ്പാ നദിയിൽ അടിഞ്ഞുകൂടിയിട്ടുള്ള തുണിയും മറ്റും നീക്കം ചെയ്യുന്നതിനുള്ള ക്രമീകരണം.

21. കുളിക്കടവുകളിൽ 6 ഭാഷകളിൽ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കൽ.

22. സന്നിധാനത്ത് 5 എം.എൽ.ഡി. ശേഷിയുള്ള പുതിയ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനം ആരംഭിച്ചു.

23. പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

24. സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തി.

25. പമ്പ മുതൽ മരക്കൂട്ടം വരെ നടപ്പന്തലുകൾക്കു പുറമെ മരക്കൂട്ടം മുതൽ ശരംകുത്തിവരെ പുതിയ 6 ക്യൂ കോംപ്ലക്സുകൾ സ്ഥാപിച്ചു.

(ബി) ദേവസ്വം ബോർഡ് ചെലവഴിച്ച തുക സംബന്ധിച്ച് കൃത്യമായ കണക്കുകൾ ലഭ്യമായി വരുന്നതേയുള്ളൂ.

(സി) ഉണ്ട്. മാലിന്യനിർമ്മാർജ്ജനത്തിനായി സന്നിധാനത്ത് 5 എം.എൽ.ഡി. ശേഷിയുള്ള പുതിയ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് വിമുക്ത ശബരിമല എന്ന ആശയം നടപ്പിലാക്കുന്നതിന് ജില്ലാ ഭരണകൂടവുമായും സർക്കാർ വകുപ്പുകളുമായി യോജിച്ച് എല്ലാ നടപടികളും തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പുണ്യം പൂങ്കാവനം പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

**തിരുവിതാംകൂർ ദേവസ്വം ബോർഡ്**

150 (839) <u>ശ്രീമതി ജമീലാ പ്രകാശം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവതാംകൂർ ദേവസ്വം ബോർഡിൽ ഏതൊക്കെ തസ്തികകളിൽ നിലവിൽ എത്ര വീതം വേക്കൻസികൾ ഉണ്ട് എന്നതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ആശ്രിതനിയമനത്തിന് അപേക്ഷ സമർപ്പിച്ച് നിയമനം കാത്ത് കഴിയുന്ന എത്ര പേരാണുള്ളത് ;

(സി) അവരിൽ പലർക്കും നിയമനത്തിനുള്ള പ്രായപരിധി കഴിയാൻ പോകുന്നു എന്ന വസ്തുത കണക്കിലെടുത്ത് അവർക്ക് നിയമനം നൽകുന്നതിന് ഗവൺമെന്റ് പ്രത്യേക തീരുമാനം എടുത്ത് നിർദ്ദേശം നൽകാൻ തയ്യാറാകുമോ ?

<u>ഉത്തരം</u>

| | | | | |
|---|---|---|---|---|
| (എ) | 1. | ലോവർ ഡിവിഷൻ ക്ലാർക്ക് | - | 65 |
| | 2. | ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് | - | 7 |
| | 3. | പ്യൂൺ | - | 40 |
| | 4. | സ്ട്രോംഗ് റൂം ഗാർഡ് | - | 35 |
| | 5. | ഫുൾടൈം ശാന്തി | - | 25 |
| | 6. | പാർട്ട് ടൈം ശാന്തി | - | 52 |
| | 7. | കഴകം | - | 47 |
| | 8. | തളി | - | 46 |
| | 9. | വാച്ചർ | - | 93 |

(ബി&സി) ക്ലറിക്കൽ തസ്തികയിൽ 46 പേർ, പ്യൂൺ തസ്തികയിൽ 5 പേർ. ഓരോ സാമ്പത്തിക വർഷവും ഉണ്ടാകുന്ന ഒഴിവിന്റെ 10% മാണ് ആശ്രിത നിയമനത്തിനായി നീക്കിവയ്ക്കുന്നത്. നിലവിലെ നിയമപ്രകാരം സർക്കാർ വ്യവസ്ഥകൾക്കനുസൃതമായി നിയമനം നൽകുന്നതിന് തീരുമാനം എടുക്കേണ്ടത് അതാത് ദേവസ്വം ബോർഡുകളാണ്.

**തിരുവിതാംകൂർ ദേവസ്വം ബോർഡ്**

151 (840) ശ്രീ. മാത്യു ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും ഏതൊക്കെ തസ്തികകളിലാണ് പ്രസ്തുത ഒഴിവുകൾ ഉള്ളതെന്നും വിശദമാക്കുമോ ;

(ബി) ആശ്രിത നിയമനത്തിന് അപേക്ഷ സമർപ്പിച്ച് നിയമനം കാത്ത് കഴിയുന്ന എത്ര പേരാണുള്ളത്; അവരിൽ പലർക്കും നിയമനത്തിനുള്ള പ്രായപരിധി കഴിയാൻ പോകുന്നു എന്ന വസ്തുത കണക്കിലെടുത്ത് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

| | | | | |
|---|---|---|---|---|
| (എ) | 1. | ലോവർ ഡിവിഷൻ ക്ലാർക്ക് | - | 65 |
| | 2. | ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് | - | 7 |
| | 3. | പ്യൂൺ | - | 40 |
| | 4. | സ്ട്രോംഗ് റൂം ഗാർഡ് | - | 35 |
| | 5. | ഫുൾടൈം ശാന്തി | - | 25 |
| | 6. | പാർട്ട് ടൈം ശാന്തി | - | 52 |
| | 7. | കഴകം | - | 47 |
| | 8. | തളി | - | 46 |
| | 9. | വാച്ചർ | - | 93 |

(ബി) ക്ലറിക്കൽ തസ്തികയിൽ 46 പേർ, പ്യൂൺ തസ്തികയിൽ 5 പേർ. ഓരോ സാമ്പത്തിക വർഷവും ഉണ്ടാകുന്ന ഒഴിവിന്റെ 10% മാണ് ആശ്രിത നിയമനത്തിനായി നീക്കിവയ്ക്കുന്നത്.

**തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ഒഴിവുകൾ**

152 (841) <u>ശ്രീ. സി. കെ. നാണു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ എത്ര ഒഴിവുകൾ നിലവിൽ ഉണ്ടെന്നു വ്യക്തമാക്കുമോ; ഏതൊക്കെ തസ്തികകളിലാണ് ഒഴിവുകളുള്ളതെന്ന് വിശദമാക്കുമോ ;

(ബി) ആശ്രിതനിയമനത്തിന് അപേക്ഷ സമർപ്പിച്ച് നിയമനം കാത്ത് കഴിയുന്ന എത്ര പേരാണുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) അവരിൽ പലർക്കും നിയമനത്തിനുള്ള പ്രായപരിധി കഴിയാൻ പോകുന്ന വസ്തുത കണക്കിലെടുത്ത് നിയമനം നൽകുന്നതിന് ആവശ്യമായ നിർദ്ദേശം നൽകാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ ;

<u>ഉത്തരം</u>

| | | | | |
|---|---|---|---|---|
| (എ) | 1. | ലോവർ ഡിവിഷൻ ക്ലാർക്ക് | - | 65 |
| | 2. | ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് | - | 7 |
| | 3. | പ്യൂൺ | - | 40 |
| | 4. | സ്ട്രോംഗ് റൂം ഗാർഡ് | - | 35 |
| | 5. | ഫുൾടൈം ശാന്തി | - | 25 |
| | 6. | പാർട്ട് ടൈം ശാന്തി | - | 52 |
| | 7. | കഴകം | - | 47 |
| | 8. | തളി | - | 46 |
| | 9. | വാച്ചർ | - | 93 |

(ബി&സി) ക്ലറിക്കൽ തസ്തികയിൽ 46 പേർ, പ്യൂൺ തസ്തികയിൽ 5 പേർ. ഓരോ സാമ്പത്തിക വർഷവും ഉണ്ടാകുന്ന ഒഴിവിന്റെ 10%-മാണ് ആശ്രിത നിയമനത്തിനായി നീക്കിവയ്ക്കുന്നത്.

## തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഒഴിവുകൾ

153 (842) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്;വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ തസ്തികകളിലാണ് ഒഴിവുകൾ ഉള്ളത്; വിശദാംശം വ്യക്തമാക്കാമോ;

(സി) ആശ്രിത നിയമനത്തിന് അപേക്ഷ സമർപ്പിച്ച് നിയമനം കാത്ത് കഴിയുന്ന എത്ര പേരാണുള്ളത്; വ്യക്തമാക്കുമോ;

(ഡി) നിയമനത്തിനുള്ള പ്രായപരിധി കഴിയാൻ പോകുന്ന എന്ന വസ്തുത കണക്കിലെടുത്ത് അവർക്ക് നിയമനം നൽകുന്നതിന് സർക്കാർ പ്രത്യേക നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ ?

### ഉത്തരം

| | | | | |
|---|---|---|---|---|
| (എ&ബി) | 1. | ലോവർ ഡിവിഷൻ ക്ലാർക്ക് | - | 65 |
| | 2. | ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് | - | 7 |
| | 3. | പ്യൂൺ | - | 40 |
| | 4. | സ്ട്രോംഗ് റൂം ഗാർഡ് | - | 35 |
| | 5. | ഫുൾടൈം ശാന്തി | - | 25 |
| | 6. | പാർട്ട് ടൈം ശാന്തി | - | 52 |
| | 7. | കഴകം | - | 47 |
| | 8. | തളി | - | 46 |

9. വാച്ചർ - 93

(സി) ക്ലറിക്കൽ തസ്തികയിൽ 46 പേർ, പ്യൂൺ തസ്തികയിൽ 5 പേർ.

(ഡി) ഓരോ സാമ്പത്തിക വർഷവും ഉണ്ടാകുന്ന ഒഴിവിന്റെ 10%-മാണ് ആശ്രിത നിയമനത്തിനായി നീക്കിവയ്ക്കുന്നത്. നിലവിലെ നിയമ പ്രകാരം സർക്കാർ വ്യവസ്ഥകൾക്കനുസൃതമായി നിയമനം നൽകുന്നതിന് തീരുമാനമെടുക്കേണ്ടത് അതാത് ദേവസ്വം ബോർഡുകളാണ്.

**ക്ഷേത്രനടയിൽ സമർപ്പിക്കപ്പെടുന്ന ഉല്പന്നങ്ങളുടെ മുതൽക്കൂട്ട് രീതി**

154(843) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ നടയിൽ സമർപ്പിക്കപ്പെടുന്ന വിവിധ ഉത്പന്നങ്ങൾ ലേലം വഴിയോ മറ്റ് ഏതെങ്കിലും നടപടികളിലൂടെയോ ആണോ മുതൽ കൂട്ടുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിനായി സ്വീകരിക്കുന്ന നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ലേലത്തിനും മറ്റും പൊതുജനങ്ങൾക്ക് ഏതുരീതിയിലാണ് പങ്കെടുക്കുവാൻ കഴിയുന്നതെന്നും ലഭിച്ച ഉത്പന്നങ്ങളെ സംബന്ധിച്ചുള്ള വിവരണം ഏതു രീതിയിലാണ് പരസ്യപ്പെടുത്തുന്നതെന്നും വ്യക്തമാക്കുമോ ;

(ഡി) മേൽനടപടികൾ സംബന്ധിച്ചുള്ള പരാതികളും അഭിപ്രായങ്ങളും ആരെയാണ് അറിയിക്കേണ്ടതെന്നും ഇതു സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട ക്ഷേത്രങ്ങളിൽ പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ നടയിൽ സമർപ്പിക്കപ്പെടുന്ന ശർക്കര, പഞ്ചസാര എന്നിവ ക്ഷേത്രത്തിലെ

നിത്യനിദാനത്തിന് ആവശ്യമെങ്കിൽ ആയവസ്തു ഡിപ്പാർട്ടുമെന്റ് നിശ്ചയിച്ചിട്ടുള്ള റേറ്റ് കണക്കാക്കി തുക എഴുതി ഒടുക്കുവരുത്തി ആയവ ഉപയോഗിക്കുവാൻ ചുമതലക്കാർക്ക് നിർദ്ദേശം നൽകി ഉത്തരവ് നൽകാറുണ്ട്. മറ്റുള്ള വകകൾ ലേലം ചെയ്ത് ദേവസ്വം ഫണ്ടിൽ മുതൽക്കൂട്ടുകയാണ് ചെയ്തുവരുന്നത്. നടവരവായി ലഭിക്കുന്ന സാധനങ്ങൾക്ക് ക്രമ പ്രകാരം രസീത് നൽകുകയും അവയിൽ സൂക്ഷിച്ചുവയ്ക്കുവാൻ കഴിയാത്തവ അന്ന് തന്നെ സബ് ഗ്രൂപ്പ് ഓഫീസർ ലേലം ചെയ്യുകയും തുക ദേവസ്വം ഫണ്ടിൽ ഒടുക്കു വരുത്തുകയും മറ്റുള്ളവയുടെ വിവരം അസിസ്റ്റന്റ് കമ്മീഷണർക്ക് റിപ്പോർട്ട് ചെയ്ത് നിശ്ചിത ഇടവേളകളിൽ ലേല ഡയറി പ്രകാരം ലേലം ചെയ്ത് മുതൽക്കൂട്ടുകയുമാണ് ചെയ്തുവരുന്നത്.

(സി&ഡി) ലേല പരസ്യം പൊതുജനങ്ങൾക്ക് കാണത്തക്കവിധം പ്രസിദ്ധപ്പെടുത്തുകയും ഒരു കോപ്പിയിൽ ലേലത്തിൽ പങ്കെടുത്തവരെയെല്ലാംകൊണ്ട് ഒപ്പിടുവിക്കുകയും ചെയ്തുവരുന്നു. ഇതു സംബന്ധിച്ചുള്ള പരാതികളും അഭിപ്രായങ്ങളും ബന്ധപ്പെട്ട അസിസ്റ്റന്റ് കമ്മീഷണറെ അറിയിക്കാവുന്നതാണ്. പൊതുജനങ്ങളുടെ അറിവിലേയ്ക്കായി അതാത് സമയത്തെ ലേല വിവരങ്ങൾ പ്രസിദ്ധപ്പെടുത്താറുണ്ട്.

**"മൈനർ ഇറിഗേഷൻ സബ് ഡിവിഷൻ ഓഫീസ് രൂപീകരണം"**

155(844) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ പുതിയ മൈനർ ഇറിഗേഷൻ സബ്ഡിവിഷൻ ഓഫീസ് രൂപീകരിക്കുന്നതു സംബന്ധിച്ച് ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ നിലവിലുള്ള സി3/ 40905/13 നമ്പർ ഫയലിൽ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഓഫീസ് രൂപീകരിക്കുന്നതു സംബന്ധിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; പ്രസ്തുത ഫയൽ സർക്കാരിലേക്ക് അയയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കെ.ഐ.പി. (ആർ.ബി) സർക്കിൾ, കൊട്ടാരക്കര കാര്യാലയത്തിൽ

നിന്നും ഒരു സബ് ഡിവിഷൻ മൈനർ ഇറിഗേഷൻ കടുത്തുരുത്തിയിലോട്ട് മാറ്റുന്നതിനുള്ള നടപടികൾ പ്രസ്തുത ഫയലിൽ സ്വീകരിച്ചുവരുന്നതായി ചീഫ് എഞ്ചിനീയർ (ഐ&എ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടില്ല.

**ഇറിഗേഷൻ വകുപ്പിന്റെ സ്ഥലങ്ങൾ കയ്യേറ്റം**

156(845) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇറിഗേഷൻ വകുപ്പിന്റെ പഴശ്ശി ഇറിഗേഷന്റെ ഭൂമി വ്യാപകമായ തോതിൽ കയ്യേറ്റം നടന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അവ തിരിച്ചു പിടിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

പഴശ്ശി ഇറിഗേഷന്റെ ഭൂമിയിൽ വ്യാപകമായി കണ്ടെത്തുന്ന കയ്യേറ്റങ്ങൾ റവന്യൂ വകുപ്പിന്റെ സഹായത്തോടെ അടയാളപ്പെടുത്തി ഒഴിപ്പിക്കാനുള്ള നടപടികൾ നടത്തുന്നുണ്ട്. കുറ്റക്കാർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തു നടപടികൾ നടന്നുവരുന്നു. റിസർവോയർ ഏരിയയുടെ അതിർത്തി അളന്ന് കല്ലുകളും ജണ്ടുകളും സ്ഥാപിക്കുവാനും കമ്പിവേലികൾ സ്ഥാപിക്കാനുമുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഡി.ആർ.ഐ.പി. പദ്ധതിയിൽ ഉൾപ്പെടുത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. മെയിൻ കനാലിന്റെ ആദ്യത്തെ 5 കി. മീറ്റർ ദൂരത്തിൽ അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി നടപ്പിലാക്കാനുള്ള നടപടികൾ തുടർന്നുവരുന്നു. ബാക്കിയുള്ള കനാൽ ഭാഗങ്ങൾ കൂടി സർവ്വേ നടത്തി അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതോടെ കയ്യേറ്റങ്ങൾ മുഴുവനായും ഒഴിപ്പിക്കാനും തടയാനും കഴിയുന്നതാണ്.

**ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി**

157(846) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ വഴി നടപ്പാക്കുന്ന 'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; ഇതനുസരിച്ച് വൈക്കം നിയോജക മണ്ഡലത്തിൽ ഈ പദ്ധതിക്കായി എത്ര കുളങ്ങൾ തെരഞ്ഞെടുത്തിട്ടുണ്ടെന്നുള്ള വിവരങ്ങളും വ്യക്തമാക്കുമോ;

(ബി) 'ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി' എന്നത്തേക്ക് പൂർത്തീകരിക്കാനാണ് വകുപ്പ് ലക്ഷ്യമിടുന്നതെന്നും കുളങ്ങൾ തുടർന്നും ഉപയോഗയോഗ്യമാക്കി നിറുത്തുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) 'ഒരു പഞ്ചായത്തിൽ ഒരു കുളം' പദ്ധതി പ്രകാരം വൈക്കം നിയോജക മണ്ഡലത്തിൽ തെരഞ്ഞെടുക്കപ്പെട്ട കുളങ്ങളിൽ പണി ആരംഭിച്ചതോ പൂർത്തിയാക്കിയതോ ആയ കുളങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 'ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി' പ്രകാരം 354 കുളങ്ങൾ നവീകരിക്കുന്നതിനായി 72.75 കോടി രൂപയുടെ ഭരണാനുമതി നൽകി. ഇതനുസരിച്ച് വൈക്കം നിയോജക മണ്ഡലത്തിൽ 4 കുളങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) എത്രയും വേഗം പദ്ധതി പൂർത്തീകരിക്കുന്നതാണ്. പൂർത്തീകരിച്ച കുളങ്ങൾ ഉപയോഗയോഗ്യമാക്കി നിറുത്തുന്നതിന് പ്രസ്തുത കുളങ്ങൾ കർഷക സമിതികൾക്കോ പഞ്ചായത്തുകൾക്കോ ഏറ്റെടുത്ത് സംരക്ഷിക്കാവുന്നതാണ്. അല്ലാത്ത പക്ഷം ജലസേചന വകുപ്പിന്റെ നോൺപ്ലാൻ ഹെഡിൽ വകയിരുത്തി കാലാകാലങ്ങളിലെ പുനരുദ്ധാരണ പണികൾ വകുപ്പ് ഏറ്റെടുത്ത് നടത്തുന്നതാണ്.

| | | | |
|---|---|---|---|
| (സി) | 1. | അയ്യർക്കുളം-വൈക്കം മുനിസിപ്പാലിറ്റി<br>ചെമ്മനത്തുകര അമ്പലക്കുളം-ടിവി പുരം പഞ്ചായത്ത് | പണി പൂർത്തീകരിച്ചു. |
| | 2. | ഇടയാഴം അമ്പലക്കുളം - വെമ്പൂർ<br>ഇരുമ്പുഴീക്കര കോളനി കുളം-ഉദയപുരം | എഗ്രിമെന്റ് വച്ച് പണി തുടങ്ങിയപ്പോൾ കോൺട്രാക്ടർ മരണപ്പെട്ടതുകാരണം റീ ടെണ്ടർ നടപടി സ്വീകരിച്ചുവരുന്നു. |

**ഒരു പഞ്ചായത്തിന് ഒരു കുളം പദ്ധതി**

158 (847) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു പഞ്ചായത്തിന് ഒരു കുളം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു പ്രദേശത്തിന്റെ ജലലഭ്യതയും കൃഷിയും നിലനിർത്തുന്നതിൽ കുളങ്ങൾക്ക് വലിയ സ്ഥാനമാണുള്ളത്. ജലസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായാണ് കുളങ്ങളുടെ പുനരുദ്ധാരണത്തിന് തുടക്കം കുറിച്ചത്. ഇതിലൂടെ കുളങ്ങൾ നവീകരിച്ച് പൂർവ്വകാല പ്രൗഢി വീണ്ടെടുക്കുവാൻ സാധിക്കുകയും കുളങ്ങൾ ജനങ്ങൾക്കും മറ്റ് ജീവജാലങ്ങൾക്കും ഉപയോഗപ്രദമാകുന്ന തരത്തിൽ മാറ്റിയെടുക്കാൻ സാധിക്കുകയും ചെയ്യും. മഴക്കാലത്ത് ലഭ്യമാകുന്ന അധികജലം സംഭരിച്ച് ജലലഭ്യത കുറഞ്ഞ സമയങ്ങളിൽ കൃഷിക്കും മറ്റ് ആവശ്യങ്ങൾക്കും ലഭ്യമാക്കുക, ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക, ഭൂഗർഭ ജലവിതാനം നിലനിർത്തുക, പാരിസ്ഥിതിക ധർമ്മങ്ങൾക്കായുള്ള ജലം ലഭ്യമാക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ.

(സി) ജലസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഇതുവരെ വിവിധ പദ്ധതികളിലായി 689 കുളങ്ങൾ നവീകരിക്കുന്നതിന് 152.44 കോടി രൂപയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി 354 കുളങ്ങൾക്ക് 72.75 കോടി രൂപയും റിപ്പയർ, റിനവേഷൻ, റെസ്റ്റൊറേഷൻ

പദ്ധതിയിൽ ഉൾപ്പെടുത്തി 134 കുളങ്ങൾക്ക് 29 കോടി രൂപയും 2013-14 ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം മലപ്പുറം, പാലക്കാട്, തൃശ്ശൂർ എന്നീ ജില്ലകളിലായി 21 കുളങ്ങൾ നവീകരിക്കുന്നതിന് 5.69 കോടി രൂപയും 13-ാം ധനകാര്യ കമ്മീഷൻ, നബാർഡ് ധനസഹായം എന്നിവയിൽ ഉൾപ്പെടുത്തി 180 കുളങ്ങൾക്കായി 45 കോടി രൂപയുമാണ് അനുവദിച്ചിട്ടുള്ളത്.

**ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി**

159 (848) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി നെന്മാറ നിയോജക മണ്ഡലത്തിലെ എത്ര കുളങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) കുളങ്ങളുടെ നവീകരണവുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിലേക്ക് എത്ര ഫണ്ട് അനുവദിച്ചിട്ടുണ്ടെന്നും ആയത് ഏതെല്ലാം പഞ്ചായത്തുകളിലാണ് വിനിയോഗിച്ചത് എന്നും വിശദമാക്കുമോ?

ഉത്തരം

(എ) നെന്മാറ നിയോജക മണ്ഡലത്തിൽ ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതിയിൽ ഉൾപ്പെടുത്തി കുളങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ഒന്നും നടപ്പാക്കിയിട്ടില്ല.

(ബി) കുളങ്ങളുടെ നവീകരണവുമായി ബന്ധപ്പെട്ട് പാലക്കാട് ജില്ലയിൽ 101.80 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നാഗലശ്ശേരി, കൊപ്പം, അകത്തേതറ, കപ്പൂർ, കുമര പുത്തൂർ പഞ്ചായത്തുകളിലും പാലക്കാട് മുനിസിപ്പാലിറ്റിയിലുമാണ് തുക വിനിയോഗിച്ചത്.

**ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി**

160 (849) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ആകെ എത്ര കുളങ്ങൾ നവീകരിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) എത്ര കുളങ്ങൾ നവീകരിക്കാൻ ബാക്കിയുണ്ടെന്ന് ജില്ല തിരിച്ച് അറിയിക്കുമോ; ആയതിന്റെ കാരണം വിശദമാക്കുമോ;

(ഡി) പെരുമ്പാവൂർ നിയോജക മണ്ഡലത്തിൽ ഏതൊക്കെ കുളങ്ങളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും ഓരോ കുളത്തിനും എത്ര തുക വീതം ചെലവഴിച്ചെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്.

(ബി&സി) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം ആകെ 194 കുളങ്ങൾ നവീകരിച്ചിട്ടുണ്ട്. നവീകരിച്ച കുളങ്ങൾ, നവീകരിക്കാൻ ബാക്കിയുള്ള കുളങ്ങൾ എന്നിവ സംബന്ധിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു.* അതിർത്തി നിശ്ചയിക്കുന്നത് സംബന്ധിച്ച തടസ്സം, പൊതുജനങ്ങളുടെ എതിർപ്പ്, പണി ഏറ്റെടുക്കാൻ കരാറുകാർ ആരും തയ്യാറാകാത്തത് എന്നിവ നിമിത്തമാണ് പ്രവൃത്തി തുടങ്ങാൻ സാധിക്കാത്തത്.

(ഡി) പെരുമ്പാവൂർ നിയോജക മണ്ഡലത്തിലെ കൂവപ്പടി പഞ്ചായത്തിന് കീഴിലുള്ള പടിക്കലപ്പാരം ഗീത ചിറയുടെ പ്രവൃത്തി പൂർത്തിയായി. ഇതിനായി 9,49,355 രൂപ ചെലവഴിച്ചു.

**എസ്.എൽ.എസ്.സി. കുടിവെള്ള പദ്ധതികൾ**

161 (850) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിൽ എസ്.എൽ.എസ്.സി.-യുടെ അനുമതി ലഭിച്ച

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പുതിയ കടിവെള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ; ഓരോ പദ്ധതിയുടെയും വിശദാംശം നിലവിലെ സാഹചര്യം എന്നിവ വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ 5 വർഷത്തിനിടയിൽ മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി പൂർത്തീകരിച്ചതും, ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുമായ കുടിവെള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) തരൂർ മണ്ഡലത്തിൽ എസ്.എൽ.എസ്.സി.-യുടെ അനുമതി ലഭിച്ച പദ്ധതികൾ താഴെപ്പറയുന്നവയാണ്:

1. എൻ.ആർ.ഡി.ഡബ്ല്യൂ.പി.-2011- പെരിങ്ങോട്ടുകുറിശ്ശി കുത്തന്നൂർ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് കേരള വാട്ടർ അതോറിറ്റിയുടെ 11-5-2014-ലെ KWA/HO/ WN/5/2011-12 നമ്പർ ഉത്തരവ് പ്രകാരം 1,800 ലക്ഷം രൂപയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി 4.5 എം.എൽ.ഡി. ജലശുദ്ധീകരണശാല, 7.50 ലക്ഷം ലിറ്റർ ഉന്നതതല സംഭരണി, 7.00 ലക്ഷം ലിറ്റർ ഉന്നതതല സംഭരണി, പ്രധാന പൈപ്പ് ലൈനുകൾ, വിതരണശൃംഖല, പമ്പ് സെറ്റുകൾ എന്നിവ പൂർത്തീകരിച്ച് 24-4-2015-ന് കമ്മീഷൻ ചെയ്തു. ഈ പദ്ധതിയുടെ രണ്ടാംഘട്ടത്തിനായി 1100 ലക്ഷം രൂപയുള്ള ഒരു വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് അടുത്ത എസ്.എൽ.എസ്.സി.-യിൽ സമർപ്പിക്കുന്നത് പരിഗണനയിലാണ്.

2. എൻ.ആർ.ഡി.ഡബ്ല്യൂ.പി.-2014 - വണ്ടാഴി, കിഴക്കഞ്ചേരി, വടക്കാഞ്ചേരി പഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടത്തിനായി 8-10-2014-ലെ സ.ഉ.(സാധാ) നമ്പർ 954/14/ജവിവ നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഇൻടേക്ക്, ജലശുദ്ധീകരണശാല എന്നിവയ്ക്കുള്ള സ്ഥലം ജലസേചന വകുപ്പിൽനിന്നും ലഭിക്കാത്തതിനാൽ വാട്ടർ അതോറിറ്റിയുടെ ഭരണാനുമതി നൽകിയിട്ടില്ല.

(ബി) കഴിഞ്ഞ 5 വർഷത്തിനിടയിൽ തൃത്താല മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി പൂർത്തീകരിച്ച പദ്ധതികൾ താഴെപ്പറയുന്നവയാണ്:

1. എൻ.ആർ.ഡി.ഡബ്ല്യൂ.പി.-2011 – പെരിങ്ങോട്ടുകുറിശ്ശി കുത്തന്നൂർ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി.
2. ജില്ലാ പഞ്ചായത്ത് ഡെപ്പോസിറ്റ് വർക്ക് 2012-13 കുട്ടർകോട് കുടിവെള്ള പദ്ധതി.
3. ജില്ലാ പഞ്ചായത്ത് ഡെപ്പോസിറ്റ് വർക്ക് 2014-15 കണ്ണമ്പ്ര പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിലേയ്ക്ക് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ.
4. എം.പി.എൽ.എ.ഡി. 2014-15 പെരിങ്ങോട്ടുകുറിശ്ശിയിലെ നടുവത്തുപാറ, ചൂലന്നൂർ കുടിവെള്ള പദ്ധതി.
5. ജില്ലാ പഞ്ചായത്ത് ഡെപ്പോസിറ്റ് - കുത്തന്നൂർ പഞ്ചായത്തിലെ കോട്ടാംകോട് - പൂതാകോട്ട് കുടിവെള്ള പദ്ധതി.
6. വരൾച്ചാ ദുരിതാശ്വാസ പദ്ധതി എസ്.ഡി.ആർ.എഫ്. - പുതുകോട്ടുള്ള തച്ചനടി കുടിവെള്ള പദ്ധതി.
7. 29 ആർ.ഡബ്ല്യൂ.എസ്.എസ്. വടക്കാഞ്ചേരി പഞ്ചായത്തിലെ പള്ളറോഡ് പുളിക്കമല പദ്ധതി.
8. ജില്ലാ കളക്ടറുടെ വരൾച്ച ദുരിതാശ്വാസ പദ്ധതി - തൃത്താല പഞ്ചായത്തിലെ അത്തിപ്പാറയിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ.
9. വരൾച്ച ദുരിതാശ്വാസ പദ്ധതി - എസ്.ഡി.ആർ.എഫ് - പെരിങ്ങോട്ടുകുറിശ്ശി പഞ്ചായത്തിലെ പരുത്തിപ്പള്ളിയിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ.
10. ജില്ലാ പഞ്ചായത്ത് ഡെപ്പോസിറ്റ് വർക്ക് 2012-13 തൃത്താല പഞ്ചായത്തിലെ ചമ്മനി എസ്.സി.കോളനി.

11. എം.പി.എൽ.എ.ഡി. 2012-13 വടക്കാഞ്ചേരി ടൗണിൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ.

12. വരൾച്ചാ ദുരിതാശ്വാസ പദ്ധതി - 2012 – തരൂർ പഞ്ചായത്തിലെ ഒരുമാടക്കുന്ന് കുടിവെള്ള പദ്ധതി.

13. ജില്ലാ പഞ്ചായത്ത് ഡെപ്പോസിറ്റ് വർക്ക് 2011-12– കാവശ്ശേരി പഞ്ചായത്തിലെ തെക്കെപ്പൊറ്റ പാട്ടൂർ കുടിവെള്ള പദ്ധതി.

14. ജില്ലാ പഞ്ചായത്ത് ഡെപ്പോസിറ്റ് - കണ്ണമ്പ്ര പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ.

15. എം.പി.എൽ.എ.ഡി. 2009-10 – കുത്തന്നൂർ പഞ്ചായത്തിലെ പട്ടുകത്തറ – പാങ്ങോട് കുടിവെള്ള പദ്ധതി.

16. ജില്ലാ പഞ്ചായത്ത് ഡെപ്പോസിറ്റ് - പെരിങ്ങോട്ടുകുറിശ്ശി പഞ്ചായത്തിലെ മണ്ണിൽക്കുളം കുടിവെള്ള പദ്ധതി.

17. ജില്ലാ പഞ്ചായത്ത് ഡെപ്പോസിറ്റ് - മാത്തൂർ പഞ്ചായത്തിലെ പുള്ളിനെല്ലി അഗ്രഹാരം കുടിവെള്ള പദ്ധതി.

18. ജില്ലാ പഞ്ചായത്ത് ഡെപ്പോസിറ്റ് - കാവശ്ശേരി പഞ്ചായത്തിലെ കുമ്പാശത്തറ – വക്കീൽപ്പടി കുടിവെള്ള പദ്ധതി.

തരൂർ മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ നിർമ്മാണത്തിലിരിക്കുന്ന പ്രവൃത്തികൾ ഒന്നും തന്നെയില്ല.

**കേരള വാട്ടർ അതോറിറ്റിയുടെ മൊത്തവരുമാനം**

162 (851) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരള വാട്ടർ അതോറിറ്റി എത്ര തവണ വെള്ളക്കരം വർദ്ധിപ്പിക്കുകയുണ്ടായി; ഓരോ തവണയും എത്ര ശതമാനം വീതം നിരക്ക് വർദ്ധിപ്പിച്ചു;

(ബി) 2010-11 വർഷത്തിൽ വെള്ളക്കരത്തിലൂടെ കേരള വാട്ടർ അതോറിറ്റിക്ക് ലഭിച്ച വരുമാനം എത്ര കോടി രൂപയായിരുന്നു; 2014-15 സാമ്പത്തിക വർഷത്തെ

മൊത്ത വരുമാനം എത്ര കോടി രൂപയായിരുന്നു; 2015-16 വർഷത്തിൽ കേരള വാട്ടർ അതോറിറ്റി പ്രതീക്ഷിക്കുന്ന വരുമാനം എത്ര കോടി രൂപയാണ്;

(സി) കേരള വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള ഉപഭോക്താക്കൾ എത്രയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം 25-9-2014-ൽ ഒരു പ്രാവശ്യം മാത്രമാണ് കുടിവെള്ള ചാർജ് വർദ്ധിപ്പിച്ചത്. വ്യത്യസ്ത സ്ലാബുകളിലായി ശരാശരി 0% മുതൽ 112.25% വരെയാണ് വർദ്ധനാ നിരക്ക്.

(ബി) 2010-11-ലെ വരുമാനം 274.44 കോടി രൂപയായിരുന്നു. 2014-15 വർഷത്തെ വരുമാനം 372.82 കോടി രൂപയായിരുന്നു. 2015-16 വർഷത്തിൽ ഏകദേശം 480 കോടി രൂപ വരവ് പ്രതീക്ഷിക്കുന്നു.

(സി) കേരള വാട്ടർ അതോറിറ്റിയിൽ ഇപ്പോൾ 18,49,827 ഉപഭോക്താക്കളുണ്ട്.

**വടകര മാഹി കനാൽ**

163 (852) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര-മാഹി കനാലിന്റെ നിർമ്മാണം സംബന്ധിച്ച പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ;

(ബി) കനാലിന് കുറുകെ എത്ര പാലങ്ങൾ നിർമ്മിക്കുന്നതിനാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്നും ഓരോ പാലങ്ങൾക്കും എത്ര തുകയ്ക്കുള്ള ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 17.61 കി. മീറ്റർ നീളമുള്ള വടകര-മാഹി കനാലിൽ 5 റീച്ചുകളിലായാണ് പ്രവൃത്തികൾ പുരോഗമിക്കുന്നത്. ഇതിൽ ഒന്നാമത്തെ റീച്ചിൽ നബാർഡ്-ആർ.ഐ.ഡി.എഫ്-XVII-ൽ ഉൾപ്പെടുത്തി 23 കോടി രൂപയും അടുത്ത മൂന്ന് റീച്ചുകൾക്ക് 13-ാം ധനകാര്യകമ്മീഷനിൽ ഉൾപ്പെടുത്തി 70 കോടി രൂപയും

(22+28+20) 5-ാമത്തെ റീച്ച് സ്റ്റേറ്റ് ഫണ്ടിൽ ഉൾപ്പെടുത്തി 23.25 കോടി രൂപയും ഉൾപ്പെടെ മൊത്തം 116.25 കോടി രൂപയുടെ ഭരണാനുമതിയും, സാങ്കേതികാനുമതിയും നൽകുകയുണ്ടായി. ഇതിൽ 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തിയ മൂന്ന് റീച്ചുകളിൽ ചാനൽ ഫോർമേഷൻ പൂർത്തിയായിട്ടുണ്ട്. സ്റ്റേറ്റ് ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്ന 5-ാമത്തെ റീച്ചിന്റെ 25% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. നബാർഡ്-ആർ.ഐ.ഡി.എഫ് 17-ൽ ഉൾപ്പെട്ട ഒന്നാമത്തെ റീച്ചിൽ 20% പണികൾ പൂർത്തീകരിച്ചുവെങ്കിലും സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഫോർക്ലോസ് ചെയ്തു.

(ബി) വടകര-മാഹി കനാലിനു കുറുകെ 6 റോഡ്-മേൽപാലങ്ങൾ നിർമ്മിക്കേണ്ടതായിട്ടുണ്ട്. ഇതിൽ മൂന്ന് പാലങ്ങൾ നിർമ്മിക്കുന്നതിനായുള്ള 29.75 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ കനാലിനു കുറുകെ ആറ് നടപ്പാലങ്ങൾക്കായുള്ള 5.73 കോടി രൂപയുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. ഭരണാനുമതി ലഭ്യമായ പാലങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| 1. | പറമ്പിൽ | .. | 995 ലക്ഷം |
| 2. | കല്ലേരി | .. | 970 ലക്ഷം |
| 3. | കന്നിനട | .. | 10.10 കോടി |
| 4. | 6 സ്റ്റീൽ നടപ്പാലങ്ങൾ | .. | 573 ലക്ഷം |

### സമഗ്ര കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ

164 (853) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ, പഴയകുന്നുമ്മേൽ, മടവൂർ ഗ്രാമപഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) ഏതെല്ലാം ജോലികളാണ് ഇനി ബാക്കിയുള്ളതെന്നും എന്നത്തേക്ക് കമ്മീഷൻ ചെയ്യുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി 2016 മാർച്ചിൽ കമ്മീഷൻ ചെയ്യുമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ നൽകിയ ഉറപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) കിളിമാനൂർ, പഴയകുന്നുമ്മേൽ, മടവൂർ ഗ്രാമപഞ്ചായത്തുകൾക്കായുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏകദേശം 90% പൂർത്തിയായി. കൈലാസംകുന്ന് ടാങ്കിന്റെയും ജലശുദ്ധീകരണശാലയുടെയും സോൺ (2), (3)-ന്റെ ജലവിതരണ ശൃംഖലയുടെയും തട്ടത്തുമല സമ്പ് 20 പമ്പ് ഹൗസിന്റെയും സോൺ 1-ലെ ജലവിതരണ ശൃംഖല പി.വി.സി. പൈപ്പുകളുടെയും പണികൾ പൂർത്തിയായി. ബാക്കിയുള്ള പണികൾ പുരോഗമിച്ചുവരുന്നു.

(ബി&സി) കാരേറ്റ്, തട്ടത്തുമല, ഇരട്ടിച്ചിറ എന്നിവിടങ്ങളിലെ ട്രാൻസ്ഫോർമർ ബിൽഡിംഗിന്റെ പണികൾ പുരോഗമിച്ചുവരുന്നു. ട്രാൻസ്ഫോർമർ, പമ്പ് മോട്ടോർ എന്നിവ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തിയായി കഴിഞ്ഞു. സോൺ 1-ൽ ബാക്കിയുള്ള 3300 മീറ്റർ പൈപ്പ് ലൈനിന്റെ പണികൾ പുരോഗമിച്ചുവരുന്നു. ഇരട്ടിച്ചിറ മുതൽ കിളിമാനൂർ ജംഗ്ഷൻ വരെയുള്ള പൈപ്പ് ലൈനിന്റെ ബാക്കിയുള്ള 300 മീറ്റർ പണി പുരോഗമിച്ചുവരുന്നു. 2016 മാർച്ചിലാണ് കമ്മീഷൻ ചെയ്യാൻ തീരുമാനിച്ചിട്ടുള്ളത്.

**ജലാശയ മലിനീകരണം**

165 (854) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നദികളും തോടുകളിലും കോളി ഫോം ബാക്ടീരിയയുടെ അളവ് വർദ്ധിച്ച് വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജലാശയങ്ങളിലെ മലിനീകരണം തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) കുടിവെള്ള പദ്ധതികളെ ദോഷകരമായി ബാധിക്കുന്ന കോളിഫോം

ബാക്ടീരിയയുടെ വ്യാപനം തടയുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് മലനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തിവരുന്നു. 1974-ലെ ജല (മലിനീകരണവും നിയന്ത്രണവും) നിയമംമൂലം വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവയെ ജല നിയമ പ്രകാരമുള്ള അനുമതിപരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിച്ചും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു. കൂടാതെ 2000 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള പാർപ്പിട ഉത്തുംഗ കെട്ടിടങ്ങൾക്കും (High rise building) സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർബന്ധമാക്കിയിട്ടുണ്ട്.

(സി) നിലവിൽ തിരുവനന്തപുരം ജില്ലയിൽ 107 MLD ശേഷിയുള്ള ഒരു സീവേജ് ശുദ്ധീകരണ പ്ലാന്റും എറണാകുളം ജില്ലയിൽ ഇളംകുളത്ത് 4.5 MLD ശേഷിയുള്ള സീവേജ് ശുദ്ധീകരണ പ്ലാന്റും ശബരിമലയിലെ പമ്പയിൽ 3.5 MLD യുടെ സീവേജ് ശുദ്ധീകരണ പ്ലാന്റ് ശബരിമല സീസണിലും പ്രവർത്തിച്ചുവരുന്നു. കൂടാതെ സന്നിധാനത്ത് 5 MLD പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ പൂർണ്ണമായി പ്രവർത്തനക്ഷമമായിട്ടില്ല. ഗുരുവായൂരിൽ 3 MLD ശേഷിയുള്ള ഒരു സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ സീവറേജ് സിസ്റ്റം (സീവർ ലൈനുകൾ) പൂർത്തീകരിക്കാത്തതിനാൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഹൗസ് ബോട്ടുകളിൽ നിന്നുള്ള സീവേജ് മാലിന്യം സംസ്കരിക്കുന്നതിനായി കോട്ടയത്തെ കുമരകത്തും, ആലപ്പുഴയിലെ കുന്നമ്മയിലും ഓരോ സീവേജ് ശുദ്ധീകരണ പ്ലാന്റുകൾ നിലവിലുണ്ട്. കോട്ടയത്ത് ഗാന്ധിനഗറിലും കണ്ണൂരിൽ തളിപ്പറമ്പിലും ഓരോ ചെറിയ സീവേജ് ശുദ്ധീകരണ പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. കൊല്ലം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ കേരള സുസ്ഥിര നഗര വികസന പദ്ധതിയിൽ

ഉൾപ്പെടുത്തി സീവേജ് ശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. കേരള വാട്ടർ അതോറിറ്റിയുടെ പദ്ധതികളുടെ സ്രോതസ്സുകളുടെ ജലം വിവിധതലത്തിൽ നിശ്ചിത ഇടവേളകളിൽ പരിശോധന നടത്തി ശുദ്ധീകരിച്ചതിനുശേഷം ഇൻഡ്യൻ സ്റ്റാൻഡേർഡ് നിഷ്കർഷിക്കുന്ന ഗുണനിലവാരം ഉറപ്പുവരുത്തിയതിനുശേഷം മാത്രമെ വിതരണം ചെയ്യാറുള്ളൂ. ജലസ്രോതസ്സുകൾ മലിനമാക്കുന്നത് പ്രധാനമായും ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നത്, അഴുക്കുചാലുകൾ, ഓടകൾ എന്നിവ ജലാശയങ്ങളിലേക്ക് തുറന്നുവിടുന്നത്, നഗരവത്ക്കരണത്തിന്റെ ഭാഗമായി നടത്തുന്ന വികസന പ്രവർത്തനങ്ങൾ എന്നിവമൂലമാണ്. ഇവ നിയന്ത്രിക്കുന്നതിന് നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, നഗരപ്രദേശങ്ങളിൽ, ജലാശയങ്ങളിലേക്ക് നേരിട്ട് മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനായി കമ്പിവല സ്ഥാപിക്കുന്ന പ്രവൃത്തി സാമ്പത്തിക ലഭ്യതയനുസരിച്ച് ജലസേചന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. കൂടാതെ, നദികളിലെ നീരൊഴുക്ക് സ്ഥായിയാക്കുന്നതിനായി തടയണകളും നിർമ്മിച്ചുവരുന്നു.

**മുനയം റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണം**

166 (855) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിലെ മുനയം റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണത്തിന് 21.75 കോടി രൂപ അനുവദിച്ചതിനെ തുടർന്നുള്ള പ്രവർത്തന പുരോഗതി വിശദീകരിക്കുമോ;

(ബി) സിംഗിൾ ലെയിൻ സ്ഥിരം ബണ്ട് നിർമ്മാണത്തിന്ന് സാങ്കേതികാനുമതി ലഭിക്കുന്നതിനുള്ള കാലതാമസത്തിനു കാരണം വിശദീകരിക്കുമോ;

(സി) സ്ഥിരം ബണ്ട് നിർമ്മാണം എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) നാട്ടിക നിയോജക മണ്ഡലത്തിലെ മുനയം RCB-യുടെ നിർമ്മാണത്തിനായി G.O.(Rt)No. 1066/13/WRD നമ്പർ ഉത്തരവുപ്രകാരം 21.75 കോടി രൂപയുടെ ഭരണാനുമതി നൽകി. ഭരണാനുമതി തുകയിൽ പരിമിതപ്പെടുത്തി ഇരട്ടവരിപ്പാതയോടെയുള്ള റഗുലേറ്റർ (7 മീറ്റർ വീതി) നിർമ്മിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി) പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാവുകയും സ്ഥലം ഏറ്റെടുപ്പ് നടപടികൾ പൂർത്തിയാവുകയും ചെയ്യുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കാൻ കഴിയുന്നതാണ്.

**ജലവിഭവ വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികൾ**

167 (856) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ പമ്പ ഇറിഗേഷൻ പ്രോജക്ടിന്റെയും കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെയും ഭാഗമായ അക്വിഡേറ്റുകൾ ശോചനീയാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഇവയുടെ ശോചനീയാവസ്ഥ അടിയന്തരമായി പരിഹരിക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം ജലവിഭവ വകുപ്പ് നാളിതുവരെ മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) മാവേലിക്കര മണ്ഡലത്തിലെ പമ്പ ഇറിഗേഷൻ പ്രോജക്ടിൽ വരുന്ന ഉംബർനാട് അക്വഡക്ടിന്റെ ചോർച്ച ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ മണ്ഡലത്തിൽ തന്നെ വരുന്ന കല്ലട ഇറിഗേഷൻ പ്രോജക്ടിൽ ഉൾപ്പെടുന്ന അക്വഡക്ടുകളുടെ ശോചനീയാവസ്ഥ ഒന്നുംതന്നെ കഴിഞ്ഞ വർഷത്തെ ജലവിതരണ സമയത്ത്

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ തുലാവർഷത്തിൽ മഴവെള്ളം കെട്ടിനിന്ന് വലതു കര മെയിൽ കനാലിന്റെ 60-ാം കിലോമീറ്ററിലെ അക്വഡക്ടിൽ ചോർച്ച ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പമ്പാ ഇറിഗേഷൻ പ്രോജക്ടിലേയും കല്ലട ഇറിഗേഷൻ പ്രോജക്ടിലെയും അക്വിഡേറ്റുകളുടെ ചോർച്ച പരിഹരിക്കുന്നതിനുള്ള നടപടികൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സ്വീകരിച്ചുവരുന്നു.

(ഡി) പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം ഒന്നും രണ്ടുമായി ചേർത്തിരിക്കുന്നു.*

**ജലവിഭവ വകുപ്പ് കരുനാഗപ്പള്ളി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

168 (857) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലവിഭവ വകുപ്പുവഴി കരുനാഗപ്പള്ളി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും എന്തു തുകയാണ് ഇതിനായി ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ?

ഉത്തരം

കേരള ജല അതോറിറ്റി :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരുനാഗപ്പള്ളി മണ്ഡലത്തിൽ കേരള ജല അതോറിറ്റി നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

ജലസേചന വകുപ്പ് :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലസേചന വകുപ്പ് കരുനാഗപ്പള്ളി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

ഭൂജലവകുപ്പ് :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കരുനാഗപ്പള്ളി മണ്ഡലത്തിൽ ഭൂജലവകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ 8 ഇഞ്ച് വ്യാസമുള്ള കുഴൽക്കിണർ നിർമ്മിച്ചു. ചെലവായ തുക - 5,79,000 രൂപ.
2. കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിൽ 8 ഇഞ്ച് വ്യാസമുള്ള കുഴൽക്കിണർ നിർമ്മിച്ചു. ചെലവായ തുക - 5,33,505 രൂപ.

ജലനിധി :

കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ജലനിധിയുടെ രണ്ടാംഘട്ടത്തിൽ ബാച്ച് 1-ൽ കുലശേഖരപുരം പഞ്ചായത്തിൽ പദ്ധതി നടപ്പാക്കാൻ ലക്ഷ്യമിട്ടിരുന്നു. എന്നാൽ പഞ്ചായത്തിന്റെ താല്പര്യക്കുറവുമൂലം പദ്ധതി ഉപേക്ഷിക്കുകയാണുണ്ടായത്.

**പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പദ്ധതി**

169 (858) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിൽ അനുവദിച്ച 70 കോടി രൂപയുടെ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പദ്ധതി എത്രത്തോളം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് നാളിതുവരെ എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) 2014 ആഗസ്റ്റ് മാസം പൂർത്തിയാക്കേണ്ട പദ്ധതി ഇനിയും എന്ന് പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ;

(ഡി) നാളിതുവരെ ഏതെല്ലാം OH ടാങ്കുകളിലേക്ക് പൈപ്പ് ലൈൻ വലിച്ച് നീരേറ്റുപുറം പ്ലാന്റിൽ നിന്നും സപ്ലൈ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) 2015 ഡിസംബറിനകം ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കുമെന്നും ഏതെല്ലാം OH ടാങ്കുകളിൽ കുടിവെള്ളം ലഭ്യമാക്കുമെന്നും വിശദമാക്കാമോ; OH ടാങ്കുകളിൽ നിന്നുള്ള വിതരണ ലൈനുകളുടെ മാപ്പ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(എഫ്) കാവാലം, തകഴി എന്നിവിടങ്ങളിലെ പുതിയ OH ടാങ്കുകളുടെ നിർമ്മാണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ജി) പ്രസ്തുത പദ്ധതി അവലോകനം ചെയ്യുന്നതിന് ബഹു. മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഉദ്യോഗസ്ഥരുടെ അടിയന്തര മീറ്റിംഗ് വിളിച്ചുകൂട്ടുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആറ് പാക്കേജുകളായുള്ള പ്രസ്തുത പദ്ധതിയിൽ <u>പാക്കേജ്-I(ട്രാൻസ്മിഷൻ സിസ്റ്റം-1</u>) ന്റെ 27200 m പൈപ്പ് സ്ഥാപിക്കുന്ന ജോലിയുടെ 17500 m പൂർത്തീകരിച്ചു. ബാക്കി പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

<u>പാക്കേജ്-II(ട്രാൻസ്മിഷൻ സിസ്റ്റം-1I</u>)

17800 m-ൽ 14000 m പൈപ്പ് സ്ഥാപിച്ചു കഴിഞ്ഞു. ബാക്കി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

<u>പാക്കേജ് - III</u>

വിതരണത്തിനുള്ള പൈപ്പുകൾ ലഭ്യമാണ്. ഇതിൽ 8 കി.മീ പൈപ്പുകൾ സ്ഥാപിച്ചു.

പാക്കേജ്-IV

വിതരണ ശൃംഖലയും ഉന്നതതല ജലസംഭരണിയും (സിസ്റ്റം-II)

As amount (70 കോടി) ലേയ്ക്ക് ലിമിറ്റ് ചെയ്ത് റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

പാക്കേജ് - V & VI

(നിലവിലുള്ള വിതരണ ശൃംഖല ശക്തിപ്പെടുത്തൽ)

വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

(ബി) പ്രസ്തുത പദ്ധതിക്ക് ഇതുവരെ 3894.67 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) പദ്ധതി 2016 അവസാനത്തോടെ പൂർത്തീകരിക്കാൻ സാധിക്കും.

(ഡി) നീരേറ്റുപുറം പ്ലാന്റിൽനിന്നും കിടങ്ങറ, എടത്വ എന്നിവിടങ്ങളിലുള്ള ഒ.എച്ച്. ടാങ്കുകളിലേയ്ക്ക് പൈപ്പ് ലൈൻ വലിച്ച് സപ്ലൈ ആരംഭിച്ചിട്ടുണ്ട്.

(ഇ) 2015 ഡിസംബറിനകം പദ്ധതികളുടെ പണി പൂർത്തീകരിക്കാൻ സാധിക്കുകയില്ല. വിവിധ ടാങ്കുകളിൽ ശുദ്ധജലം എത്തിക്കുന്നതിനുള്ള പൈപ്പ് ലൈൻ പണികൾ പുരോഗമിച്ചുവരുന്നു. ടാങ്കുകളിൽനിന്ന് 6 പഞ്ചായത്തുകളിലേക്ക് ജലവിതരണം നടത്തുന്നതിനുള്ള വിതരണ ശൃംഖലയുടെ പണികളും പുരോഗമിക്കുന്നു. 2016 മാർച്ചോടുകൂടി ഈ പണികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. മറ്റ് 6 പഞ്ചായത്തുകളിലേക്കുള്ള വിതരണ ശൃംഖലയുടെ എസ്റ്റിമേറ്റ് അനുമതി നൽകുന്നതിനായി പരിശോധിച്ചുവരുന്നു. 12 പഞ്ചായത്തിലേക്കുള്ള വിതരണ ശൃംഖലയുടെ മാപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(എഫ്) കാവാലം ഒ.എച്ച്. ടാങ്ക് റീ-ടെണ്ടർ ചെയ്യുന്നതിനുവേണ്ടി പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് പരിശോധനയിലാണ്. തകഴി ഒ.എച്ച്. ടാങ്കിന്റെ പണികൾ ആരംഭിക്കുന്നതിനുവേണ്ടി എഗ്രിമെന്റ് വച്ചുവെങ്കിലും ടാങ്കിന്റെ സ്ഥാനം മാറ്റേണ്ടി വന്നതിനാൽ ഡീവിയേഷൻ പ്രൊപ്പോസൽ അംഗീകാരം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ലഭിക്കേണ്ടതുണ്ടായിരുന്നു. ഇപ്പോൾ അംഗീകാരം ലഭ്യമായിട്ടുണ്ട്.

(ജി) ഇക്കാര്യം പരിശോധിച്ച് തീരുമാനിക്കും.

**മൈനർ ഇറിഗേഷൻ പദ്ധതി നടപ്പാക്കൽ**

170 (859) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ വകുപ്പ് ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശം ഇനം തിരിച്ച് വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(ബി) എത്ര തുക പ്രസ്തുത പദ്ധതികൾക്കായി വകയിരുത്തി ഭരണാനുമതി ലഭ്യമാക്കിയെന്നും ആയവയുടെ നിലവിലുള്ള പുരോഗതി എന്തെല്ലാമെന്നും വിശദമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ജലനിധി പദ്ധതിയുടെ രണ്ടാംഘട്ടം**

171 (860) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി പദ്ധതിയുടെ രണ്ടാംഘട്ടം 8 ജില്ലകളിലെ 200 പഞ്ചായത്തുകളിൽ ആരംഭിക്കുമെന്ന് 2012-13-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ജലനിധിയുടെ പ്രസ്തുത വർഷത്തെ പ്രവർത്തനങ്ങൾക്കായി എത്ര തുകയാണ് നീക്കിവച്ചതെന്നും അതിൽ ഏതെല്ലാം പ്രവർത്തികൾക്കായി എത്ര തുക ചെലവായെന്നും വിശദമാക്കുമോ ;

(സി) 2013-14, 2014-15, 2015-16 എന്നീ വർഷങ്ങളിലെ ബഡ്ജറ്റിൽ ഇതിനായി തുക നീക്കി വച്ചിരുന്നോ ; എങ്കിൽ എത്ര വീതമെന്നും ഓരോ വർഷവും

എത്ര തുക വീതം ചെലവഴിച്ചെന്നും വിവരിക്കുമോ ;

(ഡി) പദ്ധതിയുടെ നിലവിലെ അവസ്ഥയെന്താണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) പ്രഖ്യാപിക്കുകയുണ്ടായി. 2012-13-ലെ ബഡ്ജറ്റിൽ 109.82 കോടി രൂപ വകയിരുത്തിയിരുന്നു. അതിൽനിന്നും 40 കോടി രൂപ പദ്ധതി ചെലവിനായി കെ.ആർ.ഡബ്ല്യു.എസ്.എ.-ക്ക് നൽകി. പ്രസ്തുത വർഷത്തിൽ നിർവ്വഹണ ഏജൻസി 15.79 കോടി രൂപ ചെലവാക്കുകയും ബാക്കി അടുത്ത വർഷം വിനിയോഗിക്കുകയും ചെയ്തു. പ്രസ്തുത 15.79 കോടി രൂപ പദ്ധതി നിർവ്വഹണത്തിനായി ആദ്യം തെരഞ്ഞെടുത്ത 20 ഗ്രാമ പഞ്ചായത്തുകളിൽ ആസൂത്രണഘട്ടവും, നിർവ്വഹണ ഘട്ടത്തിലെ പ്രാരംഭ പ്രവൃത്തികൾക്കുമായിട്ടാണ് ചെലവഴിച്ചത്.

(സി)

| വർഷം | ബഡ്ജറ്റിൽ വകയിരുത്തിയത് | കെ.ആർ. ഡബ്ല്യു.എസ്.എ.- യ്ക്ക് നൽകിയത് | കെ.ആർ. ഡബ്ല്യു.എസ്.എ.-യ്ക്ക് ചെലവഴിച്ചത്. |
|---|---|---|---|
| | | (കോടി രൂപ) | |
| 2013-14 | 193.92 | 100.00 | 31.19 |
| 2014-15 | 200.00 | 150.00 | 154.54 |
| 2015-16 (ഒക്ടോബർ വരെ) | 264.42 | 200.00 | 143.47 |

(ഡി) ജലനിധി രണ്ടാംഘട്ടത്തിൽ നടപ്പാക്കുന്ന കുടിവെള്ള പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു:

| ബാച്ച് | നടപ്പാക്കുന്ന സ്കീമുകളുടെ എണ്ണം | കമ്മീഷൻ ചെയ്ത സ്കീമുകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1 | 465 | 421 |
| 2 | 1173 | 450 |
| 3 | പദ്ധതി ആസൂത്രണ ഘട്ടത്തിലാണ് | |

മൾട്ടി ജി.പി. പദ്ധതികൾ - 3 (പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.)

**തീരദേശ പ്രദേശത്തെ കടലാക്രമണം തടയാൻ നടപടി**

172 (861) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം കാസർഗോഡ് ജില്ലയിലെ തീരദേശ പ്രദേശങ്ങളിലെ കടലാക്രമണം തടയുന്നതിന് എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) കൊവ്വൽ - കൊപ്പൽ കടപ്പുറത്തും ചെമ്പരിക്ക കടപ്പുറത്തും കടലാക്രമണം തടയുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 13-ാം ധനകാര്യ കമ്മീഷൻ ഫണ്ട് ഉപയോഗിച്ച് കാസർഗോഡ് ജില്ലയിൽ കാവുഗോളി, അജാന്നർ, മുസോഡി, നാംഗി, കൊപ്പള, ജമ്മ, ബെല്ല എന്നീ കടപ്പുറങ്ങളിലായി 6 പ്രവൃത്തികൾ, 1790 മീറ്റർ നീളത്തിൽ 759.48 ലക്ഷം രൂപ ചെലവിൽ കടൽഭിത്തികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ, സംസ്ഥാന പദ്ധതി വിഹിതം ഉപയോഗിച്ച് കാവുഗോളി കടപ്പുറത്ത് 120 മീറ്റർ നീളത്തിൽ 60 ലക്ഷം രൂപയ്ക്ക് ഒരു പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) കൊവ്വൽ-കൊപ്പൽ കടപ്പുറത്ത് കടലാക്രമണം തടയുന്നതിനുള്ള പ്രവൃത്തിക്ക് ബഡ്ജറ്റിൽ തുക വകയിരുത്താത്ത സാഹചര്യത്തിൽ പ്രസ്തുത പ്രദേശങ്ങളിൽ കടലാക്രമണം തടയുന്നതിനുള്ള പ്രവൃത്തികൾ ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല. എസ്റ്റിമേറ്റ് അടുത്ത സാമ്പത്തിക വർഷത്തിൽ പരിഗണിക്കാവുന്നതാണ്. ചെമ്പരിക്ക കടപ്പുറത്ത് 260 ലക്ഷം രൂപയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും

ഫണ്ടിന്റെ അപര്യാപ്തതമൂലം ഭരണാനുമതി നൽകിയിട്ടില്ല.

**വയലപ്ര റഗുലേറ്റർ-കം-ബ്രിഡ്ജ്**

173 (862) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നബാർഡിന്റെ ആർ.ഐ.ഡി.എഫ്. സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം ഗ്രാമപഞ്ചായത്തിലെ രാമപുരം പുഴയ്ക്ക് കുറുകെ വയലപ്രയിൽ റഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; ഇതിന്റെ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയും ; വിശദീകരിക്കുമോ ?

ഉത്തരം

പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതിക അനുമതി നൽകുകയും പ്രവൃത്തി ടെണ്ടർ ചെയ്യുകയും ചെയ്തു. ടെണ്ടറിന് അംഗീകാരം നൽകുന്നതിനുവേണ്ട നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

**ജലവിഭവ വകുപ്പിന്റെ കീഴിലുള്ള തടയണകൾ**

174 (863) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ കീഴിൽ നിലവിൽ എത്ര തടയണകൾ പ്രവർത്തിക്കുന്നുണ്ട്; ആയതു വഴി എത്ര പേർക്ക് പ്രയോജനം ലഭിക്കുന്നുണ്ട്;

(ബി) 2015-16 വർഷം എത്ര തടയണകൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; ആയതിലേക്ക് എത്ര തുക നീക്കിവച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ പല ഭാഗങ്ങളിലും വെള്ളം ലഭ്യമാക്കുവാൻ സഹായകമായ കൊച്ചിൻ പാലത്തിന് സമീപത്തുള്ള തടയണയുടെ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാൻ സാധിക്കും; ഇതിന് ആകെ എത്ര തുക അനുവദിച്ചു ; എത്ര തുക നാളിതുവരെ ചെലവഴിച്ചു; ബാക്കി തുക അടിയന്തരമായി അനുവദിച്ച്, പ്രസ്തുത തടയണ കമ്മീഷൻ ചെയ്യുവാൻ സത്വര

നടപടികൾ സ്വീകരിക്കുമോ;

(ഡി) പ്രസ്തുത തടയണ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുന്നതോടുകൂടി ഷൊർണ്ണൂർ മണ്ഡലത്തിലെ ഏതൊക്കെ സ്ഥലങ്ങളിൽ എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 2011-2015 കാലയളവിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഏകദേശം 439 തടയണകൾക്ക് അനുമതി നൽകിയിട്ടുണ്ട്. അവയുടെ പുരോഗതി വിവിധ ഘട്ടങ്ങളിലാണ്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.* സംസ്ഥാനത്തെ പ്രവർത്തനക്ഷമമായ തടയണകളുടെയും അതുമൂലം ലഭ്യമാക്കുന്ന പ്രയോജകരുടെയും വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) 2014-2015 സാമ്പത്തിക വർഷത്തിൽ 190 ചെക്ക്ഡാമുകൾക്ക് അനുമതി നൽകി. ഇവയിലേയ്ക്ക് 110.38 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ഇതിൽ ഏകദേശം 15-ഓളം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. 2014-15 സാമ്പത്തിക വർഷത്തിൽ കബനി, ഭവാനി എന്നീ റിവർ ബേസിനുകളിലായി 6 ചെക്ക്ഡാമിന് 469 കോടി രൂപ അനുവദിച്ചു. അവയുടെ പ്രവൃത്തി വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

(സി) ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ കൊച്ചിൻ പാലത്തിന് സമീപത്തുള്ള ചെറുതുരുത്തി തടയണയുടെ പ്രവൃത്തിക്കുവേണ്ടി 2007-ൽ 5.0 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ 2.80 കോടി രൂപ ചെലവഴിച്ചു. നിലവിലുണ്ടായിരുന്ന കരാറുടമ്പടി റദ്ദ് ചെയ്തതിനാൽ ടി തടയണയുടെ ബാക്കിയുള്ള പണിയുടെ 14.50 കോടി രൂപയ്ക്കുള്ള എസ്റ്റിമേറ്റ് റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ഭരണാനുമതി ലഭിക്കുന്നതിലേക്കായി തൃശ്ശൂർ അഡീഷണൽ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, തൃശ്ശൂർ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരുന്നുവെങ്കിലും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇതുവരെ അനുമതിയൊന്നും ലഭിച്ചിട്ടില്ല. അനുമതി നൽകുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

(ഡി) ചെറുതുരുത്തി തടയണ പൂർത്തീകരിച്ചാൽ ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ കൊണ്ടാഴി, പഞ്ഞാർ, വള്ളത്തോൾ നഗർ എന്നീ പഞ്ചായത്തുകളിലേയും വാണിയംകുളം പഞ്ചായത്തിലെ പല ഭാഗങ്ങളിലെയും ഷൊർണ്ണൂർ മുനിസിപ്പാലിറ്റിയിലെയും ജനങ്ങളുടെ കുടിവെള്ളക്ഷാമത്തിന് പരിഹാരമാകും. കൂടാതെ, ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷനുവേണ്ട ജലവും ലഭ്യമാകുന്നതാണ്.

**ഏറനാട് മണ്ഡലത്തിൽ ജലവിഭവ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ**

175 (864) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിൽ 2014-15, 2015-16 സാമ്പത്തിക വർഷം, മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, വാട്ടർ അതോറിറ്റി എന്നിവ മുഖേന നടപ്പിലാക്കിയിട്ടുള്ള പുതിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ഏറനാട് മണ്ഡലത്തിൽ 2014-15, 2015-16 വർഷങ്ങളിൽ മൈനർ/മേജർ ഇറിഗേഷൻ മുഖേന നടപ്പിലാക്കിയിട്ടുള്ള പുതിയ പദ്ധതികളെ കുറിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു:

2014-15 കാലയളവിലെ പ്രവൃത്തികൾ മൈനർ ഇറിഗേഷൻ

| | | |
|---|---|---|
| ചാലിയാർ പഞ്ചായത്തിലെ | സ്ഥലം | 20.00 ലക്ഷം |

| | | |
|---|---|---|
| മൈലാടി കോളനിക്കുളം അഭിവൃദ്ധിപ്പെടുത്തൽ | ലഭ്യമാകാത്തതിനാൽ തടസ്സപ്പെട്ടു കിടക്കുകയാണ് | |
| കാവനൂർ പഞ്ചായത്തിലെ ആശാരി തോടിൽ ആശാരി തോട് ചെക്ക് ഡാം | പ്രവൃത്തി പൂർത്തിയായി | 19.68 ലക്ഷം |
| ഊർങ്ങാട്ടിരിപഞ്ചായത്തിൽ ചെറുപുഴയ്ക്ക് കുറുകെ കുനിയംമുമ്പി ചെക്ക്ഡാം നിർമ്മാണം | പ്രവൃത്തി പൂർത്തിയായി | 46.16 ലക്ഷം |
| ഊർങ്ങാട്ടിരി പഞ്ചായത്തിൽ തേനരുവി തോടിൽ തേനരുവി വി.സി.ബി. നിർമ്മാണം | പ്രവൃത്തി പൂർത്തിയായി | 43.34 ലക്ഷം |

മേജർ ഇറിഗേഷൻ

| | | |
|---|---|---|
| ഊർങ്ങാട്ടിരി പഞ്ചായത്തിൽ ഷൗക്ക ക്കടവിൽ ചെറുപുഴക്ക് കുറുകെ ചെക്ക് ഡാം നിർമ്മാണം | പ്രവൃത്തി പൂർത്തിയായി | 45.00 ലക്ഷം |

## 2015-16 വർഷത്തിലെ പ്രവൃത്തികൾ മൈനർ ഇറിഗേഷൻ

| | | |
|---|---|---|
| എടവണ്ണ പഞ്ചായത്തിൽ പാലപ്പറ്റ വലിയകുളം അഭിവൃദ്ധിപ്പെടുത്തൽ | പ്രവൃത്തി പൂർത്തിയായി | 4.86 ലക്ഷം |
| കിഴുപറമ്പ് പഞ്ചായത്തിലെ കണ്ണമ്പള്ളി ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ കനാൽ അറ്റകുറ്റ പണികൾ | പ്രവൃത്തി പൂർത്തിയായി | 14.79 ലക്ഷം |
| ചാലിയാർ പഞ്ചായത്തിലെ കാഞ്ഞിര പുഴയ്ക്ക് കുറുകെ വൈലശ്ശേരി ചെക്ക്ഡാം നിർമ്മാണം | പ്രവൃത്തി ആരംഭിച്ചിട്ടില്ല | 78.45 ലക്ഷം |
| ഊർങ്ങാട്ടിരി പഞ്ചായത്തിലെ | ഭരണാനുമതി | 412 ലക്ഷം |

| | |
|---|---|
| കുഴനക്കിപ്പാറ വി.സി.ബി. കം ബ്രിഡ്ജ് നിർമ്മാണം | ലഭിച്ചെങ്കിലും സ്ഥലതർക്കംമൂലം ജനങ്ങൾ തടസ്സം നിന്നതിനാൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല |

മേജർ ഇറിഗേഷൻ

2015-16 വർഷത്തിൽ ഏറനാട് മണ്ഡലത്തിൽ മേജർ വിഭാഗം പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

കേരള ജല അതോറിറ്റി

ഏറനാട് മണ്ഡലത്തിൽ 2014-15, 2015-16 സാമ്പത്തിക വർഷം കേരള ജല അതോറിറ്റി മുഖേന നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

## തീരദേശ സംരക്ഷണത്തിനായി ജിയോട്യൂബ്

176 (865) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ സംരക്ഷണത്തിനായി നൂതനവും പരിസ്ഥിതിക്ക് ദോഷം വരാത്തതുമായ ജിയോട്യൂബ് ഉപയോഗിച്ചുള്ള സൈറ്റ് സ്പെസിഫിക്ക് സബ് മെർജ്ഡ് റീഫ് -ന്റെ നിർമ്മാണത്തിനായുള്ള പദ്ധതി 2012-13-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നുവോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയും പ്രവർത്തന പുരോഗതിയും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്കായി ഏതെല്ലാം ബഡ്ജറ്റുകളിൽ എന്തു തുക നീക്കി വച്ചിരുന്നുവെന്നും ഇതുവരെ ഖജനാവിൽ നിന്നും ചെലവഴിച്ച തുകയെത്രയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) പ്രഖ്യാപിച്ചിരുന്നു.

(ബി) ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ തെക്ക് പഞ്ചായത്തിലെ കോമനയിൽ 100 മീറ്റർ നീളം ജിയോട്യൂബ് ഉപയോഗിച്ചുള്ള കടൽഭിത്തി നിർമ്മാണത്തിന് 55 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തി ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ബഡ്ജറ്റിൽ തുക നീക്കി വച്ചിട്ടില്ല. ഈ പദ്ധതിക്ക് ഇതുവരെ തുകയൊന്നും ചിലവഴിച്ചിട്ടില്ല.

## ജലവിഭവ വകുപ്പ് കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ

177 (866) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം ജലവിഭവ വകുപ്പ് മുഖേന കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാം; ഓരോ പദ്ധതിക്കും ഭരണാനുമതി നൽകി അനുവദിച്ച തുക എത്ര; ഓരോ പദ്ധതിയും വിശദീകരിച്ച് വ്യക്തമാക്കാമോ ; പ്രസ്തുത പദ്ധതികൾ ഓരോന്നിന്റെയും പുരോഗതി വിശദമാക്കാമോ ?

ഉത്തരം

ജലസേചന വകുപ്പിൽ പ്രോജക്ട് 1 ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള കുറ്റ്യാടി ജലസേചന പദ്ധതിയിൽ 3 റോഡുകളുടെ പ്രവൃത്തികൾ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെപ്പറയുന്നു:

| Sl. No. | Name of Work | A.S Amount | Status of Work |
|---|---|---|---|
| 1 | KyIP-Maintenance of canal bund road between ch:2/00Km and 3/100 km of Thiruvangoor Branch Canal | 16.50 lakhs | പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | KyIP-Maintenance of canal | 19.50 lakhs | പ്രവൃത്തി |

| | | | |
|---|---|---|---|
| | bund road between ch:0/ 000Km and 1/300 km of Thiruvangoor Branch Canal | | പൂർത്തീകരിച്ചു |
| 3 | KyIP-Maintenance of canal bund road between ch:3/ 200Km and 5/100 km of Thiruvangoor Branch Canal | 25.00 lakhs | പ്രവൃത്തി 65% പൂർത്തീകരിച്ചു |

ജലസേചന വകുപ്പ്

ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) മുഖേന കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

കേരള ജല അതോറിറ്റി

കേരള ജല അതോറിറ്റി കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

**പുഴകളെ സംരക്ഷിക്കുന്നതിന് പദ്ധതി**

178 (867) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എല്ലാ പുഴകളെയും സംരക്ഷിക്കുന്നതിന് സമഗ്ര പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഉത്തരം

(എ-സി) കേരളത്തിലെ പുഴകളുടെ നീരൊഴുക്ക് നിലനിർത്തി സംരക്ഷിക്കുന്നതിനു വേണ്ടി തടയണകൾ, ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി ചെക്ക് ഡാം/

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

റെഗുലേറ്ററുകൾ തുടങ്ങിയവ ആവശ്യാനുസരണം നിർമ്മിക്കാറുണ്ട്. പുഴകളുടെ കരയിടിയുന്നത് തടയുന്നതിലേയ്ക്കായി പാർശ്വഭിത്തികൾ നിർമ്മിക്കാറുണ്ട്. പുഴകൾ മലിനമാകുന്നത് തടയുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്. നദീതടസംരക്ഷണത്തിനായി വിപുലമായ അധികാരങ്ങളുള്ള സംസ്ഥാന നദീ തണ്ണീർത്തട അതോറിറ്റി രൂപീകരണം സംബന്ധിച്ച ബിൽ തയ്യാറാക്കി പരിഗണിച്ചുവരികയാണ്. ഭാരതപ്പുഴ, ചാലിയാർ, പമ്പ നദീതട വികസനം പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി 2012-13 ബഡ്ജറ്റിൽ 13.18 കോടി രൂപ നീക്കിവച്ചിരുന്നു. കേരളത്തിലെ പുഴകളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഭാരതപ്പുഴയെ ഒരു പൈലറ്റ് പ്രോജക്ടായി തെരഞ്ഞെടുത്ത് അതിന്റെ സംരക്ഷണത്തിനും വികസനത്തിനുമായിട്ടുള്ള ഒരു സമഗ്ര പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 1222 കോടി രൂപയുടെ വിശദമായ പദ്ധതി ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു. 2013-14 സാമ്പത്തിക വർഷത്തിൽ ഭാരതപ്പുഴയ്ക്കു കുറുകെ പുതിയ സാങ്കേതിക വിദ്യയിൽ മന്നനൂരിൽ തടയണ നിർമ്മിക്കുന്നതിന് 489.44 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും പ്രസ്തുത തടയണ നിർമ്മാണം 'Kerala Irrigation Infrastructure Development Corporation' നെ ഏൽപ്പിക്കുകയും ചെയ്തു. 2016 ഫെബ്രുവരിയിൽ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ, ഭാരതപ്പുഴ, ചാലിയാർ ബേസിനുകളിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ചെക്ക് ഡാമുകളും, റെഗുലേറ്ററുകളും നിർമ്മിക്കുന്നതിനുള്ള പര്യവേഷണ ജോലികൾക്കും സർവ്വേ ചെയ്യുന്നതിനുമായി 4.70 കോടി രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകുകയും ചെയ്തു. ഇതിനുപുറമെ തൃശ്ശൂർ ജില്ലയിലെ തിരുവില്വാമല പഞ്ചായത്തിൽ ഐവർമഠത്തിൽ ബലിതർപ്പണകടവ് സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള പുതുക്കിയ പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു. ഭാരതപ്പുഴ സമഗ്ര വികസനത്തിനായി CESS, CWRDM, ഇറിഗേഷൻ, റവന്യൂ മുതലായ വകുപ്പുകളുടെ ഏകോപനത്തോടുകൂടി ഒരു basic plan തയ്യാറാക്കുന്നതിന് 29-4-2013-ൽ പ്ലാനിംഗ് ബോർഡ് ചെയർമാൻ വിളിച്ചുചേർത്ത മീറ്റിംഗിൽ തീരുമാനിക്കുകയുണ്ടായി. എല്ലാ വകുപ്പുകളുടെയും പങ്കാളിത്തത്തോടു കൂടി ഭാരതപ്പുഴക്കുമാത്രമായി ഒരു സംരക്ഷണ പദ്ധതി ആസൂത്രണം ചെയ്യുന്നതിലേക്ക് പ്ലാനിംഗ് ബോർഡിന്റെ മേൽനോട്ടത്തിൽ മീറ്റിംഗ് വിളിച്ചുകൂട്ടാനും പ്രസ്തുത യോഗത്തിൽ തീരുമാനമുണ്ടായി. ചാലിയാർ നദീതടത്തിന്റെ കരട് മാസ്റ്റർ പ്ലാൻ CWRDM തയ്യാറാക്കിയിട്ടുണ്ട്. ഷിറിയ നദീതടത്തിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ചീഫ് എഞ്ചിനീയർ, ISW നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതികൾ ഒന്നുംതന്നെ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടില്ല.

**കൊല്ലം-കോവളം സംസ്ഥാന ജലപാത**

179 (868) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം-കോവളം സംസ്ഥാന ജലപാത നിർമ്മാണം സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ജലപാതയുടെ നിർമ്മാണത്തിനാവശ്യമായ തുക എത്രയെന്നും അനുവദിച്ച തുക എത്രയെന്നുമറിയിക്കുമോ;

(സി) പ്രസ്തുത പാതയുടെ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കുമെന്നറിയിക്കുമോ;

(ഡി) സംസ്ഥാന ജലപാതയുടെ ഭാഗമായ കൊല്ലം കല്ലുപാലം പുനർ നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കും എന്നറിയിക്കുമോ;

(ഇ) പ്രസ്തുത പാലം നിർമ്മാണത്തിന് വേണ്ടി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ എന്നും വിശദമാക്കുമോ?

## ഉത്തരം

(എ) കൊല്ലം-കോവളം ജലപാത സഞ്ചാര യോഗ്യമാക്കാൻ 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി അഞ്ചുതെങ്ങ് മുതൽ നടയറ കായൽ വരെ (42.46 കി.മീ. മുതൽ 55.17 കി.മീ. വരെ) വിവിധ റീച്ചുകളിലെ കനാൽ വികസനത്തിനായി 31.90 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. താഴെവെട്ടൂർ മുതൽ രാമന്തളി വരെ ചെ. 46 കി.മീ. മുതൽ 49 കി.മീ വരെ ഒരു പ്രവൃത്തിക്ക് (ചെറിയ തുരങ്കത്തിന്റെ പുനരുദ്ധാരണം ഉൾപ്പെടെ) 16 കോടിയുടെ സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികളുടെ തുടർച്ചയായ പ്രീ-ക്വാളിഫിക്കേഷൻ പ്രവൃത്തികൾ നടന്നുവരുന്നു. 12-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെട്ട വേളി-ആക്കുളം കായലിന്റെ 29.998 കോടി രൂപയുടെ ആഴം കൂട്ടലും

സംരക്ഷണ പ്രവൃത്തികളും റ്റി.സി.എൽ. മുഖേന പുരോഗമിച്ചുവരുന്നു. ഐ.എസ്.ആർ.ഒ. പാലം മുതൽ കഠിനംകുളം കായൽ വരെയുള്ള 581.414 ലക്ഷത്തിന്റെ 3 പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കഠിനംകുളം മുതൽ അഞ്ചു തെങ്ങ് കായൽ വരെയുള്ള 343.224 ലക്ഷത്തിന്റെ 2 പ്രവൃത്തികൾ നടന്നു കൊണ്ടിരിക്കുന്നു. റ്റി.എസ്. കനാലിന്റെ നടയറ കായൽ മുതൽ കൊല്ലം വരെയുള്ള റീച്ചിൽ (കൊല്ലം തോട്) 10.05 കോടി രൂപയുടെ ഒരു പ്രവൃത്തി പുരോഗമിച്ചു വരുന്നു. തിരുവനന്തപുരം ജില്ലയിൽ ചാക്ക മുതൽ വാഴവിള വരെയുള്ള പാർവ്വതി പുത്തനാറിന്റെ ക്ലീനിംഗിനുള്ള 95 ലക്ഷത്തിന്റെ പ്രവൃത്തി ഏകദേശം പൂർത്തിയായി. പീരിയോഡിക്കൽ ക്ലീനിംഗ് പ്രവൃത്തി മാത്രമേ പൂർത്തീകരിക്കാനുള്ളൂ. പാർവ്വതി പുത്തനാറിലെ കുന്നുമണൽ ഭാഗത്ത് ചെ. 4140 മീ. മുതൽ 4440 മീ. വരെയുള്ള ഡിസൽട്ടിങ്ങിന്റെ 50.87 ലക്ഷം രൂപയുടെ പണി പൂർത്തീകരിച്ചു. വേളി-പൗണ്ട്കടവ് ഭാഗത്തെ ഉൾനാടൻ ജലപാത വികസനത്തിനായി 570 ലക്ഷത്തിന്റെ ഭരണാനുമതി നൽകിയിട്ടുണ്ട്. 326 ലക്ഷത്തിന്റെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. പാർവ്വതി പുത്തനാറിന് കുറുകെ മൂന്നാറ്റുമുക്കിൽ വെന്റഡ് ക്രോസ്ബാർ നിർമ്മിക്കുന്നതിനുള്ള 84 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. പ്രവൃത്തി ടെണ്ടർ അംഗീകരിച്ച് സൈറ്റ് കരാറുകാരന് കൈമാറിയിട്ടുണ്ട്. ടി.എസ്. കനാലിന് കുറുകെ തെക്കേ അരയതുരുത്ത് (ചെ. 35.97 കി.മീ.) ഭാഗത്തെ കോൺക്രീറ്റ് റോഡ് ബ്രിഡ്ജിന് 600 ലക്ഷത്തിന്റെ ഭരണാനുമതി നൽകിയിട്ടുണ്ട്. പള്ളിത്തുറ പാലം മുതൽ കഠിനംകുളം കായൽ വരെ 21.05 മുതൽ 27.45 കി.മീ. (ബാക്കി പ്രവൃത്തി) 640 ലക്ഷം രൂപയുടെയും, കഠിനംകുളം കായൽ മുതൽ അഞ്ചുതെങ്ങ് കായൽ വരെ (കഠിനംകുളം കായൽ 33.47 മുതൽ 33.630 കി.മീ.) 300 ലക്ഷം രൂപയുടെയും, അഞ്ചുതെങ്ങ് കായൽ മുതൽ നടയറ കായൽവരെ 42.46 മുതൽ 55.17 കി.മീ. വരെ (അഞ്ചുതെങ്ങ് കായൽ മുതൽ താഴെവെട്ടൂർ വരെ ബാക്കി ഭാഗം (43.78 മുതൽ 46 വരെ) 10.30

കോടി രൂപയുടെയും എസ്റ്റിമേറ്റ് തയ്യാറായി വരുന്നു. ടി.എസ്. കനാലിന് കുറുകെ ചെ. 35.23 കടകം ഭാഗത്തെ ഒരു കോൺക്രീറ്റ് റോഡ് ബ്രിഡ്ജിന് 6 കോടി രൂപയുടെയും ടി.എസ്. കനാലിന് കുറുകെ ചെ. 36.56 വടക്കേ അരയത്തുരുത്ത് ഒരു കോൺക്രീറ്റ് റോഡ് ബ്രിഡ്ജിന് 7.6 കോടി രൂപയുടെയും എസ്റ്റിമേറ്റ് തയ്യാറായി വരുന്നു.

(ബി) ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികളുടെ പൂർത്തീകരണത്തിനും ഭരണാനുമതി നൽകിയ പ്രവൃത്തികൾക്കും ഭരണാനുമതി നൽകുവാനുള്ള പ്രവൃത്തികൾക്കുമായി ഏകദേശം 124.35 കോടി രൂപ ആവശ്യമാണ്. ഇതിനകം റ്റി.എസ്. കനാലിന്റെ കൊല്ലം മുതൽ ആക്കുളം വരെ വിവിധ പ്രവൃത്തികൾക്കായി 44 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പാർവ്വതി പുത്തനാറിന്റെ നവീകരണത്തിനായി നാറ്റ്പാക്ക് ഒരു ഇൻവെസ്റ്റിഗേഷൻ സ്റ്റഡി നടത്തി അന്തിമ റിപ്പോർട്ട് ലഭ്യമായാൽ മാത്രമെ ആക്കുളം മുതൽ കോവളം വരെയുള്ള പ്രവൃത്തിക്ക് ആവശ്യമായ തുക അറിയുവാൻ കഴിയൂ.

(സി) ഇപ്പോൾ നടന്നുവരുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്. മറ്റ് പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പാക്കാവുന്നതാണ്.

(ഡി & ഇ) കൊല്ലം കല്ലുപാലം പുനർ നിർമ്മാണത്തിനുള്ള പ്രവൃത്തിക്ക് 5 കോടിയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി. പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷനായി 4.8 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ആയത് ടെണ്ടർ ചെയ്ത് കരാറുകാരന് സെലക്ഷൻ നോട്ടീസ് അയച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാകുന്നതിനനുസരിച്ച് ഡിസൈൻ അപ്രൂവൽ ലഭിച്ചശേഷം സാങ്കേതികാനുമതി ലഭ്യമാക്കി കല്ലുപാലത്തിന്റെ പണി ടെണ്ടർ നടത്തുന്നതും പ്രവൃത്തി ആരംഭിക്കുന്നതുമാണ്.

**മേജർ-മൈനർ ഇറിഗേഷൻ**

180 (869) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ വന്നതിനുശേഷം മേജർ, മൈനർ ഇറിഗേഷൻ വകുപ്പ് കുട്ടനാട്ടിൽ അനുവദിച്ച നിർമ്മാണ പ്രവൃത്തികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ; അവയിൽ ഏതെല്ലാം പൂർത്തീകരിച്ചുവെന്ന് വിശദമാക്കുമോ?

ഉത്തരം

ഉത്തരം അനുബന്ധമായി ചേർക്കുന്നു.*

**കൊറ്റി - കോട്ടപ്പുറം ബോട്ട് സർവ്വീസ്**

181 (870) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ കൊറ്റി-കോട്ടപ്പുറം ബോട്ട് സർവ്വീസ് കാര്യക്ഷമമല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർവ്വീസ് നിർത്തിവയ്ക്കൽ, ബോട്ട് യാർഡിന്റെ പണി തടസ്സപ്പെടൽ എന്നിവ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

ഇല്ല, കൊറ്റി-കോട്ടപ്പുറം സർവ്വീസുകൾ നിലവിൽ കാര്യക്ഷമമായി നടത്തി വരുന്നു. ബോട്ട് യാർഡിന്റെ പണികൾ SILK, കണ്ണൂർ മുഖാന്തിരം പുരോഗമിച്ചു വരുന്നു.

**നെന്മാറ പലകപ്പാണ്ടി ഡൈവേർഷൻ സ്കീം**

182 (871) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ പലകപ്പാണ്ടി ഡൈവേർഷൻ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്കീമിന്റെ പൂർത്തീകരണത്തിനായി ചെലവഴിച്ച തുക എത്രയെന്ന് വിശദമാക്കുമോ;

(ബി) ഈ പ്രവൃത്തിയുടെ കരാറുകാരന് മുഴുവൻ തുകയും സർക്കാർ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി എത്ര തുക നൽകാനുണ്ടെന്നും ആയത് എന്ന് നൽകാൻ കഴിയുമെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിനായി എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പണികൾ എന്ന് പൂർത്തീകരിക്കുമെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) നെന്മാറ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള പലകപ്പാണ്ടി ഡൈവേർഷൻ സ്കീം പൂർത്തിയാക്കുവാൻ ഇതുവരെയായി 12.80 കോടി രൂപ (പന്ത്രണ്ട് കോടി എൺപത് ലക്ഷം രൂപ) ചെലവഴിച്ചിട്ടുണ്ട്.

(ബി) ഈ പ്രവൃത്തിയുടെ കരാറുകാരന് മുഴുവൻ തുകയും നൽകിയിട്ടില്ല. 4,11,46,495 (നാലുകോടി പതിനൊന്ന് ലക്ഷത്തി നാൽപ്പത്താറായിരത്തി നാനൂറ്റി തൊണ്ണൂറ്റി അഞ്ച് രൂപ മാത്രം) രൂപ ഇനി കരാറുകാരന് നൽകാനുണ്ട്. ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് തുക കൊടുത്തു തീർക്കാർ സാധിക്കുന്നതാണ്.

(സി) എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച തുക ഉപയോഗിച്ചുള്ള പ്രവർത്തികൾ 2015 നവംബർ 30-ഓടെ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിച്ചിരുന്നുവെങ്കിലും പൂർത്തീകരിക്കുവാൻ സാധിച്ചില്ല. എഗ്രിമെന്റ് പ്രകാരം 31-3-2016-ലാണ് പ്രസ്തുത പണി പൂർത്തിയാക്കേണ്ടത്. ഇതുപ്രകാരം സമയബന്ധിതമായി പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

**ചെറുകിട ജലസേചന പദ്ധതികളുടെ മെയിന്റനൻസ്**

183 (872) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട ജലസേചന പദ്ധതികളുടെ അറ്റകുറ്റപ്പണികൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ ;

(ബി) പല ഇറിഗേഷൻ പദ്ധതികളും പ്രവർത്തനരഹിതമായി കിടക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) എല്ലാ വർഷവും പ്രോജക്ട് മെയിന്റനൻസ്, മെയിന്റനൻസ് ആന്റ് റിപ്പെയർ, റീഹാബിലിറ്റേഷൻ ഓഫ് എൽ.ഐ. സ്കീം എന്നീ ഹെഡുകളിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിക്കുന്നതനുസരിച്ച് ചെറുകിട ജലസേചന പദ്ധതികളുടെ അറ്റകുറ്റപ്പണികൾ നടത്തിവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വലിയ പദ്ധതികൾക്ക് നബാർഡിന്റെ സഹായത്തോടെയും ചെറിയ തോതിലുള്ള പദ്ധതികൾക്ക് സംസ്ഥാന ബഡ്ജറ്റിൽ വർഷാവർഷം മെയിന്റനൻസിന് വകയിരുത്തിയിട്ടുള്ള തുകയിൽനിന്നും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ജലവിതരണ പദ്ധതികൾ**

184 (873) <u>ഡോ. ടി. എം. തോമസ് ഐസക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിതരണ പദ്ധതികളിലെ 30 വർഷത്തിലേറെ കാലപ്പഴക്കം വന്ന പൈപ്പുകൾ ഘട്ടം ഘട്ടമായി മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി 2012-13 ബഡ്ജറ്റിൽ എത്ര തുകയാണ് നീക്കിവച്ചതെന്നും പ്രസ്തുത വർഷം ഇതിൽ നിന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) തുടർന്നുള്ള ഓരോ ബഡ്ജറ്റുകളിലും ഇതിനായി തുക വകയിരുത്തിയിരുന്നോ; എങ്കിൽ എത്ര തുക വീതം വകയിരുത്തിയിരുന്നെന്നും ഓരോ വർഷവും എത്ര തുക വീതം ചെലവഴിക്കപ്പെട്ടുവെന്നും അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ജലവിതരണ പദ്ധതികളിലെ 30 വർഷത്തിലേറെ കാലപ്പഴക്കം വന്ന പൈപ്പുകൾ ഘട്ടംഘട്ടമായി മാറ്റി പുതിയ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി 2012-13 ബജറ്റിൽ 8500 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 7500 ലക്ഷം രൂപ അനുവദിച്ചു. മുൻവർഷത്തെ നീക്കിയിരിപ്പ് ഉൾപ്പെടെ 8600.570 ലക്ഷം രൂപ പ്രസ്തുത വർഷം ചെലവഴിച്ചു.

(ബി) തുടർന്നുള്ള ഓരോ ബഡ്ജറ്റിലും തുക വകയിരുത്തിയിരുന്നു. ഓരോ വർഷവും ബഡ്ജറ്റിൽ വകകൊള്ളിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശം താഴെപ്പറയുന്നു:

| നമ്പർ | വർഷം | ബജറ്റ് വിഹിതം (ലക്ഷത്തിൽ) | അനുവദിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | 2013-14 | 9000 | 8000 | 7038.66 |
| 2. | 2014-15 | 9500 | 6200 | 9783.66 |
| 3 | 2015-16 | 9500 | 4900 | 6620.44 (ഒക്ടോബർ മാസം വരെ) |

(സി) പ്രസ്തുത പദ്ധതിയുടെ സാമ്പത്തിക പുരോഗതി ഉത്തരം ബി.-യിൽ നൽകിയിരിക്കുന്നു. പ്രവർത്തന പുരോഗതി സംബന്ധിക്കുന്ന വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

**തവനൂർ മണ്ഡലത്തിലേക്ക് ഭരണാനുമതി**

185 (874) <u>ഡോ. കെ. ടി. ജലീൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം ഇറിഗേഷൻ വകുപ്പ് മുഖേന തവനൂർ മണ്ഡലത്തിലേയ്ക്ക് എത്ര രൂപയുടെ പ്രവർത്തനങ്ങൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്;

(ബി) ഓരോ പ്രവർത്തനത്തിനും എത്ര രൂപ വച്ചാണ് ഭരണാനുമതി നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ ഏതെല്ലാം പ്രവർത്തനങ്ങളാണ് പൂർത്തിയാക്കിയിട്ടുള്ളതെന്നും ഏതെല്ലാമാണ് ഇനി പൂർത്തീകരിക്കാനുള്ളതെന്നും അവയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തവനൂർ മണ്ഡലത്തിലേയ്ക്ക് വൻകിട ജലസേചന പ്രവൃത്തികൾക്കായി 344.05 ലക്ഷം രൂപയും ചെറുകിട ജലസേചന പ്രവൃത്തികൾക്കായി 908.32 ലക്ഷം രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി&സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തവനൂർ അസംബ്ലി മണ്ഡലത്തിൽ ഭരണാനുമതി നൽകിയിട്ടുള്ള ഓരോ പ്രവൃത്തിയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**മണലൂരിലെ ജലവിഭവ വകുപ്പ് പദ്ധതികൾ**

186 (875) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ കീഴിലുള്ള വിവിധ വിഭാഗങ്ങൾ മണലൂർ നിയോജകമണ്ഡലത്തിൽ 2011-12 മുതൽ നാളിതുവരെ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളിൽ ഓരോന്നിനും അനുവദിച്ച തുക എത്രയെന്നും ഇവ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും അറിയിക്കുമോ ?

ഉത്തരം

(എ&ബി) ജലസേചന വകുപ്പ് :

മണലൂർ നിയോജക മണ്ഡലത്തിൽ 2011-12 മുതൽ നാളിതുവരെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടപ്പിലാക്കിയ പദ്ധതികൾ, അനുവദിച്ച തുക, ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്നുമുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

കേരള ജല അതോറിറ്റി :

മണലൂർ നിയോജക മണ്ഡലത്തിൽ 2011-12 മുതൽ നാളിതുവരെ നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. വെങ്കിടത്ത് കുടിവെള്ള പദ്ധതി :

   വെങ്കിടത്ത് പഞ്ചായത്തിൽ 14 വാർഡുകളിൽ കുടിവെള്ളം എത്തിക്കുന്നതിന് 2002-ൽ 390 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി. ടി പദ്ധതി 28-9-2015-ന് കമ്മീഷൻ ചെയ്തു. 25662 പേർക്ക് കുടിവെള്ളം ലഭിക്കുന്നുണ്ട്.

2. മണലൂർ-കാരമുക്ക് പദ്ധതി :

   മണലൂർ പഞ്ചായത്തിൽ 16 വാർഡുകളിൽ കുടിവെള്ളം എത്തിക്കുന്നതിന് 585 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി. പദ്ധതി 21-4-2015-ൽ കമ്മീഷൻ ചെയ്തു. 50955 പേർക്ക് ഇതിലൂടെ കുടിവെള്ളം ലഭിക്കുന്നുണ്ട്.

ഭൂജലവകുപ്പ് :

ഭൂജലവകുപ്പ് 2013-ലെ വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിലുൾപ്പെടുത്തി ചൂണ്ടൽ ഗ്രാമപഞ്ചായത്തിലെ മണലി-തലക്കോട്ടുകര പ്രദേശത്ത് 6 ലക്ഷം രൂപ ചെലവഴിച്ച് ഒരു കുടിവെള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി പ്രസ്തുത വർഷംതന്നെ പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

ജലനിധി :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജലനിധിയുടെ രണ്ടാംഘട്ടത്തിൽ ബാച്ച്-1-ൽ ഉൾപ്പെടുത്തി എലവള്ളി ഗ്രാമപഞ്ചായത്തിൽ ഒരു ബൃഹത് കുടിവെള്ള പദ്ധതിക്ക് 10.70 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പദ്ധതി ചെലവ് സംസ്ഥാന സർക്കാർ, ഗ്രാമപഞ്ചായത്ത്, പദ്ധതി ഗുണഭോക്താക്കൾ എന്നിവർ 75:15:10 എന്ന അനുപാതത്തിലാണ് വഹിക്കുന്നത്. പദ്ധതി ഇപ്പോൾ പൂർത്തീകരണഘട്ടത്തിലാണ്.

**വാമനപുരം നിയോജകമണ്ഡലത്തിലെ പുതിയ ഇറിഗേഷൻ പ്രവൃത്തികൾ**

187 (876) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ എന്നീ വകുപ്പുകൾ മുഖേന വാമനപുരം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ; ഇവയ്ക്ക് ഓരോന്നിനും ചെലവാക്കിയ തുക എത്രവീതമാണെന്ന് വിശദമാക്കുമോ ;

(ബി) വാമനപുരം നിയോജകമണ്ഡലത്തിൽ നടപ്പാക്കാൻ പരിഗണനയിലുള്ള പുതിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൈനർ ഇറിഗേഷൻ, മേജർ ഇറിഗേഷൻ എന്നീ വകുപ്പുകൾ മുഖേന വാമനപുരം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു.*

(ബി) വാമനപുരം നിയോജകമണ്ഡലത്തിൽ നടപ്പാക്കാൻ പരിഗണനയിലുള്ള പുതിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധം-2 ആയി ചേർക്കുന്നു.*

**തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ ഉമ്മൻചിറ അണക്കെട്ട് നിർമ്മാണം**

188 (877) <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) തലശ്ശേരി അസംബ്ലി മണ്ഡലത്തിലെ ഉമ്മൻചിറ അണക്കെട്ട് നിർമ്മാണവും സൈഡ് ഭിത്തി നിർമ്മാണവും സംബന്ധിച്ച് നിവേദനം ലഭ്യമായിരുന്നോ; വ്യക്തമാക്കുമോ ;

(ബി) അണക്കെട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായി എത്ര തുക നീക്കിവച്ചെന്നും, ഇതിൽ എത്ര തുക ചെലവഴിച്ചെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കാർഷിക സംരക്ഷണ സമിതി കിഴക്കുംഭാഗം; പിണറായി, പ്രസിഡന്റ് എരഞ്ഞോളി ഗ്രാമപഞ്ചായത്ത് എന്നിവരുടെ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ബി) 2011-ൽ ആർ.ഐ.ഡി.എഫ്. 16-ൽ ഉൾപ്പെടുത്തി 45 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും പ്രവൃത്തി ടെണ്ടർ ചെയ്യുകയും ചെയ്തു. കരാറുകാരൻ 34% അധികം ക്വാട്ട് ചെയ്തെങ്കിലും 5% അധികം അംഗീകരിച്ച് ടെണ്ടർ ഏറ്റെടുക്കുവാൻ കരാറുകാരൻ തയ്യാറായില്ല. വീണ്ടും 2012 നിരക്കുപ്രകാരം 70.50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയതിനുശേഷം പല പ്രാവശ്യം ടെണ്ടർ ചെയ്തു. കരാറുകാർ ആരും വരാത്തതിനാൽ ക്വട്ടേഷൻ വിളിക്കുകയും ഒരു കരാറുകാരൻ 49.50% അധികം ക്വാട്ട് ചെയ്യുകയും ചെയ്തു. പ്രസ്തുത ടെണ്ടർ അംഗീകാരത്തിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) തുക ചെലവഴിച്ചിട്ടില്ല.

**സ്വകാര്യ മേഖലയിലും പൊതുമേഖലയിലുമുള്ള കുളങ്ങളും ജലസംഭരണികളും**

189 (878) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012 വരെയുള്ള കണക്കുകൾ പ്രകാരം സ്വകാര്യ മേഖലയിലും പൊതുമേഖലയിലുമായി ചെറുതും വലുതുമായ എത്ര കുളങ്ങളും ജലസംഭരണികളും

ഉണ്ട് ;

(ബി) ജലസ്രോതസ്സുകളുടെ സംരക്ഷണത്തിന്റെ ആദ്യപടിയായി ഓരോ പഞ്ചായത്തിലും ഓരോ കുളം വീതം പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തിരുന്നോ ;

(സി) ഇതിനായി 2012-13 ബഡ്ജറ്റിൽ എത്ര തുക നീക്കിവച്ചിരുന്നെന്നും, അതിൽ എത്രതുക ചെലവഴിച്ചെന്നും എത്ര കുളങ്ങൾ നവീകരിക്കാൻ ഉദ്ദേശിച്ചിരുന്നതെന്നും എത്രയെണ്ണമാണ് നവീകരിച്ചതെന്നും വിശദമാക്കുമോ;

(ഡി) നിലവിൽ സംസ്ഥാനത്ത് ആകെയുള്ള കുളങ്ങളുടെയും ജലസ്രോതസ്സുകളുടെയും ആധികാരിക കണക്കുകൾ ലഭ്യമാണോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്താകെ 40,024 പൊതു ജലാശയങ്ങൾ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. സ്വകാര്യമേഖലയിലെ പൊതു ജലാശയങ്ങൾ സംബന്ധിച്ച വിവരം കണക്കാക്കിയിട്ടില്ല. കേരള ഇലക്ട്രിസിറ്റി ബോർഡിന്റേതുൾപ്പെടെ ആകെ 53 ജലസംഭരണികൾ ഉണ്ട്. അവയുടെ മൊത്തം സംഭരണശേഷി $5600mm^3$ ആണ്.

(ബി) ചെയ്തിട്ടുണ്ട്.

(സി) ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി പ്രകാരം 354 കുളങ്ങൾ നവീകരിക്കുന്നതിനായി 72.75 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 194 കുളങ്ങൾ നവീകരിച്ചു. റെനവേഷൻ ഓഫ് ടാങ്ക്സ് ആന്റ് പോണ്ട്/ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി എന്നിവയ്ക്കായി 31-10-2015 വരെ 22,14,43,786 രൂപ ചെലവഴിച്ചിട്ടുണ്ട്. (4702-00-101-87-01 Renovation of ponds).

(ഡി) ലഭ്യമാണ്. സംസ്ഥാനത്താകെ 40,024 പൊതുകുളങ്ങൾ ഉള്ളതായും 44 നദികളിലായി 39111 കി.മി. വൃഷ്ടി പ്രദേശമുള്ളതായും കണക്കാക്കിയിട്ടുണ്ട്.

**മലപ്പുറം ജില്ലയിലെ ഇരുമ്പോത്തിങ്കൾ കടവിൽ റഗുലേറ്റർ-കം-ബ്രിഡ്ജ്**

190 (879) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ തേഞ്ഞിപ്പാലം - വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ഇരുമ്പോത്തിങ്കൾ കടവിൽ റഗുലേറ്റർ-കം-ബ്രിഡ്ജ് സ്ഥാപിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ ആയത് ലഭ്യമായിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതിക്ക് അടിയന്തരമായി ഭരണാനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) പരിഗണനയിലുണ്ട്.

(ബി&സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് അനുസരിച്ചുള്ള ഡിസൈൻ അംഗീകാരത്തോടെ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

**ബാവിക്കര റഗുലേറ്റർ-കം-ബ്രിഡ്ജ്**

191 (880) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് ജില്ലയിലെ ബാവിക്കര റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം എപ്പോൾ പുനരാരംഭിക്കും എന്ന് വ്യക്തമാക്കാമോ; എത്ര ശതമാനം നിർമ്മാണമാണ് ഇതുവരെ പൂർത്തിയായിട്ടുള്ളത്;

(ബി) ഈ പ്രവൃത്തിയുടെ ഭരണാനുമതി തുകയും സാങ്കേതികാനുമതി തുകയും

എത്രയാണ് ; ഈ പ്രവൃത്തിക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ;

(സി) ബാവിക്കര റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം തുടങ്ങിയത് എന്നാണ്; ഈ പ്രവൃത്തി നീണ്ടുപോകാനുള്ള കാരണം എന്താണ്; ഇതിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ; നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

<u>ഉത്തരം</u>

(എ) പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തിക്ക് സപ്ലിമെന്ററി ഉടമ്പടി ഒപ്പുവയ്ക്കുവാൻ കരാറുകാരനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കരാർ ഉടമ്പടി പ്രകാരം മാത്രമെ പണി പുനരാരംഭിക്കുന്ന തീയതി കണക്കാക്കാൻ സാധിക്കുകയുള്ളൂ. ബാലൻസ് പ്രവൃത്തിയുടെ 20% ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രവൃത്തിയുടെ ഭരണാനുമതി ആദ്യതവണ 258 ലക്ഷം രൂപയും സാങ്കേതികാനുമതി 263.45 ലക്ഷം രൂപയുമാണ്. രണ്ടാം തവണ ഭരണാനുമതി 820 ലക്ഷം രൂപയും സാങ്കേതികാനുമതി 785.55 ലക്ഷം രൂപയുമാണ്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം 2015-ൽ 1283.197 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

(സി) ഈ പ്രവൃത്തി തുടങ്ങിയത് 2005-ൽ ആയിരുന്നു. Site Condition-ൽ ഉണ്ടായ ചില അപ്രതീക്ഷിത വ്യതിയാനങ്ങൾ കാരണം രൂപകൽപ്പനയിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമായി വന്നു. ഇപ്രകാരമുള്ള അപ്രതീക്ഷിത സാങ്കേതിക കാരണങ്ങളാണ് പദ്ധതി നീണ്ടുപോകാൻ കാരണം ഇപ്പോൾ പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. സപ്ലിമെന്ററി എഗ്രിമെന്റ് വച്ചാലുടൻ പ്രവൃത്തി പുനരാരംഭിച്ച് 2017 മാർച്ചോടെ തീർക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## പൊന്നാനി മണ്ഡലത്തിലെ വെളിയങ്കോട് ലോക്ക്-കം-ബ്രിഡ്ജ് നിർമ്മാണം

192 (881) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊന്നാനി മണ്ഡലത്തിലെ കനോലി കനാലിന് കുറുകെയുള്ള വെളിയങ്കോട് ലോക്ക്-കം-ബ്രിഡ്ജ് നിർമ്മാണത്തിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഇതിന് ആർ.ഐ.ഡി.എഫ്. അടക്കമുള്ള ഏതെങ്കിലും പദ്ധതിയിൽ തുക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ;

(സി) ലോക്ക് ഇല്ലാത്തതിനാൽ ഉപ്പുവെള്ളം കയറി ആയിരക്കണക്കിന് കുടുംബങ്ങൾക്ക് ശുദ്ധജലം ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണുന്നതിനായി പദ്ധതി ഉടനെ യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പൊന്നാനി മണ്ഡലത്തിലെ കനോലി കനാലിന് കുറുകെയുള്ള വെളിയങ്കോട് ലോക്ക്-കം-ബ്രിഡ്ജ് നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനായി NABARD-RIDF-XX, RIDF XXI എന്നിവയിൽ ഉൾപ്പെടുത്തുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയതിന് നബാർഡിൽ നിന്നും അനുമതി ലഭിച്ചിട്ടില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## ബാവിക്കര റഗുലേറ്റർ നിർമ്മാണ പ്രവൃത്തി

193 (882) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ ബാവിക്കര റഗുലേറ്റർ നിർമ്മാണപ്രവൃത്തി

ആരംഭിച്ചത് എന്നാണെന്നും അന്നത്തെ അടങ്കൽ തുക എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് എത്ര തവണ പുതുക്കിയിരുന്നുവെന്നും ഓരോ തവണയും വർദ്ധനവ് വരുത്തിയ തുക എത്രയാണെന്നും കരാറുകാർ ആരൊക്കെയായിരുന്നുവെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണത്തിൽ അപാകത ഉണ്ടായിട്ടുള്ളതായും വിവിധ ഘട്ടങ്ങളിൽ അഴിമതി നടന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത പ്രദേശത്ത് താൽക്കാലിക തടയണ നിർമ്മാണത്തിനായി പ്രവൃത്തി ഏറ്റെടുത്ത ശേഷവും എത്ര തുക വീതമാണ് ചെലവഴിക്കുന്നതെന്ന് വർഷംപ്രതിയുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(ഇ) താൽക്കാലിക തടയണ നിർമ്മാണത്തിന്റെ കരാർ ഏറ്റെടുത്തത് ആരൊക്കെയെന്നത് വിശദമാക്കുമോ; ബാവിക്കര റഗുലേറ്ററിന്റെ പ്രവൃത്തി എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) നിർമ്മാണ പ്രവൃത്തി ആരംഭിച്ചത് 2005-ലാണ്. അന്നത്തെ അടങ്കൽ തുക 263.45 ലക്ഷം രൂപ.

(ബി) ബാവിക്കര റഗുലേറ്ററിന്റെ ബാക്കി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 2 തവണ പുതുക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | അടങ്കൽ തുക |
|---|---|
| 2010 | 785.55 ലക്ഷം രൂപ |
| 2015 | 1283.197 ലക്ഷം രൂപ |

2005-ൽ കരാറുകാരൻ എം.എ. ഹരിദാസ് എന്നയാളും 2010-ൽ കരാറുകാരൻ കെ. മൊയ്തീൻകുട്ടി ഹാജി എന്നയാളുമാണ്. 2015-ൽ നിലവിലുള്ള കരാറുകാരനായ ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി എന്ന കരാറുകാരനോട് സപ്ലിമെന്ററി എഗ്രിമെന്റ്

വയ്ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇല്ല.

(ഡി) താൽക്കാലിക തടയണ നിർമ്മാണത്തിന് ചെലവായ തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 2010-11 | 5,63,007 രൂപ |
| 2011-12 | 8,37,387 രൂപ |
| 2012-13 | 9,98,787 രൂപ |
| 2013-14 | 8,81,953 രൂപ |
| 2014-15 | 10,74,560 രൂപ |

(ഇ) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | കരാറുകാരുടെ പേര് |
|---|---|
| 2010-11 | സി. അബ്ദുൾ ഖാദർ, മുച്ചേരിയടുക്കം, മൂളിയാർ |
| 2011-12 | കെ.എം. അലി, കോലാച്ചിയടുക്കം, മൂളിയാർ |
| 2012-13 | സി. അബ്ദുൾ ഖാദർ, മുച്ചേരിയടുക്കം, മൂളിയാർ |
| 2013-14 | എം.എ. ഇക്ബാൽ, മാസ്തിക്, മൂളിയാർ |
| 2014-15 | പി. കെ. ഹംസ, കുതിരിയിൽ ഹൗസ്, പെരുമ്പള |

കോൺട്രാക്ടർ സപ്ലിമെന്ററി എഗ്രിമെന്റ് ഒപ്പിട്ട് പണി പുനരാരംഭിച്ചാൽ 2017 മാർച്ചോടുകൂടി പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**തടയണകൾ നിർമ്മിക്കാൻ പദ്ധതി**

194 (883) ശ്രീ. ടി. എൻ. പ്രതാപൻ :

ശ്രീ. എം. എ. വാഹീദ് :

ശ്രീ. പി. സി. വിഷ്ണുനാഥ് :

ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തടയണകൾ നിർമ്മിക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) പദ്ധതി നടപ്പിലാക്കാൻ സർക്കാർ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) നദികളിലെയും മറ്റ് പ്രധാന നീർച്ചാലുകളിലെയും നീരൊഴുക്ക് സ്ഥായിയാക്കുക, കാലവർഷ സമയത്ത് ലഭിക്കുന്ന അധിക ജലം തടഞ്ഞുനിർത്തി സമീപ പ്രദേശത്തെ ഭൂജല വിതരണം താഴാതെ നിർത്തുക, കാർഷിക ഗാർഹിക ആവശ്യങ്ങൾക്ക് ആവശ്യമായ ജലം ലഭ്യമാക്കുക, മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക, പാരിസ്ഥിതിക ധർമ്മങ്ങൾക്കാവശ്യമായ ജലം ലഭ്യമാക്കുക എന്നിവയാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) വിവിധ പദ്ധതികളിലായി ചെക്ക് ഡാമുകൾ നിർമ്മിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

**തകർന്ന കടൽഭിത്തികളുടെ പുനർനിർമ്മാണം**

195 (884) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ കടലാക്രമണത്തിൽ തകർന്ന മാട്ടൂൽ, മാടായി ഗ്രാമപഞ്ചായത്തുകളിൽ സ്ഥിതി ചെയ്യുന്ന കടൽ ഭിത്തികൾ പുനർനിർമ്മിക്കുന്നതിനും പുതുതായി കടൽ ഭിത്തികൾ നിർമ്മിക്കുന്നതിനും ജലസേചന വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇതുവരെ എത്ര രൂപയുടെ ഭരണാനുമതി ലഭിച്ചു; ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ ഏതൊക്കെ പൂർത്തിയാക്കുവാൻ സാധിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) കടൽ ഭിത്തികൾ യഥാസമയം അറ്റകുറ്റപ്പണി ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ കടലാക്രമണത്തിൽ തകർന്ന മാട്ടൂൽ, മാടായി ഗ്രാമപഞ്ചായത്തിലെ കടൽഭിത്തി പുനർനിർമ്മിക്കുന്നതിനും പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനുമായി 2903.25 ലക്ഷം രൂപയുടെ 17 പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തികൾ നടപ്പിലാക്കുന്നതാണ്. കണ്ണൂർ ജില്ലയിൽ കല്ല്യാശ്ശേരി മണ്ഡലത്തിലെ 4.545 കി.മീ. വരുന്ന തീരദേശങ്ങളിലെ വിശദമായ പഠനം ഐ.ഐ.റ്റി. മുഖേന നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ ഭരണാനുമതിക്കായി സർക്കാരിന്റെ പരിഗണനയിലാണ്. നീരൊഴുക്കുംചാലിലെ രൂക്ഷമായ കടൽക്ഷോഭം നേരിടുന്ന സ്ഥലത്തെ കടൽ ഭിത്തിയുടെ പുനരുദ്ധാരണത്തിനായി 40.00 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി, ടെണ്ടർ ചെയ്തിട്ടുണ്ട്. ടെണ്ടർ അധിക നിരക്ക് അനുമതി നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു. നീരൊഴുക്കും ചാലിൽ ചെ. 100/200 കി.മീ. മുതൽ 100/264 കി.മീ. വരെയുള്ള കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനായി 25.00 ലക്ഷം രൂപയുടെ ഒരു പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുകയും ആയത് 3 തവണ ടെണ്ടർ ചെയ്യുകയും 2 തവണ ക്വട്ടേഷൻ വിളിക്കുകയും ചെയ്തെങ്കിലും കരാറുകാരിൽ നിന്നും പ്രതികരണം ഉണ്ടായില്ല. ആയതിനാൽ ടി പ്രവൃത്തിക്കായി നെഗോഷ്യേറ്റഡ് ക്വട്ടേഷൻ വിളിക്കുകയും അധികനിരക്ക് ക്വാട്ട് ചെയ്തതിനാൽ ഇപ്പോൾ നെഗോസ്യേഷൻ നടപടിയിലാണ്. കൂടാതെ മാടായി പഞ്ചായത്തിൽ നീരൊഴുക്ക ചാലിൽ ചെ.100/265-നും 100/325-നും ഇടയിലുള്ള കടൽഭിത്തിയുടെ പുനരുദ്ധാരണത്തിനായി 15.00 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കടൽഭിത്തികൾ അറ്റകുറ്റപ്പണികൾ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**അങ്കമാലി നിയോജകമണ്ഡലത്തിലെ കാലപ്പഴക്കം ചെന്ന പൈപ്പുകൾ**

196 (885) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തികൾക്ക് 475 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടും പ്രവൃത്തികൾ ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) എന്തെല്ലാം നടപടികളാണ് ഈ പ്രവൃത്തികൾ ആരംഭിക്കുന്നതിന് പൂർത്തീകരിക്കേണ്ടതായിട്ടുള്ളത്;

(സി) ഇത് എന്നത്തേക്ക് പൂർത്തീകരിച്ച് പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) അങ്കമാലി നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ കാലപ്പഴക്കം ചെന്ന പൈപ്പുകൾ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തിയുടെ ടെണ്ടർ ക്ഷണിച്ച് പരിശോധിച്ചുവരുന്നു. ഒരു മാസത്തിനകം ടെണ്ടർ തീർപ്പാക്കി കരാറുകാരന് വർക്ക് ഓർഡർ നൽകുവാൻ കഴിയുന്നതാണ്. കൂടാതെ റോഡ് കട്ടിംഗ് സാങ്ഷൻ ലഭിക്കുന്നതിനായി ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളുടെ അനുമതിക്കായി കേരള വാട്ടർ അതോറിറ്റി അപേക്ഷിച്ചിട്ടുണ്ട്. റോഡ് കട്ടിംഗ് സാങ്ഷൻ ലഭിച്ചു കഴിഞ്ഞാൽ മൂന്ന് മാസത്തിനകം പണികൾ പൂർത്തീകരിക്കുവാൻ കഴിയുന്നതാണ്.

**കാരാപ്പുഴ, കുറ്റ്യാടി, മലങ്കര, പേപ്പാറ ഡാം സൈറ്റുകൾ**

197 (886) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മാതൃകയിൽ കാരാപ്പുഴ , കുറ്റ്യാടി , മലങ്കര, പേപ്പാറ തുടങ്ങിയ ഡാം സൈറ്റുകളെ ടൂറിസ്റ്റ് ആകർഷക കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും മോടി പിടിപ്പിക്കുന്നതിനും 2012 - 13 ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നോ ;

(ബി) എങ്കിൽ എത്ര തുക വകയിരുത്തിയിരുന്നെന്നും എത്ര തുക ചെലവഴിച്ചുവെന്നും വെളിപ്പെടുത്തുമോ ;

(സി) പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ ?

<u>ഉത്തരം</u>

(എ-സി) മലമ്പുഴ മാതൃകയിൽ കാരാപ്പുഴ, കുറ്റ്യാടി, മലങ്കര, പേപ്പാറ തുടങ്ങിയ ഡാം സൈറ്റുകളെ ടൂറിസ്റ്റ് ആകർഷക കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും മോടി പിടിപ്പിക്കുന്നതിനും 2012-13 ബഡ്ജറ്റിൽ ആയിരം രൂപ വകയിരുത്തിയിരുന്നു, തുടർന്ന് അതേ വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിന്റെ 150-ാം ഖണ്ഡികയിൽ കാരാപ്പുഴ, കുറ്റ്യാടി, മലങ്കര, പെരിയാർവാലി, ചമ്രവട്ടം എന്നീ പദ്ധതി പ്രദേശങ്ങളിൽ മലമ്പുഴ ഡാമിൽ നടപ്പാക്കിയതിനു സമാനമായ വിനോദ സഞ്ചാര വികസനത്തിനായി 1 കോടി രൂപ നീക്കിവച്ചിട്ടുള്ളതായി പ്രഖ്യാപിക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ സമർപ്പിച്ച എസ്റ്റിമേറ്റുകൾക്ക് 28/12/2012-ാം തീയതിലെ G.O(Rt)No.1507/ 2012/WRD ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിക്കുകയുണ്ടായി. ഇതിൽ അനുവദിച്ച തുക ഇപ്രകാരമാണ്.

| | | |
|---|---|---|
| മലങ്കര ഡാം | - | 32,30,000 |
| കാരാപ്പുഴ ഡാം | - | 6,25,000 |
| കുറ്റ്യാടി ഡാം | - | 15,00,000 |
| പേപ്പാറ ഡാം | - | വകയിരുത്തിയിട്ടില്ല. |

നിലവിൽ പദ്ധതികൾ എല്ലാം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്.

**മീനച്ചിൽ വാലി ഇറിഗേഷൻ പദ്ധതി**

198 (887) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനച്ചിൽ വാലി ഇറിഗേഷൻ പദ്ധതി നടപ്പാക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; പ്രസ്തുത സമിതിയുടെ റിപ്പോർട്ട് സർക്കാരിന്

സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങൾക്കായി 2012-13 ബഡ്ജറ്റിൽ തുക നീക്കിവച്ചിരുന്നോ; എങ്കിൽ എത്ര തുകയാണെന്നും സർക്കാർ ഖജനാവിൽ നിന്നും ഇതിനായി എത്ര തുക ചെലവഴിക്കപ്പെട്ടുവെന്നും വ്യക്തമാക്കുമോ;

(സി) 2012-13 മുതൽ തുടർന്നുള്ള വർഷങ്ങളിൽ ഓരോ ബഡ്ജറ്റിലും ഇതിനായി തുക നീക്കിവച്ചിട്ടുണ്ടായിരുന്നോ; എങ്കിൽ അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) മീനച്ചിൽ നദീതടപദ്ധതി നടപ്പാക്കുന്നതിന് കേരള സർക്കാർ ഒരു വിദഗ്ദ്ധസമിതിയെ നിയോഗിച്ചിരുന്നു. പ്രസ്തുത സമിതിയുടെ റിപ്പോർട്ട് 16-12-2012-ൽ ലഭ്യമാക്കിയിട്ടുണ്ട്. റിപ്പോർട്ടിന്റെ പ്രസക്ത ഭാഗത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. *

(ബി) ഇല്ല. നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുന്നോടിയായുള്ള പര്യവേഷണ പ്രവർത്തികൾ മാത്രമേ ഈ കാലയളവിൽ നടത്തിയിരുന്നുള്ളൂ. ഇതിനാവശ്യമായ ഫണ്ട് ഐ.ഡി.ആർ.ബി ചീഫ് എഞ്ചിനീയറുടെ ഇൻവെസ്റ്റിഗേഷൻ ഹെഡിൽ നിന്നുമാണ് ചെലവഴിച്ചത്. പര്യവേഷണ പ്രവർത്തികൾക്കായി 2012-13 വർഷം 14 ലക്ഷം രൂപ ഇൻവെസ്റ്റിഗേഷൻ ഹെഡിൽനിന്നും ചെലവഴിച്ചു. ടി പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുവേണ്ടി 2012-13 വർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(സി) ഉത്തരം അനുബന്ധമായി ചേർക്കുന്നു.*

**തൃശ്ശൂർ ജില്ല മൈനർ ഇറിഗേഷൻ**

199 (888) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ല മൈനർ ഇറിഗേഷൻ വടക്കാഞ്ചേരി സെക്ഷൻ ഓഫീസിനു

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കീഴിൽ വരുന്ന കട്ടങ്ങോട് ഗ്രാമപഞ്ചായത്തിലെ ആദൂർ പുത്തൻതോട് സ്ലൂയിസ് കം ട്രാക്ടർ ക്രോസിങ്ങ് പാലം പ്രവൃത്തിയുടെ ടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) കടങ്ങോട് ഗ്രാമപഞ്ചായത്തിലെ ആദൂർ പുത്തൻതോട് സ്ലൂയിസ് കം ട്രാക്ടർ ക്രോസിങ്ങ് പാലം എന്ന പ്രവൃത്തി തലപ്പിള്ളി പാക്കേജ് രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി ടെണ്ടർ ചെയ്തു. എന്നാൽ ഒരു ദർഘാസ് മാത്രം ലഭിച്ചതിനാൽ പുനർ ദർഘാസിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**തൃശ്ശൂർ ജില്ല മൈനർ ഇറിഗേഷൻ വിഭാഗം നടപ്പിലാക്കിയ പ്രവൃത്തികൾ**

200 (889) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ല മൈനർ ഇറിഗേഷൻ വിഭാഗത്തിന്റെ വടക്കാഞ്ചേരി, കുന്നംകുളം സെക്ഷൻ ഓഫീസിനു കീഴിൽ വരുന്ന എരുമപ്പെട്ടി, വേലൂർ, കടങ്ങോട്, ചൊവ്വന്നൂർ, പോർകുളം, കാട്ടകാമ്പാൽ, കടവല്ലൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലും കുന്നംകുളം നഗരസഭയിലും 2011-12 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം ഇതുവരെ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്, പ്രസ്തുത പ്രവൃത്തികളുടെ പേരും അനുവദിച്ച തുകയും ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പൂർത്തീകരിച്ചുവെന്നും പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നവയുടെ ഇപ്പോഴത്തെ അവസ്ഥയും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) എരുമപ്പെട്ടി, വേലൂർ, കടങ്ങോട്, ചൊവ്വന്നൂർ, പോർകുളം, കാട്ടകാമ്പാൽ,

കടവല്ലൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലും കുന്നംകുളം നഗരസഭയിലും 2011-12 സാമ്പത്തിക വർഷം മുതൽ 2015-16 സാമ്പത്തിക വർഷം വരെ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കുടിവെള്ള പദ്ധതി**

201 (890) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ മുനിസിപ്പാലിറ്റി കുടിവെള്ള പദ്ധതിയായ UIDSSMT യുടെ കാലിക സ്ഥിതി വിശദീകരിക്കുമോ; ഏതെല്ലാം ജോലികൾ പൂർത്തീകരിക്കുവാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ശ്രീകൃഷ്ണപുരം, കരിമ്പുഴ, തച്ചനാട്ടുകര കുടിവെള്ള പദ്ധതികളുടെ കാലിക സ്ഥിതി വിശദമാക്കാമോ; എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയും വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) UIDSSMT ഒറ്റപ്പാലം കുടിവെള്ള പദ്ധതിക്കായി 4-11-2009-ൽ 1800 ലക്ഷം രൂപയും 21-1-2014-ൽ 3000 ലക്ഷം രൂപയുമുള്ള പുതുക്കിയ ഭരണാനുമതിയും തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ഒഴികെയുള്ള പണി പൂർത്തീകരിച്ചു. ഈ പദ്ധതികളിൽ ഉൾപ്പെടുത്തി അസംസ്കൃത ജലവാഹിനിക്കുഴലുകൾ, ജലശുദ്ധീകരണശാല, ശുദ്ധജലവാഹിനിക്കുഴലുകൾ, റോ വാട്ടർ പമ്പ് സെറ്റുകൾ, ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ, സോൺ I, II, III, IV എന്നിവിടങ്ങളിലേക്കുള്ള വിതരണ ശൃംഖല എന്നിവ പൂർത്തീകരിച്ചു. റോ വാട്ടർ പമ്പ് ഹൗസിലേയ്ക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് റെയിൽവേ ക്രോസ്സിംഗ് അനുമതിക്കായി കേരള വാട്ടർ അതോറിറ്റി 4710 ലക്ഷം രൂപ കെ.എസ്.ഇ.ബി.-യിലേക്ക് നിക്ഷേപിച്ചിട്ടുണ്ട്. റെയിൽവേ അനുമതി ലഭ്യമാക്കി കെ.എസ്.ഇ.ബി. വൈദ്യുതികണക്ഷൻ നൽകേണ്ടതുണ്ട്. ടി പദ്ധതിയുടെ ഒരു

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രധാന ഘടകമാണ് ഭാരതപ്പുഴയിലെ കൂട്ടിലമുക്ക് എന്ന സ്ഥലത്ത് നിർമ്മിക്കേണ്ടിയിരുന്ന തടയണ. ഈ സ്ഥലത്ത് ജലസേചന വകുപ്പ് മറ്റൊരു തടയണ നിർമ്മിക്കുന്നതിനാൽ ഈ തടയണ ആവശ്യമായി വരുന്നില്ല. ജലസേചനവകുപ്പിന്റെ തടയണയുടെ പൂർത്തീകരണത്തിന് ആവശ്യമായി വരുന്ന ബാക്കി തുക UIDSSMT പദ്ധതിയിൽ ഇതിനുവേണ്ടി ഉൾക്കൊള്ളിച്ചിരിക്കുന്ന തുകയിൽനിന്നും ജലസേചന വകുപ്പിന് അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കെ.എസ്.യു.ഡി.പി. ആണ് ഈ തുക ജലസേചന വകുപ്പിന് കൈമാറുന്നതിനുവേണ്ട നടപടി കൈക്കൊള്ളേണ്ടത്.

(ബി) ശ്രീകൃഷ്ണപുരം, കരിമ്പുഴ എന്നീ പദ്ധതികളുടെ കാലിക സ്ഥിതി അനുബന്ധമായി ചേർത്തിരിക്കുന്നു.* തച്ചനാട്ടുകര, കോട്ടോപ്പാടം, അലനെല്ലൂർ എന്നീ മൂന്നു പഞ്ചായത്തുകളെ ഉൾപ്പെടുത്തി ഒരു സമഗ്ര കുടിവെള്ള പദ്ധതിയാണ് വിഭാവന ചെയ്തിരിക്കുന്നത്. ഈ കുടിവെള്ള പദ്ധതിയുടെ സർവ്വേ വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. തച്ചനാട്ടുകര, കോട്ടോപ്പാടം എന്നീ പഞ്ചായത്തുകളിൽനിന്നും പദ്ധതി ഘടകങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാക്കാമെന്നുള്ള തീരുമാനം കേരള വാട്ടർ അതോറിറ്റിക്ക് ലഭിച്ചിട്ടുണ്ട്. അലനെല്ലൂർ പഞ്ചായത്തിന്റെയും കൂടി തീരുമാനം ലഭ്യമായാൽ ടി കുടിവെള്ള പദ്ധതിക്കായുള്ള വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കുന്നതാണ്.

## പാലക്കാട് ജില്ലയിലെ ജലസംഭരണികൾ

202 (891) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ജലസംഭരണികളിൽ ആവശ്യത്തിന് ജലം ലഭ്യമാണോ;

(ബി) ജില്ലയിൽ 2015-ലെ കാലവർഷത്തിലും തുലാവർഷത്തിലും ഇതുവരെ മുൻവർഷത്തെ അപേക്ഷിച്ച് എത്ര കുറവ് അനുഭവപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കാമോ;

(സി) രണ്ടാംവിളയ്ക്ക് തുറന്നുവിടുവാൻ ആവശ്യമായ ജലം ജില്ലയിലെ ജലസംഭരണികളിൽ ലഭ്യമാണോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) മഴക്കുറവ് ഉണ്ടെങ്കിൽ നേരിടുന്നതിന് പാലക്കാട് ജില്ലയിൽ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിൽ കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയിൽ ആവശ്യമായ ജലം ലഭ്യമാണ്. മലമ്പുഴ സംഭരണിയിൽ 46 ദിവസത്തേക്കും പോത്തുണ്ടി സംഭരണിയിൽ 56 ദിവസത്തേക്കും മംഗലം ജലസംഭരണിയിൽ 78 ദിവസത്തേക്കും വാളയാർ ഡാമിൽ 27 ദിവസത്തേയ്ക്കും ചുള്ളിയാർ, മീങ്കര ഡാമുകളിൽ 32 ദിവസത്തേക്കും ജലസേചനത്തിനാവശ്യമായ ജലം ലഭ്യമാണ്.

(ബി) പാലക്കാട് ജില്ലയിലെ ജലസേചന വകുപ്പിന്റെ കീഴിലുള്ള ഡാമുകളിൽ 2015 ജൂൺ-സെപ്റ്റംബർ കാലയളവിൽ മുൻവർഷത്തെ അപേക്ഷിച്ച് 97 ദശലക്ഷം ക്യൂബിക് മീറ്റർ വെള്ളം കുറവുള്ളതായി കാണപ്പെടുന്നു (1-10-2015-ലെ കണക്കുപ്രകാരം). മേൽ പറഞ്ഞ ഡാമുകളിൽ 2015 ഒക്ടോബർ-നവംബർ കാലയളവിൽ മുൻവർഷത്തെ അപേക്ഷിച്ച് 69 ദശലക്ഷം ക്യൂബിക് മീറ്റർ വെള്ളം കുറവുള്ളതായി കാണപ്പെടുന്നു (15-11-2015 -ലെ കണക്കുപ്രകാരം).

(സി) രണ്ടാംവിളയ്ക്ക് തുറന്നുവിടാൻ ആവശ്യമായ ജലത്തിന്റെ ലഭ്യത താഴെ പറയും പ്രകാരമാണ്:

| പ്രോജക്ട് | ജലലഭ്യത |
|---|---|
| (1) | (2) |
| കാഞ്ഞിരപ്പുഴ ഇറിഗേഷൻ പ്രോജക്ട് | ലഭ്യമാണ് |
| മലമ്പുഴ | 46 ദിവസത്തേക്ക് |
| (1) | (2) |
| പോത്തുണ്ടി | 56 ദിവസത്തേക്ക് |
| മംഗലം | 78 ദിവസത്തേക്ക് |
| വാളയാർ | 27 ദിവസത്തേക്ക് |
| മീങ്കര | 32 ദിവസത്തേക്ക് |

| | |
|---|---|
| ചുള്ളിയാർ | 32 ദിവസത്തേക്ക് |

(ഡി) മലമ്പുഴ ജലസംഭരണിയിൽ ജലലഭ്യതയനുസരിച്ച് ജലവിതരണം ക്രമീകരിച്ചിട്ടുണ്ട്. കർഷകരുടെ യോഗം ചേർന്ന് അവരെ ജലസംഭരണിയിലെ ജലലഭ്യതയെക്കുറിച്ച് ബോധ്യപ്പെടുത്തുകയും സുഗമമായ ജലവിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ചിറ്റൂർ ഡിവിഷനിൽ കൃഷിരീതിയെ കുറിച്ച് തീരുമാനിക്കുന്നതിനായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ വിളനിർണ്ണയ സമിതിയോഗം ചേർന്നിട്ടുണ്ട്. 5-12-2015-ന് പദ്ധതി ഉപദേശകസമിതി യോഗം ചേരാൻ നിശ്ചയിച്ചിട്ടുണ്ട്.

## ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ ലോ ലെവൽ കനാലിന്റെ നിർമ്മാണം

203 (892) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നര പതിറ്റാണ്ട് മുൻപ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ ലോ ലെവൽ കനാലിന്റെ എം.സി. റോഡിലെ 10490-12000 മീറ്റർ ചെയിനേജ് പ്രവൃത്തി പൂർത്തീകരിക്കാൻ സമയബന്ധിതമായി നടപടികൾ സ്വീകരിക്കാത്തതിന് കാരണമെന്താണ്;

(ബി) മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഇതുസംബന്ധിച്ച ജനപ്രതിനിധികളും ഉദ്യോഗസ്ഥരുടെയും യോഗങ്ങൾ വിളിച്ചുചേർത്ത് ജനോപകാരപ്രദമായ ഈ പ്രവൃത്തി അകാരണമായി വൈകിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) ഈ പ്രവൃത്തിയുടെ അപാകതകൾ പരിഹരിച്ച് ടെണ്ടർ നടപടികൾ പൂർത്തിയാക്കി എന്നത്തേക്ക് പണി ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ 10490 മീറ്റർ മുതൽ 12000 മീറ്റർ

ചെയിനേജ് വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഈ പ്രവൃത്തിയുടെ ചെയിനേജ് 10490 മീ. മുതൽ 10599 മീ. വരെയുള്ള ആദ്യഭാഗത്ത് കനാൽ എം.സി. റോഡിനെ മുറിച്ചുകടക്കേണ്ടതുണ്ട്. എന്നാൽ എം.സി. റോഡിലൂടെയുള്ള കനത്ത ഗതാഗതവും മറ്റൊരു ബൈപ്പാസ് റോഡിന്റെ അഭാവവും കണക്കിലെടുത്ത് ഈ ഭാഗത്ത് ഓപ്പൺ എക്സ്കവേഷൻ നടത്തുക പ്രായോഗികമല്ലാത്തതിനാൽ ഗതാഗതത്തിനെ ബാധിക്കാത്ത വിധത്തിലുള്ള പുഷ്ത്രൂ സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രവൃത്തി റീ അറേഞ്ച് ചെയ്യേണ്ടതുണ്ട്. ഈ ഭാഗത്തെ പ്രവൃത്തികൾ സ്പെഷ്യൽ ആന്റ് സ്കിൽഡ് വർക്ക് (ഇഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് & കൺസ്ട്രക്ഷൻ) ആയതിനാൽ ഒരു സ്കിൽഡ് ഏജൻസി മുഖാന്തിരം പ്രവൃത്തി നടപ്പിലാക്കേണ്ടതുണ്ട്. ഇതിനാൽ 10490-12000 മീറ്റർ ചെയിനേജ് വരെയുള്ള പ്രവൃത്തിയെ രണ്ടായി വിഭജിച്ച് (10490 മുതൽ 10599 വരെയും 10599 മുതൽ 12000 വരെയും) പൂർത്തീകരിക്കുവാൻ സാധിക്കുമോ എന്നത് പരിശോധിക്കുന്നതിനായി ടി പ്രവൃത്തിയുടെ കോസ്റ്റ് ബെനഫിറ്റ് അനാലിസിസ് റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പണികൾ പൂർത്തീകരിക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ മാത്രമാണ് നിലവിലുള്ളത്. ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ചവന്നതായി കാണുന്നില്ല.

(സി) സാങ്കേതിക തടസ്സങ്ങൾ നീങ്ങുന്ന മുറയ്ക്ക് പ്രവൃത്തികൾ ടെണ്ടർ ചെയ്ത് പണികൾ ആരംഭിക്കാവുന്നതാണ്.

**ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ പ്രവൃത്തികൾ പുനരാരംഭിക്കാൻ നടപടി**

204 (893) <u>ശ്രീ. ജോസ് തെറ്റയിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ 7300-7800 ചെയിനേജിലെ നിർത്തിവച്ചിരിക്കുന്ന പ്രവൃത്തികൾ പുനരാരംഭിക്കുന്നതിനായി നടപടി സ്വീകരിക്കുന്നതിലെ കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് ജലവിഭവ വകുപ്പിന്റെ പരിഗണനയിലുള്ള 1455/MP2/15/WRD നമ്പർ ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) ഈ പ്രവൃത്തിയുടെ നിജസ്ഥിതി എന്തെന്നും എന്നത്തേക്ക് പുനരാരംഭിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇടമലയാർ ഇറിഗേഷൻ പദ്ധതിയുടെ ലോ ലെവൽ കനാൽ 7300 മുതൽ 7800 വരെയുള്ള ചെയിനേജിലെ പ്രവൃത്തിക്കായി 12-9-2012-ൽ കരാറുകാരന് സൈറ്റ് കൈമാറിയതാണ്. എന്നാൽ പ്രദേശവാസികളുടെ എതിർപ്പുമൂലം സൈറ്റിൽ പണികൾ നിർത്തിവയ്ക്കേണ്ടിവന്നു. കരാറിലുള്ള ഓപ്പൺ ഫ്ലൂമിനു പകരം വെൽ സൈഫൺ വേണമെന്നതായിരുന്നു പ്രദേശവാസികളായ സമരക്കാരുടെ ആവശ്യം. ഉദ്യോഗസ്ഥതലത്തിലും വിവിധ രാഷ്ട്രീയ പ്രതിനിധികളുടെ സാന്നിധ്യത്തിലും സമരക്കാരുമായി പല ചർച്ചകൾ നടത്തിയെങ്കിലും അവർ വഴങ്ങിയില്ല. തുടർന്ന് 2-11-2013-ൽ നടത്തിയ കൂട്ടായ ചർച്ചയിൽ എസ്റ്റിമേറ്റിൽ കുറച്ച് ഭേദഗതികളോടെ നാട്ടുകാരുടെ എതിർപ്പ് രമ്യതയിൽ പറഞ്ഞ് അവസാനിപ്പിച്ചപ്പോഴേക്ക് കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട ഒരു വർഷത്തെ കാലാവധി അവസാനിച്ചിരുന്നു. തുടർന്ന് കരാറുകാരനോട് പണി തുടങ്ങുവാൻ ആവശ്യപ്പെട്ടെങ്കിലും ഈ കാലതാമസംമൂലം പഴയ റേറ്റിൽ പ്രവൃത്തി ചെയ്യാൻ സാധിക്കില്ലായെന്നും പുതുക്കിയ ഡി.എസ്.ആർ. പ്രകാരമുള്ള റേറ്റ് അനുവദിച്ചു തരണമെന്നും കരാറുകാരൻ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ഈ പ്രവൃത്തി ടെർമിനേറ്റ് ചെയ്ത് പുതുക്കിയ IIP-യുടെ ആക്ഷൻപ്ലാനിൽ (2015-16) ഉൾപ്പെടുത്താനുള്ള നടപടികൾ എടുത്തുവരുന്നു.

(ബി) ഇടമലയാർ ഇറിഗേഷൻ പദ്ധതിയിലെ ചെയിനേജ് 7300 മുതൽ 7800 വരെയുള്ള പ്രവൃത്തി സംബന്ധിച്ചാണ് 1455/MP2/15/WRD നമ്പർ ഫയലിൽ പ്രതിപാദിക്കുന്നത്. കരാറുകാരന് മേൽപ്രവൃത്തി പുതുക്കിയ റേറ്റ് പ്രകാരം അനുവദിച്ചുനൽകുമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പരിശോധിച്ചപ്പോൾ പുതുക്കിയ റേറ്റ് പ്രകാരമുള്ള എസ്റ്റിമേറ്റ് വളരെയധികം അധികരിച്ചിരിക്കുന്നതാകയാൽ ഇതിന്റെ അംഗീകാരത്തിനും അഭിപ്രായത്തിനുമായി ഫയൽ ഫിനാൻസ് വകുപ്പിലേക്ക് അയച്ചിരുന്നു. എന്നാൽ ഈ പ്രവൃത്തി 2015-16-ലെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്താൻ ഇപ്പോൾ തീരുമാനിച്ചിട്ടുണ്ട്.

(സി) ഈ പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**പരപ്പാൽ ബീച്ചിൽ കടൽഭിത്തി നിർമ്മാണം**

205 (894) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ പരപ്പാൽ ബീച്ചിന്റെ സംരക്ഷണാർത്ഥം കടൽഭിത്തി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ബീച്ചിലെ സംരക്ഷണ ഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയുടെ WP(C)No.6448/2009(s) റിട്ട് പെറ്റീഷന്മേലുള്ള 17-3-2009-ലെ വിധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിധിയിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ബീച്ചിൽ സംരക്ഷണ ഭിത്തി അടിയന്തരമായി നിർമ്മിച്ച് ബീച്ചിനെ കടലാക്രമണത്തിൽനിന്ന് സംരക്ഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് ഗ്രാമപഞ്ചായത്തിലെ പരപ്പാൽ അരിയല്ലൂർ ബീച്ചിന്റെ സംരക്ഷണാർത്ഥം കടൽഭിത്തി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നിർദ്ദേശം പരിഗണനയിലില്ല. എന്നാൽ അരിയല്ലൂർ ബീച്ചിലെ പരപ്പാലിൽ ടിപ്പു സുൽത്താൻ റോഡിന്റെ സംരക്ഷണത്തിനുവേണ്ടി 227.00 മീറ്റർ നീളത്തിൽ കോർഭിത്തി നിർമ്മിക്കുന്നതിന് 45 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നിൽകിയിട്ടുണ്ട്.

(ബി) നിലവിലുണ്ട്. കോർഭിത്തി നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയിട്ടില്ല. ബഹു. കേരള ഹൈക്കോടതിയുടെ വിധി പ്രകാരം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള കമ്മിറ്റിയുടെ തീരുമാനപ്രകാരം മാത്രമേ പ്രവൃത്തി നടപ്പാക്കാൻ സാധിക്കുകയുള്ളൂ.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ജി.ഒ.(ആർ.ടി.) നമ്പർ 592/09/ഡബ്ല്യൂ.ആർ.ഡി. തിരുവനന്തപുരം തീയതി 6-6-2009

പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത ബീച്ചിനെ കടലാക്രമണത്തിൽനിന്ന് സംരക്ഷിക്കുന്നതിനായി 227 മീറ്റർ നീളത്തിൽ കോർ ഭിത്തി നിർമ്മിക്കുന്നതിന് 45 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തി നടപ്പിലാക്കുന്നതിനുവേണ്ടി ബഹു. കേരള ഹൈക്കോടതിയുടെ വിധിക്ക് വിധേയമായി ഒരു സർവ്വ കക്ഷിയോഗം വിളിച്ചു ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ടതുണ്ട്.

**പേരാമ്പ്ര മണ്ഡലത്തിലെ ജലസേചന പദ്ധതികൾ**

206 (895) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പേരാമ്പ്ര മണ്ഡലത്തിൽ ജലവിഭവ വകുപ്പിനു കീഴിൽ എന്തൊക്കെ പ്രവൃത്തികൾക്ക് എത്ര രൂപ വീതം അനുവദിച്ചു എന്ന് വിശദമാക്കുമോ ;

(ബി) ഇതുവരെ ഏതൊക്കെ പ്രവൃത്തികൾ പൂർത്തിയായി എന്നും എത്ര രൂപ ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ ;

(സി) ഇനി ഏതൊക്കെ പ്രവൃത്തികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ജലസേചന വകുപ്പ് :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പേരാമ്പ്ര മണ്ഡലത്തിൽ ജലസേചന വകുപ്പിനുകീഴിൽ വരുന്ന പ്രവൃത്തികൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കേരള ജല അതോറിറ്റി :

1. പേരാമ്പ്ര മണ്ഡലത്തിലെ പാലേരി ശുദ്ധജലവിതരണ പദ്ധതിയുടെ കീഴിൽ ചങ്ങരോത്ത് പഞ്ചായത്തിലെ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വിതരണശൃംഖല സ്ഥാപിക്കാനും പ്രഷർഫിൽറ്റർ സ്ഥാപിക്കാനുമായി 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി.

2. നാക്കൻകുന്ന് ശുദ്ധജലവിതരണ പദ്ധതിക്ക് "10-HP പമ്പ്സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി" - 2 ലക്ഷം രൂപ അനുവദിച്ചു.

3. പേരാമ്പ്ര ശുദ്ധജലവിതരണ പദ്ധതിക്ക് "10-HP പമ്പ്സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി" - 2 ലക്ഷം രൂപ അനുവദിച്ചു.

ഭൂജലവകുപ്പ് :

2012-13 സാമ്പത്തിക വർഷം വരൾച്ചാ ദുരിതാശ്വാസ പദ്ധതിയിൽപ്പെടുത്തി ഭൂജലവകുപ്പ് മുഖേന 3 ഹാൻഡ്പമ്പ് റിപ്പയർ പ്രവൃത്തികൾ പേരാമ്പ്ര നിയോജകമണ്ഡലത്തിലെ അരിക്കുളം പഞ്ചായത്തിൽ പുതുക്കുന്ന്, കറ്റത്തറ, കുമുള്ളംതറ എന്നീ സ്ഥലങ്ങളിലായി നടപ്പാക്കിയ വകയിൽ ആകെ 30,000 രൂപ അനുവദിക്കുകയുണ്ടായി.

ജലനിധി :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പേരാമ്പ്ര മണ്ഡലത്തിൽ ഉൾപ്പെടുന്ന ചെറുവണ്ണൂർ, കീഴരിയൂർ ഗ്രാമപഞ്ചായത്തുകളിൽ ജലനിധി രണ്ടാംഘട്ട പദ്ധതി നടപ്പിലാക്കിവരികയാണ്. താഴെപ്പറയുന്ന പ്രവൃത്തികൾക്ക് തുക അനുവദിക്കുകയുണ്ടായി:

| പ്രവൃത്തി | ഗ്രാമപഞ്ചായത്ത് | | | |
|---|---|---|---|---|
| | കീഴരിയൂർ | | ചെറുവണ്ണൂർ | |
| | എണ്ണം | തുക | എണ്ണം | തുക |

| | | (ലക്ഷത്തിൽ) | | (ലക്ഷത്തിൽ) |
|---|---|---|---|---|
| കുടിവെള്ള പദ്ധതികൾ | 16 | 444.51 | 28 | 453.30 |
| ശുചിത്വ പദ്ധതികൾ | 4 | 11.37 | 8 | 21.89 |
| ഭൂജല സംവർദ്ധനം | 4 | 14.71 | 2 | 29.95 |
| ഗ്രാമപഞ്ചായത്ത് ശാക്തീകരണം | ... | 6.20 | ... | 6.20 |
| പരിശീലനം | 11 | 1.43 | 10 | 1.71 |
| ഇൻഫർമേഷൻ എഡ്യൂക്കേഷൻ കമ്മ്യൂണിക്കേഷൻ | ... | 0.60 | ... | 1.55 |

(ബി) <u>ജലസേചന വകുപ്പ്</u> :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പേരാമ്പ്ര മണ്ഡലത്തിൽ ജലസേചന വകുപ്പിനുകീഴിൽ പൂർത്തിയായ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം II* ആയി ചേർക്കുന്നു.

<u>കേരള ജല അതോറിറ്റി</u> :

1. പേരാമ്പ്ര മണ്ഡലത്തിലെ പാലേരി ശുദ്ധജലവിതരണ പദ്ധതിയുടെ കീഴിൽ ചങ്ങരോത്ത് പഞ്ചായത്തിലെ കൂടുതൽ സ്ഥലങ്ങളിലേക്ക് വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി സെപ്റ്റംബർ 2014-ൽ പൂർത്തിയായി. ഇതുവരെ 77.30 ലക്ഷം രൂപ ചെലവായി.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2. നാക്കൻകുന്ന്-ശുദ്ധജലവിതരണ പദ്ധതിക്ക് 10 HP പമ്പ്സെറ്റ് സ്ഥാപിച്ചു. ചെലവഴിച്ച തുക 1,90,418 രൂപ.

3. പേരാമ്പ്ര ശുദ്ധജലവിതരണ പദ്ധതിക്ക് 10 HP പമ്പ്സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തിക്ക് ചെലവഴിച്ച തുക 1,90,418 രൂപ

ഭൂജലവകുപ്പ് :

ഭൂജല വകുപ്പ് മുഖേന നടപ്പാക്കിയ 3 പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി ആകെ 28,517 രൂപ ചെലവഴിച്ചിട്ടുണ്ട്. (രൂപ 5,973+ 5,900+16,644)

ജലനിധി :

മുകളിൽ പറഞ്ഞ പ്രവൃത്തികളിൽ ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ പ്രവൃത്തികളെല്ലാം പൂർത്തിയായിട്ടുണ്ട്. കീഴരിയൂർ പഞ്ചായത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുവരികയാണ്. രണ്ട് പഞ്ചായത്തിലും നാളിതുവരെ ചെലവഴിച്ച തുക ഇപ്രകാരമാണ്.

| പ്രവൃത്തി | ഗ്രാമപഞ്ചായത്ത് | | | |
|---|---|---|---|---|
| | കീഴരിയൂർ | | ചെറുവണ്ണൂർ | |
| | എണ്ണം | തുക (ലക്ഷത്തിൽ) | എണ്ണം | തുക (ലക്ഷത്തിൽ) |
| കുടിവെള്ള പദ്ധതികൾ | 16 | 264.50 | 28 | 330.95 |
| ശുചിത്വ പദ്ധതികൾ | 4 | 1.35 | 8 | 13.27 |

| | | | | |
|---|---|---|---|---|
| ഭൂജല സംവർദ്ധനം | 4 | 14.71 | 2 | 17.90 |
| ഗ്രാമപഞ്ചായത്ത് ശാക്തീകരണം | ... | 5.36 | ... | 5.11 |
| പരിശീലനം | 11 | 1.14 | 10 | 0.87 |
| ഇൻഫമേഷൻ എഡ്യൂക്കേഷൻ കമ്മ്യൂണിക്കേഷൻ | ... | 0.60 | ... | 0.77 |

(സി) ജലസേചന വകുപ്പ് :

ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഈ വർഷം നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്നതിനു വേണ്ടിയുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് മുൻഗണനാ ക്രമത്തിൽ തയ്യാറാക്കുന്നുണ്ട്.

കേരള ജല അതോറിറ്റി :

പുതിയതായി പദ്ധതികളൊന്നും നിലവിലില്ല.

ഭൂജലവകുപ്പ് :

പുതിയതായി പ്രവൃത്തികൾ ഒന്നും നടപ്പാക്കുന്ന വിഷയം പരിഗണനയിലില്ല.

ജലനിധി :

ചെറുവണ്ണൂർ പഞ്ചായത്തിൽ ഇനി ഒന്നും പൂർത്തിയാക്കാനില്ല. പുതിയതായി നടപ്പാക്കാനും ഒന്നും അവശേഷിക്കുന്നില്ല. കീഴരിയൂർ പഞ്ചായത്തിൽ മേൽപ്പറഞ്ഞ പദ്ധതികളെല്ലാം പൂർത്തീകരിച്ചു വരികയാണ്. കൂടാതെ പേരാമ്പ്രയിലുൾപ്പെടുന്ന ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിൽ മൂന്നാം ബാച്ചിലുൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ട്.

**ചാലക്കുടി മണ്ഡലത്തിലെ തട്ടുപാറ,പൂത്തുരുത്തി തടയണകളുടെ നിർമ്മാണം**

207 (896) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട മേലൂർ, പരിയാരം പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ചാലക്കുടിപ്പുഴയിൽ നിർമ്മിക്കുന്ന തട്ടുപാറ തടയണയുടെ നിർമ്മാണം പ്രവൃത്തികൾ പുനഃരാരംഭിക്കുന്നതിനും, പൂർത്തീകരിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽപ്പെട്ട പൂത്തുരുത്തി തടയണയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരനായ ശ്രീ. പി. കെ. മോഹനൻ ആവർത്തിച്ചുള്ള നിർദ്ദേശങ്ങൾക്ക് ശേഷവും പ്രവൃത്തി പൂർത്തീകരിക്കുവാൻ തയ്യാറാകാത്തതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടി പ്രവർത്തിയുടെ കരാർ ഉടമ്പടി റദ്ദ് ചെയ്തു. ടി പ്രവൃത്തിയുടെ ശേഷിക്കുന്ന പ്രവർത്തികളുടെ 108 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി തൃശ്ശൂർ മധ്യമേഖല ജലസേചന വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സർക്കാരിൽ ലഭ്യമായിട്ടില്ല. എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**വൈപ്പിൻ മണ്ഡലത്തിലെ കൽച്ചിറകളുടെ നിർമ്മാണം**

208 (897) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂർണ്ണമായും കടലും കായലും വലയം ചെയ്തിരിക്കുന്ന വൈപ്പിൻ മണ്ഡലത്തിലെ പള്ളിപ്പുറം, കുഴുപ്പിള്ളി, എടവനക്കാട്, നായരമ്പലം, ഞാറയ്ക്കൽ, എളങ്കുന്നപ്പുഴ എന്നീ പഞ്ചായത്തുകളിൽ കാലഭേദമില്ലാതെ കരയിലേക്ക് വെള്ളം കയറുന്നത് തടയുവാൻ കൽച്ചിറകൾ കെട്ടി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) രൂക്ഷമായ പ്രശ്നങ്ങൾ നേരിടുന്ന പ്രസ്തുത പ്രദേശങ്ങളിൽ കൽച്ചിറ കെട്ടുന്നത് സംബന്ധിച്ച് അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(സി) കൽച്ചിറ കെട്ടുന്നതിന് പ്രസ്തുത മേഖലയിൽ ഇതുവരെ ഏതൊക്കെ പ്രവൃത്തികൾക്കായി എത്ര രൂപ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) നടപ്പുവർഷം പ്രസ്തുത മേഖലയിൽ സർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നടപടി സ്വീകരിക്കുന്നതാണ്.

(ബി) ലഭിച്ചിട്ടുണ്ട്.

(സി)

| മേഖല | അനുവദിച്ച തുക |
|---|---|
| വെളിയത്താൻ പറമ്പ്, നായരമ്പലം | 13.00 ലക്ഷം |
| അണിയിൽ, എടവനക്കാട് (between CP stone 4060 & 4062) | 11.20 ലക്ഷം |
| പഴങ്ങാട്, എടവനക്കാട് | 7.49 ലക്ഷം |
| പുത്തൻ കടപ്പുറം, നായരമ്പലം | 5.60 ലക്ഷം |
| എടവനക്കാട്, വൈപ്പിൻ ദ്വീപ് (15 ലക്ഷം രൂപ വീതമുള്ള രണ്ട് പ്രവൃത്തികൾ) | 30.00 ലക്ഷം |
| അണിയിൻ എടവനക്കാട് (between CP stone 1129 & 1130) | 15.00 ലക്ഷം |

(ഡി) മേൽ പരാമർശിച്ചിരിക്കുന്ന എല്ലാ പ്രവൃത്തികളും പല പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും കോൺട്രാക്ടർമാർ ആരുംതന്നെ ഏറ്റെടുക്കാത്തത് കാരണം ടി പ്രവൃത്തികൾ ഒന്നുംതന്നെ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ഈ പ്രവൃത്തികൾ എല്ലാംതന്നെ ഈ വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

**ഭാരതപ്പുഴ, ചാലിയാർ, പമ്പ നദീതട വികസനം**

209 (898) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴ, ചാലിയാർ, പമ്പ നദീതട വികസനം പരീക്ഷണ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി 2012-13 ബഡ്ജറ്റിൽ എത്ര തുക നീക്കിവച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ നിന്നും പ്രസ്തുത വർഷം എത്രതുക ചെലവഴിച്ചിട്ടുണ്ടെന്നും,

ഇപ്പോൾ പ്രസ്തുത പദ്ധതി നടപ്പാക്കുന്നുണ്ടോയെന്നും അറിയിക്കുമോ; പദ്ധതിയുടെ പുരോഗതി അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഭാരതപ്പുഴ, ചാലിയാർ, പമ്പ നദീതട വികസനം പരീക്ഷണ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി 2012-13 ബഡ്ജറ്റിൽ 13.18 കോടി രൂപ നീക്കിവച്ചിരുന്നു.

(ബി) ഇതിൽനിന്നും, 2012-13 വർഷത്തിൽ 34.42 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കേരളത്തിലെ പുഴകളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഭാരതപ്പുഴയെ ഒരു പൈലറ്റ് പ്രോജക്ടായി തെരഞ്ഞെടുത്ത് അതിന്റെ സംരക്ഷണത്തിനും വികസനത്തിനുമായിട്ടുള്ള ഒരു സമഗ്ര പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 1222 കോടി രൂപയുടെ വിശദമായ പദ്ധതി ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. 2013-14 സാമ്പത്തിക വർഷത്തിൽ ഭാരതപ്പുഴയ്ക്ക് കുറുകെ പുതിയ സാങ്കേതികവിദ്യയിൽ മന്നന്നൂരിൽ തടയണ നിർമ്മിക്കുന്നതിന് 489.44 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി, പ്രസ്തുത തടയണ നിർമ്മാണം 'Kerala Irrigation Infrastructure Development Corporation'-നെ ഏൽപ്പിക്കുകയും ചെയ്തു. കൂടാതെ ഭാരതപ്പുഴ ബേസിനിൽ അനുയോജ്യമായ സ്ഥലങ്ങളിൽ ചെക്ക്ഡാമുകളും റഗുലേറ്ററുകളും നിർമ്മിക്കുന്നതിനുള്ള പര്യവേഷണ ജോലികൾക്കും സർവ്വേ ചെയ്യുന്നതിനുമായി KIIDC സർക്കാരിൽ സമർപ്പിച്ച 4.70 കോടി രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകുകയും ചെയ്തു. ഇതിനുപുറമെ തൃശ്ശൂർ ജില്ലയിലെ തിരുവില്വാമല പഞ്ചായത്തിൽ ഐവർമഠത്തിൽ ബലി തർപ്പണകടവ് സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള 3.70 കോടി രൂപയ്ക്കുള്ള ശിപാർശ ഫണ്ടിന്റെ അപര്യാപ്തതമൂലം പരിഗണിക്കാൻ സാധിച്ചില്ല. പ്രസ്തുത പദ്ധതി അടുത്ത സാമ്പത്തിക വർഷം സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭാരതപ്പുഴയുടെ സമഗ്രവികസനത്തിനായി CESS, CWRDM, ഇറിഗേഷൻ, റവന്യൂ മുതലായ വകുപ്പുകളുടെ ഏകോപനത്തോടുകൂടി ഒരു basic plan തയ്യാറാക്കുന്നതിന് 29-4-2013-ൽ പ്ലാനിംഗ് ബോർഡ് ചെയർമാൻ വിളിച്ചുചേർത്ത മീറ്റിംഗിൽ തീരുമാനിക്കുകയുണ്ടായി. എല്ലാ വകുപ്പുകളുടെയും പങ്കാളിത്തത്തോടുകൂടി ഭാരതപ്പുഴയ്ക്കുമാത്രമായി ഒരു സംരക്ഷണ പദ്ധതി ആസൂത്രണം ചെയ്യുന്നതിലേയ്ക്ക് Planning Board-ന്റെ മേൽനോട്ടത്തിൽ മീറ്റിംഗ് വിളിച്ചുകൂട്ടാനും പ്രസ്തുത യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. ചാലിയാർ നദീതടത്തിന്റെ കരട് മാസ്റ്റർ പ്ലാൻ CWRDM തയ്യാറാക്കിയിട്ടുണ്ട്.

ഷിറിയ നദീതടത്തിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി ചീഫ് എഞ്ചിനീയർ ISW-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## പ്ലാച്ചിമട-ട്രിബ്യൂണൽ ബിൽ

210 (899)ശ്രീ. എ. കെ. ബാലൻ :

ശ്രീ. എം. ചന്ദ്രൻ :

ശ്രീ. കെ. വി. വിജയദാസ് :

ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന നിയമസഭ ഐകകണ്ഠേന പാസ്സാക്കിയ പ്ലാച്ചിമട കൊക്കൊക്കോള വിക്ടിംസ് റിലീഫ് ആൻഡ് കോമ്പൻസേഷൻ ക്ലെയിംസ് ട്രിബ്യൂണൽ ബിൽ പിൻവലിക്കാനുള്ള കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദ്ദേശം അംഗീകരിക്കുവാൻ കഴിയില്ലെന്ന് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; കത്തിന്റെ പകർപ്പു ലഭ്യമാക്കുമോ; എന്തടിസ്ഥാനത്തിലാണ് ബിൽ പിൻവലിക്കാൻ കേന്ദ്രസർക്കാർ ആവശ്യപ്പെട്ടത്;

(ബി) കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നിലപാടിൽ പ്രതിഷേധം അറിയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇക്കാര്യത്തിൽ നിയമോപദേശം തേടിയിരുന്നോ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര ആഭ്യന്തര മന്ത്രാലയം മടക്കിയ പ്രസ്തുത ബിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിനായി സമർപ്പിക്കാൻ അഭ്യർത്ഥിച്ചുകൊണ്ട് ബിൽ വീണ്ടും ബഹുമാനപ്പെട്ട ഗവർണർ മുഖാന്തരം കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്

അയച്ചിട്ടുണ്ട്. കത്തിന്റെ പകർപ്പ് അനുബന്ധമായിചേർക്കുന്നു.* 2010-ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്ടിൽ വിഭാവന ചെയ്തിട്ടുള്ള നിയമങ്ങൾ തന്നെ ഇക്കാര്യത്തിൽ മതിയായതാണെന്ന കാരണത്താലാണ് ബിൽ തിരികെ അയച്ചത്.

(ബി) 19-9-2015-ലെ 321/ലെഗ്എഫ്2/2011/നിയമം നമ്പർ കത്ത് പ്രകാരം ബഹുമാനപ്പെട്ട ഗവർണർ മുഖേന പ്രതിഷേധം അറിയിച്ചിട്ടുണ്ട്.

(സി) കേരള അഡ്വക്കേറ്റ് ജനറലിൽ നിന്നും നിയമോപദേശം തേടിയിരുന്നു.

**മാവേലിക്കര പാലം നിർമ്മാണം**

211 (900) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ തഴക്കര വഴുവാടിക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിനുമുള്ള അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വഴുവാടിക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ആവശ്യങ്ങൾ ഉന്നയിക്കപ്പെട്ടിട്ടില്ലാത്തതിനാൽ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. എന്നാൽ വഴുവാടിക്കടവിന് സമീപം ഇടതു തീരസംരക്ഷണ ഭിത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**മീനച്ചിൽ വാലി ഇറിഗേഷൻ പദ്ധതി**

212 (901) <u>ശ്രീ. കെ. എം. മാണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനച്ചിൽ വാലി ഇറിഗേഷൻ പദ്ധതി ആരംഭിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോയെന്നും പദ്ധതി എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) മീനച്ചിൽ നദീതടപദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള പഠനങ്ങൾക്കായി കേരള സർക്കാർ 27-7-2011-ൽ ഒരു വിദഗ്ധ സമിതിയെ നിയോഗിച്ചു. പ്രസ്തുത സമിതി 16-12-2012-ൽ നൽകിയ റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും 6 മിനിഡാമുകൾക്കും ഒരു ചെക്ക്ഡാമിനും ഭരണാനുമതി നൽകുകയും ചെയ്തു. ഇതിൽ 4 മിനി ഡാമുകളുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. മറ്റ് മിനിഡാമുകൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ, മീനച്ചിൽ നദീതട പദ്ധതിയിൽ ഉൾപ്പെടുന്ന പഴുക്കാനം ഡാമിനും കനാലുകൾക്കുമായി 131 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഡാമിന്റെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്റെ പ്രാരംഭ നടപടിയായി നടത്തിയ സർവ്വേ ജോലികൾ തദ്ദേശവാസികളുടെയും പദ്ധതി പൂർത്തിയാകുമ്പോൾ കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങളുടേയും ശക്തമായ എതിർപ്പുമൂലം നിർത്തി വച്ചിരിക്കുകയാണ്. പ്രസ്തുത വിഷയം പരിഹരിക്കുന്നതിനായി ത്രിതല പഞ്ചായത്ത് പ്രതിനിധികളും തദ്ദേശവാസികളും സമരസമിതി നേതാക്കളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുംകൂടി ചർച്ചയും ബോധവൽക്കരണവും 15-6-2015-ൽ ഈരാറ്റുപേട്ട ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ വച്ച് നടത്തുകയുമുണ്ടായി. എന്നാൽ പ്രസ്തുത ചർച്ച പരാജയപ്പെട്ടതിനെ തുടർന്ന് ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരുടെ ഒരു യോഗം വിളിച്ച് ചേർത്ത് വ്യക്തമായ അഭിപ്രായ സഹിതം റിപ്പോർട്ട് ചെയ്യാൻ കോട്ടയം

ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സാങ്കേതികാനുമതി ലഭിച്ച 4 മിനി ഡാമുകളിൽപ്പെടുന്ന പാലാ മുനിസിപ്പാലിറ്റിയിലെ അരുണാപുരത്തുള്ള മിനിഡാമിന്റെ ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അതനുസരിച്ച് ടി വർക്കിന്റെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) 2015-16 സാമ്പത്തിക വർഷം മീനച്ചിൽ നദീതടപദ്ധതിക്കുവേണ്ടി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. എന്നിരുന്നാലും മീനച്ചിൽ പദ്ധതിയിൽപ്പെട്ട പ്രവർത്തിയായ അരുണാപുരം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ടെണ്ടർ നടപടികൾ സ്വീകരിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ശേഷിക്കുന്ന പ്രവർത്തികൾ ടെണ്ടർ ചെയ്യാനുള്ള അനുമതി സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. ഫണ്ട് ലഭ്യത അനുസരിച്ച് രണ്ട് കൊല്ലം കൊണ്ട് പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**കാര്യംകോട് പുഴയിലെ തടയണ നിർമ്മാണം**

213 (902) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഏഴിമല നാവൽ അക്കാഡമി, സി.ആർ.പി.എഫ്. ക്യാമ്പ്, പെരിങ്ങോം എന്നിവിടങ്ങളിലേക്ക് കുടിവെള്ളം എത്തിക്കുന്ന കാക്കടവിൽ കാര്യംകോട് പുഴയ്ക്ക് പാലായി വളവിൽ സ്ഥിരം തടയണ നിർമ്മിക്കുന്നതിന്റെ നടപടി നിലവിൽ ഏതു ഘട്ടത്തിലാണെന്നും നിർമ്മാണം എന്നാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

കാര്യങ്കോട് പുഴയിൽ പാലായി വളവ് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഡിസൈൻ അംഗീകരിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് നബാർഡ് RIDF-XXI-ൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി നബാർഡിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് അംഗീകരിച്ച് ലഭിച്ചാലുടൻതന്നെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്ന വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

**കാസർഗോഡ് ബാവിക്കര റഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം**

214 (903) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ബാവിക്കര റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പണി നിർത്തി വച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(ബി) ഏതെങ്കിലും ഉന്നതതല സാങ്കേതികവിദഗ്ദർ പ്രസ്തുത പദ്ധതി അടുത്ത കാലത്ത് പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; ഇത് ആരുടെ നിർദ്ദേശ പ്രകാരമാണ് നടത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതിക്ക് നാളിതുവരെയായി സർക്കാർ ഖജനാവിൽനിന്ന് എത്ര തുക നൽകിയിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) മേൽ കുടിവെള്ള പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) ഇല്ലെങ്കിൽ മേൽ പദ്ധതി യാഥാർത്ഥ്യമാക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) നിർത്തിവച്ചിട്ടുണ്ട്. സൈറ്റ് കണ്ടീഷനിലുണ്ടായ ചില അപ്രതീക്ഷിത വ്യതിയാനങ്ങൾ കാരണം രൂപകൽപ്പനയിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമായി വന്നു. ഇതനുസരിച്ചുള്ള പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കേണ്ടി വന്നതുമൂലം പ്രവൃത്തി നിർത്തിവയ്ക്കേണ്ടി വന്നു.

(ബി) സൂപ്രണ്ടിംഗ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയർ കൂടാതെ വിജിലൻസ് വിഭാഗം ചീഫ് എഞ്ചിനീയർ എന്നിവർ പരിശോധന നടത്തിയിട്ടുണ്ട്. ചില പരാതികളുടെ അടിസ്ഥാനത്തിലാണ് പരിശോധന നടത്തിയിട്ടുള്ളത്.

(സി) ഈ പദ്ധതിക്കായി നാളിതുവരെ 438.31 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ആദ്യ കരാറുകാരന് 277.42 ലക്ഷം രൂപയും രണ്ടാമത്തെ കരാറുകാരന് 160.81 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

(ഡി&ഇ) ഇല്ല. മേൽ പദ്ധതി കുടിവെള്ളത്തിനും ഉപയുക്തമാകുന്ന ചെറുകിട ജലസേചന പദ്ധതിയാണ്. പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. കരാറുകാരൻ സപ്ലിമെന്ററി എഗ്രിമെന്റ് വച്ചാലുടൻ പണി പുനഃരാരംഭിക്കുന്നതാണ്.

## കോഴിക്കോട് ജില്ലയിലെ ജപ്പാൻ കുടിവെള്ള പദ്ധതി

215 (904) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ജപ്പാൻകുടിവെള്ള പദ്ധതിക്ക് കീഴിൽ ഏതെല്ലാം പഞ്ചായത്തുകളിൽ ജലവിതരണം ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പദ്ധതിയുടെ ഭാഗമായ കുളിമാട് പമ്പിംഗ് സ്റ്റേഷൻ നിൽക്കുന്ന ചാത്തമംഗലം പഞ്ചായത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ചാത്തമംഗലം പഞ്ചായത്തിന്റെ ശുദ്ധജല വിതരണത്തിന് ഏതെങ്കിലും പദ്ധതി നടപ്പാക്കാൻ വാട്ടർ അതോറിറ്റിക്ക് പദ്ധതിയുണ്ടോ ;

(ഡി) കുളിമാട് കമ്മീഷൻ ചെയ്യുന്നതിന് മുമ്പ് കിണർ ചരിഞ്ഞുപോയതുമൂലം മുടങ്ങിപ്പോയ പദ്ധതി എന്തു ചെയ്യാനാണ് ഉദ്ദേശിക്കുന്നത് ?

### ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ പഞ്ചായത്തുകളിൽ ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരമുള്ള ജലവിതരണം ആരംഭിച്ചിട്ടില്ല. വിതരണ ശൃംഖലയുടെ പണി പുരോഗമിച്ചുവരുന്നു. എന്നാൽ തലകുളത്തൂർ പഞ്ചായത്തിൽ ജൈക്ക പദ്ധതിക്കായി നിർമ്മിച്ച പുതിയ ജലസംഭരണിക്ക് സമീപമുള്ള കേരള വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള സംഭരണിയിൽ ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ജലം സംഭരിച്ച് ജല വിതരണം നടത്തുന്നുണ്ട്.

(ബി) ചാത്തമംഗലം പഞ്ചായത്ത് പ്രദേശം ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടാത്തതിനാൽ പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിക്കുകയില്ല.

(സി) ചാത്തമംഗലം, മാവൂർ പഞ്ചായത്തിൽ കുടിവെള്ള വിതരണത്തിനായി 40.50 കോടി രൂപ അടങ്കൽ തുക കണക്കാക്കിയിട്ടുള്ള ഒരു പുതിയ ശുദ്ധജല വിതരണ പദ്ധതിയുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. കുളിമാടിൽ കിണർ നിർമ്മിച്ച് ജലം പമ്പ് ചെയ്ത് അവിടെതന്നെ പുതുതായി നിർമ്മിക്കുന്ന പത്ത് എം.എൽ.ഡി. ശേഷിയുള്ള ശുദ്ധീകരണ ശാലയിൽ ശുദ്ധീകരിച്ചശേഷം, ജലം വിതരണം ചെയ്യാനാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്.

(ഡി) കുളിമാട് പദ്ധതിയുടെ നടത്തിപ്പും വിപുലീകരണവും ഗ്രാമ പഞ്ചായത്താണ് നിർവ്വഹിച്ചത്. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലായതിനാൽ പുനരുദ്ധാരണ പ്രവൃത്തികൾ ഗ്രാമപഞ്ചായത്തുതന്നെ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്.

**കുടിവെള്ളം ലഭ്യമാക്കൽ**

216 (905) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുളിങ്കുന്ന് പഞ്ചായത്തിൽ ആറിന് കുറുകെ ഉള്ള പൈപ്പ് ലൈൻ പൊട്ടി 14, 15, 16 വാർഡുകളിൽ കുടിവെള്ളം ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പൈപ്പ് ലൈനുകൾ അറ്റകുറ്റ പണി ചെയ്ത് കുടിവെള്ളം ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) രാമങ്കരി ഒ.എച്ച്. ടാങ്കിൽ വെള്ളം കയറുന്നത് തടസ്സപ്പെടുന്നതുമൂലം രാമങ്കരി, പുളിങ്കുന്ന്, കാവാലം ഭാഗങ്ങളിൽ കുടിവെള്ളം ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത ഒ.എച്ച്. ടാങ്കിൽ വെള്ളം കയറ്റി കുടിവെള്ളം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പൈപ്പ് ലൈനുകൾ അറ്റകുറ്റപ്പണി ചെയ്ത് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(സി) രാമങ്കരി ടാങ്കിലേക്കുള്ള കൺവെയൻസ് മെയ്നിൽനിന്നും നേരിട്ട് വിതരണ ശൃംഖലയിലേക്ക് കണക്ഷൻ നൽകിയിരിക്കുന്നതിനാൽ രാമങ്കരി ടാങ്കിൽ വെള്ളം കയറ്റാറില്ല. എന്നാൽ ടി ടാങ്കിലേക്കുള്ള കൺവെയൻസ് മെയ്നിൽനിന്നും രാമങ്കരി ഭാഗത്തുള്ള വിതരണ ശൃംഖലയിൽ നേരിട്ട് വെള്ളം എത്തുന്നതുകൊണ്ട് ടി ഭാഗത്തെ ജലവിതരണം തടസ്സപ്പെടുന്നില്ല. പുളിങ്കുന്ന്, കാവാലം പഞ്ചായത്തുകളിൽ ജലം ലഭ്യമാകുന്നത് രാമങ്കരി ഒ.എച്ച്. ടാങ്കിൽ നിന്നുമല്ല, പള്ളിക്കൂട്ടുമ്മ ടാങ്കിൽ നിന്നുമാണ്. പ്രസ്തുത ടാങ്കിൽ ജലലഭ്യത കുറവായതിനാൽ ടി പ്രദേശങ്ങളിൽ ജലവിതരണം തടസ്സപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചോർച്ചകൾ കണ്ടെത്തി ജലലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) നീരേറ്റുപുറം പ്ലാന്റിൽ നിന്നുള്ള പമ്പിംഗ് മെയിൻ വർക്ക് നടക്കുന്നതിനാൽ രാമങ്കരി ഒ.എച്ച്. ടാങ്കിലേക്ക് വെള്ളം കയറ്റിയിട്ടില്ല. പ്രസ്തുത ജോലി പൂർത്തീകരണമാകുന്ന മുറയ്ക്ക് ഒ.എച്ച്. ടാങ്ക് പ്രവർത്തനക്ഷമമാകുന്നതാണ്.

## കടലാക്രമണം തടയുന്നതിന് പുലിമുട്ടുകൾ ഇടാനുള്ള പദ്ധതി

217 (906) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കടലാക്രമണം തടയുന്നതിന് പുലിമുട്ടുകൾ ഇടാനുള്ള ബൃഹത്തായ പദ്ധതി നടപ്പാക്കുന്നതാണെന്ന് 2011-12-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചത് നടപ്പിലാക്കിയോ; നടപ്പിലാക്കിയതിന്റെ വിശദാംശം നൽകുമോ;

(ബി) എത്ര തുക സംസ്ഥാന ഖജനാവിൽനിന്നും ചെലവായെന്ന് വ്യക്തമാക്കുമോ;

(സി) 2012-13, 2013-14, 2014-15, 2015-16 വർഷങ്ങളിലായി സംസ്ഥാന ബഡ്ജറ്റുകളിൽ കടലാക്രമണത്തിന്റെ പ്രതിരോധ നടപടികൾക്കായി എത്ര തുക വീതം വകയിരുത്തിയെന്നും അതിനായി സംസ്ഥാന ഖജനാവിൽനിന്നും എത്ര തുക ചെലവഴിച്ചുവെന്നും വർഷാടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) നടപ്പിലാക്കി. തിരുവനന്തപുരം ജില്ലയിൽ കടലാക്രമണം തടയുന്നത് 2011-12 കാലയളവിൽ പ്രഖ്യാപിച്ച പദ്ധതിയിൽ ഉൾപ്പെടുത്തി ജി.ഒ. (ആർറ്റി.) നമ്പർ 515/14/ജ.വി.വ. തീയതി 21-5-2014 പ്രകാരം 1670 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ചെന്നൈ ഐ.ഐ.റ്റി.-യുടെ പഠന റിപ്പോർട്ടിൻ പ്രകാരം ബാത്തിമെട്രി സർവ്വേ നടത്തി വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൊല്ലം ജില്ലയിൽ കടലാക്രമണം തടയുന്നതിന് നാല് പുലിമുട്ടുകൾ ഇടാനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. ഇരവിപുരം നിയോജക മണ്ഡലത്തിൽ താന്നിയിൽ സെന്റ് മൈക്കിൾ ചർച്ചിനടുത്തായി ചെയിനേജ് 6.800 കി.മീറ്ററിനും 7.600 കി.മീറ്ററിനുമിടയിൽ ഗ്രോയിൻസ് നിർമ്മാണം അടങ്കൽ തുക ₹ 4,92,07,518

2. ഇരവിപുരം നിയോജക മണ്ഡലത്തിൽ താന്നിയിൽ ചെയിനേജ് 7.700 കി.മീറ്ററിനും 8.300 കി.മീറ്ററിനുമിടയിൽ ഗ്രോയിൻസ് നിർമ്മാണം.

   അടങ്കൽ തുക ₹ 4,75,95,508

3. ഇരവിപുരം നിയോജക മണ്ഡലത്തിൽ ഗാർഫിൻ നഗറിൽ കളത്തിപ്പാടത്തിനടുത്തായി ചെയിനേജ് 9.00 കി.മീറ്ററിനും 10.00 കി.മീറ്ററിനുമിടയിൽ ഗ്രോയിൻസ് നിർമ്മാണം.

   അടങ്കൽ തുക ₹ 5,50,13,364

4. ഇരവിപുരം നിയോജക മണ്ഡലത്തിൽ കാക്കത്തോപ്പിനടുത്തായി ചെയിനേജ് 10.450 കി. മീറ്ററിനും 11.050 കി.മീറ്ററിനുമിടയിൽ ഗ്രോയിൻസ് നിർമ്മാണം.

   അടങ്കൽ തുക ₹ 5,31,35,854

   ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. നബാർഡ് ഫണ്ട് - തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പള്ളിപ്പാട്ടു മുറിയിൽ ആറ് പുലിമുട്ടുകളുടെ നിർമ്മാണം - 392 ലക്ഷം.
2. നബാർഡ് ഫണ്ട് - തൃക്കുന്നപ്പുഴ പഞ്ചായത്തിലെ തൃക്കുന്നപ്പുഴ ജംഗ്ഷന് പടിഞ്ഞാറ് ആറ് പുലിമുട്ടുകളുടെ നിർമ്മാണം - 420 ലക്ഷം.
3. നബാർഡ് ഫണ്ട് - പുറക്കാടി പഞ്ചായത്തിൽ പുറക്കാടിന് തെക്ക് നാല് പുലിമുട്ടുകളുടെ നിർമ്മാണം - 275 ലക്ഷം.
4. നബാർഡ് ഫണ്ട് - പുറക്കാടി പഞ്ചായത്തിൽ ഏഴ് പുലിമുട്ടുകളുടെ നിർമ്മാണം - 340 ലക്ഷം.
5. സംസ്ഥാന ഫണ്ട് - പുറക്കാട് പഞ്ചായത്തിലെ പുന്തലയിൽ അഞ്ച് പുലിമുട്ടുകളുടെ നിർമ്മാണം - 296 ലക്ഷം.
6. സംസ്ഥാന ഫണ്ട് - ആറാട്ടുപുഴ പഞ്ചായത്തിലെ വലിയഴീക്കലിൽ അഞ്ച് പുലിമുട്ടുകളുടെ നിർമ്മാണം -238 ലക്ഷം.
7. സംസ്ഥാന ഫണ്ട് - ആറാട്ടുപുഴ പഞ്ചായത്തിലെ പെരുമ്പള്ളിയൽ നാല് പുലിമുട്ടുകളുടെ നിർമ്മാണം.

ആലപ്പുഴ ജില്ലയിൽ നിർമ്മാണത്തിലിരിക്കുന്ന പുലിമുട്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

1. ആറാട്ടുപുഴ പഞ്ചായത്തിൽ ആറ് പുലിമുട്ടുകളുടെ നിർമ്മാണം (600 മീറ്റർ തീരസംരക്ഷണം) (ചെയിനേജ് 55.200-55.800) നബാർഡ് ഫണ്ട് 4.15 കോടി രൂപ.
2. ആറാട്ടുപുഴ പഞ്ചായത്തിൽ ആറാട്ടുപുഴയിൽ ആറ് പുലിമുട്ടുകളുടെ നിർമ്മാണം (600 മീറ്റർ തീരസംരക്ഷണം) (ചെയിനേജ് 56.000-56.600) നബാർഡ് ഫണ്ട് 4.15 കോടി രൂപ.
3. മാരാരിക്കുളം തെക്ക് പഞ്ചായത്തിലെ ചെട്ടിക്കാട് ഏഴ് പുലിമുട്ടുകളുടെ നിർമ്മാണം. നബാർഡ് ഫണ്ട് 5.7 കോടി രൂപ.

4. മാരാരിക്കുളം തെക്ക് പഞ്ചായത്തിലെ ഓമനപ്പുഴയിൽ ഏഴ് പുലിമുട്ടുകളുടെ നിർമ്മാണം. നബാർഡ് ഫണ്ട് 5.7 കോടി രൂപ.

5. മാരാരിക്കുളം വടക്ക് പഞ്ചായത്തിലെ ചേന്നവേലിയിൽ ഒൻപത് പുലിമുട്ടുകളുടെ നിർമ്മാണം 5.7 കോടി രൂപ (നബാർഡ് ഫണ്ട്) + 1.98 കോടി രൂപ (സംസ്ഥാന ഫണ്ട്).

6. ചേർത്തല തെക്ക് പഞ്ചായത്തിലെ ആയിരം തൈയ്യിൽ ഒൻപത് പുലിമുട്ടുകളുടെ നിർമ്മാണം 5.7 കോടി രൂപ (നബാർഡ് ഫണ്ട്), 2.03 കോടി രൂപ (സംസ്ഥാന ഫണ്ട്).

(ബി) തിരുവനന്തപുരം ജില്ലയിൽ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് 8.99 ലക്ഷം രൂപ ചെലവായിട്ടുണ്ട്. കൊല്ലം ജില്ലയിൽ പ്രവൃത്തികൾ പുരോഗമിക്കുന്നു. ഒന്നുംതന്നെ ചെലവായിട്ടില്ല.

<u>ആലപ്പുഴ ജില്ലയിൽ</u>

| | | | |
|---|---|---|---|
| 2013-14 | | - | ₹ 5,10,13,590 |
| 2014-15 | | - | ₹ 6,07,65,661 |
| 2015-16 | | - | ₹ 17,19,76,315 |
| | ആകെ | - | ₹ 28,37,55,566 |

(സി) കടലാക്രമണ പ്രതിരോധ നടപടികൾക്കായി ബഡ്ജറ്റിൽ

| വകയിരുത്തിയത് | | ചെലവഴിച്ചത് |
|---|---|---|
| 2012-13 | 35 ലക്ഷം | 30.71 ലക്ഷം |
| 2013-14 | 35 ലക്ഷം | 328.70 ലക്ഷം |
| 2014-15 | 35 ലക്ഷം | 1683.88 ലക്ഷം |
| 2015-16 | 35 ലക്ഷം | 242.43 ലക്ഷം (9/15 വരെ) |

**കാരിച്ചാൽ കടവ് റഗുലേറ്റർ-കം-ബ്രിഡ്ജ്**

218 (907) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ കുന്ദംകുളം സെക്ഷനുകീഴിൽ വരുന്ന കാട്ടകാമ്പാൽ പഞ്ചായത്തിലെ കാരിച്ചാൽ കടവ് റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി ലഭിക്കുന്നതിന് എന്തു നടപടിയാണ് ഇറിഗേഷൻ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഡിസൈൻ ഐ.ഡി.ആർ.ബി.-യിൽനിന്നും ലഭ്യമായിട്ടുണ്ടോ; എങ്കിൽ അത് ലഭ്യമാകുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ;

(സി) ഒരുപാട് കർഷകർക്ക് ഗുണം ചെയ്യുന്ന പ്രസ്തുത പ്രവൃത്തി യാഥാർത്ഥ്യമാക്കുന്നതിന് ഇറിഗേഷൻ വകുപ്പ് മുന്തിയ പരിഗണന നൽകുമോ; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) കാരിച്ചാൽ കടവ് റഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മാണ പ്രവൃത്തിയുടെ രൂപകൽപ്പന ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**കായലുകളിൽനിന്ന് പായൽ നീക്കം ചെയ്യുന്നതിന് നടപടി**

219 (908) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ കായലുകളിൽനിന്ന് പായൽ നീക്കം ചെയ്യുന്നതിന് 2011 മുതൽ എന്ത് തുകയാണ് ജലവിഭവ വകുപ്പിന് ചെലവായിട്ടുള്ളത് ; ഫിർമവഴി എത്ര രൂപയാണ് ചെലവാക്കിയിട്ടുള്ളത് ; വർഷം തിരിച്ച് ലഭ്യമാക്കുമോ ; പായൽ നീക്കം ചെയ്യാത്തതിനെ തുടർന്ന് മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനം നടത്തുവാൻ സാധിക്കാത്തകാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) പായൽ നിറഞ്ഞതുമൂലം മത്സ്യബന്ധനം നടത്താൻ പറ്റാത്തതുമൂലമുള്ള നഷ്ടം പരിശോധിച്ച് മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് ഒരു ഏജൻസിയെ നിയമിക്കുമോ; നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; പായൽ നീക്കം ചെയ്യുന്നതിന് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കായലുകളിൽനിന്ന് പായൽ നീക്കം ചെയ്യുന്നതിന് 2011 മുതൽ ജലവിഭവ വകുപ്പ് തുകയൊന്നും ചെലവാക്കിയിട്ടില്ല. കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഫിർമ മുഖേന നടപ്പിലാക്കിയ 'കുളവാഴ നിർമ്മാർജ്ജനവും പുനരുപയോഗവും' എന്ന പദ്ധതി പ്രകാരം 15,48,93,618 രൂപ പായൽ നീക്കം ചെയ്യാൻ ഉപയോഗിച്ചു. വർഷം തിരിച്ച് ചെലവാക്കിയ തുക ചുവടെ ചേർക്കുന്നു:

| വർഷം | ചെലവഴിച്ച തുക |
|---|---|
| 2010-11 | 97,73,294 |
| 2011-12 | 5,75,98,938 |
| 2012-13 | 2,96,78,167 |
| 2013-14 | 3,36,76,156 |
| 2014-15 | 2,41,67,063 |
| ആകെ | 15,48,93,618 |

പായൽ നീക്കം ചെയ്യാത്തതിനെത്തുടർന്ന് മത്സ്യത്തൊഴിലാളികൾക്ക് മത്സ്യ ബന്ധനം തടസ്സപ്പെടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**കുറ്റിച്ചിറ കൈത്തോട്ടിലെ സ്ലൂയിസ് കം ട്രാക്ടർ ക്രോസിങ്ങ് പാലം**

220 (909) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈനർ ഇറിഗേഷൻ, തലപ്പിള്ളി സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി 45 ലക്ഷം രൂപക്ക് 2014-15 വർഷം ഭരണാനുമതി നൽകിയ കുന്നംകുളം നിയോജകമണ്ഡലത്തിലെ കടങ്ങോട് പഞ്ചായത്ത് ഇയ്യാൽ പാടശേഖരത്തിലെ ചേലപ്പൂഴ കുറ്റിച്ചിറ കൈത്തോട്ടിൽ സ്ലൂയിസ് കം ട്രാക്ടർ ക്രോസിങ്ങ് പാലം പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ ;

(ബി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ടി പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയും; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കുന്നംകുളം നിയോജക മണ്ഡലത്തിലെ കടങ്ങോട് പഞ്ചായത്ത് ഇയ്യാൽ പാടശേഖരത്തിലെ ചേലപ്പൂഴ കുറ്റിച്ചിറ കൈത്തോട്ടിൽ സ്ലൂയിസ് കം ട്രാക്ടർ ക്രോസിങ്ങ് പാലം പ്രവർത്തിയുടെ ടെണ്ടർ ചെയ്തു. എന്നാൽ പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കുവാൻ ആരും എത്താത്തതിനാൽ റീ ടെണ്ടറിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ കുളങ്ങളുടെ നവീകരണം**

221 (910) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ എത്ര കുളങ്ങളുടെ നവീകരണത്തിന് ജലവിഭവ വകുപ്പിൽനിന്നും ഭരണാനുമതി ലഭിച്ചു; അവ ഏതെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ;

(സി) ഭരണാനുമതി ലഭിച്ചിട്ടും ആരംഭിക്കാൻ സാധിക്കാത്ത പ്രവൃത്തികൾ ഉണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലായി കൊട്ടാരക്കര

നിയോജകമണ്ഡലത്തിൽ മൂന്ന് കുളങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| 1. | വെണ്ടാർ ചിറ | ... | കുളക്കട പഞ്ചായത്ത് |
| 2. | മുളയറക്കോണം -തലക്കുളം | ... | പവിത്രേശ്വരം പഞ്ചായത്ത് |
| 3. | വേലംകോണം ചിറ | ... | കൊട്ടാരക്കര പഞ്ചായത്ത് |

(ബി&സി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവുള്ളതുകൊണ്ട് പ്രസ്തുത പ്രവൃത്തികൾ തുടങ്ങാൻ സാധിച്ചില്ല.

**മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പ്രവൃത്തികൾ**

222 (911) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൈനർ ഇറിഗേഷൻ വകുപ്പ് മുഖേന മട്ടന്നൂർ നിയോജക മണ്ഡലത്തിൽ 2011 മേയ് മുതൽ നാളിതുവരെ നടത്തിയ പ്രവൃത്തികളെ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ ?

ഉത്തരം

മൈനർ ഇറിഗേഷൻ വകുപ്പ് മുഖേന മട്ടന്നൂർ നിയോജക മണ്ഡലത്തിൽ 2011 മേയ് മുതൽ നാളിതുവരെ നടത്തിയ പ്രവൃത്തികൾ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**കുന്നത്തൂർ-പെരിങ്ങോട്ടുകുറിശ്ശി കുടിവെള്ള പദ്ധതി**

223 (912) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരൂർ മണ്ഡലത്തിലെ കുന്നത്തൂർ - പെരിങ്ങോട്ടുകുറിശ്ശി കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പദ്ധതിക്ക് എസ്.എൽ.എസ്.എസ്.സി.-യുടെ അനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എസ്.എൽ.എസ്.എസ്.സി.-യുടെ അടുത്ത മീറ്റിംഗിൽ പ്രസ്തുത പദ്ധതി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

അനുമതിക്കായി സമർപ്പിക്കുമോ ;

(സി) പദ്ധതിയുടെ ഡി.പി.ആർ. ലഭ്യമായിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കുന്നത്തൂർ-പെരിങ്ങോട്ടുകുറിശ്ശി കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ടത്തിനായി 1100 ലക്ഷം രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായുള്ള ഉന്നതതല സംഭരണി നിർമ്മിക്കുന്നതിന് നടവത്തുപ്പാറ പ്രദേശത്തും ഭൂതല ജല സംഭരണി നിർമ്മിക്കുന്നതിന് തോട്ടുമുക്കിലും സ്ഥലം ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് അധികൃതരോട് രേഖാമൂലം കേരള വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) പദ്ധതിക്ക് എസ്.എൽ.എസ്.എസ്.സി.-യുടെ അനുമതി ലഭിച്ചിട്ടില്ല. എസ്.എൽ.എസ്.എസ്.സി.-യുടെ അടുത്ത മീറ്റിംഗിൽ പ്രസ്തുത പദ്ധതി സമർപ്പിക്കുന്നത് കേരള വാട്ടർ അതോറിറ്റിയുടെ പരിഗണനയിലാണ്.

(സി) ഈ പദ്ധതിയുടെ ഡി.പി.ആർ. കേരള വാട്ടർ അതോറിറ്റിയിൽ ലഭ്യമായിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു:

1. നടുവത്തുപ്പാറയിൽ ഒരു ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി.
2. നടുവത്തുപ്പാറ-തോട്ടുമുക്കിൽ 50000 ലിറ്റർ ശേഷിയുള്ള ഭൂതല സംഭരണി.
3. 6.6 കി.മീറ്റർ നീളത്തിലുള്ള പ്രധാന പൈപ്പ്ലൈനുകൾ
4. പെരിങ്ങോട്ടുകുറിശ്ശി പഞ്ചായത്തിലേക്കുള്ള 67.38 കി.മീറ്റർ വിതരണ ശൃംഖല.
5. കുന്നത്തൂർ പഞ്ചായത്തിലേക്കുള്ള 38.75 കി.മീറ്റർ വിതരണ ശൃംഖല.

**താൽക്കാലിക തടയണകൾ**

224 (913) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുഴകളിൽ താൽക്കാലിക തടയണകൾ നിർമ്മിക്കുന്ന പദ്ധതി നിലവിലുണ്ടോ ;

(ബി) കോഴിക്കോട് ജില്ലയിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 2014-15, 2015-16 വർഷങ്ങളിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നിലവിലുണ്ട്.

(ബി) 2014-15 വർഷത്തിൽ അഞ്ച് താൽക്കാലിക തടയണകളുടെ പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* 2015-16 വർഷത്തിൽ കോഴിക്കോട് ജില്ലയിൽ താത്കാലിക തടയണകൾക്ക് അനുമതി നൽകിയിട്ടില്ല.

**മൂർക്കനാട് കുടിവെള്ള പദ്ധതി**

225 (914) <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ എത്ര ശതമാനം പ്രവൃത്തിയാണ് ഇതുവരെ പൂർത്തിയാക്കിയിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതി എന്ന് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 98 ശതമാനം പൂർത്തീകരിച്ചു. ജനുവരി 2016-നകം എല്ലാ വിതരണ ശൃംഖലകളും പൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ചെറുതുരുത്തി തടയണയുടെ പൂർത്തീകരണം**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

226 (915) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ തടയണകൾ നിർമ്മിക്കുന്നതിനും നിർമ്മാണം ആരംഭിച്ച് പൂർത്തിയാകാതെ കിടക്കുന്ന തടയണകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ചേലക്കര മണ്ഡലത്തിൽ നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത ഭാരതപ്പുഴയ്ക്ക് കുറുകെയുള്ള ചെറുതുരുത്തി തടയണയുടെ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നിർമ്മാണം പൂർത്തിയാക്കേണ്ട തടയണകളുടെ പദ്ധതിയിൽ പ്രസ്തുത തടയണയുടെ നിർമ്മാണം പൂർത്തിയാക്കുന്നതുകൂടി ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ ജലസേചനത്തിനും കുടിവെള്ള പദ്ധതികൾക്കും വളരെ പ്രയോജനകരമാണെന്ന് പഠനം നടത്തിയിട്ടുള്ള ചെറുതുരുത്തി തടയണ നിർമ്മാണം അടിയന്തര പ്രാധാന്യത്തോടെ പൂർത്തിയാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പുതിയ തടയണകൾ നിർമ്മിക്കുന്നതിനും നിർമ്മാണം ആരംഭിച്ച് പൂർത്തിയാകാതെ കിടക്കുന്ന തടയണകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ചെറുതുരുത്തി തടയണയുടെ ബാക്കിവരുന്ന പണികളുടെ 14.50 കോടി രൂപയുടെ എസ്റ്റിമേറ്റ്, തൃശ്ശൂർ അഡീഷണൽ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ആർ.എം.എഫ്.-ൽ നിന്നും ഭരണാനുമതി ലഭിക്കുന്നതിനായി തൃശ്ശൂർ ജില്ലാകളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്നമുറയ്ക്ക് പ്രവൃത്തി

നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ

227 (916) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇറിഗേഷൻ വകുപ്പ് മുഖേന ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ നിർമ്മാണപ്രവർത്തനങ്ങൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയാണെന്നും അറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തീകരിക്കാത്ത നിർമ്മാണ ജോലികൾ എന്തൊക്കെയാണ് ; പ്രസ്തുത പദ്ധതികളുടെ നിർമ്മാണ പുരോഗതിയും എന്നത്തേക്ക് പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജലസേചന വകുപ്പ് - ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജലസേചന വകുപ്പിന്റെ കീഴിൽ ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ നിർമ്മാണ പ്രവർത്തനങ്ങളും അവയ്ക്ക് അനുവദിച്ച തുകയും അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) ഇതുസംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

## തിരുവനന്തപുരം നഗരപരിധിയിലെ കുളങ്ങളുടെയും കനാലുകളുടെയും സംരക്ഷണം

228 (917) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരപരിധിക്കുള്ളിൽ മൈനർ ഇറിഗേഷൻ വകുപ്പും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷനും കുളങ്ങളുടെയും കനാലുകളുടെയും സംരക്ഷണത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതികളിൽ ഇതിനോടകം ഏറ്റെടുത്ത പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം നഗരപരിധിക്കുള്ളിൽ മൈനർ ഇറിഗേഷൻ വകുപ്പും ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് കോർപ്പറേഷനും കുളങ്ങളുടെയും കനാലുകളുടെയും സംരക്ഷണത്തിനായി ഏറ്റെടുത്ത് പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശം അനുബന്ധം I ലും അനുബന്ധം II ലും കാണാവുന്നതാണ്.*

(ബി) വിശദാംശം അനുബന്ധം III ആയി ചേർക്കുന്നു.*

## മുല്ലപ്പെരിയാർ അണക്കെട്ട് നിർമ്മാണം

229 (918) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് പരിസ്ഥിതി ആഘാത പഠനം നടത്താൻ അനുകൂലമായി ദേശീയ വന്യജീവി ബോർഡ് നൽകിയ അനുമതി റദ്ദാക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണങ്ങൾ വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത നടപടി പുതിയ അണക്കെട്ടിനായുള്ള ശ്രമങ്ങൾക്ക് വിഘാതമായിട്ടുണ്ടോ ;

(സി) റദ്ദാക്കൽ നടപടിയെ തുടർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന് മുന്നോടിയായി പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനായി ദേശീയ വന്യജിവി ബോർഡ്, മുമ്പ് നൽകിയിരുന്ന ശിപാർശ പിൻവലിച്ചതായി കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാ വ്യതിയാനം മന്ത്രാലയത്തിന്റെ വന്യജിവി വിഭാഗത്തിൽനിന്നും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അറിയിപ്പ് ലഭിച്ചിട്ടുണ്ട്. ദേശീയ വന്യജീവി ബോർഡിന്റെ ശിപാർശയോടെ കേന്ദ്ര സർക്കാരിന്റെ Expert Appraisal Committee-യുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്ന EIA പഠനം സംബന്ധിച്ച ടേംസ് ഓഫ് റഫൻസിന് (TOR-ന്), മുല്ലപ്പെരിയാർ വിഷയത്തിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 7-5-2014-ലെ വിധിന്യായത്തിലെ വ്യവസ്ഥകൾ പ്രകാരം അംഗീകാരം നൽകാൻ കഴിയുകയില്ലായെന്ന് Expert Appraisal Committee തീരുമാനിച്ച സാഹചര്യത്തിൽ, ദേശീയ വന്യജീവി ബോർഡ് നൽകിയിരുന്ന ശിപാർശക്ക് പ്രസക്തിയില്ലായെന്നുള്ള നിഗമനത്തിലാണ് ദേശീയ വന്യജീവി ബോർഡ് മുൻ ശിപാർശ പിൻവലിച്ചിട്ടുള്ളതെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്.

(ബി&സി) പരിസ്ഥിതി ആഘാത പഠനം പൂർത്തിയാക്കാതെ പുതിയ അണക്കെട്ടിനുള്ള ശ്രമങ്ങൾ തുടരുവാൻ സാധിക്കുകയില്ല. പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിന് നിയമപരമായ തടസ്സങ്ങളില്ലായെന്നുള്ള നിയമോപദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന സർക്കാർ പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനമെടുത്തിട്ടുള്ളത്. ഇക്കാര്യത്തിലുള്ള കേരളത്തിന്റെ ആവശ്യം നിരസിക്കുന്നതിനുള്ള തീരുമാനം ഏകപക്ഷീയമാണെന്നും കേരളത്തിന്റെ അപേക്ഷ പരിഗണിക്കുന്നതിന് നിയമപരമായ തടസ്സങ്ങളില്ലെന്നും അറിയിച്ചുകൊണ്ട് വിശദമായ കത്തുകൾ കേന്ദ്ര സർക്കാരിനും ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്കും ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ കേരളത്തിന്റെ ആവശ്യം പരിഗണിക്കുന്നതിനുള്ള അനുകൂലമായ നിലപാട് കേന്ദ്ര സർക്കാരോ കേന്ദ്ര സർക്കാർ ഏജൻസികളോ സ്വീകരിച്ചിട്ടില്ല. നിയമപരമായ നടപടികൾ ഇക്കാര്യത്തിൽ വീണ്ടും സ്വീകരിക്കുന്നത് സംബന്ധിച്ച് സുപ്രീംകോടതിയിൽ സർക്കാരിനുവേണ്ടി കേസ് വാദിക്കുന്ന വിദഗ്ധരായ അഭിഭാഷകരുടെ നിയമോപദേശം ലഭ്യമാക്കാൻ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കൗൺസിലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ തമിഴ്നാട് ഫയൽ ചെയ്ത ഇടക്കാല ഹർജി സംബന്ധിച്ചുള്ള Reply affidavit കേരളം ഫയൽ ചെയ്തിട്ടുണ്ട്. നിയമോപദേശം ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ തുടർനടപടികൾ സമയബന്ധിതമായിത്തന്നെ സ്വീകരിക്കാനാണുദ്ദേശിക്കുന്നത്.

**പുലമൺതോടിന്റെ നിർമ്മാണം**

230 (919) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ പുലമൺതോടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതെന്നാണെന്ന വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുന്നതിന് സാധിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ പുലമൺതോടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി പണിസ്ഥലം 12-12-2013-ൽ കരാറുകാരന് കൈമാറുകയും പണി ആരംഭിക്കുകയും ചെയ്തു.

(ബി) ഈ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സെന്റ് ഗ്രിഗോറിയസ് കോളേജ് മുതൽ മീൻപിടിപ്പാറ വരെയുള്ള ഏകദേശം 320 മീറ്റർ റോഡിന്റെ കോൺക്രീറ്റ്, കരിങ്കല്ല് ഉപയോഗിച്ചുള്ള 300 മീറ്റർ സംരക്ഷണ ഭിത്തി, കോൺക്രീറ്റ് ഉപയോഗിച്ച് 60 മീറ്റർ സംരക്ഷണ ഭിത്തി, 50 മീറ്റർ വേലി നിർമ്മാണം, ഒരു കിലോമീറ്റർ നീളത്തിൽ ഭാഗികമായി തോട്ടിലെ മാലിന്യങ്ങളും ചെളിയും നീക്കം ചെയ്യൽ ഇവയാണ് ഇതുവരെ നടന്നത്. ഏകദേശം 600 മീറ്റർ നീളത്തിൽ കോൺക്രീറ്റ് സംരക്ഷണഭിത്തി, 700 മീറ്റർ നീളത്തിൽ കരിങ്കൽ സംരക്ഷണഭിത്തി, 6 കി.മീറ്റർ നീളത്തിൽ തോട്ടിലെ ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യൽ, ബെഡ് ലെവൽ ക്രോസ്ബാറിന്റെ നിർമ്മാണം എന്നിവയാണ് അവശേഷിക്കുന്ന പ്രവൃത്തികൾ.

(സി) 31-12-2015 വരെ പ്രവൃത്തിയുടെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്. ഈ കാലാവധിക്കുള്ളിൽത്തന്നെ പണി പൂർത്തീകരിക്കാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## മട്ടന്നൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

231 (920) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഴശ്ശി ഇറിഗേഷൻ പ്രോജക്റ്റ് ഡിവിഷന്റെ കൈവശമുള്ള മൂന്നേക്കർ ഭൂമി മട്ടന്നൂർ മിനി സിവിൽസ്റ്റേഷൻ നിർമ്മാണത്തിനു നൽകാമെന്ന 28-11-2013-ലെ ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 27698/IRI/12/WRD നമ്പർ കത്ത് പ്രകാരം പ്രസ്തുത സ്ഥലം അളന്നു തിട്ടപ്പെടുത്തി റവന്യൂ വകുപ്പിന് കൈമാറുവാൻ കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ?

### ഉത്തരം

മട്ടന്നൂർ മിനി സിവിൽ സ്റ്റേഷന് പഴശ്ശി പദ്ധതിയുടെ സ്ഥലം നൽകുന്നതുമായി ബന്ധപ്പെട്ട് ജലസേചന വകുപ്പ് അധികാരികളും റവന്യൂ വകുപ്പ് അധികാരികളും പ്രാഥമിക പരിശോധന നടത്തിയിട്ടുണ്ട്. ആയതിന്റെ സ്കെച്ച് തയ്യാറാക്കി സ്ഥലം മാർക്ക് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മുല്ലപ്പെരിയാർ അണക്കെട്ട്

232 (921) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുരക്ഷാ ഭീഷണിയുടെ പേരിൽ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ നിയന്ത്രണം കൈക്കലാക്കുകയും അതുവഴി സംസ്ഥാനത്തിന്റെ താല്പര്യത്തെ ഹനിക്കുന്നതിനുമുള്ള തമിഴ്നാടിന്റെ നീക്കം തടയുന്നതിനായി സംസ്ഥാനം കേന്ദ്രസർക്കാരിനെ സമീപിച്ചിരുന്നോ ; അതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) മുല്ലപ്പെരിയാർ ഡാമിന് സുരക്ഷാ ഭീഷണിയുണ്ടെന്ന് ഇന്റലിജൻസ് ബ്യൂറോ സംസ്ഥാന സർക്കാരിനെ അറിയിച്ചിരുന്നോ ;

(സി) അണക്കെട്ടിന്റെ സുരക്ഷാ ചുമതലയുള്ള സംസ്ഥാനത്തിന്റെ ഭാഗത്തു നിന്ന് എന്തെങ്കിലും വീഴ്ച ചൂണ്ടിക്കാട്ടിയിട്ടുണ്ടോ ;

(ഡി) ഇക്കാര്യത്തിൽ സുപ്രീംകോടതി മുമ്പാകെ സംസ്ഥാനം സ്വീകരിച്ച നിലപാട് എന്താണെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) മുല്ലപ്പെരിയാറിലെ അണക്കെട്ടിന്റെ സുരക്ഷയ്ക്കായി കേന്ദ്ര സേനയെ നിയോഗിക്കേണ്ട യാതൊരുവിധ സാഹചര്യവും നിലനിൽക്കുന്നില്ലായെന്നും ഈ ആവശ്യത്തിനായി തമിഴ്നാട് ചൂണ്ടിക്കാട്ടിയിട്ടുള്ള കാരണങ്ങൾക്ക് അടിസ്ഥാനമില്ലെന്നും മുല്ലപ്പെരിയാർ അണക്കെട്ട് കേരളത്തിൽ സ്ഥിതിചെയ്യുന്നതിനാൽ അണക്കെട്ടിന്റെ സെക്യൂരിറ്റി സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള ചുമതല സംസ്ഥാനത്തിൽ നിക്ഷിപ്തമാണെന്നും പ്രസ്തുത ചുമതല ഏറ്റെടുക്കാൻ കേരളാ പോലീസിന് പ്രാപ്തിയുണ്ടെന്നും ഇക്കാര്യത്തിലുള്ള തമിഴ്നാടിന്റെ വാദങ്ങൾ പരിഗണനാർഹമല്ലെന്നും കേന്ദ്രസർക്കാരിനെ അറിയിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ വിഷയത്തിലുള്ള സംസ്ഥാന സർക്കാരിന്റെ നിലപാട് വിശദമാക്കിക്കൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട കേന്ദ്ര ആഭ്യന്തര മന്ത്രിക്ക് വിശദമായ കത്ത് ലഭ്യമാക്കിയിട്ടുണ്ട്.

(ബി&സി) കേന്ദ്ര ഇന്റലിജൻസ് ബ്യൂറോ 2014 സെപ്റ്റംബർ 16 മുതൽ 18 വരെയുള്ള തീയതികളിൽ മുല്ലപ്പെരിയാർ അണക്കെട്ടിലും പെരിയാർ ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിലും നടത്തിയ സുരക്ഷാ പരിശോധനാ റിപ്പോർട്ടിന്റെ (Security Inspection Report) പകർപ്പ്, റിപ്പോർട്ട് രഹസ്യരേഖയായി സൂക്ഷിക്കണമെന്ന നിർദ്ദേശത്തോടെ സംസ്ഥാന ചീഫ് സെക്രട്ടറിക്കും ലഭ്യമാക്കിയിട്ടുണ്ട്. മുല്ലപ്പെരിയാർ അണക്കെട്ടിലെ സെക്യൂരിറ്റി സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനുള്ള വിവിധ ശിപാർശകൾ പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അണക്കെട്ടിന്റെ സുരക്ഷാ

ചുതലയുള്ള സംസ്ഥാനത്തിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും വീഴ്ചയുണ്ടായതായി ഇന്റലിജൻസ് റിപ്പോർട്ടിൽ പ്രത്യേകം പരാമർശിച്ചിട്ടില്ല. കേന്ദ്ര ഇന്റലിജൻസ് ബ്യൂറോ മുല്ലപ്പെരിയാറിൽ സുരക്ഷാ പരിശോധന നടത്തുന്ന വിവരം സംസ്ഥാന സർക്കാരിനെയോ, ബന്ധപ്പെട്ട ഉന്നതതല ഉദ്യോഗസ്ഥരേയോ മുൻകൂറായി അറിയിച്ചിരുന്നില്ല. സംസ്ഥാനത്തെ പ്രതിനിധീകരിച്ചുള്ള ഉദ്യോഗസ്ഥന്മാരുടെ അഭാവത്തിൽ സുരക്ഷാ പരിശോധന നടത്തിയ നടപടി ന്യായീകരിക്കത്തക്കതല്ലെന്ന് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മുല്ലപ്പെരിയാർ അണക്കെട്ടിലെ സുരക്ഷാ സംവിധാനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി, മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷാ ചുമതലകൾ ശക്തിപ്പെടുത്തുന്നതിനായി ഒരു പോലീസ് സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) മുല്ലപ്പെരിയാർ അണക്കെട്ടിലെ സുരക്ഷാ സംവിധാനങ്ങൾ സംബന്ധിച്ച് തമിഴ്നാട് ഉയർത്തുന്ന വാദങ്ങൾ പരിഗണനാർഹമല്ലെന്നും അണക്കെട്ടിന്റെ സുരക്ഷയ്ക്കായി കേന്ദ്രസേനയെ നിയോഗിക്കേണ്ട യാതൊരുവിധ സാഹചര്യവും നിലനിൽക്കുന്നില്ലെന്നും തമിഴ്നാടിന്റെ അത്തരം ആവശ്യങ്ങൾ പരിഗണിക്കരുതെന്ന് കാര്യകാരണ സഹിതം വ്യക്തമാക്കിക്കൊണ്ടുമുള്ള സത്യവാങ്മൂലം സംസ്ഥാന സർക്കാർ, (ഈ വിഷയത്തിൽ തമിഴ്നാട് ഫയൽ ചെയ്തിട്ടുള്ള ഇടക്കാല ഹർജിയുമായി ബന്ധപ്പെട്ട്) ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. മുല്ലപ്പെരിയാർ വിഷയത്തിൽ സംസ്ഥാന താല്പര്യങ്ങൾ സംരക്ഷിച്ച് കിട്ടുന്നതിനായി അണക്കെട്ടിന്റെ സുരക്ഷ സംബന്ധിച്ച ചുമതലകൾ സംസ്ഥാന നിയന്ത്രണത്തിൽ തന്നെ വേണമെന്നുള്ള ഉറച്ച നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാന താല്പര്യങ്ങൾ ഹനിക്കുന്നതിനുള്ള തമിഴ്നാടിന്റെ ശ്രമങ്ങൾക്ക് അടിസ്ഥാനമില്ലായെന്ന് കാര്യകാരണസഹിതം ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നിയമ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്.

**കമാന്റ് ഏരിയ വികസന പദ്ധതി**

233 (922) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമാന്റ് ഏരിയ വികസന പദ്ധതികളുടെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പുതുക്കിയ മാനദണ്ഡപ്രകാരം പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) കാർഷിക ഉല്പാദനത്തിൽ കമാന്റ് ഏരിയ വികസന പദ്ധതികൊണ്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ജനപങ്കാളിത്തത്തോടെ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് പുതിയ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വിലയിരുത്തൽ നടത്തുന്നുണ്ട്. കേരളത്തിലെ 18 ജലസേചന പദ്ധതികളാണ് കമാന്റ് ഏരിയ വികസന പരിപാടിയുടെ കീഴിൽ സമഗ്ര വികസനത്തിനായി ഏറ്റെടുത്തിട്ടുള്ളത്. ഇതിൽ 14 പദ്ധതികളിൽ കാഡ പ്രവർത്തനം പൂർത്തീകരിക്കുകയും അതിന്റെ തുടർപരിപാലനം അതാത് പ്രോജക്ട് ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ഏല്പിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. മറ്റ് പദ്ധതികളായ കാഞ്ഞിരപ്പുഴ, കല്ലട, മൂവാറ്റുപുഴ, പഴശ്ശി എന്നിവ കേന്ദ്ര ഗവൺമെന്റിന്റെ റീ-സ്ട്രക്ചേഡ് കമാന്റ് ഏരിയ ഡവലപ്മെന്റ് ആന്റ് വാട്ടർ മാനേജ്മെന്റ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി പ്രവർത്തിച്ചുവരുന്നു. കാഞ്ഞിരപ്പുഴ പദ്ധതിക്കായി 8467 ഹെക്ടർ ആയക്കെട്ട് പ്രദേശമാണ് ഏറ്റെടുത്തിട്ടുള്ളത്. അതിൽ 7476.85 ഹെക്ടർ പ്രദേശത്തെ കാർഷിക വികസനത്തിനായി ഫീൽഡ് ചാനലും 7667 ഹെക്ടർ പ്രദേശത്ത് ഫീൽഡ് ഡ്രെയിനും നടപ്പിലാക്കിയിട്ടുണ്ട്. 192 കർഷക സമിതികൾ രൂപീകരിക്കുകയും പൂർത്തീകരിച്ച പ്രവൃത്തികൾ അതാത് കർഷക സമിതികളുടെ മേൽനോട്ടത്തിലും പ്രവർത്തിച്ചുവരുന്നു. കല്ലട പദ്ധതിക്കായി ഏറ്റെടുത്തത് 16233 ഹെക്ടർ ആയക്കെട്ട് പ്രദേശമാണ്. 467.74 ഹെക്ടർ പ്രദേശത്ത് മാത്രമെ ഫീൽഡ് ചാനൽ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുള്ളൂ. കല്ലട പ്രോജക്ടിൽ ഫീൽഡ് ചാനൽ നിർമ്മിക്കുന്നതിനാവശ്യമായ സ്പൗട്ട് ഇല്ലാത്തത് ഫീൽഡ് ചാനൽ പ്രവൃത്തികൾക്ക് വിഘാതം സൃഷ്ടിക്കുന്നു. എട്ട് സ്പൗട്ടുകൾ നിർമ്മിച്ച് നൽകുന്നതിന് പ്രോജക്ട് അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതുപ്രകാരം ഫീൽഡ്

ചാനൽ പ്രവൃത്തികൾ ചെയ്തുതുടങ്ങാൻ കഴിയും. പ്രസ്തുത പ്രോജക്ടിൽ 6438 ഹെക്ടർ പ്രദേശത്ത് ഫീൽഡ് ഡ്രെയിൻ നിർമ്മിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 231 കർഷക സമിതികൾ ഈ പ്രോജക്ടിൽ രൂപീകരിച്ചിട്ടുണ്ട്. പഴശ്ശി പദ്ധതിയിൽ കാഡ പ്രവർത്തനങ്ങൾ നടപ്പിലാക്കാനാവശ്യമായ വെള്ളത്തിന്റെ ലഭ്യത കുറവായതിനാൽ ആ പദ്ധതി തന്നെ നിർത്തലാക്കുവാൻ സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി നിർദ്ദേശിച്ചിരിക്കുകയാണ്. ആയതിന്റെ പഠനം നടത്തുന്നതിന് സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് (CWRDM)- നെ ഏൽപ്പിച്ചിട്ടുണ്ട്. മൂവാറ്റുപുഴ പദ്ധതിയിൽ 2012-ലാണ് കാഡ പദ്ധതി നടപ്പിലാക്കി തുടങ്ങിയത്. മൊത്തം 19000 ഹെക്ടർ പ്രദേശമാണ് ഏറ്റെടുത്തിട്ടുള്ളത്. 1328.62 ഹെക്ടർ പ്രദേശത്ത് ഫീൽഡ് ചാനലും 265.8 ഹെക്ടർ പ്രദേശത്ത് ഫീൽഡ് ഡ്രെയിനും നിർമ്മിച്ചിട്ടുണ്ട്. 95 കർഷക സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കാഡയുടെ പ്രവർത്തനം സംബന്ധിച്ച വിലയിരുത്തൽ കാഡയുടെ കീഴിലുണ്ടായിരുന്ന ഇവാല്യൂവേഷൻ വിഭാഗമാണ് 31-3-2015 വരെ നടത്തിവന്നിരുന്നത്. 1-4-2015 മുതൽ കേരളത്തിൽ വാട്ടർ ആന്റ് ലാന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (WALMI) ആയി പ്രവർത്തിക്കുന്ന സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് (CWRDM) ആണ് കാഡയുടെ പ്രവർത്തനം സംബന്ധിച്ച വിലയിരുത്തൽ നടത്തുന്നത്.

(ബി) പുതുക്കിയ മാനദണ്ഡപ്രകാരം പ്രധാന പ്രവർത്തനങ്ങളായ ഫീൽഡ് ചാനൽ, ഫീൽഡ് ഡ്രെയിൻ, റിക്ലമേഷൻ എന്നിവ കൂടാതെ കനാലുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ഏറ്റെടുത്ത് നിലവിലുള്ള സിസ്റ്റത്തിന്റെ പോരായ്മകൾ പരിഹരിച്ചുവരുന്നു.

(സി) കമാന്റ് ഏരിയ വികസന പദ്ധതികൊണ്ടുള്ള പുരോഗതി വിലയിരുത്താൻ വാട്ടർ ആന്റ് ലാന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ്)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് എല്ലാ മാസവും പുരോഗതി വിലയിരുത്തുന്നുണ്ട്.

(ഡി) ജനപങ്കാളിത്തത്തോടെയാണ് കാഡപദ്ധതികൾ നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. ഓരോ പദ്ധതി പ്രവൃത്തികൾക്കും കർഷക സമിതികൾ

രൂപീകരിക്കുകയും പദ്ധതി വിഹിതമായി ഓരോ കർഷക സമിതിയും പത്ത് ശതമാനം തുക പദ്ധതികൾക്കായി നൽകുകയും ചെയ്യുന്നുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി കർഷക സമിതികൾക്ക് മാനേജീരിയൽ സബ്സിഡി നൽകിവരുന്നു.

**പുലിമുട്ട് ശൃംഖല സ്ഥാപിക്കാൻ നടപടി**

234 (923) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ ഐ.ഐ.റ്റി. പഠനം പൂർത്തിയാക്കിയ പഴയങ്ങാടി മുതൽ കോമന വരെ 26 പുലിമുട്ടുകൾ സ്ഥാപിക്കുന്നതിനുവേണ്ടി എത്ര കോടി രൂപയുടെ എസ്റ്റിമേറ്റാണ് സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്;

(ബി) ഈ പ്രവൃത്തിക്ക് നബാർഡിന്റെ ധനസഹായം ലഭ്യമായിട്ടുണ്ടോ ; ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത മേഖലയിൽ പുലിമുട്ട് സ്ഥാപിക്കൽ എന്നു മുതൽ ആരംഭിക്കുവാൻ കഴിയും വ്യക്തമാക്കാമോ?

ഉത്തരം

(എ) 22.01 കോടി രൂപയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്.

(ബി) ലഭ്യമായിട്ടുണ്ട്. ടി പ്രവൃത്തിക്ക് ഭരണാനുമതി നൽകിയ 29-9-2015-ലെ ജി.ഒ. (ആർറ്റി.) നമ്പർ 821/2015/ജ.വി.വ. നമ്പർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്തശേഷം പണി തുടങ്ങുവാൻ സാധിക്കും.

**കിള്ളിയാർ സംരക്ഷണ പദ്ധതി**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

235 (924) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിള്ളിയാർ സംരക്ഷണ പദ്ധതിയുടെ ഭാഗമായി മേജർ ഇറിഗേഷൻ വകുപ്പ് തിരുവനന്തപുരം നഗര പരിധിക്കുള്ളിൽ ഏതൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് ഏറ്റെടുക്കുന്നത് ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(സി) മരുതംകുഴി റിവർ വാലി ഭാഗത്തെ വെള്ളപ്പൊക്കം തടയുന്നതിന് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നെതന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) കിള്ളിയാർ സംരക്ഷണവുമായി ബന്ധപ്പെട്ട് പദ്ധതിയിലുൾപ്പെടുത്തി സംരക്ഷണ ഭിത്തി നിർമ്മാണമാണ് പ്രധാനമായും ചെയ്തുവരുന്നത്. ഈ പ്രവൃത്തി വഴയില മുതൽ പള്ളത്തുകടവ് വരെ വിവിധ ഭാഗങ്ങളിൽ നടന്നുവരുന്നു.

(ബി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) മരുതംകുഴിയിൽ 26-8-2015-ലുണ്ടായ ശക്തമായ വെള്ളപ്പൊക്കത്തെ തുടർന്ന് ബണ്ട് പൊളിഞ്ഞുപോയ ഭാഗത്ത് കോൺക്രീറ്റ് ഭിത്തി നിർമ്മിച്ചു. ഈ ഭാഗം മുതൽ കാട്ടുവെട്ടി പാലം വരെയുള്ള ഭാഗം ഉയരം ക്രമീകരിക്കുന്നതിനും സെക്രട്ടേറിയറ്റ് കോളനിയിലെ വെള്ളപ്പൊക്കം ഒഴിവാക്കുന്നതിനുമായി എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. എം.ആർ.എ. യുടെ സമീപത്തുനിന്ന് മരുതംകുഴി പുതിയപാലം വരെ (460 മീ.) കിള്ളിയാറിന്റെ സംരക്ഷണഭിത്തിയുടെ നിർമ്മാണം എന്ന പദ്ധതിക്ക് ജില്ലാ കളക്ടർ രണ്ട് കോടി രൂപയുടെ ഭരണാനുമതി നൽകി സാധൂകരണത്തിനായി റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്. അടിയന്തര സ്വഭാവം പരിഗണിച്ച് പ്രസ്തുത പ്രവൃത്തിയുടെ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. ഇതുകൂടാതെ കാട്ടുവെട്ടി പാലത്തിന്റെ കാഞ്ഞിരംപാറയിൽ നിന്നുമുള്ള Approach road ഉയർത്തുന്നതിനും അനുബന്ധ പ്രവൃത്തികൾക്കുമായി മറ്റൊരു പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മേൽവിവരിച്ച പദ്ധതികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ഈ പ്രദേശങ്ങളിലെ വെള്ളപ്പൊക്കത്തിന് ശാശ്വത പരിഹാരമുണ്ടാകുന്നതാണ്.

**ഭൂജല പരിപോഷണം പദ്ധതി**

236 (925) ശ്രീ. വർക്കല കഹാർ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂജല പരിപോഷണം ജനകീയമാക്കാൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഭൂജല വകുപ്പ്, ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതി നടപ്പാക്കിവരുന്നുണ്ട്.

(ബി) സംസ്ഥാനത്തെ ജലനിരപ്പ് താഴ്ന്ന പ്രദേശങ്ങളിൽ ഭൂജല നിരപ്പ് ഉയർത്താനായി അനുയോജ്യമായ സ്ഥലങ്ങളിൽ അടിയണകൾ, തടയണകൾ, മഴക്കുഴികൾ, തുറന്ന കിണർ വഴിയുള്ള ഭൂജല സംപോഷണം തുടങ്ങിയവ നിർമ്മിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

(സി) ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതി ഭൂജലനിരപ്പ് ഉയർത്തുന്നതിനായി മഴവെള്ളം മണ്ണിലേക്ക് ആഴ്ന്നിറങ്ങുന്നതിനായി തടയണകൾ, അടിയണകൾ, മഴക്കുഴികൾ, തുറന്ന കിണർ വഴിയുള്ള ഭൂജല സംപോഷണ പദ്ധതികൾ എന്നിവയും നടപ്പിലാക്കിവരുന്നു. കഴിഞ്ഞ സാമ്പത്തിക

വർഷം 80 റീ ചാർജ് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 40 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ ജലവിഭവ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഹമാര ജൽ - ഹമാര ജീവൻ എന്ന പദ്ധതിയിൻകീഴിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഭൂജല വിനിയോഗം സംബന്ധിച്ച ഏകദിന ശില്പശാലകൾ സംഘടിപ്പിക്കുകയും ഓരോ ജില്ലകളിൽ നിന്നും ജലക്ഷാമമുള്ള രണ്ട് വില്ലേജുകൾ സമഗ്രമായ ഭൂജല വികസനത്തിനായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. ഈ വില്ലേജുകളിൽ ജനകീയ പങ്കാളിത്തത്തോടെ ഫലപ്രദമായ ഭൂജല സംപോഷണ മാർഗ്ഗങ്ങൾ അവലംബിച്ച് സ്ഥിരമായ ഭൂജല മാനേജ്മെന്റ് നടപ്പാക്കുകയാണ് ഇതിന്റെ ലക്ഷ്യം. ഇതിനുവേണ്ടി സംസ്ഥാന തലത്തിലും ജില്ലാതലത്തിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഭൂജലവകുപ്പിന്റെ വാർഷിക പദ്ധതിയിൽ ഭൂജല സംപോഷണ പദ്ധതിക്കായി നടപ്പുവർഷം 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**മഴവെള്ള സംഭരണം ജനകീയമാക്കുവാൻ പദ്ധതി**

237 (926) ശ്രീ. പി. എ. മാധവൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എം. പി. വിൻസെന്റ്:
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഴവെള്ള സംഭരണം ജനകീയമാക്കുവാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) വർഷകാലത്ത് വീടിന്റെ മേൽക്കൂരയിൽ പതിക്കുന്ന മഴവെള്ളം ശാസ്ത്രീയമായി ടാങ്കിൽ ശേഖരിച്ച് സുരക്ഷിതമായി സൂക്ഷിച്ച് വേനൽക്കാലത്ത് ഉപയോഗിക്കുന്നതിനാണ് മഴവെള്ള സംഭരണ പദ്ധതിയായ വർഷ പദ്ധതി കൊണ്ട് കേരള വാട്ടർ അതോറിറ്റി ലക്ഷ്യമിട്ടിരിക്കുന്നത്. ഒരു ഭവനത്തിന് 5000 ലിറ്റർ എന്ന നിലയിൽ രണ്ട് ഭവനത്തിലേക്ക് 10,000 ലിറ്റർ ശേഷിയുള്ള സംഭരണിയാണ് നിലവിൽ കേരള വാട്ടർ അതോറിറ്റി നിർമ്മിച്ചുവരുന്നത്. ജലനിധി നടപ്പാക്കുന്ന മഴവെള്ള സംഭരണ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

- മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുന്ന സംസ്കാരം കേരളത്തിലുടനീളം പ്രചരിപ്പിക്കുക.
- കുടിവെള്ളം ലഭ്യമാക്കുവാൻ സാധിക്കുന്ന പ്രദേശങ്ങളിൽ മഴവെള്ളം ശേഖരിച്ച് കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുക.
- വരൾച്ചയെ പ്രതിരോധിക്കുന്നതിനുള്ള മാർഗ്ഗമായി മഴവെള്ള സംഭരണം, ഭൂജല പരിപോഷണം പ്രോത്സാഹിപ്പിക്കുക.
- മഴവെള്ള സംഭരണ മാതൃകകൾ സജ്ജമാക്കി ജനങ്ങളെ ഇത്തരം പ്രവർത്തനങ്ങളിലേക്ക് ആകർഷിക്കുക.
- മഴവെള്ളം സംഭരിച്ച് ജലാശയങ്ങളെ പരിപോഷിപ്പിക്കുക.
- മഴവെള്ളം ജലഗുണനിലവാര പ്രശ്നത്തിന് പരിഹാരമായി ഉപയോഗപ്പെടുത്തുക മുതലായവയാണ് ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ.

(സി) 2002 മുതൽ കേരള വാട്ടർ അതോറിറ്റി വർഷ പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ ചെലവിന്റെ 90 ശതമാനം കേന്ദ്രസഹായവും പത്ത് ശതമാനം ഉപഭോക്തൃ വിഹിതവുമാണ്. എൻ.ജി.ഒ. മുഖേനയാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. കെ.ആർ.ഡബ്ല്യൂ.എസ്.എ. യുടെ ഭാഗമായുള്ള ജലനിധി പദ്ധതി, മഴകേന്ദ്രം, സി.സി.ഡി.യു., ഗ്രാമ പഞ്ചായത്തുകൾ എന്നീ സ്ഥാപനങ്ങളുടെ വിവിധ ഭരണ-നിർവ്വഹണ സംവിധാനങ്ങൾ ഏകോപിപ്പിച്ച് പദ്ധതി കാര്യക്ഷമമായി

നടപ്പിലാക്കാനാവശ്യമായ നടപടികൾ ജലനിധി സ്വീകരിച്ചിട്ടുണ്ട്.

**കുടിവെള്ള വിതരണ പദ്ധതികൾ**

238 (927) ശ്രീ. വി. ശിവൻകുട്ടി :

ശ്രീ. ബി. സത്യൻ :

ശ്രീ. കെ. കെ. നാരായണൻ :

ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ അന്താരാഷ്ട്ര സഹകരണ ഏജൻസി (ജിക്ക)-യുടെ സഹായത്തോടെയുള്ള കുടിവെള്ള വിതരണ പദ്ധതികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽനിന്ന് ജപ്പാൻ അന്താരാഷ്ട്ര സഹകരണ ഏജൻസി (ജിക്ക) പിന്മാറുമെന്ന് അറിയിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം എന്താണ് ;

(സി) പാതിവഴിയിലായ പ്രസ്തുത പദ്ധതികൾ ഏതു വിധത്തിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അതിന്റെ വിശദാംശവും അറിയിക്കുമോ ;

(ഡി) ഇവയിൽ ഏതെങ്കിലും പദ്ധതി ജലനിധിക്ക് കൈമാറാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഏതൊക്കെ വ്യവസ്ഥയുടെ അടിസ്ഥാനത്തിലാണ് ?

ഉത്തരം

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയിൽ താഴെപ്പറയുന്ന അഞ്ച് ശുദ്ധജല വിതരണ പദ്ധതികൾ ഉൾപ്പെടുന്നു:

1. തിരുവനന്തപുരം നഗരമേഖലയിലെ ശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണവും പുനരുദ്ധാരണവും.
2. കൊല്ലം ജില്ലയിലെ മീനാട്ടും സമീപ പഞ്ചായത്തുകൾക്കുമായുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി.

3. ആലപ്പുഴ ജില്ലയിലെ ചേർത്തല മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കുമായുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി.

4. കോഴിക്കോട് നഗരമേഖലയ്ക്കും സമീപ പഞ്ചായത്തുകൾക്കുമായുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണവും പുനരുദ്ധാരണവും.

5. കണ്ണൂർ ജില്ലയിലെ പട്ടുവത്തിനും സമീപ പഞ്ചായത്തുകൾക്കുമായുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി.

**പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതി**

1. തിരുവനന്തപുരം പദ്ധതി: വിതരണ ശൃംഖലയും പുനരുദ്ധാരണ പ്രവർത്തനങ്ങളും ഒഴികെ ബാക്കി പണികൾ പൂർത്തിയായി. പദ്ധതിയിൽ നിന്നുള്ള ജലം 18-5-2010-ൽ ലഭ്യമാക്കിയിട്ടുണ്ട്. വിതരണ ശൃംഖലയിൽ 394 കി.മീ. പൈപ്പ് ലൈനുള്ളതിൽ 91 കി.മീ. പൈപ്പ് ലൈൻ ഇനി ഇടാനുണ്ട്. പുനരുദ്ധാരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

2. മീനാട് പദ്ധതി: വിതരണ ശൃംഖല മാത്രമാണ് ഇനി പൂർത്തിയാക്കുവാനുള്ളത്. 963 കി.മീ. പൈപ്പ് ലൈൻ ആകെ ഉള്ളതിൽ 174 കി.മീ. പൈപ്പ് ലൈൻ ഇനി ഇടാനുണ്ട്. പദ്ധതി 24-2-2011-ൽ ഭാഗീകമായി കമ്മീഷൻ ചെയ്തു. 2016-ഓടുകൂടി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

3. ചേർത്തല പദ്ധതി: പദ്ധതി പൂർത്തിയാക്കി 3-1-2012-ൽ പൂർണ്ണമായും കമ്മീഷൻ ചെയ്തു.

4. കോഴിക്കോട് പദ്ധതി: വിതരണ ശൃംഖലയിൽ 1876 കി.മീറ്റർ പൈപ്പ് ലൈനുള്ളതിൽ 695 കി. മീറ്റർ ഇനി ബാക്കി ഇടാനുണ്ട്. 27-2-2015-ൽ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്ത് നഗര മേഖലയിൽ ജലവിതരണം ലഭ്യമാക്കിയിട്ടുണ്ട്. നിലവിലുള്ള പദ്ധതിയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

5. പട്ടുവം പദ്ധതി: പദ്ധതി പൂർത്തിയാക്കി ജലവിതരണം നടത്തിവരുന്നു.

(ബി) നിലവിലുള്ള ജിക്ക ലോണിന്റെ കാലാവധി 27-7-2015 വരെയായിരുന്നു. കാലാവധി 31-12-2016 വരെ ദീർഘിപ്പിക്കുന്നതിനായുള്ള അപേക്ഷ സംസ്ഥാന - കേന്ദ്ര ഗവൺമെന്റുകൾവഴി ജിക്കയ്ക്ക് സമർപ്പിച്ചെങ്കിലും പ്രസ്തുത അപേക്ഷ ജിക്ക അംഗീകരിക്കുകയുണ്ടായില്ല.

(സി) ജിക്ക പദ്ധതിയിൽ വിഭാവന ചെയ്തിട്ടുള്ള ബാക്കിപ്പണികൾ പൂർത്തിയാക്കുവാനായി 330 കോടി രൂപ ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ട്. പ്രസ്തുത തുക സ്റ്റേറ്റ് ഫണ്ടിൽനിന്നും ലഭ്യമാക്കാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. 31-12-2016-ഓടുകൂടി ബാക്കി പണികൾ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) നിലവിൽ ഉദ്ദേശമില്ല.

**തീരദേശത്തെയും കുട്ടനാട്ടിലെയും കുടിവെള്ളക്ഷാമം**

239 (928) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ളക്ഷാമം ഏറ്റവുമധികം അനുഭവപ്പെടുന്ന തീരപ്രദേശത്തെയും കുട്ടനാട് പ്രദേശത്തെയും ശുദ്ധജലവിതരണത്തിനായി ഡീസലൈനേഷൻ പ്രോജക്ടുകൾ 2012-13 - ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നോ ;

(ബി) എങ്കിൽ ഇതിനായി എത്ര തുക അനുവദിച്ചുവെന്നും അതിൽ ഏതെല്ലാം പ്രവൃത്തികൾക്കായി എത്ര തുക വീതം ചെലവായെന്നും വ്യക്തമാക്കുമോ ;

(സി) പദ്ധതിയുടെ പുരോഗതി വിശദമാക്കുമോ ;

(ഡി) പദ്ധതികൾ പ്രഖ്യാപിച്ചിട്ടും തീരദേശത്തെയും കുട്ടനാട്ടിലെയും കുടിവെള്ള പ്രശ്നം ഇതുവരെ പരിഹരിക്കപ്പെട്ടിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇതു പരിഹരിക്കുവാൻ സത്വര നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

(എ&ബി) 2012-13 ബഡ്ജറ്റിൽ ഡീസലൈനേഷൻ പദ്ധതികൾക്കായി പ്രത്യേകം തുക വകയിരുത്തിയിട്ടില്ലെങ്കിലും നൂതന സാങ്കേതിക വിദ്യകൾക്കായി 2012-13 ബഡ്ജറ്റിൽ 15 കോടി രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത തുക ഡീസലൈനേഷൻ പദ്ധതികൾക്കായി വിനിയോഗിക്കുവാൻ ഉദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്ഇത വർഷം പദ്ധതിക്കായി തുകയൊന്നും ചെലവായിട്ടില്ല.

(സി) നൂതന സാങ്കേതികവിദ്യകൾക്കായി 2012-13-ൽ കേരള വാട്ടർ അതോറിറ്റിയുടെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന 15 കോടി രൂപ ഉപയോഗപ്പെടുത്തി കേരളത്തിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന കുട്ടനാട് പോലെയുള്ള പ്രദേശങ്ങളിലും കടലോര പ്രദേശങ്ങളിലും റിവേഴ്സ് ഓസ്മോസിസ് സാങ്കേതിക വിദ്യ ഉപയോഗിച്ച് കുഴൽക്കിണറുകളിലെ ലവണ ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുവാൻ ഉദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 19 സ്ഥലങ്ങളിൽ മോഡുലാർ പ്ലാന്റുകൾ സ്ഥാപിക്കുവാൻ ദർഘാസ് ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ ക്വാട്ട് ചെയ്തിരുന്ന തുക പി.എ.സി. യിൽനിന്നും വളരെയധികം കൂടുതലായതിനാൽ ബോർഡ് ആ ടെണ്ടർ ക്യാൻസൽ ചെയ്യുവാനും മോഡുലാർ ആർ.ഒ. പ്ലാന്റുകളുടെ എണ്ണം 19-ൽ നിന്നും 10 ആയി ചുരുക്കി പുതിയ ടെണ്ടർ ക്ഷണിക്കുവാനും തീരുമാനിച്ചു.

(ഡി) ഉണ്ട്.

(ഇ) നിലവിൽ കുട്ടനാട് പ്രദേശത്തിനുവേണ്ടി കേന്ദ്ര സഹായത്തോടെ ടെക്നോളജി മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ജലഗുണനിലവാര പ്രശ്നമുള്ള പ്രദേശങ്ങൾക്കായുള്ള പദ്ധതി വിഭാഗത്തിൽ ഒരു കുടിവെള്ള പദ്ധതി നടപ്പിലാക്കുകയുണ്ടായി. എന്നാൽ ഫണ്ടിന്റെ അപര്യാപ്തതമൂലം വിതരണ ശൃംഖല പൂർണ്ണമായി സ്ഥാപിക്കുവാൻ കഴിഞ്ഞിരുന്നില്ല. നിലവിൽ 13-ാം ധനകാര്യ കമ്മീഷൻ ധനസഹായത്തോടെ കുട്ടനാട്ടിലെ 13 പഞ്ചായത്തുകളിലും ജലവിതരണം സാദ്ധ്യമാക്കുന്നതിനുള്ള പദ്ധതികൾ നടന്നുവരുന്നു. കൂടാതെ 15-5-2015-ൽ ബഹുമാനപ്പെട്ട കേന്ദ്ര കുടിവെള്ള മാലിന്യ നിർമ്മാർജ്ജന വകുപ്പ് മന്ത്രി ശ്രീ. ചൗധരി ബീരേന്ദർ സിങ്ങ് നടത്തിയ മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ കുട്ടനാട് പ്രദേശത്ത് മുഴുവനായി ജലലഭ്യത ഉറപ്പുവരുന്നതിന് ഇനി ആവശ്യമായ ഘടകങ്ങൾ

ഉൾപ്പെടുത്തി ഒരു പദ്ധതി രൂപകല്പന ചെയ്യുവാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**വെള്ളക്കരത്തിലുണ്ടായ വർദ്ധനവ്**

240 (929) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പ്രാവശ്യം വെള്ളക്കരം വർദ്ധിപ്പിച്ചുവെന്നും നിരക്ക് വർദ്ധിപ്പിച്ചപ്പോൾ ഓരോ സ്ലാബിനുമുള്ള വർദ്ധനവ് എത്ര വീതമാണ്എന്നും ഈ ഇനത്തിൽ എത്ര രൂപയുടെ അധിക വരുമാനം ഉണ്ടായിയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരു പ്രാവശ്യം 25-9-2014-ൽ മാത്രമാണ് കുടിവെള്ള ചാർജ്ജ് വർദ്ധിപ്പിച്ചത്. പുതുക്കിയ നിരക്കനുസരിച്ച് ശരാശരി വർദ്ധനവ് താഴെപ്പറയുന്നു:

15 കി.ലി. വരെ വർദ്ധനവ് ഇല്ല.

15 കി.ലി. മുതൽ 20 കി.ലി. വരെ 35.24 ശതമാനം

20 കി.ലി. മുതൽ 25 കി.ലി. വരെ 49.48 ശതമാനം

25 കി.ലി. മുതൽ 30 കി.ലി. വരെ 82.86 ശതമാനം

30 കി.ലി. മുതൽ 40 കി.ലി. വരെ 112.25 ശതമാനം

40 കി.ലി. മുതൽ 50 കി.ലി. വരെ 98.46 ശതമാനം

50 കി.ലി. മുകളിൽ കിലോ ലിറ്ററിന് ഏകദേശം 60 ശതമാനം വരെ

ടി വർദ്ധനവുകൊണ്ട് പ്രതിമാസം ഏകദേശം 15 കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്.

**കെ.ആർ.ഡബ്ല്യൂ.എസ്.എ.-യിൽ ജീവനക്കാരുടെ പെൻഷൻ പ്രായം**

241 (930) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഗ്രാമീണ ശുദ്ധജല വിതരണ ഏജൻസി (കെ.ആർ. ഡബ്ള്യൂ.എസ്.എ.) യിൽ ജീവനക്കാരുടെ പെൻഷൻ പ്രായം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഏജൻസിയിൽ പെൻഷൻ പ്രായം കഴിഞ്ഞ ഏതെങ്കിലും ജീവനക്കാരോ സർക്കാർ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത ഏതെങ്കിലും വ്യക്തികളോ അവിടെ ഇപ്പോൾ ജോലി ചെയ്യുന്നുണ്ടെങ്കിൽ അവരുടെ പേരുകൾ, തസ്തിക എന്നിവ വിശദമാക്കുമോ;

ഉത്തരം

(എ) കേരള സർക്കാർ ലോകബാങ്ക് സഹായത്തോടെ ഗ്രാമീണ ശുദ്ധജല ശുചീകരണ പദ്ധതി നടപ്പിലാക്കുന്നതിന് ഒരു നിശ്ചിത കാലയളവിലേക്ക് രൂപീകരിച്ച ഏജൻസിയാണ് കെ.ആർ.ഡബ്ള്യൂ.എസ്.എ. ഇവിടെ സ്ഥിരം ജീവനക്കാരെ നിയമിക്കുന്നില്ല. ദിവസ വേതനാടിസ്ഥാനത്തിലും കരാറടിസ്ഥാനത്തിലുമാണ് ജീവനക്കാരെ നിയമിക്കുന്നത്. ആയതിനാൽ പെൻഷൻ പ്രായം കെ.ആർ.ഡബ്ള്യൂ.എസ്.എ.-യിൽ ബാധകമല്ല.

(ബി) പ്രസ്തുത ഏജൻസിയിൽ ജോലി ചെയ്തുവരുന്ന സർക്കാർ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്ത ജീവനക്കാരുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പേര് | തസ്തിക |
|---|---|---|
| (1) | (2) | (3) |
| 1 | മോഹൻ, കെ, | ഡയറക്ടർ (ടെക്നിക്കൽ) |
| 2 | വി. എൽ. മോഹൻ കുമാർ | ഡയറക്ടർ (ഓപ്പറേഷൻസ്) |
| 3 | ജയകുമാര വർമ്മ | മാനേജർ (ടെക്നിക്കൽ) |
| 4 | ഉണ്ണികൃഷ്ണൻ, കെ. ജി. | മാനേജർ (ടെക്നിക്കൽ) |

| | | |
|---|---|---|
| 5 | ഹംസ, എൻ. | മാനേജർ (ടെക്നിക്കൽ) |
| 6 | ആനന്ദൻ, സി. | മാനേജർ (ടെക്നിക്കൽ) |
| 7 | പി. ബാലകൃഷ്ണൻ | വാട്ടർ കൺസർവേഷൻ സ്പെഷ്യലിസ്റ്റ് |
| 8 | നാരായണൻ, വി. കെ. | വാട്ടർ കൺസർവേഷൻ സ്പെഷ്യലിസ്റ്റ് |
| 9 | ഷാഹുൽ ഹമീദ് കുഞ്ഞ് | കൺസൾട്ടന്റ് (ടെക്നിക്കൽ) |
| 10 | നാരായണൻ നായർ, പി. | സീനിയർ എഞ്ചിനീയർ |
| (1) | (2) | (3) |
| 11 | അബ്ദുൾ ജലീൽ.എം. കെ. | സീനിയർ എഞ്ചിനീയർ |
| 12 | മോഹനൻ. ടി. എസ്. | സീനിയർ എഞ്ചിനീയർ |
| 13 | ബാലകൃഷ്ണൻ. സി | സീനിയർ എഞ്ചിനീയർ |
| 14 | ഹസ്സൻ. സി | സീനിയർ എഞ്ചിനീയർ |
| 15 | ഷാജി. എസ് | പ്രോജക്ട് എഞ്ചിനീയർ |
| 16 | മുരളീധരൻ നായർ | പ്രോജക്ട് കമ്മീഷണർ |

**ജലനിധി പദ്ധതി**

242 (931) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിൽ ജലനിധി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് ; വ്യക്തമാക്കുമോ;

(ബി) ഓരോ പഞ്ചായത്തിലെയും പദ്ധതി അടങ്കൽ എത്രയെന്നും ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ;

(സി) ഓരോ പഞ്ചായത്തുകളിലും പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ജലനിധി ഒന്നാം ഘട്ടത്തിൽ കുറ്റ്യാടി മണ്ഡലത്തിലെ കുന്നമ്മൽ പഞ്ചായത്തിൽ പദ്ധതി നടപ്പിലാക്കി. രണ്ടാംഘട്ടത്തിൽ ബാച്ച് രണ്ടിൽ മണിയൂർ പഞ്ചായത്തിലും ബാച്ച് മൂന്നിൽ ആയഞ്ചേരി, പുറമേരി, വില്യാപ്പള്ളി പഞ്ചായത്തുകളിലും പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) <u>കുന്നമ്മൽ ഗ്രാമപഞ്ചായത്ത്</u>

| പ്രവൃത്തി | അടങ്കൽ തുക (രൂപ ലക്ഷത്തിൽ) | ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| (1) | (2) | (3) |
| കുടിവെള്ള പദ്ധതികൾ | 158.46 | 125.86 |
| ശുചിമുറികൾ | 16.17 | 8.24 |
| (1) | (2) | (3) |
| കമ്പോസ്റ്റ് | 0.48 | 0.17 |
| ഭൂജല സംവർദ്ധനം | 1.06 | 0.62 |
| ഗ്രാമപഞ്ചായത്ത് ശാക്തീകരണം | 10.00 | 7.06 |
| ഡ്രെയിനേജ് | 13.00 | 10.36 |
| പരിശീലനം | 1.58 | 0.28 |
| ചെറുകിട സംരംഭങ്ങൾ | 12.33 | -- |
| നൈപുണ്യ വികസനം | 2.78 | -- |
| നൂതന പദ്ധതി | 4.54 | -- |

<u>മണിയൂർ ഗ്രാമപഞ്ചായത്ത്</u>:

| പ്രവൃത്തി | എണ്ണം | അടങ്കൽ തുക (രൂപ ലക്ഷത്തിൽ) | ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| കുടിവെള്ള പദ്ധതികൾ | 20 | 1579.67 | 233.77 |

| | | | |
|---|---|---|---|
| ശുചിത്വ പദ്ധതികൾ | 97 | 1.74 | 1.07 |
| ഭൂജല സംവർദ്ധനം | 5 | 4.90 | 4.32 |
| ഗ്രാമപഞ്ചായത്ത് ശാക്തീകരണം | ... | 1.97 | 1.97 |
| ഇൻഫർമേഷൻ എഡ്യൂക്കേഷൻ കമ്മ്യൂണിക്കേഷൻ | ... | 0.60 | 0.60 |

(സി) കുന്നമ്മൽ പഞ്ചായത്തിൽ 28 ചെറുകിട കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ച് ഗുണഭോക്തൃ സമിതിക്ക് 2001-ൽ കൈമാറിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിലെ ബാച്ച് രണ്ടിൽപ്പെട്ട മണിയൂർ പഞ്ചായത്തിൽ 21 പദ്ധതികളിൽ 18 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പദ്ധതികളുടെ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ബാച്ച് മൂന്നിൽപ്പെട്ട ആയഞ്ചേരി, പുറമേരി, വില്യാപ്പള്ളി പഞ്ചായത്തിലെ പദ്ധതികൾ പ്രാരംഭ ഘട്ടത്തിലാണ്.

**ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി**

243 (932) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് സുരക്ഷിതമായ കുടിവെള്ളമെത്തിക്കാൻ ആവിഷ്കരിച്ച പദ്ധതിയാണ് രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി. പദ്ധതിയുടെ മാർഗ്ഗനിർദ്ദേശപ്രകാരം 67 ശതമാനം കവറേജിനും 15 ശതമാനം ഒ&എം-നും 10 ശതമാനം സസ്റ്റൈനബിലിറ്റിക്കും 5 ശതമാനം സപ്പോർട്ട് ആക്ടിവിറ്റീസിനും 3 ശതമാനം വാട്ടർ ക്വാളിറ്റി മോണിട്ടറിംഗ് ആന്റ് സർവയലൻസിനുമായിട്ടാണ് തുക അനുവദിക്കുന്നത്. ഗ്രാമീണ മേഖലയിലെ ജനങ്ങളിൽ ഒരാൾക്ക് പ്രതിദിനം 70 ലിറ്റർ കുടിവെള്ളം ലഭ്യമാക്കുന്ന രീതിയിലാണ് പദ്ധതികൾ ആവിഷ്കരിക്കുന്നത്. വെള്ളത്തിന്റെ ഗുണനിലവാരം കുറഞ്ഞ സ്ഥലങ്ങളിൽ പദ്ധതികൾക്ക് മുൻഗണന നൽകാറുണ്ട്. സസ്റ്റൈനബിലിറ്റി വിഭാഗത്തിൽ മഴവെള്ള സംഭരണികൾ, തടയണകളുടെ നിർമ്മാണം ഇൻടേക്ക് വെല്ലുകളുടെ പുനരുദ്ധാരണം, കിണറുകളുടെ റീ ചാർജ് എന്നീ പദ്ധതികൾ ഏറ്റെടുത്ത് കുടിവെള്ള പദ്ധതികളിൽ ജലത്തിന്റെ ലഭ്യത ഉറപ്പുവരുത്തുവാൻ സാധിക്കുന്നുണ്ട്. കൂടാതെ ഗ്രാമീണ മേഖലകളിലെ സ്കൂളുകളിൽ കുടിവെള്ള വിതരണ പദ്ധതിയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതിയിൽനിന്നും എസ്.സി./എസ്.ടി. കോളനികളിലേക്ക് ഡിസ്ട്രിക്ട് കളക്ടർ വഴി നടപ്പിലാക്കുന്ന ജലവിതരണ പദ്ധതിക്കായും ഫണ്ട് അനുവദിച്ചിട്ടുണ്ട്. 2009 മുതൽ ഈ പദ്ധതി 'നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാം' എന്ന പേരിലാണ് അറിയപ്പെടുന്നത്.

(ബി) നേട്ടങ്ങളും പ്രവർത്തന മികവും കൈവരിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി ഇ-ടെണ്ടറിംഗ് സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു. പദ്ധതികളുടെ പണികൾ കൃത്യസമയത്ത് പൂർത്തീകരിക്കുന്നതിനുവേണ്ടി പണികളുടെ വിവിധ ഘട്ടങ്ങളുടെ അവസ്ഥകൾ PASK (Project Status Alert System of Kerala Water Authority) സംവിധാനത്തിലൂടെ വിലയിരുത്തി വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ കീഴ്ത്തലങ്ങളിൽ നൽകി പദ്ധതിയുടെ പൂർത്തീകരണം സുഗമമാക്കാൻ സാധിക്കുന്നുണ്ട്. ഇതുകൂടാതെ വീഡിയോ കോൺഫറൻസിംഗ് സംവിധാനംവഴി ഹെഡ് ഓഫീസ് തലത്തിൽ മോണിറ്ററിംഗ് ചെയ്തുവരുന്നു.

**മീനാട് കുടിവെള്ള പദ്ധതി**

244 (933) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീനാട് കുടിവെള്ള പദ്ധതിയിൽ നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; ആയതിന് എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഇനി അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണ്; അവയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത് ആരാണ്; പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത പദ്ധതി പൂർണ്ണമായും കാര്യക്ഷമമാക്കി കമ്മീഷൻ ചെയ്യുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) പദ്ധതിയുടെ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ നാല് പാക്കേജുകളായി തിരിച്ചാണ് ചെയ്തത്. പാക്കേജ് I – ഇൻടേക് പമ്പിംഗ് സ്റ്റേഷൻ, ട്രീറ്റ്മെന്റ് പ്ലാന്റ് തുടങ്ങിയവ ഉൾപ്പെടുന്ന പാക്കേജ് -I പണികൾ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തു. പാക്കേജ് II- 80 കി.മീ. ട്രാൻസ്മിഷൻ പൈപ്പ് ലൈനുകളും അനുബന്ധ സംവിധാനങ്ങളും പൂർത്തിയാക്കി വിവിധ ടാങ്കുകളിൽ ജലം എത്തിക്കുന്നു. പാക്കേജ് III- ഏകദേശം 963 കി.മീ. വരുന്ന വിതരണ ശൃംഖലയുടെ പൈപ്പ് ലൈനുകൾ സ്ഥാപിച്ച് ജലവിതരണം നടത്തുവാനുള്ളതാണ് ഈ പാക്കേജ്. 788 കി.മീ. പൈപ്പ് ലൈൻ ഇതുവരെ സ്ഥാപിക്കുകയും അതിൽ 173 കി.മീ. പൈപ്പ് ലൈൻ ചാർജ്ജ് ചെയ്യുകയും ചെയ്തു. ഇപ്പോൾ 20 എം.എൽ.ഡി. ജലം വിതരണം ചെയ്തുവരുന്നു. പാക്കേജ് IV- ൽ ഉൾപ്പെട്ട 14 ജലസംഭരണികളും അഡ്മിനിസ്ട്രേഷൻ ഓഫീസ്, സ്റ്റാഫ് ക്വാർട്ടേഴ്സ് തുടങ്ങിയവയും പൂർത്തിയാക്കിയിട്ടുണ്ട്. മീനാട് ശുദ്ധജല പദ്ധതിക്കായി 246.57 കോടി രൂപ ഇതുവരെ ചെലവഴിച്ചു.

(ബി) വിതരണ ശൃംഖലകളുടെ പണികൾ ആദ്യം ഏറ്റെടുത്തിരുന്ന കരാറുകാരൻ M/s. Ramakrishna Contractors pvt. Ltd., Hyderabad ആണ്. പ്രസ്തുത കരാറുകാരൻ പണി ഉപേക്ഷിച്ചുപോയതിനാൽ M/s. TECPRO Infra Structures Ltd., കൊച്ചി എന്ന കമ്പനിക്ക് 2012 ജൂണിൽ ബാക്കി പണികൾക്ക് കരാർ നൽകിയിരുന്നു. 2012 ആഗസ്റ്റിൽ പ്രവൃത്തികൾ ആരംഭിച്ചു. കരാർ

കാലാവധി 2013 ഡിസംബർവരെ ആയിരുന്നെങ്കിലും പണികൾ ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. 174 കിലോമീറ്റർ പൈപ്പ് ലൈനുകൾകൂടി ഇനിയും സ്ഥാപിക്കാനുണ്ട്. കൂടാതെ ഇതുവരെ ഇട്ടിട്ടുള്ള പൈപ്പ് ലൈനുകളിൽ ആദ്യ കോൺട്രാക്ടർ ചെയ്ത പൈപ്പ് ലൈനുകൾ ഉൾപ്പെടെ 587 ഗ്യാപ് ക്ലോസിംഗ് പ്രവർത്തനങ്ങളും രണ്ട് റെയിൽവേ ക്രോസ്സിങ്ങും ചെയ്തുതീർക്കുവാൻ അവശേഷിക്കുന്നുണ്ട്.

(സി) വിതരണ ശൃംഖലയുടെ പണിയിൽ പുരോഗതി കുറവായിരുന്നതിനാൽ TECPRO-യുടെ സേവനം നിർത്തലാക്കുന്ന നടപടിയെടുത്തെങ്കിലും ഒരു വർഷത്തിനുള്ളിൽ പണികൾ പൂർത്തിയാക്കാമെന്നുള്ള അവരുടെ വാഗ്ദാനം പരിഗണിച്ച് അവരെക്കൊണ്ടുതന്നെ പണികൾ നടത്തിച്ച് ഘട്ടങ്ങളായി ജലവിതരണം ഉറപ്പാക്കിക്കൊണ്ട് 2016 ഡിസംബർ മാസത്തോടുകൂടി പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്യാനാണ് ഇപ്പോൾ ആലോചിച്ചിട്ടുള്ളത്. ഇതിന് സത്വരനടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**ജലനിധി ഒന്നാംഘട്ടം പദ്ധതി**

245 (934) ശ്രീ. ഹൈബി ഈഡൻ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. പാലോട് രവി :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി ഒന്നാംഘട്ടം പദ്ധതികൾ പൂർത്തിയാക്കാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദാംശങ്ങൾ നൽകുമോ;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ ?

ഉത്തരം

(എ) ജലനിധി ഒന്നാംഘട്ടത്തിൽ 112 ഗ്രാമപഞ്ചായത്തുകളിലായി 2500 പദ്ധതികൾ ലക്ഷ്യമിട്ടിരുന്ന സ്ഥാനത്ത് 3710 പദ്ധതികൾ വിജയകരമായി പൂർത്തീകരിച്ചു. എന്നാൽ ഏതാനും ചില പദ്ധതികൾ, പ്രോജക്ടിന്റെ കാലാവധി കഴിഞ്ഞതിനാലും ലോകബാങ്ക് ധനസഹായം നിർത്തിയതിനാലും പൂർത്തീകരിക്കാൻ സാധിച്ചില്ല.

(ബി) ഗ്രാമീണ ജനതയ്ക്ക് ഗുണമേന്മയേറിയതും സുസ്ഥിരവുമായ കുടിവെള്ള ശുചിത്വ സൗകര്യങ്ങൾ ആവശ്യാധിഷ്ഠിതമായി വികേന്ദ്രീകൃത രീതിയിൽ ഒരുക്കുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. ജലനിധിയുടെ ഒന്നാംഘട്ട പദ്ധതി പ്രവർത്തനങ്ങൾകൊണ്ട് 1.90 ലക്ഷം കുടുംബങ്ങളിൽപ്പെട്ട 11.23 ലക്ഷം ഗുണഭോക്താക്കൾക്ക് ശുദ്ധജല ശുചിത്വ സംവിധാനങ്ങൾ ലഭ്യമാക്കാൻ സാധിച്ചു.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പൂർത്തീകരിക്കേണ്ട പദ്ധതികൾ വിശദമായി പരിശോധിച്ച് പദ്ധതി തയ്യാറാക്കി നടപ്പാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

**ജലനിധി രണ്ടാംഘട്ടം പദ്ധതി**

246 (935) ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലനിധി രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ: വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 1022 കോടി രൂപ മുതൽമുടക്കി 2012-17 കാലയളവിൽ ഗ്രാമ

പഞ്ചായത്തുകളിൽ ജനകീയ പങ്കാളിത്തത്തോടെ കുടിവെള്ള ശുചിത്വ സൗകര്യങ്ങളൊരുക്കുന്ന ജലനിധി രണ്ടാംഘട്ട പദ്ധതി സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

(ബി) ഗ്രാമീണ ജനതക്ക് ഗുണമേന്മയേറിയതും സുസ്ഥിരവുമായ കുടിവെള്ള ശുചിത്വ സൗകര്യങ്ങൾ ആവശ്യാധിഷ്ഠിതമായി വികേന്ദ്രീകൃത രീതിയിൽ ഒരുക്കുന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. മൂന്ന് ബാച്ചുകളിലായി 11.5 ലക്ഷത്തോളം ഗ്രാമീണ ജനതയ്ക്ക് സുരക്ഷിതമായ കുടിവെള്ളവും 6.9 ലക്ഷം പേർക്ക് ശുചിത്വ സംവിധാനങ്ങളും നടപ്പാക്കാൻ ലക്ഷ്യമിടുന്നു.

(സി) അഞ്ചര വർഷംകൊണ്ട് പൂർത്തിയാക്കേണ്ട ജലനിധി രണ്ടാംഘട്ട പദ്ധതി മൂന്ന് ബാച്ചുകളായി തിരിച്ചിരിക്കുന്നു. പദ്ധതിയുടെ ഒന്നാം ബാച്ചിൽ ആലപ്പുഴ, എറണാകുളം ഒഴികെ കേരളത്തിലെ ജില്ലകളിൽ നിന്നുമുള്ള ഗ്രാമ പഞ്ചായത്തുകളിലും തുടർന്നുള്ള ബാച്ചുകളിൽ കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, കോഴിക്കോട്, പാലക്കാട്, കോട്ടയം, ഇടുക്കി, തൃശ്ശൂർ എന്നീ ജില്ലകളിലെ തെരഞ്ഞെടുത്ത വിവിധ പഞ്ചായത്തുകളിലുമാണ് പദ്ധതി നടപ്പാക്കുന്നത്. പദ്ധതികൾ സുഗമമായി നടപ്പാക്കാൻ ആദ്യ ബാച്ചിൽ 20 പഞ്ചായത്തുകളിലും രണ്ടാം ബാച്ചിൽ 74 പഞ്ചായത്തുകളിലും മൂന്നാം ബാച്ചിൽ 21 പഞ്ചായത്തുകളിലുമാണ് പദ്ധതികൾ നടപ്പാക്കുന്നത്. ആദ്യ ബാച്ചിലുള്ള പദ്ധതികൾ പൂർത്തീകരണ ഘട്ടത്തിലും രണ്ടാം ബാച്ചിലുള്ള പദ്ധതികൾ നിർവ്വഹണ ഘട്ടത്തിലും മൂന്നാം ബാച്ചിലുള്ള പദ്ധതികൾ ആസൂത്രണ ഘട്ടത്തിലുമാണ്.

### പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതി

247 (936) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പട്ടുവം ജപ്പാൻ കുടിവെള്ള പദ്ധതിയുടെ രണ്ടാം ഘട്ട വിപുലീകരണത്തിന്റെ ഭാഗമായി 69.32 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിന്റെ തുടർനടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ഫണ്ട് ലഭ്യമല്ലെങ്കിൽ മന്ത്രി വിളിച്ചുചേർത്ത യോഗതീരുമാന പ്രകാരം പ്രൊപ്പോസൽ നബാർഡിൽ സമർപ്പിച്ചിട്ടുണ്ടോ ; ഇതു സംബന്ധിച്ച വിശദാംശം നൽകുമോ ;

(സി) ഫണ്ട് ലഭ്യമാക്കി പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയും ;

(ഡി) രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശമെന്നനിലക്ക് ഇക്കാര്യത്തിൽ സത്വര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പ്രസ്തുത പദ്ധതിക്ക് കേരള സർക്കാരിൽനിന്നും ഭരണാനുമതി നൽകിയിരുന്നുവെങ്കിലും ജൈക്ക അനുമതി നൽകുകയുണ്ടായില്ല.

(ബി) പ്രസ്തുത വിഷയത്തിന്മേൽ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി 28-7-2015-ൽ വിളിച്ചുചേർത്ത യോഗതീരുമാനപ്രകാരം രണ്ടാംഘട്ട ജലവിതരണ ശൃംഖലയുടെ ഭാഗമായി 14.95 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ 2015-16 -ലെ നബാർഡ് ധനസഹായത്തിനായി സമർപ്പിക്കുവാനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

(സി&ഡി) നബാർഡിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ പ്രവൃത്തി ഏറ്റെടുക്കുന്നതാണ്.

**നാട്ടിക കുടിവെള്ള പദ്ധതി**

248(937) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക കുടിവെള്ള പദ്ധതി പ്രകാരം പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് എത്ര കോടി രൂപ വകയിരുത്തിയെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പൈപ്പ് ലൈൻ മാറ്റുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സാങ്കേതിക അനുമതി ലഭ്യമാക്കി നിർമ്മാണ പ്രവൃത്തി ആരംഭിക്കുവാൻ സത്വര

നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) എൻ.ആർ.ഡി.ഡബ്ല്യൂ.പി. തളിക്കുളം കുടിവെള്ള പദ്ധതി - നാട്ടിക ഫിർക്ക കുടിവെള്ള വിപുലീകരണത്തിനായി 22 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) എൻ.ആർ.ഡി.ഡബ്ല്യൂ.പി. തളിക്കുളം കുടിവെള്ള പദ്ധതി - നാട്ടിക ഫിർക്ക വിപുലീകരണത്തിനായി സാങ്കേതികാനുമതി നൽകുന്നതിലേയ്ക്കായി 22 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി പരിശോധിച്ചുവരുന്നു.

**ആലപ്പുഴ നഗരത്തിലെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ നടപടി**

249 (938) <u>ശ്രീ. ജി. സുധാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നഗരത്തിലെ രൂക്ഷമായ ശുദ്ധജലക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ആലപ്പുഴ നഗരത്തിൽ വിതരണം ചെയ്യുന്ന കുടിവെള്ളത്തിൽ മാലിന്യം കലരുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പുഴ നഗരത്തിലെ കുടിവെള്ള പദ്ധതി കുഴൽ കിണറുകൾ സ്രോതസ്സായിട്ടുള്ളവയാണ്. ഭൂജല വിതാനം ദിവസേന താഴ്ന്ന വരുന്നതിനാലും കുഴൽ കിണറുകൾ കാലക്രമത്തിൽ അറ്റകുറ്റപ്പണികൾ നടത്താൻ പറ്റാത്തവിധം ഉപയോഗശൂന്യമായി പോകുന്നതിനാലും നഗരത്തിലെ വിവിധ പ്രദേശങ്ങളിൽ ജലദൗർലഭ്യം അനുഭവപ്പെടാറുണ്ട്. നിലവിൽ 38 കുഴൽ

കിണറുകളിൽനിന്നായി നഗരത്തിലെ വിവിധ പ്രദേശങ്ങളിലേക്ക് കുടിവെള്ളം പമ്പ് ചെയ്ത് വിതരണം ചെയ്യുന്നു. കാലാകാലങ്ങളിൽ വിതരണ കുഴലുകൾ വിവിധ പ്രദേശങ്ങളിലേക്ക് ദീർഘിപ്പിക്കുന്നതിനാൽ കുടിവെള്ളത്തിന്റെ ആവശ്യകത ദിവസേന ഉയർന്നുവരുന്നു. ഇപ്രകാരമുണ്ടാകുന്ന കുടിവെള്ള ദൗർലഭ്യം പുതിയ കുഴൽ കിണറുകൾ സ്ഥാപിച്ചും പുതിയ പമ്പ് സെറ്റുകളും അനുബന്ധ സാമഗ്രികളും സ്ഥാപിച്ചും പരിഹരിച്ചുവരുന്നു. എന്നിരുന്നാലും പ്രവൃത്തി നടന്നുവരുന്ന ആലപ്പുഴ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്യുന്നതോടെ നഗരത്തിലെയും സമീപ പ്രദേശങ്ങളിലെയും ജലദൗർലഭ്യത്തിന് ശാശ്വത പരിഹാരമാകുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആലപ്പുഴ നഗരത്തിലെ ട്യൂബ് വെല്ലുകളിൽ മലിനജലമാണ് ലഭിക്കുന്നതെന്ന പരാതിയുള്ള പ്രദേശങ്ങളിലെയും ജല സാമ്പിളുകൾ ക്വാളിറ്റി കൺട്രോൾ ഡിവിഷൻ മുഖേന പരിശോധിച്ചതിൽ ട്യൂബ് വെല്ലിലെ ജലത്തിൽ മാലിന്യമില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ആലപ്പുഴ നഗരത്തിലെ എം.ഒ. വാർഡ്, സ്റ്റേഡിയം വാർഡ് എന്നീ പ്രദേശങ്ങളിൽ അഴുക്കും കലക്കലും കണ്ടതിനെത്തുടർന്ന് ഉടൻതന്നെ കുടിവെള്ള വിതരണ പൈപ്പ് ലൈനുകളിലും ഉന്നതതല ജലസംഭരണികളിലും സൂപ്പർ ക്ലോറിനേഷൻ നടത്തുകയും വാൽവുകൾ തുറന്ന് വിതരണ ശൃംഖലയിലെ പൈപ്പ് ലൈനുകൾ വൃത്തിയാക്കുകയും ചെയ്തു. തുടർന്ന് പൈപ്പ് ലൈനുകളിൽ അഴുക്കുവെള്ളം കലരുന്നതിനുള്ള സാദ്ധ്യത വിശദമായി പരിശോധിക്കുകയും കണ്ടെത്തിയ എല്ലാ പൈപ്പ് ലീക്കുകളും പരിഹരിക്കുകയും ചെയ്തു. ഭൂമിക്കടിയിൽ തോടുകളും കാനകളും പൈപ്പ് ലൈൻ ക്രോസ് ചെയ്യുന്ന സ്ഥലങ്ങളിൽ പൈപ്പ് ലൈനുകൾ തെളിച്ച് പരിശോധിച്ച് തകരാറുകളുണ്ടെങ്കിൽ പരിഹരിക്കുന്നത് യുദ്ധകാലാടിസ്ഥാനത്തിൽ ചെയ്തുവരുന്നു. ഈ പ്രശ്നത്തിന് പരിഹാരമാകുന്നതുവരെ ടി പ്രദേശങ്ങളിൽ കുടിവെള്ളം ടാങ്കറിൽ വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്.

**നെന്മാറ മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

250 (939) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നെന്മാറ

മണ്ഡലത്തിൽ നടപ്പിലാക്കിയ കുടിവെള്ള പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന ഏതെല്ലാം പദ്ധതികളാണ് ഇനി പൂർത്തീകരിക്കാനുള്ളത്; ആയത് എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് പ്രോജക്ട് ഡിവിഷനുകീഴിൽ നെന്മാറ മണ്ഡലത്തിൽ എൻ.ആർ.ഡി.ഡബ്ല്യു.പി.-19, എസ്.എൽ.എസ്.എസ്.സി.-നെന്മാറ, അയിലൂർ മേലാൻകോട് പഞ്ചായത്തുകൾക്കായി 1100 ലക്ഷം രൂപയുള്ള ഒരു കുടിവെള്ള വിതരണ പദ്ധതിക്ക് 7-1-2014-ൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ പ്രധാന ഘടകമായ ശുദ്ധീകരണശാലയുടെ പ്രവൃത്തി 60 ശതമാനം പൂർത്തീകരിച്ചു. പോത്തുണ്ടി ഡാമിൽനിന്നുള്ള റോ-വാട്ടർ പമ്പിംഗ് മെയിൻ, നെന്മാറ ജലസംഭരണിയിലേക്കുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ എന്നിവ സ്ഥാപിക്കുന്നതിനുള്ള പൈപ്പുകൾ ലഭ്യമായിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ റോഡ് മുറിക്കുന്നതിനുള്ള അനുമതിയും ലഭിച്ചിട്ടുണ്ട്. പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്.

(ബി) നെന്മാറ അസംബ്ലി മണ്ഡലത്തിൽ എസ്.ഡി.എഫ്. - എം.എൽ.എ. പദ്ധതികളിൽ ഉൾപ്പെടുത്തി ആകെ 13 പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചു. അതിൽ രണ്ട് പ്രവൃത്തികൾ മാത്രമാണ് ഇനി പൂർത്തീകരിക്കുവാനുള്ളത്. 1. വടവന്നൂർ ഗ്രാമപഞ്ചായത്ത് കാരപ്പറമ്പ് കുടിവെള്ള പദ്ധതി, 2. തേവർക്കാട് - മരുതംപാടം കുടിവെള്ള പദ്ധതി. ഇതിൽ വടവന്നൂർ ഗ്രാമപഞ്ചായത്ത് കാരപ്പറമ്പ് കുടിവെള്ള പദ്ധതിയുടെ പമ്പ് ഹൗസ് സ്ഥാപിച്ച് പവർ കണക്ഷൻ ലഭിക്കേണ്ടതായിട്ടുണ്ട്. വടവന്നൂർ ഗ്രാമപഞ്ചായത്ത് തേവർക്കാട് -മരുതംപാടം കുടിവെള്ള പദ്ധതിയുടെ 300 മീറ്റർ പൈപ്പ് ലൈൻ ഇടേണ്ടതായിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രവൃത്തികൾ 2016 ജനുവരി മാസത്തോടുകൂടി പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**താനൂർ സമഗ്ര കുടിവെള്ള പദ്ധതി**

251(940) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ മണ്ഡലത്തിലെ അഞ്ചുപഞ്ചായത്തുകൾ കേന്ദ്രീകരിച്ച് നടപ്പാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ നിലവിൽ ഏതു ഘട്ടത്തിലാണ് ; വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്നും എന്നത്തേക്കു പ്രവൃത്തി ആരംഭിക്കാനാകുമെന്നും വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) താനൂർ മണ്ഡലത്തിലെ ചെറിയമുണ്ടം, പൊൻമുണ്ടം, താനൂർ, താനാളൂർ, നിറമരുതൂർ എന്നീ പഞ്ചായത്തുകളിലേക്ക് കുടിവെള്ളം എത്തിക്കുന്നതിനുള്ള സമഗ്ര പദ്ധതിക്കുവേണ്ടിയുള്ള എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. പദ്ധതിക്ക് 7250 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിന്റെ ശുദ്ധീകരണ ശാലയ്ക്കുവേണ്ടി ചെറിയമുണ്ടം പഞ്ചായത്തിൽ ഒന്നര ഏക്കർ സ്ഥലം കേരള ജല അതോറിറ്റിക്ക് നൽകാൻ പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. തുക വകയിരുത്തിയിട്ടില്ല.

**ജപ്പാൻ കുടിവെള്ള പദ്ധതി**

252(941) <u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജപ്പാൻ കുടിവെള്ള പദ്ധതി പൂർത്തിയായിട്ടുണ്ടോ ; ഏതെങ്കിലും പ്രവൃത്തി ഇനിയും പൂർത്തിയാക്കേണ്ടതായിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പദ്ധതി ചെലവ്, ലക്ഷ്യമിട്ട തുക ഇവ എത്രയായിരുന്നുവെന്നും ഇതിനകം എന്ത് തുക ചെലവഴിക്കപ്പെട്ടുവെന്നും പദ്ധതി പൂർത്തിയാക്കുന്നതിന് ഇനിയും എന്തു തുക വേണ്ടി വരുമെന്നും വിശദമാക്കാമോ ;

(സി) പദ്ധതിയ്ക്കുള്ള വായ്പാ തിരിച്ചടവ് എന്ന് മുതൽ ആരംഭിച്ചുവെന്നും എത്ര കോടി രൂപ വീതം പ്രതിവർഷം തിരിച്ചടക്കേണ്ടതുണ്ട്എന്നും വിശദമാക്കാമോ ;

(ഡി) പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട് നിലവിൽ ഏതെല്ലാം ഓഫീസുകൾ പ്രവർത്തിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ ?

## ഉത്തരം

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയിൽ താഴെപ്പറയുന്ന അഞ്ച് ശുദ്ധജല വിതരണ പദ്ധതികൾ ഉൾപ്പെടുന്നു:

1. തിരുവനന്തപുരം നഗരമേഖലയിലെ ശുദ്ധജലവിതരണ പദ്ധതിയുടെ വിപുലീകരണവും പുനരുദ്ധാരണവും.
2. കൊല്ലം ജില്ലയിലെ മീനാടും സമീപ പഞ്ചായത്തുകൾക്കുമായുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി.
3. ആലപ്പുഴ ജില്ലയിലെ ചേർത്തല മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കുമായുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി.
4. കോഴിക്കോട് നഗര മേഖലയ്ക്കും സമീപ പഞ്ചായത്തുകൾക്കുമായുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ വിപുലീകരണവും പുനരുദ്ധാരണവും.
5. കണ്ണൂർ ജില്ലയിലെ പട്ടുവത്തിനും സമീപ പഞ്ചായത്തുകൾക്കുമായുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി.

പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതി

1. തിരുവനന്തപുരം പദ്ധതി: വിതരണ ശൃംഖലയും പുനരുദ്ധാരണ പ്രവർത്തനങ്ങളും ഒഴികെ ബാക്കി പണികൾ പൂർത്തിയായി. പദ്ധതിയിൽ നിന്നുള്ള ജലം 18-5-2010-ൽ ലഭ്യമാക്കിയിട്ടുണ്ട്. വിതരണ ശൃംഖലയിൽ 394 കി. മീ. പൈപ്പ് ലൈനുള്ളതിൽ 91 കി.മീ. പൈപ്പ് ലൈൻ ഇനി ഇടാനുണ്ട്. പുനരുദ്ധാരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
2. മീനാട് പദ്ധതി: വിതരണ ശൃംഖല മാത്രമാണ് ഇനി പൂർത്തിയാക്കുവാനുള്ളത്. വിതരണ ശൃംഖലയിൽ 963 കി.മീ. പൈപ്പ് ലൈനുള്ളതിൽ 174 കി. മീ. പൈപ്പ് ലൈൻ ഇനി ഇടാനുണ്ട്. പദ്ധതി 24-2-2011-ൽ ഭാഗികമായി കമ്മീഷൻ ചെയ്തു. 2016-ഓടുകൂടി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.
3. ചേർത്തല പദ്ധതി: പദ്ധതി പൂർത്തിയാക്കി 3-1-2012-ൽ പൂർണ്ണമായും കമ്മീഷൻ ചെയ്തു.
4. കോഴിക്കോട് പദ്ധതി: വിതരണ ശൃംഖലയിൽ 1876 കി.മീ. പൈപ്പ്

ലൈനുള്ളതിൽ 695 കി.മീ. ഇനി ബാക്കി ഇടാനുണ്ട്. 27-2-2015-ൽ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്തു. നഗര മേഖലയിൽ ജല വിതരണം ലഭ്യമാക്കിയിട്ടുണ്ട്. നിലവിലുള്ള പദ്ധതിയുടെ പുനരുദ്ധാരണ പ്രവൃത്തികൾ പുരോഗമിക്കുന്നു.

5. പട്ടുവം പദ്ധതി: പദ്ധതി പൂർത്തിയാക്കി ജലവിതരണം നടത്തി വരുന്നു.

(ബി) പദ്ധതിയുടെ അംഗീകൃത മതിപ്പ് ചെലവ് 2987.40 കോടി രൂപയാണ്. 30-9-2015 വരെ 2489 കോടി രൂപ ചെലവായിട്ടുണ്ട്. പദ്ധതിയുടെ പൂർത്തീകരണത്തിനായി 330 കോടി രൂപ കൂടി വേണമെന്ന് കണക്കാക്കുന്നു.

(സി) പദ്ധതിക്കായി മൂന്ന് ഘട്ടങ്ങളായാണ് ജൈക്കയിൽനിന്നും വായ്പ ലഭിച്ചിട്ടുള്ളത്. ഒന്നാംഘട്ട വായ്പ കരാർ 25-2-1997-ലും രണ്ടാം ഘട്ട വായ്പാ കരാർ 30.03.2007-ലും മൂന്നാംഘട്ട വായ്പാ കരാർ 31-3-2009-ലും ഒപ്പുവച്ചു. കേന്ദ്രസർക്കാരും ജപ്പാൻ ബാങ്കും തമ്മിലാണ് കരാർ ഒപ്പിട്ടിട്ടുള്ളത്. പത്ത് വർഷത്തെ ഗ്രേസ് പീരീഡിനുശേഷം ഇരുപത് വർഷംകൊണ്ട് വായ്പ മുഴുവൻ തിരിച്ചടയ്ക്കണം. കേന്ദ്ര സർക്കാരാണ് പലിശ സഹിതം വായ്പ തിരിച്ചടയ്ക്കുന്നത്. പലിശ അർദ്ധവാർഷികമായാണ് നൽകേണ്ടത്. പലിശ നിരക്ക് താഴെ പറയും പ്രകാരമാണ്.

ഒന്നാം ഘട്ടം - 2.1 ശതമാനം

രണ്ടാം ഘട്ടം - 1.3 ശതമാനം

മൂന്നാം ഘട്ടം - 1.2 ശതമാനം

മൂന്നാം ഘട്ട വായ്പയ്ക്ക് 0.1 ശതമാനം കമ്മിറ്റ്മെന്റ് ചാർജ്ജും നൽകേണ്ടതുണ്ട്.

(ഡി) പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് ജൈക്ക ചീഫ് എഞ്ചിനീയറുടെ ഓഫീസ്, പ്രോജക്ട് മാനേജരുടെ ഓഫീസ്, വാളകത്ത് മീനാട് പ്രോജക്ട് ഡയറക്ടറുടെ ഓഫീസ്, കോഴിക്കോട് പ്രോജക്ട് ഡയറക്ടറുടെ ഓഫീസ് എന്നിവ പ്രവർത്തിക്കുന്നു.

**ജപ്പാൻ കുടിവെള്ള പൈപ്പ് ലൈൻ**

253 (942) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല മണ്ഡലത്തിലെ കോളനികളിലേക്ക് കുടിവെള്ളമെത്തിക്കുന്നതിന് മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ അനുവദിച്ചതും ഭരണാനുമതി ലഭിച്ചതുമായ പൈപ്പ് ലൈൻ ഇടൽ നടപടി ഏതുഘട്ടം വരെയായിയെന്ന് വിശദമാക്കുമോ ;

(ബി) ഏതെല്ലാം കോളനികളിലാണ് ഈ ഫണ്ട് വിനിയോഗിച്ച് പൈപ്പ് ലൈനുകൾ ഇട്ടിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) പൈപ്പ് ലൈൻ സ്ഥാപിക്കൽ ജോലികൾ താമസിപ്പിക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ; എത്ര നാളിനുള്ളിൽ ഈ ജോലി പൂർത്തീകരിക്കാനാവുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) പ്രസ്തുത പദ്ധതിക്കുവേണ്ടിയുള്ള എസ്റ്റിമേറ്റ് ഡി.എസ്.ആർ.-2014 പ്രകാരം പുതുക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റിയുടെ ഡിവിഷൻ തലത്തിൽ നടത്തിവരുന്നു. എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ ശേഷം മാത്രമെ പൈപ്പ് ലൈനിടൽ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

(സി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഡി.എസ്.ആർ. - 2014 പ്രകാരം പുതുക്കേണ്ടിവന്നതിനാലാണ് കാലതാമസം നേരിട്ടത്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുകഴിഞ്ഞാൽ മൂന്ന് മാസത്തിനകം പ്രസ്തുത പദ്ധതി പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

**വാട്ടർ അതോറിറ്റിയുടെ വരവ് ചെലവുകൾ**

254 (943) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക എത്രയായിരുന്നുവെന്നും

ആയത് ഇപ്പോൾ എത്രയെന്നും വിശദമാക്കുമോ;

(ബി) നിലവിൽ ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയ സർക്കാർ/ പൊതുമേഖല /സ്വകാര്യമേഖല സ്ഥാപനങ്ങൾ ഏതൊക്കെയാണ് വ്യക്തമാക്കുമോ;

(സി) വാട്ടർ അതോറിറ്റിക്ക് വെള്ളക്കരം ഇനത്തിൽ പ്രതിമാസം ലഭിക്കുന്ന വരുമാനം എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) ശമ്പളം, പെൻഷൻ, അറ്റകുറ്റപ്പണികൾ, വൈദ്യുതി, ജലവിഭവ വകുപ്പിലെ ഉദ്യോഗസ്ഥരുടെ അധിക ചെലവ് എന്നിവയ്ക്കായി പ്രതിമാസ ചെലവ് എത്ര രൂപയാണെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ;

(ഇ) ജലവിഭവ വകുപ്പിലെ വരവ് -ചെലവ് കണക്കുകളുടെ വ്യത്യാസം 2014-15 സാമ്പത്തിക വർഷം എത്രയെന്ന് വ്യക്തമാക്കുമോ;

(എഫ്) 2015-16 സാമ്പത്തിക വർഷം എത്രകോടി രൂപയാണ് പദ്ധതിയേതര വിഹിതമായി നീക്കിവച്ചിട്ടുള്ളതെന്നും ആയതിൽ 2015 ഒക്ടോബർ 31 വരെ എന്തു തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കുടിശ്ശിക ഇനത്തിൽ 492.08 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ടായിരുന്നു. 31-3-2015-ൽ 556.04 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട്. ടി തുകയിൽ ഭൂരിഭാഗവും പിഴപ്പലിശ ഉൾപ്പെടെയുള്ള ഗാർഹികേതര കണക്ഷനുകളിൽനിന്നും ലഭിക്കാനുള്ളതാണ്. ഇത് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ അനുവദിക്കുമ്പോൾ ഗണ്യമായി കുറയും.

(ബി) ലിസ്റ്റ് അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(സി) ഏകദേശം 40 കോടി രൂപ കുടിവെള്ള ചാർജ്ജിനത്തിൽ പ്രതിമാസം ലഭിക്കുന്നുണ്ട്.

(ഡി) അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) കേരള വാട്ടർ അതോറിറ്റിയുടെ 2014-15-ലെ വരവുചെലവ് കണക്കനുസരിച്ച് വൈദ്യുതി ചാർജ് ഉൾപ്പെടെയുള്ള ചെലവ് വരവിനേക്കാൾ 234.59 കോടി രൂപ അധികമാണ്.

(എഫ്) 2015-16-ലെ പദ്ധതിയേതര വിഹിതം 245.10 കോടി രൂപയാണ്. 2015 ഒക്ടോബർ 31 വരെ അതിൽനിന്നും 147.06 കോടി രൂപ KWA-ക്ക് നൽകുകയും പ്രസ്തുത തുക മുഴുവനും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

**വാട്ടർ അതോറിറ്റിയുടെ ലാഭവും നഷ്ടവും**

255 (944) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാട്ടർ അതോറിറ്റി നിലവിൽ ലാഭത്തിലാണോ പ്രവർത്തിക്കുന്നത്; എങ്കിൽ ലാഭം എത്രയാണ്; നഷ്ടത്തിലാണെങ്കിൽ നഷ്ടം എത്ര?

ഉത്തരം

കേരള ജല അതോറിറ്റിയുടെ വാർഷിക കണക്കുകൾ 2013-14 വർഷം വരെ പൂർത്തീകരിച്ചു. 2013-14 വർഷത്തെ പൂർത്തീകരിച്ച കണക്കുകൾ പ്രകാരം ടി വർഷത്തെ നഷ്ടം 449.23 കോടി രൂപയാണ്. ഇതിൽ സർക്കാർ ജിക്ക പദ്ധതികൾക്കായി നൽകിയ വായ്പയിന്മേൽ നൽകുവാനുള്ള പലിശ 216.46 കോടി രൂപയും ആസ്തികളിൽ മേലുള്ള തേയ്മാനം 73.98 കോടി രൂപയും ഒഴിച്ചാൽ പ്രവർത്തന നഷ്ടം 158.79 കോടി രൂപയാണ്.

**കുടിവെള്ള പദ്ധതി പൂർണ്ണതോതിൽ പ്രവർത്തിപ്പിക്കൽ**

256 (945) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല നിവാസികൾക്കായി നടപ്പിലാക്കിയ ജപ്പാൻകുടിവെള്ള പദ്ധതിക്കായി ഇതിനോടകം എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് പറയാമോ; ഇതിന്റെ ഗുണഭോക്താക്കൾ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ശരിയായ രീതിയിലുള്ള പമ്പിംഗും എല്ലാമേഖലകളിലേക്കുമുള്ള കുടിവെള്ള വിതരണവും സാധ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) ജപ്പാൻ കുടിവെള്ളത്തിന്റെ ശരിയായ രീതിയിലുള്ള വിതരണത്തിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് പറയാമോ; ഈ തടസ്സങ്ങൾ മാറ്റാൻ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ഡി) കുടിവെള്ളത്തിന് അപേക്ഷ നൽകിയിട്ടുള്ളവർക്ക് ശരിയായ രീതിയിൽ കുടിവെള്ളം ലഭിക്കുന്നതിന് എത്ര നാൾ ആകുമെന്ന് പറയാമോ; കോടികൾ മുടക്കിയുള്ള ഈ പദ്ധതിയുടെ പ്രയോജനം പൂർണ്ണമായി ലഭിക്കാതെ വന്നാൽ ഉണ്ടാകാവുന്ന നഷ്ടത്തെക്കുറിച്ച് ബോധ്യപ്പെട്ടിട്ടുണ്ടോ, ഇത് പരിഹരിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ചേർത്തല ജപ്പാൻ കുടിവെള്ള പദ്ധതിക്കുവേണ്ടി 434.63 കോടി രൂപ ചെലവായി. 6.53 ലക്ഷം പേർക്ക് പ്രയോജനം ലഭിക്കത്തക്ക വിധത്തിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതുവരെ 35348 കണക്ഷനുകൾ നൽകി ഏകദേശം 1.80 ലക്ഷം പേർക്ക് പ്രയോജനം ലഭ്യമാക്കിയിട്ടുള്ളതായി കണക്കാക്കുന്നു.

(ബി) ഇപ്പോൾ രാവിലെ അഞ്ച് മണിമുതൽ രാത്രി പത്ത് മണിവരെയാണ് പമ്പിംഗ് നടത്തുന്നത്. പിറവത്തുനിന്നും ശുദ്ധീകരണശാലയിലേക്ക് നദീജലം എത്തിക്കുന്ന പൈപ്പുലൈനിൽ മറവൻതുരുത്ത് പഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള 1100 എം.എം.ജി.ആർ.പി. പൈപ്പ് ലൈനിൽ പൊട്ടലുകളുണ്ടായതിനാലാണ് രാത്രികാല പമ്പിംഗ് നിർത്തിവച്ചിട്ടുള്ളത്. എന്നാൽ ഇപ്പോൾ ആവശ്യമായ ഏകദേശം 37 എം.എൽ.ഡി. ശുദ്ധജലം മേൽപ്പറഞ്ഞ സമയത്തുള്ള പമ്പിംഗിലൂടെ വിതരണം ചെയ്യാൻ സാധിക്കുന്നുണ്ട്.

(സി) ശരിയായ രീതിയിൽ ജലവിതരണം നടത്തുന്നതിന് നിലവിൽ സ്ഥാപിച്ചിട്ടുള്ള നാല് കി.മീ. ജി.ആർ.പി. പൈപ്പ് ലൈൻ മാറ്റി പകരം ഉദ്ദേശിച്ചിട്ടുള്ള എം.എസ്. പൈപ്പ് സ്ഥാപിക്കണം. ജി.ആർ.പി.-ക്ക് പകരം ഉദ്ദേശിച്ചിട്ടുള്ള എം.എസ്. പൈപ്പ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആലപ്പുഴ പ്രോജക്ട് ഡിവിഷന്റെ കീഴിൽ നടന്നുവരുന്നു.

(ഡി) ഇപ്പോഴത്തെ സാഹചര്യത്തിൽ പരമാവധി കണക്ഷനുകൾ നൽകുവാനും ജി.ആർ.പി. പൈപ്പ് മാറ്റി സ്ഥാപിക്കുന്ന മുറയ്ക്ക് പൂർണ്ണ തോതിൽ ജലവിതരണം നടത്തുവാനും സാധിക്കുന്നതാണ്. ജി.ആർ.പി. പൈപ്പ് മാറ്റി സ്ഥാപിക്കുന്നതിന് ഒരു വർഷത്തോളം വേണ്ടിവരും. ജി.ആർ.പി. പൈപ്പിന് പകരം എം.എസ്. പൈപ്പ് സ്ഥാപിച്ച് പ്രശ്നം പരിഹരിക്കുവാൻ അടിയന്തര നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**കുടിവെള്ള പദ്ധതികൾ**

257 (946) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള കുടിവെള്ള പദ്ധതികൾ പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ ചെറുതും വലുതുമായ ആയിരത്തി ഒരുന്നൂറോളം പദ്ധതികളിലൂടെയാണ് ഇപ്പോൾ കുടിവെള്ളം നൽകി വരുന്നത്. ശുദ്ധമായ കുടിവെള്ളം കൂടുതൽ ജനങ്ങളിലെത്തിക്കുക എന്നതാണ് ടി കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണത്തിലൂടെ ഉദ്ദേശിക്കുന്നത്. കൂടുതൽ ജനങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി കേരള വാട്ടർ അതോറിറ്റി ഇപ്പോൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ അടിയന്തരമായി പൂർത്തീകരിക്കുവാൻ വിവിധ തലങ്ങളിലായി നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് ലക്ഷ്യമിട്ടുകൊണ്ട് മിഷൻ 676-ൽ ഉൾപ്പെടുത്തി 154 കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ഈ പദ്ധതികളിൽ നാളിതു വരെ 49 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുവാനുള്ള

നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ജലനിധി പദ്ധതിക്കുകീഴിൽ ലോകബാങ്ക് ധനസഹായത്തോടെ അഞ്ചര വർഷത്തെ കാലാവധിയിൽ സമയബന്ധിതമായി പൂർത്തീകരിക്കേണ്ട കുടിവെള്ള-ശുചിത്വ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. ജലനിധിയുടെ രണ്ടാംഘട്ട പദ്ധതി നടപ്പാക്കുന്നതിലൂടെ ഇരുന്നൂറോളം ഗ്രാമപഞ്ചായത്തുകളിൽ ഇരുപത് ലക്ഷം ഗ്രാമീണ ജനതയ്ക്ക് മെച്ചപ്പെട്ട ശുദ്ധജല ലഭ്യതയും ശുചിത്വ സംവിധാനങ്ങളും എത്തിക്കുവാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) കൂടുതൽ ജനങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി കേരള വാട്ടർ അതോറിറ്റി ഇപ്പോൾ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ പൂർത്തീകരിക്കാൻ വേണ്ടി കേരള വാട്ടർ അതോറിറ്റിയുടെ വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ നടത്തി തടസ്സങ്ങളുണ്ടെങ്കിൽ അത് നീക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ ഹെഡ് ഓഫീസിൽ മാനേജിംഗ് ഡയറക്ടറുടെ മേൽനോട്ടത്തിലും പദ്ധതിയുടെ പുരോഗതികൾ വിലയിരുത്തി പദ്ധതികൾ പൂർത്തീകരിക്കാൻ വേണ്ട നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു.

**കുടിവെള്ള സ്രോതസ്സുകളെ മാലിന്യ വിമുക്തമാക്കുന്നതിനുള്ള നടപടികൾ**

258 (947) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള സ്രോതസ്സുകളെ മാലിന്യ വിമുക്തമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) പുതിയ ത്രിതല പഞ്ചായത്ത് ഭരണ സമിതികൾ അധികാരമേറ്റ സാഹചര്യത്തിൽ അവരുമായി കൂടിയാലോചിച്ച് പുതിയ പദ്ധതിക്ക് രൂപം നൽകുമോ;

(സി) നദികളിലും തടാകങ്ങളിലും മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയാൻ വിപുലമായ അധികാരങ്ങളോടെ നദീതട അതോറിറ്റിക്ക് രൂപം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ജലസ്രോതസ്സുകളുടെ മലിനീകരണം തടയുന്നതിനായി ജലസ്രോതസ്സുകളിലേക്കെത്തുന്ന പാഴ്ജലം സ്രോതസ്സുകളിൽത്തന്നെ, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തിവരുന്നു. ബോർഡിന്റെ അനുമതി

പരിധിയിൽ വ്യവസായ സ്ഥാപനങ്ങളെയും ആശുപത്രികളെയും ഉത്തുംഗ കെട്ടിടങ്ങളെയും കൊണ്ടുവരികയും അവിടങ്ങളിൽ നിന്നുള്ള പാഴ്ജലം ശുദ്ധീകരിച്ച് മാലിന്യ ഘടകങ്ങൾ അനുവദനീയപരിധിയിൽ എത്തിച്ചശേഷം പരമാവധി പുനരുപയോഗം ചെയ്യുന്നതിനുള്ള നിർദ്ദേശവും ബാക്കിയുള്ള പാഴ്ജലം നിർമ്മാർജ്ജനം ചെയ്യുന്നതിന് നിഷ്കർഷിക്കുകയും ചെയ്തുവരുന്നു. ബോർഡിന്റെ അനുമതി പരിധിയിൽ കൊണ്ടുവന്നിട്ടുള്ള സ്ഥാപനങ്ങൾ ഇടയ്ക്കിടെ പരിശോധിക്കുകയും പാഴ്ജല സാമ്പിളുകൾ ശേഖരിച്ച് ബോർഡിന്റെ ലബോറട്ടറികളിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുകയും, വീഴ്ചവരുത്തുന്ന സ്ഥാപനങ്ങൾക്കു വേണ്ട നിർദ്ദേശങ്ങൾ നൽകുകയും നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ ഗുരുതരമായ ലംഘനം നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ കുളങ്ങളുടെ പുനരുദ്ധാരണം, അധികമായി അടിഞ്ഞുകൂടിയ ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യൽ, തടാക സംരക്ഷണ പ്രവൃത്തികൾ, നദികളിലെ നീരൊഴുക്ക് നിലനിർത്തി ഗ്രാമീണ കുടിവെള്ള സ്രോതസ്സുകൾ സ്ഥായിയാക്കുന്നതിനായി തടയണകളുടെ നിർമ്മാണം, ഉപ്പുവെള്ളക്കയറ്റം തടയുന്നതിനായി ചെക്ക് ഡാം/റെഗുലേറ്ററുകളുടെ നിർമ്മാണം, ആവശ്യമുള്ള ഇടങ്ങളിൽ നദീതീര സംരക്ഷണം എന്നീ പ്രവർത്തനങ്ങളും സ്വീകരിച്ചുവരുന്നു.

(ബി) പുതിയ പദ്ധതികൾക്കുള്ള രൂപം നൽകിയിട്ടില്ല.

(സി) സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന വിപുലമായ അധികാരങ്ങളുള്ള 'സംസ്ഥാന നദീ-തണ്ണീർതട അതോറിറ്റി' രൂപീകരണം സംബന്ധിച്ച ബിൽ തയ്യാറാക്കി, കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് - 2003 ഭേദഗതിയിലൂടെ നടപ്പിലാക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. എന്നാൽ സൊസൈറ്റീസ് ആക്ട് പ്രകാരം പരിസ്ഥിതി വകുപ്പിന്റെ കീഴിൽ തണ്ണീർത്തട അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്.

**കുടിവെള്ള/ഗതാഗത പ്രശ്നങ്ങൾ**

259 (948) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ മണ്ഡലത്തിലെ പ്രധാന പാതകളുടെ വശങ്ങളിലായി കുടിവെള്ള വിതരണത്തിന് വർഷങ്ങൾക്ക് മുൻപ് ഇട്ടിട്ടുള്ളതും നിലവിൽ കാലഹരണപ്പെട്ടതുമായ എ.സി. പൈപ്പുകൾ തുടർച്ചയായി പൊട്ടുന്നതുമൂലം നിലനിൽക്കുന്ന കുടിവെള്ള/

ഗതാഗത പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പൈപ്പുകൾ ഒഴിവാക്കി D.I. പൈപ്പുകൾ സ്ഥാപിക്കുന്നതിന് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(സി) സമയബന്ധിതമായി അനുബന്ധ പ്രവർത്തനം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അടൂർ മണ്ഡലത്തിലെ കാലപ്പഴക്കം ചെന്ന എ.സി. പൈപ്പ്ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് 1,100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി പരിശോധിച്ചു വരുന്നു.

(സി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കുന്നതിനുവേണ്ട അനുബന്ധ നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു.

**കൽപ്പറ്റ നിയോജക മണ്ഡലത്തിലെ പുതിയ കുടിവെള്ള പദ്ധതികൾ**

260 (949) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൽപ്പറ്റ നിയോജക മണ്ഡലത്തിൽ പൂർത്തിയാക്കിയതും പുതിയതായി നടപ്പാക്കുന്നതുമായ കുടിവെള്ള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഓരോ പദ്ധതിയുടെയും അടങ്കൽ തുക എത്രയെന്നും നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്നതിന്റെയും വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ - സി) മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു.*

**കുന്ദമംഗലം - വാട്ടർ കണക്ഷൻ പുനഃസ്ഥാപിക്കാനുള്ള നടപടി**

261 (950) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നുപേർ വസിക്കുന്നതിൽ എല്ലാവരും ഭിന്നശേഷിക്കാരായ കോഴിക്കോട് കുന്ദമംഗലം പഞ്ചായത്തിലെ കരിപ്പാൽ കദീശുമ്മ (നമ്പർ കെ.എൽ.എം. 78) യുടെ വീട്ടിലേക്കുള്ള വാട്ടർ കണക്ഷൻ കട്ട് ചെയ്യാനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ ;

(ബി) ഇതു സംബന്ധിച്ച് പ്രസ്തുത കുടുംബത്തിന്റെ പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) ഈ കുടുംബത്തിന് വാട്ടർ കണക്ഷൻ പുനഃസ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉപഭോക്താവ് 2001 ഫെബ്രുവരി മാസത്തിനുശേഷം കുടിവെള്ള ചാർജ്ജ് അടയ്ക്കാത്തതിനാലും വാട്ടർ മീറ്റർ പ്രവർത്തനരഹിതമായതിനാലുമാണ് 23-7-2006-ൽ കണക്ഷൻ വിഛേദിച്ചത്. 2001 മാർച്ച് മാസം മുതൽ 2006 ജൂലൈ മാസം വരെ 8760 രൂപ കുടിശ്ശികയുണ്ട്.

(ബി) ഉണ്ട്.

(സി) ഏതെങ്കിലും തിരിച്ചറിയൽ രേഖ ഹാജരാക്കി നിലവിലുള്ള കുടിവെള്ള ചാർജ്ജ് കുടിശ്ശികയും നിയമാനുസൃതമായ പിഴയും, കണക്ഷൻ പുനഃസ്ഥാപിക്കുന്നതിന് ആവശ്യമായ ഡിസ്കണക്ഷൻ ഫീസും റീ കണക്ഷൻ ഫീസും അടച്ച് പുതിയ വാട്ടർ മീറ്റർ സ്ഥാപിക്കുന്നപക്ഷം ടി കണക്ഷൻ മൂന്നുദിവസത്തിനകം പുനഃസ്ഥാപിച്ചു നൽകുന്നതാണ്. ഇതല്ലെങ്കിൽ മേൽപ്പറഞ്ഞ കുടുംബം ബി.പി.എൽ. റേഷൻ കാർഡ് ഹാജരാക്കുകയാണെങ്കിൽ മേൽപ്പടി കുടിശ്ശിക മുഴുവൻ ഒഴിവാക്കി 15 കി. ലിറ്റർ വരെയുള്ള ജലം സൗജന്യമായി ഉപയോഗിക്കുവാനുള്ള അനുവാദം നൽകുന്നതാണ്.

**ജലഗുണനിലവാര പരിശോധന**

262(951) <u>ശ്രീ. സി. പി. മുഹമ്മദ്</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :
<u>ശ്രീ. ടി. എൻ. പ്രതാപൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗുണനിലവാര പരിശോധനക്കായി ലാബുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുക, ഉപഭോക്താക്കളിൽനിന്നും പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന ജലസാമ്പിളുകൾ പരിശോധിച്ച് സമയബന്ധിതമായി റിപ്പോർട്ട് നൽകുക എന്നിവയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) സംസ്ഥാനത്ത് ഗുണനിലവാര പരിശോധനയ്ക്കുവേണ്ടി കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ 16 സബ് ഡിവിഷണൽ ലാബുകളും 14 ജില്ലാതല ലാബുകളും ഒരു സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം ശുദ്ധീകരണശാലയിൽ ശുദ്ധീകരിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയശേഷം മാത്രമാണ് വിതരണം ചെയ്യുന്നത്. ഇതിനു പുറമെ കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വാട്ടർ ക്വാളിറ്റിയുടെ കീഴിലുള്ള ഉദ്യോഗസ്ഥർ വിവിധ കുടിവെള്ള സ്കീമുകളിൽ നടത്തുന്ന പരിശോധനയുടെ ഭാഗമായി കുടിവെള്ള സാമ്പിളുകൾ ശേഖരിച്ച് ഉന്നതനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. പൊതുജനങ്ങൾ മുഖ്യമായും ആശ്രയിക്കുന്ന കിണറുകൾ മുതലായ കുടിവെള്ള സ്രോതസ്സുകളിലെ ജലപരിശോധനയും മേൽപ്പറഞ്ഞ ലാബുകളിൽ നടത്തിവരുന്നു. കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ മിനിസ്ട്രി ഓഫ് ഡ്രിങ്കിംഗ് വാട്ടർ&സാനിട്ടേഷൻ അനുശാസിക്കുന്ന കുടിവെള്ളത്തിന്റെ

ഗുണനിലവാരത്തിനുള്ള മാർഗ്ഗരേഖ പ്രകാരം കേന്ദ്രഗവൺമെന്റിന്റെ നാഷണൽ റൂറൽ ഡ്രിങ്കിംഗ് വാട്ടർ പ്രോഗ്രാമിന്റെ സഹായത്തോടെ പുതുതായി 19 ജലഗുണനിലവാര പരിശോധന സബ് ഡിവിഷണൽ ലാബുകൾ തുടങ്ങുന്നതിനുള്ള സജ്ജീകരണങ്ങൾ പൂർത്തീകരിക്കുകയും ഇതിൽ 17 ലാബുകൾ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**വടകര - മാഹി കനാൽ നിർമ്മാണം**

263 (952) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര-മാഹി കനാൽ നിർമ്മാണം എത് തീയതിയിലാണ് ആരംഭിച്ചത് എന്നും നിർമ്മാണം ആരംഭിച്ചതിന് ശേഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരും ജനപ്രതി നിധികളും പങ്കെടുത്ത എത്ര യോഗങ്ങൾ എവിടെയൊക്കെ വച്ച് ചേർന്നുവെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത യോഗങ്ങളിൽ പങ്കെടുത്ത ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ആരൊക്കെയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വടകര-മാഹി കനാൽ നിർമ്മാണം 28-1-2013-ന് ആരംഭിച്ചു. ഉദ്യോഗസ്ഥരും ജനപ്രതിനിധികളും പങ്കെടുത്ത ഏകദേശം 18 യോഗങ്ങൾ നടന്നിട്ടുണ്ട്. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ ചേമ്പർ, വെള്ളൂക്കര, തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് ഓഫീസ്, വെങ്ങോളി, കലിയാംവള്ളി, കോട്ടപ്പള്ളി വില്ലേജ് ഓഫീസ്, എടച്ചേരി പോലീസ് സ്റ്റേഷൻ എന്നിവിടങ്ങളിലും കനാൽ പരിസരങ്ങളിലും യോഗങ്ങൾ ചേർന്നിട്ടുണ്ട്. കൂടാതെ ഉന്നത ഉദ്യോഗസ്ഥരുടെ സൈറ്റ് ഇൻസ്പെക്ഷൻ സമയത്ത് ജനപ്രതിനിധികളും പഞ്ചായത്ത് അധികൃതരും നാട്ടുകാരുമായുള്ള കൂടിക്കാഴ്ചകൾ നടത്തി പ്രശ്നം പരിഹരിക്കാറുണ്ട്.

(ബി) പ്രസ്തുത യോഗങ്ങളിൽ താഴെപ്പറയുന്ന ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പങ്കെടുത്തിട്ടുണ്ട്:

1. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി
2. ശ്രീമതി കെ. കെ. ലതിക, എം.എൽ.എ.
3. അഡീഷണൽ ചീഫ് സെക്രട്ടറി (WR & CSIN)
4. ചീഫ് എഞ്ചിനീയർ (I & A & IDRB)
5. ഡയറക്ടർ, ഉൾനാടൻ ജലഗതാഗത ഡയറക്ടറേറ്റ്, കൊല്ലം
6. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗത വിഭാഗം, കണ്ണൂർ
7. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗത ഉപവിഭാഗം, കണ്ണൂർ
8. അസിസ്റ്റന്റ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗത സെക്ഷൻ, കണ്ണൂർ, പഴയങ്ങാടി, തലശ്ശേരി
9. കരാറുകാർ
10. വടകര ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്
11. വടകര ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ്
12. മണിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്
13. തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്
14. കൂടാതെ മറ്റ് ജനപ്രതിനിധികളും നാട്ടുകാരും

**കൊല്ലം - കോട്ടപ്പുറം ദേശീയ ജലപാത**

264 (953) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത 2012-13-ൽ തന്നെ യാഥാർത്ഥ്യമാക്കുമെന്നും ദേശീയ ജലപാത കോട്ടപ്പുറം മുതൽ നീലേശ്വരം വരെയും, കൊല്ലം മുതൽ കോവളം വരെയും ദീർഘിപ്പിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ

ആരംഭിക്കുമെന്നും 2012-13-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടോ; പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ ദേശീയ ജലപാതയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയ ജലപാതയ്ക്കായി ഓരോ ബഡ്ജറ്റിലും വക കൊള്ളിച്ച തുകയും ഇതിനായി ഓരോ വർഷവും ഖജനാവിൽനിന്നും ചെലവഴിച്ച തുകയും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ജലപാതയാണ് ദേശീയ ജലപാത നമ്പർ - 3 ആയി അംഗീകരിച്ച് പ്രവൃത്തികൾ നടത്തിവരുന്നത്. ഇതിന് 168 കി. മീ. ദൈർഘ്യമുണ്ട്. കൂടാതെ ചമ്പക്കര കനാൽ (14 കി.മീ.), ഉദ്യോഗമണ്ഡൽ കനാൽ (23 കി.മീ.) ഇവയുൾപ്പെടെ 205 കി.മീ. ദൈർഘ്യമാണ് ഇതിനുള്ളത്. ഈ പണിയുടെ മേൽനോട്ടം വഹിക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ 'ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇന്ത്യ' (IWAI) ആണ്. കൊല്ലം - ചവറ ഭാഗങ്ങളിൽ (2.75 കി.മീ.) കാണുന്ന വളരെ കട്ടികൂടിയ പ്രതലം (Under Water Laterite Bed) നീക്കം ചെയ്യുന്നതിന് Amphibian Dredger പോലുള്ള അത്യന്താധുനികമായ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് വരുന്നു. കായംകുളം കായലിൽ രണ്ട് കിലോമീറ്ററും ആലപ്പുഴ സീറോ ജെട്ടി ഭാഗത്ത് 400 മീറ്ററും പണി പൂർത്തിയാക്കിയാൽ ഈ പാതയിലാകെ രണ്ടുവരി ഗതാഗതം സാദ്ധ്യമാകും. പൂർത്തിയാകാത്ത ഭാഗത്ത് ഇപ്പോൾ ഒറ്റവരി ഗതാഗതം സാദ്ധ്യമാണ്. കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിലായി ആകെ 944 ചീനവലകളിൽ (ലൈസൻസുള്ളവ -502, ലൈസൻസില്ലാത്തവ – 442) 870 എണ്ണം പാരിതോഷികം നൽകി നീക്കം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന 74 വലകൾ നീക്കം ചെയ്യുന്നതിന് സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ദേശീയ ജലപാതയുടെ നിർമ്മാണ ചെലവ് പൂർണ്ണമായും കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്. 31-3-2015 വരെ കേന്ദ്ര സർക്കാർ ഈ പദ്ധതിക്കായി ആകെ 220 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. ഈ പദ്ധതിക്കായി സംസ്ഥാന സർക്കാർ ഊന്നി/ചീനവലകൾ നീക്കം ചെയ്യുന്നതിനുള്ള നഷ്ട പരിഹാരമായി

ഇതുവരെ 12.475 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. ഈ വകയിൽ ഇനി 5.5 കോടി രൂപ കൂടി ആവശ്യമായി വരും. കൂടാതെ 74 വലകൾ നീക്കം ചെയ്യുന്നതിനുള്ള സ്പെഷ്യൽ പാക്കേജായി 28.8 ലക്ഷം രൂപയും നീക്കിവച്ചിട്ടുണ്ട്.

**അരൂർ മണ്ഡലത്തിലെ തീരദേശ സംരക്ഷണ ഭിത്തി**

265 (954) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ ഏതൊക്കെ പ്രദേശങ്ങളിലാണ് ഇൻലാന്റ് നാവിഗേഷൻ തീരദേശ സംരക്ഷണ ഭിത്തി നിർമ്മിച്ചിട്ടുള്ളത് ;

(ബി) അരൂർ മണ്ഡലത്തിലെ തീരദേശങ്ങളിൽ പൂർണ്ണമായും സംരക്ഷണ ഭിത്തി കെട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) അരൂർ മണ്ഡലത്തിലെ തീരദേശങ്ങളിൽ ഇൻലാന്റ് നാവിഗേഷൻ തീരദേശ സംരക്ഷണഭിത്തി നിർമ്മിച്ചിട്ടില്ല. ഇറിഗേഷൻ ഡിവിഷൻ ആലപ്പുഴയുടെ പരിധിയിൽ അരൂർ മണ്ഡലത്തിലെ ഫിഷിംഗ് ഗ്യാപ് ഒഴികെ എല്ലാ പ്രദേശങ്ങളിലും കടൽ തീരദേശ സംരക്ഷണ ഭിത്തി നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ഇൻലാന്റ് നാവിഗേഷൻ ഫണ്ടുപയോഗിച്ച് പെരുമ്പളം പഞ്ചായത്തിലെ കാളത്തോട്, വാത്തിക്കാട് എന്നിവിടങ്ങളിൽ ബോട്ടുജെട്ടികൾ നിർമ്മിച്ചിട്ടുണ്ട്.

(ബി) തകർന്ന കടൽ ഭിത്തിക്ക് പുനരുദ്ധാരണം ആവശ്യമായ പ്രദേശങ്ങളിൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്.

**കൊല്ലം - കോട്ടപ്പുറം ദേശീയ ജലപാത**

266 (955) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത കമ്മീഷൻ ചെയ്യുമെന്ന് പ്രഖ്യാപിച്ച സമയം കഴിഞ്ഞിട്ടും പ്രസ്തുത പാത കമ്മീഷൻ ചെയ്യാത്തതിനുള്ള

കാരണം വിശദമാക്കാമോ ;

(ബി) പ്രസ്തുത പാത എപ്പോൾ കമ്മീഷൻ ചെയ്യുമെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത പാതയുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശം നൽകാമോ ?

<u>ഉത്തരം</u>

(എ-സി) കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള ജലപാതയാണ് ദേശീയ ജലപാത നമ്പർ - 3 ആയി അംഗീകരിച്ച് പ്രവൃത്തികൾ നടത്തിവരുന്നത്. ഇതിന് 168 കി. മീ. ദൈർഘ്യമുണ്ട്. കൂടാതെ ചമ്പക്കര കനാൽ (14 കി.മീ.), ഉദ്യോഗമണ്ഡൽ കനാൽ (23 കി.മീ.) ഇവയുൾപ്പെടെ 205 കി.മീ. ദൈർഘ്യമാണ് ഇതിനുള്ളത്. ഈ പണിയുടെ മേൽനോട്ടം വഹിക്കുന്നത് കേന്ദ്ര സർക്കാർ സ്ഥാപനമായ 'ഇൻലാന്റ് വാട്ടർവെയ്സ് അതോറിറ്റി ഓഫ് ഇന്ത്യ' (IWAI) ആണ്. കൊല്ലം - ചവറ ഭാഗങ്ങളിൽ (2.75 കി.മീ.) കാണുന്ന വളരെ കട്ടികൂടിയ പ്രതലം (Under Water Laterite Bed) നീക്കം ചെയ്യുന്നതിന് Amphibian Dredger പോലുള്ള അത്യന്താധുനികമായ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് വരുന്നു. കായംകുളം കായലിൽ രണ്ട് കിലോമീറ്ററും ആലപ്പുഴ സീറോ ജെട്ടി ഭാഗത്ത് 400 മീറ്ററും പണി പൂർത്തിയാക്കിയാൽ ഈ പാതയിലാകെ രണ്ടുവരി ഗതാഗതം സാദ്ധ്യമാകും. പൂർത്തിയാകാത്ത ഭാഗത്ത് ഇപ്പോൾ ഒറ്റവരി ഗതാഗതം സാദ്ധ്യമാണ്. ദേശീയ ജലപാതയുടെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ആഴംകൂട്ടൽ പണികൾ നടത്തുമ്പോൾ ലഭ്യമാകുന്ന മണ്ണ്, ചെളി, മറ്റ് മാലിന്യങ്ങൾ എന്നിവ കരയിൽ നിക്ഷേപിക്കുവാൻ മതിയായ സ്ഥലങ്ങൾ ലഭ്യമാകാത്തതും ഇപ്രകാരം ലഭിക്കുന്ന മണലിനെ ചൊല്ലി നാട്ടുകാർ ഉന്നയിക്കുന്ന അവകാശവാദങ്ങൾ, ജലപാതയിൽ മാർഗ്ഗതടസ്സമായി സ്ഥാപിക്കപ്പെട്ട ചീനവലകൾ, ഊന്നിവലകൾ എന്നിവയും കൊല്ലം - ചവറ ഭാഗങ്ങളിൽ ദേശീയ ജലപാതയിൽ കാണുന്ന വളരെ കട്ടികൂടിയ പ്രതലം (Under Water Laterite Bed) മുതലായവയാണ് ഈ പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുള്ള കാലതാമസത്തിനുള്ള പ്രധാന കാരണങ്ങൾ. കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിലായി ആകെ 944 ചീനവലകളിൽ (ലൈസൻസുള്ളവ-502, ലൈസൻസില്ലാത്തവ- 442) 870 എണ്ണം പാരിതോഷികം നൽകി നീക്കം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന 74 വലകൾ നീക്കം ചെയ്യുന്നതിന്

സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൊല്ലം-കോട്ടപ്പുറം ദേശീയ ജലപാത കമ്മീഷൻ ചെയ്യുന്നത് സംബന്ധിച്ച ചർച്ചകൾ ചെയ്യുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ IWAI അധികൃതർ, ചീഫ് എഞ്ചിനീയർ (I & A), ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി 1-12-2015-ൽ യോഗം ചേരുന്നുണ്ട്. ദേശീയ ജലപാതയുടെ നിർമ്മാണ ചെലവ് പൂർണ്ണമായും കേന്ദ്രസർക്കാരാണ് വഹിക്കുന്നത്. 31-3-2015 വരെ കേന്ദ്ര സർക്കാർ ഈ പദ്ധതിക്കായി ആകെ 220 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. ഈ പദ്ധതിക്കായി സംസ്ഥാന സർക്കാർ ഊന്നി/ ചീനവലകൾ നീക്കം ചെയ്യുന്നതിനുള്ള നഷ്ടപരിഹാരമായി ഇതുവരെ 12.475 കോടി രൂപ ചെലവാക്കിയിട്ടുണ്ട്. ഈ വകയിൽ ഇനി 5.5 കോടി രൂപ കൂടി ആവശ്യമായി വരും. കൂടാതെ 74 വലകൾ നീക്കം ചെയ്യുന്നതിനുള്ള സ്പെഷ്യൽ പാക്കേജായി 28.8 ലക്ഷം രൂപയും നീക്കി വച്ചിട്ടുണ്ട്.

## കൊറ്റി - കോട്ടപ്പുറം ബോട്ട് സർവ്വീസ് പറശ്ശിനിക്കടവ് വരെ നീട്ടുന്നതിന് നടപടി

267 (956) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊറ്റി-കോട്ടപ്പുറം ബോട്ട് സർവ്വീസ് പറശ്ശിനിക്കടവ് വരെ നീട്ടുന്നതിന് നടപടി സ്വീകരിക്കുമോ; പ്രസ്തുത റൂട്ടിൽ കൂടുതൽ കാര്യക്ഷമമായ രീതിയിൽ ഗതാഗതസൗകര്യം വർദ്ധിപ്പിക്കാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

### ഉത്തരം

കൊറ്റി - കോട്ടപ്പുറം ബോട്ട് സർവ്വീസ് പറശ്ശിനിക്കടവുവരെ നീട്ടുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ നിലവിലുണ്ട്. ടി റൂട്ടിലുള്ള ആഴം കുറഞ്ഞതും മണൽ തിട്ടകൾ നിറഞ്ഞതുമായ സുൽത്താൻതോട് പോലെയുള്ള ഭാഗങ്ങളിലൂടെയുള്ള ജല ഗതാഗതം സംബന്ധിച്ച് സാദ്ധ്യതാ പഠനങ്ങളൊന്നും നിലവിൽ നടത്തിയിട്ടില്ല.

**തിരുവനന്തപുരം - കാസർഗോഡ് ജലപാത**

268 (957) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-കാസർഗോഡ് ജലപാത ഗതാഗത യോഗ്യമാക്കുവാൻ അടിയന്തര നടപടി കൈക്കൊള്ളണമെന്ന് 2011-12-ലെ ബഡ്ജറ്റിൽ സൂചിപ്പിച്ചിട്ടുണ്ടോ;

(ബി) ഇതിനായി കഴിഞ്ഞ നാലു ബഡ്ജറ്റുകളിൽ ഓരോന്നിലും എന്ത് തുക നീക്കിവെച്ചിട്ടുണ്ടെന്നും ഇതിനായി ഖജനാവിൽനിന്നും എന്ത് തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(സി) പദ്ധതിയുടെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതിനായി കഴിഞ്ഞ നാല് വർഷവും ബഡ്ജറ്റിൽ വകയിരുത്തുന്ന തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സാമ്പത്തിക വർഷം | ബഡ്ജറ്റ് തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|
| 1 | 2012-13 | 9000 | 1943.00 |
| 2 | 2013-14 | 11717 | 3079.07 |
| 3 | 2014-15 | 12382 | 3478.75 |
| 4 | 2015-16 | 13582 | 932.68 (up to October) |

(സി) ദേശീയ ജലപാതയായ കൊല്ലം - കോട്ടപ്പുറം പാതയുടെ ഇരുഭാഗങ്ങളിലുമായി ആകെ 422 കി.മീ. നീളം വരുന്ന കോവളം - കൊല്ലം, കോട്ടപ്പുറം - നീലേശ്വരം

എന്നീ ജലപാതകളാണ് സംസ്ഥാന ജലപാതയായി അംഗീകരിച്ചിട്ടുള്ളത്.

<u>കോവളം - കൊല്ലം</u>

74.18 കി.മീ. ദൂരമുള്ള ഈ ജലപാതയിൽ വർക്കല അഞ്ചുതെങ്ങ് ഭാഗത്ത് പതിമൂന്നാം ധനകാര്യ കമ്മീഷൻ സഹായത്തോടെ 5.28 കോടി രൂപയുടെ മൂന്ന് പ്രവൃത്തികളും സംസ്ഥാന ഫണ്ടിൽ 21.69 കോടി രൂപ ഉൾപ്പെടുത്തി പതിനൊന്ന് പ്രവൃത്തികളും പല ഭാഗങ്ങളിലായി നടന്നുവരുന്നു. 2.16 കോടി രൂപയുടെ നാല് പ്രവൃത്തികൾ പൂർത്തീകരിച്ചു. ആയതിൽ കോവളം-ആക്കുളം വരെയുള്ള പാർവ്വതീപുത്തനാറിന്റെ പുനരുദ്ധാരണത്തിനും വികസനത്തിനുമായി നാറ്റ്പാക്ക് നടത്തിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തി എസ്റ്റിമേറ്റുകൾ തയ്യാറാക്കി സാങ്കേതിക അനുമതിക്കായുള്ള പ്രവൃത്തികൾ നടന്നുവരുന്നു. നടയറ മുതൽ ഇരവിപുരം കായൽ വരെയുള്ള പതിനൊന്ന് കി.മീ. ദൂരം ഗതാഗതയോഗ്യമാണ്. ഇരവിപുരം കായൽ മുതൽ അഷ്ടമുടി കായൽ വരെയുള്ള 7.86 കി.മീ. ദൂരമുള്ള കൊല്ലം തോടിന്റെ രണ്ട് കി. മീ. ഭാഗത്തെ ആഴം കൂട്ടൽ പൂർത്തിയായിട്ടുണ്ട്. 3.50 കി.മീ. ഭാഗത്തെ 9.20 കോടി രൂപയുടെ ആഴം കൂട്ടലും പാർശ്വഭിത്തി സംരക്ഷണ പ്രവർത്തനങ്ങളും നടന്നുവരുന്നു. ബാക്കി ഭാഗത്തെ പ്രവൃത്തികൾക്കായുള്ള ഭരണാനുമതിക്കായി സമർപ്പിച്ച പ്രൊപ്പോസൽ ഇപ്പോൾ സർക്കാർ പരിശോധിച്ചുവരുന്നു.

<u>കോട്ടപ്പുറം - നീലേശ്വരം</u>

<u>കോട്ടപ്പുറം - വടകര</u>:- കോട്ടപ്പുറം - വടകര വരെയുള്ള ഭാഗത്ത് പതിമൂന്നാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള മൂന്ന് പ്രവൃത്തികളിൽ രണ്ട് പ്രവൃത്തികളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. 5.01 കോടി രൂപയുടെ ഒരു പ്രവൃത്തി പൂർത്തിയായിവരുന്നു. സംസ്ഥാന ഫണ്ടിൽ ഉൾപ്പെടുത്തി 4.33 കോടി രൂപയുടെ മറ്റൊരു

പ്രവൃത്തിയും നടത്തിവരുന്നു. നബാർഡ് RIDF-ൽ ഉൾപ്പെടുത്തി ഇ. കെ. കനാലിന്റെ 85 ശതമാനം പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. നബാർഡ് RIDF-ൽ ഉൾപ്പെടുത്തി ബി.കെ. കനാലിൽ 11.875 കോടി രൂപയുടെ രണ്ട് പ്രവൃത്തികളും നടന്നുവരുന്നു. ഈ ഭാഗത്ത് പാത, ദേശീയ ജലപാത നിലവാരം കൈവരിക്കുന്നതിനായുള്ള വിശദമായ പഠന റിപ്പോർട്ട് നാറ്റ്പാക്ക് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

വടകര – നീലേശ്വരം :- വടകര – നീലേശ്വരം ഭാഗത്തെ 17.61 കി. മീ. നീളമുള്ള വടകര – മാഹി കനാലിൽ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ഏകദേശം 116 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നു. ഇവ കൂടാതെ സംസ്ഥാന ഫണ്ടിൽ ഉൾപ്പെടുത്തി ആറ് പാലങ്ങളും 50 നടപ്പാലങ്ങളും നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നു.

മാഹി - വളപട്ടണം:- കനാലിന്റെ പ്രാഥമിക പര്യവേഷണം പൂർത്തിയാക്കി അലൈൻമെന്റ് അംഗീകരിക്കുകയും വിശദമായ പര്യവേഷണ നടപടികൾ ദേശീയ ജലപാത അടിസ്ഥാനത്തിൽ നടന്നുവരികയും ചെയ്യുന്നു.

വളപട്ടണം മുതൽ കൊറ്റി വരെയും കൊറ്റി മുതൽ നീലേശ്വരം വരെയുമുള്ള 65 കി.മീ. ജലപാത സംസ്ഥാന ജലപാത മാനദണ്ഡമനുസരിച്ച് ഗതാഗതയോഗ്യമാണ്.

കോട്ടപ്പുറം മുതൽ നീലേശ്വരം വരെയുള്ള ജലപാത കാസർഗോഡ് വരെ നീട്ടുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങളും നടന്നുവരുന്നു.

വിവിധ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഫലമായി 422 കി.മീ. നീളം വരുന്ന സംസ്ഥാന ജലപാതയുടെ പല ഭാഗങ്ങളിലായി ഏകദേശം 150 കി.മീ. ദൂരം ഗതാഗതയോഗ്യമാണ്. 82 കി.മീ. ദൂരത്തോളം പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 190 കി.മീ. ഭാഗങ്ങളിൽ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തേണ്ടതായിട്ടുണ്ട്.

## സ്കൂൾ പാചകത്തൊഴിലാളികളുടെ വേതന വർദ്ധനവ്

269 (958) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനം 400 രൂപയായി വർദ്ധിപ്പിച്ചിട്ടും അത് നടപ്പാക്കാത്തത് എന്തുകൊണ്ടാണ്; വ്യക്തമാക്കുമോ;

(ബി) പാചകത്തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുന്ന തരത്തിൽ ഉച്ചഭക്ഷണ പദ്ധതി ഏജൻസിയെ ഏൽപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത നീക്കത്തിൽ നിന്നും പിൻവാങ്ങുമോ?

### ഉത്തരം

(എ) സ്കൂൾ പാചകത്തൊഴിലാളികളുടെ വേതനം 350 രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് 8-10-2015-ലെ 8294/ഇ 1/2015/തൊഴിൽ പ്രകാരം പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്മേൽ പരാതികളും നിർദ്ദേശങ്ങളും സമർപ്പിക്കുന്നതിലേയ്ക്കായി 20-12-2015 വരെ സമയവും അനുവദിച്ചിട്ടുണ്ട്. അപ്രകാരം നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽ ലഭിക്കുന്ന പരാതികളും നിർദ്ദേശങ്ങളും പരിശോധിച്ച് ഇത് സംബന്ധിച്ചുള്ള അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

(ബി) പരിഗണനയിലില്ല.

## ഹോം നഴ്സിംഗ് ഏജൻസികൾ

270 (959) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോം നഴ്സിംഗ് രംഗത്തെ ഏജൻസികളുടെ പ്രവർത്തനം ഏതെങ്കിലും രീതിയിൽ നിയന്ത്രിക്കുന്നുണ്ടോ; നിയന്ത്രണം സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് മൊത്തം എത്ര ഹോം നഴ്സിംഗ് ഏജൻസികൾ ഉണ്ടെന്നും പ്രസ്തുത ഏജൻസികൾവഴി ഈ രംഗത്ത് പ്രവർത്തിക്കുന്നവർ എത്രയാണെന്നും

വിശദമാക്കാമോ;

(സി) ഹോം നഴ്സിംഗ് രംഗത്ത് നടക്കുന്ന തട്ടിപ്പുകളും ചൂഷണങ്ങളും അവസാനിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഹോം നഴ്സിംഗ് ഏജൻസികൾക്ക് നിലവിൽ കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരം രജിസ്ട്രേഷൻ നൽകുന്നുണ്ട്. ടി സ്ഥാപനങ്ങൾ തൊഴിലാളികൾക്ക് നൽകേണ്ട ആനുകൂല്യങ്ങൾ നൽകുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, മിനിമം വേജസ് ആക്ട്, പെയ്മെന്റ് ഓഫ് വേജസ് ആക്ട് എന്നീ നിയമങ്ങൾ പ്രകാരം പരിശോധന നടത്തുകയും നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നുണ്ടെന്ന് പരിശോധിക്കാറുമുണ്ട്. ഇത്തരം ഏജൻസികളുടെ മറ്റ് പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് വ്യവസ്ഥകളൊന്നും നിലവിലില്ല.

(ബി) സംസ്ഥാനത്ത് തൊഴിൽ വകുപ്പിനുകീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 174 ഏജൻസികളിലായി 2022 തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്.

(സി) ഹോം നഴ്സിംഗ് രംഗത്തെ തൊഴിലാളികളെ സംബന്ധിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുക, ആനുകൂല്യങ്ങൾ നിഷേധിക്കുക എന്നിവയുമായി ബന്ധപ്പെട്ട് പരാതികളൊന്നും നാളിതുവരെ ലഭിച്ചിട്ടില്ല.

**അമിത വേതനം ഈടാക്കുന്നത് പരിഹരിക്കുന്നതിനായുള്ള പദ്ധതി**

271 (960) ശ്രീ. പാലോട് രവി :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ മേഖലയിൽ അമിതമായി വേതനം ഈടാക്കുന്നത് പരിഹരിക്കുന്നതിനായി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) തൊഴിൽ മേഖലയിൽ ചുമട്ടുതൊഴിലുമായി ബന്ധപ്പെട്ട് അമിത വേതനം ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇത് തടയുന്നതിനായി ചുമട്ടു തൊഴിൽ മേഖലയിൽ ഏകീകൃത ചുമട്ടുകൂലി പ്രാബല്യത്തിൽ വരുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ പത്ത് ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. മലപ്പുറം, പാലക്കാട് ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി സംബന്ധിച്ച ധാരണയായിട്ടുണ്ട്. ഇടുക്കി, കാസർഗോഡ് ജില്ലകളിൽ ഇതുസംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നു.

(ബി) സംസ്ഥാനത്തൊട്ടാകെയുള്ള അമിതകൂലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായാണ് ലക്ഷ്യമിട്ടിട്ടുള്ളത്. നോക്കുകൂലിയുമായി ബന്ധപ്പെട്ട പരാതികൾ തടയുന്നതിനും ഇതുപകരിക്കും. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളെ നോക്കുകൂലി വിമുക്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) ഏകീകൃത കയറ്റിറക്ക് കൂലി ലേബർ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ ചുമട്ടുതൊഴിലാളികളുടെ സേവനം ആവശ്യമുള്ളവർക്ക് ടി കൂലി മനസ്സിലാക്കി എസ്.ബി.ടി.-യുടെ ബ്രാഞ്ചുകളിൽ പണമടച്ച് അവിടന്നുള്ള രസീത് ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽ ഹാജരാക്കി തൊഴിലാളികളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. അമിത വേതനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ സത്വര നടപടികൾ സ്വീകരിക്കുന്നതിനായി തൊഴിൽ വകുപ്പ് കോൾസെന്റർ ആരംഭിച്ചിട്ടുണ്ട്. 180042555214/155214 എന്നീ ടോൾഫ്രീ നമ്പരുകളിൽ വിളിച്ച് പരാതി രേഖപ്പെടുത്താവുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന പരാതികളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഇടപെട്ട് അമിതമായി ഈടാക്കിയ തുക തിരികെ വാങ്ങി നൽകുകയും തൊഴിലാളികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതുമാണ്.

**വേതന സുരക്ഷാ പദ്ധതി**

272 (961) ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേതന സുരക്ഷാ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും സംസ്ഥാനത്തെ വിവിധ സ്വകാര്യ തൊഴിൽ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം ബാങ്കുവഴി നൽകുന്നതിനുമുള്ള വേതന സുരക്ഷാ പദ്ധതി (ഇ-പേയ്മെന്റ് ഓഫ് വേജസ്) സംസ്ഥാനത്ത് 25-8-2015-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഈ പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ വിജയകരമായി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാകുന്നതിനും കഴിയുന്നതാണ്.

(സി) വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി 1958-ലെ മിനിമം വേതന ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള വിജ്ഞാപനം സർക്കാരിന്റെ 8-7-2015-ലെ സ.ഉ. (അച്ചടി) നമ്പർ 84/2015/തൊഴിൽ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കെൽട്രോണുമായി സഹകരിച്ച് പ്രസ്തുത പദ്ധതിക്കായി ഒരു സോഫ്റ്റ്‌വെയർ

വികസിപ്പിക്കുകയും ആയത് നടപ്പാക്കുന്നതിനായി നാഷണലൈസ്ഡ്, ഷെഡ്യൂൾഡ് ബാങ്കുകൾ, സ്വകാര്യ തൊഴില്ലുടമാ പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തുകയും 16 ബാങ്കുകളുമായി കരാറിൽ ഏർപ്പെട്ടുകയും ചെയ്തിട്ടുണ്ട്.

## അന്യസംസ്ഥാന തൊഴിലാളികൾ

273 (962) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അന്യസംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ ;

(ബി) പ്രസ്തുത തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത തൊഴിലാളികളുടെ താമസസ്ഥലങ്ങളിൽ ആവശ്യമായ ഭൗതികസാഹചര്യങ്ങൾ ഉറപ്പുവരുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

### ഉത്തരം

(എ) തിരുവനന്തപുരം ആസ്ഥാനമായുള്ള ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ പഠന പ്രകാരം സംസ്ഥാനത്ത് ഏകദേശം 25 ലക്ഷത്തോളം ഇതര സംസ്ഥാന തൊഴിലാളികളുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ നിലവിൽ തൊഴിൽ വകുപ്പിന്റെ പക്കൽ ലഭ്യമല്ല.

(ബി) കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നൽകിവരുന്നുണ്ട്. ടി വിഭാഗത്തിൽപ്പെട്ട എല്ലാ തൊഴിലാളികൾക്കും യുണീക് ഐ.ഡി. കാർഡ് വിതരണം ചെയ്യുന്ന കാര്യം പരിഗണനയിലാണ്.

(സി) 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) നിയമ പ്രകാരവും 1979-ലെ അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമ പ്രകാരവും നിർമ്മാണ മേഖലയിൽ തൊഴിലാളികൾ പണിയെടുക്കുന്ന തൊഴിലിടങ്ങളിലും താമസ

സ്ഥലങ്ങളിലും പരിശോധന നടത്തി താമസ സ്ഥലങ്ങളിലാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉറപ്പുവരുത്താൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. നിയമ ലംഘനങ്ങൾ നടത്തുന്ന തൊഴിൽ ഉടമ, കരാറുകാർ എന്നിവർക്കെതിരെ പ്രോസിക്യൂഷൻ, നിരോധന ഉത്തരവ് തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു.

**ക്ഷേമ പെൻഷൻ കുടിശ്ശിക**

274 (963) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികൾക്കായി ഏതൊക്കെ ക്ഷേമ പെൻഷനുകളാണ് വകുപ്പു മുഖേന നടപ്പിലാക്കിയിട്ടുള്ളതെന്നും എന്തു തുക വീതമാണ് പെൻഷൻ നൽകുന്നതെന്നും വിശദമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷേമ പെൻഷനുകളിൽ ഉണ്ടായ പ്രതിമാസവർദ്ധനവ് എത്രയെന്ന് വിശദമാക്കാമോ ;

(സി) ഏതു മാസം വരെയുള്ള പെൻഷൻ വിതരണം നടന്നിട്ടുണ്ടെന്നും ഓരോ ഇനത്തിലും എന്തു തുക കുടിശ്ശികയായി ബാക്കിയുണ്ടെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട കശുവണ്ടി തൊഴിലാളി ക്ഷേമനിധി പെൻഷൻ, കൈത്തറി തൊഴിലാളി ക്ഷേമനിധി പെൻഷൻ, ഈറ്റ തഴ കാട്ടുവള്ളി ക്ഷേമനിധി പെൻഷൻ, തയ്യൽ തൊഴിലാളി ക്ഷേമനിധി പെൻഷൻ, ചുരുട്ട് തൊഴിലാളി ക്ഷേമനിധി പെൻഷൻ, ബീഡി തൊഴിലാളി ക്ഷേമനിധി പെൻഷൻ, അലക്ക് തൊഴിലാളി ക്ഷേമനിധി പെൻഷൻ, ബാർബർ തൊഴിലാളി ക്ഷേമനിധി പെൻഷൻ, അസംഘടിത തൊഴിലാളി ക്ഷേമനിധി പെൻഷൻ, മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ എന്നിവ പ്രതിമാസം 600 രൂപയാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷേമ പെൻഷനുകളിൽ 300 രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്. സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 1252/2011/തൊഴിൽ തീയതി 22-8-2011 പ്രകാരം എല്ലാ പെൻഷനുകളും 300 രൂപയിൽനിന്നും 400 രൂപയാക്കി വർദ്ധിപ്പിച്ചു. സർക്കാർ ഉത്തരവ് (സാധാ.)

നമ്പർ 1305/2013/തൊഴിൽ തീയതി 18-7-2013 പ്രകാരം 400 രൂപയിൽനിന്നും 500 രൂപയാക്കി വർദ്ധിപ്പിച്ചു. സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 1175/2014/ തൊഴിൽ തീയതി 25-8-2014 പ്രകാരം 500 രൂപയിൽനിന്നും 600 രൂപയാക്കി വർദ്ധിപ്പിച്ചു.

(സി) കർഷകത്തൊഴിലാളി പെൻഷൻ 2015 സെപ്റ്റംബർ വരെ വിതരണം നടത്തി. ഒക്ടോബർ മുതൽ കുടിശ്ശികയുണ്ട്. അസംഘടിത തൊഴിലാളി പെൻഷൻ 2015 മാർച്ച് വരെ വിതരണം നടത്തി ഏപ്രിൽ മുതൽ കുടിശ്ശികയാണ്. മരംകയറ്റ തൊഴിലാളി പെൻഷൻ ഏപ്രിൽ മുതൽ ജൂലൈ 2015 വരെ വിതരണം നടത്തി. 2015 ഓഗസ്റ്റ് മുതൽ കുടിശ്ശികയാണ്. തൊഴിൽ വകുപ്പ് മുഖേന നൽകിവരുന്ന മറ്റ് ക്ഷേമപെൻഷനുകൾ 2015 ജൂലൈവരെ അനുവദിച്ച് നൽകിയിട്ടുണ്ട്.

**തോട്ടം തൊഴിലാളികളുടെ വേതനം നിർണ്ണയിക്കുന്നതിനുള്ള സമിതി**

275 (964) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടം തൊഴിലാളികളുടെ വേതനം നിർണ്ണയിക്കുന്നത് ഏത് സമിതിയാണ്; പ്രസ്തുത സമിതിയുടെ ചെയർമാൻ, അംഗങ്ങൾ എന്നിവർ ആരൊക്കെയാണെന്ന് അറിയിക്കുമോ; സമിതിയുടെ യോഗം വിളിച്ച് ചേർക്കുന്നത് ആരാണെന്ന് അറിയിക്കുമോ;

(ബി) ഏറ്റവും ഒടുവിൽ തോട്ടം തൊഴിലാളികളുടെ വേതനം പുതുക്കി നിശ്ചയിച്ചത് എന്നായിരുന്നുവെന്നും ഇതിന്റെ കാലാവധി അവസാനിച്ചത് ഏത് തീയതിയിലാണെന്നും അറിയിക്കുമോ;

(സി) 2014 ഡിസംബർ 31-ന് ശേഷം സേവന-വേതന വ്യവസ്ഥ പുതുക്കാൻ തൊഴിൽ വകുപ്പുമന്ത്രി എത്ര തവണ പി.എൽ.സി. വിളിച്ച് ചേർക്കുകയുണ്ടായി.; വ്യക്തമാക്കുമോ;

(ഡി) കാലാവധി അവസാനിച്ചതിനുശേഷം വേതന വ്യവസ്ഥ പുതുക്കി നിശ്ചയിക്കുന്നതിന് പി.എൽ.സി. യോഗം വിളിച്ച് ചേർക്കാൻ യൂണിയനുകൾ ആവശ്യപ്പെട്ടിട്ടും അതിനു കാലവിളംബം ഉണ്ടായത് എന്തുകൊണ്ടായിരുന്നുവെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) സർക്കാർ തോട്ടം തൊഴിലാളികളുടെ വേതനം നിർണ്ണയിക്കുന്നത് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ചാണ്.

ചെയർമാൻ : ലേബർ കമ്മീഷണർ

കൺവീനർ : ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്

<u>സമിതി അംഗങ്ങൾ</u>:

<u>തൊഴിലുടമാ പ്രതിനിധികൾ</u>

1. ചെയർമാൻ, അസോസിയേഷൻ ഓഫ് പ്ലാന്റേഷൻസ് ഇൻ കേരള (എ.പി.കെ.), പി. ബി. നമ്പർ. 63, തേർഡ് ഫ്ലോർ, 3 ഡി ക്യാപിറ്റൽ സെന്റർ, സ്റ്റാച്യൂ, തിരുവനന്തപുരം.
2. വൈസ് ചെയർമാൻ, അസോസിയേഷൻ ഓഫ് പ്ലാന്റേഷൻസ് ഇൻ കേരള (എ.പി.കെ.), പി. ബി. നമ്പർ. 63, തേർഡ് ഫ്ലോർ, 3 ഡി ക്യാപിറ്റൽ സെന്റർ, സ്റ്റാച്യൂ, തിരുവനന്തപുരം.
3. ശ്രീ. പ്രിൻസ് തോമസ് ജോർജ്ജ്, മാനേജർ (ഐ.ആർ.), കെ.ഡി.എച്ച്.പി. കമ്പനി (പ്രൈവറ്റ്) ലിമിറ്റഡ്, കെ.ഡി. എച്ച്.പി. ഹൗസ്, മൂന്നാർ.
4. മാനേജിംഗ് ഡയറക്ടർ, റിഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ്, പുനലൂർ, കൊല്ലം - 691 305.
5. മാനേജിംഗ് ഡയറക്ടർ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കോട്ടയം - 686 004.
6. ശ്രീ. ജെ. കെ. തോമസ്, മലങ്കര പ്ലാന്റേഷൻസ് ലിമിറ്റഡ്, പി. ബി. നമ്പർ -72, കോടിമത, കോട്ടയം - 686 001.
7. ശ്രീ. പി. റ്റി. ജോസഫ്, ട്രോപ്പിക്കൽ പ്ലാന്റേഷൻസ് ലിമിറ്റഡ്, ടെലിഗ്രാഫ് ഓഫീസ് റോഡ്, കോട്ടയം - 686 001.

8. ശ്രീ. എം. പി. ചെറിയാൻ, കോടനാട് പ്ലാന്റേഷൻസ് ലിമിറ്റഡ്, പി.ബി. നമ്പർ -1117, ബീച്ച് റോഡ്, കോഴിക്കോട്.

9. ശ്രീ. ജി. ജെ. അഞ്ചേരിൽ, എ. വി. ജോർജ്ജ് ആന്റ് കമ്പനി ലിമിറ്റഡ്, പി. ബി. നമ്പർ - 1, കോട്ടയം - 686 001.

10. ശ്രീ. തോമസ് ജേക്കബ്, വാണിയമ്പാറ റബ്ബർ കമ്പനി ലിമിറ്റഡ്, കോട്ടയം - 686 001.

11. ശ്രീ. എം. കെ. മുഹമ്മദ് അലി, മാനേജിംഗ് ഡയറക്ടർ, പാരിസൺസ് എസ്റ്റേറ്റ് & ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്, 6/1183, കുഞ്ഞിപാരി ബിൽഡിംഗ്, ചെറൂട്ടി റോഡ്, കോഴിക്കോട് - 673 032.

12. ശ്രീ. വി. ഉണ്ണികൃഷ്ണൻ, എ.വി.റ്റി. കമ്പനി ലിമിറ്റഡ്, പി.ബി. നമ്പർ. 4260, പനമ്പിള്ളി നഗർ പി.ഒ., കൊച്ചി - 682 036.

13. ശ്രീ. എസ്. ബി. പ്രഭാകർ, പാമ്പാട്ടുംപാറ ഗ്രൂപ്പ് ഓഫ് എസ്റ്റേറ്റ്, പാമ്പാട്ടുംപാറ പി.ഒ., ഇടുക്കി - 685 556.

14. ശ്രീ. ചെറിയാൻ എം. ജോർജ്ജ്, ഹാരിസൺസ് മലയാളം ലിമിറ്റഡ്, പി.ബി. നമ്പർ. 502, വെല്ലിംഗ്ടൺ ഐലന്റ്, കൊച്ചി - 3.

15. ശ്രീ. അജിത്. ബി. കെ., (സെക്രട്ടറി - എ.പി.കെ.), പി. ബി. നമ്പർ - 63, തേർഡ് ഫ്ലോർ, 3 ഡി ക്യാപിറ്റോൾ സെന്റർ, സ്റ്റാച്ച്യൂ, തിരുവനന്തപുരം.

16. ശ്രീ. തോമസ് മാത്യു മറ്റത്തിൽ, ബഥേൽ പ്ലാന്റേഷൻസ്, ബഥേൽ മറ്റത്തിൽ, മൈലപ്പാറ റോഡ്, പത്തനംതിട്ട.

17. ശ്രീ. ബിനു. കെ. മാത്യു, അസിസ്റ്റന്റ് ഡയറക്ടർ, (ലേബർ മാനേജ്മെന്റ്), റബ്ബർ ബോർഡ്, പി. ബി. നമ്പർ. 1122, സബ് ജയിൽ റോഡ്, കോട്ടയം - 686 002.

18. ശ്രീ. സദാശിവ സുബ്രമഹ്ണ്യം, കാർഡമം പ്ലാന്റർ, ശ്രീവിദ്യ 70, വേലപ്പൻ കോവിൽ സ്ട്രീറ്റ്, കമ്പം, തേനി - 625 516.

19. ശ്രീ. ഗിൽബർട്ട് ഡിസൂസ, എ. വി. തോമസ് ഗ്രൂപ്പ് ഓഫ് കമ്പനീസ്, പ്ലാന്റേഷൻ ഡിവിഷൻ, പി. ബി. നമ്പർ 4260, പനമ്പിള്ളി നഗർ, കൊച്ചി - 682 036.

<u>തൊഴിലാളി പ്രതിനിധികൾ</u>

1. ശ്രീ. എ. കെ. മണി, (ഐ.എൻ.ടി.യു.സി.), വീട് നമ്പർ - 2157, ടോപ്പ് സ്റ്റേഷൻ റോഡ്, മൂന്നാർ. പി.ഒ.

2. ശ്രീ. പി. കെ. ഗോപാലൻ, (ഐ.എൻ.ടി.യു.സി.), ഐ.എൻ.ടി.യു.സി. ഓഫീസ്, മേപ്പാടി. പി. ഒ., വയനാട്.

3. ശ്രീ. ജോർജ്ജ് കരിമറ്റം, (ഐ.എൻ.ടി.യു.സി.), പ്രസിഡന്റ്, ഐ.എൻ.ടി.യു.സി. ഇടുക്കി ജില്ലാ കമ്മിറ്റി, ഐ.എൻ.ടി. യു.സി. ഓഫീസ്, വണ്ടൻമേട്, ഇടുക്കി.

4. ശ്രീ. ഭാരതീപുരം ശശി, (ഐ.എൻ.ടി.യു.സി.), ശരവണഗിരി, വാളക്കോട് പി.ഒ., പുനലൂർ - 691 331.

5. ശ്രീ. സിറിയക് തോമസ്, (ഐ.എൻ.ടി.യു.സി.), എച്ച്.ആർ.പി.ഇ. യൂണിയൻ, ഏലപ്പാറ പി.ഒ., പീരുമേട്.

6. ശ്രീ. തോമസ് കല്ലാടൻ, (ഐ.എൻ.ടി.യു.സി.), കല്ലാട്ട് ഹൗസ്, രാമപുരം ബസാർ. പി.ഒ., കോട്ടയം - 686 576.

7. ശ്രീ. പി. ലാലാജി ബാബു, (സി.ഐ.ടി.യു.), ലാലി വിലാസ്, ഭാരതീപുരം പി.ഒ., കൊല്ലം - 691 312.

8. ശ്രീ. പി. എസ്. രാജൻ, (സി.ഐ.ടി.യു.), പരുത്തിപ്പാറ ഹൗസ്, അയ്യപ്പൻ കോവിൽ പി.ഒ., ഇടുക്കി.

9. ശ്രീ. സി. കെ. ഉണ്ണികൃഷ്ണൻ, (സി.ഐ.ടി.യു.), ലീലാ വിലാസ്, ചൊവ്വര പി.ഒ., എറണാകുളം.

10. ശ്രീ. എച്ച്. രാജീവൻ, (എ.ഐ.ടി.യു.സി.), ചിത്തിര, വിളക്കുടി, പുനലൂർ, കൊല്ലം.

11. ശ്രീ. എം. വൈ. ഔസേപ്പ്, (എ.ഐ.ടി.യു.സി.), ഡി.ഇ. ഡബ്ല്യൂ. യൂണിയൻ, എ.ഐ.ടി.യു.സി., മൂന്നാർ, ഇടുക്കി.

12. ശ്രീ. പി. കെ. മൂർത്തി, (എ.ഐ.ടി.യു.സി.), എ.ഐ.ടി.യു.സി. ഓഫീസ്, മേപ്പാടി പി.ഒ., വയനാട്.

13. ശ്രീ. ജി. ബേബി, (യു.റ്റി.യു.സി.), ആർ.എസ്.പി. ഓഫീസ്, ഏലപ്പാറ പി.ഒ., ഇടുക്കി.

14. ശ്രീ. റ്റി. എം. പ്രഭ, (യു.റ്റി.യു.സി.), ധനുസ്, ആശ്രാമം. പി.ഒ., കൊല്ലം - 2.

15. ശ്രീ. ഇ. വി. തങ്കപ്പൻ, (യു.റ്റി.യു.സി.), എടാരിമറ്റം ഹൗസ്, മുണ്ടക്കയം ഈസ്റ്റ് പി. ഒ., ഇടുക്കി - 686 513.

16. ശ്രീ. എൻ. ബി. ശശിധരൻ, (ബി.എം.എസ്.), വൈസ് പ്രസിഡന്റ്, കേരള പ്ലാന്റേഷൻ മസ്ദൂർ ഫെഡറേഷൻ, ബി.എം.എസ്. ഓഫീസ്, നെടുങ്കണ്ടം പി.ഒ., ഇടുക്കി - 685 553.

17. ശ്രീ. പി. പി. എ. കരീം, (എസ്.റ്റി.യു.), എസ്.റ്റി.യു. ഓഫീസ്, മേപ്പാടി പി. ഒ., വയനാട് ജില്ല.

18. അഡ്വ. ടോം തോമസ്, പ്രസിഡന്റ്, എച്ച്.എം.എസ്., പൊൻകുന്നം പി.ഒ., കോട്ടയം - 686 039.

19. ശ്രീ. ജോസഫ് മാത്യൂ, പ്രസിഡന്റ്, പ്ലാന്റേഷൻ സ്റ്റാഫ് ആന്റ് എംപ്ലോയീസ് ഫെഡറേഷൻ, തേക്കുംകൽ ബിൽഡിംഗ്, കളക്ടറേറ്റ് പി.ഒ., കോട്ടയം - 686 002.

(ബി) 22-5-2012-ൽ ഒപ്പുവച്ച ദീർഘകാല കരാറിന്റെ അടിസ്ഥാനത്തിലാണ് അവസാനമായി പ്ലാന്റേഷൻ മേഖലയിൽ വേതനം പരിഷ്കരിച്ചത്. ഈ കരാറിന്റെ കാലാവധി 31-12-2014 വരെ ആയിരുന്നു.

(സി) 2014 ഡിസംബർ 31-നുശേഷം 14 തവണ പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗം വിളിച്ചുചേർത്തിട്ടുണ്ട്. ഇതിൽ എട്ട് എണ്ണത്തിൽ ബഹുമാനപ്പെട്ട തൊഴിലും

നൈപുണ്യവും വകുപ്പുമന്ത്രി നേരിട്ട് പങ്കെടുത്തിട്ടുണ്ട്.

(ഡി) കാലവിളംബം ഉണ്ടായിട്ടില്ല. കാലാവധി അവസാനിക്കുന്നതിന് മുമ്പുതന്നെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യുന്നതിന് പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗങ്ങൾ വിളിച്ചുചേർത്തിരുന്നു.

**തോട്ടം മേഖലയിലെ കൂലി വർദ്ധന**

276 (965) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം മേഖലയിലെ കൂലി വർദ്ധന നടപ്പിലാക്കാനാവില്ലെന്ന് അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് കേരള കത്ത് നൽകിയിരുന്നോ; കത്തിലെ ആവശ്യങ്ങൾ എന്തൊക്കെയാണ്; പകർപ്പ് ലഭ്യമാക്കുമോ ;

(ബി) തോട്ടം തൊഴിലാളികളുടെ സമരകാലത്തും പി.എൽ.സി.-യുമായുള്ള ചർച്ചക്കു മുമ്പും കൂലിക്കാര്യത്തിൽ വകുപ്പുമന്ത്രി നടത്തിയ തൊഴിലാളി വിരുദ്ധ പ്രസ്താവന സമരം നീളുന്നതിനും ചർച്ചയിൽ തൊഴിലാളികൾക്ക് പ്രതികൂലമായി തീരുമാനം വന്ന കാര്യവും പരിശോധിച്ചിരുന്നോ; മന്ത്രി നടത്തിയ പരസ്യ പ്രസ്താവനകൾക്ക് ആധാരമായ വസ്തുതകൾ എന്തായിരുന്നു;

(സി) പരിമിതമായ കൂലി വർദ്ധനയുടെ മറവിൽ തോട്ടം ഉടമകൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളും നികുതി ഇളവുകളും നൽകാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കുമോ;

(ഡി) കൂലി വർദ്ധനവ് തോട്ടം മേഖലയെ തകർക്കുമെന്ന മന്ത്രിയുടെ പരസ്യ പ്രസ്താവനയുടെ പശ്ചാത്തലത്തിൽ, തൊഴിലാളി താല്പര്യം മുൻനിർത്തി നഷ്ടത്തിലുള്ള തോട്ടങ്ങൾ ഏറ്റെടുത്ത് പ്ലാന്റേഷൻ കോർപ്പറേഷനു കീഴിലോ സമാന രീതിയിലോ നടത്തുന്നതിനെക്കുറിച്ച് അഭിപ്രായം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കൂലി വർദ്ധന നടപ്പാക്കാനാകില്ലായെന്ന് അസോസിയേഷൻ ഓഫ്

പ്ലാന്റേഴ്സ് സംസ്ഥാന സർക്കാരിന് കത്ത് നൽകിയിട്ടില്ല.

(ബി) തൊഴിലാളി വിരുദ്ധ പ്രസ്താവന നടത്തിയിട്ടില്ല.

(സി &ഡി) പരിഗണനയിലില്ല.

**തോട്ടം തൊഴിലാളി വേതന പരിഷ്കരണ കരാർ**

277 (966) ശ്രീ. എളമരം കരീം :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടം തൊഴിലാളി വേതന പരിഷ്കരണ കരാറിന്റെ കാലാവധി അവസാനിച്ചത് എന്നായിരുന്നെന്നും പുതുക്കിയ കൂലി എന്നു മുതൽ നൽകാനാണ് ധാരണയായിട്ടുള്ളതെന്നും അറിയിക്കാമോ;

(ബി) പുതുക്കിയ കരാറിലെ വ്യവസ്ഥകൾ എന്തൊക്കെയെന്ന് അറിയിക്കാമോ; കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) വാസസ്ഥലങ്ങളുടെ ശോച്യാവസ്ഥ പരിഹരിക്കൽ, ഇ.എസ്.ഐ. ആനുകൂല്യം, ചികിത്സാ സഹായം എന്നിവയിൽ തൊഴിലാളികൾക്ക് അനുകൂലമായ എന്തൊക്കെ കാര്യങ്ങളാണ് കരാർ പ്രകാരം നടപ്പിലാക്കുന്നത് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) 31-12-2014-നാണ് നിലവിലുണ്ടായിരുന്ന ദീർഘകാല വേതന കരാറിന്റെ കാലാവധി അവസാനിച്ചത്. പുതുക്കിയ കൂലി എന്നുമുതൽ നൽകണമെന്ന വിഷയത്തിൽ ധാരണയായിട്ടില്ല.

(ബി&സി) പ്ലാന്റേഷൻ മേഖലയിലെ ദീർഘകാല വേതന കരാർ പുതുക്കുന്നത് സംബന്ധിച്ച നടപടികൾ അന്തിമ ഘട്ടത്തിലാണ്.

**അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നടപടി**

278 (967) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര തേയിലത്തോട്ടങ്ങൾ ഉണ്ട്; അവയിൽ ഇപ്പോൾ പ്രവർത്തിക്കുന്നവ എത്ര;

(ബി) പ്രവർത്തനം നിലച്ച തോട്ടങ്ങളിലെല്ലാം കൂടി ഉണ്ടായിരുന്ന തോട്ടം തൊഴിലാളികൾ എത്രയായിരുന്നു;

(സി) അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) കമ്പനികൾ പ്രവർത്തനം നിർത്തിവച്ച ഏതെങ്കിലും തോട്ടം ഏറ്റെടുത്ത് പ്രവർത്തിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 179 തേയിലത്തോട്ടങ്ങളുണ്ട്. 175 തേയിലത്തോട്ടങ്ങൾ പ്രവർത്തിക്കുന്നു.

(ബി) 861 പേർ.

(സി) ബോണക്കാട് എസ്റ്റേറ്റ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി അഡീഷണൽ ലേബർ കമ്മീഷണർ (ഐ.ആർ.) ന്റെ നേതൃത്വത്തിൽ വിവിധ ചർച്ചകൾ നടത്തുകയും ചർച്ചയിൽ മാനേജ്മെന്റും ബന്ധപ്പെട്ട തൊഴിലാളി യൂണിയനുകളും വിവിധ വ്യവസ്ഥകൾ പരസ്പരം അംഗീകരിച്ച് ഒത്തുതീർപ്പാക്കിയിട്ടുള്ളതാണ്. ടി തർക്ക വിഷയത്തിന്മേൽ 19-11-2012 മുതൽ 10-10-2014 വരെയുള്ള കാലയളവിൽ ആകെ 16 അനുരഞ്ജന ചർച്ചകൾ നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് ടി വിഷയം ഒത്തുതീർപ്പായത്. എന്നാൽ 5-3-2015 മുതൽ തോട്ടം വീണ്ടും അടഞ്ഞുകിടക്കുന്നുണ്ട്. കൂടാതെ ലേബൽ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ 7-7-2015 തീയതി ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷനും ബന്ധപ്പെട്ട ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷനും നേരിട്ട് ടി തോട്ടം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എം.എം.ജെ. പ്ലാന്റേഷന്റെ കീഴിലുള്ള ബോണാമി, കോട്ടമല എന്നീ തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി 19-6-2014, 16-7-2014, 19-11-2014, 30-11-2014, 1-12-2014, 8-12-2014, 18-12-2014 എന്നീ തീയതികളിൽ അഡീഷണൽ ലേബർ കമ്മീഷണർ (ഐ.ആർ.) ന്റെ നേതൃത്വത്തിൽ ലേബർ കമ്മീഷണറേറ്റിൽ വച്ച്

അനുരഞ്ജന ചർച്ചകൾ നടന്നിരുന്നു. തുടർന്ന് 30-9-2015 -ൽ ബഹുമാനപ്പെട്ട തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അനുരഞ്ജന ചർച്ച ക്രമീകരിച്ചുവെങ്കിലും സാങ്കേതിക കാരണങ്ങളാൽ ചർച്ച നടത്താനായില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**തോട്ടം തൊഴിലാളികളുടെ കൂലി**

279 (968) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ തോട്ടങ്ങളിലായി എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ ; ജില്ല തിരിച്ചുള്ള കണക്ക് സ്ത്രീ - പുരുഷ വ്യത്യാസത്തോടെ നൽകാമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം തോട്ടം തൊഴിലാളികളുടെ കൂലി വർധിപ്പിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ ?

ഉത്തരം

(എ)

| ജില്ല | പുരുഷ തൊഴിലാളികൾ | സ്ത്രീ തൊഴിലാളികൾ | ആകെ തൊഴിലാളികൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| തിരുവനന്തപുരം | 361 | 409 | 770 |
| കൊല്ലം | 2200 | 1790 | 3990 |
| പത്തനംതിട്ട | 1438 | 1111 | 2549 |
| (1) | (2) | (3) | (4) |
| ആലപ്പുഴ | ... | ... | ... |
| കോട്ടയം | 880 | 560 | 1440 |
| ഇടുക്കി | 11014 | 14920 | 25934 |

| | | | |
|---|---|---|---|
| എറണാകുളം | 677 | 335 | 1012 |
| തൃശ്ശൂർ | 1006 | 1346 | 2352 |
| പാലക്കാട് | 999 | 1241 | 2240 |
| മലപ്പുറം | 259 | 129 | 388 |
| കോഴിക്കോട് | 628 | 184 | 812 |
| വയനാട് | 2576 | 4530 | 7106 |
| കണ്ണൂർ | 91 | 88 | 179 |
| കാസർഗോഡ് | 225 | 120 | 345 |
| ആകെ | 22354 | 26763 | 49117 |

(ബി) ഉണ്ട്. കൂലി വർദ്ധനവ് 5-2-2014-ലെ സ.ഉ. (കൈ) നമ്പർ 15/14/ തൊഴിൽ പ്രകാരം മിനിമം വേതന വിജ്ഞാപനമായി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. മേൽപ്പറഞ്ഞ വേതന കരാറിന്റെ കാലാവധി 31-12-2014-ന് അവസാനിച്ചതിനെത്തുടർന്ന് പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗം ചേർന്ന് 14-10-2015-ൽ വേതന വർദ്ധന സംബന്ധിച്ച് ധാരണയായിട്ടുണ്ട്. 2015 നവംബർ മുതൽ പ്രസ്തുത കൂലി തൊഴിലാളികൾക്ക് നൽകാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ അന്തിമ കരാർ ഒപ്പുവയ്ക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ അന്തിമ ഘട്ടത്തിലാണ്.

### തൊഴിൽ വകുപ്പിൽ പുതിയ തസ്തികകൾ

280(969) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളാണ് സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

### കെട്ടിട നിർമ്മാണ സ്ഥലങ്ങളിൽ സുരക്ഷാ ഓഡിറ്റ്

281 (970) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ സ്ഥലങ്ങളിൽ സുരക്ഷാ ഓഡിറ്റ് ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് സുരക്ഷാ മാന്വൽ തയ്യാറാക്കിയിട്ടുണ്ടോ; അതിന്റെ വിശദാംശം നൽകുമോ;

(സി) ഓഡിറ്റിംഗ് നടത്തുന്നതിന് നിലവിൽ ഏതെല്ലാം ഏജൻസികളെയാണ് നിയോഗിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ചട്ടങ്ങളിലെ വ്യവസ്ഥകൾ ഇക്കാര്യത്തിൽ പരിഗണിച്ചിട്ടുണ്ടോ; അതിന്റെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) നിർമ്മാണ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ സുരക്ഷാ മാനദണ്ഡങ്ങളെക്കുറിച്ചും അവ ഉറപ്പുവരുത്തുന്ന രീതികളെ സംബന്ധിച്ചും ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട് - 1996-ൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. മേൽ നിയമവും അനുബന്ധ ചട്ടങ്ങളും അനുസരിച്ചുള്ള സുരക്ഷാ സംവിധാനങ്ങൾ തൊഴിലുടമ സജ്ജീകരിക്കേണ്ടതാണ്. ഇപ്രകാരമുള്ള സുരക്ഷാ സംവിധാനങ്ങൾ പരിശോധിച്ച് ഉറപ്പുവരുത്തുന്നതിലേയ്ക്കായി തൊഴിൽ വകുപ്പിലെ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് -1, ജില്ലാ ലേബർ ഓഫീസർ (ഇ) എന്നിവർ സ്ഥാപനങ്ങളിൽ കർശന പരിശോധനകൾ നടത്തുന്നുണ്ട്. ഇപ്രകാരം 2014 വർഷത്തിൽ സംസ്ഥാനത്താകമാനം ടി നിയമം അനുസരിച്ച് 475 സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും ക്രമക്കേടുകൾ കണ്ടെത്തിയതിനെത്തുടർന്ന് 53 സ്ഥാപനങ്ങൾക്ക് സ്റ്റോപ് മെമ്മോ നൽകുകയും ചെയ്തിട്ടുണ്ട്. തുടർന്ന് 40 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്തിട്ടുമുണ്ട്.

(ബി) തയ്യാറാക്കിയിട്ടുണ്ട്. ആയത് തൊഴിൽ വകുപ്പിന്റെ ഔദ്യോഗിക

വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) പഞ്ചായത്ത് ബിൽഡിംഗ് റൂൾസിൽ ഭേദഗതി വരുത്തി 10-1-2014-ൽ ഗസറ്റ് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. കേരളാ മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് ഭേദഗതി വരുത്തുന്നതിന് നഗരകാര്യ വകുപ്പിൽ തുടർ നടപടികളെടുത്തു വരുന്നു.

(ഡി) കേരളാ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ട് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായാണ് ഹെൽത്ത് ആന്റ് സേഫ്റ്റി മാന്വൽ തയ്യാറാക്കിയിട്ടുള്ളത്.

**പീലിംഗ് തൊഴിലാളികളുടെ ക്ഷേമം**

282 (971) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീലിംഗ് തൊഴിലാളികളുടെ ക്ഷേമത്തിനായി രൂപീകരിച്ച കമ്മീഷന്റെ നിർദ്ദേശങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(ബി) നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിലാക്കിയോ; ഇല്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കുമോ?

ഉത്തരം

(എ) മത്സ്യമേഖലയിലെ പീലിംഗ് ഷെഡ്ഡുകളിലെ സംസ്കരണ ശാലയിൽ ജോലി തേടുന്ന തൊഴിലാളികളുടെ സാഹചര്യങ്ങളെക്കുറിച്ച് പഠിക്കുന്നതിനായി സർക്കാരിന്റെ 2-1-2009 തീയതിയിലെ ജി.ഒ. (ആർടി.) നമ്പർ 04/09/മ.തു.വ. പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറി (ഫിഷറീസ്) ചെയർമാനായും ഫിഷറീസ് ഡയറക്ടർ കൺവീനറായും ഒരു അഞ്ചംഗ വിദഗ്ദ്ധ സമിതി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. വിദഗ്ദ്ധ സമിതി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകളടങ്ങിയ പ്രസക്ത ഭാഗം (മലയാള പരിഭാഷ) അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) വിദഗ്ദ്ധ സമിതിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ വിശദമായി പരിശോധിക്കുകയും വിദഗ്ദ്ധ സമിതി റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ടിട്ടുള്ള വിവിധ പ്രശ്നങ്ങൾ ഒരു ഏജൻസിക്കുമാത്രം പരിഹരിക്കാൻ കഴിയുന്നതല്ലാത്തതിനാൽ വിവിധ വകുപ്പുകളായ തൊഴിൽ, ആരോഗ്യം, തദ്ദേശസ്വയംഭരണ വകുപ്പ്, മലിനീകരണ നിയന്ത്രണ വകുപ്പ് മുതലായവ സ്വീകരിക്കുന്ന നടപടികൾ ഏകോപിപ്പിച്ച് തൊഴിലാളികൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേയ്ക്കായി ആവശ്യമായ പ്രൊപ്പോസലുകൾ രൂപീകരിക്കുന്നതിന് പ്രസ്തുത വകുപ്പുകളിലെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി ഫിഷറീസ് ഡയറക്ടർ ചെയർമാനായി 18-8-2011 തീയതിയിലെ ജി.ഒ. (ആർടി.) നമ്പർ 562/11/മ.ഇ.വ. പ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. തുടർന്ന് ഫിഷറീസ് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ശുചിത്വം, വേതനം, മറ്റ് സേവന വ്യവസ്ഥകൾ, പീലിംഗ്-സംസ്കരണ തൊഴിലാളികളുടെ തൊഴിൽ സാഹചര്യങ്ങൾ എന്നിവ സംബന്ധിച്ച് രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയും കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റികളും രൂപീകരിച്ച് 4-11-2013 തീയതിയിലെ ജി.ഒ. (ആർടി.) നമ്പർ 919/2013/മ.ഇ.വ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അപ്രകാരം സംസ്ഥാനതല കമ്മിറ്റി കൂടുന്നതിനും ജില്ലാതല കമ്മിറ്റികൾ സമർപ്പിക്കുന്ന റിപ്പോർട്ടുകൾ വിലയിരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വാമനപുരം നിയോജകമണ്ഡലത്തിൽ ഇ.എസ്.ഐ. ആനുകൂല്യം**

283 (972) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം ലഭ്യമായിട്ടുള്ള ഏതെല്ലാം സ്ഥാപനങ്ങൾ വാമനപുരം നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്നു; വിശദമായ പട്ടിക ലഭ്യമാക്കുമോ;

(ബി) ഇ.എസ്.ഐ. പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി വാമനപുരം നിയോജകമണ്ഡലത്തിലെ ഏതെങ്കിലും സ്ഥാപനങ്ങൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

ഇവയിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വാമനപുരം നിയോജക മണ്ഡലത്തിൽ നിലവിൽ ഇ.എസ്.ഐ. ആനുകൂല്യം ലഭ്യമാകുന്ന 16 ഇ.എസ്.ഐ. സ്ഥാപനങ്ങളുടെ പട്ടിക ഇ.എസ്.ഐ. കോർപ്പറേഷനിൽ നിന്ന് ലഭ്യമായത് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

(ബി) അപേക്ഷ സമർപ്പിച്ചിട്ടില്ലായെന്ന് ഇ.എസ്.ഐ. കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്.

**സ്വകാര്യ നഴ്സിംഗ് മേഖലയിൽ തൊഴിൽ സുരക്ഷിതത്വം**

284 (973) <u>ശ്രീ. കെ. അച്ചുതൻ</u> :
<u>ശ്രീ. എം. എ. വാഹീദ്</u> :
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> :
<u>ശ്രീ. ലൂഡി ലൂയിസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ നഴ്സിംഗ് മേഖലയിൽ തൊഴിൽ സുരക്ഷിതത്വത്തിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും ബാങ്കുവഴി നൽകുന്നതിനുമുള്ള വേതന സുരക്ഷാ പദ്ധതി (ഇ-പേയ്മെന്റ് ഓഫ് വേജസ്) സംസ്ഥാനത്ത് 25-8-2015-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭിക്കുന്നതിനും നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നുവെന്ന്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉറപ്പ് വരുത്തുന്നതിനും തൊഴിലാളികൾക്ക് വേജ് സ്ലിപ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. കൂടാതെ തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് ഓൺലൈനായിതന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ചവരുത്തുന്ന സ്ഥാപന ഉടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുവാനും കഴിയും.

(സി) വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി 1958-ലെ മിനിമം വേതന ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള വിജ്ഞാപനം സർക്കാരിന്റെ 8-7-2015-ലെ സ.ഉ.(അച്ചടി) നമ്പർ 84/2015/തൊഴിൽ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കെൽട്രോണുമായി സഹകരിച്ച് പ്രസ്തുത പദ്ധതിക്കായി ഒരു സോഫ്റ്റ്‌വെയർ വികസിപ്പിക്കുകയും ആയത് നടപ്പാക്കുന്നതിനായി നാഷണലൈസ്ഡ്, ഷെഡ്യൂൾഡ് ബാങ്കുകൾ, സ്വകാര്യ തൊഴിലുടമാ പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തുകയും 16 ബാങ്കുകളുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

## തൊഴിലാളി ക്ഷേമനിധി ബോർഡുകളിൽ നിന്നുള്ള ധനസഹായം

285 (974) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ തൊഴിലാളിക്ഷേമനിധി ബോർഡുകളിൽ നിന്നും, വിദ്യാഭ്യാസ ധനസഹായം, മരണാനന്തര ധനസഹായം, വിവാഹ ധനസഹായം, പ്രസവാനന്തര ധനസഹായം, ചികിത്സാ ധനസഹായം തുടങ്ങിയവ യഥാസമയം നൽകുന്നില്ല എന്ന വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) വിവിധ ക്ഷേമനിധികളിൽ നിന്നും മേൽപ്പറഞ്ഞ ഓരോ വിഭാഗത്തിലേക്കുമായി എത്ര പേർക്ക് വീതം ധനസഹായം നൽകാനുണ്ടെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ ആനുകൂല്യം യഥാസമയം നൽകി വരുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

**തൊഴിൽ രഹിതർക്ക് പുതിയ പദ്ധതികൾ**

286(975) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്ക് 4% പലിശയിൽ 25 ലക്ഷം രൂപ വരെ ലോൺ അനുവദിക്കുന്നതിനുള്ള പ്രത്യേക തൊഴിൽദാന പദ്ധതി ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോയെന്നു വിശദമാക്കുമോ ;

(ബി) തൊഴിൽരഹിത യുവജനങ്ങൾക്ക് നൈപുണ്യ പദ്ധതിയിലൂടെ പഞ്ചായത്തുകൾതോറും പരിശീലന യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോയെന്നു വിശദമാക്കുമോ ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് വകുപ്പുമുഖേന തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് നാല് ശതമാനം പലിശയിൽ 25 ലക്ഷം രൂപ വരെ ലോൺ അനുവദിക്കുന്നതിനുള്ള പ്രത്യേക തൊഴിൽദാന പദ്ധതി ആരംഭിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസലുകളോ നിർദ്ദേശങ്ങളോ പരിഗണനയിലില്ല. എന്നാൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേക്കുവേണ്ടി Entrepreneurship Development India, Ahmadabad എന്ന സ്ഥാപനവുമായി ചേർന്ന് കൊച്ചിയിൽ ഒരു സെന്റർ തുടങ്ങുവാനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(ബി) തൊഴിൽരഹിത യുവജനങ്ങൾക്ക് പ്രയോജനപ്പെടുന്ന കൗശല

കേന്ദ്രങ്ങൾ കൊല്ലം ജില്ലയിലും കോഴിക്കോട് ജില്ലയിലും ആരംഭിച്ചിട്ടുണ്ട്. മറ്റുള്ള ജില്ലകളിലും കൗശല കേന്ദ്രങ്ങൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**മൂന്നാർ തോട്ടം തൊഴിലാളി സമരം**

287 (976) ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ തോട്ടം തൊഴിലാളി സമരം ഒത്തുതീർപ്പാക്കുന്നതിന് കൈക്കൊണ്ട തീരുമാനങ്ങളും വ്യവസ്ഥകളും എന്തായിരുന്നു; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വ്യവസ്ഥകളും തീരുമാനങ്ങളും പൂർണ്ണമായും നടപ്പിലാക്കി കഴിഞ്ഞോ ;

(സി) ഇല്ലെങ്കിൽ ഏതൊക്കെ തീരുമാനങ്ങളാണ് നടപ്പിലാക്കിയതെന്നും ഏതൊക്കെ തീരുമാനങ്ങളാണ് ഇനി നടപ്പിലാക്കേണ്ടതെന്നും വ്യക്തമാക്കുമോ ;

(ഡി) നടപ്പിലാക്കേണ്ട തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് ഗവൺമെന്റ് എന്ത് നടപടികളാണ് എടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) M/s കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻ (കെ.ഡി.എച്ച്.പി.) കമ്പനിയുടെ ഉടമസ്ഥതയിൽ മൂന്നാറിൽ പ്രവർത്തിച്ചുവരുന്ന വിവിധ തേയില തോട്ടങ്ങളിലെ തൊഴിലാളികളുടെ 2014-15 വർഷത്തെ ബോണസ് സംബന്ധിച്ചുണ്ടായിരുന്ന തർക്കം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 13-9-2015 തീയതിയിൽ വിളിച്ചുചേർത്ത ബന്ധപ്പെട്ട കക്ഷികളുടെ യോഗത്തിൽ ഒത്തുതീർപ്പായി. ഒത്തുതീർപ്പ് വ്യവസ്ഥകൾ ചുവടെ ചേർക്കും പ്രകാരമാണ്:

1. M/s കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻ ലിമിറ്റഡ് (കെ.ഡി. എച്ച്. പി.) മൂന്നാറിലെ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് 2014-15 വർഷത്തേക്ക്

ബോണസ് നിയമപ്രകാരം 8.33 ശതമാനം ബോണസും കൂടാതെ 11.67 ശതമാനം തുക എക്സ്ഗ്രേഷ്യയായും സ്പെഷ്യൽ കേസായി നൽകുന്നതാണ്. (ആകെ 20 ശതമാനത്തിന് തുല്യമായ തുക).

2. ടി തുക 21-9-2015 തീയതിയിലോ അതിനുമുമ്പോ വിതരണം നടത്തുന്നതാണ്.

3. തൊഴിലാളികളുന്നയിച്ച വേതന വർദ്ധനവ് ഉൾപ്പെടെയുള്ള ഇതര വിഷയങ്ങൾ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്.

4. 1951-ലെ തോട്ടം തൊഴിലാളി നിയമപ്രകാരവും മറ്റ് തൊഴിൽ നിയമപ്രകാരവും തൊഴിലാളികൾ ഉന്നയിച്ചിട്ടുള്ള നിയമലംഘനങ്ങൾ സംബന്ധിച്ച് പ്ലാന്റേഷൻ ചീഫ് ഇൻസ്പെക്ടർ അടിയന്തരമായി പരിശോധന നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

കൂടാതെ തോട്ടം തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാനത്ത് നടന്ന തോട്ടം തൊഴിലാളി സമരം 14-10-2015 തീയതിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ വച്ച് ഒത്തുതീർപ്പായി. ഇതുപ്രകാരമുള്ള തൊഴിലാളികളുടെ വേതന വർദ്ധനവ് സംബന്ധിച്ചുള്ള വ്യവസ്ഥകൾ ചുവടെ പറയും പ്രകാരമാണ്. തേയിലത്തോട്ടം തൊഴിലാളികളുടെ വേതനം 232 രൂപയിൽനിന്നും 301 രൂപയായി വർദ്ധിപ്പിച്ചു. ഏലത്തോട്ടം തൊഴിലാളികളുടെ വേതനം 267 രൂപയിൽ നിന്നും 330 രൂപയാക്കി വർദ്ധിപ്പിച്ചു. റബ്ബർത്തോട്ടം തൊഴിലാളികളുടെ വേതനം 317 രൂപയിൽനിന്നും 381 രൂപയാക്കി.

(ബി) ബോണസ് സംബന്ധിച്ച് ഒത്തുതീർപ്പ് നടപ്പിലായി 20 ശതമാനം ബോണസ് തൊഴിലാളികൾക്ക് വിതരണം ചെയ്തു. വേതന വർദ്ധനവ് 2015 നവംബർ മാസത്തെ ശമ്പളത്തോടൊപ്പം നൽകുന്നതിന് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ തീരുമാനമായി.

(സി) വേതന വർദ്ധനവ് 2015 നവംബർ മാസത്തെ ശമ്പളത്തോടൊപ്പം

നൽകുന്നതിന് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ തീരുമാനമായി. ബാക്കിയുള്ള വ്യവസ്ഥകൾ സംബന്ധിച്ച് പ്ലാന്റേഷൻ ലേബർ കമ്മിറ്റി അന്തിമ തീരുമാനം എടുത്തിട്ടില്ല.

(ഡി) ബോണസ്, വേതന വർദ്ധനവ് എന്നിവ ഒഴികെയുള്ള മറ്റ് വ്യവസ്ഥകൾ സംബന്ധിച്ച് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ തീരുമാനമാകേണ്ടതുണ്ട്. ആയത് തീരുമാനമാകുന്ന മുറയ്ക്ക് ടി തീരുമാനങ്ങൾ നടപ്പിലാക്കാത്ത തോട്ടമുടമകൾക്കെതിരെ 1951-ലെ പ്ലാന്റേഷൻ തൊഴിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പരമ്പരാഗത വ്യവസായ മേഖലയിലെ പ്രതിസന്ധി**

288 (977) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായ മേഖലയിലെ പ്രതിസന്ധി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) കശുവണ്ടി, ബീഡി മേഖലയിലെ തൊഴിലാളികളുടെ ക്ഷേമം വിലയിരുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത മേഖലയിൽനിന്നും വിരമിച്ചവർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നിലവിൽ നൽകിക്കൊണ്ടിരിക്കുന്നത്. വിശദമാക്കാമോ;

(ഡി) ഇവരുടെ പെൻഷൻ തുക വർദ്ധിപ്പിക്കാൻ നടപടി കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

(സി) അവശതമൂലം തൊഴിൽ ചെയ്യാൻ കഴിയാതെ അവശതാ സർട്ടിഫിക്കറ്റ് ഹാജരാക്കി സ്വയം വിരമിക്കുന്നവർക്ക് എക്സ്ഗ്രേഷ്യയായി പരമാവധി 5000 രൂപയും അവശതാ പെൻഷനായി പ്രതിമാസം 600 രൂപയും നൽകുന്നു. സൂപ്പറാനുവേഷനായി വിരമിക്കുന്നവർക്ക് പ്രതിമാസം 600 രൂപയും നൽകുന്നു. പെൻഷനായവർ മരണമടഞ്ഞാൽ ശവസംസ്കാര സാമ്പത്തിക സഹായമായി 1000 രൂപ നൽകുന്നു.

പെൻഷണർ മരണമടഞ്ഞാൽ അനന്തരാവകാശിക്ക് പെൻഷൻ കുടിശ്ശിക നൽകുന്നു. ബീഡി തൊഴിലാളികൾക്ക് സൂപ്പറാനുവേഷൻ പെൻഷനായി 600 രൂപ പ്രതിമാസം നൽകുന്നുണ്ട്. പെൻഷണർ മരണമടഞ്ഞാൽ അനന്തരാവകാശിക്ക് പെൻഷൻ കുടിശ്ശിക നൽകുന്നു.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**തൊഴിലാളി ക്ഷേമനിധി ബോർഡ്**

289 (978) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളി ക്ഷേമനിധിയിലേക്ക് തൊഴിലാളികളിൽനിന്നും തൊഴിൽ ഉടമകളിൽനിന്നുമുള്ള ക്ഷേമനിധി വിഹിതം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) കേരള തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഓഡിറ്റുകളും കണക്കുകളും സംസ്ഥാന ഓഡിറ്റ് വകുപ്പ് പരിശോധിക്കുന്നുണ്ട്. ബോർഡിൽ ഇന്റേണൽ ഓഡിറ്റും നടത്തുന്നുണ്ട്. കൂടാതെ തൊഴിൽ വകുപ്പിന്റെ കീഴിലുള്ള ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന പരിശോധനാ വിഭാഗം തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഓഫീസുകളിലും പരിശോധന നടത്തുന്നുണ്ട്.

**ഒറ്റപ്പാലം ഐ.ടി.ഐ.**

290 (979) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ എത്ര ഐ.ടി.ഐ.-കൾ

പ്രവർത്തിക്കുന്നുണ്ട്;

(ബി) ഒറ്റപ്പാലം കരിമ്പുഴയിൽ ഐ.ടി.ഐ. എന്നാണ് ആരംഭിച്ചത് എന്നും കരിമ്പുഴയിലെ എളമ്പുലാശ്ശേരി ഐ.ടി.-യിൽ ഏതെല്ലാം ട്രെയിഡുകൾ ആണ് നിലവിലുള്ളത് എന്നും എത്ര കുട്ടികൾ ഏതെല്ലാം കോഴ്സുകൾക്ക് ചേരുകയുണ്ടായി എന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ഐ.ടി.ഐ.-യിൽ എത്ര അധ്യാപകരെയും അനധ്യാപകരെയും നിയമിച്ചു എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഒന്ന്.

(ബി) ജി.ഒ. (എംഎസ്.) നമ്പർ 67/15/തൊഴിൽ തീയതി 18-6-2015 പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ള ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ കരിമ്പുഴ ഗ്രാമ പഞ്ചായത്തിലെ എളമ്പുലാശ്ശേരി ഐ.ടി.ഐ. 2015 ഒക്ടോബർ മാസം 19-ന് പ്രവർത്തനം ആരംഭിച്ചു. ഡ്രാഫ്റ്റ്സ്മാൻ സിവിൽ, പ്ലംബർ എന്നീ ട്രേഡുകളാണ് നിലവിലുള്ളത്. ഈ വിദ്യാഭ്യാസ വർഷം ടി ഐ.ടി.ഐ. യിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡിൽ 20 പരിശീലനാർത്ഥികൾക്കും പ്ലംബർ ട്രേഡിൽ 21 പരിശീലനാർത്ഥികൾക്കും അഡ്മിഷൻ നടത്തി ക്ലാസുകൾ ആരംഭിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ഐ.ടി.ഐ. യിൽ അദ്ധ്യാപക/അനദ്ധ്യാപക തസ്തികകൾ ഒന്നുംതന്നെ അനുവദിച്ചിട്ടില്ല. എളമ്പുലാശ്ശേരി ഐ.ടി.ഐ. പ്രിൻസിപ്പാളിന്റെ അധിക ചുമതല മലമ്പുഴ ഐ.ടി.ഐ. വൈസ് പ്രിൻസിപ്പാളിന് നൽകിയിട്ടുണ്ട്. പ്രസ്തുത ഐ.ടി.ഐ. യിലെ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, പ്ലംബർ ട്രേഡുകളിലേക്ക് പരിശീലനം നൽകുന്നതിനായി മലമ്പുഴ ഐ.ടി.ഐ.-യിലെ ഇൻസ്ട്രക്ടർമാരുടെ സേവനം താൽക്കാലികമായി ലഭ്യമാക്കിയിട്ടുണ്ട്.

**മൂന്നാറിലെ തോട്ടം തൊഴിലാളി സമരം**

291 (980) <u>ശ്രീ. സി. കെ. നാണു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ തോട്ടം തൊഴിലാളി സമരം ഒത്തുതീർപ്പാക്കുന്നതിന് കൈക്കൊണ്ട തീരുമാനങ്ങളും വ്യവസ്ഥകളും എന്തായിരുന്നു: വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വ്യവസ്ഥകളും തീരുമാനങ്ങളും പൂർണ്ണമായും നടപ്പിലാക്കി കഴിഞ്ഞോ; ഇല്ലെങ്കിൽ ഏതൊക്കെ തീരുമാനങ്ങളാണ് നടപ്പിലാക്കിയതെന്നും ഏതൊക്കെ തീരുമാനങ്ങളാണ് ഇനി നടപ്പിലാക്കേണ്ടതെന്നും വ്യക്തമാക്കുമോ ;

(സി) നടപ്പിലാക്കേണ്ട തീരുമാനങ്ങൾ സംബന്ധിച്ച് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) M/s കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻ (കെ.ഡി.എച്ച്.പി.) കമ്പനിയുടെ ഉടമസ്ഥതയിൽ മൂന്നാറിൽ പ്രവർത്തിച്ചുവരുന്ന വിവിധ തേയില തോട്ടങ്ങളിലെ തൊഴിലാളികളുടെ 2014-15 വർഷത്തെ ബോണസ് സംബന്ധിച്ചുണ്ടായിരുന്ന തർക്കം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 13-9-2015 തീയതിയിൽ വിളിച്ചുചേർത്ത ഒത്തുതീർപ്പ് വ്യവസ്ഥകൾ ചുവടെ ചേർക്കും പ്രകാരമാണ്:

1. M/s കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻ (കെ.ഡി.എച്ച്.പി.) മൂന്നാറിലെ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് 2014-15 വർഷത്തേക്ക് ബോണസ് നിയമപ്രകാരം 8.33 ശതമാനം ബോണസും കൂടാതെ 11.67 ശതമാനം തുക എക്സ്ഗ്രേഷ്യയായും സ്പെഷ്യൽ കേസായി നൽകുന്നതാണ്. (ആകെ 20 ശതമാനത്തിന് തുല്യമായ തുക).
2. ടി തുക 21-9-2015 തീയതിയിലോ അതിനുമുമ്പോ വിതരണം നടത്തുന്നതാണ്.
3. തൊഴിലാളികളുന്നയിച്ച വേതന വർദ്ധനവ് ഉൾപ്പെടെയുള്ള ഇതര വിഷയങ്ങൾ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്.
4. 1951-ലെ തോട്ടം തൊഴിലാളി നിയമപ്രകാരവും മറ്റ് തൊഴിൽ

നിയമപ്രകാരവും തൊഴിലാളികൾ ഉന്നയിച്ചിട്ടുള്ള നിയമലംഘനങ്ങൾ സംബന്ധിച്ച് പ്ലാന്റേഷൻ ചീഫ് ഇൻസ്പെക്ടർ അടിയന്തരമായി പരിശോധന നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

കൂടാതെ തോട്ടം തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാനത്ത് നടന്ന തോട്ടം തൊഴിലാളി സമരം 14-10-2015 തീയതിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ വച്ച് ഒത്തുതീർപ്പായി. ഇതുപ്രകാരമുള്ള തൊഴിലാളികളുടെ വേതന വർദ്ധനവ് സംബന്ധിച്ചുള്ള വ്യവസ്ഥകൾ ചുവടെ പറയുംപ്രകാരമാണ്: തേയിലത്തോട്ടം തൊഴിലാളികളുടെ വേതനം 232 രൂപയിൽ നിന്നും 301 രൂപയായി വർദ്ധിപ്പിച്ചു. ഏലത്തോട്ടം തൊഴിലാളികളുടെ വേതനം 267 രൂപയിൽ നിന്നും 330 രൂപയാക്കി വർദ്ധിപ്പിച്ചു. റബ്ബർത്തോട്ടം തൊഴിലാളികളുടെ വേതനം 317 രൂപയിൽനിന്നും 381 രൂപയാക്കി.

(ബി) ബോണസ് സംബന്ധിച്ച് ഒത്തുതീർപ്പ് നടപ്പിലായി 20 ശതമാനം ബോണസ് തൊഴിലാളികൾക്ക് വിതരണം ചെയ്തു. വേതന വർദ്ധനവ് 2015 നവംബർ മാസത്തെ ശമ്പളത്തോടൊപ്പം നൽകുന്നതിന് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ തീരുമാനമായി. ബാക്കിയുള്ള വ്യവസ്ഥകൾ സംബന്ധിച്ച് പ്ലാന്റേഷൻ ലേബർ കമ്മിറ്റി അന്തിമ തീരുമാനം എടുത്തിട്ടില്ല.

(സി) ബോണസ്, വേതന വർദ്ധനവ് എന്നിവ ഒഴികെയുള്ള മറ്റ് വ്യവസ്ഥകൾ സംബന്ധിച്ച് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ തീരുമാനമാകേണ്ടതുണ്ട്. ആയത് തീരുമാനമാകുന്ന മുറയ്ക്ക് ടി തീരുമാനങ്ങൾ നടപ്പിലാക്കാത്ത തോട്ടമുടമകൾക്കെതിരെ 1951-ലെ പ്ലാന്റേഷൻ തൊഴിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**മൂന്നാറിലെ തോട്ടം തൊഴിലാളി സമരം**

292 (981) <u>ശ്രീ. മാത്യു ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ തോട്ടം തൊഴിലാളികളുടെ സമരം ഒത്തു തീർപ്പാക്കുന്നതിന് കൈക്കൊണ്ട തീരുമാനങ്ങളും വ്യവസ്ഥകളും എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കുമോ;

(ബി) ആയത് പൂർണ്ണമായും നടപ്പിലാക്കിക്കഴിഞ്ഞോ; ഇല്ലെങ്കിൽ ഏതൊക്കെ തീരുമാനങ്ങളാണ് നടപ്പിലാക്കിയതെന്നും ഏതൊക്കെയാണ് ഇനി നടപ്പിലാക്കേണ്ടതെന്നും വ്യക്തമാക്കുമോ;

(സി) തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) M/s കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻ (കെ.ഡി.എച്ച്.പി.) കമ്പനിയുടെ ഉടമസ്ഥതയിൽ മൂന്നാറിൽ പ്രവർത്തിച്ചുവരുന്ന വിവിധ തേയില തോട്ടങ്ങളിലെ തൊഴിലാളികളുടെ 2014-15 വർഷത്തെ ബോണസ് സംബന്ധിച്ച് ഉണ്ടായിരുന്ന തർക്കം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 13-9-2015 തീയതിയിൽ വിളിച്ചു ചേർത്ത യോഗത്തിൽ ഒത്തുതീർപ്പായി. ഒത്തുതീർപ്പ് വ്യവസ്ഥകൾ ചുവടെ ചേർക്കും പ്രകാരമാണ്:

1. M/s കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻ (കെ.ഡി.എച്ച്.പി.) മൂന്നാറിലെ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് 2014-15 വർഷത്തേക്ക് ബോണസ് നിയമപ്രകാരം 8.33 ശതമാനം ബോണസും കൂടാതെ 11.67 ശതമാനം തുക എക്സ്ഗ്രേഷ്യയായും സ്പെഷ്യൽ കേസായി നൽകുന്നതാണ്. (ആകെ 20 ശതമാനത്തിന് തുല്യമായ തുക).

2. ടി തുക 21-9-2015 തീയതിയിലോ അതിനുമുമ്പോ വിതരണം നടത്തുന്നതാണ്.

3. തൊഴിലാളികളുന്നയിച്ച വേതന വർദ്ധനവ് ഉൾപ്പെടെയുള്ള ഇതര വിഷയങ്ങൾ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്.

4. 1951-ലെ തോട്ടം തൊഴിലാളി നിയമപ്രകാരവും മറ്റ് തൊഴിൽ നിയമപ്രകാരവും തൊഴിലാളികൾ ഉന്നയിച്ചിട്ടുള്ള നിയമലംഘനങ്ങൾ സംബന്ധിച്ച് പ്ലാന്റേഷൻ ചീഫ് ഇൻസ്പെക്ടർ അടിയന്തരമായി പരിശോധന നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

കൂടാതെ തോട്ടം തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കണമെന്ന്

ആവശ്യപ്പെട്ട് സംസ്ഥാനത്തുനടന്ന തോട്ടം തൊഴിലാളി സമരം 14-10-2015 തീയതിയിൽ ബഹു മാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ വച്ച് ഒത്തുതീർപ്പായി. ഇതുപ്രകാരമുള്ള തൊഴിലാളികളുടെ വേതന വർദ്ധനവ് സംബന്ധിച്ചുള്ള വ്യവസ്ഥകൾ ചുവടെ പറയുംപ്രകാരമാണ്: തേയിലത്തോട്ടം തൊഴിലാളികളുടെ വേതനം 232 രൂപയിൽ നിന്നും 301 രൂപയായി വർദ്ധിപ്പിച്ചു. ഏലത്തോട്ടം തൊഴിലാളികളുടെ വേതനം 267 രൂപയിൽ നിന്നും 330 രൂപയാക്കി വർദ്ധിപ്പിച്ചു. റബ്ബർത്തോട്ടം തൊഴിലാളികളുടെ വേതനം 317 രൂപയിൽനിന്നും 381 രൂപയാക്കി.

(ബി) ബോണസ് സംബന്ധിച്ച് ഒത്തുതീർപ്പ് നടപ്പിലായി 20 ശതമാനം ബോണസ് തൊഴിലാളികൾക്ക് വിതരണം ചെയ്തു. വേതന വർദ്ധനവ് 2015 നവംബർ മാസത്തെ ശമ്പളത്തോടൊപ്പം നൽകുന്നതിന് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ തീരുമാനമായി. ബാക്കിയുള്ള വ്യവസ്ഥകൾ സംബന്ധിച്ച് പ്ലാന്റേഷൻ ലേബർ കമ്മിറ്റി അന്തിമ തീരുമാനം എടുത്തിട്ടില്ല.

(സി) ബോണസ്, വേതന വർദ്ധനവ് എന്നിവ ഒഴികെയുള്ള മറ്റ് വ്യവസ്ഥകൾ സംബന്ധിച്ച് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ തീരുമാനമാകേണ്ടതുണ്ട്. ആയത് തീരുമാനമാകുന്ന മുറയ്ക്ക് ടി തീരുമാനങ്ങൾ നടപ്പിലാക്കാത്ത തോട്ടമുടമകൾക്കെതിരെ 1951-ലെ പ്ലാന്റേഷൻ തൊഴിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**മൂന്നാറിലെ തോട്ടം തൊഴിലാളി സമരം**

293 (982) <u>ശ്രീ. ജോസ് തെറ്റയിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിലെ തോട്ടം തൊഴിലാളി സമരത്തിന്റെ ഒത്തുതീർപ്പ് വ്യവസ്ഥകൾ എന്തെല്ലാമായിരുന്നു; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത വ്യവസ്ഥകളും തീരുമാനങ്ങളും പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ നടപ്പിലാക്കിയവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഇനി നടപ്പിലാക്കേണ്ടതുമായ തീരുമാനങ്ങൾ എന്തൊക്കെയാണെന്നും അവ നടപ്പിലാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) M/s കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻ (കെ.ഡി.എച്ച്.പി.) കമ്പനിയുടെ ഉടമസ്ഥതയിൽ മൂന്നാറിൽ പ്രവർത്തിച്ചുവരുന്ന വിവിധ തേയിലത്തോട്ടങ്ങളിലെ തൊഴിലാളികളുടെ 2014-15 വർഷത്തെ ബോണസ് സംബന്ധിച്ചുണ്ടായിരുന്ന തർക്കം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 13-9-2015 തീയതിയിൽ വിളിച്ചുചേർത്ത ബന്ധപ്പെട്ട കക്ഷികളുടെ യോഗത്തിൽ ഒത്തുതീർപ്പായി. ഒത്തുതീർപ്പ് വ്യവസ്ഥകൾ ചുവടെ ചേർക്കും പ്രകാരമാണ്:

1. M/s കണ്ണൻ ദേവൻ ഹിൽസ് പ്ലാന്റേഷൻ (കെ.ഡി.എച്ച്.പി.) മൂന്നാറിലെ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് 2014-15 വർഷത്തേയ്ക്ക് ബോണസ് നിയമപ്രകാരം 8.33 ശതമാനം ബോണസും കൂടാതെ 11.67 ശതമാനം തുക എക്സ്ഗ്രേഷ്യയായും സ്പെഷ്യൽ കേസായി നൽകുന്നതാണ്. (ആകെ 20 ശതമാനത്തിന് തുല്യമായ തുക).
2. ടി തുക 21-9-2015 തീയതിയിലോ അതിനുമുമ്പോ വിതരണം നടത്തുന്നതാണ്.
3. തൊഴിലാളികളുന്നയിച്ച വേതന വർദ്ധനവ് ഉൾപ്പെടെയുള്ള ഇതര വിഷയങ്ങൾ പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്.
4. 1951-ലെ തോട്ടം തൊഴിലാളി നിയമപ്രകാരവും മറ്റ് തൊഴിൽ നിയമപ്രകാരവും തൊഴിലാളികൾ ഉന്നയിച്ചിട്ടുള്ള നിയമലംഘനങ്ങൾ സംബന്ധിച്ച് പ്ലാന്റേഷൻ ചീഫ് ഇൻസ്പെക്ടർ അടിയന്തരമായി പരിശോധന നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

കൂടാതെ തോട്ടം തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് സംസ്ഥാനത്ത് നടന്ന തോട്ടം തൊഴിലാളി സമരം 14-10-2015 തീയതിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ

സാന്നിദ്ധ്യത്തിൽ നടന്ന പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗത്തിൽ വച്ച് ഒത്തുതീർപ്പായി. ഇതുപ്രകാരമുള്ള തൊഴിലാളികളുടെ വേതന വർദ്ധനവ് സംബന്ധിച്ചുള്ള വ്യവസ്ഥകൾ ചുവടെ പറയുംപ്രകാരമാണ്: തേയിലത്തോട്ടം തൊഴിലാളികളുടെ വേതനം 232 രൂപയിൽ നിന്നും 301 രൂപയായി വർദ്ധിപ്പിച്ചു. ഏലത്തോട്ടം തൊഴിലാളികളുടെ വേതനം 267 രൂപയിൽ നിന്നും 330 രൂപയാക്കി വർദ്ധിപ്പിച്ചു. റബ്ബർത്തോട്ടം തൊഴിലാളികളുടെ വേതനം 317 രൂപയിൽനിന്നും 381 രൂപയാക്കി.

(ബി) ബോണസ് സംബന്ധിച്ച് ഒത്തുതീർപ്പ് നടപ്പിലായി 20 ശതമാനം ബോണസ് തൊഴിലാളികൾക്ക് വിതരണം ചെയ്തു. വേതന വർദ്ധനവ് 2015 നവംബർ മാസത്തെ ശമ്പളത്തോടൊപ്പം നൽകുന്നതിന് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ തീരുമാനമായി.

(സി) ബോണസ്, വേതന വർദ്ധനവ് എന്നിവ ഒഴികെയുള്ള മറ്റ് വ്യവസ്ഥകൾ സംബന്ധിച്ച് പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ തീരുമാനമാകേണ്ടതുണ്ട്. ആയത് തീരുമാനമാകുന്ന മുറയ്ക്ക് ടി തീരുമാനങ്ങൾ നടപ്പിലാക്കാത്ത തോട്ടമുടമകൾക്കെതിരെ 1951-ലെ പ്ലാന്റേഷൻ തൊഴിൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ വികസന പദ്ധതികൾ

294 (983) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം തൊഴിൽ വകുപ്പിനു കീഴിൽ കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ എന്തെല്ലാം വികസന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ഓരോന്നിനും എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് പദ്ധതിയുടെ ഇനം തിരിച്ച് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ?

### ഉത്തരം

(എ) തൊഴിൽ വകുപ്പിന്റെ കീഴിൽ ക്ഷേമപദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. വികസന പദ്ധതികളൊന്നുംതന്നെ നടപ്പിലാക്കുന്നില്ല.

(ബി) ബാധകമല്ല.

**നോക്കുകൂലി പ്രശ്നം**

295 (984) ശ്രീ. കെ. ശിവദാസൻ നായർ :

ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോക്കുകൂലി പ്രശ്നം പരിഹരിക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നോക്കുകൂലിയുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കുന്നതിനായി ചുമട്ടുതൊഴിൽ മേഖലയിൽ ഏകീകൃത ചുമട്ടുകൂലി പ്രാബല്യത്തിൽ വരുത്തുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ പത്ത് ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്. മലപ്പുറം, പാലക്കാട് ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി സംബന്ധിച്ച് ധാരണയായിട്ടുണ്ട്. ഇടുക്കി, കാസർഗോഡ് ജില്ലകളിൽ ഇതുസംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നു.

(ബി) സംസ്ഥാനത്തൊട്ടാകെയുള്ള അമിതകൂലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുടെ നിർമ്മാർജ്ജനം, നോക്കുകൂലിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളെ നോക്കുകൂലി വിമുക്ത ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്.

(സി) ഓരോ വിഭാഗത്തിനുമുള്ള ഏകീകൃത കയറ്റിറക്ക് കൂലി ലേബർ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ചുമട്ടുതൊഴിലാളികളുടെ സേവനം ആവശ്യമുള്ളവർക്ക് ടി കൂലി നോക്കി എസ്.ബി.ടി.-യുടെ ബ്രാഞ്ചുകളിൽ പണമടച്ച് അവിടന്നുള്ള രസീത് ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിൽ ഹാജരാക്കി

തൊഴിലാളികളുടെ സേവനം ലഭ്യമാക്കാവുന്നതാണ്. അമിത വേതനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ സത്വര നടപടികൾ സ്വീകരിക്കുന്നതിനായി തൊഴിൽ വകുപ്പ് കോൾസെന്റർ ആരംഭിച്ചിട്ടുണ്ട്. 180042555214/155214 എന്നീ ടോൾഫ്രീ നമ്പരുകളിൽ വിളിച്ച് പരാതി രേഖപ്പെടുത്താവുന്നതാണ്. ഇപ്രകാരം ലഭിക്കുന്ന പരാതികളിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഇടപെട്ട് അമിതമായി ഈടാക്കിയ തുക തിരികെ വാങ്ങി നൽകുകയും തൊഴിലാളികൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതുമാണ്.

**നിർമ്മാണ തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്കുള്ള ധനസഹായം**

296 (985) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലെ അംഗങ്ങളുടെ അപകട മരണത്തെത്തുടർന്ന് കുടുംബത്തിന് നൽകി വരുന്ന ധനസഹായം എന്നാണ് വർദ്ധിപ്പിച്ചതെന്നും അങ്ങനെ വർദ്ധിപ്പിച്ച തുക എത്ര തൊഴിലാളി കുടുംബങ്ങൾക്ക് നൽകുകയുണ്ടായി എന്നും വ്യക്തമാക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(ബി) മാരകരോഗ ബാധിതർക്കുള്ള ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വർദ്ധിപ്പിച്ച തുക എത്ര പേർക്ക് ഇതിനകം നൽകുകയുണ്ടായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിലെ അംഗങ്ങളുടെ അപകട മരണത്തെത്തുടർന്ന് കുടുംബത്തിന് നൽകിവരുന്ന ധനസഹായം 17-8-2007-ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള രണ്ട് ലക്ഷം രൂപയെന്നത് മൂന്ന് ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം നിർമ്മാണ തൊഴിലാളി ക്ഷേമനിധിയുടെ വിവിധ ഓഫീസുകളിലായി 233 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്.

(ബി) 50,000 രൂപയായി വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## അന്യസംസ്ഥാന തൊഴിലാളികളെ ജോലിക്ക് നിയോഗിക്കുന്നതിനുള്ള നടപടിക്രമം

297 (986) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ കണക്കു പ്രകാരം സംസ്ഥാനത്ത് എത്ര അന്യസംസ്ഥാന തൊഴിലാളികൾ ജോലിചെയ്യുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തൊഴിലാളികളെ ജോലിക്ക് നിയോഗിക്കുന്നതിന് മുൻപ് തൊഴിലുടമ എന്തെല്ലാം നടപടിക്രമങ്ങളാണ് പാലിക്കേണ്ടതെന്ന് വ്യക്തമാക്കുമോ;

(സി) നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന തൊഴിലുടമകൾക്കെതിരെ എന്തു നടപടികളാണ് വകുപ്പ് തലത്തിൽ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ ഉടമസ്ഥതയിലുള്ള സ്വയംഭരണ സ്ഥാപനമായ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ, തിരുവനന്തപുരം-ന്റെ പഠന റിപ്പോർട്ട് പ്രകാരം ഏകദേശം 25 ലക്ഷത്തോളം അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിലുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 1979-ലെ ഇതര സംസ്ഥാന തൊഴിലാളി നിയമപ്രകാരം അഞ്ചോ അതിൽ കൂടുതലോ ഇതര സംസ്ഥാന തൊഴിലാളികളെ ഏതെങ്കിലും കരാർ അടിസ്ഥാനത്തിലോ കരാറുകാരൻ മുഖേനയോ ഒരു സ്ഥാപനത്തിൽ ജോലിക്ക് നിയോഗിക്കുന്നതിന് തൊഴിലുടമ ടി നിയമപ്രകാരമുള്ള രജിസ്ട്രേഷനും കരാറുകാരൻ ലൈസൻസും തൊഴിൽ വകുപ്പിൽ നിന്നും കരസ്ഥമാക്കേണ്ടതാണ്. ഇത്തരത്തിൽ ലൈസൻസ് ലഭ്യമാക്കുന്നതിലേയ്ക്കായി കോൺട്രാക്ടറുടെ അപേക്ഷയോടൊപ്പം ഇതര സംസ്ഥാന തൊഴിലാളികളെ സംബന്ധിച്ച പൂർണ്ണമായ വിവരവും തൊഴിൽ വകുപ്പിലെ ലൈസൻസിംഗ് അതോറിറ്റിക്ക് നൽകേണ്ടതായിട്ടുണ്ട്. ഇതുകൂടാതെ വിവിധ സംസ്ഥാനങ്ങളിൽ നിന്ന് നേരിട്ട് കേരളത്തിലെത്തി വിവിധ തൊഴിൽ മേഖലകളിൽ പണിയെടുപ്പിക്കുന്നപക്ഷം അത്തരത്തിൽ പണിയെടുപ്പിക്കുന്ന തൊഴിലുടമകൾ 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ ആക്ട് പ്രകാരവും

1948-ലെ മിനിമം വേതന നിയമപ്രകാരം 1960-ലെ കേരള ഷോപ്പ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ആക്ട് പ്രകാരവും രജിസ്ട്രേഷൻ എടുക്കേണ്ടതും തൊഴിലാളിയെ സംബന്ധിച്ച രജിസ്റ്റർ, ബന്ധപ്പെട്ട റെക്കോർഡുകൾ സൂക്ഷിക്കേണ്ടതും നിയമങ്ങളിൽ പ്രതിപാദിക്കുന്ന ആരോഗ്യം, സുരക്ഷ, ക്ഷേമം തുടങ്ങിയവ ഉറപ്പുവരുത്തേണ്ടതുമാണ്.

(സി) 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (RE & SC) നിയമപ്രകാരവും 1979-ലെ അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമ പ്രകാരവും നിർമ്മാണ മേഖലയിൽ പണിയെടുക്കുന്ന തൊഴിലിടങ്ങളിലും താമസ സ്ഥലങ്ങളിലും പരിശോധന നടത്തി നിയമ ലംഘനങ്ങൾ നടത്തുന്ന തൊഴിലുടമ, കരാറുകാർ എന്നിവർക്കെതിരെ പ്രോസിക്യൂഷൻ, നിരോധന ഉത്തരവ് തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു.

## ചാത്തന്നൂരിൽ സംസ്ഥാന കൺസ്ട്രക്ഷൻ അക്കാദമി

298 (987) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഭൂമി വാങ്ങി നിർമ്മാണോദ്ഘാടനം നടത്തിയ ചാത്തന്നൂരിലെ സംസ്ഥാന കൺസ്ട്രക്ഷൻ അക്കാഡമി ആരംഭിക്കുവാൻ നടപടി സ്വീകരിക്കാതിരുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചാത്തന്നൂരിൽ കൺസ്ട്രക്ഷൻ അക്കാഡമി സ്ഥാപിക്കുവാൻ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത സ്ഥാപനം ആരംഭിക്കുവാനുള്ള നടപടിയിൽനിന്നും പിൻമാറിയോ ; ഇല്ലെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

### ഉത്തരം

(എ-സി) കേരള കൺസ്ട്രക്ഷൻ അക്കാദമി എന്ന ആശയത്തേക്കാൾ സാങ്കേതിക നിപുണതയും വിദഗ്ദ്ധ പരിശീലനവും നൽകത്തക്കവിധത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള തൊഴിൽ വൈദഗ്ദ്ധ്യകേന്ദ്രം ആരംഭിക്കുന്ന വിഷയം പരിഗണനയിലാണ്.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള നിയമനങ്ങൾ

299 (988) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ഉദ്യോഗാർത്ഥികളുടെ സീനിയോറിറ്റി ലിസ്റ്റ് വെബ് സൈറ്റ് മുഖേന പ്രസിദ്ധീകരിക്കുന്നതാണെന്ന പ്രഖ്യാപനം നടപ്പിലായോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിക്കായി ഖജനാവിൽ നിന്നും എന്തു തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കിയ എംപ്ലോയ്മെന്റ് ഓഫീസുകൾ ഏതെല്ലാമാണെന്നും ഇനിയും നടപ്പാക്കാൻ എത്ര എംപ്ലോയ്മെന്റ് ഓഫീസുകൾ കൂടിയുണ്ടെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നടപടി സ്വീകരിച്ചു വരുന്നു.

(ബി) ഈ പദ്ധതിക്ക് പ്രത്യേകമായി തുക ചെലവഴിച്ചിട്ടില്ല. 56.87 ലക്ഷം രൂപ ഇതിനായി എൻ.ഐ.സി.-ക്ക് കൈമാറിയിട്ടുണ്ട്.

(സി) കേരളത്തിലെ 84 എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറക്കുന്നതിന് പദ്ധതി

300 (989) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറക്കുന്നതിന് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) പദ്ധതിവഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>ഉത്തരം</u>

(എ) ഇല്ല

(ബി&സി) ഉദിക്കുന്നില്ല.

**നൈപുണ്യം പദ്ധതി**

301 (990) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗാർത്ഥികൾക്ക് വിദഗ്ധ തൊഴിൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ച നൈപുണ്യം പദ്ധതിയിൽ അഴിമതിയുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനായി രൂപീകരിച്ച കെ.എ.എസ്.ഇ. (കെയ്സ്) എന്ന സ്ഥാപനം നിലവിൽ പ്രവർത്തിക്കുന്നുണ്ടോ ;

(സി) പ്രസ്തുത സ്ഥാപനത്തിനെതിരെ വിജിലൻസിന്റെ രഹസ്യാന്വേഷണം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പ്രസ്തുത സ്ഥാപനംകൊണ്ട് ഉദ്യോഗാർത്ഥികൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ടോ ; എത്ര പേർക്ക് ഇവിടെ നിന്നും തൊഴിൽ പരിശീലനം നൽകുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ നൈപുണ്യ വികസന കേന്ദ്രങ്ങളായ NICE (Nursing Institute for Career Enhancement), CAT (Centre for Advanced Training in Security), കൗശലകേന്ദ്രം (കൊല്ലം), കൗശലകേന്ദ്രം (കോഴിക്കോട്), വിവിധ എംപ്ലോയബിലിറ്റി സെന്ററുകൾ, (കൊല്ലം, എറണാകുളം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ) എന്നിവയിലൂടെ നാളിതുവരെ 21,370 പേർക്ക് തൊഴിൽ പരിശീലനം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്.

**ഐ. ടി. ഐ. കളുടെ നവീകരണം**

302(991) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി.ഐ.-കളുടെ നവീകരണത്തിനായി എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവൃത്തികളാണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത്;

(സി) ഏറനാട് മണ്ഡലത്തിലെ അരീക്കോട് ഐ.ടി.ഐ.-യിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവൃത്തികളാണ് ചെയ്യുന്നത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പൊതു സ്വകാര്യ പങ്കാളിത്തത്തോടെ സർക്കാർ ഐ.ടി.,ഐ.-കളുടെ നിലവാരമുയർത്തൽ പദ്ധതി അനുസരിച്ച് സംസ്ഥാനത്തെ പട്ടികജാതി വികസന വകുപ്പിന്റെ കീഴിലുള്ള 4 ഐ. ടി.ഐ.-കൾ ഉൾപ്പെടെ 26 ഐ.ടി.ഐ.കളിലും ഐ.ടി.ഐ.-കളിലെ ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെന്റ് കമ്മിറ്റി ആ സ്ഥാപനത്തിന്റെ അപ്ഗ്രഡേഷന് ആവശ്യമായ പ്രോജക്ട് തയ്യാറാക്കി സ്റ്റേറ്റ് സ്റ്റിയറിംഗ് കമ്മിറ്റിയുടെ അംഗീകാരത്തോടെ കേന്ദ്ര സർക്കാരിനു സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് 26 ഐ.ടി.ഐ.കൾക്കും 2.5 കോടി രൂപ ക്രമത്തിൽ 65 കോടി രൂപ പലിശ

രഹിത വായ്പയായി അനുവദിച്ചിട്ടുള്ളത്. അതനുസരിച്ച് 5 വർഷം കൊണ്ടാണ് ഈ തുക ചെലവാക്കേണ്ടത്. ഈ പദ്ധതി മോണിറ്റർ ചെയ്യുന്നതിനു സംസ്ഥാനത്ത് സ്റ്റേറ്റ് സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സ്റ്റേറ്റ് സ്റ്റിയറിംഗ് കമ്മിറ്റിയെ സഹായിക്കുന്നതിന് സ്റ്റേറ്റ് ഇംപ്ലിമേന്റേഷൻ സെല്ലും രൂപീകരിച്ചിട്ടുണ്ട്. ഐ.ടി.ഐ.-കളുടെ നവീകരണത്തിന്റെ ഭാഗമായി വിവിധ പദ്ധതികൾക്കായി താഴെപ്പറയുന്ന തുക 2015-16 ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്:

1. റീവാമ്പിംഗിന്റെ ഭാഗമായി പഴയ ട്രേഡുകൾ നിറുത്തലാക്കി, ടൂൾസ്, യന്ത്രോപകരണങ്ങൾ എന്നിവ സംഭരിക്കുന്നതിനും നിലവിലുള്ള കെട്ടിടങ്ങൾ പുതുക്കി പണിയുന്നതിനുമായി- 250 ലക്ഷം രൂപ.
2. എൻ.സി.വി.ടി. റീഅഫിലിയേഷന് വേണ്ടി-1500 ലക്ഷം രൂപ.
3. എൻ.സി.വി.ടി. അഫിലിയേഷൻ ലഭിക്കുന്നതിന് യന്ത്രോപകരണങ്ങൾ സംഭരിക്കുന്നതിന്- 500 ലക്ഷം രൂപ.
4. വർക്ക്ഷോപ്പ് കെട്ടിടങ്ങൾ പുതുക്കി നിർമ്മിക്കുന്നതിന്- 300 ലക്ഷം രൂപ.
5. ഇലക്ട്രിഫിക്കേഷൻ വർക്ക്-അരീക്കോട് ഐ.ടി.ഐ. ഉൾപ്പെടെ) 17 ഐ.ടി.ഐ.-കളിൽ ഇലക്ട്രിഫിക്കേഷൻ വർക്ക് നടത്തുന്നതിന് 800 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
6. ഐ.ടി.ഐ.-കളിൽ ഐ.റ്റി. ലാബ് ആരംഭിക്കുന്നതിന് 141 ലക്ഷം രൂപ.
7. വിവിധ ഐ.ടി.ഐ.-കളിൽ ക്ലാസ് റൂം, വർക്ക്ഷോപ്പ് നിർമ്മിക്കുന്നതിന്- 240 ലക്ഷം രൂപ.
8. 10 ഐ.ടി.ഐ.-കളിൽ ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന് 30 ലക്ഷം രൂപ.

(ബി) ഐ.ടി.ഐ.-കളിൽ പുതിയ ട്രേഡുകൾ ആരംഭിക്കുക, ഐ.ടി.ഐ.-കളുടെ അടിസ്ഥാന സൗകര്യം വിപുലീകരിക്കുക, വർക്ക്ഷോപ്പുകൾ നവീകരിച്ച് യന്ത്ര

സാമഗ്രികൾ/പണിയായുധങ്ങൾ പരിഷ്കരിക്കുക. ഫർണിച്ചറുകൾ, പാഠപുസ്തകം, പഠന സാമഗ്രികൾ, കമ്പ്യൂട്ടർ പ്രോഗ്രാമുകൾ എന്നിവ സമാഹരിച്ച് പഠന നിലവാരം മെച്ചപ്പെടുത്തുക ഇതുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾ നിർവ്വഹിക്കുക തുടങ്ങിയ പ്രവൃത്തികളാണ് നടത്തുന്നത്.

(സി) ഏറനാട് മണ്ഡലത്തിലെ അരീക്കോട് ഐ.ടി.ഐ.-യിൽ ഈ പദ്ധതിയുടെ ഭാഗമായി പുതിയ കെട്ടിടം പണിയുകയും ജനറൽ കാർപ്പന്റർ, പ്ലംബർ, റഫ്രിജറേഷൻ ആന്റ് എയർ കണ്ടീഷനിംഗ് മെക്കാനിക്ക് എന്നീ ട്രേഡുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഐ.ടി.ഐ.-യ്ക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടിയെടുക്കുന്നതിനും അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

## ഐ.റ്റി.ഐ. പാഠ്യപദ്ധതി പരിഷ്കരണവും കോഴ്സുകൾ ആരംഭിക്കലും

303 (992) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷം ഐ.റ്റി.ഐ.-കളിലെ പാഠ്യപദ്ധതി പരിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) നിലവിലുണ്ടായിരുന്ന ഏതെങ്കിലും കോഴ്സുകൾ നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാമാണെന്നും എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ;

(സി) പുതിയതായി ഏതെല്ലാം കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്; പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് ഐ.റ്റി.ഐ.-കൾ തിരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡമെന്താണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. ഫിറ്റർ, ഇലക്ട്രീഷ്യൻ, ഇലക്ട്രോണിക്സ് മെക്കാനിക്ക്, ടർണർ. വെൽഡർ എന്നീ ട്രേഡുകളുടെ സിലബസുകൾ പരിഷ്കരിച്ചിട്ടുണ്ട്.

(ബി) നിർത്തലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ഐ.ടി.ഐ.-കളിൽ ഉണ്ടായിരുന്ന താഴെപ്പറയുന്ന ട്രേഡുകൾ നിർത്തൽ ചെയ്തിട്ടുണ്ട്:

1. സാനിട്ടറി ഹാർഡ്‌വെയർ ഫിറ്റർ
2. മെക്കാനിക്ക് റേഡിയോ ആന്റ് ടി.വി
3. മെക്കാനിക്ക് ഇൻഡസ്ട്രിയൽ ഇലക്ട്രോണിക്സ്
4. മെക്കാനിക്ക് കൺസ്യൂമർ ഇലക്ട്രോണിക്സ്
5. മെക്കാനിക്ക്-കം-ഓപ്പറേറ്റർ ഇലക്ട്രോണിക് കമ്മ്യൂണിക്കേഷൻ സിസ്റ്റംസ്
6. ഡാറ്റ എൻട്രി ഓപ്പറേറ്റർ
7. മെക്കാനിക്ക് കമ്പ്യൂട്ടർ ഹാർഡ് വെയർ
8. നെറ്റ് വർക്കിംഗ് ടെക്നീഷ്യൻ
9. ക്രാഫ്റ്റ്സ്മാൻ ഫുഡ് പ്രൊഡക്ഷൻ (വെജിറ്റേറിയൻ)
10. ഹെൽത്ത് സാനിട്ടറി ഇൻസ്പെക്ടർ
11. സെന്റേഴ്സ് ഓഫ് എക്സലൻസ് (സി.ഒ.ഇ.)
    - (i) ഇലക്ട്രിക്കൽ സെക്ടർ
    - (ii) അപ്പാരൽ സെക്ടർ
    - (iii) ഫാബ്രിക്കേഷൻ (ഫിറ്റിംഗ് & വെൽഡിംഗ്) സെക്ടർ
    - (iv) ഫുഡ് പ്രോസസ്സിംഗ് സെക്ടർ
    - (v) ഇലക്ട്രോണിക് സെക്ടർ
    - (vi) കൺസ്ട്രക്ഷൻ & വുഡ് വർക്കിംഗ് സെക്ടർ
    - (vii) ഇൻഫർമേഷൻ ടെക്നോളജി സെക്ടർ

മേൽപറഞ്ഞ ട്രേഡുകളിൽ ക്രമ നമ്പർ (1) മുതൽ (9) വരെയുള്ളവയും ക്രമ നമ്പർ (11) സി.ഒ.ഇ. ട്രേഡുകളും ഡയറക്ടർ ജനറൽ ഓഫ് എംപ്ലോയ്മെന്റ് & ട്രെയിനിംഗിന്റെ നിർദ്ദേശ പ്രകാരമാണ് നിർത്തലാക്കിയത്. ക്രമ നമ്പർ (10) 'ഹെൽത്ത് സാനിട്ടറി

ഇൻസ്പെക്ടർ ട്രേഡ് തൊഴിൽ സാധ്യതയില്ലാത്തതിനാലാണ് നിർത്തലാക്കിയത്.

(സി) മേൽപ്രകാരം നിർത്തലാക്കിയ ട്രേഡുകൾക്ക് പകരം ആരംഭിച്ചിട്ടുള്ള ട്രേഡുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട് *. നിർത്തലാക്കിയ ട്രേഡുകൾ ഉണ്ടായിരുന്ന ഐ.ടി.ഐ.കളിൽ പകരം ട്രേഡുകൾ ആരംഭിക്കുക എന്ന മാനദണ്ഡത്തിലാണ് പുതിയ ട്രേഡുകൾ ആരംഭിച്ചിട്ടുള്ളത്.

## ഗവ. ഐ.ടി ഐ., ആറ്റിങ്ങൽ

304 (993) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആറ്റിങ്ങൽ ഗവ. ഐ. ടി. ഐ.യിൽ ഏതെല്ലാം കോഴ്സുകൾ നിർത്തലാക്കിയിട്ടുണ്ടെന്നും ഏതെല്ലാം പുതിയ കോഴ്സുകൾ അനുവദിച്ചിട്ടുണ്ടെന്നും അനുവദിച്ചവയിൽ ഏതെല്ലാം കോഴ്സുകളിൽ പ്രവേശനം നടത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ആറ്റിങ്ങൽ ഗവ. ഐ. ടി. ഐ.-യിൽ പുതിയ കോഴ്സുകൾ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ആറ്റിങ്ങൽ ഗവ. ഐ. റ്റി. ഐ-ൽ നിർത്തലാക്കിയ ട്രേഡുകൾ ചുവടെ ചേർക്കുന്നു:

1. മെക്കാനിക്ക് റേഡിയോ & ടെലിവിഷൻ
2. മെക്കാനിക്ക് കമ്പ്യൂട്ടർ ഹാർഡ് വെയർ
3. സ്റ്റെനോഗ്രാഫി & സെക്രട്ടേറിയൽ അസിസ്റ്റന്റ് (ഇംഗ്ലീഷ്)
4. സി. ഒ. ഇ.- ഫാബ്രിക്കേഷൻ (ഫിറ്റിംഗ് & വെൽഡിംഗ്)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആറ്റിങ്ങൽ ഗവ. ഐ. റ്റി. ഐ.-ൽ അനുവദിച്ച പുതിയ ട്രേഡുകൾ:

1. ടെക്നീഷ്യൻ പവർ ഇലക്ട്രോണിക് സിസ്റ്റം
2. കമ്പ്യൂട്ടർ ഹാർഡ് വെയർ & നെറ്റ് വർക്ക് മെയിന്റനൻസ്
3. മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ
4. ഫിറ്റർ
5. ഷീറ്റ് മെറ്റൽ വർക്കർ
6. മെക്കാനിക്ക് മെഷീൻ ടൂൾസ് മെയിന്റനൻസ്
7. വെൽഡർ
8. ഇലക്ട്രോണിക്സ് മെക്കാനിക്ക്
9. വെൽഡർ (GMAW & GTAW)
10. വെൽഡർ (പൈപ്പ്)
11. വെൽഡർ (വെൽഡിംഗ് & ഇൻസ്പെക്ഷൻ)
12. മെക്കാനിക്ക് ഡീസൽ
13. സർവ്വേയർ
14. ഡ്രാഫ്റ്റ്സ്മാൻ സിവിൽ

<u>പ്രവേശനം നടത്തിയ കോഴ്സുകൾ</u>:

1. മെക്കാനിക്ക് ഡീസൽ
2. സർവ്വേയർ
3. ഡ്രാഫ്റ്റ്സ്മാൻ സിവിൽ
4. ഷീറ്റ് മെറ്റൽ വർക്കർ
5. വെൽഡർ
6. ടെക്നീഷ്യൻ പവർ ഇലക്ട്രോണിക് സിസ്റ്റം

(ബി) ആറ്റിങ്ങൽ ഐ. റ്റി. ഐ. പ്രിൻസിപ്പാൾ ശിപാർശ ചെയ്തിട്ടുള്ള എല്ലാ കോഴ്സുകളും അനുവദിച്ചിട്ടുണ്ട്.

**സ്വയം തൊഴിൽ പദ്ധതികൾ**

305 (994) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്വയം തൊഴിൽ കണ്ടെത്തുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്നും ഇത് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടി ക്രമങ്ങളും എന്തൊക്കെയാണെന്നും വിശദമാക്കുമോ ; പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ?

ഉത്തരം

എംപ്ലോയ്മെന്റ് എക്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ധനസഹായം നൽകുന്ന മൂന്ന് സ്വയംതൊഴിൽ പദ്ധതികൾ നിലവിലുണ്ട്:

1. കേരള സ്റ്റേറ്റ് എംപ്ളോയ്മെന്റ് സ്കീം ഫോർ ദി രജിസ്റ്റേർഡ് അൺ എംപ്ളോയ്ഡ് ("കെസ്റു 1999")
2. മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ജോബ് ക്ളബ്
3. ശരണ്യ സ്വയംതൊഴിൽ പദ്ധതി

പ്രസ്തുത പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു*.

മേൽപ്പറഞ്ഞ മൂന്ന് പദ്ധതികളുടെയും സർക്കാർ ഉത്തരവിന്റെയും, ഭേദഗതി ഉത്തരവുകളുടെയും പകർപ്പുകൾ അനുബന്ധം 2 ആയി ചേർക്കുന്നു*.

**മാടായി ഐ. ടി. ഐ.യിൽ പുതിയ ട്രേഡുകൾ**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

306 (995) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാടായി ഐ.ടി.ഐ. യിൽ ഇപ്പോൾ ഏതൊക്കെ കോഴ്സുകളാണ് നടത്തുന്നത്; പുതുതായി ഏതൊക്കെ കോഴ്സുകൾ ആരംഭിക്കുന്നതിനാണ് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്;

(ബി) പുതിയ പ്രൊപ്പോസൽ അംഗീകരിച്ച് കൂടുതൽ ട്രേഡുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) മാടായി ഐ.ടി.ഐ.-യിൽ നിലവിൽ ആർക്കിടെക്ചറൽ അസിസ്റ്റന്റ്, കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ് എന്നീ ട്രേഡുകളാണ് നടത്തുന്നത്. ടി സ്ഥാപനത്തിൽ നിലവിലുള്ള ആർക്കിടെക്ചറൽ അസിസ്റ്റന്റ്-ന് പകരമായി ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡ് ആരംഭിക്കുന്നതിനും പുതുതായി ഇലക്ട്രീഷ്യൻ ട്രേഡ് ആരംഭിക്കുന്നതിനും ട്രെയിനിംഗ് ഡയറക്ടർ ലഭ്യമാക്കിയ ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു.

**സ്കിൽ ഡവലപ്മെന്റ് മിഷൻ**

307 (996) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> :
<u>ശ്രീ. വി. റ്റി. ബൽറാം</u> :
<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :
<u>ശ്രീ. ടി. എൻ. പ്രതാപൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കിൽ ഡെവലപ്മെന്റ് മിഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് നൈപുണ്യ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തുന്നതിനും മേൽനോട്ടം വഹിക്കുന്നതിനും കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) എന്ന സ്ഥാപനത്തിന് രൂപം നൽകിയിട്ടുണ്ട്. വിവിധ മേഖലകളിൽ തൊഴിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി 28-3-2012-ൽ സർക്കാർ ഉടമസ്ഥതയിൽ സെക്ഷൻ 25 കമ്പനിയായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് സ്ഥാപിച്ചു. ആഗോളവത്ക്കരണത്തെ തുടർന്ന് ആധുനിക ലോകത്തെ വിവിധ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ദ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്നതാണ് KASE-ന്റെ ലക്ഷ്യം.

(സി) കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ കീഴിൽ അങ്കമാലിയിലെ ഇന്റർ നാഷണൽ സ്കിൽസ് പാർക്കിൽ ഓയിൽ & റിംഗ്, ഹൈടെക് ഓട്ടോമേഷൻ & മെക്കാട്രോണിക്സ്, ഓട്ടോമോട്ടീവ്, മൾട്ടി സ്കിൽ, സെക്യൂരിറ്റി (ഇന്റർനാഷണൽ), ഹോസ്പിറ്റാലിറ്റി, റീട്ടെൽ, ടീച്ചിംഗ്, പരമ്പരാഗത മേഖലകളായ ഹാൻഡ് ലൂം, ഫിഷറി തുടങ്ങിയ മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ ഉടൻ പ്രവർത്തനം ആരംഭിക്കും. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ & കൺസ്ട്രക്ഷൻ (IIIC) സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടക്കുകയാണ്. ബാങ്കിംഗ് & ഫിനാൻസ്, സയന്റിഫിക് ഇലക്ട്രോളിസിസ് എന്നീ മേഖലകളിൽ കെയ്സ് അക്രെഡിറ്റഡ് കോഴ്സുകൾ ആരംഭിച്ചു കഴിഞ്ഞു. കൊല്ലം ജില്ലയിലും കോഴിക്കോട് ജില്ലയിലും കൗശലകേന്ദ്രങ്ങൾ പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. കൂടാതെ പാലക്കാട് ജില്ലയിൽ കൗശലകേന്ദ്രം ആരംഭിക്കുവാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. നഴ്സിംഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കരിയർ എൻഹാൻസ്മെന്റ് (NICE)-ന്റെയും സെക്യൂരിറ്റി മേഖലയിൽ National Centre for Advanced Training in Security (CAT)-യുടെയും സെന്ററുകൾ പ്രവർത്തനമാരംഭിക്കുകയും ചെയ്തു.

**തൊഴിലാളി സംരക്ഷണം**

308 (997) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികൾക്ക് സംരക്ഷണം നൽകാൻ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) തൊഴിലാളികൾക്ക് ക്ഷേമപെൻഷൻ നൽകുന്നതിനായി സർക്കാർ നേരിട്ട് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡ് പെൻഷനും നൽകുന്നുണ്ട്.

(ബി) തൊഴിലാളികളുടെ തൊഴിൽ രംഗത്തെ പരിരക്ഷയും സാമൂഹിക സുരക്ഷയും ഉറപ്പുവരുത്തുക എന്നുള്ളതാണ് ഉദ്ദേശ്യലക്ഷ്യം.

(സി) സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളിൽനിന്നും ജില്ലാ ലേബർ ഓഫീസർ മുഖേന അർഹരായ തൊഴിലാളികൾക്ക് ധനസഹായം നൽകുന്നു. ക്ഷേമനിധിയിൽ അംഗമായിട്ടുള്ള തൊഴിലാളികൾക്ക് ക്ഷേമനിധി ബോർഡ് മുഖേന ധനസഹായം നൽകുന്നു. 16 ക്ഷേമബോർഡുകൾവഴി 27 പദ്ധതികൾ നടപ്പിൽ വരുത്തിയിട്ടുണ്ട്.

**സാങ്കേതിക വൈദഗ്ദ്ധ്യം നേടിയ അഭ്യസ്തവിദ്യരുടെ കണക്കെടുപ്പ്**

309 (998) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ സാങ്കേതിക വൈദഗ്ദ്ധ്യം നേടിയ അഭ്യസ്തവിദ്യരുടെ കണക്കെടുപ്പ് നടത്താൻ തൊഴിൽ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ; അതിൽ ഐ.ടി മേഖലയിലുള്ളവർക്ക് സ്വയം തൊഴിൽ കണ്ടെത്താനുള്ള പാക്കേജുകൾ തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

ഇപ്പോൾ പരിഗണനയിലില്ല.

**പെരിങ്ങോം ഗവൺമെന്റ് ഐ.ടി.ഐ.-ക്ക് കെട്ടിടം**

310 (999) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പെരിങ്ങോം ഗവൺമെന്റ് ഐ.ടി.ഐ.-ക്ക് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. പെരിങ്ങോം ഐ.ടി.ഐ. സ്ഥാപിക്കുന്നതിലേക്കായി അനുവദിക്കപ്പെട്ട ബ്ലോക്ക് നമ്പർ 39 റീ-സർവ്വേ 51-ൽപ്പെട്ട 2.0235 ഹെക്ടർ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി ലഭ്യമായ 350 ലക്ഷം രൂപയുടെ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ, കെട്ടിട നിർമ്മാണത്തിന് വേണ്ടിയുള്ള പ്ലാനും, എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനുവേണ്ടി പയ്യന്നൂർ പി.ഡബ്ല്യൂ.ഡി. അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഐ.ടി.ഐ. പ്രിൻസിപ്പാൾ നിർദ്ദേശം നൽകുകയും ആയത് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ സ്ഥലം സന്ദർശിക്കുകയും പ്ലാനും എസ്റ്റിമേറ്റും എത്രയും പെട്ടെന്ന് തയ്യാറാക്കുന്നതാണെന്ന് അറിയിക്കുകയുമുണ്ടായി. നിലവിൽ പ്രസ്തുത കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള ഏജൻസിയെ കണ്ടെത്തുന്നതിനുള്ള ക്വട്ടേഷൻ നടപടികൾ പി.ഡബ്ല്യൂ.ഡി. അധികൃതർ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. പെരിങ്ങോം ഐ.ടി.ഐ.-ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനു വേണ്ടി നടപ്പുസാമ്പത്തിക വർഷം പി.ഡബ്ല്യൂ.ഡി. ശീർഷകമായ '4202-02-800-95-Civil works (P) 2015-16' എന്ന ശീർഷകത്തിൽ ജി.ഒ. (ആർടി.) നമ്പർ 1318/2015/തൊഴിൽ തീയതി 25-9-2015 പ്രകാരം 350 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

**സംസ്ഥാനത്തുനിന്ന് തൊഴിൽ തേടി പോകുന്നവരുടെ വിശദപഠനം**

311 (1000) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുനിന്ന് തൊഴിൽ തേടി മറ്റുരാജ്യങ്ങളിലേക്കും മറ്റ് സംസ്ഥാനങ്ങളിലേക്കും പോകുന്നവരുടേയും, മറ്റുസംസ്ഥാനങ്ങളിൽനിന്നും തൊഴിൽ തേടി സംസ്ഥാനത്ത് എത്തുന്നവരുടേയും കണക്കുകളും, ഇവർ നേരിടുന്ന തൊഴിൽപരവും, സാമ്പത്തികവും, സാമൂഹികവുമായ ചുറ്റുപാടുകളെ സംബന്ധിച്ച എന്തെങ്കിലും പഠനം തൊഴിൽ വകുപ്പ് നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ

ലഭ്യമാക്കുമോ ;

(ബി) സംസ്ഥാനത്തെ സാമ്പത്തിക രംഗത്തെ വളർച്ചയ്ക്കും, പ്രവാസികളുടെ പുനരധിവാസത്തിനും, തൊഴിൽ മേഖലയിലെ നൈപുണ്യത്തിനായുള്ള പരിശീലനവും കോഴ്സുകളും തെരഞ്ഞെടുക്കുവാനുമുള്ള ഒരു പഠനത്തിന്റെ പ്രസക്തി ബോധ്യപ്പെട്ടിട്ടുണ്ടെങ്കിൽ വിശദ പഠനത്തിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തുനിന്ന് തൊഴിൽ തേടി മറ്റുരാജ്യങ്ങളിലേയ്ക്കും സംസ്ഥാനങ്ങളിലേയ്ക്കും പോകുന്നവരുടെ കണക്ക് തൊഴിൽ വകുപ്പ് ശേഖരിച്ചിട്ടില്ല. തൊഴിൽ വകുപ്പിനുവേണ്ടി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടാക്സേഷൻ ആന്റ് ഫിനാൻസ് (ഗിഫ്റ്റ്) നടത്തിയ പഠനത്തിൽ മറ്റ് സംസ്ഥാനങ്ങളിൽനിന്നും 25 ലക്ഷം തൊഴിലാളികൾ കേരളത്തിൽ തൊഴിൽ ചെയ്യുന്നതായി കണക്കാക്കിയിട്ടുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**എംപ്ലോയബിലിറ്റി സെന്ററുകൾ**

312 (1001) <u>ശ്രീ. എം. എ. വാഹീദ്</u> :
<u>ശ്രീ. ബെന്നി ബെഹനാൻ</u> :
<u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ളോയബിലിറ്റി സെന്ററുകൾ ആരംഭിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരും, തൊഴിൽ രഹിതരുമായ ഉദ്യോഗാർത്ഥികളുടെ അഭിരുചി, സ്കിൽ ഗ്യാപ്പ് എന്നിവ

കണ്ടെത്തി, സോഫ്റ്റ് സ്കില്ലുകൾക്ക് എംപ്ലോയബിലിറ്റി സെന്റർ മുഖേനയും, തൊഴിലധിഷ്ഠിത പരിശീലനം ആവശ്യമായവർക്ക് അത്തരം അംഗീകൃത സ്ഥാപനങ്ങൾ മുഖേനയും പരിശീലനം നൽകുന്നു. അതോടൊപ്പം, വിവിധ തൊഴിൽ ദാതാക്കളുമായി സഹകരിച്ച്, പരിശീലനം ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭിക്കുന്നതിനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കുക എന്നതാണ് എംപ്ലോയബിലിറ്റി സെന്ററുകളുടെ ലക്ഷ്യം.

(സി) 2015-16 സാമ്പത്തിക വർഷം മലപ്പുറം, തൃശ്ശൂർ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. എംപ്ലോയബിലിറ്റി സെന്ററുകളുടെ എച്ച്.ആർ.ഡി. പ്രവർത്തനങ്ങൾ കേരള സർക്കാർ സ്ഥാപനമായ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയാണ് നടത്തുന്നത്. നിലവിൽ അഞ്ച് എംപ്ലോയബിലിറ്റി സെന്ററുകളിൽ എച്ച്.ആർ.ഡി. പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

**അംഗീകാരമില്ലാത്ത ഐ.ടി.ഐ.-കൾ**

313 (1002) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ.സി.വി.റ്റി.യുടെ അംഗീകാരമില്ലാത്ത എത്ര ഐ.റ്റി.ഐ.കളാണ് പ്രവർത്തിക്കുന്നതെന്നും, അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഐ.റ്റി.ഐ.-കളിൽ നിന്നും പഠനം പൂർത്തിയാക്കുന്നവർക്ക് എൻ.സി.വി.റ്റി. സർട്ടിഫിക്കറ്റ് ലഭിക്കാതെ കബളിപ്പിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത ഐ.റ്റി.ഐ.-കൾക്ക് അംഗീകാരം ലഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ കൈക്കൊള്ളുമോ ;

ഉത്തരം

(എ) എൻ.സി.വി.റ്റി.-യുടെ അംഗീകാരം ലഭിക്കുന്നത് ഒരു ഐ.ടി.ഐ.-ക്ക് മാത്രമായിട്ടല്ല. മറിച്ച് ഒരു ഐ.ടി.ഐ.-യിലെ ഓരോ ട്രേഡിലേയും ഓരോ യൂണിറ്റിനുമാണ്. ടി മാനദണ്ഡത്തിൽ ഈ വകുപ്പിന് കീഴിൽ എല്ലാ യൂണിറ്റുകൾക്കും

എൻ.സി.വി.റ്റി. അംഗീകാരമുള്ള ഐ.ടി.ഐ.-കൾ 3 എണ്ണവും, എൻ.സി.വി.ടി. അംഗീകാരമുള്ളതും എസ്.സി.വി.റ്റി. അംഗീകാരമുള്ളതുമായ യൂണിറ്റുകൾ ഉള്ള ഐ.ടി.ഐ.-കൾ 38 എണ്ണവും. എല്ലാ യൂണിറ്റുകളും എസ്.സി.വി.റ്റി.-യുടെ മാത്രം അംഗീകാരമുള്ള ഐ.ടി.-കൾ 40 എണ്ണവും ആണ്. ഇവയുടെ പേര് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) ഇല്ല.

(സി) എസ്.സി.വി.റ്റി.-യുടെ അംഗീകാരം മാത്രമുള്ള ട്രേഡുകൾ/യൂണിറ്റുകൾക്ക് ഡി.ജി.ടി. സിലബസ് പ്രകാരമുള്ള പഠനോപകരണങ്ങളും യന്ത്രസാമഗ്രികളും നിശ്ചിത അളവിലുള്ള വർക്ക്ഷോപ്പും ലഭ്യമായാൽ മാത്രമേ എൻ.സി.വി.ടി. അംഗീകാരത്തിന് ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യയിൽ അപേക്ഷ നൽകുവാൻ കഴിയുകയുള്ളൂ. ആയതിനാൽ എസ്.സി.വി.ടി. അംഗീകാരം മാത്രമുള്ള യൂണിറ്റുകളിലെ പഠനോപകരണങ്ങളും യന്ത്രസാമഗ്രികളും ഈ സാമ്പത്തിക വർഷം സംഭരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ടി യൂണിറ്റുകൾക്ക് ആവശ്യമായ നിശ്ചിത അളവിലുള്ള വർക്ക്ഷോപ്പ് ലഭ്യമാക്കുന്നതിന് വകുപ്പിന്റെ ഭാഗത്ത് നിന്നുള്ള നടപടികൾ ത്വരിതപ്പെടുത്തിയിട്ടുണ്ട്.

**തോട്ടം തൊഴിലാളികൾക്ക് വീട്**

314 (1003) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൻകിട-ചെറുകിട തോട്ടങ്ങളിലായി ആകെ എത്ര തൊഴിലാളികളുണ്ട് ;

(ബി) തോട്ടം തൊഴിലാളികളുടെ വീട് നിർമ്മാണത്തിനായി പ്രഖ്യാപിച്ച പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; എത്ര തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് നൽകിയിട്ടുണ്ട് ;

(സി) 2011-12 മുതൽ 2015-16 വരെ ഓരോ വർഷവും തോട്ടം തൊഴിലാളികൾക്ക്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വീട് നിർമ്മിച്ചുനൽകുന്നതിനുള്ള പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുകയും പിൻവലിച്ച തുകയും എത്ര വീതമാണ് ;

(ഡി) 25 വർഷത്തിലധികം തോട്ടങ്ങളിൽ ജോലി ചെയ്തിട്ടുള്ളവരിൽ ഇപ്പോഴും സ്വന്തമായി വീട് ഇല്ലാത്തവർ എത്രയാണെന്നതിന്റെ കണക്കുകൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) പ്ലാന്റേഷൻ ലേബർ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള 64391 തോട്ടം തൊഴിലാളികളുണ്ട്.

(ബി) തോട്ടം തൊഴിലാളികളുടെ ലയങ്ങൾ പുനരുദ്ധരിക്കുന്നതിനും നിർമ്മിക്കുന്നതിനുമുള്ള നടപടികൾക്ക് രൂപം കൊടുക്കുന്നതിനായി ഗവൺമെന്റ് തലത്തിൽ ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ തൊഴിലാളികൾക്ക് പുതിയ വീടുകൾ നിർമ്മിച്ച് നൽകിയിട്ടില്ല.

(സി) ഭവനം ഫൗണ്ടേഷൻ കേരള പദ്ധതിക്ക് 2011-12 വർഷത്തിൽ ബഡ്ജറ്റ് തുകയൊന്നും വകയിരുത്തിയിട്ടില്ല. 2012-13 5 കോടി രൂപ, 2013-14 20 കോടി രൂപ, 2014-15, 2015-16-ലും ബഡ്ജറ്റ് തുകയൊന്നും വകയിരുത്തിയിട്ടില്ല. അനുവദിച്ച് കിട്ടിയ 25 കോടി രൂപയും ട്രഷറിയിൽനിന്നും പിൻവലിച്ചിട്ടുണ്ട്. ടി തുക ഭവനം ഫൗണ്ടേഷൻ കേരള സൂക്ഷിച്ചിട്ടുണ്ട്.

(ഡി) 25 വർഷത്തിലധികമായി തോട്ടങ്ങളിൽ ജോലി ചെയ്തിട്ടുള്ള സ്വന്തമായി വീടില്ലാത്ത തൊഴിലാളികളുടെ കണക്ക് എടുത്തിട്ടില്ല.

**പാരിപ്പള്ളി മെഡിക്കൽ കോളേജ്**

315 (T* 1004) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരിപ്പള്ളി മെഡിക്കൽ കോളേജിനെ സംബന്ധിച്ച് സംസ്ഥാന

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

സർക്കാരും ESI കോർപ്പറേഷനും തമ്മിൽ MOU-ൽ ഒപ്പ് വയ്ക്കുകയുണ്ടായോ; ഇതു സംബന്ധിച്ച വിശദമായ വിവരം നൽകുമോ; MOU-വിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ജനപ്രതിനിധികളുമായും തൊഴിലാളി സംഘടനകളുമായും കരാർ സംബന്ധിച്ച് എന്തെങ്കിലും ചർച്ചകൾ ഗവൺമെന്റ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; ഇല്ലെങ്കിൽ ചർച്ച നടത്താതിരുന്നതിനുള്ള കാരണം വിശദമാക്കുമോ;

(സി) തൊഴിലാളികളുടെ ചികിത്സാ സൗകര്യങ്ങളും മറ്റ് ആനുകൂല്യങ്ങളും പൂർണ്ണമായി സംരക്ഷിക്കുന്നതിന് കരാറിൽ എന്തെല്ലാം വ്യവസ്ഥകളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ചും മറ്റ് ആനുകൂല്യങ്ങളും സംരക്ഷിക്കുന്നതിന് കരാറിൽ എന്തെല്ലാം വ്യവസ്ഥകളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത കെട്ടിട നിർമ്മാണത്തിനും മറ്റ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഇതുവരെ ചെലവായ തുക എത്രയെന്നറിയിക്കുമോ; പ്രസ്തുത തുക സംസ്ഥാന സർക്കാർ ESI കോർപ്പറേഷന് നൽകണമോ; അതു സംബന്ധിച്ച വ്യവസ്ഥ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(എഫ്) പൂർത്തീകരിക്കാത്ത നിർമ്മാണ പ്രവൃത്തികളും മറ്റ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും തുടർന്നുള്ള ചെലവ് സംസ്ഥാന സർക്കാരാണോ വഹിക്കേണ്ടത് അതു സംബന്ധിച്ച വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പാരിപ്പള്ളിയിലെ ഇ.എസ്.ഐ., മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുക്കുന്നതിന്റെ ഭാഗമായി 11-9-2015-ലെ സ.ഉ.(കൈ.) നമ്പർ 203/2015/ ആ.കു.വ. പ്രകാരം ഇ.എസ്.ഐ. കോർപ്പറേഷനുമായി ധാരണാപത്രം ഒപ്പിടുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുകയും 12-10-2015-ന് ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തു. തുടർന്ന് 1-12-2015-ലെ സ.ഉ. (കൈ.) നമ്പർ 272/15 ആ.കു.വ. പ്രകാരം പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജിന്റെ ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. MOU-ന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇല്ല. ഇ.എസ്.ഐ. കോർപ്പറേഷൻ ആരോഗ്യ കുടുംബക്ഷേമ വകുപ്പുമായി ചർച്ചകൾ നടത്തിയശേഷം കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരത്തോടെയാണ് പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്നത് സംബന്ധിച്ച ധാരണാപത്രം ഒപ്പിടുന്നതിനായി സംസ്ഥാന സർക്കാരിന് സമർപ്പിച്ചത്. തദവസരത്തിൽ കരാർ സംബന്ധിച്ച് ജനപ്രതിനിധികളുമായും തൊഴിലാളി സംഘടനകളുമായും ചർച്ചകൾ നടത്തേണ്ടിയിരുന്നത് ഇ.എസ്.ഐ. കോർപ്പറേഷനാണ്. അത്തരത്തിൽ ചർച്ചകൾ നടത്താതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമല്ല. എന്നാൽ കരാറിൽ എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് സ്കീമിൽ ഇൻഷ്വർ ചെയ്തിട്ടുള്ള തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും പ്രസ്തുത മെഡിക്കൽ കോളേജിൽ സൗജന്യ ചികിത്സയും 35% എം.ബി.ബി.എസ്. സീറ്റുകൾ ഇത്തരം തൊഴിലാളികളുടെ കുട്ടികൾക്കായി മാറ്റി വയ്ക്കാനുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷ്വറൻസ് സ്കീമിൽ ഇൻഷ്വർ ചെയ്തിട്ടുള്ള വ്യക്തികൾക്കും അവരുടെ കുടംബാംഗങ്ങൾക്കും സൗജന്യ ചികിത്സ ഉറപ്പുവരുത്താനും മെഡിക്കൽ കോളേജിലെ 35% M.B.B.S. സീറ്റുകൾ ഇ.എസ്.ഐ. കോർപ്പറേഷനു കീഴിൽ ഇൻഷ്വർ ചെയ്ത വ്യക്തികളുടെ കുട്ടികൾക്ക് പ്രവേശനം നൽകുന്നതിന് മാറ്റിവയ്ക്കാനും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) സംസ്ഥാന സർക്കാർ ഏറ്റെടുത്ത പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജിലെ ഇ.എസ്.ഐ. കോർപ്പറേഷന്റെ കീഴിലെ അഡ്മിനിസ്ട്രേറ്റീവ്/ മിനിസ്റ്റീരിയൽ/മെഡിക്കൽ/പാരാമെഡിക്കൽ ജീവനക്കാരെ സംസ്ഥാന സർവ്വീസിൽ അന്യത്ര സേവന വ്യവസ്ഥയിൽ തുടരാൻ ധാരണയായിട്ടുണ്ട്. ഇത്തരം ജീവനക്കാർ ഇ.എസ്.ഐ. കോർപ്പറേഷനിൽ തുടർന്നിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന എല്ലാ ആനുകൂല്യങ്ങളും (ശമ്പളം, അലവൻസുകൾ, പ്രൊമോഷൻ മുതലായവ) നഷ്ടപ്പെടാതെ തന്നെയായിരിക്കും ഇവരുടെ അന്യത്ര സേവന നിയമനം. സംസ്ഥാന സർക്കാർ നിശ്ചയിക്കുന്ന വ്യവസ്ഥകൾക്കു വിധേയമായി ഓപ്ഷൻ നൽകുന്ന ജീവനക്കാർക്ക് പാരിപ്പള്ളി മെഡിക്കൽ കോളേജിൽ തന്നെ തുടരാവുന്നതാണ്. അല്ലാത്തപക്ഷം അവർക്ക് ഉചിതമായ നിയമനം ഇ.എസ്.ഐ. കോർപ്പറേഷനിൽ നൽകുന്നതാണ്.

(ഇ&എഫ്) പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനായി ഇ.എസ്.ഐ. കോർപ്പറേഷൻ വകയിരുത്തിയിട്ടുള്ള ആകെ തുക 540 കോടി

രൂപയാണ്. 30-9-2014 വരെ ഇ.എസ്.ഐ. കോർപ്പറേഷൻ 321.51 കോടി രൂപ പാരിപ്പള്ളി മെഡിക്കൽ കോളേജിനായി ചെലവഴിച്ചിട്ടുണ്ട്. ബാക്കി തുകയും ഇ.എസ്.ഐ. കോർപ്പറേഷൻ തന്നെ മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനായി മുതൽ മുടക്കുന്നതാണ്. പാരിപ്പള്ളി മെഡിക്കൽ കോളേജ്, ആശുപത്രി എന്നിവയിൽനിന്നും ലഭിക്കുന്ന, വിദ്യാർത്ഥികളുടെ ഫീസ് ഉൾപ്പെടെ, വരുമാനത്തിന്റെ 50% ധാരണാപത്രത്തിന്റെ കാലാവധി വരെയും ഇ.എസ്.ഐ. കോർപ്പറേഷന് നൽകണമെന്നതാണ് മേൽതുകയുടെ തിരിച്ചടവ് സംബന്ധിച്ചുള്ള വ്യവസ്ഥ.

**പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ്**

316 (T* 1005) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജിൽ അഡ്മിഷൻ നടത്തുന്നതിനുവേണ്ടി സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) പ്രസ്തു മെഡിക്കൽ കോളേജിന് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അംഗീകാരം ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ അംഗീകാരം ലഭ്യമാക്കുന്നതിനു വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ഡി) കോളേജിനാവശ്യമായ അധ്യാപകരെയും മറ്റ് സ്റ്റാഫിനെയും നിയമിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; ഇല്ലെങ്കിൽ ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇ.എസ്.ഐ. കോർപ്പറേഷനുമായി സംസ്ഥാന സർക്കാർ ഒപ്പുവച്ച ധാരണാപത്രം പ്രകാരം പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജിൽ അവശേഷിക്കുന്ന നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചു നൽകേണ്ടത്

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഇ.എസ്.ഐ. കോർപ്പറേഷനാണ്. ആയത് അടുത്ത അധ്യയന വർഷത്തിനു മുമ്പുതന്നെ പൂർത്തിയാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി-ഡി) 12-10-2015-നാണ് പാരിപ്പള്ളി ഇ.എസ്.ഐ. മെഡിക്കൽ കോളേജ് സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിനുള്ള ധാരണാപത്രം ഒപ്പുവച്ചത്. തുടർന്ന് 1-12-2015-ലെ സ.ഉ.(കൈ) നമ്പർ 272/15 ആ.കു.വ. പ്രകാരം പ്രസ്തുത മെഡിക്കൽ കോളേജിന്റെ ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കി ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. അടുത്ത അധ്യയന വർഷം തന്നെ പ്രസ്തുത കോളേജിൽ മെഡിക്കൽ പ്രവേശനം സാധ്യമാക്കുന്നതിനായി ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം തേടിയിട്ടുണ്ട്. മെഡിക്കൽ കൗൺസിൽ നിഷ്കർഷിക്കും പ്രകാരമുള്ള അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ധനകാര്യ വകുപ്പിൽ സ്വീകരിച്ചുവരികയാണ്. മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചാലുടൻ പ്രസ്തുത കോളേജിൽ മെഡിക്കൽ പ്രവേശനം നടത്താൻ കഴിയും.

## ലേബർ കോടതികളും വ്യവസായ ട്രൈബ്യൂണലും

317 (1006) <u>ശ്രീ. കെ. എം. മാണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ രംഗത്തെ തർക്കപരിഹാരത്തിനായി എത്ര ലേബർ കോടതികളും വ്യവസായ ട്രൈബ്യൂണലുകളും പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രസ്ഉത കോടതികളുടെ പ്രവർത്തനം കാര്യക്ഷമമാണെന്ന് കരുതുന്നുണ്ടോ;

(സി) തൊഴിൽ രംഗത്ത് കെട്ടികിടക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കുവാൻ ഫാസ്റ്റ് ട്രാക്ക് ലേബർ കോടതികളും വ്യവസായ ട്രൈബ്യൂണലുകളും സ്ഥാപിക്കുന്നതിന് തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) അഞ്ച് വ്യവസായ ട്രിബ്യൂണലുകളും നാല് തൊഴിൽ കോടതികളും

പ്രവർത്തിക്കുന്നു.

(ബി) ഉണ്ട്.

(സി) പുതിയ വ്യവസായ ട്രിബ്യൂണലുകൾ സ്ഥാപിക്കുന്നകാര്യം സജീവ പരിഗണനയിലാണ്.

**സ്വയം പര്യാപ്ത ഗ്രാമ പദ്ധതി**

318 (1007) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിന്റെ കീഴിൽ നടപ്പിലാക്കിയ സ്വയം പര്യാപ്തഗ്രാമ പദ്ധതി കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിലെ എത്ര കോളനികളിൽ നടപ്പിലാക്കിവരുന്നു എന്നറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക എത്രയാണെന്നും പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത് ആരാണെന്നും അറിയിക്കുമോ;

(സി) പ്രവൃത്തി ഏറ്റെടുത്ത കരാറുകാർ കാലാവധിക്കുള്ളിൽ പണി പൂർത്തിയാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) 2012-13 സാമ്പത്തിക വർഷം സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിൽ കാസർഗോഡ് മുൻസിപ്പാലിറ്റിയിലെ അമെയ് കോളനിയിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

(ബി) അമെയ് കോളനിയിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് ഒരു കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. ഒന്നാം ഗഡുവായി 25 ലക്ഷം രൂപ ഏജൻസിക്ക് നൽകിയിട്ടുണ്ട്. ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് ആണ്

കരാർ ഏറ്റെടുത്തിരിക്കുന്നത്.

(സി) ഇല്ല. ഏറ്റെടുത്ത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് ഏജൻസിക്ക് നിർദ്ദേശം നൽകുന്നതാണ്.

## പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

319 (1008) <u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെയും ടെക്നിക്കൽ എഡ്യൂക്കേഷൻ വകുപ്പിന്റെയും ഏകോപനക്കുറവ് കാരണം പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കാത്തകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് പരിഹരിച്ച് ആവശ്യമായ ഉത്തരവ് ബന്ധപ്പെട്ട വകുപ്പിന് നൽകുമോ ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## എസ്‌സി./എസ്റ്റി. വിദ്യാർത്ഥികളുടെ ബി.ഫാം. പ്രവേശനം

320 (1009) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബി.ഫാം. പ്രവേശനത്തിനായി അർഹത നേടിയ എസ്‌സി./എസ്ടി. വിദ്യാർത്ഥികളുടെ ലിസ്റ്റ്, എൽ.ബി.എസ്. ഇനിയും പ്രസിദ്ധീകരിക്കാത്തതുമൂലം പ്രസ്തുത വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മറ്റ് വിഭാഗത്തിൽപ്പെട്ട അർഹരായവരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ച്

പ്രവേശനം നടത്തി മാസങ്ങൾ പിന്നിട്ടിട്ടും എസ്‌സി./എസ്‌ടി. വിഭാഗക്കാരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ അവർക്കുള്ള അഡ്മിഷൻ യഥാസമയം ലഭിക്കാത്ത സാഹചര്യം പരിശോധിക്കുന്നതിനും ഇതിലുണ്ടായിട്ടുള്ള വീഴ്ച പരിഹരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ബി.ഫാം. പ്രവേശനത്തിന് അപേക്ഷ സമർപ്പിച്ചവരിൽ പ്രവേശന മാനദണ്ഡപ്രകാരം യോഗ്യത നേടിയ എസ്‌സി./എസ്റ്റി. അടക്കം എല്ലാ വിഭാഗക്കാരുടെയും പൊതുവായ റാങ്ക് ലിസ്റ്റും (സ്റ്റേറ്റ് മെരിറ്റ്) സംവരണാനുകൂല്യമുള്ള വിഭാഗക്കാരുടെ പട്ടിക തിരിച്ചുള്ള (കാറ്റഗറി) ലിസ്റ്റും 2-8-2015-ന് www.lbscentre.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. അത് ഇപ്പോഴും നിലവിലുള്ളതിനാൽ അപേക്ഷാർത്ഥികൾക്ക് ബുദ്ധിമുട്ട് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എല്ലാ വിഭാഗത്തിലുംപ്പെട്ട അർഹരായവരുടെ ലിസ്റ്റ് ഒരുമിച്ച് പ്രസിദ്ധീകരിച്ചിട്ടുള്ളതിനാൽ എസ്.സി./എസ്.റ്റി. വിഭാഗക്കാർക്ക് യഥാസമയം അഡ്മിഷൻ ലഭിക്കാത്ത സാഹചര്യം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## എസ്.എൻ.ഡി.പി. യോഗത്തിന് കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നൽകിയ വായ്പ

321(1010) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എൻ.ഡി.പി. യോഗത്തിന് കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ നൽകിയ വായ്പയ്ക്ക് ഈടാക്കുന്ന പലിശനിരക്ക് എത്രയാണെന്നും ഗുണഭോക്താക്കളിൽനിന്നും ഈടാക്കേണ്ട പലിശനിരക്ക് എത്രയാണെന്നും പ്രത്യേകം പ്രത്യേകം അറിയിക്കുമോ ;

(ബി) എസ്.എൻ.ഡി.പി. യോഗം നൽകിയ അപേക്ഷയിൽ ഏതൊക്കെ സംഘാംഗങ്ങൾക്ക് നൽകാനാണ് വായ്പ ആവശ്യപ്പെട്ടിട്ടുള്ളത് ; ഓരോ സംഘത്തിനും നൽകാനായി വായ്പ തുകയായി എത്രയാണ് ആവശ്യപ്പെട്ടതെന്ന് അറിയിക്കാമോ ?

<u>ഉത്തരം</u>

(എ) മൈക്രോ ക്രെഡിറ്റ് വായ്പയ്ക്ക് SNDP യോഗത്തിന് കെ.എസ്.ബി.

സി.ഡി.സി. ഈടാക്കുന്ന പലിശ നിരക്ക് 3%-ഉം ഗുണഭോക്താക്കളിൽനിന്ന് ഈടാക്കേണ്ട പലിശ നിരക്ക് 5% ആണ്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**എസ്.എൻ.ഡി.പി.യുടെ മൈക്രോ ഫിനാൻസുമായി ബന്ധപ്പെട്ട അന്വേഷണം**

322 (1011) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക ജാതി വികസന കോർപ്പറേഷൻ എത്ര കോടി രൂപയാണ് മൈക്രോ ഫിനാൻസ് പദ്ധതിക്കുവേണ്ടി എസ്.എൻ.ഡി.പി.-ക്ക് നൽകിയിട്ടുള്ളത്;

(ബി) എത്ര ശതമാനം പലിശക്കാണ് എസ്.എൻ.ഡി.പി.-ക്ക് പണം നൽകിയത്;

(സി) പ്രസ്തുത പണം സ്വാശ്രയ സംഘങ്ങൾക്ക് നൽകുന്നത് എത്ര ശതമാനം പലിശയ്ക്കാണ് എന്ന് ശ്രദ്ധിച്ചിട്ടുണ്ടോ;

(ഡി) എസ്.എൻ.ഡി.പി.-യുടെ മൈക്രോഫിനാൻസുമായി ബന്ധപ്പെട്ട ക്രമക്കേടുകളെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം ഇതിനകം നടത്തിയിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ അന്വേഷണം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2003 മുതൽ 2014 വരെ മൊത്തം 8 വായ്പകളിലായി 15.85 കോടി രൂപ നൽകിയിട്ടുണ്ട്.

(ബി) 3 %

(സി) നിലവിൽ സ്വാശ്രയ സംഘങ്ങൾക്ക് 5% പലിശ നിരക്കിൽ വായ്പ നൽകണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ബാധകമല്ല.

**കേരള സംസ്ഥാന പിന്നോക്ക വിഭാഗ കോർപ്പറേഷൻ**

323 (1012) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എസ്. ശർമ്മ :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്താറുണ്ടോ ; വിശദാംശം അറിയിക്കുമോ ;

(ബി) കോർപ്പറേഷൻ എസ്.എൻ.ഡി.പി. യോഗത്തിന് മൈക്രോ ക്രെഡിറ്റ് വായ്പയായി നൽകിയ തുകയെത്രയെന്ന് അറിയിക്കുമോ ; വായ്പാ കരാറിന്റെ വിശദാംശം നൽകുമോ; പകർപ്പ് ലഭ്യമാക്കുമോ ;

(സി) വായ്പ സംബന്ധിച്ച നിബന്ധനകൾ എന്തൊക്കെയാണ് ; അവ ലംഘിച്ചിട്ടുണ്ടോയെന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ; ഇക്കാര്യത്തിൽ അക്കൗണ്ടന്റ് ജനറൽ നടത്തിയ പരിശോധനയുടെ ഫലം എന്തായിരുന്നു ; വിശദാംശം നൽകുമോ ;

(ഡി) നിബന്ധനകൾ ലംഘിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശവും ഓരോ കേസ്സിലും സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. വിലയിരുത്തുന്നതിനായി ജില്ലാ/ഉപജില്ലാ മാനേജർമാരുടെ ത്രൈമാസ അവലോകനയോഗങ്ങളും വിവിധ സർക്കാർ ഏജൻസികൾവഴി അവലോകന പഠനങ്ങളും കാലാകാലങ്ങളിൽ നടത്താറുണ്ട്.

(ബി) 2003 മുതൽ 2014 വരെയുള്ള കാലയളവിൽ 15.85 കോടി രൂപ

വായ്പയായി നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വായ്പ നൽകിയ തീയതി | വായ്പാ നമ്പർ | വായ്പാ തുക |
|---|---|---|---|
| 1 | 31-3-2003 | 20103433 | 50,00,000 |
| 2 | 10-6-2004 | 20104635 | 50,00,000 |
| 3 | 20-11-2004 | 20105040 | 1,00,00,000 |
| 4 | 25-6-2005 | 20105689 | 1,00,00,000 |
| 5 | 31-3-2006 | 20106372 | 1,75,00,000 |
| 6 | 27-3-2008 | 20108896 | 2,00,00,000 |
| 7 | 25-8-2009 | 20110805 | 4,10,00,000 |
| 8 | 19-6-2014 | 20116300 | 5,00,00,000 |
| | ആകെ | | 15,85,00,000 |

വായ്പാ കരാറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(സി) 1. NGO കൾക്ക് ലഭിക്കുന്ന വായ്പ അയൽക്കൂട്ടങ്ങൾവഴി അംഗങ്ങൾക്ക് വിതരണം ചെയ്യേണ്ടതാണ്. ഒരു അയൽക്കൂട്ടത്തിന് പരമാവധി 5 ലക്ഷം രൂപ വായ്പയായി വിതരണം ചെയ്യാവുന്നതാണ്.

2. അയൽക്കൂട്ടങ്ങളിലെ അംഗസംഖ്യ 20-ൽ കൂടാൻ പാടുള്ളതല്ല.

3. NBCFDC മൈക്രോ ക്രെഡിറ്റ് പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഓരോ അയൽക്കൂട്ടങ്ങളിലും 75% അംഗങ്ങളും മറ്റ് പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവരായിരിക്കണം.

4. കുടുംബ വാർഷിക വരുമാനം ഗ്രാമങ്ങളിൽ 81,000 രൂപയിൽ താഴെയും നഗരപ്രദേശങ്ങളിൽ 1,03,000 രൂപയിൽ താഴെ ആയിരിക്കണം.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

5. വരുമാനദായകമായ ഏതെങ്കിലും പദ്ധതി തുടങ്ങുന്നതിന്/ നിലവിലുള്ള പദ്ധതി വിപുലീകരിക്കുന്നതിന് വായ്പാ തുക വിനിയോഗിക്കേണ്ടതാണ്.

6. ഒരു വ്യക്തിക്ക് അനുവദിക്കാവുന്ന പരമാവധി വായ്പ 25,000 രൂപ.

(ഡി) 2009-10-ൽ അക്കൗണ്ടന്റ് ജനറൽ നടത്തിയ പരിശോധനയിൽ കൊല്ലത്ത് 5% പലിശയ്ക്ക് നൽകേണ്ട വായ്പ 12% പലിശയ്ക്കാണ് സ്വയം സഹായ സംഘാംഗങ്ങൾക്ക് നൽകിയത് എന്ന് കണ്ടെത്തുകയുണ്ടായി. എന്നാൽ റിപ്പോർട്ടിൽ സൂചിപ്പിച്ച കാലയളവിൽ സ്വയംസഹായ സംഘങ്ങൾക്ക് തന്നെ അംഗങ്ങളിൽ നിന്നീടാക്കാവുന്ന പലിശ നിശ്ചയിക്കാൻ വ്യവസ്ഥയുണ്ടായിരുന്നു. ഇക്കാര്യം അക്കൗണ്ടന്റ് ജനറലിന് നൽകിയ മറുപടിയിൽ രേഖാമൂലം അറിയിച്ചതിനെ തുടർന്ന് പ്രസ്തുത ആഡിറ്റ് പരാമർശങ്ങൾ നിലവിലില്ലാത്തതാണ്. എന്നാൽ 2012-ൽ കോർപ്പറേഷൻ Micro Finance Guidelines-ൽ ഭേദഗതി വരുത്തുകയും സ്വയം സഹായ സംഘങ്ങൾ അംഗങ്ങൾക്ക് നൽകുന്ന വായ്പാ പലിശ 5% ആയി നിജപ്പെടുത്തിയിട്ടുമുണ്ട്. അപ്രകാരമാണ് 2014-ൽ SNDP-ക്ക് അനുവദിച്ച് വായ്പ കരാർ വച്ചിട്ടുള്ളത്. പ്രസ്തുത വായ്പ പ്രകാരം SNDP-ക്ക് നൽകിയ 5 കോടി രൂപയുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭിക്കുകയും ആയത് Field Verification നടത്തിവരികയുമാണ്.

## കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വായ്പാ തട്ടിപ്പ്

324 (1013) ശ്രീ. ജി. സുധാകരൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മൈക്രോ ക്രെഡിറ്റ് വായ്പയ്ക്കായി എസ്.എൻ.ഡി.പി. യോഗത്തിന് നൽകിയ തുക ദുരുപയോഗം ചെയ്തതിനെക്കുറിച്ച് ബഹു. പ്രതിപക്ഷ നേതാവ് നൽകിയ

പരാതിയിൽ നടത്തിയ അന്വേഷണത്തിന്റെ വിശദവിവരം അറിയിക്കുമോ ;

(ബി) വായ്പാ വിനിയോഗം സംബന്ധിച്ച് കോർപ്പറേഷന്റെ ജില്ലാ മാനേജർമാരിൽ നിന്ന് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ ; അവർ നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും അല്ലാതെയുമായി കോർപ്പറേഷൻ വായ്പാ തട്ടിപ്പ്/ദുരുപയോഗം സംബന്ധിച്ച് നടത്തിയ അന്വേഷണത്തിന്റെ വിശദാംശം അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) ബഹു. പ്രതിപക്ഷ നേതാവ് 13-10-2015-ൽ സർക്കാരിൽ ലഭ്യമാക്കിയ പരാതി 15-10-2015-ൽ സംസ്ഥാന പോലീസ് മേധാവിയുടെ കാര്യാലയത്തിലേക്ക് അന്വേഷണത്തിനായി കൈമാറിയിട്ടുണ്ട്.

(ബി) ഉണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(സി) SNDP യോഗം സമർപ്പിച്ച വിനിയോഗ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ Field Inspection നടന്നുവരുന്നു.

**എൻ.ജി.ഒ.-കൾക്ക് നൽകുന്ന മൈക്രോ ക്രെഡിറ്റ് വായ്പയുടെ ദുരുപയോഗം**

325 (1014) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻവഴി എൻ.ജി.ഒ.-കൾക്ക് നൽകുന്ന മൈക്രോ ക്രെഡിറ്റ് വായ്പ ദുരുപയോഗം ചെയ്താൽ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണന്ന് വ്യക്തമാക്കുമോ;

(ബി) എസ്.എൻ.ഡി.പി. യോഗം വായ്പ ദുരുപയോഗം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വായ്പ ദുരുപയോഗം/തട്ടിപ്പ് സംബന്ധിച്ച് ഏതെങ്കിലും സംഘങ്ങളിൽ നിന്നോ വ്യക്തികളിൽ നിന്നോ സാമൂഹ്യ സന്നദ്ധ സംഘങ്ങളിൽ നിന്നോ പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ; പരാതിയുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) വായ്പ വിനിയോഗം സംബന്ധിച്ച് കോർപ്പറേഷന് ഏതെങ്കിലും ജില്ലാ മാനേജർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ലഭ്യമാക്കുമോ; ഇതു സംബന്ധിച്ച് കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) കെ.എസ്.ബി.സി.ഡി.സി. NGO-കൾക്ക് നൽകുന്ന വായ്പ ദുരുപയോഗം ചെയ്താൽ misutilisation ആയി കണക്കാക്കി സാധാരണ പലിശയായ 3% കൂടാതെ 12% അധിക പലിശ ഈടാക്കാൻ വായ്പാ കരാറിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. അപ്രകാരം വായ്പാ തുക തിരിച്ചുപിടിക്കുന്നതാണ്.

(ബി) പരിശോധിച്ചു വരുന്നു.

(സി&ഡി) ബഹു. പ്രതിപക്ഷ നേതാവിൽനിന്നു പരാതി ലഭിച്ചിട്ടുണ്ട്. മറ്റ് പരാതികൾ ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ചുവരുന്നു.

(ഇ) വെരിഫിക്കേഷൻ റിപ്പോർട്ട് ജില്ലാ മാനേജർമാരിൽനിന്നും ശേഖരിച്ചു വരുന്നു.

**സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതി**

326 (1015) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന്റെ സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമം

പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ ചെയ്യുന്നതിന് ഭരണാനുമതി നൽകിയ കുന്നംകുളം നിയോജകമണ്ഡലത്തിലെ ചൊവ്വന്നൂർ ബ്ലോക്ക് പട്ടികജാതി വികസന ആഫീസിന്റെ പരിധിയിൽ വരുന്ന കടങ്ങോട്ട് പഞ്ചായത്തിലെ കുഴിപ്പോത്ത് കോളനിയിലെ വിവിധ പ്രവൃത്തികൾ എതുഘട്ടത്തിലാണ് ; എതെല്ലാം പ്രവർത്തികൾ പൂർത്തീകരിച്ചു ; വിശദാംശം വ്യക്തമാക്കുമോ ;

(ബി) കഴിവതും വേഗത്തിൽ പ്രവൃത്തികൾ പൂർത്തീകരിച്ച് സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമമായി മാറ്റുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം കുന്നംകുളം നിയോജക മണ്ഡലത്തിലെ ചൊവ്വന്നൂർ ബ്ലോക്ക് പട്ടികജാതി വികസന ആഫീസിന്റെ പരിധിയിൽ വരുന്ന കടങ്ങോട്ട് പഞ്ചായത്തിലെ കുഴിപ്പോത്ത് കോളനിയിലെ വികസന പ്രവർത്തനങ്ങളിൽ പുതിയ ടാർ റോഡ് നിർമ്മാണം, റോഡ് മെറ്റലിംഗും ടാറിംഗ്, പഴയ റോഡ് റീ ടാറിംഗ്, നിലവിലുള്ള റോഡ് കോൺക്രീറ്റിംഗ്, പുതിയ കാന നിർമ്മാണം, സംരക്ഷണ ഭിത്തി, 6 ഓവർഹെഡ് വാട്ടർ ടാങ്ക്, കിണർ അറ്റകുറ്റപ്പണി, വീടുകളുടെ അറ്റകുറ്റപ്പണി എന്നീ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ടി പ്രവൃത്തികളിൽ റോഡ് കരിങ്കൽ വിരിച്ച് 170 മീറ്റർ സംരക്ഷണ ഭിത്തിയുടെ 75% പണി കഴിഞ്ഞു. ഓവർഹെഡ് വാട്ടർ ടാങ്ക് വാർത്തിട്ടുണ്ട്. ഇതിലേയ്ക്കായി 25 ലക്ഷം രൂപ ഒന്നാം ഗഡുവായി അനുവദിച്ചതിൽ 23.5 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) സ്വീകരിക്കുന്നതാണ്. ബന്ധപ്പെട്ട ഏജൻസികൾക്ക് കഴിവതും വേഗത്തിൽ പണി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഗാന്ധി ഗ്രാമം പദ്ധതി**

327 (1016) <u>ശ്രീ. ഐ. സി.ബാലകൃഷ്ണൻ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> :

<u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി സങ്കേതങ്ങളിൽ ഗാന്ധി ഗ്രാമം പദ്ധതി ആരംഭിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കോളനികളുടെ അടിസ്ഥാന സൗകര്യ വികസനമാണ് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. ചുവടെ പറയുന്ന പ്രവൃത്തികളിൽനിന്നും കോളനികളുടെ വികസനത്തിനാവശ്യമായ പദ്ധതികൾ കണ്ടെത്തി നടപ്പിലാക്കി വരുന്നു:

1. കോളനിക്കുള്ളിലെ റോഡ്/നടപ്പാതയുടെ നിർമ്മാണം
2. ഡ്രെയിനേജ് സൗകര്യങ്ങൾ
3. കുടിവെള്ള പദ്ധതികൾ
4. വൈദ്യുതീകരണം
5. ബയോഗ്യാസ് പ്ലാന്റ്
6. കമ്മ്യൂണിറ്റി ഹാൾ/ഓഡിറ്റോറിയം
7. കോമ്പൗണ്ട് വാൾ

(സി) ഗാന്ധിഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത പട്ടികജാതി കോളനികളിൽ

പരമാവധി ഒരു കോടി രൂപ വീതം വിനിയോഗിക്കുന്നതിന് ഭരണാനുമതി നൽകുകയും സർക്കാർ അക്രഡിറ്റഡ് ഏജൻസികളെ നിർവ്വഹണ ചുമതല ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിർവ്വഹണ ഏജൻസികൾ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം ധാരണാപത്രം ഒപ്പിട്ട് എസ്റ്റിമേറ്റ് തുകയുടെ 25% ഏജൻസികൾക്ക് കൈമാറിയിട്ടുണ്ട്.

## അടൂർ നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ

328 (1017) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വികസന വകുപ്പ് ഈ സർക്കാരിന്റെ കാലയളവിൽ അടൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിവരങ്ങൾ പദ്ധതി തിരിച്ച് അടങ്കൽ സൂചനയും വ്യക്തിഗത സഹായ പദ്ധതികളിലെ ഗുണഭോക്താക്കളുടെ എണ്ണം സഹിതം വാർഷികാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

പട്ടികജാതി വികസന വകുപ്പ് ഈ സർക്കാരിന്റെ കാലയളവിൽ അടൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. ഭൂരഹിത പുനരധിവാസ പദ്ധതി:

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2011-12 | 35 | 52,50,000 |

| | | |
|---|---|---|
| 2012-13 | 168 | 2,52,10,000 |
| 2013-14 | 78 | 1,17,50,000 |
| 2014-15 | 58 | 1,88,93,370 |
| 2015-16 | 50 | 1,83,71,250 |

2. ഭവന നിർമ്മാണം:

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2011-12 | 51 | 102,00,000 |
| 2012-13 | 69 | 1,38,00,000 |
| 2013-14 | 90 | 1,80,00,000 |
| 2014-15 | 95 | 2,85,00,000 |
| 2015-16 | 100 | 2,97,00,000 |

3. ഭവന പുനരുദ്ധാരണം:

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2011-12 | ... | ... |
| 2012-13 | ... | ... |
| 2013-14 | 96 | 48,00,000 |
| 2014-15 | 119 | 59,50,000 |
| 2015-16 | 96 | 48,00,000 |

4. ടോയ്‌ലെറ്റ് ഗ്രാന്റ്:

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2011-12 | ... | ... |
| 2012-13 | 378 | 94,50,000 |
| 2013-14 | 369 | 92,25,000 |
| 2014-15 | 230 | 57,50,000 |
| 2015-16 | ... | ... |

5. വിവാഹ ധനസഹായം:

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2011-12 | 74 | 14,40,000/- |
| 2012-13 | 68 | 16,20,000/- |
| 2013-14 | 203 | 100,90,000/- |
| 2014-15 | 165 | 72,10,000/- |
| 2015-16 | 89 | 44,50,000/- |

6. മിശ്ര വിവാഹ ധനസഹായം:

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2011-12 | 28 | 13,70,000 |
| 2012-13 | 11 | 5,50,000 |
| 2013-14 | 16 | 8,00,000 |

| | | |
|---|---|---|
| 2014-15 | 20 | 10,00,000 |
| 2015-16 | 7 | 3,50,000 |

7. ചികിത്സാ ധനസഹായം:

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2011-12 | 146 | 6,85,000 |
| 2012-13 | 158 | 13,20,000 |
| 2013-14 | 429 | 59,49,000 |
| 2014-15 | 334 | 46,48,000 |
| 2015-16 | 449 | 77,47,000 |

8. അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്:

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2011-12 | 21 | 94,500 |
| 2012-13 | 46 | 2,07,000 |
| 2013-14 | 67 | 3,01,500 |
| 2014-15 | 86 | 3,87,000 |
| 2015-16 | 84 | 2,40,750 |

9. പ്രത്യേക പ്രോത്സാഹന സമ്മാന പദ്ധതി:

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|

| | | |
|---|---|---|
| 2011-12 | 24 | 24,000 |
| 2012-13 | 30 | 36,000 |
| 2013-14 | 106 | 1,59,50 |
| 2014-15 | 145 | 2,70,500 |
| 2015-16 | 68 | 3,80,000 |

10. സ്വയം തൊഴിൽ ധനസഹായ പദ്ധതി:

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2011-12 | 2 | 97,866 |
| 2012-13 | ... | ... |
| 2013-14 | 1 | 50,000 |
| 2014-15 | 1 | 51,667 |
| 2015-16 | 4 | 2,60,167 |

11. സൈക്കിൾ വിതരണം:

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2011-12 | 659 | 19,77,000 |
| 2012-13 | ... | ... |
| 2013-14 | ... | ... |
| 2014-15 | ... | ... |
| 2015-16 | … | ... |

12. പദ്ധതികളുടെ വിവരം:

| വർഷം | പദ്ധതിയുടെ പേര് | അടങ്കൽ തുക | ഫൈനൽ ബിൽ | കോർപ്പസ് ഫണ്ട് 2014-15 |
|---|---|---|---|---|

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 2012-13 | ചേരിക്കൽ പട്ടികജാതി കോളനി | - | 804266 | സ്വയംപര്യാപ്ത ഗ്രാമം- 2012-13 |
| 2013-14 | മുരുകൻകുന്ന് പട്ടികജാതി കോളനി | നിർമ്മാണ ഉദ്ഘാടനം കഴിഞ്ഞു | - | സ്വയംപര്യാപ്ത ഗ്രാമം 2013-14 |
| 2014-15 | മൈലാട്ടുംകുളം പരുവയ്യത്ത് കോളനിറോഡ് കോൺക്രീറ്റിംഗ് | 5,00,000 | 326855 | കോർപ്പസ് ഫണ്ട് 2014-15 |
| | നെല്ലിക്കാട്ടിൽ കോളനി കുറിമുറ്റത്ത് അയത്തിൽ കോളനി റോഡ് കോൺക്രീറ്റിംഗ് | 10,00,000 | 861935 | കോർപ്പസ് ഫണ്ട് 2014-15 |
| | അണ്ണാംകോണം മൈലാട്ടുംകുളം കോൺക്രീറ്റിംഗ് | 7,00,000 | 692447 | കോർപ്പസ് ഫണ്ട് 2014-15 |

**സർഫാസി നിയമം**

329 (1018) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാങ്ക് വായ്പയെടുത്ത് തിരിച്ചടയ്ക്കാൻ കഴിയാതെ കഷ്ടപ്പെടുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്ന് പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത ശിപാർശയിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ബാങ്കുകളുടെ സർഫാസി നിയമത്തിൽപ്പെട്ട, പട്ടികജാതി വിഭാഗത്തിലെ നിരവധി പേരുടെ കിടപ്പാടവും ഭൂമിയും നഷ്ടപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം ജില്ലകളിൽനിന്നും എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) എറണാകുളം ജില്ലയിൽ സർഫാസി ആക്ട് പ്രകാരം ഭൂമാഫിയയുമായി ഒത്തുചേർന്ന് പട്ടികജാതിക്കാരുടെ വീടും ഭൂമിയും നഷ്ടപ്പെട്ട കേസുകൾ ബഹു. പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷൻ മുമ്പാകെ പരിഗണനയ്ക്ക് വന്നിരുന്നു. പ്രസ്തുത കേസുകൾ സംബന്ധിച്ച് കമ്മീഷൻ എറണാകുളം ജില്ലാ പഞ്ചായത്ത് ഹാളിൽ ഒരു അദാലത്തും കമ്മീഷൻ ഓഫീസിൽ തുടർ വിചാരണയും നടത്തി പൊതുവായ വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. വായ്പ തിരിച്ചടവ് ഇളവ് നൽകുന്നതിനും, ഭൂമി നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനും എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭൂമാഫിയയുടെ വഞ്ചനയ്ക്ക് വിധേയമായി വീടും കിടപ്പാടവും നഷ്ടപ്പെട്ടവർക്ക് നീതി ലഭ്യമാകുന്ന തരത്തിൽ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം തുടരുന്നതിനും ബന്ധപ്പെട്ട പോലീസ് അധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. എറണാകുളം ജില്ലയിൽനിന്നും 10 കുടുംബങ്ങളുടെ പരാതി ലഭിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത വിഷയം സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി ചെയർമാന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈ വിഷയത്തിൽ 1989-ലെ പട്ടികജാതിയും-പട്ടിക വർഗ്ഗവും (അതിക്രമം തടയൽ) നിയമ പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിനായി

കൊച്ചി സിറ്റി പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 8 കേസുകളിൽ 1989-ലെ പട്ടികജാതിയും പട്ടികവർഗ്ഗവും (അതിക്രമം തടയൽ) നിയമ പ്രകാരമുള്ള സെക്ഷൻ ഉൾപ്പെടുത്തി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മൂന്നു കേസുകളിൽ ചാർജ് ഷീറ്റ് സമർപ്പിച്ചിട്ടുള്ളതും 2 കേസുകൾ അന്വേഷണം പൂർത്തിയാക്കി ചാർജ് ഷീറ്റ് സമർപ്പിക്കുന്ന അവസ്ഥയിലാണെന്നും മൂന്നു കേസുകൾ തുടരന്വേഷണത്തിലുമാണെന്ന് ജില്ലാ പോലീസ് മേധാവി, കൊച്ചി (സിറ്റി) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

330 (1019) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമബിരുദധാരികളായ പട്ടികജാതി വിഭാഗക്കാർക്ക് പ്രാക്ടീസ് തുടങ്ങുന്നതിന് വകുപ്പിൽനിന്നും ലഭ്യമാക്കുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പോസ്റ്റ് മെട്രിക് സ്കോളർഷിപ്പായി ഇപ്പോൾ നൽകുന്ന സഹായം എത്രയാണെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) നിയമബിരുദധാരികളായ പട്ടികജാതി വിഭാഗക്കാർക്ക് അഭിഭാഷകരായി പ്രാക്ടീസ് നടത്തുന്നതിന് വകുപ്പിൽനിന്നും താഴെ പറയുന്ന ധനസഹായം ലഭ്യമാകുന്നു:

ഒന്നാം വർഷം

വസ്ത്രം വാങ്ങുന്നതിന് - 2000 രൂപ

പുസ്തകം വാങ്ങുന്നതിന് - 6250 രൂപ

രണ്ടും മൂന്നും വർഷം

വസ്ത്രം വാങ്ങുന്നതിന് - 2000 രൂപ

| | | |
|---|---|---|
| പുസ്തകം വാങ്ങുന്നതിന് | - | 6250 രൂപ |
| മുറി വാടക | - | 3000 രൂപ (പ്രതിമാസം 250 രൂപ നിരക്കിൽ 12 മാസം. |

(ബി) എൽ.എൽ.ബി. (3 വർഷം)

| | | | |
|---|---|---|---|
| 1. | ട്യൂഷൻ ഫീസ് | - | 1500 രൂപ |
| 2. | സ്പെഷ്യൽ ഫീസ് | - | 1325 രൂപ |
| 3. | പരീക്ഷാ ഫീസ് | - | 1620 രൂപ |
| 4. | ലംപ്സംഗ്രാന്റ് | - | 1500 രൂപ |
| 5. | സ്റ്റൈപ്പന്റ് | - | 600/500 രൂപ |
| 6. | പോക്കറ്റ് മണി | - | 150 രൂപ |
| 7. | പ്രൈവറ്റ് അക്കോമഡേഷൻ | - | 1500 രൂപ |

എൽ.എൽ.ബി. (5 വർഷം) ഗവ. സ്ഥാപനം

| | | | |
|---|---|---|---|
| 1. | ട്യൂഷൻ ഫീസ് | - | 1500 രൂപ |
| 2. | സ്പെഷ്യൽ ഫീസ് | - | 675 രൂപ |
| 3. | പരീക്ഷാ ഫീസ് | - | 1860 രൂപ |

(സ്വാശ്രയ സ്ഥാപനം)

| | | | |
|---|---|---|---|
| 1. | ട്യൂഷൻ ഫീസ് | - | 15,000 രൂപ |
| 2. | സ്പെഷ്യൽ ഫീസ് | - | 11,465 രൂപ |
| 3. | പരീക്ഷാ ഫീസ് | - | 1,860 രൂപ |

**സ്വകാര്യ മേഖലയിലെ പട്ടികജാതി സംവരണം**

331(1020) പ്രൊഫ. സി. രവീന്ദ്രനാഥ് :

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :

ശ്രീ. ആർ. രാജേഷ് :

ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1,18,822 എയ്ഡഡ് സ്കൂൾ അധ്യാപകരിൽ 356 പേരും (0.29%) 10,517 എയ്ഡഡ് കോളേജ് അധ്യാപകരിൽ 49 പേരും (0.46%) മാത്രമേ പട്ടികജാതിയിൽപ്പെട്ടവർ ഉള്ളുവെന്നത് കണക്കിലെടുത്ത് പ്രസ്തുത മേഖലയിൽ സംവരണം ഏർപ്പെടുത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത വിഷയത്തിൽ കേരള ഹൈക്കോടതി എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ; പ്രസ്തുത ഉത്തരവ് പ്രകാരം സ്വീകരിച്ച നടപടികൾ അറിയിക്കുമോ ;

(സി) സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ സ്ഥിരം നിയമനം കുറയുകയും കരാർ നിയമനം വർദ്ധിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ കരാർ നിയമനത്തിലും സംവരണതത്വം ബാധകമാക്കുമോ ;

(ഡി) സ്വകാര്യ മേഖലയിൽക്കൂടി സംവരണം ഏർപ്പെടുത്തണമെന്ന ആവശ്യത്തോട് സർക്കാരിന്റെ നിലപാട് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) കേരള വിദ്യാഭ്യാസ നിയമം 1958 സെക്ഷൻ 11 പ്രകാരം സർക്കാരിന്റെ ചട്ടങ്ങൾക്കും നിബന്ധനകൾക്കും അനുസൃതമായി എയ്ഡഡ് സ്കൂളുകളിൽ അധ്യാപകരെ നിയമിക്കാനുള്ള അധികാരം മാനേജർമാരിൽ നിക്ഷിപ്തമാണ്. എയ്ഡഡ് സ്കൂൾ അധ്യാപക നിയമനങ്ങളിൽ സംവരണം നടപ്പാക്കുവാൻ സർക്കാർ നയപരമായി തീരുമാനമെടുത്തിട്ടില്ല. എയ്ഡഡ് കോളേജുകളിൽ സംവരണതത്വം പാലിക്കുന്നത് സംബന്ധിച്ച് തീരുമാനം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഗ്രാന്റ് ഇൻ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിന് സംവരണം അനുവദിച്ചു നൽകണമെന്ന <u>ബഹു.</u>

ഹൈക്കോടതിയുടെ 24-5-2015-ലെ 33205/10 നമ്പർ റിട്ട് പെറ്റിഷനിലെ വിധിന്യായത്തിനെതിരെ രണ്ട് എയ്ഡഡ് കോളേജ് മാനേജ്മെന്റുകൾ അപ്പീൽ നൽകുകയും ടി വിധിന്യായത്തിൽ സ്റ്റേ ഉത്തരവ് നിലനിൽക്കുകയും ചെയ്യുന്നതിനാൽ അന്തിമ തീരുമാനമായിട്ടില്ല.

(സി) കരാർ/ദിവസക്കൂലി നിയമനങ്ങളിൽ സംവരണം പാലിക്കേണ്ടതു സംബന്ധിച്ച് നിലവിൽ വ്യവസ്ഥകളൊന്നുമില്ല.

(ഡി) സ്വകാര്യ മേഖലയിൽ സംവരണതത്വങ്ങൾ പാലിക്കണമെന്ന് ഏകപക്ഷീയമായി സർക്കാരിന് നിലപാട് സ്വീകരിക്കുവാൻ കഴിയില്ല. പട്ടികജാതി/വർഗ്ഗക്കാരുടെ ക്ഷേമം ലക്ഷ്യമാക്കി അവർക്ക് അർഹതപ്പെട്ട സംവരണം സ്വകാര്യ മേഖലയിൽ നടപ്പിലാക്കുന്നതിന് വിശദമായി പഠനം നടത്തി ബന്ധപ്പെട്ട മേഖലകളിലുള്ളവരുമായി ചർച്ച നടത്തി അഭിപ്രായ സമന്വയത്തിൽ എത്തിച്ചേരേണ്ടതുണ്ട്.

**പീരുമേട് ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂളിന് കമ്പ്യൂട്ടറുകൾ**

332 (1021) ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പീരുമേട് ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂളിന് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് എത്ര തുക അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ; ഇതിനായി കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

പീരുമേട് ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂളിന് കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് 2003-04 വർഷം 1,77,438 രൂപ അനുവദിക്കുകയും ആയതു പ്രകാരം സ്ഥാപനത്തിലേക്ക് 6 കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുകയും ചെയ്തിട്ടുണ്ട്. കൂടാതെ പൊതു വിദ്യാഭ്യാസ വകുപ്പ് മുഖേന 11 കമ്പ്യൂട്ടറുകൾ സ്ഥാപനത്തിൽ ലഭ്യമായിട്ടുണ്ട്. പീരുമേട് എം.ആർ.എസ്. ഉൾപ്പെടെ വകുപ്പിന്റെ കീഴിലുള്ള എല്ലാ എം.ആർ.എസ്സ്.-കളിലേക്കും ആവശ്യമുള്ള

കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനുള്ള ക്രോഡീകരിച്ച പ്രൊപ്പോസൽ ലഭ്യമാക്കാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ എസ്.എൻ.ഡി.പി.**

**യോഗത്തിന് മൈക്രോ ക്രെഡിറ്റ് വായ്പ നൽകിയത്**

333 (1022) <u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻവഴി എസ്.എൻ.ഡി.പി. യോഗത്തിന് എത്ര തുക മൈക്രോ ക്രെഡിറ്റ് വായ്പാ ഇനത്തിൽ നൽകുകയുണ്ടായെന്ന് അറിയിക്കുമോ;

(ബി) എസ്.എൻ.ഡി.പി. യോഗത്തിന് നൽകിയ വായ്പ ഏതൊക്കെ യൂണിയനുകൾ വഴി ഏതൊക്കെ സ്വയം സഹായ സംഘങ്ങൾക്കാണ് നൽകിയതെന്ന് അറിയിക്കുമോ;

(സി) വായ്പ നൽകിയ സ്വയം സഹായ സംഘങ്ങളുടെ പേരും മേൽവിലാസവും ഓരോ സംഘത്തിനും നൽകിയ വായ്പാ തുകയും എത്ര വീതമെന്നും വ്യക്തമാക്കുമോ;

(ഡി) വായ്പാ പലിശ നിരക്കുകൾ സംബന്ധിച്ച നിബന്ധനകൾ എന്തെല്ലാമായിരുന്നു?

<u>ഉത്തരം</u>

(എ) 5 കോടി രൂപ മൈക്രോ ക്രെഡിറ്റിന് വായ്പ നൽകിയിട്ടുണ്ട്.

(ബി&സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) കെ.എസ്.ബി.ഡി.സി. SNDP യോഗത്തിന് 3% പലിശ നിരക്കിലാണ് വായ്പ നൽകിയിരിക്കുന്നത്. സ്വയംസഹായ സംഘങ്ങളിലെ ഗുണഭോക്താക്കളിൽ നിന്നും SNDP യോഗത്തിന് ഈടാക്കാവുന്ന പരമാവധി പലിശ നിരക്ക് 5% ആണ്.

**പിന്നോക്കക്ഷേമ കോർപ്പറേഷൻ**

334 (1023) <u>ശ്രീ. റ്റി. യു. കുരുവിള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്കക്ഷേമ കോർപ്പറേഷൻവഴി ഇപ്പോൾ നല്കിവരുന്ന സേവനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കോർപ്പറേഷൻവഴി നല്കുന്ന തൊഴിൽദാന പദ്ധതികളുടെ ലോൺ തുക ഉയർത്തുന്നതിനും ലോൺ തുകകൾ കൃത്യമായി അടച്ച് തീർക്കുന്നവർക്ക് 5% പലിശ ഇളവു നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത കോർപ്പറേഷൻവഴി നല്കുന്ന തൊഴിൽദാന ലോൺ പദ്ധതിയിൽ 50,000 രൂപയ്ക്ക് ഒരു എംപ്ലോയി എന്നത് രണ്ട് ലക്ഷം രൂപയ്ക്ക് ഒരാൾ എന്ന നിലയിൽ പരിഷ്കരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) സേവനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പരിശോധിക്കുന്നതാണ്.

(സി) നിലവിൽ രണ്ടരലക്ഷം രൂപ വരെയുള്ള വായ്പയ്ക്ക് 30,000 രൂപ അറ്റ ശമ്പളം ഉള്ള ഒരു ഉദ്യോഗസ്ഥ ജാമ്യത്തിന്മേലാണ് നൽകി വരുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പിന്നോക്ക വികസന കോർപ്പറേഷൻ എസ്.എൻ.ഡി.പി. യോഗത്തിന് നൽകിയ മൈക്രോ ക്രെഡിറ്റ് വായ്പ

335 (1024) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പിന്നോക്ക വികസന കോർപ്പറേഷനിൽനിന്നും എസ്.എൻ.ഡി.പി. യോഗത്തിന് ഇതേവരെയായി മൈക്രോ ക്രെഡിറ്റ് വായ്പയിനത്തിൽ എത്രകോടി രൂപ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) വായ്പാതുക, നൽകിയ തീയതി, വായ്പാ നമ്പർ, എന്നിവ ഓരോ വർഷവും എത്രയെന്ന് പ്രത്യേകം ലഭ്യമാക്കുമോ ;

(സി) എസ്.എൻ.ഡി.പി. യോഗത്തിന് വേണ്ടി വായ്പാ കരാറിൽ ഒപ്പുവച്ചതാരാണെന്നും ഇതുസംബന്ധിച്ച നിബന്ധനയും, വായ്പയുടെ മാനദണ്ഡവും എന്തെല്ലാമാണെന്നും വിശദമാക്കുമോ ?

### ഉത്തരം

(എ) ഇതുവരെയായി 15.89 കോടി രൂപ വായ്പ നൽകിയിട്ടുണ്ട്.

(ബി)

| ക്രമ നമ്പർ | വായ്പ നൽകിയ തീയതി | വായ്പാ നമ്പർ | വായ്പാ തുക |
|---|---|---|---|
| 1 | 31-3-2003 | 20103433 | 50,00,000 |
| 2 | 10-6-2004 | 20104635 | 50,00,000 |
| 3 | 20-11-2004 | 20105040 | 1,00,00,000 |
| 4 | 25-6-2005 | 20105689 | 1,00,00,000 |
| 5 | 31-3-2006 | 20106372 | 1,75,00,000 |

| | | | |
|---|---|---|---|
| 6 | 27-3-2008 | 20108896 | 2,00,00,000 |
| 7 | 25-8-2009 | 20110805 | 4,10,00,000 |
| 8 | 19-6-2014 | 20116300 | 5,00,00,000 |
| | | ആകെ | 15,85,00,000 |

(സി) ജനറൽ സെക്രട്ടറി ശ്രീ. വെള്ളാപ്പള്ളി നടേശനാണ് വായ്പാ കരാറിൽ ഒപ്പുവച്ചിട്ടുള്ളത്. വായ്പ സംബന്ധിച്ച നിലവിലുള്ള നിബന്ധനകൾ ചുവടെ ചേർക്കുന്നു:

1. NGO കൾക്ക് ലഭിക്കുന്ന വായ്പ അയൽക്കൂട്ടങ്ങൾവഴി അംഗങ്ങൾക്ക് വിതരണം ചെയ്യേണ്ടതാണ്. ഒരു അയൽക്കൂട്ടത്തിന് പരമാവധി 5 ലക്ഷം രൂപ വായ്പയായി വിതരണം ചെയ്യാവുന്നതാണ്.
2. അയൽക്കൂട്ടങ്ങളിലെ അംഗസംഖ്യ 20-ൽ കൂടാൻ പാടുള്ളതല്ല.
3. NBCFDC മൈക്രോ ക്രെഡിറ്റ് പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഓരോ അയൽക്കൂട്ടങ്ങളിലും 75% അംഗങ്ങളും മറ്റു പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവരായിരിക്കണം.
4. കുടുംബ വാർഷിക വരുമാനം ഗ്രാമങ്ങളിൽ 81,000 രൂപയിൽ താഴെയും നഗരപ്രദേശങ്ങളിൽ 1,03,000 രൂപയിൽ താഴെയുമുള്ള വ്യക്തികൾക്ക് മാത്രമേ വായ്പ അനുവദിക്കാനാവുകയുള്ളൂ.
5. വരുമാനദായകമായ ഏതെങ്കിലും പദ്ധതി തുടങ്ങുന്നതിന്/ നിലവിലുള്ള പദ്ധതി വിപുലീകരിക്കുന്നത് വായ്പാ തുക വിനിയോഗിക്കേണ്ടതാണ്.
6. ഒരു വ്യക്തിക്ക് അനുവദിക്കാവുന്ന പരമാവധി വായ്പ 25,000 രൂപ.

**പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങൾക്ക് സഹായം**

336 (1025) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പിന്നോക്ക വികസന വകുപ്പിൽനിന്നും പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങൾക്ക് എന്തെല്ലാം സാമ്പത്തിക സഹായങ്ങളും ആനുകൂല്യങ്ങളുമാണ് സർക്കാർ നടപ്പിലാക്കിയിട്ടുള്ളത് ; വിശദാംശം നൽകാമോ ;

(ബി) പിന്നോക്ക വിഭാഗങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങൾ യഥാവിധി ലഭിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച് റിവ്യൂ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ?

<u>ഉത്തരം</u>

(എ) പദ്ധതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പിന്നോക്ക വിഭാഗങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങൾ ഫണ്ടിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ യഥാവിധി സമയബന്ധിതമായി അനുവദിക്കുന്നുണ്ട്. ആയത് സംബന്ധിച്ചുള്ള വിവരങ്ങൾ വകുപ്പ് മേധാവിയുടെ നേതൃത്വത്തിൽ മേഖലാ ഓഫീസർമാരുടെ പ്രതിമാസ യോഗംചേരുകയും ഫീൽഡുതല സന്ദർശനം നടത്തി സ്ഥാപനങ്ങൾ പരിശോധിച്ച് വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

**പിന്നോക്ക വിഭാഗങ്ങൾക്കായുള്ള പദ്ധതികൾ**

337 (1026) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അടൂർ നിയോജകമണ്ഡലത്തിൽ പിന്നോക്ക വിഭാഗങ്ങൾക്കായി ഈ സർക്കാരിന്റെ കാലയളവിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിവരം, ഗുണഭോക്താക്കളുടെ എണ്ണം, അടങ്കൽ തുക എന്നീ വിവരങ്ങൾ വാർഷികാടിസ്ഥാനത്തിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

വിവരം ശേഖരിച്ചുവരുന്നു.

**ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി**

338 (1027) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ പട്ടികജാതിക്കാർക്ക് ഭൂമി നൽകുന്നതിന് പദ്ധതി ആരംഭിച്ചിട്ടുണ്ടോയെന്നും എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ ഭൂരഹിതരായ എല്ലാ പട്ടികജാതി കുടുംബങ്ങളേയും ഘട്ടംഘട്ടമായി സ്വന്തമായി ഭൂമിയുള്ളവരായി മാറ്റുക എന്നതാണ് നിലവിലുള്ള ഭൂരഹിത പുനരധിവാസ പദ്ധതിയുടെ ഉദ്ദേശ്യം.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന ഗ്രാമസഭ/വാർഡ് സഭാ ലിസ്റ്റിൽനിന്നും കൂടാതെ പട്ടികജാതി വികസന വകുപ്പ് നേരിട്ടും അർഹരായ പട്ടികജാതി ഗുണഭോക്താക്കളെ കണ്ടെത്തി അവർക്ക് പഞ്ചായത്തുകളിൽ പരമാവധി 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3.75 ലക്ഷം രൂപയും മുനിസിപ്പാലിറ്റികളിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 4.50 ലക്ഷം രൂപയും കോർപ്പറേഷനുകളിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപയുമാണ് ഈ പദ്ധതി പ്രകാരം അനുവദിക്കുന്നത്. 2015-16 സാമ്പത്തിക വർഷത്തിൽ ഭൂരഹിതപുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിന് 150 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## പട്ടികജാതി കോളനികളുടെ നവീകരണം

339 (1028) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു കോടി രൂപ ചെലവഴിച്ച് പട്ടികജാതി കോളനികൾ നവീകരിക്കുന്ന പദ്ധതി 2015- 16 വർഷത്തിൽ നടപ്പിലാക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) അമ്പലപ്പുഴ നിയമസഭാ മണ്ഡലത്തിൽ സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി ഏതെല്ലാം കോളനികൾ നവീകരിക്കുന്നുണ്ട്; പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കുവാൻ കഴിയും; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിൽ തെരഞ്ഞെടുത്ത കോളനികളിലെ പ്രവർത്തനങ്ങളുടെ പുരോഗതി പരിശോധിച്ചശേഷം മാത്രമേ പുതിയ കോളനികളെ തെരഞ്ഞെടുക്കുന്ന വിഷയം പരിഗണിക്കുകയുള്ളൂ.

(ബി) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതി പ്രകാരം മണ്ണുംപുറം കോളനിയിലെ വികസന പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു. കോളനിയിൽ വീട് മെയിന്റനൻസ്, ഇന്റർലോക്ക്, കമ്മ്യൂണിറ്റി ഹാൾ നവീകരണം, സോളാർ ലാമ്പ് 10 എണ്ണം എന്നിവ പൂർത്തിയാക്കി. റോഡ് പണി, സൈഡ് കെട്ട്, കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. നടപ്പുസാമ്പത്തിക വർഷം പ്രവർത്തനം പൂർത്തീകരിക്കുവാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു. 65 ലക്ഷം രൂപ കോളനിയിലെ വികസന പ്രവർത്തനങ്ങൾക്കായി നിർവ്വഹണ ഏജൻസിക്ക് അനുവദിച്ചിട്ടുണ്ട്.

**കൊയിലാണ്ടി ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിനു ഭരണാനുമതി**

340 (1029) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള കൊയിലാണ്ടി ഐ.ടി..ഐ.-യിൽ

ഈ സർക്കാരിന്റെ കാലയളവിൽ പുതിയ കെട്ടിടത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഭരണാനുമതി ഉത്തരവ് പുറപ്പെടുവിച്ചതിനുശേഷം കെട്ടിട നിർമ്മാണത്തിനായി ഇതുവരെ നടന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; നിർമ്മാണ ചുമതല ഏറ്റെടുത്തിരിക്കുന്നത് ആരാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി താലൂക്കിൽ കൊയിലാണ്ടി നഗരസഭാ പരിധിയിൽ കുറവങ്ങാടി പട്ടികജാതി വികസന വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണത്തിന് 6-2-2014-ലെ സ.ഉ. (ആർ.ടി.) നം. 217/2014/പജപവവിവ ഉത്തരവിലൂടെ 155 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

(ബി) ഭരണാനുമതി നൽകിയതിനുശേഷം ടെന്റർ ചെയ്ത് പ്രവൃത്തി ആരംഭിക്കാൻ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കഴിയാതെ വരികയും 2013 ഷെഡ്യൂൾ റേറ്റ് നിലവിൽ വരുകയും ചെയ്തു. തന്മൂലം വർക്ക് പൂർത്തീകരിക്കാനനുവദിച്ച 155 ലക്ഷം രൂപയ്ക്കു പുറമെ 10.25 ലക്ഷം രൂപ കൂടുതൽ വേണമെന്ന് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലല്ലാതെ അധിക തുക ആവശ്യപ്പെട്ടതിനാലും 1-4-2014 മുതൽ 2014-ലെ ഷെഡ്യൂൾ റേറ്റ് നിലവിൽ വന്നതിനാലും കോർപ്പറേഷന്റെ ആവശ്യത്തിന്മേൽ നടപടി സ്വീകരിക്കാൻ കഴിഞ്ഞില്ല. തുടർന്ന് എത്രയും വേഗം പ്രവൃത്തി ചെയ്യുന്നതു സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ അധികൃതരുമായി 20-12-2014-നു നടത്തിയ യോഗത്തിന്റെ അടിസ്ഥാനത്തിൽ 2014 ഷെഡ്യൂൾ റേറ്റ് പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് 30-8-2015-ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകരിക്കുകയും 6-10-2015-ലെ സ.ഉ. (സാധാ.) നമ്പർ 1637/2015/എസ്.സി.എസ്.ടി.ഡി.ഡി. പ്രകാരം കുറവങ്ങാട് ഐ.ടി.ഐ.-യുടെ പുതിയ കെട്ടിടത്തിനുള്ള 1,93,00,000

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. കുറവങ്ങാട് ഐ.ടി.ഐ.യുടെ നിർമ്മാണച്ചുമതല ഏറ്റെടുത്തിരിക്കുന്നത് കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനാണ്.

**പട്ടികജാതി സ്വയം സഹായ സംഘങ്ങൾ**

341 (1030) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സ്വയം സഹായ സംഘങ്ങൾക്ക് ഈ സർക്കാർ വന്നതിന് ശേഷം ഓരോ വർഷവും എത്ര രൂപ നീക്കിവച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) എത്ര സംഘങ്ങൾ സഹായത്തിനായി നാളിതുവരെ അപേക്ഷ നൽകിയിട്ടുണ്ടെന്ന് ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ;

(സി) സംഘങ്ങൾക്ക് എത്ര രൂപ വീതം നൽകിയെന്ന് വിശദമാക്കുമോ ;

(ഡി) സഹായം അനുവദിച്ചിട്ടില്ലാത്ത സംഘങ്ങളുടെ വിവരവും അതിന്റെ കാരണവും വിശദമാക്കുമോ ?

ഉത്തരം

(എ) പട്ടികജാതി സ്വയം സഹായ സംഘങ്ങൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കുന്ന പദ്ധതി 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയും 2014-15 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുകയും ചെയ്യുന്നു. 2014-15 സാമ്പത്തിക വർഷം 439 ലക്ഷം രൂപയും 2015-16 സാമ്പത്തിക വർഷം 540 ലക്ഷം രൂപയും പദ്ധതി നടത്തിപ്പിലേക്കായി ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്.

(ബി) അനുബന്ധം 1 ആയി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി&ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

## പട്ടികജാതി സ്വയം പര്യാപ്ത ഗ്രാമം പദ്ധതി

342 (1031) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി സ്വയം പര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം ഇതുവരെ സംസ്ഥാനത്ത് എത്ര ഗ്രാമങ്ങളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്ന് ജില്ലയും വർഷവും തിരിച്ച് വ്യക്തമാക്കുമോ;

(ബി) പട്ടികജാതി സ്വയം പര്യാപ്ത ഗ്രാമം പദ്ധതി നടപ്പാക്കുന്നതിനുള്ള ചെലവ് ഏതു രീതിയിലാണെന്നും ഇതിന് കേന്ദ്ര സർക്കാർ സഹായം ലഭിക്കുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ എത്ര ശതമാനമാണെന്നും വെളിപ്പെടുത്തുമോ;

(സി) പദ്ധതി പൂർത്തീകരണത്തിന്റെ കാലാവധി സംബന്ധിച്ച വിശദാംശങ്ങളും ഇതുവരെ എത്രയെണ്ണം പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ)

| ജില്ല | 2012-13 | 2013-14 | ആകെ |
|---|---|---|---|
| (1) | (2) | (3) | (4) |
| തിരുവനന്തപുരം | 13 | 15 | 28 |
| കൊല്ലം | 11 | 8 | 19 |
| പത്തനംതിട്ട | 5 | 6 | 11 |
| ആലപ്പുഴ | 8 | 3 | 11 |
| ഇടുക്കി | 3 | 5 | 8 |

| | | | |
|---|---|---|---|
| കോട്ടയം | 9 | 5 | 14 |
| എറണാകുളം | 10 | 16 | 26 |
| തൃശ്ശൂർ | 11 | 17 | 28 |
| പാലക്കാട് | 11 | 9 | 20 |
| (1) | (2) | (3) | (4) |
| മലപ്പുറം | 12 | 8 | 20 |
| കോഴിക്കോട് | 8 | 3 | 11 |
| കണ്ണൂർ | 5 | 2 | 7 |
| വയനാട് | 1 | 3 | 4 |
| കാസർഗോഡ് | 6 | 2 | 8 |
| ആകെ | 113 | 102 | 215 |

(ബി) സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ നടപ്പിലാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് കോളനി നിവാസികളുമായി കൂടിയാലോചിച്ച് ബന്ധപ്പെട്ട ഏജൻസികൾ തയ്യാറാക്കുന്ന എസ്റ്റിമേറ്റ് പ്രകാരമാണ് തുക അനുവദിക്കുന്നത്. ടി പദ്ധതി പ്രകാരം ഒരു കോളനിക്ക് പരമാവധി ഒരു കോടി രൂപ വീതമാണ് അനുവദിക്കുന്നത്. വകുപ്പിന്റെ ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുകയിൽ നിന്നാണ് പദ്ധതിക്കായി തുക കണ്ടെത്തുന്നത്. ടി പദ്ധതിക്ക് കേന്ദ്ര സഹായം ലഭിക്കുന്നില്ല.

(സി) ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾ എസ്റ്റിമേറ്റ് സമർപ്പിച്ച് കരാർ ഒപ്പിട്ട് ആറ് മാസത്തിനകം പണി പൂർത്തീകരിക്കണം എന്നായിരുന്നു നിർദ്ദേശം. പല കോളനികളിലും കോളനി നിവാസികളുടെ നിസ്സഹരണംമൂലം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. 19 കോളനികളിൽ വികസന പ്രവർത്തനങ്ങൾ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്.

**പട്ടികജാതി ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുക**

343 (1032) <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ പട്ടികജാതി ക്ഷേമ പദ്ധതികൾക്കായി പ്രതിവർഷം ഏത്ര തുക നീക്കിവച്ചെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ, നീക്കി വച്ച തുക എന്നിവയുടെ വിശദാംശം നൽകുമോ; ഇതിനകം എത്ര തുക വർഷംപ്രതി ചെലവഴിച്ചെന്ന് വിശദമാക്കുമോ'

(സി) പ്രസ്തുത കാലയളവിൽ പട്ടികജാതി ക്ഷേമപദ്ധതികൾക്കായി കേന്ദ്രഗവൺമെന്റിൽനിന്നും എത്ര തുക ലഭ്യമായെന്നും ഏതെല്ലാം പദ്ധതികൾക്കായി എത്ര തുക വീതം ചെലവഴിച്ചെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ വരെ പട്ടികജാതി ക്ഷേമ പദ്ധതികൾക്കായി പ്രതിവർഷം പട്ടികജാതി വികസന വകുപ്പ് നീക്കിവച്ച തുക ചുവടെ ചേർക്കുന്നു:

| വർഷം | തുക (ലക്ഷത്തിൽ) |
|---|---|
| 2011-12 | 43116.5 |
| 2012-13 | 54975 |
| 2013-14 | 83950 |
| 2014-15 | 103442 |
| 2015-16 | 104092 |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെയുള്ള പട്ടികജാതി ക്ഷേമ പദ്ധതികൾ, നീക്കിവച്ച തുക, ചെലവഴിച്ച തുക എന്നിവ അനുബന്ധം-1ൽ ഉള്ളടക്കം ചെയ്തിരിക്കുന്നു*.

(സി) പ്രസ്തുത കാലയളവിൽ പട്ടികജാതി ക്ഷേമപദ്ധതികൾക്കായി കേന്ദ്ര ഗവൺമെന്റിൽനിന്നും എത്ര തുക ലഭ്യമായെന്നും ഏതെല്ലാം പദ്ധതികൾക്കായി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എത്ര തുക വീതം ചെലവഴിച്ചെന്നും അനുബന്ധം-2-ൽ ഉള്ളടക്കം ചെയ്തിരിക്കുന്നു*.

**പട്ടികജാതി കോളനി നവീകരണ പദ്ധതി**

344 (1033) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയം പര്യാപ്ത പട്ടികജാതി കോളനി നവീകരണ പദ്ധതി സമയ ബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണങ്ങൾ അറിയിക്കുമോ ;

(ബി) സർക്കാർ ഇതുവരെ ലക്ഷ്യമിട്ടതും പ്രവൃത്തി പൂർത്തീകരിച്ചതുമായ കോളനികൾ എത്രയെന്നറിയിക്കുമോ ;

(സി) പദ്ധതി പ്രകാരം ചെയ്ത പ്രവൃത്തികളും അതിനായി എന്ത് തുക ചെലവഴിച്ചെന്നും അറിയിക്കുമോ ;

(ഡി) പട്ടികജാതി കോളനികളെയെല്ലാം എന്നത്തേക്ക് സ്വയംപര്യാപ്ത ആവാസ കേന്ദ്രങ്ങളായി ഉയർത്താൻ സാധിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നത്; പദ്ധതിയുടെ രൂപരേഖ നൽകുമോ ?

ഉത്തരം

(എ) സാധിച്ചിട്ടില്ല. കോളനി നിവാസികളുടെ നിസ്സഹകരണം, കോളനിയിലെ സ്ഥല ലഭ്യതക്കുറവ്, എസ്റ്റിമേറ്റിൽ വരുന്ന മാറ്റങ്ങൾ എന്നിവ മുഖാന്തരം കോളനികളുടെ നവീകരണ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല.

(ബി) 2012-13 സാമ്പത്തിക വർഷം 113 കോളനികളും 2013-14 വർഷം 102 കോളനികളും പദ്ധതിയിൻകീഴിൽ തെരഞ്ഞെടുത്തിട്ടുണ്ട്. ഇപ്രകാരം തെരഞ്ഞെടുത്ത 215 കോളനികളിൽ 19 കോളനികളിലെ വികസന പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി&ഡി) 2012-13-ൽ തെരഞ്ഞെടുത്ത 113 കോളനികളുടെ പ്രവർത്തനങ്ങൾക്കായി നാളിതുവരെ ആകെ 69,64,10,523 രൂപയും (അറുപത്തിയൊൻപത് കോടി അറുപത്തിനാല്

ലക്ഷത്തി പതിനായിരത്തി അഞ്ഞൂറ്റി ഇരുപത്തിമൂന്ന് രൂപ മാത്രം) 2013-14-ൽ തെരഞ്ഞെടുത്ത 102 കോളനികളുടെ വികസനങ്ങൾക്കായി നാളിതുവരെ 24,78,40,898 രൂപയും (ഇരുപത്തിനാല് കോടി എഴുപത്തിയെട്ട് ലക്ഷത്തി നാല്പതിനായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റിയെട്ട് രൂപ മാത്രം) ബന്ധപ്പെട്ട ഏജൻസികൾക്ക് നൽകിയിട്ടുണ്ട്. സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കോളനികളിലെ വികസന പ്രവർത്തനങ്ങൾ 2015-16 സാമ്പത്തിക വർഷം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ബന്ധപ്പെട്ട ഏജൻസികൾക്ക് പണി പൂർത്തീകരിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. 2008-ൽ കില നടത്തിയ സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അമ്പതോ അതിലധികമോ പട്ടികജാതിക്കാർ താമസിക്കുന്ന കോളനികളെയാണ് പട്ടികജാതി സ്വയംപര്യാപ്ത ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്തിരിക്കുന്നത്. ഗവൺമെന്റ് അംഗീകൃത അക്രെഡിറ്റഡ് ഏജൻസികൾ മുഖേനയാണ് വികസന പ്രവർത്തനങ്ങൾ നടത്തുവാൻ തീരുമാനിച്ചിട്ടുള്ളത്. ബന്ധപ്പെട്ട എം.എൽ.എ./എം.പി.-യാണ് ഏജൻസികളെ തീരുമാനിക്കുന്നത്. ഒരു കോളനിക്ക് ഒരു കോടി രൂപയാണ് അനുവദിക്കുന്നത്. പട്ടികജാതി കോളനികളിലെ നവീകരണ പദ്ധതി പ്രകാരം താഴെ പറയുന്ന വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നത്:

1. കോളനിക്കുള്ളിലെ റോഡ്/ നടപ്പാതകളുടെ നിർമ്മാണം
2. ആശയ വിനിമയ സൗകര്യം
3. ഡ്രെയിനേജ് സൗകര്യങ്ങൾ
4. കുടിവെള്ള പദ്ധതികൾ
5. വൈദ്യുതീകരണം/വീടുകളിലേയ്ക്കുള്ള സോളാർ വൈദ്യുതീകരണം
6. സാനിറ്റേഷൻ
7. മാലിന്യ നിർമ്മാർജ്ജനം
8. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/ കളിസ്ഥലം മുതലായവ
9. സ്ഥലം വികസിപ്പിക്കൽ/ സംരക്ഷണഭിത്തി നിർമ്മാണം

10. സോളാർ തെരുവ് വിളക്ക്

11. ഭവന പുനരുദ്ധാരണം

12. അടുക്കളത്തോട്ടം

13. വരുമാനദായക പദ്ധതി/ മൃഗസംരക്ഷണം ഹോർട്ടികൾച്ചർ/ വീവിങ്ങ്/ കരകൗശലം മുതലായവ (വനിതകൾക്കുള്ള സ്വയം തൊഴിൽ പദ്ധതി)

14. കോളനിയിലേക്ക് ആവശ്യമായിട്ടുള്ള മറ്റ് വികസന പ്രവർത്തനങ്ങൾ

**സ്വയംതൊഴിൽ സംരംഭങ്ങൾ**

345 (1034) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയം സഹായ സംഘങ്ങൾ മുഖേന പട്ടികജാതി വിഭാഗങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ സഹായം നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ എന്ന് മുതലാണ് പദ്ധതി ആവിഷ്കരിച്ചത് ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര തുക വീതം ഓരോ വർഷവും നീക്കി വച്ചിരുന്നുവെന്നും ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം എത്ര സംഘങ്ങൾക്ക് എത്ര വീതം തുക അനുവദിച്ചെന്ന് സംഘം തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) തുക അനുവദിച്ച എല്ലാ സംഘങ്ങൾക്കും അത് നൽകിയിട്ടുണ്ടോ ; എത്ര സംഘങ്ങൾക്ക് തുക നൽകി ; തുക ലഭിച്ചവർ ഓരോ വർഷവും തുടങ്ങിയ സംരംഭങ്ങളുടെ വിശദാംശങ്ങൾ ജില്ല തിരിച്ച് വിശദമാക്കുമോ ;

(ഇ) പ്രസ്തുത പദ്ധതിയിലേക്ക് നീക്കി വച്ച തുക പൂർണ്ണമായും ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ആവിഷ്കരിച്ചിട്ടുണ്ട്. പട്ടികജാതി സ്വയംസഹായ സംഘങ്ങൾക്ക് സ്വയം

തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കുന്ന പദ്ധതി 2014-15 സാമ്പത്തിക വർഷം മുതൽ വകുപ്പ് നടപ്പിലാക്കി വരുന്നു.

(ബി) പ്രസ്തുത പദ്ധതിക്കായി 2014-15 സാമ്പത്തിക വർഷം 439 ലക്ഷം രൂപ അനുവദിച്ചതിൽ 192 ലക്ഷം രൂപയും, 2015-16-ൽ 540 ലക്ഷം രൂപ അനുവദിച്ചതിൽ 140 ലക്ഷം രൂപയും നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.

(സി-ഇ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

**പട്ടികജാതി കുടുംബങ്ങൾക്ക് ടോയ്‌ലെറ്റ്**

346 (1035) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതിക്കാരായ കുടുംബങ്ങൾക്ക് ടോയ്‌ലെറ്റ് നിർമ്മിക്കുന്നതിന് പദ്ധതി ആരംഭിച്ചിട്ടുണ്ടോ ;

(ബി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ഏത് ഏജൻസി വഴിയാണ് ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ പട്ടികജാതിക്കാരായ കുടുംബങ്ങൾക്ക് ടോയ്‌ലെറ്റ് നിർമ്മിക്കുന്നതിന് 2012-13, 2013-14, 2014-15 വർഷങ്ങളിൽ പദ്ധതി നടപ്പിലാക്കുകയും 2015-16-ൽ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതിയും

നൽകിയിട്ടുണ്ട്.

(ബി) വാസയോഗ്യമായ വീടുള്ളവരും ശുചിത്വമുള്ള ടോയ്‌ലെറ്റ് സൗകര്യം ഇല്ലാത്തതുമായ പട്ടികജാതി കുടുംബങ്ങളെയാണ് പദ്ധതിക്കായി പരിഗണിച്ചത്. 25,000 രൂപയാണ് ധനസഹായമായി അനുവദിക്കുന്നത്. 2012-13 മുതൽ 2014-15 വർഷം വരെ ആകെ 65,000 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത വർഷങ്ങളിൽ ജനസംഖ്യാനുപാതികമായി ജില്ലകൾക്ക് ഭൗതീകലക്ഷ്യം നിശ്ചയിക്കുകയും ആവശ്യമായ ഫണ്ട് ജില്ലകൾക്ക് വിതരണം നടത്തുകയും ചെയ്തിരുന്നു. 2015-16 സാമ്പത്തിക വർഷം 15,000 ഗുണഭോക്താക്കൾക്ക് സംസ്ഥാനത്തുടനീളം ടോയ്‌ലെറ്റ് അനുവദിക്കുന്നതിന് ഭരണാനുമതി നൽകുകയും ജില്ലകൾക്ക് ഭൗതിക ലക്ഷ്യം നിശ്ചയിച്ച് ആവശ്യമായ ഫണ്ട് വിതരണം നടത്തുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.

(സി) ടോയ്‌ലെറ്റ് നിർമ്മാണത്തിനായി ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടില്ല. തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ സ്വന്തം നിലയ്ക്കാണ് ടോയ്‌ലെറ്റ് നിർമ്മാണം പൂർത്തിയാക്കേണ്ടത്.

**പട്ടികജാതി വിഭാഗങ്ങൾക്കുള്ള വിഹിതം**

347 (1036) <u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം ഗ്രാമ പഞ്ചായത്ത് , ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിൽ പട്ടികജാതി വിഭാഗങ്ങൾക്ക് അനുവദിച്ചിട്ടുള്ള വിഹിതം എത്രയെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഓരോ വർഷവും ചെലവഴിച്ച തുകയുടെ ശതമാനം എത്രയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ ഗ്രാമ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിൽ അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ

അനുബന്ധമായി ചേർത്തിരിക്കുന്നു*. 2015-16 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്തുകൾക്ക് 106,36,29,334 രൂപയും ഗ്രാമപഞ്ചായത്തുകൾക്ക് 319,08,89,334 രൂപയും അനുവദിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം പൂർത്തിയാകുന്നതോടു കൂടി മാത്രമേ ചെലവ് ശതമാനം എത്രയാണെന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ.

**പട്ടികജാതി വിഭാഗക്കാർക്കുള്ള ധനസഹായം**

348 (1037) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിലുൾപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ലംപ്സം ഗ്രാന്റ് ആൻറ് അദർ എഡ്യൂക്കേഷണൽ ഫീസുകൾ നൽകാൻ കുടിശ്ശികയുണ്ടോ ; ഉണ്ടെങ്കിൽ എന്തുകൊണ്ട് ;

(ബി) കുടിശ്ശിക എന്ന് തീർത്ത് നൽകാൻ കഴിയും ;

(സി) e-grantz സമ്പ്രദായം നടപ്പിലാക്കിയിട്ടും കുടിശ്ശിക വരുന്നതിന്റെ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ&ബി) കുടിശ്ശികയില്ല. 27-11-2015 വരെ ലഭിച്ച എല്ലാ ക്ലെയിമുകളും വിതരണം ചെയ്തിട്ടുണ്ട്.

(സി) ആനുകൂല്യം ആവശ്യപ്പെട്ടുകൊണ്ടുള്ള ഫണ്ട് ക്ലെയിം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും യഥാസമയം അയയ്ക്കാതിരുന്നാൽ ഗ്രാന്റ് ലഭിക്കുന്നതിന് താമസം നേരിടുന്നുണ്ട്.

**ഗാന്ധി ഗ്രാമം പദ്ധതി**

349 (1038) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ കോളനികളിലാണ് ഗാന്ധി ഗ്രാമം പദ്ധതി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടപ്പിലാക്കുന്നത്;

(ബി) പ്രസ്തുത പദ്ധതിയിലൂടെ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) താഴെ കൊടുത്തിരിക്കുന്ന 12 പട്ടികജാതി കോളനികളിലാണ് ഗാന്ധി ഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്:

1. കുറുമ്പുകര പട്ടികജാതി കോളനി
2. പാണ്ടി മലപ്പുറം എസ്സി. കോളനി
3. കണിയന്തറ എസ്സി. കോളനി
4. കോരിക്കൽ പഴംപെട്ടി അംബേദ്കർ ലക്ഷം വീട് കോളനി
5. ചില്ലിത്തോട് എസ്.സി. കോളനി
6. ചാക്കിയത്ത്മല എസ്സി. കോളനി
7. പൂക്കാടംകുന്ന് എസ്സി. കോളനി
8. ഗാന്ധിക്കുന്ന് എസ്സി. കോളനി
9. തയ്യിൽ മീത്തൽ കോളനി
10. തേലമ്പറ്റ എസ്സി. കോളനി
11. പാൽച്ചുരം എസ്സി. കോളനി
12. ഗോളിയടുക്ക എസ്സി. കോളനി

(ബി) കോളനികളുടെ അടിസ്ഥാന സൗകര്യവികസനമാണ് പദ്ധതിയിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. ചുവടെ പറയുന്ന പ്രവൃത്തികളിൽനിന്നും കോളനികളുടെ വികസനത്തിനാവശ്യമായ പദ്ധതികൾ കണ്ടെത്തി നടപ്പിലാക്കിവരുന്നു.

1. കോളനിക്കുള്ളിലെ റോഡ്/ നടപ്പാതയുടെ നിർമ്മാണം

2. ഡ്രെയിനേജ് സൗകര്യങ്ങൾ

3. കുടിവെള്ള പദ്ധതികൾ

4. വൈദ്യുതീകരണം

5. ബയോഗ്യാസ് പ്ലാന്റ്

6. കമ്മ്യൂണിറ്റി ഹാൾ/ഓഡിറ്റോറിയം കോമ്പൗണ്ട് വാൾ

**കോഴിക്കോട് ജില്ലയിൽ കമ്പിന്റെ അകായിൽ സത്യൻ തച്ചംപൊയിൽ പി.ഒ. എന്നയാൾക്ക് ധനസഹായം**

350 (1039) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിൽ, കമ്പിന്റെ അകായിൽ സത്യൻ, തച്ചംപൊയിൽ.പി.ഒ. എന്നയാൾക്ക് എന്തെങ്കിലും ധനസഹായം അനുവദിച്ചിട്ടുണ്ടോ; നമ്പർ 6087/ 2014/ MT/VIP/M (Sc,BC& T) Dt 21-8-2014.അനുസരിച്ച് എത്ര തുകയാണ് അനുവദിക്കപ്പെട്ടത്; ഇതിൽ എത്ര തുക ബന്ധപ്പെട്ട കക്ഷിക്ക് കൈമാറിയിട്ടുണ്ട്.?

ഉത്തരം

കോഴിക്കോട് ജില്ലയിൽ കമ്പിൻെ അകായിൽ തച്ചംപൊയിൽ പി.ഒ.യിൽ താമസിക്കുന്ന ശ്രീ. സത്യന്റെ ചികിത്സയ്ക്കായി ടിയാന്റെ പിതാവ് ശ്രീ. കടുങ്ങൻ നൽകിയ അപേക്ഷ പ്രകാരം വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 18-9-2014-ലെ സ.ഉ.(സാ) 1547/14/പജപവവിവ പ്രകാരം 50,000 രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഈ തുക ശ്രീ. കടുങ്ങന് 2-3-2015-ൽ വിതരണം ചെയ്തിട്ടുണ്ട്.

**കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ഐ.റ്റി.സി.-ക്ക് വേണ്ടിയുള്ള കെട്ടിട നിർമ്മാണം**

351 (1040) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ മധുരവേലിയിൽ, പട്ടികജാതി പട്ടികവർഗ്ഗവികസന വകുപ്പിന് കീഴിലുള്ള ഐ.റ്റി.സി.-ക്ക് കെട്ടിട നിർമ്മാണത്തിനുള്ള ഡി.പി.ആർ. അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ ; ഇത് അയക്കുന്നതിലുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ ; ഇതു സംബന്ധിച്ച് ഭരണപരവും സാങ്കേതികവുമായ തടസ്സങ്ങൾ ഉണ്ടോ ; എങ്കിൽ ആയതു പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത ഡി.പി.ആർ.-ന് അനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) മധുരവേലി ഐ.ടി.ഐ. കെട്ടിട നിർമ്മാണത്തിനുള്ള ഡി.പി.ആർ. അംഗീകാരത്തിനായി സമർപ്പിച്ചിട്ടില്ല. കെട്ടിടത്തിനാവശ്യമായ മെയിന്റനൻസ് & റിനവേഷൻ പ്രവൃത്തികൾക്കുള്ള വിശദമായ എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി. ബിൽഡിംഗ്സ് ചീഫ് എഞ്ചിനീയർ തയ്യാറാക്കി സമർപ്പിച്ചിരുന്നു. അതേ സമയം തന്നെ ടി ഐ.ടി.ഐ. കെട്ടിട അറ്റകുറ്റപ്പണി ചെയ്യുന്നതിനായി കോട്ടയം പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ മറ്റൊരു എസ്റ്റിമേറ്റ് സമർപ്പിച്ചു. ഒരേ ആവശ്യത്തിന് രണ്ട് രീതിയിൽ എസ്റ്റിമേറ്റ് ലഭ്യമായ സാഹചര്യത്തിൽ, ഇക്കാര്യത്തിൽ വ്യക്തത വരുത്തി ഡി.പി.ആർ.ന് അനുമതി ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ചെലവഴിച്ച തുക**

352 (1042) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ തുകയും, ചെലവഴിച്ച തുകയും എത്ര വീതമെന്ന് അറിയിക്കുമോ;

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് സംസ്ഥാന ബജറ്റ് വിഹിതമായി വകയിരുത്തിയ തുകയും, കേന്ദ്രസർക്കാർ വിഹിതമായി വകയിരുത്തപ്പെട്ട തുകയും എത്ര വീതമായിരുന്നെന്നും അതിൽ എത്ര തുക ലാപ്സായിപ്പോയെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ പട്ടികജാതി വികസന വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ തുകയും ചെലവഴിച്ച തുകയും അനുബന്ധം 1-ൽ ഉള്ളടക്കം ചെയ്തിരിക്കുന്നു*.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് സംസ്ഥാന ബഡ്ജറ്റ് വിഹിതമായി വകയിരുത്തിയ തുകയും കേന്ദ്രസർക്കാർ വിഹിതമായി വകയിരുത്തപ്പെട്ട തുകയും അനുബന്ധം 2-ൽ ഉള്ളടക്കം ചെയ്തിരിക്കുന്നു*.

**ആദിച്ചനെല്ലൂർ ചിറ ടൂറിസം പദ്ധതി**

353 (1043) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ആദിച്ചനെല്ലൂർ ചിറ ടൂറിസം പദ്ധതിക്ക് വേണ്ടി എത്ര രൂപയുടെ ഭരണാനുമതി നൽകിയെന്നും പ്രസ്തുത ഭരണാനുമതി നൽകിയ തീയതിയും അറിയിക്കുമോ;

(ബി) പ്രസ്തുത ടൂറിസം പദ്ധതി നിർവ്വഹണം നടത്തുന്നതിലേക്ക് ആരെയാണ് ചുമതലപ്പെടുത്തിയത്; നാളിതുവരെ ഇവർ നടത്തിയ നിർമ്മാണ ജോലികൾ എന്തൊക്കെയാണ്;

(സി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് അറിയിക്കാമോ; ശേഷിക്കുന്ന പണികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ടൂറിസം പദ്ധതി എന്നത്തേക്ക് പൂർത്തികരിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 22-5-2014-ലെ G.O. (Rt.) No. 3963/2014/TSM ഉത്തരവ് പ്രകാരം ആദിച്ചനെല്ലൂർചിറ ടൂറിസം പദ്ധതിക്ക് 44,00,000 (നാല്പത്തിനാല് ലക്ഷം) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) കൊല്ലം മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എൻജിനീയറെയാണ് പ്രസ്തുത പദ്ധതിയുടെ ചുമതലയേൽപ്പിച്ചിരിക്കുന്നത്. നടപടികൾ പൂർത്തിയാക്കി 28-9-2015-ൽ work order നൽകുകയും സൈറ്റ് കൈമാറുകയും ചെയ്തിട്ടുണ്ട്.

(സി&ഡി) 2016 മാർച്ചോടുകൂടി പദ്ധതി പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ഡി.റ്റി.പി.സി.-യുടെ നിർമ്മാണ പ്രവർത്തനങ്ങളിലെ അഴിമതി**

354 (1044) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഠിനംകുളം വാട്ടർ സർക്യൂട്ടിന്റെ ഭാഗമായി കൊല്ലമ്പുഴയിൽ നിർമ്മിച്ച ടൂറിസം അമിനിറ്റീസ് സെന്റർ പ്രകൃതിക്ഷോഭത്തിൽ തകർന്നതിനെക്കുറിച്ചോ നിർമ്മാണത്തിലുണ്ടായ അപാകതയെക്കുറിച്ചോ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ആക്കുളം ടൂറിസ്റ്റ് വില്ലേജിൽ ഡി.റ്റി.പി.സി. നടപ്പിലാക്കിയ നിർമ്മാണ പ്രവർത്തനങ്ങളിൽ വ്യാപകമായുണ്ടായ ആക്ഷേപങ്ങളിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) വേളിയിൽ സുനാമി ഫണ്ട് വിനിയോഗിച്ച് നിർമ്മിച്ച സുനാമി പാർക്ക് തകർന്ന് നഷ്ടം സംഭവിച്ചതിനെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(ഡി) ഈ സർക്കാർ നിലവിൽ വന്ന ശേഷം തിരുവനന്തപുരം ഡി.റ്റി.പി.സി. സെക്രട്ടറിക്കെതിരെ ഏതെല്ലാം പരാതികളിന്മേൽ അന്വേഷണം നടന്നിട്ടുണ്ടെന്നും അന്വേഷണ പുരോഗതിയും റിപ്പോർട്ടും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. നിർവ്വഹണ ഏജൻസിയായ സിഡ്കോയിൽ നിന്നും റിപ്പോർട്ട് ലഭ്യമായിട്ടില്ല. പ്രസ്തുത റിപ്പോർട്ട് ലഭ്യമാക്കി പരിശോധിക്കുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) വേളിയിൽ സുനാമി ഫണ്ട് വിനിയോഗിച്ച് പാർക്ക് നിർമ്മിച്ചിട്ടില്ല.

(ഡി) തിരുവനന്തപുരം ഡി.റ്റി.പി.സി. സെക്രട്ടറിക്കെതിരെ നിരവധി പരാതികളടങ്ങിയ ഒരു റിപ്പോർട്ട് പട്ടികജാതിക്ഷേമ സമിതി പ്രസിഡന്റ് ബഹു. മുഖ്യമന്ത്രിക്ക് നൽകുകയും പ്രസ്തുത പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ടൂറിസം വകുപ്പിന്റെ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടു ത്തിയിട്ടുമുണ്ട്. കൂടാതെ സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷനിൽ ലഭിച്ച പരാതിയിന്മേൽ ടൂറിസം ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയ അന്വേഷണ റിപ്പോർട്ട് തുടർ നടപടികൾക്കായി കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഗോത്ര വർഗ്ഗ കമ്മീഷന് 5-5-2014-ന് നൽകുകയുണ്ടായി.

**വേളി ടൂറിസ്റ്റ് കേന്ദ്രത്തെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തൽ**

355 (1045) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേളി ടൂറിസ്റ്റ് കേന്ദ്രത്തെ പി.പി.പി. വ്യവസ്ഥയിൽ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോയെന്ന വിശദമാക്കുമോ ;

(ബി) ഇതിനായി പ്രത്യേക കമ്പനി രൂപീകരിക്കുവാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിൻെറ പ്രവർത്തനം വിശദമാക്കുമോ ?

ഉത്തരം

(എ) വേളിയിൽ, ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 18 ഏക്കറോളം ഭൂമി ഉപയോഗപ്പെടുത്തിക്കൊണ്ട് ആവിഷ്കരിച്ച "അർബൻ എന്റർടെയിൻമെന്റ് ആന്റ് കൊമേഴ്സ്യൽ സെന്റർ" പദ്ധതി റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ ((RFP) ഘട്ടത്തിൽ എത്തിയെങ്കിലും പ്ലാനിംഗ് (ബി.പി.ഇ.) വകുപ്പിന്റെ അഭിപ്രായങ്ങൾ കൂടി

കണക്കിലെടുത്തുകൊണ്ട് പദ്ധതിഘടകങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി വീണ്ടും അംഗീകാരത്തിനു സമർപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരികയായിരുന്നു. ഇതിന്റെ ഭാഗമായി ഇപ്പോൾ നടന്നുവരുന്ന RFP പ്രക്രിയ ഉപേക്ഷിച്ച് പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഭൂമിയോടൊപ്പം വേളി ടൂറിസം വില്ലേജ് ഉൾപ്പെടെ ആകെ ലഭ്യമായ ഏകദേശം 37 ഏക്കറോളം ഭൂമി ഉപയോഗപ്പെടുത്തിക്കൊണ്ട് അന്താരാഷ്ട്ര നിലവാരത്തിലുള്ള മറൈൻ അക്വേറിയം, സ്നോ തീം പാർക്ക് മുതലായ ആധുനിക വിനോദ സൗകര്യങ്ങളോടൊപ്പം മൾട്ടിപ്ളക്സ്, ഷോപ്പിഗ് മാൾ, ഫുഡ്കോർട്ടുകൾ മുതലായവകൂടി ഉൾപ്പെടുത്തിക്കൊണ്ട് ഒരു ബൃഹത് ടൂറിസം പദ്ധതി സ്ഥാപിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണ്.

(ബി) മേൽ പറഞ്ഞ പദ്ധതി നടപ്പിലാക്കുന്ന വേളയിൽ പദ്ധതിയുടെ രൂപ നിർവ്വഹണത്തിന് അനുസൃതമായി ആവശ്യമെങ്കിൽ, പ്രത്യേക കമ്പനി രൂപീകരണമുൾപ്പെടെയുള്ള കാര്യങ്ങൾ ആലോചിക്കുന്നതാണ്.

**വിനോദസഞ്ചാര കേന്ദ്രങ്ങൾ**

356 (1046) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രങ്ങൾ ശുചിയും, ആകർഷകവുമായി നിലനിർത്തി കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കാൻ എന്തൊക്കെ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ;

(ബി) ഇതിനായി പ്രത്യേക ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള റോഡുകൾ അറ്റകുറ്റപ്പണികൾ തീർത്ത് യാത്രാസൗകര്യം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ എന്തു നടപടി സ്വീകരിക്കാനാണ്

ഉദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പുവരുത്തുന്നതിന് അതാത് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖാന്തിരം കുടുംബശ്രീയുമായി സഹകരിച്ച് "Clean Destination Campaign" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ കോവളം, മൂന്നാർ, കുമ്പളങ്ങി പഞ്ചായത്ത്, വർക്കല മുനിസിപ്പാലിറ്റികളിൽ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വിവിധ N.G.O.-കളുമായി സഹകരിച്ചുകൊണ്ടുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ ഏറ്റെടുത്ത് നടത്തിവരുന്നു. കൂടാതെ ആലപ്പുഴ, കുമരകം എന്നിവിടങ്ങളിലെ കായലോര ജലാശയങ്ങളിലെ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനായി Sewage Treatment Plant-കൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

1. കുടുംബശ്രീയുമായി സഹകരിച്ച് 14 ജില്ലകളിലേയും ഡി.റ്റി.പി.സി.-കൾ മുഖാന്തിരം സംസ്ഥാനതലത്തിൽ "Clean Destination Campaign" നടപ്പിലാക്കി വരുന്നു.

2. Tourist Destination ആയ കുമ്പളങ്ങിയിൽ ടൂറിസം വകുപ്പിന്റെ ധനസഹായത്തോടുകൂടി കുമ്പളങ്ങി ഗ്രാമപഞ്ചായത്താണ് ശുചിത്വ പരിപാടികൾക്ക് നേതൃത്വം നൽകുന്നത്.

3. വർക്കലയിൽ Garbage Management Programme നടപ്പിലാക്കുന്നത് വർക്കല മുനിസിപ്പാലിറ്റിയാണ്.

4. കോവളം ടൂറിസം മേഖലയിൽ ശുചിത്വ പരിപാടികൾക്ക് Thiruvananthapuram Corporation മുഖാന്തരം Eco-Preserve എന്ന N.G.O.-യാണ് നേതൃത്വം നൽകുന്നത്.

(സി) ടൂറിസം വകുപ്പിൽ റോഡുകൾ നന്നാക്കാൻ പ്രത്യേകം പദ്ധതി വിഹിതം ഇല്ല. ആയതിനാൽ പി.ഡബ്ല്യൂ.ഡി., എൽ.എസ്.ജി.ഡി. മുതലായ വകുപ്പുകളുമായി സഹകരിച്ചും അത്യാവശ്യമുള്ള സ്ഥലങ്ങളിൽ ടൂറിസം ഫണ്ട് കൊടുത്തും വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ തീർത്തു വരുന്നുണ്ട്.

**വിനോദസഞ്ചാരികളെ ആകർഷിക്കാൻ പദ്ധതി**

357 (1047) ശ്രീ. വർക്കല കഹാർ :

ശ്രീ. കെ. എസ്. ശബരീനാഥൻ :

ശ്രീ. അൻവർ സാദത്ത് :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരികളെ ആകർഷിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഇന്ത്യയിലെ പ്രധാനപ്പെട്ട നഗരങ്ങളിൽ മെട്രോ ട്രെയിനുകൾ വഴിയുള്ള ബ്രാന്റിംഗ് കാമ്പയിൻ, മിഡിൽ ഈസ്റ്റ് രാജ്യങ്ങളെ ഉൾപ്പെടുത്തി പ്രിന്റ്-വിഷ്വൽ മീഡിയകളിലൂടെ പരസ്യ കാമ്പയിൻ, ലണ്ടനിലെ 300-ഓളം ടാക്സികൾ കേന്ദ്രീകരിച്ചുള്ള ബ്രാന്റിംഗ് കാമ്പയിൻ, ഓസ്ട്രേലിയയിലെ എയർപോർട്ട് ട്രാൻസ്ലേറ്റ്സ് വഴിയുള്ള പരസ്യ കാമ്പയിൻ എന്നിവ നടപ്പിലാക്കി വരുന്നു. ആഭ്യന്തര വിനോദ സഞ്ചാരികൾക്ക് യാത്രാക്കൂലിയിൽ പ്രത്യേക ഇളവുകൾ ഉറപ്പാക്കി വിമാന യാത്രയിലൂടെയുള്ള ആഭ്യന്തര വിനോദസഞ്ചാര വിപണി ശക്തിപ്പെടുത്തുന്നതിനായി 'ഡെസ്റ്റിനേഷൻ പ്രൊമോഷൻ' എന്ന പേരിൽ ഗോ എയർ കാമ്പയിൻ സംഘടിപ്പിച്ച് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി ഇന്ത്യയിലെ പ്രമുഖ വിമാന കമ്പനിയായ ഗോ എയറുമായി 28-8-2014-ൽ ധാരണാപത്രം ഒപ്പുവയ്ക്കുകയും തുടർന്ന് സീസൺ സമയത്ത് വിനോദസഞ്ചാരികൾ ഇതിന്റെ പ്രയോജനം ഫലപ്രദമായി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നുണ്ട്. വിസ ഓൺ അറൈവൽ എന്ന സംവിധാനം കൂടുതൽ പരിപോഷിപ്പിക്കുന്നതിനായി ഈ സംവിധാനത്തിൽ ആദ്യമായി വന്ന 12 രാജ്യങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് കം റ്റു കേരള

എന്ന ഓൺലൈൻ മത്സരം സംഘടിപ്പിച്ചുവരുന്നു. ഇതിൽ വിജയികളായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് കേരളം സന്ദർശിക്കാനുള്ള അവസരം ഒരുക്കുന്നു. നിലവിൽ 113 രാജ്യങ്ങൾ വിസ-ഓൺ-അറൈവൽ സംവിധാനത്തിൽ ഉൾപ്പെടുന്നു. ഓൺലൈൻ മുഖേന പ്രശസ്തരായ ബ്ലോഗേഴ്സിനെ തെരഞ്ഞെടുത്ത് കേരളത്തിലെ തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള എല്ലാ പ്രശസ്തമായ വിനോദസഞ്ചാര കേന്ദ്രങ്ങളും സന്ദർശിക്കാനുള്ള അവസരം ഒരുക്കിക്കൊണ്ട് ഒരു ടൂർ സംഘടിപ്പിക്കുകയും പ്രസ്തുത കേന്ദ്രങ്ങളെക്കുറിച്ച് അവരെക്കൊണ്ട് ബ്ലോഗിൽ വിവരണം നൽകുകയും ചെയ്യുന്ന 'ബ്ലോഗേഴ്സ് കാമ്പയിൻ' എന്ന പ്രചാരണ പരിപാടിയും നടപ്പിലാക്കി വരുന്നു. കൂടാതെ സംസ്ഥാന ടൂറിസത്തെ ആഗോളതലത്തിൽ എത്തിക്കുന്നതിന് വകുപ്പ് ഇനി പറയുന്ന പ്രവർത്തനങ്ങളും സംഘടിപ്പിച്ച് വരുന്നു. അന്താരാഷ്ട്ര തലത്തിൽ പ്രധാന ടൂറിസം ഫെയറുകളിൽ പങ്കെടുക്കുകയും പ്രധാന നഗരങ്ങളിൽ റോഡ് ഷോകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. ആഭ്യന്തര വിനോദസഞ്ചാരം പരിപോഷിപ്പിക്കുന്നതിനായി ദേശീയ വ്യാപാരമേള, റോഡ് ഷോകൾ എന്നിവ സംഘടിപ്പിക്കുകയും ഈ പരിപാടികളിൽ വകുപ്പിനോടൊപ്പം ടൂറിസം രംഗത്തെ മികച്ച സ്വകാര്യ സംരംഭകരേയും പങ്കെടുപ്പിക്കുകയും ചെയ്യുന്നു. കേരളത്തിന് പുറത്തുള്ള പ്രധാനപ്പെട്ട മാളുകളിൽ മാൾ ബ്രാൻഡിംഗ്, ദേശീയ തലത്തിൽ പ്രധാന മെട്രോ സിറ്റികളിൽ എയർപോർട്ട് ഡിസ്പ്ലേ, മുംബൈ നഗരത്തിൽ മെട്രോ ട്രെയിൻ ബ്രാന്റിംഗ്, മിഡിൽ ഈസ്റ്റ് രാജ്യങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള കാമ്പയിൻ, കേരളത്തിന്റെ തനതായ ഉൽപ്പന്നങ്ങൾ ലോകമെമ്പാടും പ്രചരിപ്പിക്കുന്നതിന് കേരളത്തിന്റെ മികച്ച കലാരൂപങ്ങളേയും ഉൽസവങ്ങളേയും ഉൾപ്പെടുത്തി ഷോർട്ട് ഫിലിമുകൾ, സി.ഡി.-കൾ എന്നിവ നിർമ്മിക്കുക, കേരളത്തിനു പുറത്തും വിദേശത്തും ഉള്ള ട്രാവൽ ടൂർ ഓപ്പറേറ്റർമാർക്ക് കേരളത്തിന്റെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള വിവിധ ബ്രോഷറുകൾ തുടർച്ചയായി ലഭ്യമാക്കുക എന്നിവ നടത്തിവരുന്നു. വിപുലമായ രീതിയിൽ കേരളത്തിന്റെ ദേശീയ ഉത്സവമായ ഓണാഘോഷം സംഘടിപ്പിക്കുന്നതോടൊപ്പം നിശാഗന്ധി ദേശീയ നൃത്തോത്സവം, കേരളത്തിലെ എല്ലാ ജില്ലകളിലും തനത് കലാരൂപങ്ങൾ കോർത്തിണക്കിക്കൊണ്ടുള്ള ഉത്സവം എന്നീ പരിപാടികളും സംഘടിപ്പിക്കുന്നു. ജനുവരിയിലെ നിശാഗന്ധി ഫെസ്റ്റിവൽ, മാർച്ച് അവസാനം വരെ നീളുന്ന

രണ്ടാമത് കൊച്ചി-മുസിരിസ് ബിനാലെ, ഏപ്രിൽ മാസത്തിൽ തൃശ്ശൂർ പൂരം, ഓഗസ്റ്റിൽ നെഹ്റു ട്രോഫി വള്ളംകളി, ഡിസംബറിൽ രാജ്യാന്തര ചലചിത്രോത്സവം തുടങ്ങിയവ അവയിൽ ചിലതാണ്. മൺസൂൺ കാമ്പയിൻ, ആയൂർവേദ കാമ്പയിൻ, ബാക്ക് വാട്ടർ കാമ്പയിൻ, നാഷണൽ & ഇന്റർനാഷണൽ ബ്രാന്റ് കാമ്പയിൻ, ബേക്കൽ കാമ്പയിൻ, യൂറോപ്പ്, ഓസ്ട്രേലിയ എന്നീ ഭൂഖണ്ഡങ്ങളിൽ പ്രിന്റ് വിഷ്വൽ മീഡിയകളിലൂടെയുള്ള കാമ്പയിൻ, ലണ്ടനിലെ ടാക്സികൾ കേന്ദ്രീകരിച്ചുള്ള ബ്രാൻഡിംഗ് കാമ്പയിൻ, ഓസ്ട്രേലിയയിലെ എയർപോർട്ട് ട്രാൻസ്ലേറ്റ്സ് വഴിയുള്ള പരസ്യപ്രചരണം എന്നിവയും ആഗോളതലത്തിലെ മാർക്കറ്റിംഗിനെ സഹായിക്കുന്നു. കൂടാതെ, കേരളത്തിനു വിപണി സാധ്യതയുണ്ടെന്നു വ്യക്തമായിട്ടുള്ള ജപ്പാൻ, സിംഗപ്പൂർ, ഫിൻലാൻഡ്, ലക്സംബർഗ്, ന്യൂസിലാന്റ്, ഫിലിപ്പീൻസ്, കംബോഡിയ, ലാവോസ്, വിയറ്റ്നാം, മ്യാൻമാർ, ഇൻഡോനേഷ്യ, സൗത്ത് കൊറിയ എന്നീ രാജ്യങ്ങളിൽനിന്ന് കേരളത്തിലെത്തുന്ന സഞ്ചാരികൾക്ക് തിരുവനന്തപുരം, കൊച്ചി വിമാനത്താവളങ്ങളിൽനിന്നുതന്നെ ടൂറിസ്റ്റ് വിസ ലഭ്യമാക്കുന്ന വിസ ഓൺ അറൈവൽ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കുറഞ്ഞത് ആറു മാസത്തെ പാസ്പോർട്ടുള്ള മേൽപ്പറഞ്ഞ രാജ്യങ്ങളിൽനിന്നുള്ള സഞ്ചാരികൾക്ക് 60 യു.എസ്. ഡോളർ ചെലവിൽ 30 ദിവസത്തേക്ക് അംഗീകാരമുള്ള വിസയാണ് നൽകുക.

ഈ പുതിയ പ്രചാരണ പരിപാടിക്കു കീഴിൽ പടിഞ്ഞാറൻ രാജ്യങ്ങളിൽ നിന്നും കിഴക്കൻ രാജ്യങ്ങളിൽനിന്നും പുതിയ വിപണികൾ കണ്ടെത്താനാകുമെന്നാണ് കരുതുന്നത്. ബ്രിട്ടൻ, ഫ്രാൻസ്, ജർമ്മനി എന്നിവിടങ്ങളിലെ പരമ്പരാഗത വിപണികളിൽ നിന്ന് ട്രേഡ് ഫെയറുകളും റോഡ് ഷോകളുംവഴി കൂടുതൽ പേരെ ആകർഷിക്കാനുള്ള പ്രചാരണ പ്രവർത്തനങ്ങൾ നടത്തും. ചൈന, ശ്രീലങ്ക എന്നീ രാജ്യങ്ങളിൽ ട്രേഡ് ഫെയറുകളും ഫെമിലിയറൈസേഷൻ ടൂറുകളും സംഘടിപ്പിച്ചതിലൂടെ പുതിയ വിപണി സാധ്യതകൾ തേടാൻ കഴിഞ്ഞു. വർദ്ധിച്ചുവരുന്ന വിമാന സേവനങ്ങൾ ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ പ്രവാസി കേരളീയർ 90 ശതമാനവും വസിക്കുന്ന മധ്യപൂർവ്വേഷ്യൻ രാജ്യങ്ങളിൽ ആയുർവ്വേദത്തിലും കാലവർഷത്തിലും ശ്രദ്ധ കേന്ദ്രീകരിച്ച് പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. ട്രേഡ് ഫെയറുകൾ, റോഡ് ഷോകൾ, ടൂർ ഓപ്പറേറ്റർമാർക്കു വേണ്ടിയുള്ള ഫെമിലിയറൈസേഷൻ പ്രചാരണങ്ങൾ തുടങ്ങിയവയാണ് കിഴക്കൻ രാജ്യങ്ങളിൽ

നടത്തി വരുന്നത്. വിനോദ സഞ്ചാരികൾ പ്രത്യേക സീസണുകളിൽ മാത്രമായി വരുന്നതിന് മാറ്റമുണ്ടാക്കാൻ ഇൻഡ്യയിൽ ഓഫ് സീസൺ പ്രചാരണങ്ങൾക്കും ആരംഭം കുറിച്ചിട്ടുണ്ട്. ആയുർവേദം, സ്പൈസ് റൂട്ട്, മീറ്റിംഗുകൾ, ഇൻസെന്റീവുകൾ, സമ്മേളനങ്ങൾ, എക്സിബിഷനുകൾ (മൈസ് ടൂറിസം), വിവാഹം, സാംസ്കാരിക മേളകൾ, സാഹസിക വിനോദ സഞ്ചാരം, സൈക്ലിംഗ് തുടങ്ങി കേരള ടൂറിസത്തിന്റെ ഉൽപ്പന്നങ്ങളുടെ പ്രചാരണങ്ങൾ വിസിറ്റ് കേരള 2015 പദ്ധതിയിൽ ഉണ്ട്. ജർമ്മനി പോലുള്ള തെരഞ്ഞെടുക്കപ്പെട്ട രാജ്യാന്തര, ദേശീയ വിപണികളിൽ "കേരള ഹോം ഓഫ് ആയുർവേദ" പ്രചാരണ പരിപാടികളുടെ രണ്ടാംഘട്ടവും സംഘടിപ്പിക്കുന്നു. സംസ്ഥാനത്ത് പൈതൃക വിനോദസഞ്ചാരം പ്രചരിപ്പിക്കുന്നതിനായി രാജ്യാന്തര പ്രചാരണ പരിപാടികളിൽ സ്പൈസ് റൂട്ട്, മുസിരിസ് പൈതൃകങ്ങളേയും ഉൾപ്പെടുത്തുന്നുണ്ട്. ഉത്സവങ്ങളുടെയും പരിപാടികളുടെയും സംക്ഷിപ്ത വിവരങ്ങളടങ്ങിയ കലണ്ടർ തയ്യാറാക്കി ഇന്ത്യ ടൂറിസം ഓഫീസുകളും വിദേശങ്ങളിലെ ഇന്ത്യൻ എംബസികളും പോലുള്ള വിവിധ വഴികളിലൂടെ പ്രചാരണം നൽകും. ഓൺലൈൻ പ്രചാരണത്തിലൂടെ കേരളത്തെ വിവാഹ-ടൂറിസം, മൈസ് ടൂറിസം എന്നിവയുടെ പ്രധാന ലക്ഷ്യസ്ഥാനമാക്കി ഉയർത്തിക്കാട്ടും. ഇതിനായി ടൂറിസംവകുപ്പ് വിവാഹസ്ഥലങ്ങളിലെ വിവരശേഖരം തയ്യാറാക്കി വരുന്നു. യുവാക്കളേയും വിദ്യാർത്ഥികളേയും ആകർഷിക്കുന്നതിനായി ഇതോടൊപ്പം സാഹസിക സൈക്ലിംഗ് അവധിക്കാലങ്ങളും പ്രചാരണത്തിൽ ഉൾപ്പെടുത്തും. 2015-ൽ അവധിക്കാലം ചെലവഴിക്കുന്നതിനായി കേരളത്തിലെത്തുന്ന വിനോദസഞ്ചാരികൾക്കായി വിസിറ്റ് കേരള മത്സരങ്ങൾ നടത്തുകയും ആകർഷകമായ സമ്മാനങ്ങളും കോംപ്ലിമെന്ററി ഹോളിഡേകളും നൽകുകയും ചെയ്യും. മത്സരങ്ങൾക്കൊപ്പം ഉത്സവങ്ങളെയും പരിപാടികളെയും ഉയർത്തിക്കാട്ടി, 2015 കേരളം സന്ദർശിക്കാനുള്ള ഏറ്റവും നല്ല സമയമാണെന്ന പ്രചാരണം സോഷ്യൽ മീഡിയവഴിയും മറ്റ് ഓൺലൈൻ മാധ്യമങ്ങളിലൂടെയും നടത്തി വരുന്നു. ദൈവത്തിന്റെ സ്വന്തം നാട് എന്ന നിലയിലുള്ള കേരളത്തിന്റെ സ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിനും ഇവിടേക്കുള്ള പ്രവാഹം വർദ്ധിപ്പിക്കുന്നതിനുമായി കേരളത്തെയും ഇവിടുത്തെ പ്രധാന ആകർഷണങ്ങളേയും ഉയർത്തിക്കാട്ടുന്ന വിഷയാധിഷ്ഠിത പ്രചാരണ പരിപാടികളും തുടങ്ങുന്നുണ്ട്. മെട്രോകളിലും സമീപ നഗരങ്ങളിലും ആഴ്ചാവസാന പ്രചാരണങ്ങളും മറ്റും സംഘടിപ്പിക്കുന്നുണ്ട്. ഉത്തരവാദ ടൂറിസത്തിന്റെ പ്രാധാന്യം ഉയർത്തി കാട്ടുന്നതിനായി, പ്രാദേശിക സമൂഹങ്ങളെ വിനോദ സഞ്ചാരത്തിലേയ്ക്കും അതിന്റെ

സാധ്യതകളിലേക്കും ക്ഷണിക്കുകയെന്ന ലക്ഷ്യത്തോടെ "ദൈവത്തിന്റെ സ്വന്തം നാട് ജനങ്ങളുടെ സ്വന്തം ടൂറിസം" എന്ന പേരിൽ സംസ്ഥാനത്തുടനീളം പ്രചാരണങ്ങൾ നടത്തി വരുന്നു. ലക്ഷ്യസ്ഥാന വികസന പരിപാടികളുടെ ഭാഗമായി സംസ്ഥാനത്തെ പ്രധാന ലക്ഷ്യസ്ഥാനങ്ങളിൽ വ്യവസായ നേതൃത്വ ശുചീകരണ പരിപാടികൾക്കുള്ള മാസ്റ്റർ പ്ലാൻ നടപ്പാക്കി വരുന്നു. അതോടൊപ്പം തലസ്ഥാനത്ത് ഹോപ്പ്-ഓൺ-ഹോപ്പ്-ഓഫ്-ബസ് അവതരിപ്പിക്കും. രാജ്യാന്തര ട്രേഡ് ഫെയറുകളിലെ വ്യാപാര പങ്കാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനോടൊപ്പം ആഭ്യന്തര വിനോദസഞ്ചാരത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രധാന ആഭ്യന്തര വിമാന സർവ്വീസുകളിൽ ടൂർ പാക്കേജുകളും നടപ്പാക്കാൻ പദ്ധതിയുണ്ട്. സംസ്ഥാനം പുതിയ സുവനീറുകൾ ബ്രാൻഡ്ചെയ്ത് വിനോദസഞ്ചാരികൾക്ക് വേണ്ടി വിപണിയിലെത്തിക്കും. കേരള ടൂറിസത്തിന്റെ വിവര ഉൽപ്പന്ന ബ്രോഷറുകൾ നവീകരിക്കപ്പെടാനുള്ള പ്രയത്നവും വിസിറ്റ് കേരള 2015 വഴി ലക്ഷ്യമിടുന്നു.

(ബി) കേരളത്തിലേയ്ക്ക് കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായാണ് മേൽപ്പറഞ്ഞ പദ്ധതികൾ ആവിഷ്കരിക്കുന്നത്.

(സി) മേൽപ്പറഞ്ഞ എല്ലാ പദ്ധതികൾക്കും ഭരണ അംഗീകാരം ഉണ്ട്.

## ജില്ലാ ടൂറിസം കൗൺസിലിന്റെ പ്രവർത്തനം

358 (1048) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജില്ലാ ടൂറിസം കൗൺസിൽ കോഴിക്കോട് ജില്ലയിൽ എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കി വരുന്നത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതൊക്കെ പൂർത്തീകരിച്ചുവെന്നും പൂർത്തീകരിക്കാനുള്ളവ ഏതെന്നും വിശദമാക്കുമോ ?

ഉത്തരം

(എ&ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ടൂറിസം മേഖലയുടെ സമഗ്ര വികസനം

359 (1049) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടൂറിസം മേഖലയുടെ സമഗ്ര വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്നും അതിനായി ഓരോ ബഡ്ജറ്റിലും ഉൾക്കൊള്ളിച്ച തുക എത്രയാണെന്നും, വർഷംപ്രതി ചെലവഴിക്കപ്പെട്ട തുക എത്രയാണെന്നും ഇനം തിരിച്ച് വിശദമാക്കുമോ?

ഉത്തരം

ടൂറിസം മേഖലയുടെ സമഗ്ര വികസനത്തിനായി കേരള സർക്കാർ ടൂറിസ്റ്റുകൾക്ക് വേണ്ടിയുള്ള പശ്ചാത്തല വികസനം, ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന വേണ്ടിയുള്ള മാർക്കറ്റിംഗ് തന്ത്രങ്ങൾ എന്നിവ ആവിഷ്കരിച്ചുവരുന്നു. ടൂറിസം മേഖലയുടെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുകയും അവ പരിശോധിച്ച് കാലാകാലങ്ങളിൽ വേണ്ടമാറ്റം ടൂറിസം പദ്ധതികളിൽ വരുത്തുകയും ചെയ്യുന്നു. ഈ സർക്കാരിന്റെ കാലയളവിലുള്ള പദ്ധതി വിഹിതത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

Last 5 Years State Budget Provision

| Sl.No | Financial Year | State Budget Provision (Lakhs) | Expenditure (Lakhs) | % |
|---|---|---|---|---|
| 1 | 2010-11 | 9,000 | 8008.72 | 88.99 |
| 2 | 2011-12 | 10,050 | 11309.28 | 112.53 |
| 3 | 2012-13 | 17,191 | 16580.96 | 96.45 |
| 4 | 2013-14 | 19,124 | 19313.94 | 100.99 |
| 5 | 2014-15 | 21,085 | 19217.03 | 91.14 |

## ബിയ്യം ബ്രിഡ്ജ് ടൂറിസം പദ്ധതി

360 (1050) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) പൊന്നാനിയിൽ നിർമ്മാണം തുടങ്ങിയ ബിയ്യം ബ്രിഡ്ജ് ടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പണി പൂർത്തീകരിച്ച് ബ്രിഡ്ജ് എന്ന് ഉദ്ഘാടനം ചെയ്യാനാകുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 70% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് പദ്ധതി നിർവ്വഹണ ഏജൻസിയായ മലപ്പുറം ഡി.റ്റി.പി.സി. അറിയിച്ചിട്ടുണ്ട്.

(ബി) 2016 ഫെബ്രുവരി അവസാനത്തോടെ പദ്ധതി ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**ഏറനാട് മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

361 (1051) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏറനാട് മണ്ഡലത്തിൽ നടപ്പിലാക്കിയ ടൂറിസം പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പുതുതായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) എടവണ്ണ സീതിഹാജി പാലത്തിനു സമീപമുള്ള റിവർ സൈഡ് പാർക്ക്, കീഴുപറമ്പിൽ ചാലിയാറിൽ കൂടിയുള്ള റിവർ ടൂറിസം പദ്ധതി എന്നിവ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ ആഢ്യൻപാറ ടൂറിസം പദ്ധതിയുടെ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി&സി) എടവണ്ണ സീതിഹാജി പാലത്തിനു സമീപത്തുള്ള റിവർ സൈഡ് പാർക്ക്, ചാലിയാർ റിവർ ടൂറിസം പദ്ധതി, കോഴിപ്പാറ വെള്ളച്ചാട്ടം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് പരിശോധിച്ചു വരുന്നു.

**ചെറായി ബീച്ചിന്റെ നവീകരണം**

362 (1052) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി.ടി.പി.സി. ഏറ്റെടുത്തിരിക്കുന്ന ചെറായി ബീച്ചിൻെറ നവീകരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡി.ടി.പി.സി. സ്ഥാപിച്ച ഹൈമാസ്റ്റ് ലൈറ്റുകളുടെ പ്രവർത്തനം നാളുകളായി നിലച്ചു കിടക്കുന്നുവെന്നും ഇക്കാര്യം പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടാണെന്നും വിശദീകരിക്കുമോ;

(ഡി) ഹൈമാസ്റ്റ് ലൈറ്റിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് പൂർവ്വ സ്ഥിതിയിലാക്കാനാവുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി-ഡി) ഹൈമാസ്റ്റ് ലൈറ്റുകളുടെ പ്രവർത്തനം പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച് കിറ്റ്കോയുമായി ബന്ധപ്പെട്ട് സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

**ടൂറിസം വികസിപ്പിക്കുന്നതിന് സ്വകാര്യ മേഖലയ്ക്ക് ഊന്നൽ**

363 (1053) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസിപ്പിക്കുന്നതിന് സ്വകാര്യ മേഖലക്ക് ഊന്നൽ നൽകി കൊണ്ടുള്ള എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ടൂറിസം മേഖലയിൽ നിക്ഷേപം നടത്തുന്ന സ്വകാര്യ സംരംഭകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സംരംഭകർക്ക് നൽകുന്ന വായ്പാപദ്ധതികൾ, സബ്സിഡി, ലക്ഷ്വറി ടാക്സ് ഇളവ് എന്നിവ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ&ബി) ടൂറിസം വകുപ്പിന്റെ അംഗീകാരത്തോടുകൂടി പ്രവൃത്തിക്കുന്നതും വിനോദസഞ്ചാര പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതുമായ സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങൾക്ക് റസിഡൻഷ്യൽ താരിഫ് നിരക്കിൽ വൈദ്യുതിയും വെള്ളവും KSEB, KWA എന്നീ വകുപ്പുകളുമായി സഹകരിച്ച് ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം പുതിയ ടൂറിസം നയത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ യോഗ്യരായിട്ടുള്ള യൂണിറ്റുകൾക്ക് ഇലക്ട്രിസിറ്റി സബ്സിഡിയും ഇൻവെസ്റ്റ്മെന്റ് സബ്സിഡിയും നൽകിവരുന്നു.

(സി) സംസ്ഥാന ടൂറിസം വകുപ്പിന്റെ രണ്ട് തരത്തിലുള്ള സബ്സിഡി സ്കീമുകളാണ് നിലവിലുള്ളത്. ഇലക്ട്രിസിറ്റി സബ്സിഡിയും ഇൻവെസ്റ്റ്മെന്റ് സബ്സിഡിയും. എന്നാൽ വായ്പാപദ്ധതികൾ, ലക്ഷ്വറി ടാക്സ് ഇളവ് ഇവയൊന്നും വകുപ്പിന്റെ പരിധിയിൽപ്പെടുന്നതല്ല.

**മാമ്പുഴ ടൂറിസം ഡെസ്റ്റിനേഷൻ**

364 (1054) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിലെ മാമ്പുഴ സംരക്ഷിച്ച് ടൂറിസം ഡെസ്റ്റിനേഷൻ ആക്കുന്നത് സംബന്ധിച്ച നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

മാമ്പുഴ സംരക്ഷിച്ച് ടൂറിസം ഡെസ്റ്റിനേഷൻ ആക്കുന്നത് സംബന്ധിച്ച സാധ്യതാ പഠന റിപ്പോർട്ട് കോഴിക്കോട് ഡി.റ്റി.പി.സി. സമർപ്പിച്ചെങ്കിലും സ്ഥല ലഭ്യതയെകുറിച്ചുള്ള രേഖകൾ ലഭ്യമായിട്ടില്ല.

**ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ**

365 (1055) <u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u> :

ശ്രീ. വർക്കല കഹാർ :

ശ്രീ. പി. സി. വിഷ്ണുനാഥ് :

ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു വർഷം ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ നടപ്പാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ നടത്തിപ്പിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. 2015 ഡിസംബർ 1 മുതൽ 2016 ജനുവരി 15 വരെയുള്ള കാലയളവിൽ നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം 2015 ഡിസംബർ 1-ന് കൊല്ലത്ത് ബഹു. മുഖ്യമന്ത്രി നിർവ്വഹിക്കുന്നതാണ്.

(ബി) കേരളത്തിന്റെ സ്വന്തമായ വ്യാപാരോത്സവത്തിലൂടെ സംസ്ഥാനത്തിനെ ഒരു വ്യാപാര കേന്ദ്രമാക്കി മാറ്റാനും, ഒരു രണ്ടാം വ്യാപാരകാലയളവ് സൃഷ്ടിക്കാനും വേണ്ടിയാണ് ജി.കെ.എസ്.എഫ്. സംഘടിപ്പിച്ചുവരുന്നത്. ഓൺലൈൻ വ്യാപാര രംഗത്തെ ശക്തമായ ഇടപെടലിനെ അതിജീവിച്ച് സംസ്ഥാനത്തെ വ്യാപാരികൾക്ക് അവരുടെ സ്ഥാപനങ്ങളിലേയ്ക്ക് കൂടുതൽ ഉപഭോക്താക്കളെ ആകർഷിക്കാനും ഈ വ്യാപാരോത്സവം ലക്ഷ്യമിടുന്നു.

(സി) ഇതിനായി സർക്കാർ 15 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഫെസ്റ്റിവലിന്റെ നിർവാഹക സമിതിയുടെ നിർദ്ദേശമനുസരിച്ച് വ്യാപാര സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ നടന്നുവരുന്നു. എല്ലാ വ്യാപാരി സംഘടനകളുടെയും പിന്തുണ

ഇത്തവണ ജി.കെ.എസ്.എഫ്.-ന് ലഭിച്ചിട്ടുണ്ട്.

## ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ

366 (1056) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ നടത്തിപ്പിന് ഈ സർക്കാരിന്റെ കാലത്ത് ഓരോവർഷവും നല്കിയ തുക എത്ര ; വിശദമാക്കുമോ ;

(ബി) ഫെസ്റ്റിവലിന്റെ ഓരോ വർഷത്തേയും വരവ് ചെലവ് കണക്കുകൾ വിശദമാക്കുമോ ; ഓരോവർഷവും ഫെസ്റ്റിവൽ ബഡ്ജറ്റിൽ ലക്ഷ്യമിട്ടതിനേക്കാൾ കൂടുതൽ ചെലവുകൾ നേരിട്ടത് ഏതെല്ലാം കാര്യങ്ങൾക്കായിരുന്നുവെന്നും പ്രതീക്ഷിച്ച വരവ് ലഭിക്കാതിരുന്നത് ഏതെല്ലാം മേഖലയിൽ നിന്നാണെന്നും വിശദമാക്കുമോ ;

(സി) ഓരോ വർഷവും മൊത്തം ചെലവിന്റെ എത്ര ശതമാനം വീതം നടത്തിപ്പിനും സമ്മാനങ്ങൾക്കും പരസ്യങ്ങൾക്കും ഏജൻസികൾക്കും ഉദ്ഘാടന-സമാപന പരിപാടികൾക്കും വേണ്ടി ചെലവഴിക്കപ്പെട്ടെന്ന് വിശദമാക്കുമോ ;

(ഡി) ഓരോ വർഷവും സ്പോൺസർഷിപ്പിലൂടെ പ്രതീക്ഷിച്ച തുകയും ലഭ്യമായ തുകയും വ്യക്തമാക്കുമോ ?

### ഉത്തരം

(എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ നടത്തിപ്പിന് ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും നൽകിയ തുക താഴെ കൊടുത്തിരിക്കുന്നു:

| വർഷം | തുക |
|---|---|
| 2011-12 | 25 കോടി |
| 2012-13 | 25 കോടി |

| | |
|---|---|
| 2013-14 | 10 കോടി |
| 2014-15 | 10 കോടി |
| 2015-16 | 15 കോടി വകയിരുത്തിയിട്ടുണ്ട് |

(ബി) ഫെസ്റ്റിവലിന്റെ ഓരോ വർഷത്തേയും വരവ് ചെലവ് കണക്കുകൾ താഴെ പറയും പ്രകാരമാണ്

I.

| വർഷം | വരവ് | ചെലവ് |
|---|---|---|
| 2011-12 | 3861 | 4202 |
| 2012-13 | 4167.22 | 4588.51 |
| 2013-14 | 2449.05 | 2581.26 |
| 2014-15 | 1816.79 | 2252.86 |

II. ഓരോ വർഷവും പ്രതീക്ഷിച്ച വരവ് ലഭിക്കാതിരുന്ന ഇനത്തിന്റേയും ലക്ഷ്യമിട്ടതിനേക്കാൾ കൂടുതൽ ചെലവ് നേരിട്ട ഇനത്തിന്റെയും വ്യത്യാസം അനുബന്ധം 1-ൽ കാണിച്ചിരിക്കുന്നു*. (നെഗറ്റീവ് തുക പ്രതീക്ഷിച്ചതിനേക്കൾ കുറവിനേയും പോസിറ്റീവ് തുക കൂടുതലിനേയും കാണിക്കുന്നു).

(സി) ഉത്തരങ്ങൾ അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു*.

(ഡി)

| വർഷം | പ്രതീക്ഷിച്ച തുക | ലഭ്യമായ തുക |
|---|---|---|
| 2014-15 | 650.00 കോടി | 111.00 കോടി |
| 2013.14 | 600.00 കോടി | 331.00 കോടി |

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | | |
|---|---|---|
| 2012-13 | 2250.00 കോടി | 691.50 കോടി |
| 2011-12 | 500.00 കോടി | 460.00 കോടി |

**ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ**

367 (1057) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ സംഘടിപ്പിക്കുകവഴി ഉണ്ടായ നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായായിരുന്നു ; നിക്ഷേപ-പ്രയോജനം വിശദമാക്കാമോ ;

(സി) ലക്ഷ്യം കൈവരിക്കുന്നതിനായി, ജി.കെ.എസ്.എഫിന്റെ പ്രവർത്തനത്തിൽ ഏതെല്ലാം മാറ്റങ്ങൾ വരുത്തേണ്ടതുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിനെ അന്തർദ്ദേശീയ തലത്തിൽ അറിയപ്പെടുന്ന ഒരു വ്യാപാര കേന്ദ്രമാക്കുക, ഓണം കഴിഞ്ഞാൽ മറ്റൊരു വ്യാപാരകാലം സൃഷ്ടിക്കുക, കേരളത്തിലെ ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുക എന്നിവയാണ് ഫെസ്റ്റിവലിന്റെ പ്രഖ്യാപിത ലക്ഷ്യം.

നിക്ഷേപ-പ്രയോജനം:-

കേരളത്തിന്റെ വ്യാപാര മേഖലയിൽ ഒരു രണ്ടാം വ്യാപാരക്കാലം സൃഷ്ടിക്കുന്നതിന് ജി.കെ.എസ്.എഫ്.-ന് കഴിഞ്ഞിട്ടുണ്ട്. അതേപോലെ കേരളത്തിലെ ഉൽപ്പന്നങ്ങൾക്ക് പ്രത്യേകിച്ചും കരകൗശല മേഖലയിൽ ഒരു പുത്തൻ ഉണർവ്വുണ്ടാക്കാനും വിപണി മെച്ചപ്പെടുത്താനും കഴിഞ്ഞിട്ടുണ്ട്.

(സി) കേരളത്തിന് പുറത്തും വിദേശത്തും കൂടുതൽ പ്രചരണം നൽകി സംസ്ഥാനത്തിന് പുറത്തുനിന്നും ഉപഭോക്താക്കളെ ആകർഷിക്കേണ്ടതുണ്ട്.

കൂടാതെ വിനോദസഞ്ചാരികൾക്ക് അവരുടെ അഭിരുചിക്ക് അനുസരിച്ചുള്ള കേരള ഉൽപ്പന്നങ്ങൾ ലഭ്യമാക്കണം. വ്യാപാരസ്ഥാപനങ്ങളുടെ പൂർണ്ണ പങ്കാളിത്തവും അന്തർദ്ദേശീയ ബ്രാൻഡുകളുടെ പിൻതുണയും ഉണ്ടാക്കണം. കൂടാതെ സർക്കാരിന്റെ വിവിധ വകുപ്പുകളുടെ സംയുക്ത പ്രവർത്തനത്തിലൂടെ വിവിധ മേഖലകളുടെ ഏകോപനവും ആവശ്യമാണ്. അതനുസരിച്ച് ജി.കെ. എസ്.എഫ്.-ന്റെ പ്രവർത്തനം ശക്തിപ്പെടും.

### ബേക്കൽ റിസോർട്ട്സ് ഡവലപ്മെന്റ് കോർപ്പറേഷൻ

368 (1058) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബി.ആർ.ഡി.സി. (ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ) യുടെ കൈവശം എത്ര റിസോർട്ട് സൈറ്റുകൾ ഉണ്ടെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത റിസോർട്ട് സൈറ്റുകൾ ആർക്കൊക്കെയാണ് ലീസിന് നൽകിയിട്ടുള്ളതെന്നതിന്റെയും എത്ര എണ്ണം പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ടെന്നതിന്റെയും വിശദാംശം നൽകുമോ;

(സി) ലീസിനത്തിൽ ബി.ആർ.ഡി.സി.-ക്ക് വർഷം തോറും എത്ര തുക വരുമാനമായി ലഭിക്കേണ്ടതുണ്ട്; വിശദാംശം അറിയിക്കുമോ;

(ഡി) വരുമാന ഇനത്തിൽ റിസോർട്ട് ഉടമസ്ഥർ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണെന്ന് വിശദമാക്കുമോ;

(ഇ) കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

#### ഉത്തരം

(എ) 6

(ബി) 1. സൈറ്റ് നമ്പർ 1- ജോയ്സ് എന്റർപ്രൈസസ്

2. സൈറ്റ് നമ്പർ 2- ഗ്രീൻ ഗേറ്റ് വേ ലിഷർ ലിമിറ്റഡ്

3. സൈറ്റ് നമ്പർ 4-ഗ്ലോബ് ലിങ്ക് ഹോട്ടൽസ് & എന്റർടെയ്ൻമെന്റ്സ് പ്രൈ. ലിമിറ്റഡ്
4. സൈറ്റ് നമ്പർ 5- ഖന്ന ഹോട്ടൽസ് പ്രൈ. ലിമിറ്റഡ്
5. സൈറ്റ് നമ്പർ 6- ഭാരത് ഹോട്ടൽസ് ലിമിറ്റഡ്
6. സൈറ്റ് നമ്പർ 7- ഹോളിഡേ ബേക്കൽ റിസോർട്ട്സ് പ്രൈ. ലിമിറ്റഡ്

   സൈറ്റ് നമ്പർ 5-ൽ (ഉദുമ, കാപ്പിലിൽ) വിവാന്ത ബൈ താജ്, ബേക്കൽ, സൈറ്റ് നം. 6-ൽ (ഉദുമ, ബേവൂരിയിൽ) ലളിത് റിസോർട്ട് & സ്പാ എന്നീ 2 റിസോർട്ടുകളാണ് പ്രവർത്തനം ആരംഭിച്ചത്.

(സി) ലീസിനത്തിൽ ബി.ആർ.ഡി.സി.-ക്ക് വർഷംതോറും 3,29,73,124 രൂപയാണ് റിസോർട്ടുകളിൽ നിന്ന് ലഭിക്കേണ്ടത്.

1. സൈറ്റ് നമ്പർ 1- ജോയ്സ് എന്റർപ്രൈസസ് - 34,00,000 രൂപ (പ്രതിവർഷം)
2. സൈറ്റ് നമ്പർ 2- ഗ്രീൻ ഗേറ്റ് വേ ലിഷർ ലിമിറ്റഡ്- 67,64,050 രൂപ (പ്രതിവർഷം)
3. സൈറ്റ് നമ്പർ 4- ഗ്ലോബ് ലിങ്ക് ഹോട്ടൽസ് & എന്റർടെയ്ൻമെന്റ്സ് പ്രൈ. ലിമിറ്റഡ്- 32,93,806 രൂപ (പ്രതിവർഷം)
4. സൈറ്റ് നമ്പർ 5- ഖന്ന ഹോട്ടൽസ് പ്രൈ. ലിമിറ്റഡ്- 69,72,897 രൂപ (പ്രതിവർഷം)
5. സൈറ്റ് നമ്പർ 6- ഭാരത് ഹോട്ടൽസ് ലിമിറ്റഡ്- 70,68,936 രൂപ (പ്രതിവർഷം)
6. സൈറ്റ് നമ്പർ 7- ഹോളിഡേ ബേക്കൽ റിസോർട്ട്സ് പ്രൈ. ലിമിറ്റഡ്- 54,73,435 രൂപ (പ്രതിവർഷം)

(ഡി) വരുമാന ഇനത്തിൽ റിസോർട്ട് ഉടമസ്ഥർ കുടിശ്ശിക വരുത്തിയിട്ടുണ്ട്.

1. സൈറ്റ് നമ്പർ 1- ജോയ്സ് എന്റർപ്രൈസസ്- 90,45,315 രൂപ
2. സൈറ്റ് നമ്പർ 2- ഗ്രീൻ ഗേറ്റ് വേ ലിഷർ ലിമിറ്റഡ്- 2,62,65,981 രൂപ.
3. സൈറ്റ് നമ്പർ 4- ഗ്ലോബ് ലിങ്ക് ഹോട്ടൽസ് & എന്റർടെയ്മെന്റ്സ് പ്രൈ. ലിമിറ്റഡ്- 123,69,663 രൂപ.
4. സൈറ്റ് നമ്പർ 7- ഹോളിഡേ ബേക്കൽ റിസോർട്ട്സ് പ്രൈ. ലിമിറ്റഡ്- 1,57,56,096 രൂപ.

   (മേൽ തുകകൾ 14% പലിശയും 14.5% സർവ്വീസ് ടാക്സും ഉൾപ്പെടെ)

(ഇ) കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനായി ബി.ആർ.ഡി.സി. റിസോർട്ട് ഉടമകൾക്ക് നോട്ടീസ് നൽകുകയും കുറച്ച് തുക അവർ അടയ്ക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി തുക പിരിച്ചെടുക്കുന്നതിനായി ബാങ്ക് ഗ്യാരണ്ടി റിവോക് ചെയ്യുന്നതിനും ബി.ആർ.ഡി.സി. നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കുടിശ്ശിക തുകയ്ക്ക് പലിശയിനത്തിൽ പതിനാല് ശതമാനം (14%) ഈടാക്കുന്നുണ്ട്.

**വള്ളുവനാട് ടൂറിസം**

369 (1059) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതപ്പുഴ ഉൾപ്പെടുന്ന വള്ളുവനാടിന്റെ ടൂറിസം സാധ്യത പ്രയോജനപ്പെടുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ഏതെല്ലാം ടൂറിസം പ്രോജക്ടുകൾ നടപ്പിലാക്കി ; അതിനായി എത്ര തുക ചെലവഴിച്ചു ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഭാരതപ്പുഴ ഉൾപ്പെടുന്ന വള്ളുവനാടിന്റെ ടൂറിസം സാധ്യതാപഠനം ഉൾപ്പെടുത്തി 'സ്വദേശി ദർശൻ ടൂറിസം പദ്ധതി'യിൽ 'നിള ടൂറിസം സർക്യൂട്ട്' എന്ന പേരിൽ 100 കോടി രൂപയുടെ ഒരു സമഗ്രപദ്ധതി കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ അഞ്ച് കോടി രൂപയുടെ ബാപ്പുജി ചിൽഡ്രൻസ് പാർക്കിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. കൂടാതെ അനങ്ങൻ മലയിൽ 1,04,00,000 രൂപയുടെ ഇക്കോ ടൂറിസം പദ്ധതിയും പൂർത്തീകരിച്ചിട്ടുണ്ട്.

## ചേർത്തല അന്ധകാരനഴി ബീച്ചിനോടനുബന്ധിച്ചുള്ള കെട്ടിടങ്ങളുടെ നവീകരണം

370 (1060) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിൻെറ കാലത്ത് സുനാമി പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തിയ ചേർത്തല അന്ധകാരനഴി ബീച്ചിനോടനുബന്ധിച്ചുള്ള കെട്ടിടങ്ങളുടെ നടപ്പാതകൾ അധികാരികളുടെ അനാസ്ഥമൂലം തകർന്നു കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കെട്ടിടങ്ങളുടെ മേൽക്കൂരയും ജനാലകളും കതകുകളും പുനഃസ്ഥാപിച്ച് ടോയിലറ്റ് ബ്ലോക്കും റസ്റ്റോറൻറും നിർമ്മിക്കുന്നതിനും നടപ്പാതകൾ നവീകരിക്കുന്നതിനും സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ ;

(സി) ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന അംഗീകൃത സഹകരണ സംഘങ്ങൾക്ക് പ്രസ്തുത സെന്റർ കരാർപ്രകാരം നൽകിയാൽ പ്രാദേശിക ജനങ്ങളുടെ സഹകരണത്തോടെ പദ്ധതി വിജയകരമായി നടപ്പാക്കുന്നതിനു സാധിക്കും എന്നത് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിനു നടപടി സ്വീകരിക്കുമോ ;

(ഡി) ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന അംഗീകൃത സഹകരണ സംഘങ്ങൾക്ക് പ്രസ്തുത സെന്റർ കരാർപ്രകാരം നൽകിയാൽ പ്രാദേശിക

ജനങ്ങളുടെ സഹകരണത്തോടെ പദ്ധതി വിജയകരമായി നടപ്പാക്കുന്നതിനു സാധിക്കും എന്നത് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അതിനു തയ്യാറാകുമോ ?

ഉത്തരം

(എ-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിശോധിച്ച് സത്വര നടപടി സ്വീകരിക്കുന്നതാണ്.

**വെള്ളാർ കരകൗശലഗ്രാമം പദ്ധതി**

371 (1061) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളത്തെ വെള്ളാർ കരകൗശലഗ്രാമം പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായത് എപ്പോഴാണ് ;

(ബി) പ്രസ്തുത പദ്ധതിക്കായി ടൂറിസം വകുപ്പ് ഭൂമി ഏറ്റെടുത്തത് എപ്പോഴായിരുന്നു ; കരകൗശല ഗ്രാമം പദ്ധതിക്ക് കേന്ദ്ര സഹായം ലഭിച്ചത് ഏത് വർഷത്തിലായിരുന്നു ; പദ്ധതി നിർമ്മാണത്തിന്റെ വിവിധ ഘട്ടത്തിൽ, ഓരോ സാമ്പത്തിക വർഷവും എത്ര തുക വീതം ചെലവഴിക്കപ്പെട്ടിട്ടുണ്ട് ;

(സി) നിർമ്മാണം പൂർത്തിയാക്കി പ്രസ്തുത പദ്ധതി പ്രവർത്തന സജ്ജമാക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണ് ; കുടുംബശ്രീ യൂണിറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ ;

(ഡി) കരകൗശല ഗ്രാമത്തിന്റെ പൂർണ്ണതോതിലുള്ള പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) പ്രസ്തുത പദ്ധതി ടൂറിസം വകുപ്പ് നേരിട്ട് നടത്തുവാനാണോ ഉദ്ദേശിക്കുന്നത് ; എങ്കിൽ എന്തെല്ലാം ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ടെന്നും അതിന്റെ ചുമതല ആർക്കാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഒന്നാംഘട്ടം 2011 ഫെബ്രുവരി മാസം പൂർത്തിയായി. രണ്ടാം ഘട്ടത്തിന്റെ നിർമ്മാണ പ്രവൃത്തി അന്തിമഘട്ടത്തിലാണ്.

(ബി) 20-2-2008-ൽ ആയിരുന്നു ടൂറിസം വകുപ്പ് ഭൂമി ഏറ്റെടുത്തത്. 2004-ൽ ആയിരുന്നു പദ്ധതിക്ക് കേന്ദ്ര സഹായം അനുവദിച്ചത്. 2005-06-ൽ 2,00,00,000 (രണ്ട് കോടി) രൂപയും 2010-11-ൽ 1,60,00,000 (ഒരു കോടി അറുപത് ലക്ഷം) രൂപയും 2011-12-ൽ 4,90,00,000 (നാല് കോടി തൊണ്ണൂറ് ലക്ഷം) രൂപയും 2012-13-ൽ 4,70,00,000 (നാല് കോടി എഴുപത് ലക്ഷം) രൂപയും ചെലവഴിച്ചിട്ടുണ്ട്.

(സി) ഇലക്ട്രിക്കൽ ഇൻസ്പെക്ടർ ഇൻസ്പെക്ഷൻ നടത്തി ട്രാൻസ്ഫോർമർ ചാർജ് ചെയ്ത് കിട്ടാൻ താമസം നേരിടുന്നുണ്ട്. കൂടാതെ വളരെ ഉയർന്ന പ്രദേശമായതിനാൽ പൂർണ്ണതോതിൽ കുടിവെള്ളം എത്തിക്കാൻ ചില തടസ്സങ്ങൾ നേരിടുന്നുണ്ട്. ഇവ പരിഹരിച്ച് ക്രാഫ്റ്റ് വില്ലേജിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കുടുംബശ്രീയൂണിറ്റ് ക്രാഫ്റ്റ് വില്ലേജിൽ പ്രവർത്തിച്ചു വരുന്നുണ്ട്.

(ഡി) ഈ സാമ്പത്തിക വർഷം ആരംഭിക്കുന്നതാണ്.

(ഇ) ഇക്കാര്യങ്ങൾ പരിശോധിച്ചു വരികയാണ്.

**പേരാമ്പ്ര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ**

372 (1062) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ടൂറിസംവകുപ്പ് പേരാമ്പ്ര മണ്ഡലത്തിൽ എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ചു എന്ന് വിശദമാക്കുമോ;

(ബി) ഇതനുസരിച്ച് ഇവിടെ എത്ര രൂപ ചെലവഴിച്ചു എന്നും ഇനി എത്ര രൂപ ചെലവഴിക്കാനുണ്ടെന്നും വിശദമാക്കുമോ?

ഉത്തരം

(എ) 'ചിൽഡ്രൻസ് പാർക്ക് ചങ്ങോരത്ത് ഗ്രാമപഞ്ചായത്ത് ഇൻ കോഴിക്കോട് ഡിസ്ട്രിക്റ്റ്' എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കക്കയം-പെരുവണ്ണാമൂഴി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) 25 ലക്ഷം രൂപ അനുവദിച്ചതിൽ 10 ലക്ഷം രൂപ നിർവ്വഹണ ഏജൻസിയായ കോഴിക്കോട് ഡി.റ്റി.പി.സി.-ക്ക് നൽകിയിട്ടുണ്ട്. 15 ലക്ഷം രൂപ ഇനി നൽകാനുണ്ട്.

**കൊയിലാണ്ടി-വിനോദസഞ്ചാര വകുപ്പിന്റെ പദ്ധതികൾ**

373 (1063) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാര വകുപ്പു മുഖേന കൊയിലാണ്ടി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ, ഓരോ പദ്ധതിയിലും അനുവദിച്ച തുക എന്നിവ വിശദമാക്കാമോ?

ഉത്തരം

ടൂറിസം വികസനത്തിനായി ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജിൽ ട്രെയിനിംഗ് അക്കാദമി തുടങ്ങുന്നതിനായി 2.75 കോടി രൂപയുടെ ഭരണാനുമതി നൽകിയതിൽ 1,37,50,000 രൂപ പദ്ധതി നിർവ്വഹണ ഏജൻസിയായ ഊരാളുങ്കൽ സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്.

**ഭൂതത്താൻകെട്ട് ടൂറിസം മേഖലയിൽ ടൂറിസ്റ്റുകൾക്കായി കൂടുതൽ സൗകര്യങ്ങൾ**

374 (1064) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം ഭൂതത്താൻ കെട്ട് ടൂറിസം മേഖലയിൽ ടൂറിസ്റ്റുകൾക്കായി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ പ്രദേശത്തെ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ച് ടൂറിസം ഡിപ്പാർട്ട്മെന്റ് വഴി കൂടുതൽ പ്രചരണം നൽകുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ടൂറിസത്തിന്റെ വലിയ സാദ്ധ്യതകൾ പരിഗണിച്ച് ഈ മേഖലയ്ക്കായി ഒരു പ്രത്യേക പാക്കേജ് നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) പദ്ധതി പ്രവർത്തനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വകുപ്പിന്റെ വെബ്സൈറ്റ് വഴിയും പ്രസിദ്ധീകരണം വഴിയും പ്രചരണം നടന്നുവരുന്നു.

(സി) പരിശോധിക്കുന്നതാണ്.

**ബാലുശ്ശേരി ടൂറിസം കോറിഡോർ**

375 (1065) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ ചരിത്ര സ്മാരകങ്ങൾ, ആരാധനാലയങ്ങൾ, പ്രകൃതിരമണീയ കേന്ദ്രങ്ങൾ, വനം വന്യജീവി ആവാസ കേന്ദ്രങ്ങൾ, ജല വൈദ്യുത പദ്ധതി പ്രദേശങ്ങൾ, സാഹസിക യാത്രാ മാർഗ്ഗങ്ങൾ, ജലാശയങ്ങൾ എന്നിവ ബന്ധിപ്പിച്ച് തയ്യാറാക്കപ്പെട്ട ബാലുശ്ശേരി ടൂറിസം കോറിഡോർ പദ്ധതിയുടെ മാസ്റ്റർ പ്ലാൻ സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കപ്പെട്ടിട്ടുണ്ടോ;

(ബി) പദ്ധതി നിർവ്വഹണത്തിന് സർക്കാർ നിക്ഷേപിക്കേണ്ട തുകയേക്കാൾ അധികം വിലയുള്ള സ്വകാര്യഭൂമി ഈ പദ്ധതിവഴി സർക്കാരിന് ലഭിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

**കാസർഗോഡ് ജില്ലയിലെ ടൂറിസം വികസന പദ്ധതികൾ**

376 (1066) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വകുപ്പിൻെറ കീഴിൽ കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്നും പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക എത്രയാണെന്നും നിയോജക മണ്ഡലത്തിന്റെ അടിസ്ഥാനത്തിൽ ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ജില്ലയിൽ പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ തരം തിരിച്ചുള്ള വിശദാംശം നൽകുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) പരിശോധിക്കുന്നതാണ്.

**മാസങ്ങളായി ഹീറ്ററുകൾ പ്രവർത്തനരഹിതമായിരിക്കുന്നത് സംബന്ധിച്ച്**

377 (1067) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം സർക്കാർ അതിഥിമന്ദിരത്തിലെ പുതിയ ബ്ലോക്കിൽ മാസങ്ങളായി ഹീറ്ററുകൾ പ്രവർത്തന രഹിതമായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗസ്റ്റ് ഹൗസിൽ എത്തുന്ന അതിഥികൾ പ്രായാധിക്യമുള്ളവർ ഉൾപ്പെടെ ചൂടുവെള്ളം ലഭ്യമാകാതെ വിഷമിക്കുന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) ഹീറ്ററുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ചുമതല ആർക്കാണെന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത വിഷയത്തിൽ കൃത്യ വിലോപം കാണിച്ച ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുമോ;

(ഇ) ഹീറ്ററുകൾ എന്നത്തേക്ക് പ്രവർത്തനക്ഷമമാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ഉണ്ട്. ഹീറ്ററുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

(ഇ) ഹീറ്ററുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു.

**ടൂറിസ്റ്റ് കേന്ദ്രങ്ങൾ**

378 (1068) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിക്ഷേപങ്ങളും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുന്നതിനായി 50 പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണെന്ന് 2012-13-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടോ; പ്രസ്തുത കേന്ദ്രങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേന്ദ്രങ്ങളിൽ ഓരോന്നിനും എത്ര തുക വീതം നീക്കി വച്ചിരുന്നതായും ചെലവഴിക്കപ്പെട്ട തുക എത്ര വീതമെന്നും അറിയിക്കുമോ;

(സി) ടൂറിസ്റ്റ് കേന്ദ്രവികസനപദ്ധതിയിൽ നാളിതു വരെ നേടിയ പുരോഗതി അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2012-13 ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

(ബി&സി) ഓരോന്നിനും പ്രത്യേകമായി തുകയൊന്നും നീക്കിവച്ചിട്ടില്ല. തുകയൊന്നും ചെലവഴിച്ചിട്ടില്ല.

**അതിരപ്പിള്ളി ടൂറിസം**

379 (1069) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളിയിൽ ടൂറിസം ഫെസിലിറ്റേഷൻ സെന്ററും കാർ റോപ്പ് വേയും സ്ഥാപിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ നടപടി ഏതു ഘട്ടത്തിലാണ്;

(ബി) മുൻ ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന അതിരപ്പിള്ളി - കാലടി-മലയാറ്റൂർ ടൂറിസം സർക്യൂട്ട് യഥാർത്ഥ്യമാക്കുന്നതിനായി സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ?

ഉത്തരം

(എ) അതിരപ്പിള്ളിയിലെ ടൂറിസം ഫെസിലിറ്റേഷൻ സെന്ററിന്റേയും (യാത്രി നിവാസ്) കാർ റോപ്പ് വേയുടെയും നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. പ്രസ്തുതപദ്ധതി നടപ്പിലാക്കുന്നതിന് വനം വകുപ്പിന്റെ അനുമതിയും ലഭ്യമാകേണ്ടതുണ്ട്.

(ബി) മുൻ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന അതിരപ്പിള്ളി കാലടി-മലയാറ്റൂർ ടൂറിസം സർക്യൂട്ടിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് 24-6-2013-ലെ 5133/2013/ടൂറിസം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കി വരുന്നു.

**പാതിരാമണൽ ടൂറിസം പ്രോജക്ട്**

380 (1070) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) ചേർത്തല മുഹമ്മ ഗ്രാമപഞ്ചായത്തിലെ പാതിരാമണലിന്റെ ടൂറിസം സാധ്യതകൾ പൂർണ്ണമായി വിനിയോഗിക്കുന്നതിനും പരിസ്ഥിതി സൗഹൃദ ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ;

(ബി) എത്ര നാളിനുള്ളിൽ പാതിരാമണൽ ടൂറിസം പദ്ധതി നടപ്പിലാക്കാനാകുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ചേർത്തല മുഹമ്മ ഗ്രാമപഞ്ചായത്തിലെ പാതിരാമണൽ ടൂറിസം സാധ്യതകൾ പൂർണ്ണമായി വിനിയോഗിക്കുന്നതിനും പരിസ്ഥിതി സൗഹൃദ ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കേന്ദ്ര ടൂറിസം വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ 'Destination Development of Pathiramanal Bio Park' എന്ന പേരിലുള്ള ഒരു ടൂറിസം പദ്ധതി 29-3-2008-ൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തോടെ ആരംഭിച്ചിരുന്നു. എന്നാൽ പരിസ്ഥിതി പ്രവർത്തകരുടെ എതിർപ്പും ബഹു. കോടതി വിധിയെ തുടർന്നും പ്രസ്തുത പദ്ധതി പ്രവർത്തനങ്ങൾ തടസ്സപ്പെടുകയുണ്ടായി. സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ ഇതിനായി അനുവദിച്ച 400 ലക്ഷം രൂപയിൽ ചെലവഴിക്കാത്ത 350 ലക്ഷം രൂപ കേന്ദ്ര ടൂറിസം വകുപ്പിന്റെ കർശന നിർദ്ദേശത്തിന് വിധേയമായി തിരിച്ചടയ്ക്കുകയുണ്ടായി.

(ബി) ബഹു. കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാൽ കോടതി വിധിക്ക് വിധേയമായി മാത്രമേ അനന്തര നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

381 (1071) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന മീൻപിടിപ്പാറ, പൊങ്ങൻപാറ ടൂറിസം പദ്ധതികൾക്ക് അനുമതി നൽകിയത് എന്നാണ് ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലുള്ള സ്ഥിതി വിശദമാക്കാമോ;

(സി) നിർമ്മാണം ആരംഭിക്കുവാൻ നിർവ്വഹണ ഏജൻസിക്ക് അടിയന്തര നിർദ്ദേശങ്ങൾ നൽകുമോ; വിശദമാക്കാമോ?

ഉത്തരം

(എ) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന മീൻപിടിപ്പാറ പദ്ധതിക്ക് 20-5-2014-ലും പൊങ്ങൻപാറ പദ്ധതിക്ക് 23-5-2014-ലും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി&സി) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന മീൻപിടിപ്പാറ, പൊങ്ങൻപാറ ടൂറിസം പദ്ധതികൾ 2 പ്രാവശ്യം ടെണ്ടർ ചെയ്തിട്ടും കരാറുകാർ ആരും തന്നെ എടുക്കാൻ തയ്യാറാകാത്ത സാഹചര്യത്തിലാണ് കാലതാമസം ഉണ്ടായത്. പിന്നീട് നടത്തിയ ടെൻഡർ നടപടിയിൽ ക്വട്ടേഷൻ നൽകിയ കരാറുകാരുമായി എഗ്രിമെന്റ് വയ്ക്കുകയും മീൻപിടിപ്പാറയിൽ പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പൊങ്ങൻപാറ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ താമസംവിനാ ആരംഭിക്കുന്നതാണ്.

**കേരളത്തിന്റെ ടൂറിസം സാദ്ധ്യതകൾ**

382 (1072) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയവും, അന്തർദ്ദേശീയവുമായ പുതിയ ടൂറിസം വിപണികൾ കണ്ടെത്തി ടൂറിസം സാധ്യതകൾ പരമാവധി ഉപയോഗിക്കുന്നതിന് സർക്കാർ-

സ്വകാര്യ പങ്കാളിത്തത്തോടെ ടൂറിസം പ്രൊമോഷൻ ബോർഡ് രൂപീകരിക്കുമെന്ന് 2012-13 - ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിക്കായി എത്ര തുക നീക്കിവച്ചിരുന്നുവെന്നും എത്ര തുക സംസ്ഥാന ഖജനാവിൽനിന്നും ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(സി) തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ പ്രസ്തുത പദ്ധതിക്കായി നീക്കിവച്ച തുക എത്രയാണെന്നും അതിൽ ചെലവഴിക്കപ്പെട്ടത് എത്രയാണെന്നും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) പ്രഖ്യാപിച്ചിരുന്നു.

(ബി&സി) പ്രസ്തുത പദ്ധതിക്കായി തുകയൊന്നും നീക്കിവച്ചിട്ടില്ല.

**ചെറുതുരുത്തി വിനോദസഞ്ചാര പദ്ധതി**

383 (1073) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര വിനോദസഞ്ചാര വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച ചേലക്കര മണ്ഡലത്തിലെ ചെറുതുരുത്തി വിനോദസഞ്ചാര പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ്;

(ബി) പ്രസ്തുത ചെറുതുരുത്തി പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചതെന്നാണെന്നും അടങ്കൽ തുക എത്രയാണെന്നും ഇതേവരെ എത്ര തുക ചെലവഴിച്ചുവെന്നും ഇനി എന്തെല്ലാമാണ് പൂർത്തിയാക്കേണ്ടതുള്ളതെന്നും അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിന് സംസ്ഥാന വിനോദസഞ്ചാര വകുപ്പ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച കെട്ടിടം പൂർത്തീകരിച്ച് വിനോദസഞ്ചാരികൾക്കായി തുറന്നുകൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) 6,36,43,000 രൂപ ആകെ എസ്റ്റിമേറ്റ് തുക വരുന്ന നിള ഹെറിറ്റേജ് പദ്ധതിയിൽ (G.O.(Rt.) No.568/2011/TSM dated 21-1-2011) ഉൾപ്പെട്ട ചെറുതുരുത്തിയിലെ കെട്ടിട നിർമ്മാണം 2012-ൽ ആണ് ആരംഭിച്ചത്. ഇതോടനുബന്ധിച്ച് നിർമ്മിക്കുന്ന തിരുവില്വാമല ഫെസിലിറ്റേഷൻ സെന്ററിന്റെ നിർമ്മാണ പ്രവൃത്തി അന്തിമഘട്ടത്തിലാണ്. മാന്തോപ്പിലെ ഫെസിലിറ്റേഷൻ സെന്റർ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(സി&ഡി) കെട്ടിടത്തിന്റെ കേടുപാടുകൾ പരിഹരിച്ച് വിനോദസഞ്ചാരികൾക്ക് തുറന്നുകൊടുക്കുവാൻ അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

(നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1041-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല).

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

## II ഡെപ്യൂട്ടി സ്പീക്കർ തെരഞ്ഞെടുപ്പ്

മി. സ്പീക്കർ: ഓർഡർ...... ഓർഡർ ........നിയമസഭാ ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുക്കപ്പെടുന്നതിന് രണ്ട് അംഗങ്ങളുടെ പേരുകൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ശ്രീ. ഇ. ചന്ദ്രശേഖരൻ, ശ്രീ. പാലോട് രവി എന്നിവരാണ് നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള അംഗങ്ങൾ. ശ്രീ. ഇ. ചന്ദ്രശേഖരനെ നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള രണ്ട് പത്രികകൾ ലഭിച്ചിട്ടുണ്ട്. ശ്രീ. എ. കെ. ബാലൻ നിർദ്ദേശിക്കുകയും ശ്രീ. മാത്യു ടി. തോമസ് പിന്താങ്ങുകയും, ശ്രീ. എ. കെ. ശശീന്ദ്രൻ നിർദ്ദേശിക്കുകയും ശ്രീ. വി. എസ്. സുനിൽ കുമാർ പിന്താങ്ങുകയും ചെയ്തിട്ടുള്ളതാണ് ശ്രീ. ഇ. ചന്ദ്രശേഖരനു വേണ്ടിയുള്ള പത്രികകൾ. ശ്രീ. പാലോട് രവിയെ നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള മൂന്ന് പത്രികകൾ ലഭിച്ചിട്ടുണ്ട്. ശ്രീ. ഉമ്മൻ ചാണ്ടി നിർദ്ദേശിക്കുകയും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പിന്താങ്ങുകയും ശ്രീ. കെ. എം. മാണി നിർദ്ദേശിക്കുകയും ശ്രീ. എ. എ. അസീസ് പിന്താങ്ങുകയും ശ്രീ. കെ. പി. മോഹനൻ നിർദ്ദേശിക്കുകയും ശ്രീ. അനൂപ് ജേക്കബ് പിന്താങ്ങുകയും ചെയ്തിട്ടുള്ളതാണ് ശ്രീ. പാലോട് രവിക്കുവേണ്ടിയുള്ള പത്രികകൾ. പരിശോധനയിൽ നാമനിർദ്ദേശ പത്രികകളെല്ലാം നിയമാനുസൃതമാണെന്ന് കാണുന്നു. ഒന്നിലധികം അംഗങ്ങൾ ഡെപ്യൂട്ടി സ്പീക്കർ സ്ഥാനത്തേക്ക് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതിനാൽ നിയമസഭ വോട്ടെടുപ്പിലൂടെ ഡെപ്യൂട്ടി സ്പീക്കറെ തെരഞ്ഞെടുക്കുന്നതാണ്. ബാലറ്റ് പേപ്പറിൽ ശ്രീ. ഇ. ചന്ദ്രശേഖരന്റെ പേര് ആദ്യത്തേതായും ശ്രീ. പാലോട് രവിയുടെ പേര് രണ്ടാമതായും അച്ചടിച്ചിട്ടുണ്ട്. നിയമസഭാംഗങ്ങൾ തങ്ങൾക്ക് ഇഷ്ടമുള്ള സ്ഥാനാർത്ഥിയുടെ പേരിനുനേരെ ഒരു ഗുണനചിഹ്നമിട്ട് വോട്ട് രേഖപ്പെടുത്തേണ്ടതാണ്. ഗുണനചിഹ്നമല്ലാതെ മറ്റ് അടയാളങ്ങളിട്ട് വോട്ട് രേഖപ്പെടുത്തുകയോ അംഗങ്ങളുടെ ഒപ്പ് ബാലറ്റ് പേപ്പറിൽ ഇടുകയോ ചെയ്താൽ പ്രസ്തുത ബാലറ്റ് പേപ്പർ അസാധുവായി കണക്കാക്കുന്നതാണ്. വോട്ട് രേഖപ്പെടുത്തുന്നതിന് പേന ഇവിടെ വച്ചിട്ടുള്ളതും ആ പേനതന്നെ നിർബന്ധമായും ഉപയോഗിക്കേണ്ടതുമാണ്. നിയമസഭാംഗങ്ങളുടെ പേര് സെക്രട്ടറി ഇപ്പോൾ വിളിക്കുന്നതായിരിക്കും. ഓരോ അംഗവും തൽസമയം അദ്ധ്യക്ഷവേദിക്ക് സമീപം വന്ന് ഏതെങ്കിലും ഒരു ബൂത്തിൽ വോട്ട് രേഖപ്പെടുത്തി ബാലറ്റ് പെട്ടിയിൽ നിക്ഷേപിച്ചശേഷം സ്വസ്ഥാനത്ത് ഉപവിഷ്ടരാകണമെന്ന്

അഭ്യർത്ഥിക്കുന്നു. ആദ്യത്തെ പ്രാവശ്യം പേര് വിളിക്കുമ്പോൾ സഭയിൽ ഹാജരല്ലാത്ത അംഗങ്ങൾക്ക് പോൾ അവസാനിച്ചതായി പ്രഖ്യാപിക്കുന്നതിനുമുമ്പ് സഭയിൽ ഹാജരാകുന്നപക്ഷം വോട്ട് രേഖപ്പെടുത്താൻ അനുമതി നൽകുന്നതാണ്. വോട്ടെടുപ്പ് പൂർത്തിയായതിനുശേഷം ഓരോ സ്ഥാനാർത്ഥിയുടേയും പ്രതിനിധിയായി ഒരംഗത്തിന് അദ്ധ്യക്ഷ വേദിയിലേക്ക് വരാവുന്നതും വോട്ടെണ്ണൽ പ്രക്രിയ നിരീക്ഷിക്കാവുന്നതുമാണ്. മാധ്യമങ്ങൾക്ക് അംഗങ്ങൾ കയറിവരുന്ന ഫോട്ടോയും വോട്ട് രേഖപ്പെടുത്തിയ ശേഷം ബാലറ്റ് പേപ്പർ പെട്ടിയിൽ ഇടുന്ന ഫോട്ടോയും എടുക്കാവുന്നതാണ്. എന്നാൽ വോട്ട് രേഖപ്പെടുത്തുന്നത് ഒരു കാരണവശാലും സൂം ചെയ്ത് ഫോട്ടോ എടുക്കാൻ പാടില്ലാത്തതും അത് ശിക്ഷാർഹമാണെന്നും അറിയിക്കുന്നു. വോട്ടെടുപ്പ് ആരംഭിക്കാം.

(വോട്ടെടുപ്പ് ആരംഭിക്കുകയും നിയമസഭാ സെക്രട്ടറി ശ്രീ. പി. ഡി. ശാരംഗധരൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി മുതൽ ഇരിപ്പിട ക്രമത്തിൽ നിരയായി അംഗങ്ങളുടെ പേര് വിളിക്കുകയും അംഗങ്ങൾ ഓരോരുത്തരായി വന്ന് ബാലറ്റ് പേപ്പർ വാങ്ങി ഡയസ്സിൽ പ്രത്യേകം സജ്ജമാക്കിയിരുന്ന രണ്ട് ബൂത്തുകളിലായി വോട്ട് രേഖപ്പെടുത്തി ബാലറ്റ് പെട്ടിയിൽ നിക്ഷേപിച്ചശേഷം തിരികെയെത്തി സ്വസ്ഥാനത്ത് ഉപവിഷ്ടരാകുകയും ചെയ്തു. ഡെപ്യൂട്ടി സ്പീക്കർ സ്ഥാനാർത്ഥികളായ ശ്രീ. ഇ. ചന്ദ്രശേഖരൻ, ശ്രീ. പാലോട് രവി എന്നിവരും നോമിനേറ്റഡ് അംഗം ശ്രീ. ലൂഡി ലൂയിസും സ്പീക്കർ ശ്രീ. എൻ. ശക്തനും വോട്ടെടുപ്പിൽ പങ്കെടുക്കുകയുണ്ടായി.)

മി. സ്പീക്കർ: വോട്ടെടുപ്പ് പൂർത്തിയായിരിക്കുന്നു. വോട്ടെണ്ണൽ ആരംഭിക്കുകയാണ്. ഓരോ സ്ഥാനാർത്ഥിയുടെയും പ്രതിനിധിയായി ഒരംഗത്തിന് അദ്ധ്യക്ഷവേദിയിലേക്ക് വരാവുന്നതും വോട്ടെണ്ണൽ പ്രക്രിയ നിരീക്ഷിക്കാവുന്നതുമാണ്.

(ഡെപ്യൂട്ടി സ്പീക്കർ സ്ഥാനാർത്ഥികളുടെ ഏജന്റുമാരായ ശ്രീ. വി. എസ്. സുനിൽ കുമാർ, ശ്രീ. തോമസ് ഉണ്ണിയാടൻ എന്നീ അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ വോട്ടെണ്ണൽ നടത്തി.)

മി. സ്പീക്കർ: ഓർഡർ...... ഓർഡർ..... തെരഞ്ഞെടുപ്പിന്റെ ഫലം ഇപ്പോൾ പ്രഖ്യാപിക്കുന്നതാണ്. ശ്രീ. ഇ. ചന്ദ്രശേഖരന് 65 വോട്ടും ശ്രീ. പാലോട് രവിക്ക് 74 വോട്ടും കിട്ടിയിരിക്കുന്നു. ശ്രീ. പാലോട് രവിയെ നിയമസഭാ ഡെപ്യൂട്ടി

സ്പീക്കറായി തെരഞ്ഞെടുത്തതായി ഞാൻ പ്രഖ്യാപിക്കുന്നു.

ഓർഡർ........ഓർഡർ.......ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. പാലോട് രവിക്ക് ഹൃദയംനിറഞ്ഞ അഭിനന്ദനങ്ങൾ നേരുന്നു. മൂന്ന് നിയമസഭകളിൽ അംഗമായിട്ടുള്ള അനുഭവസമ്പത്ത് ശ്രീ. പാലോട് രവിക്കുണ്ട്. ഈ നിയമസഭയിൽ തന്നെ മൂന്ന് തവണ ചെയർമാന്മാരുടെ പാനലിൽ അംഗമായിരുന്ന് സഭ നിയന്ത്രിക്കുവാനും അദ്ദേഹത്തിന് അവസരം ലഭിച്ചിട്ടുണ്ട്. ഈ അനുഭവസമ്പത്ത് അദ്ദേഹത്തിന് പുതിയ സ്ഥാനം ഭംഗിയായി കൈകാര്യം ചെയ്യാൻ കരുത്തേകുമെന്ന്

ഞാൻ പ്രത്യാശിക്കുന്നു. ഈ സഭയിലെ മുതിർന്ന അംഗവും നിരവധി മേഖലകളിൽ പ്രശംസനീയമായ പ്രവർത്തനം നടത്തിയിട്ടുള്ള പരിണതപ്രജ്ഞനായ ശ്രീ. പാലോട് രവിക്ക് എല്ലാ ആശംസകളും നേരാൻ ഈ അവസരം ഞാൻ വിനിയോഗിക്കുന്നു. ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. പാലോട് രവിയെ അദ്ദേഹത്തിന്റെ സ്ഥാനം ഏറ്റെടുക്കുന്നതിനായി ക്ഷണിക്കുന്നു.

(ശ്രീ. പാലോട് രവി കക്ഷിനേതാക്കന്മാരേയും ബഹുമാനപ്പെട്ട സ്പീക്കറേയും വന്ദിച്ചശേഷം ഡെപ്യൂട്ടി സ്പീക്കർക്കായി നിശ്ചയിച്ചിട്ടുള്ള സ്ഥാനത്ത് ഉപവിഷ്ടനായി.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. പാലോട് രവിയെ ഈ സമ്മേളനത്തിന്റെ അദ്ധ്യക്ഷത വഹിക്കുന്നതിന് ചെയറിലേയ്ക്ക് ക്ഷണിക്കുന്നു.

10.00 AM]

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## III അടിയന്തരപ്രമേയം

### വിഴിഞ്ഞം പുനരധിവാസ പാക്കേജ്

മി. ഡെപ്യൂട്ടി സ്പീക്കർ: നിർദ്ദിഷ്ട വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ നിർമ്മാണോദ്ഘാടനം 2015 ഡിസംബർ 5-ാം തീയതി നടക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ തുറമുഖ പദ്ധതിയുടെ നിർമ്മാണം കാരണം ഭവനരഹിതരും ഭൂരഹിതരും തൊഴിൽ രഹിതരുമായി മാറുന്ന തദ്ദേശവാസികൾക്കും തൊഴിലാളികൾക്കും നൽകുന്ന നഷ്ടപരിഹാരത്തെക്കുറിച്ചും പുനരധിവാസത്തെക്കുറിച്ചും അവ്യക്തതയും അനിശ്ചിതത്വവും നിലനിൽക്കുന്നതുമൂലം തദ്ദേശവാസികളിൽനിന്നുയർന്നു വന്നിട്ടുള്ള പ്രതിഷേധം കാരണം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീമതി ജമീലാ പ്രകാശം, സർവ്വശ്രീ വി. ശിവൻകുട്ടി, വി. എസ്. സുനിൽകുമാർ, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ...........(ബഹളം)................

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് ഇതിന് മറുപടി പറയേണ്ടത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): വകുപ്പുമന്ത്രി ഉണ്ട്, അദ്ദേഹം മറുപടി പറയും. അതിനുശേഷം എന്തുവേണമെങ്കിലും നിങ്ങൾക്ക് എന്നോട് ചോദിക്കാം. ഞാൻ ഇടപെടാം. വകുപ്പുമന്ത്രിയുള്ളപ്പോൾ വേറൊരു മന്ത്രി മറുപടി പറയുന്നതിനോട് യോജിപ്പില്ല. ..........(ബഹളം)................

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബന്ധപ്പെട്ട വകുപ്പുമന്ത്രി മറുപടി പറയട്ടെ. അതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുന്നതാണ്. ......……........ (ബഹളം)................

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, വിഴിഞ്ഞം പ്രോജക്ട് കമ്മിറ്റിയുടെ ചെയർമാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. ഇതിന് മുഖ്യമന്ത്രിയാണ് മറുപടി പറയേണ്ടത്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രി ശ്രീ. കെ. ബാബുവാണ്. അവിടത്തെ പാക്കേജ് സംബന്ധിച്ച എല്ലാ ചർച്ചകൾക്കും ശ്രീ. കെ. ബാബുവാണ് നേതൃത്വം കൊടുത്തത്. അവസാനഘട്ട ചർച്ചയിൽ മാത്രമാണ് ഞാൻ പങ്കെടുത്തത്. അതേ സമയത്ത് നിങ്ങൾക്ക് എന്തുവേണമെങ്കിലും എന്നോട് ചോദിക്കാം. നിങ്ങൾ പറഞ്ഞതിന് ശേഷമുള്ള മറുപടി ഞാൻ പറയാം. അല്ലാതെ നിങ്ങൾ പറയുന്നതിനനുസരിച്ച് ഇവിടെനിന്ന് മറുപടി തരണമെന്ന് പറഞ്ഞാൽ നടക്കില്ല. ..........(ബഹളം)................

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബാബു</u>): സർ, നേരിട്ടും പരോക്ഷമായും വിഴിഞ്ഞം പദ്ധതിയുമായി ബന്ധപ്പെട്ട് വാദിക്കുന്നവർക്കുവേണ്ടി ബന്ധപ്പെട്ട എല്ലാവരുമായി ചർച്ച ചെയ്ത് ഒരു പാക്കേജ് മന്ത്രിസഭായോഗം അംഗീകരിച്ച് പ്രഖ്യാപിച്ചു. അതിന്റെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പാക്കുന്നതുമൂലം ഒരാൾക്കും യാതൊരു ബുദ്ധിമുട്ടും ഉണ്ടാകരുതെന്നാണ് ഗവൺമെന്റിന്റെ നിലപാട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ടും ധാരാളം ചർച്ചകൾ നടത്തിയാണ് പാക്കേജ് പ്രഖ്യാപിച്ചത്. പദ്ധതിമൂലം പ്രയാസമുണ്ടാകാൻ സാധ്യതയുള്ളവരുടെ പ്രശ്നങ്ങൾക്ക് തുടർന്നും ചർച്ചയിലൂടെ പരിഹാരം കണ്ടെത്താൻ സർക്കാരിന് തുറന്ന മനസ്സാണുള്ളത്. തിരുവനന്തപുരം റവന്യൂ ഡിവിഷണൽ ഓഫീസർ ചെയർമാനായി Livelihood Impact Appraisal Committee ആണ് ഇത് പരിശോധിക്കുന്നത്. ജില്ലാ കളക്ടർ ചെയർമാനും ഫിഷറീസ് ഡയറക്ടർ കൺവീനറുമായി ഒരു അപ്പീൽ കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. പാക്കേജുമായി ബന്ധപ്പെട്ട് എന്തെങ്കിലും തരത്തിലുള്ള ആക്ഷേപങ്ങളുണ്ടെങ്കിൽ അത് ചർച്ചയിലൂടെ പരിഹരിക്കാൻ ഗവൺമെന്റിന് തുറന്ന മനസ്സാണുള്ളത്. ..........(ബഹളം).......

(പ്രതിപക്ഷാംഗങ്ങൾ ഡയസ്സിന് സമീപം വന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എന്തെങ്കിലും ചോദ്യമുണ്ടെങ്കിൽ അദ്ദേഹം മറുപടി പറയുന്നതാണ്. please.....please.....……........(ബഹളം)...............എല്ലാ അംഗങ്ങളും ദയവായി ഇരിപ്പിടങ്ങളിലേക്ക് പോകണം. ശ്രീമതി ജമീലാ പ്രകാശം മുഖ്യമന്ത്രിയോടും വകുപ്പുമന്ത്രിയോടും എന്തെങ്കിലും ചോദിക്കുവാനുണ്ടോ?

ശ്രീമതി ജമീലാ പ്രകാശം: പരിസ്ഥിതി വകുപ്പുമന്ത്രിയാണ് ഈ വകുപ്പിന്റെ മന്ത്രി. ..........(ബഹളം)................

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീമതി ജമീലാ പ്രകാശം ചോദ്യം ചോദിക്കട്ടെ. അതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുന്നതാണ്. please......

ശ്രീമതി ജമീലാ പ്രകാശം: സർ, പരിസ്ഥിതി വകുപ്പുമന്ത്രിയാണ് ബന്ധപ്പെട്ട വകുപ്പുമന്ത്രി. പരിസ്ഥിതി വകുപ്പ് കയ്യാളുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് ..........(ബഹളം)................

ശ്രീ. ബെന്നി ബെഹനാൻ: പരിസ്ഥിതി വകുപ്പ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനാണ് വഹിക്കുന്നത്.

ശ്രീമതി ജമീലാ പ്രകാശം: സർ, അത് വനം പരിസ്ഥിതി വകുപ്പാണ്. മുഖ്യമന്ത്രിക്ക് പരിസ്ഥിതി വകുപ്പുണ്ട്.......(ബഹളം).......... എന്നാൽ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ മറുപടി പറയട്ടെ. അവിടെ പരിസ്ഥിതി ആഘാത പഠനം നടത്തിയിട്ടുണ്ട്. ആ പഠനത്തിൽ പദ്ധതി ബാധിതരാകുന്നവർക്ക് പുനരധിവാസ പാക്കേജ് കൊടുക്കണമെന്ന് പറഞ്ഞിട്ടുണ്ട്. അതിനെപ്പറ്റിയാണ് എനിക്കിവിടെ പറയുവാനുള്ളത്. അതിനെപ്പറ്റിയാണ് ഞങ്ങൾ നോട്ടീസ് കൊടുത്തിട്ടുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അടിയന്തരപ്രമേയത്തിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി വിശദീകരണം നൽകി. ഇനി ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്തെങ്കിലും പറയേണ്ടതായിട്ടുണ്ടെങ്കിൽ അദ്ദേഹം മറുപടി പറയും.

ശ്രീമതി ജമീലാ പ്രകാശം: സർ, 40 വർഷങ്ങളായിട്ടുള്ള വളരെ അടുത്തുള്ള പരിചയം, സൗഹൃദം, കുടുംബാംഗം എന്നുള്ള രീതിയിലുള്ള ഇന്നുവരെയുള്ള ആശയവിനിമയം. അങ്ങേക്ക് ഞാൻ എല്ലാ ഭാവുകങ്ങളും നേരുന്നു.

നിർദ്ദിഷ്ട വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണോദ്ഘാടനം ഡിസംബർ 5-ാം തീയതി നടക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. ഇത്തരത്തിൽ ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകി ഈ സഭയുടെ മുൻപാകെ നിൽക്കേണ്ടി വന്നതിൽ നിർദ്ദിഷ്ട പദ്ധതി പ്രദേശത്തെ പ്രതിനിധാനം ചെയ്യുന്ന ഉത്തരവാദപ്പെട്ട നിയമസഭാ സാമാജികയെന്ന നിലയിൽ എനിക്ക് വളരെ ഖേദമുണ്ട്. നമ്മളെല്ലാം ജനിച്ചു വളർന്ന് താമസിച്ചുകൊണ്ടിരിക്കുന്ന ജില്ലയിലാണ് ഈ പദ്ധതി പ്രദേശം ഉൾപ്പെട്ടിരിക്കുന്നത്. നിർദ്ദിഷ്ട വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്തെ നിർമ്മാണ പ്രവർത്തനങ്ങൾ കാരണം ഭൂരഹിതരും ഭവനരഹിതരും തൊഴിൽരഹിതരും ആയിത്തീരുന്നവർക്ക് ആകർഷണീയമായ പാക്കേജ് നൽകുമെന്ന് സഭാനേതാവ് കൂടിയായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവർത്തിച്ച്

പ്രഖ്യാപിച്ചിട്ടുള്ളതാണ്. 30-9-2015-ലെ മലയാള മനോരമ പത്രം മുഖ്യമന്ത്രിയുടെ പത്രസമ്മേളനം ഇപ്രകാരം റിപ്പോർട്ട് ചെയ്യുന്നു. 'പദ്ധതിമൂലം ഏതെങ്കിലും വ്യക്തിക്കോ കുടുംബത്തിനോ ബുദ്ധിമുട്ടുണ്ടാവുകയില്ല. ഉണ്ടായാൽ പൂർണ്ണമായിട്ടുള്ള ഉത്തരവാദിത്വം സർക്കാർ ഏറ്റെടുക്കും. അതിന്റെ നഷ്ടപരിഹാരം നൽകും'. കൊല്ലവർഷം 1191 ചിങ്ങം 1-ാം തീയതി മലയാള പുതുവർഷ പുലരിയിൽ ദിനപത്രങ്ങളിൽ നമ്മൾ വായിച്ചത് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. ബാബുവിന്റെ ലേഖനം വഴിയുള്ള ഒരു കൈനീട്ടത്തെപ്പറ്റിയാണ്. മത്സ്യത്തൊഴിലാളികൾക്ക് ആശങ്ക വേണ്ട. കൂട്ടുത്തരവാദിത്വമുള്ള ക്യാബിനറ്റാണ്. 17-8-2015-ലെ കേരള കൗമുദിയിലെ ആ ലേഖനത്തിന്റെ തലക്കെട്ട് അങ്ങനെയാണ്. ആ ദിനത്തിലാണ് അദാനി കമ്പനിയുമായി കേരള സർക്കാർ കൺസ്ട്രക്ഷൻ കരാർ ഒപ്പുവയ്ക്കൽ ചടങ്ങ് നത്തിയത്. ആ ലേഖനത്തിൽ 325 പേർക്ക് തൊഴിൽ സ്ഥിരമായി നഷ്ടപ്പെടുമെന്നും, 2,000 പേർക്ക് തൊഴിലിൽ ബുദ്ധിമുട്ട് സംഭവിക്കാൻ ഇടയുണ്ടെന്നും ഇവർക്ക് പുനരധിവാസ പാക്കേജ് നടപ്പിലാക്കുമെന്നും പറഞ്ഞിട്ടുണ്ട്. പ്രസ്തുത മത്സ്യ തൊഴിലാളികളെ കണ്ടെത്തുന്നതിനായി തിരുവനന്തപുരം ആർ.ഡി.ഒ.-യുടെ നേതൃത്വത്തിൽ ഒരു 5 അംഗ കമ്മിറ്റിയും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ മറ്റൊരു 5 അംഗ അപ്പീൽ കമ്മിറ്റിയും പ്രവർത്തിക്കുകയാണെന്നും പറഞ്ഞിരുന്നു. ഈ നിയമസഭയുടെ കഴിഞ്ഞ സമ്മേളനത്തിൽ, ഞാൻ ജൂലൈ 20-ാം തീയതി ഇതേ പാക്കേജിനെപ്പറ്റി നടത്തിയ സബ്മിഷന് മറുപടി പറയവെ, ബഹുമാനപ്പെട്ട മന്ത്രി കെ. ബാബു ഇക്കാര്യങ്ങൾ സഭയിൽ പ്രഖ്യാപിക്കുകയും അതോടൊപ്പം പദ്ധതിയുടെ നിർമ്മാണം ആരംഭിക്കുന്ന നവംബർ ഒന്നിനോ അതിന് മുൻപോ തന്നെ പ്രസ്തുത പുനരധിവാസം പൂർത്തീകരിക്കണമെന്നാണ് നേരത്തെ പറഞ്ഞ കമ്മിറ്റികൾക്കുള്ള നിർദ്ദേശം എന്നുംകൂടി പ്രസ്താവിക്കുകയുണ്ടായി. തുടർന്ന് സെപ്റ്റംബർ 18-ാം തീയതി ആർ.ഡി.ഒ. ഹെഡ് ചെയ്യുന്ന Livelihood Impact Appraisal Committee റിപ്പോർട്ട് സമർപ്പിച്ചത് പുറത്ത് വന്നു. ആ റിപ്പോർട്ടിൽ കാണാൻ കഴിഞ്ഞ നിരവധി പാളിച്ചകളേയും തെറ്റുകളേയും പറ്റി 19-ാം തീയതി തന്നെ ഫാക്സ് സന്ദേശംവഴിയും 22-ാം തീയതി നേരിട്ട് കത്ത് മുഖേനയും ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ധരിപ്പിച്ചിട്ടുള്ളതാണ്. ഈ കത്തുകളൊക്കെ ഇവിടെയുണ്ട്. ആർക്കെങ്കിലും പരിശോധിക്കണമെങ്കിൽ മേശപ്പുറത്തുവയ്ക്കാം. അപാകതകളിന്മേൽ അപ്പീൽ സമർപ്പിക്കുവാനും ഹിയറിംഗ് ലഭിക്കുവാനുമായി നീക്കിവച്ചിരുന്ന സമയം തുലോം അപര്യാപ്തമാണെന്ന് ശക്തമായും വ്യക്തമായും ജനങ്ങൾക്കുവേണ്ടി ഞാൻ ചൂണ്ടിക്കാട്ടിയിരുന്നു. തുടർന്ന് നിരവധി പേർ അപ്പീൽ നൽകുകയും ഹിയറിംഗ് തീയതികൾ മാറ്റിവച്ചുകൊണ്ട് വിഴിഞ്ഞം ഇന്റർനാഷണൽ സീ പോർട്ട് കമ്പനിയുടെ (വിസിൽ) അറിയിപ്പുണ്ടാകുകയും ചെയ്തു. പക്ഷേ പ്രസ്തുത പരാതിക്കാരിൽ ഒരാളിനുപോലും ഇന്നലെവരെ ഹിയറിംഗ് നൽകിയതായി അറിവില്ല. മാത്രവുമല്ല, തിരുവനന്തപുരം ആർ.ഡി.ഒ. മേൽപ്പറഞ്ഞ LIAC എന്നു പറയപ്പെടുന്ന കമ്മിറ്റി റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തിയ സെപ്റ്റംബർ 17-ാം തീയതി റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തുന്നു എന്നു പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി

ഒരു പത്രസമ്മേളനം നടത്തുകയുണ്ടായി. അദ്ദേഹം പ്രസ്താവിച്ചത് 18-9-2015-ലെ മലയാള മനോരമ പത്രം ഇപ്രകാരം റിപ്പോർട്ട് ചെയ്യുന്നു. തലക്കെട്ടാണ്, 'വിഴിഞ്ഞം പുനരധിവാസം കീഴ്‌വഴക്കങ്ങൾ മറികടന്ന് പാക്കേജ് ലഭ്യമാക്കുമെന്ന് മുഖ്യമന്ത്രി. പാരിസ്ഥിതിക ആഘാത പഠനറിപ്പോർട്ടിൽ പറയുന്നതിന് ഉപരിയായ സഹായങ്ങൾ സർക്കാർ ചെയ്യും'. മലയാള മനോരമയാണ്. ആർ.ഡി.ഒ. ചെയർമാനായ Livelihood Impact Appraisal Committee-യുടെ റിപ്പോർട്ടിൽ പറഞ്ഞിരുന്നത് ഒരു ചിപ്പിവാരൽ തൊഴിലാളിക്ക് ഒരു വർഷത്തിൽ 180 ദിവസം മാത്രം ചിപ്പി വാരാൻ കഴിയുന്നുവെന്നും ഒരു ദിവസത്തെ വരുമാനം കേവലം 229 രൂപയായി കണക്കിലെടുത്താൽ മതിയെന്നും അങ്ങനെ 3 വർഷത്തെ വരുമാനം നഷ്ടപരിഹാരമായി കൊടുത്താൽ മതിയെന്നുമാണ്. ഈ റിപ്പോർട്ടിലെ ഈ ഭാഗം കണ്ടയുടനെതന്നെ ഞാനന്ന് മുഖ്യമന്ത്രിക്ക് ഒരു കത്ത് കൊടുത്തുവെന്ന് പറഞ്ഞല്ലോ. ആ കത്തിൽ പറഞ്ഞിട്ടുള്ള വളരെ വിലപിടിപ്പുള്ള സമുദ്രോൽപ്പന്നങ്ങളായ ചിപ്പിയും ലോഞ്ച്സ്റ്ററുമൊക്കെ ബഹുമാനപ്പെട്ട ചെയറും കഴിച്ചുകാണും. ചിപ്പിയും ലോഞ്ച്സ്റ്ററുമൊക്കെ പിടിച്ചു വിൽക്കുന്ന ഈ തൊഴിലാളികൾക്ക് ആളൊന്നിന് ശരാശരി പ്രതിദിനം 1,500 രൂപയെങ്കിലും വരുമാനം കണക്കാക്കണമെന്നും ഒരു വർഷം 9 മാസം അതായത് 270 ദിവസമെങ്കിലും അവർക്ക് ഈ തൊഴിലിൽ ഏർപ്പെടാൻ കഴിയുന്നുണ്ടെന്നും അപ്രകാരം 3 വർഷത്തെ നഷ്ടപരിഹാരം നൽകണമെന്നും ആവശ്യപ്പെട്ടിരുന്നു. മറുപടിയൊന്നും ഇതുവരെ ഒരു സോഴ്സിൽ നിന്നും അറിയാൻ കഴിഞ്ഞിട്ടില്ല. മുല്ലൂർ തീരപ്രദേശത്തെ ഒറ്റ കുടുംബശ്രീ യൂണിറ്റിനേയോ ചിപ്പി, മത്സ്യകച്ചവടം നടത്തുന്ന ഒരു വ്യക്തിയേയോ ആർ.ഡി.ഒ. തയ്യാറാക്കിയ നഷ്ടപരിഹാര പാക്കേജിൽ ഗുണഭോക്താവായി ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല, തൊട്ടടുത്ത പദ്ധതി ബാധിത പ്രദേശങ്ങളായ ചൊവ്വര, ചപ്പാത്ത്, പുളിങ്കുടി, തെക്കേകോണം, അടിമലത്തുറ, അമ്പലത്തുമൂല തുടങ്ങിയ സ്ഥലങ്ങളിലെ കുടുംബശ്രീ യൂണിറ്റുകളിലെ അംഗങ്ങൾ, തട്ടുപടി തൊഴിലാളികൾ എന്നിങ്ങനെ ലിയാക്-ന്റെ റിപ്പോർട്ടിൽ പാടെ വിസ്മരിക്കപ്പെട്ട വിഭാഗങ്ങൾ നിരവധിയാണ്. നിരവധിപേർ അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്ന് കണ്ടപ്പോൾ മുഖ്യമന്ത്രി വീണ്ടും ഒരു പത്രമ്മേളനം നടത്തി, മാതൃഭൂമിയും മലയാള മനോരമയും അത് വിശദമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്, ഉറമുഖത്തിന്റെ കപ്പൽചാൽ ഉൾപ്പെടെ 3 കിലോമീറ്റർ വരുന്ന തീരപ്രദേശത്ത് കടലിനെ ആശ്രയിച്ച് കഴിയുന്നവരെയാണ് പുനരധിവാസ പദ്ധതി ലക്ഷ്യമിടുന്നത്. ഡിഫൈൻ ചെയ്തിരിക്കുകയാണ്, കട്ട മരത്തിലും മറ്റും കടലിൽപ്പോയി കക്ക വാരുന്നവർ, തീരപ്രദേശത്ത് പോയി കമ്പവലയിട്ട് മത്സ്യ ബന്ധനം നടത്തുന്നവർ, ചെറുവള്ളങ്ങളിലും കട്ട മരങ്ങളിലും പോയി മത്സ്യ ബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾ തുടങ്ങിയവരെ ഈ പദ്ധതി നേരിട്ട് ബാധിക്കും. ഇവരെ കണ്ടെത്തുന്നതും അർഹമായ നഷ്ടപരിഹാരം, പുനരധിവാസം എന്നിവ നൽകുന്നതും സംബന്ധിച്ച് സബ്കളക്ടർ ചെയർമാനായ കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതിൻമേൽ സമർപ്പിച്ച പരാതികളിൽ കളക്ടർ ചെയർമാനായ അപ്പീൽ കമ്മിറ്റി തീരുമാനം എടുക്കുന്നതോടെ നേരിട്ട്

ബാധിക്കുന്നവരുടെ പുനരധിവാസവും നഷ്ടപരിഹാരവും പരിഗണിക്കപ്പെടും. ഇത് മലയാള മനോരമ 1-10-2015 -ൽ റിപ്പോർട്ട് ചെയ്തതാണ്. അന്നുതൊട്ട് ഒക്ടോബർ, നവംബർ മാസങ്ങളിൽ മുഴുവൻ കളക്ടർ പഠിച്ചുകൊണ്ടിരിക്കുകയാണ്, പഠനം തീർന്നില്ല. ആ പഠനം തീർക്കണ്ടായെന്നുള്ള സ്റ്റാൻഡ് എടുക്കാൻ അദ്ദേഹത്തിന് എവിടെ നിന്നെങ്കിലും ഒരു സമ്മർദ്ദം വന്നോയെന്നറിയില്ല. ഇവിടെ പറഞ്ഞതനുസരിച്ച് ഇന്നലെവരെ ഒരാളെയെങ്കിലും പുനരധിവസിപ്പിക്കാൻ നടപടി എടുത്തിട്ടില്ല. 23-8-2015-ലെ മാതൃഭൂമി പത്രത്തിൽ 'വിഴിഞ്ഞം പദ്ധതി - മത്സ്യത്തൊഴിലാളികളോട് അവഗണനയെന്ന് പരാതി' എന്ന തലക്കെട്ടിലെ റിപ്പോർട്ട് വളരെ സ്തോഭജനകമാണ്, അത് പറയുന്നത് ഇങ്ങനെയാണ്, കടലിൽ നിന്ന് കക്ക, ചിപ്പി, ശംഖ് മുതലായവ ശേഖരിക്കുന്ന പദ്ധതി പ്രദേശമായ മുല്ലൂരിലെ തൊഴിലാളികളോട് അവഗണനയെന്നും തൊഴിലും തൊഴിലിടവും നഷ്ടമാകുന്ന ഇവർക്ക് യാതൊരുവിധത്തിലുള്ള തൊഴിൽ സുരക്ഷയും സർക്കാർ നൽകുന്നില്ലായെന്നും ഈ റിപ്പോർട്ട് വെളിപ്പെടുത്തുന്നു. ചൊവ്വര മുതൽ കരിംപള്ളിക്കര വരെയുള്ള കടലിൽ ഇത്തരത്തിലുള്ള 300-ഓളം തൊഴിലാളികൾ ഉണ്ടെന്നും ആഴിമല ക്ഷേത്രം മുതൽ വിഴിഞ്ഞം മത്സ്യബന്ധന ഹാർബറിന്റെ കിഴക്കേ അറ്റം വരെയുള്ള കടലിനെയാണ് ഇവർ ഉപജീവനത്തിനായി ആശ്രയിക്കുന്നതെന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്. നിലവിൽ 51 പേർക്ക് 10 ലക്ഷം രൂപ മുതൽ 20 ലക്ഷം രൂപ വരെ വിലമതിക്കുന്ന തടങ്ങളുണ്ടെന്നും പദ്ധതി തുടങ്ങുന്നതോടെ കടലിനടിയിലെ ഈ തടങ്ങൾ നശിക്കുകയും അതോടെ അവരുടെ ജീവനോപാധി നഷ്ടമാകുകയും ചെയ്യുമെന്ന് റിപ്പോർട്ടിലുണ്ട്. ഇവരെ ആശ്രയിച്ച് ഉപജീവനം നടത്തുന്ന 300-ഓളം ചെറുകിട കച്ചവടക്കാരുണ്ട്, ഈ ഉൽപ്പന്നങ്ങൾ വീടുകളിൽ കൊണ്ട് വിൽപ്പന നടത്തുന്നവർ. മത്സ്യത്തൊഴിലാളികൾക്ക് പുറമെ മുല്ലൂർ പ്രദേശത്തെ കയർ, കർഷക, നിർമ്മാണത്തൊഴിലാളികളും പദ്ധതി വരുന്നതോടെ തൊഴിൽ നഷ്ടമാകുന്നവരുടെ കൂട്ടത്തിലുണ്ട്. കയർത്തൊഴിലാളികളുടെ തൊണ്ടുകുഴികൾ പദ്ധതി പ്രദേശത്തെ കടലിനോട് ചേർന്നാണ് സ്ഥിതി ചെയ്യുന്നത്, പത്രത്തിൽ വന്ന റിപ്പോർട്ടാണ് ഞാൻ വായിക്കുന്നത്. സംസ്ഥാനത്തിനും രാജ്യത്തിനും ഗുണം വരുന്ന പദ്ധതിയായതുകൊണ്ട് തുറമുഖ വകുപ്പിന് മുല്ലൂർ നിവാസികൾ സമ്മതപത്രം ഒപ്പിട്ടുകൊടുത്തിരുന്നു, എന്നാൽ സർക്കാരിൽനിന്നും അവർക്ക് നീതി ലഭിച്ചില്ല. വിഴിഞ്ഞത്തെ മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷയും പുനരധിവാസവും സർക്കാർ ഉറപ്പു നൽകുമ്പോൾ പദ്ധതി നടപ്പിലാക്കുന്ന മുല്ലൂർ പ്രദേശത്തോട് കാണിക്കുന്ന അവഗണനയിൽ കടുത്ത പ്രതിഷേധത്തിലാണ് നാട്ടുകാർ. മാതൃഭൂമി പത്രം ഇപ്രകാരം റിപ്പോർട്ട് ചെയ്തുകൊണ്ടിരിക്കുമ്പോൾ 30-11-2015 -ൽ സർവ്വശ്രീ വി. ശിവൻകുട്ടി, എം.എ. ബേബി, ബി. സത്യൻ, പി.കെ. ഗുരുദാസൻ എന്നീ എം.എൽ.എ.-മാരുടെ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെ (എ) പിരിവിന് മറുപടിയായി 'വിഴിഞ്ഞം തുറമുഖ പദ്ധതി പ്രദേശത്തെ മത്സ്യത്തൊഴിലാളികളിൽ കടലുമായി ബന്ധപ്പെട്ട് തൊഴിലെടുക്കുന്നവരേയും തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട നഷ്ടപരിഹാര, പുനരധിവാസ പ്രവർത്തനങ്ങളിൽ

അവഗണിച്ചിട്ടില്ല' എന്നാണ് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. ബാബു മറുപടിയായി കൊടുത്തിരിക്കുന്നത്. ഇവരുടെ പുനരധിവാസ തുക ലിയാക് അപ്പീൽ കമ്മിറ്റിയുടെ റിപ്പോർട്ട് പൂർത്തിയാകുന്ന മുറയ്ക്കേ കണക്കാക്കാൻ കഴിയുകയുള്ളൂ എന്നും ആ മറുപടിയിൽ ഉണ്ട്. എന്നാൽ റിപ്പോർട്ട് പൂർത്തിയാകുന്നത് എന്നാണെന്ന് ഒരിടത്തും പറഞ്ഞിട്ടില്ല. ഇത് അനിശ്ചിതത്വവും അവ്യക്തതയുമല്ലെങ്കിൽ പിന്നെ എന്താണ്? 30-11-2015-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളിൽ 186 187 189 എന്നിവ ഞാനും സഹസാമാജികൻമാരായ സർവ്വശ്രീ. മാത്യു. ടി. തോമസ്, ജോസ് തെറ്റയിൽ, സി.കെ. നാണു, വി. ശിവൻകുട്ടി, ബി. സത്യൻ എന്നിവർ വിഴിഞ്ഞം പുനരധിവാസ പാക്കേജിന്റെ വിശദവിവരങ്ങൾ അറിയാൻവേണ്ടി ചോദിച്ചിരിക്കുന്നവയാണ്. എന്നാൽ പ്രതിപക്ഷത്തെ എം.എൽ.എ-മാരായ ഞങ്ങൾക്ക് ആവശ്യപ്പെട്ട വിവരങ്ങൾ ഉത്തരമായി നൽകാതെ സർക്കാർ ഒരു പുകമറയ്ക്കുള്ളിൽ നിന്നുകൊണ്ട് ജനങ്ങളെ വീണ്ടുംവീണ്ടും കബളിപ്പിക്കുകയാണ്. നവംബർ മാസം 25-ാം തീയതി മനോരമ പത്രത്തിൽ വന്ന ഒരു സ്പെഷ്യൽ റിപ്പോർട്ടാണ് "സ്വപ്നത്തിലെ ചിപ്പിക്കുള്ളിൽ ആകുമോ ചിപ്പി വാരൽ". ഈ റിപ്പോർട്ടിൽ പറയുന്നത് ഇത് ചിപ്പി ഉൾപ്പെടെയുള്ള സമാന രീതിയിലുള്ള കടൽ വിഭവങ്ങൾ ശേഖരിച്ച് ഉപജീവനം കഴിക്കുന്നവരും ഇത് ശേഖരിക്കുന്ന അപൂർവ്വ തൊഴിൽ കാഴ്ചയും മുല്ലൂരിൽനിന്ന് ഏറെ താമസിക്കാതെ ഓർമ്മക്കാഴ്ചയായി മാറും. ഇവർക്ക് നഷ്ടപരിഹാര പാക്കേജ് സർക്കാർ പ്രഖ്യാപിക്കുമെന്ന് പറയുന്നുണ്ട്. പക്ഷേ ആ പാക്കേജിനെപ്പറ്റി നമ്മൾ ഒന്നും കേൾക്കുന്നില്ല. നിർദ്ദിഷ്ട പദ്ധതിപ്രദേശത്തുള്ള മത്സ്യത്തൊഴിലാളികളെ കണ്ടെത്താൻ സി.എം.എഫ്.ആർ.ഐ.-യുടെ രജിസ്ട്രേഷനും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗത്വവും മാനദണ്ഡമായി സ്വീകരിക്കണം. അത് സ്വീകരിക്കേണ്ടിയിരുന്നത് സർക്കാർ നിർദ്ദേശിച്ച കമ്മിറ്റിയുടെ ചുമതലയായിരുന്നു. അത് ചെയ്യാതെ തന്നിഷ്ടപ്രകാരം ഗുണഭോക്താക്കളെ കണ്ടെത്താൻ കമ്മിറ്റി ശ്രമിച്ചത് നാട്ടുകാരെ ക്ഷുഭിതരാക്കിയിട്ടുണ്ട്. പദ്ധതി നിർമ്മാണം ആരംഭിക്കുന്ന മുല്ലൂർ തീരത്തെ യഥാർത്ഥ ചിപ്പിവാരൽ തൊഴിലാളികളെ കണ്ടെത്തി ബഹുമാനപ്പെട്ട മന്ത്രി കെ. ബാബുവിന്റെ ഓഫീസിലെ യോഗത്തിൽ എത്തിക്കുവാൻ 12-ാം തീയതി ഒരു യോഗം വിളിച്ചിരുന്നു. വിളിക്കുന്ന ഒരു യോഗത്തിലും അവിടുത്തെ ജനപ്രതിനിധിയായിട്ടുള്ള എന്നെ വിളിച്ചിട്ടില്ല. ഓരോതവണയും എന്നെ വിളിക്കാതെ യോഗം നടത്തുമ്പോൾ അടുത്തതവണയെങ്കിലും എന്നെ ഇതിലൊക്കെ പങ്കെടു പ്പിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ മുഖ്യമന്ത്രിക്കും വകുപ്പ് മന്ത്രിക്കുമൊക്കെ പലതവണ കത്തുകൾ കൊടുത്തിട്ടുണ്ട്. ഈ സഭയിൽത്തന്നെ വിസിലിന്റെ ഡയറക്ടർ ബോർഡിൽ ജനപ്രതിനിധിയായ നിയമസഭാംഗം ആയിട്ടുള്ള എന്നെ ഉൾപ്പെടുത്തണമെന്ന് പറഞ്ഞിട്ടുണ്ട്, ഇതെല്ലാം ബധിര കർണ്ണങ്ങളിലാണ് പതിച്ചത് എന്ന് ഞാൻ ഈ സഭയെ അറിയിക്കുകയാണ്. 12 -ാം തീയതി ബഹുമാനപ്പെട്ട മന്ത്രി കെ. ബാബുവിന്റെ ഓഫീസിൽ ഒരു യോഗം വിളിച്ചു. നോട്ടീസൊന്നും കൊടുത്തിട്ടില്ല, ഒരാളിനെ വിട്ട് ചില ആളുകളെ, അത് ഏത് മാനദണ്ഡമനുസരിച്ച് വിളിച്ചു എന്നു ചോദിച്ചാൽ ഒരു മാനദണ്ഡവും അതിന് പറയാനില്ല.

സി.എം.എഫ്.ആർ.ഐ.-ൽ രജിസ്ട്രേഷൻ ഉള്ളവരാണോ? മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്ട്രേഷൻ ഉള്ളവരാണോ? എന്നൊക്കെ ചോദിച്ചാൽ ഉദ്യോഗസ്ഥർക്ക് ഒന്നും പറയാൻ കഴിയില്ല. എന്നിട്ട് അതിന് വിളിക്കാൻ പോയ വിസിൽ കമ്പനിയുടെ ഉദ്യോഗസ്ഥനോടൊപ്പം ആ വാഹനത്തിൽത്തന്നെ ഒരു അഭിനവ ബി.ജെ.പി.ക്കാരൻ വന്നിറങ്ങുന്നതും പദ്ധതിപ്രദേശത്ത് അയാളോടൊപ്പം നടക്കുന്നതും പിന്നീട് തിരിച്ചു പോകുന്നതും മുല്ലൂരിലെ നാട്ടുകാർക്ക് പലതവണ കാണുവാൻ കഴിഞ്ഞ ഒരു വിശേഷ കെട്ടുകാഴ്ചയായിരുന്നു. പൂർണ്ണമായും സംസ്ഥാന ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള വിസിൽ കമ്പനിയുടെ ഉദ്യോഗവൃന്ദം ഇപ്പോൾ കുറേനാളുകളായി രാജാവിനേക്കാൾ കൂടുതൽ രാജഭക്തി കാണിച്ചുകൊണ്ട് ബി.ജെ.പി. പ്രാദേശിക നേതാക്കളുടെ പാദസേവകരായി മാറിയിരിക്കുകയാണെന്ന് പറയാൻ എനിക്ക് ഖേദമുണ്ട്, പറയാതിരിക്കാൻ നിവൃത്തിയില്ല. മുല്ലൂരിലെ യു.ഡി.എഫ്.-ലെ കോർപ്പറേഷൻ കൗൺസിലർ അടക്കമുള്ളവർ ഈ ബി.ജെ.പി.-ക്കാരുടെ 'ബി' ടീം ആയി പ്രവർത്തിക്കേണ്ട ഗതികേടിൽ എത്തിയിട്ടുണ്ട്. എനിക്ക് ബഹുമാനപ്പെട്ട സ്പീക്കറോടാണ് ഒരു കാര്യം പറയാനുള്ളത്. അങ്ങ് ജനിച്ച് പഠിച്ചു വളർന്ന നാട്ടിൽ ഭരണാധികാരികളുടെ ഭാഗത്തു നിന്നും യാതൊരു തത്വദീക്ഷയുമില്ലാതെ, മാനുഷിക പരിഗണനയും കൂടാതെ അധഃസ്ഥിതരും ദളിതരും നമ്മെയൊക്കെപ്പോലെ പിന്നോക്ക വിഭാഗക്കാരും മതന്യൂനപക്ഷക്കാരുമായ ആയിരക്കണക്കിന് ജനങ്ങൾ ഇപ്രകാരം പാർശ്വവൽക്കരിക്കപ്പെടുമ്പോൾ, അവർ ഉയർത്തുന്ന നിലവിളിയും അവരുടെ പ്രതിഷേധവും എന്നേക്കാൾ കൂടുതൽ തിരിച്ചറിയുന്നത് മണ്ണിന്റെ മകനായിട്ടുള്ള അങ്ങ് തന്നെയായിരിക്കും. അതിനാൽ ഈ വിഷയത്തിൽ അങ്ങയുടെ ഒരു പ്രത്യേക പരാമർശം ഉണ്ടാകണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. നിർദ്ദിഷ്ട വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ നിർമ്മാണോത്ഘാടനം 2015 ഡിസംബർ 5-ാം തീയതി നടക്കുമെന്ന് പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ തുറമുഖ പദ്ധതിയുടെ നിർമ്മാണം കാരണം ഭവനരഹിതരും ഭൂരഹിതരും തൊഴിൽ രഹിതരുമായി മാറുന്ന തദ്ദേശ വാസികൾക്കും തൊഴിലാളികൾക്കും നൽകുന്ന നഷ്ടപരിഹാരത്തെക്കുറിച്ച്, അവർ അർഹിക്കുന്ന പുനരധിവാസ പാക്കേജിനെക്കുറിച്ച് തികഞ്ഞ അവ്യക്തതയും അനിശ്ചിതത്വവും നിലനിൽക്കുന്നത് കാരണം തദ്ദേശവാസികളിൽ പൊതുവിൽ ഉയർന്നുവന്നിട്ടുള്ള പ്രതിഷേധവും രോഷവും അതു മുഖാന്തിരം ഉളവായിട്ടുള്ള ഗുരുതരമായിട്ടുള്ള ഈ സാഹചര്യം സഭ നിർത്തിവച്ചുകൊണ്ട് അടിയന്തിരമായി ചർച്ച ചെയ്യണമെന്ന് ജനപ്രതിനിധിയായ ഞാൻ ആവശ്യപ്പെടുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, ബഹുമാനപ്പെട്ട അംഗം 23-7-2015-ൽ വിഴിഞ്ഞം തുറമുഖ പാക്കേജിനെ സംബന്ധിച്ച് ഒരു സബ്മിഷൻ അവതരിപ്പിച്ചിരുന്നു. ആ സബ്മിഷന് മറുപടിയായി..... (ബഹളം)........

(അടിയന്തരപ്രമേയത്തിന് ബഹു. മുഖ്യമന്ത്രി മറുപടി പറയണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം പ്രതിപക്ഷനിരയുടെ മുന്നിൽവന്നുനിന്ന് ബാനറുകൾ ഉയർത്തിപ്പിടിച്ചുകൊണ്ട് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ : ബഹുമാനപ്പെട്ട മിനിസ്റ്ററെ മറുപടി പറയാൻ അനുവദിക്കണം. പ്ലീസ്..... പ്ലീസ്..... അടിയന്തരപ്രമേയം അവതരിപ്പിച്ചാൽ വകുപ്പുമന്ത്രിക്ക് മറുപടി പറയണം. അതിനുശേഷം കൂടുതലായി എന്തെങ്കിലും പറയാനുണ്ടെങ്കിൽ അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയും. പ്ലീസ്......... പ്ലീസ്......, ആര് മറുപടി പറയണമെന്ന് ചെയറിന് പറയാൻ കഴിയില്ല. വകുപ്പുമന്ത്രി ആദ്യം മറുപടി പറഞ്ഞ ശേഷം മുഖ്യമന്ത്രിക്ക് പറയാനുണ്ടെങ്കിൽ മുഖ്യമന്ത്രി പറയും. പ്ലീസ്......., അദ്ദേഹം വകുപ്പുമന്ത്രിയല്ലേ, നിങ്ങൾ ദയവായി സഹകരിക്കണം......പ്ലീസ്.......(ബഹളം)..... അദ്ദേഹം മറുപടി പറയട്ടെ. ബഹുമാനപ്പെട്ട അംഗങ്ങൾ ദയവായി അവരവരുടെ സീറ്റുകളിലേക്ക് പോകണം.(.....ബഹളം......) മുഖ്യമന്ത്രിയും മറുപടി പറയും. പ്ലീസ്......, ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ചുരുക്കത്തിൽ മറുപടി പറഞ്ഞശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയും. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയണം.

ശ്രീ. കെ. ബാബു : സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ പദ്ധതിക്കുവേണ്ടി സ്ഥലം ഏറ്റെടുത്ത ആളുകൾക്ക് യാതൊരു പരാതിയും ഇതുവരെ ഇല്ല. സ്ഥലം ഏറ്റെടുത്ത ആളുകൾക്കെല്ലാം ന്യായമായ വില നൽകിയിട്ടുണ്ട്. വീടും സ്ഥലവും നഷ്ടപ്പെട്ടവരുടെ കാര്യം ചൂണ്ടിക്കാണിച്ചു. അവിടെ വീട് നഷ്ടപ്പെട്ട 67 കുടുംബങ്ങളാണുള്ളത്. ആ 67 കുടുംബങ്ങൾക്കും പുനരധിവാസം നൽകിയിട്ടുണ്ട്. വീട് നഷ്ടപ്പെട്ട ഒരാൾക്കുപോലും ഇതുവരെ ഒരു പരാതിയും ഉണ്ടായിട്ടില്ല. അതുപോലെതന്നെ ആറ് മാസക്കാലത്തെ വാടക 67 കുടുംബങ്ങൾക്കും നൽകിയിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ, പരിസ്ഥിതി പഠന റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചത് 500 പേരെ നേരിട്ടും 2000 പേരെ പരോക്ഷമായും ബാധിക്കുമെന്നാണ്. എന്നാൽ വിഴിഞ്ഞം പ്രദേശത്ത് ഇപ്പോഴുള്ള പ്രത്യേകത അപ്പീൽ കമ്മിറ്റിയുടെ മുമ്പിൽ 18,800 പേരുടെ അപേക്ഷയാണ് വന്നിട്ടുള്ളത്. വിഴിഞ്ഞം വില്ലേജിലെ ജനസംഖ്യ 20,714 ആണ്. അപ്പീൽ തന്നിട്ടുള്ള ആളുകൾ 18,800 ആണ്, ഇതാണ് പ്രശ്നം. വിഴിഞ്ഞം വില്ലേജിൽ മൊത്തം 20,714 ജനസംഖ്യയുള്ളപ്പോൾ അപേക്ഷതന്ന ആളുകൾ 18,800 ആണ്. അതുകൊണ്ട് യഥാർത്ഥ ആളുകളെ കണ്ടുപിടിക്കുന്നതിന് ചില പ്രയാസങ്ങളുണ്ടായിട്ടുണ്ട്. അതുകൊണ്ട് അപ്പീൽ കമ്മിറ്റി ഈ കാര്യം വിശദമായി പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. അവരുടെ നഷ്ടപരിഹാരം സംബന്ധിച്ച് വ്യക്തമായ ധാരണയായിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ആ പ്രദേശത്തെ മത്സ്യത്തൊഴിലാളികളിൽ ഒരാളിന്റെ പോലും കണ്ണുനീർ വീഴാതെ ഈ പദ്ധതി നടപ്പിലാക്കണമെന്നാണ് സർക്കാരിന്റെ നിലപാട്. പരിസ്ഥിതി പഠനത്തിന്റെ

ഭാഗമായിട്ടുള്ള പാക്കേജ് 257.12 കോടി രൂപയുടേതായിരുന്നു. ഇതിനുപുറമെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിരന്തരം ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് 475 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. നേരത്തെ പ്രഖ്യാപിച്ച 257 കോടി രൂപയ്ക്ക് പുറമെ 475 കോടി രൂപയുടെ പാക്കേജ് ഇതിനകംതന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതി നേരിട്ട് ബാധിക്കുന്ന കമ്പവല തൊഴിലാളികൾ, ചിപ്പിവല തൊഴിലാളികൾ അവരെയെല്ലാം ഉൾക്കൊണ്ടുകൊണ്ടാണ് ഈ പാക്കേജ് പ്രഖ്യാപിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ ആ പ്രദേശത്തെ ജനങ്ങളുടെ ആശങ്കയല്ല, അവിടെയുള്ള മുഴുവൻ ജനങ്ങളുടെയും ആശങ്കയും ചർച്ചകളിലൂടെ പരിഹരിക്കാൻ ഞങ്ങൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇനിയും പ്രശ്നമുണ്ടെങ്കിൽ തീർച്ചയായും ചർച്ചകളിലൂടെ പരിഹരിക്കും. ഈ കാര്യത്തിൽ ഗവൺമെന്റിന് തുറന്ന മനസ്സാണുള്ളത്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച മറ്റൊരു ആക്ഷേപം വിസിൽ ബോർഡിൽ ബഹുമാനപ്പെട്ട മെമ്പറെ ഉൾപ്പെടുത്തിയിട്ടില്ലായെന്നുള്ളതാണ്. കഴിഞ്ഞ ഗവൺമെന്റും സ്ഥലം എം.എൽ.എ.യെ വിസിൽ ബോർഡിൽ ഉൾപ്പെടുത്തിയിരുന്നില്ല. അതേ കീഴ്‌വഴക്കമാണ് ഞങ്ങളും സ്വീകരിച്ചത്. ഇവിടെ തൊഴിൽ നഷ്ടപ്പെടുന്ന ജനവിഭാഗങ്ങൾക്കുവേണ്ടി വിശദമായ ഒരു പാക്കേജാണ് ഗവൺമെന്റ് പ്രഖ്യാപിച്ചത്. അതിൽ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ ഭാഗമായി പ്രഖ്യാപിച്ച 180 കോടി രൂപയിൽ 96 കോടി രൂപ മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനും 84 കോടി രൂപ മറ്റ് സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനങ്ങൾക്കുമാണ്. അവിടെ ഒരു കുടിവെള്ള പദ്ധതി ഇതിനകം തന്നെ നടപ്പാക്കിക്കഴിഞ്ഞു. മത്സ്യബന്ധന തുറമുഖം, മത്സ്യ സംസ്കരണ പാർക്ക്, ലോജിസ്റ്റിക് ട്രെയിനിംഗ് സെന്റർ, ഖരമാലിന്യ സംസ്കരണം, മുല്ലൂർ സ്കൂളിന്റെ അപ്ഗ്രഡേഷൻ, ആരോഗ്യ രക്ഷാ പ്രവർത്തനങ്ങൾ ഇതെല്ലാം ഈ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതു പോലെ ആ പ്രദേശത്തെ ജനങ്ങൾക്ക് ആശങ്കയില്ലാത്ത വിധത്തിൽ ഈ പദ്ധതി തീർച്ചയായിട്ടും നടപ്പാക്കും. കേരളത്തിലെ ജനങ്ങൾ ആറ്റുനോറ്റിരുന്ന ഒരു പദ്ധതിയാണിത്. ആ പദ്ധതി അട്ടിമറിക്കാനുള്ള ശ്രമം ഒരു ഭാഗത്തുനിന്നും ഉണ്ടാകരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ പദ്ധതിയുടെ കരാർ ഒപ്പിട്ട സമയത്ത് 6000 കോടി രൂപയുടെ അഴിമതിയാണ് ഇവർ ഉന്നയിച്ചത്. ഇപ്പോൾ ആ ആരോപണങ്ങളെല്ലാം എവിടെപ്പോയി? ഈ പദ്ധതി ഈ ഗവൺമെന്റ് നടപ്പാക്കാൻ ആരംഭിച്ച സമയംമുതൽ ഇത് അട്ടിമറിക്കാൻവേണ്ടി നടത്തുന്ന പരിശ്രമത്തിന്റെ ഭാഗം മാത്രമാണ് ഈ ആശങ്ക എന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. കേരളത്തിലെ, പ്രത്യേകിച്ച് തിരുവനന്തപുരത്തെ ജനങ്ങൾ ആറ്റുനോറ്റിരുന്ന ഒരു പദ്ധതിയാണ് 5-ാം തീയതി ശിലാസ്ഥാപന കർമ്മം നിർവ്വഹിക്കാൻ പോകുന്നത്. അതിൽ നിങ്ങളെല്ലാവരും സഹകരിക്കണം. പ്രശ്നങ്ങളുണ്ടെങ്കിൽ അത് ചർച്ചയിലൂടെ പരിഹരിക്കാൻ ഗവൺമെന്റിന് തുറന്ന മനസ്സാണുള്ളത്. ഈ ആശങ്കയ്ക്ക് യാതൊരു അടിസ്ഥാനവുമില്ല. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ : പ്ലീസ്......, പ്ലീസ്...., എല്ലാ അംഗങ്ങളും ദയവായി അവരവരുടെ സീറ്റിൽ ഇരിക്കണം.

ശ്രീമതി ജമീലാ പ്രകാശം : ബഹുമാനപ്പെട്ട സ്പീക്കർ, ഞാൻ പറഞ്ഞ കാര്യങ്ങളിൽ അങ്ങേയ്ക്ക് എന്തെങ്കിലും അഭിപ്രായമുണ്ടോ?

മി. സ്പീക്കർ : ശ്രീമതി ജമീലാ പ്രകാശം, സാധാരണ അടിയന്തരപ്രമേയ സമയത്ത് ചോദ്യം അനുവദിക്കുന്നതല്ല, എന്നാലും സ്ഥലം എം.എൽ.എ. എന്ന പരിഗണന വച്ച് ശ്രീമതി ജമീലാ പ്രകാശത്തിനെ ഒരു ചോദ്യം ചോദിക്കാൻ അനുവദിക്കുന്നു.

ശ്രീമതി ജമീലാ പ്രകാശം : സർ, മുഖ്യമന്ത്രിക്ക് പറയാനുള്ളത് കേട്ടതിനുശേഷം ചോദ്യം ചോദിക്കാം. മുഖ്യമന്ത്രി പറഞ്ഞിരിക്കുന്ന പരമ പ്രധാനമായ ഒരുപാട് പ്രഖ്യാപനങ്ങളും പ്രസ്താവനകളും ഞാൻ ഇവിടെ വായിക്കുകയുണ്ടായി. കൂട്ടുത്തരവാദിത്വമുള്ള ഈ മന്ത്രിസഭയെ നയിക്കുന്നത് അദ്ദേഹമാണ്. അദ്ദേഹത്തിന്റെ മറുപടി കേട്ടതിനുശേഷം എനിക്ക് ചോദിക്കുവാനുള്ള ചോദ്യങ്ങൾ ചോദിക്കാം......(ബഹളം)......അദ്ദേഹത്തിന്റെ മറുപടി കേൾക്കണമല്ലോ.

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിലേക്ക് തിരികെപ്പോയി.)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഈ വകുപ്പിന്റെ മന്ത്രി ശ്രീ. കെ. ബാബു വിശദമായ മറുപടി പറഞ്ഞു കഴിഞ്ഞു. അതിൽ കൂടുതലൊന്നും പറയാനില്ല.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും വകുപ്പുമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : സർ, വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം സംബന്ധിച്ച് സർക്കാർ, പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോഡിയുടെ ഉറ്റ തോഴനായ ഗൗതം അദാനിയുമായി ഉണ്ടാക്കിയ അവിഹിത കരാറിനെ സംബന്ധിച്ച് കേരളം ചർച്ച ചെയ്യുന്നതാണ്. പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ എന്ന പദ്ധതിക്ക് ഒരു പുതിയ നിർവ്വചനം ലോകത്തിന്റെ മുമ്പിൽ കാഴ്ചവച്ച മഹാനാണ് നമ്മുടെ മുഖ്യമന്ത്രി. ലോകത്തെവിടെയും പി.പി.പി. പ്രോജക്ട് സിംഹഭാഗവും പ്രൈവറ്റ് മുതലാളിയും ചെറിയ ഒരു ഭാഗം സർക്കാരുമാണ് നടത്തിയത്. എന്നാൽ ഇവിടെ ചെറിയൊരു ഭാഗം അദാനിയും വലിയ ഭാഗം കേരള സർക്കാരുമാണ് നടത്തുന്നത്. കേരളത്തിന്റെ സ്വപ്ന പദ്ധതി അദാനിക്ക് തീറെഴുതി കൊടുത്ത അധമ കൂട്ടുകെട്ടാണ് ശ്രീ. കെ. ബാബുവും അദാനിയും മുഖ്യമന്ത്രിയും കൂടി നടത്തിക്കൊണ്ടിരിക്കുന്നത്. 'ദാ, ഇപ്പോൾ ഈ വണ്ടി പോകും, ഇത് അവസാന ബസാണ്, ഓടി കയറിക്കോ' എന്ന് ബഹളം വച്ച് നാട്ടുകാരെ ഭയപ്പെടുത്തി കൊള്ള

നടത്തിയിരിക്കുകയാണ് ശ്രീ. ഉമ്മൻ ചാണ്ടി. ഇവിടുത്തെ മത്സ്യത്തൊഴിലാളികളെയോ, കക്ക വാരുന്ന ജീവനക്കാരേയോ, ഇവിടുത്തെ താമസക്കാരേയോ പുനരധിവസി പ്പിക്കുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിക്കാതെ ഈ മാസം അഞ്ചാം തീയതി തറപൊട്ടിക്കൽ പ്രഹസനം നടത്തുകയാണ്. ഇത് വെറും താഴ്ന്നതരം രാഷ്ട്രീയ തട്ടിപ്പാണ്. വരാൻ പോകുന്ന നിയമസഭാ തെരഞ്ഞെടുപ്പിനെ ഉന്നംവച്ച് കാട്ടിക്കൂട്ടുന്ന വിക്രിയകൾ മാത്രമാണ്. മുങ്ങിത്താഴുന്നവർ കച്ചി തുരുമ്പിനെയും കയറിപ്പിടിക്കും എന്നു പറയുന്നതുപോലെ മുങ്ങിത്താഴുന്ന യു.ഡി.എഫ്. കയറിപ്പിടിച്ചിരിക്കുന്ന കച്ചിത്തുരുമ്പാണ് വിഴിഞ്ഞം പദ്ധതി. ഈ പദ്ധതി നടത്തുന്നതിനുവേണ്ടി യാതൊരു മുന്നൊരുക്കവും ഈ സർക്കാർ ചെയ്തിട്ടില്ല. എൽ.ഡി.എഫ്. സർക്കാർ ഏറ്റെടുത്ത സ്ഥലമല്ലാതെ ഒരിഞ്ച് സ്ഥലംപോലും ഏറ്റെടുത്തിട്ടില്ല. തറ പൊട്ടിക്കൽ മാമാങ്കം നടക്കുന്ന സ്ഥലത്തെ 'കോക്കനട്ട് ബേ' എന്ന റിസോർട്ടുപോലും ഒഴിപ്പിച്ചിട്ടില്ല. അത് എങ്ങനെ ഒഴിപ്പിക്കും? അത് നമ്മുടെ സ്വന്തക്കാരനാണല്ലോ? തുറമുഖത്തുനിന്നും നാഷണൽ ഹൈവേയിലേക്കുള്ള റോഡിനാവശ്യമായ സ്ഥലംപോലും പൂർണ്ണമായി ഏറ്റെടുത്തിട്ടില്ല. നാഷണൽ ഹൈവേയിൽനിന്ന് തുറമുഖത്തേയ്ക്ക് പോകുന്ന വഴിപോലും ഉണ്ടാകാതെ എന്ത് ബ്രേക്കിംഗാണ് ഇവിടെ നടത്താൻ പോകുന്നത് എന്നുള്ളതാണ് ജനങ്ങളുടെ ആശങ്ക. 'വികസനവും കരുതലും' ആണല്ലോ നിങ്ങളുടെ മുദ്രാവാക്യം. കരുതൽ ഭംഗിയായി നടക്കുന്നുണ്ട്. ശ്രീ. കെ. എം. മാണിയുടെ കരുതൽ, ശ്രീ. കെ. ബാബുവിന്റെ കരുതൽ, ശ്രീ. ഉമ്മൻ ചാണ്ടിയുടെ കരുതൽ, ശ്രീ.അബ്ദു റബ്ബിന്റെ കരുതൽ, ശ്രീ. രമേശ് ചെന്നിത്തലയുടെ കരുതൽ എന്നിങ്ങനെ ഓരോ മന്ത്രിമാരുടെയും കരുതൽ അവരെ കോടീശ്വരന്മാരാക്കിയിട്ടുണ്ട്. അത് ജനങ്ങൾക്ക് നന്നായി അറിയാവുന്ന കാര്യമാണ്. വികസനത്തിന്റെ കാര്യത്തിൽ കൊച്ചി മെട്രോ പാതിവഴിയിൽ കിടന്ന് ഇഴയുന്നു. നിർമ്മാണ പ്രവർത്തനത്തിൽ അഗ്രഗണ്യനായ ശ്രീ. ഇ. ശ്രീധരൻ എറണാകുളത്തുനിന്ന് മൂക്കുകൊണ്ട് 'ഷ, റ' എഴുതുന്നു. കോഴിക്കോടും തിരുവനന്തപുരത്തും ആദ്യം മോണോ റെയിലും പിന്നീട് മെട്രോ റെയിലും വരുമെന്ന് പറഞ്ഞിട്ട് അവസാനം ഒന്നുമില്ല എന്നുള്ള സ്ഥിതിയിൽ എത്തിനിൽക്കുന്നു. കണ്ണൂർ വിമാനത്താവളത്തിന്റെ നിർമ്മാണകാര്യം പറയേണ്ടതില്ലല്ലോ? റൺവേയുടെ നീളം കുറച്ച് ഒരു കാലത്തും പുരോഗതി സാധ്യത ഇല്ലാത്തവിധം നിങ്ങൾ നശിപ്പിച്ചു. വിമാനത്താവളത്തിനുവേണ്ടി ഏറ്റെടുത്ത സ്ഥലത്തെ 1,50,000 മരങ്ങൾ എവിടെ പോയി? ആവിയായിപ്പോയി. തറ നിരപ്പാക്കുന്നതിന്റെ പേരുപറഞ്ഞ് വെട്ടുകല്ല് വെട്ടിവിറ്റ് കോടികൾ നേടിയ വിദ്വാന്മാർ ഈ മന്ത്രിസഭയിൽത്തന്നെയുണ്ട്. ഇതാണ് വികസനം. ഇതിന്റെകൂടെവേണം വിഴിഞ്ഞം പദ്ധതിയെന്ന വികസനവും കാണേണ്ടത്. വല്ലാർപാടം കണ്ടെയ്നർ ടെർമിനൽ നഷ്ടത്തിൽനിന്ന് നഷ്ടത്തിലേക്ക് കൂപ്പു കുത്തിക്കൊണ്ടിരിക്കുന്നു. ഇതിന്റെ ഫലമായി ലാഭത്തിൽ പ്രവർത്തിച്ചിരുന്ന കൊച്ചി പോർട്ടും അതിലെ തൊഴിലാളികളും അനാഥരായി. ഇതൊക്കെയാണ് യു.ഡി.എഫ്. സർക്കാരിന്റെ വികസന പദ്ധതികളുടെ വിശദാംശങ്ങൾ. വിഴിഞ്ഞം തുറമുഖം അഞ്ചാം തീയതി ഉദ്ഘാടനം ചെയ്യുമെന്ന് സർക്കാർ പറയുന്നില്ല. പകരം പറയുന്നത് ഗ്രൗണ്ട് ബ്രേക്കിംഗ് എന്നാണ്. ഇത് എന്ത് ബ്രേക്കിംഗ് ആണ്? ഇപ്രകാരം ബ്രേക്കിംഗ് നടത്തുമ്പോൾ നാട്ടുകാരായ മത്സ്യത്തൊഴിലാളികളുടെയും കക്ക വാരി ഉപജീവനം നടത്തുന്ന സാധാരണക്കാരുടെയും ഹൃദയമാണ് ബ്രേക്ക് ചെയ്യുന്നത്. കുടിയൊഴിപ്പിക്കപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. വേണ്ടപ്പെട്ടവർക്ക് നല്ല തുക നൽകുകയും അല്ലാത്തവർക്ക് എന്തെങ്കിലും കൊടുത്ത് ഒഴിവാക്കുകയും

ചെയ്യുന്ന നടപടിയാണ് സർക്കാർ എടുത്തുകൊണ്ടിരിക്കുന്നത്. കക്കവാരി ഉപജീവനം നടത്തുന്നവർക്ക് പാക്കേജ് വേണമെന്ന് ആവശ്യപ്പെട്ടപ്പോൾ അത്തരം തൊഴിലാളികളെ തിരിച്ചറിയാൻ മാർഗ്ഗമില്ലെന്നാണ് സർക്കാരിന്റെ വാദം. സ്വന്തക്കാരായ ആളുകളെ ലോക്കൽ കോൺഗ്രസ് നേതാക്കൾ കണ്ടുപിടിച്ച് കൊടുക്കുക എന്നതാണ് തുറമുഖ വകുപ്പുമന്ത്രി എടുത്തിരിക്കുന്ന സമീപനം. അതുവഴിയും ഒരു വോട്ടുപിടിത്തം. കേരളത്തെയും വിശേഷിച്ച് തിരുവനന്തപുരത്തെയും ദോഷകരമായി ബാധിക്കുന്ന ഈ പദ്ധതി അദാനിക്കല്ലാതെ ആർക്കുംതന്നെ പ്രയോജനം ചെയ്യില്ലായെന്ന് എല്ലാവർക്കും മനസ്സിലായിട്ടുള്ള കാര്യമാണ്. അത് മനസ്സിലാക്കിയതുകൊണ്ടാണ് തിരുവനന്തപുരത്തിന്റെ ഒരുത്സവമായി മാറേണ്ട ഈ പദ്ധതിയുടെ ഉദ്ഘാടനം പോലും വെറും തറ ബ്രേക്കിംഗായി അവസാനിച്ചത്. ഈ കരാറിന്റെ വ്യവസ്ഥകൾ ആകെത്തന്നെ പരിശോധിക്കപ്പെടേണ്ടതുണ്ട്. ഇതിനുവേണ്ടി ചരടുവലിച്ച് കോടികൾ സമ്പാദിച്ചവരെയും താമസിയാതെ പുറത്തു കൊണ്ടുവരാനുള്ള ശ്രമം ഇടതുപക്ഷം ആരംഭിക്കുമെന്ന് നിങ്ങളെ ഓർമ്മിപ്പിക്കാൻ ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്. വിഴിഞ്ഞം പദ്ധതി കേരളത്തിന്റെ ആവശ്യമാണ്. അത് കേരള ജനതയ്ക്കാകെ പ്രയോജനകരമായി നടത്താനുള്ള ചുമതല സർക്കാരിനാണ്. ഇടതുപക്ഷം ഈ പദ്ധതി നടപ്പിലാക്കുന്നതിന് എല്ലാവിധ പിന്തുണയും പ്രഖ്യാപിച്ചതാണ്.

11.00 AM]

എന്നാൽ അതൊന്നും കണക്കിലെടുക്കാതെ ബി.ജെ.പി.യുടെ കേന്ദ്ര ഭരണത്തെയും പ്രധാനമന്ത്രി നരേന്ദ്ര മോഡിയേയും സന്തോഷിപ്പിക്കാൻ വേണ്ടി കേരളത്തിന്റെ സമ്പത്ത് അടിയറ വയ്ക്കുന്നതിലാണ് ഞങ്ങൾക്ക് എതിർപ്പ്. കേരളത്തിന്റെ സമ്പത്ത് ഒരു മുതലാളിക്ക് അടിയറവ് വയ്ക്കാനുള്ളതല്ല. എൽ.ഡി.എഫ്. സർക്കാർ വിഭാവനം ചെയ്തതുപോലെ ലാന്റ് ലോഡ് വ്യവസ്ഥയിൽ തുറമുഖം നിർമ്മിക്കുന്നതിനെ അട്ടിമറിച്ച് പി.പി.പി. എന്ന ഓമനപ്പേരിട്ട് കേരളത്തിന്റെ സമ്പത്ത് മറിച്ചുവിറ്റ ദ്രോഹമാണ് കേരള ജനതയോട് നിങ്ങൾ കാണിച്ചിരിക്കുന്നത്. കാലം നിങ്ങൾക്ക് മാപ്പുതരില്ല. ഇത്രയും പ്രധാനപ്പെട്ട ഒരു വിഷയം നിയമസഭയിൽ ചർച്ച ചെയ്യാൻ വിസമ്മതിച്ച സർക്കാരിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. എസ്. അച്യുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട സ്പീക്കർക്കും എനിക്കും കേരളത്തിനാകെത്തന്നെ അഭിമാനകരമായ ഒരു കാര്യമാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം. അതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് എന്നുള്ളത് വീമ്പിളക്കുന്ന ഭരണകക്ഷിയിലെ മന്ത്രിയും മുഖ്യമന്ത്രിയുമുൾപ്പെടെയുള്ളവർ വിസ്മരിക്കരുത്. ഞങ്ങൾ അതിന്റെ സ്ഥലമെടുപ്പ് ഉൾപ്പെടെയുള്ള പ്രാഥമിക പ്രവർത്തനങ്ങൾ പൂർത്തിയാക്കി. അന്നത്തെ ഗവൺമെന്റിന്റെ കാലാവധി കഴിഞ്ഞതുകൊണ്ട് പൂർത്തിയാക്കാൻ കഴിയാതെ പോയതാണ്..........(ബഹളം).........നിങ്ങൾ അസ്വസ്ഥതയൊന്നും കാണിക്കേണ്ട. പറയുന്നത് ക്ഷമയോടെ കേൾക്കണം. നിങ്ങൾക്ക് നിഷേധിക്കാമല്ലോ. അടിയന്തര പ്രമേയത്തിൽ വാക്കൗട്ട് പ്രസംഗം നടത്തുമ്പോൾ എന്തിനാണ് ശല്യപ്പെടുത്തുന്നത്?

മി. സ്പീക്കർ: അങ്ങ് സംസാരിക്കൂ.

ശ്രീ. സി. ദിവാകരൻ: ..........(ബഹളം)............ ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അങ്ങ് സംസാരിച്ചപ്പോൾ ഞങ്ങൾ ഇവിടെ നിശ്ശബ്ദരായി ഇരുന്നില്ലേ.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ശ്രീ. കെ. ബാബു സംസാരിച്ചപ്പോൾ തടസ്സപ്പെടുത്തിയില്ലേ?

ശ്രീ. സി. ദിവാകരൻ: സർ, ശ്രീ. കെ. ബാബു സംസാരിച്ചത് ഞങ്ങൾക്കറിയാം......(ബഹളം)..........നിങ്ങളുടെ ഓലപ്പാമ്പൊന്നും എന്നോട് വേണ്ട. ശ്രീ. കെ. ബാബുവിനെ സംരക്ഷിക്കേണ്ട സമയത്ത് നിങ്ങളാരും ഇല്ലായിരുന്നല്ലോ. ഇപ്പോഴാണല്ലോ ആവേശം വന്നത്. അതെല്ലാം ഞാൻ കണ്ടുകൊണ്ടിരിക്കുകയായിരുന്നു. അതിനെക്കുറിച്ച് പറയേണ്ട. എന്നെ സംസാരിക്കാൻ അനുവദിക്കൂ.

മി. സ്പീക്കർ: അങ്ങ് സംസാരിക്കണം. പ്ലീസ്......... പ്ലീസ്......... അദ്ദേഹം സംസാരിക്കട്ടെ.......പ്ലീസ്..........

ശ്രീ. സി. ദിവാകരൻ: സർ, വിഴിഞ്ഞം തുറമുഖത്തിനും വികസന പ്രവർത്തനങ്ങൾക്കും ഞങ്ങളാരും എതിരല്ല. പക്ഷേ ഇതിന്റെ ഫലമായി വഴിയാധാരമാകുന്ന, അനാഥരാകുന്ന ആയിരക്കണക്കിന് ആളുകളുടെ പ്രശ്നമാണ് ഞങ്ങൾ ഉന്നയിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, സഭയിൽ അല്ലാതെ പ്രതിപക്ഷം എവിടെ ഇക്കാര്യങ്ങൾ ഉന്നയിക്കും ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇതുസംബന്ധിച്ച് ശ്രീ. കെ. ബാബു വ്യക്തമായ മറുപടി പറഞ്ഞു. വിഴിഞ്ഞം പദ്ധതിയുടെ പേരിൽ ഒരാൾക്കുപോലും ഒരു ബുദ്ധിമുട്ടും ഉണ്ടാകില്ലെന്ന് വ്യക്തമായ ഉറപ്പുകൊടുക്കുകയും അതനുസരിച്ച് ഗവൺമെന്റ് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്. അതിനെക്കുറിച്ചാണ് ശ്രീ. കെ. ബാബു ഇവിടെ പറഞ്ഞത്. നിങ്ങൾക്ക് അത് കേൾക്കാൻ താൽപ്പര്യമില്ല. നിങ്ങൾ സഭാസമ്മേളനത്തിന്റെ ഒന്നാം ദിവസം അടിയന്തരപ്രമേയമായും ഇന്നലെ സബ്മിഷനായും ഇന്ന് വേറൊരു രൂപത്തിലും ഈ വിഷയം ഇവിടെ അവതരിപ്പിക്കാൻവേണ്ടിയുള്ള ശ്രമം നടത്തിയതാണ്. അല്ലാതെ ഇതിന്റെ മറുപടി കേൾക്കാനല്ല നിങ്ങൾക്ക് താൽപ്പര്യം. മറുപടി കേൾക്കാനായിരുന്നുവെങ്കിൽ ...........(ബഹളം).........നിങ്ങൾ പറയുന്ന ഏത് നിർദ്ദേശവും അംഗീകരിക്കാൻ ഗവൺമെന്റ് തയ്യാറാണ്.

ശ്രീമതി ജമീലാ പ്രകാശം: ..........(മൈക്ക് ഓഫ്)............

മി. സ്പീക്കർ: ബഹുമാന്യയായ ജമീലാ പ്രകാശം, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കട്ടെ.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇതുസംബന്ധിച്ച് ജി.ഒ. ഇറക്കിയിട്ടുണ്ട്. ഈ ജി.ഒ.-യുടെ കോപ്പി പരിശോധിച്ചശേഷം നിങ്ങൾക്ക് എന്തെങ്കിലും പറയാനുണ്ടെങ്കിൽ പറഞ്ഞോളൂ. ഈ പദ്ധതി കേരളത്തിന്റെ സ്വപ്ന പദ്ധതിയാണ്. അതുകൊണ്ട് ഒരാൾക്കുപോലും ബുദ്ധിമുട്ട് വരാൻ പാടില്ല. അക്കാര്യത്തിൽ ഗവൺമെന്റിന് നിർബന്ധമുണ്ട്. പക്ഷേ ഇവിടെ ആക്ഷേപങ്ങൾ പറഞ്ഞ് ഇതിൽനിന്നും ഈ ഗവൺമെന്റിനെ പിന്തിരിപ്പിക്കാനാണ് നിങ്ങൾ ആഗ്രഹിക്കുന്നതെങ്കിൽ ഇതിൽ നിന്നും പിറകോട്ടുപോകുന്ന പ്രശ്നമില്ല. 6000 കോടി രൂപയുടെ അഴിമതിയാണ് നിങ്ങൾ പറഞ്ഞത്. ഇന്നിപ്പോൾ അതിനെക്കുറിച്ച് പറയാത്തതെന്താണ്?

ശ്രീമതി ജമീലാ പ്രകാശം: .............(മൈക്ക് ഓഫ്)................

മി. സ്പീക്കർ: ശ്രീമതി ജമീലാ പ്രകാശം, ചെയർ പറയുന്നത് കേൾക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ മറുപടി കേൾക്കാൻ ജമീലാ പ്രകാശം തയ്യാറാകാത്തത് മോശമായിപ്പോയി.

ശ്രീ. മാത്യു ടി. തോമസ്: സർ, മുഖ്യമന്ത്രി മറുപടി പറയേണ്ട സമയത്ത് പറഞ്ഞില്ല. വാക്കൗട്ട് പ്രസംഗത്തിനിടയ്ക്കല്ല മുഖ്യമന്ത്രി മറുപടി പറയേണ്ടത്. വകുപ്പുമന്ത്രി മറുപടി പറഞ്ഞ സമയത്തായിരുന്നു മുഖ്യമന്ത്രി മറുപടി പറയേണ്ടത്...... (ബഹളം)...........

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയണമെന്നല്ലേ നിങ്ങൾ നിർബന്ധം പിടിച്ചത്. ശ്രീ. സി. ദിവാകരൻ, അങ്ങ് സംസാരിക്കൂ.

ശ്രീ. സി. ദിവാകരൻ: സർ, ഞങ്ങൾ ഉന്നയിച്ച കാര്യം അങ്ങ് ശാന്തമായി കേൾക്കണം. സാറിന് ഞങ്ങളോടിത്ര ശത്രുതാ മനോഭാവം എന്തിനാണ്? നിങ്ങൾ കേരളത്തിന്റെ മുഖ്യമന്ത്രിയല്ലേ; പിറകിലിരിക്കുന്നവർ മറുപടി പറയേണ്ട. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടാണ് പറയുന്നത്. സഭയുടെ നേതാവായ മുഖ്യമന്ത്രിയുടെ പക്ഷത്തുനിന്ന് പ്രതിപക്ഷത്തിന്റെ നേർക്ക് ഇങ്ങനെയൊരു സമീപനം ഉണ്ടാകാമോ; ജനാധിപത്യപരമായി ഇത് ശരിയാണോ? വകുപ്പുമന്ത്രി ഇങ്ങനെ ഒരു സമീപനം സ്വീകരിച്ചാൽ അത് മനസ്സിലാകും. അങ്ങേയ്ക്ക് ഈ സഭ നടത്തിക്കൊണ്ടുപോകണ്ടേ; അങ്ങയുടെ മന്ത്രിസഭയും ഗവൺമെന്റുമല്ലേ; അങ്ങയുടെ ഗവൺമെന്റിൽ നടക്കുന്ന കാര്യങ്ങൾ ചൂണ്ടിക്കാണിക്കാനല്ലേ ഞങ്ങൾ ഇവിടെ വന്നിരിക്കുന്നത്?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, നിങ്ങൾ ഇവിടെ കാണിച്ചത് ജനാധിപത്യ മര്യാദയാണോ; ഒരു വകുപ്പുമന്ത്രി മറുപടി പറയാൻ എഴുന്നേറ്റുനിൽക്കുമ്പോൾ ആദ്യാവസാനംവരെ തടസ്സപ്പെടുത്തുന്നത് എന്ത് ജനാധിപത്യമാണ്; എന്ത് ചർച്ചയാണ്?

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട സ്പീക്കറുടെ അനുവാദമുണ്ടെങ്കിൽ ചർച്ച ചെയ്യാം. എന്തുകൊണ്ടാണ് അങ്ങനെയൊരു നിലപാടെടുത്തത് എന്നുള്ളത് ചർച്ച ചെയ്യാൻ സമയം നൽകുമോ; അത് എന്താണ് എന്നതിനെക്കുറിച്ച് അങ്ങേക്കും അറിയാമല്ലോ. അതാണല്ലോ അങ്ങ് ഇങ്ങനെ വാശിപിടിക്കുന്നത്. വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ ഫലമായി ദുരന്തമനുഭവിക്കേണ്ടിവരുന്ന ആളുകളുടെ ദുരിതങ്ങൾ പറയുമ്പോൾ ക്ഷമയോടുകൂടി കേട്ടുകൊണ്ടിരുന്നശേഷം - 'പുനരധിവസി പ്പിക്കാനുള്ള എല്ലാ ബഡ്ജറ്റും ഉണ്ട്. ഞങ്ങൾ അത് ചെയ്യും' എന്ന് അങ്ങ് പറഞ്ഞാൽ എനിക്കത് മനസ്സിലാകും. പക്ഷേ അതിനെക്കുറിച്ച് പറയാൻ നിങ്ങൾ അനുവദിക്കണ്ടേ; ഞങ്ങൾ അക്കാര്യങ്ങളൊന്നും പറയണ്ടേ? പാവപ്പെട്ട ആളുകളെ കുടിയിറക്കുന്നതിന്റെ ഫലമായി അവർക്ക് ഭൂമി, തൊഴിൽ, വീട് എന്നിവ നഷ്ടപ്പെടുന്നു. 1800 ഏക്കർ സ്ഥലമാണ് കടലിന്റെ പേരിൽ അദാനി ഗ്രൂപ്പ് എടുത്തുകൊണ്ടുപോകുന്നത്. ഇന്നത്തെ 'ദി ഹിന്ദു' ദിനപ്പത്രത്തിൽ വന്നിരിക്കുന്ന വാർത്ത അങ്ങ് വായിച്ചിരിക്കുമല്ലോ.- മന്ത്രിയുടെ പത്ര സമ്മേളനത്തോടുകൂടി, അതിന്റെ തൊട്ടടുത്ത് വന്നിരിക്കുന്ന വാർത്തയാണ്. ഞാൻ വായിക്കാം " Terming it a 'real estate project' the Kerala Sastra Sahitya Parishad said the Vizhinjam.........എന്താണ് കുഴപ്പം, ശാസ്ത്ര സാഹിത്യ പരിഷത്ത് ആർക്കുള്ളതാണ്; ശ്രീ. കെ. ശിവദാസൻ നായർ, പറയുന്നത് കേൾക്കു...... - the Vizhinjam Sea Port project had been envisaged in a manner that it benefited none other than the Gujarat-based Adani Group" . ഇത് 'ദി ഹിന്ദു' ദിനപ്പത്രത്തിലെ റിപ്പോർട്ടാണ്. ഇത് കേരളത്തിലെ ശാസ്ത്രജ്ഞന്മാരുടെ സംഘടന പറയുന്നതാണ്. നിങ്ങൾ ക്ഷമയോട് കേൾക്കണം. അവർ ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ ആളുകളാണ്. നിങ്ങൾ എല്ലാവരുംകൂടി ഇങ്ങനെ അസ്വസ്ഥത കാണിക്കുന്നത് എന്തിനാണ്; നിങ്ങൾ കേട്ടുകൊണ്ടിരിക്കു. നിങ്ങൾക്ക് ഒരു കുഴപ്പവുമില്ലല്ലോ. തോക്കിനകത്ത് കയറി വെടിവയ്ക്കരുത്. ഞാൻ പറഞ്ഞുതീരട്ടെ. ഇതിൽ ഞങ്ങൾക്ക് ഒരാക്ഷേപം കൂടിയുണ്ട്. അവിടെ രണ്ട് സ്പീക്കർ ഉണ്ടോ; ആരാണ് സമയം തീരുമാനിക്കുന്നത്? നിങ്ങൾക്ക് നാണമുണ്ടോ? ഇതിൽ വഴിയാധാരമാകുന്ന ആളുകളെ പുനരധിവസിപ്പിക്കാൻ എന്ത് സ്കീമാണ് നടപ്പിലാക്കാൻ പോകുന്നതെന്ന് കേരളത്തിലെ ജനങ്ങളോട് പറയണം. അതിൽ തുകയുടെ കാര്യം മാത്രം പറഞ്ഞാൽ പോര, ആ പദ്ധതി എന്താണെന്നുള്ളതും പറയണം. അവിടത്തെ ജനപ്രതിനിധികളുമായി കൂടിയാലോചിച്ചശേഷം അവിടെയുള്ള ആളുകളെ എങ്ങനെ പുനരധിവസിപ്പിക്കാം എന്നുള്ളത് സംബന്ധിച്ച് അങ്ങ് തീരുമാനമെടുക്കണം. അങ്ങയോടുള്ള എല്ലാ ബഹുമാനത്തോടുംകൂടി ഞാൻ പറയുകയാണ്, 68 കൊല്ലം കേന്ദ്രത്തിൽ ഭരണം നടത്തിയ കോൺഗ്രസ്സിന് ഇത് ചെയ്യാൻ കഴിയാതെ പോയത് നിങ്ങൾക്ക് രാഷ്ട്രീയ പാപ്പരത്തമുള്ളതുകൊണ്ടാണ്. ബി.ജെ.പി.-യുടെ ഈ പരിപാടി ഇവിടെ നടപ്പിലാക്കാൻവേണ്ടി നിങ്ങൾ ഞങ്ങളെ വെല്ലുവിളിക്കുകയാണ്. നിങ്ങൾക്ക് രാഷ്ട്രീയം വേണം. ഇതിന്റെ ബെനിഫിറ്റ് ജനങ്ങൾക്കെന്നമാത്രമല്ല, ഇതിന്റെ രാഷ്ട്രീയ മൈലേജ് നിങ്ങൾ കൂട്ടുചേർന്ന അവിഹിത ബന്ധത്തിൽ ബി.ജെ.പി. കയ്യടക്കാൻ പോകുകയാണ്. നിങ്ങൾക്ക് ഈ പ്രോജക്ടിനകത്ത് എന്ത്

കാര്യമാണുള്ളത്; എന്ത് മുതൽമുടക്കാണുള്ളത്; എന്ത് അദ്ധ്വാനമാണുള്ളത്; ഏത് വകുപ്പാണ് നിങ്ങൾ കൈകാര്യം ചെയ്യുന്നത്? ഇവിടത്തെ ഒരു പെട്ടിക്കട വകുപ്പായി ആണോ അദാനി വരുന്നത്? അദാനി ആരാണ്; അദാനിയുമായുള്ള ബന്ധമെന്താണ്; അദാനിയും നരേന്ദ്രമോദിയുമായുള്ള ബന്ധമെന്താണ്? ഇതെല്ലാം കുപ്രസിദ്ധമല്ലേ? അദാനി ആരാണെന്ന് അറിയാമല്ലോ? എന്ത് കാര്യമാണ്, എന്ത് വാശിയാണ്? നിങ്ങൾക്ക് കേന്ദ്രഭരണമുണ്ടായിരുന്നപ്പോൾ കേരളത്തിലെ ആളുകൾ ഭിക്ഷാ പാത്രവുമായി നടന്നു. അതെല്ലാം നിങ്ങൾ തള്ളുകയാണുണ്ടായത്. ഇപ്പോൾ വിഴിഞ്ഞം തുറമുഖത്തിനുവേണ്ടി ശ്വാസം പിടിക്കുകയാണ്. ലജ്ജിക്കണം. ഈ രാജ്യത്തെ കുട്ടിച്ചോറാക്കുന്ന, ഈ രാജ്യത്തെ ചോരപ്പുഴയൊഴുക്കുന്ന, ഈ രാജ്യത്തെ ഭരണാധികാരം കയ്യാളിയിട്ട് മതന്യൂനപക്ഷങ്ങളെ വേട്ടയാടുന്ന ബി.ജെ.പി.യുടെ ഒരു പ്രോജക്ടിനുവേണ്ടി ഞങ്ങളെ നിങ്ങൾ ഭർത്സിക്കുകയാണ്, പീഡിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട ഗവൺമെന്റ് പുനരധിവാസ പദ്ധതിയുടെ തുകയുടെ കാര്യം മാത്രമേ പറഞ്ഞിട്ടുള്ളൂ. പുനരധിവാസ പദ്ധതി എന്താണെന്ന് വ്യക്തമാകാത്ത സാഹചര്യത്തിൽ ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. മാത്യൂ. ടി. തോമസ്: സർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടന്ന തെരഞ്ഞെടുപ്പുകളിൽ പരാജയപ്പെട്ടതിന്റെ ജാള്യത മുഴുവൻ ഒരു ഡെപ്യൂട്ടി സ്പീക്കർ സ്ഥാനാർത്ഥി ജയിച്ചതുകൊണ്ട് മാറി എന്നൊരു അഹങ്കാരത്തിലാണ് ഭരണകക്ഷികൾ ഈ വിഷയത്തെ കാണുന്നത്.

വളരെ ഗൗരവമുള്ള വിഷയമാണ് ബഹുമാനപ്പെട്ട ജമീലാ പ്രകാശം ഇവിടെ അടിയന്തരപ്രമേയമായി അവതരിപ്പിച്ചത്. ഈ വിഷയത്തെ എങ്ങനെയാണ് ട്വിസ്റ്റ് ചെയ്യാൻ ശ്രമിക്കുന്നത്? വിഴിഞ്ഞം പദ്ധതി നടപ്പിലാകുമ്പോൾ ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളോടൊപ്പം അവിടത്തെ പുനരധിവാസത്തിന്റെ പ്രശ്നങ്ങളാണ് ഉന്നയിക്കാൻ ശ്രമിക്കുന്നത്. അത് ഉന്നയിച്ചപ്പോൾ പ്രതിപക്ഷനേതാവ് അടക്കം സി.പി.ഐ.(എം.) അംഗങ്ങൾ വാക്കൗട്ട് നടത്തിപോയപ്പോൾ നിങ്ങൾ എത്ര എതിർത്താലും ഞങ്ങൾ ഈ പദ്ധതി നടപ്പിലാക്കുമെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. ഞങ്ങൾ മാനുഷികമായി ഈ വിഷയത്തെ അവതരിപ്പിക്കുമ്പോൾ എൽ.ഡി.എഫ്.-കാരെല്ലാം വികസന വിരോധികളെന്ന് അവതരിപ്പിക്കാൻ ഒരു അവസരമാക്കി ഇതിനെ കാണുകയാണ് മുഖ്യമന്ത്രി ചെയ്തത്. രണ്ടാമത്തെ പ്രശ്നം, എക്സൈസ് വകുപ്പുമന്ത്രിയെ ഞങ്ങൾ ചില കാരണങ്ങളാൽ ഒഴിവാക്കുകയാണ്. എക്സൈസ് വകുപ്പുമന്ത്രിയെ കൊണ്ടുതന്നെ സംസാരിപ്പിക്കാൻ കഴിഞ്ഞത് ഈ സാമ്രാജ്യം പിടിച്ചടക്കിയ അമിത ആവേശത്തിലാണ് ഈ കാര്യങ്ങൾ കാണുന്നത്. ഇവിടത്തെ പ്രശ്നങ്ങൾ എന്താണ്? ഇവിടത്തെ പ്രശ്നങ്ങളിലേക്ക് പോകാൻ കഴിയണ്ടേ? വിഴിഞ്ഞം പദ്ധതി നടപ്പിലാകുമ്പോൾ ഭൂമി നഷ്ടപ്പെടുന്നവരുടേയും വീട് നഷ്ടപ്പെടുന്നവരുടേയും

സ്ഥിരമായും താൽക്കാലികമായും തൊഴിൽ നഷ്ടപ്പെടുന്നവരുടേയും പുനരധിവാസ പാക്കേജ് പ്രഖ്യാപിച്ചത് അപര്യാപ്തമാണെന്നാണ് ഇവിടെ ബഹുമാനപ്പെട്ട എം.എൽ.എ. ഉന്നയിച്ച പ്രശ്നം. ആ പ്രശ്നത്തിന് വ്യക്തമായൊരു മറുപടി എക്സൈസ് വകുപ്പുമന്ത്രി പറഞ്ഞോ? ഇതുസംബന്ധിച്ച് ഒരു ഉത്തരവ് ഉണ്ടെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ആ ഉത്തരവ് പരിശോധിക്കാമെന്ന് പറഞ്ഞു. ആ പുനരധിവാസ പാക്കേജിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച കളക്ടർ ചെയർമാനായ അപ്പീൽ കമ്മിറ്റിയുടെ മുമ്പിൽ ആ പ്രദേശത്തുനിന്നും 18800 അപ്പീൽ വന്നിരിക്കുകയാണ്. ഈ പ്രശ്നത്തിന്റെ രൂക്ഷത വെളിവാക്കുന്നതാണ് ഈ എണ്ണം. അതിനെ സംബന്ധിച്ച് മനസ്സുതുറക്കുന്നതിനുപകരം ഇതിനെ എങ്ങനെ പ്രതിപക്ഷത്തിനെതിരെ ഉപയോഗിക്കാമെന്ന തരത്തിൽ വളരെ വിലകുറഞ്ഞ രീതിയിലാണ് ഭരണപക്ഷം അല്ലെങ്കിൽ ഗവൺമെന്റ് ഈ വിഷയത്തെ നോക്കിക്കാണുന്നത്. അവിടെ മുങ്ങിത്തപ്പി പാറയിടുക്കുകളിൽനിന്ന് ശംഖും മറ്റും ശേഖരിക്കുന്ന മുല്ലൂരിൽ ആർക്കെങ്കിലും പുനരധിവാസ പാക്കേജിന്റെ ഗുണം ലഭിച്ചിട്ടുണ്ടോ? എന്തുകൊണ്ട് ഈ പ്രശ്നങ്ങൾ ഉന്നയിക്കുന്ന എം.എൽ.എ.-യുമായി ചർച്ച ചെയ്യാൻ ഈ ഗവൺമെന്റ് തയ്യാറാകുന്നില്ല ? ആ പ്രദേശത്തുനിന്നും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധി എൽ.ഡി.എഫ്.കാരിയായിപ്പോയി എന്നുള്ളതു കൊണ്ടാണോ ഒഴിവാക്കുന്നത്? അങ്ങനെയാണോ വിഷയങ്ങളെ കാണുന്നത് ? ഒരു വികസന പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന ജനങ്ങളുടെ പ്രശ്നങ്ങൾ ഒരു എം.എൽ.എ. ഉന്നയിക്കുമ്പോൾ, 18800 അപ്പീലുകളിന്മേൽ തീരുമാനമെടുക്കാതെ നിൽക്കുമ്പോൾ, തികച്ചും നിഷേധാത്മകമായ നിലപാട് സ്വീകരിച്ച സർക്കാരിന്റെ ഈ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിലെ അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മാത്യു ടി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീ. തോമസ് ചാണ്ടി</u>: സർ, കേരളത്തിലെ ജനങ്ങൾ വളരെ ആശയോടെയും ആശങ്കയോടെയും കാത്തിരിക്കുന്ന ഒരു വലിയ പദ്ധതിയാണ് വിഴിഞ്ഞം തുറമുഖം. പ്രത്യേകിച്ച്, തെക്കൻ കേരളത്തിന്റെ ഒരു കുതിപ്പിന് ഇത് എത്രയുംവേഗം പൂർത്തിയാക്കണമെന്നുള്ള പ്രാർത്ഥനയാണ് ഞങ്ങൾക്കുള്ളത്. ഇവിടെ ശ്രീമതി ജമീലാ പ്രകാശം ഉന്നയിച്ച കാര്യങ്ങൾ പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ടതല്ല. ഈ പദ്ധതി ഉണ്ടായി കഴിയുമ്പോൾ ഇതിന്റെ കഷ്ടപ്പാടുകൾ അനുഭവിക്കുന്ന ഒരു ജനവിഭാഗത്തെ മുന്നിൽകണ്ടുകൊണ്ടാണ് ആവശ്യപ്പെട്ടത്. അതിന് ഉത്തരം ലഭിക്കണം. അവിടെ 150 ഏക്കർ ഭൂമി നികത്തുന്നുവെന്നുള്ള വാർത്തയാണ് ഇന്നത്തെ പത്രങ്ങളിൽനിന്നും കാണാൻ സാധിച്ചത്. 150 ഏക്കർ ഭൂമിയല്ല 200 ഏക്കർ ഭൂമി നികത്തിയാലും കുറേ പരിസ്ഥിതി പ്രവർത്തകർ വരും. ഈ പ്രവർത്തകരെയെല്ലാം പ്ലെയിനിൽ കയറ്റി ദുബായിലെ പാം ഐലന്റിന്റെ മുകളിൽ

കൊണ്ടുപോയി കാണിച്ചാൽ ഇതൊക്കെ കെട്ടടങ്ങിപ്പോകും. അതുകൊണ്ട് ഇന്നത്തെ അടിയന്തരപ്രമേയം നിർത്തിവച്ച് ചർച്ച ചെയ്യണമെന്നുള്ള പ്രതിപക്ഷത്തിന്റെ ആവശ്യം നിരാകരിച്ച ഗവൺമെന്റിന്റെ നടപടികളിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. തോമസ് ചാണ്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.

സഭ വിട്ടുപുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി.)

## IV ശ്രദ്ധ ക്ഷണിക്കൽ

### 1. സ്കൂൾ കൗൺസിലർമാരെ സ്ഥിരപ്പെടുത്താൻ നടപടി

ഡോ. എൻ. ജയരാജ്: സർ, കൗമാരക്കാരായ കുട്ടികളുടെ ശാരീരികവും മാനസികവും സാമൂഹികവുമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ഐ.സി.ഡി.എസ്. (ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സ്കീം)-ന്റെ അധീനതയിൽ പ്രവർത്തിച്ചുവരുന്ന സൈക്കോ സോഷ്യൽ കൗൺസിലിംഗ് സമ്പ്രദായം ഏതാണ്ട് 525 വനിതാ കൗൺസിലർമാരുടെ സഹകരണത്തോടെ ആറുവർഷമായി വിവിധ ഗവൺമെന്റ് സ്കൂളുകളിൽ നടത്തി വരികയാണ്. സ്കൂൾ, അംഗൻവാടി, കൗമാര ക്ലബ്ബുകൾ വഴിയാണ് പ്രധാനമായും ഈ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. നമ്മുടെ സമൂഹത്തിൽ, സ്കൂളുകളിൽ വിദ്യാർത്ഥികൾ പല വിധത്തിലുള്ള പ്രശ്നങ്ങൾ നേരിടുന്നു. കുടുംബങ്ങളിൽനിന്ന്, അദ്ധ്യാപകരിൽനിന്ന്, മറ്റ് സാമൂഹ്യ ചുറ്റുപാടുകളിൽനിന്നുള്ള ഈ പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കണമെന്നോ ആരോട് പങ്ക് വയ്ക്കണമെന്നോ അറിയാതെ തനിക്ക് പൂർണ്ണമായും വിശ്വസിക്കാൻ സഹായകർ ഇല്ലാതെ നിസ്സഹായാവസ്ഥയിലേയ്ക്ക് അവർ പലപ്പോഴും മാറുകയാണ്. വർത്തമാനകാലത്തിൽ പുറംലോകം അറിയുന്നത് പീഡനങ്ങളുടെ കണക്കുകൾ മാത്രമാണ്. നിരന്തരമായി ഉണ്ടാകുന്ന ശാരീരിക-മാനസിക പീഡനങ്ങൾ പങ്കുവയ്ക്കാൻ നിവർത്തിയില്ലാതെ മാനസിക വൈകല്യങ്ങളിലേക്ക്, സ്വഭാവദൂഷ്യങ്ങളിലേക്ക് വഴുതിപ്പോകാതിരിക്കാൻ കൗൺസിലിംഗ് ഏറെ ആവശ്യമാണ്. ഇവിടെ കൗൺസിലിംഗ് തീർച്ചയായും കേവലം ഒരു ഉപദേശം മാത്രമല്ല. കൗൺസിലിംഗിനെക്കുറിച്ച് പറയുന്നത്, " A trained person established a professional relationship with a client to understand his conflict and help him to resolve that" എന്നാണ്. തീർച്ചയായും അതൊരു കേലവമായ ഉപദേശത്തിനപ്പുറത്ത് ട്രെയിൻഡായിട്ടുള്ള ആളുകൾ നടത്തേണ്ട ഒരു പ്രക്രിയയാണ്. മാത്രമല്ല, പുതിയ ഐ.ടി. യുഗത്തിന്റെ തിന്മകൾ ഇന്നലെ ബഹുമാനപ്പെട്ട ബെന്നി ബെഹനാൻ അവതരിപ്പിച്ച സബ്മിഷനിൽ സൂചിപ്പിക്കുകയുണ്ടായി. നമ്മുടെ സ്കൂളുകളിൽ പ്രത്യേകിച്ച്, പുതിയ തലമുറയിലെ

വിദ്യാർത്ഥികൾക്കിടയിൽ വർദ്ധിച്ചുവരുന്ന അക്രമങ്ങളുടെയും ഭീകരതയുടെയും ക്രൂരതയുടെയും ചിത്രങ്ങൾ ഇവിടെ വരച്ചുകാട്ടുകയുണ്ടായി. തീർച്ചയായും പുതിയ ഐ.ടി. യുഗത്തിന്റെ നന്മയോടൊപ്പമുള്ള തിന്മകളും കുടുംബാവസ്ഥയും സാമൂഹ്യ അന്തരീക്ഷവും ലഹരിപദാർത്ഥങ്ങളുടെ ഉപയോഗവും അവഗണനയും ഒറ്റപ്പെടുത്തലും അവഹേളനവും നിഷേധാത്മകമായ ചുറ്റുപാടുകളിലേയ്ക്ക് ഒരു പുതിയ തലമുറയെ എത്തിക്കുമെന്നുള്ള കാര്യത്തിൽ സംശയമില്ല. അതിനുവേണ്ടിയാണ് നിരന്തരമായ സമ്പർക്കത്തിലൂടെ സമഗ്രമായ വിശകലനത്തിലൂടെ കൗൺസിലിംഗിന്റെ സാദ്ധ്യതകളെ ഉപയോഗപ്പെടുത്തുന്നത്. എന്നാൽ ഇന്ന് ആ സംവിധാനം ഏതാനും കുറച്ച് സ്കൂളുകളിൽ മാത്രമായി ചുരുങ്ങുന്നുവെന്നുള്ളതാണ് യാഥാർത്ഥ്യം.

മറ്റൊരു പ്രധാനപ്പെട്ട കാര്യം, ചൈൽഡ് ലൈനുമായി ബന്ധപ്പെട്ട് അടുത്ത കാലത്ത് പുറത്തുവന്ന രേഖകൾ സൂചിപ്പിക്കുന്നത്, കേരളത്തിൽ കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ, പീഡനം ഉൾപ്പെടെയുള്ള, ലൈംഗീകാതിക്രമങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ 2012-13-ൽ 1819 ആയിരുന്നുവെങ്കിൽ അത് 2013-14-ൽ 3757 ആയും 2014-15-ൽ 5558 ആയും വർദ്ധിക്കുന്നതായാണ് കാണുന്നത്. കേരളത്തിൽ കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളുടെ തോത് കഴിഞ്ഞ കുറെ കാലമായി വർദ്ധിച്ചുവരുന്നു എന്ന കാര്യത്തിൽ സംശയമില്ല. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇന്നലെ നിയമസഭയിൽ നൽകിയ മറുപടിയിലും സംസ്ഥാനത്ത് കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നുവെന്നും അക്കാര്യത്തിൽ ഒരു അവബോധമുണ്ടാക്കണമെന്നും സൂചിപ്പിക്കുകയുണ്ടായി. സ്കൂളുകളിലെ കൗൺസിലിംഗ് സമ്പ്രദായം വളരെക്കുറച്ച് ഗവൺമെന്റ് സ്കൂളുകളിൽ മാത്രമായി ചുരുങ്ങുന്നു. ഏകദേശം 625 പേർ മാത്രമാണ് സ്കൂൾ കൗൺസിലിംഗ് രംഗത്ത് പ്രവർത്തിക്കുന്നത്. ഇവർ എം.എസ്.ഡബ്ല്യു., എം.എ. സൈക്കോളജി ഉൾപ്പെടെയുള്ള വിഷയങ്ങൾ പഠിച്ച് ട്രെയിനിംഗ് ലഭിച്ചവരാണ്. പക്ഷേ നമ്മുടെ സമൂഹത്തിലെ ഭൂരിപക്ഷം കുട്ടികൾക്കും കൗൺസിലിംഗിന്റെ സൗകര്യങ്ങൾ ലഭ്യമാക്കാൻ കഴിയുന്നില്ല. കഴിഞ്ഞ ആറ് വർഷമായി ഈ രംഗത്ത് പ്രവർത്തിക്കുന്ന സൈക്കോ സോഷ്യൽ കൗൺസിലേഴ്സിന് 12500 രൂപയാണ് വേതനമായി ലഭിക്കുന്നത്. തുടക്കത്തിൽ 6500 രൂപയാണ് ലഭിച്ചിരുന്നത്. സാമൂഹ്യനീതി വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയെന്ന നിലയിൽ ഡോ. എം. കെ. മുനീറിന്റെ താല്പര്യപ്രകാരമാണ് അവർക്ക് 12500 രൂപയുടെ consolidated pay-യിലേക്ക് മാറ്റിയെടുക്കാൻ കഴിഞ്ഞത്. സംസ്ഥാനത്ത് മറ്റ് മേഖലയിൽ പ്രവർത്തിക്കുന്ന ആളുകളുമായി താരതമ്യപ്പെടുത്തിയാൽ ഇത്രയും ക്വാളിഫൈഡായിട്ടുള്ള ഇവർക്ക് ലഭിക്കുന്ന വേതനം വളരെ കുറവാണ് എന്നത് ഒരു യാഥാർത്ഥ്യമാണ്. സ്കൂളുകളിൽ മാത്രമല്ല, അംഗനവാടികളിലും കൗമാര ക്ലബ് ഉൾപ്പെടെയുള്ള മേഖലകളിലും അവരുടെ പ്രവർത്തനം വളരെ പ്രധാനപ്പെട്ടതാണ്. സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ

സൈക്കോ സോഷ്യൽ ഗ്രൂപ്പ് നടത്തിയ പ്രവർത്തനങ്ങളുടെ ഭാഗമായുണ്ടായ കേസ്സുകളുടെ സ്റ്റഡി റിപ്പോർട്ട് പുറത്തുവന്നിട്ടുണ്ട്. നാലായിരത്തി തൊള്ളായിരത്തി മുപ്പത്തിരണ്ടോളം കേസ്സുകളാണുണ്ടായിട്ടുള്ളത്. സൈക്കോ സോഷ്യൽ കൗൺസിലേഴ്സിന്റെ ശ്രമഫലമായി കുട്ടികൾക്കിടയിൽ കുറെയേറെ മാറ്റങ്ങൾ ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ രംഗത്ത് വർഷങ്ങളായി പ്രവർത്തിക്കുന്ന കൗൺസിലർമാരെ സ്ഥിരപ്പെടുത്താനുള്ള സംവിധാനമുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. സാമ്പത്തികമായ ബാധ്യതയുടെ അടിസ്ഥാനത്തിൽ എല്ലാ സ്കൂളുകളിലും ഒരുമിച്ച് ഇത് നടപ്പാക്കാൻ പരിമിതികളുണ്ടാകും. മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ സ്കൂളുകൾ ഉൾപ്പെടെയുള്ള സ്കൂളുകൾക്ക് എയ്ഡഡ് അംഗീകാരം കൊടുക്കാൻ കാണിച്ച സാമൂഹിക പ്രതിബദ്ധത സാമൂഹ്യനീതി വകുപ്പിന്റെ ഭാഗത്തുനിന്ന് എപ്പോഴും ഉണ്ടായിട്ടുണ്ട് എന്ന് ഞാൻ ഓർക്കുകയാണ്. അതുകൊണ്ടുതന്നെ ഈ രംഗത്ത് ഒരു ആരോഗ്യ പ്രശ്നമെന്ന നിലയിൽ സാമ്പത്തിക ബാധ്യതയ്ക്കപ്പുറത്ത് നിന്നുകൊണ്ട് ഈ വിഷയത്തെ ഏറ്റെടുക്കാനും കൗൺസിലിംഗ് പാഠ്യപദ്ധതിയുടെ ഭാഗമാക്കി മാറ്റാനും കഴിയണം. സ്വന്തം വീടുകളിൽപോലും സുരക്ഷിതരല്ലാത്ത ഒരു തലമുറയുടെ ബാല്യങ്ങൾ പലപ്പോഴും നഷ്ടപ്പെട്ടുപോകുന്ന അവസ്ഥയിൽ എല്ലാ കുട്ടികൾക്കും കൗൺസിലിംഗിന്റെ സാധ്യതകളുണ്ടാക്കിയെടുക്കാനും അക്കാര്യത്തിൽ അവബോധമുണ്ടാക്കിയെടുക്കാനുമുള്ള ശ്രമങ്ങളുണ്ടാകണം.

ഇന്നലെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ എല്ലാ സ്കൂളുകളിലും കുട്ടികൾക്ക് കൗൺസിലിംഗിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമെന്ന് സൂചിപ്പിക്കുകയുണ്ടായി. സാമൂഹ്യ ക്ഷേമവകുപ്പും വിദ്യാഭ്യാസ വകുപ്പും ആഭ്യന്തര വകുപ്പും ഒരുമിച്ചുചേർന്ന് കൂടുതൽ സ്കൂളുകളിൽ കുട്ടികൾക്ക് കൗൺസിലിംഗിന്റെ സാധ്യതകൾ ലഭ്യമാക്കുകയും ഇതിനാവശ്യമായ ട്രെയിൻഡായ അദ്ധ്യാപകരെ കണ്ടെത്തുകയും വേണം. ഒരു സാമൂഹ്യ പ്രശ്നമെന്ന നിലയിൽ, കഴിഞ്ഞ കാലഘട്ടങ്ങളിൽ ഇടപെട്ടിട്ടുള്ളതുപോലെതന്നെ ബഹുമാനപ്പെട്ട മന്ത്രി വളരെ അനുകൂലമായ നിലപാട് സ്വീകരിക്കണമെന്നും നിലവിലുള്ള കൗൺസിലർമാരെ സ്ഥിരപ്പെടുത്താനാവശ്യമായ നടപടികൾകൂടി സ്വീകരിക്കണമെന്നും സൂചിപ്പിച്ചു കൊണ്ട് ഈ വിഷയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, സംസ്ഥാനത്തെ സ്കൂൾ കൗൺസിലർമാരുടെ ജോലിസ്ഥിരത സംബന്ധിച്ച വിഷയമാണ് ശ്രദ്ധക്ഷണിക്കലിന് ആധാരമായി വന്നിട്ടുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏറ്റവും പരിഗണന കൊടുത്തിട്ടുള്ള ഒരു വിഭാഗമാണ് സംസ്ഥാന സ്കൂൾ കൗൺസിലർമാർ. യഥാർത്ഥത്തിൽ 2008-09 വർഷത്തിലാണ് ആദ്യമായി 163 സ്കൂളുകളിൽ കേന്ദ്ര സർക്കാർ പദ്ധതിയായ 'കിഷോരി ശക്തി യോജന' പദ്ധതിയുടെ ഫണ്ട് ഉപയോഗിച്ച് കൗമാരപ്രായക്കാരായ

പെൺകുട്ടികൾക്കുള്ള സ്കൂൾ ഹെൽത്ത് ക്ലിനിക് കൗൺസിലിംഗ് പ്രോഗ്രാം ആരംഭിച്ചത്. പക്ഷേ 2009-10 വർഷം സംസ്ഥാന സർക്കാർ 'സൈക്കോ സോഷ്യൽ സർവീസ് പദ്ധതി ആവിഷ്കരിക്കുകയും ഈ പദ്ധതിയുടെ ഫണ്ട് ഉപയോഗിച്ച് 251 സ്കൂളുകളിൽക്കൂടി പ്രോഗ്രാം വ്യാപിപ്പിക്കുകയും ചെയ്തു. ഇതിനിടയിൽ 'കിഷോരി ശക്തി യോജന' എന്ന പദ്ധതി നിർത്തലാക്കി. പക്ഷേ ഗവൺമെന്റ് ഈ പദ്ധതിയുമായി മുന്നോട്ടുപോയി. 2010-11-ൽ 86 സ്കൂളുകളിൽക്കൂടി ഈ പദ്ധതി വ്യാപിപ്പിച്ചു. ആകെ 500 സ്കൂളുകളിലാണ് സ്കൂൾ കൗൺസിലിംഗ് നടത്തിയിരുന്നത്. പക്ഷേ 2-11-2014-ൽ സർക്കാർ ഉത്തരവ് നമ്പർ 688/214 പ്രകാരം 307 ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിൽക്കൂടി ഈ പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്. ഇതിൽ 148 സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കി. ബാക്കിയുള്ള 159 സ്കൂളുകളിലും ഈ പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. അതോടുകൂടി സ്കൂൾ കൗൺസിലർമാരുടെ എണ്ണം 807 ആയി ഉയരും. അവർക്ക് പ്രതിമാസം 6500 രൂപയായിരുന്നു ഓണറേറിയം. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെ പി.ടി.എ. ആണ് അവരെ കൺട്രോൾ ചെയ്തിരുന്നത്. പക്ഷേ ഈ സർക്കാർ അവരെ ഐ.സി.ഡി.എസ്.-ന്റെ ഭാഗമാക്കി മാറ്റി, സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ടുമെന്റിന്റെ ഭാഗമാക്കി മാറ്റി. അവരുടെ ട്രാൻസ്ഫറും പോസ്റ്റിംഗും ഉൾപ്പെടെയുള്ള കാര്യങ്ങളിൽ തീരുമാനമെടുത്തു. പ്രതിമാസം 6500 രൂപ ഓണറേറിയം ഉണ്ടായിരുന്നത് 7-8-2013-ലെ ഉത്തരവുപ്രകാരം 10000 രൂപയും 27-9-2014-ലെ ഉത്തരവ് പ്രകാരം 12500 രൂപയുമാക്കി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം 6500 രൂപയിൽനിന്നും 12500 രൂപയാക്കി വർദ്ധിപ്പിച്ചുകൊടുത്തു. ഇപ്പോൾ സൈക്കോ സോഷ്യൽ സർവീസിലുള്ളവർ കോൺട്രാക്ട് ബെയ്സിലാണ് ജോലി ചെയ്യുന്നത്. സൈക്കോ സോഷ്യൽ സർവ്വീസ് പദ്ധതി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലേയ്ക്കും വ്യാപിപ്പിച്ച് ഒരു സ്കൂളിൽ ഒരു കൗൺസിലർ എന്ന സംവിധാനം ഏർപ്പെടുത്തുന്നതിനുവേണ്ടി സർക്കാർ പദ്ധതി വിഭാവനം ചെയ്തു കഴിഞ്ഞു എന്ന വിവരം അറിയിക്കുകയാണ്. കരാടിസ്ഥാനത്തിൽ സേവനമനുഷ്ഠിക്കുന്ന കൗൺസിലർമാരുടെ സ്ഥിരനിയമനത്തിന്റെ കാര്യത്തിൽ, ധനകാര്യ വകുപ്പിന്റെയും മുഖ്യമന്ത്രിയുടെയും ക്യാബിനറ്റിന്റെയുമൊക്കെ തീരുമാനപ്രകാരം മാത്രമേ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ സാധിക്കുകയുള്ളൂ. സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ടുമെന്റ് 100 ശതമാനവും സ്കൂൾ കൗൺസിലർമാരുടെ വികാരത്തോടൊപ്പമാണ് എന്നറിയിക്കാൻ ഈ അവസരം വിനിയോഗിക്കുകയാണ്. കുട്ടികളിൽ മാനസികമായി പല പ്രശ്നങ്ങളും കണ്ടുവരുന്നുണ്ട്. ബ്രോക്കൺ ഫാമിലിയിലുള്ള കുട്ടികളായാലും ഡിസ്റ്റന്റ് പാരന്റിംഗായ കുട്ടികളായാലും ആൾക്കഹോളിസത്തിന് വിധേയരായ രക്ഷിതാക്കളുടെ കുട്ടികളായാലും അവരിൽ പല മാനസിക പ്രശ്നങ്ങളും കാണുന്നുണ്ട്. പ്രത്യേകിച്ച്, ബോർഡർ ലൈൻ പേഴ്സണാലിറ്റി ഡിസോർഡർ എന്ന മാനസികാവസ്ഥ ആൺകുട്ടികളിലും പെൺകുട്ടികളിലും

കണ്ടുവരുന്നുണ്ട്. ഇതൊക്കെ നേരത്തെ തന്നെ കൗൺസിൽ ചെയ്ത് കണ്ടെത്തിയാൽ വലിയ അപകടങ്ങളിലേക്ക് ഈ കുട്ടികൾ പോകാതെ നമുക്ക് സംരക്ഷിക്കാൻ സാധിക്കുന്നതാണ്. ബി.പി.ഡി. യിൽ കാണുന്ന ഒരു പ്രത്യേകത, പെൺകുട്ടികൾ മൾട്ടിപ്പിൾ പാർട്ണേഴ്സിനൊപ്പം പോകാനുള്ള വ്യഗ്രതയും സ്വയം മുറിവുകളുണ്ടാക്കാനുള്ള ശ്രമവും നടത്തുന്നതായി കാണുന്നുണ്ട്. ആൺകുട്ടികളിൽ മാഫിയാ സംഘങ്ങൾക്ക് അടിമപ്പെടുത്താൻ സാധിക്കുന്ന രീതിയിലുള്ള മാനസികാവസ്ഥയായിരിക്കും ഉണ്ടാകുന്നത്. അതുകൊണ്ടാണ് സ്കൂളുകളിൽ പുതിയ തലമുറയിലുള്ള കുട്ടികളെ ശ്രദ്ധിക്കുന്നതിനു വേണ്ടി 'Our Responsibility to Children' എന്ന പദ്ധതി കേരളത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്. ഇത് യാഥാർത്ഥ്യമാകണമെങ്കിൽ എല്ലാ സ്കൂളുകളിലും ഒരു കൗൺസിലർ ഉണ്ടായിരിക്കണമെന്നത് അനിവാര്യമായ കാര്യമാണ്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്, ഈ വിഷയം നമ്മൾ ഗൗരവത്തോടെ കാണണം. സ്കൂൾ കൗൺസിലർമാരെ സ്ഥിരപ്പെടുത്താൻ വേണ്ടിയുള്ള നടപടികളുമായി മുന്നോട്ടുപോകാൻ സോഷ്യൽ ജസ്റ്റിസ് ഡിപ്പാർട്ടുമെന്റ് മുൻകൈ എടുക്കും. തസ്തിക സൃഷ്ടിക്കലായതുകൊണ്ട് അന്തിമ തീരുമാനം ധനകാര്യ വകുപ്പും മന്ത്രിസഭയും തീരുമാനമെടുക്കേണ്ടതാണ്. അതിനുവേണ്ടിയുള്ള എല്ലാ നടപടികളും സ്വീകരിച്ച് മുന്നോട്ടുപോകുമെന്ന് പറയാൻ ഈ അവസരം വിനിയോഗിക്കുന്നു.

<u>ഡോ. എൻ. ജയരാജ്</u>: സർ, ബഹുമാനപ്പെട്ട സാമൂഹ്യനീതി വകുപ്പുമന്ത്രി പറഞ്ഞ ആശയത്തോട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭിപ്രായം അറിയാൻ ആഗ്രഹമുണ്ട്. സോഷ്യോ കൗൺസിലേഴ്സിനെ സ്ഥിരപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് അങ്ങ് പറഞ്ഞ വളരെ പ്രധാനപ്പെട്ട കാര്യം, മോഡേൺ മെഡിസിൻ എന്നുപറയുന്നത്, ജനറ്റിക്കൽ ടെന്റൻസീസ് അതിന്റെ എൻവയോൺമെന്റ് അനുസരിച്ചാണ് രോഗാവസ്ഥയിലേയ്ക്ക് മാറുന്നതെന്നാണ്. അതുകൊണ്ടുതന്നെ സ്വാഭാവികമായും കുട്ടികളിൽ അത്തരം എൻവയോൺമെന്റുകൾ സൃഷ്ടിക്കപ്പെടാതിരിക്കാനുള്ള സാഹചര്യം കൗൺസിലിംഗിലൂടെ മാത്രമേ സാധ്യമാകുവെന്ന സാഹചര്യത്തിൽ എം.എസ്.ഡബ്ല്യു., എം.എ. സൈക്കോളജി തുടങ്ങിയ കോഴ്സുകൾ പഠിച്ച് പാസ്സായി ഈ രംഗത്ത് പ്രവർത്തിക്കുന്ന കൗൺസിലേഴ്സിന് മെഡിക്കൽ കോളേജുകളിലെ സൈക്യാട്രി ഡിപ്പാർട്ടുമെന്റിന്റെയും മെന്റൽ ഹെൽത്ത് അതോറിറ്റിയുടെയും നേതൃത്വത്തിൽ ആവശ്യമായ ട്രെയിനിംഗ് കൊടുത്ത് വളരെ വിപുലമായി ഈ രംഗത്തേയ്ക്ക് കൂടുതൽ ആളുകളെ കൊണ്ടുവരാനുള്ള നടപടി സാമൂഹ്യനീതി വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമോ; എന്റെ ചോദ്യത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരം നൽകുമെന്ന പ്രതീക്ഷ എനിക്കുണ്ട്. ഒട്ടേറെ നല്ല കാര്യങ്ങൾ ചെയ്ത ഈ ഗവൺമെന്റിൽനിന്നും കൗൺസിലേഴ്സിനെ സ്ഥിരപ്പെടുത്തുന്ന കാര്യത്തിലും അനുഭാവപൂർവ്വമായ ഒരു സമീപനം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ പ്രയോജനകരമായ കാര്യമാണ്. ഇതിനെക്കുറിച്ച് സ്കൂളുകളിൽനിന്നും പോസിറ്റീവായ ഫീഡ്ബാക്കാണ് കിട്ടിയിട്ടുള്ളത്. കൗൺസിലേഴ്സിന്റെ കാര്യത്തിൽ ഏതുവിധത്തിൽ, എങ്ങനെ ചെയ്യാൻ സാധിക്കുമെന്നതിനെക്കുറിച്ച് മന്ത്രി ഇവിടെ സൂചിപ്പിച്ചു. വ്യക്തമായ പ്രൊപ്പോസൽ വരുന്നസമയം അക്കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## 2. മണിയോർഡർ സംവിധാനം പുനഃസ്ഥാപിക്കൽ

ശ്രീ. വി. ശിവൻകുട്ടി: സർ, കേരളത്തിലെ പാവപ്പെട്ടവരെയും സാധാരണക്കാരെയും ബാധിക്കുന്ന, സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിൽ തള്ളപ്പെട്ട, സംസ്ഥാന സർക്കാരിനെ മാത്രം ആശ്രയിച്ച് നിത്യജീവിതം കഴിച്ചുകൂട്ടുന്ന, വിവിധ രൂപത്തിൽ പെൻഷൻ വാങ്ങുന്ന ആളുകളുടെ പ്രശ്നമാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. അടിയന്തരപ്രമേയം അവതരിപ്പിച്ച വേളയിൽ അങ്ങ് വളരെ വയലന്റായി സി.പി.എം.-നോട് പെരുമാറിയ സമീപനം ഇക്കാര്യത്തിൽ സ്വീകരിക്കരുത്. ഇത് പാവപ്പെട്ടവന്റെ പ്രശ്നമാണ്. ഞാൻ സംസാരിക്കുമ്പോൾ ശ്രീ. ബെന്നി ബെഹനാൻ അതിൽ ഇടപെടരുത്. ഞാൻ എങ്ങനെ സംസാരിക്കണമെന്ന് ഞാൻ തീരുമാനിക്കും.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വി. ശിവൻകുട്ടി, എന്നോട് സംസാരിക്കൂ.

ശ്രീ. വി. ശിവൻകുട്ടി: സർ, ശ്രീ. ബെന്നി ബെഹനാൻ എഴുതിത്തരട്ടെ, അതനുസരിച്ച് ഞാൻ സംസാരിക്കാം. മുഖ്യമന്ത്രി വയലന്റായി കാണാറില്ല. ഇന്ന് അദ്ദേഹത്തെ വയലന്റായി കാണപ്പെട്ടു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വി. ശിവൻകുട്ടി, ഇന്ന് കൂടുതൽ സബ്മിഷൻസുണ്ട്.

ശ്രീ. വി. ശിവൻകുട്ടി: സർ, ഇന്ന് സി.പി.ഐ.-യുടെ ശ്രീ. സി. ദിവാകരൻ സംസാരിച്ചപ്പോൾ മറുപടി പറയില്ലെന്ന് പറഞ്ഞ മുഖ്യമന്ത്രി, സി.പി.എം. പാർട്ടിയിൽപ്പെട്ടവർ പുറത്തുപോയതിനുശേഷം മറുപടി പറഞ്ഞു. ആ സമീപനം ഇക്കാര്യത്തിൽ എടുക്കരുതെന്ന് മാത്രമാണ് പറഞ്ഞത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. വി. ശിവൻകുട്ടി, വിഷയത്തിലേക്ക് വരൂ....... (ബഹളം)......അത് ശ്രദ്ധിക്കേണ്ട, വിഷയത്തിലേക്ക് വരൂ.

ശ്രീ. വി. ശിവൻകുട്ടി: സർ, അങ്ങനെ ബഹളം വച്ചാൽ ഇരിക്കുമെന്നാണോ ശ്രീ. കെ. ശിവദാസൻനായർ ധരിച്ചിരിക്കുന്നത്? നമ്മുടെ സംസ്ഥാനത്ത് വിവിധ ക്ഷേമപെൻഷനുകൾ മണിയോർഡർവഴി അയയ്ക്കുന്നത് ഈ സർക്കാർ

അവസാനിപ്പിച്ചിരിക്കുകയാണ്. മൂന്ന് കോടിയോളം വരുന്ന ജനങ്ങളിൽ വൃദ്ധരും വികലാംഗരും ഉൾപ്പെടെയുള്ള ഒരു കോടിയോളം വരുന്ന പെൻഷൻകാർ ഇപ്പോൾ പെൻഷൻ വാങ്ങാൻ പോസ്റ്റ് ഓഫീസുകളിൽ ചെല്ലേണ്ട സ്ഥിതിയാണുള്ളത്. അഗതികളുടെ ഏക ആശ്രയമായ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഇപ്പോൾ 10 മാസം കുടിശ്ശികയിലാണ്. 1915 കോടി രൂപയാണ് യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടിശ്ശികയായിട്ടുള്ളത്. 2006-ൽ ഉമ്മൻ ചാണ്ടി സർക്കാർ അധികാരം ഒഴിയുമ്പോൾ 24 മാസത്തെ ക്ഷേമ പെൻഷനുകളാണ് കുടിശ്ശിക ഉണ്ടായിരുന്നത്. പിന്നീട് അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ആ കുടിശ്ശിക തീർത്ത് അഗതികൾക്ക് പെൻഷൻ നൽകിയത് എല്ലാവർക്കും അറിയാവുന്നതാണ്. വി.എസ്. സർക്കാർ അധികാരം ഒഴിയുമ്പോൾ മൂന്ന് മാസത്തെ പെൻഷനാണ് മുൻകൂറായി വിതരണം ചെയ്തത്. കഴിഞ്ഞ രണ്ട് യു.ഡി.എഫ്. സർക്കാരുകൾ ചേർന്ന് 34 മാസത്തെ ക്ഷേമ പെൻഷനാണ് അഗതികളായ ജനങ്ങൾക്ക് നിഷേധിച്ചത്. വൃദ്ധജനങ്ങൾക്കുള്ള വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, 50 വയസ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ, കർഷക പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ, കരൾ-വൃക്ക രോഗം ബാധിച്ചവർക്കുള്ള പെൻഷൻ, അച്ഛനും അമ്മയും മരിച്ച കുട്ടികൾക്കുള്ള ധനസഹായം, പ്രതിമാസ വിദ്യാഭ്യാസ ധനസഹായ പദ്ധതി തുടങ്ങിയവയെല്ലാം ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് കഴിഞ്ഞ 10 മാസത്തിലേറെയായി മുടക്കിയിരിക്കുകയാണ്. കുനിന്മേൽ കുരുവെന്ന പോലെ, വല്ലപ്പോഴും കിട്ടുന്ന പെൻഷൻ മണിയോർഡറായി അയയ്ക്കുന്നത് യു.ഡി.എഫ്. സർക്കാർ നിർത്തലാക്കിയിരിക്കുകയാണ്. കഴിഞ്ഞയാഴ്ച തിരുവനന്തപുരം കഠിനംകുളത്ത് മര്യനാട് എന്ന പ്രദേശത്തിലെ മത്സ്യത്തൊഴിലാളി ഗ്രാമത്തിൽ നിന്ന് വാർദ്ധക്യകാല പെൻഷൻ വാങ്ങാൻ പോയ ബ്രിജിത് എന്ന 73 വയസ്സുള്ള വൃദ്ധമാതാവ് പോസ്റ്റാഫീസിലെ ക്യൂവിൽനിന്ന് അവശയായി കുഴഞ്ഞുവീണ് മരിച്ചുവെന്നുള്ള കാര്യം ശ്രീ. ഉമ്മൻ ചാണ്ടിയും യു.ഡി.എഫ്. സർക്കാരും മനസ്സിലാക്കണമെന്ന് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. വാർദ്ധക്യത്തിന്റെ അവശത അനുഭവിക്കുന്ന 1318428 പേർക്ക് 600 രൂപ വീതമാണ് പ്രതിമാസ പെൻഷൻ. അത് കഴിഞ്ഞ 10 മാസമായി യു.ഡി.എഫ്. സർക്കാർ നൽകിയിട്ടില്ല. 800 രൂപ പ്രതിമാസം പെൻഷൻ ലഭിക്കേണ്ട 1079884 വിധവകൾക്ക് കഴിഞ്ഞ 6 മാസമായി പെൻഷൻ കിട്ടിയിട്ടില്ല. ഇതൊന്നും രാഷ്ട്രീയമല്ല. എന്റെ പ്രസംഗം തടസ്സപ്പെടുത്തിയ ഭരണപക്ഷത്തുള്ള മെമ്പർമാരുടെ മണ്ഡലങ്ങളിലുമുള്ള അവസ്ഥയിതാണ്. ഞാൻ സത്യമായ കണക്കുകളാണ് പറയുന്നത്. ഭരണ-പ്രതിപക്ഷമെന്നുള്ള നിലയിൽ കൈകാര്യം ചെയ്യേണ്ട വിഷയമല്ലിത്, ഒരുകോടി ജനങ്ങളെ ബാധിക്കുന്ന വിഷയമാണ്. കഴിഞ്ഞ 6 മാസമായി പെൻഷൻ കൊടുക്കാതെ ഈ ഗവൺമെന്റ് ആർക്കുവേണ്ടിയാണ് ഭരണം നടത്തുന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: യെസ്.......

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, അങ്ങ് ചെയറിലിരുന്ന് പാവപ്പെട്ട ജനങ്ങളോട് ദയ കാണിക്കണം. ഈ ഇനത്തിൽ 431.95 കോടി രൂപയാണ് യു.ഡി.എഫ്. സർക്കാർ കുടിശ്ശിക വരുത്തിയിരിക്കുന്നത്. 50 വയസുകഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്ക് 27.69 കോടി രൂപയും വികലാംഗ പെൻഷൻ 133.17 കോടിരൂപയും കർഷകത്തൊഴിലാളി പെൻഷൻ 299 കോടിരൂപയും അവശ കർഷക പെൻഷൻ 201.39 കോടിരൂപയും കയർത്തൊഴിലാളി പെൻഷൻ 33.6 കോടിരൂപയും മത്സ്യത്തൊഴിലാളി പെൻഷൻ 38.55 കോടി രൂപയും കുടിശ്ശികയാണ്. ഈ ഗവൺമെന്റിന് ആര് മാപ്പ് കൊടുക്കും? അതുകൊണ്ടാണ് കഴിഞ്ഞ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ ഈ പാവങ്ങൾ ഒരു നിലപാട് എടുത്തത്. മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഇവിടെ ധാരാളം പ്രസംഗിക്കാറുണ്ട്. അവരുടെ കുടിശ്ശിക 38.55 കോടി രൂപയാണ്. വൃക്കരോഗികളോട് ക്രൂരതയാണ് യു.ഡി.എഫ്. സർക്കാർ കാണിച്ചുകൊണ്ടിരിക്കുന്നത്. ഡയാലിസിസിന് വിധേയരാകുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് പ്രതിമാസം 1,100 രൂപ നൽകുന്നതാണ് 'സമാശ്വാസം-1' എന്ന പദ്ധതി. ഈ തുക ലഭിക്കാതെയും ഡയാലിസിസ് നടക്കാതെയും രോഗികൾ മരിക്കുകയാണ്. അങ്ങനെ മരിക്കുന്നവർ യു.ഡി.എഫ്. സർക്കാരിനെയും ശ്രീ. ഉമ്മൻ ചാണ്ടിയെയുംകുറിച്ച് എന്ത് ചിന്തിച്ചായിരിക്കും മരിച്ചിട്ടുള്ളതെന്ന് നമുക്ക് ചിന്തിക്കാൻ കഴിയും.

ഒരു കാര്യംകൂടി പറഞ്ഞ് എന്റെ പ്രസംഗം അവസാനിപ്പിക്കാം. എഴുപതിനായിരത്തോളം വരുന്ന വൃക്കരോഗികൾക്ക് ആറുമാസമായി ഈ സഹായം യു.ഡി.എഫ്. സർക്കാർ നൽകുന്നില്ല. 50 വയസ്സിനുമേൽ പ്രായമുള്ള 1006-ഓളം വരുന്ന അവിവാഹിതരായവർക്ക് പ്രതിമാസ സഹായധനമായ 500 രൂപയും ഈ സർക്കാർ കഴിഞ്ഞ 9 മാസക്കാലമായി നിഷേധിച്ചിരിക്കുകയാണ്. അച്ഛനും അമ്മയും മരിച്ച കുട്ടികൾക്ക് പ്രതിമാസം നൽകേണ്ട വിദ്യാഭ്യാസ സഹായം മുടങ്ങിയിട്ട് 14 മാസം കഴിഞ്ഞിരിക്കുകയാണ്. കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ സഹായം ലഭിച്ചിരുന്ന 119022 പേർക്കാണ് 37.47 കോടി രൂപയുടെ സഹായം യു.ഡി.എഫ്. സർക്കാർ ഇക്കഴിഞ്ഞ 10 മാസക്കാലമായി നിഷേധിച്ചിരിക്കുന്നത്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> യെസ്. ശ്രീ. വി. ശിവൻകുട്ടി.....

<u>ശ്രീ. വി. ശിവൻകുട്ടി:</u> സർ, ഒരു പോയിന്റുംകൂടി പറഞ്ഞ് നിർത്താം. ഇവിടെ പോസ്റ്റോഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ടാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. കേരളത്തിൽ ഞാൻ നേരത്തെ പറഞ്ഞതുപോലെ, പരമ ദരിദ്രരും ആരോരും

സഹായിക്കാനുമില്ലാത്ത ഒരു കോടിയോളം വരുന്ന വൃക്കരോഗികളടക്കമുള്ള പാവപ്പെട്ടവരുണ്ട്. അവർക്ക് ഈ കുടിശ്ശിക മുഴുവൻ എന്ന് കൊടുത്തുതീർക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയണം. കൂടാതെ, ക്യൂവിൽനിന്ന് 75-ഉം 80-ഉം വയസ്സായ പാവങ്ങൾ മരിച്ചുവീഴുന്ന ഒരവസ്ഥ ഒഴിവാക്കുന്നതിനുവേണ്ടി അവരുടെ വീടുകളിൽത്തന്നെ ഈ മണി ഓർഡർ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെടുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതേവിഷയത്തെ സംബന്ധിച്ച് ശ്രദ്ധ ക്ഷണിക്കലിന് ശ്രീ. ബെന്നി ബെഹനാൻ, ശ്രീ. എൻ. എ. നെല്ലിക്കുന്ന്, ശ്രീ. പി. എ. മാധവൻ എന്നിവർ സബ്മിഷനും നൽകിയിട്ടുണ്ട്. അവർ സംസാരിക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങേയ്ക്ക് സംസാരിക്കാവുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ, വികലാംഗ പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ എന്നിങ്ങനെ അഞ്ച് ഇനങ്ങളിലായി പ്രതിമാസം 32 ലക്ഷം രൂപ ഗുണഭോക്താക്കൾക്ക് കേരള സർക്കാർ നൽകി വരുന്നുണ്ട്. അതായത് 35 ലക്ഷം കുടുംബങ്ങൾക്കുള്ള കഴിഞ്ഞ ഓണക്കാലം മുതലുള്ള പെൻഷൻ തുകയായ 1,260 കോടി രൂപ പോസ്റ്റ് ഓഫീസിൽ അടച്ചിട്ടുണ്ട്. ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ. പറഞ്ഞതുപോലെ പോസ്റ്റ് ഓഫീസിൽച്ചെന്ന് പ്രായമായവർ ക്യൂ നിൽക്കുന്നു, അവർക്ക് വേണ്ടത്ര പരിഗണന കിട്ടുന്നില്ല, പോസ്റ്റ് ഓഫീസിലെ ജീവനക്കാർ സ്റ്റാഫില്ലെന്ന് പറഞ്ഞുകൊണ്ട് നിസ്സഹകരിക്കുന്നു എന്നിങ്ങനെയുള്ള നിരവധി പരാതികൾ കിട്ടിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ചീഫ് പോസ്റ്റ്മാസ്റ്റർ ജനറലടക്കമുള്ളവരെ വിളിച്ചുവരുത്തി സംസാരിച്ചു. അവർ എനിക്കു തന്ന കണക്ക് എനിക്കുപോലും വിശ്വസിക്കാൻ പറ്റിയില്ല. അവർ എല്ലാം നല്ല രീതിയിലാണ് നടക്കുന്നതെന്നാണ് പറയുന്നത്. പക്ഷെ, എവിടെ ചെന്നാലും പെൻഷൻ കിട്ടിയില്ല എന്നുള്ള നിവേദനങ്ങളാണ് ലഭിക്കുന്നത്. അതുകൊണ്ട് ഫിനാൻസ് ഡിപ്പാർട്ടുമെന്റിനോട് ഒരു സാമ്പിൾ സർവ്വേ നടത്താൻ പറഞ്ഞു. സാമ്പിൾ സർവ്വേ നടത്തിയപ്പോൾ പഞ്ചായത്ത് തെരഞ്ഞെടുപ്പ് കഴിഞ്ഞതുവരെയുള്ള കാലയളവിൽ 43% ആളുകൾക്ക് പെൻഷൻ നൽകിയിട്ടില്ലെന്ന് മനസ്സിലായി. അത് ഗുരുതരമായ വീഴ്ചയാണ്. അതിന് മാറ്റം വരുത്തും. ഇലക്ട്രോണിക് മണിയോർഡർ സിസ്റ്റം ഇപ്പോൾത്തന്നെയുണ്ട്. ഇനി ഈ ഗുണഭോക്താക്കൾക്ക് ഓപ്ഷൻ കൊടുക്കാൻ പോകുകയാണ്. അത് നടപ്പാക്കുന്നതിന് ക്യാബിനറ്റ് സബ് കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്, ഇന്ന് ആ കമ്മിറ്റിയുടെ മീറ്റിംഗ് കൂടുകയാണ്. ഇന്ന് വൈകുന്നേരം കൂടുന്ന ക്യാബിനറ്റ് അതംഗീകരിക്കും. ബാങ്ക് അക്കൗണ്ടിൽ വേണ്ടവർക്ക് അങ്ങനെയും മണി ഓർഡർ വേണ്ടവർക്ക് മണി ഓർഡർ, ഏത് ചോയ്സ് വേണം എന്നുള്ളത് അവർക്ക് തീരുമാനിക്കാവുന്നതാണ്. എല്ലാം മണി

ഓർഡറായി അയയ്ക്കാൻ പോയാൽ 4 ആഴ്ചയെടുത്താലേ ഇവിടെനിന്ന് അയയ്ക്കാൻ സാധിക്കുകയുള്ളൂ. അപ്പോൾ ഒരു മാസത്തെ പെൻഷനുവേണ്ടി നാലാഴ്ച എടുക്കുകയെന്നു പറഞ്ഞാൽ അത് പ്രായോഗികമല്ല. അതുകൊണ്ട് ഓപ്ഷൻ അനുസരിച്ച് ഇത് ചെയ്യും. ഈ പെൻഷൻ ലഭിക്കാൻ ഏറ്റവുമധികം അർഹിക്കുന്നവരാണ് അവർ. അവർക്കത് കിട്ടാതിരിക്കുന്നത് വളരെ വേദനാജനകമാണ് എന്ന് പറഞ്ഞതിനോടൊക്കെ യോജിക്കുന്നു. ഇന്നിപ്പോൾ ഫണ്ടിന്റെ പ്രശ്നമല്ല. ഫണ്ട് നമ്മൾ കണ്ടെത്തിയിട്ടും ഇത് കൊടുക്കാൻ സാധിക്കുന്നില്ല. ഞാൻ ഒരു കാര്യം ഈ സഭയ്ക്ക് ഉറപ്പുനൽകാൻ ആഗ്രഹിക്കുകയാണ്. ജീവനക്കാർക്ക് ശമ്പളം കിട്ടുന്നതുപോലെ അതാത് മാസം 15-ാം തീയതി 32 ലക്ഷം പേർക്കും ഈ പെൻഷൻ ലഭ്യമാകുന്ന ഒരു തീരുമാനമാണ് എടുക്കാൻ പോകുന്നത്. അതിന്റെ ഓപ്ഷൻ അവർക്ക് കൊടുത്തു കൊണ്ട് തീരുമാനമുണ്ടാക്കുമെന്ന് വ്യക്തമാക്കാനാഗ്രഹിക്കുന്നു.

<u>ശ്രീ. വി. ശിവൻകുട്ടി:</u> സർ, തീർച്ചയായും ഞാനവതരിപ്പിച്ചതിൽ കുറച്ച് ഗൗരവം അങ്ങ് കണ്ടിട്ടുണ്ടെന്ന് അങ്ങയുടെ മറുപടിയിൽനിന്ന് മനസ്സിലാകുന്നു. അതിലേറ്റവും പ്രധാനപ്പെട്ട പ്രശ്നം, ഗവൺമെന്റ് കുറേ പണം അനുവദിച്ചിട്ടുണ്ട്. ഓരോ വിഭാഗത്തിന്റെ കുടിശ്ശികയുടെ കുറേ കണക്കുകൾ ഞാൻ പറഞ്ഞിരുന്നു. ഡയാലിസിസ് രോഗികൾ, കർഷകത്തൊഴിലാളികൾ, കയർ തൊഴിലാളികൾ, കശുവണ്ടി തൊഴിലാളികൾ അങ്ങനെയുള്ള പാവപ്പെട്ടവരുടെ കാര്യവും പറഞ്ഞു. ഈ കുടിശ്ശികകൂടി, എത്ര രൂപയോ ആയിക്കോട്ടെ, ഒരു തർക്കം വേണ്ട, അങ്ങിപ്പോൾ ഓപ്ഷന്റെ കാര്യം പറഞ്ഞിരുന്നു, അത് സ്വീകരിക്കേണ്ടതാണ്. എല്ലാവർക്കും വീടുകളിൽ എത്തിക്കാൻ പറ്റുമെങ്കിൽ അങ്ങനെ എത്തിക്കുക, ഓപ്ഷൻ വേണ്ടവർക്ക് അത് കൊടുത്തുകൊള്ളൂ. ഈ കുടിശ്ശികകളെല്ലാം എന്ന് കൊടുത്തു തീർക്കാൻ സാധിക്കും?

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> സർ, ഇപ്പോൾത്തന്നെ കുടിശ്ശിക കൊടുത്തുകൊണ്ടിരിക്കുകയാണ്. 1,260 കോടി രൂപ ഓണം കഴിഞ്ഞ് തുടർന്നുള്ള മാസങ്ങളിൽ കൊടുത്തുവെന്ന് പറയുന്നത് അതിനുശേഷമുള്ള മാസങ്ങളിലെ തുക മാത്രമല്ല, കുടിശ്ശികയുടെ ഇൻസ്റ്റാൾമെന്റുകൂടി കൂട്ടിയാണ് കൊടുത്തിരിക്കുന്നത്. ഓരോ മാസവും ഈരണ്ടു മാസത്തെ പെൻഷൻ കൊടുക്കുക, കുടിശ്ശിക തീരുന്നതുവരെ ആ രീതിയിലുള്ള ഒരു പ്രോസസിൽക്കൂടി മുമ്പോട്ടുപോകാനാണ് തീരുമാനിച്ചിരിക്കുന്നത്. കുടിശ്ശിക വളരെയധികം കുറഞ്ഞിട്ടുണ്ട്. ബാക്കി അവശേഷിക്കുന്ന കുടിശ്ശികയും എത്രയും വേഗത്തിൽ പൂർണ്ണമായും കൊടുത്തുതീർക്കുന്നതാണ്.

<u>ശ്രീ. വി. ശിവൻകുട്ടി:</u> സർ, ക്ഷേമപെൻഷൻ നൽകാതെ ശമ്പളം വാങ്ങില്ലെന്ന് അങ്ങ് ഒരു പ്രഖ്യാപനം മുമ്പ് നടത്തിയിട്ടുണ്ട്. നല്ല ഒരു പ്രഖ്യാപനമായിരുന്നു. അതു നമുക്ക്....(മൈക്ക് ഓഫ്)....................

# V സബ്മിഷൻ

## 1. കേസ് സി.ബി.ഐ.-ക്ക് കൈമാറൽ

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, കേരള സംസ്ഥാന കശുവണ്ടി കോർപ്പറേഷൻ നഷ്ടത്തിൽനിന്ന് നഷ്ടത്തിലേയ്ക്കും അതുവഴി പതിനാറായിരത്തോളം വരുന്ന കശുവണ്ടി തൊഴിലാളികളുടെ കുടുംബങ്ങളെ നിത്യ ദാരിദ്ര്യത്തിലേയ്ക്കും തള്ളിവിട്ടിരിക്കുകയാണ്. കശുവണ്ടി കോർപ്പറേഷന്റെ ദുർഭരണവും ധൂർത്തും അഴിമതിയുമാണ് ഇതിന് കാരണം. ഇന്ന് സെക്രട്ടേറിയറ്റിന് മുമ്പിൽ തൊഴിലാളികളുടെ പ്രതിനിധികൾ നിരാഹാര സമരം അനുഷ്ഠിക്കുകയാണ്. ഗവൺമെന്റിന്റെ എല്ലാ നിബന്ധനകളും മാർഗ്ഗനിർദ്ദേശങ്ങളും മറികടന്ന് തോട്ടണ്ടി വാങ്ങിയതുമൂലം കോടിക്കണക്കിന് രൂപയുടെ നഷ്ടമാണുണ്ടായിരിക്കുന്നത്. കഴിഞ്ഞ കുറേ വർഷക്കാലത്തെ തോട്ടണ്ടി വാങ്ങിയതിലെ ക്രമക്കേട് സംസ്ഥാനത്തെ വിവിധ ഏജൻസികൾ അന്വേഷിച്ച് കോടിക്കണക്കിന് രൂപയുടെ ക്രമക്കേട് കണ്ടെത്തിയെങ്കിലും നിയമപരമായി തുടർ നടപടികളെടുക്കുവാൻ സർക്കാർ തയ്യാറാകാത്ത സാഹചര്യം ബോധ്യപ്പെട്ടതിനെത്തുടർന്ന് ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി കശുവണ്ടി വികസന കോർപ്പറേഷനിലെ അഴിമതിയെ സംബന്ധിച്ച് അന്വേഷണം സി.ബി.ഐ.-ക്ക് വിട്ടുകൊടുക്കണമെന്ന് ഉത്തരവിട്ടു. ഈ ഉത്തരവ് വന്നിട്ട് രണ്ടുമാസം കഴിഞ്ഞിട്ടും നാളിതുവരെയായിട്ടും കേസ് സി.ബി.ഐ.-ക്ക് കൈമാറാനോ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് പാലിക്കാനോ സർക്കാർ തയ്യാറായിട്ടില്ല. കേസ് സി.ബി.ഐ-യ്ക്ക് കൈമാറണമെങ്കിൽ കേരള പോലീസിന്റെ എഫ്.ഐ.ആർ. വേണം. അതിനായി ആഭ്യന്തര വകുപ്പുസെക്രട്ടറി കൊല്ലം സിറ്റി പോലീസ് കമ്മീഷണറോട് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാൻ ആവശ്യപ്പെട്ടു. എന്നാൽ ആഭ്യന്തര വകുപ്പുമന്ത്രി ഇടപെട്ട് ഡി.ജി.പി. സെൻകുമാറിനെക്കൊണ്ട് ആഭ്യന്തര വകുപ്പ് സെക്രട്ടറിയുടെ ഉത്തരവ് മരവിപ്പിക്കുകയാണുണ്ടായത്. തന്റെ ഗ്രൂപ്പുകാരനും ഐ.എൻ.റ്റി.യു.സി. നേതാവും സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ ചെയർമാനുമായ ശ്രീ. ആർ. ചന്ദ്രശേഖരനെ രക്ഷപ്പെടുത്താനാണ് ആഭ്യന്തര വകുപ്പുമന്ത്രി ഈ കള്ളക്കളി നടത്തിയത്. ഈ നടപടിയിലൂടെ സി.ബി.ഐ. അന്വേഷണവും അതുസംബന്ധമായ ഹൈക്കോടതി വിധിയും അട്ടിമറിക്കപ്പെട്ടിരിക്കുകയാണ്. അതുപോലെതന്നെ 2015 ആഗസ്റ്റ് മാസത്തിൽ കശുവണ്ടി വികസന കോർപ്പറേഷൻ ഇ-ടെണ്ടർ മുഖേന തോട്ടണ്ടി വാങ്ങിയതിൽ 5 കോടി രൂപയുടെ അഴിമതി നടന്നതായി കാണിച്ച് കൊല്ലം സ്വദേശിയായ കടകംപള്ളി മനോജ് എന്നൊരാൾ സംസ്ഥാന വിജിലൻസ് ഡയറക്ടർക്ക് രേഖാമൂലം പരാതി നൽകി. വിജിലൻസിന് നേരിട്ട് എഫ്.ഐ.ആർ. എടുത്ത്

അന്വേഷണം നടത്താമായിരുന്നിട്ടും ക്വിക്ക് വെരിഫിക്കേഷന് ഉത്തരവിടുകയാണ് ചെയ്തത്. അതുവഴി ക്രിമിനൽ നടപടി നിയമത്തിലെ 154 വകുപ്പും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഉത്തരവും നഗ്നമായി ലംഘിച്ചിരിക്കുകയാണ്. എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാതെ നീട്ടിക്കൊണ്ടു പോകുന്നതുകൊണ്ട് അന്വേഷണ ഉദ്യോഗസ്ഥന്മാർക്ക് രേഖകൾ ശേഖരിക്കുന്നതിനും സെർച്ച്, റെയ്ഡ് എന്നിവ നടത്തുന്നതിനും തെളിവുകൾ പിടിച്ചെടുക്കുന്നതിനും കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. അഴിമതി അന്വേഷണം ഒരു പ്രഹസനമാക്കാനാണ് ഇപ്രകാരം സർക്കാർ ഇടപെട്ടിരിക്കുന്നത്. തൊഴിലാളികളുടെ ജോലി നഷ്ടപ്പെടുന്നതോ സർക്കാരിനും കോർപ്പറേഷനും ഉണ്ടാകുന്ന നഷ്ടമോ ഒന്നും സർക്കാർ കണക്കിലെടുക്കുന്നില്ല. ഈ സാഹചര്യത്തിൽ ഉടൻതന്നെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് കശുവണ്ടി കോർപ്പറേഷനിലെ അഴിമതി അന്വേഷണം സി.ബി.ഐ.യ്ക്ക് വിടാൻ അവസരമൊരുക്കണമെന്നും 2015-ലെ ഇ-ടെണ്ടർ സംബന്ധിച്ച് സംസ്ഥാന വിജിലൻസിനെക്കൊണ്ട് എഫ്.ഐ.ആർ. ഇട്ട് അന്വേഷണം ആരംഭിക്കണമെന്നും ഞാൻ ശക്തിയായി ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ, കേരള ഹൈക്കോടതിയിലെ റിട്ട് പെറ്റീഷൻ നമ്പർ 16144/2014-മേലുള്ള 23-9-2015-ലെ കോടതി വിധിയിൽ സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് Comptroller and Auditor General-ന്റെ കണ്ടെത്തലുകളുടെയും സംസ്ഥാന ധനകാര്യ വകുപ്പിന്റെ പരിശോധനാ റിപ്പോർട്ടുകളുടെയും റിയാബ്, സംസ്ഥാന സർക്കാർ നിയോഗിച്ച എക്സ്പെർട്ട് കമ്മിറ്റി എന്നിവരുടെ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ കോർപ്പറേഷനിലെ കെടുകാര്യസ്ഥതയേയും അഴിമതിയേയുംക്കുറിച്ച് വിശദമായ സി.ബി.ഐ. അന്വേഷണം നടത്താൻ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ 7-10-2015-ലെ മന്ത്രിസഭാ യോഗം ഇതുസംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിക്കാൻ തീരുമാനിച്ചു. പരാമർശ വിഷയം അന്വേഷണത്തിനായി സി.ബി.ഐ.-ക്ക് കൈമാറിക്കൊണ്ട് 30-10-2015-ലെ G.O(MS)No.223/2015/Home SRO No.717/2005 പ്രകാരം നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും 24-11-2015-ലെ 84627/M3/2015 നമ്പർ കത്ത് പ്രകാരം വിജ്ഞാപനം കേന്ദ്രഗവൺമെന്റിന് കൈമാറുകയും ചെയ്തിട്ടുണ്ട്. സി.ബി.ഐ. അന്വേഷണത്തിനുവേണ്ടത് സംസ്ഥാന ആഭ്യന്തര വകുപ്പിന്റെ നോട്ടിഫിക്കേഷനാണ്. ആ നോട്ടിഫിക്കേഷൻ ഇറക്കിയിട്ടുണ്ട്. ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ സി.ബി.ഐ.-യുടെ എറണാകുളം യൂണിറ്റ് പ്രാഥമിക അന്വേഷണം നടത്തുന്നതിനുള്ള നടപടികൾ ഇതിനകംതന്നെ സ്വീകരിച്ചുകഴിഞ്ഞിട്ടുള്ളതാണ്. ഇതുസംബന്ധിച്ചുള്ള പ്രിലിമിനറി എൻക്വയറി രജിസ്ട്രേഷൻ റിപ്പോർട്ട് ആഭ്യന്തര വകുപ്പ് സെക്രട്ടറിക്ക്

ലഭിച്ചിട്ടുണ്ട്. അന്വേഷണം സംബന്ധിച്ച സി.ബി.ഐ. യുടെ റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് ഈ വിവരങ്ങൾ കിട്ടാത്തതുകൊണ്ടാകാം അദ്ദേഹം ഇത് സി.ബി.ഐ.-ക്ക് വിട്ടില്ല എന്നുപറഞ്ഞത്. സി.ബി.ഐ.-ക്ക് വിട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ കാലത്തും ഇപ്പോഴും ഒരേ എൻട്രിതന്നെയാണ് അവിടെ ഉണ്ടായിരുന്നത്. ക്രമക്കേടുണ്ടെങ്കിൽ ആ കാലത്തേത് മുഴുവൻ അന്വേഷിക്കട്ടെ. മാത്രവുമല്ല, കഴിഞ്ഞ 30 വർഷക്കാലമായി freedom with responsibility എന്ന നിലയിൽ എല്ലാ തൊഴിലാളി സംഘടനകളുടെയും പ്രതിനിധികളടങ്ങുന്ന ബോർഡാണ് കശുവണ്ടി കോർപ്പറേഷൻ ഭരിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് എല്ലാപേർക്കും ഇക്കാര്യത്തിൽ ഉത്തരവാദിത്വമുണ്ട്. ഇതെല്ലാം സി.ബി.ഐ. അന്വേഷിക്കുന്നതിൽ കേരള ഗവൺമെന്റിന് യാതൊരു മടിയുമില്ല.

12.00 PM]

അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്ന ആളുകൾ ഭരിച്ച കാലത്ത് എന്ത് നടപടികൾ ഉണ്ടായിട്ടുണ്ടോ അതുപോലെതന്നെയാണ് ഇപ്പോഴും കശുവണ്ടി വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു പോയിട്ടുള്ളത്. അഴിമതി ഉണ്ടായിട്ടുണ്ടെങ്കിൽ അത് കണ്ടുപിടിക്കുന്നതിന് ഗവൺമെന്റിന് യാതൊരു ബുദ്ധിമുട്ടുമില്ല. സി.ബി.ഐ. അന്വേഷിച്ച് കുറ്റക്കാരെ കണ്ടെത്തട്ടെ എന്നു തന്നെയാണ് ഗവൺമെന്റിന്റെ ശക്തമായ നിലപാട്.

## 2. ഹജ്ജ് ക്വാട്ട വർദ്ധിപ്പിക്കൽ

ശ്രീ. കെ. എൻ. എ. ഖാദർ: സർ, കേരളത്തിൽനിന്നും സർക്കാർ ക്വാട്ടയിൽ ഹജ്ജിന് പോകുന്നവരുടെ അംഗസംഖ്യ വർദ്ധിപ്പിക്കണമെന്ന വിഷയം ബഹുമാനപ്പെട്ട സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാനുദ്ദേശിക്കുന്നത്. കേരളത്തിൽനിന്നാണ് ഏറ്റവും കൂടുതൽ ഹജ്ജ് അപേക്ഷകരുള്ളത്. 2015-ൽ 65165 അപേക്ഷകർ ഉണ്ടായിരുന്നു. അത്രയും അപേക്ഷകരിൽ കേന്ദ്ര ഹജ്ജ് കമ്മിറ്റി അനുവദിച്ചത് 5858 പേർക്ക് മാത്രമുള്ള ക്വാട്ടയാണ്. അത്രയും പേർക്ക് മാത്രമേ പോകാൻ സാധിച്ചിട്ടുള്ളൂ. ഇവിടെ രണ്ടുമൂന്നു വർഷങ്ങളായി ക്വാട്ട കുറഞ്ഞു വരികയാണ്. 2011- ൽ 41458 അപേക്ഷകരുണ്ടായിരുന്നു. അന്ന് 8591 പേർക്ക് ഹജ്ജിനു പോകാൻ അവസരം കിട്ടി. എന്നാൽ 2015-ൽ 65165 അപേക്ഷകർ ഉണ്ടായപ്പോൾ കേരളത്തിൽനിന്ന് 6135 പേർക്ക് മാത്രമേ പോകാൻ അവസരം കിട്ടിയിട്ടുള്ളൂ. അപേക്ഷകരുടെ അംഗസംഖ്യ 20000 വർദ്ധിച്ചപ്പോൾ 2000 സീറ്റ് കുറയുകയാണ് ചെയ്തത്. ഇത് വലിയ പ്രശ്നം ഉണ്ടാക്കുന്നുണ്ട്. കേന്ദ്ര ഹജ്ജ് കമ്മിറ്റിയും മിനിസ്ട്രി ഓഫ് എക്സ്റ്റേണൽ അഫയേഴ്സും കണക്കാക്കുന്നത് മുസ്ലീം ജനസംഖ്യയുടെ പ്രൊപ്പോർഷൻ അനുസരിച്ചുള്ള സീറ്റെന്നാണ്. എന്നാൽ

യഥാർത്ഥത്തിൽ അപേക്ഷകരുടെ അംഗസംഖ്യയ്ക്ക് ആനുപാതികമായി ഇത് തീരുമാനിക്കപ്പെട്ടാൽ കുറച്ചുകൂടി ക്വാട്ട കിട്ടാനുള്ള സാധ്യതയുണ്ട്. അതുകൊണ്ട് ഈ ക്വാട്ട വർദ്ധിപ്പിച്ചുകിട്ടുന്നതിന് അടിയന്തരമായി നടപടികൾ സ്വീകരിക്കണം. ഹജ്ജ് കാര്യങ്ങളുടെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിയും കേരള ഗവൺമെന്റും കേന്ദ്ര ഹജ്ജ് കമ്മിറ്റിയിലും സർക്കാരിലും ഇതിനാവശ്യമായ സമ്മർദ്ദം ചെലുത്തി അഞ്ച് വർഷം തുടർച്ചയായി അപേക്ഷിച്ചിട്ടുള്ള മുഴുവൻ ആളുകൾക്കും ഹജ്ജിന് പോകുന്നതിനുള്ള അവസരം നൽകണം. അഞ്ച് വർഷം തുടർച്ചയായി അപേക്ഷിച്ചിട്ടും അവസരം ലഭിക്കാത്ത എണ്ണായിരത്തോളം ആളുകളുണ്ട്. അതുകൊണ്ട് ക്വാട്ട വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, രാജ്യത്തിന് കിട്ടുന്ന മൊത്തം എണ്ണത്തിൽനിന്ന് അപേക്ഷകൾ കൂടുതലുള്ള സ്ഥലത്ത് കൂടുതൽ ക്വാട്ട കൊടുക്കണമെന്നതേതും നമ്മുടെ ഡിമാന്റായിരുന്നു. കാരണം, കേരളത്തിലാണ് ഏറ്റവും കൂടുതൽ ഹജ്ജ് അപേക്ഷകർ വരുന്നത്. പക്ഷെ ഇതുവരെ കേന്ദ്ര ഗവൺമെന്റ് ആ നയം സ്വീകരിച്ചിട്ടില്ല. ജനസംഖ്യാനുപാതികമായാണ് ക്വാട്ട കൊടുക്കുന്നത്. അങ്ങനെ വരുമ്പോൾ കേരളത്തിൽനിന്ന് അപേക്ഷിക്കുന്നവരുടെ എത്രയോ ചെറിയൊരു ശതമാനം ആളുകൾക്കുമാത്രമേ ഹജ്ജ് കമ്മിറ്റി മുഖാന്തിരം ഹജ്ജിന് പോകാൻ അവസരം ലഭിക്കുന്നുള്ളൂ. 70 വയസ്സായവർക്കും 4-5 പ്രാവശ്യം അപേക്ഷിച്ചവർക്കും നറുക്കെടുപ്പില്ലാതെ മുൻഗണന കൊടുക്കുന്നുണ്ട്. എന്തായാലും അപേക്ഷയുടെ അടിസ്ഥാനത്തിൽ പ്രൊപ്പോർഷണേറ്റായി ക്വാട്ട കൊടുത്താൽ മാത്രമേ കേരളത്തിൽനിന്ന് കൂടുതൽ ആളുകൾക്ക് പോകാൻ കഴിയുകയുള്ളൂ. തീർച്ചയായും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അതിനുള്ള ശ്രമം തുടരും. ഇത്തവണ ഒന്നുകൂടി വളരെ സീരിയസ്സായി ആ കാര്യം നോക്കുന്നതാണ്.

### 3. കർഷകർക്ക് നഷ്ടപരിഹാരം

ശ്രീ. മോൻസ് ജോസഫ്: സർ, കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകരുടെ പ്രശ്നമാണ് ഞാൻ സബ്മിഷനിലൂടെ ഉന്നയിച്ചിരിക്കുന്നതെങ്കിലും ഇത് കടുത്തുരുത്തി മണ്ഡലത്തിൽ മാത്രമല്ല, സംസ്ഥാനത്തൊട്ടാകെ 2013-14-ലും 2014-15-ലും കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ കേന്ദ്ര ഗവൺമെന്റ് എടുത്ത പുതിയ തീരുമാനംമൂലം കഴിയാതെ നിൽക്കുകയാണ്. ഈ പ്രശ്നം കഴിഞ്ഞ സഭയിലും ഞാനും വിവിധ എം.എൽ.എ.മാരും ഉന്നയിച്ചതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാന ഗവൺമെന്റ് നല്ലൊരു തീരുമാനം ഇവിടെ എടുക്കുകയുണ്ടായി. അതിനെ സ്വാഗതം ചെയ്യുകയാണ്. കാരണം, കേന്ദ്ര ഗവൺമെന്റ് വാഴക്ക് 100

രൂപ നഷ്ടപരിഹാരം കൊടുത്തിരുന്നത് 5 രൂപയായി ചുരുക്കിയപ്പോൾ കേരളത്തിലെ കർഷകനാണ് ഏറ്റവും കൂടുതൽ ദുരിതം ഉണ്ടായത്. എല്ലാ കാർഷിക വിളകൾക്കും കേന്ദ്ര ഗവൺമെന്റ് ഈ നിലയിൽ പുതിയ മാനദണ്ഡം നിശ്ചയിച്ചു. നമുക്ക് യാതൊരു പ്രയോജനവും ലഭിച്ചില്ല. കർഷകന് ആശ്വാസകരമാണെന്ന് പറയുമ്പോഴും അവരെ അപമാനിക്കുന്നതിന് തുല്യമാകുന്ന നിലയിലേയ്ക്ക് ഇത് മാറിയെന്നുള്ളതുകൊണ്ട് സംസ്ഥാന ഗവൺമെന്റുതന്നെ നഷ്ടപരിഹാരം കൊടുക്കാനുള്ള നല്ലൊരു തീരുമാനമെടുത്തു. എന്നാൽ ഇതുവരെ അത് കൊടുക്കുന്നതിന് നടപടി ആരംഭിച്ചിട്ടില്ല. സംസ്ഥാനത്തൊട്ടാകെ ഈ ബുദ്ധിമുട്ട് നിലനിൽക്കുകയാണ്. 2-3 വർഷക്കാലത്തെ കുടിശ്ശിക കർഷകർക്ക് കൊടുക്കാൻ കിടക്കുകയാണ്. അതുകൊണ്ട് എല്ലാ പ്രദേശങ്ങളിലുമുള്ള കൃഷിക്കാരുടെ വികാരം കണക്കിലെടുത്ത് സംസ്ഥാന ഗവൺമെന്റ് എത്രയും പെട്ടെന്ന് കൃഷിനാശം സംഭവിച്ച കർഷകർക്ക് അടിയന്തരമായി പഴയ നിരക്കിലുള്ള തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രിക്കുവേണ്ടി ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, 2013-14-ൽ കടുത്തുരുത്തി മണ്ഡലത്തിലുള്ള ഉഴവൂർ ബ്ലോക്കിലെ കർഷകർക്ക് ലഭിക്കാനുള്ള 12,43,527 രൂപ കഴിഞ്ഞ സാമ്പത്തിക വർഷം നൽകിയിട്ടുണ്ട്. മാഞ്ഞൂർ കൃഷിഭവനിലെ നെൽകൃഷി നശിച്ചതിന്റെ ധനസഹായമായ 6,23,970 രൂപ മാത്രം ഫണ്ട് ലഭ്യത കുറവുമൂലം നൽകുവാൻ സാധിച്ചിട്ടില്ല. ഇവിടെ ബഹുമാനപ്പെട്ട മോൻസ് ജോസഫ് ചൂണ്ടിക്കാണിച്ചതു പോലെ പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷി നാശത്തിന് 11-6-2012-ലെ ഉത്തരവു പ്രകാരം 1-4-2012 മുതൽ പ്രാബല്യത്തിൽ നിശ്ചയിച്ചിരുന്ന നിരക്കിൽ സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് സെന്ററിൽ നിന്നാണ് ധനസഹായം നൽകിയിരുന്നത്. അതാത് കാലത്ത് കേന്ദ്രഗവൺമെന്റ് നിശ്ചയിക്കുന്ന മാനദണ്ഡമനുസരിച്ചാണ് എസ്.ഡി.ആർ.എഫ്. -ൽ നിന്നും ഫണ്ട് നൽകുന്നത്. എസ്.ഡി.ആർ.എഫ്. മാനദണ്ഡം കേന്ദ്രഗവൺമെന്റ് പരിഷ്കരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 1-3-2013 മുതൽ പ്രാബല്യത്തിൽ വരികയുമുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ഈ ഉത്തരവു പ്രകാരം സംസ്ഥാന ഗവൺമെന്റ് നിശ്ചയിച്ച ആ നിരക്കിൽ കേന്ദ്ര ഗവൺമെന്റ് കുറവ് വരുത്തി. എന്നു മാത്രമല്ല, സംസ്ഥാനങ്ങൾ ഉൾപ്പെടുത്തിയ വിളകളെയും കേന്ദ്രം ഒഴിവാക്കി. ഇതുമൂലം കടുത്തുരുത്തി മണ്ഡലത്തിൽ മാത്രമല്ല, കേരളത്തിന്റെ കാർഷികമേഖലയിൽ മുഴുവനും ഗുരുതരമായ പ്രയാസം ഉണ്ടായിട്ടുണ്ട്. അത് കണക്കിലെടുത്തുകൊണ്ട് ഇതിന് സംസ്ഥാന ഗവൺമെന്റ് നിശ്ചയിച്ച നിരക്കിൽ എല്ലാ വിളകൾക്കും ആവശ്യമായ ഫണ്ട് കൊടുക്കാൻവേണ്ടി കൃഷി വകുപ്പിന്റെ ഫണ്ടിൽ നിന്നും തുക അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് 1-4-2013-ൽ പ്രാബല്യത്തിൽ വരുമെന്ന് അറിയിക്കുകയാണ്.

## 4. കെ.എസ്.ആർ.ടി.സി. റൂട്ട്/സർവ്വീസുകൾ വർദ്ധിപ്പിക്കൽ

ശ്രീ. ആർ. സെൽവരാജ്: സർ, കേരളത്തിന്റെ തെക്കേയറ്റമായ നെയ്യാറ്റിൻകരയിൽ കെ.എസ്.ആർ.ടി.സി.-യെ മാത്രം ആശ്രയിച്ചാണ് യാത്രക്കാർ സഞ്ചരിക്കുന്നത്. വളരെ വരുമാനമുള്ളതും വളരെക്കാലത്തെ പഴക്കമുള്ളതുമായ ഡിപ്പോയാണ് നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ഡിപ്പോ. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഉണ്ടായിരുന്ന റൂട്ടുകളിലും സർവ്വീസുകളിലും മാസങ്ങൾ കഴിയുന്തോറും കുറവുവരുന്നതായി കാണുന്നു. വളരെ വരുമാനമുള്ള ഡിപ്പോ എന്ന നിലയ്ക്ക് റൂട്ടിലും സർവ്വീസിലുമുണ്ടാകുന്ന കുറവ് ചില സ്ഥാപിത താത്പര്യക്കാരുടെ രാഷ്ട്രീയ ലക്ഷ്യം നിറവേറ്റുന്നതിനുവേണ്ടിയാണ് നടന്നുവരുന്നത്. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് വളരെ ഗൗരവമായി പരിശോധിച്ച് സർവ്വീസിലുണ്ടായ കുറവും റൂട്ടിലുണ്ടായ കുറവും പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, പ്രസ്തുത ഡിപ്പോയിൽ 2015 ഡിസംബറിൽ ജൻറം ഷെഡ്യൂൾ പത്തായും കെ.എസ്.ആർ.ടി.സി. ഷെഡ്യൂൾ നൂറായും വർദ്ധിപ്പിച്ചിട്ടുണ്ട്. ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് നിലവിൽ പത്ത് ജൻറം ബസ്സുകളും 87 കെ.എസ്.ആർ.ടി.സി. ബസ്സുകളുമാണുള്ളത്. 2011 കാലയളവിൽ പ്രതിദിനം ശരാശരി 74 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തിരുന്നിടത്ത് ഇപ്പോൾ 80 സർവ്വീസുകൾ ശരാശരി നടത്തിവരുന്നുണ്ട്. ഈ കാലയളവിൽ ടി ഡിപ്പോയിലെ 32 ബസ്സുകൾ സ്റ്റോപ്പ് ചെയ്യുകയും 5 ജൻറം ബസ്സുകൾ ഉൾപ്പെടെ 22 പുതിയ ബസ്സുകളും മറ്റ് ഡിപ്പോകളിൽ നിന്ന് 11 ബസ്സുകളും നെയ്യാറ്റിൻകര ഡിപ്പോയിലേക്ക് അനുവദിക്കുകയുമുണ്ടായി. സ്റ്റോപ്പ് ചെയ്യുന്നതിന് തുല്യമായ ബസ്സുകളേക്കാൾ അധികമായി ഒരു ബസ്സുകൂടി അവിടെ നൽകിയിട്ടുണ്ട്. നിലവിൽ എല്ലാ ഷെഡ്യൂളുകളും ഓപ്പറേറ്റ് ചെയ്യുന്നതിന് സ്പെയർപാർട്ട്സ് ഉൾപ്പെടെ 23 ബസ്സുകൾ കൂടി ആവശ്യമാണ്. എന്നാൽ നെയ്യാറ്റിൻകര ഡിപ്പോയുടെ സമഗ്ര വികസനത്തിനു വേണ്ടി അത്യാധുനിക വാണിജ്യ സമുച്ചയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നതിനാൽ വാഹനങ്ങളുടെ പരിപാലനത്തിനുംമറ്റും വളരെ ബുദ്ധിമുട്ടുണ്ടായിട്ടുണ്ട്. വാണിജ്യ സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നതിനാൽ അടുത്തമാസംതന്നെ ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുകയാണ്. അതുകഴിഞ്ഞാൽ ഈ പ്രശ്നത്തിന് പരിഹാരമാകും.

## 5. ഭൂമിയുടെ കരം സ്വീകരിക്കൽ

ശ്രീ. എം. ഉമ്മർ: സർ, മഞ്ചേരി നിയോജകമണ്ഡലത്തിലെ ഏറനാട് താലൂക്കിൽ 156 കുടുംബങ്ങൾ നിയമാനുസൃതം രജിസ്റ്റർ ചെയ്ത് ക്രയവിക്രയം നടത്തിയ ഭൂമിയുടെ കരം സ്വീകരിക്കാത്തതുകൊണ്ട് ആ കുടുംബങ്ങൾക്കുണ്ടായ പ്രശ്നം

ബഹുമാനപ്പെട്ട മന്ത്രിയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽ കൊണ്ടു വരുന്നതിനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി പഴശ്ശിരാജയുമായി ചേർന്ന് ബ്രിട്ടീഷുകാർക്കെതിരെ സമരം ചെയ്തതിനെ തുടർന്ന് മഞ്ചേരി അത്തൻകുട്ടിക്കുരുക്കൾ എന്നയാളെ 1800-ൽ ബ്രിട്ടീഷുകാർ വധിക്കുകയും വസ്തുവകകൾ സർക്കാരിലേക്ക് കണ്ടുകെട്ടുകയും ചെയ്തു. ഇത് B1/5991/2000-ൽ തഹസീൽദാരുടെ റിപ്പോർട്ടിൽ പറഞ്ഞ ഭാഗമാണ്. തുടർന്ന് കണ്ടുകെട്ടിയ ഭൂമിക്ക് ഒരു ജൻമവില നിശ്ചയിക്കുകയും എട്ട് ഗഡുക്കളായി ഗവൺമെന്റിലേക്ക് അടവാക്കിക്കൊള്ളാമെന്ന വ്യവസ്ഥയിൽ പതിച്ചുകൊടുക്കുകയും 1964-ൽ കൈവശത്തിന് ഗവൺമെന്റ് കൈച്ചീട്ട് എഴുതിവാങ്ങുകയും 1968-ൽ കൈച്ചീട്ട് പ്രകാരമുള്ള സംഖ്യ അടവാക്കുകയും ചെയ്തു. 1990-91 വർഷം മുതൽ അടിസ്ഥാന ഭൂനികുതി നിരക്കിൽ പലവക ശീർഷകത്തിൽ അടിസ്ഥാന ഭൂനികുതി നിരക്കിൽ സംഖ്യ സ്വീകരിച്ചുവരികയും ചെയ്തു. കൂടാതെ 2010 വരെ 156 കുടുംബങ്ങളിൽ നിന്നും ഭൂനികുതി സ്വീകരിച്ചുവരികയും ചെയ്തിരുന്നു. എന്നാൽ 2010-ന് ശേഷം ഭൂനികുതി സ്വീകരിക്കാത്തതുകൊണ്ട് പ്രസ്തുത കുടുംബങ്ങൾക്ക് ബാങ്കിൽ നിന്ന് വായ്പ എടുക്കുന്നതിനോ ഭൂമിയുടെ ക്രയവിക്രയം ചെയ്യുന്നതിനോ സാധിക്കുന്നില്ല. ആയതിനാൽ നൂറ്റാണ്ടുകളായി ഭൂമി കൈവശംവച്ച് അനുഭവിച്ചു കൊണ്ടിരിക്കുന്ന പ്രസ്തുത 156 കുടുംബങ്ങളിൽ നിന്ന് ഭൂനികുതി സ്വീകരിക്കുന്നതിന് നടപടിയുണ്ടാകണം. റവന്യൂ വകുപ്പ് ഉദ്യോഗസ്ഥരുടെ റിപ്പോർട്ട് പൂർണ്ണമായും ശരിയല്ലെന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ട് 156 കുടുംബങ്ങളുടെ മീറ്റിംഗ് പ്രത്യേകം നടത്തി അവരുടെ പ്രശ്നങ്ങൾ സത്യസന്ധമായി വിലയിരുത്തി രേഖകൾ പരിശോധിച്ച് ബഹുമാനപ്പെട്ട മന്ത്രി ഒരു അദാലത്ത് നടത്തി അവരുടെ പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിൽ പയ്യനാട് വില്ലേജിൽ സർവ്വേ നമ്പരുകൾ 8, 11, 12, 16, 17, 21, 23, 47, 52, 55, 57, 64, 70, 72, 77, 81, 272, 325, 341, 473 ഉൾപ്പെട്ട 36.49 ഏക്കർ ഭൂമി റീസർനേവ്വേ സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം 1933 മുതൽ B.P. Mis. 3488-ൽ വർഷംതോറും പാട്ടം ഏൽപ്പിച്ചുകൊടുക്കുന്ന ഭൂമിയെന്നും കാണിച്ചിട്ടുണ്ട്. പുറമ്പോക്ക് രജിസ്റ്ററിൽ റവന്യൂ സത്രം ഭൂമിയെന്നും റവന്യൂ രജിസ്റ്ററിൽ ഗവൺമെന്റെന്നും രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയാണ്. ഇപ്രകാരം മേൽപ്പടി ഭൂമി KLC Act 1957 - ബാധകമായ ഭൂമിയാണ്. 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂപതിവ് ചട്ടങ്ങൾ പ്രകാരം മുൻസിപ്പൽ പ്രദേശങ്ങളിൽ പത്ത് സെന്റ് ഭൂമി വരെ മാത്രമേ പതിച്ചു നൽകാൻ വ്യവസ്ഥയുള്ളൂ. പ്രസ്തുത കേസിൽ കൈവശക്കാരുടെ കൈവശം പത്ത് സെന്റിൽ കൂടുതൽ ഭൂമിയുള്ളതിനാലും സൗജന്യമായി മുനിസിപ്പൽ അതിർത്തിയിൽ ഭൂമി പതിച്ചു നൽകുന്നത് ദൂരവ്യാപകമായ ഭവിഷ്യത്തും കീഴ്വഴക്കവും ഉളവാക്കുമെന്നതിനാലും

സത്രം ഭൂമി പതിവ് നിർദ്ദേശം പരിഗണിക്കാൻ നിർവ്വാഹമില്ലാത്തതാണ്. 8-7-2009-ലെ റവന്യൂ വകുപ്പിൽ നിന്നുമുള്ള കത്ത് പ്രകാരം മേൽപ്പടി ഭൂമി കയ്യേറ്റം ഒഴിപ്പിച്ച് ഭൂമി സംരക്ഷിക്കുന്നതിനായി ലാന്റ് ബാങ്കിലുൾപ്പെടുത്തുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽ നിർദ്ദേശത്തിനുശേഷം സത്രം ഭൂമിക്ക് ഭൂനികുതി ഈടാക്കൽ മേൽപ്പടി സാമ്പത്തിക വർഷം മുതൽ നിർത്തി വച്ചിട്ടുള്ളതാണ്. മേൽപ്പടി ഭൂമിയുടെ ഒരു ഭാഗം മഞ്ചേരി പാണ്ടിക്കാട് റോഡ് വികസനത്തിന് പൊന്നും വിലയ്ക്കെടുത്ത നടപടിയിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP (C) 29902/15 നമ്പരായി വ്യവഹാരം നിലനിൽക്കുന്നതുമാണ്. ഈ വിഷയത്തിൽ സത്രം ഭൂമിയുടെ കൈവശക്കാർ റവന്യൂ അദാലത്തിൽ സമർപ്പിച്ച അപേക്ഷയിന്മേൽ ജില്ലാ കളക്ടർ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത് ലാന്റ് റവന്യൂ കമ്മീഷണറുടെ പരിശോധനയിലാണ്. ഇങ്ങനെയാണ് റിപ്പോർട്ട് വന്നിട്ടുള്ളതെങ്കിലും ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതനുസരിച്ച് ഇക്കാര്യങ്ങൾ പരിശോധന നടത്തുന്നതിനുവേണ്ടി ഒരു മീറ്റിംഗ് വിളിച്ചുചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## 6. വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജിൽ കോഴ്സ് ആരംഭിക്കൽ

ശ്രീ. എ. കെ. ബാലൻ: സർ, സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ മികച്ച സ്ഥാപനമായ NTTF (Nettur Technical Training Foundation)-ഉം പട്ടികജാതി വികസന വകുപ്പും സംയുക്തമായി ആരംഭിച്ച സ്ഥാപനമാണ് എന്റെ മണ്ഡലത്തിലെ വടക്കാഞ്ചേരി കമ്മ്യൂണിറ്റി കോളേജ്. 2012-ലാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽ കുമാർ ഇതിന്റെ പ്രവർത്തനോദ്ഘാടനം നിർവ്വഹിച്ചത്. ഞാൻ വകുപ്പുമന്ത്രിയായിരുന്ന കാലഘട്ടത്തിലായിരുന്നു ഇതിന്റെ ഔപചാരികമായ തീരുമാനമുണ്ടായത്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് Certificate Programme in Precision Machinist (CPPM) എന്ന കോഴ്സാണ് ഇപ്പോൾ നടത്തുന്നത്. ആധുനിക വ്യവസായശാലകളിലെ യന്ത്രസാമഗ്രികളും മറ്റ് ഉപകരണങ്ങളും പ്രവർത്തിപ്പിക്കുന്നതിനുള്ള അറിവും പ്രാവീണ്യവും നൽകുന്നതാണ് ഈ കോഴ്സ്. 20 പേർക്കാണ് പ്രവേശനം. കഴിഞ്ഞ മൂന്ന് വർഷവും പ്രവേശനം ലഭിച്ച എല്ലാ വിദ്യാർത്ഥികൾക്കും കർണ്ണാടകയിലും തമിഴ്നാട്ടിലും ജോലികിട്ടി. 20,000-25,000 രൂപ ശമ്പളമാണ് തുടക്കത്തിൽ ലഭിക്കുന്നത്. നിലവിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന് സ്വന്തമായി കെട്ടിടമില്ലാത്തതുകൊണ്ട് കെട്ടിടം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. 185 സെന്റ് സ്ഥലം പട്ടികജാതി വികസന വകുപ്പിന് കൈമാറുന്നതിന് റവന്യൂ വകുപ്പും ഇപ്പോൾ തയ്യാറായിട്ടുണ്ട്. എന്നാൽ പരിശീലനം നൽകുന്ന ഇൻകുബേറ്റിംഗ് ഏജൻസിയായ NTTF-ഉം സർക്കാരുമുണ്ടാക്കിയിട്ടുള്ള MoU-ന്റെ കാലാവധി 2015 ആഗസ്റ്റിൽ അവസാനിച്ചു. പുതിയ MoU അംഗീകരിക്കാത്തതിനാൽ ജൂണിൽ തുടങ്ങേണ്ട ക്ലാസ് ഇതുവരെ

ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. നൂറോളം കുട്ടികൾ അപേക്ഷ നൽകി കാത്തിരിക്കുകയാണ്. ഇത്തരത്തിലുള്ള ഒരു സ്ഥാപനം കേരളത്തിൽ വേറെയില്ല. വളരെ സാധ്യതയുള്ള സ്ഥാപനമാണിത്. അതുകൊണ്ട് MoU പുതുക്കുന്നതിനുള്ള നിർദ്ദേശം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സർക്കാരിന് നൽകിയിരുന്നു. 5 പ്രാവശ്യം റിമൈൻഡറും കൊടുത്തിരുന്നു. എന്നിട്ടും ഇതുവരെയും ഇക്കാര്യത്തിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല. പാവപ്പെട്ട പട്ടികജാതി വിഭാഗത്തിലുള്ള കുട്ടികൾക്ക് വിദഗ്ദ്ധ പരിശീലനവും പ്ലേസ്മെന്റും ലഭിക്കുന്ന പട്ടികജാതി വികസന വകുപ്പിന്റെ സംസ്ഥാനത്തെ ഏക കമ്മ്യൂണിറ്റി കോളേജാണിത്. അതുകൊണ്ട് ഇൻകുബേറ്റിംഗ് ഏജൻസിയുമായുള്ള MoU പുതുക്കാനും ഈ വർഷത്തെ പരിശീലനം ആരംഭിക്കാനും ബഹുമാനപ്പെട്ട മന്ത്രി നടപടിയെടുക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. അനുകൂല മറുപടിയുണ്ടാകുമെന്ന പ്രതീക്ഷയോടുകൂടി സബ്മിഷൻ അവതരിപ്പിക്കുന്നു.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, പാലക്കാട് ജില്ലയിലെ വടക്കാഞ്ചേരിയിൽ പട്ടികജാതി വിദ്യാർത്ഥികൾക്കായി ഒരു കമ്മ്യൂണിറ്റി കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച് 12-5-2011-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് 12-12-2011-ലെ ഉത്തരവ് പ്രകാരം ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ (NTTF)-ന് ഇൻകുബേറ്റിംഗ് ഏജൻസിയായി നിശ്ചയിച്ച് മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി വിവിധ ഡിപ്ലോമ സർട്ടിഫിക്കറ്റ് കോഴ്സുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിരുന്നു. കമ്മ്യൂണിറ്റി കോളേജിന്റെ പ്രവർത്തനസ്ഥിരത കൈവരിക്കുന്ന മുറയ്ക്ക് NTTF-നെ മെന്റർ ഏജൻസിയായി തുടരാൻ അനുവദിച്ച് കമ്മ്യൂണിറ്റി കോളേജിന്റെ തുടർപ്രവർത്തനങ്ങൾ പട്ടികജാതി വികസന വകുപ്പ് ഏറ്റെടുത്ത് നടത്തണമെന്ന കാര്യവും ടി ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇപ്രകാരം പാലക്കാട് ജില്ലയിലെ തരൂർ നിയോജക മണ്ഡലത്തിലെ വടക്കാഞ്ചേരിയിൽ പ്രവർത്തനമാരംഭിച്ച കമ്മ്യൂണിറ്റി കോളേജ് നിലവിൽ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ഏകദേശം കണ്ടെത്തിക്കഴിഞ്ഞു. അതോടൊപ്പം തന്നെ അവിടെ കെട്ടിട നിർമ്മാണവും ഉടൻ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുകയാണ്. കമ്മ്യൂണിറ്റി കോളേജിന്റെ നടത്തിപ്പ് സർക്കാർ NTTF-മായി ഒപ്പിട്ടിട്ടുള്ള ധാരണപ്രകാരമാണ് നടന്നിരുന്നത്. മൂന്നുവർഷത്തെ ധാരണാപത്രമാണ് ഉണ്ടായിരുന്നത്. ചില കാരണങ്ങൾ കൊണ്ട് അത് പുതുക്കാൻ കഴിഞ്ഞിട്ടില്ല. എങ്കിലും ഈയൊരു സ്ഥാപനത്തിന്റെ കാര്യത്തിൽ, NTTF-മായുള്ള ധാരണാപത്രം പുതുക്കിക്കൊണ്ട് അവിടെ ആവശ്യമായ കുട്ടികളെ പഠിപ്പിക്കുവാനുള്ള നടപടി ഈ വർഷം തന്നെയുണ്ടാകുമെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

## 7. കോങ്ങാട്-കാഞ്ഞിക്കുളം റോഡിന്റെ ശോച്യാവസ്ഥ

ശ്രീ. കെ. വി. വിജയദാസ്: സർ, കോങ്ങാട് നിയോജകമണ്ഡലത്തിലെ കോങ്ങാട്-കാഞ്ഞിക്കുളം റോഡ് 6 കി.മീ. ദൈർഘ്യമുള്ളതാണ്. പാലക്കാട്-പെരിന്തൽമണ്ണ റോഡിൽനിന്നും പാലക്കാട്-മണ്ണാർക്കാട് റോഡിലേക്ക് പോകാനുള്ള ഏക റോഡ് കൂടിയാണ് കോങ്ങാട്-കാഞ്ഞിക്കുളം റോഡ്. ഇപ്പോൾ ആ റോഡിന്റെ രണ്ട് സൈഡിലുമുള്ള മണ്ണ് ഒലിച്ചുപോയി ചാലായി മാറിയിരിക്കുകയാണ്. ഇതുകാരണം വാഹനങ്ങൾക്ക് സൈഡ് കൊടുക്കാൻ പോലും കഴിയുന്നില്ല. മാത്രമല്ല, വലിയ തോതിലുള്ള കുഴികൾ രൂപപ്പെടുകയും ചെയ്തതുകൊണ്ട് വാഹന ഗതാഗതം ദുഷ്കരമായിരിക്കുകയാണ്. ഒരാഴ്ച കൊണ്ട് അവിടെ നാലു വാഹന അപകടങ്ങളാണ് സംഭവിച്ചത്. മാത്രമല്ല, സൈഡ് കൊടുക്കാത്തതുകാരണം വാഹന ഉടമസ്ഥർ തമ്മിലുള്ള വഴക്കും ആ പ്രദേശത്ത് നിത്യസംഭവമായി മാറി. അതുകൊണ്ട് അടിയന്തരമായി 25 ലക്ഷം രൂപയെങ്കിലും അനുവദിച്ച് റോഡിന്റെ മെയിന്റനൻസ് നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ബഹുമാനപ്പെട്ട അംഗം പരാമർശിച്ച റോഡിന് 5.3 കി.മീ. ദൈർഘ്യമുണ്ട്. ഈ റോഡിൽ 3 കി.മീ. ദൂരം 5.5 മീറ്റർ വീതിയിൽ ടാറിംഗ് പ്രവൃത്തി കഴിഞ്ഞ വർഷം പൂർത്തിയാക്കിയതാണ്. ബാക്കി വരുന്ന 2 കി.മീ. ദൂരം നിലവിൽ 3 മീറ്റർ വീതി മാത്രമാണുള്ളത്. നിശ്ചിതഭാഗം 5.5 മീറ്റർ വീതികൂട്ടി പുനർനിർമ്മാണം നടത്തിയാൽ മാത്രമേ മേൽ പരാതിക്ക് പരിഹാരമാകുകയുള്ളൂ. പ്രസ്തുത റോഡിന്റെ വീതി തീരെ കുറവായതിനാൽ തുറന്ന അഴുക്കുചാലിനുപകരമായി ഐറിഷ് ഡ്രെയിൻ സംവിധാനമേ ഫലപ്രദമാകുകയുള്ളൂ. ഈ ഡ്രെയിനേജ് സംവിധാനം ഏർപ്പെടുത്തി റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ. ആവശ്യപ്പെട്ട പ്രകാരം 25 ലക്ഷം രൂപ ഉടൻ അനുവദിക്കുന്നതാണ്.

## 8. കാരുണ്യ ഡയാലിസിസ് സെന്ററിന്റെയും ട്രോമാ കെയർ യൂണിറ്റിന്റെയും പ്രവർത്തനം

ശ്രീമതി പി. അയിഷാ പോറ്റി: സർ, കൊട്ടാരക്കര താലൂക്കാശുപത്രിയിലെ സൗകര്യങ്ങളെ സംബന്ധിച്ചാണ് എനിക്ക് ഇവിടെ ഉന്നയിക്കാനുള്ളത്. കൊട്ടാരക്കര താലൂക്കാശുപത്രിയിൽ കാരുണ്യ ഡയാലിസിസ് സെന്ററുകൾ 6 യൂണിറ്റ് അനുവദിച്ചിട്ട് കുറേ നാളുകളായി. എന്നാൽ യാതൊരു തുടർനടപടികളും സ്വീകരിക്കാത്തതു കാരണം ഇതുവരെ തുടങ്ങാനാവാത്ത സ്ഥിതിയാണുള്ളത്. എം.സി. റോഡും എൻ.എച്ച്. റോഡും സന്ധിക്കുന്ന പ്രധാന പട്ടണമായ കൊട്ടാരക്കരയിലെ താലൂക്കാശുപത്രിയിൽ 3 കോടിയിലധികം രൂപ മുടക്കി കെട്ടിടം പണിയടക്കം

ട്രോമാ കെയർ യൂണിറ്റിനുവേണ്ട എല്ലാ സൗകര്യങ്ങളുമൊരുക്കിയിട്ട് നാളുകൾ കുറേയായി. അവിടെ ട്രോമാ കെയർ സംവിധാനം പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണം. ഈ പ്രദേശത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ടും പശ്ചാത്തല സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ടും അനുവദിച്ച കാരുണ്യ ഡയാലിസിസ് യൂണിറ്റുകൾ അടിയന്തരമായി ആരംഭിക്കണം. കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-നെയാണ് ഇത് ഏൽപ്പിച്ചിരിക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അവർക്ക് കഴിയില്ലെങ്കിൽ നല്ലൊരു ഏജൻസിയെ ഏല്പിച്ച് നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള ആ ബ്ലോക്കിൽ ട്രോമാ കെയർ യൂണിറ്റ് തുടങ്ങുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്നാണ് എന്റെ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, കൊട്ടാരക്കര താലൂക്കാശുപത്രിയിൽ കാരുണ്യ ബെനവലന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി 5-2-2013-ൽ ഡയാലിസിസ് യൂണിറ്റ് അനുവദിച്ച് ഉത്തരവായി. തുടർന്ന് ഈ യൂണിറ്റിനാവശ്യമായ എസ്റ്റിമേറ്റ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന ടാക്സസ് വകുപ്പിന്റെ അനുമതിക്കായി സമർപ്പിച്ചുവെങ്കിലും അനുമതി ലഭ്യമായിട്ടില്ല. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് കെ.എം.എസ്.സി.എൽ. മുഖേന തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. കേരളത്തിൽ 27 ഡയാലിസിസ് സെന്ററുകൾ അനുവദിച്ചിട്ടുണ്ട്. ഇത് പൊതുവായിട്ടുള്ള ഒരു പ്രശ്നമാണ്. ഇത് സംബന്ധിച്ച് ഇന്ന് ബഹു. മുഖ്യമന്ത്രി ഒരു മീറ്റിംഗ് വിളിച്ചിട്ടുണ്ട്. അതിലേക്കുവേണ്ടുന്ന നടപടികൾ ഇന്നുതന്നെ സ്വീകരിക്കുന്നതാണ്. 14-8-2009-ലെ സർക്കാർ ഉത്തരവ് പ്രകാരം കൊട്ടാരക്കര താലൂക്കാശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റ് അനുവദിക്കുകയുണ്ടായി. ഇതിന്റെ ഒന്നാംഘട്ട നിർമ്മാണം 2.3 കോടി രൂപ ചെലവിൽ 31-3-2013-ൽ കെ.എസ്.ടി.പി.-യുടെയും ലോകബാങ്കിന്റെയും സംയുക്ത ഫണ്ടുപയോഗിച്ച് പൊതുമരാമത്ത് വകുപ്പ് പൂർത്തിയാക്കി. രണ്ടാംഘട്ട നിർമ്മാണം എൻ.ആർ.എച്ച്.എം. ഫണ്ടുപയോഗിച്ച് 17-7-2015-ന് പൂർത്തിയാക്കിയിട്ടുണ്ട്. കെ.എസ്.ടി.പി.-യുടെ സേഫ് കോറിഡോർ പ്രോജക്ടിലുൾപ്പെടുത്തി ട്രോമാ കെയർ യൂണിറ്റിനാവശ്യമായ ഉപകരണങ്ങൾക്കായി 324.80 ലക്ഷം രൂപയുടെ പ്രൊപ്പോസൽ കെ.എസ്.ടി.പി. പ്രോജക്ട് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ട്രോമാ കെയർ യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

## VI മേശപ്പുറത്തുവച്ച കടലാസുകൾ

### (1) ചട്ടം 47(2) പ്രകാരമുള്ളത്

1. ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 728, പന്ത്രണ്ടാം സമ്മേളനത്തിലെ 738, 4286, 4337, പതിമൂന്നാം സമ്മേളനത്തിലെ 719, 2378, 2402, 2424, 2425, 2429, 2435, 2466, 2478, പതിനാലാം സമ്മേളനത്തിലെ 4838, 2295 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

2. ജലവിഭവ വകുപ്പുമന്ത്രിക്കു വേണ്ടി കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 3586 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

3. തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 935, 948 പതിനാലാം സമ്മേളനത്തിലെ 3651, 5948 എന്നീ നമ്പരുകളിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

4. പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 8286, പതിമൂന്നാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിട്ട 223, നക്ഷത്രചിഹ്നമിടാത്ത 2632, 2643, 2652, 2660, പതിനാലാം സമ്മേളനത്തിലെ 3704, 5030 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

## (2) ചട്ടം 236(6) പ്രകാരമുള്ളത്

1. മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| II-സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2013-14 | പാർലമെന്ററി കാര്യം |
| | 2014-15 | |
| | 2014-15 | പൊതുഭരണം (ബഡ്ജറ്റ് വിംഗ്) |
| | 2014-15 | ധനകാര്യം (അക്കൗണ്ട്സ്) |
| III-നീതിന്യായ നിർവ്വഹണം | 2014-15 | ഉദ്യോഗസ്ഥ ഭരണ പരിഷ്കാരം (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ) |
| | 2014-15 | ഉദ്യോഗസ്ഥ ഭരണ പരിഷ്കാരം (ഔദ്യോഗികഭാഷ) |
| XIV-സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2014-15 | പൊതുഭരണം (സ്പെഷ്യൽ-എ) “2070-00-003-99-ഐ.എ.എസ്. പ്രൊബേഷണർമാരുടെ പരിശീലനം” |

2. റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXVIII-പലവക സാമ്പത്തിക സർവ്വീസുകൾ | 2013-14 | ലീഗൽ മെട്രോളജി |

3. പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXV-പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2013-14 | പട്ടികജാതി വികസനം |
| XLII-വിനോദസഞ്ചാരം | 2014-15 | വിനോദസഞ്ചാരം |

4. ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| VII-മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും | 2014-15 | (1) രജിസ്ട്രേഷൻ<br>(2) ട്രഷറി<br>(3) റവന്യൂ |
| XXX-ഭക്ഷ്യം | 2014-15 | ഭക്ഷ്യ-പൊതുവിതരണ ഉപഭോക്തൃകാര്യം |

5. ഊർജ്ജ വകുപ്പുമന്ത്രിക്കുവേണ്ടി വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| V-കാർഷികാദായ നികുതിയും വില്പന നികുതിയും | 2014-15 | ഊർജ്ജം (ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്) |
| XXXIX- വൈദ്യുത പദ്ധതികൾ | 2013-14 | ഊർജ്ജം (എനർജി മാനേജ്മെന്റ് സെന്റർ—കേരള) |

6. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| VIII-എക്സൈസ് | 2014-15 | എക്സൈസ് |
| XVI-പെൻഷനും പലവകയും | 2014-15 | കായിക യുവജനകാര്യം (രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി) |

7. സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXVII-സഹകരണം | 2014-15 | സഹകരണം |

8. പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XV-പൊതുമരാമത്ത് | 2014-15 | പൊതുമരാമത്ത് |

9. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXVIII-പലവക സാമ്പത്തിക സർവ്വീസുകൾ | 2014-15 | സാമ്പത്തിക സ്ഥിതിവിവരക്കണക്ക് |
| XXXII-ക്ഷീരവികസനം | 2012-13 | ക്ഷീരവികസനം (4404, 6404 എന്നീ ശീർഷകങ്ങളെ സംബന്ധിച്ച്) |
| XXXVI-ഗ്രാമവികസനം | 2014-15 | തദ്ദേശസ്വയംഭരണം (ഗ്രാമവികസനം) |

10. ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| (1) | (2) | (3) |
| XX-ശുദ്ധജല വിതരണവും ശുചീകരണവും | 2014-15 | 1. കേരള വാട്ടർ അതോറിറ്റി<br>2. ജലനിധി |
| (1) | (2) | (3) |
| XXIX-കൃഷി | 2014-15 | ജലവിഭവം (ചെറുകിട ജലസേചനം) |
| XXXVIII-ജലസേചനം | 2014-15 | ജലവിഭവം (വെള്ളപ്പൊക്ക നിയന്ത്രണം, കടലാക്രമണ നിരോധന പദ്ധതികൾ) |
| XLI-ഗതാഗതം | 2014-15 | കോസ്റ്റൽ ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ (ഉൾനാടൻ ജലഗതാഗതം) |

11. വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXVII-വ്യവസായങ്ങൾ | 2014-15 | ടെക്നോപാർക്ക് |

12. നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXII-നഗരവികസനം | 2014-15 | തദ്ദേശസ്വയംഭരണം [1. നഗരകാര്യം 2. നഗരഗ്രാമാസൂത്രണം] |
| XXV-പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം | 2014-15 | പൊതുഭരണം (ന്യൂനപക്ഷക്ഷേമം) |

13. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXIX-കൃഷി | 2014-15 | മണ്ണുപര്യവേഷണ സംരക്ഷണം |
| XXXI-മൃഗസംരക്ഷണം | 2014-15 | മൃഗസംരക്ഷണം |

14. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| IV-തെരഞ്ഞെടുപ്പുകൾ | 2014-15 | തദ്ദേശസ്വയംഭരണം (കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ) |
| XXXV-പഞ്ചായത്ത് | 2014-15 | പഞ്ചായത്ത് |
| XXVIII-പലവക സാമ്പത്തിക സർവ്വീസുകൾ | 2014-15 | 3454-02-111-95, 3454-02-111-94 എന്നീ ശീർഷകങ്ങളെ സംബന്ധിച്ച് |
| XLVI-സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും | 2013-14 | 1. സാമൂഹ്യനീതി<br>2. കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ<br>3. കേരള വനിതാ കമ്മീഷൻ<br>4. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ<br>5. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് |

15. ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XIV-സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2014-15 | 1. കേരള ലോകായുക്ത, തിരുവനന്തപുരം<br>2. എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിയുടെ ഓഫീസ്, തിരുവനന്തപുരം<br>3. എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിയുടെ ഓഫീസ്, കോട്ടയം<br>4. എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിയുടെ |

| | | |
|---|---|---|
| | | ഓഫീസ്, തൃശ്ശൂർ |
| | | 5. എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിയുടെ ഓഫീസ്, കോഴിക്കോട് |
| | | 6. വിജിലൻസ് ട്രൈബ്യൂണൽ, തിരുവനന്തപുരം |
| | | 7. വിജിലൻസ് ട്രൈബ്യൂണൽ, കോഴിക്കോട് |
| | | 8. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം |

16. തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും | 2013-14 | (1) ലേബർ കോടതികൾ<br>(2) വ്യാവസായിക ട്രിബ്യൂണലുകൾ<br>(3) കിലെ |

17. ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XVIII-വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും<br>XIX-കുടുംബക്ഷേമം | 2014-15 | ആരോഗ്യം |
| XVIII-വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും | 2014-15 | (1) മെഡിക്കൽ വിദ്യാഭ്യാസം<br>(2) ഭാരതീയ ചികിത്സ |

| | |
|---|---|
| | (3) ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസം |
| | (4) ഹോമിയോപ്പതി |
| | (5) ഹോമിയോപ്പതി മെഡിക്കൽ വിദ്യാഭ്യാസം |
| | (6) റീജിയണൽ കാൻസർ സെന്റർ |
| | (7) മലബാർ കാൻസർ സെന്റർ |
| | (8) ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റ് |
| | (9) ചൈൽഡ് ഡെവലപ്പ്മെന്റ് സെന്റർ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം |
| | (10) റേഡിയേഷൻ സുരക്ഷാ കാര്യാലയം |
| | (11) ഡ്രഗ്സ് കൺട്രോളറുടെ കാര്യാലയം |
| | (12) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ് |
| | (13) ദി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ (ഐ.എം.) കേരള ലിമിറ്റഡ് |
| | (14) കേരള ആരോഗ്യ സർവ്വകലാശാല |
| | (15) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് |

18. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XVII-വിദ്യാഭ്യാസം, കായിക വിനോദം, കല, സാംസ്കാരികം | 2014-15 | (1) പരിസ്ഥിതി കാലാവസ്ഥാ വ്യതിയാനം (2) സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് |
| XX-ശുദ്ധജല വിതരണവും ശുചീകരണവും | 2014-15 | സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് |
| XXXIV-വനം | 2014-15 | സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് |

## VII റിപ്പോർട്ട് സമർപ്പണം

1. പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ പതിനാറ് മുതൽ പതിനെട്ട് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. സി. പി. മുഹമ്മദ്: സർ, പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനാറ് മുതൽ പതിനെട്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

2. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നാൽപ്പത്തി രണ്ട് മുതൽ നാൽപ്പത്തിയഞ്ച് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. വർക്കല കഹാർ: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നാൽപ്പത്തിരണ്ട് മുതൽ നാൽപ്പത്തിയഞ്ച് വരെയുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## VIII ക്രമപ്രശ്നം

മൽസ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി 1/12/2015-ന് മേശപ്പുറത്തുവച്ച ക്യാബിനറ്റ് നോട്ടിന്റെ പകർപ്പ് സംബന്ധിച്ച്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, റൂൾ 296 പ്രകാരം മേശപ്പുറത്തുവയ്ക്കുന്ന കടലാസ് ഹാജരാക്കുന്ന അംഗം ശരിയായവിധം രേഖ സാക്ഷ്യപ്പെടുത്തേണ്ടതും മേശപ്പുറത്തുവയ്ക്കുന്ന എല്ലാ കടലാസ്സുകളും രേഖകളും പരസ്യമായിട്ടുള്ളതായി

പരിഗണിക്കപ്പെടുന്നതുമാണെന്ന് വ്യക്തമായി റൂൾസിലുണ്ട്. ബാർ ലൈസൻസ് ഫീസ് 23 ലക്ഷം രൂപയായി നിജപ്പെടുത്തിയതിനെക്കുറിച്ചുള്ള ക്യാബിനറ്റ് രേഖ മേശപ്പുറത്ത് വയ്ക്കണമെന്ന് ഞാൻ ഇന്നലെ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ശ്രീ. കെ. ബാബു സമർപ്പിച്ച ഒന്നാമത്തെ നോട്ടിനകത്ത് അദ്ദേഹം സാക്ഷ്യപ്പെടുത്തിയ തീയതി 12-1-2015 ആയിട്ടാണ് കാണുന്നത്. അത് തന്നെ തെറ്റായിട്ടാണ് തന്നിരിക്കുന്നത്. ഈ തീരുമാനമെടുത്തത് മന്ത്രിസഭയാണെന്നാണ് അദ്ദേഹം ഇവിടെ പറഞ്ഞത്. മന്ത്രിസഭയല്ല മന്ത്രിയാണ് തീരുമാനിച്ചതെന്നാണ് ഞാൻ ഉന്നയിച്ചത്. അത് സാധൂകരിക്കുന്നതാണ് ഇവിടെ ഇന്നലെ സമർപ്പിച്ചിരിക്കുന്ന നോട്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അത് ആദ്യം തന്നതിനെ കറക്റ്റ് ചെയ്ത് രണ്ടാമത് തന്നിരുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, കറക്റ്റ് ചെയ്ത് തന്നതിൽ പറഞ്ഞിരിക്കുന്നത്, മന്ത്രിസഭയുടെ അംഗീകാരം ലഭിക്കേണ്ടതായിരുന്ന നേരത്തേ പുറപ്പെടുവിച്ച ഉത്തരവ് എന്നതുകൊണ്ട് വിഷയത്തിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് മന്ത്രിസഭയുടെ അനുമതി കൂടാതെ ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത ഉത്തരവിലെ പിശകുകൾ തിരുത്തുന്നതിന് 27-3-2013-ൽ ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു എന്നാണ്. പിശകായിട്ടുള്ള ഒരു രേഖയാണ് ക്യാബിനറ്റിനു മുമ്പിൽ സമർപ്പിച്ചതെന്നും അത് തിരുത്തുക മാത്രമാണ് ചെയ്തതെന്നും ഞാൻ ഇന്നലെ ഇവിടെ ഉന്നയിച്ച പോയിന്റ് ശരിയാണെന്നും ഇവിടെ സമർപ്പിച്ച രേഖ പരിശോധിച്ചതിൽനിന്ന് വ്യക്തമായിരിക്കുകയാണ്. മാത്രമല്ല സാധാരണ ഗതിയിൽ ക്യാബിനറ്റ് നോട്ടിൽ കാണുന്ന ഒരു സമീപനം മുഖ്യമന്ത്രി ഇതിനകത്ത് സ്വീകരിച്ചതായി കാണുന്നില്ല. ഇവിടെ പ്രശ്നം 4-2-2013-ൽ പ്രീ ബഡ്ജറ്റ് ചർച്ചയിലൂടെ തീരുമാനമായതിനുശേഷം 6-3-2013-ന് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിരുന്നുവെന്നത് ഈ മിനിട്ട്സ് വ്യക്തമാക്കുകയാണ്. ആ യോഗത്തിന്റെ തീരുമാനപ്രകാരമാണ് 15-3-2013-ൽ ഉത്തരവ് പുറപ്പെടുവിച്ചത്. അതിലെ പിശക് തിരുത്തിയിട്ടാണ് 27-3-2013-ൽ ഒരു പുതിയ ഉത്തരവ് പുറപ്പെടുവിച്ചത്. 27-3-2013-ൽ പുറപ്പെടുവിച്ച ഉത്തരവിന്റെ കോപ്പി മേശപ്പുറത്തുവയ്ക്കാൻ തയ്യാറായിട്ടില്ല. രണ്ട് ഉത്തരവുകളും മന്ത്രി സ്വന്തം നിലയിൽ പുറപ്പെടുവിച്ചിട്ടുള്ളവയാണ്. എന്നിട്ട് ക്യാബിനറ്റിന്റെ അംഗീകാരം വാങ്ങുകയാണ്. ക്യാബിനറ്റിന് പുറത്ത് മന്ത്രിയൊരു തീരുമാനമെടുത്തിട്ട് പിന്നീട് അതിന് സാധൂകരണം വാങ്ങുകയാണ് ചെയ്തത്. ഈ രണ്ട് ഉത്തരവുകളും സാധൂകരിക്കുന്നതിനാണ് ഒന്നര മാസത്തിനുശേഷം 30-4-2013-ലെ ക്യാബിനറ്റിൽ ഉത്തരവുകളുടെ പകർപ്പ് സമർപ്പിച്ചതായി കാണുന്നത്. മന്ത്രിസഭാ യോഗത്തിനു മുന്നിൽ സമർപ്പിക്കേണ്ട കുറിപ്പിൽ ഇതുമായി ബന്ധപ്പെട്ട് ഫയലോ ഡിപ്പാർട്ടുമെന്റിൽനിന്ന് ലഭിച്ച മറ്റ് റെലവെന്റ് രേഖകളോ സമർപ്പിച്ചതായി

കാണുന്നില്ല. മന്ത്രിസഭായോഗ നടപടിക്കുറിപ്പ് പരിശോധിച്ചാൽ ഈ തീരുമാനത്തിന് ആധാരമായ 5386/ജി/2013 നമ്പർ ഫയൽ മന്ത്രിസഭായോഗത്തിനു മുന്നിൽ സമർപ്പിച്ചിട്ടില്ലെന്ന് മനസ്സിലാക്കാം. മന്ത്രിസഭയുടെ മുമ്പിൽ എല്ലാ രേഖകളും സമർപ്പിക്കാതെയാണ് ഈ തീരുമാനമെടുത്തത്. മുഖ്യമന്ത്രിയും എക്സൈസ് വകുപ്പുമന്ത്രിയും ചേർന്ന് എടുത്തൊരു തീരുമാനം മാത്രമാണിത്. മറ്റ് മന്ത്രിമാർ അറിയാതെ ക്യാബിനറ്റിന്റെ പുറത്തെടുത്ത തീരുമാനത്തിനുവേണ്ടി സാധൂകരണം നൽകുന്ന ഘട്ടമെത്തിയപ്പോഴാണ് ടാക്സസ് വകുപ്പിന്റെ ഉൾപ്പെടെയുള്ള ഫയലുകൾ നിയമവകുപ്പുമന്ത്രി കണ്ടിട്ടില്ല എന്ന തടസ്സവാദമുന്നയിച്ചപ്പോൾ പ്രശ്നമുണ്ടായതെന്ന് ഇന്നലെ സഭയുടെ മേശപ്പുറത്തുവച്ച രേഖ പരിശോധിച്ചാൽ വ്യക്തമാകും. മന്ത്രി മേശപ്പുറത്തുവച്ച രേഖകളിൽ നികുതി വകുപ്പിന്റെ 27-3-2013-ലെ ഉത്തരവ് എന്തുകൊണ്ട് സമർപ്പിച്ചില്ല? ടി ഉത്തരവാണ് ഇതിൽ പ്രസക്തമായിട്ടുള്ളത്. 30-4-2013-ലെ മന്ത്രിസഭായോഗ തീരുമാനത്തിൽ മുഖ്യമന്ത്രി തുല്യം ചാർത്തിയതായും കാണുന്നില്ല. ഞാൻ ആവശ്യപ്പെട്ട പ്രകാരമുള്ള നടപടിക്രമങ്ങളുടെ ഫയൽ ഇന്നലെ സമർപ്പിച്ചതു പരിശോധിച്ചാൽ മന്ത്രിസഭയല്ല തീരുമാനിച്ചത് മന്ത്രിസഭയുടെ പുറത്ത് മന്ത്രിയെടുത്ത തീരുമാനത്തിന് മന്ത്രിസഭ അംഗീകാരം കൊടുക്കുകയാണ് ചെയ്തതെന്ന് കാണാം. ഇവിടെ അഴിമതി നടന്നുവെന്ന് വ്യക്തമാണ്. ഒന്നര മാസം കഴിഞ്ഞാണ് ക്യാബിനറ്റ് കാണുന്നത്. മന്ത്രി ചർച്ചയ്ക്ക് മറുപടി പറഞ്ഞ ഘട്ടത്തിൽ മന്ത്രിസഭയാണ് തീരുമാനമെടുത്തതെന്ന് പറഞ്ഞു. മന്ത്രിസഭയുടെ റാറ്റിഫിക്കേഷൻ വാങ്ങുകയാണ് ചെയ്തത്. മന്ത്രിസഭയുടെ റാറ്റിഫിക്കേഷൻ വാങ്ങിയാൽ മന്ത്രിസഭാ തീരുമാനമല്ലേയെന്ന് വേണമെങ്കിൽ സാങ്കേതികമായി വ്യാഖ്യാനിക്കാം. എന്നാൽ ഞങ്ങൾ ഉന്നയിക്കുന്നത്, ബാറുടമസ്ഥന്മാരുമായി ചർച്ച നടത്തി മന്ത്രിസഭയെ ഇരുട്ടിൽ നിർത്തിക്കൊണ്ട് മന്ത്രിയെടുത്ത തീരുമാനം എന്നതാണ്. ഫയലുകൾ കാണണമെന്ന് നിയമ വകുപ്പുമന്ത്രി തടസ്സവാദമുന്നയിച്ചപ്പോഴാണ് തീരുമാനമാകെ മാറുന്നത്. ഇതിന്റെ ഏറ്റവും പ്രധാനപ്പെട്ട ഫയൽതന്നെയാണ് ഇന്നലെ ഇവിടെ സമർപ്പിച്ചിട്ടുള്ള ഈ രേഖ. അതുകൊണ്ട് ഈ മന്ത്രിസഭാ തീരുമാനം എടുത്തതിനെ സംബന്ധിച്ച് ഒരു നിയമസഭാ കമ്മിറ്റിയെവച്ച് പരിശോധിക്കാൻ ഗവൺമെന്റ് തയ്യാറാകണം. നിയമസഭാ കമ്മിറ്റിയെവച്ച് ഇതിന്റെ എല്ലാ റെലവന്റ് ഡോക്യുമെന്റുകളും പരിശോധിക്കാനുള്ള സംവിധാനം ബഹുമാനപ്പെട്ട സ്പീക്കർ ചെയ്യണം. ഇവിടെ മേശപ്പുറത്ത് വച്ച കടലാസ് മന്ത്രിസഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണ്. 30 ലക്ഷം രൂപ പ്രഖ്യാപിച്ചതിനുശേഷം അത് 23 ലക്ഷം രൂപയായി കുറച്ചു കൊടുക്കാനുള്ള തീരുമാനം മന്ത്രിസഭയെ ഇരുട്ടിൽ നിർത്തിക്കൊണ്ട് മന്ത്രിയെടുത്തതാണ്. ഇതൊന്നും ക്യാബിനറ്റ് തീരുമാനിച്ചതല്ല. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കെ. ബാബു ഇന്നലെ സമർപ്പിച്ച ഈ ക്യാബിനറ്റ് നോട്ട് പ്രകാരംതന്നെ ഇവിടെ അഴിമതി നടന്നിട്ടുണ്ട് എന്ന് വ്യക്തമാക്കപ്പെട്ടിരിക്കുകയാണ്. 30-4-2015-ന്റേത് മന്ത്രിസഭാ

സാധൂകരണം മാത്രമാണ്. 27-3-2013-ലെ ജി.ഒ. എന്തുകൊണ്ടാണ് മന്ത്രി തരാത്തത്? അതിന്റെ ബാക്ക് ഫയലുകൾ പരിശോധിച്ചാൽ ഇതിനുമുൻപ് നടന്ന കാര്യങ്ങൾ വ്യക്തമാക്കപ്പെടും. മന്ത്രി തന്നെ വിജിലൻസ് ഡിവൈ.എസ്.പി.-ക്ക് കൊടുത്തിട്ടുള്ള മൊഴിയിൽ ഇപ്പോൾ വ്യത്യാസം വന്നിരിക്കുകയാണ്. ഇക്കാര്യങ്ങളെല്ലാം പരിശോധിക്കണമെങ്കിൽ ഒരു നിയമസഭാ കമ്മിറ്റിയെ വയ്ക്കുക മാത്രമേ വഴിയുള്ളൂ. അതിന് ബഹുമാനപ്പെട്ട സ്പീക്കർ തയ്യാറാകണം. സഭാ നേതാവായ മുഖ്യമന്ത്രി അതിനുള്ള അവസരം ഉണ്ടാക്കണം. ഒരു നിയമസഭാ കമ്മിറ്റിയെ വച്ച് ഈ ഫയലിന്റെ സാംഗത്യം പരിശോധിക്കാനുള്ള സംവിധാനമുണ്ടാക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): ശ്രീ. കോടിയേരി ബാലകൃഷ്ണൻ കഴിഞ്ഞദിവസം അടിയന്തരപ്രമേയം അവതരിപ്പിച്ചു കൊണ്ട് സംസാരിച്ചതിന്റെ നിയമസഭാ proceedings-ൽ പറഞ്ഞിട്ടുള്ളത്, 'ക്യാബിനറ്റിൽ പോയ നോട്ടിൽ 25 ലക്ഷം രൂപ എന്നുള്ളത് തിരുത്തി 23 ലക്ഷം രൂപ ആക്കുകയാണ് ചെയ്തത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ ഫയൽ മേശപ്പുറത്ത് വയ്ക്കാമോ; ക്യാബിനറ്റ് നോട്ടിൽ അത്തരം തിരുത്തൽ വരുത്തിയത് ആരാണ്? അതുതന്നെ വലിയ തെളിവാണ്.' ഇതാണ് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണന്റെ നിയമസഭാ പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളത്. കള്ള് ഷാപ്പിന്റെ ലൈസൻസ് 1-4-2013 മുതൽ മൂന്ന് മാസത്തേയ്ക്ക് നിലവിലുള്ള ലൈസൻസികൾക്ക് ദീർഘിപ്പിച്ച് നൽകാനും ബാർ ലൈസൻസുകൾ സുപ്രീംകോടതിയിൽ നിലവിലുള്ള കേസിന്റെ വിധിക്കും ജസ്റ്റിസ് രാമചന്ദ്രൻ റിപ്പോർട്ടിൽ സർക്കാർ കൈക്കൊള്ളുന്ന തീരുമാനത്തിനും വിധേയമായി വാർഷിക rental തുകയായ 23 ലക്ഷം രൂപ ഈടാക്കിക്കൊണ്ടും കെ.എസ്.ബി.സി.-യുടെ ഷോപ്പുകൾക്ക് FL-1 ലൈസൻസ് ഫീസായ 63 ലക്ഷം രൂപ മാറ്റം കൂടാതെ ഈടാക്കിക്കൊണ്ടും ഒരു വർഷത്തേക്ക് ലൈസൻസ് ദീർഘിപ്പിച്ചു നൽകുവാനും വിദേശ ചട്ടമനുസരിച്ചുള്ള മറ്റ് ഫീസുകൾ വർദ്ധിപ്പിക്കാനും 15-3-2013-ൽ G.O.(Ms)41/2013 പ്രകാരം ഉത്തരവായിട്ടുണ്ടെന്ന് ക്യാബിനറ്റ് നോട്ടിൽ വളരെ വ്യക്തമായി പറയുന്നുണ്ട്. പ്രസ്തുത ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നയപരമായ തീരുമാനം ആവശ്യമായതിനാൽ മന്ത്രിസഭയുടെ അംഗീകാരം ലഭ്യമാക്കേണ്ടതായിരുന്നു. എന്നാൽ വിഷയത്തിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് മന്ത്രിസഭയുടെ അനുമതി കൂടാതെ ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത ഉത്തരവിലെ പിശകുകൾ തിരുത്തുന്നതിന് 27-3-2013-ലെ ജി.ഒ.(എം.എസ്.) 54/2013 പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ഉത്തരവുകൾ സാധൂകരണത്തിനായി മന്ത്രിസഭയുടെ പരിഗണനയ്ക്ക്

സമർപ്പിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്. തീരുമാനിക്കേണ്ട വിഷയം, 2013-14 വർഷത്തെ മദ്യനയം യഥാസമയം പുറപ്പെടുവിക്കാൻ കഴിയാത്തതിനാൽ 1-4-2013 മുതൽ കള്ളുഷാപ്പുകളുടെയും മദ്യശാലകളുടെയും ലൈസൻസ് കാലാവധി ദീർഘിപ്പിച്ച് നൽകികൊണ്ടുള്ള 15-3-2013-ലെ ജി.ഒ. (എംഎസ്.) 41/2013, 27-3-2013 ലെ ഉത്തരവ് സാധൂകരിക്കുന്നതാണ്. ഇതാണ് മന്ത്രിസഭാ കുറിപ്പ്. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ മെനിഞ്ഞാന്ന് പറഞ്ഞത്, 25 ലക്ഷം രൂപയെന്നത് 23 ലക്ഷം രൂപയായി രേഖയിൽ തിരുത്തിയെന്നാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇതുവരെ തിരുത്തിയിട്ടില്ല. അപ്പോൾ രേഖയിലുള്ളത് അതാണ്. അത് ആദ്യം സമ്മതിക്കണം. ക്യാബിനറ്റ് നോട്ടിൽ 23 ലക്ഷം രൂപയെന്നത് തിരുത്തിയിട്ടില്ല. 23 ലക്ഷം രൂപ തന്നെയാണ്. പിന്നെ എന്താണ് തിരുത്തിയതെന്നുകൂടി മനസ്സിലാക്കണം. മന്ത്രിസഭാ കുറിപ്പിൽ ഞാൻ യാതൊരുവിധ തിരുത്തലുകളും വരുത്തിയിട്ടില്ലെന്ന് ഞാൻ ആദ്യമേ തന്നെ പറയട്ടെ. ശ്രീ. കോടിയേരി ബാലകൃഷ്ണൻ സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ് ചെയ്തത്. 15-3-2014-ലെ സർക്കാർ ഉത്തരവ് എന്താണ്? അത് വിദേശമദ്യ ചട്ടം 13 (3B) എന്നുള്ളത് റൂൾ 13 (3 C) യെന്നും Compounding, Blending and Bottling Rule-ൽ ചട്ടം 10 (37) എന്നുള്ളത് 10 (7) എന്നും, Distillery and Ware House Rule-ൽ 11 (1) (e) എന്നും, Brand Registration Rule-ൽ 10 (37) എന്നത് 3(2) എന്നും Transit Rule-ൽ Rule 3 എന്നത് Rule 5 (3) എന്നും ഭേദഗതി വരുത്തി സർക്കാർ ഉത്തരവ് 54/2013 പുറപ്പെടുവിക്കുകയാണ് ഉണ്ടായത്. ഈ വസ്തുതകളും 30-4-2013-ലെ മന്ത്രിസഭായോഗത്തിലെ കുറിപ്പിലും തീരുമാനിക്കേണ്ട വിഷയത്തിൽ ഉൾപ്പെടുത്തുകയും ആയത് മന്ത്രിസഭായോഗം സാധൂകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത് എനിക്ക് വന്ന പിശകല്ല. സെക്ഷനിൽ വന്ന പിശകാണ്. അതാണ് തിരുത്തിയത്. ഞാൻ തിരുത്തിയിട്ടില്ല. ഇങ്ങനെയുള്ള തിരുത്തലുകൾ എപ്പോഴും ഉണ്ടാകാറുണ്ടെന്നുള്ളത് നിങ്ങൾ മനസ്സിലാക്കണം. ഓരോ സെക്ഷൻ ക്വാട്ട് ചെയ്യുമ്പോൾ പിശക് പറ്റിയാൽ അവർ പിന്നീട് തിരുത്തും, അത് ഞാനല്ല. ഞാൻ ക്യാബിനറ്റ് രേഖ തിരുത്തിയിട്ടില്ല. ഞാൻ തുക തിരുത്തിയെന്നാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്, ക്യാബിനറ്റാണ് 23 ലക്ഷം രൂപ ആക്കിയതെന്നാണ്. ക്യാബിനറ്റല്ലല്ലോ താങ്കൾ വ്യക്തിപരമായി എടുത്ത തീരുമാനമല്ലേ?

ശ്രീ. കെ. ബാബു: സർ, അക്കാര്യം സംബന്ധിച്ച് ഞാൻ പറയാം. ഞാൻ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് മുഖ്യമന്ത്രിയുടെ ഉത്തരവ് വാങ്ങിയിട്ടുണ്ട്. അങ്ങനെ ചെയ്യുന്നത് പതിവുള്ളതല്ലേ; അത് തെറ്റാണോ; അങ്ങനെ ചെയ്യുന്ന കീഴ്വഴക്കമില്ലേ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് മുഖ്യമന്ത്രിയുടെ ഉത്തരവ് വാങ്ങിയതായി ഈ രേഖയിലില്ല. അങ്ങനെയുണ്ടെങ്കിൽ ആ രേഖ മേശപ്പുറത്ത് വയ്ക്കണം.

ശ്രീ. കെ. ബാബു: സർ, ചില അടിയന്തര സാഹചര്യങ്ങളിൽ മുഖ്യമന്ത്രിയുടെ ഓർഡർ വാങ്ങി റാറ്റിഫൈ ചെയ്യാറുണ്ട്. അടിയന്തര സാഹചര്യം ഞാൻ പറയാം. സെക്ഷനുകളിൽ വന്ന മാറ്റങ്ങളാണ് തിരുത്തൽ വരുത്തിയിട്ടുള്ളത്. വേറെയൊരു തിരുത്തലുമില്ല. തുകയിൽ തിരുത്തിയിട്ടില്ല. 25 ലക്ഷം രൂപയിൽ നിന്ന് 23 ലക്ഷം രൂപയാക്കി തിരുത്തിയെന്നാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ മെനിഞ്ഞാന്ന് പറഞ്ഞത്. അങ്ങനെയൊരു തിരുത്തലില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നികുതി വകുപ്പ് സെക്രട്ടറിയുടെ നോട്ട് കൂടി ഉണ്ടെങ്കിൽ മാത്രമെ അത് മനസ്സിലാക്കാൻ കഴിയൂ. അതൊന്നും ഇതിലില്ല.

ശ്രീ. കെ. ബാബു: സർ, അതെല്ലാം ഫയലിലുണ്ട്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് ഇപ്പോൾ മാറ്റി പറയരുത്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ സഭാ രേഖകൾ പരിശോധിച്ചോ. ആ സഭാ രേഖയിൽ 25 ലക്ഷം രൂപയെന്നത് 23 ലക്ഷം രൂപയാക്കി തിരുത്തിയെന്നായിരുന്നു. ഇതൊരു രഹസ്യ രേഖയല്ല. വിവരാവകാശ നിയമ പ്രകാരം ആർക്കും കിട്ടുന്ന രേഖയാണ്. അത് മറച്ചുവയ്ക്കാൻ പറ്റില്ലല്ലോ? ഇതിനകത്ത് 15-3-2015-ലെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് ക്യാബിനറ്റ് റാക്ടിഫൈ ചെയ്തിട്ടുണ്ട്. അതിന്റെ സാഹചര്യം എന്താണെന്ന് ഞാൻ പറയാം. 2011-12 വർഷത്തിലെ മദ്യ നയത്തിലെ വ്യവസ്ഥകളനുസരിച്ച് വിദേശമദ്യ നയത്തിൽ വരുത്തിയ ചില ഭേദഗതികൾ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയുടെ 27-7-2012-ലെ WA 470/12 നമ്പർ കേസ്സിലെ വിധി അനുസരിച്ച് റദ്ദാക്കിയതിനെ തുടർന്ന് 2011-12, 2012-13 എന്നീ വർഷങ്ങളിലെ മദ്യനയത്തിലെ ചില വ്യവസ്ഥകൾ നടപ്പിലാക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ മദ്യനയത്തിൽ വരുത്തേണ്ട സമഗ്രമായ മാറ്റങ്ങൾ ശിപാർശ ചെയ്യുന്നതിന് റിട്ട. ഹൈക്കോടതി ജഡ്ജി എം. രാമചന്ദ്രനെ ഏകാംഗ കമ്മീഷനായി നിയമിച്ചുകൊണ്ട് 23-1-2012-ലെ ജി.ഒ. (എംഎസ്.) നമ്പർ 12/2013 പ്രകാരം ഉത്തരവാകുകയുണ്ടായി. പ്രസ്തുത കമ്മീഷനിലെ റിപ്പോർട്ട് ലഭ്യമാക്കാൻ കാലതാമസം നേരിടുന്നതിനാലും മാർച്ച് 31-ന് മുമ്പ് 2013-14-ലെ മദ്യനയം പ്രഖ്യാപിക്കാൻ കഴിയാത്തതിനാലും സംസ്ഥാനത്ത് നിലവിലുള്ള കള്ള്

ഷാപ്പുകളുടെയും മറ്റ് മദ്യശാലകളുടെയും ലൈസൻസ് 1-4-2013-ന് പ്രാബല്യത്തിൽ വരത്തക്കവിധം പുതുക്കി നൽകാൻ കഴിയാതെ വന്നാൽ പ്രസ്തുത ഷാപ്പുകൾ അടച്ചിടുന്നതുമൂലം തൊഴിലാളികളുടെ ജീവനോപാധി നഷ്ടപ്പെടുന്ന സാഹചര്യവും സർക്കാരിന്റെ സാമ്പത്തിക നഷ്ടവും ഒഴിവാക്കുന്നതിനായി നിലവിലുള്ള കള്ള് ഷാപ്പുകൾ 2012-13 വർഷത്തെ റെന്റലിന്റെ ആനുപാതിക റെന്റൽ ടാക്സ് അതുപോലെ K.T.W.F കോൺട്രിബ്യൂഷൻ എന്നിവ ഈടാക്കുന്നതിൽ 50 ശതമാനം തുകയ്ക്ക് വിൽപ്പന നടത്തിയിട്ടുള്ള കള്ള് ഷാപ്പുകൾ അതിന്റെ ആനുപാതിക റെന്റലിലും 500 രൂപ റെന്റലിന് തൊഴിലാളി കമ്മിറ്റികളെ ഏൽപ്പിച്ചിട്ടുള്ളവ നിലവിലുള്ള നിബന്ധനകൾക്ക് വിധേയമായും കള്ള് ഷാപ്പുകളുടെ കാര്യത്തിൽ നിലവിലുള്ള കോടതി വിധി അനുസരിച്ച് 1-4-2013 മുതൽ മൂന്ന് മാസത്തേയ്ക്ക് നിലവിലുള്ള ലൈസൻസികൾക്ക് ദീർഘിപ്പിച്ചു നൽകുവാനും ബാർ ലൈസൻസുകൾ സുപ്രീം കോടതിയിൽ നിലവിലുള്ള കേസിന്റെ വിധിക്കും ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷന്റെ റിപ്പോർട്ടിന്മേൽ സർക്കാർ കൈക്കൊള്ളുന്ന തീരുമാനത്തിന് വിധേയമായും വാർഷിക റെന്റൽ തുകയായ 23 ലക്ഷം രൂപ ഈടാക്കിക്കൊണ്ടും FL-1 ലൈസൻസ് ഫീസ്....... ഇത് മാണിസാർ കണ്ടില്ലെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. ദയവായി ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇങ്ങനെ സഭയെ തെറ്റിദ്ധരിപ്പിക്കരുത്. 2014 -ലെ കാര്യമാണ് ഇപ്പോൾ കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത്. ശ്രീ. കോടിയേരി ബാലകൃഷ്ണനെ പോലുള്ള ഇത്രയും പ്രമുഖനായ നേതാവ് സഭയെ ദയവായി തെറ്റിദ്ധരിപ്പിക്കരുത്. 418 ബാർ ഹോട്ടലിന്റെ വിഷയമാണ് മാണിസാർ കണ്ടില്ലെന്ന് പറഞ്ഞത്. ഇത് 2013-ലെ സംഭവമാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ലാ ഡിപ്പാർട്ടുമെന്റിന്റെ ഒപ്പീനിയൻ കൂടെയുണ്ടെങ്കിൽ ഞങ്ങൾ സമ്മതിച്ചുതരാം. ലാ ഡിപ്പാർട്ടുമെന്റിന്റെ ഒപ്പീനിയൻ എന്താണെന്നുള്ളത് ഇതിനകത്തുണ്ടോ; ലാ ഡിപ്പാർട്ടുമെന്റ് കണ്ടുവെന്നതിന് തെളിവുണ്ടോ?

ശ്രീ. കെ. ബാബു: സർ, ലാ ഡിപ്പാർട്ടുമെന്റിന്റെ അഡ്വൈസ് എടുക്കേണ്ട കാര്യമുള്ള വിഷയമല്ല അത്. ഇവിടെ ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് ലാ ഡിപ്പാർട്ടുമെന്റിന്റെ അഡ്വൈസ് എടുക്കേണ്ട കാര്യമില്ല. നിങ്ങളുടെ കാലത്തും എടുത്തിട്ടില്ല. ഇത് കാലാകാലമായി ഏപ്രിൽ 1-ന് ലൈസൻസ് പുതുക്കുന്ന നടപടിയുടെ ഭാഗമാണ്. ഏപ്രിൽ 1-ന് ലൈസൻസ് പുതുക്കി കൊടുക്കാത്തതിന്റെ പേരിൽ കള്ള് ഷാപ്പ് മേഖലയിലെ ധാരാളം തൊഴിലാളികൾ നിവേദനം തന്നിരുന്നു. ഏപ്രിൽ 1-ന് പുതുക്കി കൊടുത്തില്ലെങ്കിൽ ഷാപ്പ് അടയ്ക്കും. അവരുടെ തൊഴിൽ നഷ്ടപ്പെടും. അതുകൊണ്ട് അവിടെ അടിയന്തര സാഹചര്യമുണ്ട്. ഏപ്രിൽ ഒന്ന് കഴിഞ്ഞാൽ ബാർ ഹോട്ടൽ അടച്ചിടാൻ പറ്റുമോ? പുതുക്കി കൊടുക്കണം.

അതുകൊണ്ടാണ് നയത്തിന് വിധേയമായി പുതുക്കി കൊടുക്കാൻ തീരുമാനിച്ചത്. മൂന്നാമത്തെ കാര്യം, ഇതുപോലെ അടിയന്തര സാഹചര്യങ്ങളിൽ ഫയൽ മുഖ്യമന്ത്രിക്ക് അയയ്ക്കുകയും മുഖ്യമന്ത്രി അപ്രൂവ് ചെയ്ത് ക്യാബിനറ്റിൽ പിന്നെ റാറ്റിഫൈ ചെയ്യുകയും ചെയ്യും. ഇവിടെ ശ്രീ. എളമരം കരീം ഉണ്ടല്ലോ. ബോണസ് കാര്യങ്ങൾ ചർച്ച ചെയ്ത് തീർക്കും. പിന്നീടല്ലേ ക്യാബിനറ്റിൽ റാറ്റിഫൈ ചെയ്യുന്നത്. ഇതുപോലെ ധാരാളം കാര്യങ്ങളുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ചില തീരുമാനങ്ങൾ മാസങ്ങൾ കഴിഞ്ഞ് വയ്ക്കാറുണ്ട്. ഇത് അതുപോലുള്ള തീരുമാനമാണോ? ബാർ ലൈസൻസ് ഫീസ് പുതുക്കി കൊടുക്കാനുള്ള തീരുമാനം എടുത്താൽ അത് അടുത്ത ക്യാബിനറ്റിൽ വയ്ക്കണ്ടേ; ഒന്നര മാസക്കാലം താമസിപ്പിച്ചത് എന്തിനാണ്? ഇതിനു പിന്നിലുള്ള ദുരൂഹതയാണ് ഈ ക്യാബിനറ്റ് നോട്ട് ഇപ്പോൾ പുറത്തുവന്നതിൽ നിന്നും വ്യക്തമായി കഴിഞ്ഞിരിക്കുന്നത്. അതുകൊണ്ട് നിയമസഭാ കമ്മിറ്റി അന്വേഷിക്കട്ടെ.

ശ്രീ. കെ. ബാബു: സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ തെറ്റിന് ഇതുപോലെ പുകമറ ഉണ്ടാക്കേണ്ടി വരും. പക്ഷേ അങ്ങനെയൊരു പ്രശ്നമില്ല. ഇത് മന്ത്രിസഭ റാക്റ്റിഫൈ ചെയ്തുകഴിഞ്ഞു. അതിനനുസരിച്ചുള്ള ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനകത്ത് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഒരു തെറ്റുപറഞ്ഞു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പറഞ്ഞത് തെറ്റാണെങ്കിൽ ടാക്സസ് സെക്രട്ടറിയുടെ നോട്ട് കൂടി ഇതിന്റെ കൂടെ വേണം. ടാക്സസ് സെക്രട്ടറിയാണ് 25 ലക്ഷം രൂപയെന്ന പ്രൊപ്പോസൽ വച്ചത്. ആ 25 ലക്ഷം രൂപ എന്നുള്ളതാണ് നിങ്ങൾ 23 ലക്ഷം രൂപയാക്കിയത്. അതാണ് നിങ്ങൾ നടത്തിയ തിരുത്ത്.

ശ്രീ. കെ. ബാബു: സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ വെറുതെ തെറ്റിദ്ധരിപ്പിക്കരുത്. ഞങ്ങൾ 4-2-2013-ൽ മീറ്റിംഗ്കൂടി ഫീസിന്റെ കാര്യം തീരുമാനിച്ചുവെന്ന് നേരത്തെ പറഞ്ഞു; എന്നാൽ അങ്ങനെയല്ല. 4-2-2013-ൽ ചർച്ച നടത്തുകയും 6-3-2013-ൽ ഇതിനെക്കുറിച്ച് ഒരു തീരുമാനം എടുക്കുകയും 15-3-2013-ൽ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. നിങ്ങളുടെ മന്ത്രിയും ഇതുപോലെ യോഗം വിളിച്ചുകൂട്ടിയിട്ടുണ്ട്. എന്നാൽ നിങ്ങളുടെ മന്ത്രി ചെയ്തതുപോലെ വർദ്ധിപ്പിക്കില്ലായെന്ന് ഞാൻ ഉറപ്പു കൊടുത്തില്ല; ഞാൻ വർദ്ധിപ്പിക്കും എന്ന് പ്രഖ്യാപിച്ചു; അതാണുണ്ടായ വ്യത്യാസം. നിങ്ങൾ പാർട്ടി കമ്മിറ്റി കൂടി എന്നെ പ്രതിയാക്കാൻ തീരുമാനിച്ചാൽ നടക്കുമോ; ഇതിനകത്ത് ഒരു രേഖയും തിരുത്തിയിട്ടില്ല; നടപടിക്രമങ്ങളെല്ലാം പാലിച്ചിട്ടുണ്ട്; ഇതുമായി ബന്ധപ്പെട്ട എല്ലാ രേഖകളും

ഫയലിലുണ്ട്. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ ഈ സഭയെ തെറ്റിദ്ധരിപ്പിച്ചത് 25 ലക്ഷം രൂപയെന്നത് തിരുത്തി 23 ലക്ഷം രൂപയാക്കിയെന്നാണ്. അതുകൊണ്ട് എനിക്ക് പറയാനുള്ളത് എല്ലാ നടപടിക്രമങ്ങളും പാലിച്ചിട്ടുണ്ട്; വളരെ സുതാര്യവുമാണ്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ കഴിഞ്ഞ ദിവസം അബദ്ധത്തിൽ പറഞ്ഞ ഒരു തെറ്റിന് പുകമറ സൃഷ്ടിക്കാൻവേണ്ടിയാണ് ഇങ്ങനെ പറയുന്നത്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ദയവായി ആ ആരോപണം പിൻവലിച്ച് മാപ്പു പറയണമെന്നാണ് എന്റെ ആവശ്യം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, 25 ലക്ഷം രൂപ എന്നുള്ള പ്രൊപ്പോസൽ തിരുത്തി 23 ലക്ഷം രൂപയാക്കിയത് ശ്രീ. കെ. ബാബുവാണ്. അതിൽ ഞാൻ ഉറച്ചുനില്ക്കുകയാണ്; ക്യാബിനറ്റിനെ ഞാൻ സാക്ഷ്യപ്പെടുത്തുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, അങ്ങ് ഇവിടെ പറഞ്ഞത്, ക്യാബിനറ്റ് നോട്ടിൽ 25 ലക്ഷം രൂപ എന്നുള്ളത് 23 ലക്ഷം രൂപയാക്കിയെന്നാണ്. ക്യാബിനറ്റ് നോട്ട് രഹസ്യമല്ലേ, അതെങ്ങനെ അറിഞ്ഞു; അങ്ങ് പറഞ്ഞത് അന്ന് നിങ്ങളുടെ കൂടെ ഉണ്ടായിരുന്ന എല്ലാവരും ഇന്ന് നിങ്ങളുടെ കൂടെ ഇല്ലല്ലോ എന്നാണ്. ഒരു സംശയത്തിന്റെ പുകമറ അങ്ങോട്ടു വരുത്തി. അപ്പോൾ എല്ലാവരും ഒരു സംശയത്തിന്റെ നിഴലിലായി. ഞങ്ങളുടെ കൂട്ടത്തിൽ നിന്ന് പോയ ചിലർ നിങ്ങളുടെ കൂട്ടത്തിൽ ഉണ്ടല്ലോ; പണ്ട് മാറ്റിനിർത്തിയവരും ജയിലിലടപ്പിച്ചവരുമൊക്കെ. ക്യാബിനറ്റ് നോട്ട് നോക്കുമ്പോൾ തുകയെ സംബന്ധിച്ച് ഒരു വെട്ടിത്തിരുത്തലുകളും ഇല്ല. ബഹുമാനപ്പെട്ട കോടിയേരി, അങ്ങേയ്ക്കറിയാമല്ലോ, ക്യാബിനറ്റിൽ പല തീരുമാനങ്ങളും റാറ്റിഫിക്കേഷന് വരും. ക്യാബിനറ്റ് അംഗീകരിച്ചുകഴിഞ്ഞാൽ അതാണ് ക്യാബിനറ്റ് തീരുമാനം. റാറ്റിഫൈ ചെയ്തുകഴിഞ്ഞാൽ മന്ത്രിക്ക് ഒന്നും ചെയ്യാൻ കഴിയില്ല; അത് ക്യാബിനറ്റിന്റെ തീരുമാനമാണ്. ഇവിടെ റാറ്റിഫൈ ചെയ്ത തീരുമാനം ഒരു ലക്ഷം രൂപ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചാണ്, അത് കുറയ്ക്കാൻ വേണ്ടിയല്ല. ഒരു ലക്ഷം രൂപ വർദ്ധിപ്പിക്കുമ്പോഴും അബ്കാരി പോളിസി, ജസ്റ്റിസ് രമാചന്ദ്രൻ റിപ്പോർട്ട് എന്നിവയ്ക്ക് വിധേയമായിട്ടാണ് ഈ വർദ്ധനവ്. ഇത്രയും കരുതലോടുകൂടി എടുത്ത ഈ തീരുമാനം, തെറ്റുണ്ടെങ്കിൽ നിങ്ങൾ പറഞ്ഞോ, നടപടിക്രമങ്ങൾ പാലിച്ചും സുതാര്യമായും ഗവൺമെന്റിന്റെ നയങ്ങൾക്ക് വിധേയമായിട്ടുമുള്ളതുമാണ്. അതിന് ഒരു അസംബ്ലി കമ്മിറ്റിയുടെയും അന്വേഷണം ആവശ്യമില്ല. ഈ കാര്യത്തിൽ ഒരു സംശയത്തിന്റെ പുകമറയും ഉണ്ടാക്കാൻ നിങ്ങൾക്ക് സാധിക്കില്ല എന്ന് വ്യക്തമാക്കുന്നു.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, ബഹുമാനപ്പെട്ട എ. കെ. ബാലൻ നിങ്ങൾ വളരെ വിശദമായി പറഞ്ഞു, അതിന് വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മറുപടി പറഞ്ഞു. ഇനി എന്താണ് ചർച്ച? ശ്രീ. എ. കെ. ബാലന് എന്താണ് ചോദിക്കാനുള്ളത് ?

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, 15-3-2015-ന്റെ ഉത്തരവിന്റെ പിശക് മാറ്റുന്നതിനാണ് 27-3-2013-ലെ ഉത്തരവ് വരുന്നത്. പ്രസ്തുത ഉത്തരവെന്നു പറയുന്നത് ചട്ടത്തിന് ഭേദഗതിയാണ്. ചട്ടത്തിന് ഭേദഗതി നിയമ വകുപ്പ് കണ്ടിട്ടുണ്ടോ; സബ്ജക്ട് കമ്മിറ്റി കണ്ടിട്ടുണ്ടോ? ഒരു മന്ത്രി കൊടുത്ത ഉത്തരവിന് ചട്ടത്തിന് ഭേദഗതി വരുത്തുന്നത് ഏത് വകുപ്പാണ്? നിയമവകുപ്പ് കണ്ടിട്ടില്ല, ക്യാബിനറ്റ് കണ്ടിട്ടില്ല, സബ്ജക്ട് കമ്മിറ്റി കണ്ടിട്ടില്ല. പിന്നെ എങ്ങനെയാണ് ഈ ചട്ടത്തിന് ഭേദഗതി വരുത്തി 27-3-2013-ലെ ഗവൺമെന്റ് ഉത്തരവായി കൊടുക്കുന്നത്? ഇതിന് ഉത്തരം പറയണം. മന്ത്രി ഇവിടെ ചട്ടത്തിനടക്കം ഭേദഗതി വരുത്തിയിരിക്കുകയാണ്. ഈ ചട്ടത്തിന് ഭേദഗതി വരുത്താൻ നിങ്ങൾക്ക് ആരാണ് അധികാരം തന്നത്? നിങ്ങൾ 27-3-2013-ലെ ചട്ടത്തിന് വരുത്തിയ ഭേദഗതി എന്റെ കയ്യിലുണ്ട്. ..........(ബഹളം).....

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> സർ, കഴിഞ്ഞ ദിവസം ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത് ക്യാബിനറ്റ് നോട്ടിൽ മാറ്റം വരുത്തിയെന്നാണ്. ഇപ്പോൾ ചട്ടത്തിലെ ഭേദഗതിയെക്കുറിച്ചാണ് പറയുന്നത്. ഇങ്ങനെ ഉരുണ്ടുകളിക്കേണ്ട കാര്യമുണ്ടോ ? .....(ബഹളം)....

<u>ശ്രീ. കെ. ബാബു:</u> സർ, ബഹുമാനപ്പെട്ട ബാലൻ ഇങ്ങനെ തെറ്റിദ്ധരിപ്പിക്കരുത്. ചട്ടത്തിലെ നമ്പറാണ് മാറിയത്. ഞാൻ അത് വായിച്ചു. ചട്ടത്തിലെ നമ്പർ മാറിയതിന് ലാ ഡിപ്പാർട്ടുമെന്റ് കാണണോ; വെറുതെ അനാവശ്യം പറയരുത്. ..... (ബഹളം).....

(പ്രതിപക്ഷാംഗങ്ങൾ എഴുന്നേറ്റുനിന്ന് ബഹളം വച്ചു)

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട എ. കെ. ബാലൻ, ആവശ്യത്തിന് മറുപടി പറഞ്ഞു. ഇനി നീട്ടിക്കൊണ്ടുപോകാൻ പറ്റില്ല. .......(ബഹളം)..... ആവശ്യത്തിന് സമയം തന്നു. ഇത് ശരിയല്ല, ഏകദേശം 10-20 മിനിറ്റ് നിങ്ങൾക്ക് സമയം തന്നു. വളരെ വ്യക്തമായി വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും മറുപടി പറഞ്ഞു. ഇനി അതിന്റെ പേരിൽ നിങ്ങൾക്ക് സഭ സ്തംഭിപ്പിക്കാനാണെങ്കിൽ അതിന് ചെയർ പറയുന്നില്ല. നിങ്ങളുടെ സംശയം തീർക്കാൻവേണ്ടി ആവശ്യത്തിന് സമയം തന്നു. അതിന് ഗവൺമെന്റ് ഭാഗത്തുനിന്ന് പറയാവുന്ന മറുപടി പറഞ്ഞു കഴിഞ്ഞു. ഇനി ഇത് തുടരാൻ കഴിയില്ല. ......പ്ലീസ്....പ്ലീസ്....

## IX നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

### 1. 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുള്ള സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഈ ബില്ലിൽ പ്രസക്തമായ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഈ പുതിയ ബില്ലിനകത്ത് അഡ്മിനിസ്ട്രേറ്റീവ് ബോർഡും ജില്ലാ-സംസ്ഥാന തലത്തിലുള്ള തർക്കപരിഹാരസമിതിയും വരുന്നുണ്ട്. ജില്ലാ കളക്ടർമാർ ജില്ലാ സ്പോർട്സ് കൗൺസിലിന്റെ ചെയർമാൻമാരായി മാറുന്നുണ്ട്. സംസ്ഥാന സ്പോർട്സ് വികസന സമിതി രൂപീകരിക്കുന്നുണ്ട്. കളിസ്ഥലങ്ങൾ ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള ഒരു പ്രൊപ്പോസൽ ഈ ബില്ലിനകത്തുണ്ട്. സ്പോർട്സ് ഇനങ്ങളുടെയും സ്പോർട്സ് ക്ലബ്ബിന്റെയും നിർവ്വചനങ്ങളുണ്ട്. സ്പോർട്സ് വികസനനിധി രൂപീകരിച്ചിട്ടുണ്ട്. ഈ പുതിയ ബില്ല് സുപ്രധാനങ്ങളായ 8 കാര്യങ്ങൾ ചേർത്തുകൊണ്ടുള്ളതാണ്. ഈ ബില്ലിന്റെ ബാക്കിയുള്ള ചർച്ചകൾ വരുമ്പോൾ ഞാൻ അതിന്റെ മറ്റു വിശദാംശങ്ങളിലേക്ക് കടക്കാം.

ശ്രീ. എ. പ്രദീപ്കുമാർ: sir, I move that-

" This House resolves to disapprove The Kerala Sports (Amendment) Ordinance, 2015 (Ordinance No.12 of 2015)". 2015-ലെ കേരളാ സ്പോർട്സ് (ഭേദഗതി) ബിൽ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചു.

ഈ ബില്ലിനെ ഞാൻ ശക്തമായി എതിർക്കുകയാണ്. 2000-ൽ ഇവിടെ നടപ്പാക്കിയിട്ടുള്ള സ്പോർട്സ് ആക്ടിന് വിരുദ്ധമായി വളരെ വികൃതമായിട്ടുള്ളൊരു ഭേദഗതിയാണ് ഇപ്പോൾ കൊണ്ടുവന്നിട്ടുള്ളത്. നമ്മുടെ രാജ്യത്തിന് മാതൃകയായ കേരളത്തിലെ സ്പോർട്സ് കൗൺസിലുകളുടെ പ്രവർത്തനങ്ങളും ........

ശ്രീ. വി. ശിവൻകുട്ടി: സർ, എന്റെ പേര് വിളിച്ചില്ല.

മി. സ്പീക്കർ: ശ്രീ. വി. ശിവൻകുട്ടിക്ക് നിയമം അറിയില്ലേ? ബിൽ എടുത്തപ്പോൾ അങ്ങ് സഭയിൽ ഇല്ലായിരുന്നു. സീറ്റിൽ ഇല്ലാതിരുന്നതു കൊണ്ടാണ് പേര് വിളിക്കാതിരുന്നത്. ഇപ്പോൾ നിരാകരണപ്രമേയം അവതരിപ്പിക്കാൻ ശ്രീ. എ. പ്രദീപ്കുമാറിനെ വിളിച്ചു. സഭയ്ക്ക് നടപടിക്രമങ്ങളുണ്ട്. അതിനെ വളച്ചൊടിച്ചുകൊണ്ട് നിങ്ങളുടെ ഇഷ്ടത്തിനനുസരിച്ച് കൊണ്ടുപോകാൻ കഴിയില്ല. പ്ലീസ്..... പ്ലീസ്..... (ബഹളം)..........

ശ്രീ. എ. പ്രദീപ്കുമാർ: സർ, നമ്മുടെ സംസ്ഥാന സ്പോർട്സ് കൗൺസിലും ജില്ലാ സ്പോർട്സ് കൗൺസിലുകളും രാജ്യത്തെ മറ്റ് സംസ്ഥാനങ്ങൾക്കുപോലും അനുകരണാർഹമായ മാതൃകയാണെന്ന് നമ്മളെല്ലാവരും പലവട്ടം പരസ്പരം സമ്മതിച്ചിട്ടുള്ളതാണ്. അതുകൊണ്ടുതന്നെ എല്ലാവരും യോജിച്ചുകൊണ്ടാണ് സഭയിൽ 2000-ൽ ഈ ആക്ട് പാസ്സാക്കിയത്. അത് ഏറ്റവും മികവുറ്റ നിയമമാണെന്ന് അക്കാലത്തും പിന്നീടും സ്പോർട്സ് വകുപ്പ് കൈകാര്യം ചെയ്തിരുന്ന മന്ത്രിമാരെല്ലാം പറഞ്ഞിട്ടുമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അവതരിപ്പിച്ചത് രാഷ്ട്രീയ ദുഷ്ടലാക്കോടുകൂടിയുള്ള ഒരു ഭേദഗതിയാണ്. യഥാർത്ഥത്തിൽ സ്പോർട്സ് കൗൺസിലുകളുടെ ജനാധിപത്യപരമായിട്ടുള്ള ഘടനയും ഉള്ളടക്കവും ഇല്ലായ്മ ചെയ്യുന്ന, കേരളത്തിലെ സ്പോർട്സ് രംഗത്തിന്റെ ജനാധിപത്യത്തെ കുട്ടകശാപ്പു നടത്തുന്ന ഒരു ബില്ലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഭരണകക്ഷി നിരയിലിരിക്കുന്നവർക്കുപോലും വ്യക്തിപരമായി സംസാരിച്ചാൽ ഞാൻ പറയുന്ന കാര്യങ്ങളോട് അഭിപ്രായമുണ്ടാകുമെന്നാണ് എനിക്കുതോന്നുന്നത്. ചിലപ്പോൾ രാഷ്ട്രീയമായി നിങ്ങളൊരു തീരുമാനമെടുത്ത് അതിനോടൊപ്പം നിൽക്കുമായിരിക്കാം. ഇതിന് എത്രപേരുടെ പിന്തുണ ഭരണകക്ഷി ഭാഗത്തുനിന്നുമുണ്ട് എന്നുള്ളത് സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിതന്നെ ഒരു ആശയവിനിമയം നടത്തുന്നത് നല്ലതാണ്. ഒരു ഇലക്ഷനിലേക്ക് പോവുന്നതിനാൽ ഈ ഗവൺമെന്റിന് ഇനി നാലുമാസത്തെ ആയുസ്സാണുള്ളത്. അതിനിടയിൽ അങ്ങ് ആരോടുള്ള വാശി തീർക്കാനാണ് ഇപ്പോൾ ഇതുപോലുള്ളൊരു ജനാധിപത്യത്തിന്റെ കുട്ടക്കുരുതി നടത്തുന്നത്. സ്പോർട്സിന്റെ നന്മയ്ക്കുവേണ്ടിയാണെന്നുള്ളത് ഇവിടെ സ്പോർട്സുമായി ബന്ധപ്പെട്ട ഒരാളും പറയില്ല. ഇപ്പോൾത്തന്നെ ഇതുമായി ബന്ധപ്പെട്ടുകൊണ്ട്

കോടതിയിൽ കേസുണ്ട്. ഇവിടുത്തെ പത്തോളം ജില്ലാ സ്പോർട്സ് കൗൺസിലുകളും നേരത്തേ സ്പോർട്സ് കൗൺസിലിൽ ഉണ്ടായിരുന്ന ആളുകളും കേസു കൊടുത്തിട്ടുണ്ട്. ആ കേസ് പരിഗണനയിലാണ്. നിങ്ങൾ കൊണ്ടുവന്ന ഓർഡിനൻസിനെതിരായിട്ടാണ്. അതിനിടയിൽ പുതിയ സ്പോർട്സ് കൗൺസിലിന്റെ പ്രസിഡന്റിനേയും മറ്റ് കമ്മിറ്റി അംഗങ്ങളേയുമെല്ലാം നിശ്ചയിച്ചുകൊണ്ട് ഒരു പ്രസ് റിലീസ് നിങ്ങൾ പത്രത്തിൽ കൊടുത്തത് വായിക്കാനിടയായി. അത് നേരത്തെ ഇവിടെ ചർച്ചചെയ്ത വിഷയംപോലെതന്നെ ഗവൺമെന്റ് ഒരു ഉത്തരവ് ഇറക്കിയതിനുശേഷമാണ് പ്രസ് റിലീസ് കൊടുക്കേണ്ടത്. ഇന്ന് രാവിലെ വരെ സർക്കാർ ഉത്തരവ് ഇറക്കിയിട്ടില്ല. ഞാൻ മനസ്സിലാക്കുന്നത് സ്പോർട്സ് വകുപ്പിലെതന്നെ ആരുടേയും പിന്തുണയില്ലെന്നാണ്. എന്നിട്ടും നിയമവകുപ്പിന്റെ ഉപദേശത്തെ മറികടന്ന് ഉത്തരവിറക്കുന്നതിനു വേണ്ടിയുള്ള തകൃതിയായിട്ടുള്ള നീക്കം നടക്കുന്നു. ഫയൽ നമ്പർ എ 2/4919/15 മൂവ് ചെയ്തിട്ട് ഇപ്പോഴത്തെ അവസ്ഥ എന്താണെന്നറിയില്ല. ഇപ്പോൾ ഈ ഓർഡിനൻസ് അസാധുവാക്കി ക്കൊണ്ട് പിന്നീട് ബിൽ അവതരിപ്പിക്കുന്നതു കൊണ്ട് പ്രാധാന്യമില്ലെന്ന് നിങ്ങൾതന്നെ പറയുന്നു. കോടതിയിലിരിക്കുന്ന ഒരു വിഷയം ആയിരിക്കെ എന്തിനാണ് ഇത്ര ധൃതിപിടിച്ച് സ്പോർട്സ് കൗൺസിലിനെ ഇങ്ങനെ ഒളിച്ചു കടത്തിക്കൊണ്ടുവരുന്നത്. ഇക്കാര്യത്തിൽ സംസ്ഥാന സ്പോർട്സ് വകുപ്പിന്റെയും നിയമ വകുപ്പിന്റെയും നിലപാടുകൾ എന്താണെന്നറിയാനുള്ള താല്പര്യം ഞങ്ങൾക്കുണ്ട്. ബഹുമാനപ്പെട്ട മന്ത്രി സ്പോർട്സ് വകുപ്പ് കൈകാര്യം ചെയ്യാൻ തുടങ്ങിയതിനുശേഷം നമ്മുടെ സംസ്ഥാന സ്പോർട്സ് കൗൺസിലുകളുടെയും സ്പോർട്സ് രംഗത്തിന്റേയുമൊക്കെ ചരിത്രം നന്നായി മനസ്സിലാക്കിയിട്ടുണ്ടാകുമെന്നാണ് കരുതുന്നത്. 1953-ലാണ് കേണൽ ഗോദവർമ്മരാജ (ജി. വി. രാജ)യാണ് സ്പോർട്സ് കൗൺസിലിന് രൂപം നൽകിയത്. തിരുവിതാംകൂർ-കൊച്ചി ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് സമൂഹത്തിലെ വിവിധ മേഖലകളിലുള്ളവരുടെ പ്രാതിനിധ്യം ഉറപ്പാക്കിയെടുക്കാവുന്ന രീതിയിലുള്ള ഒരു സംവിധാനമെന്ന നിലയിലാണ് ആ കൗൺസിൽ അന്ന് രൂപീകരിച്ചത്. പിന്നീട് 1974-ൽ കേരള സർക്കാർ ഉത്തരവിലൂടെ കൗൺസിൽ അതേ രീതിയിൽ പുന:സംഘടിപ്പിച്ച സംഭവവുമുണ്ടായി.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. എ. പ്രദീപ്കുമാർ സ്പോർട്സ് കൗൺസിലിന്റെ ബില്ലിനെക്കുറിച്ചാണല്ലോ സംസാരിച്ചു കൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട സ്പീക്കർ ഒരിക്കലും ചെയ്യാൻ പാടില്ലാത്ത നടപടിക്രമമാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്. എന്റെ ഒബ്ജക്ഷൻ അതായിരുന്നു. ഞാൻ ആ സമയത്ത് ഇല്ലായിരുന്നുവെന്നുള്ളത് സത്യമാണ്. 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ബില്ലിന്റെ നിർദ്ദേശങ്ങളിൽ ഞാൻ ഒബ്ജക്ഷൻ പറയാൻ കാരണം ബഹുമാനപ്പെട്ട

ഹൈക്കോടതിയിൽ WP(c)No.29977/2015/V എന്ന കേസ് ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം സ്റ്റേ നിൽക്കുകയാണ്. ആ അവസരത്തിൽ ഈ നിയമനിർമ്മാണം നടത്തുന്നത് ഓർഡറിലാണോ; അല്ലായെന്നുള്ളതാണ് എന്റെ വാദഗതി. അത് ശ്രീ. എ. പ്രദീപ്കുമാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇതാണ് ഞാൻ നേരത്തെ പറയാനുദ്ദേശിച്ചത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട വി. ശിവൻകുട്ടി, ചെയറും അങ്ങും തമ്മിൽ ഒരു അഭിപ്രായ വ്യത്യാസത്തിലേക്ക് പോകേണ്ട കാര്യമില്ല. ഒരു ബില്ല് അവതരിപ്പിക്കുന്നതിന് മുമ്പാണ് ഒബ്ജക്ഷൻ പറയേണ്ടത്. ബിൽ അവതരിപ്പിച്ച് കഴിഞ്ഞു. അതിനുള്ള ഭേദഗതി അവതരിപ്പിച്ചുകഴിഞ്ഞാൽ പിന്നെ ഒബ്ജക്ഷൻ വരുന്നത് ശരിയല്ല. എന്നാലും ശ്രീ. എ. പ്രദീപ്കുമാർ വഴങ്ങുകയും അങ്ങ് പരസ്യമായി പറയുകയുംചെയ്ത സാഹചര്യത്തിൽ അതിന് മറുപടി പറഞ്ഞില്ലെങ്കിൽ ഒരു തെറ്റായ ധാരണ സഭയ്ക്കുണ്ടാകും. അതുകൊണ്ട് ദയവായി ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മറുപടി പറയണം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കോടതി അടച്ചതിനുശേഷം ലാ പോയിന്റ് പറയുന്നതിന് തുല്യമാണ്. എന്നാൽ പോലും ബിൽ ഓപ്പൺ ചെയ്തു കഴിയുമ്പോൾ പിന്നെ ബില്ലിനെക്കുറിച്ചുള്ള ചർച്ചയാണ് വരുന്നത്. ബിൽ അവതരിപ്പിക്കുന്നതിനെതിരെയുള്ള ഒബ്ജക്ഷനാണ് അദ്ദേഹം പറഞ്ഞത്. അങ്ങ് ഇവിടെ സൂചിപ്പിച്ചതുകൊണ്ട് ഞാൻ അതിനെക്കുറിച്ച് പറയാം. ഭരണഘടന 211, 2 (എ) അനുച്ഛേദപ്രകാരം ഓർഡിനൻസുകൾ ബിൽ ആയി അവതരിപ്പിക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് ഞാൻ പറയേണ്ട കാര്യമില്ല. അതിന്റെ necessity, ഒരു compulsion നമ്മുടെ മേൽ ഉണ്ട്. ഒരു കേസ് കോടതിയിൽ കൊടുത്തിട്ടുണ്ട്. കോടതിയിൽ കേസ് കൊടുത്തത് ആരാണ്? മലപ്പുറം, കണ്ണൂർ, ഇടുക്കി, കാസർഗോഡ്, പാലക്കാട് എന്നീ ജില്ലകളിലുള്ള ജില്ലാ സ്പോർട്സ് കൗൺസിലിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി മെമ്പർമാർ ചേർന്ന് 5 പെറ്റീഷനുകളാണ് കോടതിയിൽ നൽകിയിട്ടുള്ളത്. കോടതിയുടെ ഓർഡർ ഞാൻ വായിക്കാം -' The petition shall not be dislodged or substituted for a period of 10 days.' എന്നു പറഞ്ഞ് അന്ന് കോടതി 2015 സെപ്തംബർ മാസം 30-ന് ഉത്തരവിട്ടു. പത്തു ദിവസത്തേക്ക് ജില്ലാ സ്പോർട്സ് കൗൺസിലിന്റെ സ്ഥാനം വഹിക്കുന്നതിൽ നിന്നും അവരെ മാറ്റരുത് എന്നു പറഞ്ഞ് ഒരു ഓർഡർ ഇട്ടു. കോടതിയുടെ ഓർഡറിന്റെ രണ്ടാം ഭാഗം ഉണ്ട്. It is made clear that it cannot be construed as a stay in the going procedure. എന്നാണ്. ആ പ്രൊസീഡ്യുവറിന് തടസ്സമുണ്ടാകാതെ പ്രൊസീഡ് ചെയ്യാമെന്നും കോടതി ഉത്തരവിട്ടിട്ടുണ്ട്. അത് അവരുടെ ജില്ലാ സ്പോർട്സ് കൗൺസിലാണ്.

നമ്മൾ പുനഃസംഘടിപ്പിച്ചത് സ്റ്റേറ്റ് സ്പോർട്സ് കൗൺസിലാണ്. സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിനെ സംബന്ധിച്ച് ഒരു കേസും ഇല്ല. ആരും കോടതിയിലും പോയിട്ടില്ല. ഭരണഘടനാപരമായി നമുക്ക് അതിനുള്ള അധികാരം ഉണ്ട്. ഒരു ബിൽ അവതരിപ്പിക്കരുതെന്ന് പറഞ്ഞ് ഒരിക്കലും ഒരു കോടതിയും ഉത്തരവിടുന്ന പ്രശ്നമേയില്ല. അത് അങ്ങാണ് തീരുമാനിക്കേണ്ടത്, അങ്ങാണ് അതിന്റെ കസ്റ്റോഡിയൻ, അങ്ങാണ് അതിന്റെ നാഥൻ. അതുകൊണ്ട് സാധാരണ ഗതിയിൽ കോടതിയിൽ പോകില്ല, കോടതി അതിന് സമ്മതിക്കുകയുമില്ല. നാലഞ്ച് ജില്ലാ സ്പോർട്സ് കൗൺസിലിലെ ആളുകളാണ് കോടതിയിൽ പോയിട്ടുള്ളത്. ആറു കൊല്ലം മുൻപ് അവരെ നിയമിച്ചതാണ്. അഞ്ചു കൊല്ലം കൊണ്ട് അവരുടെ കാലാവധി തീരുന്നതുമാണ്. കാലാവധി തീർന്നിട്ടും ഒരു കൊല്ലം കൂടി തുടരുകയാണ്. ആ തുടർന്ന സീറ്റിൽ വീണ്ടും തുടരണം എന്നുള്ളതായിരിക്കും അവർ ആഗ്രഹിച്ചത് എന്ന് എനിക്ക് തോന്നുന്നു. പക്ഷെ അനാദി കാലത്തേയ്ക്ക് കൊണ്ടുപോകാൻ പറ്റുമോ? അതുകൊണ്ട് നമ്മൾ നിയമം കൊണ്ടുവരുന്നു. ആ നിയമം നേരത്തെ ഓർഡിനൻസ് ആയി വന്നു. അതാണ് ഇവിടെ ഡിസ്കഷനിൽ വരുന്നത്. അതുകൊണ്ട് ഈ ഒബ്ജക്ഷൻ മെയിന്റെയ്നബിളല്ല എന്നുള്ളതാണ് എന്റെ പക്ഷം.

ശ്രീ. ഇ. പി. ജയരാജൻ: സർ, അങ്ങ് സഭയോട് മാന്യത കാണിച്ചില്ല. അപ്പുറവും ഇപ്പുറവും ആളുകളുണ്ട്. വളരെ ചുരുക്കമൊന്നുമല്ല ഞങ്ങൾ. നിങ്ങൾ എം.എൽ.എ.-മാരുടെ പ്രതിനിധികളെ തെരഞ്ഞെടുത്തു. നിങ്ങൾ എടുത്ത നിലപാട് ശരിയാണോയെന്ന് ഇനിയെങ്കിലും ആലോചിച്ചു നോക്കൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: റീ കോൺസ്റ്റിറ്റ്യൂഷൻ അങ്ങ് ഒന്ന് പരിശോധിച്ചു നോക്കൂ. യഥാർത്ഥത്തിൽ അതിൽ ഒന്നും നിയമസഭയുടെ അംഗസംഖ്യ അല്ല. സ്പോർട്സിൽ അവർ ചെയ്തിട്ടുള്ള പെർഫോർമെൻസിന്റെ അടിസ്ഥാനത്തിലാണ്. സ്പോർട്സ് കൗൺസിലിൽ വന്നിട്ടുള്ള മുഴുവൻ ആളുകളെയും അങ്ങയുടെ പാർട്ടിയിൽപ്പെട്ട അംഗങ്ങളടക്കം എന്നെ ഫോണിൽ വിളിച്ച് അനുമോദിച്ചിട്ടുണ്ട്. നിങ്ങൾ സമ്മതിക്കുകയില്ല. നിങ്ങൾക്ക് ഇവിടെ രാഷ്ട്രീയം പറയണം. സ്പോർട്സ് fraternity ൽപ്പെട്ട എല്ലാ ആളുകളും ഈ എടുത്ത തീരുമാനത്തെ ശ്ലാഘിച്ചിട്ടുണ്ട്. മാധ്യമങ്ങളിൽ നടന്ന ചർച്ചകൾ ഉണ്ട്. എഡിറ്റോറിയൽ എഴുതിയ മാധ്യമങ്ങൾ ഉണ്ട്. അവരെല്ലാം അതിനെ പൂർണ്ണമായും അംഗീകരിക്കുകയാണ് ചെയ്തത്. അങ്ങേക്ക് എന്തെങ്കിലും ഒബ്ജക്ഷനുണ്ടെങ്കിൽ അത് പ്രത്യേകം ആലോചിക്കാം.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, പ്രതിപക്ഷത്ത് ഞങ്ങൾ കുറച്ചുപേർ ഇരിക്കുന്നുണ്ട് എന്ന ധാരണയെങ്കിലും ബഹുമാനപ്പെട്ട മന്ത്രി എന്നുള്ള നിലയിൽ നിങ്ങൾക്ക് ഉണ്ടാകേണ്ടതായിരുന്നു. അത് നിങ്ങൾക്ക് ഉണ്ടായില്ല. അക്കാര്യം നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നുവെന്ന് മാത്രമേയുള്ളൂ. ഇപ്പോൾ കാര്യം മനസ്സിലായിട്ടുണ്ടാകും.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, കോടതിയിൽ ആ കേസ് നിൽക്കുകയാണ്. കോടതി ആ കേസ് ഡിസ്പോസ് ചെയ്തിട്ടില്ല. താങ്കൾക്ക് റൂളിംഗ് നൽകാം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പല പ്രയോഗങ്ങളും നടത്തും. സ്പോർട്സ് രംഗവുമായിട്ട് ഒരു ബന്ധവുമില്ലെന്ന് പറഞ്ഞു. ഞാനും ശ്രീ. ഷാഫി പറമ്പിലും ഈ നിയമസഭയിൽ നിന്നും ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട സ്പോർട്സ് കൗൺസിൽ മെമ്പർമാരാണ്. ഞാൻ തിരുവനന്തപുരം ജില്ലാ ഫുട്ബോൾ അസോസിയേഷന്റെ ഇലക്ടഡ് പ്രസിഡന്റാണ്.

1.00 PM]

ശ്രീ. എ. പ്രദീപ്കുമാർ കോഴിക്കോട് ജില്ലയിലെ ഫുട്ബോൾ അസോസിയേഷന്റെ ഇലക്ടഡ് പ്രസിഡന്റാണ്. ആരും സ്പോർട്സ് രംഗത്ത് ഇല്ലായെന്നൊന്നും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ കണ്ണടച്ച് പറഞ്ഞു കളയരുത്.

## റൂളിംഗ്

<u>കോടതിയുടെ സ്റ്റേ നിലനിൽക്കുന്ന ബില്ലിന്റെ പരിഗണന</u>

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട ശിവൻകുട്ടിയുടെ തടസ്സവാദം ഇവിടെ അവതരിപ്പിച്ചു കഴിഞ്ഞു. കോടതിയുടെ പരിഗണനയിൽ ഇരിക്കുന്നതോ കോടതിയുടെ സ്റ്റേയുള്ളതോ ആയ കാര്യത്തിൽപോലും ആ വിഷയത്തിന്മേലുള്ള ബിൽ സഭയിൽ പരിഗണിക്കുന്നതിന് യാതൊരു തടസ്സവുമില്ലെന്ന് ഇതിനുമുൻപ് നമ്മുടെ സഭയിൽ തന്നെ നിരവധി റൂളിംഗുകൾ ഉണ്ടായിട്ടുണ്ട്. 10-12-1997-ൽ അബ്കാരി (ഭേദഗതി) ബിൽ സഭയിൽ ചർച്ചയ്ക്കു വന്നപ്പോഴും 4-2-1999-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിച്ചപ്പോഴും കോടതിയുടെ സ്റ്റേ നിലവിലുള്ളതിനാൽ ബിൽ അവതരിപ്പിക്കുന്നതിന് തടസ്സവാദം ഉന്നയിക്കപ്പെട്ടു. എങ്കിലും പ്രസ്തുത തടസ്സവാദങ്ങൾ തള്ളി ബിൽ അവതരിപ്പിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിലും 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ സ്റ്റേ ചെയ്യുകയോ റദ്ദാക്കുകയോ ചെയ്തിട്ടില്ലായെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിലും ഈ ബിൽ സഭയിൽ അവതരിപ്പിക്കുന്നതിന് യാതൊരു തടസ്സവുമില്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, മന്ത്രി ഇതിനിടയിൽ ഇടപെട്ട് സംസാരിച്ചിട്ടും അദ്ദേഹം വ്യക്തമാക്കാതിരുന്ന ഒരു കാര്യമുണ്ട്. സെപ്തംബർ 18-നാണ് ഓർഡിനൻസ് കൊണ്ടുവന്നത്. ഇത്രയും ദിവസം ഉണ്ടായിരുന്നു. നിങ്ങൾ ഇപ്പോൾ ഒരു പ്രസിഡന്റും കമ്മിറ്റി അംഗങ്ങളും ഉൾപ്പെടെയുള്ള ഒരു സ്പോർട്സ് കൗൺസിലിനെ ജനാധിപത്യ വിരുദ്ധമായി കോൺസ്റ്റിറ്റ്യൂട്ട് ചെയ്തു. അത് ഒരു പ്രസ് റിലീസിലൂടെ പുറത്തറിയിച്ചു. അതൊരു സർക്കാർ ഉത്തരവായി ഇതുവരെയും വന്നിട്ടില്ലല്ലോ? ഈ നിയമസഭ സമ്മേളിച്ച് ഓർഡിനൻസ് മാറി ഒരു ബിൽ ആയി വന്നു. ഇനി ഇത് ചർച്ച ചെയ്ത് പാസ്സാക്കണം. ഇതിന്റെ നടപടിക്രമങ്ങൾ കഴിഞ്ഞു. അതിനിടയിൽ ഇന്നു രാവിലെവരെ ആകാത്ത ഉത്തരവ് ഇതിനിടയിലൂടെ കൊണ്ടുവരുന്നത് ശരിയല്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ആരെയും ഇന്റർഫിയർ ചെയ്യുന്ന സ്വഭാവം എനിക്കില്ല. അങ്ങേയ്ക്ക് തെറ്റിദ്ധാരണ ഉണ്ടാകാതിരിക്കാൻ പറയുകയാണ്. ഗവൺമെന്റ് ഉത്തരവ് ഉണ്ട്. അങ്ങ് എല്ലാകാര്യങ്ങളും പരിശോധിക്കണം.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, ഏതായാലും ഈ ബിൽ ഷെഡ്യൂൾ ചെയ്ത് ഇന്ന് ഇവിടെ പ്രസന്റ് ചെയ്യുമെന്ന് തീരുമാനിക്കുന്നതുവരെ ഉത്തരവ് വന്നിട്ടില്ല. ഇനി നിങ്ങൾ ഉത്തരവ് കൊണ്ടുവരുമോയെന്നുള്ള കാര്യം എനിക്കറിയില്ല. അതുസംബന്ധിച്ച് ഇവിടത്തെ നിയമവകുപ്പിന്റെ നിലപാട് എന്താണ്; കോടതിയിൽ കേസ് നിലവിലിരിക്കെ ഇങ്ങനെ ഒരു കമ്മിറ്റി കോൺസ്റ്റിറ്റ്യൂട്ട് ചെയ്യുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിയമോപദേശകർ എന്താണ് പറഞ്ഞത്? ഈ ബില്ലിന്റെ ആവിഷ്കാരം, അവതരണം, അനുബന്ധ നടപടികൾ സർവ്വതും അതി നിഗൂഢമായ നിലയിലാണ് സ്പോർട്സ് വകുപ്പുമന്ത്രിയും അദ്ദേഹത്തിന്റെ സഹായികളും കൈകാര്യം ചെയ്തത് എന്നുള്ള ശക്തമായ വിമർശനമാണ് എനിക്ക് ഉള്ളത്. ഈ സന്ദർഭത്തിൽ ആരോടുള്ള വാശി കാണിക്കാനാണ് ഇങ്ങനെ ചെയ്തത്? 2000-ൽ ഇവിടെ ഒരു സ്പോർട്സ് ആക്ട് കൊണ്ടുവന്നപ്പോൾ നമ്മളെല്ലാവരും കൈപൊക്കി അംഗീകരിച്ചതാണ്. എത്രയെത്ര ആലോചനകൾ നടന്നിട്ടാണ് 1980-കളിൽ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ ചെയർമാനായിട്ടുള്ള കമ്മിറ്റി ഉണ്ടായത്. സ്പോർട്സ് രംഗവുമായി ബന്ധപ്പെട്ട എല്ലാവരുമായി ആശയവിനിമയം നടത്തിയശേഷമാണ് അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി നിർദ്ദേശങ്ങൾ സമർപ്പിച്ചത്. അതിൽ പഴയ സ്പോർട്സ് വകുപ്പ് കൈകാര്യം ചെയ്ത മന്ത്രിമാരും സ്പോർട്സ് കൗൺസിൽ പ്രസിഡന്റുമാരായവരും കായികതാരങ്ങളും കായികരംഗത്തെ വിദഗ്ദ്ധരും കോച്ചുമാരുമുണ്ട്. എല്ലാ നിലയിലും ആശയവിനിമയം നടത്തി ആവിഷ്കരിച്ച ഒരു സ്പോർട്സ് ആക്ടാണ്. മാറിമാറി വന്ന ഗവൺമെന്റുകൾക്ക് പാസാക്കാൻ കഴിയാതെ പോയി.

2000-ൽ അത് പാസ്സാക്കി. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് തന്നെയാണ് ബാക്കിയുള്ള തുടർനടപടികളിലേക്ക് കടക്കുന്നത്. 2000-ൽ പാസ്സാക്കിയ ആക്ട് പ്രകാരം ശ്രീ. എം. വിജയകുമാർ മിനിസ്റ്ററായിരുന്ന കാലത്ത് 2008-ലാണ് ആദ്യമായി ജില്ലാ സ്പോർട്സ് കൗൺസിലിലേക്ക് ജനാധിപത്യപരമായ നിലയിൽ ഇലക്ഷൻ നടക്കുന്നത്. അതുകഴിഞ്ഞ് 2009-ൽ സംസ്ഥാന സ്പോർട്സ് കൗൺസിലിലേക്ക് ഇലക്ഷൻ നടന്നു. ആ സ്പോർട്സ് കൗൺസിലുകളാണ് ഇവിടെ പ്രവർത്തിച്ചുകൊണ്ടിരുന്നത്. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ മന്ത്രിയായിരുന്നു. അങ്ങ് 2000-ൽ പാസാക്കിയിട്ടുള്ള ആക്ടിനെ ഗളച്ഛേദം ചെയ്യാൻ തീരുമാനിച്ചിരുന്നില്ലല്ലോ? അത് വച്ചുകൊണ്ട് നന്നായി പ്രവർത്തിച്ചിരുന്ന ആളായിരുന്നല്ലോ? സ്പോർട്സ് വകുപ്പ് നന്നായി കൈകാര്യം ചെയ്തല്ലോ? 2008-ൽ രൂപം കൊണ്ട ജില്ലാ സ്പോർട്സ് കൗൺസിലും 2000-ലെ ആക്ട് അനുസരിച്ച് രൂപീകൃതമായ സംസ്ഥാന സ്പോർട്സ് കൗൺസിലും തുടർന്ന് പ്രവർത്തിച്ചുവരുന്നുവെന്ന് പറഞ്ഞു. അങ്ങ് അതിനിടയിൽ ഒരു കുത്ത് കുത്തിയല്ലോ കോടതിയിൽ പോയ ആൾക്കാർക്കെതിരെ. കോടതിയിൽപ്പോയ ആൾക്കാർ അവർക്ക് വീണ്ടും അവിടെ അധികാരത്തിൽ കടിച്ചുതൂങ്ങാനാണ് പോയതെന്നാണ് പറഞ്ഞത്. അങ്ങ് എത്ര നീചമായിട്ടാണ് പറഞ്ഞത്. അവർ ഇതുവരെയും തുടർന്ന് വന്നതിന് അവരാണോ ഉത്തരവാദി. നിങ്ങൾ ഇലക്ഷൻ നടത്താത്തതുകൊണ്ടല്ലേ? 2008-ൽ രൂപം കൊണ്ട ജില്ലാ സ്പോർട്സ് കൗൺസിലിലേയ്ക്ക് അഞ്ച് വർഷം പൂർത്തിയാകുമ്പോൾ, 2013-ൽ ഇലക്ഷൻ നടത്തണ്ടേ, ഇലക്ഷൻ നടത്താൻ കഴിയാതെ പോയതെന്താണ്? 2014-ൽ സംസ്ഥാന സ്പോർട്സ് കൗൺസിലിലേക്ക് ഇലക്ഷൻ നടത്തണ്ടേ? എന്താണ് ഇലക്ഷൻ നടത്താതിരുന്നത്? അന്നുതന്നെ നിങ്ങളുടെ മനോമുകുരത്തിൽ ഈ നിഗൂഢമായ പദ്ധതിയുണ്ടായിരുന്നു, ഈ സ്പോർട്സ് കൗൺസിലിന്റെ ജനാധിപത്യസംവിധാനത്തെ കടപുഴകിയെറിയാനുള്ള അജണ്ടയുമായി നിങ്ങൾ തക്കം പാർത്തിരിക്കുകയായിരുന്നു. അപ്പോൾ പല പ്രശ്നങ്ങൾ വന്നതുകൊണ്ട് സമയം കിട്ടിയില്ല. ഇപ്പോഴാണ് അത് ശരിപ്പെടുത്തുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഈ അവസാന സമയത്ത് ഈ കൊടുംക്രൂരത ചെയ്യുന്നത്, സ്പോർട്സ് വകുപ്പ് കൈകാര്യം ചെയ്തപ്പോൾ ഒരു നിയമനിർമ്മാണം നടത്തിയെന്ന് ചരിത്രത്തിൽ ഇടംതേടാനാണെങ്കിൽ ഞാൻ ഒരു കാര്യം പറയാം. ഞാൻ ഈ സഭയിൽ ഒരു പ്രൈവറ്റ് ബിൽ കൊണ്ടുവന്നു. 'കളിക്കളങ്ങളുടെ സംരക്ഷണവും പരിപാലനവും'. ഇത് ഗവൺമെന്റ് ഒഫിഷ്യലായി കൊണ്ടുവരുമെന്ന് അങ്ങ് പറയുകയും ചെയ്തിരുന്നു. അങ്ങ് അത് കൊണ്ടുവന്നാൽ വലിയ കാര്യമായിരുന്നു. വലിയൊരു നന്മയായിരിക്കും അങ്ങ് ചെയ്യുന്നത്. അങ്ങ് സ്പോർട്സ് വകുപ്പുമന്ത്രിയായിരുന്ന സമയത്ത് ഒരു നിയമം കൊണ്ടുവന്നുവെന്ന് അങ്ങേയ്ക്ക് പറയുകയും ചെയ്യാം,

സ്പോർട്സ് ലോകത്തിന് നന്മയുമുണ്ടാകും. ഈ മഹാപാതകത്തിൽ നിന്ന് അങ്ങേക്ക് മാറിനിൽക്കുകയും ചെയ്യാം. എന്തു താൽപ്പര്യത്തിലാണ് ഇത് ചെയ്യുന്നതെന്നറിയില്ല. നമ്മുടെ നിയമസഭയിലെ അംഗങ്ങളെ സ്പോർട്സ് കൗൺസിലിലേക്ക് നോമിനേറ്റ് ചെയ്യുന്ന സമയത്ത് അങ്ങ് പറഞ്ഞില്ലേ സ്പോർട്സുമായി ബന്ധമുള്ളവരെയാണ് നോമിനേറ്റ് ചെയ്യുന്നതെന്ന്. എങ്ങനെയാണ് നേരത്തെ സംസ്ഥാന സ്പോർട്സ് കൗൺസിലിലേയ്ക്ക് നിയമസഭയിൽ നിന്നുള്ള അംഗങ്ങളെ നോമിനേറ്റ് ചെയ്യുന്നത്? ആനുപാതിക പ്രാതിനിധ്യത്തിന്റെ അടിസ്ഥാനത്തിലുള്ള ഇലക്ഷനിലൂടെയാണ്. സ്പോർട്സുമായി എന്തെങ്കിലും തരത്തിലുള്ള ബന്ധമോ അഭിരുചിയോ ആഭിമുഖ്യമോ ഉള്ളവരെയാണ് നിയോഗിക്കുന്നത്. അതുകൊണ്ട് എന്തെങ്കിലും ആപത്തുണ്ടായോ? അതിനുപകരം അവിടെയും മൂന്ന് പേർ ഭരണകക്ഷിയിലുള്ളവർ. ഭരണകക്ഷിയിൽ നിന്നായാലും ഇലക്ഷനിലൂടെ നിങ്ങൾ മുഴുവൻ ആളുകളും ജയിച്ചുവന്നാലും സന്തോഷമാണ്. അതിനുവേണ്ടി നിങ്ങൾ ജനാധിപത്യകശാപ്പ് നടത്തി. അങ്ങേയ്ക്കറിയുമോ? നമ്മുടെ മേയർമാരുടെയും ജില്ലാ പഞ്ചായത്തിന്റെയും പഞ്ചായത്ത് പ്രസിഡന്റുമാരുടെയും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെയും പ്രതിനിധികൾ ജില്ലാ സ്പോർട്സ് കൗൺസിലുകളിലും സംസ്ഥാന സ്പോർട്സ് കൗൺസിലുകളിലുമൊക്കെയുണ്ട്. അവർ ഇലക്ഷനിലൂടെയാണ് വരുന്നത്. കേരളത്തിലെ എല്ലാ മേയർമാരിൽ നിന്നും ഇലക്ട് ചെയ്യുന്ന ഒരാളാണ് വരുന്നത്. ആരെയാണ് നിങ്ങൾ ഇപ്പോൾ പുതിയതായി കോൺസ്റ്റിറ്റ്യൂട്ട് ചെയ്ത കമ്മിറ്റിയിൽ വച്ചത്? ഇവിടെയുള്ള ആറ് മേയർമാരിൽ അഞ്ചുപേരും എൽ.ഡി.എഫും ഒന്ന് യു.ഡി.എഫുമാണ്. ഒരു യു.ഡി.എഫ്. അത് സ്പോർട്സിലുള്ള മികവുകൊണ്ടോ, അവർ ഒരു അർജ്ജുന അവാർഡ് ജേതാവോ അല്ലെങ്കിൽ ഒരു ഇന്റർനാഷണൽ താരമോ ആണെങ്കിൽ ശരി, അങ്ങനെ അംഗീകരിക്കാമായിരുന്നു. ഇങ്ങനെ ഒരോരുത്തരേയും രാഷ്ട്രീയ ദൃഷ്ടലാക്കോടുകൂടി കൊണ്ടുവരികയാണ്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്കുപോലും അനുകരണാർഹമായ മാതൃകയായി മാറിയിട്ടുള്ള നമ്മുടെ സ്പോർട്സ് കൗൺസിലിന്റെ ജനാധിപത്യപരമായ ഘടനയേയും ഉള്ളടക്കത്തേയും എല്ലാം കുട്ടക്കുരുതി നടത്തുകയാണ് ബഹുമാന്യനായ മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണന്റെ നേതൃത്വത്തിൽ ഇവിടെ ചെയ്യുന്നത്. അതിനെ കയ്യടിച്ച് പ്രോത്സാഹിപ്പിക്കാൻ നമുക്കെന്തായാലും സാധിക്കില്ല. ഇത് കേരളത്തിലെ സ്പോർട്സ് ലോകത്തിന്റെ അതിശക്തമായ പ്രതിഷേധത്തിന് അദ്ദേഹം ഇരയാകാൻ പോകുകയാണ്.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, അങ്ങ് ഇവിടെ ജനപ്രതിനിധികളുടെ കൂട്ടത്തിൽ നിന്നുള്ള നാമനിർദ്ദേശത്തെക്കുറിച്ചാണ് പറഞ്ഞത്. ഏതോ ഒരു മേയറെ നാമനിർദ്ദേശം ചെയ്തതായി പറഞ്ഞു. അവർക്ക് ഏത് അവാർഡ് കിട്ടിയെന്നാണ് അങ്ങ് പറഞ്ഞത്. അർജ്ജുന അവാർഡ് കിട്ടിയതാണോ? അക്കാര്യം മനസ്സിലായില്ല.

ശ്രീ. എ. പ്രദീപ്കുമാർ: അർജ്ജുന അവാർഡ് കിട്ടിയതാണെങ്കിൽ നമുക്ക് അംഗീകരിക്കാമായിരുന്നു. സ്പോർട്സ് രംഗത്തെ പ്രാവീണ്യം നോക്കിയിട്ടാണ്. അങ്ങനെയാണെങ്കിൽ സ്പോർട്സ് വകുപ്പുമന്ത്രിയായിരുന്ന അങ്ങേക്ക് ഏത് കളിയിലാണ് പ്രാവീണ്യമുള്ളത്. അങ്ങ് ഒരു മുന്തിയ കളിക്കാരനാണെന്ന് ഞങ്ങൾക്കെല്ലാവർക്കുമറിയാം. പക്ഷേ അത് സ്പോർട്സുമായി ബന്ധപ്പെട്ടതല്ല. ഇവിടെ ഓരോ കാര്യത്തിലും ഇങ്ങനെയാണ് ചെയ്തുകൊണ്ടിരിക്കുന്നത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങേക്ക് ഇനി എത്ര മിനിറ്റ് കൂടി വേണം?

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാൻ അധികം സമയമെടുക്കില്ല. എത്ര സമർത്ഥമായിട്ടാണ് ഓരോ കാര്യങ്ങളും ചെയ്തിരിക്കുന്നത്. ഈ ആക്ടിന്റെ ഭാഗമായി ആദ്യം സ്പോർട്സ് കൗൺസിലുകൾക്ക് നിലവിലുണ്ടായിരുന്ന അധികാരം അങ്ങ് കവർന്നെടുത്തു. ഞാൻ ഓരോന്നും എടുത്ത് പറയുന്നില്ല. നേരത്തെ നമ്മുടെ സ്പോർട്സ് കൗൺസിലുകൾക്ക് ലോട്ടറിവഴി സ്വന്തമായി ഫണ്ട് സമാഹരിച്ച് കളിക്കളങ്ങളും മറ്റും വികസിപ്പിക്കുന്നതിന് ഗ്രാന്റ് കൊടുക്കാനുള്ള അധികാരമുണ്ടായിരുന്നു. ആ അധികാരമെടുത്ത് ഇപ്പോൾ ഡയറക്ടറേറ്റിന് കൊടുത്തിരിക്കുകയാണ്. ശ്രീ. റ്റി.പി. ദാസൻ പ്രസിഡന്റായിരുന്ന സമയത്ത് ഒരുപാട് കളിക്കളങ്ങൾക്ക് ഗ്രാന്റ് കൊടുത്തു. ഞങ്ങളൊക്കെ വാങ്ങിയിട്ടുണ്ട്. ഈ സ്പോർട്സ് കൗൺസിലുകളൊക്കെ അങ്ങനെയുള്ള ചില അധികാരങ്ങൾ എൻജോയ് ചെയ്ത് അവർ അതനുസരിച്ച് പ്രവർത്തിച്ചു. ഇപ്പോൾ ശ്രീമതി പത്മിനി തോമസ് പ്രസിഡന്റായി. അവർക്കെന്താ കുഴപ്പം? അവർ തന്നെ പിന്നെയും വരണമെന്നുള്ള തരത്തിലല്ല. ശ്രീ. റ്റി.പി. ദാസനുള്ളപ്പോഴും ശ്രീമതി പത്മിനി തോമസുള്ളപ്പോഴും അവിടെ സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മാത്രമല്ല, ജില്ലാ സ്പോർട്സ് കൗൺസിലുകളുണ്ട്. ഇവരെല്ലാവരും നന്നായി പ്രവർത്തിച്ചതിന്റെ ഭാഗമായിട്ടാണ് ദേശീയ ഗെയിംസിൽ നമുക്ക് സ്വർണ്ണം കൊയ്യാനായത്, ചാമ്പ്യന്മാരായത്. സ്പോർട്സ് കൗൺസിലുകളും അതിന്റെ അസോസിയേഷനുകളുമൊന്നും പ്രവർത്തിച്ചില്ലായിരുന്നുവെങ്കിൽ, കുറച്ചുവർഷങ്ങൾക്കു മുമ്പ് തന്നെ ജനാധിപത്യകശാപ്പ് നടത്തി കഴിഞ്ഞിരുന്നുവെങ്കിൽ ഈ സ്പോർട്സ് കൗൺസിലുകളുടെ പ്രവർത്തനത്തിന്റെ ഭാഗമായി താരോദയങ്ങളുണ്ടാകുമായിരുന്നോ? അവർക്ക് ഈ നാഷണൽ ഗെയിംസിൽ ചാമ്പ്യൻ പട്ടം നേടാൻ കഴിയുമായിരുന്നോ? 2000-ലെ ആക്ട് പ്രകാരം രൂപം കൊണ്ട സ്പോർട്സ് കൗൺസിലുകളുടെ പ്രവർത്തന മികവിന്റെ ഭാഗമായി തന്നെയാണ് ഈ നേട്ടമുണ്ടായത്. നമ്മൾ ചാമ്പ്യൻമാരായതിനെക്കുറിച്ച് അങ്ങ് മികവ് പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. നിങ്ങൾ ഉത്തരവിറക്കിയിട്ടാണോ ഇവരെല്ലാം സ്വർണ്ണവും വെള്ളിയുമൊക്കെ നേടിയത്;

സ്പോർട്സ് വകുപ്പ് ഉത്തരവിറക്കിയിട്ടില്ലല്ലോ; അങ്ങയുടെ കാലത്ത് ഇവിടുത്തെ സ്പോർട്സിനുവേണ്ടി എന്താണ് ചെയ്തത്? ഞാൻ അങ്ങയുടെ അടുത്തു വന്ന് ചോദിച്ച ഒരു കാര്യമുണ്ട്. എന്റെ മണ്ഡലത്തിൽ മത്സ്യത്തൊഴിലാളിയായ ഒരു പെൺകുട്ടി, സൈക്ലിംഗ് താരമാണ്. അവർ നാഷണൽ ഗെയിംസിൽ സൈക്ലിംഗിൽ പങ്കെടുത്ത് സ്വർണ്ണം നേടി. സ്വന്തമായി സൈക്കിളില്ലാത്തതുകൊണ്ട് മറ്റൊരു സ്റ്റേറ്റിൽ നിന്നും വന്ന കുട്ടിയുടെ സൈക്കിൾ വായ്പ വാങ്ങിയാണ് ആ കുട്ടി മത്സരിച്ചത്. അഞ്ജലിയെന്നാണ് ആ കുട്ടിയുടെ പേര്. ആ കുട്ടി സ്വർണ്ണം നേടി. ഇനിയും ഭാവിയുള്ള കുട്ടിയാണ്. ആ കുട്ടിയേയും രക്ഷിതാവിനേയും കൂട്ടി അങ്ങയുടെയടുത്ത് വന്നു. സ്പോർട്സ് വകുപ്പ് സെക്രട്ടറിയെയും മറ്റ് ഉദ്യോഗസ്ഥരേയും സ്പോർട്സ് കൗൺസിൽ പ്രസിഡന്റിനെയും കണ്ടു. ഒരുപാട് കോടി രൂപ ദേശീയ ഗെയിംസിനായി നിങ്ങൾ ചെലവഴിച്ചു, അതിൽ മിച്ചം പിടിച്ചുവെന്നൊക്കെ പറയുന്നല്ലോ. ഒരു സൈക്കിൾ ആ കുട്ടിക്ക് വാങ്ങി കൊടുത്തില്ല. അതിനെ പരിഗണിച്ചില്ല. മറ്റെല്ലാ നിവേദനവും പരിഗണിക്കുന്നതുപോലെ നോക്കാമെന്ന് അങ്ങ് പറഞ്ഞു. അങ്ങനെ എത്രയെത്ര പാവപ്പെട്ട കായികതാരങ്ങളുടെ പ്രശ്നങ്ങൾ നിങ്ങളുടെ മുമ്പിൽ വന്നിട്ട് എന്തെങ്കിലും കാരുണ്യം കാണിച്ചോ; പരിഗണന കാണിച്ചോ; അതുണ്ടായിട്ടില്ല.

<u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u>: സർ, കോഴിക്കോട് ജില്ലയിലെ മേപ്പയൂരുള്ള നീനാ വരകിൽ അഖിലേന്ത്യാ സ്പോർട്സിൽ കപ്പ് നേടി. ആ കുട്ടിക്ക് വീട് കൊടുക്കുമെന്ന് നമ്മുടെ പ്രിയപ്പെട്ട മന്ത്രി പറഞ്ഞു, ഇന്നുവരെ വീട് കൊടുത്തില്ല. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, തീർച്ചയായും. അതുപോലുള്ള ഒരുപാട് കാര്യങ്ങളുണ്ട്. അതുമാത്രം പറയാൻ ഒരുപാട് സമയം വേണ്ടിവരും. ബഹുമാനപ്പെട്ട ചെയർ അനുവദിക്കുമെങ്കിൽ അവഗണനയുടെ, ഇതുപോലുള്ള പാതകങ്ങളുടെ പട്ടിക തന്നെ നിരത്താനുണ്ട്. അതുപോലെ തന്നെ എന്റെ കോൺസ്റ്റിറ്റ്യുവൻസിയിൽ ഒരു സ്റ്റേഡിയത്തിന് അങ്ങ് ഉത്തരവ് ഇറക്കിയാൽ അത് നടക്കുന്ന കാര്യമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു അന്താരാഷ്ട്ര നിലവാരമുള്ള ഇൻഡോർ സ്റ്റേഡിയവും ഒരു നീന്തൽക്കുളവും കോഴിക്കോട് ജില്ലയ്ക്ക് അനുവദിച്ചിരുന്നു. 36 കോടിരൂപ വകയിരുത്തുകയും ചെയ്തിരുന്നു. നാഷണൽ ഗെയിംസിനുള്ള മറ്റ് ഇൻഫ്രാസ്ട്രക്ച്ചർ നൽകിയ കൂട്ടത്തിൽ അതിന് പണം നൽകിയാണ് തുടക്കമിട്ടത്. മറ്റ് പലതും പിന്നീട് നടന്നു. അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി പി. കെ. ശ്രീമതി ടീച്ചറാണ് അഞ്ചേക്കർ സ്ഥലം ലഭ്യമാക്കിയത്. ആ സ്ഥലം ഇപ്പോഴും അവിടെയുണ്ട്. ശ്രീ. കെ. ബി. ഗണേഷ് കുമാർ മന്ത്രിയായിരുന്ന സന്ദർഭത്തിലും

അതിന് വലിയ താൽപ്പര്യമെടുത്തു. നമ്മൾ അത് മൂവ് ചെയ്തു. അതിന്റെ ഡിസൈനിംഗിൽ മാറ്റം വരുത്തി. അതൊക്കെ ഗംഭീരമായി. അവസാനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മീറ്റിംഗിൽ അത് പ്രസന്റ് ചെയ്തു. എല്ലാവരും അതംഗീകരിച്ചു. 129 കോടിരൂപയാണ് അതിന്റെ ആകെ എസ്റ്റിമേറ്റ് തുക. അത് ഉടനെ നടപ്പാക്കുമെന്ന് പ്രഖ്യാപനം നടത്തി. ആന്വിറ്റി ബേസിസിൽ ടെണ്ടർ ചെയ്യാൻ പോകുന്നു എന്ന് പറഞ്ഞു, ഒന്നും ചെയ്തില്ല, സമയം കഴിഞ്ഞില്ലേ; അതിന് ഒരു താൽപ്പര്യവുമെടുത്തില്ല. യഥാർത്ഥത്തിൽ ഇതുപോലുള്ള കാര്യങ്ങളിലാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാവനയും ബുദ്ധിയും കഴിവുകളുമൊക്കെ ഉപയോഗിക്കേണ്ടത്. ജനാധിപത്യ കശാപ്പിനല്ല.

ശ്രീ. ബാബു. എം. പാലിശ്ശേരി: സർ, അങ്ങ് സ്റ്റേഡിയത്തെക്കുറിച്ച് പറഞ്ഞപ്പോഴാണ് ഞാൻ ഓർത്തത്. ഞാൻ തൃശ്ശൂർ ജില്ലാ സ്പോർട്സ് കൗൺസിലിന്റെ വൈസ് പ്രസിഡന്റ് കൂടിയാണ്. അവിടെയൊരു ഇൻഡോർ സ്റ്റേഡിയമുണ്ട്. ആ സ്റ്റേഡിയം നാഷണൽ ഗെയിംസിന്റെ ഭാഗമായി റനൊവേറ്റ് ചെയ്യാൻ ഏറ്റെടുത്തു. സ്പോർട്സ് കൗൺസിലിന്റെ കയ്യിലുണ്ടായിരുന്ന ഇൻഡോർ സ്റ്റേഡിയം ഇപ്പോൾ കളക്ടറുടെ കയ്യിലാണ്. സ്പോർട്സിനോട് എന്തെങ്കിലും താൽപ്പര്യമുണ്ടെങ്കിൽ അത് തിരിച്ചേൽപ്പിക്കയല്ലേ ചെയ്യേണ്ടത്; സ്പോർട്സ് കൗൺസിലിനെ ഏൽപ്പിക്കുകയല്ലേ വേണ്ടത്; അവരാണ് കൈകാര്യം ചെയ്തിരുന്നത്. അത് എടുത്ത് കളക്ടറെ ഏൽപ്പിക്കുന്നതിൽ എന്ത് താലപ്പര്യമാണുള്ളത്; അതാണോ ചെയ്യേണ്ടത്?

ശ്രീ. എ. പ്രദീപ്കുമാർ: സർ, എന്റെ മനസ്സിൽ ഇങ്ങനെയുള്ള ഓർമ്മകൾ വന്നതുകൊണ്ട് പറഞ്ഞുപോയതാണ്. ഈ ബില്ലിനകത്ത് എങ്ങനെയാണ് ജനാധിപത്യത്തിന്റെ കുട്ടക്കുരുതി നടത്തിയത് എന്നതുസംബന്ധിച്ച് ഒന്നുരണ്ടു കാര്യങ്ങൾ മാത്രമാണ് ഞാൻ പറഞ്ഞത്. ഇവിടെ ജില്ലാ സ്പോർട്സ് കൗൺസിലുകളിൽ നിന്നും ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളായിരുന്നു നേരത്തെ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലേക്ക് വരുമായിരുന്നത്. അത് മിക്കവാറും കായികതാരങ്ങളോ സംഘടനകളിലെ ആളുകളോ ആയിരിക്കും. അങ്ങ് പറഞ്ഞു, സംസ്ഥാന സ്പോർട്സ് കൗൺസിൽ മാത്രമേ പുനഃസംഘടിപ്പിച്ചുള്ളൂ, ജില്ലാ സ്പോർട്സ് കൗൺസിലിനെ തൊട്ടിട്ടില്ല എന്ന്. ഈ ആക്ടിനകത്ത് നിങ്ങളുടെ നിർദ്ദേശത്തിൽ/ ഭേദഗതിയിൽ പറയുന്നത്, ജില്ലാ സ്പോർട്സ് കൗൺസിലിന്റെ ഇലക്ടഡ് പ്രസിഡന്റിനെ ഒഴിവാക്കി ജില്ലാ കളക്ടറെ ചെയർമാനാക്കുകയാണ് എന്നാണ്. എന്നിട്ട് അതിന്റെ കീഴിൽ അജഗളസ്തനം പോലൊരു പ്രസിഡന്റും. അധികാരമില്ലാത്ത ഒരു പ്രസിഡന്റിനെ സ്ഥാപിക്കുകയാണ്. അത് മിക്കവാറും കായികതാരങ്ങളായിരിക്കും. അവരെ

അപമാനിക്കാനാണ് അങ്ങനെ ചെയ്യുന്നത്. എല്ലാ അസോസിയേഷനുകളുടെയും സെക്രട്ടറിമാർ കായിക താരങ്ങളാണെന്ന് നിങ്ങൾ പറയുന്നു. പിന്നെന്താണ് ആ സമീപനം? സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും ജില്ലാ സ്പോർട്സ് കൗൺസിലിന്റെയും സെക്രട്ടറിമാർ കായികതാരങ്ങളാകണം എന്നുപറയുന്നില്ല. അത് ഉദ്യോഗസ്ഥരുമാകാം. ഇതിലൊക്കെ വിചിത്രമായിട്ടുള്ള സമീപനം സ്വീകരിക്കുകയാണ്. അങ്ങനെ ജില്ലാ സ്പോർട്സ് കൗൺസിലിൽ നിന്ന് കളക്ടർ മൂന്നുപേരെ നിർദ്ദേശിക്കുകയാണ്. ആ മൂന്നുപേരും യു.ഡി.എഫ്. അനുകൂലികളാണെങ്കിലും അത് തന്റെ ആൾ തന്നെയാകണം എന്നതുകൊണ്ട് ആ മൂന്നുപേരിൽനിന്നും ഒരാളെ ഗവൺമെന്റ്/മന്ത്രി തീരുമാനിക്കും. അതിനുള്ള കൗശല പ്രയോഗം ഇതിനിടയിലുണ്ട്. അവിടെനിന്ന് കളക്ടർക്ക് ഒരാളെ ശിപാർശ ചെയ്യാം. കളക്ടർ മൂന്നുപേരുകൾ നിർദ്ദേശിക്കുകയാണ്. കൗൺസിലിന് അധികാരമില്ല. കളക്ടർ നിർദ്ദേശിക്കുകയാണ്. ആ മൂന്ന് യു.ഡി.എഫ്.-കാരിൽ തന്റെ പക്ഷക്കാരൻ, തന്റെ ഇംഗിതത്തിനു വിധേയനാകുന്ന ആൾ തന്നെ നിയമിക്കപ്പെടണമെങ്കിൽ അവിടെ നിന്ന് ഞാൻ തീരുമാനിക്കും എന്നാണ്. അപ്പോൾ അത്യധികം സങ്കുചിതമായ നിലയിലാണ് ഇതിലെ ഓരോ കാര്യങ്ങളും ഇതിനകത്ത് ഡ്രാഫ്റ്റ് ചെയ്തിരിക്കുന്നത്. അതുപോലെതന്നെ സ്കൂളുകളിലെ ഏറ്റവും മികച്ച കായികതാരങ്ങളുടെ പ്രതിനിധികളെ ജില്ലാ സ്പോർട്സ് കൗൺസിലിലേക്ക് ഉൾപ്പെടുത്താനുള്ള പ്രൊവിഷൻ നേരത്തെ ഉണ്ടായിരുന്നു. അതുപോലെ യൂണിവേഴ്സിറ്റിയുടെ മികച്ച താരങ്ങൾ-ഫുട്ബോൾ, ഹോക്കി, വോളിബോൾ, ഹാൻഡ് ബോൾ ഇങ്ങനെ വിവിധ ടീമുകളുടെ ക്യാപ്റ്റൻമാർക്കിടയിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട യൂണിവേഴ്സിറ്റി യൂണിയനുകൾ നിർദ്ദേശിക്കുന്ന ഏതെങ്കിലും ഒരു ക്യാപ്റ്റനെ സംസ്ഥാന സ്പോർട്സ് കൗൺസിലിൽ ഉൾപ്പെടുത്താൻ 2000-ലെ ആക്ടിൽ വകുപ്പുണ്ടായിരുന്നു. അത് പൂർണ്ണമായും എടുത്തുകളഞ്ഞു. കായികതാരങ്ങളെ സ്പോർട്സ് രംഗത്തേയ്ക്ക് കൂടുതൽ പ്രാധാന്യം നൽകി കൊണ്ടുവരാനാണ് ഈ ഭേദഗതി എന്നുപറഞ്ഞിട്ട് സ്കൂളുകളിൽനിന്നും യൂണിവേഴ്സിറ്റികളിൽനിന്നും വരുന്ന പുതിയ കായിക താരങ്ങൾ, പ്രതിഭകൾ സ്പോർട്സ് കൗൺസിലിൽ ജനാധിപത്യപരമായി പോയിരുന്നതിനെ ഈ സർക്കാർ ഉൻമൂലനം ചെയ്തിരിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്....പ്ലീസ്...

ശ്രീ. എ. പ്രദീപ്കുമാർ: സർ, അങ്ങ് ഇത് അൽപ്പം ക്ഷമാപൂർവ്വം കേൾക്കണം. സാധാരണ കാര്യമല്ല നടക്കുന്നത്. മറ്റേതെങ്കിലും നിയമഭേദഗതികളിന്മേൽ രാഷ്ട്രീയമായ അഭിപ്രായ വ്യത്യാസങ്ങളുണ്ടാകും. നമ്മൾ എതിർക്കാറുണ്ട്. അതുപോലെയല്ല ഇത്. ഒരുപാട് വർഷങ്ങൾ കൊണ്ട് നാം ആവിഷ്കരിക്കുകയും വികസിപ്പിക്കുകയും ചെയ്ത കേരളത്തിലെ കായിക രംഗത്തെ നന്മകളെയും നേട്ടങ്ങളെയും ഉൻമൂലനം ചെയ്യുന്ന

അങ്ങേയറ്റം ജനവിരുദ്ധമായ, ജനാധിപത്യ വിരുദ്ധമായിട്ടുള്ള ഒരു വലിയ ഇടപെടലാണിത്. ഇത് വളരെ ഗൗരവമായി ഈ സഭ ചർച്ച ചെയ്യേണ്ട കാര്യമാണ്. അതുമായി ബന്ധപ്പെട്ട് എനിക്ക് പറയാനുള്ള കാര്യങ്ങൾ ഇവിടെ പറയാനുള്ള അവസരമുണ്ടാകണം. അതുപോലെ തന്നെ അഞ്ജു ബോബി ജോർജ്ജിനെയാണ് പ്രസിഡന്റായി നോമിനേറ്റ് ചെയ്തിട്ടുള്ളത്. നല്ല കാര്യമാണ്. അവർ സ്പോർട്സ് കൗൺസിലിന്റെ പ്രസിഡന്റാകുന്നതിന് സർവ്വഥാ യോഗ്യയാണ്. അതിലൊന്നും തർക്കമില്ല. പക്ഷെ നേരത്തെ എങ്ങനെയാണ് സ്പോർട്സ് കൗൺസിലിന്റെ പ്രസിഡന്റിനെ തെരഞ്ഞെടുത്തിരുന്നത്; ഇലക്റ്റഡ് ആയിട്ടുള്ള മെമ്പർമാർക്കിടയിൽ നിന്ന് ഗവൺമെന്റ് പ്രസിഡന്റിനെ മാത്രമാണ് നോമിനേറ്റ് ചെയ്യപ്പെട്ടിരുന്നത്. ഇപ്പോൾ വൈസ് പ്രസിഡന്റും ഇലക്ടഡാണ്. ഇപ്പോൾ വൈസ് പ്രസിഡന്റും നോമിനേറ്റഡ് ആണ്. പക്ഷേ അഞ്ജു ബോബി ജോർജ് ബാംഗ്ലൂരിൽ സെറ്റിൽഡാണ്. എനിക്ക് അവരെ അറിയാം. ഞാൻ മനസ്സിലാക്കിയിടത്തോളം ഇവിടെ വന്ന് ഇതിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ അവർക്ക് പറ്റില്ല. പക്ഷേ അവർ അവിടെ ഇരുന്നോട്ടെ. വല്ലപ്പോഴും വന്ന് ഒപ്പിട്ടാൽ മതി. ബാക്കി കാര്യങ്ങൾ ഇവിടെ നിക്ഷിപ്ത താൽപ്പര്യക്കാരുടെ ബിനാമികൾ ഇതിന്റെ ഭരണം നടത്തും. അതിനുവേണ്ടിയാണ് ഇക്കാര്യങ്ങൾ ചെയ്യുന്നത്. അഞ്ജു ബോബി ജോർജ് വരുന്നതിനോട് നമുക്കാർക്കും വിയോജിപ്പ് ഉള്ളതുകൊണ്ടല്ല. ഈ നിലയിലാണ് ഇതിലെ ഓരോ കാര്യങ്ങളും നിങ്ങൾ ചെയ്തിരിക്കുന്നത്. അതുപോലെ മറ്റൊരുകാര്യം, കായിക താരങ്ങളെ വികസിപ്പിക്കാൻ കോൺസ്റ്റിറ്റ്യൂട്ട് ചെയ്ത കമ്മിറ്റിയിൽ ക്രിക്കറ്റിന്റെ റ്റി.സി. മാത്യു അംഗമാണ്. റ്റി.സി. മാത്യു സ്പോർട്സ് കൗൺസിലിൽ അംഗമാകാൻ യോഗ്യതയുള്ള ആളാണ്. അതിൽ എനിക്ക് തർക്കമൊന്നുമില്ല. പക്ഷേ ക്രിക്കറ്റ് അസോസിയേഷൻ കേരള സ്പോർട്സ് കൗൺസിലിൽ അഫിലിയേഷൻ വേണ്ട എന്നു പരസ്യമായി പറഞ്ഞിട്ട് പോയവരാണ്. കാരണം സ്പോർട്സ് കൗൺസിലിനെക്കാൾ വലിയവരാണ് എന്ന നാട്യം ക്രിക്കറ്റുകാർക്കുണ്ട്.

<u>ശ്രീ. ബാബു. എം. പാലിശ്ശേരി</u>: സർ, റ്റി. സി. മാത്യു അംഗമായിരുന്നത് ഹാൻഡ് ബോളിന്റെ പ്രതിനിധിയായിട്ടാണ്.

<u>ശ്രീ. എ. പ്രദീപ്കുമാർ</u>: സർ, റ്റി.സി. മാത്യു ക്രിക്കറ്റിന്റെ ആചാര്യനാണ്. അദ്ദേഹത്തിന് ഇതിൽ വരാൻ അർഹതയുണ്ട്. പക്ഷേ ക്രിക്കറ്റ് അസോസിയേഷനിലുള്ളവർ ഞങ്ങൾ നിങ്ങളുടെ ചളിഞ്ഞ സ്പോർട്സ് കൗൺസിലിലേയ്ക്കില്ല എന്നുപറഞ്ഞ് ഒഴിവായതാണ്. അവർക്ക് സ്പോർട്സ് കൗൺസിലിനോട് ഒരു പുച്ഛമാണ്. അദ്ദേഹത്തെ ഈ സ്പോർട്സ് കൗൺസിലിലേക്ക് കൊണ്ടുവരികയാണ്. സ്പോർട്സ് കൗൺസിലിന്റെ അഫിലിയേഷൻ ഇല്ലാത്തതുകൊണ്ട് വളഞ്ഞവഴികളിലൂടെ, പിന്നാമ്പുറത്തുകൂടെ ഇതിലേക്ക്കടന്നുവരികയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: നമുക്ക് ഇന്ന് രണ്ട് ബില്ലുണ്ട്. രണ്ടുബില്ലുകൾക്കായി ഏറ്റവും കുറഞ്ഞത് രണ്ടുമണിക്കൂർ വീതം മാറ്റിവച്ചാലും നാലുമണിക്കൂർ അതിനായി വേണം. അതുകഴിഞ്ഞ് ഒരു ഉപക്ഷേപം ഉണ്ട്. അതിന് വീണ്ടും രണ്ടുമണിക്കൂർ വേണം. കൃത്യമായി സമയം എടുത്താൽപോലും എട്ടുമണിക്ക് മാത്രമേ പോകാൻ കഴിയൂ. അതുകൊണ്ട് കഴിയുന്നിടത്തോളം നിയന്ത്രിച്ച് സംസാരിച്ചാൽ നമുക്ക് നല്ലതായിരിക്കും. അങ്ങ് സംസാരിക്കാൻ തുടങ്ങിയിട്ട് 30 മിനിട്ടാകാൻ പോകുന്നു. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്. നിയന്ത്രിക്കുന്നില്ല. പക്ഷേ നമുക്ക് രണ്ട് ബില്ലും ഒരു ഉപക്ഷേപവും ഇന്ന് ചർച്ച ചെയ്യേണ്ടതായിട്ടുണ്ട്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, എനിക്ക് ഇവിടെ പറയാനുള്ളത് മുഴുവൻ പറയാൻ സാവകാശം ഉണ്ടാകില്ലെന്നറിയാം. ഞാൻ പറഞ്ഞത് ഒരുപാട് വൈകൃതങ്ങൾ ഇതിനകത്ത് കാണാം. ഇതിലെ ജനാധിപത്യ വിരുദ്ധത മാത്രമല്ല, ഇതിലെ നിക്ഷിപ്തതാൽപ്പര്യങ്ങളുടെ തിരുകിക്കയറ്റലുകൾ, പിന്നാമ്പുറ കഥകൾ, ഒളിച്ചുകടത്തലുകൾ ഇവയൊക്കെ ഇതിനകത്ത് കാണാം. 70 വയസ്സുകഴിഞ്ഞവർക്ക് അസോസിയേഷൻ പ്രസിഡന്റാകാൻ പാടില്ല എന്നൊരു വ്യവസ്ഥ ഇതിനകത്ത് കൊണ്ടുവരുന്നുണ്ട്. അങ്ങനെയാണെങ്കിൽ കെ.എഫ്.എ.-യുടെ പ്രസിഡന്റ് ശ്രീ. കെ.എം.ഐ. മേത്തറിന് തുടരാൻ പറ്റില്ലല്ലോ. അദ്ദേഹത്തെ പുറത്താക്കാനുള്ള ഗൂഢശ്രമം കൂടെ ഇതിനകത്തുണ്ട്. ഞാൻ കേരള ഫുട്ബാൾ അസോസിയേഷന്റെ വൈസ് പ്രസിഡന്റാണ്. ഞങ്ങളുടെ പ്രസിഡന്റ് അദ്ദേഹത്തിന്റെ ജീവിതം ഫുട്ബാളിനുവേണ്ടി സമർപ്പിച്ചിട്ടുള്ള ആളാണ്. അദ്ദേഹത്തെ പുറത്താക്കാനുള്ള നിഗൂഢമായ നീക്കവും ഇതിനകത്തുണ്ട്. ഈ മന്ത്രിക്ക് തന്നോടല്ലാതെ സ്വന്തം പാർട്ടിക്കാരോടുപോലും യാതൊരു താൽപ്പര്യവും മമതയും ഇല്ല എന്നുള്ളതിന്റെ ലക്ഷണമാണ് ഇത്. അദ്ദേഹം കെ.പി.സി.സി. മെമ്പറാണ്. അങ്ങനെയാണെങ്കിലും അദ്ദേഹം സ്പോർട്സിനുവേണ്ടി നിഷ്പക്ഷമായ നിലപാട് എടുക്കുന്ന ആളാണ്. ഞങ്ങളൊക്കെ ഒന്നിച്ച് അവിടെ പ്രവർത്തിക്കുകയാണ്. ഞങ്ങളുടെ പ്രസിഡന്റിനെ പിന്നിലൂടെ തുരത്താൻ ഇതിനകത്ത് ശ്രമം നടന്നിരിക്കുകയാണ്. അതിനാണ് ഇത് കൊണ്ടുവന്നിരിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്..പ്ലീസ് കൺക്ലൂഡ്.....

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാൻ പറയട്ടെ. ഇതിനകത്ത് ഓരോ കാര്യങ്ങളിലും നിക്ഷിപ്ത താൽപ്പര്യമാണ്. സ്പോർട്സ് വികസന നിധി പുതിയൊരു കൺസെപ്റ്റ് അല്ല. നിലവിലുള്ള ആക്ടിൽ അതുണ്ട്. അത് ഡൊണേഷൻ, സ്പോൺസർഷിപ്പ്, സ്പോർട്സ് ഇൻഫ്രാസ്ട്രക്ച്ചറിന്റെ വാടക എന്നിവ വഴി സമാഹരിക്കുന്ന പണമാണ്. കായികതാരങ്ങളെ സഹായിക്കാനുള്ളതാണത്.

ആ സ്പോർട്സ് വികസന നിധിയെക്കുറിച്ച് വീണ്ടും പറയുന്നു. ഇത് കൈകാര്യം ചെയ്യാൻ മന്ത്രി ചെയർമാനായുള്ള ഒരു ട്രസ്റ്റ് രൂപീകരിക്കാൻ തീരുമാനിക്കുകയാണ്. എങ്ങനെയാണ് സർക്കാർ സംവിധാനത്തിൽ ഒരു സ്വകാര്യ ട്രസ്റ്റ് പ്രവർത്തിക്കുന്നത്; ഉദ്യോഗസ്ഥന്മാരും മന്ത്രിയും ചേർന്നുകഴിഞ്ഞാൽ അതിനെ ആർക്കും ചോദ്യം ചെയ്യാൻ സാധിക്കുകയില്ല. സ്പോർട്സ് വകുപ്പും ഡയറക്ടറേറ്റും എടുത്ത തീരുമാനത്തെ ചോദ്യം ചെയ്യാൻ സംവിധാനങ്ങളുണ്ടാകും. ഇതൊരു ട്രസ്റ്റ് പോലെയാണ്. ട്രസ്റ്റ് രൂപീകരിച്ച് പണം കൈകാര്യം ചെയ്യുകയാണ്. എന്താണ് അതിന്റെ താൽപ്പര്യം; ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ഈ വകുപ്പ് കൈകാര്യം ചെയ്തിരുന്ന ആളാണ്. അദ്ദേഹം ഇതിനെക്കുറിച്ച് ഒന്നും പറയുന്നില്ല. അങ്ങ് ഇത് ആലോചിക്കേണ്ട കാര്യമാണ്. അങ്ങ് ഇതിന്റെ ഉള്ളിലെ കളികൾ അറിയുന്ന ആളല്ലേ; ശരിയാണോ; എന്തിനുവേണ്ടി, ആർക്കുവേണ്ടിയാണ് ഇത് ചെയ്യുന്നത്; നമ്മുടെ സ്പോർട്സ് ലോകത്തിന് ഇതുകൊണ്ട് എന്തു ഗുണമാണുള്ളത്; ഇതിനകത്ത് ബഹുമാനപ്പെട്ട മന്ത്രി എത്രമാത്രം ശ്രദ്ധിച്ചുവെന്ന് അറിയില്ല. നമ്മുടെ ജോലിഭാരത്തിനും തിരക്കിനുമിടയിൽ വിശ്വസിച്ചുകൊണ്ട് ചിലയാളുകളെ ഏൽപ്പിച്ചതായിരിക്കും. സ്പോർട്സ് കൗൺസിലുകളുടെ ജനാധിപത്യ സ്വഭാവത്തെ അട്ടിമറിക്കാനുള്ള ഈ മാരകനിയമം എങ്ങനെയാണ് ഉണ്ടായത്; ആവിഷ്കരിച്ചത് ആരാണ്; അതിന്റെ നിഗൂഢതകളിലേക്ക് കൂടി പോകേണ്ടതുണ്ട്.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഈ ട്രസ്റ്റിൽ ഒഫീഷ്യൽസ് മാത്രമല്ല ഉള്ളത്. അങ്ങ് വായിച്ചിരിക്കുമല്ലോ; സ്പോർട്ട്സ് വകുപ്പുമന്ത്രി - ചെയർമാൻ, ഗവൺമെന്റ് സെക്രട്ടറി - എക്സ്-ഒഫീഷ്യോ അംഗം, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് - എക്സ്-ഒഫീഷ്യോ അംഗം, ഗവൺമെന്റ് സെക്രട്ടറി (ധനകാര്യ-എക്സ്പെൻഡീച്ചർ) - അംഗം തുടങ്ങിയവരാണ് അതിലുള്ളത്. ഇത് ഒഫീഷ്യൽ ട്രസ്റ്റിയല്ല; അതിൽ എന്താണ് തകരാറുള്ളത്?

ശ്രീ. എ. പ്രദീപ്കുമാർ: സർ, അതൊരു സ്വകാര്യ ട്രസ്റ്റാണ്; അതുതന്നെ. അതിനകത്ത് ഒഫീഷ്യൽ ഉണ്ടെന്നേയുള്ളൂ, മന്ത്രിക്ക് ഇഷ്ടംപോലെ ആളുകളെ നോമിനേറ്റ് ചെയ്യാൻ അതിൽ പ്രൊവിഷനുണ്ട്. കായികതാരങ്ങളുടെ മേഖലയിൽ നിന്നെന്ന് പറഞ്ഞ് നോമിനേറ്റ് ചെയ്യുന്ന ചില ആൾക്കാർ മികച്ചവരുണ്ടാകും. ഇതിനകത്ത് ബാക്കിയുള്ളവർ എങ്ങനെയുള്ളതാണെന്ന് നമുക്ക് നോക്കാം. ഈ നിഗൂഢപദ്ധതി ആവിഷ്കരിക്കപ്പെട്ടത് എവിടെ നിന്നാണ്; അതിന്റെ പിന്നിലുള്ള താൽപ്പര്യമെന്താണ്; ഞാൻ ഈ പറയുന്ന കാര്യം ഇവിടെ ഇരിക്കുന്ന ആരെങ്കിലും അന്വേഷിച്ചോ? നമ്മുടെ സംസ്ഥാന സ്പോർട്സ് കൗൺസിലിലെ കുപ്രസിദ്ധനായ ഒരു ഉന്നത ഉദ്യോഗസ്ഥൻ ഇതിന്റെ തലപ്പത്തുണ്ട്. അതേപോലെതന്നെ ബഹുമാനപ്പെട്ട മന്ത്രിയുടെ വിശ്വസ്തനെന്നോ ശിങ്കിടിയെന്നോ പറയാവുന്ന ഒരാളും

ഇതിനകത്തുണ്ട്. ഒഫീഷ്യലായി ഒരു സ്ഥാനവുമുണ്ടാകും. സ്പോർട്സ് വകുപ്പിലെ ഒരു അഡീഷണൽ ഡയറക്ടറും ഇതിനകത്തുണ്ട്. കോൺഗ്രസ്സിന്റെ ദേശീയ കായിക വേദിയുടെ എന്തോ ആണെന്ന് പറയുന്നുണ്ട്. കോൺഗ്രസ്സിന് അങ്ങനെ ദേശീയ കായിക വേദിയുണ്ടോ? ദേശീയ കാലുവാരൽ വേദിയൊക്കെ ഉണ്ടാകും. അല്ലാതെ കായിക വേദി കോൺഗ്രസ്സിന് കാണുമോ; ഈ മൂവർ സംഘമാണ്, ഈ ജനാധിപത്യ കശാപ്പിനുള്ള എല്ലാ ആയുധങ്ങളും മൂർച്ചകൂട്ടി സജ്ജമാക്കി മന്ത്രിയുടെ കയ്യിൽ കൊടുത്തിരിക്കുന്നത്. അതിന്റെ ആപത്തും അവരുടെ താൽപ്പര്യവും എന്താണെന്ന് അങ്ങ് അന്വേഷിച്ചോ; ഇതിന് യു.ഡി.എഫ്.-ന്റെ തന്നെ അംഗീകാരമുണ്ടോ; യു.ഡി.എഫ്. പിന്തുണയുണ്ടാവാം. യു.ഡി.എഫ്.-ന്റെ രാഷ്ട്രീയ നിലപാടാകാം. പക്ഷെ, സ്പോർട്സിൽ താൽപ്പര്യമുള്ളവർ അതിലുണ്ടാകാം. അവരോട് ചോദിച്ചാൽ മതി. ഇതിനെ ആരും അംഗീകരിക്കുന്നില്ല; സ്പോർട്സ് ലോകം അംഗീകരിക്കുന്നില്ല. ആരൊക്കെയോ അങ്ങയെ വിളിച്ച് അഭിനന്ദിച്ചുവെന്ന് പറയുന്നു. അത് ആരായിരിക്കും; ഇതുപോലുള്ള നിക്ഷിപ്ത താൽപ്പര്യക്കാർ ആരെങ്കിലും ആയിരിക്കും.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. എ. പ്രദീപ്കുമാർ, ഇന്ന് രണ്ട് ബില്ലുണ്ട്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി, അങ്ങ് സ്പോർട്സ് വകുപ്പുമന്ത്രിയായിരിക്കുമ്പോൾ ഒരു നിയമനിർമ്മാണത്തിൽ പങ്കുവഹിച്ച് ചരിത്രത്തിൽ ഇടംപിടിക്കാനാണെങ്കിൽ അങ്ങ് ചെയ്യേണ്ടത് ഈ പാതകത്തിന് നേതൃത്വംകൊടുക്കാതെ മറ്റൊരു നിയമം കൊണ്ടുവരികയാണ്. 'കളിക്കളങ്ങളുടെ സംരക്ഷണവും പരിപാലനവും' എന്ന പേരിൽ ഞാൻ ഒരു പ്രൈവറ്റ് ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുണ്ട്. നമ്മുടെ തണ്ണീർത്തടങ്ങളും നെൽവയലുകളും സംരക്ഷിക്കുന്നതുപോലെ കേരളത്തിലെ കളിക്കളങ്ങൾ സംരക്ഷിക്കേണ്ടത് ഇന്നേറ്റവും പ്രധാനമാണ്. പല വികസനത്തിന്റേയും ഭാഗമായി എല്ലാവരും ഷോപ്പിംഗ് കോംപ്ലക്സും മറ്റുപലതും കെട്ടി നമ്മുടെ കളിക്കളങ്ങൾ ഇല്ലാതാക്കുകയാണ്. അത് വളരെ പ്രധാനപ്പെട്ടതാണെന്നും അതുകൊണ്ട് ഗവൺമെന്റ് ഒഫീഷ്യലായി കൊണ്ടുവരാമെന്നുമാണ് ആ പ്രൈവറ്റ് ബിൽ ഞാൻ ഇവിടെ മൂവ് ചെയ്തപ്പോൾ അങ്ങ് പറഞ്ഞത്. ഞാൻ അവതരിപ്പിച്ചത് അതേപോലെ എടുക്കണമെന്നല്ല പറയുന്നത്. അങ്ങയുടെ കഴിവുപയോഗിച്ച് അതിനെ മെച്ചപ്പെടുത്തി ഇവിടെ കൊണ്ടുവരണം. അങ്ങനെ കൊണ്ടുവന്നാൽ അത് അങ്ങ് കായികലോകത്തിന് ചെയ്യുന്ന വലിയൊരു നന്മയായിരിക്കും. പക്ഷെ, ഈ പാതകം ചെയ്യാൻ ആരാണ് അങ്ങയെ ഉപദേശിച്ചതെന്ന് അറിഞ്ഞുകൂടാ. ഇതിന് വലിയ വില കൊടുക്കേണ്ടിവരും. നിങ്ങൾ രാഷ്ട്രീയമായി പലതും കൊടുക്കേണ്ടി

വരും. അത് നിങ്ങൾ ചെയ്തോളൂ. അതിനേക്കാളും വലിയ പാതകങ്ങൾ പലതും ചെയ്തുകൊണ്ടിരിക്കുകയാണ്. പക്ഷെ വ്യക്തിപരമായി അങ്ങ് എല്ലാക്കാലത്തും കേരളത്തിലെ സ്പോർട്സ് പ്രേമികളുടെയെല്ലാവരുടെയും മുന്നിൽ മറുപടി പറയേണ്ടി വരും. ഇത് അങ്ങനെയുള്ള ഒന്നാണ്. നമുക്ക് ഒരു നിയമം മെച്ചപ്പെടുത്താം, കൂടുതൽ പരിഷ്കരിക്കാം, കൂടുതൽ ജനാധിപത്യവൽക്കരിക്കാം. കാരണം ലോകത്തിൽ ഏറ്റവും പരിഷ്കൃതമായ വ്യവസ്ഥ ഇപ്പോഴും ജനാധിപത്യ വ്യവസ്ഥതന്നെയാണ്. അതിനേക്കാളും പ്രാകൃതമാണ് രാജഭരണം. പക്ഷെ, ഗോദവർമ്മ രാജാവ് രാജവംശത്തിൽപ്പിറന്നയാളാണ്. അദ്ദേഹത്തിന്റെ ജനാധിപത്യബോധംപോലും അങ്ങേയ്ക്കില്ലാതെ പോയല്ലോ; യഥാർത്ഥത്തിൽ അങ്ങ് ഇപ്പോൾ ശ്രീ. വെള്ളാപ്പള്ളി നടേശനെപ്പോലെ ആകുകയാണ്. ഗുരുദേവ ദർശനത്തെക്കുറിച്ച് പറയുകയും ശ്രീനാരായണീയ പ്രസ്ഥാനത്തിന്റെ അമരത്തിരുന്നുകൊണ്ട് നാടിനെ മുഴുവൻ വർഗ്ഗീയവൽക്കരിക്കാൻ ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്ന ശ്രീ. വെള്ളാപ്പള്ളി നടേശനും ജനാധിപത്യത്തിന്റെ ഈ ശ്രീകോവിലിൽ വന്നിരുന്നുകൊണ്ട് ജനാധിപത്യത്തെ കുറിച്ച് എപ്പോഴും എല്ലാവരെക്കാളും ഉച്ചത്തിൽ പ്രസംഗിച്ചുകൊണ്ട് ഈ ജനാധിപത്യ കശാപ്പിന് നേതൃത്വം കൊടുക്കുന്ന അങ്ങും തമ്മിൽ എന്താണ് വ്യത്യാസമുള്ളത്? സമനില തെറ്റിയതുപോലെ ഒരാൾ വടക്കുനിന്നും തെക്കോട്ട് ഇറങ്ങിയിരിക്കുകയാണ്. അങ്ങ് ഇതിനകത്തിരുന്നു ചെയ്യുന്നുവെന്നേയുള്ളൂ. ആ നിലയ്ക്ക് പെരുമാറിക്കൊണ്ടിരിക്കുകയാണ്. ഞാൻ സ്പോർട്ട്സുമായി ബന്ധപ്പെട്ടു നിൽക്കുന്ന ഒരാളായതുകൊണ്ടുകൂടിയാണ് പറയുന്നത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നു പറയുന്ന രാഷ്ട്രീയ നേതാവിന്റെ രാഷ്ട്രീയ ചരിത്രത്തിലെ വിലയിരുത്തപ്പെടുന്ന ഒരു സംഭവമായിരിക്കും ഇത്. നിങ്ങൾ കഴിഞ്ഞ കാലത്ത് എന്തെങ്കിലും നന്മ ചെയ്തിട്ടുണ്ടെങ്കിൽ ആ നന്മയെല്ലാം ഇല്ലാതാക്കുന്ന ഒന്നാണിത്. അതുകൊണ്ട് നിങ്ങൾ ദയവുചെയ്ത് ഈ ബിൽ പിൻവലിക്കണം. അങ്ങ് ഇത് പിൻവലിച്ച് 2000-ലെ നിയമപ്രകാരം ഉടൻ തെരഞ്ഞെടുപ്പ് നടത്തണം. അവർ തെരഞ്ഞെടുക്കട്ടെ. 2000-ലെ ആക്ടിൽ കാലാനുസൃതമായി, പുതിയ കാലത്തിന്റെ മാറ്റവും സാങ്കേതികവിദ്യയുടെ മാറ്റവും സ്പോർട്സ് രംഗത്തെ മാറ്റങ്ങളും ഉൾക്കൊണ്ടുകൊണ്ട് അതിനെ നവീകരിക്കണമെങ്കിൽ അത് ചെയ്യാം. ഈ ജനാധിപത്യ കശാപ്പ് ഒഴിവാക്കണം. അതാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഞാൻ ഈ ബില്ലിനെ ശക്തമായി എതിർക്കുന്നു. നിങ്ങൾ ഇത് ഭൂരിപക്ഷം വച്ച് ഇവിടെ കൊണ്ടുവന്നാലും ഇത് നടപ്പാകുമെന്ന് ധരിക്കണ്ട. നിങ്ങൾ ഭൂരിപക്ഷം വച്ച് എന്തും പാസ്സാക്കും. അങ്ങനെ പാസ്സാക്കിയാലും കേരളത്തിലെ സ്പോർട്സ് ലോകത്ത് ഇത് നടപ്പാകുമെന്ന് നിങ്ങൾ ധരിക്കേണ്ടതില്ല. ആരും അംഗീകരിക്കുകയില്ല.

ആറ് മാസംകൊണ്ട് ഒന്നും സംഭവിക്കുകയില്ല. അത് കഴിഞ്ഞാലും ഇത് നടപ്പാകാൻ പോകുന്നില്ല. അതുകൊണ്ട് ഇതിനുവേണ്ടി നടത്തുന്ന നിങ്ങളുടെ വ്യായാമം ഒരു വൃഥാ വ്യായാമമാണ്. ഇതൊരു പാഴ്‌വേലയാണ് ഇപ്പോൾ നടക്കുന്നത്. ഇവിടെ നമ്മൾ ഇരിക്കുന്നു, ചർച്ച ചെയ്യുന്നു, അങ്ങ് എത്ര ഊർജ്ജം ചെലവഴിച്ച് വർത്തമാനം പറയുന്നു, ഇതിന് ഉദ്യോഗസ്ഥന്മാർ വന്നിരിക്കുന്നു, ഈ ഡിപ്പാർട്ടുമെന്റിന്റെ എത്ര പ്രവർത്തനം നടക്കണം തുടങ്ങി എല്ലാം പാഴായിപ്പോകുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അതുകൊണ്ട് ഈ വൃഥാ വ്യായാമത്തിന് അങ്ങ് മുതിരരുത്. ഇത് പിൻവലിച്ചുപോകണം. ഈ ജനാധിപത്യ കശാപ്പിൽനിന്ന് അങ്ങ് പിൻമാറണം.

<u>ശ്രീ. പി. തിലോത്തമൻ:</u> സർ, കേരളത്തിനാകെ മാതൃകയായി ഈ സഭതന്നെ പാസ്സാക്കിയ 2000-ലെ ബില്ലിന് പകരമായി ഒട്ടേറെ മൗലിക ഭേദഗതികൾ അവതരിപ്പിച്ചുകൊണ്ടാണ് ബഹുമാന്യനായ മന്ത്രി ഈ ബിൽ ഇവിടെ മൂവ് ചെയ്തിരിക്കുന്നത്. ശ്രീ. എ. പ്രദീപ്കുമാർ ഇവിടെ പറഞ്ഞതുപോലെ, ഈ ബിൽ വിത്ത്ഡ്രോ ചെയ്തുകൊണ്ട് അദ്ദേഹം വളരെ തിളക്കമുള്ള ഒരു നടപടി സ്വീകരിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. 2000-ലെ സ്പോർട്സ് ആക്ട് ഇവിടെ ഐകകണ്ഠ്യേന പാസ്സാക്കിയ ഒന്നാണ്. അതിന്റെ നന്മകളെ സംബന്ധിച്ച് എത്ര പറഞ്ഞാലും തീരാത്തവണ്ണം നമുക്ക് പറയാൻ കഴിയുന്നതാണ്. അതിന്റെ മൗലിക പ്രാധാന്യത്തെയെല്ലാം ചോദ്യം ചെയ്തുകൊണ്ട് ഈ സന്ദർഭത്തിന് ഒരിക്കലും അനുയോജ്യമല്ലാത്ത ഭേദഗതികളാണ് ബഹുമാന്യനായ മന്ത്രി ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. ആ ഭേദഗതി കായിക കേരളത്തിന് ഒരിക്കലും ഗുണം ചെയ്യുന്നതല്ലായെന്നാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. അത് 100 ശതമാനവും ശരിയാണ്. ഞാൻ ആ നിലപാടിനെ പിന്തുണയ്ക്കുകയാണ്. കേരളത്തിന്റെ കായിക രംഗത്ത് അഭൂതപൂർവ്വമായ മുന്നേറ്റമുണ്ടാകുമെന്ന പ്രതീക്ഷയാണ് നമുക്കെല്ലാവർക്കും ഉള്ളത്. അല്ലെങ്കിൽ ഉണ്ടാകണമെന്ന കാഴ്ചപ്പാടാണ് നമുക്കെല്ലാവർക്കും ഉള്ളത്. അതിനൊരിക്കലും സഹായകരമായ ഒന്നല്ല ഈ നിയമം എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. നിലവിലുള്ള നിയമത്തിൽത്തന്നെ അതിന്റെ ഏറ്റവും മർമ്മപ്രധാനമായ ഭാഗങ്ങളെയാകെ പരിപൂർണ്ണമായി നിരാകരിച്ചുകൊണ്ട് ഏറ്റവും ജനാധിപത്യവിരുദ്ധമായി ഇവിടെ ഒരു നിയമം കൊണ്ടുവരാൻ ശ്രമിക്കുന്നുവെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. 2000-ലെ സ്പോർട്സ് നിയമത്തെ അട്ടിമറിക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. ഈ സംസ്ഥാനത്തെ കായിക പ്രേമികളാകെ നെഞ്ചേറ്റിയ ആ നിയമത്തിന്റെ വളരെ മൗലിക പ്രാധാന്യമായ വിഷയങ്ങളെയെല്ലാം ചോദ്യം

ചെയ്തുകൊണ്ട് അതിനെ അട്ടിമറിക്കാനുള്ള ഒരു ഗൂഢനീക്കത്തിന് ബഹുമാന്യനായ മന്ത്രി ശ്രമിക്കുമ്പോൾ തീർച്ചയായും കായിക കേരളത്തിന്റെ എല്ലാ വശങ്ങളിൽ നിന്നും വമ്പിച്ച പ്രതിഷേധം ഉയർന്നുവരുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. കായിക കേരളത്തിന് ഏറ്റവും അനുയോജ്യമായ നിലപാട് സ്വീകരിക്കാൻ കഴിയുംവിധം ഒട്ടേറെ നിർദ്ദേശങ്ങൾ വച്ചുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ പിൻവലിക്കണമെന്നാണ് എന്റെ അഭിപ്രായം. ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാന സ്പോർട്സ് കൗൺസിലിനേയും ജില്ലാ സ്പോർട്സ് കൗൺസിലുകളേയും ഏതാണ്ട് നോമിനേറ്റഡ് സംവിധാനങ്ങളാക്കി മാറ്റുക എന്നുള്ളത് പരിഷ്കൃത സമൂഹത്തിന് ഒരിക്കലും ചേർന്നതല്ല. കേരളത്തിന്റെ കായിക രംഗത്ത് നാം ആഗ്രഹിക്കുന്ന പുരോഗതിക്കും ഇത് നല്ലതല്ല. അതിനെ സംബന്ധിച്ചെല്ലാം ശ്രീ. എ. പ്രദീപ്കുമാർ എം.എൽ.എ. പറഞ്ഞതുകൊണ്ട് ഞാൻ പറയുന്നില്ല. സർക്കാരിന് താൽപ്പര്യമുള്ളവരെ തലപ്പത്ത് കൊണ്ടുവരിക എന്ന ലക്ഷ്യം മുൻനിർത്തി എന്തിനാണ് ഇത്തരത്തിലൊരു ജനാധിപത്യവിരുദ്ധ നടപടി സ്വീകരിക്കുന്നത്; ഗവൺമെന്റിന്റെ അവസാന കാലത്ത് ഇത്തരത്തിലുള്ളൊരു നീക്കം ഒരിക്കലും ഗുണം ചെയ്യില്ലെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ ഒരു അഡ്മിനിസ്ട്രേറ്റീവ് ബോർഡ്, സർക്കാർ സംവിധാനത്തിന് കീഴിൽ ഒരു ട്രസ്റ്റ് എന്നൊക്കെയുള്ളത് ജനാധിപത്യപരമായി ആരോഗ്യപരമായ ഒരു കീഴ്വഴക്കം സൃഷ്ടിക്കുന്നതല്ല എന്നിവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ രംഗത്ത് കേട്ടുകേൾവിപോലുമില്ലാത്ത ഇത്തരം നടപടികൾ ഈ രംഗത്തെയല്ല, നമ്മുടെ സമൂഹത്തിനുതന്നെ ഒരിക്കലും ചേർന്നതല്ലെന്ന് പറയേണ്ടതില്ലല്ലോ. ട്രസ്റ്റിന് എപ്പോഴും സ്വകാര്യ സ്വഭാവമാണുള്ളത്. എന്തിനാണ് സർക്കാരിന്റെ കീഴിൽ ഒരു ട്രസ്റ്റ് കൊണ്ടുവരിക എന്ന ലക്ഷ്യം വയ്ക്കുന്നത്; കായിക കേരളത്തെ പുഷ്ടിപ്പെടുത്തുന്നതിനോ, കായിക കേരളത്തിന്റെ വളർച്ചയ്ക്ക് സഹായകരമായ ഒരു ബില്ലിന്റെ കരട് രൂപമല്ല ഇവിടെ അവതരിപ്പിക്കപ്പെട്ടത് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ഇന്നും ആഗോള കായിക ഭൂപടത്തിൽ ഇന്ത്യ ഒരു പ്രധാന ശക്തിയല്ല. അത്‌ലറ്റിക്സ്, ഫുട്ബോൾ തുടങ്ങി വ്യാപക പ്രചാരമുള്ള ഇനങ്ങളിൽ നാം ലോക നിലവാരത്തിൽനിന്നും എത്രയോ അകലെയാണെന്നുള്ളത് എല്ലായ്പ്പോഴും വളരെ ദുഃഖത്തോടുകൂടി ഓർക്കുന്ന ഒന്നാണ്. ലോക കായികമേള നടക്കുമ്പോൾ ഇന്ത്യയുടെ സ്ഥാനം എവിടെയാണെന്ന് നാം പരതി നടക്കാറുണ്ട്. എല്ലാ സന്ദർഭത്തിലും ഏതാണ്ട് തലകുമ്പിട്ട് നിൽക്കേണ്ട അവസ്ഥയാണ് നമുക്കുള്ളത്. എന്തുകൊണ്ടാണ്

അങ്ങനെ സംഭവിക്കുന്നതെന്നത് സംബന്ധിച്ച് ഭരണതലത്തിലുള്ള എല്ലാ ആളുകളും ഒരുപോലെ ഓർക്കേണ്ടതാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ പരിമിതിയാണ് നമ്മെ സംബന്ധിച്ചിടത്തോളം ഈ കുറവുകൾക്ക് കാരണമെന്നത് എല്ലാവരും അംഗീകരിക്കും. കായിക സംസ്കാരം ജനജീവിതത്തിന്റെ ഭാഗമായി മാറാത്തതും ഈ പിന്നോക്കാവസ്ഥയ്ക്ക് പ്രധാന കാരണമാകുന്നു. കായികരംഗം ഒരു സംസ്കാരത്തിന്റെ ഭാഗമായി മാറണം.

10 മലയാളികളിൽ രണ്ടുപേർ ക്യാൻസർ രോഗികളാണ്. ജീവിതശൈലീ രോഗങ്ങളാൽ എത്രയോ ആളുകൾ കഷ്ടപ്പെടുന്നുണ്ട്. 50-60 വയസ്സിന് മുകളിലുള്ളവർക്ക് മാത്രമല്ല, ഏതാണ്ട് വളരെ ചെറിയ പ്രായത്തിൽത്തന്നെ ക്യാൻസർ രോഗികളാകുന്നവരുണ്ട്. വളരെ ചെറിയ പ്രായത്തിൽത്തന്നെ ജീവിതശൈലീ രോഗമുള്ളവർ. കായികരംഗത്ത് ആവശ്യമായ രൂപത്തിൽ കടന്നുവരാനും പുതിയ തലമുറയെ കൊണ്ടുവരാനും നമുക്കു കഴിയുന്നില്ല എന്നതാണ് ഇതെല്ലാം വെളിവാക്കുന്നത്. ആരോഗ്യരംഗത്ത് വലിയ നേട്ടങ്ങൾ കൈവരിച്ചു എന്നുപറയുമ്പോഴും കേരളം ഇന്ന് ആരോഗ്യരംഗത്ത് നേരിടുന്ന കടുത്ത വെല്ലുവിളി ഒരിക്കലും കാണാതിരുന്നുകൂടാ. പുതിയ തലമുറയെ കായികരംഗത്തേക്ക് കൊണ്ടു വരാനും കായികരംഗത്ത് ഒരു പുതിയ സംസ്കാരം വളർത്തിയെടുക്കാനും കഴിയണം. അതിനാവശ്യമായ നയവും സമീപനവുമാണ് ഈ രംഗത്തുണ്ടാകേണ്ടത്. കായിക സംസ്കാരം ജീവിതത്തിന്റെ ഭാഗമായിത്തീരുമ്പോഴാണ് ആരോഗ്യമുള്ള ജനതയെ വാർത്തെടുക്കാൻ കഴിയുന്നത്. ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സ് ഉണ്ടാവൂ. അതിന് അനുയോജ്യമായൊരു സംവിധാനമാണോ ഇന്നുള്ളത് എന്നതു സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കേണ്ടതാണ്. നമ്മുടെ പുതുതലമുറയെ ആ ലക്ഷ്യം മുൻനിർത്തിയുള്ള രൂപത്തിലേക്ക് വളർത്തിയെടുക്കാൻ കഴിയുന്നൊരു സമീപനമാണോ ഇന്ന് സ്കൂൾ, കോളേജ് തലങ്ങളിൽ സ്വീകരിക്കുന്നത്? അതൊന്നുമല്ലെന്ന് നമുക്കറിയാം. ദേശീയ-അന്തർദേശീയ നിലവാരത്തിൽ ആളുകളെ ആകർഷിക്കാൻ കഴിയുന്ന കായികതാരങ്ങൾ ഉദിച്ചുയർന്നു വന്നാൽമാത്രമേ കായികരംഗത്തേയ്ക്ക് ജനങ്ങളെ ആകർഷിക്കാൻ കഴിയുകയുള്ളൂ. ദേശീയ-അന്തർദേശീയ മത്സരങ്ങളിൽ ഉജ്ജ്വല വിജയം നേടുന്ന നല്ലൊരു ടീം നമുക്കുണ്ടാകണം. ശ്രീ. ടി. സി. യോഹന്നാനും ശ്രീമതി പി. ടി. ഉഷയും കായിക പ്രേമികളെ ആ രംഗത്തേക്ക് നയിക്കാൻ ഏറ്റവും സുപ്രധാനമായ പങ്ക് വഹിച്ചിട്ടുണ്ടെന്ന കാര്യത്തിൽ നമുക്കെല്ലാവർക്കും ഏകാഭിപ്രായമായിരിക്കുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ശാസ്ത്രീയമായ അറിവുകൾ, അതിന്റെ സമാഹരണം, അനുബന്ധമായ ഗവേഷണങ്ങൾ തുടങ്ങിയവ വിവിധ രാജ്യങ്ങളുടെ കായികരംഗത്തെ പ്രകടനങ്ങളെ ഗുണപരമായി സ്വാധീനിച്ചു

കൊണ്ടിരിക്കുന്നു. ഇത്തരം കാര്യങ്ങളിൽ നമുക്ക് എത്രമാത്രം മുന്നോട്ടുപോകാൻ കഴിഞ്ഞു എന്ന് പരിശോധിക്കേണ്ടത് അനുപേക്ഷണീയമാണ്. ഉന്നത നിലവാരം പുലർത്തുന്ന ഗവേഷണ സ്ഥാപനമുള്ള രാജ്യങ്ങൾക്കാണ് അന്തർദേശീയ മത്സരങ്ങളിൽ ഉജ്ജ്വലനേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്. പക്ഷേ നമുക്ക് ആ രംഗത്ത് വേണ്ടതുപോലെ മുന്നോട്ടുപോകാൻ കഴിയുന്നില്ല. ഈ രംഗത്ത് വളരെ ഗൗരവതരമായ മാറ്റമുണ്ടാകണം. ഈ സന്ദർഭത്തിലും വളരെ പാവപ്പെട്ട വീട്ടിൽനിന്നും വളർന്നുവന്ന് സർക്കാർ വിദ്യാലയങ്ങളിൽ പഠിച്ച് അവിടെനിന്ന് ലഭ്യമാകുന്ന പരിമിതമായ പരിശീലനങ്ങളും പരിമിതമായ അടിസ്ഥാന സൗകര്യങ്ങളും ഉപയോഗപ്പെടുത്തി നല്ല ഒന്നാന്തരം കറുത്ത മുത്തുകൾ വളർന്നു വരുന്നുണ്ട്. അവരെ നമുക്ക് എങ്ങനെയാണ് പ്രോത്സാഹിപ്പിക്കാൻ കഴിയുന്നത്; കഴിഞ്ഞ ഏഷ്യൻ പവർ ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പിൽ ചേർത്തലയിലെ മുഹമ്മ എ.ബി. വിലാസം ഹൈസ്കൂളിൽനിന്നുള്ള അശ്വതി, ശ്രീക്കുട്ടി എന്നീ രണ്ട് പെൺകുട്ടികൾ വിജയിച്ചു. രണ്ടുപേരും മത്സ്യത്തൊഴിലാളികളുടെ മക്കളാണ്. ഞാൻ അവരുടെ വീട് പോയി കണ്ടു. ഒരാൾക്ക് വീടുണ്ട്. ഒരാൾക്ക് വീടുണ്ടെന്ന് പറയാൻ കഴിയില്ല. അത് താമസിക്കുന്ന വീടാണെന്നുപോലും പറയാൻ കഴിയാത്ത ഒന്നാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ശ്രീക്കുട്ടിയെന്ന കുട്ടിക്ക് ഒരു വീടു പോലും സ്വന്തമായിട്ടില്ല. മുഹമ്മ എ.ബി. വിലാസം ഹൈസ്കൂളിലെ പരിമിതമായ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി, അവിടത്തെ കായികാധ്യാപകന്റെ കഠിനാധ്വാനത്തിന്റെ ഫലമായി ഏഷ്യൻ പവർ ലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പിൽ അശ്വതി സ്വർണ്ണവും ശ്രീക്കുട്ടി വെള്ളിയും നേടി. ചാമ്പ്യൻഷിപ്പിന് പോകാൻ പണമില്ലാതിരുന്ന അവരെ ആ നാട്ടുകാരും ബഹുമാനപ്പെട്ട എം.എൽ.എ. ഡോ. ടി. എം. തോമസ് ഐസക്കും സഹായിച്ചു. അവർ രണ്ടുപേരും ബഹുമാന്യനായ മന്ത്രിയെ നേരിട്ടുകണ്ട് സഹായം അഭ്യർത്ഥിച്ചെങ്കിലും അദ്ദേഹം കൈമലർത്തിയെന്നാണ് കേട്ടത്. ഞങ്ങളുടെ നാടിന്റെ മാത്രമല്ല, ഈ കേരളത്തിന്റെതന്നെ അഭിമാനം വാനോളം ഉയർത്തിപ്പിടിച്ച ആ രണ്ടു പെൺകുട്ടികളെ നമ്മുടെ സംസ്ഥാന ഗവൺമെന്റ് സഹായിച്ചില്ലെന്നത് അങ്ങേയറ്റം ക്രൂരമായിപ്പോയി. ആ നാട് നെഞ്ചേറ്റിയ, ഈ സംസ്ഥാനം നെഞ്ചേറ്റിയ ആ രണ്ട് കുട്ടികൾക്ക് അർഹമായ പരിഗണനയും പ്രോത്സാഹനവും നൽകാൻ ഗവൺമെന്റ് ഇനിയെങ്കിലും മുന്നോട്ടുവരണമെന്നാണ് എന്റെ അഭ്യർത്ഥന.

ഇപ്പോൾ സ്കൂൾ കലോത്സവം നടക്കുകയാണ്. 4x400 റിലേ മത്സരം നടത്തുന്നതിന് ആലപ്പുഴയിൽ ഒരു സൗകര്യവുമില്ല. ഒരു എയ്ഡഡ് കോളേജിലെ സൗകര്യമാണ് അവിടെ പൊതുവിൽ ഉപയോഗിക്കുന്നത്. ആ കോളേജിന്റെ 4x400 സൗകര്യമുള്ള ഗ്രൗണ്ട് മെച്ചപ്പെടുത്താൻ ഞാനൊരു പ്രോജക്ട്

കൊടുക്കുകയുണ്ടായി. ഫിനാൻസ് ഡിപ്പാർട്ടുമെന്റ് അതംഗീകരിച്ചില്ല. എയ്ഡഡ് കോളേജിന് എം.എൽ.എ. ഫണ്ട് ഉപയോഗിക്കാമോ എന്നുള്ളതാണ്. പക്ഷേ ആലപ്പുഴ ജില്ലയിൽ അതിന് മറ്റ് സൗകര്യമില്ല. ഏത് മീറ്റ് നടക്കണമെങ്കിലും കലോത്സവം നടക്കണമെങ്കിലും ആ കോളേജിന്റെ ഗ്രൗണ്ട് ഉപയോഗപ്പെടുത്തിയേ മതിയാകൂ. ലക്ഷങ്ങൾ മുടക്കി അത് സൗകര്യപ്പെടുത്തണം. അത് ആരു ചെയ്യുമെന്നുള്ളത് വലിയൊരു പ്രശ്നം തന്നെയാണ്. ഞാനൊരു നിർദ്ദേശം വച്ചത് അംഗീകരിക്കാൻ തയ്യാറായില്ല. നമ്മുടെ കുടിലുകളിൽ ഒന്നാന്തരം കായിക താരങ്ങളുണ്ട്. അവരുടെ കഴിവുകൾ കണ്ടെത്തി പരിശീലിപ്പിച്ച് ഈ രാജ്യത്തിന്റെ നെറുകയിലേക്ക് ഉയർത്തിക്കൊണ്ടുവരാൻ കഴിയുന്ന ഉജ്ജ്വല താരങ്ങളാക്കി മാറ്റാൻ നമ്മൾ വിചാരിച്ചാൽ കഴിയും. പക്ഷേ എന്തുകൊണ്ട് അതിനുള്ള ശ്രമങ്ങൾ നടത്തുന്നില്ലെന്നുള്ളതാണ്. 500 കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങളിലേ ഇനി കായികാദ്ധ്യാപകർ പാടുള്ളൂ എന്ന് ഗവൺമെന്റ് നിഷ്കർഷിച്ചു. ഈ സാഹചര്യത്തിൽ ഏത് യു. പി. സ്കൂളിൽ ഒരു കായികാദ്ധ്യാപകനെ കൊടുക്കാൻ കഴിയും? ഗവൺമെന്റ് സീരിയസ്സായി ആലോചിക്കേണ്ടതല്ലേ അത്? 500 കുട്ടികൾ ഉള്ള കലാലയത്തിനേ കായികാദ്ധ്യാപകനുള്ളൂ എന്നു പറഞ്ഞാൽ ഒരു ഒറ്റ യു.പി. സ്കൂളിലും അദ്ധ്യാപകനെ കൊടുക്കാൻ കഴിയുകയില്ല. ഇന്ന് നിലവിലുള്ള കായികാദ്ധ്യാപകരുടെ ഒരു പൂൾ ഉണ്ടാക്കി അവരെ വ്യാപകമായി ഉപയോഗപ്പെടുത്തുകയാണ്. നമ്മുടെ പുതിയ തലമുറയ്ക്ക് നാം ആഗ്രഹിക്കുന്ന വളർച്ചയും പരിശീലനവും ലഭ്യമാക്കാൻ ഈ പരിമിതമായ സാഹചര്യങ്ങളെ എങ്ങനെയാണ് ഉപയോഗപ്പെടുത്താൻ കഴിയുന്നത്? പഞ്ചായത്തുകളിൽ സ്പോർട്സ് രംഗത്ത് പരിശീലനം നൽകാൻ, ഭക്ഷണം നൽകാൻ നേരത്തേ ഫണ്ട് കൊടുക്കുമായിരുന്നു, ഇന്ന് കൊടുക്കുന്നില്ല. എങ്ങനെയാണ് ഗ്രാമങ്ങളിലെ ചെറുപ്പക്കാരെ നമുക്ക് വളർത്തിക്കൊണ്ടുവരാൻ കഴിയുന്നത്? റവന്യൂ ജില്ലാ കലോൽസവങ്ങളിൽ നേരത്തേ കായികതാരങ്ങൾക്ക് പ്രൈസ്മണി കൊടുക്കുമായിരുന്നു, ഇന്ന് അതില്ല. എല്ലാം സംസ്ഥാനതലത്തിലാക്കി പരിമിതപ്പെടുത്തി. എവിടെയാണ് പുതിയ തലമുറയ്ക്ക് പ്രോൽസാഹനം ലഭ്യമാക്കുന്ന അന്തരീക്ഷം ഉണ്ടാകുന്നത്? ഓരോ അസോസിയേഷനുകളും വളരെ ഫലപ്രദമായി പ്രവർത്തിക്കുമ്പോഴാണ് നാട്ടിൻപുറത്തെ ചെറുപ്പക്കാർക്ക് നല്ല ഒന്നാംതരം കായികതാരങ്ങളായി വളർന്നു വരാൻ കഴിയുന്നത്. ആ അസോസിയേഷനുകൾ എത്ര ഫലപ്രദമായി പ്രവർത്തിച്ചാലും അവർക്ക് ഫണ്ട് കൊടുക്കുന്നില്ല, വളരെ, വളരെ പരിമിതമായ തുകയാണ് അവർക്ക് കൊടുക്കുന്നത്. ശാസ്ത്രീയമായ പരിശീലനം അദ്ധ്യാപകർക്കും കൊടുക്കുന്നില്ല, കായിക താരങ്ങൾക്കും കൊടുക്കുന്നില്ല. എങ്ങനെയാണ് ഈ രംഗത്ത് മുന്നോട്ട് പോകുവാൻ കഴിയുന്നത്?

ആലപ്പുഴ ജില്ലയിൽ ഒരേ ഒരു സ്ഥലത്ത് മാത്രമാണ് കായികതാരങ്ങൾക്ക് താമസിച്ച് പഠിക്കാനുള്ള സൗകര്യമുള്ളത്. പ്ലസ് വൺ, പ്ലസ് ടു കായികാദ്ധ്യാപക രംഗത്ത് നിയമനം നടക്കുന്നില്ല. നമ്മുടെ സംസ്ഥാനത്തിന്റെ കായികാന്തരീക്ഷം മെച്ചപ്പെടുത്താൻ സഹായകരമായ ഒരു അടിസ്ഥാന സൗകര്യവുമില്ല. ആ രംഗത്തേക്കാണ് ഗവൺമെന്റ് ശ്രദ്ധിക്കേണ്ടത്. അല്ലാതെ കരിനിയമം ഉപയോഗിച്ച് ജനാധിപത്യത്തെ കശാപ്പ് ചെയ്തുകൊണ്ട് സംസ്ഥാന സ്പോർട്സ് കൗൺസിലിലും ജില്ലാ സ്പോർട്സ് കൗൺസിലിലും തങ്ങൾ വിചാരിക്കുന്നവർ നോമിനേറ്റ് ചെയ്യപ്പെടണം എന്ന ഒരു അന്തരീക്ഷത്തിലേക്ക് കൊണ്ടുപോകലല്ല എന്നാണ് എനിക്ക് ചുരുക്കമായി പറയുവാനുള്ളത്.

<u>ശ്രീ. ഷാഫി പറമ്പിൽ:</u> സർ, 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2015-വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കൈകൊട്ടുക്കാൻ തോന്നുന്ന ഈ കായികമന്ത്രിക്കും സർക്കാരിനും. ഏതാനും ദിവസങ്ങളായി കേരള കായികരംഗത്ത് സംഭവിക്കുന്നത് കേൾക്കാൻ സുഖമുള്ള കാര്യങ്ങളാണല്ലോ. ദേശീയ ജൂനിയർ മീറ്റിൽ പങ്കെടുക്കുവാൻ കുട്ടികൾ വിമാനത്തിൽ പറന്നു പോകുന്നു, അവിടെ പൊരുതി ജയിച്ച കുട്ടികൾക്ക് സ്കൂൾ കായികമേളയിൽ പങ്കെടുക്കാൻ പ്രത്യേക അവസരമൊരുക്കുന്നു, കായികരംഗം ഭരിക്കുന്ന സ്പോർട്ട്സ് കൗൺസിൽ കായികതാരങ്ങളെക്കൊണ്ട് നിറയുന്നു, അതിന്റെ തലപ്പത്ത് ഒളിമ്പ്യൻ അഞ്ജു ബോബി ജോർജിനെപ്പോലെ തലയെടുപ്പുള്ള താരം വരുന്നു. ആകപ്പാടെ സംഭവബഹുലം. നേരത്തേയും തലപ്പത്ത് രാജ്യാന്തര താരമായിരുന്നു എങ്കിലും താഴെത്തട്ടിൽ കായികതാരങ്ങൾ അണിനിരക്കുന്നത് ഇതാദ്യം. ദേശീയ ഗെയിംസ് തൊട്ട് ഇങ്ങോട്ട് കായികരംഗത്ത് കാണുന്ന ഉണർവ് തുടരുക തന്നെയാണ്, കൊള്ളാം. ഷാഫി പറമ്പിലിന്റെ വാക്കുകളല്ല, മലയാള മനോരമയിൽ 'പെനാൽറ്റി പോയിന്റ്' എന്ന കോളത്തിൽ കെ.എൻ.ആർ. നമ്പൂതിരി എഴുതിയ ഒരു ലേഖനത്തിന്റെ ആദ്യ വാചകങ്ങളാണ് ഞാൻ ഇവിടെ വായിച്ചത്. ഈ മന്ത്രിക്കും സർക്കാരിനും കേരളത്തിന്റെ കായികലോകം കൈകൊട്ടുക്കാൻ ആഗ്രഹിക്കുമ്പോൾ ഒരു ജനപ്രതിനിധി എന്ന നിലയ്ക്കും കായികമേഖലയെ ഇഷ്ടപ്പെടുന്ന ഒരാൾ എന്ന നിലയ്ക്കും ഈ മാറ്റത്തെ ഹൃദയംകൊണ്ട് സ്വാഗതം ചെയ്യാൻ ആഗ്രഹിക്കുന്നു.

ഇവിടെ ജനാധിപത്യത്തിന്റെ കശാപ്പു കേന്ദ്രമായി ഈ ബില്ലിനെ അവതരിപ്പിക്കുവാൻ ശ്രമിക്കുന്നുണ്ട്. ബഹുമാനപ്പെട്ട പി. ശ്രീരാമകൃഷ്ണൻ അടക്കമുള്ളവർ ഇവിടെ എഴുന്നേറ്റുനിന്ന്, ഒരു മേയറെ അർജ്ജുന അവാർഡ് ജേതാവായതുകൊണ്ടാണോ സ്പോർട്സ് കൗൺസിലിന്റെ അംഗമാക്കിയത് എന്നു ചോദിച്ചു. ഒരു മുൻ മേയറെ പത്മശ്രീ കൊടുത്തതുകൊണ്ടാണോ ഈ സംസ്ഥാനത്തിന്റെ സ്പോർട്സ് കൗൺസിൽ പ്രസിഡന്റാക്കിയത് എന്ന് തിരിച്ച്

ചോദ്യം അവിടെ ഉയരുന്നുണ്ട് എന്നുള്ള വസ്തുത അവർ മറച്ചു വച്ചുകൊണ്ടാണ് ചോദിക്കുന്നത്. ഈ മാറ്റം നല്ലതിനാണ് എന്നുള്ളത് കേരളത്തിന്റെ കായികരംഗം ഇഷ്ടപ്പെടുന്ന മുഴുവൻ ആളുകളും പറയുന്നുണ്ട്. ഒരു രാഷ്ട്രീയ നിയമനമായിരുന്നുവെങ്കിൽ അഞ്ജു ബോബി ജോർജിനെ കേരളത്തിന്റെ സ്പോർട്സ് കൗൺസിലിന്റെ തലപ്പത്തേയ്ക്ക് കൊണ്ടുവരേണ്ട കാര്യം ഈ ഗവൺമെന്റിനില്ല. ഒരു അന്താരാഷ്ട്ര വേദിയിൽ ഇന്ത്യയുടെ ദേശീയ പതാക ഉയർന്നു പറക്കുന്നത് കാണാനും, ഇന്ത്യയുടെ ദേശീയഗാനം അവിടെ ചൊല്ലുന്നത് കേൾക്കാനും നമുക്ക് അവസരമുണ്ടാക്കിത്തന്ന ഒരു പ്രതിഭയെ ഈ സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് കൊണ്ടുവന്നതിനെ രാഷ്ട്രീയ ലാക്കോടെ ആര് വിമർശിച്ചാലും കായിക കേരളം അതിനെ കയ്യടിച്ച് സ്വീകരിക്കും എന്നുള്ള കാര്യത്തിൽ ഒരുപാട് തെളിവുകൾ കഴിഞ്ഞ ദിവസങ്ങളിൽവന്ന പത്ര വാർത്തകളിലൂടെ നമ്മൾ കേട്ടുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് ഞങ്ങളുടെ ഹൃദയംഗമമായ അഭിനന്ദനം ഈ കാര്യത്തിലുണ്ട്, ഈ ഗവൺമെന്റിനുണ്ട്. ഇവിടെ പ്രിയപ്പെട്ട ശ്രീ. കെ. എൻ. ആർ. നമ്പൂതിരിയെപ്പോലെ ഒരുപാട് ആളുകൾ ഇതിനെ സ്വാഗതം ചെയ്തുകൊണ്ട് ലേഖനങ്ങൾ എഴുതിയതും, പ്രതികരണങ്ങൾ നടത്തിയതും ചില പത്രമാധ്യമങ്ങൾ എഡിറ്റോറിയൽ എഴുതിയതുമൊക്കെ ഞങ്ങൾ വായിക്കാനിടയായി. കേരളത്തിന്റെ കായികരംഗത്ത് ഏറെക്കാലത്തിനുശേഷം വളരെ പോസിറ്റീവായി ഒരു പുനഃസംഘടന നടക്കുമ്പോൾ സ്വാഭാവികമായും ഉയർന്നുവരാറുള്ള ആശങ്കകൾ കായികലോകത്തുനിന്നാണ്. രാഷ്ട്രീയലോകം അതിനെ കയ്യടിച്ച് സ്വീകരിക്കുകയും സ്വാഗതം ചെയ്യുകയും ചെയ്യുമ്പോൾ കായികമേഖലയിൽ പ്രവർത്തിക്കുന്ന ആളുകളാണ് സാധാരണ പുനഃസംഘടന നടക്കുമ്പോൾ എതിർപ്പുമായി രംഗത്ത് വരാറുള്ളത്. എല്ലാക്കാലങ്ങളിലും ഏത് അസോസിയേഷന്റെ പ്രസിഡന്റ് പദവിയിലേക്ക് ആളുകളെ തെരഞ്ഞെടുക്കപ്പെടുമ്പോഴും സാധാരണ കായിക മേഖലയിൽ പ്രവർത്തിക്കുന്ന ആളുകൾ പറയും അവിടെ സ്പോർട്സിലുള്ള ആളുകൾക്ക് പ്രാവീണ്യം കൊടുക്കണം, അവർക്ക് പ്രാതിനിധ്യം കൊടുക്കണം, അവർക്ക് അവസരം കൊടുക്കണം എന്ന്. ഈ സ്പോർട്സ് കൗൺസിൽ ഉണ്ടാക്കിയപ്പോൾ കായികമേഖലയിലെ ആളുകൾ അഭിപ്രായ വ്യത്യാസമില്ലാതെ സ്വാഗതം ചെയ്തപ്പോൾ ഇവിടെ രാഷ്ട്രീയ ലാക്കോടെ കേരളത്തിന്റെ ഈ നിയമസഭാ മന്ദിരത്തിനകത്തിരുന്ന് അതിനെ എതിർക്കുന്നതിന്റെ ജനാധിപത്യ വിരുദ്ധതയാണ് ചോദ്യം ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നത്. ഇതുപോലെ എതിർപ്പുകൾ നമ്മൾ മുൻപും കണ്ടിട്ടുണ്ട്. ദേശീയ ഗെയിംസ് ഇവിടെ നടപ്പിലാക്കാൻവേണ്ടി തുനിഞ്ഞപ്പോൾ എന്തെല്ലാം ആരോപണങ്ങളാണ് ഈ ഗവൺമെന്റ് നേരിടേണ്ടിവന്നത്. ദേശീയ ഗെയിംസ് അവസാനിക്കുമ്പോൾ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ കമ്പിയഴി എണ്ണുകയാകും എന്ന് ബഹുമാന്യനായ പ്രതിപക്ഷനേതാവ് വരെ പ്രസംഗിച്ചില്ലേ, ദേശീയഗെയിംസിന്റെ നടത്തിപ്പിന്റെ

ഏതാനും മണിക്കൂറുകൾ അകലെ നിൽക്കുമ്പോൾ അതിന്റെ സ്ഥാനങ്ങൾ മുഴുവൻ രാജിവച്ച് ഇതു മൊത്തത്തിൽ കൺഫ്യൂഷൻ സൃഷ്ടിക്കുവാൻ ഒരു ശ്രമം നടത്തി. അതിനെതിരെ കോടതിയിൽ കേസ്സിനുപോയി, സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ടു. ദേശീയ ഗെയിംസ് കേരളത്തിന് അപമാനകരമാകുമെന്ന് പ്രഖ്യാപിച്ചു. ചില പത്രമാധ്യമങ്ങളും ആ തരത്തിൽ അവരുടെ ആശങ്കകൊണ്ടോ മറ്റോ റിപ്പോർട്ടുകൾ ഉണ്ടാക്കിയിരുന്നു. അന്നത്തെ ചില പത്രമാധ്യമങ്ങളുടെ റിപ്പോർട്ട് പ്രകാരം പണി തീർത്തിട്ടും തീരാതെ ഈ ദേശീയ ഗെയിംസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നു എന്നു പറഞ്ഞു. കാര്യവട്ടത്തെ സ്റ്റേഡിയത്തിനെക്കുറിച്ച് ആശങ്കകൾ പറഞ്ഞു. ഒളിമ്പിക് അസോസിയേഷന്റെ കമ്മിറ്റി ഇവിടെ പരിശോധനയ്ക്ക് വന്നാൽ ഈ ഗെയിംസ് മാറ്റിവയ്ക്കേണ്ടി വരുമെന്ന് പറഞ്ഞു. ഗെയിംസ് വില്ലേജിന്റെ പണി പൂർത്തിയാക്കിയില്ല എന്നു പറഞ്ഞു. ഇതുവരെ നടന്ന 35 ദേശീയ ഗെയിംസിലും വച്ച് ഏറ്റവും നല്ലത് കേരളത്തിൽ നടന്ന ദേശീയ ഗെയിംസ് ആണെന്നാണ് ഇന്ത്യൻ ഒളിമ്പിക് അസോസിയേഷന്റെ പ്രസിഡന്റുൾപ്പെടെയുള്ള ആളുകൾ രേഖപ്പെടുത്തിവച്ചത്.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ. ദേശീയ ഗെയിംസ് നടക്കുമ്പോൾ അതിന്റെ സ്ഥാനമെല്ലാം ആദ്യം രാജിവച്ചത് പ്രതിപക്ഷത്തിരിക്കുന്ന ആളുകളാണെന്ന് പറഞ്ഞത് തെറ്റാണ്. ആ ദേശീയ ഗെയിംസിന്റെ ഘട്ടത്തിൽ സ്ഥാനം ആദ്യം രാജിവച്ചത് ഇപ്പോൾ ചെയറിലിരിക്കുന്ന ശ്രീ. പാലോട് രവി, അദ്ദേഹമാണ്. അപ്പോൾ തെറ്റായ കാര്യമാണ് സഭയ്ക്കകത്ത് ഉന്നയിച്ചിട്ടുള്ളത്. അത് തിരുത്താൻ തയ്യാറാകണം.

<u>ശ്രീ. ഷാഫി പറമ്പിൽ:</u> സർ, ഈ ഗെയിംസിന്റെ വിജയകരമായ നടത്തിപ്പിന്റെ താൽപ്പര്യത്തിനു വിരുദ്ധമായ നിലപാട് എടുത്തത് ആരാണ് എന്നുള്ളത് കേരളത്തിലെ എല്ലാവർക്കും ബോധ്യമുള്ളതാണ്, അതിനെതിരെ കോടതിയിൽ കേസ്സുകൊടുക്കാൻ പോയതും ആ കേസ്സ് കോടതി തള്ളിക്കളഞ്ഞതുമൊക്കെ ആരുടെ നിലപാട് പ്രകാരമായിരുന്നു എന്നൊക്കെ വളരെ വ്യക്തമായി അറിയാം. ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പറഞ്ഞു, ഇതുവരെ നടന്നതിൽവച്ച് ഏറ്റവും നല്ല ദേശീയ ഗെയിംസ്. പ്രസിഡന്റ് ഓഫ് ഇന്ത്യ പറഞ്ഞു, ഇതുവരെ നടന്നതിൽ ഏറ്റവും നല്ല ഗെയിംസ്. കായികതാരങ്ങൾ മുഴുവൻ പറഞ്ഞു. ഒരു മേള ഇതുപോലെ പൂർത്തീകരിച്ചിട്ട് കായികതാരങ്ങളോ, ഒഫീഷ്യലുകളോ, ടെക്നീഷ്യൻസോ, അതുമായി ബന്ധപ്പെട്ട കോച്ചുകളോ, ടീം മാനേജർമാരോ, ഇവരാരും പ്രബലമായ ഒരു പരാതിയും പറഞ്ഞില്ല. സംഘാടനത്തിലും നടത്തിപ്പിലും ഇവരുമായി ബന്ധപ്പെട്ട കാര്യങ്ങളിലും ഗെയിംസ് വില്ലേജിന്റെ കാര്യത്തിലും, ഇൻഫ്രാസ്ട്രക്ചറിന്റെ കാര്യത്തിലുമൊക്കെ നല്ല നിലവാരം പുലർത്തി ഈ

സംസ്ഥാനത്തിനുതന്നെ അഭിമാനകരമായ ഒരു ഗെയിംസായി നമ്മൾ മാറ്റിയെടുത്തു. അതിന്റെ പിന്നിലെ വിമർശനങ്ങളെയും പരിഹാസങ്ങളെയുമൊക്കെ തരണം ചെയ്തിട്ടാണ് ആ ദേശീയ ഗെയിംസിനെ എല്ലാവരുടേയും സഹായത്തോടെ നല്ല വിജയത്തിലേക്ക് കൊണ്ടെത്തിക്കാൻ നമ്മുടെ കായിക വകുപ്പുമന്ത്രിക്കും ഈ സർക്കാരിനും കഴിഞ്ഞിട്ടുള്ളത്. കേരളത്തിലെ മുഖ്യമന്ത്രിയുടെ മേൽനോട്ടത്തിൽ മറ്റെല്ലാ മന്ത്രിമാരും കായിക വകുപ്പുമന്ത്രിയുടെ പ്രത്യേക താൽപ്പര്യത്തോടെ അതിനെ അഭിമാനകരമായി നടത്തിയെടുക്കാൻ നമുക്ക് സാധിച്ചിട്ടുണ്ട്. തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്ന മന്ത്രിയുടെ പ്രവർത്തന കാലഘട്ടത്തിലെ ഏറ്റവും മോശപ്പെട്ട അധ്യായമായി ഈ തീരുമാനങ്ങൾ മാറുമെന്ന് പറഞ്ഞു. ഞാൻ ഒരു തുടക്കക്കാരനെന്ന നിലയിൽ, കേരളത്തിലെ ചെറുപ്പക്കാരുടെ പ്രതിനിധിയെന്നുള്ള നിലയ്ക്ക് പറയുകയാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മുൻകാലങ്ങളിൽ വനം വകുപ്പ്, ഇറിഗേഷൻ വകുപ്പ്, കൂടാതെ മറ്റ് പല വകുപ്പുകൾക്കും നേതൃത്വം കൊടുത്തിട്ടുണ്ടാകാം. പക്ഷേ തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്ന പൊതു പ്രവർത്തകന്റെ മന്ത്രിസഭാ കാലഘട്ടത്തിലെ പ്രവർത്തനത്തിൽ ഏറ്റവും പോസിറ്റീവായി രാഷ്ട്രീയ കേരളം വിലയിരുത്താൻ പോകുന്നത് കായികമേഖലയിൽ അദ്ദേഹം നൽകിയ സംഭാവനകളുടെ പേരിലായിരിക്കും എന്നുള്ള കാര്യത്തിൽ ഒരു സംശയവും നമുക്കാർക്കുമില്ല.

2.00 PM]

സ്പോർട്സ് കൗൺസിലിന്റെ തലപ്പത്ത് ശ്രീമതി അഞ്ജു ബോബി ജോർജിനെപ്പോലെ ഒരു പ്രസിഡന്റിനെ കൊണ്ടുവരാൻ തീരുമാനിച്ചത് നമ്മുടെ രാജ്യത്തിലെ അടുത്ത തലമുറയ്ക്കുള്ള ഒരു പ്രചോദനമായി കാണണം. സ്പോർട്സ് മേഖലയിലേയ്ക്ക് കടന്നുവരാൻ ആഗ്രഹിക്കുന്ന പുതിയ തലമുറയ്ക്ക് ഒരു പക്ഷെ കരിയറിനുശേഷം കായിക കേരളം വച്ചുനീട്ടാവുന്ന അവർ അർഹിക്കുന്ന അവസരങ്ങളിലേക്കുള്ള ഒരു ചൂണ്ടുപലകയായി നമുക്ക് അതിനെ കാണാൻ സാധിക്കും. സ്പോർട്സ് കൗൺസിലിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുമ്പോൾ ശ്രീ. ടോം ജോസഫിന്റെയും ശ്രീമതി പ്രീജാ ശ്രീധരന്റെയും രാഷ്ട്രീയമെന്താണെന്ന് ഞങ്ങൾക്ക് അറിയില്ല. ഈ കൗൺസിലിലേയ്ക്ക് തെരഞ്ഞെടുക്കുമ്പോൾ ശ്രീ. ടോം ജോസഫിന്റെ രാഷ്ട്രീയമല്ല കായിക മേഖലയിലെ അദ്ദേഹത്തിന്റെ പ്രതിഭയുടെ മാഹാത്മ്യമാണ് ഈ ഗവൺമെന്റ് പരിഗണിച്ചത്. അതുപോലെ ശ്രീമതി പ്രീജാ ശ്രീധരന്റെ രാഷ്ട്രീയമല്ല ആ പ്രതിഭ ഈ നാടിന് നൽകിയ സംഭാവനകളാണെന്ന ജനാധിപത്യ ബോധത്തിൽ തന്നെയാണ് അവരെ ഈ കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. അങ്ങനെ ഓരോ പ്രതിനിധികളേയും ഈ കൗൺസിലിലേക്ക് തെരഞ്ഞെടുക്കപ്പെട്ടതിനെ സംബന്ധിച്ചും നമുക്ക് പറയാൻ സാധിക്കും.

അഡ്മിനിസ്ട്രേറ്റീവ് ബോർഡിനെ സംബന്ധിച്ച് പറഞ്ഞപ്പോൾ ഇവിടെ ഒരു ട്രസ്റ്റ് ഉണ്ടാക്കുന്നുവെന്ന രീതിയിൽ ചിലർ അതിനെ പരിഹസിക്കുന്നത് ഞാൻ കണ്ടു. ഏറ്റവും അനുയോജ്യമായ തീരുമാനമെന്നേ ഞാൻ അതിനെ പറയുകയുള്ളൂ. കാരണം തങ്ങളുടെ പ്രകടന കാലഘട്ടത്തിന്റെ ഒരു പ്രധാനപ്പെട്ട പീരീഡ് കഴിഞ്ഞാൽ ഈ മേഖലയിൽനിന്നും യാതൊരു വരുമാനവും ലഭിക്കാതെ ഒരു സഹായത്തിന് ആളുകളുടെ മുന്നിൽ കൈനീട്ടേണ്ടി വരുന്ന ഒട്ടേറെ കായിക താരങ്ങളുടെ ചിത്രങ്ങൾ നമ്മുടെ ദൃശ്യമാധ്യമങ്ങൾ പലപ്പോഴും സംപ്രേക്ഷണം ചെയ്തിട്ടുണ്ട്. നമ്മുടെ പ്രിന്റ് മീഡിയകളിൽ അത് പലപ്പോഴും സ്റ്റോറിയായി വരാറുണ്ട്. പൊടിപിടിച്ച മെഡലുകളും ട്രോഫികളുമായി ഉപജീവനത്തിന് മാർഗ്ഗമില്ലാതെ നടക്കുന്ന കായികതാരങ്ങളുടെ പഴയകാല ചിത്രങ്ങൾ കേരളത്തിനെ വേദനിപ്പിക്കുന്നതായിരുന്നുവെങ്കിൽ ഇത്തരമൊരു ഫണ്ടുണ്ടാക്കുന്നതിലൂടെ അവർക്ക് അർഹമായ, ന്യായമായ സഹായം സർക്കാർ തലത്തിൽനിന്നും അതുപോലെ സ്പോർട്സിനോട് താൽപര്യമുള്ള മറ്റ് ആളുകളിൽനിന്നും സംഘടിപ്പിച്ച് എത്തിച്ച് കൊടുക്കാൻ കഴിയാവുന്ന തരത്തിൽ ഇതിന്റെ പ്രവർത്തനങ്ങൾ മാറുമെങ്കിൽ ഒരു സംശയവും വേണ്ട ഇത് നമുക്ക് ഏറ്റവും അനിവാര്യമായിതന്നെ മാറും. അഞ്ജലിയുടെ സൈക്കിളിന്റെ കാര്യം സൂചിപ്പിച്ചു. അതുപോലെ പോൾവാൾട്ടിൽ പങ്കെടുക്കാൻ പോളില്ലാതെ നടന്ന ഒരുപാട് കുട്ടികളുടെ വാർത്തകൾ നമ്മൾ വായിച്ചിരുന്നു. അത്തരം സാഹചര്യങ്ങൾ വരുമ്പോൾ ആരാണ് അവരെ സഹായിക്കേണ്ടത്? ആ സഹായത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കാൻ, ഗവൺമെന്റിന് കുറച്ചുകൂടി ഫ്ലെക്സിബിലിറ്റി വരുത്താൻ ഗവൺമെന്റിന്റെ ഫണ്ടിനോടൊപ്പം ഇതിൽ താൽപര്യമുള്ള ആളുകളുടെ സഹായംകൂടി സ്വീകരിച്ച് മുന്നോട്ട് കൊണ്ടുപോകാൻ ഇത്തരമൊരു ഫണ്ട് അല്ലെങ്കിൽ സ്പോർട്സ് ഡെവലപ്മെന്റ് നിധി അനിവാര്യമാണെന്ന് എല്ലാ കായിക താരങ്ങളും രേഖപ്പെടുത്തുന്നു. അതുകൊണ്ട് ഇതൊന്നും അനിവാര്യ മായ ഒരു മാറ്റത്തിന് വിരുദ്ധമായ കാര്യങ്ങളാണെന്ന് ചൂണ്ടിക്കാണിക്കരുത്. സ്പോർട്സിനെ നമ്മൾ ഇഷ്ടപ്പെടുന്നുവെങ്കിൽ നമ്മുടെ പ്രതിഭകൾക്ക് അവസരം കൊടുക്കാൻ കഴിയുന്ന വിധത്തിൽ യോജിച്ച് മുന്നോട്ട് പോകേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയാണ്. ആർ.എസ്.എസ്.-ന്റെ ശാഖകളിലും സിമിയുടെ ക്യാമ്പുകളിലും കേരളത്തിന്റെ ചെറുപ്പക്കാരെ കാണരുതെന്നും പകരം മൈതാനങ്ങളിലും സ്റ്റേഡിയങ്ങളിലും നമ്മുടെ ചെറുപ്പക്കാരെ കാണണമെന്ന് ആഗ്രഹിക്കുന്ന ഒരു രാഷ്ട്രീയം തന്നെയാണ് അപ്പുറത്തുമിപ്പുറത്തുമുള്ളവർ വച്ചുപുലർത്തുന്നത് എന്നുള്ളതാണ് എന്റെ വിശ്വാസം. അങ്ങനെയാണെങ്കിൽ ഇത്തരം കാര്യങ്ങൾക്ക് നമുക്ക് ഒരുമിച്ച് മുന്നോട്ട് പോകേണ്ടതായി വരും. മാൻഹോളിൽ അകപ്പെട്ട ഇതര സംസ്ഥാന തൊഴിലാളികളുടെ ജീവൻ രക്ഷപ്പെടുത്താൻവേണ്ടി ജാതിയും മതവും നോക്കാതെ ഇറങ്ങിയ ഒരു ചെറുപ്പക്കാരന്റെ ജീവൻ നഷ്ടപ്പെട്ടുപോയതിനുശേഷവും ആ

ചെറുപ്പക്കാരന്റെ ജാതിയും മതവും അന്വേഷിക്കുന്നുവെങ്കിൽ നാളെ ഒരു ഫുഡ്ബോൾ മത്സരത്തിൽ ഗോൾ അടിച്ചുകൂട്ടുമ്പോൾ ഹിന്ദു അടിച്ച ഗോൾ എത്ര, മുസ്ലീം അടിച്ച ഗോൾ എത്ര, ക്രിസ്ത്യാനി അടിച്ച ഗോൾ എത്രയെന്ന് കേരളം ചർച്ച ചെയ്യുന്ന സാഹചര്യം ഉണ്ടായിക്കാണരുതെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ കായിക മേഖലയിൽ തീർച്ചയായിട്ടും കായിക താരങ്ങളുടെ സാന്നിദ്ധ്യം അഡ്മിനിസ്ട്രേറ്റീവ് രംഗത്തും അനിവാര്യമായിത്തന്നെ മാറും. ആ അനിവാര്യത തിരിച്ചറിഞ്ഞു കൊണ്ടു തന്നെയാണ് ഗവൺമെന്റും വകുപ്പുമന്ത്രിയും ഇത്തരത്തിലുള്ള ഒരു തീരുമാനവുമായി മുന്നോട്ട് പോയിട്ടുള്ളത്.

തർക്കപരിഹാര സമിതിയെ സംബന്ധിച്ച് പറഞ്ഞു. കഴിഞ്ഞ ദേശീയ ഗെയിംസിനുമുമ്പ് ഹോക്കി ടീമിനെ ദേശീയ ഗെയിംസിൽ നമുക്കുവേണ്ടി പങ്കെടുപ്പിക്കാൻ നോക്കുമ്പോഴാണ് ഹോക്കിക്ക് മൂന്ന് അസോസിയേഷനുകളുണ്ടെന്ന് മനസ്സിലായത്. സ്പോർട്സ് കൗൺസിൽ അംഗീകരിക്കുന്ന ഒന്ന്, ഹോക്കി ഇൻഡ്യ അംഗീകരിക്കുന്ന വേറൊന്ന്, ഇന്റർനാഷണൽ ഫെഡറേഷൻ അംഗീകരിക്കുന്ന വേറൊന്ന് എന്നിങ്ങനെ മൂന്ന് അസോസിയേഷനുണ്ട്. നമ്മുടെ അസോസിയേഷൻ കായിക മേഖലയ്ക്ക് പ്രാധാന്യം കൊടുത്ത് സ്പോർട്സുമായി ബന്ധപ്പെട്ട കാര്യങ്ങളിലൂടെ മുന്നോട്ട് പോകണമെന്നുതന്നെയാണ് നമ്മൾ ആഗ്രഹിക്കുന്നത്. അതിനുവേണ്ടിയാണ് അനിവാര്യമായ ഈ മാറ്റങ്ങൾ ഉണ്ടാക്കുന്നത്. ഈ മാറ്റത്തിലൂടെ നഷ്ടപ്പെട്ടുപോയ പല കാര്യങ്ങളും തിരിച്ചു പിടിക്കാൻ നമുക്ക് സാധിക്കും. ഈ സംസ്ഥാനത്തിന്റെ മേൽവിലാസമെന്ന് പറയുന്നത് നമ്മുടെ കലാകാരന്മാരും കായിക താരങ്ങളുമായിരുന്നുവെന്നത് ആർക്കും നിഷേധിക്കാൻ കഴിയാത്ത ഒരു വസ്തുതയാണ്. ഈ നാടിന് ഏറ്റവും പ്രചോദനകരമായ സാന്നിദ്ധ്യമായി മാറിയത് നമ്മുടെ കായിക താരങ്ങൾ തന്നെയായിരുന്നു. ഒരു സെക്കന്റിന്റെ ഒരംശത്തിന്റെ വില ഇന്നും മലയാളി അറിയുന്നത് ശ്രീമതി പി.ടി. ഉഷയെന്ന പ്രതിഭയിലൂടെയാണ്. അത്തരം പ്രതിഭകളെ വാർത്തെടുത്ത മണ്ണിൽ അടുത്ത തലമുറയ്ക്കും ഇതുപോലെ പ്രചോദനകരമായ പ്രതിഭകൾ ഉണ്ടാകണമെങ്കിൽ ദീർഘവീക്ഷണത്തോടെ ഭാവിയെ മുന്നിൽ കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടത് അനിവാര്യം തന്നെയാണ്. നാഷണൽ ഗെയിംസ് കഴിഞ്ഞപ്പോൾ ഏതാണ്ട് 162 മെഡലുകളാണ് നമ്മുടെ സംസ്ഥാനത്തിന് നേടാൻ കഴിഞ്ഞത്. 2011-ലെ റാഞ്ചി ഗെയിംസ് കഴിഞ്ഞപ്പോൾ ഏഴാം സ്ഥാനത്തുനിന്ന കേരളം സ്റ്റേറ്റുകളുടെ കാര്യത്തിൽ ഒന്നാം സ്ഥാനത്തേക്ക് കുതിച്ചെത്തിയതിൽ ഈ ഗവൺമെന്റ് അവർക്ക് കൊടുത്ത ബാക്കപ്പും സപ്പോർട്ടും കാരണമാണെന്ന് എടുത്ത് പറയാതിരിക്കാൻ നിർവ്വാഹമില്ല. അവർക്കുവേണ്ടി ഒരുക്കിക്കൊടുത്ത എക്യൂപ്മെന്റ്സിന്റെ ക്വാളിറ്റി, അവർക്കുവേണ്ടി ഉണ്ടാക്കിക്കൊടുത്ത ഇൻഫ്രാസ്ട്രക്ചർ അതിനെയൊക്കെ

എടുത്തുപറയാതിരിക്കാൻ നിർവ്വാഹമില്ല. ഒരു പക്ഷേ സർവ്വീസസ് ഗോൾഡ് മെഡലുകളുടെ കാര്യത്തിൽ ഒന്നാം സ്ഥാനം നേടിയിട്ടുണ്ടാകാം. പക്ഷേ അവരുടെ ടീമിൽ മലയാളി താരങ്ങൾ കൂടി ഓടിയിട്ടാണ് അവർക്ക് ആ നേട്ടമുണ്ടാക്കാനായത്. സർവ്വീസസിന്റെ പുറകിലാണെങ്കിൽപോലും സംസ്ഥാനങ്ങളുടെ കാര്യത്തിൽ ഒന്നാം സ്ഥാനത്തേക്ക് കേരളം എത്തിയത് കഴിഞ്ഞ തവണത്തെ ഏഴാം സ്ഥാനത്തു നിന്നാണെന്ന കാര്യം നാം ഓർക്കണം. അപ്പോൾ കുറച്ച് ശ്രദ്ധകൂടി, താൽപര്യം കൂടി നമ്മുടെ കായിക താരങ്ങൾക്ക് കൊടുക്കാൻ കഴിഞ്ഞാൽ അതിന് റിസൾട്ടുണ്ടാകുമെന്ന് നമ്മുടെ കായിക താരങ്ങൾ തെളിയിച്ചിട്ടുണ്ട്. അവർ അത് തെളിയിച്ചപ്പോൾ ഈ ഗവൺമെന്റ് അവരെ അഭിനന്ദിച്ചുകൊണ്ട് മാറിനിൽക്കുകയല്ല ചെയ്തത്. വളരെ അഭിമാനത്തോടുകൂടി പറയുന്ന ഗോൾഡ് മെഡലിസ്റ്റുകൾക്ക് 5 ലക്ഷം രൂപയും സിൽവർ മെഡലിസ്റ്റുകൾക്ക് 3 ലക്ഷം രൂപയും ബ്രോൺസ് മെഡലിസ്റ്റുകൾക്ക് 2 ലക്ഷം രൂപയുമുൾപ്പടെയുള്ള സാമ്പത്തിക സഹായം ആ മീറ്റ് കഴിഞ്ഞ് ഇരുപത് ദിവസത്തിനുള്ളിൽ കൊടുക്കുവാൻ കഴിഞ്ഞ ഏക ഗവൺമെന്റ് ഐക്യജനാധിപത്യമുന്നണിയുടെ ഗവൺമെന്റാണ് എന്നുള്ളത് ആർക്കെങ്കിലും നിഷേധിക്കാൻ കഴിയാവുന്ന വസ്തുതയാണോ? ഇപ്പോൾ 160-ഓളം കായിക താരങ്ങളുടെ സർട്ടിഫിക്കറ്റ് പരിശോധന നടന്നുകൊണ്ടിരിക്കുകയാണ്. അത് എന്തിനാണെന്നല്ലേ, അവരുടെ മികച്ച പ്രകടനത്തിന്റെ പേരിൽ കായിക കേരളത്തിന് പ്രചോദനമേകാൻ ഗോൾഡ്, സിൽവർ, ബ്രോൺസ് മെഡലിസ്റ്റുകളെ നേരിട്ട് സർക്കാർ സർവ്വീസുകളിലേയ്ക്കും പൊതുമേഖലാ സ്ഥാപനങ്ങളിലേയ്ക്കും മറ്റുള്ളവരെ ടീം ഇനങ്ങളിലേയ്ക്കും എടുത്ത്, അവർ സ്പോർട്സ് മേഖലയിലേക്ക് എടുത്തുവച്ച കാൽവയ്പ്പ് തെറ്റായിപ്പോയില്ല എന്ന് അവരെ ബോധ്യപ്പെടുത്താനുള്ള ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ടുതന്നെയാണ് ഈ ഗവൺമെന്റ് മുമ്പോട്ട് പോകുന്നത്. 2010 മുതൽ ജോലി ആഗ്രഹിച്ച് നിൽക്കുന്ന ഇരുനൂറ്റിയമ്പതോളം കായിക താരങ്ങളേയും ഉൾപ്പെടുത്തുവാൻ പോകുകയാണ്. ഏതാണ്ട് 410 – ഓളം പേർക്ക് സ്പോർട്സ് ക്വാട്ടയിൽ മാത്രം തൊഴിൽകൊടുക്കാനുള്ള ശ്രമം സർക്കാർ നടത്തിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് മതിയാവുമെന്ന് ഞാൻ പറയുന്നില്ല. തമിഴ്നാട് ചെയ്യുന്നതുപോലെ സർക്കാർ നിയമനങ്ങളിൽ സ്പോർട്സ് താരങ്ങൾക്കുള്ള സംവരണം പത്ത് ശതമാനമെങ്കിലുമാക്കി ഉയർത്തണമെന്നുള്ളതാണ്.

ഇൻഫ്രാസ്ട്രക്ചറിന്റെ കാര്യം ഇവിടെ പറഞ്ഞു. കാര്യവട്ടത്തുള്ള ഗ്രീൻഫീൽഡ് സ്റ്റേഡിയം ലോകത്തിന്റെ മുന്നിൽ അഭിമാനമായി നമുക്ക് ഉയർത്തിപ്പിടിക്കാൻ പറ്റിയ സ്റ്റേഡിയമായി മാറി. ഇപ്പോൾ സാഫ് ഗെയിംസ് ഫുട്ബാൾ കപ്പ് കേരളത്തിന്റെ മണ്ണിലേക്ക് വരികയാണ്. ദേശീയ ഗെയിംസിന്റെ നടത്തിപ്പിന് നമുക്ക് ലഭിച്ച ഒരംഗീകാരം തന്നെയാണിത്. അണ്ടർ സെവന്റീൻ വേൾഡ് കപ്പിന്റെ

വേദിയായി ഈ കൊച്ചുകേരളം മാറാൻ പോകുകയാണ്. കൊച്ചിയുൾപ്പെടെയുള്ള പ്രദേശങ്ങളിൽ അതിന്റെ മുന്നൊരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. കായിക മേഖലയിലെ ഉണർവ് മറ്റെല്ലാ മേഖലകളിലും ഒരു സ്പോർട്സ് മാൻ സ്പിരിറ്റ് ഉണ്ടാക്കുമെന്ന കാര്യത്തിൽ വളരെ അനിവാര്യമാണ്. നമ്മൾ ഇതുവരേയും ജാതിയും മതവും അന്വേഷിക്കാത്ത അപൂർവ്വം മേഖലകളിൽ ഒന്നാണിത്. അതുകൊണ്ട് അതിന് കൊടുക്കുന്ന പ്രാധാന്യം ഇനിയും വർദ്ധിപ്പിക്കണമെന്ന് തന്നെയാണ് എന്റെ അഭിപ്രായം. അൻപതിനായിരം കോടി രൂപയുടെ ബഡ്ജറ്റ് അവതരിപ്പിക്കുന്ന സംസ്ഥാനത്ത് ഒരു പക്ഷേ പ്ലാൻ ഫണ്ടിൽനിന്നും 31 കോടി രൂപയും നോൺ പ്ലാൻ ഫണ്ടിൽനിന്ന് 12 കോടി രൂപയും ഉൾപ്പെടെ 43 കോടി രൂപ മാത്രം കൊടുക്കേണ്ട ഒരു മേഖലയാണ് ഈ കായികമേഖലയെന്ന അഭിപ്രായം എനിക്കില്ല. അതിന്റെ ശതമാനം നോക്കുമ്പോൾ ഒരു പക്ഷേ 0.00006% ആണ് കായിക മേഖലയ്ക്ക് വേണ്ടി നീക്കിവയ്ക്കുന്നത്. ബഡ്ജറ്റിന്റെ ഒരു ശതമാനമെങ്കിലും ഇതിനുവേണ്ടി നീക്കിവയ്ക്കാൻ കേരളം ഒറ്റക്കെട്ടായി നില്ക്കണമെന്നും ഇക്കാര്യത്തിൽ കേരളത്തിന്റെ രാഷ്ട്രീയം ഒരേ മനസ്സോടെ പ്രവർത്തിക്കണമെന്നുമുള്ള ഒരു എളിയ അഭ്യർത്ഥന ഈ സഭയുടെ മുമ്പാകെ വയ്ക്കുകയാണ്. കേരളത്തിലെ കായിക താരങ്ങൾക്ക് ഗവൺമെന്റ് കൊടുക്കുന്ന പ്രോത്സാഹനങ്ങൾ കഴിഞ്ഞ കാലങ്ങളിൽനിന്നും വർദ്ധിപ്പിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പക്ഷേ, അതുകൊണ്ടൊന്നും മതിയാകുന്നില്ല. ക്രിക്കറ്റ് അസോസിയേഷനെ സംബന്ധിച്ച് പറഞ്ഞു. ഈ അസോസിയേഷൻ കേരളത്തിലെ ചെറുപ്പക്കാരായ ക്രിക്കറ്റ് പ്ലേയേഴ്സിന് നൽകുന്ന പ്രോത്സാഹനം കണ്ടില്ലെന്ന് നടിക്കാൻ നമുക്ക് കഴിയില്ല. 14 വയസ്സിനുതാഴെ പ്രായമുള്ളവരുടെ ടീമിൽ കളിക്കാൻ പോകുമ്പോൾ ഒരു കുട്ടിക്ക് മാച്ച്ഫീ ആയി കൊടുക്കുന്നത് 3,000 രൂപയാണ്. അവർക്ക് അവിടെ താമസിക്കാൻ വേണ്ടി ത്രീ സ്റ്റാറിൽ കുറയാത്ത അക്കോമഡേഷൻ കൊടുക്കുകയാണ്. അവർക്ക് പോകാൻ ഫ്ലൈറ്റ് ടിക്കറ്റോ അല്ലെങ്കിൽ സെക്കന്റ് എ.സി. ടിക്കറ്റോ എടുത്തുകൊടുക്കും. എന്നാൽ ഇവിടെ സീനിയർ മീറ്റിനുപോകുന്ന ഒരു അത്‌ലറ്റിന് ഒരു ദിവസം കൊടുക്കുന്നത് 200 രൂപയാണ്. ഈ വ്യത്യാസം നമ്മൾ തിരിച്ചറിയണം. ഈ തുക വർദ്ധിപ്പിക്കണം. ഒരു മീറ്റിന് പോകുന്ന കായിക താരത്തിന് 200 രൂപ കൊടുക്കുമ്പോൾ, ഹോസ്റ്റലിൽ താമസിക്കുന്ന ഒരു കുട്ടിക്ക് കൊടുക്കുന്നത് 150 രൂപയാണ്. ഇത്തരം മേഖലകളിലൊക്കെ കൂടുതൽ ഇടപെടലുകളും ഇൻവോൾവ്മെന്റും ഗവൺമെന്റിന്റെ ഭാഗത്തുനിന്നു വരണമെങ്കിൽ കായിക മേഖല എന്നുപറയുന്നത് ഏറ്റവും അവസാനം പരിഗണിക്കേണ്ട ഒരു മേഖല ആണെന്നുള്ള ഒരു ധാരണ തിരുത്തണം. കായിക മേഖലയ്ക്ക് ഫണ്ട് അനുവദിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് കുറച്ചുകൂടി വിശാല മനഃസ്ഥിതി കാണിക്കണമെന്നുള്ളതാണ് ഞങ്ങളുടെ വിനീതമായ അഭിപ്രായം. ഇതിനുവേണ്ടി ഒരു ശതമാനമെങ്കിലും

നീക്കിവയ്ക്കണം. 2008-ലെ ബെയ്ജിംഗ് ഒളിമ്പിക്സ് കഴിഞ്ഞപ്പോൾ എല്ലാവരും ചൈനയെ വാഴ്ത്തി. 51 മെഡലുകൾ നേടി ഒരു വലിയ തിരിച്ചുവരവ് അവർ നടത്തിയെന്നും അവരുടെ ഏറ്റവും നല്ല പെർഫോമൻസ് കാഴ്ചവച്ചു എന്നും പറഞ്ഞു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

മി. സ്പീക്കർ: ശ്രീ. ഷാഫി പറമ്പിൽ, ഇനി ഒരാൾ കൂടി സംസാരിക്കാനുണ്ട്. മിനിസ്റ്ററുടെ മറുപടിയുണ്ട്. ഇനി ഒരു ബിൽ അവതരിപ്പിക്കാനുണ്ട്. അതിനുശേഷം രണ്ടു മണിക്കൂർ ചർച്ചയുമുണ്ട്.

ശ്രീ. ഷാഫി പറമ്പിൽ: ഞാൻ ചുരുക്കാം. 51 മെഡലുകൾ അവർ നേടിയപ്പോൾ എല്ലാവരും അപ്രീഷിയേറ്റ് ചെയ്തു. ഇതിനെ സംബന്ധിച്ച് ഒരു പഠനം നടത്തുമ്പോൾ മനസ്സിലാകുന്നത് അവർ ആ ഒളിംമ്പിക്സിനെ ലക്ഷ്യമാക്കി 3000 ക്യാമ്പുകളാണ്, 3000 സ്പോർട്സ് ഹോസ്റ്റലുകളാണ് അവിടെ തുടങ്ങിയത്. ഇതിനുവേണ്ടി മൂന്നു ലക്ഷം താരങ്ങൾക്കാണ് അവർ പരിശീലനം നൽകിയത്. അതുകൊണ്ടാണ് 51 ഗോൾഡ് മെഡലിസ്റ്റുകളെ ഉണ്ടാക്കാൻ ചൈനയ്ക്ക് സാധിച്ചത്. 8, 9, 10, 11 വയസ്സുള്ള കുട്ടികളെ കണ്ടെത്തുകയായിരുന്നു. Catch them young എന്ന പോളിസിയാണ് അവർ സ്വീകരിച്ചത്. ഒരു കാലത്ത് ഫുട്ബോളിന്റെ ഈറ്റില്ലമായിരുന്നു കേരളം. 11 ആളുകൾ ഇൻഡ്യൻ ടീമിൽ അണിനിരന്നപ്പോൾ അതിൽ 7 മലയാളികളാണ് ഒരുമിച്ച് സ്റ്റാർട്ടിംഗിൽ കളിച്ചതെന്നുള്ള ഒരു പാരമ്പര്യം കേരളത്തിനുണ്ടായിരുന്നു. ഇന്ന് ഫസ്റ്റ് ലൈൻ അപിൽ കളിക്കുവാൻ ഒരു മലയാളിയുടെ സാന്നിദ്ധ്യം നമുക്ക് കാണാൻ സാധിക്കുന്നില്ല. പ്രതിഭകൾ എല്ലാ കാലത്തും അവരുടെ പ്രകടനങ്ങൾകൊണ്ട്, അവർക്ക് സ്വതസിദ്ധമായ കഴിവുള്ളതുകൊണ്ട് അങ്ങനെ വളർന്ന് മുന്നോട്ടുപോകുമെന്ന ധാരണയിലായിരുന്നു കഴിഞ്ഞ കാലങ്ങളിൽ നമ്മൾ സ്പോർട്സിനെ കണ്ടിരുന്നത്. അന്ന് ഓടാനും ഗോളടിക്കാനും ബോളടിക്കാനും ബാറ്റ് ചെയ്യാനും കഴിവുള്ളവർ വരും. പക്ഷേ, ഈ കാലഘട്ടം അതല്ല. 'Success is never accidental' , ആകസ്മികമായി സംഭവിച്ചു പോകുന്ന ഒരു വസ്തുതയല്ല വിജയമെന്നുപറയുന്നത്. അതിനു പിന്നിൽ കൃത്യമായ പ്ലാനിംഗും പരിശീലനവും ഫിനാൻഷ്യൽ ബാക്ക്അപും പോളിസിയും അഡ്മിനിസ്ട്രേഷനും വേണം. അങ്ങനെയുള്ള കാര്യങ്ങൾ വച്ചുനോക്കുമ്പോൾ ഈ മാറ്റം നമുക്കൊരു അനിവാര്യതയാണെന്നുള്ളതാണ് എന്റെ വിശ്വാസം. ലൂയി ഫിഗോ എന്നുപറയുന്ന ലോകപ്രശസ്തനായ ഫുട്ബോളർ ഇൻഡ്യയിൽ ഒരു ദിവസം സന്ദർശനത്തിന് വന്നപ്പോൾ അദ്ദേഹം ചോദിച്ചത് നമുക്ക് ഫുട്ബോൾ നഴ്സറികളിലേക്ക് പോകാമെന്നാണ്. ഇതുകേട്ട് ഇവിടെയുള്ളവർ അന്തംവിട്ട് നിൽക്കുകയായിരുന്നു. ഇൻഡ്യയിൽ ചൂണ്ടിക്കാണിക്കാൻ നഴ്സറികളോ catch them young എന്ന പോളിസിയോ ഇല്ല.

അവരെ ചെറുപ്പത്തിൽ കണ്ടെത്തി ശാസ്ത്രീയമായി പരിശീലനം കൊടുക്കണം. ഹോസ്റ്റലുകളിലേയ്ക്ക് ആളുകളെ തെരഞ്ഞെടുക്കുന്ന രീതിയിൽപോലും കാര്യമായ മാറ്റമുണ്ടാകണം. ശ്രീമതി അഞ്ജു ബോബി ജോർജിന്റെ നേതൃത്വത്തിൽ എന്തിനാണ് സ്പോർട്സ് കൗൺസിൽ എന്നുചോദിക്കുന്ന ആളുകളോട് എനിക്ക് പറയാനുള്ളത് നമ്മുടെ സ്പോർട്സ് ഹോസ്റ്റലുകളിലേയ്ക്ക് ആളുകളെ തെരഞ്ഞെടുക്കുന്ന മാനദണ്ഡം 70% ഓബ്ജക്ടീവാണ്. ഫുട്ബോൾ കളിക്കുന്നവർക്കും അത്‌ലറ്റിക്സിനും ബോക്സിംഗ് മത്സരത്തിൽ പങ്കെടുക്കുന്നവർക്കും ഒരേ മാനദണ്ഡമാണ്. ഇവർക്കൊക്കെ ഒരേ മാനദണ്ഡം കൊടുത്ത് ഹോസ്റ്റലിലേക്ക് തെരഞ്ഞെടുക്കുവാൻ സാധിക്കുമോ? 5000 മീറ്റർ ഓടുന്നവരെയും 100 മീറ്റർ ഓടുന്നവരെയും ഒരേ മാനദണ്ഡംവച്ച് അളന്ന് നമ്മുടെ ഹോസ്റ്റലുകളിലേയ്ക്ക് തെരഞ്ഞെടുക്കാൻ സാധിക്കുമോ? അതിന് മാറ്റം വരുത്തണം. ആ മാറ്റം സജസ്റ്റ് ചെയ്യണമെങ്കിൽ ഇതറിയാവുന്ന ആളുകൾ ഇതിന്റെ തലപ്പത്തേയ്ക്ക് വരേണ്ടത് അനിവാര്യമാണ്. സ്വിമ്മിംഗിന് ഒരു വിദേശ കോച്ചിനെ കൊണ്ടുവന്നു. ഇത്തവണ സജൻ പ്രകാശിന് മെഡലുകൾ കിട്ടിയത് നമ്മുടെ കോച്ചിംഗ് കൊണ്ടാണെന്ന് അവകാശപ്പെടുന്നില്ല. പക്ഷേ, കേരളത്തിനുവേണ്ടി ഏറ്റവും കൂടുതൽ മെഡലുകൾ സജൻ പ്രകാശ് നേടി. അത്തരത്തിൽ സ്വിമ്മിംഗിൽ മെഡലുകൾ നേടിയപ്പോൾ കാനഡയിൽനിന്നുള്ള ഒരു കോച്ചിനെ ഇവിടെ കൊണ്ടുവന്നു. കേരളത്തിൽ ഇത്രയും നാൾ സ്വിമ്മിംഗിന് കോച്ചിംഗ് കൊടുക്കുമ്പോൾ ഒരു കാലഘട്ടത്തിലും വെയിറ്റ് ലിഫ്റ്റിംഗ് ഒരു പരിശീലന മുറയായി ഉപയോഗിക്കാറി ല്ലായിരുന്നു. സ്വിമ്മിംഗ് താരങ്ങൾ വെയിറ്റ് ലിഫ്റ്റിംഗ് നടത്തിയാൽ അത് അവരുടെ ഫ്രീ മൂവ്മെന്റിനെ ബാധിക്കുമെന്നും അവരുടെ മസിൽസ് റ്റൈറ്റായി കഴിഞ്ഞാൽ സ്വിമ്മിംഗിന് തടസ്സമാകുമെന്നാണ് മനസ്സിലാക്കിയിരുന്നത്. അവർക്ക് വെള്ളത്തെ അതിവേഗം കീറിമുറിച്ച് മുന്നോട്ടുപോകാനുള്ള സ്ട്രെങ്ത് വേണമെങ്കിൽ വെയിറ്റ് ട്രെയിനിംഗ് അവർക്ക് അനിവാര്യമാണെന്നാണ് കാനഡയിൽനിന്ന് കൊണ്ടുവന്ന കോച്ച് പറഞ്ഞത്. അവരെ ജിമ്മിലേക്ക് അയച്ചുകൊണ്ട് ഇപ്പോഴത്തെ ഏഷ്യൻ ഗെയിംസിൽ നല്ല റിസൽട്ട് ഉണ്ടാക്കാൻ സാധിച്ചുവെന്ന് സ്വിമ്മിംഗ് മേഖലയിലുള്ള ആളുകൾ പറയുന്നു. കോച്ചിംഗ് എന്നു പറയുന്നത് പാരമ്പര്യമായി ഓരോ കാലഘട്ടത്തിലും ഉള്ള കാര്യങ്ങൾ അവസാന കാലംവരെ മുന്നോട്ടു കൊണ്ടുപോകാനുള്ളതല്ല. അവരെ അപ്ഡേറ്റ് ചെയ്തു കൊണ്ടിരിക്കണം. അവരെ റിഫ്രെഷ് ചെയ്തു കൊണ്ടിരിക്കണം. അന്താരാഷ്ട്ര മേഖലയിൽ നിന്നുള്ള കോച്ചിംഗിന്റെ പുതിയ അനുഭവപാഠങ്ങൾ അവർക്ക് പറഞ്ഞു കൊടുത്തു കൊണ്ടിരിക്കണം. അതിന് എക്സ്ചേഞ്ച് പ്രോഗ്രാം വേണ്ടിവരും. അവരെ പുറത്തേക്ക് അയയ്ക്കേണ്ടിവരും. പുറത്തുനിന്നുള്ള ആളുകളെ ഇവിടെ കൊണ്ടുവരേണ്ടിവരും. 16 വയസ്സിനുതാഴെയുള്ള പെർഫോമൻസ് എടുത്തു നോക്കുമ്പോൾ മരിയൻ ജോൺസണെക്കാളും നല്ല ടൈമിംഗ് ശ്രീമതി പി. റ്റി. ഉഷയ്ക്ക്

ഉണ്ടായിരുന്നു എന്നുള്ളത് എല്ലാവരും അഭിമാനത്തോടെ പറയുന്നുണ്ട്. പക്ഷേ, മരിയൻ ജോൺസ് ഒളിമ്പിക്സിലേയ്ക്ക് വന്നപ്പോൾ പിൽക്കാലത്ത് പിടിക്കപ്പെട്ടെങ്കിലും ഒരു കാലത്ത് നാല് ഗോൾഡ് മെഡൽ അവർ നേടുകയുണ്ടായി. ഇൻഡ്യയ്ക്ക് സെക്കന്റിന്റെ ഒരംശത്തിന്റെ പേരിൽ വെങ്കല മെഡൽ നഷ്ടപ്പെട്ടു. വിദേശത്തേയ്ക്ക് ട്രെയിനിംഗിന് ശ്രീമതി പി. റ്റി. ഉഷയെ അയയ്ക്കാൻ നമുക്ക് കഴിയാതെപോയി. വിദേശത്ത് നടക്കുന്ന മാറ്റങ്ങളെ നമുക്ക് ഉൾക്കൊള്ളാൻ കഴിയാതെപോയി. ഗെയിംസിന്റെ നടത്തിപ്പിലും ഐറ്റത്തിലും മാത്രമല്ല അണിയുന്ന വസ്ത്രത്തിന്റെ കാര്യത്തിൽ ശാസ്ത്രീയമായ പരിശോധനകൾ നടന്നിട്ടാണ് ഓരോ ടീമിനും ജെഴ്സി തീരുമാനിക്കുന്നത്. ജെഴ്സിയുടെ കളറിന്റെ കാര്യത്തിൽ സൈക്കോളജിക്കലായ ഒരു നേട്ടം ഒരു ടീമിന് ലഭിക്കുന്നതിനു വേണ്ടിയുള്ള പരിശോധന നടത്തിയിട്ടാണ് ഒരു ടീമിന്റെ ജെഴ്സിയുടെ കളർപോലും നിശ്ചയിക്കുന്നത്. ജെഴ്സിയുടെ അളവിന്റെ കാര്യത്തിൽ ലാർജ്, മീഡിയം XL എന്നിങ്ങനെ എടുത്തുകൊടുക്കുന്നു. എന്നാൽ ഒരു കായിക താരത്തിന്റെ ശരീരത്തോട് ഒട്ടിപ്പിടിച്ചുകിടക്കുന്ന ജഴ്സിയാണെങ്കിൽ അവന്റെ കോൺഫിഡൻസിനെ അത് ബൂസ്റ്റ് ചെയ്യുമോയെന്ന് സൈക്കോളജിക്കൽ ടെസ്റ്റ് നടത്തിയാണ് അവർ ജഴ്സി തീരുമാനിക്കുന്നത്. ഇങ്ങനെയെല്ലാമുള്ള കായിക ലോകത്ത് ഇതെല്ലാം സ്വാഭാവികമായും സംഭവിക്കും എന്ന് വിചാരിച്ച് നമുക്ക് കാത്തിരിക്കാൻ സാധിക്കുമോ? ആ മാറ്റങ്ങളെ തിരിച്ചറിയാൻ കഴിയുന്ന അന്താരാഷ്ട്ര പരിചയമുള്ള ആളുകൾ ശ്രീമതി അഞ്ജു ബോബി ജോർജിനെ പോലെയുള്ളവർ അഡ്മിനിസ്ട്രേഷന്റെ ലൈൻ അപിലേക്ക് വരേണ്ടത് കായിക കേരളത്തിന് നിർബന്ധമായും നമ്മൾ ചെയ്തു കൊടുക്കേണ്ട സൗകര്യം തന്നെയാണ്. ഒരു സ്പോർട്സ് മെഡിസിന്റെ സൗകര്യം കേരളത്തിൽ ഉൾപ്പെടുത്തണം. ഇതെല്ലാം അനിവാര്യമാണെന്നുള്ള തിരിച്ചറിവിൽ ആ കാര്യങ്ങൾക്കുവേണ്ടി ഇടപെടൽ നടത്തണം. സ്പോർട്സ് സൈക്കോളജിസ്റ്റ്, ഒരു സ്പോർട്സ് മെഡിസിൻ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ ആവശ്യമാണ്. നല്ല പ്രതിഭയുള്ള ഒരു താരത്തിന് കാലിൽ ഒരു ചെറിയ പരിക്ക് പറ്റിയാൽ അവരെ ട്രീറ്റ് ചെയ്യുന്ന കാര്യത്തിൽ ഒരു ചെറിയ പ്രയാസം വന്നാൽ ജീവിതകാലം മുഴുവൻ അതിന്റെ പ്രയാസവുംകൊണ്ട് ആ കായികതാരം നടക്കേണ്ടിവരും. മരിയ ഷറപ്പോവ ഉൾപ്പെടെയുള്ള ടെന്നീസ് താരങ്ങൾ പെഡിക്യൂറും മാനിക്യൂറും ചെയ്യുമ്പോൾ, കാലിലെ നഖം വെട്ടുമ്പോൾ അല്പം അകത്തേയ്ക്ക് കയറ്റി വെട്ടിയതുകൊണ്ട് ഒരു ചാമ്പ്യൻഷിപ്പിൽനിന്ന് മാറിനിൽക്കുന്ന പ്രൊഫഷണലിസം അവർ കാണിച്ചു കൊണ്ടിരിക്കുമ്പോൾ ഇതൊക്കെ സ്വാഭാവികമായും കഴിഞ്ഞ കാലങ്ങളിൽ നടന്നതുപോലെ നടന്നാൽ മതിയെന്ന് തീരുമാനിക്കുന്നതാണോ കായിക കേരളത്തിന് നല്ലതെന്ന് വളരെ ഗൗരവമായി ചിന്തിക്കണം. ഇതിന് മാറ്റങ്ങളാവശ്യമാണ്. 11 കോടി രൂപയുടെ ക്യാഷ് അവാർഡ് കൊടുത്തു. എലൈറ്റ് സ്കീമെന്ന പേരിൽ

ഒളിമ്പിക്സിലേക്ക് താരങ്ങളെ ഒരുക്കാനുള്ള സ്കീമുകൾ ഉണ്ടാക്കുന്നു. അവർക്ക് പരിശീലനത്തിന് സൗകര്യം കൊടുക്കണം. നമ്മുടെ താരങ്ങളെ പുറത്തേയ്ക്കയച്ച് പരിശീലിപ്പിക്കണം. ഒളിമ്പിക്സ് മെഡൽ നേടാൻ സാധ്യതയുള്ള താരങ്ങളെ എല്ലാ ബാക്ക്അപ്പും കൊടുത്ത് സാമ്പത്തികമായ ബാധ്യതകൾ ഏറ്റെടുത്ത് വിദേശത്തേക്ക് അയയ്ക്കണം. പ്ലേയിംഗ് എബിലിറ്റി ഒബ്ജക്ടീവായി എടുത്തിട്ടുവേണം അവരെ ഹോസ്റ്റലുകളിലേക്ക് തെരഞ്ഞെടുക്കേണ്ടത്. ഇത്തരത്തിലുള്ള കൺസെപ്റ്റും കാഴ്ചപ്പാടുമുള്ള ആളുകളെ ഇതിന്റെ ഭരണരംഗത്തേയ്ക്ക് കൊണ്ടുവരുന്നതിനു വേണ്ടിയാണ്, കെ.പി.സി.സി.-യുടെ വൈസ് പ്രസിഡന്റിനേയോ ജനറൽ സെക്രട്ടറിയേയോ ജില്ലാകോൺഗ്രസ് കമ്മിറ്റിയുടെ ഒരു പ്രസിഡന്റിനേയോ ജനറൽ സെക്രട്ടറിയേയോ ഈ പദവികളിലേയ്ക്ക് തെരഞ്ഞെടുക്കുന്നതിനേക്കാൾ ആവേശത്തോടെ ശ്രീമതി അഞ്ജു ബോബി ജോർജിനെപോലെയുള്ള അന്താരാഷ്ട്ര താരങ്ങളെ തെരഞ്ഞെടുക്കാൻ നമുക്ക് കഴിഞ്ഞത്. അതുകൊണ്ട് ആ തീരുമാനത്തിൽനിന്ന് അങ്ങ് പുറകോട്ട് പോകരുത്. കായിക കേരളം വലിയ സ്വപ്നങ്ങൾ കാണുന്നുണ്ട്. കേരളത്തിന്റെ അഭിമാനം ലോകത്തോളം ഉയർത്തിയ കായികതാരങ്ങൾക്ക് ജന്മം കൊടുത്തവരുടെ മഹിമയെയും പാരമ്പര്യത്തെയുംക്കുറിച്ച് പറയുന്നത് മാത്രമല്ല അടുത്ത ഒരു തലമുറയ്ക്ക് ആ നേട്ടങ്ങളിൽ എത്താനുള്ള കരുത്ത് നമ്മുടെ കായിക മേഖലയ്ക്ക് ഉണ്ടാകുന്നതിന് വേണ്ടിയുള്ള futuristic ആയിട്ടുള്ള നയങ്ങളും പരിപാടികളുമായി മുന്നോട്ടുപോകുന്ന കേരളത്തിന്റെ കായിക വകുപ്പിനും മന്ത്രിക്കും ഈ ഗവൺമെന്റിനും എല്ലാ പിന്തുണയും അർപ്പിച്ചുകൊണ്ട് നിർത്തുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വർക്കല കഹാർ)

ശ്രീ. കെ. അജിത്: സർ, 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

രണ്ടായിരത്തിലെ സ്പോർട്സ് ആക്ട് വീണ്ടും ഭേദഗതി ചെയ്തുകൊണ്ട് മന്ത്രി ഇവിടെ അവതരിപ്പിക്കാൻ ശ്രമിക്കുകയാണ്. എനിക്ക് മുൻപ് പ്രസംഗിച്ചവരെല്ലാവരും അതിന്റെ ബുദ്ധിമുട്ടുകൾ സൂചിപ്പിക്കുകയുണ്ടായി. കേരളത്തിലെ ചെറുപ്പക്കാർ ഇന്ന് സ്പോർട്സ് ആക്ടിവിറ്റികളിൽ കാര്യമായ പങ്ക് വഹിക്കുന്നില്ല. അതിനുള്ള പ്രധാന കാരണം അതിനാവശ്യമായ സഹായം ഗവൺമെന്റിന്റെ ഭാഗത്തുനിന്നോ മറ്റ് മേഖലയിൽനിന്നോ ലഭ്യമാകുന്നില്ല. ഈ ബില്ലുമായി ബന്ധപ്പെട്ടും സ്പോർട്സുമായി ബന്ധപ്പെട്ടും പറയുമ്പോൾ കേരളത്തിലെ മൂന്നരക്കോടി ജനങ്ങളുടെ കായികപരമായ പ്രവർത്തനം മാത്രമല്ല ആരോഗ്യപരമായ പ്രവർത്തനങ്ങളുടെയും ഭാഗമാണ് ഈ മേഖല. അതുകൊണ്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ സഖാവ്

എം. വിജയകുമാർ സ്പോർട്സ് വകുപ്പുമന്ത്രിയായിരിക്കുമ്പോൾ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും നിർബന്ധമായും ഒരു കളിക്കളം വേണം എന്നതിനെക്കുറിച്ച് ചർച്ച ചെയ്യുകയും നിയമ നിർമ്മാണത്തിന്റെ ഭാഗമായി പഞ്ചായത്തിൽ അത് ഉൾപ്പെടുത്തണമെന്നു പറയുകയും ചെയ്തു. പക്ഷെ നമ്മുടെ പഞ്ചായത്തുകളിൽ ഒന്നുംതന്നെ അത് കാര്യമായ രീതിയിൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. നമ്മുടെ ചുറ്റുപാടും ഒട്ടനവധി സ്ഥലങ്ങളുണ്ട്. കേരളം ജലാശയങ്ങളുടെ നാടാണ്. ഏറ്റവും കൂടുതൽ ജലമരണങ്ങൾ ഉണ്ടാകുന്നത് കേരളത്തിലാണ്. ഈ അടുത്ത കാലത്ത് ശാശ്വതീകാനന്ദയുടെ മരണം ഉൾപ്പെടെ നമ്മൾ കേട്ടതാണ്. നീന്തൽ അറിയാത്ത ആൾക്കാരുടെ സ്ഥലമാണിത്. വെള്ളത്താൽ ചുറ്റപ്പെട്ട കുട്ടനാട് പോലുള്ള മേഖലകളിലുള്ള ആൾക്കാർക്കുപോലും നീന്തൽ അറിയില്ല. എന്റെ പ്രദേശമായ വൈക്കത്തും വേമ്പനാട് കായൽ ഉൾപ്പെടുന്ന പ്രദേശത്തും നിരവധി അപകട മരണങ്ങൾ ഉണ്ടാകുന്നു. അതുകൊണ്ട് സ്കൂൾ തലംമുതൽ നീന്തൽ പരിശീലനം കൊടുക്കുന്ന കാര്യം വളരെ ഗൗരവമായി ചർച്ച ചെയ്യണം. നമ്മുടെ പാഠ്യപദ്ധതിയിൽപ്പോലും ഇന്ന് നീന്തൽ ഉൾപ്പെടെയുള്ള സ്പോർട്സ് ഐറ്റംസിന് കാര്യമായ ഒരു പ്രസക്തിയും നൽകുന്നില്ല. നിർബന്ധമായും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും സ്പോർട്സ് വകുപ്പുമന്ത്രിയും സ്പോർട്സ് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ചെറുപ്പകാലം മുതൽ പരിശീലനം കൊടുക്കാനുള്ള നടപടികളെടുക്കണം. നമ്മുടെ രാജ്യത്ത് പരമ്പരാഗതമായ കായിക വിനോദങ്ങൾ ഇന്ന് വളരെ പുറകിൽ പോകുന്നതിന്റെ പ്രധാനകാരണം ചെറുപ്പക്കാർ ഇതിലേയ്ക്ക് കടന്നുവരുന്നില്ല എന്നുള്ളതാണ്. ചെറുപ്പക്കാർ അതിലേയ്ക്കുവരണമെങ്കിൽ ഇത് ആകർഷകമായ തലത്തിലേക്ക് വരണം. ഇവിടെ സൂചിപ്പിച്ച ജനാധിപത്യ അവകാശങ്ങളെ ധ്വംസനം ചെയ്യുന്ന തരത്തിലാണ് ഇന്ന് നോമിനേറ്റഡ് മെമ്പർമാരെ ചേർക്കാനുള്ള ശ്രമങ്ങൾ നടക്കുന്നത് എന്ന്. ഇതിന്റെ സംശുദ്ധമായ ആശയത്തെ ഇല്ലാതാക്കുന്ന അവസ്ഥയിലേക്കാണ് പോകുന്നത്. ഈ മേഖലയിൽ പ്രവർത്തിക്കാൻ കഴിയുന്ന നിരവധി ആളുകൾ ഇന്ന് നമ്മുടെ നാട്ടിൻപുറങ്ങളിലുണ്ട്. ഇവിടെ ചേർത്തല എം.എൽ.എ. ശ്രീ. പി. തിലോത്തമൻ സൂചിപ്പിച്ചതുപോലെ അവരുടെ പ്രദേശത്തുനിന്ന് രണ്ട് കുട്ടികൾ പോയിട്ടുണ്ട്. നമ്മുടെ നാട്ടിൻപുറങ്ങളിൽ നിരവധി ചെറുപ്പക്കാർ പട്ടിണിയും പരിവട്ടത്തിനിടയ്ക്കു നിന്നുപോലും കായിക രംഗത്ത് വലിയ കഴിവ് തെളിയിക്കുന്നുണ്ട്. ഇവരെ കണ്ടെത്തി കൊണ്ടുവരിക എന്നത് നമ്മുടെ പൊതുസമൂഹത്തിന്റെ ആവശ്യമാണ്. ഇവിടെ ശ്രീമതി പി.റ്റി. ഉഷയെ പോലുള്ള ആൾക്കാരെ കുടിലുകളിൽനിന്നും കണ്ടെത്തി കൊണ്ടുവന്ന് രാജ്യത്തിന് അഭിമാനമാക്കി മാറ്റിയത് ഒരു പൊതുസമൂഹത്തിന്റെ കർത്തവ്യമായിരുന്നു. അവർക്കാവശ്യമായ പിന്തുണയും കാലാകാലങ്ങളിൽ ഗവൺമെന്റ് കൊടുക്കുകയാണ് ചെയ്തത്. ഇവിടെ നമുക്ക് ഈ പിന്തുണ നൽകുന്നതിന്റെ ഭാഗമായി ഇവരെ വാർത്തെടുക്കുന്ന പരിശീലകരെ പലപ്പോഴും നമ്മുടെ ഗവൺമെന്റുകൾ മറന്നു

പോകുകയാണ്. ഒരു പ്രതിഭ പ്രതിഫലിച്ചു നിൽക്കുമ്പോൾ അതിനെ അംഗീകരിക്കുവാനും ആദരിക്കുവാനും നാട്ടിൻപുറങ്ങളിലും പൊതുസ്ഥലങ്ങളിലുമെല്ലാം ഗവൺമെന്റുകളും മറ്റു സംഘടനകളും ഉണ്ടെങ്കിലും ഒരു പ്രതിഭയെ വാർത്തെടുക്കുന്ന അദ്ധ്യാപകരെ അല്ലെങ്കിൽ പരിശീലകരെ നമ്മുടെ പൊതുസമൂഹവും നാടും മറന്നുപോകുന്നു. അവർക്കാവശ്യമായിട്ടുള്ള സഹായ സഹകരണങ്ങളോ അംഗീകാരമോ നൽകുന്നില്ല. പലപ്പോഴും അവർ യവനികയ്ക്കു പുറകിലെ ആൾക്കാരായി ഒതുങ്ങുകയാണ്. ഈ ഒരു മാറ്റത്തിന്റെ ഭാഗത്ത് അവരെക്കൂടി പരിഗണിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ അടുത്തകാലത്താണ് 'സായി'യിലെ കുട്ടികൾക്ക് ഉണ്ടാകുന്ന അപകടത്തെ കുറിച്ച് നമ്മൾ വായിക്കുന്നത്. സ്പോർട്സ് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെമേൽ ഗൗരവതരമായ ഒരു ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. എല്ലാ പഞ്ചായത്തുകളിലും കളിക്കളങ്ങൾ വേണമെന്ന നമ്മുടെ ആഗ്രഹം സാധ്യമാക്കി എടുക്കണമെന്നുണ്ടെങ്കിൽ പഞ്ചായത്തു തലങ്ങളിലുള്ള ആൾക്കാരെ വിശ്വാസത്തിലെടുക്കണം. കഴിഞ്ഞ കാലങ്ങളിൽ നാട്ടിൻപുറങ്ങളിലുള്ള AIYF, DIYF ഉൾപ്പെടെയുള്ള യുവജനസംഘടനകൾ ചെറുപ്പക്കാരെക്കൂട്ടി ഫുട്ബോൾ മേളകളും ക്രിക്കറ്റ് മേളകളുമൊക്കെ നടത്തുമായിരുന്നു. അടുത്തകാലത്ത് ഇറങ്ങിയ സിനിമ തന്നെ അതിനെ ആധാരമാക്കിയാണ്. 1983 എന്ന സിനിമ എന്റെ നാട്ടുകാരനായ എബ്രിഡ് ഷൈൻ സംവിധാനം ചെയ്ത സിനിമയാണ്. ഒരു പുതിയ കാലഘട്ടത്തിൽ ക്രിക്കറ്റ് ഇന്ത്യയിലേക്ക് വരാനുള്ള സാഹചര്യവും അതിൽ കേരളത്തിലെ ചെറുപ്പക്കാർ ആകർഷകമായി എന്നുള്ളതുമാണ് അതിലെ ഇതിവൃത്തം. തീർച്ചയായും നമ്മുടെ സ്കൂളുകളിലും പ്രദേശങ്ങളിലും ഇതിനനുസൃതമായിട്ടുള്ള നടപടിക്രമങ്ങളിലേക്ക് വരണം. ഭൂപ്രകൃതി അനുസരിച്ചുള്ള കായിക വിനോദങ്ങൾക്കും പ്രാധാന്യം കൊടുക്കണം. ഏറ്റവും കൂടുതൽ ജലാശയങ്ങളുള്ള പ്രദേശമാണ് കേരളം. അതുകൊണ്ട് നീന്തലും കനോയിങ്ങും കയാറ്റിങ്ങുമൊക്കെ പ്രാദേശിക തലത്തിലും നമുക്ക് സുലഭമായി നടത്താൻ കഴിയണം. വിദേശരാജ്യങ്ങളിലെ കായികവിനോദത്തേക്കാൾ നമ്മുടെ പ്രദേശത്തുള്ള പരമ്പരാഗത രീതിയിലുള്ളതും വലിയ പണം മുടക്ക് നടത്താത്ത തരത്തിലുമുള്ള കായികവിനോദങ്ങൾ നടത്താൻ ശ്രമിക്കണം. ദേശീയ ഗെയിംസിന്റെ പോരായ്മകൾ ഞങ്ങൾ സൂചിപ്പിച്ചതാണ്. അതുകൊണ്ടാണ് പലരും അതിന്റെ നേതൃസ്ഥാനത്തു നിന്നു മാറിനിൽക്കുകയും അതുമായി ബന്ധപ്പെട്ടുള്ള ആക്ഷേപം ഉന്നയിക്കുകയും ചെയ്തത്. തികച്ചും നമ്മുടെ സംസ്ഥാനത്തിന് അഭിമാനകരമായ മുഹൂർത്തമായി മാറേണ്ട ആ മേളയെ ചില പ്രത്യേക വശങ്ങളിലൂടെ ഇവിടെ എത്തിച്ചത് വളരെ നിരാശാജനകമായിരുന്നു. കുറെ കുട്ടികൾക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കാൻ കഴിഞ്ഞു. അവർക്കതിനുള്ള അംഗീകാരവും ലഭിച്ചു. ഇതിൽ പങ്കെടുത്ത കുട്ടികൾക്ക് ജോലി കൊടുക്കുന്ന കാര്യം സൂചിപ്പിച്ചു. അതു വളരെ നല്ലകാര്യമാണ്. ഇനിയും സ്കൂൾ

കോളേജ് തലങ്ങളിലുള്ള നിരവധി വിദ്യാർത്ഥികളും നാട്ടിൻ പുറങ്ങളിലുള്ള ചെറുപ്പക്കാരും ഈ മേഖലയിലേക്ക് കടന്നുവരാതിരിക്കുന്നത് അവർക്കാവശ്യമായിട്ടുള്ള പിന്തുണ നൽകുന്നില്ല എന്നുള്ളതുകൊണ്ടാണ്. പഞ്ചായത്തു തലങ്ങളിൽ അവർക്കാവശ്യമായ പിന്തുണ കൊടുക്കണം. ശ്രീ. ഷാഫി പറമ്പിൽ ഇവിടെ സൂചിപ്പിച്ചത് ഗവൺമെന്റ് തലത്തിൽ മത്സരത്തിനു പോകുന്ന കുട്ടികൾക്ക് കൊടുക്കുന്നത് 200 രൂപയെന്നാണ്. ഇരുനൂറു രൂപയുടെ മൂല്യം ഇന്ന് ഇന്ത്യയിൽ എത്രയാണെന്ന് നമുക്കറിയാം. ഒരു നേരത്തെ ഭക്ഷണം കാന്റീനിൽ പോയി കഴിക്കാൻ തന്നെ അൻപത് രൂപ കൊടുക്കണം. അപ്പോൾ ഇരുനൂറു രൂപയ്ക്കുവേണ്ടി ഒരു ദിവസം ചെലവഴിക്കാൻ കഴിയുന്ന കായികതാരങ്ങളെയാണോ നമുക്ക് വേണ്ടത്. അതോ മത്സര രംഗത്ത് ഒരു ദിവസം അയ്യായിരം രൂപവരെ റേറ്റിംഗ് ഉള്ള ആൾക്കാരെയാണോ? നമ്മുടെ കായിക താരങ്ങളെ അവഹേളിക്കുന്ന തരത്തിൽ പോകുന്ന ഈ നയങ്ങളെ മാറ്റി മികച്ച കായിക താരങ്ങൾക്ക് ഏറ്റവും മികച്ച പരിഗണന കൊടുക്കാൻ കഴിയണം. ആ പരിഗണന കൊടുക്കുമ്പോൾ അവർക്ക് സ്വീകാര്യമായ തരത്തിൽ പ്രാദേശിക തലങ്ങളിലുള്ള സ്പോർട്സുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുന്ന ആൾക്കാരെ കൂട്ടിയോജിപ്പിച്ചുകൊണ്ട് ചർച്ചകൾ നടത്തണം. ഒരു ചർച്ചയും കാര്യങ്ങളുമില്ലാതെ ഒരു സുപ്രഭാതത്തിൽ ഒരു ബില്ല് ഭേദഗതിയിലേക്ക് വരുമ്പോൾ അതിന്റെ ജനാധിപത്യപരമായ അവകാശങ്ങൾ മുഴുവൻ മാറ്റപ്പെടുന്നു. കേരളോത്സവം പരിശോധിച്ചാൽ കേരളോത്സവത്തിൽ വരുന്ന കായികതാരങ്ങൾ എവിടെയാണ് പിന്നീട് പോകുന്നത്. ഒരു സുപ്രഭാതത്തിൽ അവർ വരുന്നു, പോകുന്നു. പക്ഷേ, അവർക്ക് ഒരു സ്ഥലത്തും തുടർച്ചയായ പരിശീലനം നല്കാൻ ആവശ്യമായ സംവിധാനമില്ല. സ്കൂൾ കായികമേളകളിൽ പങ്കെടുക്കുന്നവരെ പിന്നീട് കാണുന്നില്ല. അവരെ പിടിച്ചു നിർത്തണമെങ്കിൽ അവർക്ക് നിരന്തരമായ പരിശീലനം നല്കണമെങ്കിൽ അതിനാവശ്യമായ സംവിധാനങ്ങൾ വേണം. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് ഒരു കാര്യത്തെ കുറിച്ച് പറയാൻ തുടങ്ങിയിട്ട് ഒന്നര വർഷമായി. വൈക്കത്ത് സ്പോർട്സ് അക്കാഡമിയോ അതുമായി ബന്ധപ്പെട്ടതോ തരാം എന്ന് പറഞ്ഞു. ദേശീയ ഗെയിംസ് കഴിഞ്ഞാൽ അതിനാവശ്യമായ സാധനങ്ങൾ തരാമെന്ന് അദ്ദേഹം പറഞ്ഞു. ദേശീയ ഗെയിംസും കഴിഞ്ഞു, മന്ത്രിസഭയുടെ കാലാവധിയും കഴിയാറായി. പക്ഷേ ആവശ്യമായ സാധനങ്ങൾ കിട്ടിയില്ല. ഞാനും മുനിസിപ്പൽ ചെയർപേഴ്സണുമായി സ്ഥലസൗകര്യങ്ങളുണ്ടാക്കി, ഇവിടെ സ്പോർട്സ് കൗൺസിൽ സെക്രട്ടറി വന്ന് സ്ഥലം കണ്ടു. പക്ഷേ, കാര്യങ്ങൾ മുന്നോട്ട് പോകുന്നില്ല. താല്പര്യമുള്ളവർക്കുപോലും കൊടുക്കാൻ കഴിയാത്ത തരത്തിലാണ് ഗവൺമെന്റ് പോകുന്നത്. ഇതാണ് സ്പോർട്സിന്റെ ഒരു നയം എന്നുപറയുന്നത്. ആവശ്യമായ സ്ഥലവും മറ്റ് സൗകര്യങ്ങളും കൊടുക്കാമെന്ന് പറഞ്ഞിട്ടുപോലും അതിനാവശ്യമായ

പിന്തുണ തരാൻ പറ്റുന്നില്ല. തീർച്ചയായും ഈ ബിൽ ഒരു പുതിയ രൂപത്തിൽ കൊണ്ടുവന്ന് രാഷ്ട്രീയമായ ഇടപെടൽ നടത്താനുള്ള സംവിധാനമാണ് വരുന്നത്. അതുകൊണ്ടുതന്നെ ഈ ബില്ല് ചർച്ച ചെയ്യപ്പെടുന്നതിന് മുമ്പ് സെലക്ട് കമ്മിറ്റിക്ക് വിടണമെന്നതാണെന്റെ അഭിപ്രായം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഈ ബില്ലിൽ പ്രമുഖമായിട്ടും നാലാളുകളാണ് സംസാരിച്ചത്. അതിൽ വളരെ പോസിറ്റീവായി പ്രൊപ്പോസൽ വച്ച ആളുകളുണ്ട്. അതോടൊപ്പം തന്നെ വിമർശനത്തോടുകൂടി ഈ ബില്ല് നന്നാകുന്നതിനു വേണ്ടിയുള്ള പ്രൊപ്പോസൽസ് പറഞ്ഞ ആളുകളുമുണ്ട്. ഞാൻ അവരോടെല്ലാം നന്ദി രേഖപ്പെടുത്തുകയാണ്. ഇന്നത്തെ സഭ പിരിഞ്ഞാലുടൻ കൂടുന്ന സബ്ജക്ട് കമ്മിറ്റിയിൽ വച്ച് അവർ പറഞ്ഞ പ്രൊപ്പോസലുകളിൽ ഉൾക്കൊള്ളാൻ കഴിയുന്നവയെല്ലാം ഉൾക്കൊള്ളുന്നതിനുള്ള നടപടി എടുക്കുന്നതാണ്. ഇത് ജനാധിപത്യ വിരുദ്ധം എന്ന നിലയിലാണ് ശ്രീ. എ. പ്രദീപ്കുമാർ പറഞ്ഞത്. അതിനകത്ത് ജനാധിപത്യ വിരുദ്ധമായി ഒന്നും ഉള്ളതായി എനിക്ക് തോന്നിയിട്ടില്ല. എല്ലാം ട്രാൻസ്പാരന്റായി അതേസമയം കായികരംഗത്ത് നിൽക്കുന്ന ആളുകൾക്ക് കൂടുതൽ പ്രാധാന്യം കൊടുത്ത് മുന്നോട്ട് പോകണം എന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്. എന്റെ നിലപാടല്ല. നേരത്തേ തന്നെ സ്പോർട്സ് കൗൺസിൽ പുനഃസംഘടിപ്പിച്ചപ്പോൾ എടുത്ത അതേ നിലപാടാണ് നമ്മൾ എടുത്തത്. അർജ്ജുന അവാർഡ് നേടിയ ശ്രീമതി പത്മിനി തോമസിന്റെ നേതൃത്വത്തിലുള്ള സ്പോർട്സ് കൗൺസിലാണ് നേരത്തേ ഉണ്ടായിരുന്നത്. ഇപ്പോൾ രണ്ടാമത് വരുമ്പോഴും അതേ തലത്തിൽപ്പെട്ട അന്തർദേശീയ രംഗത്ത് വളരെയേറെ അറിയപ്പെടുന്ന ഒരു മലയാളി താരം എന്ന നിലയിലാണ് നമ്മൾ സ്പോർട്സ് കൗൺസിലിന്റെ ഒരു പ്രസിഡന്റിനെ കണ്ടെത്തുന്നതിനുവേണ്ടി ശ്രമിച്ചത്. അതുകൊണ്ട് അതൊരു ജനാധിപത്യ വിരുദ്ധം എന്നുള്ള നിലയിലേയ്ക്ക് എടുക്കുന്നത് ശരിയല്ല. പിന്നെ പഴയ നിയമം 2008-ൽ പാസ്സായതാണ്. 2013-ൽ അതിന്റെ കാലാവധി കഴിഞ്ഞതാണ്. പക്ഷേ, ആ നിയമത്തിനകത്തൊരു പോരായ്മ ഉണ്ടായിരുന്നു. ഒന്നുകിൽ അഞ്ച് വർഷം അല്ലെങ്കിൽ തെരഞ്ഞെടുപ്പ് എത്തുന്നതുവരെ ഏതാണോ അവസാനം നടക്കുന്നത് അതുവരെ ഇത് തുടരാം എന്നാണ് ആ നിയമത്തിനകത്ത് പറഞ്ഞിരുന്നത്. അങ്ങനെ പറഞ്ഞാൽ വേണമെങ്കിൽ അടുത്ത നൂറ്റാണ്ടുവരെ തുടരാൻ സാധിക്കും. ജില്ലാ സ്പോർട്സ് കൗൺസിലിന്റേയും മറ്റ് ഭാരവാഹികളുടേയും കാര്യത്തിൽ നമ്മൾ ദുഃഖിക്കേണ്ട കാര്യമില്ല. അവർ നേരത്തേ രാജിവച്ച് പോയി. അവരുടെ രാജിക്കത്തെല്ലാം നമ്മുടെ കയ്യിലിരിക്കുകയാണ്. അപ്പോൾ പുനഃസംഘടിപ്പിക്കാനുള്ള

സാഹചര്യം ഉണ്ടാക്കിത്തന്നതുതന്നെ അന്ന് നിലവിലുണ്ടായിരുന്ന ഭാരവാഹികളാണ്. അവരെല്ലാം രാജിവച്ച ആളുകളാണ്. അതുകൊണ്ട് ഞാനതിന്റെ മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. പക്ഷേ, ആ സ്ഥാനത്ത് അവരാരുമില്ല. അത് പുനഃസംഘടിപ്പിക്കേണ്ടത് ആവശ്യമാണ്. നമ്മുടെ കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകുക എന്നുള്ളതാണ് ഗവൺമെന്റ് നയം. നിയമപരമായ ഒരു സപ്പോർട്ടോടുകൂടി ഗവൺമെന്റ് നിലപാട് തുടരുന്നതിനുവേണ്ടിയാണ് ഗവൺമെന്റ് ശ്രമിച്ചിട്ടുള്ളത്. എന്റെ സ്നേഹിതൻ ശ്രീ. എ. പ്രദീപ് കുമാർ വ്യക്തിവിരോധം പറയുന്നതുപോലെ സ്പോർട്സിനെക്കൂടി എടുത്തതിൽ എനിക്ക് ദുഃഖമുണ്ട്. അതിനെയെങ്കിലും സ്പോർട്സ്മാൻ സ്പിരിറ്റിൽ എടുക്കേണ്ടതായിരുന്നു. നേരത്തെ കരുതിവച്ച കുറ്റപത്രം വായിക്കുന്നതുപോലെ സ്പോർട്സുമായി ബന്ധമില്ലാത്ത കുറെ കാര്യങ്ങൾ പറഞ്ഞു. എനിക്കതിൽ വിഷമവുമില്ല. ശ്രീ. എ. പ്രദീപ് കുമാർ അത് പറഞ്ഞുതീർക്കുന്നുവെന്നേയുള്ളൂ. ഭരണകക്ഷി അംഗമെന്നുള്ള നിലയിലല്ല, വളർന്നു വരുന്ന ഒരു തലമുറയുടെ ശബ്ദമായാണ് ഞാൻ ശ്രീ. ഷാഫി പറമ്പിലിന്റെ പ്രസംഗം കേട്ടത്. വളർന്നു വരുന്ന തലമുറയ്ക്ക് സ്പോർട്സിനെ സംബന്ധിച്ച് ഒരു കാഴ്ചപ്പാടുണ്ട്. ആ കാഴ്ചപ്പാടിനൊത്ത് കേരളത്തിന് പോകാൻ കഴിഞ്ഞില്ലെങ്കിൽ പുതിയ തലമുറ ജാതി-മത സമൂഹത്തിന്റെ മധ്യത്തിൽ പോയി നിൽക്കും. അവസാനം അവർ ലാത്തിയും തോക്കും പിടിച്ചുനിൽക്കുന്ന സാഹചര്യത്തിലേക്ക് പോകും. നമുക്ക് ഈ രംഗത്ത് പ്രാധാന്യംകൊടുക്കാൻ കഴിയുന്നില്ലായെങ്കിൽ സ്വാഭാവികമായും പ്രാധാന്യം ലഭിക്കുന്ന സ്ഥലങ്ങളിലേക്ക് അവർ മൈഗ്രേറ്റ് ചെയ്തുപോകും. അതുണ്ടാകാതിരിക്കണമെന്നത് നമ്മുടെ സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യമാണ്. ആ പൊതുതാൽപ്പര്യം ശക്തിപ്പെടുത്തുന്നതിനുവേണ്ടി നാമെല്ലാവരും ഒരുമിച്ച് നിൽക്കണമെന്നാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്. സ്വാഭാവികമായും കുറെ വിമർശനങ്ങളുണ്ടാകും. ഞാൻ വിമർശനങ്ങളെയൊന്നും തിരസ്കരിക്കുന്നില്ല. അതിൽ നമുക്ക് ഉൾക്കൊള്ളാൻ കഴിയുന്ന കാര്യങ്ങളെല്ലാം ഉൾക്കൊള്ളണം. കായികതാരങ്ങളുടെ നിലവാരം ഉയർത്തണമെന്ന അഭിപ്രായം പറഞ്ഞു. അതിനുവേണ്ടിയുള്ള നടപടികളാണ് ഈ ബില്ലിലൂടെ നോക്കുന്നത്. ഉജ്ജ്വലപ്രതിഭകളെ വളർത്തിയെടുക്കണമെന്ന് പറഞ്ഞു. പക്ഷേ ഉജ്ജ്വലപ്രതിഭകൾ കേരളത്തിന്റെ സാഹചര്യത്തിൽ മാത്രം വന്നാൽപോരാ. കേരളത്തിനുപുറത്തൊരു രാജ്യവും രാജ്യത്തിന് പുറത്തൊരു ലോകവുമുണ്ട്. അത് നമുക്ക് മനസ്സിലാക്കാൻ കഴിയണം. ശ്രീ. ഷാഫി പറമ്പിൽ പറഞ്ഞതുപോലെ വെട്ടുന്ന നഖത്തിന്റെപോലും അളവ് നോക്കുന്ന കർക്കശമായ രൂപത്തിലുള്ള പ്ലാനിംഗും അതോടുകൂടിയുള്ള ഡിസൈനും മറ്റുള്ള ആളുകൾക്കുണ്ട്. നമുക്ക് അതുൾക്കൊള്ളാൻ കഴിയണ്ടേ; നമ്മുടെ പുതിയ തലമുറയിൽപ്പെട്ട ആളുകളെ ആ രൂപത്തിലേയ്ക്ക് കൊണ്ടുപോകാൻ കഴിയണ്ടേ; അതിനുവേണ്ടിയുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ശ്രീ. പി. തിലോത്തമൻ പറഞ്ഞ, ഏഷ്യൻ പവർ

ലിഫ്റ്റിംഗ് മത്സരത്തിൽ പങ്കെടുത്തവർ എന്നെ വന്നുകണ്ടിരുന്നില്ല. ചോദിച്ചിരുന്നു വെങ്കിൽ എല്ലാ ആളുകൾക്കും പണം കൊടുക്കുമായിരുന്നു. കാരണം ഇത് ഗവൺമെന്റോ സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിലോ വിട്ടുന്ന ടീം അല്ല. പക്ഷേ അവർ ഒരന്തർദ്ദേശീയ മത്സരത്തിൽ പങ്കെടുക്കുകയും അവർക്ക് പ്രൈസ് കിട്ടുകയും ചെയ്തു. ഗവൺമെന്റിനുവേണ്ടി ഞാൻ അവരെ അനുമോദിക്കുന്നു. മത്സരത്തിൽ പങ്കെടുക്കുന്നതിന് സഹായം വേണമെന്നുള്ള ആവശ്യം ഗവൺമെന്റിനുമുന്നിലെത്തിയിരുന്നില്ല. ശ്രീ. പി. തിലോത്തമൻ ആ സമയത്ത് സൂചിപ്പിച്ചിരുന്നുവെങ്കിൽ ഗവൺമെന്റിന് കഴിയുന്ന തരത്തിലുള്ള സഹായം ചെയ്യുമായിരുന്നു. ഈ വിഷയം ഗവൺമെന്റിന്റെ മുന്നിൽ സീരിയസായി വന്നിട്ടില്ല.

ശ്രീ. പി. തിലോത്തമൻ: സർ, ഇനിയും ആലോചിക്കാവുന്നതേയുള്ളൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ചെയ്യാമെന്ന് പറഞ്ഞല്ലോ. ശ്രീ. കെ. അജിത് സ്പോർട്സ് എക്വിപ്മെന്റ്സ് കൊടുക്കുന്നതിനെക്കുറിച്ച് പറഞ്ഞു. അതിനൊരു സ്റ്റാൻഡേർഡ് നിശ്ചയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് രൂപീകരിച്ചിട്ടുള്ള കമ്മിറ്റി recognized ആയിട്ടുള്ള അസോസിയേഷനുകൾക്ക് സ്പോർട്സ് എക്വിപ്മെന്റ്സ് കൊടുക്കാമെന്ന തീരുമാനമെടുത്തിട്ടുണ്ട്. കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് എക്വിപ്മെന്റ്സ് കൊടുക്കുന്നതാണ്. അതിൽ പരാതിയുണ്ടെങ്കിൽ പരിഹരിക്കാവുന്നതാണ്. ശ്രീ. ഐ.എം. വിജയനെക്കുറിച്ച് പറഞ്ഞു. വ്യക്തിപരമായി ഓരോരുത്തരെക്കുറിച്ച് പറയുമ്പോൾ, കേരളത്തിൽ സ്പോർട്സുമായി ബന്ധപ്പെട്ട് ധാരാളം ആളുകളില്ലേ. ചില ആളുകളുടെ പേരുകൾ പറഞ്ഞില്ല എന്നുള്ള വിമർശനം ഉണ്ടാകും. അതുകൊണ്ടുമാത്രം ഞാൻ ഇതിന് ഒറ്റസ്റ്റെപ്പിൽ മറുപടി പറയുന്നില്ല. പക്ഷേ അദ്ദേഹത്തിന് കിട്ടാവുന്ന എല്ലാ പ്രാധാന്യവും ലഭിക്കുന്നതിനു വേണ്ടിയുള്ള പരിശ്രമങ്ങൾ നടത്തും. മാത്രമല്ല അദ്ദേഹം നമ്മുടെ പോലീസ് സേനയിലെ വളരെ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥനാണ്. ഫുട്ബോൾ അക്കാദമിയുടെ ചാർജ് അദ്ദേഹത്തിനാണ് എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്.

ശ്രീ. വി. എസ്. സുനിൽ കുമാർ: .....(മൈക്ക് ഓഫ്)... അവിടെ ഈ രംഗത്ത് പ്രാഗത്ഭ്യം നേടിയ ഒരേയൊരാൾ അദ്ദേഹം മാത്രമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ശരിയാണ്. നമ്മൾ അത് വളരെ ഗൗരവതരമായി നോക്കുകയാണ്. നമ്മൾ ഇവിടെ സംസാരിക്കുമ്പോൾ അപ്പുറത്തും ഇപ്പുറത്തുംനിന്ന് പറയാമെന്നല്ലാതെ ഇവരൊന്നും പാർട്ടി അടിസ്ഥാനത്തിൽ കെട്ടിവച്ചവരോ വിപ്പ് കൊടുത്താൽ വന്ന് സല്യൂട്ട് ചെയ്യുന്നവരോ ഒന്നുമല്ല. ഇവരെല്ലാം ഇൻഡിപെൻഡന്റായി, കേരളത്തിന്റെ അഭിമാനം ഉയർത്തുന്നതിനു വേണ്ടി ഫീൽഡ് ആന്റ് ട്രാക്കിൽ പണിയെടുത്തുകൊണ്ടിരിക്കുന്ന നല്ലവരായ

ആളുകളാണ്. അവരെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരളീയ സമൂഹം ഒരുമിച്ച് നിൽക്കണം. ഈ സഭയുടെ അപ്പുറത്തും ഇപ്പുറത്തുമുള്ള ആളുകൾ ഒരേ നാവോടുകൂടി അതിനെ പ്രോത്സാഹിപ്പിക്കണം. എങ്കിൽ മാത്രമേ നമ്മുടെ കേരളം മുന്നോട്ടു പോകുകയുള്ളൂ. നേരത്തെ ഇവിടെ ഒരു ഇന്റർനാഷണൽ അസോസിയേഷനെ കുറിച്ച് പറഞ്ഞു. ശ്രീ. എ. പ്രദീപ് കുമാറാണ് പറഞ്ഞതെന്ന് തോന്നുന്നു. ഇന്റർനാഷണൽ അസോസിയേഷനുകളുടെ ചില നിബന്ധനകളുണ്ട്. ആ നിബന്ധനകൾ കേരളം മറികടക്കുകയില്ല. ആ നിബന്ധനകൾക്കനുകൂലമായി മാത്രമേ നമ്മൾ നിൽക്കുകയുള്ളൂ. ഏതായാലും അത് സബ്ജക്ട് കമ്മിറ്റിതലത്തിൽ വച്ച് നമുക്ക് ചർച്ച ചെയ്യാം. ഇന്റർനാഷണൽ അസോസിയേഷൻസിന് ഇക്കാര്യത്തിൽ എന്തെങ്കിലും ബുദ്ധിമുട്ടുകളുണ്ടെങ്കിൽ അതുകൂടി പരിഹരിച്ച് നമ്മൾ മുന്നോട്ടുപോകും. ഇവിടെ ശ്രീ. ഷാഫി പറമ്പിൽ രണ്ട് പ്രധാനപ്പെട്ട കാര്യങ്ങളെ കുറിച്ച് പറഞ്ഞു. ഒന്ന്, ബഡ്ജറ്റ് അലോട്ട്മെന്റിൽ ഒരു ശതമാനമെങ്കിലും സ്പോർട്സിനായി മാറ്റിവയ്ക്കണമെന്ന്. അത് നമ്മുടെ സ്പോർട്സ് നയത്തിനകത്തുള്ളതാണ്. ആ നയത്തിൽ അലോട്ട്മെന്റ് കൂട്ടണമെന്ന് പറഞ്ഞുവെങ്കിലും സാമ്പത്തിക ക്ലേശവും പ്രാരാബ്ധവും കാരണം സാധാരണഗതിയിൽ അത് വന്നെത്തിയിട്ടില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. ഏതായാലും അത് വേണമെന്നുള്ള അഭിപ്രായം സ്പോർട്സ് ഡിപ്പാർട്ടുമെന്റിനുണ്ട്. അതോടൊപ്പംതന്നെ കായികതാരങ്ങൾക്കുള്ള പ്രതിഫലം കൂട്ടണമെന്നുള്ള നിർദ്ദേശം ഗവൺമെന്റ് ഗൗരവതരമായെടുക്കുകയാണ്. സ്പോർട്സ് ഹോസ്റ്റലിലെ അഡ്മിഷന്റെ നവീകരണത്തെക്കുറിച്ച് ആലോചിക്കും. സ്പോർട്സ് നയം രൂപീകരിക്കുന്നതിന് നേരത്തെ ഒരു കമ്മിറ്റിയെ വച്ചിരുന്നു. ഡോ. ബി. എസ്. അയ്യങ്കാർ ഐ.എ.എസ്., ശ്രീമതി പി.റ്റി. ഉഷ, ശ്രീ. ഡാലേൽസിംഗ് ചൗഹാൻ, പ്രൊഫ. സണ്ണി തോമസ് എന്നിവർ ഉൾപ്പെട്ട കമ്മിറ്റിയുടെ ഉപദേശത്തിന്റെകൂടി അടിസ്ഥാനത്തിലാണ് ഈ ബിൽ രൂപീകരിച്ചിട്ടുള്ളത്. അതല്ലാതെ സാങ്കേതിക വൈദഗ്ദ്ധ്യമില്ലാത്ത ആളുകളുടെ ഉപദേശമല്ല ബിൽ രൂപീകരണത്തിൽ സ്വീകരിച്ചിരിക്കുന്നത്. ഇന്ത്യയിലെ ഏറ്റവും പ്രമുഖനായ വ്യക്തിയാണ് ഡോ. ബി.എസ്. അയ്യങ്കാർ. അദ്ദേഹം സായിയുമായി ബന്ധപ്പെട്ട് ദീർഘകാലം പ്രവർത്തിച്ചിട്ടുള്ള ആളാണ്. അവരുടെയൊക്കെ ഉപദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ബിൽ രൂപീകരിച്ചിട്ടുള്ളത്. ഇതിനാവശ്യമായ എല്ലാ സഹായങ്ങളും എല്ലാവരുടെ ഭാഗത്തുനിന്നുമുണ്ടാകണം എന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഞാൻ ഒരു കാര്യം മാത്രം പറയാം, നാഷണൽ ഗെയിംസ് നടത്തിയപ്പോൾ സ്പോർട്സിന്റെ ചാർജ്ജുള്ള മന്ത്രി എന്നുള്ളനിലയിൽ ഞാൻ വന്നുപെട്ടെന്നു മാത്രമേയുള്ളൂ. ദേശീയ ഗെയിംസിന്റെ ആദ്യാവസാനംവരെ ഞാനാണ് നടത്തിയത് എന്നെനിക്ക് ഒരവകാശവാദവുമില്ല. മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി വളരെ സപ്പോർട്ടീവായി മുന്നോട്ടുപോയി. അതുകൊണ്ട് ഞങ്ങൾക്ക് കുറച്ചുകൂടി സഹായകരമായി. മുൻഗവൺ

മെന്റിന്റെ കാലത്താണ് അതിന് തുടക്കമിട്ടത്. പക്ഷേ പല സാഹചര്യങ്ങളുംകൊണ്ട് നടത്താൻ കഴിഞ്ഞില്ല. അവസാനം വന്നപ്പോഴുണ്ടായ ചില തെറ്റിദ്ധാരണകളുണ്ട്. ആ തെറ്റിദ്ധാരണകളെല്ലാം ഇപ്പോൾ മാറി. യാതൊരു സംശയവും അക്കാര്യത്തിൽ ഇല്ലായെന്നുള്ളത് ഇന്നത്തെ ചർച്ച പൂർത്തീകരിച്ചപ്പോൾ എനിക്ക് ബോദ്ധ്യപ്പെട്ടു. സത്യം പറഞ്ഞാൽ ദേശീയ ഗെയിംസിന്റെ സമയത്ത് എന്റെ മനസ്സിനേറ്റ വേദന ഇന്നത്തെ ചർച്ചയോടുകൂടി അവസാനിച്ചു. വേറൊന്നുംകൊണ്ടല്ല ദേശീയ ഗെയിംസിന്റെ അവസാനഘട്ടത്തിൽ എന്ത് സംഘർഷമായിരുന്നു. 'നനയാതെ ഈറനുടുക്കുന്ന' ഒരു സാഹചര്യം വരാമോ; ഇനി തിരിച്ച് ഒന്നാലോചിക്കു, ദേശീയ ഗെയിംസ് കേരളത്തിൽ നടത്തിയില്ലായിരുന്നുവെങ്കിൽ നമ്മുടെ കുട്ടികൾക്ക് ഇന്നത്തെ ഈ പ്രോത്സാഹനം കിട്ടുമായിരുന്നോ; ഇൻഫ്രാസ്ട്രക്ച്ചർ ഫെസിലിറ്റി ഈ രൂപത്തിലേയ്ക്ക് വളരുമായിരുന്നോ; ശ്രീ. സജൻ പ്രകാശിനെപ്പോലെയുള്ള ഒരാളിന് ഒളിമ്പിക്സിൽ പങ്കെടുക്കാൻ കഴിയുന്ന പാതയിലേയ്ക്ക് കൊണ്ടെത്തിക്കാൻ നമുക്ക് കഴിയുമായിരുന്നോ; ഇതൊക്കെ ദേശീയ ഗെയിംസ് കേരളത്തിൽ നടത്തിയതുകൊണ്ട് നമുക്ക് കിട്ടിയ പ്രയോജനങ്ങളാണ്. അപ്പോൾ ആ പ്രയോജനം പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് അതിനെക്കാൾ ഒരുപടികൂടി മുന്നോട്ടു പോകണം. കേരളത്തിന്റെ മുൻപിൽ ഒരു സ്വപ്നമുണ്ട്. ആ സ്വപ്നം ഗവൺമെന്റ് ഒരിക്കൽകൂടി ആവർത്തിച്ചുപറയുകയാണ്. 2016-ലെ ഒളിമ്പിക്സിൽ മെഡൽ നേടുന്ന മലയാളി കുട്ടിക്ക് ഒരു കോടി രൂപ പ്രൈസായി കേരളം നൽകും. ഇത് നമ്മുടെ പ്രഖ്യാപിത നയമാണ്. ആ തലത്തിലേയ്ക്ക് നമ്മുടെ കുട്ടികളെ കൊണ്ടുവരണം. അതിനുവേണ്ട ട്രെയിനിംഗ്, ഇൻഫ്രാസ്ട്രക്ച്ചർ, കോച്ച് എന്നിങ്ങനെയുള്ള എല്ലാ സാഹചര്യങ്ങളും വേണം.

ശ്രീ. എ. പ്രദീപ് കുമാർ: ............(മൈക്ക് ഓഫ്)............

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ഒരു കാര്യം പറഞ്ഞാൽ അദ്ദേഹം രണ്ട് കാര്യം പറയും. ഞാൻ രണ്ടുകാര്യങ്ങൾ പറഞ്ഞിരുന്നുവെങ്കിൽ അദ്ദേഹം നാലുകാര്യങ്ങൾ പറയുമായിരുന്നു. ഒരുകോടി രൂപ കൊടുക്കുമെന്ന് പറഞ്ഞതിനല്ല, ഞാനൊരു ലോട്ടറി കച്ചവടക്കാരന്റെ വികാരത്തോടുകൂടി പറഞ്ഞതല്ല. ഇത് കേരളത്തിൽ ഇന്നേവരെ ഉണ്ടാകാത്ത ഒരു പുതിയ സംഭവം......

ശ്രീ. എ. പ്രദീപ് കുമാർ: സർ, സ്പോർട്സ് ക്വാട്ടയിൽനിന്ന് സൈക്കിൾ നൽകണമെന്ന് ഒരു നിവേദനം നൽകിയിട്ട് കൊടുക്കാത്ത നിങ്ങളാണ് ഒരു കോടി രൂപ കൊടുക്കുമെന്ന് പറയുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ശ്രീ. എ. പ്രദീപ് കുമാർ, ഒരു കാര്യം ഞാൻ പറയാം. 2009 മുതൽ സ്പോർട്സ് ക്വാട്ടയിലുള്ള നിയമനംപോലും കേരളത്തിൽ നടന്നിരുന്നില്ല. ഈ സമയത്താണ് ഞങ്ങൾ ആ നിയമനങ്ങൾ

നടത്താൻ പോകുന്നത്. വേറൊന്നും വേണ്ട 2009 മുതൽ സ്പോർട്സ് ക്വാട്ടയിലുള്ള മുഴുവൻ നിയമനങ്ങളും വേക്കന്റായി കിടക്കുകയായിരുന്നു. സ്പോർട്സിൽ പ്രാവീണ്യം തെളിയിച്ച പാവപ്പെട്ട കുട്ടികൾക്ക് ഒരു സഹായം നൽകണ്ടേ; ആ കുട്ടികളുടെ സാമ്പത്തിക ചുറ്റുപാടുകളെക്കുറിച്ച് ഒരു നിമിഷം ആലോചിച്ചിട്ടുണ്ടോ; ആ കുട്ടികൾ വീടുകളിൽനിന്നും വെളുപ്പാൻകാലത്തെഴുന്നേറ്റ് 10-ഉം 12-ഉം കിലോമീറ്റർ ദൂരം നടന്നുപോയിട്ടുള്ളതാണ്. ആ കുട്ടികൾ വളർന്നുവലുതായിക്കഴിഞ്ഞപ്പോൾ കേരളത്തിന്റെ ഒരു തൊപ്പി അവരുടെ തലയിൽ അണിയിച്ചുകൊടുക്കുകയാണ്. ഞങ്ങളുടെ കാഴ്ചപ്പാട് വേറെയാണ്. ആ കുട്ടികളെ ട്രെയിൻ ചെയ്യിച്ച് ഇതിന്റെ തലത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള പരിശ്രമമാണ് നടത്തുന്നത്. ദേശീയ ഗെയിംസിൽ കേരളത്തിനുവേണ്ടി ഗോൾഡ് മെഡൽ വാങ്ങുന്ന കുട്ടികൾക്ക് ഒരു തുക കൊടുക്കുമെന്ന് ഞങ്ങൾ പറഞ്ഞു. 162 മെഡലുകളാണ് കേരളത്തിനു വേണ്ടി വാങ്ങിയത്. നമ്മൾ സർവ്വീസ് ടീമിനോട് കോമ്പീറ്റ് ചെയ്ത് വാങ്ങിയതാണ്. അങ്ങനെ കോമ്പീറ്റ് ചെയ്ത് മെഡൽ വാങ്ങിയ മുഴുവൻ കുട്ടികൾക്കും ജോലി കൊടുക്കുകയാണ്. കുട്ടികൾക്ക് 9 കോടി രൂപ, കോച്ചുകൾക്ക് നൽകുന്ന തുക വേറെയാണ്. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് സമ്മാനം ലഭിച്ച കുട്ടികൾക്ക് 13 കോടി രൂപ ഒരുമിച്ച് കൊടുത്തിട്ടുള്ളത്. ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഇതാദ്യമാണ്. ഞാൻ അപ്പുറത്തുനിന്നും ഇപ്പുറത്തുനിന്നും വെല്ലുവിളിക്കാനോ അല്ലെങ്കിൽ വാശി കാണിക്കാനോ, ഞങ്ങൾ കേമന്മാരാണെന്ന് വരുത്തിവയ്ക്കുന്നതിനു വേണ്ടി ചിലർ നടത്തിക്കൊണ്ടിരിക്കുന്ന ശ്രമംപോലെ ആവർത്തിച്ചുപറയാനുമല്ല ശ്രമിക്കുന്നത്. ഞാൻ ശ്രമിക്കുന്നത് കേരളത്തിന്റെ അഭിമാനത്തിനുവേണ്ടിയാണ്. മെഡൽ നേടിയ കുട്ടികളെ പ്രോത്സാഹിപ്പിക്കാൻ സർക്കാർ അല്ലെങ്കിൽ അവർക്ക് പിന്തുണ കൊടുക്കാൻ നമ്മളല്ലെങ്കിൽ പിന്നെ ആരാണത് കൊടുക്കുന്നത്? അവർക്ക് എവിടെ പോയി രക്ഷപ്പെടാൻ കഴിയും? അതുകൊണ്ട് ആ കുട്ടികളെ നമ്മൾ നന്നായി പ്രോത്സാഹിപ്പിക്കണം. അതിനുവേണ്ടിയുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. റാഞ്ചിയിൽ നമ്മുടെ കുട്ടികൾ മത്സരത്തിൽ പങ്കെടുക്കാൻ പോയി. അവർക്ക് റാഞ്ചിയിലേക്ക് പോകാൻ ട്രെയിൻ ടിക്കറ്റ് ബുക്ക് ചെയ്തു. ടിക്കറ്റ് ബുക്ക് ചെയ്തുകഴിഞ്ഞപ്പോൾ അവിടെ വെള്ളപ്പൊക്കമായതുകൊണ്ട് ട്രെയിനിൽ പോകാൻ പറ്റില്ലായെന്ന സ്ഥിതി വന്നു. അപ്പോൾ ഞങ്ങൾ എന്ത് ചെയ്തു? ആ കുട്ടികൾക്ക് വിമാനത്തിൽ പോകണമെന്ന് പറഞ്ഞപ്പോൾ ഗവൺമെന്റ് കണ്ണടച്ച് തുറക്കുന്ന വേഗത്തിൽ തീരുമാനമെടുത്തു. ഞങ്ങൾ മുഴുവൻ കുട്ടികളെയും റാഞ്ചിയിലേയ്ക്ക് വിമാനത്തിൽ അയച്ചു. ആ കുട്ടികളെല്ലാവരും ചേർന്ന് സ്വർണ്ണകപ്പ് റാഞ്ചിയെടുത്തു കൊണ്ട് കേരളത്തിന്റെ മണ്ണിൽവന്നു. അതാണ് ക്രൈസിസ് മാനേജ്മെന്റ്. ഒരു ഗവൺമെന്റ് അങ്ങനെയാണ് ചെയ്യേണ്ടത്. ഇതിനകത്ത് ഹിന്ദു എത്ര, ക്രിസ്ത്യാനി എത്ര, പാഴ്സി എത്ര, മുസ്ലീം എത്ര ഇതൊന്നുമല്ല ഞങ്ങളുടെ നോട്ടം. കേരളത്തിന് ഇത് അഭിമാനകരമാണോ എന്നാണ് നമ്മൾ നോക്കേണ്ടത്.

ശ്രീ. എ. കെ. ബാലൻ: സർ, ഇത്ര വികാരത്തിൽ ബഹുമാനപ്പെട്ട മന്ത്രി പറയുന്നതിൽ ഞങ്ങളുടെ ഭാഗത്തുനിന്ന് എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ പിൻവലിച്ചിരിക്കുന്നു, അത് തിരുത്താം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് തിരുത്തേണ്ട ഒരു കാര്യവും ഇതുവരെ ചെയ്തിട്ടില്ല. അങ്ങ് തിരുത്തരുതെന്നുള്ളതാണ് ഞങ്ങളുടെ മോഹം. ഞങ്ങൾക്കും ഒരു റോൾ ഉണ്ടാകണ്ടേ? അങ്ങ് തിരുത്തിയാൽ ഞങ്ങൾ എന്തു ചെയ്യും; അതുകൊണ്ട് ഞാൻ തിരുത്തണമെന്ന് പറയില്ല. മാത്രമല്ല അങ്ങ് ആ ചർച്ച കേൾക്കാനായി ഉണ്ടായിരുന്നില്ല. അതുകൊണ്ടാണ് അങ്ങേക്ക് ഈ സംശയം തോന്നിയത്. ആ ചർച്ച ഞാൻ കേട്ടതുകൊണ്ടാണ് എനിക്ക് ഈ വാക്കുകൾകൂടി പറയണമെന്ന് തോന്നിയത്. അത് കാഴ്ചപ്പാടിലെ വ്യത്യാസമാണ്.

ശ്രീ. എ. പ്രദീപ് കുമാർ: സർ, ഞാൻ ബില്ലുമായി ബന്ധമില്ലാതെ ഒരുതരം വ്യക്തിവിരോധം തീർക്കുന്നതുപോലെയാണ് സംസാരിച്ചതെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയാൻ തുടങ്ങിയപ്പോൾ പറഞ്ഞു. ഞാൻ ആ ബില്ലിനകത്ത് നിന്നുകൊണ്ടുതന്നെയാണ് സംസാരിച്ചത്. വേണമെങ്കിൽ അതിന്റെ രേഖ അങ്ങേയ്ക്ക് പരിശോധിക്കാം. അതിന് പുറത്തേയ്ക്കൊന്നും ഞാൻ പോയിട്ടില്ല. എന്റെ വർത്തമാനത്തിന്റെ ശൈലിയുടെ പ്രശ്നത്താൽ അദ്ദേഹത്തിന് എന്തെങ്കിലും തോന്നിയോ എന്നെനിക്ക് അറിയില്ല. വേറെ ഒരു അപരാധവും ഞാൻ പറഞ്ഞിട്ടില്ല. മാത്രമല്ല എനിക്ക് അങ്ങയോട് വ്യക്തിപരമായി ഒരു വിരോധവുമില്ല. അങ്ങയുടെ നിലപാടിനോട് എനിക്ക് വിമർശനമുണ്ട്. ആ വിമർശനം ഞാൻ ശക്തമായി ഉന്നയിച്ചു. കാരണം സ്പോർട്സ് കൗൺസിലിന്റെ കാര്യത്തിനകത്ത് പറയുന്ന ഒരു കാര്യം ഞാൻ അങ്ങയോട് ആവശ്യപ്പെട്ടിരുന്നു. ഗോൾഡ് മെഡൽ നേടിയ ഒരു മത്സ്യത്തൊഴിലാളി കുട്ടിയുടെ നിവേദനത്തിന്റെ കാര്യമാണ് ഞാൻ അങ്ങയുടെ അടുത്ത് പേഴ്സണലായി പറഞ്ഞത്. ആ കുട്ടി വായ്പയെടുത്ത് സൈക്കിൾ വാങ്ങി അതുപയോഗിച്ചാണ് ഗോൾഡ് മെഡൽ നേടിയത്. അത് ശരിയാണ്. ഒരു കോടി രൂപയുടെ കഥ പറയുമ്പോൾ, അങ്ങ് അതുസംബന്ധിച്ച് ഒന്നും പറയുന്നില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ശ്രീ. എ. പ്രദീപ് കുമാർ, സമയമില്ലാത്തതു കൊണ്ടാണ് ഇടയ്ക്ക് എഴുന്നേറ്റത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ... ഇനി ഒരു ബില്ലും രണ്ടുമണിക്കൂർ ചർച്ചയുമുണ്ട്. നേരം വെളുക്കുന്നതുവരെ ഇരിക്കേണ്ടിവരും. അതുകൊണ്ട് അംഗങ്ങൾ നിയന്ത്രിച്ച് സംസാരിക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ അത് സമ്മതിച്ചു. ഞാൻ വ്യക്തിപരമായിട്ടല്ല. നമ്മൾ തമ്മിൽ നല്ല ബന്ധമാണ്. സൗഹൃദം തുടരണം. യാതൊരു വിട്ടുവീഴ്ചയുമില്ലാതെ പോകണം. താങ്കൾ സൈക്കിളിന്റെ കാര്യം പറഞ്ഞു. സ്വന്തമായി ഒരു നല്ല സൈക്കിൾ വാങ്ങാൻ മൂന്നുലക്ഷം രൂപവേണം. ഈ കുട്ടിക്കുമാത്രമല്ല ഇതുപോലെയുള്ള നിരവധി കുട്ടികൾക്ക് ഞങ്ങൾ സ്പോർട്സ് കൗൺസിലിൽനിന്നും സൈക്കിൾ വാങ്ങി കൊടുക്കും. ശ്രീ. എ. പ്രദീപ് കുമാർ മുഖാന്തിരം റിക്വസ്റ്റ് തന്ന കുട്ടിക്കും അർഹതയുണ്ടെങ്കിൽ ഞങ്ങൾ സൈക്കിൾ കൊടുക്കും. അതിൽ ഒരു സംശയവും വേണ്ട. അതും നമ്മൾ ചെയ്യും. ശ്രീ. എ. പ്രദീപ് കുമാർ പറഞ്ഞ മറ്റൊരു കാര്യം ജി.ഒ. നമ്പർ ഇല്ല എന്നുള്ളതാണ്. ഒരു വാക്കുമാത്രം അതിനെക്കുറിച്ച് പറയാം. ജി.ഒ.(പി) നമ്പർ 38/2015/ തീയതി 1-12-2015. അതിനെക്കുറിച്ച് തർക്കം വേണ്ട. ഇവിടെ എല്ലാവർക്കും ഒരു സ്പോർട്സ്മാൻ സ്പിരിറ്റാണ് വേണ്ടത്. നമുക്ക് ഇതിനകത്ത് യോജിക്കാവുന്ന ഒത്തിരി സാഹചര്യങ്ങളുണ്ട്. അത് യോജിച്ച് ഭംഗിയാക്കണം. 2016-ൽ ആ ലക്ഷ്യത്തിലേക്ക് പോകണം. ഇവിടെ നിർദ്ദേശങ്ങൾ വച്ച ആളുകളോട് ഞാൻ എന്റെ നന്ദി രേഖപ്പെടുത്തുന്നു. ഇനി ഇക്കാര്യത്തിൽ എന്തെങ്കിലും പുതിയ നിർദ്ദേശമുണ്ടെങ്കിൽ സബ്ജക്ട് കമ്മിറ്റി തലത്തിൽ പരിഗണിക്കാവുന്നതാണ്. അങ്ങനെ കുറ്റമറ്റ രൂപത്തിൽ ഈ ബിൽ നിയമസഭയിൽ മടങ്ങിവന്ന് നിയമമാക്കുന്നതിനുവേണ്ടി സഹായിക്കണം.

മി. സ്പീക്കർ: ശ്രീ. എ. പ്രദീപ് കുമാർ, അങ്ങ് അവതരിപ്പിച്ച നിരാകരണപ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. പ്രദീപ് കുമാർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. എ. പ്രദീപ് കുമാർ അവതരിപ്പിച്ച നിരാകരണപ്രമേയം സഭ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ, അങ്ങയുടെ 1(എ) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. അജിത്, അങ്ങയുടെ 2(ബി) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. അജിത്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. ഷാഫി പറമ്പിൽ, ശ്രീ. കെ. അജിത് എന്നീ അംഗങ്ങൾ

അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മി. സ്പീക്കർ: 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനക്കയയ്ക്കണമെന്ന പ്രമേയത്തെ...........

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനക്കയയ്ക്കണമെന്ന പ്രമേയം പാസ്സായിരിക്കുന്നു.

ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

## 2. 2015-ലെ കേരള ഹർത്താൽ നിയന്ത്രണ ബിൽ

മി. സ്പീക്കർ: ബിൽ സംബന്ധിച്ച് ശ്രീ. എ. കെ. ബാലൻ, ശ്രീ. ഇ. പി. ജയരാജൻ, ശ്രീ. കെ. സുരേഷ് കുറുപ്പ് എന്നിവർ ഒബ്ജക്ഷൻ തന്നിട്ടുണ്ട്.

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇന്ന് സഭയിൽ അവതരിപ്പിക്കുന്ന 2015-ലെ കേരള ഹർത്താൽ നിയന്ത്രണ ബിൽ ഭരണഘടനയുടെ ആർട്ടിക്കിൾ 19(1)(A)-യ്ക്കെതിരാണ്. പ്രതിഷേധം പ്രകടിപ്പിക്കുക എന്ന ഒരു പൗരന്റെ ഭരണഘടനാദത്തമായ അവകാശത്തെ ആർട്ടിക്കിൾ 19(2)-ന്റെ ദുരുദ്ദേശപരമായ വ്യാഖ്യാനത്തിലൂടെ നിയന്ത്രിക്കുന്ന ഈ ബില്ലിന്റെ ഒബ്ജക്ഷനാണ് ഞാൻ അവതരിപ്പിക്കുന്നത്. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി നേരത്തെ 'കാപ്പാ' ഭേദഗതി ഇവിടെ അവതരിപ്പിക്കുമ്പോൾ ഇത് ദുരുപയോഗം ചെയ്യുമെന്ന് ഞങ്ങൾ പ്രതിപക്ഷത്തുനിന്ന് ഇടപെട്ട് പറയുകയുണ്ടായി. ഒരു രൂപത്തിലും ഇത് പൊതുപ്രവർത്തകർക്കെതിരായി ഉപയോഗിക്കില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എന്നാൽ ക്യാൻസർ രോഗിയായ ഒരു യുവജന ഫെഡറേഷൻ നേതാവിനെതിരെയടക്കം കാപ്പാ നിയമം ഉപയോഗിച്ച അനുഭവം എന്റെ ജില്ലയിലുണ്ട്. അപ്പോൾ അതിനെക്കാളും ക്രൂരമായ രൂപത്തിലായിരിക്കും ഇതിന്റെ ദുരുപയോഗം എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇതിന്റെ നിർവ്വചനം നോക്കിയാൽ 'അക്രമം ഉണ്ടാകുമെന്ന ആശങ്ക ഉണ്ടാക്കിയാൽ കുറ്റമാണ്'. ആരാണ് ആശങ്ക ഉണ്ടാക്കുന്നത്; ആരാണ് റെക്കഗ്നൈസ് ചെയ്യുക എന്നുള്ളത് എനിക്കറിയില്ല. മാനസികമായി ഭീഷണിപ്പെടുത്തിയാൽ ഇതിന്റെ നിർവ്വചനത്തിൽ ഉൾപ്പെടും. മാനസികമായി ഭീഷണിപ്പെടുത്തുന്നതിന്റെ അളവുകോൽ എന്താണ്, ആരാണ് നിശ്ചയിക്കുന്നത്? ഗവൺമെന്റിന് ഹർത്താൽ നിരോധിക്കാനുള്ള അവകാശം ഇതിൽ കൊടുക്കുകയാണ്. നമ്മുടെ രാജ്യത്തെ ജനാധിപത്യ വ്യവസ്ഥയുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു അടിസ്ഥാനശിലയാണ് ഫണ്ടമെന്റൽ

റൈറ്റ്. ഭരണഘടനാ കോൺസ്റ്റിറ്റ്യന്റ് അസംബ്ലിയിൽ ഇത് ചർച്ച ചെയ്യുന്ന സമയത്ത് നമ്മുടെ രാജ്യത്തിലെ ഹർത്താലുകളുടെയും ബന്ദിന്റെയും പൊതു പണിമുടക്കിന്റെയും ഭാഗമായിട്ടാണ് രാജ്യം സ്വാതന്ത്ര്യം നേടിയത്. അതുകൊണ്ടു തന്നെ ജനങ്ങൾ സംഘടിച്ച് പ്രക്ഷോഭവും സമരവും നടത്തുന്നത് ഭരണഘടനയുടെ ഭാഗമാണ്. അതാണ് ഇവിടെ ഇല്ലാതാകാൻ പോകുന്നത്. എന്ത് good faith-ലാണ് ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ pilot ചെയ്യുന്നതെങ്കിൽപ്പോലും ഇതിന്റെ consequences-ന് ഭരണകക്ഷിയും പ്രതിപക്ഷവും വലിയ വില നൽകേണ്ടിവരും. ബില്ലിന്റെ ഉദ്ദേശ കാരണങ്ങളുടെ വിവരണത്തിൽ പറയുന്നതുപോലെ ഹർത്താലുകൾ നിരോധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഹർജികളുണ്ടായിരുന്നു എന്നത് സത്യമാണ്. ഹർജി പരിഗണിച്ച ഹൈക്കോടതിയിലെ മൂന്നംഗ ഡിവിഷൻ ബഞ്ച്, ഹർത്താലുകൾ നിരോധിക്കാൻ കഴിയില്ലെന്ന് അസന്നിഗ്ദ്ധമായി വ്യക്തമാക്കിയിട്ടുണ്ട്. ഭരണഘടനയുടെ ആർട്ടിക്കിൾ 19(2)-ന് അനുസൃതമായി ന്യായമായ നിയന്ത്രണങ്ങൾ കൊണ്ടുവരാനുള്ള സാധ്യതകൾ ഈ നിയമനിർമ്മാണസഭ പരിശോധിക്കണം എന്നുമാത്രമേ ഉദ്ദേശിച്ചിട്ടുള്ളൂ. അതനുസരിച്ച് ഇപ്പോൾ ഗവൺമെന്റ് കൊണ്ടുവന്ന ഈ ബിൽ ആർട്ടിക്കിൾ 19(1)(എ)-ക്ക് എതിരാണ്. ഹർത്താലുകൾ ആചരിക്കപ്പെടുന്നതിലൂടെ 19(2)-ൽ പറഞ്ഞിരിക്കുന്ന ഭാരതത്തിന്റെ പരമാധികാരം, അഖണ്ഡത എന്നിവയുടെയോ രാഷ്ട്രത്തിന്റെ സുരക്ഷിതത്വത്തിന്റെയോ വിദേശരാഷ്ട്രങ്ങളുമായുള്ള സുഹൃദ്ബന്ധങ്ങളുടെയോ പൊതു സമാധാനത്തിന്റെയോ സഭ്യതയുടെയോ സാന്മാർഗികതയുടെയോ താല്പര്യങ്ങളെ യാതൊരു തരത്തിലും ബാധിക്കുന്നില്ല. ഇതിൽ ഗവൺമെന്റ് എടുത്തുപറയുന്നത് പൊതുസമാധാനം എന്ന താൽപ്പര്യം സംരക്ഷിക്കപ്പെടാനാണ് ഹർത്താലുകൾക്ക് നിയന്ത്രണം കൊണ്ടുവരുന്നത് എന്നാണ്. ഹർത്താലുകൾ ആചരിക്കപ്പെടുമ്പോൾ അത് public order-നെ ഒരു തരത്തിലും ബാധിക്കുന്നില്ല. ഹർത്താൽ ആചരിക്കാൻ ആഹ്വാനം നൽകുക എന്നാൽ അത് അക്രമം അഴിച്ചുവിടാനോ സമൂഹത്തിൽ അസമാധാന അന്തരീക്ഷം സൃഷ്ടിക്കുന്നതിനോ ഉള്ള ആഹ്വാനമല്ല. സമാധാനപരമായി ഒരു പൗരന്റെ പ്രതിഷേധം പ്രകടിപ്പിക്കുക എന്ന സന്ദേശമാണ് അതിലൂടെ നൽകപ്പെടുന്നത്. 1962-ലെ കാമേശ്വർ പ്രസാദ് കേസിൽ സുപ്രീം കോടതി പബ്ലിക് ഓർഡറിനെ നിർവചിച്ചിരിക്കുന്നത് public order is synonymous with public safety and tranquillity എന്നാണ്. അതുകൊണ്ട് ഹർത്താലുകൾക്ക് ആർട്ടിക്കിൾ 19(2) പ്രകാരം നിയന്ത്രണങ്ങൾ കൊണ്ടുവരുന്നത് ഭരണഘടനാ വിരുദ്ധമായിരിക്കും. ഹൈക്കോടതി വിധിയിൽ പറഞ്ഞത് the State Government may also consider framing of a comprehensive legislation എന്നുമാത്രമാണ്. ഇത് നിരോധിക്കാൻ വേണ്ടിയുള്ളതല്ല. മാത്രമല്ല, മാൻഡേറ്ററിയായി പറഞ്ഞിട്ടുമില്ല.

മി. സ്പീക്കർ: ശ്രീ. എ. കെ. ബാലൻ, പ്ലീസ് കൺക്ലൂഡ്..

ശ്രീ. എ. കെ. ബാലൻ: സർ, അവസാനിപ്പിക്കാം. മേൽപ്പറഞ്ഞതിന്റെ പശ്ചാത്തലത്തിൽ ഇത്തരമൊരു ബിൽ ഇവിടെ അവതരിപ്പിക്കാൻ പാടില്ല. ഇത് ഭരണഘടനാ വിരുദ്ധമാണ്, ഇത് boomerang ആകും. ബഹുമാനപ്പെട്ട അങ്ങ് കൊണ്ടുവന്ന കാപ്പയുടെ മറ്റൊരു പതിപ്പാകും ഈ ബിൽ.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, കാപ്പ ബിൽ കൊണ്ടുവന്നത് ഞാനല്ല, ശ്രീ. കോടിയേരി ബാലകൃഷ്ണനാണ്.

ശ്രീ. എ. കെ. ബാലൻ: സർ, നിങ്ങൾ ഭേദഗതി കൊണ്ടുവന്ന് 6 മാസം എന്നത് ഒരു വർഷമാക്കി. അന്ന് അത് അപകടമാണെന്ന് ഞാൻ നിരവധി തവണ പറഞ്ഞിരുന്നു. അതിന്റെ ഭാഗമായി എത്ര നിരപരാധികളാണ് കോടതിയിൽ കയറിയിറങ്ങുന്നത്. ഈ ബില്ലിന്റെ ഭാഗമായി ബന്ദ് നടത്തുന്നു എന്നൊരു സംശയം പോലീസിന് തോന്നിയാൽ ആ പ്രദേശത്തെ സമരവുമായി ബന്ധപ്പെട്ട എല്ലാ ശക്തികളെയും എക്സിക്യൂട്ടീവ് അധികാരമുപയോഗിച്ച് അടിച്ചമർത്തും. പോലീസ് സ്റ്റേഷനുകളിൽ ചോരക്കളമാണ് ഉണ്ടാകാൻ പോകുന്നത്. കേരളത്തിൽ നിയമസമാധാനം സംരക്ഷിക്കലല്ല, നിയമസമാധാനത്തിന്റെ ഏറ്റവും വലിയ ലംഘനമായാണ് ഇത് മാറാൻ പോകുന്നത്. മുമ്പ് ചുമട്ടുതൊഴിലാളിക്കെതിരായി നിയമം കൊണ്ടുവന്ന് കേരളത്തിന്റെ പൊതുസമൂഹത്തെ ആകർഷിച്ചാൽ ജനങ്ങളുടെ വോട്ട് കിട്ടുമെന്ന് വിചാരിച്ചു, കിട്ടിയില്ല. മദ്യനിരോധനത്തിന്റെ ഭാഗമായി ശ്രീ. എ. കെ. ആന്റണിയുടെ കാലഘട്ടത്തിൽ മദ്യം നിരോധിച്ചു, എന്നിട്ടും വോട്ട് കിട്ടിയില്ല. ഇപ്പോൾ പഞ്ചായത്ത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് നിങ്ങൾക്കുണ്ടായ ചെറിയ നഷ്ടം കൂടുതലാകാതിരിക്കാൻവേണ്ടി ഹർത്താലിനെതിരാണ് കേരളീയസമൂഹം എന്ന ധാരണ മനസിൽ വച്ച് ജനങ്ങളെ ആകർഷിക്കാനാണ് ഈ ബിൽ കൊണ്ടുവരുന്നതെങ്കിൽ അതിദയനീയമായ പരാജയമായിരിക്കും നിയമസഭാ തെരഞ്ഞെടുപ്പിൽ ഈ ബിൽ വഴി നിങ്ങൾക്കുണ്ടാകുന്നത് എന്ന സന്ദേശം നിങ്ങളെ രക്ഷിക്കുന്നതിനുവേണ്ടി ഞാൻ ഉപദേശിക്കുന്നു എന്ന് കരുതിയാൽ മതി. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ ഇപ്പോൾത്തന്നെ പിൻവലിക്കണം. ഇത് ഭരണഘടനയുടെ ആർട്ടിക്കിൾ 19 ഉറപ്പുനൽകുന്ന മൗലികാവകാശത്തിന് എതിരാണ്. അതുകൊണ്ട് ഈ ബിൽ പിൻവലിക്കണമെന്നുള്ളതാണ് എന്റെ ആവശ്യം.

ശ്രീ. ഇ. പി. ജയരാജൻ: സർ, ഇവിടെ അവതരിപ്പിക്കുന്ന 2015-ലെ കേരള ഹർത്താൽ നിയന്ത്രണ ബിൽ ശ്രീ. എ. കെ. ബാലൻ ചൂണ്ടിക്കാണിച്ചതുപോലെ ഇന്ത്യൻ ഭരണഘടനയുടെ മൗലികതത്വങ്ങൾക്കുതന്നെ എതിരായിട്ടുള്ളതാണ്. ആർട്ടിക്കിൾ 19(1)(എ) യിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ആശയ പ്രകടനത്തിനുള്ള സ്വാതന്ത്ര്യത്തിനുനേരെയുള്ള കയ്യേറ്റമാണ്. ഇത് ജനാധിപത്യപരമായിട്ടുള്ള

ആശയപ്രചരണത്തെ നിയന്ത്രിക്കുകയും അടിച്ചമർത്തുകയും ചെയ്യും. ഇപ്പോൾ ഇങ്ങനെയൊരു നിയമം പാസാക്കുന്നത് എന്തിനാണ്? കേരളത്തിലെ രാഷ്ട്രീയ അന്തരീക്ഷം ഇപ്പോൾ വടക്കേ ഇന്ത്യൻ സംസ്ഥാനങ്ങളിൽ നടക്കുന്നതുപോലുള്ള സംഭവങ്ങൾക്കെതിരായിട്ടുള്ളതല്ല. ഇതൊരു പൊതുസമരമാണ്. തൊഴിലാളികൾക്ക് പണിമുടക്കാനുള്ള അവകാശമുണ്ട്. അത്തരം പണിമുടക്കുകളെ നിരോധിക്കുന്നതിന്റെ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്ന ഒരു ബില്ലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഇത് ഭരണഘടനാ വിരുദ്ധവും ജനാധിപത്യ വിരുദ്ധവുമാണ്. പൂർണ്ണമായും ഹർത്താലുകൾ നിരോധിക്കുന്ന വ്യവസ്ഥയാണ് നിർദ്ദിഷ്ട ബില്ലിലെ സെക്ഷൻ 5-ൽ ചേർത്തിരിക്കുന്നത്. ഈ സെക്ഷൻ നിലനിർത്തിക്കൊണ്ട് ഈ ബിൽ അവതരിപ്പിക്കുന്നത് ഭരണഘടനാ വിരുദ്ധമാണ്. അടുത്ത കാലത്ത് കേരള ഹൈക്കോടതിയുടെയും സുപ്രീം കോടതിയുടെയും വിധികൾ തന്നെ ഇക്കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. നമ്മുടെ പൂർവകാല ചരിത്രം പരിശോധിച്ചാൽ ഇന്ത്യയിൽ ആദ്യം ഹർത്താൽ പ്രഖ്യാപിച്ചത് മഹാത്മാഗാന്ധിയാണ്. 1919-ൽ ഇന്ത്യൻ സ്വാതന്ത്ര്യ സമര കാലഘട്ടത്തിൽ ഇന്ത്യൻ ദേശാഭിമാനികളെ കരുതൽ തടങ്കൽ നിയമമനുസരിച്ച് അറസ്റ്റ് ചെയ്ത് ജയിലിലടച്ചു. ആ നിയമത്തിനെതിരായി മഹാത്മാഗാന്ധിയാണ് ഹർത്താൽ പ്രഖ്യാപിച്ച് സമരം നടത്തിയത്. 'ഹർത്താൽ' ഗുജറാത്തി ഭാഷയിൽനിന്ന് രൂപപ്പെട്ട് വന്നതാണ്. നിങ്ങൾ ഗാന്ധിസം ഉപേക്ഷിച്ചുപോകുന്ന വഴിയിലായതുകൊണ്ടും ഹർത്താലിനെ തെറ്റായി ധരിച്ചും നിങ്ങളൊരു നിലപാട് സ്വീകരിക്കുകയാണ്. ലോകത്തിലെ എല്ലാ ഭരണാധികാരികളും അവരുടെ അധികാരം നിലനിർത്താൻ പോലീസിനെയും പട്ടാളത്തെയും കോടതിയെയും നിയമത്തെയും ഉപയോഗിച്ചിട്ടുണ്ട്. ഭരണം നിലനിർത്താൻ നിയമങ്ങൾ പാസാക്കും. ആ നിയമവും നിയമസഭയിലുള്ള ഭൂരിപക്ഷവും ഉപയോഗിച്ച് നിയമനിർമ്മാണം നടത്തി രാഷ്ട്രീയ എതിരാളികളെ അടിച്ചമർത്തുകയെന്ന നിലപാട് സ്വീകരിക്കുന്നു. അതുകൊണ്ട് ജനാധിപത്യത്തെയും പൗരാവകാശത്തെയും അടിച്ചമർത്താൻ വേണ്ടിയുള്ള നിയമമാണിത്. ഇന്ത്യൻ ഭരണഘടനയുടെ നിർമ്മാണ വേളയിൽ ഭരണഘടനാ ശില്പിയായ ഡോ. ബി. ആർ. അംബേദ്കർ ചൂണ്ടിക്കാണിച്ചിട്ടുള്ള ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. Extra parliamentary struggles are necessary in a democracy like India എന്നാണ് പറഞ്ഞിട്ടുള്ളത്. അങ്ങ് ഇത് ശ്രദ്ധിക്കുന്നത് നന്നായിരിക്കും. ഇപ്പോൾ ഡോ. ബി. ആർ. അംബേദ്കറുടെ 125-ാം ജന്മശതാബ്ദി ആഘോഷിക്കുന്ന കാലഘട്ടമാണ്. അതുകൊണ്ട് ആ ഭരണഘടനയെ നിങ്ങൾ ദുർവ്യാഖ്യാനം ചെയ്ത് സങ്കുചിത താൽപ്പര്യങ്ങൾക്കുവേണ്ടി ജനങ്ങൾക്കെതിരായി ഇത്തരമൊരു കരി നിയമം സ്വീകരിക്കാൻ പാടില്ല. ഒരു ഹർത്താലുണ്ടാകുന്നത് എപ്പോഴാണ്?

3.00 PM]

നിങ്ങൾ ഇതിൽ നിർദ്ദേശിച്ചിരിക്കുന്ന വകുപ്പുകളൊക്കെ എത്രയോ ദുർബലമാണ്. തൊഴിലാളികൾ അവസാന ആയുധമായാണ് പണിമുടക്ക് നടത്തുന്നത്. പണിമുടക്കിയാൽ അവരുടെ എല്ലാ ആനുകൂല്യങ്ങളും നഷ്ടപ്പെടുമെന്നും അവർക്കറിയാം. പക്ഷേ മറ്റ് മാർഗ്ഗങ്ങളില്ലാതെ വരുമ്പോഴാണ് പണിമുടക്കുന്നത്. പണിമുടക്കിയിട്ടും രക്ഷയില്ലാതെ വരുമ്പോൾ കൂട്ടായ പ്രതിഷേധമാണ്.

മി. സ്പീക്കർ: ശ്രീ. ഇ. പി. ജയരാജൻ, അഞ്ച് മിനിട്ട് കഴിഞ്ഞു. ഇതിനുശേഷം രണ്ട് മണിക്കൂർ ചർച്ചയുണ്ട്.

ശ്രീ. ഇ. പി. ജയരാജൻ: സർ, ഇത് അത്യന്തം അപകടകരമായ നിലയിലേയ്ക്കാണ് പോകുന്നതെന്നാണ് ഞാൻ പറയുന്നത്. മറ്റ് മാർഗ്ഗങ്ങളൊന്നും ഇല്ലാതെവരുമ്പോഴാണ് ഹർത്താൽ എന്ന സമരരൂപം സ്വീകരിക്കുന്നത്. 1997-ൽ ഭരത് കുമാർ Vs. കേരള സംസ്ഥാനം എന്ന കേസിന്റെ വിധിയിൽ ബന്ദ് നിരോധിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി ചൂണ്ടിക്കാണിച്ചിട്ടുള്ളത് ബന്ദും ഹർത്താലും തമ്മിൽ വ്യക്തമായ വ്യത്യാസമുണ്ടെന്നാണ്. ബന്ദ് അടിവരയിട്ടാണ് കോടതി പറഞ്ഞത്. എന്നാൽ സമാധാനപരമായ നിസ്സഹകരണ സമരമാണ് ഹർത്താൽ. അതുകൊണ്ട് ഹർത്താൽ നടത്തിയാൽ സമാധാനത്തിന് ഭംഗം വരികയില്ല അഥവാ ഭംഗം വന്നാൽ അതിനെതിരെ നടപടി സ്വീകരിക്കാൻ ഇവിടെ കേരളാ പോലീസ് ആകും കെ.പി.ഡബ്ല്യു.ആർ.എ.പി. ആകുമുണ്ട്. അത്തരം സംഭവങ്ങളിൽ നിയമം അനുസരിച്ച് നടപടി എടുക്കാം. ബഹുമാനപ്പെട്ട സുപ്രീം കോടതിയും കേരളാ ഹൈക്കോടതിയും ഇക്കാര്യം പരാമർശിച്ചിട്ടുണ്ട്. 2014 ഒക്ടോബർ മാസം 29-ാം തീയതിലെ കേരള ഹൈക്കോടതി വിധിയിലും 2015 മാർച്ച് 13-ന് ബഹുമാനപ്പെട്ട സുപ്രീം കോടതി ചീഫ് ജസ്റ്റിസ് എച്ച്.എൽ.ദത്ത് അദ്ദേഹത്തിന്റെ പ്രശസ്തമായ വിധിന്യായത്തിലും ഹർത്താൽ നിരോധനം അസാദ്ധ്യമാണെന്ന് വിധിച്ചിട്ടുണ്ട്. ഇന്ത്യയുടെ പരമോന്നത നീതിപീഠം ഹർത്താൽ നിരോധിക്കുന്നത് ശരിയല്ലെന്ന് ചൂണ്ടിക്കാണിച്ചിട്ടും ആ കോടതി വിധിയെയെല്ലാം ലംഘിച്ചുകൊണ്ട് നിയമനിർമ്മാണത്തിന് ഒരുങ്ങുകയാണ്. ബഹുമാനപ്പെട്ട സുപ്രീം കോടതി വിധി Law of the land ആണ്. അതിനെ മറികടന്ന് നിങ്ങളുടെ അധികാരം ഉറപ്പിക്കാൻ, നിങ്ങളെ വിമർശിക്കുന്നവരെ കൂച്ചുവിലങ്ങിടാൻ, അവരുടെ നാവടപ്പിക്കാൻ, കൂട്ടായ പ്രതിഷേധത്തെ അധികാരം ഉപയോഗിച്ചുകൊണ്ട് ചെറുക്കാൻ നിങ്ങൾ നിയമസഭയിലെ ഭൂരിപക്ഷം ഉപയോഗിച്ചുകൊണ്ട് ഒരു നിയമനിർമ്മാണത്തിന് ഒരുങ്ങുകയാണ്. ഇത് അത്യന്തം അപകടകരമാണെന്നും ഇക്കാര്യങ്ങൾ പരിശോധിക്കണമെന്നും ഞാൻ ആവശ്യപ്പെടുന്നു. ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. ഇ.പി. ജയരാജൻ, 8 മിനിട്ടായി.

ശ്രീ. ഇ.പി. ജയരാജൻ: സർ, ബഹുമാനപ്പെട്ട മന്ത്രിക്ക് കുറച്ചുകൂടി ചിന്തിക്കാനുള്ള വഴികൾ തുറന്നുകൊടുക്കുകയാണ്. അങ്ങ് അസഹിഷ്ണുത പ്രകടിപ്പിക്കരുത്. ഇത് അസഹിഷ്ണുതയുടെ കാലമാണ്. എല്ലാവർക്കും അസഹിഷ്ണുതയാണ്. 2006 മുതൽ 2011 വരെ എൽ.ഡി.എഫ്. ഗവൺമെന്റ് ഭരിച്ചിരുന്ന കാലത്ത് യു.ഡി.എഫ്. 40 ഹർത്താലുകളാണ് നടത്തിയത്. ശ്രീ. രമേശ് ചെന്നിത്തലയാണ് ഹർത്താലുകൾ പ്രഖ്യാപിച്ചത്. അധികാരം സുരക്ഷിതമാക്കാൻ നിങ്ങളുടെ അധികാരം ഉപയോഗിച്ചുകൊണ്ട് പാസ്സാക്കാൻ ശ്രമിക്കുന്ന ഈ ബിൽ ഈ നിലയിൽ ജനാധിപത്യ വിരുദ്ധവും ഭരണഘടനാ വിരുദ്ധവും കേരള സമൂഹത്തിന്റെ പ്രതിഷേധിക്കാനുള്ള സ്വാതന്ത്ര്യത്തെ അടിച്ചമർത്താനുമുള്ള കരി നിയമമാണ്. ഇത് ജനങ്ങളുടെ സ്വാതന്ത്ര്യത്തിനും അഭിപ്രായ സ്വാതന്ത്ര്യത്തിനും ഹാനികരമാണ്. അതുകൊണ്ട് ഈ നിയമം ഉപേക്ഷിക്കണമെന്നാണ് എനിക്ക് വിനയപുരസ്സരം അപേക്ഷിക്കാനുള്ളത്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ജനാധിപത്യവിരുദ്ധവും ഭരണഘടനയുടെ അടിസ്ഥാന തത്വങ്ങൾക്ക് എതിരായിട്ടുള്ളതുമായ നിയമമാണിത്. ഭരണഘടനയുടെ ബേസിക് സ്ട്രക്ച്ചറിന് എതിരായി നിയമം നിർമ്മിക്കാൻ പാർലമെന്റിനോ നിയമസഭയ്ക്കോ അധികാരമില്ല. ഭരണഘടന ഉറപ്പ് നൽകുന്ന മൗലികാവകാശങ്ങളുടെയും സംഘടിക്കാനും സമരം ചെയ്യാനുമൊക്കെയുള്ള സ്വാതന്ത്ര്യത്തിന്റെ പൂർണ്ണമായ നിഷേധവുമാണ് ഈ ഹർത്താൽ നിയന്ത്രണ ബിൽ എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുകൊണ്ട് തന്നെ ഇത്തരം ഒരു ബിൽ ഇവിടെ പാസ്സാക്കാൻ അങ്ങ് അനുവദിക്കരുതെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. ശ്രീ. ഇ. പി. ജയരാജൻ ചൂണ്ടിക്കാണിച്ചതുപോലെ, മഹാത്മാ ഗാന്ധി ദക്ഷിണാഫ്രിക്കയിൽനിന്നും തിരിച്ചുവന്ന് 1919-ൽ റൗലറ്റ് ആക്ടിന് എതിരായിട്ടാണ് ഹർത്താൽ എന്ന വാക്ക് തന്നെ ഇന്ത്യൻ രാഷ്ട്രീയത്തിലേക്ക് കൊണ്ടുവന്നത്. ഹർത്താൽ എന്നത് ഒരു ഗുജറാത്തി പദമാണ്. കടകൾ അടച്ചും ജനങ്ങൾ വീടിന് പുറത്തിറങ്ങാതെയും പരിപൂർണ്ണമായി ഭരണകൂടത്തോട് നിസ്സഹകരിച്ചുകൊണ്ട് ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന് എതിരായ ഇന്ത്യാക്കാരന്റെ പ്രതിഷേധം പ്രകടിപ്പിക്കണമെന്നാണ് മഹാത്മാഗാന്ധി പറഞ്ഞത്. അങ്ങനെ റൗലറ്റ് ആക്ടിന് എതിരായ ഹർത്താലിന് ശേഷം സൈമൺ കമ്മീഷനെ ബഹിഷ്കരിക്കുന്നതിനു വേണ്ടിയുള്ള ഹർത്താലുകൾ ഉൾപ്പെടെ ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ഏടുകളിൽ മഹാത്മാഗാന്ധി നേതൃത്വം കൊടുത്ത, ആഹ്വാനം ചെയ്ത ധാരാളം ഹർത്താലുകളുണ്ട്. ഇത് മഹാത്മാഗാന്ധിയുടെ സ്മരണയോട് ചെയ്യുന്ന നന്ദികേടാണ്. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ പൈതൃകത്തോട് കാണിക്കുന്ന

ഏറ്റവും വലിയ ധിക്കാരമാണ്. ഇന്ത്യാരാജ്യത്തിന്റെ ജനാധിപത്യ വ്യവസ്ഥയുടെ കടയ്ക്കൽ കത്തിവയ്ക്കുന്ന നിയമമാണ് ഇതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഏത് കോടതിയാണ് ഹർത്താൽ നിരോധിക്കണമെന്ന് പറഞ്ഞത്? ബഹുമാനപ്പെട്ട സുപ്രീംകോടതി ഹർത്താൽ നിരോധിക്കാൻ പറ്റില്ലെന്നും നിയന്ത്രണങ്ങൾ ഉണ്ടാകണമെന്നുമാണ് പറഞ്ഞത്. ഈ ബിൽ നിയമമാകുന്നതോടെ നാട്ടിൽ ആര്, ഏത് പ്രതിഷേധ പ്രകടനത്തിന് ഹർത്താൽ ആഹ്വാനം ചെയ്താലും അത് നിരോധിക്കാനുള്ള അധികാരം ഈ ഗവൺമെന്റിന് കിട്ടുകയാണ്. ഇന്ന് നിലവിലുള്ള നിയമങ്ങളായ ഐ.പി.സി.-യും ക്രിമിനൽ നടപടി പ്രകാരവും ഏത് കുറ്റത്തിനാണ് കേസ്സെടുക്കാൻ കഴിയാത്തത്? ഹർത്താലുമായി ബന്ധപ്പെട്ട അനിഷ്ട സംഭവങ്ങൾ ഉണ്ടായാൽ നിലവിലുള്ള ക്രിമിനൽ നിയമ പ്രകാരം ഏത് പോലീസിനും എവിടെയും കേസ് എടുക്കാമെന്നിരിക്കെ ഹർത്താലിന് എതിരായി ഇപ്പോൾ ഇത്തരത്തിൽ ഒരു നിയമം കൊണ്ടുവന്നതിന്റെ കാര്യമെന്താണ്? അഴിമതിക്കാരനായ കെ. എം. മാണി രാജിവയ്ക്കണമെന്നാവശ്യപ്പെട്ടാണ് കേരളത്തിൽ കഴിഞ്ഞ ഹർത്താൽ നടത്തിയത്. അടുത്ത ഹർത്താൽ കെ. ബാബുവിനെ പുറത്താക്കണമെന്നാവശ്യപ്പെട്ട് നടക്കുന്നതാണ്. ആ ഹർത്താൽ നിരോധിക്കുന്നതിന് മുന്നോടിയായിട്ടാണ് ഇവിടെ ഇങ്ങനെ ഒരു നിയമം കൊണ്ടുവന്നിരിക്കുന്നത്. ഇത് ജനാധിപത്യ വിരുദ്ധവും ഭരണഘടനാ വിരുദ്ധവുമാണ്. ഈ നിയമം, ഇന്ത്യാ രാജ്യത്തെ ജനങ്ങൾക്ക് ആർട്ടിക്കിൾ 19 ഉറപ്പ് നൽകുന്ന മൗലികാവകാശങ്ങൾക്കും അതുപോലെ സംഘടിക്കാനും സമരം ചെയ്യാനുമുള്ള സ്വാതന്ത്ര്യത്തിനും എതിരാണ്. പനി വന്നപ്പോൾ ഹർത്താലിന് ആഹ്വാനം ചെയ്തവരാണ് ഇത്തരത്തിൽ ഒരു നിയമം കൊണ്ടുവരുന്നത്. ഇത് പ്രതിപക്ഷത്തിന് എതിരായി ഉപയോഗിക്കാൻ വേണ്ടി ഈ ഗവൺമെന്റിന്റെ അന്ത്യനാളുകളിൽ കൊണ്ടുവന്നിട്ടുള്ള നിയമമാണ്. ഗവൺമെന്റിന് ഇങ്ങനെ ഒരു നിയമം കൊണ്ടുവരാനുള്ള അധികാരമുണ്ടോ? തെരഞ്ഞെടുപ്പിന് ഇനി 5 മാസം മാത്രമുള്ളപ്പോൾ ഗവൺമെന്റ് ഇത്തരം ഒരു കരിനിയമം കൊണ്ടുവരുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണ്? അതുകൊണ്ട് ഈ നിയമം ഇവിടെ ചർച്ച ചെയ്യാനും പാസ്സാക്കാനും അങ്ങ് ചെയറിൽ ഇരിക്കുമ്പോൾ അനുവദിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇൻഡ്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 19(2) ശ്രദ്ധിച്ചാൽ നമുക്ക് ഇവിടെ ഉന്നയിച്ച വാദമുഖങ്ങൾ ശരിയല്ലായെന്ന് മനസ്സിലാകും. ഇൻഡ്യൻ ഭരണ ഘടനയുടെ ആർട്ടിക്കിൾ 19(2)-ൽ പറയുന്നത് 'Nothing in sub clause (a) of clause (1) shall effect the operation of any existing law, or prevent the State from making any law, in so far as such law imposes reasonable restrictions

on the exercise of the right conferred by said sub-clause in the interests of the sovereignty and integrity of India, the security of the State, friendly relations with foreign States, public order, decency or morality or in relation to the contempt the court, defamation or incitement to an offence.' എന്നാണ്. ശ്രീ. എ. കെ. ബാലനും ശ്രീ. ഇ. പി. ജയരാജനും ശ്രീ. സുരേഷ് കുറുപ്പും പറഞ്ഞ കാര്യങ്ങൾ വളരെ ശ്രദ്ധാപൂർവ്വം ഞാൻ കേൾക്കുകയായിരുന്നു.

ശ്രീ. എ. കെ. ബാലൻ: സർ,......

മി. സ്പീക്കർ: ബഹുമാനപ്പെട്ട എ. കെ. ബാലൻ, മന്ത്രി പറയട്ടെ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇൻഡ്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 19 വളരെ പ്രധാനപ്പെട്ട ചില അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും നമ്മുടെ പൗരന്മാർക്ക് നൽകുന്നുണ്ട്. ഇൻഡ്യൻ ഭരണഘടനയുടെ ഏറ്റവും പ്രധാനപ്പെട്ടതും സുപ്രധാനമായ ഒരു കാര്യം പൗരന് ഭരണഘടന അനുവദിച്ചുനൽകുന്ന അധികാരങ്ങളും അവകാശങ്ങളുമാണ്. പ്രസ്തുത സ്വാതന്ത്ര്യങ്ങളും അവകാശങ്ങളുമെല്ലാംതന്നെ രാഷ്ട്രസുരക്ഷ, പൊതുസമാധാനം, സാന്മാർഗ്ഗികത തുടങ്ങിയ കാര്യങ്ങൾ പരിഗണിച്ച് ന്യായമായ നിയന്ത്രണങ്ങൾക്ക് വിധേയം തന്നെയാണ്. അതാണ് ഇൻഡ്യൻ ഭരണഘടനയിൽ പറയുന്ന 'reasonable restrictions'. സ്വാതന്ത്ര്യങ്ങളും നിയന്ത്രണങ്ങളും തമ്മിലുള്ള തുലനം എന്നുപറയുന്നത് 'delicate balance' ആണ്. അത് ജനാധിപത്യ സംവിധാനത്തിന്റെ ചുമതലയാണ്. പരിധികളില്ലാത്ത സ്വാതന്ത്ര്യം അരാജകത്വം സൃഷ്ടിക്കും. അതുപോലെ അമിതമായ നിയന്ത്രണം സ്വാതന്ത്ര്യത്തിന്റെ നിഷേധകവുമാകും. പരിധിയില്ലാത്ത സ്വാതന്ത്ര്യം നമ്മുടെ നാട്ടിൽ കുഴപ്പങ്ങളാണ് സൃഷ്ടിക്കുന്നത്. അതുപോലെ അമിതമായ നിയന്ത്രണമുണ്ടായാലും അതപകടമാണ്.

ശ്രീ. ജി. സുധാകരൻ: സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഭരണഘടനയെ തെറ്റായി വ്യാഖ്യാനിക്കുകയാണ്. പരിധിയില്ലാത്ത സ്വാതന്ത്ര്യം തടയണമെന്നുപറയുമ്പോൾ, സ്വാതന്ത്ര്യത്തിന് പരിധി വയ്ക്കാൻ പറയുകയാണ്. നാട്ടിലൊരു കൊലപാതകം നടന്നു, ജനങ്ങൾ ഹർത്താൽ ആചരിക്കുന്നു, അപ്പോൾ അതിനെ പരിധിയില്ലാത്ത സ്വാതന്ത്ര്യമെന്ന് പറയുന്നത് അനാവശ്യവും വിവരക്കേടുമാണ്. ഭരണഘടന പറയുന്നത് ഇതല്ല. ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി ഇങ്ങനെ വിവരക്കേട് സംസാരിക്കരുത്. ഇത് Sovereignty യുടെ പ്രശ്നമാണ്, മറ്റു രാജ്യങ്ങളുമായുള്ള പ്രശ്നമാണ്. ഇത് ഞങ്ങൾ സമ്മതിക്കുകയില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇതിലെന്ത് പോയിന്റ് ഓഫ് ഓർഡർ. ആരാണ് വിവരക്കേട് പറഞ്ഞത്; ഞാനാണോ? വിവരക്കേട് ആരാണ് പറഞ്ഞതെന്ന് ഇപ്പോൾ ബോധ്യപ്പെട്ടല്ലോ. ആത്യന്തികമായി ഭരണഘടനാ കോടതികളാണ് നിയമത്തിലൂടെ ഏർപ്പെടുത്തുന്ന നിയന്ത്രണങ്ങൾ ന്യായമാണോ അല്ലയോ എന്ന് തീരുമാനിക്കേണ്ടത്. നിയമസഭകളോ പാർലമെന്റോ പാസ്സാക്കുന്ന നിയമങ്ങൾ ഭരണഘടനാ വിരുദ്ധമാണോയെന്നും റീസണബിളാണോയെന്നും തീരുമാനിക്കേണ്ടത് കോടതികളാണ്. ന്യായമല്ലാത്ത നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തുന്നതെങ്കിൽ ജുഡീഷ്യൽ റിവ്യൂ നടത്തി ഭരണഘടനാ കോടതികൾ തന്നെ അത് തള്ളിക്കളയും. നമ്മുടെ ഭരണഘടന അനുസരിച്ചുതന്നെ സംസ്ഥാന നിയമസഭകളോ പാർലമെന്റോ നിയമങ്ങൾ പാസ്സാക്കിയാൽ ആ നിയമങ്ങൾ ഭരണഘടനാപരമല്ലായെങ്കിൽ അതിനുള്ള ജുഡീഷ്യൽ റിവ്യൂ ഉണ്ട്. അതിന് ഭരണഘടനാ ബഞ്ചുകളുണ്ട്. ഭരണഘടനാ കോടതികൾക്ക് അത് തള്ളിക്കളയാൻ സാധിക്കും. എന്നാൽ ഹർത്താൽ സംബന്ധിച്ച ബില്ലിന്റെ കാര്യത്തിൽ പ്രതിഷേധിക്കാനുള്ള സ്വാതന്ത്ര്യം നിരന്തരമായി ദുരുപയോഗം ചെയ്ത് മറ്റുള്ളവരുടെ ഭരണഘടനാപരമായ മൗലികാവകാശം നിഷേധമാകുന്ന സാഹചര്യം ഭരണഘടനാ കോടതികൾതന്നെ അത്യന്തം ഗൗരവമായി വീക്ഷിച്ചിട്ടുണ്ട്. ഇവിടെ ഇതു സംബന്ധിച്ച് നിരവധി വിധികളുണ്ടായിട്ടുണ്ട്. ഇവിടെ സമർപ്പിച്ച ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളിൽ ഞാനത് വിശദീകരിച്ചിട്ടുണ്ട്. ഈ വിഷയം പരിഗണിച്ചു കൊണ്ട് ഒരുകൂട്ടം റിട്ട് ഹർജികൾക്ക് തീർപ്പുകൽപ്പിച്ചുകൊണ്ട് WPC 32529/2007 നമ്പർ റിട്ട് ഹർജിയിൽ 29-12-2014-ൽ ഹൈക്കോടതിതന്നെ പുറപ്പെടുവിച്ച വിധിയിൽ ഹർത്താലുമായി ബന്ധപ്പെട്ട കാര്യങ്ങൾ സംബന്ധിച്ച സമഗ്രമായ നിയമനിർമ്മാണം പരിഗണിക്കാൻ സർക്കാരിനോട് നിർദ്ദേശിക്കുകയുണ്ടായി. ഭരണഘടനാ കോടതികളുടെ ക്രിയാത്മകമായ നിർദ്ദേശങ്ങളെ അർഹിക്കുന്ന ഗൗരവത്തോടെ ഗവൺമെന്റ് പരിഗണിക്കുന്നു. ഇതേ ആവശ്യംതന്നെ പൊതു സമൂഹത്തിൽ വ്യാപകമായി ഉയർന്നുവന്നിട്ടുണ്ട്. ബഹുമാനപ്പെട്ട എ. കെ. ബാലൻ എം.എൽ.എ., ആർട്ടിക്കിൾ 19 (1)(എ) യിലെ ഫ്രീഡം ഓഫ് സ്പീച്ച് ആന്റ് എക്സ്പ്രഷനെക്കുറിച്ച് പ്രകടിപ്പിച്ച താൽപ്പര്യവും ഉത്കണ്ഠയും ഞാനും കണക്കിലെടുക്കുന്നു. എന്നാൽ ആർട്ടിക്കിൾ 19(2)-ൽ വിഭാവനം ചെയ്യുന്ന ന്യായമായ നിയന്ത്രണങ്ങൾ മാത്രമേ പുതിയ നിയമത്തിലുള്ളൂ.

ശ്രീ. എ. കെ. ബാലൻ: സർ, അങ്ങ് reasonable restriction-ന്റെ നിർവ്വചനം എന്താണെന്ന് പറയണം. നാളെ സംഘപരിവാറും ആർ.എസ്.എസ്.ഉം ഹിന്ദുത്വ ശക്തികളും രാജ്യത്തിന്റെ മതേതരത്വത്തിനും ജനാധിപത്യത്തിനുമെതിരായി പ്രവർത്തിച്ചാൽ അതിനെതിരെ കോൺഗ്രസുകാർ ദേശീയമായി ഹർത്താലാചരിക്കാൻ തീരുമാനിക്കുമ്പോൾ reasonable restriction നിങ്ങൾക്കിവിടെയും നടത്തേണ്ടതായി വരില്ലേ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ആർ.എസ്.എസ്.-നെയും ബി.ജെ.പി.-യേയുമൊക്കെ നേരിടാനുള്ള കരുത്ത് ഞങ്ങൾക്കുണ്ട്. അതൊന്നും ഞങ്ങളെ പഠിപ്പിക്കേണ്ട കാര്യമില്ല. ആർട്ടിക്കിൾ 19(2)-ൽ വിഭാവന ചെയ്യുന്ന ന്യായമായ നിയന്ത്രണങ്ങൾ മാത്രമെ നിയമത്തിലുള്ളൂ.

ശ്രീ. സി. ദിവാകരൻ: സർ, ഈ ബിൽ അങ്ങിത്രയും ആവേശത്തിൽ അവതരിപ്പിക്കേണ്ട ഒരു കാര്യവുമില്ല. ഭരണപക്ഷത്തുള്ള എല്ലാ എം.എൽ.എ.-മാരും ഇതിനെതിരാണ്. ഞങ്ങൾ നേരത്തെ എതിരാണ്. അതുകൊണ്ട് വെറുതെ സഭയുടെ സമയം കളയേണ്ട കാര്യമുണ്ടോ; ഈ രാജ്യത്ത് വേറെ എന്തെല്ലാം കാര്യങ്ങളുണ്ട്. അതുകൊണ്ട് ഈ ബിൽ പിൻവലിക്കണം.

ശ്രീ. രമേശ് ചെന്നിത്തല: സർ, അത് ശ്രീ. സി. ദിവാകരന്റെ അഭിപ്രായം മാത്രമാണ്. ഇവിടെയുള്ളവർക്കാർക്കും അങ്ങനെയൊരു അഭിപ്രായമില്ല. ഞങ്ങളുടെ അഭിപ്രായം അങ്ങ് പറയേണ്ട, ഞങ്ങളുടെ അഭിപ്രായം ഞങ്ങൾ പറഞ്ഞോളാം. ഈ നാട്ടിൽ ജനങ്ങൾക്ക് സമാധാന ജീവിതം ഉറപ്പുവരുത്തുവാനുദ്ദേശിച്ചു കൊണ്ടുള്ള ഒരു ബില്ലാണിത്. അനാവശ്യമായ സമരങ്ങൾ നടത്തി ജനജീവിതത്തെ ബുദ്ധിമുട്ടിക്കാനുള്ള നിങ്ങളുടെ ഈ നടപടിക്കെതിരായി ജനങ്ങളാണ് പ്രതിഷേധിക്കുന്നത്. ഒരു സംശയവും വേണ്ട. കേരള ജനത നിങ്ങളുടെ ഈ സമീപനങ്ങളോട് ശക്തമായ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇപ്പോൾ കൊണ്ടുവന്ന ബില്ലിനകത്ത് ഹർത്താൽ എപ്പോഴും നടത്താൻ പാടില്ലായെന്നുള്ള നിയന്ത്രണമാണല്ലോ പറയുന്നത്. നടത്തണമെങ്കിൽ മൂന്നുദിവസം മുമ്പെങ്കിലും നോട്ടീസ് കൊടുക്കണം. അങ്ങ് കെ.പി.സി.സി. പ്രസിഡന്റായിരുന്ന സന്ദർഭത്തിൽ വടകരയിൽ ഒരു കൊലപാതകം നടന്നു, അന്ന് രാത്രിതന്നെ അങ്ങ് ഹർത്താൽ പ്രഖ്യാപിച്ചു. മൂന്നുദിവസം കാത്തുനിന്നിട്ടാണോ അന്ന് ഹർത്താൽ പ്രഖ്യാപിച്ചത്; ഇന്ദിരാഗാന്ധി മരിച്ചപ്പോഴും രാജീവ് ഗാന്ധി കൊല ചെയ്യപ്പെട്ടപ്പോഴും നിങ്ങൾ ഹർത്താൽ നടത്തിയത് മൂന്നുദിവസം കഴിഞ്ഞിട്ടാണോ? അങ്ങനെയുള്ള സംഭവങ്ങൾ രാജ്യത്തുണ്ടായാൽ മൂന്നുദിവസം കഴിഞ്ഞ് ഹർത്താൽ നടത്തണമെന്നുള്ളതാണോ അങ്ങയുടെ നിലപാട്?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാനും ഹർത്താൽ പ്രഖ്യാപിച്ചിട്ടുള്ളയാൾ തന്നെയാണ്, സംശയമൊന്നുമില്ല. മഹാത്മഗാന്ധി ഹർത്താൽ പ്രഖ്യാപിച്ചിട്ടുണ്ട്, അങ്ങും പ്രഖ്യാപിച്ചിട്ടുണ്ട്. പക്ഷെ ഈ നാട്ടിൽ ഒരു രാഷ്ട്രീയ പാർട്ടിയുമല്ലാതെ ആര് ഹർത്താൽ പ്രഖ്യാപിച്ചാലും ഹർത്താലാചരിക്കുന്ന ഒരു പുതിയ സമീപനം നാട്ടിൽ വരികയാണ്. രാഷ്ട്രീയ പാർട്ടിയല്ല, ആര് വിചാരിച്ചാലും കേരളത്തിലെ സമാധാന

ജീവിതം തകർക്കത്തക്ക നിലയിലുള്ള ഹർത്താലായി ഇത് മാറുന്നു. അതുകൊണ്ടാണ് ഒരു reasonable restriction വേണമെന്ന് നമ്മൾ പറയുന്നത്. ഇവിടെ ഇപ്പോൾ ആർക്കുവേണമെങ്കിലും ഹർത്താൽ പ്രഖ്യാപിക്കാം. പ്രഖ്യാപിച്ചാൽ നാട് നിശ്ചലമായിത്തീരും.

ശ്രീ. ജി. സുധാകരൻ: സർ, എനിക്ക് പറയാനുള്ളത്, അങ്ങ് ഇത് ചെയ്യാൻ പാടില്ലാത്ത കാര്യമാണ്. അങ്ങയുടെ നിലപാടിന് യോജിച്ച വാദമല്ല അങ്ങിവിടെ ഉന്നയിച്ചത്. ഞാൻ അങ്ങയോട് ചോദിക്കുന്നത്, രാഷ്ട്രീയ പാർട്ടികൾക്കു മാത്രമാണോ ഹർത്താൽ നടത്താനുള്ള അവകാശമുള്ളത്; അങ്ങ് എന്ത് ബാലിശമായ കാര്യമാണ് പറയുന്നത്; രാഷ്ട്രീയ പാർട്ടി അല്ലാത്തവർക്ക് ഹർത്താൽ നടത്തിക്കൂടേ; അത് തടയാനാണോ അങ്ങ് ഇങ്ങനെയൊരു നിയമം കൊണ്ടുവരുന്നത്?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഭരണഘടനാ വിരുദ്ധമായിട്ടുള്ള ഒരു നിയമമാണ് ഇവിടെ കൊണ്ടുവരുന്നത്. നിയമവിരുദ്ധമായി സംഘംചേർന്നാൽ കേസെടുക്കാനുള്ള നിയമം ഇവിടെ നിലവിലുണ്ട്. ജനജീവിതത്തെ സ്തംഭിപ്പിക്കുന്ന വിധത്തിൽ എന്ത് നടപടി സ്വീകരിച്ചാലും അതിനെതിരെ നടപടി സ്വീകരിക്കാനുള്ള നിയമങ്ങൾ ഇവിടെ നിലനിൽക്കെ ഹർത്താൽ നിയന്ത്രിക്കാൻവേണ്ടിയുള്ള നിയമം കൊണ്ടുവരുന്നതിന്റെ പിന്നിൽ എന്ത് ജനതാല്പര്യമാണുള്ളത്?

ശ്രീ. രമേശ് ചെന്നിത്തല : സർ, ഈ നാട്ടിലെ സാധാരണക്കാരായിട്ടുള്ള ജനങ്ങളും ടൂറിസ്റ്റുകളും നിരന്തരമായി പ്രഖ്യാപിക്കപ്പെടുന്ന ഹർത്താലിൽ വലയുന്നു. ഞങ്ങൾ തൊഴിലാളി സമരങ്ങൾക്ക് എതിരല്ല. ഇവിടത്തെ കച്ചവടക്കാർ, സാധാരണ ജനങ്ങൾ, ഒന്നുമറിയാതെ വരുന്ന ആളുകൾ തുടങ്ങിയവരൊക്കെ ഹർത്താലിൽ വലയുന്ന ദാരുണമായ കാഴ്ചകൾ കേരളം കണ്ടിട്ടുണ്ട്. അതുകൊണ്ട് ഈ ഗവൺമെന്റ് പൊതുജനതാല്പര്യം പരിഗണിച്ചുകൊണ്ട് ഉത്തരവാദിത്വ ബോധത്തോടുകൂടിത്തന്നെയാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. ആ കാര്യത്തിൽ ഒരു സംശയവും വേണ്ട. ഈ ബില്ലിലെ വ്യവസ്ഥ സ്വാതന്ത്ര്യത്തെ ഹനിക്കുന്നില്ല. ഈ ബിൽ ഹർത്താലിനെ നിരോധിക്കുന്നില്ല, സമരങ്ങളെ നിരോധിക്കുന്നില്ല...... (ബഹളം)........

മി. സ്പീക്കർ : നിങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയെ സംസാരിക്കാൻ അനുവദിക്കൂ. പ്ലീസ്...........

ശ്രീ. രമേശ് ചെന്നിത്തല : സർ, ഇവിടെ ഒരു സമരത്തേയും പണിമുടക്കിനേയും ആരും നിരോധിക്കുന്നില്ല. അങ്ങനെയൊരു നയം ഞങ്ങൾക്കില്ല. പക്ഷേ ഹർത്താലുകളും ബന്ദുകളും നടത്തി ജനജീവിതത്തെ നിരന്തരമായി ബുദ്ധിമുട്ടിക്കുന്ന നിലപാടുകൾക്കെതിരെയാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. കേരളീയ

സമൂഹത്തിന്റെ പൊതു അഭിപ്രായത്തെ കണക്കിലെടുത്തുകൊണ്ടാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. ഈ ബിൽ ഞാൻ എന്റെ ഫെയ്സ് ബുക്കിലിട്ടപ്പോൾ 25 ലക്ഷം ആളുകൾ കാണുകയും 92,000 പേർ ലൈക്ക് ചെയ്യുകയും ചെയ്തു. നമ്മളെയൊക്കെ തെരഞ്ഞെടുത്ത ജനങ്ങളുടെ അഭിപ്രായമാണ് ഫെയ്സ്ബുക്കിലൂടെ കണ്ടത്. നിങ്ങൾ ഒന്നോ രണ്ടോ പേർ പറയുന്നതൊന്നുമല്ല ജനങ്ങളുടെ അഭിപ്രായം. ഈ നാട്ടിലെ സാധാരണക്കാരായ ജനങ്ങളുടെ അഭിപ്രായമാണ് ഇവിടെ ചൂണ്ടിക്കാണിക്കുന്നത്. ഭരണഘടനാ കോടതികൾ ആവശ്യപ്പെട്ടിട്ടുള്ള, പൊതുസമൂഹത്തിൽത്തന്നെ ഉയർന്നുവന്നിട്ടുള്ള ശക്തമായ പൊതുജനാഭിപ്രായം കണക്കിലെടുത്തുകൊണ്ട് തുറന്ന മനസ്സോടെ അവതരിപ്പിക്കുന്ന ഈ ബില്ലിനെ സമാധാനകാംക്ഷികളും പ്രബുദ്ധരായ കേരള സമൂഹവും സ്വാഗതം ചെയ്യുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. മറ്റുചില കാര്യങ്ങൾകൂടി എനിക്ക് പറയാനുണ്ട്. അത് ബിൽ അവതരിപ്പിച്ചുകൊണ്ട് സംസാരിക്കുമ്പോൾ പറയുന്നതാണ്. അതുകൊണ്ട് ഈ ബിൽ അവതരിപ്പിക്കുന്ന കാര്യത്തിൽ ഭരണഘടനാപരമായോ നിയമപരമായോ യാതൊരു ബുദ്ധിമുട്ടുമില്ല എന്ന് ഞാൻ അങ്ങയെ അറിയിക്കുന്നു

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> : സർ, ഞാൻ അങ്ങേക്ക് എന്റെ ഒബ്ജക്ഷൻ എഴുതിത്തന്നിട്ടുണ്ടായിരുന്നു. ഈ ബില്ലുതന്നെ ഭരണഘടനാ വിരുദ്ധമായതാണ്. ഭരണഘടനയെ നോക്കുകുത്തിയാക്കുന്ന ഒരു ബില്ലാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. മനുഷ്യന്റെ അടിസ്ഥാന സ്വാതന്ത്ര്യത്തെ മുഴുവൻ ഹനിക്കുകയാണ് ഈ ഗവൺമെന്റ്. എന്നുമാത്രമല്ല, ഇവിടെ എന്തു നടത്തണമെന്നുള്ളത് പോലീസ് തീരുമാനിക്കുമെന്ന അവസ്ഥയാണ്. ട്രഷറിയിൽ പണമടച്ചതിനുശേഷം വേണം സമരം നടത്താനെന്ന് തീരുമാനിക്കുന്ന പോലീസ് മന്ത്രിയുടെ ഈ ഹർത്താൽ ബില്ലിനെതിരായി ഹർത്താൽ നടത്തി ഞങ്ങൾ പ്രതിഷേധിക്കും. ആ നിലയിലേക്ക് കാര്യങ്ങൾ പോകേണ്ടിവരും. ഭരണഘടനയെ മാത്രമല്ല ഈ നിയമസഭയേയും ഇവിടെ നോക്കുകുത്തിയാക്കിയിരിക്കുകയാണ്. റൂൾ 76 അനുസരിച്ച്, ഒരു ബിൽ അവതരിപ്പിച്ചാൽ അത് ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടണമോ, സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടണമോ അതോ പൊതുജനാഭിപ്രായം ആരായാനായി സർക്കുലേറ്റ് ചെയ്യണമോ എന്ന് തീരുമാനിക്കാനുള്ള അവകാശം നിയമസഭയ്ക്കാണ്. നിയമസഭയുടെ അവകാശം ഹനിച്ചുകൊണ്ട് ഭരണഘടനയെ മാത്രമല്ല, നിയമസഭയെ നോക്കുകുത്തിയാക്കിക്കൊണ്ട് എല്ലാ പോലീസ് സ്റ്റേഷനിലും ഈ ബില്ലിനെക്കുറിച്ചുള്ള അഭിപ്രായം അറിയാൻവേണ്ടി സെൽ ആരംഭിച്ചിരിക്കുകയാണ്. ഫെയ്സ് ബുക്കിൽ ലൈക്ക് കിട്ടിയിരിക്കുന്നത് ജനങ്ങളുടെ അഭിപ്രായമാണെങ്കിൽ ഫെയ്സ് ബുക്കിൽ ഏറ്റവും കൂടുതൽ ലൈക്ക് കിട്ടുന്ന ആളാണ് ശ്രീ. നരേന്ദ്രമോഡി. അങ്ങ് ശ്രീ. നരേന്ദ്രമോഡിയെ അംഗീകരിക്കുന്നുണ്ടോ?

ഫെയ്സ്ബുക്കിൽ ലൈക്ക് കിട്ടുന്ന ഒരുപാട് ആളുകളുണ്ടായിരിക്കാം, അതിൽ കാര്യമില്ല. ഈ നിയമം ഭരണഘടനയെ നോക്കുകുത്തിയാക്കുന്നതോടൊപ്പംതന്നെ നിയമസഭയുടെ അധികാരം കവർന്നെടുത്തിരിക്കുക കൂടിയാണ്. ഇത് സെലക്ട് കമ്മിറ്റിക്ക് വിടണോ, സബ്ജക്ട് കമ്മിറ്റിക്ക് വിടണോ, സർക്കുലേറ്റ് ചെയ്യണമോ എന്ന് തീരുമാനിക്കാനുള്ള സഭയുടെ അധികാരം കവർന്നെടുത്ത് ബഹുമാനപ്പെട്ട മന്ത്രി എസ്.പി.മാരുടെ യോഗം വിളിച്ചുകൂട്ടി ഹർത്താൽ വിരുദ്ധ നിയമം കൊണ്ടുവന്നിരിക്കുന്നു, നിങ്ങളുടെ അഭിപ്രായം രേഖപ്പെടുത്തണമെന്നുപറഞ്ഞു കൊണ്ട് എല്ലാ പോലീസ് സ്റ്റേഷനുകളിലും ബോർഡ് വച്ചിരിക്കുകയാണ്. ഇത് നിയമപരമാണോ; ഇത് എന്ത് അടിസ്ഥാനത്തിലാണ്? ഈ നിയമസഭയ്ക്ക് പവിത്രമായ അവകാശവും അധികാരങ്ങളുമുണ്ട്. ആ അവകാശ-അധികാരങ്ങളെയെല്ലാം ഹനിച്ചുകൊണ്ട് എന്തും ചെയ്യാമെന്നാണോ? ഹർത്താൽ നിരോധിക്കുക മാത്രമല്ല, നിയമസഭയും ഞങ്ങൾക്ക് പ്രശ്നമല്ല എന്ന് കാണിച്ചുകൊണ്ട് പോലീസുകാർ നടപ്പിലാക്കുന്ന ഈ പരിപാടി ഓർഡറിലാണോയെന്ന് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകണം. ഈ ബിൽ പിൻവലിക്കണം. ഈ ബിൽ കേരള നിയമസഭയുടെ പാരമ്പര്യത്തിനും മഹിമയ്ക്കും എതിരായിട്ടുള്ള ഒരു ബില്ലാണ്. ഈ ബിൽ പിൻവലിക്കലാണ് ജനങ്ങൾക്കുവേണ്ടി അങ്ങേയ്ക്ക് ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ കാര്യം. നിയമവിരുദ്ധമായി നിയമസഭയെ നോക്കുകുത്തിയാക്കിയിരിക്കുന്ന ഈ ബിൽ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അങ്ങ് റൂളിംഗ് നൽകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഈ ബിൽ അങ്ങയുടെ അനുവാദത്തോടെ സഭയിൽ ഞാൻ അവതരിപ്പിച്ചാൽ മാത്രമേ സഭയുടെ പ്രോപ്പർട്ടിയാകുന്നുള്ളൂ. അതിനുമുമ്പ് ലാ ഡിപ്പാർട്ടുമെന്റും ഹോം ഡിപ്പാർട്ടുമെന്റുമൊക്കെ ചർച്ച ചെയ്യും. ഇതൊരു കരട് ബില്ലാണ്. ഇതിനെക്കുറിച്ച് പലരും അഭിപ്രായം പറഞ്ഞിട്ടുണ്ട്. ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് വിടണോ സബ്ജക്ട് കമ്മിറ്റിക്ക് വിടണോ സർക്കുലേറ്റ് ചെയ്യണോ എന്ന് സഭയാണ് തീരുമാനിക്കേണ്ടത്. കരട് ബിൽ ചർച്ച ചെയ്യാൻ ഞാൻ പത്രങ്ങളിൽ കൊടുത്തു, എന്റെ ഫെയ്സ് ബുക്കിൽ കൊടുത്തു, കേരളത്തിലെ പോലീസ് സ്റ്റേഷനുകളിൽ ബോക്സ് വയ്ക്കാൻ പറഞ്ഞു. ഇതൊന്നും ആരേയും ബുദ്ധിമുട്ടിക്കാനല്ല. എന്തെങ്കിലും അഭിപ്രായമുണ്ടെങ്കിൽ അവരുടെ അഭിപ്രായം അറിയിക്കാൻ വേണ്ടിയാണ്. അതുപോലെ വിവിധ സാമൂഹിക സംഘടനകൾ ചർച്ച ചെയ്യുന്നുണ്ട്. ഞാൻ ബിൽ സഭയിൽ അവതരിപ്പിക്കുമ്പോഴാണ് ബിൽ സഭയുടെ പ്രോപ്പർട്ടിയാകുന്നത്. അതുകഴിഞ്ഞിട്ടാണ് ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വിടണോ, സെലക്ട് കമ്മിറ്റിക്ക് വിടണോ, അതല്ല പൊതുജനാഭിപ്രായം ആരായാൻ സർക്കുലേറ്റ് ചെയ്യണോ എന്ന് സഭ തീരുമാനിക്കുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഒരു ബില്ലിന്റെ കരട് തയ്യാറാക്കുന്നതിനുമുമ്പ് ഇത്തരത്തിലുള്ള പ്രക്രിയ ചെയ്യുന്നതിൽ യാതൊരു തെറ്റുമില്ല. ഒരു കരട് ബിൽ തയ്യാറാക്കുമ്പോൾ അതിന്റെ ഭാഗമായി ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റിലെ പല ആളുകളുമായി ചർച്ച ചെയ്യുന്നു, അവരുടെ അഭിപ്രായം കേൾക്കുന്നു, അതൊക്കെ ചെയ്യാം. പക്ഷെ ഇവിടെ സംഭവിച്ചത് അതല്ല. നിയമസഭയുടെ മുമ്പിൽ അവതരിപ്പിക്കാൻ പോകുന്ന ബില്ലായിട്ട് മാറിക്കഴിഞ്ഞതിനു ശേഷമാണ് പോലീസ് സ്റ്റേഷനിൽ പെട്ടിവയ്ക്കുന്നത്. ഈ ബില്ലിനെക്കുറിച്ച് ചർച്ച ചെയ്യാൻ എസ്.പി.മാർ യോഗം വിളിച്ചപ്പോൾ പല ജില്ലകളിൽനിന്നുമുള്ള ജില്ലാ സെക്രട്ടറിമാർ എന്നെ വിളിച്ച് ചോദിച്ചു; എസ്.പി.-മാരുടെ യോഗം വിളിച്ചിട്ടുണ്ട്, എന്ത് പറയണമെന്ന്. അങ്ങനെയൊരു ചർച്ചയിൽ പങ്കെടുക്കേണ്ടായെന്ന് ഞങ്ങൾ അവരോട് പറഞ്ഞു. നിയമസഭയെ പ്രഹസനമാക്കിക്കൊണ്ട് ഈ ബിൽ നിയമസഭയുടെ പുറത്ത് ചർച്ച ചെയ്തത് ശരിയാണോ; ഇതൊരു കീഴ്‌വഴക്കമായി കഴിഞ്ഞാൽ എന്ത് സംഭവിക്കും; നിയമസഭയിൽ നടക്കേണ്ട ചർച്ച പോലീസ് സ്റ്റേഷനിൽ പെട്ടിവച്ച് നടത്തേണ്ടതാണോ; എസ്.പി.-മാരാണോ ഇത് ചർച്ച ചെയ്ത് തീരുമാനിക്കേണ്ടത്; പാർട്ടി നേതാക്കന്മാർ ചോദിക്കുന്ന ചോദ്യത്തിന് ഉത്തരം പറയാൻ എസ്.പി.-മാർക്ക് കഴിയുമോ? ബഹുമാനപ്പെട്ട മന്ത്രി കരട് ബിൽ തയ്യാറാക്കുന്നതിനുമുമ്പ് ഇങ്ങനെയൊരു പ്രക്രിയ നടത്തിയിരുന്നുവെങ്കിൽ ആരും എതിർക്കുമായിരുന്നില്ല. അവർ പറയുന്ന നിർദ്ദേശങ്ങളൊക്കെ ഉൾക്കൊണ്ടുകൊണ്ട് കരട് തയ്യാറാക്കി നിയമസഭയിൽ വച്ചതിനുശേഷം സെലക്ട് കമ്മിറ്റിക്കോ സബ്ജക്ട് കമ്മിറ്റിക്കോ അല്ലെങ്കിൽ പബ്ലിക് ഒപ്പീനിയനോ വിടുകയാണ് ചെയ്യുന്നത്. ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് കേരളത്തിലെ ജനങ്ങൾ മുഴുവൻ ഇതിന് അനുകൂലമാണെന്നാണ്. ഈ ബിൽ പബ്ലിക് ഒപ്പീനിയന് വിട്ട് കേരളത്തിലെ 51 ശതമാനം ആളുകൾ ഈ ബില്ലിന് അനുകൂലമാണോയെന്നറിയണം. ഇവിടെയിരിക്കുന്ന 141 പേർ ചർച്ച ചെയ്തതിനുശേഷം സബ്ജക്ട് കമ്മിറ്റിയിൽ പോയി അവിടെ പത്തുപേർ ചർച്ച ചെയ്ത് എടുക്കേണ്ട തീരുമാനമേയല്ല ഇത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ദുരഭിമാനം വെടിഞ്ഞ് ഈ ബിൽ പൊതുജനാഭിപ്രായത്തിന് വിട്ട് ജനങ്ങളുടെ അഭിപ്രായങ്ങൾ മുഴുവൻ കേൾക്കണം. പൊതുജനാഭിപ്രായം കേട്ടിട്ട് ഞങ്ങളുടെ നിലപാട് തിരുത്തേണ്ടതുണ്ടെങ്കിൽ ഞങ്ങൾ തിരുത്താം. ഇത്തരം കാര്യങ്ങളിൽ ദുരഭിമാനം കാണിക്കുന്ന ആളല്ല മന്ത്രി എന്നെനിക്കറിയാം. അദ്ദേഹം കെ.എസ്.യു.ക്കാരനായിരുന്നു, യൂത്ത് കോൺഗ്രസുകാരനായിരുന്നു, അഖിലേന്ത്യാ കോൺഗ്രസിന്റെ നേതാവായിരുന്നു. അതുകൊണ്ട് പൊതുജനങ്ങളുടെ അഭിപ്രായം മനസ്സിലാക്കാൻ അദ്ദേഹത്തിന് കഴിയും. ഞാൻ പറയുന്നത് എന്റെ അഭിപ്രായമാണ്. അത് പരിഗണിച്ചുകൊണ്ട് ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക്

വിടുന്ന പ്രക്രിയ ശരിയല്ല. പൊതുജനാഭിപ്രായം ആരാഞ്ഞ് ഭൂരിപക്ഷം ആളുകളും ഇതിന് അനുകൂലമാണെങ്കിൽ ഞങ്ങളുടെ നിലപാടെന്താണെന്ന് ഞങ്ങളും ചർച്ചചെയ്യാം. അല്ലാതെ നിങ്ങൾ നാലഞ്ചുപേരുടെ ഭൂരിപക്ഷത്തിൽ ഈ പ്രക്രിയ ചെയ്യുന്നത് ശരിയല്ല. കേരളത്തിലെ ജനങ്ങൾ അതിനെതിരായിരിക്കും എന്നാണ് എനിക്ക് സവിനയം പറയാനുള്ളത്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഞാൻ ഇവിടെ ഉന്നയിച്ച ഒബ്ജക്ഷൻ നിയമസഭയുടെ അവകാശത്തെ ഹനിക്കുന്ന വിഷയത്തെ സംബന്ധിച്ചാണ്. ഇരുകൂട്ടർക്കും ബാധകമായ വിഷയമാണ്. നിയമസഭയുടെ 76-ാമത്തെ റൂളിൽ ഇത് വളരെ വ്യക്തമായി പറയുന്നുണ്ട്. അദ്ദേഹം പറഞ്ഞതനുസരിച്ച് പോലീസ് സ്റ്റേഷനിൽ പെട്ടി വച്ചു. പോലീസ് സ്റ്റേഷൻ സർക്കാർ സംവിധാനമാണ്. നിയമസഭയിൽ പരിഗണനയിലിരിക്കുന്ന ഒരു ബില്ലിനുമേൽ ഈ വകുപ്പുതന്നെ വകുപ്പിലെ എല്ലാ സ്ഥാപനങ്ങളെയും ഉദ്യോഗസ്ഥൻമാരെയും നിയമസഭയെയും മറികടന്നുകൊണ്ട് സമാന്തരമായി ഒരു നിയമനിർമ്മാണം നടത്തുകയാണ്. ബഹുമാനപ്പെട്ട മന്ത്രി പാർലമെന്റ് അംഗവും വളരെ ചെറുപ്പത്തിൽ തന്നെ മന്ത്രിയായിരുന്ന ആളുമാണ്. അങ്ങേക്ക് ഇങ്ങനെയൊരു മിസ്റ്റേക്ക് എങ്ങനെ സംഭവിച്ചു എന്നത് അത്ഭുതകരമായ കാര്യമാണ്. കാരണം ഇത് നിയമസഭയുടെ അവകാശത്തെ ഹനിക്കുന്നതാണ്. പോലീസ് സ്റ്റേഷനിൽ പെട്ടിവച്ചത് ലാഘവത്തോടെ പറയരുത്. അതുമാത്രമല്ല രാഷ്ട്രീയ പാർട്ടി നേതാക്കൻമാരുടെ യോഗം വിളിക്കുകയും ചർച്ച നടത്തുകയും ചെയ്തു. അതുകൊണ്ട് ബിൽ പിൻവലിക്കുന്നതിനെപ്പറ്റി അങ്ങ് ആലോചിക്കണം. നിയമസഭ തീരുമാനിച്ചു കൊണ്ട് ബിൽ സെലക്ട് കമ്മിറ്റിക്കുവിട്ട് ജനങ്ങളുടെ അഭിപ്രായം ആരായണം. അല്ലാതെ മന്ത്രി തീരുമാനിച്ചല്ല ചെയ്യേണ്ടത്. ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് വിടണമോ സർക്കുലേറ്റ് ചെയ്യണമോയെന്നത് നിയമസഭ തീരുമാനിക്കണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ. എ. പ്രദീപ്കുമാർ, ഇവിടെ എഴുതി തന്നവരെല്ലാം അവതരിപ്പിച്ചു കഴിഞ്ഞു.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഈ സഭയിലെ ഭരണപക്ഷത്തുള്ള ഒരു അംഗം മുൻപ് അദ്ദേഹത്തിന്റെ സ്വകാര്യബിൽ സോഷ്യൽ മീഡിയയിലാക്കി. അതിനെതിരെ അന്നത്തെ സ്പീക്കർ ജി. കാർത്തികേയൻ രൂക്ഷമായി വിമർശനം നടത്തി. നിയമസഭയിൽ വയ്ക്കേണ്ട പ്രൈവറ്റ് ബിൽ സോഷ്യൽ മീഡിയയിൽ ഡിസ്കഷനാക്കാൻ പാടില്ലെന്ന റൂളിംഗ് നൽകി. അപ്പോഴാണ് ഔദ്യോഗിക ബിൽ പോലീസ് സ്റ്റേഷനിൽ പെട്ടിവച്ച് തെളിവെടുപ്പ് നടത്താൻ ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുത്തത്. അതുസംബന്ധിച്ച നിലപാട് അങ്ങ് വ്യക്തമാക്കണം.

മി. സ്പീക്കർ: ശ്രീ. വി. എസ്. സുനിൽ കുമാർ പറഞ്ഞത് വളരെ സീരിയസ്സായ ഒരു പ്രശ്നം തന്നെയാണ്. നിയമസഭയിൽ ബിൽ വന്നതിനുശേഷം തന്നെയാണ് സബ്ജക്ട് കമ്മിറ്റിക്കാണോ സെലക്ട് കമ്മിറ്റിക്കാണോ അയയ്ക്കേണ്ടതെന്നും അല്ലെങ്കിൽ പൊതുജനാഭിപ്രായം ആരായുന്നതിന് അയയ്ക്കണമോയെന്നും തീരുമാനിക്കുന്നത്. അത് അദ്ദേഹം പറഞ്ഞത് ശരിയാണ്. ചെയർ അതിനെ അനുകൂലിക്കുന്നു. എന്നാൽ പൊതുജനങ്ങളുമായി ബന്ധപ്പെട്ട ഒരു പ്രധാന നിയമം വരുമ്പോൾ വകുപ്പുമന്ത്രി എന്ന നിലയിൽ അദ്ദേഹത്തിന് ജനങ്ങളുടെ അഭിപ്രായം അറിയണം. ജനങ്ങൾ ഇതിനോട് യോജിക്കുന്നുണ്ടോ എന്ന് മനസ്സിലാക്കുന്നതിനുവേണ്ടി സദുദ്ദേശത്തോടുകൂടിയാണ് അദ്ദേഹം അത് ചെയ്തത്. അതിൽ നിയമവിരുദ്ധമായി ചെയർ ഒന്നും കാണുന്നില്ല. അദ്ദേഹത്തിന് ബിൽ അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സഭാ നടപടിക്രമവുമായി ബന്ധപ്പെട്ട കാര്യത്തിന് റൂളിംഗ് നൽകണം.

## റൂളിംഗ്

മി. സ്പീക്കർ: ബഹുമാന്യരായ എ.കെ ബാലൻ, ഇ. പി. ജയരാജൻ, കെ. സുരേഷ് കുറുപ്പ് എന്നിവർ ഉന്നയിച്ച തടസ്സവാദത്തിൽ അംഗങ്ങൾ പറഞ്ഞത്, 19 (1)(എ) ഭരണഘടനാ വിരുദ്ധമാണ്, അതുകൊണ്ട് അവതരിപ്പിക്കാൻ പാടില്ലെന്നാണ്. അതേസമയം ഭരണഘടനയുടെ അനുച്ഛേദം 19(2)-ൽ ഇത് അനുവദിക്കുന്നുണ്ട്. അതുകൊണ്ട് തടസ്സവാദത്തിൽ ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞ പ്രകാരമുള്ള അവകാശങ്ങൾ പ്രയോഗിക്കുന്നതിൽ ന്യായമായ നിയന്ത്രണങ്ങൾ ചുമത്തുന്നതിനുള്ള നിയമം കൊണ്ടുവരുന്നതിന് ഭരണഘടനയുടെ അനുച്ഛേദം 19(2)-ൽ അനുവദിക്കുന്നുണ്ട്. അതിനാലും ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിലും ബഹുമാനപ്പെട്ട ശ്രീ. എ. കെ. ബാലൻ, ശ്രീ. ഇ. പി. ജയരാജൻ, ശ്രീ. കെ. സുരേഷ് കുറുപ്പ് എന്നിവർ ഉന്നയിച്ച തടസ്സ വാദങ്ങൾ നിലനിൽക്കുന്നതല്ല. ബിൽ അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: സ്പീക്കറുടെ റൂളിംഗിന് വോട്ടെടുപ്പ് ഇല്ല. സീനിയറായ അംഗങ്ങൾക്ക് അക്കാര്യം അറിയാമല്ലോ? സ്പീക്കറുടെ റൂളിംഗിന് വോട്ടിംഗ് ചോദിക്കുന്നത് ശരിയല്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : 2015-ലെ കേരള ഹർത്താൽ നിയന്ത്രണ ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല : 2015-ലെ കേരള ഹർത്താൽ നിയന്ത്രണ ബിൽ ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, പോയിന്റ് ഓഫ് ഓർഡർ. പോൾ ആവശ്യപ്പെട്ടത് അംഗങ്ങൾ ഉന്നയിച്ച ഒബ്ജക്ഷനിലാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ശ്രീ. വി. എസ്. സുനിൽ കുമാർ, അങ്ങേക്ക് എല്ലാ കാര്യങ്ങളും അറിയാം. വെറുതേ പറയുന്നതെന്തിനാണ്. ഈ അവസരത്തിൽ വോട്ടിംഗ് ഇല്ല. വോട്ടിംഗ് സബ്ജക്ട് കമ്മിറ്റിയിൽനിന്ന് വന്നശേഷമാണ്. സ്പീക്കറുടെ റൂളിംഗിനെ സംബന്ധിച്ചാണെങ്കിൽ അതിന് വോട്ടിംഗ് ഇല്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് സംസാരിക്കാം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ജനാധിപത്യ സംവിധാനം നിലനിൽക്കുന്ന ഒരു രാജ്യമാണ് നമ്മുടേത്. വിയോജിപ്പും പ്രതിഷേധവും എതിർപ്പുകളും ജനാധിപത്യസംസ്കാരത്തിന്റെ ജീവവായുവാണ്. അതിനെ ഇല്ലാതാക്കാൻ ആരു വിചാരിച്ചാലും കഴിയില്ല. ഈ ഗവൺമെന്റ് തൊഴിലാളികളുടെ പണിമുടക്കിനോ ന്യായമായി നടക്കുന്ന ഒരു സമരത്തിനോ എതിരല്ല. ഈ ഗവൺമെന്റ് ഹർത്താൽ നിരോധിക്കാൻ ഉദ്ദേശിക്കുന്നില്ല. നേരത്തെ സൂചിപ്പിച്ചതുപോലെ തന്നെ ജീവനക്കാരുടെയോ തൊഴിലാളികളുടെയോ സമരം ഇതിൽ വരുന്നില്ല. ബിൽ വായിച്ചാൽ അത് ബോദ്ധ്യമാകുന്ന കാര്യമാണ്. 1947-ലെ വ്യാവസായിക തർക്ക ആക്ടിലെയോ 1926-ലെ കേന്ദ്ര ട്രേഡ് യൂണിയൻ ആക്ടിലെയോ ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളെയോ തൊഴിലാളികളുടെ അവകാശങ്ങളെയോ ഇത് നിയന്ത്രിക്കുന്നില്ല. ട്രേഡ് യൂണിയനുകളെ നിയന്ത്രിക്കുന്നില്ല. ഒരു വിധത്തിലുമുള്ള സമാധാനപരമായ സമരമാർഗ്ഗങ്ങളെയും നിരോധിക്കാനല്ല ഇതിലൂടെ ഉദ്ദേശിക്കുന്നത്. പ്രതിഷേധങ്ങളെ നിയന്ത്രിക്കാനല്ല ഉദ്ദേശിക്കുന്നത്. ഇത് ഒരു കരിനിയമമാണ് എന്ന് പറഞ്ഞ അഭിപ്രായത്തോട് ഈ ഗവൺമെന്റിന് യോജിപ്പില്ല. പരിഷ്കൃത സമൂഹത്തിലാണ് നാം ജീവിക്കുന്നത്. പരിഷ്കൃത സമൂഹത്തിൽ ജീവിക്കുമ്പോൾ പ്രതിഷേധിക്കുന്നവരുടേതു പോലെ തന്നെ മറ്റുള്ളവരുടെയും അവകാശങ്ങളെപ്പറ്റി നമ്മൾ ബോധവാൻമാരാകണം. കുറെ വർഷങ്ങളായി നമ്മുടെ നാട്ടിൽ നിരന്തരം അരങ്ങേറിക്കൊണ്ടിരിക്കുന്ന പ്രതിഭാസമായിരുന്നു ബന്ദ്. ബന്ദ് നടത്തുന്നതിനെതിരായി ഹൈക്കോടതിയുടെ വിധിയുണ്ടായി. അപ്പോൾ നമ്മൾ ബന്ദിന്റെ രൂപം മാറ്റി. പേരുമാറ്റി ഹർത്താൽ എന്നാക്കി. സംഘടിത രാഷ്ട്രീയ പ്രസ്ഥാനങ്ങളും സാമൂഹിക പ്രസ്ഥാനങ്ങളും മുതൽ

വലിയ ജനപിന്തുണയൊന്നും അവകാശപ്പെടാൻ കഴിയാത്ത പ്രസ്ഥാനങ്ങൾ വരെ ആവശ്യത്തിനും അനാവശ്യത്തിനും ഹർത്താലുകൾ പ്രഖ്യാപിച്ച് ജനജീവിതം സ്തംഭിപ്പിക്കുന്നത് ഒരു പതിവാക്കി മാറ്റിയിരിക്കുന്നു. ഒരു മേശയ്ക്കു ചുറ്റുമിരുന്ന് പറഞ്ഞ് തീർക്കാൻ കഴിയാവുന്ന കാര്യങ്ങൾപോലും പല ദിവസത്തെ ഹർത്താലുകളിലേക്കെത്തിച്ച് ജനജീവിതത്തെ സമ്പൂർണ്ണമായി നിശ്ചലമാക്കുന്ന അവസ്ഥാവിശേഷം ശരിയാണോ എന്ന് എല്ലാവരും ആലോചിക്കേണ്ട സന്ദർഭമാണിത്. വളരെ നിസ്സാരമായ കാര്യങ്ങൾക്കുപോലും ഒരു മുന്നറിയിപ്പുമില്ലാതെ പെട്ടെന്ന് ഹർത്താലുകൾ പ്രഖ്യാപിക്കുമ്പോൾ അത് ജനങ്ങളുടെ ജീവിതത്തെ എങ്ങനെ ബാധിക്കുമെന്ന് ആലോചിക്കണം. ഇവിടെ പറഞ്ഞത് ശരിയാണ്, ഞാൻ കെ.പി.സി.സി. പ്രസിഡന്റായിരുന്നപ്പോഴും യൂത്ത് കോൺഗ്രസ് പ്രസിഡന്റായിരുന്നപ്പോഴും ഹർത്താലുകൾ പ്രഖ്യാപിച്ചിട്ടുണ്ട്; കെ.എസ്.യു. പ്രസിഡന്റായിരുന്നപ്പോൾ വിദ്യാഭ്യാസ ബന്ദ് നടത്തിയിട്ടുണ്ട്. ഇന്ന് കാലം മാറുകയാണ്. കാലം മാറുന്നതിനനുസരിച്ച് നമ്മുടെ ചിന്താഗതികളിലും മാറ്റം വരുന്നുണ്ട്. ഇവിടെ ന്യായമായി നടക്കുന്ന ഒരു സമരത്തിനോടും ഗവൺമെന്റിന് എതിർപ്പില്ല. പക്ഷേ നിസ്സാരമായ കാര്യങ്ങൾക്കുപോലും പ്രാദേശിക ബന്ദുകളും സംസ്ഥാന ബന്ദുകളും പ്രഖ്യാപിച്ചുകൊണ്ട് ജനജീവിതത്തെ ദുസ്സഹമാക്കുക മാത്രമല്ല, ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിലേയ്ക്കു വരുന്ന ടൂറിസ്റ്റുകൾ, ഇതൊന്നുമറിയാതെ യാത്ര ചെയ്യുന്ന ആളുകൾ, റെയിൽവേ സ്റ്റേഷനിൽ വന്ന് മണിക്കൂറുകൾ ബസ്സ് കാത്തിരിക്കേണ്ട അവസ്ഥ. പലപ്പോഴും ബന്ദിനും ഹർത്താലിനുമുണ്ടാകുന്ന കല്ലേറിൽ തലപൊട്ടി ചോരയൊലിക്കുന്ന എത്രയോ പാവപ്പെട്ട മനുഷ്യരുടെ മുഖങ്ങളാണ് നമ്മൾ പത്രമാധ്യമങ്ങളിലൂടെ കണ്ടുകൊണ്ടിരിക്കുന്നത്. ഹർത്താലിൽപെട്ട് ആംബുലൻസ് സമയത്ത് ആശുപത്രിയിൽ എത്താത്തതുമൂലം എത്രയോ ആളുകൾ മരിക്കുന്നു. എത്രയോ പാവപ്പെട്ടവരുടെ ജീവനുകൾ ഇവിടെ പൊലിയുന്നു. ഇവിടെ ഹർത്താലിന്റെ പേരിൽ കോടിക്കണക്കിന് രൂപ നമ്മുടെ സംസ്ഥാനത്തിന് നഷ്ടമാകുന്നു. തൊഴിലെടുക്കാനുള്ള പൗരന്റെ അവകാശത്തെ സമ്പൂർണ്ണമായി നിരസിക്കുകയാണ് ഇത്തരം ഹർത്താലുകൾ ചെയ്യുന്നത്. ഇംഗ്ലീഷിൽ ഒരു ചൊല്ലുണ്ട്, ' Your freedom ends where my nose begins - എന്റെ മൂക്ക് തുടങ്ങുന്നിടത്ത് നിങ്ങളുടെ സ്വാതന്ത്ര്യം അവസാനിക്കുന്നു'. അഭിപ്രായ സ്വാതന്ത്ര്യത്തെ സംബന്ധിച്ച എക്കാലത്തെയും വലിയ നിർവ്വചനമായിട്ടാണ് ഇതിനെ കാണാൻ കഴിയുന്നത്. മറ്റൊരു വ്യക്തിയുടെ സഞ്ചാരസ്വാതന്ത്ര്യത്തെ തടഞ്ഞുകൊണ്ട്, പരിമിതപ്പെടുത്തിക്കൊണ്ട് ഒരു വ്യക്തിക്കും പ്രതിഷേധിക്കാനുള്ള അവകാശമില്ല. ഈ രാജ്യത്ത് എല്ലാ പൗരന്മാർക്കും അവകാശങ്ങളുണ്ട്. ഈ വസ്തുതകളെല്ലാം മുൻനിർത്തിയും ഈ ബുദ്ധിമുട്ടുകൾ ഒഴിവാക്കാനും വേണ്ടിയാണ് സംസ്ഥാന ആഭ്യന്തര വകുപ്പിന്റെ നിർദ്ദേശ പ്രകാരം ഈ ബിൽ അവതരിപ്പിക്കുന്നത്. ഇവിടെ

നേരത്തെ ശ്രീ. കെ. സുരേഷ് കുറുപ്പും ശ്രീ. ഇ. പി. ജയരാജനും ചൂണ്ടിക്കാണിച്ചത് ശരിയാണ്. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയാണ് പ്രതിഷേധമാർഗ്ഗം എന്നുള്ള നിലയിൽ ഹർത്താൽ എന്നുള്ള വാക്ക് ഉപയോഗിച്ചത്. ഗുജറാത്തിൽ 'ഹഡ്താൽ' എന്നാണ് പറയുന്നത്. തൊഴിൽ മേഖലകളുടെ പ്രവർത്തനം നിർത്തിവയ്ക്കുക, ഓഫീസുകളും വ്യാപാര സ്ഥാപനങ്ങളും കോടതികളും ഉൾപ്പെടുന്ന നിയമസംവിധാനങ്ങൾ പൂർണ്ണമായും നിശ്ചലമാക്കുക എന്നിവയാണ് ഹർത്താൽ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ദേശീയ പ്രസ്ഥാനത്തിന്റെ കാലത്ത് കൊളോണിയൽ വാഴ്ചയ്ക്കും ഭരണകൂടത്തിന്റെ ജനവിരുദ്ധ നയങ്ങൾക്കും അടിച്ചമർത്തൽ ദുഷ്ഭരണത്തിനും എതിരായി ശക്തമായ താക്കീത് നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഗാന്ധിജി ഈ സമരമാർഗ്ഗം ആരംഭിച്ചത്. ഒരു പ്രതിഷേധ സമരം എന്നുള്ള നിലയിൽ അന്ന് ജനങ്ങൾ ആഹ്വാനത്തെ സ്വമേധയാ സ്വീകരിക്കുകയാണുണ്ടായത്. അക്രമരഹിതമായി നടപ്പാക്കുകയാണുണ്ടായത്. ഹർത്താലിനെപ്പറ്റി ഗാന്ധിജി എന്താണ് പറഞ്ഞത് - താൽക്കാലികമായുള്ള പ്രവൃത്തി നിരോധനമാണിത്, ആർക്കെതിരെയാണോ പ്രതിഷേധിക്കുന്നത് അവർക്കും സ്വയം ശുദ്ധീകരണത്തിനുള്ള അവസരമാണിത്. സമാധാനപരമായ പിക്കറ്റുകൾ, ബഹിഷ്കരണങ്ങൾ, നികുതി നിഷേധങ്ങൾ എന്നിവ യെയെല്ലാം സ്പിരിറ്റ് ഓഫ് സെൽഫ് പ്യൂരിഫിക്കേഷൻ എന്നാണ് മഹാത്മാഗാന്ധി പറഞ്ഞത്. എന്നുവച്ചാൽ ഉന്നതമായ ലക്ഷ്യങ്ങൾ നേടാൻ വിശുദ്ധിയുള്ള മാർഗ്ഗമായിട്ടാണ് ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ എക്കാലത്തേയും വലിയ നേതാവും രാഷ്ട്രപിതാവുമായ മഹാത്മാഗാന്ധി ഹർത്താലിനെ ഉപയോഗിച്ചത്. ശ്രീ. ഇ.പി. ജയരാജൻ പറഞ്ഞത് 100 ശതമാനം ശരിയാണ്. ഉപ്പുസത്യാഗ്രഹത്തിലും അതിനു മുമ്പുള്ള റൗലറ്റ് ആക്ട് പോലുള്ള കിരാത നിയമങ്ങൾ ബ്രിട്ടീഷുകാർ കൊണ്ടു വന്നപ്പോൾ ഗാന്ധിജിയുടെയും ദേശീയ പ്രസ്ഥാനത്തിലെ മറ്റു നേതാക്കളുടെയും നേതൃത്വത്തിൽ നടന്ന ഹർത്താലിലൊന്നിലും അക്രമമുണ്ടായിട്ടില്ല, ബലപ്രയോഗമുണ്ടായിട്ടില്ല, ആരുടെയും ജീവൻ പൊലിഞ്ഞിട്ടില്ല. ആരും ആശുപത്രിയിൽ പോയിട്ടില്ല. അവിടെയെല്ലാം ജനങ്ങൾ സ്വമേധയാ ഹർത്താലിനോട് സഹകരിക്കുകയായിരുന്നു. ആ പ്രതിഷേധ സമരത്തിൽ ആരെയും നിർബന്ധിച്ചും ബലംപ്രയോഗിച്ചും നിഷ്ക്രിയരാക്കിയിരുന്നില്ല. എല്ലാ പ്രതീക്ഷകളും അവസാനിക്കുമ്പോൾ ബ്രിട്ടീഷ് ഭരണകൂടത്തിനെതിരെ നേരിടാനുള്ള അവസാനത്തെ ആയുധമായിട്ടാണ് അന്ന് ഹർത്താലിനെ ആശ്രയിച്ചത്. ജോലികളെല്ലാം സ്വമേധയാ നിർത്തിവച്ച് ഉപവാസത്തിലൂടെയും പ്രാർത്ഥനയിലൂടെയുമാണ് സ്വാതന്ത്ര്യ സമരകാലത്ത് ഹർത്താലുകൾ നടത്തിയിരുന്നത്. നിസ്സഹകരണം എന്നതുകൊണ്ട് ഗാന്ധിജി ഉദ്ദേശിച്ചത് നിഷ്ക്രിയമായ അവസ്ഥയല്ല, പരമാവധി ക്രിയാത്മകമാണ്. വെറുപ്പോ ശത്രുതയോ വിദ്വേഷമോ കൂടാതെ എതിരാളികളോട് അഹിംസാമാർഗ്ഗത്തിലൂടെ പൂർണ്ണമായി സഹകരിക്കുക എന്നാണ് അദ്ദേഹം പറഞ്ഞത്. പ്രേരണ, ചർച്ച, അനുരഞ്ജനം, നിസ്സഹകരണം, സഹനം, ഉപവാസം തുടങ്ങിയ മാർഗ്ഗങ്ങൾ

അവലംബിച്ചശേഷം അവസാനത്തെ ആയുധമായിട്ടു മാത്രമെ ഹർത്താലിനെ ഉപയോഗിക്കാവൂ എന്ന് ഗാന്ധിജി പറഞ്ഞു. തൊഴിലാളികളുടെ നില മെച്ചപ്പെടുത്താൻ മാത്രമെ പണി മുടക്കിൽ ഏർപ്പെടാവൂ എന്നും രാഷ്ട്രീയ പരിഗണനകൾ പാടില്ലെന്നും ഗാന്ധിജി നിഷ്കർഷിച്ചു. 1921 മുതൽ 1947 ഓഗസ്റ്റ് 15 വരെ ഇന്ത്യയിൽ കേവലം 13 ഹർത്താലുകളാണ് നടന്നത്. എന്നാൽ 2014-ൽ മാത്രം കേരളത്തിൽ പ്രാദേശിക ഹർത്താലുകളടക്കം ചെറുതും വലുതുമായി 314 ഹർത്താലുകൾ നടന്നു. 2015 പിന്നിടുമ്പോൾ പ്രാദേശിക ഹർത്താലുകളടക്കം 200 ഹർത്താലുകൾ കേരളത്തിൽ നടന്നു. മാധ്യമങ്ങളിൽ വന്ന കണക്കാണിത്. കേരളം ഹർത്താൽ എന്ന പ്രതിഷേധ രൂപത്തെ എന്നുമെന്നും ഉപയോഗിക്കാൻ കഴിയുന്ന ഒന്നാക്കി മാറ്റി. അവസാനത്തെ ആയുധമായി ആരും അതിനെ ഉപയോഗിച്ചില്ല. ഹർത്താൽ ആചരണം എന്നത് ഹർത്താൽ ആഘോഷമായി മാറുകയാണ് ഉണ്ടായിട്ടുള്ളത്. ജനജീവിതത്തെ മുൾമുനയിൽ നിർത്തിക്കൊണ്ട് ഹർത്താൽ വിജയിപ്പിക്കുന്നത് പരിഷ്കൃത സമൂഹത്തിന് ചേർന്നതല്ല. ഇവിടെ വാൾസ്ട്രീറ്റ് പ്രക്ഷോഭത്തെപ്പറ്റി പറഞ്ഞു. ഫ്രാൻസിൽ നടക്കുന്ന പ്രക്ഷോഭത്തെപ്പറ്റി പറഞ്ഞു. ആ പ്രക്ഷോഭങ്ങളൊക്കെ തീർത്തും സമാധാനപരമായാണ് നടന്നത്. വാൾസ്ട്രീറ്റിലെ പ്രക്ഷോഭം നടന്ന സ്ഥലം ഞാൻ പോയി കണ്ടതാണ്. ആ സമരത്തിൽ പങ്കെടുത്തവരുമായി ഞാൻ സംസാരിച്ചിട്ടുണ്ട്. തികച്ചും സമാധാനപരമായി നടന്ന പ്രക്ഷോഭമാണ്. അത്തരം പ്രക്ഷോഭങ്ങളെ നമ്മളാരും എതിർക്കുന്നില്ല. കേരളത്തിൽ എത്രയോ സമാധാനപരമായ സമരങ്ങൾ നടക്കുന്നു. ആരെങ്കിലും എതിർക്കുന്നുണ്ടോ? ഇന്ത്യയിൽ ഭരണകൂടങ്ങൾക്കെതിരെ എത്രയോ സമാധാനപരമായ സമരങ്ങൾ നടക്കുന്നു. ആരെങ്കിലും എതിർക്കുന്നുണ്ടോ? ഹർത്താലിന്റെ പേരിൽ നടക്കുന്ന അക്രമങ്ങളിൽ നിരപരാധികളായ നിരവധിയാളുകളുടെ ജീവനുകൾ നഷ്ടപ്പെടുകയും കൈകാലുകൾ നഷ്ടപ്പെട്ട് അംഗവിഹീനരായി ജീവിക്കുന്ന രക്തസാക്ഷികളും കേരളത്തിലുണ്ടെന്ന കാര്യം കൂടി നമ്മൾ കണക്കാക്കണം. ഭരണഘടനയുടെ ആർട്ടിക്കിൾ 19, ഇന്ത്യൻ പൗരന് എവിടെയും യാത്ര ചെയ്യാനും തൊഴിലെടുക്കാനും പൂർണ്ണസ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നു. ഭരണഘടന നൽകുന്ന ഈ അവകാശത്തെ ഹർത്താലുകൾ ധ്വംസിക്കുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. 1994-ൽ അന്നത്തെ കേരള നിയമസഭയിലെ അംഗമായിരുന്ന ശ്രീ. എം. എം. ഹസ്സൻ ഒരു അനൗദ്യോഗിക ബിൽ അവതരിപ്പിച്ചിരുന്നു. ബന്ദുകളും ഹർത്താലുകളും സാധാരണ ജീവിതത്തെ തടസ്സപ്പെടുത്താതിരിക്കാൻവേണ്ടി ചില മുൻകരുതലുകൾ വേണമെന്നാണ് പറഞ്ഞത്. ഹർത്താലുകൾ നിരോധിക്കുമെന്ന തെറ്റായ പ്രചാരണം വേണ്ട. ഹർത്താലിനെ നിരോധിക്കുന്നില്ല. ന്യായമായും നടത്തേണ്ട ഹർത്താലുകൾ അവസാനത്തെ ആയുധമാണെങ്കിൽ അത് നടത്തുന്നതിൽ എതിരല്ല, പക്ഷെ ജനങ്ങളുടെ ബുദ്ധിമുട്ട് ഒഴിവാക്കാൻ വേണ്ടിയാണ് മുൻകൂട്ടി അറിയിക്കണമെന്ന് സൂചിപ്പിച്ചിട്ടുള്ളത്.

സംസ്ഥാനത്ത് ബന്ദുകളും ഹർത്താലുകളും നിയന്ത്രിക്കാനോ നിരോധിക്കാനോ ഉള്ള അധികാരം പൊതുജന താല്പര്യാർത്ഥമാണ് ഈ ഗവൺമെന്റ് മുന്നോട്ടു കൊണ്ടുവരുന്നത്. ശ്രീ. ഇ. പി. ജയരാജൻ ഇവിടെ ചൂണ്ടിക്കാണിച്ചത് ശരിയാണ്, 1997 ജൂലൈ 28-ന് കേരള ഹൈക്കോടതി ഒരു സുപ്രധാന വിധിയിലൂടെ ബന്ദ് നിരോധിച്ചു; ഭരത് കുമാർ Vs സ്റ്റേറ്റ് ഓഫ് കേരള. പിന്നീട് സുപ്രീംകോടതി അത് ശരിവയ്ക്കുകയുണ്ടായി. കേരള ഹൈക്കോടതിയുടെ അന്നത്തെ സുപ്രധാന വിധിയിൽ ഇപ്രകാരം പറയുന്നു: 'No political party or organisation can claim that is entitled to paralyse the industry and commerce in the entire state or nation and is entitled to prevent citizens not in sympathy with its view point, from exercising their fundamental rights or from performing their duties for their own benefit or for the benefit of the state or nation. Such claim would be unreasonable and could not be accepted as a legitimate exercise of a fundamental rights by a political party or those comprising it. The claim for relief by the petitioners in these original petitions will have to be considered in this background.' നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന നിയമങ്ങളുടെ അടിസ്ഥാനത്തിൽ തന്നെയാണ് ഈ നിയമവും അവതരിപ്പിച്ചിട്ടുള്ളത്. 'Constitution bench of the Apex Court in Kameshwar Prasad's case (supra) as soon as the demonstration/Hartal becomes disorderly and violent it is not the right under the Article 19 (1)( a) or (b) and on any such act/offence the law shall takes its own course and the guilty be punished.'

Full bench of the High Court of the people, council of social justice V/s State of Kerala 1997 KHC 368 has laid down that, it is a fundamental rights to conduct demonstration on a highways without causing obstruction to others. Direction issued to the State Government, സംസ്ഥാന ഗവൺമെന്റിന് ഹൈക്കോടതി നിർദ്ദേശം കൊടുക്കുകയാണ്......to take effective steps regarding providing all assistance for finalisation of prosecution right into cases registered during hartal and strike as well as the suit filed for compensation of private and public properties. State should revise various directions issued from time to time to contain a comprehensive and effective direction tackling the forceful hartals demonstration against State of Kerala. നിർബന്ധിതമായി അടിച്ചേൽപ്പിക്കുന്ന ഹർത്താലുകളെ, യാതൊരു ഉത്തരവാദിത്വവുമില്ലാതെ പുറപ്പെടുവിക്കുന്ന ഹർത്താലുകളെ നിയന്ത്രിക്കാൻ ഗവൺമെന്റ് മുൻകയ്യെടുക്കണമെന്ന് ഹൈക്കോടതി വ്യക്തമായ നിർദ്ദേശം ഗവൺമെന്റിന്

നൽകുകയാണ്. അതോടൊപ്പം തന്നെ a draft bill by name, An Act for fare negation, salutary regulation and special legitimation, in public interest, of Hartals and Validation of Worker's right to strike. The bill was provided by the Law Reforms Commission of the state and report has been submitted. The law Reforms Commission Report ഈ നിയമസഭയുടെ ലൈബ്രറിയിലുണ്ട്. The Division Bench of the High Court in WPC No.29734 of 2008, The Proper Channel V/s Managing Director, K.S.R.T.C. have already emphasised the need for a proper legislation in this regard. Following observations made in the paragraph 12. 'It might also true that, taking into account the might of the organisation that calls for such hartals, the public at large may not be in a position to initiate appropriate action against the organisation calling for holding such 'hartals'. It is therefore necessary that government should step in and provide a simple and easy method to any person including Statutory Corporations like KSRTC or a private individual to claim compensation for any loss they may suffer on account of such 'forced hartals'. Appropriate legislation should be enacted granting and suo moto powers to a competent authority to call for claims, assessment of compensation, recovery etc. Unless such measures are taken to menace of 'forced hartals' cannot be curbed'. ഞാൻ ഇവിടെ ഉദ്ധരിച്ച മൂന്നുനാല് വിധികൾ കേരള സമൂഹത്തിന് മുമ്പിലുള്ളതാണ്. ഹൈക്കോടതിയും സുപ്രീംകോടതിയും ലാ കമ്മീഷനും ഈ നാട്ടിൽ നിർബന്ധിത ഹർത്താൽ നടത്തുന്നതിനെതിരായി ശക്തമായ വിധിന്യായങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളത്. നമ്മുടെ ആധുനിക സമൂഹം, ഈ പരിഷ്കൃത സമൂഹം, ഇത്തരത്തിലുള്ള നിർബന്ധിതമായ ഹർത്താലുകളും അതിലൂടെ ഉണ്ടാകുന്ന അക്രമങ്ങളും മരണങ്ങളും ഒരിക്കലും അംഗീകരിക്കുന്നില്ല. അതേസമയം പ്രതിഷേധിക്കാനുള്ള അവകാശത്തെയോ ന്യായമായ സമരങ്ങളെയോ തൊഴിലാളി സമരങ്ങളെയോ സർക്കാർ ജീവനക്കാരുടെ സമരങ്ങളെയോ ഈ ഗവൺമെന്റ് ഒരിക്കലും നിയന്ത്രിക്കാൻ ആഗ്രഹിക്കുന്നില്ല. പക്ഷെ ഒരു പറ്റം ആളുകൾ ഒരുത്തരവാദിത്വ സമൂഹത്തോട് ഉത്തരവാദിത്വമില്ലാതെ പെട്ടെന്ന് ഹർത്താലുകൾ പ്രഖ്യാപിച്ച് കേരളത്തെ പാരലൈസ് ചെയ്യുന്ന ആ നടപടിയോട് ഗവൺമെന്റിന് യോജിപ്പില്ല. അതിനാൽ കേരളത്തിലെ പൊതു സമൂഹത്തിന്റെ മനസാക്ഷിയെ ഉയർത്തിപ്പിടിച്ചുകൊണ്ടാണ് ഈ ഗവൺമെന്റ് ഹർത്താൽ നിയന്ത്രണ ബിൽ ഇവിടെ അവതരിപ്പിക്കുന്നത്. ഈ ഹർത്താൽ

നിയന്ത്രണ ബിൽ കേരള ചരിത്രത്തിലെ ഏറ്റവും സുപ്രധാനമായ നിയമ നിർമ്മാണമായി ഞാൻ കണക്കാക്കുന്നു. കേരളം ഒരു ട്രാൻസിഷൻ പിരീഡിലാണ്. ഇവിടേക്ക് ഇൻവെസ്റ്റുമെന്റുകൾ വരണം, ട്രേഡ് ആന്റ് ഇൻഡസ്ട്രി വളരണം, നമ്മുടെ സമൂഹം വളരണം, നമ്മുടെ ചെറുപ്പക്കാർക്ക് ഇവിടെ ജോലി കിട്ടാൻ അവസരം ഉണ്ടാകണം. ഇവിടെ നിക്ഷേപത്തിന് വേണ്ടി വരുന്ന ആളുകൾ ഹർത്താലുകളും ബന്ദുകളും കണ്ട് പേടിച്ചോടാൻ പാടില്ല. ഈ സംസ്ഥാനത്തെ ജനങ്ങൾ ആഗ്രഹിക്കുന്നത് സമാധാനപരമായ അന്തരീക്ഷമാണ്. ഇന്ന് കേരളത്തിൽ തൊഴിൽ സമരങ്ങളില്ല. ഞാൻ അതിനെ വളരെ സന്തോഷത്തോടുകൂടി കാണുന്ന ആളാണ്. ഒരുകാലത്ത് തൊഴിലാളി സമരത്തിന്റെ പേരിൽ ഇവിടേക്ക് മുതൽമുടക്കാൻ ആളുകൾ വരാത്ത കാലമുണ്ടായിരുന്നു. വ്യവസായ വകുപ്പുമന്ത്രി ഇവിടെയുണ്ട്. ഇന്ന് ഇവിടെ തൊഴിലാളി സമരങ്ങളില്ല. ശ്രീ. എളമരം കരീം ഇവിടെയുണ്ട്, തൊഴിലാളി നേതാക്കന്മാരുണ്ട്. ഇന്ന് തൊഴിലാളികളുടെ സമരങ്ങൾ നടക്കുന്നത് സ്ഥാപനങ്ങളെ രക്ഷിക്കാൻ വേണ്ടിയാണ്. Save FACT, Save HNL. ഓരോ ഫാക്ടറികളെയും സംരക്ഷിക്കാൻ തൊഴിലാളികൾ സമരം ചെയ്യുന്നു. കാരണം ഈ നാട്ടിലെ സ്ഥാപനങ്ങൾ നിലനിൽക്കണമെന്നുള്ള ആഗ്രഹമുള്ളതുകൊണ്ടാണ്. അനാവശ്യ സമരങ്ങൾ ഇന്ന് കേരളത്തിൽ തൊഴിലാളികൾ നടത്തുന്നില്ല. അവർക്ക് കൂടുതൽ ചുമതലാബോധമുണ്ടാകുന്നു. ഒരു സംസ്ഥാനത്ത് ഹർത്താൽ നടത്തുമ്പോൾ വാണിജ്യ രംഗത്തും വ്യാവസായിക രംഗത്തും കോടിക്കണക്കിന് രൂപയുടെ നഷ്ടമുണ്ടാകുന്നു. അതുകൂടി കണക്കിലെടുത്തുകൊണ്ട് ഇതിനൊരു നിയന്ത്രണം വേണം. റീസണബിളായ റെസ്ട്രിക്ഷൻ വേണം. ഇവിടെ അനാവശ്യമായ സമരങ്ങൾ നടത്തി ജനങ്ങളുടെ ജീവിതത്തെ ബുദ്ധിമുട്ടിക്കാൻ പാടില്ല, നമ്മുടെ ട്രേഡ് ആന്റ് കോമേഴ്സിനെ ബാധിക്കാൻ പാടില്ല, നമ്മുടെ നാട്ടിലെ നിക്ഷേപങ്ങളെ ബാധിക്കാൻ പാടില്ല, നമ്മുടെ വരും തലമുറയിൽപ്പെട്ട ചെറുപ്പക്കാർക്ക് ജോലി കിട്ടണം, നമ്മുടെ നാട്ടിൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകണം. ആ മഹത്തായ ലക്ഷ്യത്തോടു കൂടിയാണ് ഈ നിയമം ഇവിടെ അവതരിപ്പിക്കുന്നത്. അതല്ലാതെ ആരുടെയും വ്യക്തി സ്വാതന്ത്ര്യത്തെയോ പ്രതിഷേധിക്കാനുള്ള സ്വാതന്ത്ര്യത്തിന് നേരെയോ ഒരു കൂച്ചുവിലങ്ങിടാനും നമ്മൾ ആഗ്രഹിക്കുന്നില്ല. എല്ലാ പ്രതിഷേധങ്ങളെയും എല്ലാ ന്യായമായ സമരങ്ങളെയും പൂർണ്ണമായും അംഗീകരിക്കുന്ന ഒരു വ്യക്തിയാണ് ഞാൻ. അതുകൊണ്ട് അനാവശ്യമായ ഭയാശങ്കകൾ ഉയർത്തി ഈ ബില്ലിന്റെ ഉദ്ദേശ്യശുദ്ധിയെ ചോദ്യം ചെയ്യരുതെന്നാണ് എനിക്ക് പറയാനുള്ളത്. ഈ ബിൽ കേരള സമൂഹത്തിന് വളരെയേറെ പ്രയോജനം ചെയ്യുന്ന ബില്ലാണ്. ഈ ബിൽ അംഗീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. എളമരം കരീം, അങ്ങേക്ക് 1 (എ) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. എളമരം കരീം: 2015-ലെ കേരള ഹർത്താൽ നിയന്ത്രണ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2015 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഹർത്താൽ നിയന്ത്രണ ബിൽ യഥാർത്ഥത്തിൽ കേരളത്തിലെ ജനങ്ങളുടെ ജനാധിപത്യ അവകാശങ്ങൾ കവർച്ച ചെയ്യുന്ന ഒരു കരിനിയമമായി മാറാൻ പോവുകയാണ്. ഹർത്താൽ നിയന്ത്രണ ബിൽ എന്നാണ് ഇതിന് പേര് കൊടുത്തിരിക്കുന്നത്. യഥാർത്ഥത്തിൽ ഇത് ഹർത്താൽ നിരോധന ബില്ലാണ്. ജനങ്ങൾക്കിടയിൽ എന്തോ ഒരു ആശ്വാസം ലഭിക്കുന്നുവെന്ന തോന്നൽ ഉണ്ടാക്കി കൊണ്ട് ജനങ്ങളുടെ പ്രതിഷേധത്തെ അടിച്ചമർത്താൻ എക്സിക്യൂട്ടീവിന് അമിതമായ അധികാരം നൽകുന്ന നിയമമാണ് ഇവിടെ നിർമ്മിക്കാൻ പോകുന്നത്. ഇതിന്റെ അഞ്ചാം വകുപ്പിൽ ചില ഹർത്താലുകൾ സർക്കാർ നിരോധിക്കണമെന്ന് പറയുന്നുണ്ട്; ഹർത്താലുകൾ ജനജീവിതത്തിന് ആവശ്യമായ വ്യാപാരത്തെയോ പ്രവർത്തനത്തെയോ നിർത്തലാക്കുന്നതിന് കാരണമാകുമ്പോൾ മൂന്ന് ദിവസത്തെ നോട്ടീസ് നൽകപ്പെട്ടിട്ടുണ്ടെങ്കിൽ തന്നെയും സംസ്ഥാന സർക്കാർ നേരിട്ടോ ഏൽപ്പിക്കപ്പെട്ട മറ്റ് അധികാരസ്ഥാനം മുഖേനയോ ഫലപ്രദമായി നിരോധിക്കേണ്ടതാണ്. ഇത് ഉണ്ടായിക്കഴിഞ്ഞാൽ ഇതിനുമുമ്പുള്ള വകുപ്പുകൾക്ക് എന്താണ് പ്രസക്തി? പ്രഖ്യാപിക്കപ്പെട്ട ഹർത്താൽ ജനജീവിതത്തെ ബാധിക്കുമെന്ന് ആരാണ് നിർണ്ണയിക്കുന്നത്; ഇത് നിർവ്വചിക്കാൻ വേണ്ടി ഏത് ഉദ്യോഗസ്ഥനെയാണ് ഏൽപ്പിക്കുന്നത്? പോലീസിനെയാണ് ഏൽപ്പിക്കുന്നതെങ്കിൽ ആ പ്രദേശത്തിന്റെ അധികാര പരിധിയിൽ വരുന്ന പോലീസ് ഓഫീസറുടെ മനോഗതിക്ക് അനുസരിച്ചാണല്ലോ തീരുമാനം എടുക്കുന്നത്. അവിടെ ജനാധിപത്യപരമായ സങ്കൽപ്പങ്ങളാണോ അതല്ല ആ ഉദ്യോഗസ്ഥന്റെ മനോഭാവത്തിനാണോ മുൻതൂക്കം ലഭിക്കുകയെന്ന് ആർക്കും ഊഹിക്കാവുന്നതാണ്. ഫലത്തിൽ സംഭവിക്കാൻ പോകുന്നത് കേരളത്തിലെ ജനങ്ങളുടെ പ്രതിഷേധ സമരങ്ങളെ സമ്പൂർണ്ണമായി നിരോധിച്ചുനിർത്തുന്ന, അതിന് അനുവാദം നൽകാത്ത, നിയന്ത്രിച്ചുനിർത്തുന്ന, തടയുന്ന, കർശനമായ ഒരു വ്യസ്ഥയിലേക്കാണ് ഈ ബിൽ നമ്മളെ കൊണ്ടു പോകുന്നത്. ഇത് നിക്ഷേപങ്ങൾ വരുന്നതിനും വ്യവസായ പ്രോത്സാഹനത്തിനും എല്ലാമാണെന്ന് അങ്ങ് പറഞ്ഞത് വളരെ അത്ഭുതകരമായി തോന്നുന്നു. ഇതു തന്നെയാണ് ഇന്ത്യൻ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി ലോകം മുഴുവൻ നടന്നു പറയുന്നത്. കോർപ്പറേറ്റുകൾക്ക് ഇന്ത്യയിൽ നിക്ഷേപം നടത്താൻ സൗകര്യം ഉണ്ടാക്കുന്നതിനുവേണ്ടി ഇന്ത്യയിലെ മുഴുവൻ തൊഴിൽ നിയമങ്ങളും തൊഴിലുടമകൾക്ക് അനുകൂലമായി ഭേദഗതി ചെയ്തുകൊണ്ട് തൊഴിൽ അവകാശങ്ങൾ സമ്പൂർണ്ണമായി നിഷേധിച്ചത് നിക്ഷേപത്തിന്റെ പേര് പറഞ്ഞുകൊണ്ടാണ്.

4.00 PM]

മേക്ക് ഇൻ ഇന്ത്യ എന്ന മുദ്രാവാക്യവുമായി അദ്ദേഹം ലോകം മുഴുവൻ നടക്കുമ്പോഴും വിദേശ നിക്ഷേപം ഇന്ത്യയിലേക്ക് ക്ഷണിക്കുമ്പോഴും അദ്ദേഹം പറയുന്നത് ഇന്ത്യയിൽ ഉത്പാദന മേഖലയിൽ ഇനി യാതൊരു തടസ്സവും ഉണ്ടാകുന്നതല്ല. അതിനാവശ്യമായ ക്രമീകരണങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെന്നാണ്. അതേ വാദഗതിതന്നെയാണ് ഇവിടെയും കേൾക്കുന്നത്. അത് ദൗർഭാഗ്യകരമാണ്. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ തൊഴിൽ നിയമ ഭേദഗതികൾക്കെതിരായി ഒരുമിച്ച് സമരം നടത്തിയവരാണ് നമ്മളെല്ലാവരും. ഇന്ത്യയിലെ 10, 11 ട്രേഡ് യൂണിയനുകൾ ഇത്തരം ഒരു വാദഗതിയെ അംഗീകരിച്ചിട്ടില്ല. മാത്രമല്ല, സുപ്രധാനമായ തൊഴിൽ നിയമങ്ങളൊക്കെ ഭേദഗതി ചെയ്ത് തൊഴിലുടമകൾക്ക് അനുകൂലമായി മാറ്റം വരുത്തിയിട്ട് ഒരു വർഷത്തോളമായി. എത്ര വിദേശ നിക്ഷേപങ്ങൾ വന്നു; മാനുഫാക്ചറിംഗ് സെക്ടറിൽ ഏതെങ്കിലും ഒരു സ്ഥാപനം ഇന്ത്യയിൽ വന്നിട്ടുണ്ടോ; ഇന്ത്യയിൽ മുതൽമുടക്കാൻ ആർക്കാണ് താല്പര്യം? അതുകൊണ്ട് ഇത്തരം വാദഗതികളെല്ലാം ഉന്നയിച്ചുകൊണ്ട് ജനങ്ങളുടെ ജനാധിപത്യ അവകാശങ്ങളെ കവർന്നെടുക്കുന്നത് ഒരു തരത്തിലും ന്യായീകരിക്കാവുന്നതല്ല. ഇത് 'പഞ്ചസാരയിൽ പൊതിഞ്ഞ പാഷാണം' പോലെയാണ്. ഒരിക്കലും ഇത്തരം ഒരു നിയമം കേരള നിയമസഭ പാസ്സാക്കാൻ പാടില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി എന്ന നിലയിലാണ് ഞങ്ങൾ ഈ ബില്ലിനെ എതിർക്കുന്നത്; അല്ലാതെ വ്യക്തിപരമായിട്ടല്ല. കേരളത്തിൽ കഴിഞ്ഞ പഞ്ചായത്ത്/മുനിസിപ്പാലിറ്റി തെരഞ്ഞെടുപ്പിലെ ജനവിധിയുടെ അടിസ്ഥാനത്തിൽ ജനപിന്തുണയിൽ ഭരണകക്ഷിയെക്കാൾ മുന്നിൽ നില്ക്കുന്ന പ്രസ്ഥാനമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി. ഞങ്ങൾ പ്രകടിപ്പിക്കുന്ന അഭിപ്രായം ഏതാനും വ്യക്തികളുടെ അഭിപ്രായം എന്ന നിലയിൽ കാണുന്നതിനു പകരം കേരളത്തിൽ ഭരണകക്ഷിയെക്കാൾ ജനപിന്തുണയുള്ള ഒരു പ്രസ്ഥാനത്തിന്റെ അഭിപ്രായമായി കണ്ടുകൊണ്ട് നേരത്തെ പ്രതിപക്ഷ ഉപനേതാവ് പറഞ്ഞതുപോലെ ഇത് ജനങ്ങളുടെ പരിശോധനയ്ക്കും അഭിപ്രായത്തിനുമായി വിടുക എന്ന നടപടിയിലേക്ക് പോകണം. സെലക്ട് കമ്മിറ്റിയെ വച്ച് ജനഹിതം ആരായണം. എങ്കിൽ മാത്രമേ ഇതിലൊരു തീരുമാനം എടുക്കാൻ സാധിക്കുകയുള്ളൂ. അപ്പോൾ മാത്രമേ ജനാധിപത്യത്തെ മാനിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ കഴിയൂ. കുറച്ചുപേർ ഫെയ്സ്ബുക്കിൽ അഭിപ്രായം പറഞ്ഞതുകൊണ്ടുമാത്രം ഒരു പ്രശ്നത്തെ ന്യായീകരിക്കാവുന്നതല്ല. ജനങ്ങൾ ചില സന്ദർഭങ്ങളിൽ വൈകാരികമായി പ്രതികരിക്കും. അതെല്ലാമാണോ ഒരു മാനദണ്ഡമായിട്ട് എടുക്കേണ്ടത്? 2014-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിൽ 31% ആളുകൾ ബി.ജെ.പി.-ക്ക് അനുകൂലമായി വോട്ടുചെയ്തു. അതുകൊണ്ട് അവർക്ക് പാർലമെന്റിൽ ഭൂരിപക്ഷം കിട്ടി. ആ ഒറ്റ കാരണം കൊണ്ട് ബി.ജെ.പി.-യുടെ അധികാരപ്രവേശനത്തെയും അവരുടെ

നയങ്ങളെയും നമുക്ക് അനുകൂലിക്കാൻ പറ്റുമോ? വലിയൊരു ജനക്കൂട്ടം ഒരുമിച്ച് വന്ന് അദ്വാനിയുടെ നേതൃത്വത്തിൽ ബാബ്റി മസ്ജിദ് തകർത്തു. അതും ജനങ്ങൾ തന്നെയായിരുന്നു; അവിടെ കുറെ ആളുകൾ കൂടിയതുകൊണ്ടുമാത്രം എണ്ണം നോക്കി അവരുടെ ചെയ്തികളെ ന്യായീകരിക്കാൻ സാധിക്കുമോ? പല സന്ദർഭങ്ങളിലും ഇതുപോലുള്ള പ്രതികരണങ്ങൾ ഒരുവിഭാഗം ആളുകളിൽനിന്നും ഉണ്ടാകാറുണ്ട്. ഫെയ്സ്ബുക്കിൽ അങ്ങയുടെ അഭിപ്രായത്തെ അനുകൂലിച്ചവരോ അല്ലെങ്കിൽ സൈറ്റ് വിസിറ്റ് ചെയ്തവരോ ആയ ആളുകളുമായി എന്തെങ്കിലും അർത്ഥപൂർണ്ണമായ ഒരു സംവാദം നടത്തിയിട്ടുണ്ടോ? അവരുടേത് പ്രാഥമികമായ പ്രതികരണമല്ലേ; മാനുഷികമായ ഇത്തരം വ്യക്തിഗതമായ അഭിപ്രായങ്ങൾ എല്ലാവർക്കുമുണ്ടാകും. ഞാൻ സമരത്തിൽ പങ്കെടുക്കുന്ന ഒരാളാണ്. ഞാൻ ഒരു ബസ്സിൽ യാത്ര ചെയ്യുമ്പോൾ ആ ബസ്സിനെ പത്തുമിനിറ്റ് തടസ്സപ്പെടുത്തിയാൽ ഉടൻ എന്റെ മനസ്സിൽ വരുന്ന വികാരം താല്ക്കാലികമായ പ്രകടനക്കാരോടുള്ള വിദ്വേഷമാണ്. എന്റെ സൗകര്യം എന്ന സ്വാർത്ഥതയിലേക്ക് ഞാൻ ചുരുങ്ങിപ്പോകുന്ന ഒരു നിമിഷമാണത്. ഞാൻ നടത്തുന്ന പ്രക്ഷോഭങ്ങൾ ഇതുപോലെ എത്ര ആളുകളെ തടസ്സപ്പെടുത്താറുണ്ടെന്നത് ഒരു നിമിഷം കൊണ്ട് മറന്നു പോകും. അവകാശത്തിനു വേണ്ടി പണിമുടക്കുന്ന ഓരോ വിഭാഗവും മറ്റുള്ളവരുടെ സമരം അവരുടെ ജീവിതത്തിലുണ്ടാക്കുന്ന പ്രയാസങ്ങൾ വരുമ്പോൾ ആ സമരത്തെ തള്ളിപ്പറയുന്ന പ്രവണതയുണ്ട്. ഇത് സ്വാഭാവികമായ, മാനുഷികമായ ചില പ്രവണതകളാണ്. അത് കണ്ടുകൊണ്ട് ഒരു പൊതു നിലപാടെടുക്കാൻ സാധ്യമല്ല. ജനങ്ങൾക്ക് ഇഷ്ടമുള്ളതും ജനങ്ങൾക്ക് ഹിതകരമായതും രണ്ടാണ്. രോഗിക്ക് ഇഷ്ടമുള്ള ഭക്ഷണമല്ല കൊടുക്കുക, രോഗിക്ക് ഹിതകരമായ ഭക്ഷണമാണ് കൊടുക്കുക. അതുപോലെ ഒരു രാഷ്ട്രത്തിന്റെ മുന്നോട്ടുള്ള പുരോഗതിക്ക് ഹിതകരമായതെന്തെന്ന് നിർണ്ണയിക്കലാണ് രാഷ്ട്രീയ നേതൃത്വം ചെയ്യേണ്ടത്. അതല്ലാതെ വൈകാരികമായ അഭിപ്രായ പ്രകടനങ്ങൾ നടത്തുന്നതിന്റെ പിന്നാലെ പോകുന്നതിലല്ല. ഇതുപോലുള്ള ഒരഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് 1995-ൽ ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരിക്കുമ്പോൾ ഇവിടെ ചാരായനിരോധനം ഏർപ്പെടുത്തിയത്. അതുകൊണ്ട് വോട്ടൊന്നും കിട്ടിയില്ല. തെരഞ്ഞെടുപ്പുകാലത്ത് പ്രചരണം നടത്തിയെന്നല്ലാതെ ഒരു നേട്ടവും ഉണ്ടായില്ല. ഇങ്ങനെയുള്ള പ്രചാരണവേലകൾകൊണ്ട് രാഷ്ട്രീയ രംഗത്ത് കാതലായ മാറ്റങ്ങൾ ഉണ്ടാക്കാൻ സാധ്യമല്ല. അതുകൊണ്ട് ഇവിടെ അവതരിപ്പിക്കുന്ന ഈ നിയമം കേരളത്തിലെ ജനങ്ങളുടെ ജനാധിപത്യപരമായ അവകാശങ്ങൾ നിഷേധിക്കുന്നതാണെന്ന കാര്യം ഗൗരവമായി സഭ കണക്കിലെടുക്കണം. ഇത് ഭരണഘടനാതത്വങ്ങൾക്ക് എതിരാണെന്ന് ഇവിടെ പറഞ്ഞു; ഞാനത് ആവർത്തിക്കുന്നില്ല. ഹൈക്കോടതിവിധിയെ ഉദ്ധരിച്ചുകൊണ്ട് താങ്കൾ ഇവിടെ സംസാരിച്ചു. 2014-ലാണ് ഹൈക്കോടതിയുടെ ആക്ടിംഗ് ചീഫ് ജസ്റ്റിസിന്റെ നേതൃത്വത്തിലുള്ള ഡിവിഷൻ ബഞ്ച് അഭിപ്രായം പറഞ്ഞത്.

ശ്രീ. എ. കെ. ബാലൻ: സർ, വിദ്യാർത്ഥി പ്രക്ഷോഭവുമായി ബന്ധപ്പെട്ടു കൊണ്ട് വിദ്യാർത്ഥി രാഷ്ട്രീയം പാടില്ലായെന്ന് തീരുമാനിച്ച കേരളത്തിൽ വിദ്യാർത്ഥി രാഷ്ട്രീയം പാടില്ലായെന്ന നിലപാടെടുത്തത് തെറ്റ് എന്ന് ശ്രീ. എ. കെ. ആന്റണി തിരുത്തി പറഞ്ഞു. ആ ചരിത്രവും ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. എളമരം കരീം: സർ, 2014-ലെ ഹൈക്കോടതി വിധിയിലെ വാദങ്ങൾ കേട്ടതിനുശേഷം അന്നത്തെ ഡിവിഷൻ ബഞ്ച് പറഞ്ഞത്, In view of the forgoing discussions, we dispose all the writ petitions in the following manner:

1. The prior to prohibit present media from publishing/ broadcasting/telecasting news for call of harthal/strike is refused. മാധ്യമങ്ങളെ തടയുന്നത് നിരോധിക്കണമെന്ന ആവശ്യം തള്ളിക്കളഞ്ഞു.

2. The prior made for total banning of calls for harthals /strike is also refused. പണിമുടക്കുകളും ഹർത്താലുകളും സമ്പൂർണ്ണമായി നിരോധിക്കണമെന്ന ആവശ്യവും കോടതി നിരാകരിച്ചു.

3. The State Government may also consider framing of comprehensive legislation covering all aspects of the matter with due consideration of the State Law Reforms Commission. 'Government may consider'. എന്നേ പറഞ്ഞിട്ടുള്ളൂ. ഇത് ഗവൺമെന്റിനുമേൽ ഇംപോസ് ചെയ്തിട്ടില്ല. It is a recommendatory nature. വിജിലൻസിന് ഓട്ടോണമി നല്കണമെന്ന് ഹൈക്കോടതി നിർദ്ദേശിച്ചപ്പോൾ, അതിന് അമിക്കസ്ക്യൂറിയെ നിയോഗിക്കണമെന്ന നിർദ്ദേശം വന്നപ്പോൾ അത് സ്വീകരിക്കുകയാണോ ചെയ്തത്; ഗവൺമെന്റ് അതിനുമേൽ അപ്പീലിനു പോകുകയും റിവിഷൻ ഹർജി കൊടുക്കുകയും ചെയ്തു. ഹൈക്കോടതിയിലുണ്ടാകുന്ന എല്ലാ പരാമർശങ്ങളും അതേപടി സ്വീകരിക്കുന്ന താണോ ഒരു സ്റ്റേറ്റ് ഗവൺമെന്റ് ചെയ്യേണ്ടത്? എന്തുകൊണ്ട് ഇതിന്റെമേൽ അപ്പീലിന് പോയിക്കൂടാ; ഇത് നടപ്പാക്കുന്നില്ലെങ്കിൽ കോടതിയലക്ഷ്യത്തിന്റെ പ്രശ്നം വരുന്നുണ്ടോ? കോടതിയുടെ മേൽ ഈ മഹാപരാധത്തിന്റെ ഉത്തരവാദിത്വം ഏല്പിക്കാൻ ശ്രമിക്കരുതെന്ന് ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. ഇത് ഗവൺമെന്റിന്റെ രാഷ്ട്രീയ തീരുമാനം എന്നുമാത്രമേ കാണാൻ കഴിയുകയുള്ളൂ. ആ രാഷ്ട്രീയ തീരുമാനമാകട്ടെ നവഉദാരവത്കരണ കാലഘട്ടത്തിന്റെ ഒരു ചിന്താഗതിയാണ്. നവഉദാരവത്കരണ കാലഘട്ടമാണ് മനുഷ്യന്റെ എല്ലാ അവകാശങ്ങളെയും കവർന്നെടുക്കുന്നത്. അവന് ചിന്തിക്കാനും സ്വാതന്ത്ര്യം

പ്രകടിപ്പിക്കാനും പ്രതിഷേധിക്കാനുമുള്ള അവകാശങ്ങളെ കവർന്നെടുക്കുക എന്നത് നവഉദാരവത്കരണ കാലഘട്ടത്തിന്റെ ചിന്താഗതിയാണ്; അതാണ് ഇവിടെ സ്വാധീനിക്കുന്നത്.

നമ്മുടെ ഭരണഘടനയിൽ ഹർത്താൽ സംബന്ധിച്ച് വന്നിട്ടുള്ള ഒരു വ്യാഖ്യാനവുംകൂടി പറഞ്ഞുകൊണ്ട് ഞാൻ മറ്റൊരു കാര്യത്തിലേക്ക് കടക്കാം. ഹർത്താലിന് ഒരു വ്യാഖ്യാനം നല്കിയിട്ടുള്ളത് വളരെ ചിന്തനീയമാണ്. 'A closure of shops and offices as a protest or a mark of sorrow' ഹർത്താലിന് ഡിക്ഷ്ണറി നല്കുന്ന ഏറ്റവും നല്ല വിശദീകരണം അല്ലെങ്കിൽ വ്യഖ്യാനം അതാണ്. ഹർത്താലുകൾ പ്രതിഷേധമായും ദുഃഖത്തിന്റെ പേരിലും ആഹ്വാനം ചെയ്യപ്പെടാറുണ്ട്. ചിലപ്പോൾ സ്വമേധയാ ഹർത്താൽ ആചരിക്കാറുണ്ട്. ഇന്ദിരാഗാന്ധി കൊല്ലപ്പെട്ട സന്ദർഭത്തിൽ ഇന്ത്യയിൽ ഹർത്താൽ ആചരിക്കപ്പെട്ടു. മൂന്നു ദിവസങ്ങൾക്ക് മുൻപ് നോട്ടീസ് കൊടുക്കാൻ പറ്റുന്നത് എങ്ങനെയാണ്? ഇതുപോലുള്ള മഹത് വ്യക്തികളുടെ മരണംമൂലമുണ്ടാകുന്ന ദുഃഖാചരണങ്ങളുടെ ഭാഗമായി സ്വമേധയാ കടകളടയ്ക്കുകയും ഹർത്താൽ ആചരിക്കുകയും ചെയ്യാറുണ്ട്. വിവിധ സന്ദർഭങ്ങളിലാണ് ഈ ഹർത്താലിന് ആഹ്വാനം ചെയ്യുന്നത്. ഈ നിയമത്തിലെ 3(2) വകുപ്പനുസരിച്ച് മൂന്നുദിവസത്തിനുമുമ്പ് നോട്ടീസ് കൊടുത്തുകൊണ്ട് നടത്താൻ സാധിക്കുന്നതാണോ ഹർത്താൽ? ഏതെങ്കിലും ഒരു മഹത് വ്യക്തിയുടെ/ഏതെങ്കിലും ഒരു പ്രദേശത്തെ പ്രധാനപ്പെട്ട ഒരു വ്യക്തിയുടെ മരണംമൂലം ഒരു നാട്ടിൽ ഹർത്താൽ ആചരിച്ചാൽ ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഏതെങ്കിലും ഒരാൾ അന്യായം കൊടുത്താൽ അവരുടെ പേരിൽ കേസ്സെടുക്കേണ്ടി വരില്ലേ; അത് നിയമവിരുദ്ധമാണെന്നതിന്റെ അടിസ്ഥാനത്തിൽ നിയമനടപടിക്ക് വിധേയരാകേണ്ടി വരില്ലേ; ജനങ്ങൾ സ്വമേധയാ നടത്തുന്ന പ്രക്ഷോഭങ്ങൾക്കുപോലും ശിക്ഷിക്കപ്പെടുക എന്നുള്ള അവസ്ഥയിലേക്ക് പോകില്ലേ; ഇതിന് എന്ത് ന്യായീകരണമാണുള്ളത്?

വകുപ്പ് 3(3)-ൽ ജീവനും സ്വത്തിനും ഉണ്ടാകാൻ ഇടയുള്ള വിനാശത്തിന് നഷ്ടം കണക്കാക്കി അതിനൊരു തുക കെട്ടിവച്ചുകൊണ്ടുമാത്രമേ ഹർത്താൽ ആഹ്വാനം ചെയ്യാൻ പാടുള്ളൂ എന്ന നിലയിലാണ് ഈ ബില്ലിലെ വ്യവസ്ഥ. ഹർത്താൽമൂലം മനുഷ്യജീവന് നാശനഷ്ടം ഉണ്ടായാൽ എന്ത് വിലയാണ് കണക്കാക്കുന്നത്. ബസ്സിനു തകരാറു പറ്റി, ജീപ്പിന്റെ ഹെഡ്ലൈറ്റ് പോയി, കാറിന്റെ ഗ്ലാസ്സു പൊട്ടി എന്നൊക്കെ പറഞ്ഞാൽ നഷ്ടം നമുക്ക് കണക്കാക്കാം. പക്ഷേ ഹർത്താലിന്റെ ഭാഗമായി ഒരു മനുഷ്യന് ജീവഹാനിയുണ്ടാവുകയോ അയാൾക്ക് അംഗവൈകല്യമുണ്ടാവുകയോ ചെയ്താൽ അതിന് എന്ത് വിലയാണ് നിശ്ചയിക്കുക? ആരാണ് മനുഷ്യജീവന് നഷ്ടപരിഹാരം കണക്കാക്കുക. നമ്മുടെ നിയമ പുസ്തകത്തിൽ ഉള്ളതു പോലെ, Workmen Compensation Act അനുസരിച്ച്

തൊഴിൽ മേഖലയിൽ കോമ്പൻസേഷൻ കണക്കാക്കാറുണ്ട്. അതുപോലെ മനുഷ്യജീവന് വിലകണക്കാക്കാൻ കഴിയുമോ? ഇതിന് എന്ത് ന്യായീകരണമാണ് ഈ വകുപ്പിൽ എഴുതിച്ചേർത്തിരിക്കുന്നത്. നിയമപ്രകാരം ബില്ലിലെ വ്യവസ്ഥയനുസരിച്ച് ഒരു ഹർത്താൽ ആഹ്വാനം ചെയ്തുവെന്നിരിക്കട്ടെ. സമാധാനപരമായ ഒരു ഹർത്താൽ നടത്തുമ്പോൾ ആ ഹർത്താൽ പരാജയപ്പെടുത്തണമെന്ന് താല്പര്യമുള്ളവർ, ഹർത്താൽ ആഹ്വാനം ചെയ്ത പാർട്ടിയുടെ എതിർ പാർട്ടി, അവർ പത്തുപേർ ഇറങ്ങി വന്ന് കടതുറക്കണം എന്നുപറഞ്ഞുകൊണ്ട് ബഹളമുണ്ടാക്കിയാൽ അതിന്റെ പേരിലുണ്ടാകുന്ന നാശനഷ്ടത്തിന് ആരാണ് ഉത്തരവാദികൾ. ഹർത്താലിന്റെ ഭാഗമായി സംഭവിക്കുന്ന എല്ലാറ്റിനും ഹർത്താൽ ആഹ്വാനം ചെയ്തവർ ഉത്തരവാദികളാണെന്ന വിധത്തിൽ നിയമം ഉണ്ടാക്കി വച്ചാൽ ആർക്കാണ് ഇത് താങ്ങാൻ സാധിക്കുക; അതിന്റെ ഫലമായി എല്ലാ പ്രതിഷേധവും അടങ്ങി പ്പോവുകയും എല്ലാവർക്കും യാത്രചെയ്യാനും, സ്വതന്ത്രമായി നടക്കാനും ഉള്ള ഒരു അന്തരീക്ഷം വരുമെന്നാണോ അങ്ങ് സങ്കൽപ്പിക്കുന്നത്; ഹർത്താൽ ആഹ്വാനം ചെയ്യുന്നവരെല്ലം അക്രമികളല്ല.

ജനങ്ങൾക്ക് ജനാധിപത്യപരമായി പ്രതിഷേധം പ്രകടിപ്പിക്കാനുള്ള അവസരം നിഷേധിക്കപ്പെട്ടാൽ ജനങ്ങൾ എങ്ങനെ പ്രതികരിക്കുമെന്നതിന് ഏറ്റവും നല്ല ഉദാഹരണമാണ് ഇന്ന് പശ്ചിമേഷ്യ. ഇറാക്കിലെ സദ്ദാം ഹുസൈന്റെ ഭരണകൂടത്തെ തകർത്ത അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ നടപടിമൂലം എന്താണ് സംഭവിച്ചിരിക്കുന്നത്; ഇറാക്കിലും സിറിയയിലും പശ്ചിമേഷ്യയിലുടനീളം ഇന്ന് നടക്കുന്ന ഭീകരാക്രമണത്തിന്റെ സ്വഭാവം എന്താണ്; അതിന്റെ പശ്ചാത്തലം എന്താണ്; ലോകരാഷ്ട്ര നേതാക്കന്മാർ മുഴുവൻ പറഞ്ഞില്ലേ, നിലവിലുണ്ടായിരുന്ന വ്യവസ്ഥാപിതമായ ഒരു സർക്കാരിനെ തകർത്ത ശൂന്യതയിലാണ് ഈ തീവ്രവാദികൾക്കും ഭീകരവാദികൾക്കുമെല്ലാം കടന്നുവരാൻ അവസരം ഉണ്ടായതെന്ന്. ഇങ്ങനെ ജനങ്ങളുടെ പ്രതിഷേധത്തെ നിങ്ങൾ അടിച്ചമർത്തിയാൽ സംഭവിക്കാൻ പോകുന്നത് ഇത്തരത്തിലുള്ള ബഹിർസ്ഫുരണങ്ങൾ ആയിരിക്കും. തികച്ചും ജനാധിപത്യവിരുദ്ധമായ അഭിപ്രായ പ്രകടനങ്ങളിലേക്കും അക്രമാസക്തമായ പ്രതിഷേധ പ്രകടനങ്ങളിലേക്കും ഒരു സമൂഹത്തെ തള്ളിവിടണോ? ഇന്ന് നടക്കുന്ന ഹർത്താലുകളിൽ, അനിയന്ത്രിതമായി ഏതെങ്കിലും ഹർത്താലുകൾ നടന്നിട്ടുണ്ടോ?

2011-ൽ നിയമസഭയിലെ ഒരു ചോദ്യത്തിന് നൽകിയ മറുപടിയാണ് ഇത്. ചോദ്യം ഉന്നയിച്ചിരിക്കുന്നത് ശ്രീ. എം.എ വാഹിദ്, ശ്രീ. സി. പി. മുഹമ്മദ്, ശ്രീ. ടി. എൻ. പ്രതാപൻ, ശ്രീ. ഹൈബി ഈഡൻ എന്നിവർ. ചോദ്യം (എ) മുൻ സർക്കാരിന്റെ കാലത്ത് കേരളത്തിൽ എത്ര ഹർത്താലുകൾ നടന്നു എന്ന് വ്യക്തമാക്കുക; മുൻ സർക്കാരിന്റെ കാലമെന്നാൽ LDF ഗവൺമെന്റിന്റെ കാലത്ത്

ആയിരിക്കും. 2011-ൽ ആണ് ചോദ്യം ചോദിച്ചിരിക്കുന്നത്. ഉത്തരമായി പറഞ്ഞിരിക്കുന്നത്, സംസ്ഥാനത്ത് 15 ഹർത്താലുകളും ജില്ലാ പ്രാദേശിക തലത്തിൽ 426 ഹർത്താലുകളും നടന്നിട്ടുണ്ട്. സംസ്ഥാനതലത്തിൽ നടന്നത് 5 വർഷത്തിനുള്ളിൽ 15 ഹർത്താലുകൾ, എന്നുവച്ചാൽ ഒരു വർഷം ശരാശരി 3 ഹർത്താലുകൾ. ഒരു വർഷത്തിൽ കാലാവസ്ഥാപ്രശ്നം കൊണ്ടോ പ്രകൃതിക്ഷോഭം കൊണ്ടോ ഇതിനെക്കാളേറെ ജനജീവിതം സ്തംഭിക്കുന്ന സംഭവങ്ങൾ കേരളത്തിലുണ്ടാകാറില്ലേ? തീരപ്രദേശങ്ങളിൽ ഉണ്ടാകാറില്ലേ; ചിലപ്പോൾ സ്കൂളുകൾക്കും, കോളേജുകൾക്കും അവധി കൊടുക്കേണ്ട സ്ഥിതി വരാറില്ലേ. അതിനപ്പുറം ഒരു വർഷത്തിൽ ഒരു മൂന്ന് ദിവസം ഹർത്താൽ എന്നു പറയുന്നതിൽ എന്താണ് ഉള്ളത്. അതിന്റെ കാര്യകാരണങ്ങൾ എന്താണ് എന്നതിനെക്കുറിച്ച് ഞാൻ വിശദീകരിക്കുന്നില്ല. പ്രാദേശിക ഹർത്താൽ എന്നു പറയുന്നത് എല്ലാം രാഷ്ട്രീയമാവണമെന്നില്ല. രാഷ്ട്രീയമായ അക്രമത്തിന്റെ പേരിലും ആരെങ്കിലും മരണപ്പെട്ടതിന്റെ പേരിലും ഒക്കെ ഹർത്താൽ ഉണ്ടായിട്ടുണ്ടാവാം. അതിലുപരി ആ പ്രദേശത്തെ പഞ്ചായത്ത് പ്രസിഡന്റോ അല്ലെങ്കിൽ സമാദരണീയനായ വ്യക്തിയോ മരണപ്പെടുമ്പോൾ ദുഃഖസൂചകമായി നടന്ന ഹർത്താലുകൾ ഉണ്ടാവാം. ഇതാണോ വലിയ പ്രശ്നം. ഈ ഹർത്താലുകൾ ആഹ്വാനം ചെയ്യുന്നത് ഏതെങ്കിലും ഒരു പാർട്ടിയല്ല. ഉദാഹരണത്തിന് ഹർത്താലുകൾ ആഹ്വാനം ചെയ്ത സംഘടനകൾ ഏതെല്ലാമാണ് എന്ന ചോദ്യത്തിന് ബി.ജെ.പി.-6, സി.പി.ഐ. (എം.എൽ)-1, എൽ.ഡി.എഫ്-3, യു.ഡി.എഫ്-3, മറ്റ് സംഘടനകൾ -2 എന്ന ഉത്തരമാണ്. ഇതിൽ എവിടെയാണ് ഏതെങ്കിലും ഒരു കക്ഷി അല്ലെങ്കിൽ ഏതെങ്കിലും ഒരു പ്രസ്ഥാനം അനിയന്ത്രിതമായ നിലയിൽ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന അവസ്ഥയിലേക്ക് പോയി എന്ന് പറയുന്നത്. ഇത്തരം പ്രശ്നങ്ങളാണോ യഥാർത്ഥത്തിൽ നമ്മുടെ നാടിന്റെ പ്രശ്നങ്ങളെല്ലാം ഉണ്ടാക്കുന്നത്. മൗലികാവകാശങ്ങളെക്കുറിച്ച് ഇവിടെ പറഞ്ഞു. നമ്മുടെ ഭരണഘടന വളരെ വ്യക്തമായി ഇന്ത്യൻ പൗരന്മാരുടെ മൗലികാവകാശങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ ആമുഖത്തിൽ WE, THE PEOPLE OF India having solemnly resolved to constitute India into a SOVEREIGN SOCIALIST SECULAR DEMOCRATIC REPUBLIC and to secure to all its citizens: JUSTICE social, economic and political; രണ്ടാമത്തേത്, LIBERTY of thought, expression,........... ബാക്കി ഞാൻ വായിക്കുന്നില്ല. Liberty of thought and expression എന്ന് പറഞ്ഞാൽ എന്താണ്? എങ്ങനെയാണ് പ്രതിഷേധം express ചെയ്യുക. അത് പ്രകടന പരമായിട്ടാകാം. ചിലപ്പോൾ അധികൃതരുടെ ഓഫീസിനു മുന്നിൽ കുത്തിയിരുന്നു കൊണ്ടാകാം, ചിലപ്പോൾ മുദ്രാവാക്യം വിളിച്ചു കൊണ്ടാവാം, ഒരു കൊച്ചു കുഞ്ഞാണെങ്കിൽ കരഞ്ഞു കൊണ്ടാണ് അതിന്റെ അഭിലാഷങ്ങൾ അല്ലെങ്കിൽ ആഗ്രഹങ്ങൾ പ്രകടിപ്പിക്കുന്നത്. വിവിധ തരത്തിലാണ് expression. ഇവിടെ

ഹർത്താൽ എന്നു പറയുന്നത് ഒരു സമൂഹത്തിന്റെ വികാരത്തിന്റെ expression ആണ്. ഒരു സമൂഹത്തിന്റെ പ്രതിഷേധത്തിന്റെ പ്രകടനമാണ്, പ്രകടിത രൂപമാണ് ഈ ഹർത്താൽ എന്നു പറയുന്നത്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. എളമരം കരീം ജനാധിപത്യപരമായ അവകാശങ്ങളുടെ സംരക്ഷണം എന്ന നിലയിൽ ഹർത്താൽ നിയന്ത്രിക്കുന്നതിന് എതിരായ രീതിയിലാണ് പ്രസംഗിക്കുന്നത്. ബഹുജന പങ്കാളിത്തത്തോടുകൂടി നടത്തുന്ന പരിപാടികളെയാണ് ജനാധിപത്യത്തിന്റെ പട്ടികയിൽ പെടുത്തേണ്ടത്. ഹർത്താൽ മാത്രമാണ് ജനങ്ങളുടെ പിന്തുണയില്ലാതെ ഏത് ചെറിയ കക്ഷിക്കും സംഘടിപ്പിക്കാവുന്ന ഒരു സംരംഭം. വേറെ ഏത് സമരത്തിനും ആളെ സംഘടിപ്പിക്കുന്നതിന് വളരെ ബുദ്ധിമുട്ടുണ്ട്, സാമ്പത്തിക ചെലവുണ്ട്, അധ്വാനം ഉണ്ട്. ഇതൊന്നും ഇല്ലാതെ ജനങ്ങളുടെ തലയ്ക്കുമീതെ ഒരു പ്രതിഷേധം അടിച്ചേൽപ്പിക്കാനുള്ള ഒരു സമര രീതിയാണ് ഹർത്താൽ എന്ന കാര്യത്തിന് വല്ല സംശയവുമുണ്ടോ, അതുകൊണ്ട് അതിനെ ജനാധിപത്യപരമായ ഒരു പ്രക്ഷോഭം എന്ന നിർവ്വചനത്തിൽ ഉൾപ്പെടുത്തുന്നത് തെറ്റല്ലേ?

ശ്രീ. എളമരം കരീം: സർ, ഞാൻ ആ വിധത്തിൽ ജനങ്ങളുടെ സമാധാനപരമായ പൊതു ജീവിതത്തെ തടസ്സപ്പെടുത്താനുള്ള ഒരു അമിതമായ സ്വാതന്ത്ര്യത്തിനു വേണ്ടിയല്ല വാദിക്കുന്നത്. എന്നാൽ പൊതുജനങ്ങളുടെ അവകാശ സംരക്ഷണത്തിന് എന്ന പേരിൽ ഭരണഘടനാപരമായും നിയമപരമായുമുള്ള അവകാശങ്ങൾ നിയന്ത്രിക്കാൻ പോയാൽ, നിയന്ത്രിക്കുന്നത് ആരാണ്, എങ്ങനെയാണ് implement ചെയ്യപ്പെടുന്നത് എന്നതൊക്കെയാണ് ഗൗരവമായ പ്രശ്നം. അതിന്റെ അനുഭവങ്ങൾ നമ്മുടെ മുൻപിൽ ധാരാളമുണ്ട്. ഇവിടെ പ്രശ്നം, 'ബലം പ്രയോഗിച്ചോ ബലം പ്രയോഗിക്കുമെന്ന ഭീഷണിയിലൂടെയോ അല്ലെങ്കിൽ മറ്റൊരാളുടെ പ്രവർത്തന സ്വാതന്ത്ര്യത്തെ ഏതെങ്കിലും തരത്തിൽ ബാധിക്കുന്നതോ തടസ്സപ്പെടുത്തുന്നതോ ആയ മറ്റു മാർഗ്ഗേനെയോ ഏതെങ്കിലും ആളിന്റെയോ ഏജൻസിയുടെയോ വ്യാപാരത്തിന്റെയോ സാഹായഘടകത്തിന്റെയോ പ്രവർത്തനത്തെ നിർത്തലാക്കുകയോ നിയന്ത്രിക്കുകയോ മറ്റു വിധത്തിൽ കൈകാര്യം ചെയ്യുകയോ....' ഈ നിയമത്തിൽ ഹർത്താൽ എന്നാൽ എന്താണ് എന്നതിന്റെ നിർവ്വചനമാണ് ഈ വായിച്ചത്. ഇത് എങ്ങനെയാണ് ഒരാൾ നോക്കി കാണുന്നത് എന്ന് നിങ്ങൾ സങ്കൽപ്പിച്ചു നോക്കൂ.

ശ്രീ. വി. ഡി. സതീശൻ: സർ, രണ്ടു പതിറ്റാണ്ടുകാലമായി ഞാൻ പൂർണ്ണമായും ഒരു ഹർത്താൽ വിരുദ്ധനാണ്. ഹർത്താൽ വിരുദ്ധരെ പ്രതിനിധീകരിച്ചു കൊണ്ടുള്ള എന്റെ ചോദ്യം, ഇപ്പോൾ അങ്ങ് പറയുന്ന ഭരണഘടനാപരമായ പ്രശ്നം,

ഭരണഘടന അസംബ്ലിയിൽ വളരെ ഗൗരവകരമായി ചർച്ച ചെയ്യപ്പെട്ട ഒരു വിഷയമാണ്. Constituent Assembly യുടെ proceedings-ൽ ഇക്കാര്യമുണ്ട്. എന്ത് സ്വാതന്ത്ര്യമാണുള്ളത്; ഇവിടെ മന്ത്രി സൂചിപ്പിച്ചതുപോലെ, ഒരാളുടെ സ്വാതന്ത്ര്യം മറ്റൊരാളുടെ മൂക്കിന്റെ തുമ്പത്ത് അവസാനിക്കുന്നു. Constituent Assembly യുടെ ചർച്ചയിൽ പറഞ്ഞു. കൈവീശി റോഡിലൂടെ നടക്കാനുള്ള സ്വാതന്ത്ര്യം നമുക്കുണ്ട്. കൈവീശി നടക്കാനുള്ള സ്വാതന്ത്ര്യം ഉണ്ട് എന്നു കരുതി കൈവീശി മറ്റൊരാളുടെ മൂക്കത്തിട്ട് ഇടിച്ചാൽ, അതിനുള്ള സ്വാതന്ത്ര്യം നമുക്കുണ്ടോ? അപ്പോൾ മറ്റൊരാളുടെ സ്വാതന്ത്ര്യ നിഷേധത്തിനുള്ള സ്വാതന്ത്ര്യമല്ല ഭരണഘടന നമുക്ക് നൽകുന്നത്. അപ്പോൾ ഹർത്താൽ വിരുദ്ധരായ ഞങ്ങൾ ചോദിക്കുന്നു, സംഘടിതമായ ശക്തി ഉപയോഗിച്ച് നിങ്ങൾ ഹർത്താൽ നടത്തുമ്പോൾ എനിക്ക് സ്കൂളിൽ പോകാനുള്ള സ്വാതന്ത്ര്യം, എനിക്ക് ജോലിക്ക് പോകാനുള്ള സ്വാതന്ത്ര്യം, എനിക്ക് ആശുപത്രിയിൽ പോകാനുള്ള സ്വാതന്ത്ര്യം, എനിക്ക് കടതുറന്നു പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം, ഞാൻ ആഗ്രഹിക്കുന്ന നിയമപരമായ കാര്യങ്ങൾ ചെയ്യാനുള്ള എന്റെ സ്വാതന്ത്ര്യത്തെ നിഷേധിക്കാൻ ഒരു സംഘടിത ശക്തിയുടെ പിൻബലത്തോടുകൂടി വരുന്ന നിങ്ങൾക്ക് എന്ത് സ്വാതന്ത്ര്യമുണ്ട് എന്ന ചോദ്യമാണ് ഇവിടെ ചർച്ച ചെയ്യപ്പെടേണ്ടത്. അങ്ങ് അതിന് ഉത്തരം പറയുമോ?

ശ്രീ. എളമരം കരീം: സർ, ഈ ഭരണഘടനയെ മൊത്തത്തിൽ എടുത്തുകൊണ്ട് ഓരോ ഭാഗത്തിന്റെയും സംരക്ഷണത്തിനുവേണ്ടി വാദിക്കുകയാണെങ്കിൽ പറഞ്ഞതൊക്കെ ശരിയാണെന്ന് ഞാൻ നൂറു ശതമാനവും അംഗീകരിക്കുന്നു. ഒരു പൗരന് വഴിനടക്കാനുള്ള സ്വാതന്ത്ര്യം മറ്റൊരാളുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്നതാവരുത്. സ്വാതന്ത്ര്യം കിട്ടിയ സന്ദർഭത്തിൽ, ഒരു ലേഖനം വായിച്ചത് എനിക്ക് ഓർമ്മയുണ്ട്. ഒരാൾ റോഡിന്റെ മധ്യഭാഗത്തുകൂടി നടക്കുന്നു. അപ്പോൾ ഒരു പോലീസുകാരൻ 'ഇത് വാഹനങ്ങളെ തടസ്സപ്പെടുത്തില്ലേ?' എന്ന് ചോദിച്ചു. അപ്പോൾ അദ്ദേഹത്തിന്റെ മറുപടി 'താനെന്താ ഈ പറയുന്നത്, രാജ്യത്തിന് സ്വാതന്ത്ര്യം കിട്ടിയിട്ടുണ്ട്' എന്നാണ്. സ്വാതന്ത്ര്യത്തിന്റെ പരിമിതിയെക്കുറിച്ച് ബോദ്ധ്യപ്പെടുത്തുന്ന ഒരു കഥയാണിത്. ഞാനത് അംഗീകരിക്കുന്നു. അതേ ഭരണഘടനയിൽ പറയുന്നത്, ……...to secure to all its citizens: JUSTICE, social, economic and political; എന്നാണ്. അങ്ങനെയുള്ള ഒരു രാജ്യത്ത് നിങ്ങൾ ഈ പറയുന്ന സ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കുന്നതിന് ഞാൻ പൂർണ്ണസമ്മതനാണ്. സാമൂഹിക നീതി, സാമ്പത്തിക നീതി എന്നിവ എല്ലാ പൗരന്മാർക്കും ഈ ഭരണഘടന ഉറപ്പുനൽകുന്നു. ആ ഉറപ്പുനല്കപ്പെട്ടതിനുശേഷമുള്ള ഒരവസ്ഥയിൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞ ഈ അഭിപ്രായത്തിനുവേണ്ടി മരണം വരിക്കാൻവരെ ഞാൻ

തയ്യാറാണ്. പക്ഷേ അതില്ലാത്ത ഒരവസ്ഥയിലാണ് ഇവിടെ ഭരണകൂടത്തിന് നേതൃത്വം കൊടുക്കുന്ന അദാനിമാർക്കും അംബാനിമാർക്കും ഒരു തടസ്സവുമുണ്ടാകുന്ന പ്രക്ഷോഭങ്ങൾ പാടില്ല എന്ന വാദഗതിയുമായി വരുന്നത്. അതിനെയാണ് ഞാൻ എതിർക്കുന്നത്. അല്ലാതെ ബഹുമാനപ്പെട്ട വി. ഡി. സതീശൻ പറഞ്ഞ സ്പിരിറ്റിനോട് ഞാൻ എതിരല്ല. തോന്നിയതുപോലെ ഏതു സമയത്തും ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന ഹർത്താൽ ആഹ്വാനം ചെയ്ത് അരാജകത്വം സൃഷ്ടിക്കുന്ന ഒരവസ്ഥയിലേക്ക് നാടിനെ കൊണ്ടുപോകണമെന്നല്ല ഞാൻ പറയുന്നത്. അത് നിയന്ത്രിക്കാൻ എന്താണ് വേണ്ടത്?

ശ്രീ. സി. പി. മുഹമ്മദ്: സർ, ഗൾഫ് രാജ്യങ്ങളിലെല്ലാം ഇന്ന് തീവ്രവാദികൾ രംഗത്തു വരുന്നത് അടിച്ചമർത്തപ്പെട്ടതുകൊണ്ടാണെന്ന് അങ്ങ് നേരത്തേ സൂചിപ്പിക്കുകയുണ്ടായി. ഒരു ജനാധിപത്യ വ്യവസ്ഥയിൽ അങ്ങനെ അടിച്ചമർത്തേണ്ട കാര്യമില്ല. ഭരണകൂടത്തിന്റെ ദ്രോഹത്തിനെതിരെ വോട്ടിലൂടെ പ്രതികരിക്കാം. സ്വേച്ഛാധിപത്യത്തെ ആ രീതിയിലൂടെ എതിർക്കാം. ലോകത്തിലെ ഏതെങ്കിലും കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ ഹർത്താൽ പോയിട്ട് ഒരു ചെറിയ പ്രതിഷേധം അനുവദിക്കുമോ? ചൈന ലോകത്തിലെ ഏറ്റവും വലിയ വികസിത രാജ്യമാണ്. അവിടെ അഭിപ്രായം തുറന്നു പറയുന്നതിനുള്ള സ്വാതന്ത്ര്യമുണ്ടോ; അതുകൂടി കണക്കിലെടുക്കണ്ടേ?

ശ്രീ. എളമരം കരീം: സർ, അതിന് മറ്റൊരു ഡിബേറ്റ് ആകാം. ഈ ചോദ്യത്തിന് മറുപടി പറയാനില്ലാത്തതുകൊണ്ടല്ല, അങ്ങനെ പറഞ്ഞാൽ ഇന്ന് സഭ പിരിയാൻ കഴിയില്ല. അത് വേറൊരു വിഷയമാണ്. ഇവിടെ പാർലമെന്ററി ജനാധിപത്യം നിലനിൽക്കുന്ന നമ്മുടെ രാജ്യം അംഗീകരിച്ച ഭരണഘടനാ തത്വങ്ങൾക്കുള്ളിൽ ജീവിക്കാൻ അവകാശമുള്ള ഇന്ത്യൻ പൗരന്മാരുടെ അവകാശത്തെക്കുറിച്ചാണ് ഞാൻ സംസാരിക്കുന്നത്. ചൈനയുടെ രാഷ്ട്രീയ-സാമ്പത്തിക നയവും ഇന്ത്യയുടെ നയവും താരതമ്യപ്പെടുത്തിക്കൊണ്ടുള്ള ഒരു ഡിബേറ്റായിരുന്നെങ്കിൽ അതിനെക്കുറിച്ച് നമുക്ക് സംസാരിക്കാമായിരുന്നു.

കുടുംബക്ഷേമം എന്ന പദ്ധതി എങ്ങനെയാണ് ഇന്ത്യൻ ജനത സ്വീകരിച്ചത്? സാക്ഷി മഹാരാജ് പറഞ്ഞതുപോലെ സന്താനം എത്രയാണെന്ന് നിയന്ത്രിക്കുന്ന നിയമം ഉണ്ടാക്കിയിട്ടാണോ; 2011-ലെ സെൻസസ് റിപ്പോർട്ടിനെ ഡിസ്റ്റോർട്ട് ചെയ്തുകൊണ്ടുള്ള ഒരു വാദഗതി ഉന്നയിച്ചുകൊണ്ട്..... പ്രശ്നം ഞാൻ പറയുന്നില്ല. അദ്ദേഹം പറഞ്ഞത് ഇവിടെ ഒരു പ്രത്യേക വിഭാഗത്തിന് നിയന്ത്രണം ഏർപ്പെടുത്തണമെന്നും രണ്ടു കുഞ്ഞുങ്ങളിൽ കൂടുതൽ ഉണ്ടാകാൻ പാടില്ലെന്നും അതിന് നിയമം ഉണ്ടാക്കണമെന്നുമാണ്. അങ്ങനെയാണോ നമ്മുടെ രാജ്യം

കുടുംബക്ഷേമപദ്ധതി സ്വീകരിച്ചത്? കുടുംബാസൂത്രണം മാറി ഇപ്പോൾ കുടുംബ ക്ഷേമമാണ്. ഗവൺമെന്റ് വിവിധ തലങ്ങളിൽ ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്ന ക്യാമ്പയിൻ നടത്തി. അത് ശരിയാണെന്ന് ജനങ്ങൾക്ക് ബോദ്ധ്യമായി. അങ്ങനെയുള്ള ബോദ്ധ്യപ്പെടുത്തലുകളിലൂടെ ജനങ്ങളുടെ പങ്കാളിത്തത്തോടും സഹകരണത്തോടും കൂടിയാണ് ഈ സെൽഫ് ഡിസിപ്ലിൻ വരുന്നത്. അല്ലാതെ ആരും അടിച്ചേൽ പ്പിച്ചുകൊണ്ടാവരുത്. എന്നാൽ ചില കാര്യങ്ങളിൽ നിയമം ഇംപോസ് ചെയ്യണം. ആ നിയമങ്ങൾ നമ്മുടെ രാജ്യത്തുണ്ട്. ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ള ഒരു നിയമവും ജനാധിപത്യത്തിന് നിരക്കുന്നതല്ല. ഇരുതല മൂർച്ചയുള്ള വാളായതിനാൽ അത് ആരുടെ കയ്യിലാണ് ഏൽപ്പിക്കുന്നത്? കാലാകാലങ്ങളിൽ ജനാധിപത്യ സങ്കൽപ്പങ്ങളിൽ അടിയുറച്ച് നിൽക്കുന്നവർ അല്ലല്ലോ ഈ നിയമം നടപ്പാക്കാൻ പോകുന്നത്; എക്സിക്യൂട്ടീവ് അല്ലേ നടത്തുന്നത്? അത്തരം ആളുകളുടെ കയ്യിൽ അനിയന്ത്രിതമായി ഈ അധികാരം ഏൽപ്പിച്ചുകൊടുത്താൽ എങ്ങനെയൊക്കെ ദുരുപയോഗം ചെയ്യും എന്നതിനെ കുറിച്ച് ദീർഘവീക്ഷണം വേണ്ടേ; ഈ പ്രശ്നമാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. ഭരണഘടനയെന്നു പറയുന്നത് കേവലം അതിന്റെ വരികൾ മാത്രമല്ലല്ലോ; Constitution preamble notes-ൽ തന്നെ പറയുന്നുണ്ട് 'Constitution is not to be construed as a mere law, but as the machinery by which laws are made'. സങ്കൽപ്പത്തിന്റെ സ്പിരിറ്റിനുള്ളിൽ നിന്നുകൊണ്ട് മാർഗ്ഗനിർദ്ദേശം നൽകുകയാണ്. 'A Constitution is a living and organic thing which of all instrument has the greatest claim to be construed broadly and liberally' അങ്ങനെയാണ് ഭരണഘടനയിൽ കാണേണ്ടത്. ആ കാഴ്ചപ്പാടോടുകൂടി നോക്കുകയാണെങ്കിൽ നമുക്ക് ഇത്തരം നിയമങ്ങളിലേക്കു കടക്കാൻ കഴിയില്ല. ഒരു ഹർത്താൽ നിയന്ത്രിച്ചാൽ പ്രശ്നങ്ങളൊക്കെ അവസാനിക്കുമോ; സമാധാന ജീവിതം ഉറപ്പു വരുത്താൻ സാധിക്കുമോ? നാട്ടിൽ വർഗ്ഗീയ ലഹളകൾ ഉണ്ടാകുന്നു. വർഗ്ഗീയ ലഹളകൾ ഉണ്ടാക്കുന്ന വിധത്തിൽ വർഗ്ഗീയ ശക്തികൾ ഉറഞ്ഞുതുള്ളുന്നു. അത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ ഹർത്താൽ നിരോധന നിയമം കൊണ്ട് സാധിക്കുമോ? മനുഷ്യന്റെ ജീവിതത്തിൽ ഗുണ്ടാവിളയാട്ടം ഉണ്ടാക്കുന്ന അസമാധാനമുണ്ട്. ബ്ലെയ്ഡ് കമ്പനികൾ, ഗുണ്ടകൾ, ക്വട്ടേഷൻ സംഘങ്ങൾ തുടങ്ങി മനുഷ്യ ജീവിതത്തെ തകർക്കുന്ന എത്രയെത്ര സംഭവങ്ങൾ? ഈ നിയമം കൊണ്ട് അതെല്ലാം തടയാൻ സാധിക്കുമോ? കൂടാതെ സദാചാര ഗുണ്ടകൾ ഉണ്ടാക്കുന്ന പ്രശ്നങ്ങളുമുണ്ട്. ഈ നിയമം കൊണ്ട് അതും തടയാൻ സാധിക്കുമോ? ശ്രീ. എ. കെ. ബാലൻ ചോദിച്ച ഒരു ചോദ്യം വളരെ പ്രസക്തമാണ്. ഇതുപോലുള്ള ചില വാദഗതികളുടെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഹൈസ്കൂൾ തലം വരെ വിദ്യാർത്ഥി സംഘടനാ പ്രവർത്തനം നിരോധിച്ചത്.

കേരളീയ സമൂഹത്തിൽ ഒരു വിഭാഗം ആളുകൾ അതിനെ സ്വാഗതം ചെയ്തു. അങ്ങനെ ചെയ്തത് തെറ്റായ രീതിയിലായിരുന്നില്ല. തികച്ചും ആത്മാർത്ഥമായും ശരിയാണെന്നുള്ള നിലയിലാണ്. നമ്മുടെ കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ വിദ്യാർത്ഥി സംഘടനകൾ വെറുതേ അങ്ങോട്ടുമിങ്ങോട്ടും അടിപിടി രാഷ്ട്രീയ സംഘർഷം ഉണ്ടാക്കി പഠിപ്പുമുടക്കുന്നത് ഗുണകരമല്ലെന്ന് അവർ കരുതി. അതുകൊണ്ട് പ്രവർത്തി ദിവസങ്ങളിൽ അവർ പഠിക്കട്ടെ. സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും കുട്ടികളെ അയയ്ക്കുന്നതിനു പകരം അൺ എയ്ഡഡ് സ്വകാര്യ സ്കൂളുകൾ സെലക്ട് ചെയ്യാൻ പോലും ചില രക്ഷിതാക്കൾ ആ കാലയളവിൽ ശ്രമിച്ചു. വിദ്യാർത്ഥി സംഘടനാ പ്രവർത്തനം ഹൈസ്കൂൾ തലം വരെ നിരോധിച്ചതിനു ശേഷം ഇന്നുവരെയുള്ള കാലം എന്താണ് വിദ്യാർത്ഥി മേഖലയിലെ സ്ഥിതിയെന്ന് വിദ്യാർത്ഥി സംഘടനയുടെ നേതാവ് കൂടിയായിരുന്ന താങ്കൾ ആലോചിച്ചിട്ടുണ്ടോ? അതാണ് ബഹുമാനപ്പെട്ട എ. കെ. ആന്റണി കേരളത്തിൽ നടത്തിയ ഒരു പരാമർശം. ആ നിയന്ത്രണം അബദ്ധമായി പ്പോയെന്ന് അദ്ദേഹം ആത്മവിമർശനം നടത്തി.

ശ്രീ. ജി. സുധാകരൻ : സർ, ഈ പ്രശ്നം ആരംഭിച്ചപ്പോൾ മുതൽ ബഹുമാനപ്പെട്ട മന്ത്രി ഒഴികെ ബഹുമാനപ്പെട്ട സ്പീക്കറും ഭരണകക്ഷിയിലെ അംഗങ്ങളും തികച്ചും അസഹിഷ്ണുതയോടുകൂടി അതിൽ ഇടപെടാൻ കഴിയാത്തതു കൊണ്ട് കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ഇവിടെ ഉന്നയിച്ച പ്രധാനപ്പെട്ട എല്ലാ പ്രശ്നങ്ങളും തള്ളിക്കളഞ്ഞാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ബിൽ അവതരിപ്പിച്ചത്. ഞാനൊരു കാര്യം ചോദിക്കുകയാണ്. റഷ്യൻ വിപ്ലവത്തിന് മുമ്പ് ലെനിൻ സാർക് ചക്രവർത്തിക്ക് നോട്ടീസ് കൊടുത്തിരുന്നോ; എബ്രഹാം ലിങ്കൺ അമേരിക്കൻ വിപ്ലവം നടത്തുന്നതിനുമുമ്പ് ബ്രിട്ടീഷ് ഗവൺമെന്റിന് നോട്ടീസ് കൊടുത്തിരുന്നോ; ഷിയാങ് ഐഷക്ക് മാവോസേതുങ്ങിന് നോട്ടീസ് കൊടുത്തിരുന്നോ; ഹോച്ചുമിൻ അമേരിക്കൻ ഭരണകൂടത്തിന് നോട്ടീസ് കൊടുത്തിരുന്നോ; മഹാത്മാഗാന്ധി ക്വിറ്റ് ഇന്ത്യാ സമരം പ്രഖ്യാപിച്ചപ്പോൾ വൈസ്രോയിക്ക് നോട്ടീസ് കൊടുത്തിരുന്നോ? വെറുമൊരു ഹർത്താൽ മാത്രമല്ല, മനുഷ്യരുടെ വേദനകളും പ്രതിഷേധങ്ങളും പൊട്ടിപ്പുറപ്പെടുന്നതാണ് സമരങ്ങൾ. അത് ദുരുപയോഗം ചെയ്യുന്നവർക്കെതിരെ നടപടിയെടുക്കാൻ ഇവിടെ നിയമമുണ്ട്. ഞാൻ ആദ്യം മുതലേ സർ സി.പി.-യുടെ പ്രേതമാണ്. ഞാൻ വളരെയേറെ സ്നേഹിക്കുന്ന അദ്ദേഹത്തിന്റെ തലയിലുള്ള കാര്യം ഞാൻ വീണ്ടും പറയുകയാണ്. 'തോന്നുകയാണെങ്കിൽ' എന്നുള്ളത് ഭരണഘടനയിൽ രണ്ടിടത്തേയുള്ളു. If the President is satisfied, if the Governor is satisfied.. വേറെ ഒരിടത്തുമില്ല. ഒരു പോലീസ് ഓഫീസർക്കും സാറ്റിസ്ഫാക്ഷന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട

കരീം സാഹിബിനോട് ഞാൻ ഒരിക്കൽക്കൂടി പറയുകയാണ്. ആർ.എസ്.എസ്-നും ബി.ജെ.പി.-ക്കും വേണ്ടിയുള്ളതാണ് ഈ നിയമം. നമ്മുടെ സ്വാതന്ത്ര്യത്തെ ഇല്ലാതാക്കി അവർ കൂട്ട ആക്രമണം നടത്തുമ്പോൾ പ്രതിഷേധിക്കാൻ പാടില്ല, അതിനുള്ള നിയമമാണിത്. കോൺഗ്രസ് ബി.ജെ.പി.-യെയും ആർ.എസ്.എസ്-നേയും കേരളത്തിൽ ശക്തിപ്പെടുത്തുന്നതിന് മുന്നോടിയാണ് ഈ നിയമം. ഈ നിയമം പിച്ചിച്ചീന്തി തീ കത്തിക്കണം. ആദ്യത്തെ ഹർത്താൽ ഹരിപ്പാട് ആയിരിക്കുമെന്ന് ഞാൻ പ്രഖ്യാപിക്കുകയാണ്.

ശ്രീ. എളമരം കരീം: സർ, ഈ നിയമത്തിന്റെ പ്രത്യാഘാതങ്ങളോർത്തുള്ള ഒരു വികാരപ്രകടനമാണത്. അത് പ്രതിഷേധത്തിന്റെ രൂപമാണ്. ചിന്തനീയമല്ല എന്ന് ഞാൻ പറയുന്നില്ല. വിദ്യാർത്ഥി സംഘടനാ നിരോധനത്തിന്റെ ഫലമെന്താണെന്ന് ഒരു ആത്മപരിശോധന നടത്താൻ ഇന്ന് എല്ലാവരും സന്നദ്ധമാകുമോ?

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട കരീം, സമയം........

ശ്രീ. എളമരം കരീം: സർ, പ്രത്യേകിച്ച് ആഭ്യന്തരവകുപ്പുമന്ത്രിക്കറിയാം. അദ്ദേഹത്തിന്റെ പോലീസിന്റെ നേതൃത്വത്തിലാണ് കുട്ടികൾക്കിടയിൽ വളർന്നു വരുന്ന മയക്കുമരുന്ന്, ഡ്രഗ് എന്നിവയുടെ വ്യാപനത്തെ തടയാനുള്ള ഒരു വലിയ പ്രസ്ഥാനമായ ORC (Our Responsibility to Children) ഉള്ളത്. അവർ നൽകുന്ന റിപ്പോർട്ട് നിങ്ങളും കണ്ടിട്ടുണ്ടാവും. മിക്കവാറും ഹൈസ്കൂളുകളിലും ഹയർ സെക്കന്ററി സ്കൂളുകളിലും മയക്കുമരുന്ന് വ്യാപിക്കുകയാണ്. വിദ്യാർത്ഥി സംഘടനകളുണ്ടായിരുന്ന കാലത്ത് ഹൈസ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പിന് മുമ്പ് ഒന്നുരണ്ട് അടിപിടി നടക്കും. കെ.എസ്.യു., എസ്.എഫ്.ഐ., എം.എസ്.എഫ്. എന്ന സംഘടനകൾ ചേർന്ന് നാല് പ്രകടനവും നടത്തും. പാർലമെന്റ് തെരഞ്ഞെടുപ്പുകഴിഞ്ഞാൽ അത് അവസാനിക്കുകയും കുട്ടികൾ പഠിക്കാൻ പോകുകയും ചെയ്യും. പിന്നെ സംസ്ഥാന തലത്തിലോ അഖിലേന്ത്യാതലത്തിലോ വിദ്യാർത്ഥി സംഘടന ആഹ്വാനം ചെയ്യുന്ന ഒരു ദിവസത്തെ പഠിപ്പുമുടക്കോ മറ്റോ ആണ് വരുന്നത്. അതിനപ്പുറമൊന്നും സംഭവിക്കുകയില്ല. ആ വിദ്യാർത്ഥി സംഘടന വിദ്യാർത്ഥികളുടെ ജീവിതത്തിലെ ഒരു അച്ചടക്കമായിരുന്നു. രാഷ്ട്രീയ കാര്യങ്ങൾ അവർ ചർച്ചചെയ്യുകയായിരുന്നു. അവരിലുള്ള സർഗ്ഗവാസനകളെ വളർത്തിക്കൊണ്ടുവരാൻ കാമ്പസിലുള്ളവർ ഒട്ടേറെ പരിപാടികൾ ആവിഷ്കരിക്കുമായിരുന്നു. ഇന്ന് അതെല്ലാം അവസാനിച്ചില്ലേ? എന്തും ചെയ്യാൻ തോന്നുന്ന പ്രായത്തിൽ (ടീനേജ്) അവരുടെ ഊർജ്ജം ഏത് വഴിക്ക് തിരിച്ചുവിടും എന്നുള്ളതാണ് പ്രശ്നം. ഇന്ന് തിരിച്ചുവിടുന്നത് മയക്കുമരുന്നിന്റെ പിന്നാലെയാണ്. അതിന്റെ കച്ചവടക്കാരും ഏജന്റുമാരും എല്ലാ സ്കൂൾ കാമ്പസുകളും കയ്യടക്കി വച്ചിരിക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, താങ്കൾ വളരെ പ്രധാനപ്പെട്ട ഒരു പോയിന്റാണ് പറഞ്ഞുവരുന്നത്. വിദ്യാർത്ഥി രാഷ്ട്രീയം നിരോധിച്ചതോടുകൂടി മയക്കുമരുന്നിന്റെ ഉപയോഗം വർദ്ധിക്കുകയും കുട്ടികൾ വർഗ്ഗീയ സംഘടനകളിലേക്ക് പോകുന്ന ഒരു അരാഷ്ട്രീയ വാദത്തിന്റെ പ്ലാറ്റ്ഫോം ഉടലെടുക്കുകയും ചെയ്തു. ഇതുതന്നെയാണ് ഹർത്താലിന്റെ പ്രശ്നം. നമ്മൾ അറിയേണ്ടത്, ഭൂരിപക്ഷം ആളുകളും രാഷ്ട്രീയ പ്രവർത്തകരോ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയിൽ വിശ്വസിക്കുന്നവരോ അല്ല. കൂടുതലും പുറത്തുനിൽക്കുന്നവരാണ്. അവർ രാഷ്ട്രീയ പാർട്ടികളായ നമ്മൾ ചെയ്യുന്നത് ഗൗരവത്തോടുകൂടി നോക്കിനിൽക്കുകയാണ്. സംഘടിത ശക്തിയുടെ പേരിൽ ആയുധങ്ങൾ എടുത്തുകൊണ്ട് ഏതെങ്കിലും ഒരു വിഷയത്തിന്റെ പേരിൽ നമ്മൾ ഹർത്താൽ നടത്തുകയും നമ്മൾ തെരുവിലേക്ക് ഇറങ്ങുകയും ഗുണ്ടകളെപ്പോലെ പെരുമാറുകയും ബലം പ്രയോഗിച്ച് കടകൾ അടപ്പിക്കുകയും വാഹനങ്ങൾ തല്ലിത്തകർക്കുകയും കല്ലേറിൽ പരിക്ക് പറ്റി തലയിൽ കെട്ടി കണ്ണ് നഷ്ടപ്പെട്ട ആളുകളുടെ ചിത്രങ്ങൾ കാണുകയും ചെയ്യുന്നതോടു കൂടി ആളുകളുടെ മനസ്സിൽ രാഷ്ട്രീയ പാർട്ടികളോട് വെറുപ്പ് ഉണ്ടാകുകയും അരാഷ്ട്രീയവാദം സ്ഥാനം പിടിക്കുകയും ചെയ്യുന്നു. ആ അരാഷ്ട്രീയവാദം കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ ഈ വർഗ്ഗീയ ശക്തികൾക്ക് സ്പെയ്സ് ഉണ്ടാക്കി കൊടുക്കുന്ന ഒന്നായി മാറില്ലേ? ഇതിനെക്കാൾ പരിഷ്കൃതമായ സമരമാർഗ്ഗങ്ങൾ ആലോചിച്ചുകൂടേ എന്നതാണ് എനിക്ക് അങ്ങയോടുള്ള ചോദ്യം.

ശ്രീ. എളമരം കരീം: സർ, കേരളത്തിൽ ഹർത്താലുകളും ബന്ദുകളും നടത്തിയിരുന്ന ആദ്യ കാലഘട്ടങ്ങളിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതു പോലുള്ള പ്രവണതകൾ ഉണ്ടായിരുന്നു. എന്റെ വളരെ ചെറുപ്പത്തിൽ, 1970-കളിൽ ട്രേഡ് യൂണിയൻ പ്രവർത്തനങ്ങൾ ആരംഭിക്കുന്ന കാലത്ത് ഹർത്താൽ വിജയിപ്പിക്കണമെങ്കിൽ മസിൽ പ്രയോഗിക്കണമായിരുന്നു. രണ്ടു കൂട്ടരും അങ്ങോട്ടും ഇങ്ങോട്ടും ബലം പ്രയോഗിക്കുമായിരുന്നു. ഇന്ന് അത് പോയി. ഇന്ന് അങ്ങനെയൊരു പ്രവണത ഇല്ല. ഉദാഹരണത്തിന് ഏതെങ്കിലും ഒരു പ്രസ്ഥാനം ഒറ്റയ്ക്ക് മാറി നിന്നുകൊണ്ട് സമരം നടത്തുന്ന സംഭവംതന്നെ വളരെ ചുരുക്കമാണ്. പണിമുടക്ക് എന്നുപറഞ്ഞാൽ ഹർത്താൽ തന്നെയാണല്ലോ നാട്ടിൽ. മോട്ടോർ തൊഴിലാളികളെല്ലാം പണിമുടക്കുന്നു. ഒറ്റ വാഹനം ഓടുന്നില്ല. എങ്കിൽ പിന്നെ എന്തിനാണ് കടകൾ തുറന്നു വയ്ക്കുന്നത്? വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളികൾ പണിമുടക്കുന്നു. പിന്നെ എങ്ങനെയാണ് ഹോട്ടലുകളും വ്യാപാര സ്ഥാപനങ്ങളും തുറക്കുന്നത്. സെപ്തംബർ 2-ന്റെ പണിമുടക്ക് ഇന്ത്യയിലെ മുഴുവൻ ദേശീയ ട്രേഡ് യൂണിയനുകളും ഒരുമിച്ചാണ് നടത്തിയത്. കേരളത്തിൽ ഈയടുത്ത കാലത്ത് നടക്കുന്ന എല്ലാ പ്രക്ഷോഭങ്ങളും നമ്മൾ ഒരുമിച്ചല്ലേ നടത്തുന്നത്; ഒറ്റയ്ക്ക് ആരാണ്

നടത്തുന്നത്? പഴയ കാലം മാറി സമരരീതികൾ പരിഷ്കരിച്ചു. ഇന്ന് വടിയും വാളുമായി ബന്ദും ഹർത്താലും വിജയിപ്പിക്കാൻ നടക്കുന്ന സംഘങ്ങൾ റോന്തുചുറ്റുന്ന ഒരു സംഭവം പോലും കേരളത്തിൽ ഇല്ല. പഴയതിന്റെ ചില ഓർമ്മകൾ വച്ചുകൊണ്ടുള്ള പ്രചാരവേലകൾ മാത്രമേയുള്ളൂ. അത് ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കുന്നുണ്ടോ; ഒറ്റപ്പെട്ട ഏതെങ്കിലും ഒരു ചെറിയ സംഭവം ഉണ്ടാകാം. ബസ് സ്റ്റാന്റിൽ വന്നിറങ്ങി പോകാൻ കഴിയാതെ എവിടെയെങ്കിലും വിഷമിച്ചിരിക്കുന്ന ഒരു സ്ത്രീയോ ഒരു കുഞ്ഞോ അങ്ങനെ എന്തെങ്കിലും ഒറ്റപ്പെട്ട ഒന്നോരണ്ടോ സംഭവം ഉണ്ടാകാം. അതിന്റെ ചിത്രമെടുത്ത് അതാണ് ഹർത്താലിന്റെ ആകെ ഫലമെന്ന് വരുത്തിത്തീർക്കുന്ന പ്രചാരവേല ഉണ്ടാകാം. അതിലപ്പുറം ഇന്ന് അനിയന്ത്രിതമായി കാര്യങ്ങൾ പോകുന്നില്ല. കേരളത്തിലെ ജനങ്ങളിൽ മഹാഭൂരിപക്ഷവും രാഷ്ട്രീയ ആഭിമുഖ്യമില്ലാത്തവരാണെന്ന കാര്യത്തിൽ എനിക്ക് യോജിപ്പില്ല. ആ അഭിപ്രായത്തോട് ഞാൻ വിയോജിക്കുന്നു. കേരളത്തിൽ അരാഷ്ട്രീയമായി ചിന്തിക്കുന്ന ഒരു തലമുറ വന്നിട്ടുണ്ട്. അത് നമ്മൾ സൃഷ്ടിച്ചതാണ്. വിദ്യാർത്ഥി സംഘടനകളുടെ അഭാവത്തിൽ അൺ-എയ്ഡഡ്, അൺ റെക്കഗനൈസ്ഡ് വിദ്യാഭ്യാസ സ്ഥാപനത്തിൽനിന്നും പഠിച്ചുവരുന്ന നമ്മുടെ മക്കളാണ് ഈ അരാഷ്ട്രീയ തലമുറയായി മാറിക്കൊണ്ടിരിക്കുന്നത്. അവർക്ക് ആരോടാണ് ഉത്തരവാദിത്തം?

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ബഹുമാനപ്പെട്ട മെമ്പർ എത്ര സമയമെടുക്കും?

<u>ശ്രീ. എളമരം കരീം</u>: സർ, രാജ്യത്ത് എന്തുസംഭവിച്ചാലും എനിക്ക് എന്തു സംഭവിക്കുന്നുവെന്ന് മാത്രം നോക്കി നിലപാടെടുക്കുന്ന വ്യക്തിഗതമായ നിലപാടുകാർ സ്വാതന്ത്ര്യ സമരകാലത്തും ഉണ്ടായിരുന്നില്ലേ; ബ്രിട്ടീഷുകാർ തപാൽ സർവ്വീസും റെയിൽവേയും കേന്ദ്രീകൃതഭരണവും കൊണ്ടുവന്നു. രാജാവിനേക്കാൾ നല്ല ഭരണമാണ് എന്ന് ചിന്തിച്ചുപോയിരുന്ന ജനങ്ങളില്ലേ; അതിനും ന്യായീകരണമുണ്ടായിരുന്നല്ലോ. നാടുവാഴികളും ഫ്യൂഡലിസ്റ്റുകളുമായിരുന്ന പഴയ ക്രൂരന്മാരായ രാജാക്കന്മാരെക്കാൾ പരിഷ്കൃതമായ മുഖം ബ്രിട്ടീഷ് ഭരണകൂടത്തിലെ ഉദ്യോഗസ്ഥർക്ക് ചില മേഖലകളിൽ കാണിക്കാൻ കഴിയുമായിരുന്നു. അവരുടെ നീതിന്യായ കോടതി, പോലീസ്, ഭരണരീതികൾ.... പക്ഷെ അവിടെയും മനുഷ്യന്റെ സ്വാതന്ത്ര്യത്തിന് ഒരു വിലയും ഉണ്ടായിരുന്നില്ല. അവിടെ നമ്മൾ മുൻകയ്യെടുത്തത് അവരുടെ കീഴിൽ ജോലിചെയ്യുന്ന ഏതാനും ജോലിക്കാരുടെ ശമ്പളമോ അവരെ പരിഷ്കൃതരായി മാറ്റിയ ഭരണപരിഷ്കാര നടപടികളോ അല്ല. സ്വാതന്ത്ര്യം എന്നുപറയുന്ന മഹത്തായ പ്രശ്നത്തെയാണ് നാം മുൻനിർത്തിയത്. ആ നിലയിലാണ് കാണേണ്ടത്. ഈ രാജ്യത്തിന് എന്തുസംഭവിച്ചാലും അതൊന്നും എനിക്ക് പ്രശ്നമില്ല എന്നുചിന്തിക്കുന്ന ഒരു വിഭാഗം ആളുകളെ മാതൃകയാക്കിക്കൊണ്ട് നിയമങ്ങളോ നയങ്ങളോ

രൂപീകരിക്കാൻ സാധ്യമല്ല. ഈ നാട്ടിലെ പൗരന്മാർക്കുണ്ടാകുന്ന ഓരോ പ്രശ്നങ്ങളോടും ഉൽക്കണ്ഠയുള്ളവരും അതിനോട് ക്രിയാത്മകമായി പ്രതികരിക്കാൻ കഴിയുന്ന ഒരു തലമുറയാക്കി ജനതയെ മാറ്റുകയെന്ന രാഷ്ട്രീയ ഉത്തരവാദിത്തം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നവരാണ് നമ്മളെല്ലാവരും. പക്ഷെ നമുക്കെല്ലാവർക്കും അവരെ സമീപിക്കാൻ സാധിക്കുന്നില്ല. അതുകൊണ്ട് അരാചകമായി ചിന്തിക്കുന്ന ഏതെങ്കിലും ആളുകളെ അടിസ്ഥാനമാക്കിയല്ല നിയമങ്ങൾ ഉണ്ടാക്കേണ്ടത് അതൊരു ന്യായീകരണമാകാൻ പാടില്ല. ഇക്കാരണങ്ങളാൽ ഹർത്താൽ നിയന്ത്രണം എന്ന പേരിലുള്ള ഈ നിരോധന ബിൽ ഒരു പ്രശ്നത്തിനും പരിഹാരമല്ല. ഹർത്താൽ നിരോധനമെന്നതന്നെയാണ് ഉചിതമായ പേര്. എല്ലാവർക്കും അവരുടെ സ്വാതന്ത്ര്യത്തിന്റെ നല്ല ഫലങ്ങൾ അനുഭവിച്ചുകൊണ്ട് ജീവിക്കാനുള്ള അവസ്ഥ സൃഷ്ടിക്കാനുള്ള പെരുമാറ്റ ചട്ടങ്ങൾ, സ്വയം നിയന്ത്രണങ്ങൾ, രാഷ്ട്രീയ പാർട്ടികൾ പാലിക്കേണ്ട മര്യാദകൾ ഇതിനെക്കുറിച്ചെല്ലാം എന്തുകൊണ്ട് ഒരു ഓപ്പൺ സംവാദം നടത്തിക്കൂടാ; അങ്ങനെയുള്ള ചർച്ചകളിലൂടെയല്ലേ പല അഭിപ്രായം ഉയർന്നുവരുന്നത്; പല നാട്ടിലും പല പ്രദേശത്തും അത്തരത്തിലുള്ള പെരുമാറ്റച്ചട്ടങ്ങൾ ഉണ്ടാക്കുന്നത്; എന്തെല്ലാം കാര്യങ്ങളിൽ നല്ല രൂപങ്ങൾ നല്ല മോഡലുകൾ നാട്ടിൻപുറത്തെ ജനങ്ങൾ ഉണ്ടാക്കാറുണ്ട്. അതിനാണ് പ്രോത്സാഹിപ്പിക്കേണ്ടത്. സാക്ഷി മഹാരാജ് പറയുന്നതുപോലുള്ള സാഹചര്യത്തിലേയ്ക്ക് നമുക്ക് ഇത്തരം നിയമങ്ങൾ ഉണ്ടാക്കി കൊണ്ടുപോകാൻ സാധ്യമല്ല. ഏതെങ്കിലും ആളുകളുടെയോ സംഘടനയുടെയോ പ്രേരണയാൽ വ്യാപാരം, തൊഴിൽ എന്നിവ ബലം പ്രയോഗിച്ച് നിർത്തിവയ്ക്കാൻ ഇടയായാൽ അതിനെ തടയാനാണ് ഈ ബിൽ കൊണ്ടുവരുന്നതെന്ന് വിശദീകരിച്ചുകൊണ്ട് മന്ത്രിയുടെ ലേഖനം ഉണ്ടായിരുന്നു. ഇതൊക്കെയാണ് ഹർത്താൽ കൊണ്ടുണ്ടാകുന്ന ദൂഷ്യവശങ്ങൾ. ഹർത്താൽ കൊണ്ടുമാത്രമല്ല ഇതൊക്കെ ഉണ്ടാകുന്നത്, അത് യാദൃശ്ചികമായി ഉണ്ടാകുന്നതാണ്. കോരിച്ചൊരിയുന്ന മഴയത്ത് ഇതുപോലുള്ള സംഭവങ്ങളും കൃഷിനാശവും ഉണ്ടാകാറുണ്ട്. ഇത് എല്ലാ ദിവസവും ഉണ്ടാകുന്നതല്ല. അതിന്റെ പേരിൽ ശാശ്വതമായി നിരോധനം ഏർപ്പെടുത്തുന്ന രീതിയിലേയ്ക്ക് പോകരുത്. ഇവിടെ ജനങ്ങളെ സംരക്ഷിക്കാനെന്നു പറഞ്ഞാൽ ആരാണ് ജനങ്ങൾ; ശക്തരായ സംഘടിതരല്ലേ കേരളത്തിലെ കച്ചവടക്കാർ; കേരളത്തിലെ തൊണ്ണൂറ്റിയഞ്ച് ശതമാനം കച്ചവടക്കാരും വ്യാപാരി വ്യവസായ സമിതിയിലും വ്യാപാരി വ്യവസായ ഏകോപന സമിതിയിലും ഉൾപ്പെടുന്നവരാണ്. അവർ കടകൾ അടച്ച് സമരം നടത്താറില്ലേ; അവരുടെ ആവശ്യങ്ങൾക്കുവേണ്ടി അവർ ബന്ദ് നടത്തുന്നില്ലേ; കച്ചവട സ്ഥാപനങ്ങൾ അടയ്ക്കുന്നില്ലേ; കേരളത്തിലെ പി.ഡബ്ല്യു.ഡി. കോൺട്രാക്ടർമാർ അവരുടെ നിർമ്മാണപ്രവൃത്തികൾ ബഹിഷ്കരിച്ചു കൊണ്ട് സമരത്തിലല്ലേ; നിർമ്മാണപ്രവൃത്തികൾ മുടങ്ങിക്കിടക്കുകയല്ലേ; ഇവിടത്തെ വിവിധ വിഭാഗം തൊഴിലാളികൾ പണിമുടക്കാറില്ലേ; ട്രാൻസ്പോർട്ട് ജീവനക്കാർ,

വൈദ്യുതി ബോർഡ് ജീവനക്കാർ, വാട്ടർ അതോറിറ്റി ജീവനക്കാർ ആരാണ് പണിമുടക്ക് നടത്താത്തത്; സർക്കാർ ജീവനക്കാർ, വക്കീലന്മാർ, ഡോക്ടർമാർ, വിദ്യാർത്ഥികൾ സമരം നടത്താറില്ലേ.; ഇവിടെ ആരാണ് പ്രക്ഷോഭം നടത്താത്തത്? ഈ സമരങ്ങൾ ഓരോന്നും നടക്കുമ്പോഴും മറ്റൊരു വിഭാഗത്തെ ബാധിക്കാറില്ലേ; കോൺട്രാക്ടർമാരുടെ പ്രവൃത്തി ബഹിഷ്കരണംമൂലം പ്രയാസം നേരിടുന്ന ഒരു ജനപ്രതിനിധിയാണ് ഞാൻ. എന്റെ മണ്ഡലത്തിൽ എ.എസും, ടി.എസും കിട്ടിയ പ്രവൃത്തികൾ ടെണ്ടർ ചെയ്തപ്പോൾ കോൺട്രാക്ടർ എടുക്കുന്നില്ല. ആ പ്രവൃത്തി മുടങ്ങിപ്പോകുന്നു. ഞാൻ എന്ത് ചെയ്യും? അവന്റെ പണിമുടക്കിനെ നിരോധിക്കാൻ സാധിക്കുമോ; ഇങ്ങനെ എന്തെല്ലാം സംഭവങ്ങൾ വരുന്നു. ഏതെങ്കിലും ഒരു വിഭാഗത്തെ ബാധിക്കുന്നുവെന്നുള്ളതുകൊണ്ടുമാത്രം അവർ നടത്തുന്ന പ്രക്ഷോഭം അന്യായമാണെന്ന് പറയാൻ സാധിക്കുമോ ?

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മെമ്പർ നാൽപ്പതു മിനിട്ട് കഴിഞ്ഞു.

ശ്രീ. എളമരം കരീം: സർ, ചക്ക മുറിച്ചിട്ടു വേണമല്ലോ അതിന്റെ ചുള എടുത്ത് കഴിക്കാൻ. രണ്ട് കുരുവെങ്കിലും മുറിയാതെ ഏതെങ്കിലും ചക്ക മുറിക്കാൻ സാധിക്കുമോ? അങ്ങനെ ഒരു കുരുവിന് പരിക്ക് പറ്റിപ്പോകും എന്നുവിചാരിച്ച് ചക്ക മുറിക്കാതെ വച്ചാൽ നമുക്ക് കഴിക്കാൻ സാധിക്കുമോ?

ശ്രീ. സാജു പോൾ: സർ, യഥാർത്ഥത്തിൽ ഒരുതരം രാഷ്ട്രീയ സദാചാര പോലീസ് ചമയലിനുള്ള ബില്ലാണിത്. ഇപ്പോൾ പോലീസിന്റെ മൊത്തത്തിലുള്ള സ്ഥിതി ബഹുമാനപ്പെട്ട മന്ത്രി എത്രതന്നെ ആഗ്രഹിച്ചാലും ജനങ്ങൾക്കുമുൻപിൽ വളരെ മോശമായ അവസ്ഥയിൽ എത്തത്തക്ക വിധത്തിൽ ചില ഉദ്യോഗസ്ഥന്മാരുടെ പ്രവർത്തനങ്ങൾ വന്നിട്ടുണ്ട്. ആ ഉദ്യോഗസ്ഥന്മാർ തന്നെ, അതിൽ ചിലരൊക്കെ പ്രേരിപ്പിച്ചിട്ടാകാം ഇങ്ങനെയൊരു ബിൽ കൊണ്ടുവന്ന് ഇത്തരത്തിലുള്ള അവസ്ഥയുണ്ടാക്കാൻവേണ്ട ശ്രമം നടത്തുന്നത്. ഇതൊരുതരം രാഷ്ട്രീയ സദാചാര പോലീസ് ചമയൽതന്നെയാണ്. ഈ ബിൽ അവതരിപ്പിച്ച ബഹുമാനപ്പെട്ട മന്ത്രിയുടെ പാർട്ടിയുടെ ജില്ലാ കോൺഗ്രസ് കമ്മിറ്റി ഓഫീസിൽ ഒരു ഡി.സി.സി. ജനറൽ സെക്രട്ടറി വന്ന് ആത്മഹത്യ ചെയ്യുന്ന അവസ്ഥവരെ ഉണ്ടായി. അങ്ങനെയൊരു പ്രതിഷേധ പ്രകടനം ആർക്കെങ്കിലും തടയാൻ സാധിക്കുമോ; ആത്മാഹുതി ചെയ്യുകയെന്ന് പറഞ്ഞാൽ ഏറ്റവും ഉയർന്ന ഒരു സമര രൂപമായിട്ടല്ലേ കണക്കാക്കാൻ സാധിക്കുകയുള്ളൂ? ഇതിനുമുൻപ് ചുമട്ടുതൊഴിലാളികൾക്കെതിരെ ഇതുപോലെ ഭീഷണിപ്പെടുത്തി ബലാൽക്കാര രൂപത്തിലുള്ള 'തൊഴിലവകാശം നേടിയെടുക്കൽ' എന്നുപറഞ്ഞ ഒരു ബിൽ കൊണ്ടുവന്നത് പിൻവലിച്ചു പോകുന്ന ഒരവസ്ഥ ഉണ്ടായി. ഭരിക്കുന്ന കക്ഷിയുടെ ജില്ലാ കോൺഗ്രസ് കമ്മിറ്റി

ഓഫീസിനകത്ത് ഒരു ഡി.സി.സി. സെക്രട്ടറി തന്നെ ആത്മഹത്യ ചെയ്യുന്ന തരത്തിൽ പ്രതിഷേധ സമരങ്ങൾ നടക്കുന്ന നാട്ടിൽ ഇങ്ങനെയൊരു ബിൽ കൊണ്ടുവന്നതുകൊണ്ട് ഹർത്താൽ ഇല്ലാതാക്കാൻ സാധിക്കുമെന്ന് അങ്ങ് കരുതുന്നുണ്ടോ?

ശ്രീ. എളമരം കരീം: ഒരിക്കലും സാധ്യമല്ല. ഞാൻ അതാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. നമ്മുടെ ചർച്ചകളിലൂടെ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്കും സർക്കാരിനും ഈ ബിൽ ഇതേപടി പാസ്സാക്കുന്നതിൽനിന്നും വ്യത്യസ്തമായി ചിന്തിക്കാൻ ഒരു അവസരമുണ്ടാകാൻ വേണ്ടിയാണല്ലോ നമ്മൾ ഈ പോയിന്റുകൾ ഇട്ടുകൊടുക്കുന്നത്. ജനാധിപത്യപരമായുള്ള ഡിബേറ്റല്ലേ? അപ്പോൾ സ്വാഭാവികമായി ഇതിന്റെ പ്രതികരണമുണ്ടാകുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ജനങ്ങളെന്നുപറഞ്ഞാൽ വോട്ട് ചെയ്യാനും ഗവൺമെന്റിനെ അധികാരത്തിലേറ്റാനും അതുകഴിഞ്ഞാൽ പഞ്ചപുച്ഛമടക്കി നമ്മുടെ മുന്നിൽ നിൽക്കാനുമുള്ളവരാണോ? തെരഞ്ഞെടുക്കപ്പെടുന്ന ഗവൺമെന്റുകൾ പാസാക്കുന്ന നിയമങ്ങളെയും അവർ സ്വീകരിക്കുന്ന നടപടികൾക്കെതിരായും പ്രതിഷേധമുണ്ടായാൽ അത് പ്രകടിപ്പിക്കാൻ നമ്മളെ അധികാരത്തിൽകൊണ്ടുവന്ന ജനങ്ങൾക്കുള്ള അവകാശത്തെ എന്തിനാണ് നിഷേധിക്കുന്നത്? അവർ അത് പ്രകടിപ്പിക്കട്ടെ.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): ബഹുമാനപ്പെട്ട മെമ്പർ വളരെ സീരിയസായി ഈ കാര്യങ്ങളെ വീക്ഷിക്കുന്നതു കൊണ്ട് വന്ന ഒരു സംശയമാണ്. ജനങ്ങളുടെ പ്രതിഷേധത്തെ അടിച്ചമർത്തുന്നതിനോട് ആർക്കും യോജിപ്പില്ല. അത് സ്വാഭാവികമായും വരുന്നതാണ്. പല സന്ദർഭങ്ങളിലും സമൂഹം ഏറ്റെടുത്തുകൊണ്ട് ചില ഹർത്താലുകൾ നടത്താറുണ്ട്. പക്ഷേ ഇവിടെ പ്രധാനപ്പെട്ട വിഷയം പലപ്പോഴും ഫ്രിഞ്ച് എലിമെന്റ്സ്-കേട്ടുകേൾവി പോലുമില്ലാത്തവർ ഒരു ദിവസം രാവിലെ ഹർത്താൽ ആഹ്വാനം ചെയ്യും. അതിന്റെ അടിസ്ഥാനത്തിൽ ജനങ്ങൾ മൊത്തം വീട്ടിലിരിക്കേണ്ട സാഹചര്യം വരും. ജനാധിപത്യപരമായും ഭരണഘടനാപരമായും ഒരു പൗരന് ലഭിച്ചിട്ടുള്ള free movement അടക്കമുള്ള അവകാശം, അദ്ദേഹം സൂചിപ്പിച്ചതുപ്പോലെ ഭൂതകാലത്തിന്റെ ഭയം നമ്മളെ അലട്ടുന്നതുകൊണ്ടായിരിക്കാം. അത് ഇപ്പോഴും അവശേഷിക്കുകയാണ്. അതിലേക്ക് സ്വമേധയാ വരുന്ന വികാരത്തിനെ ആര് വിചാരിച്ചാലും ഏത് നിയമമുണ്ടെങ്കിലും തടസ്സപ്പെടുത്താൻ സാധിക്കുകയില്ല, അതുണ്ടാകും. അതല്ലാതെ ഈ നിലയിലേക്ക് ഫ്രിഞ്ച് എലമെന്റ്സായിട്ടുള്ളവർ, തീവ്രചിന്താഗതിക്കാരായിട്ടുള്ളവർ ഇതുമായി പോകുന്നതാണ് ഇന്ന് കേരളം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. അതിനെ അഭിമുഖീകരിക്കാൻ ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശങ്ങളെന്താണ്?

<u>ശ്രീ. എളമരം കരീം</u>: സർ, ഈ നിയമത്തിന്റെ ഉദ്ദേശം അതായിരുന്നെങ്കിൽ ഞങ്ങൾ ഈ എതിർപ്പ് പ്രകടിപ്പിക്കില്ലായിരുന്നു. അങ്ങനെയല്ല വരുന്നത്. ഉദാഹരണത്തിന് ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷന്റെ പ്രസിഡന്റായിരുന്ന ആലുവ സ്വദേശിയായ ഖാലിദ് മുണ്ടപ്പള്ളി എന്ന ആൾ, അദ്ദേഹത്തെ എനിക്ക് നേരിട്ട് പരിചയമുണ്ടായിരുന്നു. മോട്ടോർ വാഹന തൊഴിലാളി യൂണിയൻ പ്രവർത്തകൻ എന്ന നിലയിൽ അദ്ദേഹവുമായി പലതവണ ചർച്ച ചെയ്യാൻ എനിക്ക് അവസരമുണ്ടായിട്ടുണ്ട്. രാഷ്ട്രീയ കാര്യങ്ങൾ ചിന്തിക്കാനോ, ഗൗരവമായി ചർച്ച ചെയ്യാനോ ഒന്നും കഴിയുന്ന ഒരാളായിരുന്നില്ല. ഒരു സാധാരണ മനുഷ്യൻ. അദ്ദേഹമാണ് പാതയോരത്തെ പൊതുയോഗത്തിനെതിരായി ഹൈക്കോടതിയിൽ റിട്ട് ഹർജികൊടുത്ത് പാതയോരത്തെ പൊതുയോഗങ്ങൾ നിരോധിച്ച് ഉത്തരവുണ്ടാക്കാനിടയായത്. ആ ഒരൊറ്റ വ്യക്തിയാണ് വേറെ ആരും പോയിട്ടില്ല. അദ്ദേഹത്തിന്റെ പ്രശ്നം ആലുവ ബസ്സ്റ്റാന്റിന്റെ പരിസരത്തെ ഏതോ ഒരു സ്ഥലത്ത് പൊതുയോഗം നടത്തുന്നതിനോടുള്ള പ്രതിഷേധമായിരുന്നു. പ്രാദേശിക തർക്കമുണ്ടായതിന്റെ പേരിലാണ് ഹർജികൊടുത്തത്. ഇപ്പോൾ എന്താണുണ്ടായത്; ആർക്കാണ് ഇപ്പോൾ പൊതുയോഗം നടത്തേണ്ടത്; ഇവിടെ തീവ്രവാദ സംഘടനകളോ വർഗ്ഗീയ സംഘടനകളോ മതമൗലീകവാദികളോ പൊതുയോഗം നടത്തുന്നുണ്ടോ, അവർ രഹസ്യയോഗമല്ലേ നടത്തുന്നത്? പൊതുയോഗം നടത്തേണ്ടത് നമുക്കല്ലേ? ജനാധിപത്യ രാഷ്ട്രീയ പാർട്ടികൾക്കല്ലേ പൊതുയോഗം നടത്തേണ്ടത്. പൊതുയോഗമെന്നുപറഞ്ഞാൽ അനൗപചാരിക വിദ്യാഭ്യാസമാണ്. ഗൗരവമായി എടുക്കുകയാണെങ്കിൽ അങ്ങോട്ടുമിങ്ങോട്ടുമുള്ള വാഗ്വാദങ്ങളും അനാവശ്യമായ തെറിവിളികളും വെല്ലുവിളികളും മാറ്റിനിർത്തിയാൽ അനൗപചാരിക വിദ്യാഭ്യാസമാണ് പൊതുയോഗം. രാഷ്ട്രീയ വിദ്യാഭ്യാസമാണ് പൊതുയോഗം. ആലുവ സ്വദേശിയായ ഖാലിദ് മുണ്ടപ്പള്ളി എന്ന വ്യക്തി കൊടുത്ത ഹർജിയുടെ സ്വഭാവത്തെപ്പറ്റിയാണ് ഞാൻ പറഞ്ഞത്. ഒട്ടും ഗൗരവ സ്വഭാവത്തിലുള്ളതായിരുന്നില്ല. അതുകൊണ്ട് സംഭവിച്ചത് പാതയോരത്തെവിടെയും പൊതുയോഗം നടത്താൻ കഴിയാത്ത സാഹചര്യം വന്നു. ഒരു രാഷ്ട്രീയ പാർട്ടിക്കുണ്ടാകുന്ന പ്രയാസമെന്താണ്?

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ബഹുമാനപ്പെട്ട എളമരം കരീം, അങ്ങ് സംസാരിച്ചു തുടങ്ങിയിട്ട് 45 മിനിറ്റായി.

<u>ശ്രീ. എളമരം കരീം</u>: സർ, ഒരു പൊതുയോഗം ചേരണമെങ്കിൽ പറമ്പ് അന്വേഷിച്ചുപോകണം. അവിടെ പ്രത്യേകം സ്റ്റേജ് നിർമ്മിക്കണം. എന്തെല്ലാം ബുദ്ധിമുട്ടുകൾ സഹിക്കണം. ആരുടെ പണമാണ് നഷ്ടപ്പെടുന്നത്? റോഡ് മുഴുവൻ തടസ്സപ്പെടുത്തി പൊതുയോഗം ചേരണമെന്നല്ല. തടസ്സപ്പെടുത്തണമെന്നുള്ള ആളുകൾക്ക് തടസ്സപ്പെടുത്തുന്നതിന് ഒരു നിയന്ത്രണവുമില്ല. അരുവിക്കര ബൈ

ഇലക്ഷൻ നടക്കുമ്പോൾ റോഡിന്റെ മധ്യഭാഗത്ത് സ്റ്റേജ് കെട്ടി മുഖ്യമന്ത്രി പ്രസംഗിക്കാൻ വരുന്ന പൊതുയോഗം ഞാൻ കണ്ടു. ഒരു പോലീസും തടഞ്ഞിട്ടില്ല. അങ്ങനേയും നടന്നുപോകാറുണ്ട്. പൊതുയോഗം ചേരണമെങ്കിൽ മൈക്ക് പെർമിഷൻ വാങ്ങാൻ 500 രൂപ എന്ന ഫീസ് ഏർപ്പെടുത്തി. എന്തിനാണ് ജനാധിപത്യത്തിന്റെ ഈ പ്രക്രിയകളെ ഇങ്ങനെ നിയന്ത്രിക്കുന്നത്; ഒരു നിയമത്തിലേയ്ക്കോ ഒരു വ്യവസ്ഥയിലേക്കോ നമ്മൾ പോകുമ്പോൾ പതുക്കെപ്പതുക്കെ ജനാധിപത്യാവകാശങ്ങൾ ഓരോന്നോരോന്നായി കവർച്ച ചെയ്യപ്പെടുകയാണ്. അതാണ് പ്രശ്നം. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, വോട്ടുചെയ്ത് ഭരണകൂടത്തെ തെരഞ്ഞെടുത്തതിനുശേഷം കണ്ണും കാതും കയ്യുമൊക്കെ പൂട്ടിവച്ച് ആ ഭരണകൂടത്തിന്റെ എല്ലാ നയങ്ങൾക്കുംമുമ്പിൽ പഞ്ചപുച്ഛമടക്കി നിൽക്കാനല്ല ജനങ്ങൾ വിധിക്കപ്പെട്ടത്. ആ ഒരു ധാരണ നമുക്കുണ്ടാകരുത്. എല്ലാ സമരങ്ങളോടും എതിർപ്പ് എല്ലാ കാലത്തും ഉണ്ടായിട്ടുണ്ട്. ഒരു ചെറിയ വിഭാഗത്തിന് എതിർപ്പുണ്ടാകുന്നത് സ്വാഭാവികമാണ്. സാമൂഹ്യബോധം കുറഞ്ഞവരും അരാഷ്ട്രീയവാദികളുമായ, അത്തരക്കാരുടെ അഭിപ്രായത്തിന്റെ മുന്നിൽ മുട്ടുമടക്കലല്ല ഉത്തരവാദിത്വബോധമുള്ള രാഷ്ട്രീയ നേതൃത്വം ചെയ്യേണ്ടത്. അവരെ നേർവഴിക്ക് നയിക്കാനുള്ള ഉത്തരവാദിത്വമാണ് നമുക്കുള്ളത്. അത് അവരോട് പറയണം, നിങ്ങളുടെ കാഴ്ചപ്പാട് ശരിയല്ല എന്ന് പറയാനുള്ള ആർജ്ജവം കാണിക്കണം. അങ്ങനെയല്ലേ കോടിക്കണക്കായ മനുഷ്യരെ സ്വാതന്ത്ര്യസമരത്തിലേയ്ക്ക് മഹാത്മജിയും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും സുഭാഷ് ചന്ദ്രബോസുമൊക്കെ നയിച്ചത്. ഇവർ ഇതൊക്കെ ആരംഭിക്കുന്ന കാലത്ത് ജനകോടികൾ ഇരച്ചുകയറി ഇവരുടെ പിന്നാലെ വന്നിട്ടുണ്ടായിരുന്നോ? കേരളത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ആരംഭിക്കുന്ന കാലത്ത് 'നാടുവാഴിത്വം തുലയട്ടെ, ജന്മിത്വം തുലയട്ടെ' എന്ന് ജാഥ നടത്തി കൊണ്ടുപോയത് കൊണ്ടോട്ടിയിലെ ബീഡിത്തൊഴിലാളികളായിരുന്നു. അത് ബഹുമാനപ്പെട്ട ആര്യാടൻ സാറിനറിയാം. അതിൽ വല്ല കൃഷിക്കാരനുമുണ്ടായിരുന്നോ? നിലമ്പൂർ കോവിലകത്തിനെതിരായി സമരം നടത്താൻ ആ നാട്ടിലെ ഏതെങ്കിലും കുടിയാന് ധൈര്യമുണ്ടായിരുന്നോ; ഈ പാവം തൊഴിലാളികളാണ് പോയത്. ഇവനൊക്കെ ഇപ്പോൾ രണ്ടേക്കറും രണ്ട് പോത്തുമായി തിരിച്ചുവരുമെന്നായിരുന്നു അന്ന് അവരെ കളിയാക്കിക്കൊണ്ട് നാട്ടിൻപുറത്തൊക്കെ പറഞ്ഞിരുന്നത്. അങ്ങനെയാണ് സാമൂഹ്യ മാറ്റങ്ങളുണ്ടാകുന്നത്. അല്ലാതെ മുഴുവൻ ജനങ്ങളും അവരുടെ അവകാശത്തെക്കുറിച്ച് ബോദ്ധ്യപ്പെട്ട് സ്വമേധയാ നിശബ്ദമായ ഒരു മാറ്റത്തിനും വിപ്ലവത്തിനും സന്നദ്ധമായി മാറ്റം വന്നതിന് ലോകചരിത്രത്തിൽ ഉദാഹരണമുണ്ടോ? അതാണ് ബഹുമാനപ്പെട്ട ജി. സുധാകരൻ ചോദിച്ചത്. എബ്രഹാം ലിങ്കന്റേയും ചൗവ്വൻല്ലായുടേയുമൊക്കെ അനുഭവം ചോദിച്ചത്. ഈ രാഷ്ട്രീയ ദിശ നിർണ്ണയിച്ചുകൊടുക്കാൻ ബാദ്ധ്യസ്ഥമായ ഇന്ത്യയിലെ ഏറ്റവും പ്രമുഖ

ദേശീയ രാഷ്ട്രീയകക്ഷിയായ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ രാഷ്ട്രീയ ദർശനങ്ങൾക്ക് എത്രമാത്രം യോജിക്കും ഈ നിയമത്തിന്റെ സത്ത? അല്ലെങ്കിൽ നവഉദാരവത്ക്കരണ നയത്തിന്റെ വക്താക്കളായി നമ്മൾ മാറുന്നുവെന്നത് അംഗീകരിക്കേണ്ടിവരും. നവഉദാരവത്ക്കരണ നയം എല്ലാ വിഭാഗം ജനങ്ങളുടേയും അഭിപ്രായത്തെ അടിച്ചമർത്തുകയാണ്. ഒന്നും പ്രകടിപ്പിക്കാൻ അവസരം കൊടുക്കുന്നില്ല. ജാഥകൾ വേണ്ട. അത് ബുദ്ധിമുട്ട്, ബസ് തടയുന്നു. പിക്കറ്റിംഗ് വേണ്ട, ധർണ്ണ വേണ്ട, ഇതെല്ലാം വലിയ പുച്ഛത്തോടുകൂടി നോക്കി കാണുന്നവരുണ്ട്. സെക്രട്ടേറിയറ്റിനുമുന്നിൽ സമരം, ഇവർക്ക് സമരമല്ലാതെ ദിവസമില്ല. ആരാണ് ഈ പറയുന്നത്, ബാങ്ക് ജീവനക്കാർ, ഹൈ പെയ്ഡ് ഐലന്റ് എന്നുപറയുന്ന ഉന്നത ശമ്പളം വാങ്ങുന്ന മറ്റ് ഉദ്യോഗസ്ഥ പ്രമുഖന്മാർ ഇവരൊക്കെ സമരത്തിനു വരുന്നില്ലേ; പ്രക്ഷോഭങ്ങൾക്ക് വരുന്നില്ലേ; വിവിധ രൂപത്തിൽ അവരുടെ പ്രതിഷേധം അവർ പ്രകടിപ്പിക്കുന്നില്ലേ; ആരാണ് ഇതിൽനിന്നും വിട്ടുനിൽക്കുന്നത്. പക്ഷേ വ്യക്തിപരമായി ഉണ്ടാകുന്ന ഓരോ പ്രശ്നത്തിന്റെ പേരിൽ മറ്റൊരു വിഭാഗം അതിനെ കുറ്റപ്പെടുത്തി സംസാരിക്കുന്നത് ഒട്ടുംതന്നെ നമുക്ക് അംഗീകരിക്കാൻ പറ്റുന്നതല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട എളമരം കരീം ............

ശ്രീ. എളമരം കരീം: സർ, ഒരു ജനാധിപത്യ രാജ്യം എപ്പോഴും സംഭവ ബഹുലമായിരിക്കും, അതാണ് ജനാധിപത്യം. ഭരണപക്ഷവും പ്രതിപക്ഷവും തമ്മിലുള്ള വിമർശനങ്ങളും സമരങ്ങളും പൊതുയോഗങ്ങളും കൊണ്ട് പ്രകമ്പനം കൊള്ളും ഒരു ജനാധിപത്യരാജ്യം. അതിനെ എന്തിനാണ് ഞങ്ങൾ ഭയപ്പെടുന്നത്. ഇത് ഈദി അമീന്റെ രാജ്യം പോലെയാകണോ; രാജകൽപ്പനപോലെ എല്ലാവരും അംഗീകരിച്ചുപോരുന്ന ഈദി അമീന്റെ നാട് പോലെയാകണോ; അത്തരം ഏകാധിപത്യരാജ്യങ്ങളിൽപ്പോലും മറനീക്കി അവകാശങ്ങൾക്കുവേണ്ടി മനുഷ്യർ രംഗത്തേയ്ക്ക് വരുന്ന ചിത്രമാണ് ഇന്ന് ലോകം മുഴുവൻ കണ്ടുകൊണ്ടിരിക്കുന്നത്. അങ്ങനെയുള്ള ഒരു കാലത്ത് എത്ര വൈവിദ്ധ്യമുള്ള പരിപാടികളാണ് നമ്മുടെ നാട്ടിൽ നടക്കുന്നത്; എത്ര സമാധാനപരമാണ്; പഴയതുപോലെ രാഷ്ട്രീയ സംഘർഷങ്ങൾ ഈ നാട്ടിലുണ്ടോ; ഈ കഴിഞ്ഞ പഞ്ചായത്ത് തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എത്ര സംഘർഷങ്ങൾ നാട്ടിൽ നടന്നു; ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിക്ക് പോലീസിന്റെ റിപ്പോർട്ടുകൾ കിട്ടുമല്ലോ; എത്ര സമാധാനപരമായിരുന്നു തെരഞ്ഞെടുപ്പ്? ഞാൻ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് പങ്കാളിത്തം വഹിച്ച കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ തെരഞ്ഞെടുപ്പുകളെ അപേക്ഷിച്ച് രാഷ്ട്രീയ സംഘർഷം വളരെ കുറവായിരുന്നു, വളരെ സമാധാനപരമായിരുന്നു. ആകെ നടന്നത് വയനാട്ടിൽ ഒരു ആത്മഹത്യ മാത്രമാണ്. അതൊന്നും പിടിക്കാത്തവർ,

ഒരു പൊതുയോഗം കാണുമ്പോൾ അസൗകര്യമാണെന്ന് കാണുന്നവർ, മുദ്രാവാക്യം വിളി കേൾക്കുമ്പോൾ അസ്വസ്ഥരാകുന്നവർ, അവർ ഈ ജനാധിപത്യരാജ്യത്ത് എങ്ങനെ ജീവിക്കും? അങ്ങനെയുള്ള ഒന്നോ രണ്ടോ ആളുകളുടെ അഭിപ്രായത്തിനനുസരിച്ചാണോ നമ്മൾ നിയമമുണ്ടാക്കിക്കൊടുക്കേണ്ടത്? ഒരിക്കലും ഇതുപോലുള്ള ഒരു നിയമത്തെ കുറിച്ച് ആലോചിക്കാൻ പാടില്ലായിരുന്നു. പ്രതിഷേധിക്കാനുള്ള അവകാശം അതുപോലെ പ്രതിഷേധിച്ചില്ലെങ്കിൽ ജനാധിപത്യമില്ല എന്നതാണ്, ജനാധിപത്യത്തിന്റെ അവിഭാജ്യഘടകമായ ഒരു ഭാഗമാണ് പ്രതിഷേധിക്കാനുള്ള അവകാശമെന്നത്. അതുപോലെ അത് അക്രമാസക്തമാകാതെ നോക്കണമെന്ന അഭിപ്രായത്തോട് ഞാൻ പൂർണ്ണമായി യോജിക്കുന്നു. നമ്മുടെ രാജ്യത്ത് മഹാഭൂരിപക്ഷം ജനങ്ങളും പട്ടിണിയും ദാരിദ്ര്യവുമായി കഴിയുകയാണ്. ഈ ലോകത്ത് ആകെയുള്ള സമ്പത്തിന്റെ 90 ശതമാനവും നിയന്ത്രിക്കുന്നത് പത്ത് ശതമാനം ജനങ്ങളാണ്. നമ്മുടെ രാജ്യവും അതിൽനിന്നും വ്യത്യസ്തമല്ല. ലോകജനതയുടെ ഒരു ശതമാനം ലോകത്ത് ആകെയുള്ള സമ്പാദ്യത്തിന്റെ 99 ശതമാനത്തെ നിയന്ത്രിക്കുന്ന ഈ അന്യായത്തെ...........

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. എളമരം കരീം, 52 മിനിറ്റായി.....

ശ്രീ. എളമരം കരീം: സർ, ഈ അസമത്വത്തിന്റെ കാലത്ത് അസമത്വത്തിന്റെ ഇരയാകുന്ന പാവപ്പെട്ട മനുഷ്യർക്ക് അവന്റെ പ്രതിഷേധം പ്രകടിപ്പിക്കാനുള്ള അവസരംപോലും നൽകുന്നില്ലെങ്കിൽ അവൻ എന്തുചെയ്യും? അവൻ സ്വയം പൊട്ടിത്തെറിക്കേണ്ടിവരും. എനിക്കെന്റെ പ്രതിഷേധം ഒന്ന് തെരുവിലിറങ്ങി പ്രകടിപ്പിക്കാനും എന്റെ കൂടെ എന്റെ സഖാക്കളെ കൂട്ടിക്കൊണ്ടു വന്ന് റോഡിൽ ഒത്തുകൂടാനും റോഡിൽ ഒന്നിച്ചിരിക്കാനും സ്വാതന്ത്ര്യം നിങ്ങൾ അനുവദിക്കുന്നില്ലെങ്കിൽ ഞങ്ങൾ സ്വയം പൊട്ടിത്തെറിക്കേണ്ടിവരും. അത് ഈ രാജ്യത്തുണ്ടാക്കുന്ന അവസ്ഥ എന്താകും; ഇന്നത്തെ സമാധാന അന്തരീക്ഷമാകുമോ; ഒരുപറ്റം ആളുകൾ തെരുവിലിറങ്ങി അത്തരമൊരു സാഹസികമായ സമരത്തിന് മുതിർന്നാൽ നിങ്ങൾ പ്രതീക്ഷിക്കുന്ന എന്ത് സമാധാനമാണ് ഈ നാട്ടിലുണ്ടാവുക? ഏത് വ്യാപാര-വ്യവസായ സ്ഥാപനത്തിനാണ് പ്രവർത്തിക്കാൻ സാധിക്കുക? രൂക്ഷമായ തൊഴിലില്ലായ്മയും അണ്ടർ എംപ്ലോയ്മെന്റും കൂലി കുറയുന്ന അവസ്ഥയും. നമ്മുടെ രാജ്യത്തിന്റെ കമ്പോളം ചുരുങ്ങിക്കൊണ്ടിരിക്കുമ്പോൾ ഇവിടെ ഉല്പാദനം നടത്തിയിട്ട് എന്താണ് കാര്യം? ആരാണ് ഇത് വാങ്ങാനുണ്ടാകുന്നത്. അതുകൊണ്ടല്ലേ ഇവിടെ ആരും മുതൽമുടക്കാൻ വരാത്തത്. ശ്രീ. നരേന്ദ്ര മോദിയുടെ പ്രഖ്യാപനം കേട്ട് ഇന്ത്യൻ കമ്പോളം ചുരുങ്ങിക്കൊണ്ടിരിക്കുന്നു എന്നുള്ള അവസ്ഥ. ഇത്തരം അവസ്ഥയ്ക്കെതിരായി, ഇതിൽ പ്രതിഷേധിക്കാനുള്ള അവകാശങ്ങൾ കവർന്നെടുക്കുന്ന സർക്കാർ നയങ്ങൾക്കെതിരായി ഒരു പ്രതിഷേധപ്രകടനം നടത്താൻ - അതിനെ

ഹർത്താലെന്നോ മറ്റെന്തുവേണമെങ്കിലും നിങ്ങൾ പേരിട്ടോളൂ - അതിനുള്ള അവസരം നഷ്ടപ്പെടുത്തരുത്. ഞാൻ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് വളരെ വിനയപൂർവ്വം ചോദിക്കട്ടെ, നിങ്ങൾ ഹർത്താൽ നിരോധിച്ചോളൂ. ഞാൻ കേരളത്തിലെ ഒരു ട്രേഡ് യൂണിയന്റെ സംസ്ഥാന ജനറൽ സെക്രട്ടറിയാണ്. ഞാൻ നാളെ കേരളത്തിലെ മോട്ടോർ വാഹന തൊഴിലാളികളുടെ പണിമുടക്ക് പ്രഖ്യാപിക്കുന്നു. എന്റെ തൊഴിലാളി സംഘടനയുമായി ആലോചിച്ച് .....

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):സർ, തൊഴിലാളികളുടെ സമരങ്ങൾക്കോ പണിമുടക്കുകൾക്കോ ഒന്നും ഇത് ബാധകമല്ല. അത് വായിച്ചാൽ മനസ്സിലാകും.

ശ്രീ. എളമരം കരീം: സർ, ഞാൻ അതല്ല പറയുന്നത്. ഐ.ഡി. ആക്ട് പ്രകാരമുള്ള പണിമുടക്കുകൾക്കൊന്നും ബാധകമല്ല എന്ന് ഈ രേഖയിലുണ്ട്. ഞാൻ പറയുന്ന ഭാഗം വേറെയാണ്. ഐ.എൻ.ടി.യു.സി., സി.ഐ.ടി.യു. എന്നീ ട്രേഡ് യൂണിയനുകൾ ചേർന്ന് കേരളത്തിൽ മോട്ടാർ വാഹന തൊഴിലാളികളുടെ പണിമുടക്ക് പ്രഖ്യാപിക്കുന്നു. എവിടെയാണ് സഞ്ചാരസ്വാതന്ത്ര്യം; നിങ്ങൾ പറയുന്ന സഞ്ചാര സ്വാതന്ത്ര്യം ജനങ്ങൾക്ക് ഉറപ്പുനൽകാൻ നിങ്ങൾക്ക് എന്താണ് വഴി; ഞങ്ങൾ പണിയെടുക്കുന്നില്ല. ഇലക്ട്രിസിറ്റി ബോർഡിലെ എല്ലാ തൊഴിലാളി സംഘടനകളും ചേർന്ന് പണിമുടക്ക് പ്രഖ്യാപിക്കുന്നു. 44 ശതമാനമാണ് ഇലക്ട്രിസിറ്റി ബോർഡിൽ സി.ഐ.റ്റി.യു.-ന്റെ അംഗസംഖ്യ. 26 ശതമാനമാണ് ഐ.എൻ.റ്റി.യു.സി.-യുടെ അംഗസംഖ്യ. 20-22 ശതമാനമാണ് എ.ഐ.റ്റി.യു.സി. ഞങ്ങൾ മൂന്നുസംഘടനകളും ചേർന്ന് ഒരു പ്രധാനപ്പെട്ട ആവശ്യത്തിനുമേൽ പണിമുടക്ക് പ്രഖ്യാപിച്ചാൽ 98 ശതമാനം തൊഴിലാളികൾ പണിമുടക്കിലേർപ്പെടും. വൈദ്യുതി ഉൽപ്പാദനവും വിതരണവും നടക്കുമോ; എന്റെ അവകാശം എവിടെ; എനിക്ക് വൈദ്യുതി ലഭിക്കാനുള്ള അവകാശത്തിനുവേണ്ടി നിങ്ങൾ ആ പണിമുടക്ക് നിരോധിക്കുമോ; നാളെ കച്ചവടസ്ഥാപനത്തിലെ/ഹോട്ടലിലെ തൊഴിലാളികൾ പണിമുടക്കാൻ തീരുമാനിക്കുന്നു. അത് അവരുടെ അവകാശമല്ലേ; രാജ്യത്തെ 11 ട്രേഡ് യൂണിയനുകൾ ചേർന്ന് അഖിലേന്ത്യാ പണിമുടക്ക് പ്രഖ്യാപിച്ചു. ഡോ. മൻമോഹൻ സിംഗ് ഭരിക്കുമ്പോൾ 48 മണിക്കൂർ പണിമുടക്കി. മോദി സർക്കാരിന്റെ കാലത്ത് എല്ലാവരും ചേർന്ന് 24 മണിക്കൂർ പണിമുടക്കി. 15 കോടി തൊഴിലാളികൾ അതിൽ പങ്കെടുത്തു. 25,000 കോടിരൂപയുടെ ഉല്പാദന നഷ്ടം ഉണ്ടായി എന്ന് പറഞ്ഞു. അതിനേക്കാൾ വലിയ നഷ്ടം തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ വേതനം നഷ്ടപ്പെട്ടതുമൂലമുണ്ട്. അത് നഷ്ടപ്പെടുത്താൻ സ്വയം തീരുമാനിച്ചാണ് തൊഴിലാളികൾ പണിമുടക്കിലേക്ക് ഇറങ്ങുന്നത്. ആരുടെ അവകാശം സംരക്ഷിച്ചു കൊടുക്കാൻ പറ്റും? പൈലറ്റുമാർ പണിമുടക്കിയാൽ

വിമാനയാത്ര നടക്കുമോ; അവന്റെ അവകാശം സംരക്ഷിക്കാൻ ഏത് നിയമം ഉണ്ടാക്കും; ബന്ദ് നിരോധിച്ചപ്പോൾ ഹർത്താൽ വന്നുവെന്ന് പറഞ്ഞു. പേരുകൾ മാറ്റിയാലും സമരരൂപങ്ങൾ മാറ്റാൻ കഴിയുമോ; ജനങ്ങളുടെ പ്രതിഷേധത്തെ ഇല്ലായ്മ ചെയ്യാൻ പറ്റുമോ; അവന്റെ പ്രതിഷേധം ഏറ്റവും ശക്തമായി ഏൽക്കേണ്ട കേന്ദ്രങ്ങളിൽ എത്ര ആഘാതത്തോടെ ഏൽപ്പിക്കണമെന്ന് അവൻ തീരുമാനിച്ചാൽ എന്ത് പ്രത്യാഘാതം വന്നാലും അത് പ്രകടിപ്പിക്കുകതന്നെ ചെയ്യും. അതിൽനിന്ന് ആരെയും തടയാൻ പറ്റില്ല. ഈ നിയമം ഒന്നിനും പരിഹാരമല്ല. നമ്മൾ ഉദ്ദേശിക്കുന്ന ഒരു സമാധാനവും ഈ നാട്ടിലുണ്ടാകാൻ പോകുന്നില്ല. ഇതുകൊണ്ട് കുറെ പോലീസുദ്യോഗസ്ഥർക്ക് നിരപരാധികളായ കുറച്ച് ആളുകളെ പിടിച്ച് ജയിലിൽ അടയ്ക്കാനുള്ള അവസരം മാത്രമാണ് ഉണ്ടാക്കുക. ഗുണ്ടാ ആക്ട് എങ്ങനെയാണ് പ്രയോഗത്തിൽ വരുന്നത്; അവർ കേവലം ക്രിമിനൽ കേസ്സുകളുടെ എണ്ണം മാത്രമാണ് നോക്കുന്നത്. ഇൻസ്പെക്ടറുടെ മുമ്പിൽ നിയമപുസ്തകമാണുള്ളത്. ആ നിയമപുസ്തകങ്ങളിലെ വരികളിൽ മനുഷ്യജീവിതത്തെക്കുറിച്ച് യാതൊന്നുമില്ല. അതിന്റെ വരികൾക്കിടയിലൂടെ വായിക്കാൻ അവർക്കറിയില്ല. പിടിച്ചുപറിയും സ്ത്രീപീഡനവും നടത്തുന്ന ഒരു ഗുണ്ടയും നാലുദിവസം സർക്കാർ ആഫീസിനു മുന്നിൽ സമരം ചെയ്തതിന് കേസ്സിൽ പ്രതിയായ ഒരു രാഷ്ട്രീയ പ്രവർത്തകനും തമ്മിലുള്ള വ്യത്യാസം എന്താണെന്നുപോലും തിരിച്ചറിയാൻ കഴിയാത്ത ഉദ്യോഗസ്ഥരുള്ള നാടാണ് ഇത്. 16 കേസ്സിലെ പ്രതിയെ അവർ ഗുണ്ടാലിസ്റ്റിൽപ്പെടുത്തുന്നു. കോൺഗ്രസ് പ്രവർത്തകൻ കൊടുത്ത കേസ്സിൽ പ്രതിയായ സി.പി.ഐ.(എം.)-കാരനും, സി.പി.ഐ.(എം.)-കാരൻ കൊടുത്ത കേസ്സിൽ പ്രതിയായ കോൺഗ്രസ്സ് പ്രവർത്തകനും 12-15 കേസ്സുകളുണ്ടാകാം. അവൻ ഗുണ്ടയാണോ; അവൻ ആന്റിസോഷ്യൽ ആണോ; അങ്ങനെ നമുക്ക് കണക്കാക്കാൻ പറ്റുമോ; ഈ ഗവൺമെന്റ് വന്നതിനുശേഷം എന്റെ ഏരിയയിൽ 16 കേസ്സുകളുണ്ട്. ഞാൻ സർക്കാരിനെ കുറ്റം പറയുന്നില്ല. നിയമലംഘനമാണ്. കളക്ടറേറ്റിന് മുമ്പിൽ സമരം ഉദ്ഘാടനം ചെയ്തു. പൊതുവഴി തടസ്സപ്പെടുത്തിയതാണ് കേസ്സ്. 16 കേസ്സിൽ പ്രതിയായതിന്റെ പേരിൽ എന്നെ ഗുണ്ടാലിസ്റ്റിൽപ്പെടുത്താൻ സാധിക്കുമോ; അങ്ങനെ ഉൾപ്പെടുത്തുന്നത് ന്യായമാണോ; ഞാൻ ഒരു പൊതുപ്രവർത്തകനായതു കൊണ്ടും എന്നെ എല്ലാവർക്കും അറിയാവുന്നതുകൊണ്ടും എന്നെ ഗുണ്ടാലിസ്റ്റിൽപ്പെടുത്തുന്നില്ല. എന്നാൽ എത്രയോ സാധാരണ പ്രവർത്തകരെ ഉൾപ്പെടുത്തുന്നു. ഈ സഭയിലെ ഒരംഗത്തിന്റെ മകനെ ഗുണ്ടാലിസ്റ്റിൽ ഉൾപ്പെടുത്തി നാടുകടത്താനുള്ള നടപടിയിലേക്ക് പോലീസ് പോയില്ലേ; അങ്ങ് ഇടപെട്ടതാണ്. ഞാൻ അങ്ങയുടെ ഇടപെടലിനെ ബഹുമാനിക്കുന്നു. സന്ദർഭോചിതമായി ഇടപെടാനും യുക്തിയോടെ ഇടപെടാനും എല്ലാ സ്ഥലത്തും ഇടപെടാനും അങ്ങേക്ക് സാധിക്കുമോ; രാഷ്ട്രീയ നേതൃത്വത്തിന്റെ മികവാണ്. എന്നാൽ ഇത് നടപ്പാക്കേണ്ടത് രാഷ്ട്രീയ നേതൃത്വമല്ല, എക്സിക്യൂട്ടീവ് ആണ്.

അമിതാധികാരം ലഭിച്ചാൽ എക്സിക്യൂട്ടീവിന്റെ സ്വഭാവം എന്താകും; ഏത് എക്സിക്യൂട്ടീവാണ് അമിതാധികാരത്തെ തെറ്റായ നിലയിൽ വിനിയോഗിക്കാത്തത്; ഭരണനേതൃത്വം എന്തെല്ലാം ചീത്തപ്പേര് അതിൽ സഹിക്കേണ്ടി വന്നിട്ടുണ്ട്. അമിതാധികാരം ഉദ്യോഗസ്ഥന്റെ കയ്യിൽ കൊടുക്കാതിരിക്കുന്നതാണ് യുക്തി. ഒരിക്കലും അത് ചെയ്യാൻ പാടില്ല. ഇവിടെ ഒരു സമരംകൊണ്ടും ഹർത്താൽകൊണ്ടും എന്ത് അപകടമാണ് ഉണ്ടായിട്ടുള്ളത്; പ്രതിഷേധം എന്നു പറഞ്ഞാൽ ഏതൊക്കെ രീതിയിൽ വരും; മദ്രാസ് ഐ.ഐ.ടി.-യിൽ അംബേദ്കർ പെരിയാർ സ്റ്റഡി സംഘടനയുടെ അംഗീകാരം റദ്ദ് ചെയ്യുതിനെതിരായി സമരം വന്നു. നിങ്ങൾക്ക് അതിനെ നിരോധിക്കാൻ പറ്റുമോ; ആർ.എസ്.എസ്.-സംഘപരിവാർ ആണ് അത് ചെയ്തത്. സംഘപരിവാറിന്റെ ഈ ആശയത്തെ ആ ക്യാമ്പസ്സിൽ ഒരു സംഘം വിദ്യാർത്ഥികൾ ഉയർത്തിക്കൊണ്ടുവന്നപ്പോൾ രാജ്യത്തെ മുഴുവൻ വിദ്യാർത്ഥി സംഘടനകളും അതിന് പിന്തുണ കൊടുത്തു. അങ്ങനെ വരുന്ന ഒരു ജനക്കൂട്ടത്തിന്റെ സമരത്തെ എന്ത് പേര് പറഞ്ഞാണ് നമ്മൾ തള്ളിക്കളയുന്നത്; ഇവിടെ സമരംമൂലം കേരളത്തിൽ എന്താണ് സംഭവിച്ചത്; ഇപ്പോൾ കേരളത്തിൽ നടക്കുന്ന ഏറ്റവും വലിയ നിർമ്മാണപ്രവർത്തനങ്ങളിൽ ഒന്നാണ് കൊച്ചി മെട്രോ. ഏതെങ്കിലും സമരങ്ങൾകൊണ്ട് അതിന്റെ ഷെഡ്യൂൾ മുടങ്ങിപ്പോയിട്ടുണ്ടോ; ഒന്നന്വേഷിച്ച് നോക്കണം. ഷെഡ്യൂൾ മുടങ്ങിയിട്ടില്ല. കേരളത്തിലെ ഏറ്റവും വലിയ വികസന പ്രവൃത്തിയാണ് ബി.പി.സി.എൽ. ക്യാമ്പസ്സിൽ നടക്കുന്ന എക്സ്പാൻഷൻ പ്രോജക്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീ. എളമരം കരീം....58 മിനിട്ടായി.

ശ്രീ. എളമരം കരീം: സർ, അവിടെ ഐ.എൻ.റ്റി.യു.സി., സി.ഐ.റ്റി.യു. എന്നീ രണ്ടുസംഘടനകൾ ചേർന്ന് മാനേജ്മെന്റുമായി സഹകരിച്ച് ഗവൺമെന്റ് പങ്കെടുത്തുകൊണ്ട് ഒരുദിവസം പോലും പ്രവൃത്തി മുടങ്ങാതിരിക്കാനുള്ള തീരുമാനമുണ്ടാക്കി കൊടുത്തവരാണ് ഞങ്ങൾ. ശ്രീ. ഷിബു ബേബി ജോൺ അവിടെ ഉണ്ടായിരുന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ അത് പറഞ്ഞല്ലോ; പഴയതുപോലുള്ള സമരമാർഗ്ഗങ്ങൾ ഇല്ല. അത് മാറിയ കാലഘട്ടത്തിന്റെ പ്രത്യേകതയാണെന്ന് ഞാൻ അംഗീകരിച്ചല്ലോ?

ശ്രീ. എളമരം കരീം: സർ, ഞാൻ പറയുന്നത് പണിമുടക്ക് നിരോധിച്ചുവെന്ന അർത്ഥത്തിലല്ല. ഈ പണിമുടക്ക് കൊണ്ടോ ഒരു വർഷത്തിലെ രണ്ടോ മൂന്നോ ഹർത്താൽകൊണ്ടോ ഇവിടത്തെ ഒരു വികസന പ്രവർത്തനവും തടസ്സപ്പെടുന്നില്ല. എന്നാൽ FACT-യുടെ തകർച്ചയുടെ കാരണം പണിമുടക്കാണോ; കൊച്ചി തുറമുഖം ഇന്ന് പ്രതിസന്ധിയിലായത് ബന്ദുകൊണ്ടാണോ; നാളെ FACT-യ്ക്കുവേണ്ടി ഹർത്താൽ വേണ്ടിവരും. കൊച്ചി തുറമുഖത്തിന്റെ സംരക്ഷണത്തിനുവേണ്ടി ഹർത്താൽ

വേണ്ടിവരും. ഞാൻ ഐ.എൻ.ടി.യു.സി. സുഹൃത്തുക്കളോട് പറയുകയാണ്. കൊച്ചി കപ്പൽ നിർമ്മാണശാലയുടെ 10 ശതമാനം ഓഹരി വിൽക്കാനുള്ള കേന്ദ്ര ഗവൺമെന്റ് തീരുമാനത്തിനെതിരായി എറണാകുളം ജില്ലയിൽ ഹർത്താൽ ആഹ്വാനം ചെയ്തുകൊണ്ടിരിക്കുകയാണ്. നിങ്ങൾ എന്ത് നിലപാട് സ്വീകരിക്കും; നമുക്ക് ഇതിനെ തടയാൻ സാധിക്കുമോ; കേരളം മുഴുവൻ സമരം ചെയ്തിട്ടാണ് കൊച്ചിയിൽ കപ്പൽ നിർമ്മാണശാല വന്നത്. 1,500 കോടിരൂപ റിസർവ് ഫണ്ടുണ്ട്. അവിടത്തെ എക്സ്പാൻഷൻ പ്രോജക്ടിന് ആകെ വരുന്ന മതിപ്പ് ചെലവ് 1,200 കോടിരൂപയാണ്. എക്സ്പാൻഷനുവേണ്ടി ധനം സമാഹരിക്കാനാണ് എന്ന പേരിലാണ് നിതിൻ ഗഡ്കരി ഓഹരി വിൽപ്പന പ്രഖ്യാപിച്ചത്. ഓഹരി വിറ്റുകിട്ടുന്ന പണം സ്ഥാപനത്തിന്റെ വികസനത്തിനുവേണ്ടിയല്ല ഉപയോഗിക്കുന്നത്, ധനക്കമ്മി കുറയ്ക്കാൻ വേണ്ടിയാണ്. ഈ നിലപാടിനെ നമുക്ക് അനുകൂലിക്കാൻ പറ്റുമോ; അതിൽ പ്രതിഷേധിച്ചുകൊണ്ട് ഒരു ഹർത്താൽ വന്നാൽ, ഒരു സമരം വന്നാൽ അതിന് മുൻകൂട്ടി അനുമതി വാങ്ങണം, അവിടെ നഷ്ടപരിഹാരം കൊടുക്കണമെന്നൊക്കെ പറഞ്ഞാൽ അത് എത്ര ദേശവിരുദ്ധമാണ്? റബ്ബർ വിലയിടിവുകാരണം മലയോര മേഖലമുഴുവൻ മരവിച്ചുനിൽക്കുകയാണ്. ആ മലയോരത്ത് ഒരു ഹർത്താൽ വേണമെന്ന് അവിടത്തെ കർഷകന് തോന്നിയാൽ അതിനെ നമുക്ക് നിയമവിരുദ്ധമാണെന്നോ ദേശവിരുദ്ധമാണെന്നോ കണക്കാക്കാൻ പറ്റുമോ; 240 രൂപ വിലയുണ്ടായിരുന്ന റബ്ബറിന് 98 രൂപ ആയി ഇടിഞ്ഞ സാഹചര്യത്തിൽ കേരളത്തിലെ റബ്ബർ കർഷകർക്കിടയിൽ ഒരു ഹർത്താൽ ന്യായീകരിക്കപ്പെടില്ലേ; കസ്തൂരിരംഗൻ റിപ്പോർട്ട് വന്നപ്പോൾ എത്ര ദിവസങ്ങളാണ് പ്രതിഷേധസമരം നടത്തിയത്. ആ പ്രതിഷേധം കൊണ്ടല്ലേ കസ്തൂരിരംഗൻ വന്നത്; അല്ലെങ്കിൽ മാധവ് ഗാഡ്ഗിൽ ആയിരുന്നില്ലേ; മാധവ് ഗാഡ്ഗിലിനെ മാറ്റി കസ്തൂരിരംഗൻ വന്നു. കസ്തൂരിരംഗൻ റിപ്പോർട്ട് വന്നപ്പോൾ ഉമ്മൻ. വി. ഉമ്മൻ കമ്മിറ്റിയെ നിയോഗിക്കാൻ ഈ സർക്കാർ നിർബന്ധിതമായത് ഹർത്താൽ കൊണ്ടല്ലേ; അവർ നിശ്ശബ്ദരായിരുന്നു വെങ്കിൽ ഉമ്മൻ. വി. ഉമ്മൻ ഉണ്ടാകുമോ; കേരളത്തിലെ 123 വില്ലേജുകൾ ഇക്കോളജിക്കലി ഫ്രൈജൽ ആന്റ് ഇക്കോളജിക്കലി സെൻസിറ്റീവ് ഏരിയ എന്ന വിധത്തിൽ കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ പരിധിയിൽപ്പെട്ട് പോയിരുന്നുവെങ്കിൽ എത്ര ലക്ഷം മനുഷ്യരുടെ ഉപജീവനം തടയുമായിരുന്നു? അത് ഭരണക്കാരുടെ ശ്രദ്ധയിൽപ്പെടുത്തിയത് ഹർത്താൽ അല്ലേ; കോടഞ്ചേരിയിലെ ഫോറസ്റ്റ് ഓഫീസിന് തീവച്ച ഒറ്റപ്പെട്ട അക്രമസംഭവം ഒഴിവാക്കിയാൽ ബാക്കിയെല്ലാം സമാധാനപരമായിരുന്നു. ഇതൊക്കെ വേണ്ടേ; ഇതെല്ലാം ഒഴിവായിപ്പോയാൽ ഈ നാട് എവിടെ എത്തും; ശക്തമായ പ്രതിഷേധം ഇല്ലെങ്കിൽ നമ്മൾ തിരിഞ്ഞുനോക്കുമോ; കഴിഞ്ഞ 26-ാം തീയതി മുതൽ കൊല്ലത്തെ കശുവണ്ടി തൊഴിലാളികൾ കളക്ടേറ്റിന് മുന്നിൽ രാപ്പകൽ സമരം ആരംഭിച്ചു. നൂറോളം പേരുണ്ടായിരുന്നു. ഒരു മനുഷ്യൻ

തിരിഞ്ഞുനോക്കിയില്ല. സെക്രട്ടേറിയറ്റിനുമുമ്പിൽ അനിശ്ചിതകാല നിരാഹാര സമരം ആരംഭിച്ചതിനുശേഷം ഗവൺമെന്റ് മീറ്റിംഗ് വിളിച്ചു. അങ്ങനെ വരുമ്പോൾ മാത്രമേ ഇടപെടുകയുള്ളൂ. ഞാനും നിങ്ങളും അങ്ങനെയാണ്. അങ്ങനെ പ്രതിഷേധിക്കാനുള്ള അവസരമാണ് നഷ്ടപ്പെട്ടുപോകുന്നത്. ശ്രീ. ആര്യാടൻ മുഹമ്മദിനറിയാം, അദ്ദേഹം ട്രേഡ് യൂണിയൻ നേതാവുകൂടിയായിരുന്നു. ഞങ്ങൾ ഒരുമിച്ച് ട്രേഡ് യൂണിയൻ രംഗത്ത് പ്രവർത്തിച്ചിട്ടുണ്ട്. അദ്ദേഹം ഇപ്പോൾ മന്ത്രിയാണ്. 2001-2006 കാലത്ത് കേരളത്തിലെ പബ്ലിക് സെക്ടർ റീസ്ട്രക്ചർ ചെയ്യാൻ നിയോഗിച്ച എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ റിപ്പോർട്ടിനെ എങ്ങനെയാണ് മാറ്റിവയ്പിച്ചത്. തൊഴിലാളികളുടെ സമരം കൊണ്ടല്ലേ; കേരളത്തിൽ ഹർത്താൽ പോലുള്ള സമരങ്ങൾ ഉയർന്നുവന്നിട്ടല്ലേ; 2004-ൽ ഇ.ആർ.സി. റിപ്പോർട്ട് നടപ്പാക്കേണ്ടതില്ല എന്ന് തീരുമാനിച്ചത് ഏതെങ്കിലും ഒരു ട്രേഡ് യൂണിയനല്ല. ഐ.എൻ.റ്റി.യു.സി., സി.ഐ.ടി.യു., എസ്.റ്റി.യു., എ.ഐ.റ്റി.യു.സി. അങ്ങനെ എല്ലാവരും ചേർന്നാണ്. ഇത്തരം പ്രതിഷേധരൂപങ്ങൾ തൊഴിലാളികൾക്കോ കർഷകർക്കോ ബഹുജനങ്ങൾക്കോ സ്വീകരിക്കേണ്ടിവന്നാൽ അതിനെയൊക്കെ ചങ്ങലയ്ക്കിട്ട് നിയന്ത്രിച്ച് നിർത്തുകയെന്ന് പറയുന്നത് അങ്ങേയറ്റം പ്രയാസകരമാണ്. അതുകൊണ്ട് ഇത് സബ്ജക്ട് കമ്മിറ്റിക്ക് വിട്ട് പാസ്സാക്കരുതെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. അങ്ങനെയല്ലേ വേണ്ടത്. ഇവിടെ നമ്മൾ തമ്മിലുള്ള അകലം നാലോ അഞ്ചോ വോട്ടിനാണ്. ഇത് വളരെ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന നിയമമെന്ന നിലയിൽ പൊതുജനങ്ങളുടെ അഭിപ്രായം തേടാൻ സെലക്ട് കമ്മിറ്റി രൂപീകരിച്ചുകൊണ്ട് നമുക്കൊരു അഭിപ്രായ സമന്വയം ഉണ്ടാക്കി, ഇതിൽ മോഡിഫിക്കേഷൻ വരുത്തി, മൗലികമായ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ട്, അങ്ങ് ഉദ്ദേശിക്കുന്നതുപോലെ അരാജകത്വവും മനുഷ്യന്റെ മൗലികമായ സ്വാതന്ത്ര്യം തടയുന്ന വിധത്തിലുള്ള കാര്യങ്ങൾ നിയന്ത്രിക്കാൻ എന്തുവേണമെന്ന് നമുക്ക് തുറന്ന മനസ്സോടെ ചർച്ച ചെയ്യാം. അതിനുള്ള ഒരവസരം ഉണ്ടാക്കണമെന്നുകൂടി ഞാൻ പറയുന്നു. ഇന്ത്യയിൽ നിലവിലുള്ള TADA [Terrorist and Disruptive Activities (Prevention) Act] നിയമവും, UAPA [Unlawful Activities (Prevention) Act] നിയമവും നിരപരാധികളായ പതിനായിരക്കണക്കിന് ആളുകളെയാണ് ഇന്ന് തടവറയിൽ വച്ചിരിക്കുന്നത്. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ UAPA നിയമത്തിന് ഇരകളായി ജയിലിൽ കഴിയുന്നവരിൽ മഹാഭൂരിപക്ഷവും മതന്യൂനപക്ഷങ്ങളിൽ പ്പെട്ടവരാണ്. ബാംഗ്ലൂരിലെ മസ്ജിദ് സ്ഫോടനം, അജ്മീർ ഷെരീഫിലെ സ്ഫോടനം, ഹൈദരാബാദ് മെക്കാഷെരീഫ് സ്ഫോടനം തുടങ്ങിയവയിലെല്ലാം പ്രതികളാക്കപ്പെട്ടത് മുസ്ലീങ്ങളാണ്. മലേഗാവോൺ (Malegaon) സ്ഫോടനത്തിലെ പ്രതികളെ പിടിച്ചപ്പോഴാണ് അതിലെ പ്രതികൾ ആർ.എസ്.എസ്. ആണെന്ന് മനസ്സിലായത്. പിടികൂടാൻ നേതൃത്വംകൊടുത്ത ഹേമന്ദ് കാർകറെ എന്ന ഉദ്യോഗസ്ഥൻ ബോംബെ കലാപത്തിൽ ദുരൂഹമായി മരണപ്പെടുകയും ചെയ്തു.

5.00 PM]

നമ്മുടെ രാജ്യം ഇതാണ്. ഇതുപോലൊരു നിയമം ഉദ്യോഗസ്ഥന്മാരുടെ കയ്യിൽ കൊടുത്താൽ നിരപരാധികളാണ് ശിക്ഷിക്കപ്പെടുകയും ജയിലിൽ പോകേണ്ടിവരികയും ചെയ്യുക. വിചാരണ കൂടാതെ 14-ഉം 15-ഉം 18-ഉം വർഷക്കാലം ജയിലിൽ കഴിയേണ്ടിവരുന്ന മനുഷ്യരുള്ള നാടാണിത്. അതിന് നിയമം നമ്മൾ ഉണ്ടാക്കിക്കൊടുത്തതാണ്. ജനപ്രതിനിധികളുടെ സഭകൾ ആ അപരാധം ചെയ്യരുത്. ഒരിക്കലും ഈ ആയുധം എക്സിക്യൂട്ടീവിന് നൽകരുത്. അതുകൊണ്ട് ജനാധിപത്യത്തെ സംരക്ഷിക്കാൻ ഫ്രീഡം ഓഫ് എക്സ്പ്രഷനെ സംരക്ഷിക്കാനുള്ള വ്യക്തമായ വ്യവസ്ഥകളോടുകൂടി ഈ നിയമം മാറ്റിയെഴുതാൻ ആവശ്യമായ ചർച്ചകൾ രാജ്യത്ത് നടക്കാൻ സൗകര്യമുണ്ടാക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ബില്ലിനെ എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. കെ. മുരളീധരൻ:</u> സർ, " 2015-ലെ കേരള ഹർത്താൽ നിയന്ത്രണ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു."

2015-ലെ കേരള ഹർത്താൽ നിയന്ത്രണ ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. ഞാൻ സംസാരിക്കുമ്പോൾ അങ്ങ് ചെയറിലിരിക്കുന്നത് ഒരു നിമിത്തമായി ഞാൻ കാണുകയാണ്. ഒരു കാലത്ത് നമ്മൾ രണ്ടുപേരുമാണ് ഹർത്താലിനെതിരായി കേരളം മുഴുവൻ പ്രസംഗിച്ചുനടന്നത്. അന്ന് ഇതുപോലൊരു ബില്ലിനെക്കുറിച്ച് ആരും ചിന്തിച്ചിരുന്നില്ല. ഇന്നിപ്പോൾ ഏതായാലും ഒരു ബിൽ നമ്മുടെ സഭയ്ക്ക് മുമ്പാകെ വന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം ശ്രീ. എളമരം കരീം ഏകദേശം ഒരു മണിക്കൂറോളം സമയം ഇവിടെ കുറെ വാദമുഖങ്ങൾ നിരത്തിയിരിക്കുകയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ :</u> അതുകൊണ്ട് അങ്ങ് അത്രയും സമയം എടുക്കരുത്.

<u>ശ്രീ. കെ. മുരളീധരൻ:</u> സർ, അത്രയും സമയം എടുക്കുന്നില്ല. പക്ഷെ, അദ്ദേഹം അനാവശ്യമായ ഭയമാണ് ഇവിടെ പ്രകടിപ്പിച്ചത്. ഈ ബില്ലിലെ ഉദ്ദേശ്യം വളരെ ലളിതമാണ്. ഹർത്താൽ എന്നുള്ള പേരിൽ ബന്ദ് നടത്തി എല്ലാത്തിനേയും തല്ലിത്തകർക്കുന്ന, നമ്മുടെ വികസനത്തെ പുറകോട്ടടിക്കുന്ന പ്രവർത്തനങ്ങളെ നിയന്ത്രിക്കണമെന്ന മാത്രമേ ഈ ബില്ലുകൊണ്ട് ഉദ്ദേശിക്കുന്നുള്ളൂ. അല്ലാതെ ഇവിടെ തൊഴിലാളികൾക്ക് സംഘടിക്കാൻ ഒരു നിയമ തടസ്സവുമില്ല. അങ്ങനെ തൊഴിലാളികൾ സംഘടിക്കുന്നതിനെ തടയാൻ ആർക്കും സാധ്യമല്ല. വിദ്യാർത്ഥികൾക്ക് സംഘടിക്കാനും വിദ്യാർത്ഥി സമരം നടത്താനുമുള്ള അവകാശങ്ങളെ ആരും തടസ്സപ്പെടുത്തുന്നില്ല. അങ്ങനെ തടസ്സപ്പെടുത്താനും സാധ്യമല്ല. നമ്മുടെ

സംസ്ഥാനത്ത് സംസ്ഥാനതല ഹർത്താലുകളുടെ എണ്ണം അൽപം കൂടിയും കുറഞ്ഞുമിരിക്കാം. ഇതേ ഹർത്താലുകളോടൊപ്പം മറ്റു ചില ഹർത്താലുകളുമുണ്ട്. പ്രാദേശിക തലത്തിൽ, താലൂക്ക് തലത്തിൽ, ബൂത്ത് തലത്തിൽ വരെ ഇപ്പോൾ ഹർത്താലുകളാണ്. ഇതെല്ലാം ചേർത്താണ് 465 ഹർത്താലുകളെന്ന് പറഞ്ഞത്. ഇന്നൊരു രാഷ്ട്രീയ പാർട്ടിയെ സംബന്ധിച്ച് പറയുമ്പോൾ, കേരളത്തിൽ ഇതുവരെ നടന്ന തെരഞ്ഞെടുപ്പുകളിലൊക്കെ 100-ഉം 150-ഉം വോട്ട് മാത്രം ഒരു നിയോജക മണ്ഡലത്തിൽ ലഭിക്കുന്ന ചില കൊച്ചു പാർട്ടികളുടെപോലും സമരത്തിന്റെ എളുപ്പ മാർഗ്ഗമെന്ന് പറയുന്നത് ഹർത്താൽ പ്രഖ്യാപിക്കലാണ്. കേരളത്തിൽ നടക്കുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിലും നിയമസഭാ തെരഞ്ഞെടുപ്പിലും മത്സരിക്കുന്ന ഒരു പാർട്ടിയാണ് CPI(ML). ഒരിടത്തും 2000 വോട്ട് തികച്ച് അവർക്ക് കിട്ടിയിട്ടില്ല. CPI(ML) ഒരു ഹർത്താൽ പ്രഖ്യാപിച്ചാലും കേരളത്തിൽ സ്തംഭനമാണ്. ഈ സ്തംഭനംകൊണ്ട് നമുക്ക് എന്ത് നേട്ടമാണ് ഉണ്ടായിട്ടുള്ളത്; എന്നാൽ പ്രതിഷേധം പ്രകടിപ്പിക്കാനുള്ള അവസരങ്ങൾക്ക് എന്തെങ്കിലും കുറവുണ്ടോ; സെക്രട്ടേറിയറ്റിന് മുന്നിൽ സമരം നടത്തുന്നതുകൊണ്ട് അവിടെ സംഘടിക്കാനുള്ള അവകാശവും ഭരണകർത്താക്കളുടെ ശ്രദ്ധയിൽ ആ വിഷയം കൊണ്ടുവരാനും സാധിക്കും. ആ സമരങ്ങൾ ആരുടേയും അവകാശങ്ങളെ ഹനിക്കുന്നില്ല. എനിക്ക് സമരം ചെയ്യാനുള്ള സ്വാതന്ത്ര്യം പോലെതന്നെ ആ സമരത്തിൽ പങ്കെടുക്കാതിരിക്കാനുള്ള സ്വാതന്ത്ര്യം മറ്റൊരു പൗരനുമുണ്ട്. നമ്മുടെ അവകാശങ്ങൾ സംരക്ഷിക്കാൻ വേണ്ടി സമരം ചെയ്യുമ്പോൾ അത് മറ്റുള്ളവരുടെ അവകാശങ്ങളെ തടയുന്ന സമരങ്ങളാകരുത്. നേരത്തെ ശ്രീ. എളമരം കരീം ഒരു ആൾ ഇൻഡ്യാ ഹർത്താലിനെക്കുറിച്ച് സൂചിപ്പിച്ചു. സെപ്തംബർ 2-ാം തീയതി ഈ സഭയ്ക്കകത്തുള്ള എല്ലാ രാഷ്ട്രീയ കക്ഷികൾക്കും ആഭിമുഖ്യമുള്ള ട്രേഡ് യൂണിയനുകൾ സംയുക്തമായി ഒരു ഹർത്താൽ നടത്തി. കേന്ദ്രത്തിലെ മോദി സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരായി, തൊഴിലാളി വിരുദ്ധ നയങ്ങൾക്കെതിരായാണ് ഹർത്താൽ നടത്തിയത്. ആ ഹർത്താലിന്റെ റിസൽട്ട് എന്താണ്; കോൺഗ്രസ് നേതൃത്വം നൽകുന്ന യു.ഡി.എഫ്. ഭരിക്കുന്ന കേരളത്തിലും മാർക്സിസ്റ്റ് പാർട്ടി ഭരിക്കുന്ന ത്രിപുരയിലും ഹർത്താൽ പൂർണ്ണമായിരുന്നു. എന്നാൽ ഉത്തരേന്ത്യൻ സംസ്ഥാനങ്ങൾ ഒരു വാഹനംപോലും നിരത്തിലിറക്കാതിരുന്നിട്ടില്ല. അതിന്റെ അർത്ഥം അവിടത്തെ ജനങ്ങൾക്ക് ശ്രീ. നരേന്ദ്ര മോദിയോട് ഇഷ്ടമുണ്ടെന്നല്ല. ഇപ്പോൾ ബീഹാറിലെ ഇലക്ഷനിലും അതിദയനീയമായി ശ്രീ. നരേന്ദ്ര മോദിയെ തോൽപ്പിച്ചു. ലോക്സഭയിലേക്കുള്ള 50 സീറ്റുകളിൽ 41 സീറ്റിലും വിജയിപ്പിച്ച ബീഹാറിലാണ് ശ്രീ. നരേന്ദ്ര മോദിയുടെ പാർട്ടിയെ ജനങ്ങൾ തൂത്തെറിഞ്ഞത്. അത് ഹർത്താൽ നടത്തിയതു കൊണ്ടല്ല. ഉത്തരേന്ത്യയിലെ ഒരു കൾച്ചർ അതാണ്. വാഹനങ്ങൾ നിരത്തിലിറക്കാത്ത ഒരു സമരവും അവർ നടത്താറില്ല. കേന്ദ്രത്തിലെ ജനവിരുദ്ധ നയങ്ങൾക്കെതിരായി അഖിലേന്ത്യാ തലത്തിൽ നടത്തിയ ഹർത്താലുകളുടെ പോലും പാപഭാരം പേറേണ്ടിവന്നത് നമ്മളാണ്.

ഇവിടെ വർഷങ്ങൾക്ക് മുമ്പ് ഉണ്ടായ ഒരു സംഭവം ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഒരു വിദേശ വനിത കേരളത്തിൽ വന്നു. അവരുടെ സന്ദർശനം കഴിഞ്ഞപ്പോൾ 4-5 ഹർത്താലുകൾ കാണേണ്ടിവന്നു. അവർ തിരിച്ച് എയർപോർട്ടിൽ എത്തിയത് സന്ധ്യയ്ക്ക് 6 മണിക്കാണ്. അവരുടെ ഫ്ലൈറ്റ് അടുത്ത ദിവസം വെളുപ്പിന് 6 മണിക്കാണ്. ഇപ്പോൾ നിങ്ങൾക്ക് ഇതിനകത്ത് കയറാൻ സാദ്ധ്യമല്ലെന്നും നിങ്ങളുടെ ഫ്ലൈറ്റ് രാവിലെ 6 മണിക്കാണെന്നും അതുകൊണ്ട് പുലർച്ചെ ഒരു മണിക്ക് ശേഷം മാത്രമേ എയർപോർട്ടിന് അകത്ത് പ്രവേശിക്കാൻ കഴിയുകയുള്ളൂവെന്നും അവരുടെ ബോർഡിംഗ് പാസ്സ് നോക്കിയ അവിടുത്തെ സെക്യൂരിറ്റി പറഞ്ഞു. ഈ വിദേശ വനിത സെക്യൂരിറ്റി ജീവനക്കാരനോട് ഒരു ചോദ്യം ചോദിച്ചു, നാളെ ഹർത്താൽ ഉണ്ടാകില്ലെന്ന് നിങ്ങൾക്ക് ഉറപ്പ് പറയാമോ; ഞാൻ ഇന്ന് തിരികെ എന്റെ ഹോട്ടലിൽ പോകുകയും നാളെ രാവിലെ ആ ഹോട്ടലിൽ നിന്നും ഇവിടെ എത്തേണ്ട സമയത്ത് ഹർത്താൽ കാരണം എനിക്ക് വാഹനം കിട്ടാതെ വന്നാൽ എനിക്ക് പോകാനുള്ള സംവിധാനം ഒരുക്കിത്തരാൻ നിങ്ങൾക്ക് കഴിയുമോ; ഇങ്ങനെ ചോദിച്ചപ്പോൾ ആ സെക്യൂരിറ്റിക്കാരൻ ഒന്നും പറയാതെ അവരെ അകത്തേയ്ക്ക് കടത്തിവിട്ടെന്നത് പത്രത്തിൽ വന്ന വാർത്തയാണ്. നമ്മുടെ സംസ്ഥാനം ഏത് ഗവൺമെന്റ് ഭരിച്ചാലും വ്യാവസായികമായി മുൻപന്തിയിലൊന്നുമല്ല. കൃഷി വകുപ്പുമന്ത്രി കുറേ സ്കീമുകളൊക്കെയായി മുന്നോട്ട് പോകുന്നുണ്ടെങ്കിലും കാർഷിക രംഗത്തും നമ്മൾ പുറകിലാണ്. നമ്മൾക്ക് ഇപ്പോഴും താൽപര്യം വയലുകളൊക്കെ നികത്തി ഫ്ലാറ്റ് പണിയാനാണ്. ഇന്ന് നമ്മുടെ വരുമാനം എന്ന് പറയുന്നത് ഗൾഫ് രാജ്യങ്ങളിൽ പണിയെടുക്കുന്ന നമ്മുടെ സഹോദരന്മാർ പണിയെടുത്ത് അയച്ചുതരുന്ന അവരുടെ അദ്ധ്വാനത്തിന്റെ, വിയർപ്പിന്റെ ഫലവും ടൂറിസ്റ്റുകളുടെ വരവുമൂലമുണ്ടാകുന്ന വരുമാനവുമാണ്. ഇപ്പോഴത്തെ വിദേശ രാജ്യങ്ങളിലെ ജോലിയുടെ സ്ഥിതി നമുക്കറിയാം. വിദേശ രാജ്യങ്ങളിലൊക്കെ ഇവരുടെ ആളുകൾ വിദ്യാഭ്യാസത്തിലൊക്കെ മുൻപന്തിയിൽ വന്നപ്പോൾ മലയാളികളെ തിരിച്ചയച്ചുകൊണ്ടിരിക്കുകയാണ്. നാളെ നമ്മുടെ സഹോദരൻമാരൊക്കെ തിരിച്ചുവരുമ്പോൾ അവരെ പുനരധിവസിപ്പിക്കേണ്ടേ; അതിന് നമുക്കെന്താണ് വരുമാനം; മുഖ്യവരുമാനം ടൂറിസത്തിൽനിന്നാണ്. ദൈവത്തിന്റെ സ്വന്തം നാടെന്നുപറഞ്ഞ് നമ്മളൊരുപാട് പബ്ലിസിറ്റി കൊടുത്തിട്ടുണ്ട്. പക്ഷേ ഒരു ടൂറിസ്റ്റ് നമ്മുടെ സംസ്ഥാനത്തേക്ക് വരുമ്പോഴുള്ള സ്ഥിതിയെന്താണ്. എല്ലാ ടൂറിസ്റ്റുകൾക്കും പഞ്ചനക്ഷത്ര ഹോട്ടലുകളിൽ താമസിക്കാൻ സാധിച്ചെന്നു വരില്ല. മിഡിൽക്ലാസ് ഹോട്ടലിലേ താമസിക്കാൻ സാധിക്കൂ. തിരുവനന്തപുരത്ത് വന്നിറങ്ങുമ്പോഴായിരിക്കും സംസ്ഥാന ഹർത്താൽ. ഹർത്താലിന് ആഹ്വാനം ചെയ്തത് ഒരു രാഷ്ട്രീയ പാർട്ടിയായിരിക്കും. സ്റ്റേഷനിൽ വന്നിറങ്ങുന്ന ഒരു വിദേശിയെ സംബന്ധിച്ചിടത്തോളം പലപ്പോഴും അലഞ്ഞുതിരിയുന്ന തെരുവുനായ്ക്കളോടൊപ്പം

അവർ കിടക്കുന്നതിന്റെ എത്രയോ ചിത്രങ്ങൾ ഓരോ ഹർത്താൽ കഴിയുമ്പോഴും നമ്മൾ കാണുന്നതാണ്. എങ്ങനെയെങ്കിലും ഒരു ദിവസം കഴിച്ചുകൂട്ടിയാൽ പിറ്റേദിവസം ആലപ്പുഴയിലേക്കാണ് പോകുന്നതെങ്കിൽ പോകുന്നവഴിക്ക് കൊല്ലത്ത് ഹർത്താലുണ്ടാകും. അത് ചിലപ്പോൾ വേറെ രാഷ്ട്രീയ പാർട്ടിയുടെ ജില്ലാതല ഹർത്താലായിരിക്കും. അതുംകഴിഞ്ഞ് നേരെ ആലപ്പുഴയിലെത്തിക്കഴിഞ്ഞാൽ ചിലപ്പോഴവിടെ പ്രാദേശിക ഹർത്താലായിരിക്കും. ചുരുക്കിപ്പറഞ്ഞാൽ കേരളം കാണാൻ വരുന്നൊരു വിദേശ ടൂറിസ്റ്റ് മൂന്ന് ദിവസം കഴിഞ്ഞാൽ ഇത് ദൈവത്തിന്റെ നാടല്ല, ഹർത്താലിന്റെ നാട് അല്ലെങ്കിൽ ചെകുത്താന്റെ നാടെന്ന് സ്വയം ശപിച്ചുകൊണ്ട് ഈ സംസ്ഥാനത്തുനിന്ന് തിരിച്ചുപോകും.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ ടൂറിസം മന്ത്രിയായിരുന്ന സമയത്ത് ടൂറിസ്റ്റ് കേന്ദ്രങ്ങളേയും ടൂറിസ്റ്റുകളേയും ഹർത്താലിൽ നിന്ന് ഒഴിവാക്കണമെന്ന നിർദ്ദേശം മുന്നോട്ടുവച്ചിരുന്നു. അത് അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. കെ. മുരളീധരൻ: സർ, ഒരു ടൂറിസം മിനിസ്റ്റർ എന്നുള്ള നിലയ്ക്ക് അദ്ദേഹത്തിന്റെ നടപടി തീർച്ചയായും സ്വാഗതാർഹം തന്നെയാണ്. ടൂറിസ്റ്റുകളെ ഇങ്ങനെ ഉപദ്രവിക്കുന്ന രീതി ശരിയല്ലെന്നുള്ള കാര്യത്തിൽ ആർക്കുമൊരു അഭിപ്രായ വ്യത്യാസമില്ല. ഞാൻ സൂചിപ്പിച്ചത്, കേരളത്തിലെത്തിയ ഒരു ടൂറിസ്റ്റ് തിരിച്ച് അവരുടെ നാട്ടിൽ ചെല്ലുമ്പോൾ ഇൻഡ്യയിലെ കേരളം എന്നൊരു സ്ഥലത്തേക്ക് പോകണ്ടെന്നും അവിടെയെന്നും ഹർത്താലാണെന്നുമായിരിക്കും പറയുക. നമുക്ക് സമരം ചെയ്യുന്നതിന് പല ന്യായീകരണങ്ങളുമുണ്ടാകും. പക്ഷേ അതിന് മറ്റെന്തെല്ലാം മാർഗ്ഗങ്ങളുണ്ട്. FACT-യുടെ കാര്യം പറഞ്ഞത് ശരിയാണ്. ഞാനും INTUC യൂണിയന്റെ അവിടത്തെ പ്രസിഡന്റാണ്. ശ്രീ. എളമരം കരീം CITU യൂണിയൻ ഭാരവാഹിയാണ്. പക്ഷേ FACT-യുടെ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെ കണ്ണ് തുറപ്പിക്കാൻ, ഇവിടെ ഹർത്താൽ നടത്തിയാലൊന്നും ശ്രീ. നരേന്ദ്ര മോദിയുടെ കണ്ണ് തുറക്കാൻ പോകുന്നില്ല. വേണമെങ്കിൽ ഡൽഹിയിൽ പ്രധാനമന്ത്രിയുടെ ഓഫീസിൽ പോയി സമരം ചെയ്യാം. ഇവിടെ ഹർത്താൽ നടത്തിയാൽ നമ്മുടെ ഒരു തൊഴിൽദിനം കൂടി നഷ്ടപ്പെട്ടു എന്നുള്ളതൊഴിച്ചാൽ എന്ത് നേട്ടമാണ് ഉണ്ടാകാൻ പോകുന്നത്. നമ്മുടെ ജനത്തിന്റെ സൈക്കോളജിയിലും ചെറിയൊരു മാറ്റം വന്നിട്ടുണ്ട്. പണ്ട് കാലത്തൊക്കെ ഹർത്താലെന്നു പറഞ്ഞാൽ ആളുകൾക്ക് പുറത്തിറങ്ങി എങ്ങനെ ജോലിക്കുപോകുമെന്നതിന്റെ ഭയമായിരുന്നു. ഇന്ന് അതിനോടവരൊക്കെ താദാത്മ്യം പ്രാപിച്ചു. ഇന്ന് ഹർത്താലാണെന്ന് പറഞ്ഞാൽ പലർക്കും സന്തോഷമാണ്. അതിന്റെ പേരിൽ ജോലിക്ക് പോകണ്ട. ചിലയാളുകളൊക്കെ പിറ്റേ ദിവസം ആഘോഷിക്കുന്നതിനായി ലിക്കർ

ഷോപ്പുകളിൽനിന്ന് ലിക്കറും വാങ്ങി, ചിക്കനോ ബീഫോ ഇഷ്ടംപോലെ വാങ്ങി വീട്ടിൽകൊണ്ടുവന്ന് ആഘോഷിക്കുകയാണ്. ചില വീടുകളൊക്കെ ഹർത്താൽ ദിനത്തിൽ ബാറുകളായി മാറുകയാണ്. സംസ്ഥാനത്തിന് അതുകൊണ്ട് എന്താണ് നേട്ടമുണ്ടായത്. ഇവിടെ സൂചിപ്പിച്ചതുപോലെ ഹർത്താൽ മഹാത്മജിയുടെ കാലംതൊട്ട് തുടങ്ങിയെന്നുള്ളത് ശരിയാണ്. അന്ന് ആർക്കെതിരായിട്ടാണ് സമരം. ഇൻഡ്യാക്കാരനെ ഭരിക്കാൻ ഇൻഡ്യാക്കാർക്കറിയാം. ഒരു വിദേശി വന്ന് നമ്മെ ഭരിക്കണ്ടെന്നും ഇൻഡ്യയിലെ ജനങ്ങൾക്ക് ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്ന സംവിധാനത്തിനു വേണ്ടി ഞങ്ങൾക്ക് വിദേശിയുടെ ആവശ്യമില്ലെന്നുമാണ് അദ്ദേഹം പറഞ്ഞത്. ബ്രിട്ടീഷ് രാജ്ഞിക്കെതിരായിട്ടും ഈസ്റ്റ് ഇൻഡ്യാ കമ്പനിക്ക് എതിരായിട്ടും സമരം ചെയ്തതുപോലെയാണോ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ഒരു സർക്കാരിനെതിരെ സമരം ചെയ്യുന്നത്. അന്നത്തെ കാലഘട്ടവും ഇന്നത്തെ കാലഘട്ടവും മാറിയില്ലേ. ഇപ്പോൾ യംഗ് ജനറേഷനാണ്. നമുക്കൊക്കെ കുറേ കഴിയുമ്പോൾ പ്രായമാകും. നമ്മൾ പഠിച്ചകാലത്തെപ്പോലെയാണോ ഇന്നത്തെ വിദ്യാഭ്യാസം. ഈ സഭയുടെ മുൻപിലുള്ള മുൻനിര നേതാക്കൻമാർ, ഇവരൊക്കെ ആദ്യകാലത്ത് വിജയിച്ചുവന്ന രാഷ്ട്രീയാന്തരീക്ഷവും വോട്ടർമാരുമാണോ ഇന്ന് കേരളത്തിലുള്ളത്. അരാഷ്ട്രീയ വാദക്കാരുമുണ്ട്. രാഷ്ട്രീയം ഇഷ്ടപ്പെടുന്നവരിൽ തന്നെ ഏതെങ്കിലുമൊരു രാഷ്ട്രീയ പാർട്ടിയോട് ആഭിമുഖ്യമുള്ളവരുടെ സംഖ്യ കുറഞ്ഞുവരികയല്ലേ. മുന്നണിയുടെ ശക്തിക്കനുസരിച്ചാണോ ഇപ്പോൾ ഓരോ ഇലക്ഷന്റെയും റിസൾട്ടുകൾ വരുന്നത്. യംഗ് ജനറേഷൻ ഇതൊക്കെ നോക്കിക്കാണുകയാണ്. തങ്ങൾക്ക് ശരിയെന്ന് തോന്നുന്നതിനാണ് അവർ വോട്ട് രേഖപ്പെടുത്തുക. അത് ചിലപ്പോൾ ഈ സഭയിലുള്ള നമുക്ക് അനുകൂലമായോ പ്രതികൂലമായോ വരാം. അല്ലെങ്കിൽ സഭയ്ക്ക് പുറത്തു നിൽക്കുന്നവർക്ക് അനുകൂലമായിട്ട് വരാം. അങ്ങനെയുള്ള യംഗ് ജനറേഷനെ സംബന്ധിച്ചിടത്തോളം അവർ ഏറ്റവും വെറുക്കുന്നത് ഹർത്താലുകളെയാണ്. കാരണം അവർ സ്വാതന്ത്ര്യ സമരമൊന്നും കാണാത്തവരാണ്. അവരെ പറഞ്ഞിട്ട് കാര്യമില്ല. എന്നെപ്പോലെയുള്ളവർ തന്നെ സ്വതന്ത്ര ഭാരതത്തിൽ ജനിച്ചവരാണ്. അതിനുശേഷമുള്ള തലമുറക്കാർ ഗാന്ധിജിയെ നോട്ടിൽ മാത്രം കാണുന്നവരാണ്. അങ്ങനെയുള്ളവരെ ഇൻഡ്യൻ സ്വാതന്ത്ര്യ സമരത്തെക്കുറിച്ചൊന്നും പഠിപ്പിക്കാൻ നമ്മൾ മെനക്കെട്ടിട്ടുമില്ല. നമ്മുടെ വിദ്യാഭ്യാസ രീതി അങ്ങനെയാണല്ലോ. അതിൽ ചരിത്രത്തിന് വലിയ പ്രാധാന്യമൊന്നുമില്ലല്ലോ. ഒന്നുകിൽ ഡോക്ടറാകണം, എഞ്ചിനീയറാകണം, അല്ലെങ്കിൽ ഐ.ടി. രംഗത്ത് പോകണം. അതിന് ചരിത്ര പഠനത്തിന്റെ ആവശ്യവുമില്ല. സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത സേനാനികളെക്കുറിച്ചോ അവർ സഹിച്ച ത്യാഗങ്ങളെക്കുറിച്ചോ അറിയാത്തവരാണ് ഇന്നത്തെ തലമുറ. ഹർത്താൽ നടത്തി സമയം കളയുന്നുവെന്നാണവർ ധരിക്കുന്നത്. അങ്ങനെയുള്ളവർ ശക്തമായിട്ട് ഹർത്താലിനെ എതിർക്കുമ്പോൾ ഇതിനെയൊന്നും കണ്ടില്ലെന്നുനടിച്ച് നമുക്കെത്ര

കാലം പുറംതിരിഞ്ഞുനിൽക്കാൻ സാധിക്കും. പല ഹർത്താലുകളിലും ബലം പ്രയോഗിച്ചാണ് കടകൾ അടപ്പിക്കുന്നത്. ഒരു ദേശീയ പാർട്ടിയുടെ നേതാവ് മരണപ്പെട്ടാൽ സ്വാഭാവികമായി സ്വയം കടകളടച്ച് ഹർത്താൽ ആചരിക്കാറുണ്ട്. ഇന്ദിരാഗാന്ധിയുടെ കാര്യം ഇവിടെ സൂചിപ്പിച്ചു. ഇന്ദിരാഗാന്ധി കൊല്ലപ്പെട്ടപ്പോൾ AICC-യുടെ ആഹ്വാനം അനുസരിച്ചല്ല ഇവിടെ കടകളടച്ചത്. ഇന്ദിരാഗാന്ധിയുടെ രാഷ്ട്രീയ നയങ്ങളെ ശക്തമായി എതിർത്തെങ്കിലും ഒരു ദേശീയ ദുരന്തമുണ്ടായപ്പോൾ, രാജ്യത്തിന്റെ ഭരണകർത്താവ് അതിക്രൂരമായി കൊലചെയ്യപ്പെട്ടപ്പോൾ ഇന്ദിരാഗാന്ധിയുടെ രാഷ്ട്രീയ നയങ്ങളെ ശക്തമായി എതിർത്തിരുന്ന സി.പി.എം. പോലും ദുഃഖാചരണത്തിൽ പങ്ക് ചേർന്നിട്ടുണ്ട്. പാർട്ടി പതാകകൾ താഴ്ത്തിക്കെട്ടി കറുത്ത കൊടി ഉയർത്തുകയുണ്ടായി. അത് AICC-യുടെ ആഹ്വാനം അനുസരിച്ചല്ല. ഒരു വ്യക്തി കൊല്ലപ്പെടുമ്പോഴോ മരണപ്പെടുമ്പോഴോ ആ വ്യക്തിയോടുള്ള ബഹുമാനം കൊണ്ട് ചെയ്യുന്നതും ഒരു ആവശ്യത്തിനുവേണ്ടി സമരംചെയ്ത് മറ്റുള്ളവരുടെ കടകളും വാഹനങ്ങളും തകർക്കുന്നതുമായിട്ട് വ്യത്യാസമില്ലേ. സ്വതന്ത്ര ഭാരതം തന്നെയാണെന്നതിൽ സംശയമൊന്നുമില്ല. പക്ഷേ സ്വതന്ത്ര ഭാരതത്തിൽ സ്വാതന്ത്ര്യം നാടിന്റെ നന്മയ്ക്കുവേണ്ടി വിനിയോഗിക്കണമെന്നാണ് ഗാന്ധിജി പോലും പറഞ്ഞിട്ടുള്ളത്. സമരം ചെയ്യാനുള്ള അവകാശമുണ്ടെന്ന് പറഞ്ഞ് എല്ലാക്കാര്യങ്ങൾക്കും സമരം ചെയ്താൽ നമ്മുടെ നാട് എങ്ങോട്ട് നീങ്ങും. നമ്മളൊക്കെ ഏറ്റവും മോശമെന്ന് പറയുന്ന, നമുക്കൊപ്പം വിവരമില്ലെന്ന് പറയുന്ന ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നൊക്കെ നല്ല മിടുക്കൻമാർ സിവിൽ സർവ്വീസ് പരീക്ഷയെഴുതി ഐ.എ.എസ്.-ഉം ഐ.പി.എസ്.-ഉം പാസ്സായി വരുമ്പോൾ എന്തുകൊണ്ടാണ് അവരേക്കാൾ ബുദ്ധിയും വിവരവുമൊക്കെയുള്ള നമ്മൾ പിറകിലേയ്ക്ക് പോകുന്നത്. ഇവിടെ നേരത്തെ സ്പോർട്സ് ബില്ലിന്റെ കാര്യം പറഞ്ഞു. നേരത്തെ മന്ത്രി ഒരു പ്രഖ്യാപനം നടത്തി. ഒളിംബിക്സ് മത്സരത്തിൽ ഇൻഡ്യക്കുവേണ്ടി മെഡൽ നേടുന്ന താരത്തിന് ഒരുകോടി രൂപ കൊടുക്കുമെന്നു പറഞ്ഞു. നമുക്ക് കഴിവില്ലാഞ്ഞിട്ടാണോ. അവിടെയും സംഘർഷങ്ങളല്ലേ. നന്നായിട്ട് സ്പോർട്സിൽ പങ്കെടുക്കാൻ കഴിയാവുന്ന എത്രയോപേർ കിടമത്സരം കാരണം ഒഴിവായി പോകുന്നുണ്ട്. ഏതാണ്ട് അതുപോലെതന്നെയല്ലേ ഈ സിവിൽ സർവ്വീസ് പരീക്ഷയുടെ കാര്യവും. നമ്മുടെ കുട്ടികൾക്ക് കഴിവില്ലാഞ്ഞിട്ടാണോ. നമ്മുടെ സംസ്ഥാനത്ത് 98 ശതമാനം കുട്ടികളും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നവരാണ്. 35 ശതമാനം മാത്രം കുട്ടികൾ വിദ്യാലയങ്ങളിൽ പോകുന്ന ഉത്തരേന്ത്യയിൽ നിന്നൊക്കെ മിടുക്കൻമാർ എങ്ങനെയാണ് പുറത്തുവരുന്നത്. പഠിക്കാൻ പോകുന്നവർക്ക് പഠിക്കാനുള്ള സൗകര്യം അവിടെയുണ്ട്. ഇവിടെയാണെങ്കിൽ എന്നും സമരമല്ലേ? എന്തിനധികം പറയുന്നു കേരളത്തിനു പുറത്തുള്ള യൂണിവേഴ്സിറ്റികളിൽ റിസൽറ്റ് വരുന്ന സമയത്ത് നമുക്ക് ഇവിടെ റിസൽറ്റ് വരുന്നുണ്ടോ? ഇതിന്റെയൊക്കെ പരിണിതഫലം എന്നുപറയുന്നത്, എല്ലാ ഫീൽഡിലും ഇന്ന് കടന്നുകയറിയിട്ടുള്ള

അച്ചടക്കരാഹിത്യമാണ്. ആ അച്ചടക്കരാഹിത്യത്തിൽ മുഖ്യപങ്ക് വഹിക്കുന്നത് ഈ ഹർത്താലുകളാണ്. ഹർത്താൽ നിരോധിക്കുകയല്ല ചെയ്യുന്നത്, ഇവിടെ നേരത്തെ ആഭ്യന്തരമന്ത്രി പറഞ്ഞ ഒരു പോയിന്റ് വളരെ കറക്ടാണ്. നമ്മുടെ സംസ്ഥാനത്തുള്ളവർക്ക് നമ്മുടെ സംസ്ഥാനത്തുതന്നെ ജോലി ലഭിക്കുവാനും സ്വന്തം കാലിൽ നിൽക്കാനും പര്യാപ്തമാക്കേണ്ടത് നമ്മുടെ ചുമതലയാണ്. ആര് ഭരണകർത്താവാകുന്നുവോ, ഏത് മുന്നണി ഭരിക്കുന്നുവോ, അവരുടെ ചുമതലയാണ്. വ്യവസായങ്ങൾ തുടങ്ങാൻ വരുന്നവരൊക്കെ കോർപ്പറേറ്റുകളാണോ? കോർപ്പറേറ്റുകൾ എന്നു പറഞ്ഞാൽ അവർ ചുരുക്കം വിരലിലെണ്ണാവുന്നവർ മാത്രമേ ഉള്ളൂ. അതേസമയത്ത് ചെറിയ മൂലധനവുമായി ബാങ്കിൽ നിന്ന് ലോണും വാങ്ങി ഇവിടെ വ്യവസായം തുടങ്ങിയാൽ അയാളെ കോർപ്പറേറ്റ് എന്നു വിളിച്ചാൽ പിന്നെ ആരാണ് ഇവിടെ കോർപ്പറേറ്റുകൾ അല്ലാത്തത്? എന്ത് നിയമം വന്നാലും ഇത് കോർപ്പറേറ്റുകൾക്ക് വേണ്ടിയാണ് എന്നു പറയുമ്പോൾ, ആരാണ് ഈ കോർപ്പറേറ്റുകൾ എന്നു പറയുന്നത്. ആ കോർപ്പറേറ്റുകൾക്ക് ഇപ്പോൾ കേരളത്തിന്റെ ആവശ്യമൊന്നുമില്ല. അവർക്ക് മുതൽ മുടക്കാൻ ശ്രീ. മോദി എല്ലാ സൗകര്യങ്ങളും ഉണ്ടാക്കി കൊടുക്കുന്നുണ്ട്. അവർ ഈ നാടിനെ ഏതാണ്ട് നശിപ്പിക്കുന്നുമുണ്ട്. ഇപ്പോൾ നമുക്കറിയാം ജെൻറം പദ്ധതിയിൽ മനോഹരമായിട്ടുള്ള ലോഫ്ലോർ ബസ്സുകൾ കെ.എസ്.ആർ.ടി.സി. വാങ്ങി. ഒരു ഹർത്താൽ വരുമ്പോൾ ഏറ്റവും വിലകൊടുക്കേണ്ടത് കെ.എസ്.ആർ.ടി.സി. അല്ലേ? ഇപ്പോൾ തന്നെ പെൻഷൻ കൊടുക്കാൻ കാശില്ല, ഞാൻ മുൻപ് ഈ സഭയിൽ പറഞ്ഞ ഒരു കാര്യമുണ്ട്, കെ.എസ്.ആർ.ടി.സി.-യിലെ റിട്ടയേർഡ് ജീവനക്കാരെ കണ്ടാൽ ഞാൻ ആ ഭാഗത്തു നിൽക്കാറില്ല. ഇപ്പോൾ പെൻഷൻ കൊടുക്കാൻ തുടങ്ങിയിട്ടുണ്ട് എങ്കിലും, എന്തുകൊണ്ടാണ് കെ.എസ്.ആർ.ടി.സി. നഷ്ടത്തിൽ പോകുന്നതിന്റെ കാരണം? തൊഴിലാളികൾ മോശക്കാരായതുകൊണ്ടാണോ; അധ്വാനശീലം ഇല്ലാത്തതു കൊണ്ടാണോ? അല്ല, പലപ്പോഴും ഇതുപോലുള്ള ഹർത്താലുകൾ വരുമ്പോൾ അതിന്റെ ത്യാഗം സഹിക്കേണ്ടിവരുന്നത് പാവം കെ.എസ്.ആർ.ടി.സി.-യാണ്. എത്ര എത്ര ബസ്സുകൾ തകർക്കുന്നു, എത്ര എത്ര പേർക്ക് കണ്ണും കാലും പോയിട്ടുണ്ട്? വർഷങ്ങൾക്കു മുൻപ് ഒരു മലയാള സിനിമ ഇറങ്ങിയിരുന്നു 'കൈയും തലയും പുറത്തിടരുത് തോപ്പിൽ ഭാസിയുടേതാണ് എന്നാണ് എന്റെ ഓർമ്മ. ഒരു യാത്രക്കാരൻ നിർത്താൻ പറഞ്ഞ സ്റ്റോപ്പിൽ ബസ്സ് നിർത്താത്തതിന്റെ ദേഷ്യത്തിൽ അയാൾ ഇറങ്ങുമ്പോൾ കണ്ടക്ടർക്ക് ഒരു അടികൊടുത്തു. അടി കൊടുത്തയാൾ ഇറങ്ങിപ്പോയി, പക്ഷേ ആ കണ്ടക്ടർ ഉടനേ പറഞ്ഞു ബസ്സ് മുന്നോട്ട് പോകാൻ പാടില്ല. റോഡിന്റെ നടുവിൽ കെ.എസ്.ആർ.ടി. സി. ബസ്സ് നിർത്തി. ഒരു സിനിമാകഥയാണെങ്കിലും അതിലൊക്കെ അനുഭവങ്ങളില്ലേ, ഒരു സ്ത്രീ മകന് സീരിയസ്സായിട്ട് നാട്ടിലേക്ക് പോകുകയാണ്, മകൻ കൊച്ചുകുട്ടിയാണ്, അവർക്ക് സർക്കാർ ജോലിയാണ്, അവർ തിരുവനന്തപുരത്തിന് പോകുകയാണ്,

അന്ന് മൊബൈൽഫോൺ ഇല്ലാത്ത കാലം. കുട്ടിയുടെ ആരോഗ്യസ്ഥിതി എന്താണ് എന്ന് അറിഞ്ഞുകൂടാ, ഓരോ സമയത്തും സമരം തീരുമോ, തീരുമോ എന്ന് ചോദിച്ചിട്ട് എന്റെ കുട്ടീ എന്ന് വിളിച്ച് കരയുന്ന ഒരു രംഗമുണ്ട്. യഥാർത്ഥത്തിൽ ഹർത്താൽ ഏത് പാർട്ടി പ്രഖ്യാപിച്ചാലും ശരി, അനുഭവിക്കേണ്ടി വരുന്നത് ഇതുപോലുള്ള പാവപ്പെട്ട ആൾക്കാരാണ്. ഇതെല്ലാം മുന്നിൽക്കണ്ടു കൊണ്ട്, ഈ നിയമം ഉണ്ടാക്കുമ്പോൾ, ഏത് സർക്കാർ വന്നാലും ഇത് നിലനിൽക്കുന്നുണ്ട്. അല്ലാതെ പെട്ടെന്ന് ഉണ്ടാക്കിയതല്ല, അല്ലെങ്കിൽ ആരേയും ഒതുക്കാൻ വേണ്ടി ഉണ്ടാക്കുന്ന ഒരു നിയമമല്ല. ഒരു നിയമം പാസ്സാക്കിക്കഴിഞ്ഞാൽ പിന്നീട് അത് മാറ്റണമെന്ന് തോന്നാത്തിടത്തോളം മാറ്റേണ്ട ആവശ്യമില്ല. ഇന്ന് ഇവിടെ ഈ നിയമം പാസ്സാക്കുമ്പോൾ തീർച്ചയായിട്ടും ഇത് അക്രമങ്ങളെ നിയന്ത്രിക്കാനുള്ള ഒരു നിയമമായിട്ട് മാത്രം കണ്ടാൽ മതി. അല്ലാതെ ഏതെങ്കിലും സമരത്തിനെ അടിച്ചമർത്താനോ, ഏതെങ്കിലും സമരത്തിനെ തകർക്കാനോ അല്ല. ഇവിടെ എന്റെ സുഹൃത്ത് ശ്രീ. കെ. സുരേഷ് കുറുപ്പ് ഒരു കാര്യം പറഞ്ഞു, അദ്ദേഹം പറഞ്ഞു ബാർ കോഴക്കേസ്സിൽ മാണിക്കെതിരായി ഹർത്താൽ നടത്തി, ശരിയാണ് നിങ്ങൾ ഹർത്താലൊക്കെ നടത്തി. അതുകൊണ്ടാണോ മാണിസാർ രാജിവച്ചത്? കോടതിയിൽ നിന്നും ഒരു പരാമർശം വന്നതിന്റെ പേരിലാണ് അദ്ദേഹം രാജിവച്ചത്. അതല്ലാതെ ഇവിടെ ഒരു ഹർത്താൽ നടത്തിയതു കൊണ്ടല്ല. അങ്ങനെയാണെങ്കിൽ സുഖമാണല്ലോ, മന്ത്രിമാരെ മാറ്റാനൊക്കെ വേറെ ആവശ്യമൊന്നുമില്ലല്ലോ ഹർത്താൽ നടത്തിയാൽ പോരേ? ഇതൊക്കെ ദുർബലമായിട്ടുള്ള വാദമാണ്. നിങ്ങൾക്ക് അറിയാം ഞാൻ അന്നും ഇന്നും ഹർത്താലിന് വിരുദ്ധമായിട്ടുള്ള സമീപനം സ്വീകരിച്ചിട്ടുള്ള ഒരാളാണ്. ഏത് പാർട്ടിഭരിച്ചാലും ഏത് മുന്നണി ഭരിച്ചാലും ശരി, അനാവശ്യമായ ഹർത്താലുണ്ടാക്കി നമ്മുടെ സംസ്ഥാനത്തിനെ ഇനിയും പുറകോട്ടടിപ്പിക്കരുത്. ഇപ്പോൾത്തന്നെ വളരെ പുറകിലാണ്. ഇനി നമ്മൾ വളരെ ശക്തമായി ഒരുമിച്ച് മുന്നോട്ട് പോയില്ലെങ്കിൽ കാലം നമുക്ക് മാപ്പു തരില്ല. യംഗ് ജനറേഷൻ മുഴുവൻ നമുക്ക് എതിരാകുന്ന ഒരു സാഹചര്യമുണ്ടാകും. ഇതെല്ലാം മുൻകൂട്ടി കണ്ടുകൊണ്ടാണ് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഈ ബിൽ ഇവിടെ കൊണ്ടുവന്നത്. ഇത് കൂടുതൽ ചർച്ച നടത്തി അംഗീകരിച്ചുകൊണ്ട് സമാധാനപരമായിട്ടുള്ള ഒരന്തരീക്ഷം കേരളത്തിൽ ഉണ്ടാക്കണമെന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽകൂടി ഞാൻ ഈ ബില്ലിനെ പിന്തുണയ്ക്കുകയാണ്.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: സർ, ഹർത്താലിന് എതിരായിട്ടുള്ള ബില്ലാണ് ഇവിടെ അവതരിപ്പിച്ചത്. ഇവിടെ എനിക്കുമുൻപ് സംസാരിച്ച രണ്ടുപേരും അതിനെ സംബന്ധിച്ച് അനുകൂലിച്ചും എതിർത്തും പറഞ്ഞു. മഹാത്മാഗാന്ധിയെ നമുക്ക് എന്തായാലും തള്ളിപ്പറയുവാൻ കഴിയുകയില്ല. കാരണം ഇന്ത്യൻ സ്വാതന്ത്ര്യ

സമരവുമായി ബന്ധപ്പെട്ടാണ് ഹർത്താൽ എന്ന പദം ഉണ്ടാകുന്നത്. ഇന്ത്യയിലെ ജനങ്ങളെ അടിച്ചമർത്തി ഭരണം നടത്തിയ ബ്രിട്ടീഷ് ഭരണാധികാരികൾക്ക് എതിരായി ഇന്ത്യയിലെ മുഴുവൻ ജനങ്ങളും പങ്കെടുത്ത സമരമായിരുന്നു സ്വാതന്ത്ര്യ സമരം. ആ സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട് നിയമലംഘന സമരങ്ങളുടെ ഭാഗമായിട്ടാണ് ഹർത്താൽ ഭാരതത്തിൽ നടന്നത്. ആ സമരത്തിൽ നിരവധി ആളുകൾ രക്തസാക്ഷികളായിട്ടുണ്ട്, നിരവധി ആളുകൾ മരിച്ച് വീണിട്ടുണ്ട്. നമ്മുടെ രാജ്യത്തെ ബഹുഭൂരിപക്ഷം വരുന്ന ജനങ്ങളെ അടിച്ചമർത്തുന്ന ബ്രിട്ടീഷ് ഭരണത്തിന് എതിരായിട്ടായിരുന്നു ആ സമരം. അതിനുശേഷം നിരവധി സമരങ്ങൾ നമ്മുടെ രാജ്യത്ത് ഉണ്ടായിട്ടുണ്ട്. നമ്മുടെ രാജ്യത്തെ ചരിത്രം പരിശോധിക്കുമ്പോൾ, രാജ്യത്തിന്റെ പുരോഗതിയെ സംബന്ധിച്ച് ചിന്തിക്കുമ്പോൾ, അതിന്റെ നേട്ടത്തെ സംബന്ധിച്ച് ചിന്തിക്കുമ്പോൾ, അതിന്റെയെല്ലാം പിന്നിൽ സമരങ്ങളുടെ ചരിത്രമുണ്ട്. സമരങ്ങളുടെ ചരിത്രത്തെയൊന്നും നമുക്ക് മറക്കാൻ കഴിയുകയില്ല. അതുകൊണ്ട് ഒരു ഹർത്താൽ ജനദ്രോഹമാണ് എന്ന് പറയുന്നതിൽ യാതൊരു അർത്ഥവുമില്ല. ഇന്ന് ഈ ബിൽ കൊണ്ടുവന്ന നമ്മുടെ ആഭ്യന്തരമന്ത്രി, അദ്ദേഹത്തിന്റെ നേതാവ് ഇന്ന് മുഖ്യമന്ത്രിയായിരിക്കുന്ന ബഹുമാന്യനായ ഉമ്മൻ ചാണ്ടി, അദ്ദേഹം തന്നെ 1957-ൽ കേരളത്തിൽ നിലനിന്നിരുന്ന കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെതിരായി നടത്തിയ സമരം നമുക്കറിയാം. ആ സമരവുമായി ബന്ധപ്പെട്ട് കേരളത്തിൽ നടന്ന സംഭവങ്ങൾ നമുക്കറിയാം. അതുപോലെതന്നെ ശ്രീ. രമേശ് ചെന്നിത്തല ആഭ്യന്തര മന്ത്രിയായിരുന്നപ്പോഴാണ് ഈ ബില്ലിനെക്കുറിച്ച് ആലോചിച്ചത്. അദ്ദേഹം കെ.പി.സി.സി.-യുടെ പ്രസിഡന്റായിരുന്നപ്പോൾ അദ്ദേഹം തന്നെ ഹർത്താലിന് ആഹ്വാനം ചെയ്തിട്ടുണ്ട്. അദ്ദേഹം വിദ്യാർത്ഥി നേതാവായിരുന്നപ്പോഴും യൂത്ത് കോൺഗ്രസ്സ് നേതാവായിരുന്നപ്പോഴും സമരത്തിന് ആഹ്വാനം ചെയ്തിട്ടുണ്ട്. അതുപോലെ 1984-ൽ ഇന്ദിരാഗാന്ധിയുടെ മരണവുമായി ബന്ധപ്പെട്ട് നടന്ന ഹർത്താൽ. ആ ഹർത്താലുമായി ബന്ധപ്പെട്ട് ഇന്ത്യയുടെ പലഭാഗത്തും അക്രമം ഉണ്ടായി, ഒരുപാട് ആളുകൾ മരിച്ചു. അതിനെ സംബന്ധിച്ച് പിന്നീട് പ്രധാനമന്ത്രിയായിരുന്ന രാജീവ് ഗാന്ധി പറഞ്ഞത് വൻ മരം വീഴുമ്പോൾ ചെറിയ മരങ്ങൾക്ക് നാശനഷ്ടം ഉണ്ടാകും എന്നാണ്. അതുപോലെ രാജീവ് ഗാന്ധിയുടെ മരണവുമായി ബന്ധപ്പെട്ട് കേരളത്തിൽ ഹർത്താൽ നടത്തിയില്ലേ കോൺഗ്രസ്സ്. ആ ഹർത്താൽ കേരളത്തിൽ എന്തെല്ലാം നാശനഷ്ടങ്ങൾ ഉണ്ടാക്കി? ആ മരണത്തിനെയൊന്നും ഞങ്ങൾ അംഗീകരിക്കുന്നില്ല. സമൂഹത്തിൽ ഒരാൾ മരിക്കുമ്പോൾ കടകൾ അടച്ച് ഹർത്താൽ നടത്താൻ പോകുകയാണെന്നും പറഞ്ഞ് നേരത്തെ അപേക്ഷ കൊടുക്കാനോ അല്ലെങ്കിൽ ട്രഷറിയിൽ പണമടച്ച് ഹർത്താൽ

നടത്തുവാനോ കഴിയുമോ? അങ്ങനെ പറ്റില്ല. കേരളത്തിലെ ഹർത്താലുകളുടെ ചരിത്രം പരിശോധിച്ചാൽ ഒരുപാട് പറയാനുണ്ട്. സമയം ഒരുപാട് എടുക്കരുതെന്ന് ബഹുമാനപ്പെട്ട സ്പീക്കർ സൂചിപ്പിച്ചതുകൊണ്ട് ഞാൻ അതിലേയ്ക്കൊന്നും പോകുന്നില്ല. ഇപ്പോൾ ഹർത്താലിനെതിരെ ഇങ്ങനെയൊരു നിയമം കൊണ്ടുവരേണ്ട കാര്യമെന്താണ്? ഇവിടെ നമുക്ക് എന്തെല്ലാം നിയമങ്ങളുണ്ട്. ഹർത്താലിനെതിരെ ഒരു നിയമം വേണോ; അദ്ദേഹം പറഞ്ഞത്, ഞാൻ ഫെയ്സ് ബുക്കിൽ ഇതിനെ സംബന്ധിച്ച് അഭിപ്രായം ചോദിച്ചപ്പോൾ 25 ലക്ഷം പേർ കണ്ടുവെന്നും അതിൽ 56,000 പേർ ലൈക്ക് ചെയ്തുവെന്നുമാണ്. ബഹുമാന്യനായ മുഖ്യമന്ത്രി ഇന്ന് ശ്രീ വി. ശിവൻകുട്ടിയുടെ ഉപക്ഷേപത്തിന് 35 ലക്ഷം പേർ സാമൂഹ്യ ക്ഷേമപെൻഷൻ വാങ്ങിക്കുന്നുവെന്നാണ് മറുപടി പറഞ്ഞത്. വിധവാ പെൻഷൻ, 50 വയസ്സ് കഴിഞ്ഞ സ്ത്രീകൾക്ക് നൽകുന്ന പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ, കയർ തൊഴിലാളി പെൻഷൻ, കൈത്തറിത്തൊഴിലാളി പെൻഷൻ, മത്സ്യത്തൊഴിലാളി പെൻഷൻ എല്ലാം കൂടി 32 ലക്ഷം പേർക്ക് കേരളത്തിൽ പെൻഷൻ കൊടുക്കുന്നു. അവർക്കെല്ലാം കൂടി മൊബൈൽ കണക്ഷനും ഇന്റർനെറ്റും ഫെയ്സ് ബുക്ക് സൗകര്യവുമുണ്ടായിരുന്നുവെങ്കിൽ അവർ ഇതിനെയെല്ലാം എതിർക്കുമായിരുന്നു. കാരണം അവർ ഒന്നടങ്കം അവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ കിട്ടാത്തതിൽ പ്രതിഷേധിച്ച് ഹർത്താൽ നടത്തുന്നതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. കർഷകത്തൊഴിലാളി ക്ഷേമനിധി അംഗങ്ങളായി പിരിഞ്ഞുപോയിട്ടുള്ളവർക്ക് കൊടുക്കാനുള്ള ആനുകൂല്യം 272 കോടി രൂപയാണെന്ന് ഇവിടെ പറഞ്ഞു. അങ്ങനെ കേരളത്തിലെ 32 ലക്ഷം പേർക്ക് ആനുകൂല്യം നിഷേധിച്ചിരിക്കുന്നു. അവർക്ക് സമരം ചെയ്യണ്ടേ? ഇവർ എങ്ങനെയാണ് സമരം ചെയ്യുന്നത്? ഹർത്താൽ വേണ്ട, അത് നിരോധിക്കണമെന്ന് പറയുന്നു. ഇപ്പോൾ ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല പറഞ്ഞത് ഹർത്താൽ നിരോധിക്കുകയല്ലെന്നാണ്. ഫലത്തിൽ നിരോധിക്കുകയല്ലേ ചെയ്യുന്നത്? ഈ ആക്ടിൽ പറഞ്ഞിരിക്കുന്നത് അതാണല്ലോ. ഹർത്താൽ നടത്തുന്നതിന് മുമ്പ് അപേക്ഷ കൊടുക്കുക, അതിനുശേഷം പരിശോധിച്ച് വേണ്ടിവന്നാൽ നിരോധിക്കാം. അതുപോലെ ട്രഷറിയിൽ പണമടയ്ക്കണം. ട്രഷറിയിൽ പണമടച്ച് ആർക്കാണ് ഹർത്താൽ നടത്താൻ പറ്റുന്നത്? പാവപ്പെട്ട കർഷകത്തൊഴിലാളികൾക്ക് അവരുടെ ആവശ്യങ്ങൾ നേടിയെടുക്കാൻവേണ്ടി ഒരു സമരമുറയെന്നുള്ള നിലയിൽ ഹർത്താൽ നടത്താൻ ട്രഷറിയിൽ പണമടയ്ക്കണമെന്ന് പറഞ്ഞാൽ അവർക്ക് പണമടയ്ക്കുവാൻ കഴിയുമോ; അവരുടെ കയ്യിൽ പണമുണ്ടോ; പണമുണ്ടെങ്കിൽ ആർക്കും എന്തും ചെയ്യാമെന്നാണോ അതിന്റെ അർത്ഥം; ട്രഷറിയിൽ പണമടച്ചുകഴിഞ്ഞാൽ

ഹർത്താൽ നടത്താം. ഒരു നാശ നഷ്ടമുണ്ടാക്കിയാൽ ആ നഷ്ടം കണക്കാക്കി ആ തുക എത്രയാണോ അത് ട്രഷറിയിൽ അടച്ചാൽ മതി. അങ്ങനെയാണെങ്കിൽ ഇവിടെയുള്ള വൻകിട കുത്തക മുതലാളിമാർക്ക് പണമടച്ചിട്ട് എന്തും ചെയ്യാമല്ലോ. പണമടച്ചാൽ പോരെ; നാളെ എന്നെ ഒരാൾ ആക്രമിക്കാൻ വരുന്നു. അയാൾ ട്രഷറിയിൽ പണമടച്ചിട്ട് ചിറ്റയം ഗോപകുമാർ എം.എൽ.എ.-യെ അടിക്കാൻ വരികയാണ്. അടിച്ചതിനു ശേഷം ആ പണം കിട്ടുമോ? അപ്പോൾ രാജ്യത്ത് അരാജകത്വവും ക്രിമിനൽ സ്വഭാവമുള്ളവരെയും വളർത്തിയെടുക്കാനല്ലേ ഈ ബില്ലുകൊണ്ട് സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട ഹൈക്കോടതി എന്താണ് ഹർത്താലിനെപ്പറ്റി പറഞ്ഞത്; ഹൈക്കോടതി ഹർത്താൽ നിരോധിക്കണമെന്ന് പറഞ്ഞിട്ടില്ല. ഹൈക്കോടതി പറഞ്ഞത് ജനങ്ങളുടെ സംരക്ഷണം ഉറപ്പാക്കേണ്ടത് സർക്കാരും പോലീസുമാണെന്നാണ്. അത് ഹർത്താലായാലും പണിമുടക്കായാലും ഏത് തരത്തിലുള്ള സമരമായാലും ആ സമരം ചെയ്യുമ്പോൾ ആ സമരവുമായി ബന്ധപ്പെട്ട് ആർക്കെങ്കിലും എന്തെങ്കിലും പ്രശ്നമുണ്ടായാൽ ആ വിഷയത്തിൽ സർക്കാരും പോലീസും ശ്രദ്ധിക്കണമെന്നാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയും സുപ്രീം കോടതിയും അത് തന്നെയാണ് പറഞ്ഞിരിക്കുന്നത്. The police should have to enforce statutory duties. അത് പോലീസ് ചെയ്താൽ പോരെ; ആ ഡ്യൂട്ടി പോലീസിനെക്കൊണ്ട് സർക്കാർ ചെയ്യിപ്പിക്കുന്നുണ്ടോ? ആ ജോലി ചെയ്യുന്നില്ല. പിന്നെ ഹർത്താലിന്റെ നഷ്ടം ഈടാക്കാൻ ഒരു അതോറിറ്റി വേണം, ഇത് രണ്ടുമല്ലേ പറഞ്ഞിട്ടുള്ളത്? ഇത് രണ്ടും പറഞ്ഞപ്പോൾ അത് നടപ്പിലാക്കാൻ നമുക്കിവിടെ നിയമമില്ലാത്തതിനാലാണോ; ഐ.പി.സി. അനുസരിച്ച് നമ്മുടെ രാജ്യത്ത് എന്തെല്ലാം നിയമമുണ്ട്. ആ നിയമം അനുസരിച്ച് ആളുകൾ സംഘടിക്കുകയോ കൂട്ടംകൂടി നിൽക്കുകയോ അക്രമം കാണിക്കുകയോ ചെയ്യുന്നതിനെതിരെ നിയമമുണ്ട്. അതുപോലെ ഏത് വിഷയമെടുത്ത് പരിശോധിച്ചാലും അതിനെല്ലാം വ്യക്തമായ നിയമം നിർവ്വചിച്ചിട്ടുണ്ട്. അപ്പോൾ ഹർത്താൽ നിരോധിക്കാൻ വേണ്ടി ഒരു നിയമമുണ്ടാക്കേണ്ട കാര്യമുണ്ടോ; ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രിയോട് എനിക്ക് സൂചിപ്പിക്കാനുള്ളത്, അങ്ങ് ഹിറ്റ്ലർ ആകാൻ പാടില്ല. കാരണം ഹിറ്റ്ലർ പറഞ്ഞിട്ടുള്ളത് നിങ്ങൾ നാളെ സ്വപ്നം കാണാൻ പാടില്ല- എന്ന്പറഞ്ഞാൽ നമുക്ക് നാളെ സ്വപ്നം കാണാതിരിക്കാൻ പറ്റുമോ; നിങ്ങൾ നാളെ സമരം ചെയ്യാൻ പാടില്ലെന്ന്. സമരമെങ്ങനെയാണ് ഉണ്ടാകുന്നത്; ഈ രാജ്യത്ത് തുല്യ നീതിയും സാമൂഹിക നീതിയും ഉറപ്പ് വരുത്തുവാൻവേണ്ടി ഉടലെടുത്ത നിയമങ്ങളെല്ലാം നമുക്ക് പാലിക്കാൻ കഴിയുന്നുണ്ടോ? ഒരാൾക്ക് ഒരു നിയമവും വേറൊരാൾക്ക്

വേറൊരു നിയമവും. ഈ നിയമസഭയിൽ തന്നെ അതിന് ഉദാഹരണമില്ലേ; ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞ നിരവധി കാര്യങ്ങളുണ്ട്. അതെല്ലാം നമ്മൾ പാലിച്ചിട്ടുണ്ടോ? അതൊന്നും നമ്മൾ പാലിച്ചിട്ടില്ല. ബാർ കോഴയുമായി ബന്ധപ്പെട്ട വിഷയം നമുക്ക് അറിയില്ലേ; അതുമായി ബന്ധപ്പെട്ട് വിജിലൻസ് എൻക്വയറിയിൽ വ്യക്തമായ തെളിവുണ്ടെന്ന് കോടതി പറഞ്ഞില്ലേ; നമുക്ക് എന്ത് ചെയ്യാൻ കഴിയും; അതേസമയം പാവപ്പെട്ട ഒരു സർക്കാർ ഉദ്യോഗസ്ഥൻ കൈക്കൂലി വാങ്ങിയെന്ന തെളിവുണ്ടായാൽ അദ്ദേഹത്തിനെ അപ്പോൾതന്നെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്യില്ലേ; ഒരു രാജ്യത്ത് രണ്ട് നിയമമുണ്ടോ; അപ്പോൾ നിയമമില്ലായ്മയല്ല പ്രശ്നം. ആ നിയമം നടപ്പാക്കാൻ കഴിയാത്തതാണ് പ്രശ്നം. നിയമം നടപ്പാക്കുന്നതിൽ പലപ്പോഴും നമ്മൾ വീഴ്ച വരുത്തുന്നു. ഇപ്പോൾ ട്രിബ്യൂണൽ നിയമനവുമായി ബന്ധപ്പെട്ട് അതിലെ അഴിമതിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട കോടതി ഇന്നലെ പരാമർശി ക്കുകയുണ്ടായി. അപ്പോൾ എല്ലാത്തിനും വ്യക്തമായ നിയമമുണ്ടായാൽത്തന്നെ ആ നിയമമനുസരിച്ച് കാര്യങ്ങൾ എക്സിക്യൂട്ടീവിനെക്കൊണ്ട് നടപ്പാക്കാൻ നമുക്ക് കഴിയുന്നില്ല. അപ്പോൾ അത്തരം കാര്യങ്ങൾ ചെയ്യാതെ ബോധപൂർവ്വം ഹർത്താലിനെ നിരോധിക്കാൻ ശ്രമിക്കുകയാണ്. ഹർത്താൽ എന്നുള്ള പേരുകൊണ്ട് എന്തെങ്കിലും കുഴപ്പമുണ്ടോ; ഹർത്താലായാലും ബന്ദായാലും നമ്മുടെ രാജ്യത്തെ ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾ പലപ്പോഴും പ്രതിഷേധരൂപങ്ങളായി മാറും. ഇവിടെ സഖാവ് എളമരം കരീം, അദ്ദേഹം വളരെ വിശദമായി ആ സമരങ്ങളെപ്പറ്റിയെല്ലാം പറഞ്ഞതുകൊണ്ട് ഞാൻ അതിലേയ്ക്ക് പോകുന്നില്ല. ഇപ്പോൾ ഒരുപാട് സമരങ്ങൾ. നമുക്കറിയാം ഇപ്പോൾതന്നെ മൂന്നാറിൽ സമരം നടന്നില്ലേ; അവിടെ സമരം ചെയ്തത് മുൻകൂട്ടി നോട്ടീസ് തന്നിട്ടാണോ; ഒരു സമരമുണ്ടാകാതിരിക്കാനല്ലേ സർക്കാർ നോക്കേണ്ടത്. അങ്ങനെ സമരമുണ്ടാകാതിരിക്കണമെങ്കിൽ തീർച്ചയായും രാജ്യത്തെ ജനങ്ങളുടെ പട്ടിണി മാറണം. അവർക്ക് സുഖമായി ജീവിക്കാനുള്ള സാഹചര്യമുണ്ടാകണം, വിദ്യാഭ്യാസം ചെയ്യാനുള്ള അവകാശവും സ്വാതന്ത്ര്യവുമുണ്ടാകണം. തിരുവിതാംകൂറിന്റെ ചരിത്രത്തിൽ തങ്ങളുടെ മക്കളെ സ്കൂളുകളിൽ പഠിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് ആദ്യമായി സമരം ചെയ്ത വ്യക്തിയാണ് മഹാത്മാ അയ്യങ്കാളി. കർഷകത്തൊഴിലാളി സമരം- തിരുവിതാംകൂറിലെ ആദ്യത്തെ കർഷകത്തൊഴിലാളി സമരമാണത്. അതിന്റെ ഭാഗമായല്ലേ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പിന്നീട് പഠിക്കുവാനുള്ള സാഹചര്യമുണ്ടായത്. അപ്പോൾ നമ്മുടെ സംസ്ഥാനത്ത് എല്ലാ വിഭാഗം ജനങ്ങൾക്കും ജീവിക്കാൻ സാഹചര്യമൊരുക്കുകയെന്നതാണ് ഒരു ജനാധിപത്യ ഗവൺമെന്റിന്റെ കർത്തവ്യം. ആ കർത്തവ്യം ഈ ഗവൺമെന്റ് നിർവ്വഹിക്കുന്നുണ്ടോ?

ഇന്നലെ ശ്രീ. സി. ദിവാകരൻ അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ ഉന്നയിച്ചത് വിലക്കയറ്റത്തെപ്പറ്റിയാണ്. വിലക്കയറ്റം കൊണ്ട് രാജ്യം പൊറുതിമുട്ടുകയാണ്. വിലക്കയറ്റം കൊണ്ട് ആളുകൾക്ക് സംസ്ഥാനത്ത് ജീവിക്കാൻ കഴിയുന്നില്ല. ഈ ഗവൺമെന്റ് അധികാരമേറ്റ് നാലര വർഷത്തിന് ശേഷം റേഷൻ കട വ്യാപാരികൾ റേഷൻ കട അടച്ച് സമരം ചെയ്തില്ലേ; അങ്ങനെയാണെങ്കിൽ അവർക്കെതിരെ നിങ്ങൾ കേസ്സെടുത്തോ? ഒരു പൗരന്റെ അവകാശങ്ങളിൽ അവന് അരി വാങ്ങാനും റേഷൻ കട തുറക്കാനും റേഷൻ കാർഡുടമകൾക്ക് അവരുടെ റേഷൻ വിഹിതമായ മണ്ണെണ്ണ, പഞ്ചസാര തുടങ്ങിയ നിത്യോപയോഗ സാധനങ്ങൾ വാങ്ങുന്നതിനുള്ള അവസരം നിഷേധിച്ചു കൊണ്ട് റേഷൻകട വ്യാപാരികൾ ഈ ഗവൺമെന്റിന്റെ നയത്തിനെതിരെ സമരം ചെയ്തില്ലേ; എന്തുകൊണ്ട് ആ സമരമുണ്ടായി? ഈ ഗവൺമെന്റ് വന്നതിന് ശേഷം ആധാരമെഴുത്തുകാർ സമരം ചെയ്തില്ലേ; അവർ ഇപ്പോഴും സമരത്തിലല്ലേ; ഈ ഗവൺമെന്റ് വന്നതിനുശേഷം ആരാണ് സമരം ചെയ്യാത്തത്; ഈ ഗവൺമെന്റ് വന്നതിനുശേഷം അദ്ധ്യാപകർ സമരത്തിലല്ലേ; ഇപ്പോൾ അദ്ധ്യാപകരും സർക്കാർ ജീവനക്കാരും സമരം ചെയ്യാൻ പോകുകയല്ലേ? പ്ലസ് ടു കോഴ്സുമായി ബന്ധപ്പെട്ട് ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്ക് രണ്ടുവർഷമായി ശമ്പളം കൊടുക്കുന്നില്ല. ഗസ്റ്റ് ലക്ചർമാർക്ക് കൊടുക്കുന്ന ആനുകൂല്യം പോലും അവർക്ക് കൊടുക്കുന്നില്ല. അവിടെ പ്രിൻസിപ്പലിനെ നിയമിച്ചിട്ടില്ല. എയ്ഡഡ് മേഖലയിൽ സർക്കാർ ഒരു കാര്യവും ചെയ്തിട്ടില്ല. സമരം ചെയ്യണ്ടേ? സമരം ചെയ്യുകയല്ലാതെ വേറെ എന്താണ് മാർഗ്ഗം? സമരം ചെയ്താലും സർക്കാർ അത് ശ്രദ്ധിക്കുന്നില്ലെങ്കിൽ പിന്നെ എങ്ങനെയാണ് ജനങ്ങളുടെ വികാരം പ്രകടിപ്പിക്കേണ്ടത്? ജനങ്ങളുടെ വികാരം പ്രകടിപ്പിക്കേണ്ടത് ഹർത്താലിൽ കൂടിയും മറ്റ് പ്രക്ഷോഭങ്ങളിൽ കൂടിയുമാണ്. അതുകൊണ്ട് ഹർത്താലിനെതിരായി ബിൽ കൊണ്ടുവരികയല്ല ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രി ചെയ്യേണ്ടത്. ഹൈക്കോടതി പറഞ്ഞതിൽനിന്നും വ്യത്യസ്ഥമായിട്ടാണ് കാര്യങ്ങൾ ഇവിടെ ചെയ്തിരിക്കുന്നത്. പിടിച്ചുകൊണ്ടുവരാൻ പറഞ്ഞാൽ കൊന്നുകൊണ്ടുവരിക എന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. ആ സമീപനം ശരിയാണോ? പിടിച്ചുകൊണ്ടുവരാൻ പറഞ്ഞാൽ കൊന്നു കൊണ്ടുവരിക എന്നുള്ള സമീപനമല്ല നമുക്ക് വേണ്ടത്. ഹൈക്കോടതി അങ്ങനെയൊന്നും പറഞ്ഞിട്ടില്ല. ഹൈക്കോടതി അങ്ങനെ പറഞ്ഞുവെന്ന കാരണത്താൽ അങ്ങനെയൊരു തീരുമാനത്തിലേയ്ക്ക് പോകേണ്ട ആവശ്യമുണ്ടോ? സുപ്രീംകോടതി ആയാലും ഹൈക്കോടതി ആയാലും പല വിഷയങ്ങളെ സംബന്ധിച്ചും നിരീക്ഷണത്തിൽ എത്താറുണ്ട്. നേരത്തെ ഉണ്ടായിരുന്ന സുപ്രീം കോടതി ചീഫ് ജസ്റ്റീസ് ഇതെക്കുറിച്ച്

സൂചിപ്പിച്ചിട്ടുണ്ട്. കോടതി എടുക്കുന്ന തീരുമാനങ്ങളെല്ലാം ശരിയാകണമെന്നില്ല. നിയമസഭ ഒരു തീരുമാനമെടുക്കുമ്പോൾ തീർച്ചയായും കേരളത്തിലെ ജനങ്ങളുടെ അഭിപ്രായം മാനിച്ചാകണം. കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും അഭിപ്രായങ്ങൾ നമ്മൾ മാനിക്കണം. കാരണം അപ്പുറത്തുള്ളവർ നാളെ പ്രതിപക്ഷത്താകാം, ഇപ്പുറത്തുള്ളവർ നാളെ ഭരണപക്ഷത്തുമാകാം. പക്ഷേ, നിയമസഭയിൽ ഒരു നിയമമുണ്ടാകുമ്പോൾ ആ നിയമം നമുക്കെതിരായി വരാൻ പാടില്ല. ഇതുസംബന്ധിച്ച് ബഹുമാന്യനായ കെ. മുരളീധരൻ സൂചിപ്പിക്കുകയുണ്ടായി, ആർക്കും ഹർത്താൽ നടത്താം, ചെറിയ പാർട്ടികൾക്കും ഹർത്താൽ നടത്താം, അങ്ങനെയുള്ളവ നിരോധിക്കുകയാണ് എന്ന്. ഞാൻ ചോദിക്കുകയാണ്, ഏതുപാർട്ടിക്കാരുടെ സമരമായാലും അതിനെ നിരോധിക്കാൻ നമുക്ക് എന്താണ് അവകാശം? ഇൻഡ്യൻ ഭരണഘടനയിൽ എല്ലാ പൗരനും ഒരുപോലെയാണ് അവകാശം. അതുകൊണ്ട് ഇന്ന പാർട്ടിക്കാർക്ക് സമരം നടത്താം ഇന്ന പാർട്ടിക്കാർക്ക് സമരം നടത്തേണ്ട എന്ന് തീരുമാനിക്കാൻ നമുക്ക് എന്താണ് അവകാശം? അതുകൊണ്ട് അങ്ങനെയല്ല തീരുമാനിക്കേണ്ടത്. നമ്മൾ ചെയ്യേണ്ടത്, ഇത്തരം സമരങ്ങളുണ്ടാകാതിരിക്കാനുള്ള സംവിധാനം രാജ്യത്തെ ജനങ്ങൾക്ക് ഉണ്ടാക്കിക്കൊടുക്കണം, ജനങ്ങൾക്കാവശ്യമായ കാര്യങ്ങൾ ചെയ്യാൻ കഴിയുന്ന തരത്തിലേക്ക് നമ്മുടെ ഗവൺമെന്റുകൾ മാറണം. എല്ലാവർക്കും സാമൂഹ്യനീതി ഉറപ്പാക്കണം. അതുകൊണ്ട് തീർച്ചയായും ഹർത്താൽ നിയന്ത്രണ ബിൽ ജനങ്ങളുടെ അഭിപ്രായം കേൾക്കുന്നതിനുവേണ്ടി സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന അഭിപ്രായം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി, അങ്ങേക്ക് 2(ബി) ഭേദഗതി ബില്ലിനെ അനുകൂലിച്ചുകൊണ്ട് സംസാരിക്കാവുന്നതാണ്.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : സർ, ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു.

ഇവിടെ ഇത്രയും സമയം പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുണ്ടായ പല പ്രതികരണങ്ങളും ആടിനെ പട്ടിയാക്കി പിന്നീട് പേപ്പട്ടിയാക്കി എറിഞ്ഞു കൊല്ലാൻ ഉതകുന്ന രീതിയിലുള്ള ഒരു ശൈലിയിലായിരുന്നു പ്രസംഗങ്ങൾ. കാരണം സത്യസന്ധമായി കേരളത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്ന ഒരു നിയമത്തെ ജനവിരുദ്ധമാണെന്നും തൊഴിലാളി വിരുദ്ധമാണെന്നും സമർത്ഥിക്കാനാണ് മണിക്കൂറുകളോളം ഇവിടെ വിനിയോഗിക്കപ്പെട്ടത്. പതിറ്റാണ്ടുകളായി ദൈവത്തിന്റെ സ്വന്തം നാട് എടുത്തണിഞ്ഞിട്ടുള്ള ഒരു അധാർമ്മികതയുടെ മുഖാവരണം പൊട്ടിച്ചെറിയാൻ പ്രാപ്തമാകുന്നവിധം ഒരു

ബിൽ അവതരിപ്പിച്ച ഈ സർക്കാരിനെ അഭിനന്ദിക്കുകയാണ്. നാടിന് സാമ്പത്തികനഷ്ടവും വ്യക്തികൾക്ക് ജീവനും സ്വത്തും നഷ്ടപ്പെടുകയും ചെയ്യുന്ന ഞെട്ടിപ്പിക്കുന്ന ഓർമ്മകൾ ബാക്കിവച്ചാണ് ഓരോ ഹർത്താലും കടന്നുപോകുന്നത്. ഇവിടെ മഹാത്മജിയെക്കുറിച്ചും അദ്ദേഹത്തിന്റെ ഗുജറാത്തി പദപ്രയോഗത്തെക്കുറിച്ചുമൊക്കെ സൂചിപ്പിപ്പിക്കുകയുണ്ടായി. 'ഹർ' എന്ന് പറഞ്ഞാൽ 'എല്ലായ്പ്പോഴും' 'ത്താൽ' എന്നു പറഞ്ഞാൽ 'പൂട്ട്' എന്നാണർത്ഥം. എപ്പോഴും പൂട്ടിയിടുക എന്ന അർത്ഥമാണ് ഹർത്താൽ എന്ന ഗുജറാത്തി പദംകൊണ്ട് അർത്ഥമാക്കുന്നത്. ബ്രിട്ടീഷുകാരന്റെ വൈദേശികാധിപത്യത്തിന് എന്നന്നേയ്ക്കുമായി പൂട്ടിടാൻ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി ഉപയോഗിച്ച ആ പദം രാജ്യത്തെ സാധാരണക്കാരായ ജനങ്ങളുടെ ദൈനംദിന ജീവിതത്തിന് പൂട്ടിടാനാണ് ഇന്ന് പലരും വിനിയോഗിക്കുന്നത്. നമ്മുടെ രാജ്യം എത്തി നിൽക്കുന്ന അപകടകരമായ ഒരവസ്ഥ അതാണ്. മഹാത്മജിയുടെ കാഴ്ചപ്പാടിൽ പ്രാർത്ഥനയും വ്രതവും പങ്കാളികളെ ക്ഷണിക്കലുമായിരുന്നു അതിന്റെ ശൈലി. കാരണം അന്ന് അതിലേക്കുള്ള പങ്കാളികളെ വ്രതത്തിലൂടെയും പ്രാർത്ഥനയിലൂടെയും ഒരു സമര മുഖത്തേയ്ക്ക് കൊണ്ടുവരികയാണ് ചെയ്തത്. എന്നാൽ അതിൽനിന്നും വ്യത്യസ്തമായി ബോംബ് ഏറും വാഹനങ്ങൾക്ക് തീവയ്ക്കലും പൊതുമുതൽ നശിപ്പിക്കലും രോഗികളെപോലും തടയുന്നതുമാണ് ഇന്ന് ഹർത്താലിൽ ശൈലിയാക്കിയിരിക്കുന്നത്. ഓരോ ഹർത്താൽ തീരുമ്പോഴും 600 കോടിയോളം രൂപയുടെ സാമ്പത്തിക നഷ്ടം ഉണ്ടാകുമെന്നാണ് കണക്കുകൂട്ടുന്നത്. വളരെ അപകടകരമായൊരു ശൈലിയിലേക്കാണ് അത് നീങ്ങുന്നത്. ഇന്നത്തെ വ്യാപാര സ്ഥാപനങ്ങളുടെ സ്ഥിതി കഴിഞ്ഞ കാലഘട്ടങ്ങളിൽനിന്നും വ്യത്യസ്തമാണ്. ഒരു ചെറിയ കല്ലുകൊണ്ട് എല്ലാം തകർക്കപ്പെടാൻ കഴിയുന്നവിധമാണ് ഇന്ന് ഓരോ വ്യാപാര സ്ഥാപനങ്ങളും പണിയുന്നത്. ആധുനികമായ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി, കൂടുതൽ ആകർഷകമായ രീതിയിൽ എല്ലാം ചില്ലലമാരകളിൽ സൂക്ഷിക്കുന്നത് തകർക്കപ്പെട്ടു മെന്നുള്ളതുകൊണ്ട് ഏത് ഈർക്കിൽ പാർട്ടികൾക്കും നിഷ്പ്രയാസം ഒരു ഹർത്താൽ നടത്തി, നാടിനെ നിശ്ചലമാക്കാൻ കഴിയുന്നൊരു അവസ്ഥ ഇന്ന് നിലനിൽക്കുകയാണ്. അങ്ങനെയുള്ള സാഹചര്യം ഒരു കാരണവശാലും ഉണ്ടാകരുത്. കാരണം ആര് കല്ലെറിഞ്ഞാലും കടകൾ തകരുമെന്ന് കണ്ടാൽ എല്ലാവരും അത് പൂട്ടിയിടാൻ നിർബന്ധിതരാവും. ഇങ്ങനെ ഹർത്താൽ എന്ന പദപ്രയോഗത്തെ വളരെ തെറ്റായ രീതിയിൽ ദുരുപയോഗം ചെയ്യുന്ന ഒരവസ്ഥ നമ്മുടെ നാട്ടിലുണ്ട്. എന്നുമാത്രമല്ല, കഴിഞ്ഞ ഹർത്താലുകളിലുണ്ടായ നഷ്ടത്തിന്റെ കണക്കെന്ന് പറയുന്നത്, 2014 സെപ്റ്റംബറിലെ ഹർത്താലിൽ കൊച്ചി മെട്രോയ്ക്കുമാത്രം 40 ലക്ഷം രൂപ നഷ്ടമുണ്ടായി എന്ന് ദേശാഭിമാനി പത്രമാണ് റിപ്പോർട്ട് ചെയ്തത്. 2015

ജനുവരിയിൽ നികുതിയിനത്തിൽ 80 കോടി രൂപയുടെ നഷ്ടമുണ്ടായെന്നാണ് മലയാള മനോരമ പോലുള്ള പത്രങ്ങൾ കണ്ടെത്തിയത്. 2015 ഡിസംബർ ഒന്നാം തീയതിയിലെ ബിസിനസ്സ് ഓൺ ലൈനിൽ 900 കോടി രൂപയുടെ നഷ്ടമുണ്ടായി എന്നും വിലയിരുത്തിയിട്ടുണ്ട്. കേരളത്തെപോലുള്ള ഒരു കൊച്ചു സംസ്ഥാനത്തിന് താങ്ങാൻ കഴിയുന്നതാണോ ഈ നഷ്ടം? നമ്മുടെ രാജ്യത്ത് നടക്കുന്ന അനാവശ്യമായ എല്ലാ ഹർത്താലുകളും സമരങ്ങളുമൊക്കെ നമ്മുടെ നാടിനുണ്ടാക്കുന്ന വൻ സാമ്പത്തിക നഷ്ടത്തിന് എങ്ങനെയാണ് പരിഹാരം കാണേണ്ടത്? എന്നുമാത്രമല്ല, ഇത് ഈ കൊച്ചു സംസ്ഥാനത്തിന്റെ വികസന സാദ്ധ്യതകൾക്ക് എത്ര വലിയ മങ്ങലേൽപ്പിച്ചിരിക്കുന്നു? നമുക്കറിയാം, 2005-ൽ കേരളം ഒരു വലിയ മാറ്റത്തിന് വഴിയൊരുക്കുകയായിരുന്നു. ബി.എം.ഡബ്ല്യു. കാർ കമ്പനി കേരളത്തിൽ അവരുടെ പ്ലാന്റ് സ്ഥാപിക്കാൻ വന്നപ്പോൾ ആഘോഷത്തോടുകൂടിയാണ് പത്രങ്ങൾ അതിനെ കണ്ടത്. കേരളമാകെ മാറാൻ പോകുകയാണ്; ബി.എം.ഡബ്ല്യു.-കാർ കമ്പനി കേരളത്തിൽ അവരുടെ പ്ലാന്റ് തുടങ്ങാൻ പോകുകയാണ്; മുഖ്യമന്ത്രിയെ സന്ദർശിക്കാൻ ബി.എം.ഡബ്ല്യു. കാർ കമ്പനിയുടെ അധികൃതർ കേരളത്തിൽ വന്ന രണ്ടു ദിവസവും ഹർത്താലായിരുന്നു. പിന്നീട് അവർ കേരളത്തിലേയ്ക്ക് വന്നിട്ടില്ല. എന്നുമാത്രമല്ല, നമ്മുടെ അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ അവർ പ്ലാന്റ് സ്ഥാപിച്ച് ജനങ്ങൾക്ക് തൊഴിൽ നൽകുന്നത് നമ്മൾ നോക്കി നിൽക്കേണ്ടി വരികയാണ്. ഇതിന് എന്താണ് പരിഹാരം? ഇത് മറ്റെന്തെങ്കിലും പ്രസംഗങ്ങൾ കൊണ്ട് പരിഹരിക്കാൻ കഴിയുന്നൊരു കാര്യമാണോ? നമ്മുടെ സംസ്ഥാനത്ത്, നമ്മുടെ നാട്ടിൽ നടക്കേണ്ട വികസനപ്രവർത്തനങ്ങൾക്ക് ഇതുപോലുള്ളൊരു സമരം കൊണ്ട് കടിഞ്ഞാണിടുന്നുവെങ്കിൽ അതിനെ പ്രതിരോധിക്കാൻ എന്ത് മാർഗ്ഗമാണ് നമ്മൾ സ്വീകരിക്കേണ്ടത്? അതിനുള്ള വഴിയാണ് നാം ഇവിടെ അന്വേഷിക്കേണ്ടത്. അതിനേക്കാൾ വലിയൊരു സംഭവം നമ്മുടെ രാജ്യത്തുണ്ടായി. 23-ഓളം രാഷ്ട്രങ്ങളിൽ നിന്ന് അവിടുത്തെ വ്യവസായ വകുപ്പുമന്ത്രിമാരടക്കം കടന്നുവരുന്ന 'എമർജിംഗ് കേരള' എന്നു പറയുന്ന വലിയ ഒരു നിക്ഷേപ സൗഹൃദമാക്കി കേരളത്തെ മാറ്റാൻ വേണ്ടിയുള്ള നിക്ഷേപ സംഗമം കൊച്ചിയിൽ നടന്നു. ആ ദിവസം കൊച്ചിയിൽ എല്ലാവരും വലിയ പ്രതീക്ഷയോടുകൂടിയാണ് പോയത്. 40,000 കോടി രൂപയുടെ നിക്ഷേപം കേരളത്തിലേയ്ക്ക് വരുന്ന ദിവസമാണ്; കേരളത്തിന് സന്തോഷമുള്ള ദിവസമായിരുന്നു. പല കമ്പനികളും നേരത്തെ ഗവൺമെന്റുമായി ആലോചിച്ച് എഗ്രിമെന്റ് വച്ചുകൊണ്ടാണ് അവർ വരുന്നത്. അന്ന് കൊച്ചിയിലെ സ്ഥിതി എന്തായിരുന്നു? അന്ന് കൊച്ചി നിശ്ചലമായിരുന്നു; കൊച്ചിയിൽ ഹർത്താലായിരുന്നു. ഒരു നിക്ഷേപ സംഗമം നടക്കുന്ന ദിവസം

കൊച്ചിയിൽ ഹർത്താൽ. കൊച്ചിയിലെ കടകളടച്ച് ഒരു നാടാകമാനം മരിച്ചു കിടക്കുന്നതുപോലുള്ള ഒരു നഗരത്തെയാണ് നമുക്ക് കാണിക്കാൻ സാധിച്ചത്. ഇത് കേരളത്തിന് ഗുണകരമാണോ? ഇത് കേരളത്തിന് എത്രമാത്രം ലജ്ജാകരമാണ്? നാം ഓരോരുത്തരും ഹർത്താലിനെ അനുകൂലിച്ചും പ്രതികൂലിച്ചും പ്രസംഗിക്കുന്ന ഘട്ടത്തിൽ എത്രമാത്രം ലജ്ജാകരമാണെന്നാണ് നമ്മൾ ആലോചിക്കേണ്ടത്. ഈ അവസ്ഥയ്ക്ക് കേരളത്തിൽ ഒരു പരിഹാരമുണ്ടാകണമെന്ന് പറഞ്ഞാൽ എന്താണ് അതിൽ തെറ്റ്? ആ രീതിയിലുള്ളൊരു നിയമ നിർമ്മാണമെന്ന നിലയ്ക്കാണ് ഇത് പറയുന്നത്. ഇവിടെ ഏതെങ്കിലും സംഘടനകളുടെയൊ, ട്രേഡ് യൂണിയനുകളുടെയൊ ഒരു സമരത്തെയും ഇത് നിരാകരിക്കുന്നില്ലെന്നുമാത്രമല്ല അവരൊന്നും സമരം ചെയ്യാൻ പാടില്ല എന്ന് ഈ നിയമം പറയുന്നില്ല. തൊഴിലാളികളുടെ അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന ഒന്നല്ല ഇത്. ആ രീതിയിലല്ല പോകുന്നത്.

ശ്രീ. സാജു പോൾ: സർ, റൂൾ 307. ബഹുമാന്യനായ അബ്ദുറഹിമാൻ രണ്ടത്താണി പ്രസംഗിക്കുന്നത് കേട്ടാൽ കേരളത്തിൽ മാത്രമേ സമരമുള്ളൂ എന്ന് തോന്നും. ആഗോള ഉച്ചകോടികളും ലോക രാജ്യങ്ങളുടെ സമ്മേളനങ്ങളും നടക്കുന്ന ന്യൂയോർക്ക്, വിയന്ന, പാരീസ്, ടോക്കിയോ എന്നീ രാജ്യതലസ്ഥാനങ്ങളിൽപ്പോലും നിരവധി സമരങ്ങൾ നടത്തുന്നുണ്ട്.

Mr. Deputy Speaker: Put the point.

ശ്രീ. സാജു പോൾ: ഞാൻ പറയാം. നമ്മൾ മലയാളം ചാനലുകളല്ലാതെ റഷ്യ ടുഡേ, അൽ-ജസീറ, സി.എൻ.എൻ, ബി.ബി.സി. തുടങ്ങിയ ചാനലുകൾ പരിശോധിച്ചാൽ സമരങ്ങൾ കാണാം. എന്റെ പോയിന്റ് കേരളത്തിൽ ഒരു വിമാനത്താവളത്തിൽ കെട്ടിയിരുന്ന ദേശീയ പതാക അഴിച്ചുമാറ്റി പാർട്ടി പതാക കെട്ടിയ പാർട്ടിയുടെ പ്രതിനിധി ഇവിടെ വന്ന് സമരത്തിനെതിരെ പ്രസംഗിക്കുന്നത് ഓർഡറിലാണോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ഹർത്താലും അതുമായി എന്ത് ബന്ധമാണുള്ളത്?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, ഒരു വിമാനത്താവളത്തിൽ ദേശീയ പതാക കെട്ടുന്ന കാലിൽ പാർട്ടി പതാക കെട്ടിയ സംഭവമുണ്ടായിട്ടില്ലായെന്നു പറഞ്ഞ് ബഹുമാനപ്പെട്ട കോടതി പ്രതികളെ വിട്ടയച്ചത് ഒരുപക്ഷേ അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടാത്തതു കൊണ്ടായിരിക്കാം ഇങ്ങനെ തെറ്റിദ്ധാരണാജനകമായ ഒരു കാര്യം ഇവിടെ പറഞ്ഞത് എന്നു ഞാൻ മനസ്സിലാക്കുന്നു. അദ്ദേഹം പറഞ്ഞല്ലോ

ലോകത്തൊരിടത്തും സമരമില്ലായെന്ന്. ചൈനയിൽ നടന്നല്ലോ ഒരു സമരം- ടിയാനെൻ മെൻസ്ക്വയർ പ്രക്ഷോഭം. അവിടത്തെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഭരണത്തിൽ പ്രതിഷേധിച്ച് ജനങ്ങൾ സമരമുഖത്തുവന്ന് ഹർത്താലിന്റെ പ്രതീതിയുണ്ടാക്കി റോഡിലേക്കു വന്നപ്പോൾ കമ്മ്യൂണിസ്റ്റ് ഭരണകൂടം പാറ്റൺ ടാങ്ക് ഉപയോഗിച്ച് വെടിവച്ചിട്ടാണ് അവരെ നേരിട്ടത്. ആരും ഇത് മറന്നിട്ടില്ല. എത്ര രക്തസാക്ഷികളുണ്ടായി; ഒരു കമ്മ്യൂണിസ്റ്റ് രാജ്യത്ത് നടത്തിയ സമരത്തെ എങ്ങനെയാണ് നേരിട്ടത് എന്നുള്ളതിന് വ്യക്തമായ ഉദാഹരണമാണ് ടിയനെൻ മെൻസ്ക്വയർ സംഭവം. സഖാവ് എ.കെ. ബാലൻ ഇവിടെ ഇരിക്കുന്നുണ്ട്. ഞങ്ങൾ ആ നാട്ടിൽ പോയി. സമരം നടക്കുന്ന ചില സ്ഥലങ്ങൾ കണ്ടു. ഹോങ്കോങ് സിറ്റിയിൽ സമരം നടത്താൻവേണ്ടി ഒരു പ്രത്യേക കോർണർ നീക്കിവച്ചിരിക്കുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടി ഭരിക്കുന്ന നാട്ടിൽ, ഗവൺമെന്റിനോട് എന്തെങ്കിലും പ്രതിഷേധമോ വിയോജിപ്പോ ഉണ്ടെങ്കിൽ സമരം നടത്തേണ്ടത് റോഡിൽ അല്ല, സമരം നടത്താൻവേണ്ടി നീക്കിവച്ച പ്രത്യേകമായ സ്ക്വയറിലായിരിക്കണമെന്നതാണ് ആ രാജ്യങ്ങളിൽ സ്വീകരിച്ചിരിക്കുന്ന രീതി. ഇവരെല്ലാവരും ഈ കാര്യങ്ങൾ മറക്കുകയാണ്. മാത്രമല്ല സംഘടിത വിഭാഗങ്ങൾ നടത്തുന്ന ഒരോ ഹർത്താലിന്റേയും ഫലമായി എത്ര ആളുകൾക്കാണ് ജോലിയില്ലാതാകുന്നത്. 95 ശതമാനത്തോളം വരുന്ന അസംഘടിത തൊഴിലാളികൾ, മത്സ്യമേഖലയിൽ പണിയെടുക്കുന്നവർ, നിർമ്മാണത്തൊഴിലാളികളുൾപ്പെടെ നിത്യകൂലിക്ക് പണിയെടുക്കുന്നവരുടെ അന്നത്തേക്കുള്ള അന്നം മുട്ടുന്നുയെന്നുള്ള യാഥാർത്ഥ്യം ഈ ഹർത്താൽ നടത്തുന്നവർ മറക്കുകയാണ്. ഈ സമൂഹത്തിന്റെ വിയോജിപ്പുകൂടി നാം തിരിച്ചറിയണം. ഹർത്താലിനെതിരെ നിയമം വരുന്നുവെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി തന്റെ ഫേയ്സ് ബുക്കിൽ കൊടുത്തപ്പോൾ 25 ലക്ഷം പേരാണ് അതിനെ അനുകൂലിച്ച് ഫേയ്സ് ബുക്കിൽ എത്തിയത്. അദ്ദേഹം മാത്രമല്ല അടുത്ത ദിവസം തൃപ്പൂണിത്തുറയിൽ രാജു പി. നായർ എന്നൊരാൾ Say no to Hartal എന്ന പേരിൽ 5 പേരുമായി ഒരു സംഘടനയുണ്ടാക്കി. ഹർത്താൽ വേണ്ടായെന്നുപറയാൻ അദ്ദേഹമുണ്ടാക്കിയ ആ സംഘടനയിൽ ഒരാഴ്ചകൊണ്ട് 1800 പേരാണ് സജീവ അംഗങ്ങളായത്. കാരണം ജനങ്ങൾ ഇതാഗ്രഹിക്കുന്നു. ജനങ്ങൾ Say no to Hartal എന്ന ആശയത്തോട് യോജിക്കുന്നു. ആഭ്യന്തര വകുപ്പുമന്ത്രി എന്നല്ല ആര് ഇക്കാര്യത്തിനെതിരെ പറയുന്നോ അവർക്കനുകൂലമായി കേരള ജനതയുടെ ഒരു വികാരം ഉയർന്നുവരുന്നു എന്നുള്ളത് നിഷേധിക്കാൻ

കഴിയില്ല. എന്നുമാത്രമല്ല ഹർത്താൽ ദിവസം കേരളം എങ്ങനെയാണ് ആഘോഷിക്കുന്നത്; ഹർത്താലിന്റെ തലേന്നു രാത്രി 3 കോടി രൂപയുടെ അധിക മദ്യ വിൽപ്പന നടന്നതായി കണക്കുകൾ രേഖപ്പെടുത്തുമ്പോൾ എന്താണ് ഇതിൽ നിന്നും വ്യക്തമാകുന്നത്; ഹർത്താൽ ആഘോഷിക്കാനുള്ളതാണോ; ഹർത്താൽ അനിവാര്യമായ ഒരു സമരമാണെന്നും അതിനെ തടയാനാവില്ല എന്നുമൊക്കെ പറയുമ്പോൾ ഹർത്താലിന്റെ തലേന്നു രാത്രി മൂന്നുകോടി രൂപയുടെ മദ്യത്തിന്റെ കച്ചവടം നടക്കുന്നുവെങ്കിൽ കേരളം ഹർത്താലിനെ എങ്ങനെയാണ് നോക്കിക്കാണുന്നതെന്ന് വിവേകമുള്ളവർക്ക് തിരിച്ചറിയാൻ കഴിയും. 1921 മുതൽ സ്വാതന്ത്ര്യലബ്ധിവരെയുള്ള 26 വർഷങ്ങൾക്കുള്ളിൽ പ്രാർത്ഥനാനിരതമായ 13 ഹർത്താലുകൾ നടന്നതായി ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞു. ആ 13 ഹർത്താലുകൾ അക്രമത്തിന്റേതായിരുന്നില്ല. പ്രാർത്ഥനാനിരതവും വ്രതത്തിന്റേതുമായിരുന്നു. മഹാത്മജി നേതൃത്വം കൊടുത്തതായിരുന്നു. എന്നാൽ 2014-ൽ മാത്രം ചെറുതും വലുതുമായ 314 ഹർത്താലുകൾ നടക്കുക എന്നുള്ളത് ചെറിയ കാര്യമാണോ. ഈ സാഹചര്യത്തിലാണ് ഇതുപോലുള്ളൊരു ബില്ലിന്റെ പ്രസക്തി വർദ്ധിക്കുന്നത്. 1984-ൽ നമ്മുടെ പാർലമെന്റ് പൊതുമുതൽ നശീകരണ നിയമം പാസ്സാക്കി. ഇക്കഴിഞ്ഞ 3-7-2014-ന് ഹർത്താലിന്റെ നഷ്ടം ഈടാക്കാൻ അതോറിറ്റി രൂപീകരിക്കണമെന്നാണ് ജസ്റ്റിസ് മഞ്ജുള ചെല്ലൂർ, ജസ്റ്റിസ് ഷഫീക് എന്നിവരടങ്ങിയ ഹൈക്കോടതി ബഞ്ച് സർക്കാരിനോട് പറഞ്ഞത്. അതോറിറ്റി രൂപീകരിക്കണമെന്ന് പറഞ്ഞത് ചെറിയ കാര്യമല്ല. ഹർത്താലിന്റെ നഷ്ടം നികത്തുന്നതിന് അതോറിറ്റി രൂപീകരിക്കണമെന്ന് ഹൈക്കോടതിക്ക് പറയേണ്ടിവരുന്ന അവസ്ഥ. അതുകഴിഞ്ഞ് 1986 സെപ്റ്റംബർ 18-ന് എ.ബി.വി.പി. നടത്തിയ ഹർത്താലിൽ പരിക്കേറ്റവർക്കും നഷ്ടം സംഭവിച്ചവർക്കും സർക്കാരും സമരം നടത്തിയ സംഘടനയുംകൂടി നഷ്ടപരിഹാരം നൽകണമെന്ന് ബഹുമാനപ്പെട്ട കോടതി പറഞ്ഞു. അതോറിറ്റി രൂപീകരിക്കണമെന്ന് പറയുക, ഹർത്താലിനെത്തുടർന്നുണ്ടായ നഷ്ടം ഹർത്താലിന് ആഹ്വാനം ചെയ്ത സംഘടനയും സർക്കാരുംകൂടി നൽകണമെന്ന് കോടതി പറയുക, ഇതെല്ലാം തെളിയിക്കുന്നത് ഈ വിഷയത്തിൽ സർക്കാരിന്റെ ബാധ്യത വർദ്ധിക്കുന്നുയെന്നുള്ളതാണ്. കോടതി ഇത്തരമൊരു നിർദ്ദേശം വച്ച സന്ദർഭത്തിൽ ഗവൺമെന്റ് കൃത്യമായ നിയമനിർമ്മാണം നടത്തിയില്ലെങ്കിൽ ഈ ഗവൺമെന്റിനെന്നല്ല ഭാവിയിൽ വരുന്ന ഒരു ഗവൺമെന്റിനും മുന്നോട്ടുപോകാൻ കഴിയാത്ത അവസ്ഥ ഉണ്ടാകും.

ഞാൻ ചുരുക്കുകയാണ്. 1997 ജൂലൈ 28-ന് ഭരത് കുമാർ നൽകിയ കേസ്സിൽ ബന്ദ് നിരോധിച്ചുകൊണ്ടുവന്ന ഹൈക്കോടതി വിധിയിൽ ഭരണഘടനാവിരുദ്ധമെന്നും നിയമവിരുദ്ധമെന്നും ശിക്ഷാർഹമെന്നും മൗലികാവകാശലംഘനമെന്നുമാണ് ബന്ദിനെക്കുറിച്ച് കോടതി പറഞ്ഞത്. നഷ്ടം നികത്താൻ ബന്ദ് ആഹ്വാനം ചെയ്തവർ ബാധ്യസ്ഥരാണ് എന്നുകൂടി ഹൈക്കോടതി പറഞ്ഞു. അതുമാത്രമല്ല ഹർത്താൽ, ബന്ദ് ദിവസങ്ങളിൽ അക്രമികളെ ഉരുക്കുമുഷ്ടികൊണ്ട് നേരിടണമെന്ന് ജെയിംസ് മാർട്ടിൻ കേസ്സിൽ സുപ്രീംകോടതി നിർദ്ദേശിച്ചിട്ടുണ്ടെന്ന് ഹൈക്കോടതിയുടെ മറ്റൊരു വിധിയിൽ പറയുന്നു. ഇങ്ങനെ കോടതിവരെ പറയുന്നിടത്തേക്ക് എത്തുക. ബന്ദ് നിരോധിച്ച് ഉത്തരവ് വന്നപ്പോൾ അതിനെ മറികടക്കാൻ ചിലർ അതിന് ഹർത്താൽ എന്നുപേരിട്ടു. പാഷാണക്കുപ്പിക്ക് മുകളിൽ അമൃത് എന്ന് രേഖപ്പെടുത്തിയാൽ അത് പാഷാണമല്ലാതെയാകുമോ; കേരളത്തിൽ ഇന്നുള്ളത് അതാണ്. ഇവിടെ ബന്ദില്ല, ഹർത്താലാണ് എന്നുപേരുമാറ്റിപ്പറഞ്ഞാൽ എങ്ങനെയാണ് അപകടകരമായ അവസ്ഥ ഒഴിവാകുന്നത്; ഈ സാഹചര്യത്തിലാണ് 2014 ഡിസംബർ 29-ന് ഹർത്താലുമായി ബന്ധപ്പെട്ടൊരു നിയമനിർമ്മാണം പരിഗണിക്കുവാൻ ഹൈക്കോടതി നിർദ്ദേശിക്കുന്നത്. കേരള സർക്കാർ നിയമനിർമ്മാണത്തിന്റെ വഴിയിലേക്ക് വന്നത് ആ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ്. മൂന്നു ദിവസം മുമ്പ് നോട്ടീസ് നൽകണമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നു. തിരുവനന്തപുരം നഗരം അതിന് സാക്ഷിയാണല്ലോ. തിരുവനന്തപുരം നഗരത്തിൽ ഈ ഗവൺമെന്റിനെതിരെ ഇടതുപക്ഷം നടത്തിയ സമരത്തെ സന്ധ്യ എന്നൊരു പെൺകുട്ടി നേരിട്ടത് ചൂലുമായിട്ടാണ്. ആ സംഭവം ആരെങ്കിലും മറന്നിട്ടുണ്ടോ; ആ സമരം അന്ന് നിർത്തിവയ്ക്കേണ്ടിവന്നു. ഉദ്യോഗസ്ഥയായ സന്ധ്യ എന്ന പെൺകുട്ടിക്ക് എന്തുകൊണ്ടാണ് ആ രീതിയിൽ ഒരു സമരത്തെ നേരിടേണ്ടി വന്നത്, അവരിൽ അന്തർലീനമായിക്കിടക്കുന്ന രാഷ്ട്രീയ വിരോധമായിരുന്നില്ല. നിരന്തരമായി തിരുവനന്തപുരം നഗരം നിശ്ചലമാകുകയും ചലിക്കാൻപോലും കഴിയാത്തവിധം തന്റെ മൗലികാവകാശങ്ങൾ നിഷേധിക്കുകയും ചെയ്തൊരു ഘട്ടത്തിലാണ് സന്ധ്യ എന്ന പെൺകുട്ടിക്ക് ഒരു പെൺപുലിയായി മാറേണ്ടി വന്നത്. ഇവിടെ തൊഴിലാളികൾ മാത്രമല്ല നാളെ ഇന്ത്യയിലെ ജനങ്ങളും പെൺപുലികളായി മാറുന്ന അവസ്ഥ കേരളത്തിലുണ്ടാകും. അതൊരു ചെറിയ കാര്യമല്ല. ഞാൻ ചുരുക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി.... പ്ലീസ്........ ഇനിയൊരു പ്രമേയം കൂടിയുണ്ട്.

ശ്രീ. എ. കെ. ബാലൻ: സർ, ധർമ്മത്തിനുവേണ്ടി റസൂൽ നടത്തിയിട്ടുള്ള ലോകപ്രശസ്തമായ യുദ്ധങ്ങൾ, ആളുകൾ കുറവായിരുന്നുവെങ്കിലും ബദർ യുദ്ധത്തെ കുറിച്ച് ബഹുമാനപ്പെട്ട അബ്ദുറഹിമാൻ രണ്ടത്താണിക്ക് അറിയാമല്ലോ. 313 ആളുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആയുധമില്ലാതെ റസൂലിന്റെ നേതൃത്വത്തിൽ പ്രക്ഷോഭം നടത്തി ജയിച്ച ബദർ യുദ്ധം, ഉഹദ് യുദ്ധം ഇതൊക്കെത്തന്നെ അറിയാവുന്ന രണ്ടത്താണി പ്രക്ഷോഭത്തേയും സമരത്തേയും പുച്ഛിക്കുന്നത് .............(മൈക്ക് ഓഫ്)...........

6.00 PM]

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, എല്ലാ യുദ്ധങ്ങളും വിജയിച്ചതല്ല. ബദർ യുദ്ധം വിജയിച്ചു, ഉഹദ് യുദ്ധം പരാജയപ്പെട്ടു. ഇത് രണ്ടും രണ്ട് ചരിത്രങ്ങളാണ്. അത്തരം ധർമ്മസമരങ്ങളെ ഒരിക്കലും ഈ ബിൽ തടയുന്നില്ല, അത് ആകാമെന്നാണ് ഈ ബില്ലിൽ പറയുന്നത്. ജനങ്ങളുടെ അല്ലെങ്കിൽ ഒരു വ്യക്തിയുടെ മൗലികാവകാശത്തെ ഹനിച്ചുകൊണ്ടുള്ള സമരങ്ങളെയാണ് നിഷേധിക്കുന്നത്. പശ്ചിമബംഗാൾ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ബുദ്ധദേവ് ഭട്ടാചാര്യ ഹർത്താലിന് എതിരാണ്. പാർട്ടി ആഹ്വാനം ചെയ്താലും താൻ ഹർത്താലിനെതിരാണെന്ന് ഇന്ത്യയിലെ തലമുതിർന്ന കമ്മ്യൂണിസ്റ്റ് നേതാവിന് പറയേണ്ടി വന്നത് എന്തുകൊണ്ടാണ്? കൽക്കട്ടയിൽ അദ്ദേഹത്തിനുണ്ടായ അനുഭവങ്ങളാണ് അങ്ങനെ പറയിപ്പിച്ചത്. അവസാന വാക്കാകേണ്ട സമരായുധമാണ് ഹർത്താൽ.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ. ബുദ്ധദേവ് ഭട്ടാചാര്യ മുഖ്യമന്ത്രിയായിരുന്ന സമയത്ത് അദ്ദേഹത്തിന്റെ നിലപാടിൽ അവസാനം വരെ ഉറച്ചുനിൽക്കുകയും ഹർത്താലിനെതിരെ ശക്തമായി നിലകൊള്ളുകയും ചെയ്തകാര്യം അങ്ങേയ്ക്ക് അറിയാമോ; സി.ഐ.ടി.യു. ഉൾപ്പെടെയുള്ളവർ അതിനെതിരെ പ്രതിഷേധിച്ചിരുന്നു. എന്നാൽ അദ്ദേഹം തന്റെ നിലപാടിൽനിന്ന് മാറിയില്ല എന്നുള്ള കാര്യം അങ്ങേക്കറിയാമോ ?

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, അതാണ് ഞാൻ പറഞ്ഞത്. പശ്ചിമബംഗാൾ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ബുദ്ധദേവ് ഭട്ടാചാര്യയെ പോലെയുള്ള ഒരു തലമുതിർന്ന കമ്മ്യൂണിസ്റ്റ് നേതാവ് ഹർത്താലിന് എതിരായിരുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, പശ്ചിമബംഗാളിൽ ബുദ്ധദേവ് ഭട്ടാചാര്യയ്ക്കുണ്ടായ അതേ അനുഭവമാണ് നിങ്ങൾക്കുമുണ്ടാകാൻ പോകുന്നത്. ഇത്തരം നടപടികൾ സ്വീകരിച്ചതിന്റെ ഫലമായാണ് അവിടത്തെ ഭരണം കൈവിട്ടുപോയത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: നിങ്ങൾ ഇത്രവേഗം അദ്ദേഹത്തെ ഇങ്ങനെ തള്ളിപ്പറഞ്ഞുകഴിഞ്ഞോ? ഇങ്ങനെ തള്ളിപ്പറഞ്ഞാണ് ബംഗാളിൽ ഇപ്പോൾ തിരിച്ചുവരാൻപോലും കഴിയാത്ത സ്ഥിതിയിലെത്തിയിരിക്കുന്നത്. നിങ്ങൾ ബംഗാളിലിപ്പോൾ മൂന്നാം സ്ഥാനത്താണ്.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: സർ, അവസാന വാക്കാകേണ്ട സമരായുധമായ ഹർത്താൽ ആദ്യവാക്കാകുന്ന ചില ഘട്ടങ്ങളുണ്ട്. അതാണ് നേരത്തെ ഞാൻ ഇവിടെ സൂചിപ്പിച്ചത്. കക്ഷിരാഷ്ട്രീയ പരിഗണനകൾക്കപ്പുറം സ്വമേധയാ ഹർത്താലാകുന്ന ചില സംഭവങ്ങളുണ്ട്. ഇത്തരം ഘട്ടങ്ങളിൽ മൂന്ന് ദിവസംമുമ്പ് നോട്ടീസ് നൽകാൻ സാദ്ധ്യമായില്ലെന്ന് വന്നേക്കാം. പക്ഷെ അത് സമൂഹത്തിലെ എല്ലാവർക്കും ഉൾക്കൊള്ളാനാകും. അത്തരം ഹർത്താലുകളിൽ അക്രമത്തിന്റെ ശൈലിയിലേയ്ക്ക് പോകാതെതന്നെ ഹർത്താലുകൾ ആചരിക്കുന്ന സാഹചര്യങ്ങളുമുണ്ടാകും. അതോടൊപ്പംതന്നെ, പൊതുമുതൽ നശിപ്പിച്ചാൽ വസ്തുവിന്റെ തുല്യവില കെട്ടിവയ്ക്കണമെന്ന നിർദ്ദേശം വളരെയേറെ സന്തോഷകരമായ കാര്യമാണ്. നിക്ഷേപ സൗഹൃദ സംസ്ഥാനമാകാനും ലോകത്തിന്റെ വിനോദസഞ്ചാര ഹബ്ബാകാനും കൊതിക്കുന്ന അക്ഷരകേരളത്തിന്റെ സൽപ്പേരിന് കളങ്കമായി നിൽക്കുന്ന ഇത്തരം ആഭാസ സമരമുറകൾ അവസാനിപ്പിക്കാൻ നടത്തുന്ന ഈ പരിശ്രമങ്ങൾ എന്തുകൊണ്ടും അഭിനന്ദനീയമാണ് എന്നു പറഞ്ഞുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, 2015-ലെ കേരള ഹർത്താൽ നിയന്ത്രണ ബില്ലിന്മേൽ നടന്ന ചർച്ചകൾ വളരെ നല്ലതായിരുന്നു. രണ്ടുഭാഗത്തുനിന്നും പങ്കെടുത്ത എല്ലാ അംഗങ്ങളും ഇതിന്റെ എല്ലാ വശങ്ങളും ചൂണ്ടിക്കാണിച്ചുകൊണ്ടാണ് സംസാരിച്ചത്. ഇതിൽ പങ്കെടുത്ത് സംസാരിച്ച എല്ലാ മെമ്പർമാർക്കും ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്.

ഇത് ഒരു ഹർത്താൽ നിരോധന ബിൽ അല്ല. സംസ്ഥാനത്ത് നടക്കുന്ന ജനാധിപത്യപരമായ, സമാധാനപരമായ എല്ലാ പ്രതിഷേധങ്ങളെയും പൂർണ്ണസഹിഷ്ണതയോടെ നോക്കിക്കാണുന്നൊരു ഗവൺമെന്റാണിത്. ജനാധിപത്യത്തിന്റെ കാതൽ എന്ന് പറയുന്നത് പ്രതിഷേധങ്ങളും ഡിസെന്റുകളുമാണ്. Agree to disagree എന്നുള്ളതും ജനാധിപത്യത്തിന്റെ ഭാഗം തന്നെയാണ്. ഇപ്പോൾ പലകാര്യങ്ങളിലും നമുക്ക് എതിർപ്പുകളുണ്ടാകും. എന്നാൽ Agree to disagree എന്നുള്ള നിലയിൽ നമുക്ക് പ്രവർത്തിക്കാൻ സാധിക്കും. ഇവിടെ ജനാധിപത്യ സംവിധാനത്തിലെ പ്രതിഷേധങ്ങളെ അടിച്ചമർത്തുന്ന നിലപാട് നമുക്കില്ല. ഇന്ത്യ എന്ന് പറയുന്നത് ചൈന പോലുള്ള സർവ്വാധിപത്യം നിലനിൽക്കുന്ന ഒരു രാജ്യമല്ല. ടിയാനൻമെൻ സ്ക്വയറിൽ ചെറുപ്പക്കാരായ ആളുകൾ പ്രതിഷേധിച്ചപ്പോൾ അവർക്കുനേരെ വെടിയുണ്ടകളുതിർത്ത

ദാരുണമായ സംഭവം ലോകമനസ്സാക്ഷിയെ ഞെട്ടിപ്പിച്ചതാണ്. ഇന്ത്യയിൽ അത്തരം സംഭവങ്ങൾ ഉണ്ടാകില്ല. ജനാധിപത്യ സംവിധാനം നിലനിൽക്കുന്ന, ബഹുസ്വരതയ്ക്ക് പ്രാധാന്യം കൊടുക്കുന്ന എല്ലാവർക്കും പ്രതിഷേധിക്കാനും അഭിപ്രായങ്ങൾ പറയാനും സ്വാതന്ത്ര്യമുള്ള നാടാണ് ഇന്ത്യ. ആ മഹത്തായ മൂല്യം ഈ രാജ്യത്താകെ ഉറപ്പിച്ചത് ഇൻഡ്യൻ നാഷണൽ കോൺഗ്രസ് പാർട്ടിയാണ്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ കാലം മുതൽ പ്രതിപക്ഷത്തിന് മഹത്തായ അംഗീകാരം കൊടുത്തുകൊണ്ടാണ് പാർലമെന്ററി ജനാധിപത്യത്തെ ശക്തിപ്പെടുത്താൻ എന്നും ശ്രമിച്ചിട്ടുള്ളത്. ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ ചരിത്രം അതാണ്. ചരിത്രം പഠിച്ചവർക്ക് അറിയാൻ സാധിക്കും, രാം മനോഹർ ലോഹ്യ യു.പി.യിലെ ആജംഘട്ട് നിയോജകമണ്ഡലത്തിൽ മത്സരിച്ച സന്ദർഭത്തിൽ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഒരു പൊതുയോഗത്തിൽ പങ്കെടുക്കാൻ അവിടെ പോയി. അദ്ദേഹം അവിടത്തെ കോൺഗ്രസ് സ്ഥാനാർത്ഥിക്ക് വേണ്ടിയല്ല വോട്ട് ചോദിച്ചത്. രാം മനോഹർ ലോഹ്യയെപോലുള്ള പ്രതിഭാധനന്മാരായ രാഷ്ട്രീയ നേതാക്കൾ ലോക്സഭയിൽ വേണമെന്നാണ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറഞ്ഞത്. പാർലമെന്ററി ജനാധിപത്യത്തിൽ പ്രതിപക്ഷത്തിന് പരിഗണനയും പൂർണ്ണ സംരക്ഷണവും കൊടുത്ത പാരമ്പര്യമാണ് ഇന്ത്യയിലെ കോൺഗ്രസ് പാർട്ടിക്കുള്ളത്.

ശ്രീ. കെ. ശിവദാസൻ നായർ: സർ, കോൺഗ്രസിനെ എല്ലാകാലത്തും എതിർത്ത ഡോ. ബി. ആർ. അംബേദ്കർക്ക് നിയമമന്ത്രി പദം നൽകിയ പാരമ്പര്യമാണ് ഇൻഡ്യൻ നാഷണൽ കോൺഗ്രസിനുള്ളത് എന്ന കാര്യം അങ്ങേയ്ക്കറിയാമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, മഹാനായ ഡോ. ഭീം റാവു അംബേദ്കർ, അദ്ദേഹം കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിലേയ്ക്ക് വന്നത് ബംഗാളിൽനിന്നായിരുന്നു. വിഭജനത്തിനുശേഷം ഈസ്റ്റ് ബംഗാൾ ഇന്ത്യയുടെ ഭാഗമല്ലാതായപ്പോൾ അദ്ദേഹത്തിന്റെ അംഗത്വം നഷ്ടപ്പെട്ടു. അദ്ദേഹത്തെ മുംബൈയിൽ കൊണ്ടുവന്ന് ഒരാളിനെ രാജിവയ്പിച്ച് കോൺഗ്രസ് അദ്ദേഹത്തെ കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിലേക്കും പിന്നീട് രാജ്യസഭയിലേക്കും കൊണ്ടുവന്നു. അദ്ദേഹത്തെ നിയമ മന്ത്രിയാക്കി. ഇന്ത്യയിലെ പാർലമെന്ററി ജനാധിപത്യം ശക്തിപ്പെടുത്തുന്ന കാര്യത്തിൽ കോൺഗ്രസ് പാർട്ടിയും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും അന്നത്തെ നേതാക്കന്മാരും സ്വീകരിച്ചിട്ടുള്ള മഹത്തായ പാരമ്പര്യങ്ങളെ നമുക്കാർക്കും ഇകഴ്ത്തിക്കാണിക്കാൻ കഴിയില്ല. ജനാധിപത്യ അവകാശങ്ങളെ എന്നും വലിയ തോതിൽ ബഹുമാനിച്ചിട്ടുള്ള ഒരു രാഷ്ട്രീയ പാർട്ടിയാണ് എന്റെ പാർട്ടി. ആ പാർട്ടി ഒരിക്കലും ജനാധിപത്യ അവകാശങ്ങളെ ധ്വംസിക്കുകയില്ല. ജനാധിപത്യ സംവിധാനവും ബഹുസ്വരതയും നിലനിൽക്കുന്ന ഒരു രാജ്യത്ത് തീർച്ചയായും പ്രതിപക്ഷത്തിന്റെ അഭിപ്രായങ്ങൾ

കൂടി കണക്കിലെടുക്കുകയും മാനിക്കുകയും ചെയ്യും. സമൂഹത്തിൽ വിവിധ അഭിപ്രായങ്ങളുണ്ടെങ്കിൽ അതിനെയും മാനിക്കും. അതാണ് ജനാധിപത്യമെന്ന് പറയുന്നത്. ഇത് ഹർത്താലിനെതിരെയുള്ള ഒരു ബിൽ അല്ല, ഹർത്താൽ പൂർണ്ണമായും നിരോധിക്കാനുള്ള ബില്ലും അല്ല. ഇതൊരു കരി നിയമമല്ല, പുതിയൊരു നടപടിയാണ്. നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന തെറ്റായ പല പ്രവണതകൾക്കും അന്ത്യംകുറിക്കാനുള്ള ശക്തമായൊരു നിയമമാണിത്. ഇവിടെ ബഹുമാന്യനായ എളമരം കരീം ഒരു മണിക്കൂറിലേറെ ഇതുസംബന്ധിച്ച് സംസാരിക്കുകയുണ്ടായി. പ്രതിഷേധിക്കാനുള്ള അവകാശം വേണമെന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്. തൊഴിലാളികളുടെ പ്രതിഷേധിക്കാനുള്ള അവകാശത്തെ ഇവിടെ ആരും ചോദ്യം ചെയ്യുന്നില്ല, ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ട് അനുസരിച്ചുള്ള ഒരു സമരത്തെയും ഇവിടെ ആരും നിരോധിക്കുന്നില്ല. സർക്കാർ ജീവനക്കാരുടെയും തൊഴിലാളികളുടെയും ന്യായമായ എല്ലാ സമരങ്ങൾക്കും ഇവിടെ അനുവാദമുണ്ട്. പക്ഷെ, ഒരു ജനസമൂഹത്തിന്റെ സ്വാതന്ത്ര്യത്തെ നിർബന്ധിതമായി ഇല്ലായ്മ ചെയ്യാനുള്ള നീക്കമുണ്ടായാൽ ഒരു ജനാധിപത്യ സംവിധാനത്തിന് കയ്യുംകെട്ടി നോക്കി നിൽക്കാനാകുമോ? ഗുവാഹട്ടി ഹൈക്കോടതി ആസ്സാമിൽ ഹർത്താൽ നിരോധിച്ചിട്ടുണ്ട്. ഹർത്താൽ നിരോധിക്കണമെന്നുള്ള അഭിപ്രായം എനിക്കില്ല. ജനാധിപത്യത്തിൽ പ്രതിഷേധിക്കാനുള്ള അവകാശം എല്ലാവർക്കുമുണ്ടെന്നുള്ളത് നമ്മൾ അംഗീകരിക്കുന്നു. കോളേജുകളിലെ വിദ്യാർത്ഥി സംഘടനകളുടെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടു പോകണമെന്ന അഭിപ്രായമുള്ള ഒരാളാണ് ഞാൻ. ശ്രീ. കോടിയേരി ബാലകൃഷ്ണനും ഞാനും അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്നവരും വിദ്യാർത്ഥി സംഘടനാ പ്രവർത്തകരായിരുന്നു. പക്ഷെ ഇപ്പോൾ കോളേജുകളിൽ വിദ്യാർത്ഥി സംഘടനാ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ; ഇന്ന് യൂണിവേഴ്സിറ്റി യൂണിയനുകളുടെ പ്രവർത്തനങ്ങൾ എങ്ങനെയാണ് നടക്കുന്നത്? ശ്രീ. കെ. സുരേഷ് കുറുപ്പ് യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ സ്ഥാനം വഹിച്ചിട്ടുണ്ടല്ലോ; ഇപ്പോഴത്തെ യൂണിവേഴ്സിറ്റി യൂണിയൻ ചെയർമാൻ ആരാണെന്ന് ആർക്കെങ്കിലും അറിയാമോ? ഞാൻ ആത്മ പരിശോധനയ്ക്കുവേണ്ടി പറയുന്നതാണ്.

ശ്രീ. ഇ. പി. ജയരാജൻ: സർ, സംഘടനാ സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടാൽ വിദ്യാലയങ്ങളിൽ അരാജകത്വമായിരിക്കും വളർന്നുവരുന്നത്. നിങ്ങൾ ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന നിലപാടുകൊണ്ട് സംഘടനാ സ്വാതന്ത്ര്യത്തെ നിഷേധിച്ചാൽ ക്യാമ്പസുകളിലെ ചെറുപ്പക്കാർ അരാജകവാദികളായും സാമൂഹ്യവിരുദ്ധൻമാരായും മാറും. അതുകൊണ്ട് വിദ്യാഭ്യാസ കാലഘട്ടത്തിൽത്തന്നെ രാജ്യസ്നേഹവും പൊതുജന സമൂഹത്തോട് പ്രതിബദ്ധതയുമുള്ള സംഘടിത ബോധമുള്ളവരാക്കി അവരെ മാറ്റിത്തീർക്കാനുള്ള നടപടിയാണ് ആധുനിക കാലഘട്ടത്തിൽ നിർവഹിക്കേണ്ടത്; ആ ദൗത്യം നിർവഹിക്കുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീ. ഇ. പി. ജയരാജൻ പറഞ്ഞതിനോട് ഞാൻ നൂറുശതമാനവും യോജിക്കുകയാണ്. വിദ്യാർത്ഥികൾക്ക് സംഘടനാ സ്വതന്ത്ര്യം നൽകുകയും ജനാധിപത്യ അവകാശങ്ങളെപ്പറ്റി അവരെ പഠിപ്പിക്കുകയും വേണം. എന്നാൽ സൈക്കിൾ ചെയിനും കഠാരയും ബോംബുമായി കുട്ടികൾ പരസ്പരം ആക്രമിക്കുന്ന പ്രവണത സമൂഹത്തിൽ ഉണ്ടാകാൻ പാടില്ല. ചില വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒരു വിദ്യാർത്ഥി സംഘടനയ്ക്ക് മാത്രമെ പ്രവർത്തിക്കാൻ കഴിയൂ, മറ്റ് വിദ്യാർത്ഥി സംഘടനകളെ പ്രവർത്തിക്കാൻ അനുവദിക്കുന്നില്ല. അതിന്റെ ഫലമായി അവിടെ അരാജകത്വമുണ്ടാകുകയും വർഗ്ഗീയ സംഘടനകൾ ശക്തിപ്പെടുകയും ചെയ്യുന്നു. വിദ്യാർത്ഥികളുടെ ജനാധിപത്യ സ്വാതന്ത്ര്യമെന്നത് ഏകാധിപത്യമല്ല. എല്ലാ വിദ്യാർത്ഥി സംഘടനകൾക്കും പ്രവർത്തിക്കാനുള്ള അവസരം കൂടിയാണത്. അത് മറ്റൊരു വിഷയമാണ്, ഞാൻ അതിലേക്ക് കടക്കുന്നില്ല. സംഘടനാ സ്വാതന്ത്ര്യം വിദ്യാർത്ഥി സംഘടനകൾക്ക് നിഷേധിക്കുന്നത് നാട്ടിൽ അരാജകത്വമുണ്ടാക്കുകയും അരാഷ്ട്രീയത വർദ്ധിപ്പിക്കുകയും നാട് വർഗ്ഗീയ സംഘടനകൾക്ക് താവളമായി മാറുകയും ചെയ്യും. അതുകൊണ്ട്, ഇതുപോലെയാണോ വിദ്യാർത്ഥി സംഘടനാ പ്രവർത്തനം നടത്തേണ്ടതെന്ന് എല്ലാ വിദ്യാർത്ഥി സംഘടനകളും ഒരുപോലെ ആത്മപരിശോധന നടത്തണം. ഞാൻ കെ.എസ്.യു.-വിന്റെയും ശ്രീ. എ. കെ. ബാലൻ എസ്.എഫ്.ഐ.-യുടെയും പ്രസിഡന്റുമാരായിരുന്നു, ശ്രീ. കോടിയേരി ബാലകൃഷ്ണൻ എസ്.എഫ്.ഐ.-യുടെ സെക്രട്ടറിയും ആയിരുന്നു. അതുപോലെ പ്രതിപക്ഷത്തും ഭരണപക്ഷത്തുമുള്ള എല്ലാവരും വിദ്യാർത്ഥി സംഘടനാ നേതാക്കളായിരുന്നു. പക്ഷെ, ഇന്ന് നടക്കുന്നതെന്താണ്?

ശ്രീ. എ. പ്രദീപ്കുമാർ: സർ, നമുക്കെല്ലാവർക്കുംകൂടി ഇടപെട്ട് വിദ്യാർത്ഥി സംഘടനകളുടെ പ്രവർത്തനങ്ങളിലുണ്ടാകുന്ന വൈകല്യം പരിഹരിക്കാൻ ശ്രമിക്കാം. പക്ഷെ, വിദ്യാർത്ഥി സംഘടനാ പ്രവർത്തനം അനുവദിക്കാത്ത ധാരാളം മാനേജ്മെന്റുകളും ക്യാമ്പസ് അധികാരികളുമുണ്ട്. അങ്ങ് പറയുന്നത് ആത്മാർത്ഥമായിട്ടാണെങ്കിൽ, കോളേജുകളിലും മറ്റ് സ്ഥാപനങ്ങളിലുമുള്ള വിദ്യാർത്ഥി സംഘടനാ പ്രവർത്തനത്തിന് നിയമംമൂലം പരിരക്ഷ നൽകുന്ന ഒരു നിയമം കൊണ്ടുവരാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, അത് സംബന്ധിച്ച് ആലോചിക്കാവുന്നതാണ്. വിദ്യാർത്ഥി സംഘടനാ നേതാക്കളുടെ യോഗം രണ്ടുതവണ വിളിച്ചിരുന്നു. വിദ്യാർത്ഥി സംഘടനാ പ്രവർത്തനം ക്യാമ്പസിൽ അക്രമവും കൊലപാതകവും നടത്തുന്ന രീതിയിലാകരുത്. കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് ദിവസം അടിയുണ്ടാകുമെന്ന് വിചാരിച്ച് 30 ശതമാനം കുട്ടികൾപോലും വോട്ട് ചെയ്യാൻ വരുന്നില്ല. ശരിയായ ജനാധിപത്യ രീതിയിലല്ല അവിടെ കാര്യങ്ങൾ നടക്കുന്നത്. ഇത് നമ്മളെല്ലാവരും ആലോചിക്കേണ്ട വിഷയമാണ്. ശരിയായ അർത്ഥത്തിൽ

വിദ്യാർത്ഥി സംഘടനാ പ്രവർത്തനം കോളേജുകളിലും യൂണിവേഴ്സിറ്റികളിലും നടക്കാത്തതുകൊണ്ടാണ് ഇതിനെതിരായ വികാരം ഉയർന്നുവരുന്നത്. ഇതിന്റെ അർത്ഥം കോളേജിൽ സംഘടനാ പ്രവർത്തനം വേണ്ട എന്നല്ല. വിദ്യാർത്ഥി സംഘടനാ പ്രവർത്തനത്തോട് ഞാൻ പൂർണ്ണമായി യോജിക്കുന്ന ആളാണ്. ഞാൻ പറഞ്ഞുവന്നത്, ഹർത്താൽ ഒരു പ്രതിഷേധ സമരമാണ്. എന്നാൽ ഹർത്താലിനെതിരായി കേരളത്തിലെ ജനങ്ങൾ ശബ്ദമുയർത്തുന്നതിന്റെ കാരണമെന്താണ്? ഹർത്താൽ misuse ചെയ്യുന്നതുകൊണ്ടാണ് ജനങ്ങൾ ഇതിനെതിരെ ശബ്ദമുയർത്തുന്നത്. ആർക്കുവേണമെങ്കിലും ഏത് ദിവസവും ഹർത്താൽ പ്രഖ്യാപിക്കാം. ഹർത്താൽ ദിവസം ടി.വി. ചാനലുകളിൽ സിനിമ കാണാനായി എല്ലാവരും വീട്ടിൽത്തന്നെയുണ്ടാകും. ശ്രീ. കെ. മുരളീധരൻ ഇവിടെ സൂചിപ്പിച്ചതുപോലെ, ആര് വിചാരിച്ചാലും കേരളം സ്തംഭിപ്പിക്കാൻ കഴിയുന്ന നിലയിലേക്ക് പോകുന്നത് ശരിയാണോ; ഹർത്താലിന്റെ മറവിൽ അക്രമങ്ങൾ നടത്തുന്നത് ശരിയാണോ; അക്രമത്തിന്റെ മറവിൽ നടക്കുന്ന മറ്റ് തെറ്റായ പ്രവണതകളെ നമുക്ക് പ്രോത്സാഹിപ്പിക്കാൻ കഴിയുമോ? അതുകൊണ്ടാണ് ജനങ്ങൾ ഹർത്താലിന് എതിരാകുന്നത്. അല്ലാതെ ജനാധിപത്യത്തിലെ പ്രതിഷേധത്തിന് എതിരായിട്ടല്ല ജനങ്ങൾ ചിന്തിക്കുന്നത്. ഹർത്താലിനെതിരെ ആളുകൾ ചിന്തിക്കുന്നതിനുകാരണം ഹർത്താലിന്റെ മറവിൽ അക്രമങ്ങൾ നടക്കുന്നതുകൊണ്ടാണ്. ഈ അക്രമങ്ങളിൽ എത്രയോ പേർ മരണപ്പെടുകയും കണ്ണ് നഷ്ടപ്പെടുകയും അംഗവിഹീനരാവുകയും ചെയ്തിട്ടുണ്ട്. ഊരും പേരുമില്ലാത്ത ആളുകൾ ഹർത്താൽ പ്രഖ്യാപിച്ച് ജനങ്ങളെ ബുദ്ധിമുട്ടിപ്പിക്കുന്ന നടപടികൾ, ഹർത്താലിന്റെ പേരിൽ നടക്കുന്ന അക്രമങ്ങൾ, ബലമായി കടകൾ അടപ്പിക്കുമ്പോൾ ഉണ്ടാകുന്ന സംഘട്ടനങ്ങൾ ഇവയൊക്കെക്കൊണ്ടാണ് ഒരു public opposition ഹർത്താലിനെതിരായി ഉയർന്നുവരുന്നത്. അതുകൊണ്ടാണ് കോടതിയും പൊതുസമൂഹവും ഇത്തരം തെറ്റായ പ്രവണതകൾക്കെതിരായി ശബ്ദിക്കാൻ തയ്യാറാകുന്നത്. അല്ലാതെ ഇവിടെ പ്രതിഷേധങ്ങൾക്ക് ആരും എതിരല്ല. പ്രത്യേകിച്ച് കേരളീയ സമൂഹം ജനാധിപത്യ അവകാശങ്ങൾക്ക് മുൻഗണന നൽകുന്ന ചിന്താശക്തിയുള്ള സമൂഹമാണ്. നമ്മുടെ സമൂഹത്തിൽ ഉയർന്നുവരുന്ന ഇത്തരം പ്രവണതകളെ ഗൗരവപൂർവ്വം കാണാതിരിക്കാൻ കഴിയില്ല. പ്രതിഷേധിക്കാനുള്ള അവകാശത്തെ പ്രതിഷേധിച്ചാൽ ആളുകൾ പൊട്ടിത്തെറിക്കുമെന്ന് ശ്രീ. എളമരം കരീം പറഞ്ഞത് ശരിയാണ്. ക്ലിഫ് ഹൗസിന്റെ മുന്നിൽ ഒരു വീട്ടമ്മ പൊട്ടിത്തെറിച്ചതെന്തിനാണ്? അവർക്ക് ക്ലിഫ് ഹൗസിന്റെ മുന്നിലൂടെ പോകാൻ കഴിയാതെ വന്നപ്പോൾ അവർ പൊട്ടിത്തെറിച്ചു. പ്രതിഷേധിക്കുന്ന ആളുകൾ മാത്രമല്ല വഴിമുടക്കി ജനങ്ങളുടെ സ്വാതന്ത്ര്യത്തെ ഹനിക്കുമ്പോൾ അവരും പൊട്ടിത്തെറിക്കാറുണ്ട്. പ്രതിഷേധം എന്നത് എല്ലാവർക്കുമുള്ളതാണ്. നമ്മൾ ഹർത്താൽ ആഹ്വാനം ചെയ്യുമ്പോൾ അതിൽ വിയോജിക്കാനുള്ള അവകാശം മറ്റുള്ളവർക്കില്ലേ? ആ വിയോജിപ്പിനെ

നമ്മൾ അംഗീകരിക്കുന്നില്ല, അവരെ നമ്മൾ മർദ്ദിക്കുന്നു. അത് എന്ത് ജനാധിപത്യമാണ്? വിയോജിക്കാനുള്ള അവകാശത്തെയും അതിനെതിരെ ചോദ്യം ചെയ്യാനുള്ള അവകാശത്തെയും അംഗീകരിച്ചുകൊടുക്കുകയെന്നത് ജനാധിപത്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്.

ശ്രീമതി കെ. കെ. ലതിക: സർ, നിർഭയ എന്ന് ഒരു പെൺകുട്ടിക്ക് പേര് വന്നതും ഇന്ത്യയിലും കേരളത്തിലെ നിയമസഭയിലും ഒരു നിയമം വന്നതും ഡൽഹിയിൽ നടന്ന വലിയൊരു പ്രക്ഷോഭത്തിന്റെ ഭാഗമായല്ലേ; അതൊരു വലിയ പൊട്ടിത്തെറി ആയിരുന്നില്ലേ; അത്തരം പ്രശ്നങ്ങൾ നമ്മുടെ നാട്ടിൽ ഉണ്ടാവില്ലേ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീമതി കെ. കെ. ലതിക പറഞ്ഞത് നൂറ് ശതമാനം ശരിയാണ്. ആ കുട്ടിയുടെ പേര് നിർഭയ എന്നല്ല. ദാരുണമായ ഒരു സംഭവത്തിന്റെ അടിസ്ഥാനത്തിലാണ് നിർഭയ എന്ന പേര് വന്നത്. അങ്ങനെയുള്ള സംഭവങ്ങൾ സാമൂഹ്യ വിപത്തുകളാണ്. അതിനെതിരെ ജനങ്ങൾ പ്രതിഷേധം പ്രകടിപ്പിക്കും എന്ന കാര്യത്തിൽ തർക്കമൊന്നുമില്ല, അതിന് ആരും എതിരല്ല. ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന വിപ്ലവകരമായ പരിവർത്തനം ജനാധിപത്യപരമായ മാർഗ്ഗത്തിലൂടെയാണ് ഈ രാജ്യത്ത് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ ഗാന്ധിജി ദണ്ഡി മാർച്ചും ക്വിറ്റ് ഇന്ത്യാ സമരവും തുടങ്ങിയത് ഒരു ദിവസം കൊണ്ടല്ല, മുൻകൂട്ടി പ്രഖ്യാപിച്ചാണ് തുടങ്ങിയത്. മിന്നൽ സമരങ്ങളല്ല ഗാന്ധിജി നടത്തിയത്. എന്നുമാത്രമല്ല, നിസ്സഹകരണ സമരം അക്രമാസക്തമായപ്പോൾ, ചൗരിചൗരയിൽ പോലീസ് സ്റ്റേഷൻ ആക്രമണത്തിൽ ഏതാനും പോലീസുകാരുടെ ജീവൻ നഷ്ടപ്പെട്ടപ്പോൾ മഹാത്മാഗാന്ധി 1922-ലെ സമരം പിൻവലിക്കുകയാണ് ചെയ്തത്. അതാണ് നമ്മുടെ മാതൃക. ആ മാതൃക നമുക്ക് സ്വന്തമാക്കാൻ കഴിയുമോ എന്നതാണ് കേരളീയ സമൂഹത്തിലെ ഇന്നത്തെ ചോദ്യം. ഇന്ന് അക്രമങ്ങൾക്ക് സ്ഥാനമില്ല. അക്രമം ആര് നടത്തിയാലും ജനങ്ങൾ അതിൽ പ്രതിഷേധിക്കുന്നു. മാറുന്ന കേരളത്തെ നാം കാണണം. നമ്മുടെ പുതിയ ചെറുപ്പക്കാർക്ക് ഇപ്പോൾ രാഷ്ട്രീയത്തോട് വലിയ താല്പര്യമൊന്നുമില്ല. നമ്മൾ മാതൃകകളായി മാറുന്നില്ലെങ്കിൽ ഈ ചെറുപ്പക്കാർ അരാഷ്ട്രീയവാദികളായി മാറും. അത് നമ്മൾ മനസ്സിലാക്കേണ്ട കാര്യമാണ്. ഇപ്പോൾ തീവ്രവാദത്തിലേക്ക് പോകുന്ന ചെറുപ്പക്കാരുടെ എണ്ണമാണ് കൂടുതൽ. ഭരണപക്ഷത്തുള്ളവരും പ്രതിപക്ഷത്തുള്ളവരും ഇക്കാര്യത്തെക്കുറിച്ച് ആലോചിക്കണം. കാലം മാറുന്നു, പഴയ സമരമാർഗ്ഗങ്ങൾക്ക് ഇപ്പോൾ പ്രസക്തിയില്ല. മാറുന്ന കാലത്തിനനുസരിച്ച് നമ്മുടെ ചിന്തകളും മാറണം. ഒരു തുറന്ന മനസ്സ് ഇക്കാര്യത്തിൽ ഭരണകക്ഷിക്കും പ്രതിപക്ഷത്തിനുമുണ്ടാകണം എന്നതാണ് എന്റെ അഭിപ്രായം. കാരണം ഇന്നത്തെ കാലത്ത് അനാവശ്യ സമരത്തിന് ആളുകളെ കിട്ടില്ല. ഞാൻ ഇങ്ങനെ പറഞ്ഞതിൽ തെറ്റിദ്ധാരണയൊന്നും വേണ്ട. ഞാൻ

9 വർഷം കെ.പി.സി.സി. പ്രസിഡന്റായിരുന്ന ആളാണ്. അനാവശ്യ സമരങ്ങൾക്ക് ആളിനെ കിട്ടുന്ന കാലം കഴിഞ്ഞു. പല പാർട്ടികളും ഞായറാഴ്ചകളിൽ സമരം നടത്തിയാൽ ആളിനെ കിട്ടുന്നില്ല. മാറുന്ന കാലത്തിനനുസരിച്ച് നമ്മളും മാറാൻ തയ്യാറാകുന്നില്ലെങ്കിൽ നമ്മളായിരിക്കും obsolete ആകുന്നത്. അതുകൊണ്ട് സമര മാർഗ്ഗങ്ങൾ ഏതുവേണമെന്ന് ആലോചിക്കണം. ഇവിടെ ഹർത്താൽ നിയന്ത്രിക്കുക മാത്രമാണ് ചെയ്യുന്നത്. അല്ലാതെ ഒരു പ്രതിഷേധത്തെയും ആരും എതിർക്കുന്നില്ല. പണിമുടക്കിനെയോ സമരങ്ങളെയോ പ്രതിഷേധിക്കാനുള്ള അവകാശത്തെയോ എതിർക്കുന്നില്ല. പക്ഷേ, I feel strongly, that time has come for a bold initiative. ഒരു പുതിയ ഇനിഷ്യേറ്റീവ് ഈ നാട്ടിലുണ്ടാകണമെന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു. ഒരു പുതിയ മാറ്റമുണ്ടാകണം. ഇവിടത്തെ ചെറുപ്പക്കാർക്ക് നമ്മുടെ നാട്ടിൽത്തന്നെ ജോലി കിട്ടാൻ അവസരമുണ്ടാകണം. അവർക്ക് കൂടുതൽ അവസരങ്ങൾ ഇവിടെ ലഭിക്കണം. അതിനായി ഇവിടെ ഇൻവെസ്റ്റ്മെന്റ് ഉണ്ടാകണം, ഇവിടെ കൂടുതൽ മുതൽ മുടക്കാൻ ആളുകൾ വരണം. അതുപോലെ സമൂഹത്തോട് വിശ്വസനീയമായ നിലയിൽ പ്രവർത്തിക്കാൻ സാധിക്കുന്ന കൾച്ചർ വളർത്തിയെടുക്കണം. ജപ്പാനിൽ ആളുകൾ പ്രതിഷേധിക്കുന്നത് കൂടുതൽ ജോലി ചെയ്താണ്. അവിടെയും പ്രതിഷേധമുണ്ട്. അവിടെ ഒരവധിയുമില്ല, അവരുടെ സ്വാതന്ത്ര്യത്തെ ആരും ഹനിച്ചതുമില്ല. ഏറ്റവും ജനാധിപത്യ സ്വാതന്ത്ര്യമുള്ള രാജ്യമാണ് ജപ്പാൻ. ഗവൺമെന്റുകളെ മാറിമാറി തെരഞ്ഞെടുക്കുന്ന രാജ്യമാണ് ജപ്പാൻ. ലോകചരിത്രത്തിൽ ഓരോ രാജ്യത്തെയും എടുത്താൽ നമുക്കത് കാണാൻ കഴിയും. ലോകത്തെമ്പാടും ഇന്ത്യയിലും മാറ്റം വരുന്നു. ശ്രീ. എ. കെ. ബാലൻ, ശ്രീ. ബുദ്ധദേവ് ഭട്ടാചാര്യയെ തള്ളി പറഞ്ഞല്ലോ.........

<u>ശ്രീ. എ. കെ. ബാലൻ:</u> ഞാൻ അദ്ദേഹത്തെ തള്ളിപ്പറഞ്ഞിട്ടില്ല. ഹർത്താലിനെതിരെ അദ്ദേഹം സ്വീകരിച്ച സമീപനത്തോട് യോജിപ്പില്ലെന്നാണ് പറഞ്ഞത്. ബഹുമാനപ്പെട്ട മന്ത്രി അങ്ങനെയൊരു തെറ്റായ പരാമർശം നടത്തരുത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u> : എനിക്ക് വ്യക്തിപരമായി അടുപ്പമുള്ള ആളാണ് അദ്ദേഹം. അദ്ദേഹം ഒരു നല്ല നേതാവാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കാലാകാലങ്ങളായി അവിടെ നടക്കുന്ന തെറ്റായ പ്രവണതകൾക്കെതിരെ മുഖ്യമന്ത്രിയെന്ന നിലയിൽ അദ്ദേഹം സംസാരിച്ചുവെന്നേയുള്ളൂ. നമ്മുടെ ആരുടെയും സർട്ടിഫിക്കറ്റ് ഇല്ലെങ്കിൽപ്പോലും ഒരു തികഞ്ഞ കമ്മ്യൂണിസ്റ്റുകാരനാണദ്ദേഹം. ശ്രീ. ബുദ്ധദേവ് ഭട്ടാചാര്യ, ശ്രീ. സോമനാഥ് ചാറ്റർജി തുടങ്ങിയവർ കാലത്തിനനുസരിച്ച് മാറാൻ ശ്രമിക്കുന്നു. അതൊരു നല്ല മാറ്റമാണ്. ഇതൊന്നും കാണാതെ നമ്മൾ ഇപ്പോഴും അടച്ചിട്ട വാതിലിനുള്ളിൽ കഴിയുകയാണ്. ആ വാതിൽ തുറന്ന് ലോകത്ത് നടക്കുന്ന സംഭവങ്ങൾ കാണണം. പുതിയ ചിന്തകൾ മുന്നോട്ടുവരികയും പുതിയ കാറ്റും

വെളിച്ചവും അകത്തേക്ക് പ്രവേശിക്കുകയും ചെയ്യണം. നമ്മുടെ നാട്ടിൽ ഉണ്ടായി കൊണ്ടിരിക്കുന്ന പഴഞ്ചൻ സമീപനങ്ങൾ മാറേണ്ട കാലം കഴിഞ്ഞു. പഴകിത്തുരുമ്പിച്ച ചിന്താഗതികളിൽ മാറ്റം വരുത്തിക്കൊണ്ട് ഓപ്പണായി ചർച്ച ചെയ്യാം. ബംഗാളിലെ കമ്മ്യൂണിസ്റ്റ് പാർട്ടി ചിന്തിക്കുന്നതുപോലെ നിങ്ങളും ചിന്തിക്കണമെന്നാണ് എന്റെ അഭിപ്രായം. താൽക്കാലികമായി പരാജയം ഉണ്ടായതുകൊണ്ട് ബംഗാളിൽ കമ്മ്യൂണിസ്റ്റ് പാർട്ടി ഇല്ലാതായെന്നുള്ള അഭിപ്രായമൊന്നും എനിക്കില്ല. തെരഞ്ഞെടുപ്പിൽ വിജയിക്കുകയോ പരാജയപ്പെടുകയോ ചെയ്യാം. എന്നുവച്ച് ഒരു പാർട്ടിയും ഇല്ലാതാകുന്നില്ല. കേരളം നാളെ എങ്ങോട്ട് പോകണമെന്ന് നമ്മൾ ചിന്തിക്കണം. ഇന്ന് കേരളം ചിന്തിക്കുന്നതാണ് നാളെ ഇന്ത്യ ചിന്തിക്കുന്നത്. അതുകൊണ്ട് അനാവശ്യമായ സമരങ്ങളും പ്രക്ഷോഭങ്ങളും അതുവഴി സമൂഹത്തിനും ജനങ്ങൾക്കും ഉണ്ടാകുന്ന നഷ്ടങ്ങളും കാണാതെ പോകാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം. ഇവിടെ പ്രധാനമായി പറഞ്ഞത്, നിയമത്തെക്കുറിച്ചുള്ള ഉത്കണ്ഠയാണ്. ഈ ബിൽ ആളുകളെ അറസ്റ്റ് ചെയ്യുന്നതിനും മറ്റും പോലീസിന് പുതിയ അധികാരം നൽകുന്നുവെന്ന് ശ്രീ. എളമരം കരീം, ശ്രീ. എ. കെ. ബാലൻ തുടങ്ങിയവർ പറയുകയുണ്ടായി. നിയമത്തിന്റെ 7-ാം വകുപ്പിൽ പറയുന്ന കുറ്റങ്ങൾ cognizable അല്ലാത്തതിനാൽ കോടതിയുടെ അനുമതി ഇല്ലാതെ കേസ് എടുക്കാനോ അറസ്റ്റ് ചെയ്യാനോ കഴിയില്ല. എന്നാൽ വ്യക്തികളെ ബലമായി തടയുന്ന കുറ്റത്തിന് 6 മാസം വരെയുള്ള തടവുശിക്ഷ സെക്ഷൻ 7(2)-ൽ പറയുന്നുണ്ട്. ഇത് ഐ.പി.സി. 342 പ്രകാരം പോലീസിന് നേരിട്ട് കേസ് എടുക്കാവുന്ന കുറ്റമാണ്. മാത്രമല്ല, ഐ.പി.സി. 342 പ്രകാരം അന്യായമായി തടഞ്ഞുവയ്ക്കുന്നതിന് ഒരു വർഷം വരെയുള്ള ശിക്ഷയുണ്ട്. ഇതുകാണിക്കുന്നത് നിയമം ഒട്ടും കഠിനമല്ലെന്നുള്ളത് തന്നെയാണ്. കാരണം ഐ.പി.സി.-യിൽ ഇപ്പോൾത്തന്നെ ഇത്തരം നിയമങ്ങൾ നിലവിലുണ്ട്. ഹർത്താൽ നിരോധനത്തെ സംബന്ധിച്ച് ഒരു അടഞ്ഞ മനസ്സ് ദയവായി പ്രതിപക്ഷത്തിന് ഉണ്ടാകരുത്. ഹർത്താലുകൾക്ക് നിയന്ത്രണം വേണമെന്ന് മാത്രമാണ് പറയുന്നത്. ഇക്കാര്യം എല്ലാ രാഷ്ട്രീയ പാർട്ടികളും ചർച്ചയ്ക്ക് വിധേയമാക്കണം. ഞാൻ നിങ്ങളെ ഉപദേശിക്കാൻ ആളല്ല. നമ്മളെല്ലാം രാഷ്ട്രീയ പ്രവർത്തകരും നേതാക്കന്മാരും ജനപ്രതിനിധികളുമാണ്. ഇന്നത്തെ പുതിയ തലമുറ നമ്മുടെ വികാരമാണോ പങ്കുവയ്ക്കുന്നതെന്ന് കുട്ടികളോട് ചോദിക്കണം. അതുകൊണ്ട് ഒരു തുറന്ന മനസ്സ് ഇക്കാര്യത്തിൽ ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. പ്രതിഷേധിക്കാനുള്ള ജനങ്ങളുടെ അവകാശത്തെ ആരെങ്കിലും ഇല്ലാതാക്കാൻ ശ്രമിച്ചാൽ നടക്കുന്ന സംസ്ഥാനമല്ല കേരളം. അതിന് ആരും മുന്നോട്ടുവരാറുമില്ല. എന്നാൽ ആയിരക്കണക്കിന് കോടി രൂപയുടെ നഷ്ടവും വാണിജ്യ-വ്യാപാര രംഗത്ത് ഉണ്ടാകുന്ന കഠിനമായ തകർച്ചയും പുതിയ ഇൻവെസ്റ്റ്മെന്റ്

വരാത്ത സംസ്ഥാനവുമായി കേരളം മുന്നോട്ടുപോയാൽ അത് എത്രമാത്രം ആപത്ക്കരമായിരിക്കുമെന്ന് ചിന്തിക്കണം. നമ്മുടെ കുട്ടികൾക്ക് ജോലി വേണമെങ്കിൽ ഗൾഫിലും മറ്റ് രാജ്യങ്ങളിലും പോകണം. ദൈവത്തിന്റെ സ്വന്തം നാട്ടിൽ നമ്മുടെ കുട്ടികൾക്ക് അവസരങ്ങൾ ഉണ്ടാക്കിക്കൊടുക്കാൻ എന്തുകൊണ്ട് ഭരണ-പ്രതിപക്ഷ ഭേദമെന്യേ നമുക്ക് ചിന്തിച്ചുകൂടാ ; എന്തുകൊണ്ട് ഇത്തരം അനാവശ്യ സമരങ്ങൾ നമുക്ക് ഒഴിവാക്കിക്കൂടാ? ശ്രീ. എ. പ്രദീപ്കുമാർ ഒരു നല്ല നിർദ്ദേശം പറഞ്ഞു. അതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ജനാധിപത്യത്തിന്റെ അന്തഃസത്ത പ്രതിഷേധിക്കാനുള്ള അവസരമായതുകൊണ്ട് ആ പ്രതിഷേധത്തിന്റെ വായ് മൂടിക്കെട്ടാനും കരിനിയമം പാസ്സാക്കാനും ആരും ആഗ്രഹിക്കുന്നില്ല. എന്നാൽ ജനാധിപത്യത്തിൽ reasonable restrictions ഉണ്ടാകേണ്ടത് പുരോഗമന സംസ്ഥാനമായ കേരളത്തിന് അനിവാര്യമാണ്. ഇന്ന് കേരളം ചിന്തിക്കുന്നതാണ് നാളെ ഇന്ത്യ ചിന്തിക്കുന്നതെന്നതുകൊണ്ടും ഒരു രാഷ്ട്രീയ പരീക്ഷണ ശാലയാണ് കേരളം എന്നുള്ളതുകൊണ്ടും ഇത്തരം നിയമങ്ങൾ പാസ്സാക്കിയാൽ നാളെ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് അത് മാതൃകയാകും. അതുവഴി നമുക്ക് പുരോഗതി കൈവരിക്കാൻ കഴിയുമെന്നുള്ള കാര്യത്തിൽ സംശയമില്ല. ഞാൻ അവസാനിപ്പിക്കുകയാണ്. നല്ല ഉദ്ദേശ്യത്തോടെയാണ് ഈ നിയമം ഇവിടെ കൊണ്ടുവന്നത്. ആ ഉദ്ദേശ്യശുദ്ധിയെ ചോദ്യം ചെയ്യരുത്. ഒരു ജനാധിപത്യ അവകാശത്തെയും തകർക്കാനോ, ഒരു വ്യക്തിസ്വാതന്ത്ര്യത്തിനും കൂച്ചുവിലങ്ങിടാനോ ആരുടെയും പ്രതിഷേധിക്കാനുള്ള അവകാശത്തിനുമേൽ കടന്നുകയറ്റം നടത്താനോ അല്ല, മാറുന്ന കേരളത്തിനും സമൂഹത്തിനും പുതിയ തലമുറയ്ക്കും പുതിയ ചിന്താഗതി വളർത്തിയെടുക്കാനും പുതിയ സമൂഹത്തെ ഉത്തരവാദിത്തമുള്ള സമൂഹമാക്കി മാറ്റുന്നതിനും വേണ്ടിയുള്ള ചിന്തയിൽ നിന്നാണ് യു.ഡി.എഫ്. ഇത്തരം നിയമത്തെക്കുറിച്ച് ചിന്തിച്ചത്. അതൊരിക്കലും തെറ്റാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഈ വിഷയം തുറന്ന മനസ്സോടെ സഭ ചർച്ച ചെയ്യണം. കൂടുതൽ ചർച്ചകൾ അനിവാര്യമാണെങ്കിൽ അതിനെ സ്വാഗതം ചെയ്യുന്നു. ആഭ്യന്തര മന്ത്രിയെന്ന നിലയിൽ എനിക്ക് ഇക്കാര്യത്തിൽ യാതൊരു പിടിവാശിയുമില്ല; ഒന്നും അടിച്ചേൽപ്പിക്കാൻ ആഗ്രഹിക്കുന്നില്ല. ബിൽ സബ്ജക്റ്റ് കമ്മിറ്റിക്ക് വിടണമെന്ന പ്രമേയമാണ് ആദ്യം അവതരിപ്പിച്ചതെങ്കിലും മുൻ കെ.പി.സി.സി. പ്രസിഡന്റ് കൂടിയായിരുന്ന ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച '2015-ലെ കേരള ഹർത്താൽ നിയന്ത്രണ ബിൽ സെലക്റ്റ് കമ്മിറ്റിക്ക് വിടണമെന്ന' ഭേദഗതി അംഗീകരിക്കാവുന്നതാണ്. ഈ ബിൽ ശ്രീ. ബെന്നി ബെഹനാൻ, ശ്രീ. വി. ഡി. സതീശൻ, ശ്രീ. കെ. ശിവദാസൻ നായർ, ശ്രീ. കെ. മുരളീധരൻ, ശ്രീ. എ. കെ. ബാലൻ, ശ്രീ. എളമരം കരീം, ശ്രീ. കെ. സുരേഷ് കുറുപ്പ്, ശ്രീ. റ്റി. എ. അഹമ്മദ് കബീർ, ശ്രീ. കെ. എൻ. എ. ഖാദർ, ശ്രീ. സി. ദിവാകരൻ,

ശ്രീ. വി. എസ്. സുനിൽ കുമാർ, ശ്രീ. റ്റി. യു. കുരുവിള, ശ്രീ. മാത്യു റ്റി. തോമസ്, ശ്രീ. എ. എ. അസീസ്, ശ്രീ. എം. വി. ശ്രേയാംസ് കുമാർ, ശ്രീ. എ. കെ. ശശീന്ദ്രൻ എന്നിവർ അംഗങ്ങളും ആഭ്യന്തര വകുപ്പുമന്ത്രി ചെയർമാനുമായ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഒരിക്കലും ഏതെങ്കിലും ഒരു നിയമം അടിച്ചേൽപ്പിക്കണമെന്നുള്ള ചിന്ത നമുക്കില്ല. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ കേരളീയ സമൂഹത്തിൽ ഒരു പുതിയ ചിന്തയ്ക്കും ബോൾഡ് ഇനിഷ്യേറ്റീവിനും വേണ്ടി തുറന്ന മനസ്സോടെ ചർച്ച ചെയ്യണം. ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ സെലക്ട് കമ്മിറ്റിക്ക് വിടണമെന്ന അഭിപ്രായത്തെ ഞാൻ അംഗീകരിക്കുന്നു. ഞാൻ അവതരിപ്പിച്ച '2015-ലെ കേരള ഹർത്താൽ നിയന്ത്രണ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം' പിൻവലിക്കുന്നു. കൂടുതൽ വിശദമായ ചർച്ചയ്ക്കും അഭിപ്രായങ്ങൾക്കും വേണ്ടി സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അടുത്ത നിയമസഭാ സമ്മേളനത്തിൽത്തന്നെ ഈ ബിൽ അവതരിപ്പിക്കാൻ കഴിയുന്ന നിലയിൽ എല്ലാവരുടെയും സഹായം അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച '2015-ലെ കേരള ഹർത്താൽ നിയന്ത്രണ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം' സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എളമരം കരീം അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ അംഗീകരിച്ചു.

2015-ലെ കേരള ഹർത്താൽ നിയന്ത്രണ ബിൽ, ബഹുമാനപ്പെട്ട മന്ത്രി നിർദ്ദേശിച്ച അംഗങ്ങൾ ഉൾപ്പെടുന്ന സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

## X ചട്ടം 130 പ്രകാരമുള്ള ഉപക്ഷേപം

മി. സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അങ്ങേയ്ക്ക് ചട്ടം 130 പ്രകാരമുള്ള ഉപക്ഷേപം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഭരണഘടനാ ശില്പിയായ ഡോ. ബി. ആർ. അംബേദ്കറുടെ 125-ാം ജന്മവാർഷികം രാജ്യവ്യാപകമായി ആചരിക്കുന്ന ഈ സന്ദർഭത്തിൽ കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ

വിഭാഗത്തിൽപ്പെട്ടവരും മറ്റ് പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവരും അഭിമുഖീകരിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച് നിയമസഭ ചർച്ച ചെയ്യണമെന്ന ഉപക്ഷേപത്തിനാണ് ഞാൻ നോട്ടീസ് നൽകിയിട്ടുള്ളത്. ഞാൻ അത് അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ഉപക്ഷേപം അവതരിപ്പിച്ചിരിക്കുന്നു. അങ്ങേയ്ക്ക് സംസാരിക്കാവുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നമ്മുടെ രാജ്യത്തിന്റെ അഭിമാനമായ ഡോ. ബി. ആർ. അംബേദ്കറുടെ 125-ാം ജന്മവാർഷികം ഒരു വർഷം നീണ്ടു നിൽക്കുന്ന പരിപാടിയോടുകൂടിയാണ് രാജ്യം ആചരിച്ചുകൊണ്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി പാർലമെന്റ് തന്നെ കഴിഞ്ഞ ദിവസം നമ്മുടെ ഭരണഘടനയെ സംബന്ധിച്ച് ചർച്ച ചെയ്യുന്ന ദിനത്തിൽ ഡോ. ബി. ആർ. അംബേദ്കറെ അനുസ്മരിക്കുകയുണ്ടായി. സംസ്ഥാന നിയമസഭ ഡോ. ബി. ആർ. അംബേദ്കറെ 125-ാം ജന്മവാർഷിക സന്ദർഭത്തിൽ അനുസ്മരിക്കുകകൂടിയാണ് ഇത്തരമൊരു ഉപക്ഷേപംവഴി ചെയ്യുന്നത്. ഡോ. ബി. ആർ. അംബേദ്കർ നമ്മുടെ ലോകം കണ്ട ഏറ്റവും വലിയ പ്രതിഭകളിൽ ഒരാളായിരുന്നു. 65 വർഷം മാത്രമാണ് അദ്ദേഹം ജീവിച്ചത്. 1891 ഏപ്രിൽ 14-ന് മദ്ധ്യപ്രദേശിൽ അദ്ദേഹം ജനിച്ചു. 1956 ഡിസംബർ 6-ന് അദ്ദേഹം അന്തരിക്കുകയും ചെയ്തു. കുട്ടിക്കാലത്തുതന്നെ ഏറ്റവും നല്ല ഒരു വിദ്യാർത്ഥിയെന്ന നിലയിൽ അദ്ദേഹം ശ്രദ്ധിക്കപ്പെട്ടതിനെ തുടർന്നാണ് അദ്ദേഹത്തിന്റെ ബ്രാഹ്മണനായ അദ്ധ്യാപകൻ തന്റെ ശിഷ്യന്റെ അത്ഭുതകരമായ പ്രതിഭാവിലാസം കണ്ട് സ്വന്തം പേര് അംബേവാഡ്ക്കർക്ക് നൽകുന്ന സ്ഥിതി വിശേഷമുണ്ടായത്. ബറോഡ മഹാരാജാവ് അനുവദിച്ച സ്കോളർഷിപ്പോടുകൂടി പഠിച്ച അംബേദ്കർ ചരിത്രം, നരവംശ ശാസ്ത്രം, ധനതത്വ ശാസ്ത്രം, തത്വശാസ്ത്രം, സോഷ്യോളജി, ബാങ്കിംഗ്, നിയമം ഇത്തരം ശാഖകളിലെല്ലാം ബിരുദാനന്തര ബിരുദവും ചില ശാഖകളിൽ പി.എച്ച്.ഡി.യും നേടിക്കൊണ്ടും ആ കാലത്തുതന്നെ അതിപ്രശസ്തനായിട്ടുള്ള ഒരു ബുദ്ധിപ്രതിഭ എന്നുള്ള നിലയിൽ അറിയപ്പെടുന്ന ഒരു വ്യക്തിയായിരുന്നു. പീഡിപ്പിക്കപ്പെടുന്ന ഇൻഡ്യൻ ജനതയുടെ മോചനവും ഉയർച്ചയും ലക്ഷ്യമാക്കിക്കൊണ്ട് ജീവിതകാലം മുഴുവൻ ഡോ. ബി. ആർ. അംബേദ്കർ പോരാടി. 'ഞാനൊരു ഹിന്ദുവായി ജനിച്ചു, എന്നാൽ ഞാനൊരു ഹിന്ദുവായി മരിക്കില്ല' എന്ന് പ്രഖ്യാപിച്ച മഹാനായിരുന്നു ഡോ. ബി. ആർ. അംബേദ്കർ. ഹിന്ദുമതത്തിലെ ചാതുർവർണ്ണ്യ മേധാവിത്വം അനുഭവിച്ച് മടുത്ത അദ്ദേഹം 1936-ൽ ഹിന്ദുമതംതന്നെ ഉപേക്ഷിച്ചുകൊണ്ട് ബുദ്ധമതം സ്വീകരിക്കുകയാണ് ചെയ്തത്. അദ്ദേഹത്തിന് എല്ലാകാര്യത്തിലും സ്വന്തമായിട്ടുള്ള ഒരു പ്രത്യേക നിലപാടുണ്ടായിരുന്നു. ബ്രിട്ടീഷ് ഭരണകാലത്തെ സൈമൺ കമ്മീഷനെ കോൺഗ്രസ് ബഹിഷ്കരിക്കുകയും മഹാത്മഗാന്ധി ഉൾപ്പെടെയുള്ളവർ സൈമൺ

കമ്മീഷൻ ബഹിഷ്കരിക്കുവാൻ ആഹ്വാനം ചെയ്യുകയും ചെയ്തു. എന്നാൽ ഡോ. ബി. ആർ. അംബേദ്കർ, സൈമൺ കമ്മീഷന്റെ മുമ്പിൽ ഹാജരായി പൂർണ്ണ സ്വാതന്ത്ര്യത്തിനുവേണ്ടി വാദിച്ചു. ഒന്നാം വട്ടമേശ സമ്മേളനത്തിൽ പങ്കെടുത്ത ഡോ. ബി. ആർ. അംബേദ്കർ നമ്മുടെ രാജ്യത്തിന്റെ പൂർണ്ണ സ്വാതന്ത്ര്യം എന്ന മുദ്രാവാക്യം മുന്നോട്ടുവയ്ക്കാൻ കിട്ടിയ അവസരങ്ങൾ ഉപയോഗിക്കണമെന്ന ഒരു കാഴ്ചപ്പാടാണ് ആ കാലഘട്ടത്തിൽ സ്വീകരിച്ചിരുന്നത്. അദ്ദേഹം ഇൻഡിപെൻഡന്റ് ലേബർ പാർട്ടി എന്നൊരു പാർട്ടി ബോംബെയിൽ രൂപീകരിച്ച് അവിടത്തെ ലെജിസ്ലേറ്റീവ് കൗൺസിലിൽ പ്രധാന പ്രതിപക്ഷ പാർട്ടിയായി പ്രവർത്തിച്ചിട്ടുണ്ട്. ഡോ. ബി. ആർ. അംബേദ്കർക്ക് ഒരു പ്രത്യേകതയുണ്ടായിരുന്നു, തൊഴിലാളിവർഗ്ഗ അവകാശം നിഷേധിക്കുന്നതിനെതിരെ ബോംബെ അസംബ്ലിയിൽ അവതരിപ്പിച്ച ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ബിൽ ശക്തമായി എതിർത്തത് അദ്ദേഹമാണ്. നേരത്തെ ഇവിടെ ഹർത്താൽ നിയന്ത്രണ ബിൽ കൊണ്ടുവന്ന ദിവസംതന്നെയാണ് ഡോ. ബി. ആർ. അംബേദ്കറെക്കുറിച്ചും നാം സ്മരിക്കുന്നതെന്നത് ഈ സന്ദർഭത്തിൽ നാം ഓർക്കണം. ഇത്തരത്തിൽ പണിമുടക്കാനുള്ള അവകാശം തൊഴിലാളികളുടെ ജന്മാവകാശമാണ് എന്നാണ് ഡോ. ബി. ആർ. അംബേദ്കർ അന്ന് ബോംബെ നിയമസഭയിൽ ഇതുസംബന്ധിച്ച് നടത്തിയ പ്രസംഗത്തിൽ പ്രഖ്യാപിച്ചത്. തൊഴിലാളി വിരുദ്ധ നിലപാടുകൾ സ്വീകരിക്കുന്നതിനെതിരെ ഡോ. ബി. ആർ. അംബേദ്കർ കമ്മ്യൂണിസ്റ്റ് നേതാക്കന്മാർക്കൊപ്പം തൊഴിലാളികളുടെ കോളനികളിൽപ്പോയി പ്രവർത്തിച്ചു. എസ്. എ. ഡാങ്കെ, ബി. റ്റി. രണദിവെ, നിംകർ, പസൂൽക്കർ എന്നീ കമ്മ്യൂണിസ്റ്റ് നേതാക്കന്മാരുമായി ചേർന്ന് തൊഴിലാളി മാർച്ചിന് ഡോ. ബി. ആർ. അംബേദ്കർ നേതൃത്വം കൊടുത്തത് ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 1944-ൽ പ്രസിദ്ധീകരിച്ച 'Who were Shudras' (ശൂദ്രർ ആരായിരുന്നു) എന്ന അംബേദ്കറുടെ പുസ്തകം കോളിളക്കം സൃഷ്ടിച്ചു. 1947 ഏപ്രിൽ 29-ന് അയിത്തോച്ചാടനത്തിനു വേണ്ടി ഇൻഡ്യൻ ഭരണഘടനയുടെ പതിനേഴാം വകുപ്പ് സർദാർ വല്ലഭായ് പട്ടേലിനെകൊണ്ട് കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിൽ അവതരിപ്പിച്ച് പാസ്സാക്കിയതിൽ ഡോ. ബി. ആർ. അംബേദ്കർ പ്രധാനമായ പങ്കുവഹിച്ചു. 1947 ആഗസ്റ്റിൽ ആദ്യ നെഹ്റു മന്ത്രിസഭയിൽ അദ്ദേഹം നിയമ വകുപ്പിന്റെ മന്ത്രിയായി ചുമതല ഏറ്റെടുത്തു. 1947 ആഗസ്റ്റ് 29-ന് കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിൽ അദ്ദേഹത്തെ ഭരണഘടനയുടെ ഡ്രാഫ്റ്റിംഗ് കമ്മിറ്റി ചെയർമാനായി തെരഞ്ഞെടുക്കുകയാണുണ്ടായത്. 1949 നവംബർ 26-ന് കോൺസ്റ്റിറ്റ്യൂന്റ് അസംബ്ലി ഭരണഘടന അംഗീകരിക്കുകയും ചെയ്തു. 1951 ഫെബ്രുവരി 5-ന് അദ്ദേഹം അവതരിപ്പിച്ച ഹിന്ദു കോഡ് ബിൽ ആദ്യം പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പിന്താങ്ങി. പിന്നെ കോൺഗ്രസ് പാർട്ടി പിന്തുണ പിൻവലിച്ചു. ഇതിൽ പ്രതിഷേധിച്ചുകൊണ്ടാണ് ഡോ. ബി. ആർ. അംബേദ്കർ, നെഹ്റു മന്ത്രിസഭയിൽനിന്ന് 1951 സെപ്റ്റംബർ മാസം 27-ന് രാജിവച്ച് പോയത്.

ഇൻഡ്യൻ ഭരണഘടനയുടെ അടിസ്ഥാന ശിലയായ ജനാധിപത്യം, മതേതരത്വം, സ്വതന്ത്ര പരമാധികാരം എന്നിവ ഉയർത്തിപ്പിടിക്കുന്നതിനുവേണ്ടി പ്രവർത്തിച്ച മഹാനായ ഡോ. ബി. ആർ. അംബേദ്കറെ രാജ്യമാകെ അനുസ്മരിച്ചു കൊണ്ടിരിക്കുമ്പോൾ, അധഃസ്ഥിത ജനവിഭാഗത്തിനുവേണ്ടി പോരാടിയ അംബേദ്കറുടെ സ്മരണ പുതുക്കുന്ന ഈ സന്ദർഭത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ ഇപ്പോഴും എന്താണ്? നമ്മൾ സ്വാതന്ത്ര്യം നേടി ഏഴ് പതിറ്റാണ്ടുകൾ പൂർത്തിയാകാൻ പോകുന്ന സന്ദർഭത്തിലെങ്കിലും എസ്‌സി./എസ്‌ടി. ജനവിഭാഗത്തിന്റെ പ്രശ്നങ്ങളിൽ നമുക്ക് നീതി പുലർത്താൻ കഴിഞ്ഞിട്ടുണ്ടോ? ഇതിനെക്കുറിച്ച് ഈ സന്ദർഭത്തിലെങ്കിലും നിയമസഭ ഗൗരവമായി ചർച്ച ചെയ്യേണ്ടതായിട്ടുണ്ട്. കഴിഞ്ഞ ദിവസം മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തൊരു കാര്യം ഇവിടെ പലരും പറഞ്ഞതാണെങ്കിലും, കണ്ണൂർ ജില്ലയിലെ പേരാവൂർ, തിരുവോണപ്പുറം, അമ്പലക്കുഴി കോളനിയിലെ ആദിവാസികുട്ടികൾ മാലിന്യ കൂമ്പാരത്തിൽനിന്ന് ഭക്ഷണം തെരഞ്ഞെടുത്തുവെന്ന വാർത്ത മനുഷ്യ മനസ്സാക്ഷിയെ ഞെട്ടിപ്പിക്കുന്നതല്ലേ; കേരളത്തിലാണിത് നടന്നത്. മാലിന്യ കൂമ്പാരത്തിൽനിന്ന് ഭക്ഷണം തെരഞ്ഞെടുക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കൊച്ചുകുട്ടികൾ. ഡോ. ബി. ആർ. അംബേദ്കറെ നാം സ്മരിക്കുമ്പോൾ ഇന്നും നാം എവിടെയാണ് എത്തിനിൽക്കുന്നത്; ഇത് കേരളത്തിലെ എല്ലാ ജനവിഭാഗങ്ങളേയും കണ്ണുതുറപ്പിക്കേണ്ടതല്ലേ? സ്കൂൾ തുറന്ന് ഒരുമാസം കൊണ്ട് വയനാട്ടിൽ പഠനം നിർത്തിയ ആദിവാസികുട്ടികളുടെ എണ്ണം 200, ആദിവാസി മന്ത്രിയുടെ നാടാണ്, എസ്.ടി. വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിയുടെ നാടാണ് വയനാട്. അവിടെയാണ് 200 കുട്ടികൾ പഠനം നിർത്തിയത്. ഇടുക്കിയിൽ പഠനം നിർത്തിയത് 40 കുട്ടികൾ, കാസർഗോഡ് 11 കുട്ടികൾ എന്നിങ്ങനെയാണ് കണക്ക്. ഈ പട്ടികവർഗ്ഗ സ്കൂളിൽ പഠിച്ച കുട്ടികൾക്ക് എന്തുകൊണ്ട് പഠനം നിർത്തേണ്ടി വന്നു? സ്കൂളിൽ പോകേണ്ട കുട്ടികൾക്ക് ഇന്നും സ്കൂളിൽ പോകാനുള്ള സൗകര്യം ഇല്ലെങ്കിൽ നമ്മുടെ രാജ്യത്തിന്റെ സ്ഥിതിയെന്താണ്? ഇടുക്കിയിൽ പഠനം നിർത്തിയ 40 കുട്ടികളും എസ്‌ടി. വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളാണെന്നുള്ള കാര്യം നാം ഓർക്കണം. പാലക്കാട് 64 കോളനികളിലായി 200 പേരാണ് പഠനം നിർത്തിയതായുള്ള റിപ്പോർട്ട് പുറത്തുവന്നിട്ടുള്ളത്. ആദിവാസി എസ്.ടി. വിഭാഗത്തിൽപ്പെട്ട കുട്ടികൾ പഠിക്കുന്ന സ്കൂളുകൾ, ഹോസ്റ്റലുകൾ ഒക്കെ കാലിത്തൊഴുത്തുപോലുള്ള കേന്ദ്രങ്ങളല്ലേ ? ഈ ദുഃസ്ഥിതിയിലേക്ക് നമ്മുടെയും ഈ സഭയുടെയും ഈ ഗവൺമെന്റിന്റെയും ശ്രദ്ധ തിരിച്ചുവിടാനുള്ള സമയം അതിക്രമിച്ചില്ലേ? ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തി നോക്കിയാൽ കേരളം മുന്നിലാണ്. എസ്‌സി./എസ്‌ടി. മേഖലയിലുള്ള സ്ഥിതി വിശേഷം പരിശോധിച്ചാൽ മറ്റ് സംസ്ഥാനങ്ങളിലുള്ള സ്ഥിതിയല്ല കേരളത്തിലെ അവസ്ഥയെന്നുള്ള കാര്യം വസ്തുതയാണ്. പക്ഷെ കേരളത്തിലെ മറ്റ്

ജനവിഭാഗങ്ങളിൽ വന്ന വളർച്ച എസ്‌സി./എസ്ടി മേഖലയിലുണ്ടായിട്ടുണ്ടോ? ഇതാണ് നാം പരിശോധിക്കേണ്ട പ്രധാനമായിട്ടുള്ള കാര്യം. കേരളത്തിൽ 'കില' നടത്തിയ സർവ്വേ റിപ്പോർട്ട് അനുസരിച്ച് 25154 കുടുംബങ്ങൾക്ക് സ്വന്തമായി ഇനിയും ഭൂമിയില്ല. 4,153 കുടുംബങ്ങൾക്ക് സ്വന്തമായി പാർപ്പിടമില്ല. അതിൽ 86,318 കുടുംബങ്ങൾക്ക് സ്വന്തമായി ടോയ്‌ലറ്റ് സംവിധാനമില്ല. ഇതാണ് പട്ടികജാതി വിഭാഗത്തിലെ അവസ്ഥ. ആകെയുള്ള 26,342 പട്ടികജാതി സങ്കേതങ്ങളിൽ 21,449 എണ്ണത്തിനും പൊതുശ്മശാനം ഇല്ല. മരിച്ചാൽ കുഴിച്ചിടാൻ സ്ഥലമില്ലാത്ത അവസ്ഥ ഇന്നും തുടരുന്ന പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ അനുഭവിക്കുന്ന ദുഃഖം നമ്മുടെ ദുഃഖമായി കാണണം. ഈ ദുഃഖത്തിന് പരിഹാരം കാണാനാണ് നമ്മൾ ശ്രമിക്കേണ്ടത്. പട്ടികജാതിക്ഷേമ വകുപ്പും പട്ടികവർഗ്ഗ വകുപ്പും ഓരോ വർഷവും അനുവദിക്കുന്ന തുക പൂർണ്ണമായി ചെലവഴിക്കുന്നുണ്ടോ? പ്ലാൻ ഫണ്ട് പോലും കൃത്യമായി ചെലവഴിക്കുന്നില്ല. ഇവിടെ ലഭിച്ച റിപ്പോർട്ടുകൾ പരിശോധിച്ചു നോക്കുമ്പോൾ 52 ശതമാനം മാത്രമാണ് പട്ടികജാതി പട്ടികവർഗ്ഗ മേഖലയ്ക്ക് അനുവദിക്കപ്പെടുന്ന തുക ചെലവഴിക്കപ്പെടുന്നത്. വിജ്ഞാൻവാടിയുടെ നിർമ്മാണത്തിനുവേണ്ടി പോലീസ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ നൽകിയ 50 കോടി രൂപ ഇതുവരെ ചെലവഴിച്ചിട്ടില്ല. ജലരേഖയായി നിൽക്കുകയാണ്. പട്ടികജാതി വിഭാഗത്തിന്റെ ഉന്നമനത്തിനുവേണ്ടി പ്രഖ്യാപിച്ച ആയിരം വിജ്ഞാൻവാടികളിൽ നൂറെണ്ണംപോലും പൂർത്തിയായിട്ടില്ലെന്നാണ് റിപ്പോർട്ട്.

വിദ്യാഭ്യാസാനുകൂല്യങ്ങൾ, ഗവേഷണ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് എന്നിവ കൃത്യമായി കൊടുക്കുന്നില്ല. ശ്രീ. കെ. രാധാകൃഷ്ണൻ മന്ത്രിയായിരുന്ന സമയത്ത് നല്ല രീതിയിൽ പരിപാലിച്ചുവന്നതും ശ്രീ. എ. കെ. ബാലനും നല്ല നിലയിൽ കൈകാര്യം ചെയ്തതുമായിരുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ. അതും നാഥനില്ലാകളരിയായി. എയ്ഡഡ് കോളേജുകളിൽ ജോലി ചെയ്യുന്ന 6802 അദ്ധ്യാപകൻമാരിൽ 49 പേർ മാത്രമാണ് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ. പട്ടികവർഗ്ഗത്തിൽപ്പെട്ട 5 അദ്ധ്യാപകർ മാത്രമാണ് ഇന്ന് കോളേജുകളിൽ പഠിപ്പിക്കുന്നത്. 3774 അനദ്ധ്യാപകരിൽ പട്ടികജാതിക്കാർ വെറും 39 പേർ മാത്രമാണ്. എവിടെയാണ് സാമൂഹ്യനീതി ? എവിടെയാണ് പത്ത് ശതമാനം സംവരണം നടപ്പാക്കപ്പെട്ടിട്ടുള്ളത്. അർഹതപ്പെട്ട ആനുകൂല്യംപോലും കിട്ടാത്ത ഒരു ജനവിഭാഗമായി പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗം തുടരുന്നുവെന്നതിന്റെ തെളിവല്ലേ ഇത്. കേരളത്തിലെ എയ്ഡഡ് സ്കൂളുകളിൽ ഒരു ലക്ഷത്തിൽപ്പരം അദ്ധ്യാപകരുണ്ട്. അതിൽ 355 പേർ മാത്രമാണ് പട്ടികജാതി വിഭാഗത്തിലുള്ള അദ്ധ്യാപകർ. അനദ്ധ്യാപകർ 165 പേർ മാത്രമാണ്. എയ്ഡഡ് മേഖലയ്ക്കുവേണ്ടി സർക്കാർ ഖജനാവിൽ നിന്നല്ലേ പണം കൊടുക്കുന്നത്. എയ്ഡഡ് കോളേജിലെയും

എയ്ഡഡ് സ്കൂളിലെയും അദ്ധ്യാപകർക്ക് മാനേജ്മെന്റ് അവരുടെ വീട്ടിൽ നിന്നല്ലല്ലോ പണം കൊടുക്കുന്നത്. സർക്കാർ ഖജനാവിൽനിന്നുള്ള ഫണ്ട് കൊടുക്കുന്ന സ്കൂളുകളിൽ പോലും ഇത്രയും നാമമാത്രമായ ആളുകൾക്ക് മാത്രമേ സാമൂഹ്യനീതി എന്ന് പ്രഖ്യാപിക്കുന്ന നമ്മുടെ നാട്ടിൽ കടന്നുവരാൻ കഴിഞ്ഞിട്ടുള്ളൂ. പ്രതിവർഷം 8,000 കോടി രൂപ ചെലവഴിക്കുന്ന മേഖലയിൽ പത്ത് ശതമാനം ആനുകൂല്യം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് അർഹതപ്പെട്ടതല്ലേ, അത് കിട്ടുന്നുണ്ടോ? ഗവൺമെന്റ് സ്ഥാപനങ്ങളിൽ മാത്രമാണ് എസ്സി/എസ്ടി സംവരണം നടപ്പിലാക്കുന്നത്. എയ്ഡഡ് മേഖലയിൽ എസ്സി/ എസ്ടി സംവരണം നടപ്പിലാക്കണം. അത് നടപ്പാക്കാൻ ഇച്ഛാശക്തിയോടുകൂടി തീരുമാനമെടുക്കണം. എതിർപ്പുണ്ടാകും, മാനേജ്മെന്റുകളും വിദ്യാഭ്യാസ കച്ചവടക്കാരും എതിർക്കും, നമ്മൾ വകവയ്ക്കരുത്. ഹൈക്കോടതി വിധി വന്നു. ബഹുമാനപ്പെട്ട കോടതി എയ്ഡഡ് മേഖലയിൽ എസ്സി./എസ്ടി. സംവരണം നടപ്പിലാക്കണം എന്നു പറഞ്ഞില്ലേ? എന്തുകൊണ്ടാണ് നമുക്ക് നടപ്പിലാക്കാൻ കഴിയാത്തത്. ഇവിടെ ഞാൻ ഒരു സ്വകാര്യ ബില്ലിന് നോട്ടീസ് കൊടുത്തു. ബഹുമാനപ്പെട്ട മന്ത്രി അന്ന് പറഞ്ഞു, എനിക്ക് തുറന്ന മനസ്സാണുള്ളതെന്ന്. ഞങ്ങൾ അനുകൂലമാണ്. നിങ്ങളും അനുകൂലിച്ചാൽ നമുക്ക് അത് പാസ്സാക്കിയെടുത്തുകൂടേ? എതിർപ്പ് വന്നാൽ നമുക്ക് ഒന്നിച്ച് നേരിടാം. കേരളത്തിലെ വിദ്യാഭ്യാസ കച്ചവടക്കാർ അതിനെ എതിർക്കും. സമൂഹ്യനീതിയുടെ മുന്നിൽനിന്ന് നമുക്ക് മാറിനിൽക്കാൻ സാധിക്കുമോ? എസ്സി./ എസ്ടി. വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് എയ്ഡഡ് മേഖലയിലെ സ്കൂളുകളിലും കോളേജുകളിലും പത്ത് ശതമാനം സംവരണം നടപ്പാക്കണം. അതിന് ഇച്ഛാശക്തിയോടുകൂടി തീരുമാനമെടുക്കണം. ആ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രി കോൺഗ്രസ്സാണ്. കോൺഗ്രസ് പാർട്ടിക്ക് ഇക്കാര്യത്തിൽ ഒരു നയമില്ലേ? നിങ്ങളുടെ ഇലക്ഷൻ മാനിഫെസ്റ്റോയിൽ പറഞ്ഞതല്ലേ? എന്തുകൊണ്ട് നിങ്ങൾ സ്വകാര്യമേഖലയിൽ സംവരണം നടപ്പിലാക്കുന്നില്ല. ഹൈക്കോടതി വിധിയുണ്ടായിട്ടും കോൺഗ്രസ് മാനിഫെസ്റ്റോയിൽ പറഞ്ഞിട്ടും നാലരക്കൊല്ലം ഭരണം പൂർത്തിയാക്കാൻ പോകുന്ന ഈ സന്ദർഭത്തിലെങ്കിലും നിങ്ങൾക്ക് എന്തുകൊണ്ട് ഈ തീരുമാനം നടപ്പിലാക്കാൻ സാധിക്കുന്നില്ല. ഇനിയും നമുക്ക് എസ്സി./എസ്ടി. വിഭാഗത്തിൽപ്പെട്ടവരെ കബളിപ്പിക്കുവാൻ കഴിയുമോ? ഈ ചോദ്യത്തിന് നമ്മളെല്ലാവരും ഉത്തരം പറയേണ്ടതാണ്. ഇത്രയും കാലം നമുക്ക് കഴിഞ്ഞില്ല. ഇനിയെങ്കിലും ഈ തെറ്റ് തിരുത്തേണ്ടേ? അതിനുവേണ്ടി നിങ്ങൾ ഒരു നിയമം കൊണ്ടുവരൂ. ഇടതുപക്ഷ ജനാധിപത്യമുന്നണി നിങ്ങളെ പൂർണ്ണമായി പിന്തുണയ്ക്കാം. അതിന്റെ പേരിൽ വിദ്യാഭ്യാസകച്ചവടക്കാരിൽനിന്നു വരുന്ന എതിർപ്പുകളെ നമുക്ക് ഒരുമിച്ച് നേരിടാം. അതിനുവേണ്ടിയുള്ള നിലപാട് സ്വീകരിക്കാൻ നിങ്ങൾ തയ്യാറുണ്ടോ? ഡോ. ബി. ആർ. അംബേദ്ക്കറുടെ 125-ാം

ജൻമവാർഷികം ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ എയ്ഡഡ് മേഖലയിൽ, സ്വകാര്യ മേഖലയിൽ സംവരണം നടപ്പിലാക്കാൻ തീരുമാനിച്ചുകൊണ്ടായിരിക്കണം ഡോ. ബി. ആർ. അംബേദ്ക്കറോട് ഈ സഭ നീതി പുലർത്തേണ്ടത്. അങ്ങനെയാണ് നമ്മുടെ നിലപാടുകൾ ഉയർത്തിപ്പിടിക്കാൻ സാധിക്കുക. എല്ലാകാര്യത്തിലും ഇന്ത്യയ്ക്ക് മാതൃക കാണിക്കുന്ന, നിയമനിർമ്മാണം കൊണ്ടുവന്ന കേരള നിയമസഭ ഡോ. ബി. ആർ. അംബേദ്ക്കറുടെ 125-ാം ജൻമവാർഷികം ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ ഈക്കാര്യത്തിൽ ഒരു തീരുമാനം പ്രഖ്യാപിച്ചുകൊണ്ടായിരിക്കണം ഈ സഭാസമ്മേളനം അവസാനിപ്പിക്കേണ്ടത്.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ 4735 ജീവനക്കാരിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർ 85 പേർ മാത്രമാണ്. അതായത് 1.5 ശതമാനം മാത്രമാണ്. കൊച്ചിൻ ദേവസ്വം ബോർഡിൽ 1434 ജീവനക്കാരിൽ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട 73 പേരാണുള്ളത്. മലബാർ ദേവസ്വം ബോർഡിൽ 6,320 പേരിൽ എത്ര പേർ ഈ വിഭാത്തിലുണ്ടെന്നതിന്റെ കണക്ക് പോലും ചോദിച്ചിട്ട് കിട്ടിയില്ല. കൂടൽമാണിക്യം, ഗുരുവായൂർ ദേവസ്വം എന്നിവിടങ്ങളിലുള്ള ജീവനക്കാരുടെ സ്ഥിതിയും ഇതുതന്നെയാണ്, കണക്കുപോലുമില്ല. ബഹുമാനപ്പെട്ട ഹൈക്കോടതി തന്നെ പറഞ്ഞ ഇത്തരം മേഖലകളിൽ ദേവസ്വം ബോർഡിൽ, എയ്ഡഡ് മേഖലയിലെങ്കിലും ഇത് നടപ്പിലാക്കിക്കൂടെ. ഇടതുപക്ഷ ഭരണകാലത്ത് ശ്രീ. ജി. സുധാകരൻ മന്ത്രിയായിരുന്നപ്പോൾ ഇവിടെ ഒരു നിയമം കൊണ്ടുവന്നു, ദേവസ്വം ബോർഡ് നിയമനങ്ങൾ മുഴുവൻ പി.എസ്.സി.-ക്ക് വിട്ടു. നിങ്ങൾ അത് എടുത്തുമാറ്റിയില്ലേ. എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവർക്ക് ആ നിയമ പ്രകാരം കിട്ടുമായിരുന്ന സംവരണംപോലും നിങ്ങൾ ഇല്ലാതാക്കിയില്ലേ. അത് റിക്രൂട്ട്മെന്റ് ബോർഡിന് വിട്ടിരിക്കുകയല്ലേ. പോലീസ് നിയമനം പി.എസ്.സി.-യിൽ നിന്ന് എടുത്തുമാറ്റി റിക്രൂട്ട്മെന്റ് ബോർഡിനെ ഏൽപ്പിക്കുകയാണെന്ന വാർത്ത ഇപ്പോൾ ഞാൻ പത്രത്തിൽ കണ്ടു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, യാതൊരുകാരണവശാലും അങ്ങനെയില്ല. പി.എസ്.സി. വഴി മാത്രമേ നിയമനം നടത്തുകയുള്ളൂ. റിക്രൂട്ട്മെന്റ് ബോർഡ് എന്ന ആശയം വന്നപ്പോൾ ശക്തമായി ഞാൻ എതിർത്തു. അങ്ങനെയൊരു പരിപാടി വേണ്ടെന്നു പറഞ്ഞു. പി.എസ്.സി.-യിലൂടെ മാത്രമേ നിയമനം നടത്തൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ശരിയാണ്. ഇങ്ങനെയുള്ള ആശയങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ശ്രീ. വി. എസ്. ശിവകുമാർ നിയമനം റിക്രൂട്ട്മെന്റ് ബോർഡിന് വിട്ടുകഴിഞ്ഞു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ആദ്യമായി സംവരണം വരികയാണ്. സംവരണമില്ലാത്ത ഒരു സംവിധാനമായിരുന്നു. റിക്രൂട്ട്മെന്റ് ബോർഡ് വന്നതിനുശേഷമാണ് കേരളത്തിലെ മുഴുവൻ ദേവസ്വം ബോർഡിലും സംവരണതത്വം പാലിച്ചുകൊണ്ടുള്ള നിയമനം നടക്കാൻ പോകുന്നത്.

ശ്രീ. ജി. സുധാകരൻ: സർ, നിങ്ങൾ ഏത് രാജ്യത്താണ് ജീവിക്കുന്നത്. പി.എസ്.സി.-യിലല്ലേ സംവരണം ഔദ്യോഗികമായി നടപ്പിലാക്കുന്നത്. ഇക്കാര്യം ചർച്ചാ വിഷയമല്ല. എങ്കിലും ഇങ്ങനെയൊന്നും പറയരുത്. പി.എസ്.സി വഴിയുള്ള നിയമനം എടുത്തുകളഞ്ഞശേഷം, പി.എസ്.സി.യല്ലേ ഏറ്റവും വലുത്. പി.എസ്.സി.-യെക്കാളും വലുതാണോ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, ആ നയം തന്നെയാണ് റിക്രൂട്ട്മെന്റ് ബോർഡിലും നടപ്പിലാക്കിയിട്ടുള്ളത്. അവിടെയുള്ള നോൺ ഹിന്ദുസായിട്ടുള്ളത് മെറിറ്റിലേയ്ക്ക് വിട്ടു. അത് മനസ്സിലാക്കാതെ സംസാരിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സംവരണതത്വം കൃത്യമായി നടപ്പിൽ വരുത്തുന്ന ഏജൻസി പി.എസ്.സി. മാത്രമാണ്. എന്തുകൊണ്ടാണ് നിയമനം പി.എസ്.സി.-ക്ക് വിടണമെന്ന് പറയുന്നത്. പി.എസ്.സി. സമ്പൂർണ്ണമായി സംവരണം നടപ്പിലാക്കിയേ ചെയ്യുകയുള്ളു എന്നുള്ളതുകൊണ്ടല്ലേ. സാമൂഹ്യനീതി ഉറപ്പുവരുത്താനല്ലേ പി.എസ്.സി.ക്ക് വിടണമെന്ന് പറയുന്നത്. കേരളത്തിൽ സഹകരണ ബാങ്കിലെ നിയമനവും പി.എസ്.സി.-ക്ക് വിട്ട സ്റ്റേറ്റാണ് ഇത്. യൂണിവേഴ്സിറ്റി നിയമനം ചില മേഖലയിൽ പി.എസ്.സി.-ക്ക് നൽകി കൊണ്ടിരിക്കുകയാണ്. കഴിഞ്ഞദിവസം നമ്മൾ ആ ബിൽ കണ്ടു. ഈ സാഹചര്യത്തിലാണ് എയ്ഡഡ് മേഖലയിലെ നിയമനം ഇപ്പോഴും പി.എസ്.സി.-ക്ക് വിടാത്തത്. അക്കാര്യത്തിൽ നമ്മൾ മാതൃക കാണിക്കണം. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 3585 പട്ടികജാതിക്കാർ പീഡനത്തിന് വിധേയമായിയെന്ന റിപ്പോർട്ട് പുറത്തു വന്നിരിക്കുകയാണ്. 2286 പേർ ആത്മഹത്യ ചെയ്തു. ആത്മഹത്യ ചെയ്യുന്നതിൽ കൂടുതൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട സ്ത്രീകളാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട 560 സ്ത്രീകളാണ് ആത്മഹത്യ ചെയ്തത്. നമ്മുടെ സംസ്ഥാനത്ത് 58 പട്ടികജാതി സ്ത്രീകൾ കൊലചെയ്യപ്പെട്ടു. ഈ കണക്കുകൾ പരിശോധിക്കുമ്പോൾ കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗം തുല്യതയിലേക്ക് വന്നിട്ടില്ല. ഈ സന്ദർഭത്തിൽ സംവരണത്തിനെതിരായിട്ടുള്ള ചില പ്രഖ്യാപനങ്ങൾ വന്നുകൊണ്ടിരിക്കുന്നുണ്ട്. ആർ.എസ്.എസ്.-ന്റെ തലവൻ മോഹൻ ഭാഗവത് പറഞ്ഞു, നിലവിലുള്ള സംവരണംതന്നെ എടുത്തുകളയണമെന്ന്. ഒരുകാരണവശാലും നിലവിലുള്ള സംവരണം എടുത്തുകളയാൻ പാടില്ല. പട്ടികജാതി/

പട്ടികവർഗ്ഗ സംവരണം തുടരണം. പിന്നോക്ക വിഭാഗങ്ങൾക്ക് ഇന്ന് അനുവദിച്ചിട്ടുള്ള സംവരണം തുടരണം. ഓരോ മേഖലയ്ക്കും കിട്ടുന്ന സംവരണത്തിന് ഒരു കുറവും വരുത്താതെ മുന്നോക്ക സമുദായത്തിലെ പാവപ്പെട്ടവർക്കും ഒരു നിശ്ചിത ശതമാനം സംവരണം കൊടുക്കണം. അത് നിയമസഭയ്ക്ക് ചെയ്യാൻ കഴിയില്ല. അതിന് ഭരണഘടന ഭേദഗതി ചെയ്യണം. അങ്ങനെയൊരു ഭരണഘടനാ ഭേദഗതി കൊണ്ടു വരണമെന്ന ആവശ്യം കേരള നിയമസഭ കേന്ദ്രത്തോട് ആവശ്യപ്പെടണം. അങ്ങനെ പാവപ്പെട്ടവരിൽ പാവപ്പെട്ടവർക്ക് ഉദ്യോഗനിയമനത്തിന്റെ ആദ്യപരിഗണന ലഭിച്ചു കൊണ്ടുമാത്രമേ ഇവിടെ സാമൂഹ്യനീതി നടപ്പിലാക്കാൻ കഴിയുകയുള്ളൂ. ഗുജറാത്തിൽ നടക്കുന്ന കലാപം നമ്മൾ കേട്ടതാണ്. പട്ടിക വിഭാഗത്തിനെ ഒ.ബി.സി. ആക്കണമെന്നുപറഞ്ഞുകൊണ്ടുള്ള സമരം നടക്കുന്നതിന്റെ പിന്നിലുള്ള കാരണം, ഒ.ബി.സി. ആക്കാൻ വേണ്ടിയല്ല, സംവരണത്തിനെതിരായിട്ടുള്ള കലാപമാണ് ആർ.എസ്.എസ്.-ന്റെ നേതൃത്വത്തിൽ ആരംഭിച്ചിരിക്കുന്നത്. ഇത് നമ്മൾ വളരെ ശ്രദ്ധിക്കണം. നിലവിലുള്ള സംവരണം എടുത്തുകളയാൻവേണ്ടി നടത്തുന്ന യാതൊരു നീക്കവും സാമൂഹ്യനീതിയെ അട്ടിമറിക്കാനും ഇവിടെ സവർണ്ണ മേധാവിത്വം തിരിച്ചുകൊണ്ടുവരാനും വേണ്ടിയാണ്. സാമൂഹ്യ നീതി ഉറപ്പുവരുത്താൻ കഴിയില്ലായെന്നുവന്നതുകൊണ്ടല്ലേ ഡോ. ബി. ആർ അംബേദ്കർക്ക് ഹിന്ദുമതം വിട്ട് ബുദ്ധമതത്തിൽ ചേരേണ്ടിവന്നത്. ആ തത്വശാസ്ത്രത്തിന്റെ, മനുസ്മൃതിയുടെ ആളുകൾ, ആർ.എസ്.എസ്. ഇന്ന് കേന്ദ്രത്തിൽ അധികാരത്തിൽ വന്ന സാഹചര്യം ഉപയോഗിച്ചുകൊണ്ട് സംവരണത്തിനെതിരായിട്ടുള്ള വെല്ലുവിളി ഉയർത്തിയിരിക്കുകയാണ്. സംവരണ ത്തിനെതിരായി നടക്കുന്ന യാതൊരു നീക്കത്തേയും സർവ്വശക്തിയും ഉപയോഗിച്ച് എതിർക്കണം. കേരള നിയമസഭയ്ക്ക് ഇത്തരം കാര്യങ്ങളിൽ ഒന്നിച്ചുനിൽക്കാൻ സാധിക്കുമോ; നമുക്ക് ഇന്ത്യയ്ക്ക് മാതൃക കാണിക്കാൻ സാധിക്കുമോ? ഇന്ന് പല കേന്ദ്രങ്ങളിൽനിന്നും ഉയർന്നുവരുന്ന സംവരണ വിരുദ്ധ നീക്കങ്ങളെ ചെറുത്ത് തോൽപ്പിക്കണം. അത് സാദ്ധ്യമാകണമെങ്കിൽ മുന്നോക്ക സമുദായത്തിലെ ഏറ്റവും പാവപ്പെട്ടവർക്ക് പത്തുശതമാനം സംവരണമെങ്കിലും അനുവദിച്ചുകൊണ്ട് ഏറ്റവും പാവപ്പെട്ടവനെ തമ്മിലടിപ്പിക്കാൻ നടത്തുന്ന ഇത്തരം നീക്കങ്ങളെ പരാജയപ്പെടുത്തണം.

ശ്രീ. രമേശ് ചെന്നിത്തല : സർ, ഭരണഘടനാ ഭേദഗതിയില്ലാതെ ഇത് നടക്കുന്ന കാര്യമല്ല. തമിഴ്നാട് ഉൾപ്പെടെ പല സംസ്ഥാനങ്ങളും നടപ്പിലാക്കിയിട്ടും അത് നടപ്പാകാതിരിക്കുന്നതിന് കാരണം സുപ്രീംകോടതി 50 ശതമാനം സീൽ ചെയ്തിരിക്കുന്നതുകൊണ്ടാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, ഒരു ഭരണഘടനാ ഭേദഗതി കൊണ്ടുവന്നാൽ മാത്രമേ ഇത് നടപ്പിലാക്കാൻ കഴിയുകയുള്ളൂവെന്ന്. പിന്നോക്ക സമുദായത്തിൽപ്പെട്ടവർക്ക് സംവരണം അനുവദിച്ച

കൊണ്ടുള്ള ഉത്തരവ് കൊണ്ടുവന്നത് വി. പി. സിംഗ് സർക്കാരാണ്. പിന്നീട് നരസിംഹറാവുവിന്റെ കാലത്ത് ഇതുസംബന്ധിച്ച് ചില ആലോചനകൾ വന്നു. വി. പി. സിംഗ് കൊണ്ടുവന്ന ഉത്തരവ് നരസിംഹറാവു പിന്നീട് നടപ്പാക്കി. അങ്ങനെയാണ് നമ്മുടെ രാജ്യത്ത് അത് പ്രാവർത്തികമായത്. ആ ഘട്ടത്തിൽ തന്നെ ഭരണഘടനാ ഭേദഗതി കൊണ്ടുവന്ന് മുന്നോക്ക സമുദായത്തിലെ പാവപ്പെട്ടവർക്ക് സംവരണം കൊടുക്കണമെന്നൊരു പ്രശ്നമുണ്ടായിരുന്നു. പക്ഷെ കോൺഗ്രസ്സിന് അത് ചെയ്യാൻ കഴിഞ്ഞില്ല. ബി.ജെ.പി. ആണെങ്കിൽ ഇപ്പോൾ ചെയ്യാനും പോകുന്നില്ല. കാരണം, അവർ സംവരണത്തിനുതന്നെ എതിരാണ്. ഈ സാഹചര്യത്തിൽ കേരളത്തിൽ ഈ ആവശ്യം നമുക്ക് മുന്നോട്ടുവയ്ക്കാൻ കഴിയും. ഭരണഘടനാ ഭേദഗതി കൊണ്ടുവരണം. അങ്ങനെയൊരു പ്രശ്നം നമ്മൾ എടുക്കുന്നില്ലെങ്കിൽ എല്ലാ വിഭാഗത്തിലുംപെട്ട ഏറ്റവും പാവപ്പെട്ടവനെ ഉദ്യോഗത്തിന്റെ പേരുപറഞ്ഞുകൊണ്ട് തമ്മിലടിപ്പിക്കുന്ന നീക്കം നമ്മൾ തടയണം. ഇപ്പോൾ ഒരു തസ്തികയിൽ അപേക്ഷ ക്ഷണിച്ചാൽ എത്രയധികം ആളുകളാണ് അപേക്ഷിക്കുന്നത്. കഴിഞ്ഞ ദിവസം പത്രത്തിൽ ഒരു വാർത്ത കണ്ടു. ഉത്തർപ്രദേശിലെ സെക്രട്ടേറിയറ്റിൽ പ്യൂണിന്റെ 368 ഒഴിവുകൾക്ക് ഓൺലൈൻവഴി അപേക്ഷ ക്ഷണിച്ചപ്പോൾ 23 ലക്ഷം പേരാണ് അപേക്ഷിച്ചത്. അതിൽ ഒന്നര ലക്ഷം ബിരുദധാരികളും 25000 ബിരുദാനന്തര ബിരുദധാരികളും ആണ്. എല്ലാ സമുദായത്തിലുംപെട്ട ആളുകളാണ് അപേക്ഷ കൊടുക്കുന്നത്. ജോലി കിട്ടാത്തവർ വിചാരിക്കുന്നത് സംവരണമില്ലാത്തതുകൊണ്ടാണ് എനിക്ക് ജോലി കിട്ടാത്തത് എന്നാണ്. രാജ്യത്ത് മതപരവും ജാതീയപരവുമായുള്ള ചിന്താഗതി വളർത്തിയെടുക്കാൻ ആസൂത്രണമായി ശ്രമിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്ത് കരുതലോടുകൂടി കൈകാര്യം ചെയ്യേണ്ടൊരു വിഷയമാണിത്. അതുകൊണ്ട് നിലവിലുള്ള സംവരണം നിലനിർത്തുകയും പുതിയ മേഖലകളിലും സ്വകാര്യ മേഖലകളിലുംകൂടി സംവരണം വ്യാപിപ്പിക്കുകയും വേണം. ഇന്ന് പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം ഇല്ലാതായിക്കൊണ്ടിരിക്കുകയും ഗവൺമെന്റ് സർവ്വീസിൽ ഉദ്യോഗനിയമനങ്ങൾ കുറഞ്ഞുവരികയുമാണ്. ഈ സന്ദർഭത്തിൽ കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളെയും പിന്നോക്ക വിഭാഗങ്ങളെയും സഹായിക്കാൻ സ്വകാര്യമേഖലയിൽകൂടി സംവരണം കൊണ്ടു വരണം. ഇന്ന് അർഹമായിട്ടുള്ള 10 ശതമാനം എസ്‌സി./എസ്ടി. സംവരണം നടപ്പാക്കാത്ത മേഖലകൾ ഉണ്ടെങ്കിൽ അവിടെ ബന്ധപ്പെട്ട ആളുകളെ നിയമിക്കാൻ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണം. അങ്ങനെ ഡോ.ബി.ആർ. അംബേദ്കറുടെ 125-ാമത്തെ ജന്മവാർഷികം ആഘോഷിക്കുന്ന ഈ സന്ദർഭത്തിൽ കേരളം ഇന്ത്യയ്ക്ക് മാതൃക കാണിക്കണം. അതിന് സഹായകമായിട്ടുള്ള തീരുമാനം ഗവൺമെന്റ് കൈക്കൊള്ളണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതിനുവേണ്ടി ഇത്തരം ഒരു പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

700 PM]

<u>ശ്രീ. വി. ഡി. സതീശൻ :</u> സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഈ പ്രമേയത്തിന്റെ പല ഭാഗത്തേയും ഞാൻ പിന്തുണയ്ക്കുകയാണ്. എന്നാൽ ചില കാര്യങ്ങളിൽമാത്രം എനിക്ക് വിയോജിപ്പുണ്ട്. അത് ഞാനിവിടെ പ്രകടിപ്പിക്കാം. ഡോ. ബി. ആർ. അംബേദ്കർ നമ്മുടെ രാജ്യത്തിന്റെ അഭിമാനകരമായ പൈതൃകത്തിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്. യുഗപ്രഭാവനായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ 125-ാമത് ജന്മദിനാഘോഷം ലോകമെമ്പാടും ആചരിച്ചതിനുശേഷമാണ് ഇന്ത്യയുടെ പ്രഥമ നിയമ വകുപ്പുമന്ത്രിയായിരുന്ന ഡോ. ബി. ആർ. അംബേദ്കറിന്റെ 125-ാമത് ജന്മവാർഷികം ലോകംമുഴുവൻ ആചരിക്കുന്നത്. ഇന്ത്യൻ സ്വാതന്ത്ര്യ സമരം സമാനതകളില്ലാത്ത ഒരു സ്വാതന്ത്ര്യ സമരമായിരുന്നു. ലോകത്ത് ഒരുപാട് രാജ്യങ്ങളിൽ വിമോചന പോരാട്ടങ്ങൾ നടന്നിട്ടുണ്ടെങ്കിലും ആ പോരാട്ടങ്ങളൊന്നുമായും സമാനതകളില്ലാത്ത സ്വാതന്ത്ര്യ സമരമായിരുന്നു ഇന്ത്യയുടേത്. കാരണം, അത് കേവലം രാഷ്ട്രീയ സ്വാതന്ത്ര്യത്തിനു വേണ്ടി മാത്രം നടന്ന ഒരു സമരമായിരുന്നില്ല. രാഷ്ട്രീയ സ്വാതന്ത്ര്യത്തിനുവേണ്ടി നടന്ന സമരത്തോടൊപ്പംതന്നെ സാമൂഹ്യ നീതിക്കുവേണ്ടിയുള്ള പോരാട്ടംകൂടി സമാന്തരമായി ദേശീയ സ്വാതന്ത്ര്യ സമരത്തോടൊപ്പം നടന്നിരുന്നു. അതാണ് മഹാത്മാഗാന്ധിയും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും നേതൃത്വം കൊടുത്ത ആ സ്വാതന്ത്ര്യ സമരത്തിന്റെ സവിശേഷതകൾ. രാജ്യത്തിന് രാഷ്ട്രീയ സ്വാതന്ത്ര്യം കിട്ടാനുള്ള പോരാട്ടം ഒരു വശത്തുനടക്കുമ്പോൾ നൂറ്റാണ്ടുകളോളം ജീവിതത്തിന്റെ പിന്നാമ്പുറങ്ങളിൽ മാത്രം ജീവിക്കാൻ വിധിക്കപ്പെട്ട ജനസമൂഹങ്ങളെയും ജനപഥങ്ങളേയും ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് തിരിച്ചുകൊണ്ടുവരാൻ വേണ്ടിയുള്ള ഒരു സമരം കൂടിയാണ് സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായുണ്ടായത്. അതുകൊണ്ടാണ് ആ സ്വാതന്ത്ര്യസമരത്തിനു ശേഷംവന്ന ഇന്ത്യൻ ഭരണഘടന ആ സ്വാതന്ത്ര്യ സമരത്തിന്റെ ഉൽപ്പന്നമാണ് എന്ന് നമ്മൾ അഭിമാനിക്കുന്നത്. സ്വാതന്ത്ര്യംകിട്ടി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ആയപ്പോൾ ഇന്ത്യയുടെ പ്രഥമ നിയമമന്ത്രിയാകാൻ നിയോഗിക്കപ്പെട്ടത് ഡോ. ബി. ആർ. അംബേദ്കറെയാണ്. കോൺഗ്രസ് നേതാക്കന്മാരായിരുന്ന മഹാത്മാ ഗാന്ധിയുമായും ജവഹർലാൽ നെഹ്റുവുമായും ഡോ. ബി. ആർ. അംബേദ്കറിന് പല കാര്യങ്ങളിലും അഭിപ്രായ വ്യത്യാസം ഉണ്ടായിരുന്നുവെങ്കിലും നിയമജ്ഞൻ, പണ്ഡിതൻ, ഭരണതന്ത്രജ്ഞൻ, സാമ്പത്തിക വിദഗ്ദ്ധൻ എന്നൊക്കെയുള്ള നിലയിൽ ആ വലിയ മനുഷ്യന് അംഗീകാരം കൊടുക്കാൻ കാണിച്ച സാതന്ത്ര്യസമര നേതാക്കന്മാരുടെ വിശാല മനസ്കതകൂടി ഇന്നുള്ള രാഷ്ട്രീയ നേതൃത്വം ആലോചിക്കേണ്ടതാണ്,

അതിനെക്കുറിച്ച് പഠിക്കേണ്ടതാണ്. പല കാര്യങ്ങളിലും അഭിപ്രായ വ്യത്യാസമുണ്ടായിട്ടും ഒരു മന്ത്രിസഭ രൂപീകരിച്ചപ്പോൾ ആ മന്ത്രിസഭയിലെ നിയമ വകുപ്പുമന്ത്രി ആക്കുക മാത്രമല്ല ചെയ്തത്, ആ വർഷംതന്നെ ഭരണഘടനാ അസംബ്ലി പ്രഖ്യാപിക്കപ്പെട്ടപ്പോൾ ആ ഭരണഘടനാ അസംബ്ലിയിലെ ഡ്രാഫ്റ്റിംഗ് കമ്മിറ്റിയുടെ ചെയർമാനായി നിയമിച്ചത് ഡോ. ബി. ആർ. അംബേദ്കറെയാണ്. ആ ഭരണഘടനാ അസംബ്ലി നമുക്കറിയാം. ഇന്ത്യയിലെ പ്രഗത്ഭരായ നിയമജ്ഞന്മാർ പങ്കെടുത്ത് നടത്തിയ ഡിബേറ്റുകൾ ഇന്ന് അസംബ്ലിയുടെ പ്രൊസീഡിംഗ്സായി മാറിയിരിക്കുകയാണ്. ഇന്ന് ഭരണഘടനയുമായി ബന്ധപ്പെട്ട ഏത് വകുപ്പുകളെ കുറിച്ച് സംശയമുണ്ടായാലും എന്തായിരുന്നു ആ നിയമത്തിന്റെ ഇന്റൻഷൻ, എന്തായിരുന്നു ആ ആർട്ടിക്കിളിന്റെ പുറകിലുള്ള ഉദ്ദേശ ശുദ്ധി എന്ന് നമുക്ക് മനസ്സിലാകത്തക്കത്തരത്തിലുള്ള പണ്ഡിതോചിതമായ, ലോകത്ത് ഒരു രാജ്യത്തു പോലും ഒരുപക്ഷെ നടക്കാൻകഴിയാത്ത തരത്തിലുള്ള ഗൗരവതരമായ ചർച്ചകളാണ് ആ ഭരണഘടനാ അസംബ്ലിയിൽ നടന്നത്. അങ്ങനെയുള്ള മനോഹരമായ ഒരു പൈതൃകത്തിൽ ചവിട്ടിക്കൊണ്ടാണ് നമ്മൾ നിൽക്കുന്നത് എന്നുള്ള അഭിമാന ബോധം ഇന്ന് ഈ രാജ്യത്തെ മുഴുവൻ പാർലമെന്റേറിയൻമാർക്കും ഉണ്ടാകണം എന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന. എന്തായിരിക്കണം ഭരണഘടന എന്നതിനെ സംബന്ധിച്ച് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഭരണഘടനാ അസംബ്ലിയെ അഭിസംബോധന ചെയ്തുകൊണ്ടു നടത്തിയ ഉജ്ജ്വലമായ ഒരു പ്രസംഗമുണ്ട്. ശ്രീ. എളമരം കരീമും ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഉൾപ്പെടെ പല അംഗങ്ങളും ആ ഭരണഘടനയുടെ Preamble-മായി ബന്ധപ്പെട്ട ചില വിശദീകരണങ്ങൾ ഇവിടെ നടത്തുകയുണ്ടായി. മറ്റു രാജ്യങ്ങളിലൊക്കെ പോകുമ്പോൾ പലരും അവരവരുടെ ഭരണഘടനയെക്കുറിച്ച് സംസാരിക്കുമ്പോൾ ഞങ്ങളുടെ ഭരണഘടന നിഷ്പക്ഷമാണ്, ആരുടെയും പക്ഷം പിടിക്കാത്ത ഭരണഘടനയാണെന്ന് പറയുമ്പോൾ നമുക്ക് അഭിമാനത്തോടെ പറയാൻ കഴിയുന്നത് നമ്മുടെ ഭരണഘടന നിഷ്പക്ഷമല്ല, സാധാരണക്കാരന്റെ പക്ഷം പിടിക്കുന്ന ഭരണഘടനയാണ് എന്നാണ്. പല കാരണങ്ങൾ കൊണ്ട് വർഷങ്ങളായി നീതി നിഷേധിക്കപ്പെട്ട മനുഷ്യരെക്കൂടി ജീവിതത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ വേണ്ടിയുള്ള ശ്രമങ്ങൾ നടത്തുന്ന ഒരു ഭരണഘടനയാണിത്. നീതി നിഷേധിക്കപ്പെട്ട ആളുകളെ മെയിൻസ്ട്രീമിലേക്ക് കൊണ്ടുവരുവാൻ വേണ്ടി സംവരണതത്വമെന്ന ഒരു പുതിയ തത്വമുണ്ടായത് നമ്മുടെ ഭരണഘടനയിലൂടെയാണ്. ലോകത്താകമാനമുള്ളവർക്ക് മാതൃകയായി ആ സംവരണതത്വം വ്യാഖ്യാനിക്കപ്പെട്ടു. അതുപോലെ മൗലിക സ്വാതന്ത്ര്യത്തിന് ഇത്രമാത്രം പ്രാധാന്യം കൊടുത്ത മറ്റൊരു ഭരണഘടന

ഉണ്ടാകില്ല. ഇന്ന് ഹർത്താൽ ബില്ലുമായി ബന്ധപ്പെട്ട് നടത്തിയ ചർച്ച, മൗലിക സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട് വിട്ടുവീഴ്ചയില്ലാതെ നമ്മൾ ഓരോരുത്തരും നടത്തിയ പോരാട്ടം ഇതെല്ലാം ആ ഭരണഘടനയെ അടിസ്ഥാനമാക്കിയാണ് എന്നത് നാം വിസ്മരിക്കരുത്. അതുപോലെ അയിത്തം നിരോധിച്ചതും എല്ലാ തരത്തിലുമുള്ള വിവേചനങ്ങൾ ഇല്ലാതാക്കാനുംവേണ്ടി നടത്തിയ ശ്രമം, സാമൂഹ്യ-സാമ്പത്തിക അസമത്വം ഇല്ലാതാക്കാൻവേണ്ടി നടത്തിയ ശ്രമം ഇതെല്ലാം പ്രത്യേകമായ പരിഗണന അർഹിക്കുന്ന കാര്യങ്ങളാണ്. നിയമജ്ഞൻ എന്നുള്ള നിലയിലും ഭരണഘടനാ വിദഗ്ദ്ധൻ എന്നുള്ള നിലയിലും നിയമമന്ത്രി എന്നുള്ള നിലയിലുമാണ് കൂടുതലായി ഡോ. ബി. ആർ. അംബേദ്കർ അറിയപ്പെടുന്നത്. യഥാർത്ഥത്തിൽ അദ്ദേഹം ഒരു ധനശാസ്ത്ര വിദഗ്ധനായിരുന്നു. വിദേശത്ത് പോയി ധനതത്വശാസ്ത്രത്തിൽ ഡോക്ടറേറ്റ് കിട്ടിയ ആദ്യത്തെ പട്ടികജാതിക്കാരനല്ല, ആദ്യത്തെ ഇന്ത്യാക്കാരനാണ് അദ്ദേഹം. സാമൂഹ്യ-സാമ്പത്തിക മാറ്റത്തിനുവേണ്ടിയിട്ടുള്ള നിലപാട്, രൂപയുടെ വിനിമയ മൂല്യത്തെ സംബന്ധിച്ച് ആധികാരികമായ ചില പ്രബന്ധങ്ങൾ, അതുപോലെ ധനകാര്യ കമ്മീഷന്റെ രൂപീകരണം, കുടുംബാസൂത്രണത്തിനു വേണ്ടിയുള്ള ദേശീയ നയത്തിന്റെ രൂപീകരണം ഇതിന്റെയെല്ലാം പിറകിൽ ഡോ. ബി. ആർ. അംബേദ്കർ എന്ന പണ്ഡിതന്റെ കയ്യൊപ്പുണ്ടായിരുന്നു. 1948-ലെ ഐ.ഡി. ആക്ട് (ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട് ആക്ട്), ഇന്ന് രാവിലെ ചർച്ചയിൽ സൂചിപ്പിച്ചതാണ്. അതുൾപ്പെടെ പൈലറ്റ് ചെയ്തത് ഡോ. ബി. ആർ. അംബേദ്കർ ആയിരുന്നു. ഏറ്റവും രസകരമായ കാര്യം, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ രൂപീകരിക്കാൻ വേണ്ടിയുള്ള നിർദ്ദേശങ്ങൾ; ആ ഐഡിയ ബ്രൂട്ട് ചെയ്തത് യഥാർത്ഥത്തിൽ ഡോ. ബി. ആർ. അംബേദ്കർ ആയിരുന്നു. പൗരസ്വാതന്ത്ര്യത്തിനുവേണ്ടിയിട്ടുള്ള അദ്ദേഹത്തിന്റെ നിലപാടുകൾ, സോഷ്യലിസ്റ്റ് കാഴ്ചപ്പാടുകൾ, അതിന്റെയെല്ലാം പിന്നിൽ വലിയ ഒരു ലക്ഷ്യമുണ്ടായിരുന്നു. ഏറ്റവും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ കൂടി മറ്റുള്ളവരോടൊപ്പം കൈപിടിച്ച് നടത്തിക്കാൻവേണ്ടി നടത്തിയ ആ ശ്രമങ്ങളാണ് യഥാർത്ഥത്തിൽ ഡോ. ബി. ആർ. അംബേദ്കറുടെ 125-ാമത് ജന്മവാർഷികാഘോഷത്തോടനുബന്ധിച്ച് ഈ സഭയും നമ്മുടെ രാജ്യവും ചർച്ച ചെയ്യേണ്ടത്. ഭരണഘടനയിൽ നമ്മൾ ലക്ഷ്യമാക്കിയിട്ടുള്ള കാര്യങ്ങൾ, സ്വാതന്ത്ര്യസമര നേതാക്കന്മാർ, അറിയുന്നവരും അറിയപ്പെടാത്തവരുമായ പതിനായിരക്കണക്കിന് സ്വാതന്ത്ര്യസമര സേനാനികൾ അവരുടെ ചോര കൊണ്ടെഴുതി വച്ച നമ്മുടെ സ്വാതന്ത്ര്യം, അവർ കൊണ്ടുവന്ന മതേതരത്വം. മതേതരത്വം എന്നുള്ള വാക്ക് ആകാശത്തുനിന്ന് ഒരു സുപ്രഭാതത്തിൽ പൊട്ടിവീണ വാക്കാണോ? ആ വാക്കിന്റെയൊക്കെ പിന്നിലുള്ള വികാരങ്ങൾ വളരെയധികമാണ്. അർദ്ധരാത്രി

സ്വാതന്ത്ര്യം പ്രാപിച്ചപ്പോൾ, ലോകം മുഴുവൻ ഉറങ്ങുമ്പോൾ എന്റെ ഇന്ത്യ, നമ്മുടെ ഇന്ത്യ സ്വാതന്ത്ര്യത്തിലേക്ക് ഉണരുകയാണ് എന്ന് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പ്രഖ്യാപനം നടത്തുമ്പോൾ മഹാത്മാഗാന്ധി ഹിന്ദുക്കളും മുസൽമാൻമാരും തമ്മിലടിച്ച നവഖാലിയിലെ തെരുവുകളിലൂടെ അവരുടെ കബന്ധങ്ങൾ ചവിട്ടിക്കൊണ്ട്, ചോരച്ചാലുകൾ ചവിട്ടിക്കൊണ്ട് നടക്കുകയായിരുന്നു. അദ്ദേഹത്തിന്റെ ചുണ്ടിൽനിന്ന് വന്ന വാക്കാണ് മതേതരത്വം എന്ന വാക്ക്; സോഷ്യലിസം എന്ന വാക്ക്. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ചിന്തയിൽനിന്നും വീക്ഷണത്തിൽ നിന്നും വന്ന വാക്കുകളാണ്. അതിന്റെയെല്ലാം പിന്നിൽ നിരവധി ത്യാഗങ്ങളുടെയും ആവേശോജ്ജ്വലമായ സമരചരിത്രത്തിന്റെയുമെല്ലാം പിന്നാമ്പുറമുണ്ട് എന്നറിയാതെ മതേതരത്വത്തെ പുച്ഛിച്ച സംസാരിക്കുന്ന ആളുകൾ അതിനെ അവഗണിക്കാൻ ശ്രമിക്കുമ്പോൾ ഈ നേതാക്കന്മാരുടെയെല്ലാം പ്രസക്തി കാലാനുവർത്തിയാണെന്ന് നമ്മളെ ബോദ്ധ്യപ്പെടുത്തുന്ന അവസരം കൂടിയാണ്. രാജ്യത്തെ പട്ടികജാതി-പട്ടികവർഗ്ഗവിഭാഗങ്ങളുടെയും പിന്നോക്ക ജനവിഭാഗങ്ങളുടെയും സംരക്ഷണത്തിനു വേണ്ടിയിട്ടുള്ള പ്രാഥമികമായ കാര്യങ്ങൾ എന്താണ്? ഏറ്റവും പ്രധാനം അവരുടെ ഭക്ഷണം, വസ്ത്രം, പാർപ്പിടം, ആരോഗ്യം, വിദ്യാഭ്യാസം, അവരുടെ ജീവിത സൗകര്യങ്ങൾ, അവർക്കെതിരായിട്ടുള്ള ആ നീതി നിഷേധത്തിനെതിരായിട്ടുള്ള നടപടികൾ ; അതിക്രമങ്ങളിൽനിന്നും അവർക്ക് കൊടുക്കേണ്ട സംരക്ഷണം. നമ്മുടെ പാർലമെന്റിന്റെ ഇരുസഭകളും രാജ്യത്തിലെ നിയമസഭകളുമെല്ലാം നിരവധി നിയമനിർമ്മാണങ്ങൾ ഇതുമായി ബന്ധപ്പെട്ട് നടത്തി. കോടിക്കണക്കിന് രൂപയുടെ വെൽഫെയർ പ്രോജക്ടുകൾ ആഹ്വാനം ചെയ്യുന്നു. ഗവൺമെന്റിന്റെ ഉദ്ദേശശുദ്ധിയെ ചോദ്യം ചെയ്യാൻ കഴിയില്ല. ഇന്ത്യയിൽ ഏത് ഗവൺമെന്റ് വന്നിട്ടുണ്ടോ ആ ഗവൺമെന്റും സംസ്ഥാനങ്ങളിൽ ഏത് പാർട്ടി ഭരിച്ചാലും ആ ഗവൺമെന്റുകളുമെല്ലാം സദുദ്ദേശത്തോടു കൂടിയാണ് പ്രോജക്ടുകൾ പ്രഖ്യാപിച്ചത്. ഭരണഘടനയുടെ അന്തഃസത്തയിൽ നിന്നുകൊണ്ട് നല്ലൊരു ലക്ഷ്യത്തിനായാണ് ഈ പദ്ധതികളെല്ലാം പ്രഖ്യാപിച്ചതും അതിനുവേണ്ടി പണം നീക്കിവച്ചിട്ടുള്ളതും. സ്വാതന്ത്ര്യത്തിനു ശേഷം കോടിക്കണക്കിന് രൂപ ദേശീയ ഗവൺമെന്റും സംസ്ഥാന ഗവൺമെന്റുകളും അവരുടെ ക്ഷേമത്തിനുവേണ്ടി മാറ്റിവച്ചു. പക്ഷേ, നമുക്കറിയാം അതിനകത്ത് 20 ശതമാനംപോലും യഥാർത്ഥ ടാർജറ്റ് ഗ്രൂപ്പിനു കിട്ടിയിട്ടില്ല. ഇതിനെല്ലാം മാറ്റിവച്ച പണം ഇവർക്ക് വീതം വച്ചുകൊടുത്തിരുന്നുവെങ്കിൽപോലും അവരെല്ലാം ലക്ഷപ്രഭുക്കളായി മാറിയേനെ. ഇടനിലക്കാർ ഇതെല്ലാം തട്ടിയെടുക്കുന്ന അവസ്ഥ അന്നും ഇന്നും നിലനിൽക്കുന്നു എന്നുള്ളതാണ് ഭരണകർത്താക്കൾ എന്നുള്ള നിലയിൽ, രാജ്യത്തിന്റെ അധികാരം പങ്കിടുന്ന ആളുകൾ എന്നുള്ള നിലയിൽ നമ്മെ ഇരുത്തി ചിന്തിപ്പിക്കേണ്ട പ്രധാനപ്പെട്ട

കാര്യം. ഭക്ഷണവും വസ്ത്രവും പാർപ്പിടവും ആരോഗ്യവും അവരുടെ കുട്ടികളുടെ വിദ്യാഭ്യാസവും ഉറപ്പുവരുത്തുവാൻ നമുക്ക് കഴിയുന്നുണ്ടോ? പ്രബുദ്ധമായ കേരളത്തിൽപ്പോലും പലപ്പോഴും കഴിയാത്ത അവസ്ഥ നമുക്കുണ്ടായിരിക്കുന്നു. അട്ടപ്പാടിയിലുള്ള സംഭവങ്ങൾ; ഞാൻ ഒരിക്കൽ നിയമസഭയിൽ പറഞ്ഞു. അട്ടപ്പാടിയിലെ ശിശുമരണങ്ങൾ വെറും മരണങ്ങളുടെ നിരക്കിലല്ല കൂട്ടേണ്ടത്, അത് യഥാർത്ഥത്തിൽ കൊലപാതകങ്ങളാണ്. ആരാണ് കുറ്റവാളികൾ? നമ്മുടെ സമൂഹം, നമ്മളെല്ലാവരും ഉൾപ്പെട്ട ഈ വ്യവസ്ഥിതിയാണ് കുറ്റവാളികൾ. അട്ടപ്പാടിയിലെ 33 ശിശുമരണങ്ങൾ, ഗർഭിണികളായിരുന്ന അമ്മമാരുടെ പോഷകാഹാരക്കുറവ് കൊണ്ടാണ് നവജാതശിശുക്കൾ മരിച്ചതെങ്കിൽ യഥാർത്ഥത്തിൽ അത് കൊലപാതകങ്ങളല്ലേ? അവിടെ എന്താണ് ഇല്ലാത്തത്; അവിടെ റേഷൻ കടകളുണ്ട്; മാവേലി സ്റ്റോറുകളുണ്ട്; ആശുപത്രികളുണ്ട്; അംഗൻവാടികളുണ്ട്; ആശാവർക്കർമാരുണ്ട്; ഹെൽത്ത് വർക്കർമാരുണ്ട്; പ്രൊമോട്ടർമാരുണ്ട്; ട്രൈബൽ ഓഫീസുകളുണ്ട്; അവിടെയില്ലാത്ത സർക്കാർ ഓഫീസ് എതാണുള്ളത്, എല്ലാമുണ്ട്. ഇവിടെ മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും അദ്ധ്യക്ഷതയിൽ യോഗം കൂടി. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും അതെല്ലാം നടന്നിട്ടുണ്ട്, ഞാൻ അതൊന്നും നിഷേധിക്കുന്നില്ല. അഹാഡ്സ് പോലുള്ള വലിയ പദ്ധതികൾ നടപ്പിലാക്കി. കേന്ദ്ര പദ്ധതികൾ നടപ്പിലാക്കി. ഇത്രയും പദ്ധതികൾ നടപ്പിലാക്കിയിട്ടും ഇത്രമാത്രം ഗവൺമെന്റ് സംവിധാനങ്ങളും ഇത്രമാത്രം എസ്റ്റാബ്ലിഷ്മെന്റിന്റെ ഉപകരണങ്ങളുമെല്ലാം അവിടെയുണ്ടായിട്ടും എന്തുകൊണ്ടാണ് ഗർഭിണികളായ സ്ത്രീകൾക്ക് പോഷകാഹാരക്കുറവുമൂലം അവരുടെ നവജാതശിശുക്കളെ കുരുതി കൊടുക്കേണ്ടിവന്നത് എന്ന ചോദ്യത്തിന് നമ്മൾ എങ്ങനെ ഉത്തരം കൊടുക്കും? അതൊരു സുപ്രഭാതത്തിൽ ഉണ്ടായതാണോ ? അത് ഈ ഗവൺമെന്റ് വന്നതിനുശേഷം ഉണ്ടായതാണോ? അത് കുറേ നാളുകളായുള്ള പ്രശ്നമാണ്. യഥാർത്ഥത്തിൽ രസകരമായ ഒരു കാര്യമുണ്ട്. ചില പ്രദേശങ്ങളിൽ പട്ടിണി മരണങ്ങൾ ഉണ്ടാകുമ്പോൾ പോസ്റ്റ്മോർട്ടം നടത്തും. പോസ്റ്റ്മോർട്ടം ചെയ്യുമ്പോൾ അവരുടെ ആമാശയത്തിൽ ഭക്ഷണത്തിന്റെ അവശിഷ്ടങ്ങളുണ്ടോ എന്ന് നോക്കിയിട്ടാണ് പട്ടിണിമരണമാണോ എന്ന് നിശ്ചയിക്കുന്നത്. അന്ന് എന്തെങ്കിലും ഭക്ഷണം കഴിച്ചിട്ടുണ്ടെങ്കിൽ അത് പട്ടിണി മരണമല്ലെന്നു പറയും. യഥാർത്ഥത്തിൽ അതാണോ പട്ടിണി മരണം? പട്ടിണി മരണം എന്നുപറയുന്നത് ദിവസങ്ങളോളം ഭക്ഷണം കിട്ടാതെ അല്ലെങ്കിൽ ആവശ്യമായ ഭക്ഷണം കിട്ടാതെ പോഷകാഹാരങ്ങൾ കിട്ടാതെ അങ്ങനെ വർഷങ്ങൾകൊണ്ട് ശരീരത്തിലെ എല്ലാ പ്രതിരോധശക്തിയും നഷ്ടപ്പെട്ട് ഏത് രോഗം വഴിയിലൂടെ പോയാലും ഓടിക്കയറുന്ന അവസ്ഥയിലേയ്ക്ക് നമ്മുടെ ശരീരം മാറുന്ന അവസ്ഥയാണ്. അങ്ങനെ ശരീരം മാറിയ ഒരാൾക്ക് ഒരു

നേരമോ രണ്ടുനേരമോ ഭക്ഷണം കഴിച്ചാലൊന്നും ആ രോഗത്തിൽ നിന്നും പുറത്തുവരാൻ കഴിയില്ല. അങ്ങനെ നിരവധിയായ വർഷങ്ങൾകൊണ്ട് ആവശ്യമായ ഭക്ഷണം കിട്ടാതെ ശരീരത്തിന്റെ പ്രതിരോധശേഷി നഷ്ടപ്പെട്ട് ഏത് രോഗവും പിടിപ്പെടാവുന്ന തരത്തിൽ എത്തിയാൽ ചിലപ്പോൾ ഒരു പനി വന്നാൽ അയാൾ മരിച്ചുപോകും. അത് പട്ടിണി മരണമല്ലായെന്ന് വിധിയെഴുതി ആ യഥാർത്ഥ സംഭവങ്ങളോട് കണ്ണടയ്ക്കുന്ന ഒരു സിസ്റ്റം നമ്മുടെ നാട്ടിൽ നിലനിൽക്കുന്നു. പട്ടിണി മരണങ്ങളുണ്ടെങ്കിൽ അവർക്ക് ഭക്ഷണം കഴിക്കാൻ കിട്ടുന്നുണ്ടോയെന്ന് നോക്കാൻ നമ്മുടെ സംവിധാനത്തിന് കഴിയുന്നില്ലെങ്കിൽ ആർക്കുവേണ്ടിയാണ് ഈ സംവിധാനം; എന്തിനാണ് സ്വതന്ത്ര സമര സേനാനികൾ അവരുടെ ജീവൻ ത്യജിച്ചത്; എന്തിനാണ് അവർ വലിയ നാടിനെക്കുറിച്ച് സ്വപ്നം കണ്ടത്? അതിന്റെ ഉത്തരവാദിത്വം പൂർണ്ണമായും നമ്മുടെ ചുമലുകളിലാണ്. 'Everybody loves a good drought' എന്ന മനോഹരമായ പുസ്തകം പത്രപ്രവർത്തകനായ ശ്രീ. പി. സായിനാഥ് എഴുതിയിട്ടുണ്ട്. ആ പുസ്തകം വായിക്കണം. ഒരു കാലത്ത് മസൂറിയിലെ ഐ.എ.എസ്. ട്രെയിനിംഗ് ക്യാമ്പിൽ ആ പുസ്തകം പഠിക്കാൻവേണ്ടി കൊടുക്കുമായിരുന്നു. 15-17 വർഷക്കാലം മുമ്പ് അദ്ദേഹം എഴുതിയതാണ്. ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട, പിന്നോക്കം നിൽക്കുന്ന ചില ജില്ലകളെ മാത്രം കേന്ദ്രീകരിച്ചുകൊണ്ട് ആ ജില്ലകളിലെ ദുരിതപൂർണ്ണമായ മനുഷ്യന്റെ അവസ്ഥ, പിന്നോക്കം നിൽക്കുന്ന ജാതികളുള്ള പ്രദേശങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ, പിന്നോക്ക സമുദായങ്ങൾ ജീവിക്കുന്ന മധ്യപ്രദേശിലെ ട്രൈബൽ ഏരിയയിൽ, ബീഹാറിലെ ചില പ്രദേശങ്ങളിൽ, ആന്ധ്രാപ്രദേശിലെ ചില ജില്ലകൾ ഒറീസയിലെ ചില ജില്ലകൾ, തമിഴ്നാട്ടിലെ രാമനാഥപുരവും പുതുക്കോട്ടയും ഉൾപ്പെടെയുള്ള ചില ജില്ലകളിൽ നടത്തിയ പര്യടനം ശരിക്കും നമ്മുടെയെല്ലാം കണ്ണുതുറപ്പിക്കേണ്ടതാണ്. ദുരിതപൂർണ്ണമായ അത്തരം സംഭവങ്ങൾക്ക് ഇന്ന് കുറേ മാറ്റങ്ങൾ പല പദ്ധതികളിലൂടെയും ഉണ്ടായിട്ടുണ്ട്. പക്ഷെ, കേരളത്തിൽ അട്ടപ്പാടി പോലുള്ള സ്ഥലത്തുപോലും ലക്ഷ്യത്തിലെത്താൻ നമുക്ക് കഴിയുന്നില്ലായെന്നതിന്റെ അർത്ഥം നിലവിലുള്ള ഈ സിസ്റ്റത്തെ പൊളിച്ചെഴുതാതെ, അതിനെ മാറ്റിയെഴുതാതെ കഴിയില്ലായെന്നത് തന്നെയാണ്. നമ്മൾ ഒരുപാട് കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഇല്ലെന്ന് ഞാൻ പറയുന്നില്ല. അത് നമുക്ക് നിഷേധിക്കാൻ പറ്റില്ല. വീടുകൾ വച്ച് കൊടുക്കുകയും ഇലക്ട്രിസിറ്റി ലൈനുകൾ വലിച്ചുകൊടുക്കുകയും അതുപോലുള്ള പല സൗകര്യങ്ങളും ചെയ്തുകൊടുത്തിട്ടുണ്ട്. പക്ഷെ ഇപ്പോഴും അത് എത്താത്ത സ്ഥലങ്ങൾ പലതുമുണ്ട്. സ്കൂളിൽനിന്ന് കിട്ടുന്ന ഉച്ചഭക്ഷണം കൊണ്ടുമാത്രം കുടുംബം കഴിയുന്ന ഒരു ആദിവാസി വീടിനെക്കുറിച്ച് കഴിഞ്ഞ ദിവസം മനോരമ ന്യൂസിൽ

ഒരു വാർത്ത കണ്ടു. ഇത്തരം ദുരിതങ്ങൾ, പ്രയാസങ്ങൾ, ഈ കഷ്ടപ്പാടുകൾ പ്രാഥമികമായ സൗകര്യങ്ങൾപോലും വരാതെ, ഒരു രോഗം വന്നാൽ കുഞ്ഞുങ്ങളെയെടുത്ത് കൊണ്ടുപോകാനുള്ള ആരോഗ്യ സംവിധാനങ്ങൾപോലും ഇല്ലാത്ത പ്രദേശങ്ങൾ നമ്മുടെ നാട്ടിലുണ്ടെങ്കിൽ അതെല്ലാം ഇല്ലാതാക്കാൻ വേണ്ടിയുള്ള ശ്രമം നമുക്ക് വേണം. ആദ്യം അവർക്ക് നൽകേണ്ടത് ദാരിദ്ര്യത്തിൽ നിന്നുള്ള മോചനമാണ്. രണ്ടാമത് അവർക്ക് നൽകേണ്ടത് അരക്ഷിതത്വമാണ്. ആ അരക്ഷിതാവസ്ഥ അവരുടെ പലരുടെയും ജീവിതത്തിലുണ്ട്. ആ അരക്ഷിതാവ സ്ഥയിൽനിന്ന് അവരെ പുറത്തുകൊണ്ടുവരാനുള്ള പിന്തുണ നമുക്ക് വേണം. നമ്മുടെ പദ്ധതി നിർവ്വഹണത്തിൽ പ്രോജക്ടുകൾ ഇംപ്ലിമെന്റ് ചെയ്യുന്നത് വളരെ ശ്രദ്ധയോടുകൂടി, സൂക്ഷ്മതയോടുകൂടി നിരീക്ഷണം നടത്തി യഥാർത്ഥ ടാർജറ്റ് ഗ്രൂപ്പിന്റെ വീടുകളിൽ, അവരുടെ അടുക്കളയിൽ നമ്മുടെ ഈ ഉദ്ദ്യേശം എത്തുന്നുണ്ടോയെന്ന് പരിശോധിക്കപ്പെടാനുള്ള സംവിധാനങ്ങൾ നമ്മുടെ നാട്ടിൽ വേണം. സ്പെഷ്യൽ റിക്രൂട്ട്മെന്റ് സംവിധാനം നമ്മുടെ സംസ്ഥാനത്തിലെ പോലീസ്, ഫോറസ്റ്റ് ഉൾപ്പെടെയുള്ള പല ഡിപ്പാർട്ടുമെന്റുകളിലും ചെയ്യുന്നുണ്ട്. എപ്പോഴും അതിന്റെ ഒരു ബാക്ക്‌ലോഗ് നോക്കി സമയബന്ധിതമായി ഒന്നോ രണ്ടോ വർഷം കൂടുമ്പോൾ അതിന്റെ കുറവുകൾ പരിഹരിക്കപ്പെടാനുള്ള സംവരണമുണ്ട്. ഇപ്പോൾ ഹൈക്കോടതിയിൽ സംവരണം വേണമെന്ന് പറഞ്ഞു. ഹൈക്കോടതിയിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരെ നിയമനം നടത്തുന്നത് എങ്ങനെയാണ്; സംവരണത്തിന്റെ അടിസ്ഥാനത്തിലാണോ? അവരെയങ്ങ് നിയമിക്കുകയാണ്. ചിലപ്പോൾ ഹൈക്കോടതി വക്കീലിന്റെ കൂടെ ഡ്രൈവറായി നടന്ന ആൾ, വീട്ടിലെ മറ്റ് ജോലിക്ക് നിന്നയാൾ, വക്കീൽ ജഡ്ജിയായി വരുമ്പോൾ നിയമിക്കുന്നത് ഇയാളെയായിരിക്കും. കുറച്ചുകഴിയുമ്പോൾ അയാൾ പ്രൊമോഷനായി ജോയിന്റ് രജിസ്ട്രാർ വരെയാകും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നമ്മുടെ സംസ്ഥാനത്ത് ജുഡീഷ്യൽ മജിസ്ട്രേറ്റുമാരുടെയും മുൻസിഫുമാരുടെയും നിയമനങ്ങൾ മുമ്പ് നടത്തിയത് പി.എസ്.സി. ആയിരുന്നു. അന്ന് പൂർണ്ണമായും സംവരണം പാലിച്ചുകൊണ്ടാണ് നിയമനങ്ങൾ നടത്തിവന്നത്. അത് പിന്നീട് ഒരു ഘട്ടത്തിൽ ഹൈക്കോടതി ഏറ്റെടുത്തു. അതോടുകൂടി അവിടെ സംവരണം നടപ്പാകുന്നുണ്ടോയെന്ന് പരിശോധിക്കാൻ ഒരു സംവിധാനവുമില്ലെന്ന കാര്യം ബഹുമാനപ്പെട്ട വി. ഡി. സതീശന് അറിയാമോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഗവൺമെന്റ് ധനസഹായം കൊടുക്കുന്ന ഒരു സ്ഥാപനത്തിൽ റിസർവേഷനും നടപടിക്രമങ്ങളും പാലിക്കണമെന്ന് പറയും. ഹൈക്കോടതി ഫംങ്ഷൻ ചെയ്യുന്നതും ഗവൺമെന്റ് ഗ്രാന്റ് കൊണ്ടാണ്.

അവിടെയാണ് യഥാർത്ഥത്തിൽ മാതൃകയായി കാണിക്കേണ്ടത്. മജിസ്ട്രേറ്റിന്റെയും മുൻസിഫുമാരുടെയും നിയമനം പി.എസ്.സി.-ക്ക് വിട്ടുകൊടുത്ത് അല്ലെങ്കിൽ പി.എസ്.സി.-യിൽ നേരത്തേ ഉണ്ടായിരുന്നതുപോലുള്ള ഒരു സംവിധാനം ഏർപ്പെടുത്തണം. ഒരു റിക്രൂട്ട്മെന്റ് ബോർഡിന്റെ കാര്യം വന്നപ്പോൾ എയ്ഡഡ് കോളേജിലെ നിയമനവും പരമ്പരാഗതമായ ചില തൊഴിലുകളും ഒഴിച്ചുള്ള ബാക്കിയെല്ലാകാര്യങ്ങളും റിക്രൂട്ട്മെന്റ് ബോർഡിലേക്ക് വിട്ടു. പണ്ട് പി.എസ്.സി.-ക്ക് വിട്ടുകൊടുത്തുകൊണ്ട് ശ്രീ. ജി. സുധാകരൻ വലിയ സ്റ്റെപ് തന്നെയാണ് എടുത്തത്. ഇക്കാര്യത്തിൽ ഞാൻ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. നമുക്കന്ന് വളരെ കുറച്ച് പോസ്റ്റ് മാത്രമേ വിട്ടുകൊടുക്കാൻ കഴിഞ്ഞുള്ളൂ. പക്ഷെ, മന്ത്രി ശ്രീ. വി. എസ്. ശിവകുമാർ റിക്രൂട്ട്മെന്റ് ബോർഡ് ഉണ്ടാക്കി കൊണ്ടുവന്നപ്പോൾ ഈ പറയുന്ന എയ്ഡഡ് കോളേജിലെ നിയമനവും പരമ്പരാഗതമായ കഴക ജോലികളൊഴിച്ചുള്ള മുഴുവൻ ജോലികളും സംവരണം ഉൾപ്പെടെ റിക്രൂട്ട്മെന്റ് ബോർഡിന് കൊടുത്തു.

ശ്രീ. ജി. സുധാകരൻ: സർ, ദേവസ്വം ബോർഡുകളിൽ സിവിൽ പോസ്റ്റുകൾ മാത്രമേ വിട്ടുകൊടുക്കാൻ പറ്റൂ. അതെല്ലാം പി.എസ്.സി.-ക്ക് വിട്ടുകൊടുത്തു. ബാക്കിയെല്ലാം ബോർഡ് നടത്തേണ്ടതാണ്, അതാണ് ശ്രീ. വി. എസ്. ശിവകുമാർ ചെയ്തത്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, മിനിസ്റ്റീരിയൽ സ്റ്റാഫിനെ മാത്രമാണ് പി.എസ്.സി.-ക്ക് വിട്ടുകൊടുത്തത്. ഇപ്പോൾ മിനിസ്റ്റീരിയൽ സ്റ്റാഫും അതുപോലെ ദേവസ്വം ജീവനക്കാരടക്കമുള്ള ആളുകളെ മുഴുവൻ റിക്രൂട്ട്മെന്റ് ബോർഡിന് കീഴിൽ കൊണ്ടുവന്നു. 67 വർഷത്തിനുശേഷം സംവരണം ആദ്യമായി റിക്രൂട്ട്മെന്റ് ബോർഡിലൂടെ കൊണ്ടുവന്നത് ഈ ഗവൺമെന്റാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അതിലേക്ക് കടക്കുന്നില്ല. ഇവിടെ ഒരു സംഭവ വിവാദമുണ്ടായതുകൊണ്ട് വളരെ വ്യക്തതയോടുകൂടി അതിന്റെ മറുപടി പറഞ്ഞുവെന്നേയുള്ളൂ. ഇതിന്റെയകത്തുള്ള പ്രശ്നമെന്ന് പറയുന്നത്, സാമ്പത്തികമായ അസമത്വം ഉണ്ടാകുന്നതും അത് വർദ്ധിച്ചുവരുന്നതും നമ്മുടെ നാടിനെ അരാജകത്വത്തിലേക്ക് നയിക്കുകയും ആ സാമ്പത്തികമായ അസമത്വം വർഗ്ഗീയശക്തികൾക്കും തീവ്രവാദ ശക്തികൾക്കും മുതലെടുപ്പിനുള്ള അവസരമായി മാറും. അനാവശ്യമായ പ്രചരണങ്ങൾ നടത്തിയിട്ടാണ് അവരെല്ലാം ഇത് പറഞ്ഞുകൊണ്ടിരിക്കുന്നത്. ആ സാമ്പത്തിക അസമത്വം കുറച്ചുകൊണ്ടുവരാനുള്ള ശ്രമങ്ങളാണ് ജനാധിപത്യ സർക്കാരുകളുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത്. സാമൂഹിക സാമ്പത്തിക മാറ്റവും ആനുപാതികമായി

മുന്നോട്ട് കൊണ്ടുപോണം. ഡോ. ബി. ആർ. അംബേദ്കർ എത്രമാത്രം വലിയ ക്രാന്തദർശിയായിരുന്നു, എത്ര വലിയ ദീർഘവീക്ഷണമുള്ള ആളായിരുന്നുവെന്ന് നമ്മുടെ രാജ്യത്ത് അസഹിഷ്ണുതയെ കുറിച്ച് ഗൗരവമായി ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന കാലത്ത് എത്രയോ വർഷംമുമ്പ് അദ്ദേഹം പറഞ്ഞ ഒരു വാക്ക് മാത്രം ക്വാട്ട് ചെയ്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്. അദ്ദേഹം ചോദിച്ചു, Will history repeat itself, it is this thought which fills me with anxiety. This anxiety is deepened by the realisation of the fact that in addition to our old enemies in the form of caste and creeds we are going to have many political parties with diverse and opposing political creeds. Will Indians place the country above their creed? I do not know but this much is certain that if the parties place creed above country our independence will be put in *japali* a second time and probably be lost forever. This eventuality we all must resolutely guard against, we must be determined to defend our independence with the last drop of our blood. നമ്മുടെ രാജ്യത്തിന് മീതെ ജാതിയെയും മതത്തെയും പ്രതിഷ്ഠിച്ചാൽ നമ്മുടെ സ്വാതന്ത്ര്യം ഇല്ലാതാകും. ആ സ്വാതന്ത്ര്യം അപകടത്തിലാണ്, ആ ജനാധിപത്യം അപകടത്തിലാണ്. ആ മതേതരത്വം അപകടത്തിലായ ഒരു കാലത്തുനിന്ന് കൊണ്ട് ഡോ. ബി.ആർ. അംബേദ്ക്കറുടെ 125-ാം ജന്മദിനം നമ്മൾ ഇവിടെ ആഘോഷിക്കുമ്പോൾ, ആചരിക്കുമ്പോൾ നമ്മുടെ മനസ്സിൽ അദ്ദേഹത്തിന്റെ വാക്കുകൾ സ്വന്തം ചോര കൊടുത്തിട്ടാണെങ്കിലും നമ്മൾ ആ മതേതരത്വത്തെയും നമ്മുടെ രാജ്യത്തെയും നമ്മുടെ സ്വാതന്ത്ര്യത്തെയും സംരക്ഷിക്കണമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. വി. ശശി: സർ, ഡോ. ബി. ആർ. അംബേദ്കറിന്റെ 125-ാം ജന്മവാർഷികമാണ് ഇന്ത്യയൊട്ടാകെ ഇപ്പോൾ ആചരിക്കുന്നത്. ഈ സന്ദർഭത്തിൽ, ഈ സഭ 1990-ൽ ജന്മശതാബ്ദി ആഘോഷിച്ച സന്ദർഭം ഞാൻ ഓർക്കുകയാണ്. അന്ന് ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന സന്ദർഭത്തിൽ ഇന്ത്യയിൽ ആദ്യമായാണ് ഒരു നിയമസഭ ഒരു വർഷം നീണ്ടുനിൽക്കുന്ന അംബേദ്കർ ജന്മശതാബ്ദി ആഘോഷിക്കുന്നത്. അന്ന് ഇ. കെ. നായനാർ മുഖ്യമന്ത്രിയും പി.കെ. രാഘവൻ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയും ആയിരുന്നു.

41 കർമ്മ പരിപാടികൾ ആവിഷ്കരിച്ച് അത് നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചു കൊണ്ടാണ് ആ ജന്മശതാബ്ദി അന്ന് ആഘോഷിച്ചത്. ഇന്ന് ഇവിടെ പരാമർശിക്കപ്പെട്ട രണ്ട് പ്രസംഗങ്ങളിലും ഡോ. ബി. ആർ. അംബേദ്കറുടെ സംഭാവനകൾ സംബന്ധിച്ച് വളരെ വിശദമായി പ്രതിപാദിച്ചു. 1990-ൽ അന്ന് കേരളത്തിലൊട്ടാകെ നിരവധി വേദികളിൽ സെമിനാറുകളിൽ അംബേദ്കറുടെ സംഭാവനകളെ സംബന്ധിച്ച് വളരെ വിശദമായി ചർച്ച ചെയ്യപ്പെട്ടിരുന്നു. മാത്രമല്ല, അദ്ദേഹത്തിന്റെ ജന്മശതാബ്ദിവർഷം പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് വളരെയേറെ പ്രയോജനം ചെയ്യുന്നതാണ്. അവരുടെ ജീവിതത്തിൽ അടിസ്ഥാന മാറ്റങ്ങൾ സൃഷ്ടിക്കുന്ന കാര്യങ്ങൾ അന്ന് നടപ്പാക്കിയിരുന്നു. കേരളത്തിൽ അംബേദ്കർ ജന്മശതാബ്ദിയോടനുബന്ധിച്ച് ആദ്യമായാണ് പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കു വേണ്ടി റസിഡൻഷ്യൽ സ്കൂളുകൾ സ്ഥാപിക്കുന്നത്. തിരുവനന്തപുരത്ത് കട്ടേലയിൽ സ്ഥാപിച്ച അംബേദ്കർ മെമ്മോറിയൽ റസിഡൻഷ്യൽ സ്കൂളും വയനാട് സ്ഥാപിച്ച അംബേദ്കർ മെമ്മോറിയൽ റസിഡൻഷ്യൽ സ്കൂളും ആ കാലഘട്ടത്തിൽ അംബേദ്കറുടെ നാമധേയത്തിൽ സ്ഥാപിച്ചിട്ടുള്ള പല സ്ഥാപനങ്ങളിൽ രണ്ടെണ്ണം മാത്രമാണ്. 212 പട്ടികജാതി സങ്കേതങ്ങൾ തെരഞ്ഞെടുത്ത് 'അംബേദ്കർ ഗ്രാമങ്ങൾ' എന്ന് നാമകരണം ചെയ്തുകൊണ്ട് വളരെ വിപുലമായ രീതിയിലുള്ള വികസന പ്രവർത്തനങ്ങൾ നടപ്പാക്കുകയുണ്ടായി. ഇപ്പോൾ ഇൻഡ്യയിലൊട്ടാകെ അംബേദ്കറുടെ 125-ാം ജന്മവാർഷികം ആചരിക്കുകയാണ്; അതിന്റെ ഭാഗമായിട്ടാണ് ഇന്ന് ഇവിടെ ചർച്ച നടക്കുന്നത്. ഈ ഗവൺമെന്റ് അംബേദ്കറുടെ 125-ാം ജന്മവാർഷികം ആഘോഷിക്കുന്ന സന്ദർഭത്തിൽ 1990-ന്റെ മാതൃക സ്വീകരിച്ചുകൊണ്ട് എന്തെങ്കിലും ഒരു പാക്കേജ് ഈ സംസ്ഥാനത്ത് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിഞ്ഞാൽ കൊള്ളാം. 1990-ൽ അംബേദ്കർ ജന്മശതാബ്ദി ആഘോഷിക്കുന്ന വേളയിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർ നേരിട്ടിരുന്ന പല സാമൂഹിക പ്രശ്നങ്ങളിലും ഗവൺമെന്റിന് ഇടപെടുവാൻ അന്ന് സാധിച്ചിരുന്നു. ഞാൻ ഓർക്കുകയായിരുന്നു, പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് കടന്നുചെല്ലാൻ കഴിയാത്ത പല മേഖലകളിലും നിയമനങ്ങളിലായാലും വികസന മേഖലകളിലായാലും പുതിയ പദ്ധതികളും പരിപാടികളും ആവിഷ്കരിച്ച് നടപ്പാക്കുവാൻ ആ കാലഘട്ടത്തിന് കഴിഞ്ഞു. ഈ സന്ദർഭത്തിൽ അങ്ങനെയൊരു പരിപാടി ആസൂത്രണം ചെയ്ത് നടപ്പാക്കുവാൻ ഈ സർക്കാർ തയ്യാറാകുമോയെന്നുള്ളതാണ് അറിയുവാൻ ആഗ്രഹിക്കുന്ന ഒരു പ്രധാനപ്പെട്ട കാര്യം. 1990-നുശേഷം അംബേദ്കറുടെ 100-ാം ജന്മദിനം ആഘോഷിച്ചതിനുശേഷം വലിയ മാറ്റങ്ങളാണ് ഇന്ന് ഇൻഡ്യയിലും കേരളത്തിലും

ഉണ്ടായിട്ടുള്ളത്; പ്രത്യേകിച്ചും സാമ്പത്തിക മേഖലയിലായാലും സാമൂഹിക മേഖലയിലായാലും ഉണ്ടായിട്ടുള്ള മാറ്റങ്ങൾ വളരെ വലുതാണെന്ന് നമുക്കറിയാം. കേരളത്തിൽ ഇന്ന് അഭ്യസ്തവിദ്യരായ ആയിരക്കണക്കിന് പട്ടികവിഭാഗത്തിൽപ്പെട്ട ആളുകളെ കാണാൻ കഴിയും. അവരെല്ലാം തൊഴിൽരഹിതരയി ആരുടെയും ആശ്രയമില്ലാതെ അലഞ്ഞുനടക്കുന്ന കാഴ്ചയാണ് ഇന്ന് കാണാൻ കഴിയുന്നത്. MA, MEd, PhD ഇതൊക്കെ എടുത്തിട്ടുള്ള പട്ടികവിഭാഗങ്ങളിൽപ്പെട്ടവർ തൊഴിൽരഹിതരായി ഇന്നും സമൂഹത്തിലുണ്ട് എന്നതാണ് സത്യം. സർക്കാർ സ്ഥാപനങ്ങളെല്ലാം സ്വകാര്യവൽക്കരിക്കുന്നതിലൂടെ അവരുടെ സംവരണത്തിലൂടെ കിട്ടുന്ന തൊഴിലവസരങ്ങൾ ഓരോ വർഷം കഴിയുന്തോറും കുറഞ്ഞുവരുന്നതായി കാണാം. പി.എസ്.സി. വഴിയുള്ള നിയമനങ്ങളും ഓരോ വർഷം കഴിയുന്തോറും കുറയുന്നുവെന്നുള്ളത് എടുത്തുകാണിക്കുവാൻ കഴിയുന്ന ഒരു കാര്യമാണ്. സ്വകാര്യമേഖലയിൽ തൊഴിലവസരങ്ങൾ വർദ്ധിക്കുന്നുണ്ട്. ആ തൊഴിലവസരങ്ങളിൽ കടന്നു ചെല്ലാനോ അത് കരസ്ഥമാക്കാനോ ചരിത്രപരമായ കാരണങ്ങളാൽ പട്ടികവിഭാഗത്തിൽപ്പെട്ടവർക്ക് കഴിയുന്നില്ലായെന്നുള്ള യാഥാർത്ഥ്യം കൂടി മനസ്സിലാക്കേണ്ടതുണ്ട്. വിദേശരാജ്യങ്ങളിൽ തൊഴിലവസരങ്ങൾ കിട്ടുന്ന ഒരു സാഹചര്യം ഇന്ന് കേരളത്തിലുണ്ട്. പക്ഷെ, പട്ടികവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം വിദേശരാജ്യങ്ങളിൽപ്പോലും തൊഴിൽ കിട്ടുന്നതിനുള്ള അവസരങ്ങൾ അവർക്ക് ഉണ്ടാകുന്നില്ലായെന്നുള്ള യാഥാർത്ഥ്യം മനസ്സിലാക്കേണ്ടതുണ്ട്. ഇതെല്ലാം കണക്കിലെടുക്കുമ്പോൾ കേരളത്തിലെ പട്ടികവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം അഭ്യസ്തവിദ്യരാണെങ്കിൽപ്പോലും തൊഴിലവസരങ്ങൾ കിട്ടാതെ അലഞ്ഞുനടക്കുന്ന ഒരു സാഹചര്യം സജീവമായി എല്ലാ പ്രദേശങ്ങളിലും കാണാൻ സാധിക്കുന്നുണ്ട്. അതിന് അടിയന്തരമായ പ്രാധാന്യം നല്കിക്കൊണ്ട് അതിന്റെ കാരണങ്ങൾ കാണേണ്ടതുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ, എയ്ഡഡ് സ്ഥാപനങ്ങളിൽ സംവരണം അനിവാര്യമാണ്. അതിനുള്ള നടപടി സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടാകണം. അതുപോലെതന്നെ സ്വകാര്യ മേഖലയിൽ സംവരണം എന്ന മുദ്രാവാക്യം ഇവിടെ ഉയർന്നുവന്നിട്ടുണ്ട്; അതിനുള്ള പരിഹാരവും കാണാൻ സർക്കാർ മുന്നോട്ടുവരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. തൊഴിലവസരങ്ങളിൽ നിന്നും പട്ടികവിഭാഗങ്ങളെ അകറ്റുന്ന, അതിനുള്ള അവസരങ്ങൾ നിഷേധിക്കുന്ന ഗുരുതരമായ ഈ ഒരു സ്ഥിതിവിശേഷം ഗവൺമെന്റ് വളരെ ഗൗരവപൂർവ്വം കാണണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. വിദ്യാഭ്യാസ മേഖലയിലെ സ്വകാര്യവത്കരണവും പട്ടികവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം

വളരെ ഗുരുതരമായ സ്ഥിതിവിശേഷം സൃഷ്ടിക്കുന്നുവെന്നുള്ളത് ഒന്നുരണ്ട് ഉദാഹരണങ്ങളിലൂടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. പ്രൊഫഷണൽ എഞ്ചിനീയറിംഗ് കോളേജുകളിൽ അഡ്മിഷൻ കിട്ടുന്ന പട്ടികവിഭാഗത്തിൽപ്പെട്ട കുട്ടികളിൽ 75% കുട്ടികളും പരാജയപ്പെടുന്നുവെന്നുള്ളതാണ് സത്യം. അവർ പരാജയപ്പെടുകയോ അല്ലെങ്കിൽ കോഴ്സ് പൂർത്തിയാക്കുന്നതിനുമുൻപ് കൊഴിഞ്ഞു പോകുകയോ ചെയ്യുന്നു. സാധാരണഗതിയിൽ താരതമ്യേന മാർക്ക് കൂടിയ വിദ്യാർത്ഥികൾക്കാണ് എഞ്ചിനീയറിംഗ് കോളേജുകളിൽ അഡ്മിഷൻ കിട്ടുന്നത്; അവർക്കാണ് വിദ്യാഭ്യാസം പൂർത്തിയാക്കാതെ പുറത്തുപോകേണ്ടിവരുന്നത്. ഇതുമൂലം ആ വിഭാഗത്തിലെ ജനങ്ങളിലുണ്ടാകുന്ന വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ മാത്രമല്ല, ഗവൺമെന്റിന്റെ ഖജനാവിൽനിന്നും കോടിക്കണക്കിന് രൂപയാണ് ഈ ഇനത്തിൽ ഓരോ വർഷവും ചെലവാക്കേണ്ടി വരുന്നത്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വർക്കല കഹാർ)

മി. ചെയർമാൻ: ......പ്ലീസ്.... കൺക്ലൂഡ്.....

ശ്രീ. വി. ശശി: സർ, ഈ വിഭാഗം വിദ്യാർത്ഥികൾക്ക് അഡ്മിഷൻ കൊടുക്കുന്നതിനും അവർക്ക് 4-5 വർഷം അവരുടെ കോഴ്സ് പൂർത്തിയാകുന്നതുവരെ പഠിപ്പിക്കുന്നതിനും ഭീമമായ തുക സ്വാശ്രയ മാനേജുമെന്റുകൾക്ക് സർക്കാർ ഖജനാവിൽനിന്നും നല്കുന്നു എന്നുള്ളതാണ് വസ്തുത. ഇതിന്റെ കണക്ക് പരിശോധിച്ചാൽ ഞെട്ടുന്ന ഒരു വലിയ തുക ഓരോ വർഷവും ഈ സ്വകാര്യ മാനേജുമെന്റുകൾക്ക് സർക്കാർ നല്കുകയും എന്നാൽ അതിന്റെ പ്രയോജനം ഈ വിഭാഗം വിദ്യാർത്ഥികൾക്ക് ലഭിക്കുന്നില്ലായെന്നുള്ളതും മനസ്സിലാക്കേണ്ട ഒരു വിഷയമാണ്. ഒരു കാര്യംകൂടി ഞാൻ സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നു, പട്ടികവിഭാഗങ്ങൾ ഉയർത്തുന്ന ഏറ്റവും പ്രധാനപ്പെട്ട മുദ്രാവാക്യം അവർക്ക് സ്വന്തമായി കൃഷിഭൂമി വേണമെന്നുള്ളതാണ്. കൃഷിഭൂമി അനിവാര്യമാണെന്നുള്ള വസ്തുത നമ്മൾ മനസ്സിലാക്കണം.

മി. ചെയർമാൻ: പ്ലീസ്.... കൺക്ലൂഡ്.....

ശ്രീ. വി. ശശി: സർ, ഭൂരിഭാഗം പട്ടികവിഭാഗക്കാരും കർഷകത്തൊഴിലാളികളുടെ മക്കളാണ്. ഒരു കാലഘട്ടത്തിൽ കാർഷികവൃത്തിയിൽ ഏർപ്പെട്ടിരുന്നവരാണ്. അവരുടെ വരുംതലമുറയ്ക്ക് കൃഷിഭൂമി വേണം. കൃഷിഭൂമിയുണ്ടെങ്കിൽ മാത്രമേ അവരുടെ പുരോഗതിയ്ക്ക് മാർഗ്ഗമാകൂ എന്നുള്ള യാഥാർത്ഥ്യം കണക്കിലെടുത്തു

കൊണ്ട് പട്ടികവിഭാഗങ്ങൾ നേരിടുന്ന ഗുരുതരമായ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്ന രീതിയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുവാൻ അംബേദ്കറുടെ 125-ാം ജന്മദിനം ആഘോഷിക്കുന്ന വേളയിൽ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u>: സർ, രാജ്യത്തിന്റെ ഭരണഘടനാശില്പി ഡോ. ബി. ആർ. അംബേദ്കറുടെ 125-ാം ജന്മവാർഷികത്തോടനുബന്ധിച്ച് പട്ടികജാതി/പട്ടികവർഗ്ഗക്കാർ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് ഒരു ചർച്ചയ്ക്ക് വഴിയൊരുക്കിയ ചെയറിനെ അഭിനന്ദിക്കുകയാണ്. സ്വാതന്ത്ര്യത്തിന്റെ സമരനാളുകളിൽ ഇൻഡ്യയുടെ രാഷ്ട്രപിതാവ് മഹാത്മജി മാറോടണച്ച് 'ദൈവത്തിന്റെ ജനങ്ങൾ' എന്നുവിളിച്ച് ബഹുമാനിച്ച് ആരാധിച്ച ഒരു ജനവിഭാഗം, സ്വാതന്ത്ര്യം നേടി ലോകരാഷ്ട്രങ്ങളുടെ സമ്പദ്ഘടനയിൽ 10 രാഷ്ട്രങ്ങളോടൊപ്പം എത്തിനില്ക്കുന്നു എന്നുപറയുമ്പോഴും; അവർ സ്വാതന്ത്ര്യം നേടിയ നാളുകളിൽ എവിടെയായിരുന്നോ അവിടെനിന്നും വലിയ ദൂരമൊന്നും സഞ്ചരിക്കാൻ കഴിയാതെ പ്രയാസപ്പെടുകയാണ്. ഡോ. ബി. ആർ. അംബേദ്കറുടെ ഒരു സവിശേഷത, അദ്ദേഹം ജനിച്ചുവളർന്നത് വളരെയേറെ പിന്നോക്കം നില്ക്കുന്ന ഒരു ജനവിഭാഗത്തിനിടയിലാണ്. അദ്ദേഹത്തിന്റെ പേരുപോലും സ്വീകരിച്ചത് ആ രീതിയിലുള്ള ഒരു പശ്ചാത്തലത്തിലാണ്. പഠിക്കുന്ന സമയത്ത് ഭീമറാവു എന്ന ഒരു കുട്ടി ഭക്ഷണം കഴിക്കാനും വസ്ത്രം ധരിക്കാനും ഇല്ലാതെ വേദനിക്കുമ്പോൾ തന്നെ പഠിപ്പിക്കുന്ന അദ്ധ്യാപകനാണ് ഉച്ചയ്ക്ക് കഴിക്കാനുള്ള ഭക്ഷണവും വസ്ത്രങ്ങളും എത്തിച്ചുകൊടുത്തത്. അങ്ങനെ പഠിക്കുന്ന കാലത്ത് വസ്ത്രവും ഭക്ഷണവും നല്കി ആ കുട്ടിയെ ബഹുമാനിക്കുകയും പഠിപ്പിക്കാൻ അവസരം സൃഷ്ടിക്കുകയും ചെയ്ത ഒരദ്ധ്യാപകൻ, ആ അദ്ധ്യാപകന്റെ പേരായിരുന്നു ഭീമറാവു എന്ന പേരിനോടൊപ്പം കൂട്ടി ചേർത്ത 'അംബേദ്കർ' എന്ന നാമം. ഇന്ന് ഡോ. ബി. ആർ. അംബേദ്കർ എന്ന നാമം ലോകം മുഴുവൻ അറിയപ്പെടുമ്പോൾ തന്നെ പഠിപ്പിച്ച ഒരദ്ധ്യാപകന്റെ നാമം കൂടി ലോകത്തിനു മുന്നിൽ അദ്ദേഹം നല്കുകയാണ്. കാരണം അദ്ദേഹം പഠിച്ചുവളർന്ന സാഹചര്യങ്ങളെ ലോകത്തിനുമുന്നിൽ ബോദ്ധ്യപ്പെടുത്തുകയെന്നത് ആ കുട്ടിയുടെ ലക്ഷ്യമായിരുന്നു. പക്ഷേ അന്ന് രാജ്യത്തിന്റെ ഭരണഘടന ചിട്ടപ്പെടുത്തുമ്പോഴും തന്റെ ജീവിതത്തിലെ ആ വേദനിക്കുന്ന തിക്താനുഭവങ്ങളായിരിക്കാം പിന്നോക്ക ജനവിഭാഗങ്ങളുൾപ്പെടെയുള്ള രാജ്യത്തെ ജനങ്ങളെ മുഴുവൻ സമത്വത്തോടുകൂടി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്ന രീതിയിൽ ഒരു ഭരണഘടന ഉണ്ടാക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. ഏറെ വൈരുദ്ധ്യങ്ങൾ നിറഞ്ഞുനിൽക്കുന്ന ഒരു രാജ്യത്തെ ജനങ്ങളെ ഏകോപിപ്പിച്ചു നിർത്താൻ ഇതുപോലെയുള്ളൊരു ഭരണഘടനയുണ്ടാക്കുക എന്നുള്ള പ്രയാസകരമായ

ഒരു ദൗത്യം വളരെ ബുദ്ധിപരമായി അദ്ദേഹം ഉൾക്കൊള്ളുകയും അതനുസരിച്ച് രാജ്യത്തിന് അനുഗുണമാകുന്ന ഒരു മതേതര ഭരണഘടന നമ്മുടെ രാജ്യത്തിന് നൽകുകയും ചെയ്തു എന്നത് ഒരിക്കലും വിസ്മരിക്കാൻ കഴിയില്ല. മാത്രമല്ല, ആ രാജ്യത്തിന്റെ ഭരണഘടന നിലവിൽ വന്നതിനുശേഷം 1953-ൽ ഈ പിന്നോക്ക ജനവിഭാഗത്തിന്റെ ഉന്നമനത്തിനായി കാക്കാ കലേക്കർ കമ്മീഷനെ നിയോഗിച്ചു കൊണ്ട് രാജ്യത്തൊരു വലിയ ചുവടുവയ്പ് അന്ന് ആരംഭിക്കുകയും ചെയ്തു. പക്ഷെ 1935-ൽ അഞ്ചു കോടിയായിരുന്ന ഈ ജനവിഭാഗം പതിനാറ് കോടിയിൽപ്പരമായി വളരുമ്പോഴും ഇന്നും ഉദ്യോഗരംഗത്തോ മറ്റ് രംഗങ്ങളിലോ അവർക്ക് വലിയ നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടില്ല. ആർ.എസ്.എസ്-ന്റെ നേതാവ് ശ്രീ. എം. ജി. വൈദ്യ പറഞ്ഞത് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും മറ്റു പിന്നോക്ക വിഭാഗക്കാർക്കുമുള്ള സംവരണം എടുത്തുകളയുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കണമെന്നാണ്. ഇതൊരു ചെറിയ കാര്യമായി കാണാൻ കഴിയില്ല. അതോടൊപ്പംതന്നെ ഭരണഘടനാധിഷ്ഠിതമായ സംവരണം പുനഃപരിശോധിക്കണമെന്നാണ് ആർ.എസ്.എസ്.-ന്റെ സത്സംഘ് ചാലക് മോഹൻ ഭഗവത് ഈ അടുത്തകാലത്ത് പറഞ്ഞത്. ഇതു രണ്ടും കൂട്ടിവായിക്കുകയും ഇവരുടെയൊക്കെ നയങ്ങൾ രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്ന ഒരു കേന്ദ്രഗവൺമെന്റ് രാജ്യത്ത് നിലനിൽക്കുന്ന ഘട്ടത്തിൽ ഇതുപോലുള്ള കാര്യങ്ങളിൽ കേരളത്തെപ്പോലുള്ള ഒരു സംസ്ഥാനം ഉയർന്നു ചിന്തിക്കാൻ ബാധ്യസ്ഥമാണ്. പിന്നോക്ക ജനവിഭാഗങ്ങളെ കുറിച്ചുള്ള കാര്യങ്ങൾ ചർച്ച ചെയ്യുമ്പോഴും പട്ടികജാതി-പട്ടികവർഗ്ഗം തുടങ്ങിയ പിന്നോക്ക ജനവിഭാഗങ്ങളുടെ വിഷയങ്ങളിൽ കേരളമാണ് ഇന്ത്യാ രാജ്യത്ത് അല്പമെങ്കിലും മെച്ചപ്പെട്ടിട്ടുള്ളത് എന്നതാണ് ഏറ്റവും വലിയ സവിശേഷത.

ഭവന രംഗത്തുള്ള പ്രതിസന്ധിയെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. 65.5 ശതമാനം ആദിവാസികൾക്കും പട്ടികജാതി-പട്ടികവർഗ്ഗവിഭാഗങ്ങൾക്കും ഭവനങ്ങൾ നൽകി ഇന്ത്യയിൽ കേരളമാണ് ആ രംഗത്ത് അല്പമെങ്കിലും മുന്നിട്ടു നിൽക്കുന്നത്. ത്രിപുര 63 ശതമാനവുമായി തൊട്ടുപിന്നിലാണ്. തമിഴ്നാടും കർണ്ണാടകവും വളരെ പിന്നിലാണ്. കേരളത്തിന് വളരെയേറെ രംഗങ്ങളിൽ മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. എന്നിട്ടും കേരളത്തിന്റെ വേദനിക്കുന്ന ചിത്രമാണിതെങ്കിൽ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളുടെ സ്ഥിതിയെന്തായിരിക്കും? രാജ്യത്ത് പട്ടികജാതിക്കാർക്കും മറ്റ് പിന്നോക്കക്കാർക്കും കൊടുക്കുന്ന സംവരണം പോലും ഇല്ലായ്മ ചെയ്യുന്നതിനുവേണ്ടിയുള്ള സമര പരിപാടികൾ തുടങ്ങി. അതാണ് ഗുജറാത്തിലെ ഹാർദിക് പട്ടേലിന്റെ സമരത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചത്. ഹാർദിക് പട്ടേലിന്റെ സമരത്തിന്റെ ലക്ഷ്യംതന്നെ നിലവിലുള്ളവ ഇല്ലായ്മ ചെയ്യാനാണ്. അല്ലാതെ പട്ടേൽ സമുദായത്തിന്റെ ദുരന്തം കൊണ്ടല്ല. കാരണം അമേരിക്കയിൽ ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്രമോദി വന്നാൽ ഞങ്ങൾ അദ്ദേഹത്തെ

തടയുമെന്ന് ഹാർദ്ദിക് പട്ടേൽ പ്രഖ്യാപിക്കുന്നത് അമേരിക്കയിൽ പട്ടേൽ സമുദായത്തിനുള്ള സ്വാധീനമാണ് കാണിക്കുന്നത്. കാരണം അവർ സാമ്പത്തികമായും വിദ്യാഭ്യാസപരമായും ഉയർന്നവരാണ്. മറ്റുള്ളവരെ പൂർണ്ണമായും സംവരണ രംഗത്തു നിന്നും പിന്നോട്ടു കൊണ്ടുപോകാനുള്ള വലിയ പരിശ്രമമാണ് അവർ നടത്തിക്കൊണ്ടിരിക്കുന്നത്. ഈ സാഹചര്യത്തിൽ ഇതിനു വലിയ പ്രാധാന്യമുണ്ട്. കേരളത്തെപ്പോലുള്ള സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ഒരുപാട് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതികളുടെ പോരായ്മയില്ല. കേരളത്തിൽ ഈ രംഗത്ത് ഏറ്റവും കൂടുതൽ അനിവാര്യമായി വരുന്നത് വളരെ ബുദ്ധിപരവും കൂട്ടായതുമായ ചർച്ച തന്നെയാണെന്ന് നിങ്ങൾക്കറിയാം. ഇവിടെ അപ്പുറത്തുമിപ്പുറത്തുമിരിക്കുന്നവർ ഒരുമിച്ചിരുന്നുകൊണ്ട് ചർച്ച നടത്തിയാൽ മാത്രമേ ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. ആ രീതിയിലുള്ള ഒരു പരിശ്രമം നടക്കുന്നുവെന്നുള്ളത് തീർച്ചയായും അനുഗുണമാണ്.

ഇവിടെ ആദിവാസി വിഭാഗങ്ങളെക്കുറിച്ചും അവരുടെ പ്രയാസങ്ങളെ കുറിച്ചും പറയുകയുണ്ടായി. പക്ഷേ ഒരു കാര്യം പറയാതിരിക്കാൻ കഴിയില്ല. ആയിരം ഭവനങ്ങൾ ഒരു വർഷം നൽകുന്ന എന്നുള്ളതാണ് കേരളത്തിന്റെ പദ്ധതിയെങ്കിലും പന്ത്രണ്ടായിരത്തോളം ഭവനങ്ങൾ നൽകാൻ ബഹുമാനപ്പെട്ട മന്ത്രിക്കു കഴിഞ്ഞിട്ടുണ്ടെന്ന സത്യത്തെ നാം വിസ്മരിക്കരുത്. കേരളത്തിൽ പരിശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്. ആ പരിശ്രമങ്ങളെ ഒരിക്കലും ചെറുതായി കാണാൻ സാധിക്കില്ല. ഒന്നേകാൽ ലക്ഷം രൂപയാണ് ഒരു പട്ടികവർഗ്ഗക്കാരന് കിട്ടിയിരുന്നതെങ്കിൽ ഇപ്പോൾ അത് ഏകദേശം മൂന്നര ലക്ഷത്തോളം രൂപയായി വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കേരളത്തിൽ ഈ നേട്ടങ്ങളൊക്കെ ഉണ്ടായിട്ടുണ്ടെങ്കിലും ചില പോരായ്മകളുമുണ്ട്. കുന്നിൻപുറങ്ങളിലും മറ്റും താമസിക്കുന്ന ആദിവാസികൾക്ക്/പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വീടുവയ്ക്കാനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതുകൊണ്ട് അവരുടെ വീടു നിൽക്കുന്ന സ്ഥലങ്ങളിൽ മെറ്റീരിയൽസ് എത്തിക്കാനുള്ള അന്തരീക്ഷം ഉണ്ടാകുമ്പോൾ കൊടുക്കുന്ന തുക തികയാതെ വരികയും യഥാസമയം വീട് നിർമ്മിക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകുകയും ചെയ്യുന്നു. അതുപോലെ ഒരുപാട് മേഖലകളുണ്ട്. മറ്റു പിന്നോക്ക സമുദായങ്ങളിലുള്ളവർക്ക് ഗൾഫ് രാജ്യങ്ങളിൽ ജോലിചെയ്യാനുള്ള അവസരമുണ്ടായതിനാൽ അവർ സാമ്പത്തിക വളർച്ചയിൽ മുൻപന്തിയിലായിട്ടുണ്ട്. പക്ഷേ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് അതിനവസരം ഉണ്ടായിട്ടില്ല. അതുകൊണ്ട് ഈ വിഷയങ്ങളൊക്കെ പഠിച്ച് അവരുടെ ഉന്നമനത്തിനായി ഒരു കൂട്ടായ മുന്നേറ്റം നമ്മുടെ രാജ്യത്തുണ്ടാകണം. പിന്നോക്കത്തിന്റെ കാവടി ഇറക്കിവച്ച് മറ്റുള്ളവരോട് മത്സരിക്കാൻ ഇവരെ പ്രാപ്തരാക്കാൻ കഴിയുന്നവിധത്തിൽ കേരളത്തെ ചിട്ടപ്പെടുത്തിയെടുക്കാൻ ഇതുപോലുള്ള തുറന്ന ചർച്ച വഴിയൊരുക്കട്ടെയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. ആർ. രാജേഷ്: സർ, മഹാനായ ഡോ. ബി. ആർ. അംബേദ്കറിന്റെ 125-ാം ജന്മവാർഷികത്തിന്റെ ഭാഗമായി പട്ടികജാതി-പട്ടികവർഗ്ഗക്കാർ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് നിയമസഭയിൽ ഇങ്ങനെയൊരു ചർച്ച ചെയ്യാൻ കഴിയുന്നത് സന്തോഷകരമായ കാര്യമാണ്. ഭാരതത്തിന്റെ ഭരണഘടനാ ശില്പിയും അടിമവർഗ്ഗത്തിന്റെ ആത്മാഭിമാനത്തെ ഉണർത്തുകയും ഉയർത്തുകയും ചെയ്ത ജീവിതത്തിന്റെ ഉടമയായിരുന്നു ഡോ. ബി. ആർ. അംബേദ്കർ. ചെറിയ പ്രായത്തിൽത്തന്നെ ഒരു പിന്നോക്ക ജനവിഭാഗത്തിലെ വിദ്യാർത്ഥി നേരിടുന്ന ചാതുർവർണ്യത്തിലധിഷ്ഠിതമായ ഹിന്ദു സമൂഹം നേരിടുന്ന എല്ലാത്തരം ബുദ്ധിമുട്ടും അനുഭവിച്ച വിദ്യാർത്ഥിയായിരുന്ന ഡോ. ബി. ആർ. അംബേദ്കർ. അദ്ദേഹം വീരനും സമർത്ഥനുമായ ഒരു മികച്ച വിദ്യാർത്ഥിയായിരുന്നു. വിദ്യാർത്ഥി ആയിരിക്കുമ്പോൾത്തന്നെ അയിത്തത്തിന്റെ ഭാഗമായ ഒരുപാട് ദുരവസ്ഥകൾ അദ്ദേഹത്തിന് നേരിടേണ്ടി വന്നിട്ടുണ്ട്. സ്കൂളിലേക്കുള്ള യാത്രയിലും പഠനത്തിലും ഭക്ഷണപാനീയങ്ങളിലുമെല്ലാം ഒരു പിന്നോക്ക ജനവിഭാഗത്തിലെ വിദ്യാർത്ഥി എന്ന നിലയിൽ വലിയ ബുദ്ധിമുട്ടാണ് അദ്ദേഹം അനുഭവിച്ചിട്ടുള്ളത്. അത്തരം ബുദ്ധിമുട്ടുകളെയെല്ലാം മറികടന്നുകൊണ്ട് ഒരു മികച്ച വിദ്യാർത്ഥിയായി അംബേദ്കർ മാറുകയുണ്ടായി. 1913 മുതലാണ് ഡോ. ബി. ആർ. അംബേദ്കർ ഗവേഷണത്തിനായി ന്യൂയോർക്കിൽ എത്തിയത്. 1913-ന് ഒരു പ്രാധാന്യമുണ്ട്. അതിന്റെ മുൻവർഷമാണ് കേരളത്തിൽ വിദ്യാഭ്യാസം ചെയ്യാൻ ആവശ്യമായ സാഹചര്യത്തിനുവേണ്ടി മഹാനായ അയ്യങ്കാളി ഒരു വർഷക്കാലം നീണ്ടു നിൽക്കുന്ന ഒരു ഐതിഹാസികമായ പണിമുടക്ക് സമരത്തിന് ആഹ്വാനം ചെയ്തത്. അത്തരത്തിൽ ഒരു സുപ്രധാനമായ നവോത്ഥാന പോരാട്ടം കേരളത്തിൽ നടക്കുന്നതിന്റെ പിറ്റേവർഷമാണ് ഡോ. ബി. ആർ. അംബേദ്കർ വിദ്യാഭ്യാസത്തിനായി ന്യൂയോർക്കിൽ പോയത്. അദ്ദേഹം പറഞ്ഞത് വിദ്യാഭ്യാസം കൊണ്ടുമാത്രമേ ജാതിവ്യവസ്ഥയെ എതിർത്തു തോല്പിക്കാനാവൂ എന്നാണ്. അമേരിക്കയിൽ ചെല്ലുന്ന ഒരു സാധാരണ വിദ്യാർത്ഥിയെ ബാധിക്കുന്ന വൈകാരികമായ കാര്യങ്ങളൊന്നും അംബേദ്കറിന്റെ ജീവിതത്തെ ബാധിച്ചിരുന്നില്ല. മാത്രമല്ല അമേരിക്കയുടെ സുഖലോലുപത അംബേദ്കറിനെ ബാധിച്ചിരുന്നുമില്ല. ആ സുഖലോലുപതയിൽ മയങ്ങാതെ താൻ എന്തു ലക്ഷ്യം മുൻനിർത്തിയാണോ അമേരിക്കയിലേക്ക് വന്നത് അത് സാദ്ധ്യമാക്കുന്നതിനുള്ള വലിയ പരിശ്രമമാണ് അദ്ദേഹം നടത്തിയത്. സയൻസിലും ഇക്കണോമിക്സിലും പൊളിറ്റിക്സിലുമുൾപ്പെടെ ബിരുദവും പിന്നീട് മാസ്റ്റർ ബിരുദവും അദ്ദേഹം നേടുകയുണ്ടായി. അധഃകൃത ജനതയെ ഗ്രസിച്ചുകൊണ്ടിരിക്കുന്ന ജാതി രാക്ഷസനെപ്പറ്റിയുള്ള പ്രബന്ധമാണ് അദ്ദേഹം തയ്യാറാക്കിയത്. ആ പ്രബന്ധത്തിനു ശേഷമാണ് അദ്ദേഹം മാസ്റ്റർ ബിരുദം കിട്ടുന്ന നിലയിലേക്ക് മാറിയിട്ടുള്ളത്. ഇന്ത്യയിലെ സാമ്പത്തിക സ്ഥിതിയെപ്പറ്റി കൊളംബിയ സർവ്വകലാശാലക്ക് അയച്ച ഒരു പ്രബന്ധത്തിന്റ ഭാഗമായിട്ടാണ് അദ്ദേഹത്തിന് ഡോക്ടറേറ്റ് കിട്ടിയത്. ഇന്ത്യയിലേയ്ക്ക് മടങ്ങിവന്ന

അദ്ദേഹം 1916-ൽ ലണ്ടനിലേയ്ക്ക് പോയി. ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിൽ നിന്ന് സാമ്പത്തികശാസ്ത്രത്തിൽ ബിരുദവും ഗ്രീസിൽ നിന്ന് നിയമ ബിരുദവും അദ്ദേഹം നേടുകയുണ്ടായി. അവിടെനിന്നും ഇന്ത്യയിലേക്ക് മടങ്ങിവന്നതിനു ശേഷമാണ് അധഃകൃത മേഖലകൾ നേരിടുന്ന വലിയ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനാവശ്യമായ വലിയ സമര പോരാട്ടത്തിലേക്ക് ഡോ. ബി. ആർ. അംബേദ്കർ പോയത്. ബോംബെയിലെ പൊതുകുളങ്ങളിൽനിന്നും എല്ലാവർക്കും വെള്ളം ഉപയോഗിക്കാൻ കഴിയുമെന്ന ഒരു നിയമം 1924-ൽ ബോംബെ നിയമസഭ പാസാക്കി. ആ പാസ്സാക്കുന്ന നിയമത്തിന്റെ അടിസ്ഥാനത്തിൽ വെള്ളം ഉപയോഗിക്കാൻ കഴിയാതിരുന്ന ഒരു ജനവിഭാഗം അവിടെ ഉണ്ടായിരുന്നു. അവിടത്തെ ചൗദാർ കുളത്തിൽനിന്നും വെള്ളം ഉപയോഗിക്കുന്നതിനുവേണ്ടി untouchable ആയ മുഴുവൻ ആളുകളെയും കൂട്ടിയോജിപ്പിച്ചുകൊണ്ട് നടത്തിയ സമരവും 1927 നവംബർ മാസം 13-ാം തീയതി അംബാദേവി ക്ഷേത്രത്തിലേക്കു പ്രവേശിക്കുന്നതിനുവേണ്ടി നടത്തിയ സമരവും ഡോ. ബി. ആർ. അംബേദ്ക്കറുടെ നേതൃത്വത്തിൽ നടന്ന സുപ്രധാനങ്ങളായ സമരങ്ങൾ ആയിരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനത്തിൽ എനിക്ക് ഏറ്റവും സുപ്രധാനമായി തോന്നുന്നത്, ഹിന്ദു സമൂഹത്തെ ബാധിക്കുന്ന അയിത്തത്തിൽ ഏറ്റവും സുപ്രധാനമാണ് ചാതുർ വർണ്യം. അതിൽ ഏറ്റവും സുപ്രധാനമാണ് മനുസ്മൃതി. ആ മനുസ്മൃതി ഈ രാജ്യത്ത് കത്തിച്ച ഏറ്റവും സുപ്രധാനിയായ ഒരു സാമൂഹ്യ പരിഷ്കർത്താവായിരുന്നു ഡോ. ബി. ആർ. അംബേദ്കർ. സാധാരണ മനുഷ്യനായിരിക്കുമ്പോഴും untouchables-ന് വേണ്ടിയുള്ള പോരാട്ടം നടത്തുമ്പോഴും അദ്ദേഹത്തിനു നേരെയുണ്ടായ അക്രമണങ്ങളെല്ലാം പ്രതിരോധിക്കാൻ കഴിഞ്ഞത് എന്തുകൊണ്ടാണെന്ന് ചോദിച്ചാൽ ഉന്നതമായ വിദ്യാഭ്യാസം ഉണ്ട് എന്നുള്ളതുകൊണ്ടാണ്. തിരുവള്ളുവറിന്റെ തിരുക്കുറലിൽ 'അറിവ് ആപത്തിൽ സംരക്ഷിക്കുന്ന ആയുധവും ശത്രുക്കൾക്ക് നശിപ്പിക്കാൻ കഴിയാത്ത കോട്ടയുമാണ്.' എന്ന സുപ്രധാനമായ വരിയുണ്ട്. ആ ഉജ്ജ്വലമായ അറിവിന്റെയും വിദ്യാഭ്യാസത്തിന്റെയും അടിത്തറയിലാണ് ഡോ. ബി. ആർ. അംബേദ്കർ അദ്ദേഹത്തിന്റെ സാമൂഹിക ജീവിതം കെട്ടിപ്പടുത്തത്. ഞാൻ ജീവിച്ചിരിക്കുന്ന ഘട്ടത്തിൽ ജാതീയമായ ഈ അസമത്വങ്ങളെ എതിർക്കുകയെന്നതായിരിക്കും ഇനി എന്റെ ജീവിതോദ്ദേശ്യം എന്ന അദ്ദേഹത്തിന്റെ ഒരു പ്രതിജ്ഞയുണ്ട്. അയിത്ത ജാതിക്കാർക്ക് ജീവിത സമത്വം പ്രദാനം ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ ഞാൻ ആത്മഹത്യചെയ്യുമെന്നാണ് ഡോ. ബി. ആർ. അംബേദ്കർ പ്രഖ്യാപിച്ചത്. ഇക്കാലഘട്ടത്തിൽ, എന്തുകൊണ്ട് കേരളം മാറിയെന്നത് നമ്മൾ പരിശോധിക്കേണ്ട ഒരു പ്രധാനപ്പെട്ട കാര്യമാണ്. സാമൂഹ്യ പരിഷ്ക്കർത്താക്കളും നവോത്ഥാന നായകന്മാരുമൊക്കെ നടത്തിയ പ്രവർത്തനത്തിന്റെ ഭാഗമായാണ് നമ്മുടെ നാടിന്റെ സാമൂഹിക അടിത്തറ സൃഷ്ടിക്കപ്പെടുന്നത്. ആ സാമൂഹിക അടിത്തറ മാത്രമല്ല, കമ്മ്യൂണിസ്റ്റ് പാർട്ടിയും കേരളത്തെ മാറ്റുന്നതിൽ വലിയ പങ്ക്

വഹിച്ചിട്ടുണ്ട്. 1957-ൽ അധികാരത്തിൽ വന്ന സഖാവ് ഇ.എം.എസ്.-ന്റെ ഗവൺമെന്റ് കേരളത്തിൽ വിപ്ലവകരമായ വിദ്യാഭ്യാസ അവകാശ നിയമവും കുടിയൊഴിപ്പിക്കൽ നിരോധന നിയമവും ഭൂപരിഷ്കരണ നിയമവും കൊണ്ടുവന്നു. ഒരു സാധാരണ മനുഷ്യന്റെ മകനായി ജനിക്കുകയും അങ്ങനെതന്നെ ജീവിക്കുകയും ചെയ്യേണ്ടിയിരുന്ന ലക്ഷക്കണക്കിന് വരുന്ന കുട്ടികളെയാണ് വിദ്യാഭ്യാസത്തിന്റെ, അറിവിന്റെ ലോകത്തിലേക്ക് കൊണ്ടുവന്നത്. മരിച്ചു വീണാൽ അടക്കാൻ ഒരു തുണ്ട് മണ്ണുപോലുമില്ലാതിരുന്ന ലക്ഷക്കണക്കിന് ആളുകളെയാണ് ഭൂമിയുടെ അവകാശികളാക്കി മാറ്റിയത്. അത്രയും സുപ്രധാനമായ നിയമങ്ങളാണ് നമ്മുടെ നാട്ടിൽ വലിയ പരിവർത്തനങ്ങൾ ഉണ്ടാക്കിയത്. ഡോ. ബി. ആർ. അംബേദ്ക്കറുടെ ജന്മശതാബ്ദി ആഘോഷിക്കുന്ന ഘട്ടത്തിലാണ് മോഡൽ റെസിഡൻഷ്യൽ സ്കൂൾ അടക്കമുള്ള നാൽപ്പത്തിയൊന്നിന കർമ്മ പരിപാടികൾ 1990-ൽ ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റിന്റെ കാലത്ത് ആവിഷ്കരിച്ചത്. 125-ാം ജന്മവാർഷികം ആഘോഷിക്കുന്ന ഘട്ടത്തിലും നമ്മുടെ നാട്ടിലെ ദളിത് സമൂഹം, പട്ടികജാതി സമൂഹം ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. ഇടതുപക്ഷ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും പ്രഖ്യാപിച്ച സുപ്രധാനമായ ചില കാര്യങ്ങളായിരുന്നല്ലോ സ്വയം പര്യാപ്ത ഗ്രാമം. നമ്മളൊക്കെ ആവേശത്തോടു കൂടിയാണ് ആ സ്വയം പര്യാപ്ത ഗ്രാമത്തെ കണ്ടത്. 2012-13-ൽ 114 സ്വയംപര്യാപ്ത ഗ്രാമങ്ങളും 2013-14-ൽ 103 ഗ്രാമങ്ങളും അടക്കം 217 സ്വയംപര്യാപ്ത ഗ്രാമങ്ങൾ നാം ഏറ്റെടുക്കുകയുണ്ടായി. ആദ്യ രണ്ടുവർഷക്കാലം ഏറ്റെടുത്ത 217 സ്വയംപര്യാപ്ത ഗ്രാമങ്ങളിൽ 15 എണ്ണം മാത്രമേ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളൂവെന്നാണ് നിയമസഭയിൽ ചോദിച്ച ഒരു ചോദ്യത്തിന് മറുപടിയായി നൽകിയിട്ടുള്ളത്. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്? പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന കോളനികൾ പ്രത്യേകമായി കണ്ടുപിടിക്കുകയും ആ കോളനികളുടെ സമഗ്രമായ ഭൗതിക വികസനത്തിനുവേണ്ടി ആവിഷ്കരിക്കുന്ന പദ്ധതികൾപോലും വളരെ വേഗത്തിൽ പൂർത്തീകരിക്കാൻ കഴിയുന്നില്ലായെന്നത് സുപ്രധാനമായ കാര്യമാണ്. മിഷൻ 676-ൽ ഉൾപ്പെടുത്തി പട്ടികജാതിക്കാരുടെ ഒരു ലക്ഷം രൂപവരെയുള്ള വായ്പ എഴുതിത്തള്ളുകയെന്നതായിരുന്നു ഈ ഗവൺമെന്റ് പ്രഖ്യാപിച്ച മറ്റൊരു സുപ്രധാനമായ പ്രോജക്ട്. ഒരു രൂപ പോലും അതിന്റെ ഭാഗമായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലായെന്നാണ് നിയമസഭയിലെ ചോദ്യത്തിന് മറുപടിയായി പറഞ്ഞത്. പട്ടികജാതി മേഖലയ്ക്കുവേണ്ടി ബഡ്ജറ്റിൽ ഫണ്ട് പ്രഖ്യാപിക്കുകയും എന്നാൽ ഒരു രൂപ പോലും ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നൊരു സങ്കീർണ്ണമായ കാലഘട്ടത്തിലേയ്ക്ക് ഈ ഭരണ കാലഘട്ടം മാറുകയാണ്. 'പട്ടികജാതിക്കാരെ ഇങ്ങനെ വേണം ഒതുക്കാൻ'-എന്ന ഹെഡ്ഡിംഗിൽ 29-10-2015-ലെ കേരള കൗമുദിയിൽ ഒരു വാർത്തയുണ്ട്. ഡോ. ബി. ആർ. അംബേദ്കർ ഭരണഘടനാപരമായി നമുക്ക് സംവരണം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ

പൊതുമേഖലയിൽ ലഭ്യമാകേണ്ട നിയമനങ്ങൾപോലും ലഭ്യമാകുന്നില്ല. ഇവിടെ എയ്ഡഡ് മേഖലയിലെയും സ്വകാര്യ മേഖലയിലെയും നിയമനങ്ങൾ ചൂണ്ടിക്കാണിച്ചു. നമ്മുടെ സംസ്ഥാനത്ത് പട്ടികജാതി സമൂഹത്തിന് ജോലി ലഭ്യമാകേണ്ട നിരവധി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നില്ലായെന്ന സുപ്രധാനമായ ഒരു കാര്യമുണ്ട്. 777 തസ്തികകളാണ് റിപ്പോർട്ട് ചെയ്യാതിരിക്കുന്നത്. ഏഴ വർഷക്കാലമായി സ്പെഷ്യൽ റിക്രൂട്ട്മെന്റിന്റെ ഭാഗമായി പട്ടികജാതി മേഖലയിൽ ഒരു റാങ്ക് ലിസ്റ്റുണ്ട്. അവിടെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് ജോലി കിട്ടാത്ത സാഹചര്യമാണ്. അത്തരമൊരു സാഹചര്യമുള്ളപ്പോഴാണ് 777 തസ്തികകൾ ഗവൺമെന്റ് റിപ്പോർട്ട് ചെയ്യപ്പെടാതിരിക്കുന്നത്. ആരോഗ്യവകുപ്പിൽ 385 ഒഴിവുകളാണുള്ളത്. അതിൽ മെഡിക്കൽ വിദ്യാഭ്യാസത്തിൽ 237-ഉം ഹെൽത്ത് സർവ്വീസിൽ 148-ഉം കൂടാതെ ഹയർ സെക്കന്ററി വകുപ്പിൽ 148, ജലസേചന വകുപ്പിൽ 50, പൊതുമരാമത്ത് വകുപ്പിൽ 36, വിദ്യാഭ്യാസ വകുപ്പിൽ 28, വാണിജ്യ നികുതി വകുപ്പിൽ 23 ഇങ്ങനെയാണ് 777 തസ്തികകളിലെ ഒഴിവുകൾ. ഗവൺമെന്റിന്റെ ഇടപടലിന്റെ പോരായ്മയുടെ ഭാഗമായി പട്ടികജാതിക്കാരായ ഉദ്യോഗാർത്ഥികൾക്ക് ജോലി കിട്ടേണ്ട മേഖലയിൽ ജോലി കിട്ടാത്തൊരു സ്ഥിതിവിശേഷം ഉണ്ടാകുകയാണ്.

മി. ചെയർമാൻ: യെസ്....

ശ്രീ. ആർ. രാജേഷ്: സർ, 3 മിനിട്ട് കൂടി.

മി. ചെയർമാൻ: അതുവേണ്ട., ഒന്നോ രണ്ടോ മിനിട്ട് കൂടി.

ശ്രീ. ആർ. രാജേഷ്: സർ, പി.എസ്.സി. വഴിയുള്ള സ്ഥിരം നിയമനങ്ങൾ അല്ലാതെ പൊതുമേഖലാ സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും എംപ്ലോയ്മെന്റ്വഴി കരാർ ജോലിക്ക് ആളുകളെ എടുക്കുകയാണ്. ഇവിടെ എവിടെയാണ് സംവരണം? എയ്ഡഡ് മേഖലയിലെ സംവരണങ്ങളെക്കുറിച്ചൊക്കെ ചൂണ്ടിക്കാണിച്ചു. നമ്മുടെ രാജ്യത്ത് ഭരണഘടനാപരമായ അവകാശം പട്ടികജാതിക്കാർക്കുണ്ട്. ആ അവകാശം കൊടുക്കുന്ന ഒരു ഭരണകൂടമല്ല ഇന്ന് രാജ്യം ഭരിക്കുന്നത്. സംവരണമേ വേണ്ട എന്ന നിലപാട് സ്വീകരിക്കുന്ന, ചാതുർവർണ്യ വ്യവസ്ഥ നമ്മുടെ സമൂഹത്തിലേക്ക് തിരികെ കൊണ്ടുവരാൻ പരിശ്രമിക്കുന്ന, മനുസ്മൃതി അംഗീകരിക്കുന്ന ആർ.എസ്.എസ്. ആണ് ഇന്ന് രാജ്യം ഭരിക്കുന്നത്. 2001 മുതൽ 2013-വരെ ഗുജറാത്ത് ഭരിച്ച നരേന്ദ്രമോഡി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഭരണഘടനാ ശിൽപ്പിയായ ഡോ. ബി. ആർ. അംബേദ്കറുടെ പേരിൽ ഗുജറാത്തിൽ ഏർപ്പെടുത്തിയ ഭവനനിർമ്മാണ പദ്ധതി പരിപൂർണ്ണമായും അട്ടിമറിക്കുന്നു. ഗുജറാത്തിൽ ഡോ. ബി. ആർ. അംബേദ്കറുടെ

പേരിലുള്ള പാഠപുസ്തകത്തിലെ പാഠഭാഗം നരേന്ദ്ര മോഡി സർക്കാർ ഒഴിവാക്കുകയാണ്. തമിഴ്നാട്ടിൽ അംബേദ്കറിന്റെ നാമധേയത്തിലുള്ള 'അംബേദ്കർ പെരിയോർ സ്റ്റഡി സെന്റർ' ഒഴിവാക്കുകയാണ്. ഭരണഘടനാ ശിൽപ്പിയായ ഡോ. ബി. ആർ. അംബേദ്കറിന്റെ നാമധേയത്തിലുള്ള എല്ലാ സ്മാരകങ്ങളും ശിലകളും സ്റ്റഡി സെന്ററുകളും ഒഴിവാക്കുന്ന, ചാതുർവർണ്യ വ്യവസ്ഥയെ തിരികെ കൊണ്ടുവരുന്ന, അംബേദ്കർ കത്തിച്ച മനുസ്മൃതിയെ അംഗീകരിക്കുന്ന സംഘപരിവാർ നമ്മുടെ നാട് നിയന്ത്രിക്കുമ്പോൾ ദളിത് വിഭാഗക്കാരുടെ ജീവിതം വളരെ ബുദ്ധിമുട്ടിലാകുകയാണ്. ഹരിയാനയിൽ ദേശീയപാതയുടെ നടുക്ക് രണ്ട് ഐസ് കട്ടയുടെ പുറത്ത് രണ്ട് ശവശരീരങ്ങൾ, ദളിതരെ കൊലപ്പെടുത്തുന്ന സംഘപരിവാർ. ....

മി. ചെയർമാൻ: പ്ലീസ് .... കൺക്ലൂഡ്.... പ്ലീസ്....

ശ്രീ. ആർ. രാജേഷ്: സർ, സാധനങ്ങൾ മോഷ്ടിച്ചുവെന്ന് ആരോപിച്ച് കുട്ടികളെ കൊലപ്പെടുത്തുന്ന സംഘപരിവാർ....അവർ പറയുകയാണ്, തെരുവു പട്ടികളെ കല്ലെറിഞ്ഞാൽ കേന്ദ്ര സർക്കാർ എന്തു പിഴച്ചു? നമ്മുടെ രാജ്യത്ത്, ദളിതരെ ഉന്നമനത്തിലേയ്ക്ക് കൊണ്ടുവരുമ്പോൾ അവരെ തെരുവ് പട്ടികൾക്ക് സമാനമായി കാണുന്നൊരു ഭരണകൂടമുള്ളപ്പോൾ വലിയ ജാഗ്രതയോടുകൂടി പ്രവർത്തിക്കണം. ഡോ. ബി. ആർ. അംബേദ്കറുടെ 125-ാം ജന്മവാർഷികത്തിന്റെ ഭാഗമായി ഇത്തരമൊരു ചർച്ച നടത്താൻ സാധിച്ചതിൽ സന്തോഷം പ്രകടിപ്പിച്ചു കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, ഇന്ത്യയുടെ ഭരണഘടനാ ശിൽപി മഹാനായ ഡോ. ബി. ആർ. അംബേദ്കറുടെ 125-ാം ജന്മവാർഷികം രാജ്യവ്യാപകമായി ആചരിക്കുന്ന ഈ സന്ദർഭത്തിൽ നമ്മുടെ സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവരും മറ്റുപിന്നോക്ക വിഭാഗങ്ങളിൽപ്പെട്ടവരും അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുവാൻ സഭയ്ക്ക് കഴിഞ്ഞുവെന്നുള്ളത് നമ്മുടെ സംസ്ഥാനത്തിന്റെ സാമൂഹ്യനീതിയുടെ നിലപാട് വ്യക്തമാക്കുന്ന സുപ്രധാനമായ ഒരു സന്ദർഭമായി ഞാൻ കരുതുകയാണ്. ഇവിടെ എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗങ്ങൾ, ഈ ഉപക്ഷേപം അവതരിപ്പിച്ച ശ്രീ. കോടിയേരി ബാലകൃഷ്ണൻ തുടങ്ങിവച്ചതുമുതൽ വിവിധ അംഗങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കുന്ന വികാരം കേരളത്തിന്റെ ഒരു പൊതുവികാരമാണ്. രാഷ്ട്രീയ തർക്കങ്ങളുടെയും ശക്തമായ രാഷ്ട്രീയ നിലപാടുകളുടേയും പേരിൽ ജനാധിപത്യത്തിൽ നമ്മളൊക്കെ ഏറ്റുമുട്ടേണ്ടിവരുമ്പോൾ, അതിനുവേണ്ടി അടിയുറച്ചുനിൽക്കുമ്പോൾ അതിനതീതമായ പ്രശ്നങ്ങളെ ആ നിലയ്ക്ക് കാണുവാൻ കേരളത്തിന് കഴിയുമെന്ന് വിളിച്ചറിയിക്കുന്ന ഒരു ചർച്ചയാണ് ഇപ്പോൾ ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്.

ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ ഇന്ന് അനുഭവിക്കുന്ന പ്രശ്നങ്ങൾ വിലയിരുത്തുമ്പോഴാണ് സത്യത്തിൽ കേരളം എത്രയോ നീതിപൂർവ്വമായൊരു നിലപാടെടുത്തുകൊണ്ട് ഇതുവരെ മുന്നോട്ടുപോയി എന്ന് നമുക്ക് കാണാൻ കഴിയുന്നത്. ആ ഒരു വസ്തുതയെ നമുക്ക് അംഗീകരിക്കേണ്ടതായിട്ടുണ്ട്. ഇനിയും കേരളത്തിൽ വളരെയേറെ മാറ്റങ്ങൾ ഈ രംഗത്തുണ്ടാകണം, അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണമെന്ന കാര്യത്തിൽ സംശയമില്ല. പക്ഷേ ഇന്ത്യയിലെ മറ്റുസംസ്ഥാനങ്ങളിൽ ആളുകളെ ചുട്ടുകരിക്കുകയും അതിക്രൂരമായ പീഡനങ്ങൾക്ക് വിധേയമാകുകയും നിഷ്ഠൂരമായി ഉപദ്രവിക്കുകയും ചെയ്യുന്ന പൈശാചികമായ സംഭവങ്ങൾ ആവർത്തിക്കപ്പെടുമ്പോൾ, അതിൽനിന്നും വ്യത്യസ്തമായ ഒരു സാമൂഹിക അന്തരീക്ഷം കേരളത്തിൽ ഉറപ്പു വരുത്തുവാൻ കഴിഞ്ഞുവെന്നുള്ളത്, കേരളത്തിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും കേരളത്തിൽ അധികാരത്തിൽ വന്നിട്ടുള്ള ജനാധിപത്യ ഗവൺമെന്റുകൾക്കും അത് അഭിമാനകരമാണെന്നതിൽ സംശയമില്ല. ഈ കാലഘട്ടത്തിലും നിരവധി കർമ്മ പരിപാടികൾ ആവിഷ്കരിച്ച് ഗവൺമെന്റ് മുന്നോട്ടുപോകുമ്പോഴും ഇവിടെ ഉന്നയിക്കപ്പെട്ട ഒരു പ്രധാനപ്രശ്നം ഞാനും ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. കേരളത്തിൽ മുൻഗണന കൊടുത്തിരിക്കുന്ന കാര്യങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗക്ഷേമം ഏറ്റവും വിലപ്പെട്ടതായി നമ്മുടെ സംസ്ഥാനം എന്നും കണക്കാക്കിയിട്ടുണ്ട്. ഈ ജനവിഭാഗങ്ങൾക്കുവേണ്ടി മാറ്റിവയ്ക്കുന്ന മുഴുവൻ തുകയും യഥാർത്ഥ ഗുണഭോക്താക്കൾക്കും അവകാശികൾക്കും കിട്ടാതെ പോകുന്നതിനെക്കുറിച്ചുള്ള പരാതി ഈ കാലഘട്ടത്തിലും ഈ ചർച്ചയിലും സജീവമായി നിൽക്കുകയാണ്. ഇതെന്തുകൊണ്ട് സംഭവിക്കുന്നുവെന്ന് പരിശോധിക്കാൻ കഴിയാതെപോകുന്നത് ഒരു നിർഭാഗ്യാവസ്ഥയാണ്. ഇതിനൊരു മാറ്റം വരുത്താൻ കഴിയുന്ന വിധത്തിലുള്ള ശക്തമായ ഇടപെടൽ, ശക്തമായ പരിശോധന ഗവൺമെന്റ് തലത്തിൽ തന്നെയുണ്ടാകേണ്ടത് അനിവാര്യമായിരിക്കുകയാണ്. യഥാർത്ഥത്തിൽ അർഹതപ്പെട്ടവർക്കുതന്നെ ആനുകൂല്യങ്ങൾ എത്തിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ കഴിയുന്ന വിധത്തിൽ പ്രവർത്തനങ്ങളെ മാറ്റിയെടുക്കേണ്ടതായിട്ടുണ്ട്.

അതുപോലെതന്നെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും മറ്റു പിന്നാക്ക ജനവിഭാഗങ്ങൾക്കുമെല്ലാം കേരളത്തിന്റെ സാമൂഹികാന്തരീക്ഷത്തിൽ വളരെയേറെ മുന്നോട്ടുവരാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് സാമൂഹ്യസമത്വവും സാമ്പത്തികസമത്വവും ഉറപ്പുവരുത്തുന്നതിൽ കേരളം മുൻപന്തിയിൽ നിൽക്കുന്നതിന്റെ തെളിവായി തന്നെ നമുക്ക് ചൂണ്ടിക്കാണിക്കാൻ കഴിയും. പക്ഷേ ഇപ്പോഴും ഇവിടെ പോഷകാഹാരത്തിന്റെ കുറവുകൊണ്ടും ഭക്ഷണത്തിന്റെ കുറവുകൊണ്ടും പാവപ്പെട്ട കുട്ടികളടക്കം ഇന്നും പ്രയാസപ്പെടുന്നുവെന്ന് പറയുന്നത് കേരളം പോലുള്ള ഒരു സംസ്ഥാനത്തിന് ഏറ്റവും ദുഃഖകരമായ ഒരു കാര്യമാണ്. ഈ ചർച്ചകൾകൊണ്ട് ഇത് അവസാനിക്കാതെ നമുക്ക്

കരണീയമായി എന്ത് കർമ്മപരിപാടികളാണ് ആവിഷ്ക്കരിക്കാൻ കഴിയുന്നത് എന്ന് ഇതിനനുബന്ധമായി ചിന്തിക്കുവാനും ആവിഷ്കരിക്കാനും കഴിയണമെന്നുള്ളതും വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഈ ചർച്ച വളരെ നല്ല കാര്യമാണ്. അതിനെ ഞാൻ വളരെയേറെ സ്വാഗതം ചെയ്യുന്നു. ഇതിന്റെ റിസൾട്ടുണ്ടാവുകയെന്നത് അതിനേക്കാൾ പ്രധാനപ്പെട്ട കാര്യമാണ്. പലപ്പോഴും നിർഭാഗ്യകരമായി റിസൾട്ടില്ലാതെ പോകുന്ന നിരവധി ചർച്ചകൾ ഇവിടെ നടന്നിട്ടുണ്ട് എന്നത് നമ്മുടെ എല്ലാവരുടേയും മനസിലുണ്ട്. അതുകൊണ്ട് റിസൾട്ടുണ്ടാക്കാൻ കഴിയുന്നവിധത്തിലുള്ള നടപടിയിലേക്ക് വരണം. അതിന് നല്ലൊരു സൂചന ഇവിടെ കാണിക്കുകയാണ്. കേരളം ഇക്കാര്യത്തിൽ ഒറ്റക്കെട്ടായി നിൽക്കുന്നുവെന്ന് പറയുന്നത് സ്വാഗതാർഹമാണ്. ഒരു അഭിപ്രായ സമന്വയത്തിലൂടെ, ഒരു സമവായത്തിലൂടെ ഇനി നടപ്പിലാക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് വ്യക്തതയോടെ ഒരു കർമ്മപരിപാടിക്ക് രൂപംകൊടുക്കാൻ കേരളത്തിന് കഴിയണം. ഇന്ത്യക്ക് വിവിധകാര്യങ്ങളിൽ മാതൃകയായിട്ടുള്ള കേരള സംസ്ഥാനം പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ക്ഷേമത്തിനുവേണ്ടി ഒന്നിച്ചു നിൽക്കണം. പിന്നോക്ക ജനവിഭാഗങ്ങളെ സാമൂഹികാന്തരീക്ഷത്തിൽ ഉയർത്തിക്കൊണ്ടു വരുന്നതിനുവേണ്ടി ഈ ചർച്ചയുടെ വെളിച്ചത്തിൽ ഒരു കർമ്മ പരിപാടി ആവിഷ്ക്കരിക്കാൻ കേരളത്തിന് കഴിഞ്ഞാൽ അത് ഏറ്റവും വലിയ അനുഗ്രഹമായിത്തീരുമെന്ന കാര്യത്തിൽ സംശയമില്ല. ആദിവാസി കുട്ടികൾ സ്കൂളുകളിൽനിന്നും കൊഴിഞ്ഞു പോകുന്നതിനെക്കുറിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. നമ്മുടെ സംസ്ഥാനത്ത് ഇത്രയേറെ സൗകര്യങ്ങൾ നമ്മൾ ഉറപ്പുവരുത്തിയിട്ടും എന്തുകൊണ്ടാണ് ഈ കുട്ടികൾ സ്കൂളിൽനിന്നും കൊഴിഞ്ഞുപോകുന്നത്? ഇത് വളരെ ഗൗരവമായി പരിശോധിക്കേണ്ട കാര്യമാണ്. അങ്ങനെയുള്ള കുട്ടികളെ സ്കൂളിൽത്തന്നെ നിലനിർത്താൻ കഴിയുകയെന്നത് ഒരു പ്രധാനകാര്യമാണ്. അതുപോലെ ഈ സംസ്ഥാനത്ത് പഠിച്ചുമിടുക്കരായി കടന്നുവരാൻ കഴിയുന്നവർക്ക് ലോകത്ത് ഏറ്റവും കൂടുതൽ സാധ്യത വളർത്തിക്കൊടുക്കാൻ കഴിയുന്ന സംസ്ഥാനമാണ് കേരളം. പക്ഷേ ഇനിയും പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്ക സമുദായങ്ങളിൽപ്പെട്ട പഠിച്ചുമിടുക്കരായി കടന്നുവരുവാൻ കഴിയുന്ന കുട്ടികളെ പ്രത്യേകമായി പ്രോത്സാഹിപ്പിക്കാൻ കഴിയുന്ന വിധത്തിൽ ഗവൺമെന്റിന് എങ്ങനെ ഇടപെടാൻ കഴിയും എന്നതിനെ കുറിച്ച് കാര്യമായ ചിന്തകൾ നമുക്ക് ഈ ചർച്ചയുടെ ഭാഗമായി ആവിഷ്ക്കരിക്കേണ്ടതായിട്ടുണ്ട്. അതുപോലെ വിദ്യാഭ്യാസപരമായും സാമൂഹ്യപരമായുമെല്ലാം പുരോഗതിയിലേക്ക് വരേണ്ടതുണ്ട്. ഒരു മനുഷ്യന്റെ ജീവിതത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് തലചായ്ക്കാൻ ഒരു വീടുണ്ടാവുകയെന്നത്. ഇവിടെ വീടില്ലാത്ത, ഭൂമിയില്ലാത്ത കുടുംബങ്ങളെ സഹായിക്കാൻ ഗവൺമെന്റ് കർമ്മപദ്ധതി കൊണ്ടു വന്നിട്ടുണ്ട്. പക്ഷേ ഇന്നും നിരവധി കുടുംബങ്ങൾ നിരാലംബരായി കഴിയുകയാണ്. ഇവരെ സഹായിക്കാൻ നമുക്ക് കഴിയില്ലേ; തീർച്ചയായും എത്രയോ പദ്ധതികൾ ഗവൺമെന്റിന്റെ വിവിധ

മേഖലകൾക്കുവേണ്ടി ഏറ്റെടുക്കുന്നു. വീടില്ലാത്ത എല്ലാ കുടുംബങ്ങൾക്കും വീട് കൊടുക്കാൻ കഴിയുന്നവിധത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും മറ്റ് പിന്നോക്ക വിഭാഗങ്ങളുടെയും ദുർബലജനവിഭാഗങ്ങളുടെയും സംരക്ഷണത്തിനു വേണ്ടി ശ്രദ്ധേയമായ ഒരു നിലപാടെടുത്തുകൊണ്ട് അവരെ സഹായിക്കാൻ കഴിയത്തക്കവിധത്തിലുള്ള സാഹചര്യമുണ്ടാകണം. ഞാൻ എന്റെ വാക്ക് ചുരുക്കുന്നു. രാഷ്ട്രപിതാവ് മഹാത്മജി ഈ രാജ്യത്ത് സുപ്രധാനമായ ഏത് തീരുമാനങ്ങളെടുക്കുമ്പോഴും പാവപ്പെട്ടവനെക്കുറിച്ച് ചിന്തിക്കുകയെന്നു പറഞ്ഞ നിലപാട് രാജ്യത്ത് സമത്വത്തോടെ നിർവ്വഹിക്കുവാൻ സാഹചര്യമുണ്ടാക്കിയ വ്യക്തിയാണ് ഡോ. ബി. ആർ. അംബേദ്കർ. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കുംവേണ്ടി ഈ ചർച്ചയുടെ വെളിച്ചത്തിൽ ഒരു കർമ്മ പരിപാടിക്ക് രൂപം കൊടുക്കാൻ കഴിയുന്ന വിധത്തിലേയ്ക്ക് കേരളം ഉണരട്ടെ, ആ ഒരു വലിയ മാറ്റത്തിനുള്ള സാഹചര്യമായി തീരട്ടെയെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, നമ്മുടെ രാജ്യം എല്ലാകാലത്തും അഭിമാനത്തോടെ ഉയർത്തിക്കാട്ടുന്ന രാഷ്ട്രനേതാക്കന്മാരിൽ പ്രമുഖനാണ് ഡോ. ബി. ആർ. അംബേദ്കർ. അദ്ദേഹത്തിന്റെ 125-ാം ജന്മവാർഷികത്തോടനുബന്ധിച്ച് നമ്മുടെ സഭ ഇത്തരത്തിൽ ആഴത്തിൽ ഇറങ്ങിയ ഒരു ചർച്ചയ്ക്ക് തയ്യാറായതും അതിനൊരു സാഹചര്യം സൃഷ്ടിച്ചതും ഉചിതമായി എന്ന് ഞാൻ ആദ്യമായി അഭിപ്രായപ്പെട്ടുകൊള്ളുന്നു. നമ്മുടെ നാട്ടിലെ പിന്നോക്ക ജനവിഭാഗങ്ങൾക്കും പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങളുൾപ്പെടെയുള്ളവർക്കും അവരുടെ ജീവിത അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള അടിസ്ഥാന നയങ്ങൾ രൂപീകരിക്കുന്ന കാര്യത്തിലായിരുന്നു ഡോ. അംബേദ്കർ മുഖ്യശ്രദ്ധ പതിപ്പിച്ചിരുന്നത്. ഇവിടെ പലരും ചൂണ്ടിക്കാണിച്ചതുപ്പോലെ നവോത്ഥാന പ്രവർത്തനങ്ങളുടെ ഫലമായി നിരവധി നേട്ടങ്ങൾ ഈ ജനവിഭാഗങ്ങൾ കൈവരിക്കുകയും ചെയ്തു. കേരളമാണ് അക്കാര്യത്തിൽ മുൻപന്തിയിലുണ്ടായിരുന്നത്. ആദിവാസിമേഖലയിലെ ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങളുടെ ചിത്രമാണ് ഈ ചർച്ചയിലും നമ്മുടെ മുമ്പാകെ തെളിഞ്ഞുവന്നിട്ടുള്ളത്. ഈ ദുരവസ്ഥ ആർക്കും അഭിമാനകരമല്ല എന്ന് രണ്ടുപക്ഷത്തുനിന്നും അഭിപ്രായപ്രകടനം നടത്തുകയുണ്ടായി. അഭിമാനകരമല്ലാത്ത ആ അവസ്ഥയ്ക്ക് മാറ്റമുണ്ടാക്കാൻ എന്ത് ക്രിയാത്മകമായ പദ്ധതികളാണ് ഈ ചർച്ചയ്ക്കുശേഷം ഇവിടെയുണ്ടാകാൻ പോകുന്നത് എന്നതിനെ ആശ്രയിച്ചാണ് ഈ ചർച്ചയുടെ ഫലപ്രാപ്തി. ഇന്ന് ഈ വിഭാഗങ്ങളാകെ വലിയ വെല്ലുവിളിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. അതിൽ ഏറ്റവും പ്രധാനം ഭരണകൂടത്തിന്റെ പിന്തുണയോടുകൂടി സവർണ്ണ ഹൈന്ദവ ഫാസിസം പിന്നോക്ക ജനവിഭാഗങ്ങളുടെ ഇടയിൽ നടത്തുന്ന പ്രവർത്തനങ്ങളാണ്. അവരെ സമൂഹത്തിൽനിന്നും അകറ്റി

നിർത്തുന്ന തൊട്ടുകൂടായ്മയും തീണ്ടായ്മയുമൊക്കെ പുനഃസ്ഥാപിക്കുന്ന ചാതുർവർണ്ണ്യത്തിന്റെ പുതിയ വെല്ലുവിളി നമ്മുടെ രാജ്യത്ത് ഉയർന്നു വന്നിരിക്കുകയാണ്. അതിന്റെ ഭാഗമായിട്ടാണ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, സംവരണതത്വത്തിൽ മാറ്റങ്ങൾ വരുത്തണമെന്ന ആവശ്യം. സംവരണം ആരുടേയും ഔദാര്യമല്ല എന്നത് ഇങ്ങനെ പറയുന്നവർ വിസ്മരിച്ചുപോകുകയാണ്. അത് ഈ രാജ്യത്തിലെ പിന്നോക്ക ജനവിഭാഗങ്ങളുടെ അവകാശമാണ്. ആ അവകാശം സംരക്ഷിക്കുന്ന കാര്യത്തിൽ ഒരുമിച്ച് നിൽക്കുന്നതിനുപകരം സവർണ്ണ ഫാസിസ്റ്റ് മോഹങ്ങളോടൊപ്പം നിൽക്കാൻ കേരളീയരെ കിട്ടുമോ എന്ന പരീക്ഷണവും നമ്മുടെ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ മതേതര വിശ്വാസികൾ, ഇന്ത്യയിലെ ജനങ്ങളെയാകെ ഒന്നായി കാണുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, ഈ വെല്ലുവിളിക്കെതിരെ ഒരുമിച്ചുനിൽക്കാൻ കഴിയുമോ എന്ന ചോദ്യവും ഇവിടെ ഉയർന്നുവന്നിട്ടുണ്ട്. നമ്മുടെ ആദിവാസി മേഖലകളിൽ നടപ്പിലാക്കുന്ന പരിപാടികളുടെ അർത്ഥശൂന്യതയെക്കുറിച്ച് ഇവിടെ പലരും ചൂണ്ടിക്കാണിക്കുകയാണ്. ഇതൊരു പുനഃപരിശോധന നടത്തി അവിടെ ആവശ്യമായ പരിഷ്കാരങ്ങൾ നടത്തുന്നതിനുള്ള എന്തെങ്കിലും നീക്കങ്ങളുണ്ടാകുമോ? നമ്മുടെ റെസിഡൻഷ്യൽ സ്കൂളുകളെക്കുറിച്ച് പറഞ്ഞു. അംബേദ്കർ ഗ്രാമങ്ങളെ കുറിച്ച് ഇവിടെ സംസാരിക്കുകയുണ്ടായി.

8.00 PM]

നമ്മൾ നേരത്തേ സ്ഥാപിച്ച ഇത്തരം മാതൃകാസ്ഥാപനങ്ങളെ അതിന്റെ ഉദ്ദേശശുദ്ധിക്കനുസരിച്ച് ലക്ഷ്യബോധത്തോടുകൂടി പ്രവർത്തിപ്പിക്കുന്നതിനുള്ള നിലപാടുകൾ സ്വീകരിക്കാൻ കഴിയുമോ; നമ്മുടെ നാട്ടിൽ പട്ടിണി മരണങ്ങളുണ്ടായിക്കൂട, പോഷകാഹാരക്കുറവു മൂലം ആരും മരിക്കാൻ പാടില്ല. പക്ഷേ കഴിഞ്ഞ ഒരു വർഷമായി നാം കേട്ടുകൊണ്ടിരിക്കുന്ന വാർത്തകൾ അങ്ങനെയല്ലല്ലോ? അട്ടപ്പാടിയിലും അതുപോലുള്ള പ്രദേശങ്ങളിലും കണ്ണൂരിലെ പേരാവൂരിലും ജീവിക്കുന്നതിനുവേണ്ടി മരിക്കുകയാണ്. നാം ഉറപ്പുവരുത്തേണ്ടത് നമ്മുടെ ആദിവാസികോളനികളിൽ, പട്ടികവർഗ്ഗ കോളനികളിൽ പോഷകാഹാരം കിട്ടാതെയും പട്ടിണിമൂലവും ആരും മരിക്കാനിടയാകരുത്. അതിന് എന്തു പദ്ധതിയാണ് നമ്മൾ ആവിഷ്ക്കരിക്കാൻ പോകുന്നത്? അങ്ങനെ പിന്നോക്ക ജനവിഭാഗങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനും സംവരണാനുകൂല്യങ്ങൾ നിലനിർത്താനും സംവരണം ലഭിക്കാൻ ഇനിയും അവശേഷിക്കുന്ന ജനവിഭാഗങ്ങളിൽ അത് എത്തിക്കുന്നതിനും വേണ്ടിയുള്ള ശ്രമങ്ങൾ നടത്തുന്നതിലൂടെ ആശാവഹമായ കർമ്മ പദ്ധതികളിലൂടെ ഈ ഗവൺമെന്റ്, ഈ സഭ മാതൃകകാണിക്കുമ്പോൾ മാത്രമാണ് മഹാനായ അംബേദ്കറോട് നമുക്ക് നീതിപുലർത്താൻ കഴിയുക. അത്തരത്തിലുള്ള ശ്രമങ്ങൾക്ക് ഈ സഭ ഒരു തീരുമാനത്തിൽ എത്തിച്ചേരേണ്ടതുണ്ടെന്ന് അഭിപ്രായപ്പെട്ടുകൊണ്ട് എന്റെ വാക്കുകൾ ഞാൻ ഉപസംഹരിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഇന്ത്യയിലെ അധഃസ്ഥിത ദളിത് പീഡിത ജനഭാഗങ്ങളുടെ വിമോചന നായകൻ ഡോ. ബി. ആർ. അംബേദ്കറുടെ 125-ാം ജന്മവാർഷികം രാജ്യവ്യാപകമായി ആചരിക്കുന്ന സന്ദർഭത്തിൽ നമ്മുടെ നിയമസഭയിൽ ഇങ്ങനെ ഒരു പ്രമേയം ചർച്ചയ്ക്ക് വന്നത് സ്വാഗതാർഹമാണ്. നമ്മുടെ ഭരണഘടനാ ശിൽപ്പി, സ്വാതന്ത്ര്യ സമര പോരാട്ടങ്ങളുടെ മുന്നണിപ്പോരാളി, രാഷ്ട്രശിൽപ്പികളിൽ പ്രമുഖൻ എന്നീ നിലകളിലൊക്കെ ശ്രദ്ധേയനായിട്ടുള്ള അംബേദ്കറുടെ ജയന്തി ആഘോഷങ്ങളുടെ ഭാഗമായി ഇവിടെ നടക്കുന്ന ഈ ചർച്ചയ്ക്ക് അവസരമുണ്ടായതിൽ നമുക്ക് എല്ലാവർക്കും പ്രത്യേകമായ സന്തോഷമുണ്ട്. ദളിത് ജീവിതാവസ്ഥയുടെ ഇന്ത്യൻ സാഹചര്യവും കേരളീയ സാഹചര്യവും വ്യത്യസ്തമാണ്. സ്വാതന്ത്ര്യലബ്ധിക്കുശേഷം 7 പതിറ്റാണ്ടാകുമ്പോഴും ദളിത് കൂട്ടക്കൊലകൾക്കും പീഡനങ്ങൾക്കും അപമാനങ്ങൾക്കും ഇന്നും അറുതി വന്നിട്ടില്ല. ദിവസങ്ങൾക്കുമുമ്പ് ഹരിയാനയിലെ ഫരീദാബാദിൽ ജീവനോടെ ചുട്ടുകൊല്ലപ്പെട്ട ദളിത് ബാല്യങ്ങളുടെ കരച്ചിൽ ഇന്നും ഇന്ത്യയിലെ മതേതര ജനവിഭാഗങ്ങളുടെ കർണ്ണപുടങ്ങളിൽ അലയടിച്ചുകൊണ്ടിരിക്കുകയാണ്. ജീവിതത്തിന്റെ സമസ്തമേഖലകളിലും അവഗണനയും അപമാനവുംപേറി കഴിയുകയാണ് ഈ ജനവിഭാഗം. എന്നാൽ ദേശീയസാഹചര്യത്തിൽ നിന്നും വ്യത്യസ്തമായി, ഇന്ത്യൻ സാഹചര്യത്തിൽ നിന്നും വ്യത്യസ്തമായി സംസ്ഥാനത്തിലേക്ക് വരുമ്പോൾ പതിറ്റാണ്ടുകൾക്ക് മുമ്പ് നമ്മുടെ സാമൂഹ്യപരിഷ്കർത്താക്കൾ ഉഴുതുമറിച്ച കേരളത്തിലെ സാഹചര്യങ്ങൾ കുറേക്കൂടി ആശ്വാസ്യകരമാണ്. ക്ഷേത്രപ്രവേശനത്തിനും പൊതുധാരയിലേക്ക് പിന്നോക്കക്കാരെ ഉയർത്തിക്കൊണ്ടുവന്നതിനും നാം ഏറെ മുന്നിലാണ്. തന്റെ സമുദായത്തിൽ നിന്നും ഒരു ബിരുദധാരിയെ കണ്ടിട്ട് മരിച്ചാൽ മതി എന്നായിരുന്നു അയ്യങ്കാളിയുടെ സ്വപ്നം. എന്നാൽ ഇന്ന് ആ സ്വപ്നങ്ങളൊക്കെ യാഥാർത്ഥ്യവൽക്കരിച്ചു കൊണ്ടിരിക്കുകയാണ്. ഉന്നതരായ എത്രയോ ബിരുദക്കാരും പദവികൾ വഹിക്കുന്നവരും അത്തരം സമൂഹങ്ങളിൽ നിന്നുണ്ടായി. ഇന്നത്തെ ഇന്ത്യൻ സാഹചര്യം ദളിത് പിന്നോക്ക വളർച്ച തടയുന്നതാണ്. ഇവിടെ എല്ലാവരും ചൂണ്ടിക്കാണിക്കപ്പെട്ടതുപോലെ വിവിധ മേഖലകളിലുള്ള വർഗ്ഗീയവൽക്കരണം, അസഹിഷ്ണുത എന്നിവയ്ക്കെതിരെ ഇന്ത്യൻ പ്രസിഡന്റിന് പലതവണ രാഷ്ട്രത്തെ ഓർമ്മപ്പെടുത്തേണ്ടിവന്നു. അവസാനമായി ഇന്നലെയും സ്വച്ഛ് ഭാരതുമായി ബന്ധപ്പെട്ട് അദ്ദേഹം പറഞ്ഞു. ആദ്യം നീക്കേണ്ടത് മനസ്സിലെ മാലിന്യങ്ങളാണ്. അത് നീക്കാനുള്ള സംവിധാനങ്ങൾ ഉണ്ടാകണം എന്ന് സൂചിപ്പിച്ചത് ഇന്ത്യൻ സമൂഹം എത്രമാത്രം വർഗ്ഗീയവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്നു എന്നതിന്റെ ലക്ഷണങ്ങളാണ്. ദാദ്രിയും ഹിമാചലും ഫരീദാബാദുമൊക്കെ അപമാനകരമാണ്. ഈ രാജ്യത്തിന് അഭിമാനിക്കാവുന്ന ഒന്നും ഇത്തരം സംഭവങ്ങളിൽ നമുക്ക് കാണാൻ സാധിക്കുന്നില്ല. ബീഫും ഗസലും ക്രിക്കറ്റുംവരെ വിദ്വേഷത്തിന്റെ രാഷ്ട്രീയ ഉപകരണങ്ങളായി മാറിയിരിക്കുകയാണ്. വർഗ്ഗീയ ചേരിതിരിവുണ്ടാക്കി ദളിത്

മുന്നേറ്റം തടയുക എന്ന അജണ്ടയും ഇതിനുപിന്നിൽ സംഘ്പരിവാറിനുണ്ട് എന്ന് കാണാൻ കഴിയും. 1990-കളിൽ മണ്ഡൽ ഉണർത്തിവിട്ട ദളിത് മുന്നേറ്റത്തെ ബാബ്റി മസ്ജിദ് തകർത്ത് വർഗ്ഗീയകലാപം ഉണ്ടാക്കി നശിപ്പിച്ചതുപോലുള്ള പ്രവർത്തനങ്ങൾ ആർ.എസ്.എസ്.-ന്റെ ഭാഗത്തുനിന്ന് കടന്നുവരികയാണ്. ആർ.എസ്.എസ്. സംവരണത്തിനെതിരെ പറഞ്ഞതും ഇതിനോട് കൂട്ടിവായിക്കേണ്ടതുണ്ട്. 'കോരന് കഞ്ഞി എന്നും കുമ്പിളിൽ തന്നെ' ആകണം എന്ന് അവർ ഉദ്ദേശിക്കുകയാണ്. ചാതുർവർണ്ണ്യത്തെ അനുകൂലിക്കുന്ന ആർ.എസ്.എസ്. അതിനുവേണ്ടിയുള്ള ആസൂത്രിതമായ പ്രവർത്തനങ്ങൾ നടത്തുന്നത് ഈ സാഹചര്യത്തിൽ പ്രത്യേകം നമ്മൾ കാണേണ്ടതുണ്ട്. സമകാലിക കേരള ദളിത് പ്രശ്നങ്ങളിലേക്ക് വരുമ്പോൾ ആദിവാസി പ്രശ്നങ്ങൾ അതിൽനിന്നും വ്യത്യസ്തമാണ്. കേരളത്തിലെ പ്രധാന ആദിവാസി ഭൂമിയിലൊന്നായ അട്ടപ്പാടി എന്റെ നിയോജക മണ്ഡലത്തിലായതുകൊണ്ട് ഞാൻ അതുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് സൂചിപ്പിക്കുന്നത്. ആചാരങ്ങളും സമ്പ്രദായങ്ങളും വ്യത്യസ്ത ഗോത്രങ്ങൾക്ക് വ്യത്യസ്തമായ രീതിയിലാണ്. ആദിവാസി മേഖലയിൽ നാളിതുവരെ നാം ചെലവഴിച്ച കോടികൾക്കനുസരിച്ച് ഫലമുണ്ടായിട്ടില്ല എന്ന വിമർശനം ശരിയാണ്. പക്ഷേ ഒരുപാട് ഗുണപരമായിട്ടുള്ള മാറ്റങ്ങളുണ്ടായിട്ടുണ്ട് എന്നത് നാം കാണേണ്ടതുണ്ട്. കേരളത്തിലെ പ്രധാന ആദിവാസി കേന്ദ്രമായ അട്ടപ്പാടിയിൽ എഴുന്നൂറിൽപ്പരം സർക്കാർ ജീവനക്കാർ ആദിവാസി വിഭാഗങ്ങളിൽ നിന്നുമുണ്ട്. ആദിവാസികൾക്കിടയിൽ ഡിഗ്രി സമ്പാദിച്ചവർ ആയിരക്കണക്കിനുണ്ട്. പ്ലസ്-ടു പഠിച്ചവർ രണ്ടായിരത്തിൽപ്പരമുണ്ട്. ചെലവായ പണത്തിന് ആനുപാതികമായ പുരോഗതിയും റിസൾട്ടുമുണ്ടായില്ലെങ്കിലും മാറ്റങ്ങളുണ്ട്. വിദ്യാഭ്യാസ വളർച്ചയ്ക്ക് കൂടുതൽ ശ്രദ്ധയും പരിശ്രമവും വേണം. ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ ഇക്കഴിഞ്ഞ വർഷങ്ങളിൽ വളരെ വലിയ ശ്രമങ്ങൾ നടന്നിട്ടുണ്ട്. ധാരാളം റസിഡൻഷ്യൽ സ്കൂളുകളുണ്ടാകണം. ആദിവാസി കുട്ടികൾ വീട്ടിൽ താമസിച്ചുകൊണ്ട് സ്കൂളിൽ വന്നുപോകുക എന്നത് പ്രായോഗികമല്ല എന്ന് ഇവിടെ സൂചിപ്പിച്ചു. അവർക്ക് താമസിച്ചുപഠിക്കാനുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ഉണ്ടാകണം. ഹോസ്റ്റലുകളുടെ എണ്ണം വർദ്ധിപ്പിക്കണം. ഇപ്പോഴുള്ള ഹോസ്റ്റലുകൾ വളരെ പരിമിതമാണ്. സാങ്കേതിക മേഖലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൂടുതലായി ഉണ്ടാകണം. കമ്മ്യൂണിറ്റി പോളിടെക്നിക്ക് പോലുള്ള സ്ഥാപനങ്ങൾ ഉണ്ടാകണം. കാടിനകത്തുള്ള ഏകാദ്ധ്യാപക വിദ്യാലയങ്ങളെല്ലാം എൽ.പി. സ്കൂളാക്കാൻ നമ്മൾ തീരുമാനിച്ചു. പക്ഷേ ഇപ്പോഴും അതിന്റെ നടപടികളായിട്ടില്ല. സ്കൂളുകൾ യാഥാർത്ഥ്യമായിട്ടില്ല. അതുപോലെ സ്പോർട്സ് രംഗത്ത് നല്ല പ്രതിഭകളെ ആദിവാസികളിൽ നിന്നും ഉയർത്തിക്കൊണ്ടുവരാൻ സാധിക്കും. സ്പോർട്സ് സ്കൂളുകളുണ്ടാകണം. അട്ടപ്പാടിയിൽ കുടുംബങ്ങൾ വർദ്ധിച്ചു വരികയാണ്. AHADS-ന്റെ നേതൃത്വത്തിൽ ഇന്ത്യൻ പ്രസിഡന്റ് വന്ന് രണ്ടായിരത്തിൽ കൂടുതൽ വീടുകൾ

കൊടുത്തു. ഇപ്പോൾ കുടുംബങ്ങളൊക്കെ പെരുകി. മക്കളുടെ കല്യാണം കഴിഞ്ഞു. അവർക്ക് കുട്ടികളായി, വേറെ കുടുംബമായി. അതുകൊണ്ട് രണ്ടായിരം വീടുകളുടെയെങ്കിലും പോരായ്മ അട്ടപ്പാടിയിലുണ്ട്. അതുപോലെ തന്നെയാണ് ഭൂമിവിതരണം. അട്ടപ്പാടി മാത്രമല്ല, കേരളത്തിലെ മുഴുവൻ ആദിവാസി സമൂഹത്തിന്റെയും ഒരു പ്രധാന പ്രശ്നമായി ഭൂമി വിതരണം കടന്നുവരികയാണ്. നിൽപ്പുസമരത്തിലൊക്കെ ഉയർന്നുവന്നിട്ടുള്ളത് അത്തരം ആവശ്യങ്ങളാണ്. അതുകൊണ്ടുതന്നെ അട്ടപ്പാടിയിൽ ഉൾപ്പെടെ ആദിവാസികൾക്ക് വിതരണം ചെയ്യാനുള്ള ഭൂമി കണ്ടെത്തിയിട്ടുണ്ട്. അതിന്റെ നടപടികൾ ത്വരിതപ്പെടുത്തണം. അങ്ങനെ ത്വരിതപ്പെടുത്തിയില്ലെങ്കിൽ അസംതൃപ്തി ആദിവാസി സമൂഹത്തിനിടയിൽ വളർന്നുവന്നാൽ അവിടെ ജനാധിപത്യവിരുദ്ധ ശക്തികൾ അവരെ സ്വാധീനിക്കും.

<u>മി. ചെയർമാൻ</u>: ശ്രീ. എൻ. ഷംസുദ്ദീൻ, പ്ലീസ്......കൺക്ലൂഡ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഇപ്പോൾ മാവോയിസ്റ്റ് സാന്നിദ്ധ്യം എന്റെ മണ്ഡലം ഉൾപ്പെടെ പല മേഖലകളിലും കണ്ടുകൊണ്ടിരിക്കുന്നു. ആദിവാസി ഊരുകളിൽ മാവോയിസ്റ്റ് സാന്നിദ്ധ്യമുണ്ടാകുന്നു. അതുകൊണ്ട് നമുക്ക് പ്രത്യേകമായ ജാഗ്രത വേണം. ആദിവാസി സമൂഹം ഉൾപ്പെടെയുള്ളവർക്ക് അസംതൃപ്തി വളർന്നുവരാനുള്ള അവസരമുണ്ടാക്കരുത്. മറ്റൊരു പ്രധാനപ്പെട്ട കാര്യം കൂടി ഞാൻ സൂചിപ്പിക്കാം. അത് പറയുമ്പോൾ മറ്റ് പലരും ഇതിനെ വിമർശിക്കാറുണ്ട്. ആദിവാസി സമൂഹത്തിനിടയിലുള്ള മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം ഒരു നിയന്ത്രണവുമില്ലാത്ത രീതിയിൽ പോയാൽ ആദിവാസി സമൂഹത്തിന്റെ വംശനാശം സംഭവിക്കുമെന്നുള്ള റിപ്പോർട്ടുകൾ നമ്മൾ ഗൗരവമായി കാണണം. ഇത് എന്റെ അഭിപ്രായമല്ല. എല്ലാ വിഭാഗം ജനങ്ങളും മുഖ്യധാരയിലേക്ക് കടന്നുവരുമ്പോഴാണ് രാഷ്ട്രം പുരോഗതി പ്രാപിക്കുന്നത്. ഇവിടെ പട്ടികജാതി വകുപ്പ് നടത്തിയ ഒരു ശ്രമത്തെ പ്രത്യേകമായി ശ്ലാഘിക്കാതിരിക്കാൻ കഴിയില്ല. പാലക്കാട് ജില്ലയിൽ പട്ടികജാതി വകുപ്പിന്റെ കീഴിൽ ഒരു മെഡിക്കൽ കോളേജ് ആരംഭിച്ചു. ധാരാളം വിദ്യാർത്ഥികൾക്ക് അഡ്മിഷൻ ലഭിച്ചു. അട്ടപ്പാടിയിൽ ഒരു സർക്കാർ കോളേജ് ആരംഭിച്ചു. തുടങ്ങുമ്പോൾ 50 ശതമാനം ആദിവാസി വിഭാഗത്തിന് സംവരണം ഏർപ്പെടുത്തിയപ്പോൾ കുട്ടികൾ തികയുമോയെന്ന് സംശയമായിരുന്നു. ഇപ്പോൾ 50 തികഞ്ഞിട്ട് കൂടുതൽ ആവശ്യപ്പെടുകയാണ്. അങ്ങനെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്ന കൂടുതലായ പ്രവർത്തനങ്ങൾ ഇരുവിഭാഗവും ഒന്നിച്ചുനിന്നുകൊണ്ട് ഉണ്ടാകേണ്ടത് ആവശ്യമാണ്. അംബേദ്കർ ജയന്തിയുമായി ബന്ധപ്പെട്ട് നടക്കുന്ന ഈ ചർച്ച നല്ലൊരു തുടക്കമാകട്ടെ എന്നാശംസിച്ചുകൊണ്ട് ഇത്തരം പ്രമേയം കൊണ്ടുവന്നവരെ പ്രത്യകം അഭിനന്ദിച്ചുകൊണ്ടും അതിനവസരം ഉണ്ടാക്കിയ ചെയറിനെയും അഭിനന്ദിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഇവിടെ ബഹുമാന്യനായ കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഈ പ്രമേയത്തിലെ ഒട്ടുമിക്ക കാര്യങ്ങളോടും എനിക്ക് യോജിപ്പാണുള്ളത്. ബാബാസാഹിബ് അംബേദ്കറുടെ ഓർമ്മ അടുത്തിടെ ഇൻഡ്യയിൽ പുതുക്കപ്പെട്ടത് ഇൻഡ്യൻ പാർലമെന്റിന്റെ ഭരണഘടനാ ചർച്ചയുടെ ദിവസമാണ്. അതാകട്ടെ ഹിന്ദി സിനിമാ നടനായ അമീർ ഖാന്റെ കുടുംബത്തിന് സ്വസ്ഥതയോടുകൂടിയുള്ള ജീവിതമാണ് ആവശ്യമെങ്കിൽ കെട്ടുംകിടക്കയുമായി പാക്കിസ്ഥാനിലേക്ക് വണ്ടികയറണമെന്ന ബി.ജെ.പി.-ക്കാരുടെ നിലപാടിന് ശക്തിപകരാൻവേണ്ടി കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രി ശ്രീ. രാജ്നാഥ് സിംഗ് ആ ചർച്ചയിലേക്ക് ബാബാസാഹിബ് അംബേദ്കറുടെ പേര് വലിച്ചിഴച്ചപ്പോഴാണ്. ദളിതനായതിന്റെ പേരിൽ ജീവിതത്തിൽ ഒട്ടനവധി തിക്താനുഭവങ്ങൾ ഉണ്ടായപ്പോഴൊക്കെ അംബേദ്കർ പരാതി പറയാതെ അത് സഹിച്ചുകൊണ്ട് ജീവിച്ചുവെന്നുള്ളതാണെന്നും അമീർ ഖാനും അങ്ങനെ ആയിക്കൂടെ എന്നായിരുന്നു രാജ്നാഥ് സിംഗ് പറയാതെ പറഞ്ഞത്. ഭരണഘടനാ ശിൽപി എന്നുള്ള നിലയിൽ സമത്വത്തിൽ അധിഷ്ഠിതമായ ഇൻഡ്യൻ സമൂഹത്തിന്റെ നിർമ്മിതിക്കായി അദ്ദേഹം മുന്നോട്ടുവച്ച കാതലായ പ്രമാണങ്ങൾക്കുപോലും മുറിവേൽപ്പിക്കുന്ന വിധം ചർച്ചകൾ കൊഴുക്കുന്ന ഒരു കാലഘട്ടത്തിലാണ് കേരള നിയമസഭ ഈ വിഷയം ഇന്ന് ചർച്ച ചെയ്യപ്പെടുന്നത്. ഏത് ഓട്ടമത്സരത്തിലാണെങ്കിലും ഒരേ സ്റ്റാർട്ടിംഗ് പോയിന്റിൽ നിന്ന് തുടങ്ങി ഒരേ ഫിനിഷിംഗ് പോയിന്റിൽ എത്തുന്നവർ തമ്മിലാണ് മത്സരം നടക്കുന്നത്. എന്നാൽ നൂറ്റാണ്ടുകളോളം ചരിത്രത്തിന്റെ മൈതാനത്തുപോലും കടക്കാൻ അനുമതിയില്ലാതെ മാറ്റിനിർത്തിയ ഒരു വിഭാഗം ജനങ്ങൾ മത്സരിക്കാൻ ഇറങ്ങുമ്പോൾ ചരിത്രത്തിന്റെ സ്റ്റാർട്ടിംഗ് പോയിന്റ് ഒന്നാകണമെന്നില്ല. ഈ കാരണത്താലാണ് സംവരണം എന്ന അവകാശം നമ്മുടെ ഭരണഘടനയിൽ മഹാനായ അംബേദ്കർ ഉൾച്ചേർത്തിരിക്കുന്നത്. എന്നാൽ രാജ്യത്തെമ്പാടുമായി നടക്കുന്ന സംവരണ വിരുദ്ധ പ്രക്ഷോഭങ്ങൾ ചരിത്രത്തെ തുടച്ചുമാറ്റാനാണ് ശ്രമിക്കുന്നത്. ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതുപോലെ, ഏറ്റവും ഒടുവിൽ ആർ.എസ്.എസ്. നേതാവായ ശ്രീ. മോഹൻ ഭഗ്വത് മാത്രമല്ല ശ്രീ. എം. ജി. വൈദ്യ എന്ന ആർ.എസ്.എസ്. നേതാവും സംവരണം നിരോധിക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. സംവരണം നിരോധിക്കണമെന്നത് ആർ.എസ്.എസ്.-ന്റേയും ഹിന്ദു ശക്തികളുടേയും അജൻഡയാണെന്ന് ഈ പ്രഖ്യാപനത്തിലൂടെ നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രബലരായ പട്ടേൽ സമുദായത്തിന് സംവരണം വേണമെന്നതാണ് ഗുജറാത്തിലെ പട്ടേൽ സമരം നയിക്കുന്ന ഹാർദിക് പട്ടേൽ പറയുന്നത്. അവർക്ക് സംവരണം കൊടുത്തില്ലെങ്കിൽ നമ്മുടെ രാജ്യത്ത് ഇപ്പോൾ പട്ടികജാതി-പട്ടികവർഗ്ഗം അനുഭവിച്ചുകൊണ്ടിരിക്കുന്ന സംവരണംപോലും പാടെ ഇല്ലാതാക്കണമെന്നതാണ് ഈ സമരക്കാരുടെ ആവശ്യം. ഇത്തരത്തിൽ സംവരണ സങ്കൽപ്പങ്ങളിൽതന്നെ

വെള്ളം ചേർക്കാനുള്ള ആസൂത്രിത നീക്കങ്ങൾ രാജ്യത്ത് രാഷ്ട്രീയ പാർട്ടികളുടെ പിന്തുണയോടുകൂടി പ്രോത്സാഹിപ്പിക്കപ്പെടുകയാണ്. ഇനിയും മുഖ്യധാരയിലേക്ക് എത്താത്ത, ചരിത്രത്തിന്റെ പുറമ്പോക്കുകളിൽ കഴിയുന്ന കോടിക്കണക്കിന് ആദിവാസി, ദളിത്, ഒ.ബി.സി. വിഭാഗങ്ങളുടെ അർഹമായ അവകാശങ്ങളെ നിയമംകൊണ്ട് ഇല്ലാതാക്കുവാനുള്ള ഗൂഢനീക്കത്തെ നാം ജാഗ്രതയോടുകൂടി കാണേണ്ടിയിരിക്കുന്നു. ഐ.ഐ.റ്റി.-യിലേക്കുള്ള പ്രവേശന പരീക്ഷയിൽ ഉന്നത റാങ്ക് വാങ്ങിയ ഉത്തർപ്രദേശിലെ രണ്ട് സഹോദരങ്ങളുടെ വീട് സവർണ്ണ വിഭാഗങ്ങൾ ആക്രമിച്ചത് അടുത്തിടെ റിപ്പോർട്ട് ചെയ്ത വാർത്തയാണ്. ഐ.ഐ.റ്റി. പ്രവേശന പരീക്ഷയിൽ ദളിത് വിദ്യാർത്ഥികൾ ഉന്നത റാങ്ക് വാങ്ങുന്നതുപോലും സഹിക്കാൻ പറ്റാത്ത ഒരു ഇൻഡ്യൻ കാലാവസ്ഥയിലാണ് നാം ഇവിടെ അംബേദ്കറിനെ ഓർമ്മിപ്പിക്കുന്നത്. ഉത്തരേന്ത്യയിൽ വീടിനുള്ളിൽ പെട്രോൾ ഒഴിച്ച് പാവപ്പെട്ടവരായ രണ്ട് പട്ടികജാതിക്കാരെ കൊലപ്പെടുത്തിയത് ഞെട്ടലോടുകൂടിയാണ് നമ്മൾ നോക്കിക്കണ്ടത്. ഇതുമായി ബന്ധപ്പെട്ട് കേന്ദ്രമന്ത്രിമാരുടെ പ്രസ്താവനകളാണ് അതിലും വലിയ വേദനപ്പിക്കുന്ന സംഭവം. റോഡിൽക്കൂടി നടന്നുപോകുന്ന പട്ടികൾക്ക് നേരെ കല്ലെറിഞ്ഞാൽ അതിന്റെ ഉത്തരവാദിത്തവും ഞങ്ങൾക്കാണോ എന്ന് ചോദിച്ചുകൊണ്ട് പട്ടികജാതി-പട്ടികവർഗ്ഗ-പിന്നോക്ക സമുദായങ്ങളെ ഒന്നടങ്കം ആക്ഷേപിക്കുന്ന രീതിയാണ് ഇൻഡ്യയിലെ ഭരണാധികാരികളുടെ ഭാഗത്തുനിന്നും ഉണ്ടായത്.

ഇത് കേരളത്തിലേക്ക് എത്തുമ്പോൾ ശ്രീനാരായണ ഗുരുവും അയ്യങ്കാളിയും ഉൾപ്പടെയുള്ള വലിയ നവോത്ഥാന നായകന്മാർ ചോരയും ജീവനും നൽകി നിർമ്മിച്ചെടുത്ത സമത്വ കേരള സങ്കൽപത്തെ അതിന്റെ പിന്നാലെ എത്തിയവർ ഒറ്റുകൊടുക്കുന്ന ദാരുണ കാഴ്ചകളാണ് ആവർത്തിക്കപ്പെടുന്നത്. ഇപ്പോൾ ഇവിടെ ഒരു ജാഥ നടക്കുകയാണ്. എസ്.എൻ.ഡി.പി. യോഗം ജനറൽ സെക്രട്ടറി ശ്രീ. വെള്ളാപ്പള്ളി നടേശന്റെ നേതൃത്വത്തിൽ സമത്വ മുന്നേറ്റ യാത്ര കാസർഗോഡ് നിന്നും ആരംഭിച്ച് ഇന്ന് ഓരോ ജില്ലകളിലും കടന്നുവരികയാണ്. കാസർഗോഡ് വച്ച് ആ ജാഥ ഫ്ലാഗ് ഓഫ് ചെയ്തത് ഉഡുപ്പി മഠാധിപതി ശ്രീ. വിശ്വേശ്വര തീർത്ഥയാണ്. ഈ വിശ്വേശ്വര തീർത്ഥ ആരാണെന്നുകൂടി നമ്മൾ അറിയണം. അടുത്തകാലത്ത് കർണ്ണാടക സർക്കാരും ബഹുമാനപ്പെട്ട കർണ്ണാടക ഹൈക്കോടതിയും നിരോധിച്ച ദുരാചാരം അവിടുത്തെ ക്ഷേത്രങ്ങളിലുണ്ടായിരുന്നു. ബ്രാഹ്മണർ ഭക്ഷണം കഴിച്ചശേഷമുള്ള എച്ചിൽ ഒരിടത്ത് കൂട്ടിയിട്ട് അതിലൂടെ ദളിതരായ ആളുകളെ ഉരുട്ടുന്നതായിരുന്നു ആ ദുരാചാരം. ഇത്തരം പ്രാകൃതമായ ആചാരങ്ങളെ എക്കാലത്തും പ്രോത്സാഹിപ്പിച്ചിരുന്ന ഉഡുപ്പി മഠാധിപതിയാണ് ഇവിടെ ശ്രീ. വെള്ളാപ്പള്ളി നടേശന്റെ സമത്വ മുന്നേറ്റ യാത്ര ദീപം തെളിച്ച് കൊടി കൈമാറി

ഉദ്ഘാടനം ചെയ്തത്. 300 വർഷങ്ങൾകൊണ്ട് കേരളം മുന്നോട്ടുവച്ച ചുവടുകൾ മുഴുവൻ ചരിത്രത്തിൽനിന്ന് മായ്ച്ചുകളയുവാനും അയിത്തത്തിലും ജാതിയിലും അധിഷ്ഠിതമായ തീവ്രഹിന്ദുത്വ രാഷ്ട്രീയത്തിന്റെ അകത്തളങ്ങളിൽ കൊണ്ടുപോയി പിന്നോക്ക വിഭാഗങ്ങളെ തളച്ചിടുവാനുള്ള ഗൂഢനീക്കമാണ് ഇതിലൂടെ നടക്കുന്നത്. ഖർവാപസിയും സംവരണ വിരുദ്ധ പ്രഖ്യാപനങ്ങളും നടത്തി മുന്നേറുന്ന സംഘപരിവാരങ്ങളെ ഒറ്റപ്പെടുത്തുവാനുള്ള തീവ്രപ്രതിജ്ഞയാണ് ഈ ചർച്ച കഴിയുമ്പോൾ കേരള നിയമസഭയിൽ നാം ഒരുമിച്ച് എടുക്കേണ്ടത്. വികസിത കാലഘട്ടങ്ങളിൽപോലും നമ്മുടെ രാഷ്ട്രീയ പാർട്ടികളിലെ നേതൃനിരയും ഇടത് വലത് വ്യത്യാസമില്ലാതെ സ്ഥാനാർത്ഥി പട്ടികയും പരിശോധിക്കുമ്പോൾ ജനറൽ സീറ്റുകൾ മറ്റ് വിഭാഗങ്ങൾക്കായി വേലികെട്ടിയടച്ച് സംവരണം ചെയ്തിരിക്കുകയാണെന്ന കാര്യം വ്യക്തമാകും. പൊതുമണ്ഡലങ്ങളിൽ നിന്നും സംവരണ വിഭാഗങ്ങളെ മാറ്റിനിർത്താനുള്ള ഒരു നീക്കവും ആശാസ്യമല്ല. എല്ലാ രാഷ്ട്രീയ പാർട്ടികളും മുന്നണികളും ഇതിലൊരു ആത്മപരിശോധന നടത്തേണ്ട കാലഘട്ടമായി എന്ന് എനിക്ക് ഈ അവസരത്തിൽ പറയാൻ ആഗ്രഹമുണ്ട്. കേരളത്തിലെ സാമൂഹ്യ മുന്നേറ്റത്തിന്റെ പ്രയോജനം അധികമൊന്നും ലഭിക്കാത്ത വിഭാഗമാണ് ആദിവാസി വിഭാഗം. ആദിവാസി മേഖലകളിൽ എത്തുമ്പോൾ രാഷ്ട്രീയ പാർട്ടികൾക്ക് നയരൂപീകരണംതന്നെ പ്രയാസമായി മാറുന്നത് നാം പലകുറി ആവർത്തിച്ച് കണ്ടതാണ്. ആദിവാസി ഭൂരിപക്ഷ പഞ്ചായത്തുകളിൽപോലും അവിടത്തെ കുടിയേറ്റക്കാരുടെ രാഷ്ട്രീയ താൽപര്യങ്ങൾ സംരക്ഷിക്കപ്പെടുന്ന കാഴ്ച നാം പലപ്പോഴും നേരിൽ കണ്ടുകൊണ്ടിരിക്കുകയാണ്. എന്നാൽ കേരളത്തിലെ ആദിവാസി വിഭാഗങ്ങൾക്ക് അവരുടെ ഏറെക്കാലമായുള്ള പ്രതിസന്ധികൾക്ക് പരിഹാരം സൃഷ്ടിക്കുവാനുള്ള നടപടി യു.ഡി.എഫ്. സർക്കാരുകൾ ഭരിച്ചു കൊണ്ടിരുന്ന കാലഘട്ടങ്ങളിൽ കുറെ ചെയ്തുവെന്നുള്ളത് നമ്മൾ സമ്മതിക്കേണ്ടിയിരിക്കുന്നു. അത് ആദിവാസി ഗോത്ര മഹാസഭയും മറ്റുള്ളവരും സാക്ഷ്യപ്പെടുത്തുന്ന കാര്യങ്ങളാണ്. ശ്രീ. എ. കെ. ആന്റണി തുടക്കംകുറിച്ച ഭൂമി കൊടുക്കുന്ന പദ്ധതി ഇന്നും പാവപ്പെട്ടവരായ ഒട്ടനവധി ആദിവാസികൾക്ക് പ്രയോജനം കിട്ടുന്നുണ്ട്. കോടിക്കണക്കിന് രൂപയാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇപ്പോൾ ചെലവഴിച്ചു കൊണ്ടിരിക്കുന്നത്. പക്ഷെ എല്ലാവരും ഇവിടെ സൂചിപ്പിച്ചതുപോലെ, ആ കോടിക്കണക്കിന് രൂപ എവിടെ എത്തിയെന്ന് നോക്കുമ്പോൾ അത് എല്ലാ സ്ഥലങ്ങളിലും എത്തിയിട്ടില്ല, അർഹതപ്പെട്ടവരുടെ കൈകളിൽ എത്തിയിട്ടില്ല എന്നുള്ള നഗ്നമായ സത്യം നമ്മളെല്ലാവരും ഇനിയെങ്കിലും തിരിച്ചറിയണം. യു.ഡി.എഫ്.-ഉം എൽ.ഡി.എഫ്.-ഉം മാറി മാറി നമ്മുടെ സംസ്ഥാനം ഭരിച്ചുകൊണ്ടിരുന്നപ്പോൾ പല പദ്ധതികളും നമുക്ക് കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടെങ്കിൽപോലും അവയൊന്നും 100 ശതമാനവും ഫലപ്രാപ്തിയിൽ എത്തിക്കാൻ കഴിഞ്ഞിട്ടില്ലായെന്നുള്ളത് ഇന്ന് നമ്മൾ ചർച്ച

ചെയ്യപ്പെടേണ്ട കാര്യമാണ്. നമ്മൾ പരസ്പരം അങ്ങോട്ടും ഇങ്ങോട്ടും പറഞ്ഞുകൊണ്ട് രാഷ്ട്രീയ ലക്ഷ്യത്തിനായി ഉപയോഗിക്കാതെ കൂട്ടായിനിന്ന് നമുക്ക് പ്രവർത്തിക്കാൻ കഴിഞ്ഞാൽ ഇവരെ കുറെക്കൂടി മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ കഴിയുമെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. ഇവിടെ ശ്രീ. എൻ. ഷംസുദ്ദീൻ അടക്കമുള്ള ആളുകൾ സൂചിപ്പിച്ചതുപോലെ, ഈ ഗവൺമെന്റിന്റെ കാലത്ത് ഒട്ടനവധി കാര്യങ്ങൾ ഈ രണ്ട് ഡിപ്പാർട്ടുമെന്റിലും ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിൽ പാലക്കാട് മെഡിക്കൽ കോളേജ് തുടങ്ങിയതും പട്ടികജാതിക്കാർക്കായി എയ്ഡഡ് കോളേജുകളുമൊക്കെ തുടങ്ങിയത് ചരിത്ര സംഭവമായി മാറിക്കഴിഞ്ഞിരിക്കുകയാണ്. കാലത്തിന്റെ മാറ്റത്തിനനുസരിച്ച് എക്കാലവും ഈ വിഭാഗങ്ങൾക്ക് മുന്തിയ പരിഗണന കൊടുത്ത കേരളത്തിലെ ഭരണകൂടങ്ങൾ ഇപ്പോഴത്തെ സാഹചര്യത്തിൽ കൂടുതൽ കൂടുതൽ കാര്യങ്ങൾ ഇവർക്ക് വേണ്ടി ചെയ്യാൻ കഴിയുന്ന പദ്ധതികൾ 125-ാം വർഷത്തെ കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തണമെന്നുകൂടി പറയാൻ ആഗ്രഹിക്കുന്നു. എയ്ഡഡ് സ്ഥാപനങ്ങളിലെ നിയമനമടക്കമുള്ള കാര്യങ്ങൾ ബഹുമാനപ്പെട്ട പ്രമേയാവതാരകൻ ഇവിടെ പറഞ്ഞുകഴിഞ്ഞിരിക്കുന്നു. എല്ലാവർക്കും ഇങ്ങനെയുള്ള കാര്യങ്ങളിൽ യോജിച്ച് മുന്നോട്ടുപോകാൻ കഴിഞ്ഞാൽ തീർച്ചയായും പൊതുസമൂഹത്തിൽ ഈ ജനങ്ങൾക്കുവേണ്ടി ഒട്ടനവധി കാര്യങ്ങൾ ചെയ്യുവാൻ കഴിയും.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

മി. സ്പീക്കർ: യെസ്........ ശ്രീ. വി. പി. സജീന്ദ്രൻ, പ്ലീസ് കൺക്ലൂഡ്.........

ശ്രീ. വി. പി. സജീന്ദ്രൻ: നമ്മൾ ഈ വിഷയത്തിൽ മറ്റൊന്നും നോക്കാതെ, ഇവരുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾ കൂടുതൽ മേഖലകളിലേക്ക് കൊണ്ടുപോകാൻ ശ്രമിക്കണമെന്ന് മാത്രമേ ഈ അവസരത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുന്നുള്ളൂ. 125-ാം വർഷത്തെ കർമ്മ പരിപാടികൂടി ബഹുമാനപ്പെട്ട മന്ത്രിമാർ മറുപടി പ്രസംഗത്തിൽ പ്രഖ്യാപിക്കണമെന്നും പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, മഹാനായ ഭരണഘടനാ ശിൽപ്പി ഡോ. ബി. ആർ. അംബേദ്കറിന്റെ 125-ാം ജന്മവാർഷികം രാജ്യവ്യാപകമായി ആചരിക്കുന്ന ഈ സന്ദർഭത്തിൽ നമ്മുടെ സഭയിൽ ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ കൊണ്ടുവന്നിരിക്കുന്ന പ്രമേയത്തെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുകയാണ്. ഈ പ്രമേയത്തെപ്പറ്റി ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള ബഹുമാന്യരായ പല അംഗങ്ങളും സംസാരിച്ചു കഴിഞ്ഞു. രാജ്യത്തെ പിന്നോക്ക ദളിത് ജനവിഭാഗങ്ങൾക്ക് മഹാനായ ഡോ. ബി. ആർ.

അംബേദ്കർ നൽകിയ സംഭാവനകളെ സംബന്ധിച്ച് എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും എടുത്തുപറയുകയുണ്ടായി. നമ്മുടെ രാജ്യത്തിന്റെ ഭരണഘടനാ ശിൽപ്പി, പാവപ്പെട്ടവന്റെ വിമോചകൻ എന്നീനിലകളിൽ എക്കാലത്തും രാജ്യം ആദരിക്കപ്പെടുന്ന മഹാനായ വ്യക്തിയാണ് ഡോ. ബി. ആർ. അംബേദ്കർ. കാലമേറെ കഴിയുമ്പോഴും അദ്ദേഹം നൽകിയ സംഭാവനകൾ കൂടുതൽ ഉയരത്തിൽ നിൽക്കുന്നതായാണ് തോന്നുന്നത്. ഇൻഡ്യൻ ഭരണഘടനാ നിർമ്മാണ പ്രക്രിയയിൽ ഏർപ്പെട്ടുകൊണ്ട് സമൂഹത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന ജനവിഭാഗത്തിന്റെ ജീവിതം എങ്ങനെ മെച്ചപ്പെടുത്തണമെന്നാണ് അദ്ദേഹം ചിന്തിച്ചത്. അതിനായി തന്റെ അറിവും ശേഷിയും കഴിവുമെല്ലാംതന്നെ അദ്ദേഹം ഉപയോഗപ്പെടുത്തുകയുണ്ടായി. അതുകൊണ്ടാണ് ഇൻഡ്യൻ ഭരണഘടന തയ്യാറാക്കുന്ന സന്ദർഭത്തിൽ പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും ജീവിതം മെച്ചപ്പെടുത്താൻ കഴിയുന്ന രീതിയിലുള്ള ആർട്ടിക്കിളുകൾ ഭരണഘടനയിൽ ഉൾപ്പെടുത്താൻ അദ്ദേഹത്തിന് കഴിഞ്ഞത്. അതിന്റെ ഫലമായാണ് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും പിന്നോക്ക ജനവിഭാഗങ്ങൾക്കും ഒട്ടേറെ നേട്ടങ്ങൾ സമൂഹത്തിൽ ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞത്. സാമൂഹ്യപരമായും സാമ്പത്തികപരമായും വിദ്യാഭ്യാസപരമായുമൊക്കെ പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കണമെങ്കിൽ അവർക്ക് പ്രത്യേക പരിഗണന കൊടുത്താൽ മാത്രമേ കഴിയൂവെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ഇൻഡ്യൻ ഭരണഘടന തയ്യാറാക്കിയപ്പോൾ ഭരണഘടനയിൽ ഈ ജനവിഭാഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചത്. അതിന്റെ അടിസ്ഥാനത്തിലാണ് വിദ്യാഭ്യാസരംഗത്തും തൊഴിൽ രംഗത്തും നിയമനിർമ്മാണ സഭകളിലുമൊക്കെ പ്രാതിനിധ്യം ഉറപ്പാക്കാൻ സാധിച്ചത് എന്നുള്ളത് ഒരു യാഥാർത്ഥ്യമായി നമുക്കുമുൻപിൽ നിൽക്കുകയാണ്. ഒരുപക്ഷേ റിസർവ്വേഷൻ സംവിധാനമില്ലായിരുന്നുവെങ്കിൽ ഇന്ന് നേടിയെടുത്ത നേട്ടങ്ങളൊന്നുംതന്നെ ഉണ്ടാകുമായിരുന്നില്ല എന്നുകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്.

ഇൻഡ്യയിലെ ജാതിവ്യവസ്ഥ ഈ പാവപ്പെട്ട ആളുകളെ അത്രയേറെ പിന്നോക്കം കൊണ്ടുപോയി. ജാതീയമായ അടിച്ചമർത്തലിൽ നമ്മുടെ സമൂഹത്തിലെ ഭൂരിപക്ഷം വരുന്ന ദളിതുകളുടെയും ആദിവാസികളുടെയുമെല്ലാം ജീവിതം തകർത്തുവെന്നുള്ളതിന്റെ ഒരുപാട് ഉദാഹരണങ്ങൾ പറയാൻ സാധിക്കും. പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗങ്ങളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനായി സ്വാതന്ത്ര്യാനന്തര ഇൻഡ്യയിൽ ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. അതുസംബന്ധിച്ചെല്ലാം ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ പദ്ധതികൾക്കായി കോടിക്കണക്കിന് രൂപ ചെലവഴിച്ചു. എന്നിട്ടും എന്തുകൊണ്ടാണ് ഇൻഡ്യയിലെ നാലിലൊന്ന് വരുന്ന പട്ടികജാതി/പട്ടികവർഗ്ഗ

ജനവിഭാഗത്തിന്റെ ജീവിതം വേണ്ടത്ര മെച്ചപ്പെടാതെ പോയത്; 2011-ലെ സെൻസസ് അനുസരിച്ച് ഇൻഡ്യയിലെ പട്ടികജാതിക്കാർ 16.6 ശതമാനവും പട്ടികവർഗ്ഗക്കാർ 8.6 ശതമാനവുമാണ്. 25 ശതമാനത്തിലധികമാണ് പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾ ഇൻഡ്യയിലുള്ളത്. സ്വാതന്ത്ര്യം കിട്ടി 68 വർഷം കഴിഞ്ഞിട്ടും അവരിന്നും സമൂഹത്തിൽ അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുരിതങ്ങളേയും വിവേചനങ്ങളേയും സംബന്ധിച്ച് എത്രയെത്ര പഠനങ്ങളും റിപ്പോർട്ടുകളുമാണ് വന്നുകൊണ്ടിരിക്കുന്നത്. പല സ്വതന്ത്ര ഏജൻസികളും നമ്മുടെ രാജ്യത്ത് ഇപ്പോൾ നിലനിൽക്കുന്ന വിവേചനങ്ങളെ സംബന്ധിച്ച പഠനറിപ്പോർട്ടുകൾ കൊണ്ടുവന്നിട്ടുണ്ട്. അടുത്തിടെ Tata Institute of Social Studies നടത്തിയ ഒരു റിപ്പോർട്ടിൽ ഇപ്പോൾ ഇൻഡ്യയിൽ ഏകദേശം 2000-ൽപരം വിവേചനങ്ങൾ നിലനിൽക്കുന്നുവെന്നാണ് പറയുന്നത്. 2000-ൽപരം വിവേചനങ്ങൾ ഇൻഡ്യയിലെ ഏകദേശം 77 ശതമാനം വരുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ അനുഭവിക്കുന്നുവെന്നാണ് പറയുന്നത്. അപ്പോൾ നമ്മുടെ രാജ്യത്തിന്റെ സ്ഥിതിയെന്താണെണ് പരിശോധിക്കേണ്ടതാണ്. ഇൻഡ്യയിലെ ആകെ ജനസംഖ്യയിൽ നാലിലൊന്നു വരുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങളിൽ 77 ശതമാനവും ഇപ്പോഴും രാജ്യത്ത് വ്യത്യസ്തങ്ങളായ വിവേചനങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു എന്നുള്ളത് നാം വളരെ ഗൗരവത്തോടുകൂടി കാണേണ്ടതാണ്. ഇപ്പോഴും വിവേചനങ്ങൾ നിലനിൽക്കുന്ന ചിലകാര്യങ്ങൾ-പല ദളിതേതര ഗ്രാമങ്ങളിലും വീടുകളിലും ദളിതർക്ക് പ്രവേശനം നിഷേധിക്കപ്പെട്ടിരിക്കുന്നു, പല സ്ഥലത്തും ക്ഷേത്രങ്ങളിൽ പ്രവേശിക്കുന്നതിനുള്ള സ്വാതന്ത്ര്യമില്ല, ശ്മശാനങ്ങളിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ശവദാഹം നിഷേധിക്കപ്പെടുന്നു, സ്ത്രീകളോട് അതിക്രൂരമായി പെരുമാറിക്കൊണ്ടിരിക്കുന്നു, പൊതുടാപ്പുകളിൽനിന്ന് വെള്ളമെടുക്കാനുള്ള സ്വാതന്ത്ര്യം ഇപ്പോഴും നിക്ഷേധിക്കപ്പെട്ടിരിക്കുകയാണ്. അതുപോലെതന്നെ സ്കൂളുകളിൽ മറ്റുകുട്ടികൾക്കൊപ്പം ഇരിക്കാനുള്ള ഇരിപ്പിടങ്ങൾ നിഷേധിക്കുന്നു. ഭക്ഷണശാലയിൽ ഭക്ഷണം കഴിക്കുന്നതിന് പ്രത്യേക ഇരിപ്പിടങ്ങളും പ്രത്യേക പാത്രങ്ങളും നൽകുന്നുവെന്നാണ് പറയുന്നത്. ജനപ്രതിനിധികളായിട്ടുള്ള ആളുകൾക്കു പോലും ഇരിപ്പിടങ്ങൾ പ്രത്യേകമായിട്ടാണ് സജ്ജീകരിച്ചിരിക്കുന്നത്. തുല്യ ജോലിക്ക് തുല്യവേതനം നിഷേധിക്കപ്പെടുകയാണ്. ക്ഷീരസഹകരണ സംഘങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ നൽകുന്ന പാൽ സ്വീകരിക്കുന്നില്ലെന്നാണ് പറയുന്നത്. അതുപോലെതന്നെ പോളിംഗ് ബൂത്തുകളിൽ അവർക്കുവേണ്ടി പ്രത്യേക സമയം അനുവദിക്കുകയും പ്രത്യേക വരികളിൽ നിർത്തുകയും ചെയ്യുന്ന സ്ഥിതിയുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഡോക്ടർമാർ പരിശോധിക്കാൻ തയ്യാറാകുന്നില്ല. ജാതിപ്പേരുവിളിച്ച് അധിഷേപിക്കുന്നു. തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ സംവരണ സീറ്റുകളിൽ മത്സരിക്കാൻ അനുവദിക്കുന്നില്ല. ഇത്തരം ഹീനവും മനുഷ്യത്വരഹിതവുമായ ആചാരങ്ങൾ ഇപ്പോഴും

നമ്മുടെ സമൂഹത്തിൽ നിലനിൽക്കുകയാണ്. ഇതിനെതിരായി സമൂഹത്തിൽ വലിയ ബോധവൽക്കരണം ഉണ്ടാക്കിയെടുക്കേണ്ടൊരു സന്ദർഭമാണ്. അതുപോലെതന്നെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിതം മെച്ചപ്പെടുത്താൻവേണ്ടിയാണ് റിസർവേഷൻ സംവിധാനം ഉണ്ടാക്കാൻ ശ്രമിച്ചത്. സ്വാതന്ത്ര്യം കിട്ടി 68 വർഷം കഴിഞ്ഞിട്ടും നമ്മുടെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെല്ലാംതന്നെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലഭിക്കേണ്ട സംവരണതത്വം പാലിക്കപ്പെട്ടിട്ടില്ല എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പട്ടികജാതിക്കാർക്ക് 15 ശതമാനവും പട്ടികവർഗ്ഗക്കാർക്ക് 7.50 ശതമാനവുമാണ് തൊഴിൽ സംവരണം ലഭിക്കേണ്ടത്. പക്ഷേ നാളിതുവരെയായിട്ടും ആ സംവരണം ലഭിച്ചിട്ടില്ലെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. നിലവിൽ ഈ പാവപ്പെട്ട ആളുകളുടെ ജീവിതം മെച്ചപ്പെടുത്താൻ വേണ്ടിയുണ്ടാക്കിയ സംവിധാനങ്ങൾ എല്ലാം തകർക്കുന്നതിനായുള്ള തീരുമാനങ്ങൾ എടുത്തുകൊണ്ടിരിക്കുന്നു. റിസർവ്വേഷനെ സംബന്ധിച്ച് ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങളെല്ലാം ചൂണ്ടിക്കാണിച്ചു. റിസർവ്വേഷൻ കൊണ്ടുവന്നത് ഒരു പ്രത്യേക ലക്ഷ്യംവച്ചുകൊണ്ടാണ്. സമൂഹത്തിലെ പിന്നാമ്പുറങ്ങളിൽ ജീവിക്കുന്ന ആളുകൾക്ക് മുഖ്യധാരയിലേക്ക് ഉയർന്നുവരണമെങ്കിൽ അവർക്ക് പ്രത്യേക പരിഗണന കൊടുക്കണമെന്നുള്ള സങ്കൽപ്പം വച്ചുകൊണ്ടാണ് റിസർവ്വേഷൻ സംവിധാനം ഉണ്ടാക്കിയത്. അതിനെയാണിപ്പോൾ ചോദ്യം ചെയ്യുന്നത്. ആർ.എസ്.എസി-ന്റെ നേതാക്കളും ഹിന്ദു വർഗ്ഗീയ വാദികളുമെല്ലാം അത് ചോദ്യംചെയ്തു കൊണ്ടിരിക്കുകയാണ്. എന്തുകൊണ്ടാണ് റിസർവ്വേഷൻ പാടില്ലെന്ന് പറയുന്നതെന്ന് ആരും പറയുന്നില്ല. റിസർവ്വേഷനിലൂടെയാണ് ഈ പാവപ്പെട്ട ആളുകൾക്ക് അക്ഷരവും അറിവും നേടാനുള്ള അവസരമുണ്ടാകുന്നത്, ഈ പാവപ്പെട്ട ആളുകൾക്ക് എന്തെങ്കിലും തൊഴിൽ ലഭിക്കാനുള്ള സാഹചര്യമുണ്ടാകുന്നത്. റിസർവ്വേഷനിലൂടെയാണ് തെരഞ്ഞെടുക്കപ്പെടുന്ന വേദികളിലേയ്ക്ക് ഇവർക്ക് വരാൻ കഴിയുന്നത്. വിദ്യാഭ്യാസ രംഗത്തും തൊഴിൽ രംഗത്തും തെരഞ്ഞെടുക്കപ്പെട്ട സ്ഥാനങ്ങളിലേക്കുമെല്ലാം ഈ പാവപ്പെട്ട ആളുകൾക്ക് കടന്നുവരാനുള്ള അവസരങ്ങൾ റിസർവ്വേഷനുള്ളതു കൊണ്ടാണ് നിലനിൽക്കുന്നതെന്ന് നല്ലതുപോലെ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ്, നേരത്തെ ബഹുമാന്യരായ അംഗങ്ങളെല്ലാം പറഞ്ഞതു പോലെ ചാതുർവർണ്ണ്യ വ്യവസ്ഥ നമ്മുടെ രാജ്യത്ത് നടപ്പിലാക്കണമെന്ന് ആഗ്രഹിക്കുന്ന ആർ.എസ്.എസ്. ഉൾപ്പെടെയുള്ള ഹിന്ദു വർഗ്ഗീയവാദികൾ റിസർവ്വേഷൻ വേണ്ടെന്ന് വാദിക്കാനുള്ള പ്രധാനപ്പെട്ട കാരണം. ഇവർക്ക് അക്ഷരവും അറിവും അധികാരവുമെല്ലാം നിഷേധിക്കണമെന്നുള്ള ചാതുർവർണ്ണ്യ വ്യവസ്ഥയുടെ ചിന്തയുടെ ഫലമായിട്ടാണ് റിസർവ്വേഷൻ വേണ്ടെന്ന വാദം ശക്തമായി കൊണ്ടുവരുന്നത്. ആർ.എസ്.എസ്.-കാരും ഹിന്ദുവർഗ്ഗീയ ഫാസിസ്റ്റുകളും റിസർവ്വേഷൻ വേണ്ടെന്നുപറഞ്ഞാൽ അതെന്തുകൊണ്ടാണെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഇൻഡ്യയിലെ

പരമോന്നത നീതിപീഠം പോലും റിസർവ്വേഷനല്ല മെറിറ്റാണ് മാനദണ്ഡമാക്കേണ്ട തെന്നുപറയുന്ന അവസ്ഥയിലേയ്ക്ക് എത്തുകയാണ്. ഇൻഡ്യയുടെ പരമോന്നത നീതിപീഠം പോലും ഈ സവർണ്ണാധിപത്യത്തിന് കുടപിടിക്കുന്ന സമീപനം സ്വീകരിക്കുന്നത് നമ്മൾ കാണാതിരുന്നുകൂടാ. റിസർവ്വേഷൻ ഇല്ലാതാക്കുന്നതിന്റെ പിറകിൽ വലിയൊരു അപകടം പതിയിരിക്കുകയാണ്. ഇൻഡ്യയിലെ അവശവിഭാഗങ്ങൾ ഒരുകാരണവശാലും സാമൂഹ്യപരമായും സാമ്പത്തികപരമായും വിദ്യാഭ്യാസപരമായും മുന്നോട്ടുവരാൻ പാടില്ല. അവർ അധികാരത്തിലേക്കും സമ്പത്തിലേക്കും വരാൻ പാടില്ലെന്നുള്ള ഗൂഢലക്ഷ്യം തന്നെയാണ് അതിന്റെ പിന്നിലെന്ന് നമ്മൾ തിരിച്ചറിയേണ്ടതുണ്ട്. കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽനിന്നെല്ലാം വ്യത്യസ്തമായിക്കൊണ്ട് ഒട്ടേറെ മുന്നോട്ടുവന്ന ഒരു സമൂഹമാണ്. കേരളത്തിൽ ഒടുവിലത്തെ കണക്കനുസരിച്ച് 30,39,523 പട്ടികജാതി ജനവിഭാഗങ്ങളും 4,84,839 പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആൾക്കാരും ഉൾപ്പെടെ 35,24,412 ആളുകളാണുള്ളത്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും മുന്നിലേയ്ക്ക് വരാൻ കഴിഞ്ഞു. ഒട്ടേറെ പോരാട്ടങ്ങൾ നടന്നതിന്റെ ഫലമായാണ് അങ്ങനെ മുന്നിലേക്ക് വരാൻ കഴിഞ്ഞത്. അതിന്റെ ചരിത്രമെല്ലാം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കേരളത്തിൽ ഒട്ടേറെ സാമൂഹിക നവോത്ഥാന പോരാട്ടങ്ങൾ നടന്നു. വൈകുണ്ഠ സ്വാമികളും, ശ്രീനാരായണ ഗുരുദേവനും, അയ്യൻകാളിയും, സഹോദരൻ അയ്യപ്പനും, ഡോക്ടർ പൽപ്പുവും തുടങ്ങി ധാരാളം നേതാക്കൾ നമ്മുടെ സമൂഹത്തിലെ ഉച്ചനീചത്വങ്ങൾക്കും വിവേചനങ്ങൾക്കുമെതിരായി വലിയ പട നയിച്ചതിന്റെ ഫലമായി വലിയ മാറ്റം നമ്മുടെ സമൂഹത്തിൽ ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞു. അതുപോലെ പാവപ്പെട്ടവന്റെ ജീവിതം മെച്ചപ്പെടുത്താൻ വേണ്ടി പുരോഗമന പ്രസ്ഥാനങ്ങൾ നടത്തിയ പോരാട്ടങ്ങളൊക്കെത്തന്നെ കേരളത്തിലെ അവശത അനുഭവിക്കുന്ന ആളുകളുടെ ജീവിതത്തിൽ മാറ്റം ഉണ്ടാക്കിയിട്ടുണ്ട്. അതുകൊണ്ടാണ് കേരളത്തിലെ പാവപ്പെട്ട ജനവിഭാഗത്തിന്റെ ജീവിതം കുറെയേറെ മെച്ചപ്പെടാനിടയായത്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി കേരളത്തിലെ ദളിത് ജനവിഭാഗങ്ങളുടെ ജീവിതം മെച്ചപ്പെട്ടിട്ടുണ്ട് എന്നു പറയുമ്പോൾതന്നെ കേരളത്തിലെ പൊതുസമൂഹത്തിന്റെ വളർച്ചയ്ക്കനുസരിച്ച് അത് ഉയർന്നു വന്നിട്ടില്ലെന്ന് ഇവിടെ ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ട് ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് സൂചിപ്പിക്കുകയുണ്ടായി. ഇവരെ ആ പൊതുസമൂഹത്തിന്റെ ഒപ്പം എത്തിക്കാൻ വേണ്ടി എന്താണ് നമുക്ക് ഇനി ചെയ്യാൻ കഴിയുക എന്ന് തീർച്ചയായിട്ടും ഇന്ത്യക്കാകെ മാതൃകയായി നിൽക്കുന്ന സംസ്ഥാനമായ കേരളം ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. കേരളത്തിൽ പട്ടികജാതി/

പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്താണെന്ന് സമഗ്രമായി ചർച്ച ചെയ്യപ്പെടാൻ നമ്മുടെ നിയമസഭയ്ക്ക് കഴിയേണ്ടതുണ്ട് എന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. ഒരുപാട് രംഗത്ത് മുന്നേറി എന്ന് അവകാശപ്പെടുമ്പോഴും ആ മുന്നേറ്റങ്ങളെയെല്ലാം തടസ്സപ്പെടുത്തുന്ന രീതിയിലുള്ള സംഭവവികാസങ്ങൾ കേരളത്തിലും ഉയർന്നുവരുന്നുണ്ട് എന്നുള്ളത് നാം കാണാതിരുന്നുകൂടാ. കേരളത്തിലും വീണ്ടും സങ്കുചിതമായിട്ടുള്ള വാദങ്ങൾ ഉയർത്തിക്കൊണ്ടുവരാൻവേണ്ടി വലിയ ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത് നാം കാണാതിരുന്നുകൂടാ. കേരളത്തിന്റെ സാമൂഹിക അന്തരീക്ഷത്തെ വീണ്ടും ജാതി ചിന്തയിലേക്കും മതചിന്തയിലേക്കും സങ്കുചിത ചിന്തയിലേയ്ക്കും കൊണ്ടുപോകാൻ വേണ്ടി വലിയ ശ്രമങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. ആ ചിന്ത സമൂഹത്തിലെ പാവപ്പെട്ട ആളുകൾക്ക് പ്രതികൂലമായി ബാധിക്കുമെന്ന കാര്യവും സംശയ രഹിതമായി നമുക്ക് മനസ്സിലാക്കാൻ കഴിയേണ്ടതുണ്ട്. ഈ പുതിയ സങ്കുചിത ചിന്ത വളർന്നുവരുന്നത് പാവപ്പെട്ട ജനവിഭാഗങ്ങളുടെ ജീവിതം മെച്ചപ്പെടുത്തു ന്നതിനല്ല, അവരെ സമൂഹത്തിൽനിന്നും പുറകോട്ടടിപ്പിക്കുന്നതിനു വേണ്ടിയാണ്. 'നായാടി മുതൽ നമ്പൂതിരിവരെ ഒന്നിക്കണം' എന്നാണ് ചില ആളുകൾ പറയുന്നത്. ആദ്യം ഇതല്ലല്ലോ പറഞ്ഞിരുന്നത്, പാവപ്പെട്ട ആളുകളുടെ ജീവിതം മെച്ചപ്പെടുത്താൻവേണ്ടി നടന്ന പോരാട്ടങ്ങളുടെ സന്ദർഭങ്ങളിലെല്ലാം ഇതല്ലല്ലോ പറഞ്ഞിരുന്നത്. അവരെല്ലാം പഴയ അവസ്ഥയിൽ നിൽക്കണമെന്നാണ് പറഞ്ഞത്. 'തമ്പുരാൻ എന്നു വിളിയ്ക്കില്ല പാളയിൽ കഞ്ഞി കുടിക്കുകയില്ല' എന്ന മുദ്രാവാക്യം വിളിച്ചപ്പോഴാണ് 'തമ്പുരാൻ എന്നു വിളിപ്പിക്കും പാളയിൽ കഞ്ഞി കുടിപ്പിക്കും' എന്നു പറഞ്ഞത്. ആ ആളുകളാണ് ഇപ്പോൾ പറയുന്നത് 'നായാടി മുതൽ നമ്പൂതിരിവരെ ഒന്നിക്കണമെന്ന്'. അത് നായാടിയെയോ, പാവപ്പെട്ടവനെയോ സംരക്ഷിക്കുന്നതിന് വേണ്ടിയല്ല, സവർണ്ണാധിപത്യം സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള കുറുക്കുവഴി തേടുകയാണ് എന്നു നാം തിരിച്ചറിയേണ്ടതാണ്. അതിന് മതേതരപ്രസ്ഥാനങ്ങളെല്ലാം യോജിച്ചുകൊണ്ട് ഇതിനെതിരായി വലിയ കൂട്ടായ്മ കേരളത്തിൽ സംഘടിപ്പിക്കാൻവേണ്ടി കഴിയണം. കേരളത്തിൽ നിലവിലുള്ള റിസർവേഷൻ സംവിധാനങ്ങളെ സംബന്ധിച്ച് നിരവധി തവണ ഞാൻ ഈ സഭയിൽ ഉന്നയിച്ചിട്ടുള്ളതിനാൽ അതിന്റെ കണക്കുകളിലേയ്ക്ക് കടക്കുന്നില്ല. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിലും സർക്കാർ സ്ഥാപനങ്ങളിലും റിസർവേഷൻ കൃത്യമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നമുക്ക് കഴിയേണ്ടതുണ്ട്. എല്ലാ വർഷവും അതിന്റെ ബാക്ക് ലോഗ് പരിശോധിച്ചുകൊണ്ട് എവിടെയെങ്കിലും കുറവുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിക്കൊണ്ട് എല്ലാ വേക്കൻസികളും നികത്താൻ കഴിയണം. ദേശീയതലത്തിൽ ഞങ്ങൾ ഉന്നയിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ് ആഗോളവൽക്കരണം. ഈ നയം രാജ്യത്ത് നടപ്പിലാക്കിയതിന്റെ ഫലമായി എല്ലാം സ്വകാര്യവൽക്കരിക്കപ്പെടുകയാണ്.

സ്വകാര്യവൽക്കരിക്കപ്പെടുന്നതോടുകൂടി പൊതുമേഖലയും അവിടേയ്ക്കുള്ള റിസർവേഷനും ഇല്ലാതാകുന്നു. അതിന്റെ ഫലമായി പാവപ്പെട്ട ആളുകൾക്ക് തൊഴിൽ എന്നത് അപ്രാപ്യമാകുകയാണ്. അതുകൊണ്ട് സ്വകാര്യമേഖലയിലും നിയമംമൂലം റിസർവേഷൻ നടപ്പിലാക്കാൻ തയ്യാറാകണം. എങ്കിൽ മാത്രമെ പാവപ്പെട്ട ആളുകൾക്ക് ഇനി തൊഴിൽ എന്ന സങ്കൽപ്പം നേടിയെടുക്കാൻ കഴിയൂ. എയ്ഡഡ് മേഖലകളിലെ സ്കൂളുകളുടേയും കോളേജുകളുടേയും സ്ഥിതി എന്താണ്? ഞാനതിന്റെ കണക്ക് ഉദ്ധരിക്കുവാൻ ശ്രമിക്കുന്നില്ല. ലക്ഷക്കണക്കിന് ആളുകൾ സ്വകാര്യ മേഖലയിലും എയ്ഡഡ് മേഖലയിലും പണിയെടുക്കുകയാണ്. നമ്മുടെ സർക്കാർ ഖജനാവിൽ നിന്നും പൈസ പമ്പ് ചെയ്യുന്നതിനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അങ്ങനെ സർക്കാർ ഖജനാവിൽ നിന്നും പൈസ കൊടുക്കുന്ന മേഖലകളിലെല്ലാം തന്നെ റിസർവേഷൻ സംവിധാനം നടപ്പിലാക്കുന്നതിന് നമുക്ക് ഇച്ഛാശക്തി കാണിക്കാൻ കഴിയണം. ഇവിടെ അപ്പുറത്തോ, ഇപ്പുറത്തോ ഇരുന്ന് വെല്ലുവിളിച്ചാൽ പോരാ. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഈ സംസ്ഥാനത്ത് അധികാരത്തിൽ വരാൻ അവസരമുണ്ടാകുകയാണെങ്കിൽ എയ്ഡഡ് സ്ഥാപനങ്ങളിലെല്ലാം തന്നെ റിസർവേഷൻ സമ്പ്രദായം നടപ്പിലാക്കുമെന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ മാർക്സിസ്റ്റ്-ന്റെ രണ്ടു നേതാക്കൾ പട്ടികജാതി ക്ഷേമ സമിതിയുടെ സംസ്ഥാന സമ്മേളനത്തിൽ പങ്കെടുത്തുകൊണ്ട് പ്രഖ്യാപിക്കുകയുണ്ടായി. ആ പ്രഖ്യാപനത്തോട് പ്രതികരിക്കാൻ കേരളത്തിലെ ഒരു സാമുദായിക സംഘടനയും, ഒരു രാഷ്ട്രീയ പാർട്ടിയും മുന്നോട്ടുവന്നില്ല. എന്താണ് തങ്ങളുടെ നയം എന്ന് ഈ സഭയിലെങ്കിലും പറയാൻവേണ്ടി യു.ഡി.എഫ്.-ലേയും മറ്റു കക്ഷികളുടേയും നേതാക്കൾ സന്നദ്ധരാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ കോടാനുകോടി രൂപയാണ് ഗവൺമെന്റിന്റെ ഖജനാവിൽ നിന്നും എയ്ഡഡ് മേഖലയിലേയ്ക്ക് പോകുന്നത്. അവർക്ക് അവിടെ നിയമനം നടത്താം, നിയമനം അവർ നടത്തിക്കോട്ടേ, കാശു കൊടുത്താൽപ്പോലും പട്ടികജാതിക്കാരെ നിയമിക്കുകയില്ലായെന്ന് പിടിവാശിപിടിക്കുന്ന മാനേജുമെന്റുകൾ കേരളത്തിലുണ്ട്. അതുകൊണ്ടാണ് എണ്ണായിരത്തിലധികം കോളേജ് അദ്ധ്യാപകരുള്ള എയ്ഡഡ് സ്ഥാപനങ്ങളിൽ ഏകദേശം 49 ആളുകൾ മാത്രമായി പട്ടികജാതിക്കാർ ചുരുങ്ങിപ്പോയത്. അതുകൊണ്ടാണ് 120000-ത്തോളം വരുന്ന എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരും നോൺ ടീച്ചിംഗ് സ്റ്റാഫുകളുമുള്ള അവിടെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ കേവലം 400-ലധികമായി ചുരുങ്ങിപ്പോയത്. പൈസ കൊടുത്താലും നിയമിക്കാത്ത ഒരു സ്ഥിതിയാണുള്ളത്. അതുകൊണ്ട് എയ്ഡഡ് മേഖലയിൽ റിസർവേഷൻ നടപ്പിലാക്കുമെന്ന് ഉറപ്പുവരുത്താൻവേണ്ടി ഒരു തീരുമാനമെടുക്കാൻ ഈ ചർച്ചയിലൂടെ കഴിഞ്ഞാൽ അതായിരിക്കും ഏറ്റവും മഹത്തായ കാര്യം. ആ തീരുമാനം ഇന്ന് ഈ സഭയിൽ എടുക്കാൻ കഴിയുമോ എന്നുള്ളതാണ് നമ്മുടെ മുൻപിലുള്ള ചോദ്യം?

ബഹുമാനപ്പെട്ട മന്ത്രിമാർ മറുപടി പറയുമ്പോൾ പറയുമെന്നാണ് ഞാൻ കരുതുന്നത്, എയേഡഡ് മേഖലയിൽ ഞങ്ങൾ റിസർവേഷൻ നടപ്പിലാക്കും എന്നുപറയാനുള്ള ചങ്കൂറ്റം കാണിക്കണം. ഇടതുപക്ഷ ജനാധിപത്യമുന്നണി വരികയാണെങ്കിൽ കേരളത്തിൽ എയ്ഡഡ് മേഖലയിൽ റിസർവേഷൻ നടപ്പിലാക്കും എന്ന് ഞങ്ങൾ പറഞ്ഞു. ഇന്ത്യയിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രശ്നങ്ങൾ റിസർവേഷൻ കൊണ്ടുമാത്രം പരിഹരിക്കും എന്നൊന്നും ഞാൻ വിചാരിക്കുന്നില്ല. റിസർവേഷൻ അല്ല, ജാതിവ്യവസ്ഥയുണ്ടാക്കിയ ദുരന്തമാണ് ഇന്ന് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളും മറ്റ് പിന്നോക്ക വിഭാഗങ്ങളും അനുഭവിക്കുന്നത്. ജാതിവ്യവസ്ഥയാണ് ഇന്ത്യയുടെ ശാപമെന്ന് മഹാനായ കാറൽ മാർക്സ് പറഞ്ഞിട്ടുണ്ട്. ഇന്ത്യയുടെ ശാപം എന്നു പറയുന്നത് ഇന്ത്യയിലെ ജാതിവ്യവസ്ഥയാണ്. ആ ജാതി വ്യവസ്ഥയുണ്ടാക്കിയ ദുരന്തങ്ങൾക്ക് പരിഹാരമുണ്ടാകണമെങ്കിൽ ജാതിരഹിതമായ ഒരു സമൂഹം ഇന്ത്യയിൽ ഉണ്ടാകണം. ജാതിരഹിതമായ സമൂഹത്തിലൂടെ മാത്രമാണ് ഇന്ത്യയിലെ മഹാഭൂരിപക്ഷം വരുന്ന ദുരിതമനുഭവിക്കുന്ന, കഷ്ടപ്പാട് അനുഭവിക്കുന്ന, ജാതിയുടെ പേരിൽ വിവേചനം അനുഭവിക്കുന്ന, അതിക്രമങ്ങൾ സഹിക്കുന്ന ജനങ്ങൾക്ക് അതിക്രമങ്ങളിൽ നിന്നും പരിഹാരം കാണാൻ കഴിയുകയുള്ളു എന്ന ഉറച്ച വിശ്വാസമുണ്ട്. റിസർവേഷൻ കൊണ്ടുമാത്രം എല്ലാത്തിനും പരിഹാരമാവില്ല. അതിനുവേണ്ടിയുള്ള പോരാട്ടങ്ങൾ നടത്തിക്കൊണ്ട് ജാതിരഹിതമായ ഒരു സമൂഹം ഇന്നല്ലെങ്കിൽ നാളെ ഇന്ത്യയിൽ ഉണ്ടാക്കാൻവേണ്ടിയുള്ള പോരാട്ടത്തിൽ എല്ലാ മതനിരപേക്ഷ ശക്തികളും ഒന്നിക്കണം. മഹാനായ ഡോ. ബി.ആർ. അംബേദ്കർ നമ്മുടെ നാടിന്, പാവപ്പെട്ടവന്, അധഃസ്ഥിതന് നൽകിയ സേവനങ്ങളും ഇന്ത്യൻ പാർലമെന്റിന് നൽകിയ സംഭാവനകളും തീർച്ചയായും എക്കാലവും സ്മരിക്കപ്പെടും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അദ്ദേഹത്തിന്റെ സ്മരണ രാജ്യം മുഴുവൻ ചർച്ചചെയ്യപ്പെടുന്ന സന്ദർഭമാണ്. ഇന്ത്യൻ പാർലമെന്റിലും ചർച്ച ചെയ്തു. ഇന്ത്യയിൽ വിവിധ അസംബ്ലികൾ ചർച്ച ചെയ്യുകയാണ്. ഈ ചർച്ചകൊണ്ടു മാത്രമായില്ല. ഞങ്ങൾ ഒരു സംഘടന രൂപീകരിച്ചുകൊണ്ടുപറഞ്ഞു, ഇന്ത്യൻ പാർലമെന്റ് പ്രത്യേക സമ്മേളനം വിളിച്ചു ചേർക്കണം. 68 വർഷമായി നമുക്ക് സ്വാതന്ത്ര്യം കിട്ടിയിട്ട്, ഈ 68 വർഷത്തിനുള്ളിൽ പാവപ്പെട്ട ആളുകൾക്ക് വേണ്ടി നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ചും അവർ ഇന്ന് സമൂഹത്തിൽ അനുഭവിച്ചുകൊണ്ടിരിക്കുന്ന വിവേചനങ്ങളെ സംബന്ധിച്ചും ഇന്ത്യൻ പാർലമെന്റ് സമഗ്രമായി ചർച്ചചെയ്യണം, ഇന്ത്യയിലെ വിവിധ അസംബ്ലികൾ ചർച്ച ചെയ്യണം. ആ ചർച്ചയുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞുവരുന്ന കാര്യങ്ങൾ രാജ്യത്ത് നടപ്പിലാക്കിയെങ്കിൽ മാത്രമെ രാജ്യത്തിനപമാനമായി നിൽക്കുന്ന പാവപ്പെട്ടവന്റെ ജീവിതം മെച്ചപ്പെടുത്താൻ കഴിയൂ എന്ന് ഞങ്ങൾ വാദിച്ചുകൊണ്ടിരിക്കുകയാണ്. ആ സന്ദർഭത്തിലാണ്

മഹാനായ ഡോ. ബി. ആർ. അംബേദ്കറിന്റെ 125-ാം ജന്മവാർഷികത്തോടനുബന്ധിച്ച് കേരള അസംബ്ലിയിലും സമഗ്രമായ ചർച്ച നടക്കുന്നത്. ആ ചർച്ചയുടെ ഗുണഫലം സമൂഹത്തിലെ ദളിത് വിഭാഗങ്ങൾക്കും പിന്നോക്ക വിഭാഗങ്ങൾക്കും ഉണ്ടാകട്ടേ എന്ന് ആഗ്രഹിച്ചുകൊണ്ട് ഡോ. അംബേദ്കറുടെ സ്മരണയ്ക്കുമുൻപിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു, അഭിവാദനങ്ങൾ.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ചർച്ച ഏറ്റവും ഫലപ്രദമായി. ഡോ. ഭീം റാവു അംബേദ്കറുടെ 125-ാമത് ജന്മവാർഷികത്തോടനുബന്ധിച്ച് ഇന്ത്യയിലൊട്ടാകെ ഭരണഘടനയെപ്പറ്റിയും ഭരണഘടന ഉറപ്പാക്കുന്ന മനുഷ്യാവകാശങ്ങളെ സംബന്ധിച്ചും പട്ടികജാതി/ പട്ടികവർഗ്ഗ/ദളിത് വിഭാഗങ്ങളുടെ ഉന്നമനത്തെ സംബന്ധിച്ചുമെല്ലാം നമ്മുടെ രാജ്യത്ത് ചർച്ച നടന്നുകൊണ്ടിരിക്കുന്ന ഒരു സന്ദർഭമാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസിന് അഭിമാനത്തോട്ടുകൂടി പറയാൻ കഴിയും, ഇന്ത്യയിൽ ആദ്യമായി ഒരു ഭരണഘടന നിർമ്മിക്കാനായി ഡോ. അംബേദ്കറെപോലെ മഹാനായ ഒരാളെയാണ് ചുമതലപ്പെടുത്തിയത് എന്ന്. ഇൻഡ്യയുടെ കോൺസ്റ്റിറ്റ്യൂവെന്റ് അസംബ്ലിയിൽ ഉണ്ടായിരുന്ന 499 അംഗങ്ങളിൽ കോൺഗ്രസിനായിരുന്നു മൃഗീയമായ ഭൂരിപക്ഷം. അന്ന് ഏക മെമ്പറായിരുന്ന ഡോ. ഭീം റാവു അംബേദ്കറെ അതിന്റെ ഡ്രാഫ്റ്റിംഗ് കമ്മിറ്റിയുടെ ചെയർമാനാക്കാൻ തീരുമാനിച്ചത് ഇൻഡ്യൻ നാഷണൽ കോൺഗ്രസായിരുന്നു. രാജ്യത്തിന്റെ സ്വാതന്ത്ര്യസമര കാലഘട്ടത്തിൽ തന്നെ കോൺഗ്രസ് ഹരിജനോദ്ധാരണമെന്ന ഒരു മഹത്തായ പരിപാടിക്ക് രൂപം കൊടുത്തിരുന്നു. മഹാത്മജി തന്റെ പത്രത്തിന് കൊടുത്ത പേര് ഹരിജൻ എന്നായിരുന്നു. ആ പത്രത്തിലൂടെയും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിലൂടെയുമാണ് ഇന്ത്യയുടെ പൊതു സമൂഹത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹികക്ഷേമം ഒരു പാർട്ടിയുടെ അജൻഡയാക്കി മാറ്റണമെന്ന തീരുമാനമെടുത്തത്. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ പ്രഖ്യാപിതമായ അജണ്ടകളിൽ ഒന്നാണ് പട്ടികജാതി/പട്ടികവർഗ്ഗക്ഷേമം അല്ലെങ്കിൽ ഹരിജനോദ്ധാരണം എന്ന് ഗാന്ധിജി ആവർത്തിച്ച് പറഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് ഇൻഡ്യയിലെ ആദ്യത്തെ ലോ മിനിസ്റ്റർ ആയി മഹാനായ ഡോ. ബി. ആർ. അംബേദ്കറെ ജവഹർലാൽ നെഹ്റു തീരുമാനിച്ചത്. ബംഗാളിൽ നിന്നായിരുന്നു അദ്ദേഹം ജനപ്രതിനിധിയായി തിരഞ്ഞെടുത്തതെങ്കിലും വിഭജനം വന്നപ്പോൾ ഈസ്റ്റ് ബംഗാൾ ഇൻഡ്യയുടെ ഭാഗത്തുനിന്നും വിട്ടുപോയ സന്ദർഭത്തിൽ അദ്ദേഹത്തെ കോൺസ്റ്റിറ്റ്യൂവെന്റ് അസംബ്ലിയിലേയ്ക്ക് കൊണ്ടുവരാൻ വേണ്ടി എം.ആർ ജയ്ക്കറെ രാജി വെപ്പിച്ചത് ഇൻഡ്യൻ നാഷണൽ കോൺഗ്രസാണ്. മഹാനായ ഡോ. ബി. ആർ. അംബേദ്കർ ഇന്ത്യൻ ഭരണഘടനയുടെ സൃഷ്ടാവാണ്. അദ്ദേഹത്തിന്റെ ഓരോ നടപടികളുമെടുത്ത് പരിശോധിച്ചാൽ

അദ്ദേഹത്തിന്റെ മഹത്തായ മൂല്യങ്ങളുടെ സംരക്ഷണം, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളോടുള്ള കമ്മിറ്റ്മെന്റ് അവർക്കുവേണ്ടി ചെയ്ത മഹത്തായ കാര്യങ്ങൾ എന്നിവ നമുക്ക് കാണാൻ കഴിയും. ഇന്ന് പല ആളുകളും ഡോ. ബി. ആർ. അംബേദ്കറുടെ പ്രവർത്തനങ്ങളെ പാടിപുകഴ്ത്തുന്നുണ്ട്. പക്ഷേ അവരെല്ലാം അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ ആദ്യ കാലഘട്ടങ്ങളിൽ സഹകരിച്ചിട്ടുണ്ടോയെന്നുള്ളത് വ്യക്തമാക്കേണ്ടതാണ്. മഹാത്മാഗാന്ധിയും അംബേദ്കറും തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടായിട്ടുണ്ടെന്നുള്ളത് സത്യമാണ്. പക്ഷേ ദളിത് വിഭാഗങ്ങളുടെ അടിസ്ഥാനപരമായ ഉന്നമനത്തിന്റെ കാര്യത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും ഡോ. ബി. ആർ. അബേദ്കറും തമ്മിൽ ഒരു അഭിപ്രായ വ്യത്യാസവും ഇല്ലായിരുന്നു. ആർ.എസ്.എസും, ബി.ജെ.പി.യും ഉണ്ടായതുതന്നെ SC/ST റിസർവേഷനെതിരായിട്ടുള്ള സമരങ്ങളിലൂടെയാണ്. ആ ideology ഉണ്ടായതുതന്നെ എസ്.സി/എസ്.റ്റി. വിഭാഗങ്ങളുടെ റിസർവേഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾക്കെതിരായുള്ള നിലപാട് സ്വീകരിച്ചുകൊണ്ടു തന്നെയായിരുന്നു. അതുകൊണ്ടുതന്നെയാണ് ഇപ്പോഴും നൂറ്റാണ്ടുകളായി അടിമത്തം അനുഭവിച്ചുകൊണ്ടിരുന്ന ഒരു ജനവിഭാഗത്തിന്റെ മോചനത്തിനായി നിയമനിർമ്മാണം കൊണ്ടുവന്നാലും നടപടികൾ സ്വീകരിച്ചാലും ആർ.എസ്.എസും ബി.ജെ.പി.-യും അതിനെ ശക്തമായി എതിർക്കുന്നതായി നമുക്ക് കാണാൻ കഴിയുന്നത്. ഡോ. ബി. ആർ. അംബേദ്കർ ഈ കാര്യത്തിൽ വ്യക്തമായ നിലപാട് സ്വീകരിച്ചിട്ടുള്ളതായി കാണാൻ കഴിയും. Electorally Baba Saheb was also firmly against align with the parties from the Hindu right. അദ്ദേഹത്തിന്റെ പ്രഖ്യാപിതമായ നയമായിരുന്നു. അന്നത്തെ ജനസംഘവുമായോ ആർ.എസ്.എസും ബി.ജെ.പി-യുമായോ അന്നത്തെ ഹിന്ദുമുന്നേറ്റത്തിന് നേതൃത്വം കൊടുത്ത രാഷ്ട്രീയ പ്രസ്ഥാനങ്ങളുമായോ ഒരു കാലഘട്ടത്തിലും ഒരുമിച്ച് പോകാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടില്ല. അദ്ദേഹം യോജിച്ചിട്ടുള്ളത് പ്രജാ സോഷ്യലിസ്റ്റ് പാർട്ടിപോലുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങളുമായിട്ട് തന്നെയായിരുന്നു. അതുകൊണ്ടാണ് പാർലമെന്റിൽ, BJP has allowed the SC/ST Prevention Atrocities (Amendment) Ordinance to lapse. കോൺഗ്രസ് ഗവൺമെന്റ് കൊണ്ടുവന്ന, അന്ന് പ്രധാനമന്ത്രിയായ ഡോ. മൻമോഹൻസിംഗ് ഗവൺമെന്റിന്റെ ക്യാബിനറ്റ് തീരുമാനിച്ച് ഓർഡിനൻസ് കൊണ്ടുവന്ന എസ്.സി/എസ്.റ്റി. പ്രിവൻഷൻ അട്രോസിറ്റീസ് ആക്ട് ലാപ്സ് ആകാനുള്ള അവസരം കൊടുത്തത് ഈ ബി.ജെ.പി. ഗവൺമെന്റാണ്. അതുമാത്രമല്ല ബി.ജെ.പി. ഗവൺമെന്റ് രാജ്യത്ത് പട്ടികജാതി/പട്ടികവർഗ്ഗങ്ങൾക്കെതിരെ വർദ്ധിച്ചുവരുന്ന അട്രോസിറ്റീസിനെതിരെ മൗനം പാലിക്കുന്നു. ഹരിയാനയിൽ മൂന്ന് ദളിത് ചെറുപ്പക്കാരായ ആളുകളെ തീവച്ചുകൊന്ന സംഭവത്തിൽ ഇതുവരെ പ്രതികരിക്കാൻ പോലും പ്രധാനമന്ത്രിയോ, ആഭ്യന്തര വകുപ്പുമന്ത്രിയോ തയ്യാറായിട്ടില്ല എന്നത് നമ്മൾ കാണേണ്ട ഒരു വസ്തുതയാണ്. ദേശീയ ബഡ്ജറ്റിൽ ഏതാണ്ട് അറുപതു

ശതമാനം കുറവാണ് ഇപ്പോൾ എസ്എസി/ എസ്റ്റി. സബ് പ്ലാനിൽ നീക്കിവച്ചിട്ടുള്ളത്. മാത്രമല്ല അംബേദ്കറുടെ നയങ്ങളേയും അദ്ദേഹം കൊണ്ടുവന്ന സമീപനങ്ങളെയും ദേശീയ തലത്തിൽ തമസ്കരിക്കുകയെന്ന ഹീനമായ നീക്കമാണ് ബി.ജെ.പി. സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അവരാണ് മഹാത്മാ ഗാന്ധിയും ഡോ. അംബേദ്കറും തമ്മിലുള്ള അഭിപ്രായ വ്യത്യാസത്തെപ്പറ്റി പറയുന്നത്. ഇവർ തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ടായിരുന്നുവെന്നത് ശരിയാണ്. ചില ഘട്ടങ്ങളിൽ ആശയപരമായ ഭിന്നതകൾ ഗാന്ധിജിയും നെഹ്റുവും അംബേദ്കറും തമ്മിൽ ഉണ്ടായിട്ടുണ്ട് എന്നുള്ളതും ഒരു യാഥാർത്ഥ്യമാണ്. പക്ഷേ അടിസ്ഥാനപരമായ നയങ്ങളിൽ ഒറ്റക്കെട്ടായി നിൽക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നുള്ളതാണ് യാഥാർത്ഥ്യം. 1917–ലെ കോൺഗ്രസ് പാർട്ടിയുടെ എ.ഐ.സി.സി. സമ്മേളനത്തിൽ വച്ചാണ് untouchability-ക്കെതിരായി ആദ്യത്തെ പ്രമേയം ഉണ്ടാകുന്നത്. അന്ന് മഹാത്മാഗാന്ധി അയിത്തോച്ചാടന പ്രമേയം അവതരിപ്പിക്കാൻ വേണ്ടി തെരഞ്ഞെടുത്തത് മറ്റാരെയും ആയിരുന്നില്ല, കേരളത്തിന്റെ പ്രിയ പുത്രൻ ടി. കെ. മാധവനെയാണ്. കേരളത്തിന് കിട്ടിയ ഏറ്റവും വലിയ അംഗീകാരമായി ഞാൻ അതിനെ കണക്കാക്കുകയാണ്. ഡ്രാഫ്റ്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ എന്നുള്ള നിലയിൽ മഹാനായ അംബേദ്കർ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നയങ്ങളും പരിപാടികളും മഹാത്മാ ഗാന്ധിയുടെയും ജവർലാൽ നെഹ്റുവിന്റെയും ഡോ. രാജേന്ദ്രപ്രസാദിന്റെയും സർദാർ വല്ലഭായ് പട്ടേലുമുൾപ്പെടെയുള്ള സീനിയർ നേതാക്കന്മാരുടെയും അഭിപ്രായങ്ങൾ കൂടി അറിഞ്ഞശേഷമാണ് ഇത്രയും മനോഹരമായ, ഉദാത്തമായ ഒരു ഭരണഘടന ഇൻഡ്യയ്ക്ക് നൽകിയത്. ലോകത്തിനുമുമ്പിൽ നമുക്ക് ഉയർത്തിക്കാട്ടാൻ കഴിയുന്ന വിശുദ്ധമായ ഒരു ഭരണഘടനയാണ് നമുക്കുള്ളത്. ദൗർഭാഗ്യവശാൽ ഇന്ന് ബി.ജെ.പി.-യും ആർ.എസ്.എസ്സും ഈ ഭരണഘടനയെ ധ്വംസിക്കുവാനുള്ള നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഭരണഘടനയിൽനിന്നും മതേതരത്വമെന്ന വാക്ക് എടുത്തുകളയണമെന്ന് ഇൻഡ്യൻ പാർലമെന്റിൽ കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രാജ്നാഥ് സിംഗ് പ്രസംഗിച്ചു. ഡോ. ബി. ആർ. അംബേദ്കർ അങ്ങനെ ഉദ്ദേശിച്ചിട്ടില്ലായെന്നാണ് അദ്ദേഹം പറഞ്ഞത്. ചരിത്രം വായിക്കാത്തതു കൊണ്ടാണ് അദ്ദേഹം അങ്ങനെ പറഞ്ഞത്. ഇൻഡ്യയുടെ അടിസ്ഥാനപരമായ മൂല്യങ്ങൾതന്നെ മതേതരത്വമാണ്. നൂറ്റാണ്ടുകളായി നാം നേടിയെടുത്ത ജീവിത ശൈലിയാണ് മതേതരത്വം. ആ മതേതരത്വ സംവിധാനത്തെ അടിസ്ഥാനമാക്കിയാണ് ശ്രീമതി ഇന്ദിരാഗാന്ധി ഇൻഡ്യയുടെ ഭരണഘടനയുടെ preamble-ൽ മതേതരത്വമെന്ന വാക്ക് എഴുതിച്ചേർത്തത്. ഇൻഡ്യയുടെ ആഭ്യന്തര വകുപ്പുമന്ത്രി പറയുന്നു മതേതരത്വമെന്ന വാക്ക് എടുത്തുകളയണമെന്ന്. ഈ രാജ്യത്തെ മതേതരത്വത്തോടും മതേതര വിശ്വാസികളോടും ചെയ്യുന്ന ഏറ്റവും വലിയ അപരാധമാണ് ഇൻഡ്യയുടെ ആഭ്യന്തര വകുപ്പുമന്ത്രിയുടെ ഭാഗത്ത് നിന്നുമുണ്ടായത്.

അത്തരമൊരു പരാമർശമുണ്ടായതിൽ ഞാൻ ഖേദിക്കുന്നു, അത് ദുഃഖകരമായ ഒരു കാര്യമാണ്. ഇവിടെ മതേതരത്വം നമ്മുടെ ജീവ വായുവും ജീവിതശൈലിയുമാണ്. അതിനെ തകർക്കാൻവേണ്ടി നടക്കുന്ന നീക്കങ്ങളെ ഗൗരവപൂർവ്വം നമ്മൾ കാണണം. ഭരണഘടനയെ നമ്മൾ ഗൗരവത്തോടുകൂടി കാണുമ്പോൾ ആ ഭരണഘടനയിൽ എഴുതിയിട്ടുള്ള പ്രധാനപ്പെട്ട കാര്യങ്ങൾ നമുക്ക് കാണാതെ കടന്നുപോകാൻ സാധ്യമല്ല. തീർച്ചയായിട്ടും ഇൻഡ്യയുടെ സാമൂഹിക ജീവിതത്തിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ചാണ് മഹാനായ അംബേദ്കറുടെ മനസ്സിലുണ്ടായിരുന്നതും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിലുടനീളം കാണാൻ കഴിയുന്നതും. അതുകൊണ്ട് മഹാനായ അംബേദ്കറുടെ ഓർമ്മകൾ തീർച്ചയായിട്ടും ഇന്ത്യക്ക് എന്നും കരുത്ത് പകരുന്നതും ശക്തിപകരുന്നതുമായ ഒന്നാണ്. അദ്ദേഹം ഒരിക്കൽ പറഞ്ഞത് ഞാനൊന്ന് ക്വാട്ട് ചെയ്യാം. "I knew that I was an untouchable and that untouchables are subjected to certain indignities, discriminations. For instance I knew that in the school I could not sit in the midles**t** of classmates according to my rank (in the class performance). But I was to sit in the corner of the class." അദ്ദേഹത്തിന് അനുഭവിക്കേണ്ടി വന്ന ഒരു സാഹചര്യമാണ് അദ്ദേഹം പറയുന്നത്. മറ്റ് കുട്ടികളോടൊപ്പം ഇരിക്കാൻ അവസരം കൊടുക്കാതെ ആ ക്ലാസ് മുറിയുടെ ഒരു മൂലയിലിരുന്നാണ് അദ്ദേഹത്തിന് വിദ്യാഭ്യാസം ചെയ്യാൻ കഴിഞ്ഞതെന്ന് പറയുകയാണ്. മഹാത്മാ ഗാന്ധിയെ റൗണ്ട് ടേബിൾ കോൺഫറൻസിൽ പങ്കെടുക്കുവാൻ ബ്രിട്ടീഷ് ഭരണാധികാരികൾ ക്ഷണിച്ചപ്പോൾ ഇൻഡ്യയിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനുവേണ്ടി അദ്ദേഹം പ്രത്യേകമായി ആ സമ്മേളനത്തിൽ പങ്കെടുത്തത് സ്മരണീയമായ കാര്യമാണ്. നിയമങ്ങൾ പാസ്സാക്കുന്നതുകൊണ്ട് മാത്രമാകുന്നില്ല, ആ നിയമങ്ങൾ എങ്ങനെ നടപ്പാക്കാൻ കഴിയും എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യമെന്ന് അദ്ദേഹം വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്. 67 വർഷമായി നമ്മുടെ രാജ്യത്തിന് സ്വാതന്ത്ര്യം കിട്ടിയിട്ട്. ഇന്ന് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ജീവിത സാഹചര്യം പരിശോധിച്ചാൽ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് ഞാൻ സമ്മതിക്കുന്നു, പ്രത്യേകിച്ച് കേരളത്തിൽ വളരെയധികം മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് ശ്രീ. കെ. രാധാകൃഷ്ണൻ പറഞ്ഞത് ശരിയാണ്. ചെറുപ്പക്കാരായ പുതിയ ആളുകൾ വിദ്യാഭ്യാസം സിദ്ധിച്ച് മുന്നോട്ടുവരുന്നുണ്ട്. പുതിയ ഒരു അവബോധം അവരിൽ ഉണ്ടാകുന്നുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിലെ ചെറുപ്പക്കാർക്ക് കൂടുതൽ അവസരങ്ങൾ ലഭ്യമാകുന്നുണ്ട്. പക്ഷെ അതുപോരാ, ജനസംഖ്യാനുപാതികമായി നോക്കുമ്പോൾ വളരെ പിന്നിലാണ് അവരുടെ പ്രവർത്തനം. കെ.പി.സി.സി. പ്രസിഡന്റായിരുന്ന സമയത്ത് ഗാന്ധിഗ്രാം എന്ന ഒരു പരിപാടിയിലൂടെ 14 കോളനികൾ ഞാൻ സന്ദർശിക്കുകയുണ്ടായി. ആ പരിപാടിയിലൂടെ ഞാൻ ഒരു

സർവ്വേ നടത്തി. മൂന്നുനാലു കാര്യങ്ങളാണ് ഞാൻ അതിൽനിന്നും മനസ്സിലാക്കിയത്. ഒന്ന്, എസ്.എസ്.എൽ.സി. കഴിഞ്ഞ് ഡ്രോപ് ഔട്ട് ആകുന്ന കുട്ടികളുടെ എണ്ണം വളരെ കൂടുതലാണ്. രണ്ട്, ഇവരിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും സ്വാധീനം വർദ്ധിച്ചുവരുന്നു. മാത്രമല്ല ഇവരെ ഇതിലേയ്ക്ക് കുടുക്കാൻ വേണ്ടി ബോധപൂർവ്വമായ ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. മറ്റൊന്ന്, എനിക്ക് കാണാൻ സാധിച്ചത് ശ്മശാനമില്ലാതെ ബുദ്ധിമുട്ടുന്ന ആളുകൾ-ഒരു കോളനിയിൽ പോയപ്പോൾ ഞാൻ ചെന്നതിന്റെ തലേദിവസമാണ് അവിടെയൊരാൾ മരിക്കുന്നത്, അവിടെ അവർ ജീവിക്കുന്ന വീട്ടിനകത്താണ് ആ ശവശരീരം ദഹിപ്പിച്ചത്. കേരളംപോലെ ഒരു സംസ്ഥാനത്ത് ഇത്രമാത്രം വേദനാജനകമായ ഒരു കാര്യം ഉണ്ടാകുന്നു എന്നുള്ളത് നമുക്ക് സങ്കൽപ്പിക്കാൻ കഴിയുമോ? പട്ടികജാതി കോളനികളിൽ, പട്ടികജാതി ഹാംലെറ്റുകളിൽ കുടിവെള്ളമില്ലാത്ത പ്രദേശങ്ങളുണ്ട്. മാത്രമല്ല, ഒരു വീട്ടിൽ നാലും അഞ്ചും കുടുംബങ്ങൾ താമസിക്കുന്ന ഒരുവസ്ഥയാണ്. തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിൽ നിന്ന് 7 കിലോമീറ്റർ ദൂരെയുള്ള ടെക്നോപാർക്കിന് സ്ഥലം കണ്ടെത്തിയ സ്ഥലത്തിനടുത്താണ് ഒരു കോളനി ഞാൻ സന്ദർശിച്ചത്. ഒരു വീട്ടിൽ നാല് കുടുംബം താമസിക്കുകയാണ്. നമ്മുടെ നാട്ടിൽ ഇനിയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കൂടുതൽ സാമൂഹിക സുരക്ഷിതത്വം ഏർപ്പെടുത്തേണ്ടത് ഈ ഗവൺമെന്റിന്റെ കടമയാണ്. നിങ്ങൾ നാലു തവണ കേരളം ഭരിച്ചു, ഞങ്ങളും ഭരിച്ചിട്ടുണ്ട്. പക്ഷെ ഇവിടെ നടപ്പാക്കുന്ന പല പദ്ധതികളും ഇപ്പോഴും താഴേക്ക് എത്തുന്നില്ല എന്നുള്ളതാണ് യഥാർത്ഥ്യം. ആ യാഥാർത്ഥ്യം എല്ലാവരും ഉൾക്കൊള്ളേണ്ടതാണ്. ഞാൻ ആരേയും കുറ്റപ്പെടുത്തുന്നതല്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടി ഇയർമാർക്ക് ചെയ്തിട്ടുള്ള ഫണ്ടുകൾ പലപ്പോഴും അവർക്ക് എത്തുന്നില്ല. ഞാൻ ശ്രീ. എ. പി. അനിൽകുമാറിനെയും അതുപോലെ ശ്രീമതി പി. കെ. ജയലക്ഷ്മിയെയും അഭിനന്ദിക്കുകയാണ്. രണ്ട് മന്ത്രിമാർക്കും അവരുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾകൊണ്ട് കുറെ നല്ല കാര്യങ്ങൾ ചെയ്യാൻ സാധിക്കുന്നുണ്ട്. രണ്ടുപേരും ഈ കാര്യങ്ങളിൽ എടുക്കുന്ന താൽപ്പര്യത്തെ വളരെ വ്യക്തമായി നോക്കിക്കാണുന്ന ആളാണ്. ഞാൻ ഗാന്ധിഗ്രാം സന്ദർശിച്ചതിനുശേഷം ബഹുമാനപ്പെട്ട മന്ത്രി അനിൽകുമാറിനോട് ഒരു ലക്ഷം രൂപ വരെയുള്ള പട്ടികജാതിക്കാരുടെ കടങ്ങൾ എഴുതിത്തള്ളണമെന്ന് ആവശ്യപ്പെട്ടു. ബഹുമാനപ്പെട്ട മന്ത്രിയും മുഖ്യമന്ത്രിയും അന്നത്തെ ധനകാര്യ മന്ത്രിയായിരുന്ന മാണിസാറുംകൂടി മുൻകയ്യെടുത്ത് പട്ടികജാതിക്കാരുടെ ഒരു ലക്ഷം രൂപ വരെയുള്ള കടങ്ങൾ എഴുതിത്തള്ളുന്നതിനുവേണ്ടി 10 കോടി രൂപ മാറ്റിവയ്ക്കുകയുണ്ടായി. ആ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണ്. അതോടൊപ്പം ചാതുർവർണ്ണ്യത്തിന്റെ ചങ്ങലക്കെട്ടുകൾ പൊട്ടിച്ചെറിഞ്ഞു കൊണ്ട് നാട്ടിലെ പട്ടികജാതിക്കാരുടെ താൽപ്പര്യം ഉയർത്തിപ്പിടിച്ചുകൊണ്ട് ഈ ഗവൺമെന്റ് ധാരാളം നല്ല കാര്യങ്ങൾ ചെയ്തിട്ടുണ്ട്.

<u>ശ്രീ. എ. കെ. ബാലൻ</u> : സർ, കേരളത്തിലെ ഭൂമിയെ സംബന്ധിച്ച് അന്വേഷണം നടത്തിയതിനെ ഞാൻ പിന്താങ്ങുകയാണ്. അഞ്ചു ലക്ഷം ഏക്കർ ഭൂമിയാണ് തിരിമറി നടത്തിയിട്ടുള്ളത്. എന്തെങ്കിലും നടപടിയെടുക്കാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് കഴിഞ്ഞോ? കേരളത്തിലെ മിച്ചഭൂമി ഇല്ലാതാക്കുന്നതിന് നിങ്ങൾ വളരെ ശ്രമിച്ചതാണ്. ഇപ്പോൾ ഏതായാലും നിങ്ങൾ അത് ഐഡന്റിഫൈ ചെയ്തു. കേരളത്തിലെ അടിസ്ഥാനവർഗ്ഗം അടക്കമുള്ള പാവപ്പെട്ടവർക്ക് കിട്ടേണ്ടതാണ്. ഈ ക്രൈം കണ്ടതിനുശേഷം കുറച്ചു നടപടികൾ താങ്കൾ എടുത്തിട്ടുണ്ട്. ഈ ഭൂമി ഏറ്റെടുത്ത് അവർക്ക് വിതരണം ചെയ്യുന്നതിനുള്ള കോമ്പ്രിഹെൻസീവായിട്ടുള്ള ഒരു നിയമ നിർമ്മാണത്തിന് അങ്ങ് രൂപംകൊടുക്കുമോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u> : സർ, ആലോചിക്കാവുന്ന ഒരു കാര്യമാണ്. ഇത് ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ചത് ഞാൻതന്നെയാണ്. പല തരത്തിൽ ഭൂമിയുടെ തിരിമറി നടക്കുന്നുണ്ടെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഐ. ജി. ശ്രീജിത്തിനോട് ഇതിന്റെ അന്വേഷണത്തിന്റെ ചുമതല ഏൽക്കാൻ പറഞ്ഞത്. അദ്ദേഹത്തിന്റെ റിപ്പോർട്ട് വളരെ ഫലപ്രദമാണ്. ആഭ്യന്തരവകുപ്പിന്റെ പരിഗണനയിലാണ് ആ റിപ്പോർട്ട്. പട്ടികജാതി വകുപ്പുമായി ആലോചിച്ചതിനുശേഷം ഇതിനൊരു തീരുമാനം എടുക്കുന്നതാണ്.

<u>ശ്രീ. ആർ. രാജേഷ്</u> : സർ, 11-3-2015 -ലെ നക്ഷത്ര ചിഹ്നമിടാത്ത 996-ാം നമ്പർ ചോദ്യമാണ്. പട്ടിക ജാതിയിൽപ്പെട്ട സഹകരണ സ്ഥാപനത്തിൽനിന്നും പട്ടികജാതി/പട്ടിക വർഗ്ഗ വികസന കോർപ്പറേഷനിൽനിന്നും എടുത്തിട്ടുള്ള ഒരു ലക്ഷംരൂപവരെയുള്ള വായ്പകൾ എഴുതിത്തള്ളുമെന്ന് പ്രഖ്യാപിച്ചിരുന്നു. അങ്ങ് പറഞ്ഞത് 10 കോടി രൂപ നീക്കിവച്ചു എന്നാണ്. അതിനായി ബഡ്ജറ്റിൽ നീക്കിവച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ? മിഷൻ 676 നിർദ്ദേശിക്കപ്പെട്ട പദ്ധതിയായതുകൊണ്ട് ബഡ്ജറ്റിൽ പ്രത്യേകമായി തുക നീക്കിവച്ചിട്ടില്ലെന്നാണ് അങ്ങ് പറഞ്ഞത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u> : സർ, പത്തുകോടി രൂപ മാറ്റിവയ്ക്കാൻ തീരുമാനിച്ചു. വിശദാംശങ്ങൾ മിനിസ്റ്റർ ഇവിടെ പറയുന്നതാണ്. നമ്മുടെ നാട്ടിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനു വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള കുറവല്ല. ഇതിനുവേണ്ടി കേന്ദ്ര ഗവൺമെന്റിന് എത്ര പദ്ധതികളുണ്ട്? നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ കാലതാമസവും ഇടനിലക്കാർ ഇതിനകത്ത് ഉണ്ടാക്കുന്ന പ്രശ്നങ്ങളുമാണ് ഇതിലെ രണ്ടു പ്രധാനപ്പെട്ട പ്രശ്നങ്ങൾ. എസ്‌സി./എസ്‌ടി. വിഭാഗക്കാർക്ക് ഗ്യാസ്

ഏജൻസി കൊടുക്കുന്നുണ്ട്. ഗ്യാസ് ഏജൻസി പലരുടെയും പേരിലായിരിക്കും. എന്നാൽ ഇത് നടത്തുന്നത് വേറെ ആളുകളായിരിക്കും. അവർക്ക് ബസ് കൊടുക്കുന്നുണ്ട്, പേര് ഇവരുടെതായിരിക്കും. പക്ഷെ അത് നടത്തുന്നത് വേറെ ആളുകളായിരിക്കും. ഇത്തരം ബിനാമികൾ ഈ രംഗത്ത് പ്രവർത്തിക്കുന്നു. അവരാണ് പലപ്പോഴും ഇവരുടെ ആനുകൂല്യങ്ങൾ തട്ടിക്കൊണ്ടുപോകുന്നത് എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ സ്പെഷ്യൽ റിക്രൂട്ട്മെന്റിനെക്കുറിച്ച് പറഞ്ഞു. ഇന്ന് ക്യാബിനറ്റ് മീറ്റിംഗ് കൂടിയിരുന്നെങ്കിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റിൽ 200 ട്രൈബൽസിനെ പോലീസിലേയ്ക്ക് നിയമിക്കാനുള്ള തീരുമാനം എടുക്കുമായിരുന്നു. ട്രൈബൽസിന്റെ എണ്ണം പോലീസിൽ വളരെ കുറവാണ്. അതുകൊണ്ട് സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ ട്രൈബൽസിനെ പോലീസിലേക്ക് എടുക്കാനുള്ള നടപടിയായിട്ടുണ്ട്, അതിനുള്ള നോട്ട് ശരിയായിട്ടുണ്ട്. അടുത്ത ക്യാബിനറ്റ് മീറ്റിംഗിലത് അംഗീകരിക്കും. സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഏറ്റവും ആവശ്യമാണ്. ഇപ്പോൾ പോലീസിൽതന്നെ, റിക്രൂട്ട്മെന്റ് പി.എസ്.സി. വഴിയായതുകൊണ്ട് പട്ടികജാതിയിൽപ്പെട്ടവർ എത്രപേരുണ്ടെന്ന് അറിയാൻ ബുദ്ധിമുട്ടില്ല. എന്നാൽ പല രംഗത്തും എസ്.സി. പോപ്പുലേഷന്റെ പ്രാതിനിധ്യം സർക്കാർ സർവ്വീസിൽ കുറവാണോ അല്ലയോ എന്ന് കണ്ടെത്തിക്കൊണ്ട് ഇതിന് പരിഹാരം കാണേണ്ടത് ഏറ്റവും അത്യാവശ്യമായ കാര്യമാണ്. അതുപോലെ നമ്മളെല്ലാവരും ചർച്ച ചെയ്യുന്ന ഒരു വിഷയമാണ് അട്ടപ്പാടിയിലെ പ്രശ്നം. ഞാൻ രണ്ടു തവണ അവിടെ പോയിരുന്നു. ഞാനും ശ്രീ. എ. കെ. ബാലനും ഒക്കെ അവിടെ പോയി താമസിച്ചിട്ടുള്ളവരാണ്. അവിടത്തെ പ്രശ്നം വളരെ ഗൗരവമായി എടുക്കേണ്ടതാണ്. ഗവൺമെന്റ് മാത്രം വിചാരിച്ചാൽ നടക്കുന്ന ഒരു കാര്യമല്ല. അവിടുത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കോമ്പ്രിഹെൻസീവായിട്ടുള്ള ഒരു പദ്ധതി തയ്യാറാക്കി നമ്മൾ മുന്നോട്ടുപോകേണ്ടിയിരിക്കുന്നു. വിവാഹിതരാകാത്ത അമ്മമാർ, മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും സ്വാധീനം, ഭൂമിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, കുടിവെള്ളം കിട്ടാത്ത പ്രശ്നങ്ങൾ, വഴികളില്ലാത്ത പ്രശ്നങ്ങൾ ഇതെല്ലാം ഇപ്പോഴും ആദിവാസി സമൂഹത്തിനിടയിലുണ്ടാകുന്ന പലതരം പ്രശ്നങ്ങളാണ്. ഞാൻ അവിടെയുള്ള മുള്ളിയിൽ പോയി. മുള്ളിയിൽ നിന്നൊരു വഴി കൊടുത്താൽ നേരെ അവർക്ക് തമിഴ്നാട്ടിലേക്ക് വളരെ വേഗത്തിൽ പോകാൻ കഴിയുന്നതാണ്. മുക്കാലിയിൽ നിന്ന് എട്ടു കിലോമീറ്റർ യാത്ര ചെയ്യാൻ അഞ്ചു മണിക്കൂറാണ് ഞാൻ അന്ന് എടുത്തത്. ഇതുപോലുള്ള പ്രയാസങ്ങൾ നേരിടുന്ന സ്ഥലങ്ങളിലാണ് എസ്റ്റി.

ഹാംലെറ്റുകളും കേന്ദ്രങ്ങളുമുള്ളത്. ഇവിടെയാണ് വളരെ ബോധപൂർവ്വമായി മാവോയിസ്റ്റുകളുടെ പ്രവർത്തനം വ്യാപകമാകുന്നത്. ഈ പാവങ്ങളുടെ ദാരിദ്ര്യവും പ്രയാസങ്ങളും സാമൂഹ്യമായ പിന്നോക്കാവസ്ഥയും മുതലെടുക്കാൻവേണ്ടിയാണ് മാവോയിസ്റ്റുകൾ അവിടെ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഭാഗ്യവശാൽ ട്രൈബൽ പോപ്പുലേഷൻ വളരെ അകലത്തിലാണ്. അവരെ അംഗീകരിക്കുന്നില്ല. എങ്കിൽ പോലും സർക്കാർ വിരുദ്ധ സമീപനങ്ങളും രാഷ്ട്രീയ പാർട്ടികൾക്കെതിരായ സമീപനങ്ങളും ഇവരെ ബോദ്ധ്യപ്പെടുത്താൻ മാവോയിസ്റ്റുകൾ ഇപ്പോഴും സജീവമായി പ്രവർത്തിക്കുന്നുണ്ട്. ഈ അടുത്തകാലത്ത് പാലക്കാട്ട് പോലീസുമായി അവർ നേരിട്ട് രണ്ട് വെടിവയ്പുകൾ നടത്തി. ആദിവാസി സംഘടനകളൊന്നും ഇതിനെ അംഗീകരിക്കുന്നില്ല. പക്ഷേ, നമ്മളത് കണ്ടില്ല എന്ന് നടിക്കരുത്. സാമൂഹ്യമായ ഒരു വശമുണ്ട്. അതോടൊപ്പം പോലീസ് ചെയ്യേണ്ട കാര്യങ്ങളുമുണ്ട്. രണ്ടുംകൂടി ഒരുമിച്ച് ചെയ്താൽ മാത്രമെ ഇതിന് പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. രണ്ടുമൂന്ന് കാര്യങ്ങൾകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. എസ്.സി./ എസ്.ടി. അട്രോസിറ്റീസ് ആക്റ്റുണ്ട്. അത് ഫലപ്രദമായി നടപ്പിലാക്കുവാൻ നടപടികൾ ഗവൺമെന്റ് കൈക്കൊണ്ടുവരികയാണ്. പട്ടിക ജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ പരാതിക്കാരായി വരുന്ന കേസുകൾ അന്വേഷിക്കുന്നതിനായി കാസർഗോഡ്, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകൾ ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിൽ ഓരോ യൂണിറ്റായി പ്രവർത്തിച്ചു വരികയാണ്. അതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും കൂടുതൽ ഫണ്ട് നൽകാനും ഗവൺമെന്റ് തീരുമാനിച്ച് അതിനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. Prevention of Atrocities Act of 1989-ന്റെ എൻഫോഴ്സ്മെന്റിനെക്കുറിച്ച് വിലയിരുത്താൻവേണ്ടി സർക്കിൾ സബ്ഡിവിഷൻ ജില്ലാതല സംസ്ഥാനസമിതികൾ രൂപീകരിച്ചിട്ടുള്ളതും പല കേസുകളും പരാതികളും അവലോകനം ചെയ്ത് തുടർനടപടികൾ സ്വീകരിക്കുന്നുമുണ്ട്. പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കെതിരെ നടക്കുന്ന എല്ലാ അതിക്രമ കേസുകളും ഡിവൈ.എസ്.പി. റാങ്കിലുള്ള സബ് ഡിവിഷണൽ പോലീസ് ഓഫീസർമാർ അന്വേഷിച്ച് സമയബന്ധിതമായി അന്തിമ റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കുന്നതിനുള്ള പ്രത്യേകം നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കിൾ സബ് ഡിവിഷൻ ജില്ലാതല ഉദ്യോഗസ്ഥന്മാർ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ കൂടുതലായി താമസിച്ചു വരുന്ന കോളനികൾ, ഹാംലെറ്റുകൾ, സ്ഥലങ്ങൾ എന്നിവ സന്ദർശിച്ച് അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണമെന്ന് പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്. പട്ടിക ജാതി/പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിലുള്ള എല്ലാ മോഡൽ

റെസിഡൻഷ്യൽ സ്കൂളുകളിലും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പാക്കിവരുന്നു. സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ജനമൈത്രി സുരക്ഷാ പദ്ധതി, ഓപ്പറേഷൻ കുബേര, ക്ലീൻ ക്യാമ്പസ്, സേയ്ഫ് ക്യാമ്പസ് എന്നീ പദ്ധതികളിൽ പട്ടികജാതി/പട്ടികവർഗ്ഗക്കാർ നേരിടുന്ന പ്രശ്നങ്ങൾക്ക് മുൻഗണന നൽകുന്നുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമകേസുകളിൽ ഇരയാകുന്നവർക്ക് സർക്കാരിൽനിന്ന് ലഭിക്കേണ്ട അർഹമായ ധനസഹായം ജില്ലാ കളക്ടർവഴി ലഭ്യമാക്കാനുള്ള ശിപാർശ കേസ്സിന്റെ അന്വേഷണ ഉദ്യോഗസ്ഥൻ നൽകി വരികയാണ്. സർക്കാർതലത്തിൽ എടുക്കാൻ കഴിയുന്ന തീരുമാനങ്ങൾ ഞങ്ങൾ എടുക്കുന്നുണ്ട്. പക്ഷെ അതുകൊണ്ട് മാത്രമാകുന്നില്ല, മഹാനായ അംബേദ്കർ പറഞ്ഞതുപോലെ നിയമങ്ങൾ പാസ്സാക്കുന്നതുകൊണ്ടാകുന്നില്ല സമൂഹ മനഃസാക്ഷിയിൽ മാറ്റം വരണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹ്യമായ ഉന്നമനത്തിനു വേണ്ടിയുള്ള ശക്തമായ പൊതുജന മനഃസാക്ഷി ഉണരണം എന്നുള്ളത് ഏറ്റവും ആവശ്യമാണ്. ഇവരും നമ്മളെപ്പോലെ ജീവിക്കാൻ അർഹതപ്പെട്ടവരാണ്. ഇവർക്ക് തുല്യമായ അവസരങ്ങളും നീതിയും നൽകണമെന്നുള്ള കാര്യത്തിൽ സംശയമില്ല.

9.00 PM]

<u>ശ്രീ. ജി. സുധാകരൻ</u>: സർ, തടസ്സപ്പെടുത്തുന്നതല്ല. ഡോ. ബി. ആർ. അംബേദ്കർ വർണ്ണാശ്രമ ധർമ്മത്തിനും ചാതുർവർണ്യത്തിനുമെതിരെ പോരാടുകയും ലേഖനമെഴുതുകയും ചെയ്ത ആളായിരുന്നു. എന്നാൽ അദ്ദേഹത്തെ ഉപയോഗിച്ച് വർണ്ണാശ്രമ ധർമ്മം ഉറപ്പിക്കാനുള്ള ശ്രമമാണ് ഇന്ന് നടക്കുന്നത്. ഒരു വർഷത്തെ ആഘോഷത്തെക്കുറിച്ച് പറയുന്നുണ്ട്. മതനിരപേക്ഷ ശക്തികൾക്ക് മഹത്തായ സ്ഥാനമുള്ള സംസ്ഥാനത്ത് വർണ്ണാശ്രമ ധർമ്മത്തിലധിഷ്ഠിതമായ ഹിന്ദു വർഗ്ഗീയതയ്ക്കെതിരായി മഹാനായ അംബേദ്കറുടെ ആശയങ്ങൾ ഉയർത്തിപ്പിടിച്ച് ജനങ്ങളെ കൂടുതൽ സെക്കുലറാക്കാൻ പ്രതിപക്ഷവുമായി ആലോചിച്ച് എന്തെങ്കിലും പരിപാടികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽ കുമാർ ഇതുസംബന്ധിച്ച് മറുപടി പറയും.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഭൂമിയുടെ കാര്യത്തിൽ താങ്കളെടുത്തിട്ടുള്ള നടപടിയെക്കുറിച്ച് നേരത്തെ പറഞ്ഞു. എനിക്ക് ഒരു റിക്വസ്റ്റുള്ളത്, ഗവൺമെന്റ് വിചാരിച്ചാൽ നടപ്പിലാക്കാൻ കഴിയും. എയ്ഡഡ് മേഖലയിൽ സംവരണം

കൊടുക്കണമെന്ന് ഹൈക്കോടതി പറഞ്ഞു. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ഇക്കാര്യം ചർച്ച ചെയ്തു. മുഖ്യമന്ത്രിക്ക് ഇതിനോട് ഏകദേശം യോജിപ്പാണുള്ളത്. പക്ഷേ പ്രായോഗികമായ ചില പ്രശ്നങ്ങളുണ്ടെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. ഇന്ന് ഈ പ്രമേയം ഇവിടെ വരുന്ന സാഹചര്യത്തിലെങ്കിലും ഈ ഗവൺമെന്റിന്റെ കാലാവധി പൂർത്തീകരിക്കുന്നതിനുമുമ്പ് എയ്ഡഡ് ഉൾപ്പെടെയുള്ള സ്വകാര്യമേഖലയിൽ സംവരണം നടപ്പാക്കണമെന്നുള്ള ബഹുമാനപ്പെട്ട ഹൈക്കോടതി വിധി comply ചെയ്യാൻ കഴിയുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, അക്കാര്യത്തിൽ ഒരു consensus ഉണ്ടാകേണ്ടത് ആവശ്യമാണ്. രാഷ്ട്രീയ പാർട്ടികൾ ചർച്ച ചെയ്ത് ഒരു consensus-ൽ എത്തി ഒരു തീരുമാനമെടുക്കുന്നതിൽ ഞങ്ങൾക്ക് വിരോധമില്ല. പക്ഷെ, ഇവിടെ വച്ച് പെട്ടൊന്നൊരു തീരുമാനം പറയാൻ കഴിയില്ല. നമ്മളെല്ലാവരും ഓരോ രാഷ്ട്രീയ പാർട്ടികളെ പ്രതിനിധീകരിക്കുന്ന ആളുകളാണ്. അവരവരുടെ പാർട്ടികളിൽ ചർച്ച ചെയ്യേണ്ടിവരും. ശ്രീ. എ. കെ. ബാലന്റെ ആശയത്തിനോട് ഞങ്ങൾക്കാർക്കും എതിർപ്പില്ല. എല്ലാ മേഖലകളിലും എസ്സി./എസ്റ്റി. പോപ്പുലേഷന് അർഹമായ സംവരണം ഉറപ്പുവരുത്തണമെന്നുള്ള കാര്യത്തിൽ ആർക്കും തർക്കമില്ല. ഗവൺമെന്റ് അക്കാര്യത്തിൽ ഒരു തീരുമാനമെടുക്കണമെങ്കിൽ ബന്ധപ്പെട്ട എല്ലാ കക്ഷികളുമായി ആലോചിച്ച് ഒരു consensus-ൽ എത്തേണ്ടിവരും. ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. 1950 January 26 -ന് Dr. B. R. Ambedkar Constituent Assembly-യിൽ പറഞ്ഞതാണ്- " We are going to enter into a life of contradictions. In politics, we will have equality and in social and economic life we will have inequality. In politics, we will be recognized in the principle of one man one vote and in our social and economic structure, continue to deny the principle of one man one value. How long shall we continue to live this life of contradictions? How long shall we continue to deny equality in our social and economic life? If we continue to deny it for long, we will do so only by putting our political democracy in peril."

Thank you.

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി): സർ, ആദ്യമായി മഹാനായ ഡോ. ബി. ആർ. അംബേദ്കറുടെ ഓർമ്മയ്ക്കുമുന്നിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു. മഹാനായ ഡോ. ബി. ആർ. അംബേദ്കറുടെ 125-ാം ജന്മവാർഷികം രാജ്യ വ്യാപകമായി ആചരിക്കുന്ന ഈ സന്ദർഭത്തിൽ എസ്സി./എസ്റ്റി. വിഭാഗത്തിൽപ്പെട്ടവരും

മറ്റ് പിന്നോക്ക ജനവിഭാഗത്തിൽപ്പെട്ടവരും അഭിമുഖീകരിക്കുന്ന വിവിധ വിഷയങ്ങളെ സംബന്ധിച്ച് മഹത്തായ ഈ സഭയിൽ നടന്ന ചർച്ച ഏറെ കാലികപ്രസക്തവും സന്തോഷകരവുമാണ്. ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ച എല്ലാ ബഹുമാനപ്പെട്ട അംഗങ്ങൾക്കും ഞാൻ നന്ദി രേഖപ്പെടുത്തുന്നു. ഒട്ടേറെ മാതൃകാപരമായ നിർദ്ദേശങ്ങളും ഈ ജനവിഭാഗം അനുഭവിക്കുന്ന പ്രശ്നങ്ങളുടെ ഗൗരവവും ബഹുമാനപ്പെട്ട അംഗങ്ങൾ ചർച്ചയിൽ വളരെ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. അയിത്തവും തൊട്ടുകൂടായ്മയുമുൾപ്പെടെ അതിനീചമായ സാമൂഹിക അനാചാരങ്ങൾ നടമാടിയ പഴയ കാലഘട്ടത്തിൽ ദൈന്യമായ ജീവിതം നയിച്ചിരുന്ന പട്ടികജാതി-ദളിത്-പിന്നോക്ക വിഭാഗങ്ങളെ കൈപിടിച്ചുയർത്തുന്നതിനും അവർക്ക് ആത്മ വിശ്വാസം പകരുന്നതിനും മഹാനായ ഡോ. ബി. ആർ. അംബേദ്കർ വഹിച്ച പങ്ക് വിസ്മരിക്കാനാവാത്തതാണ്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലേതിനേക്കാൾ മികച്ച നിലവാരത്തിൽ കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ-പിന്നോക്ക വിഭാഗങ്ങൾ എത്തിച്ചേർന്നതിൽ കേരളത്തിലെ നവോത്ഥാന പ്രസ്ഥാനങ്ങളും മാറിമാറിവന്ന ജനകീയ സർക്കാരുകളും അതുല്യമായ പങ്കുവഹിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് വളരെ വിശദമായി ചർച്ച ചെയ്തു. 2011-ലെ ട്രൈബൽ സർവ്വേ അനുസരിച്ച് കേരളത്തിലെ മൊത്തം പട്ടികവർഗ്ഗ ജനസംഖ്യ 4,84,839 ആണ്. ഇവർ 5115 ഊരുകളിലായി താമസിച്ചുവരുന്നു. ഇതിൽ 908 ഊരുകൾ വനത്തിനോട് ചേർന്നും 540 ഊരുകൾ റിസർവ് വനത്തിലുമാണ് സ്ഥിതി ചെയ്യുന്നത്. മുൻകാലങ്ങളിൽ പദ്ധതി അടങ്കലിന്റെ 2 ശതമാനം തുകയാണ് പട്ടികവർഗ്ഗ ക്ഷേമത്തിനായി മാറ്റിവച്ചിരുന്നതെങ്കിൽ ഈ സർക്കാർ അത് 3 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ ജനവിഭാഗങ്ങൾ അധിവസിക്കുന്ന ഊരുകളിലെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനോടൊപ്പം ജീവിത നിലവാരം ഉയർത്തുന്നതിനും വിദ്യാഭ്യാസ മേഖലയിലെ പുരോഗതിക്കുംവേണ്ടി പട്ടികവർഗ്ഗ വികസന വകുപ്പ് മുൻഗണന നൽകിക്കൊണ്ട് മുന്നോട്ടുപോകുന്നു. പട്ടികവർഗ്ഗ ജനവിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് ഉയർത്തുന്നതിനുള്ള വികസന സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. വകുപ്പിന്റെ കീഴിൽ പതിനെട്ടോളം മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുണ്ട്. ഈ വർഷം ഒരു സ്കൂളുംകൂടി അനുവദിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾ, പ്രത്യേകിച്ച് വനത്തിൽ താമസിക്കുന്ന വിദ്യാർത്ഥികൾ ദുർഘടമായ വഴികളിൽകൂടി വിദ്യാലയങ്ങളിൽ പോകുന്ന ഒരു സാഹചര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ അവരെ സ്കൂളിലെത്തിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ഗോത്ര സാരഥി പോലെയുള്ള പദ്ധതിക്ക് രൂപം കൊടുത്തു. ടി പദ്ധതി സംസ്ഥാനതലത്തിൽ വളരെ നല്ല രീതിയിൽ നടക്കുന്നുണ്ട്. എങ്കിലും ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടാകുന്നുണ്ട്. ഞാൻ വിശദമായിട്ടൊന്നും സൂചിപ്പിക്കുന്നില്ല. പേരാവൂർ ഉണ്ടായ സംഭവത്തെ കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ

ഉപനേതാവ് ഇവിടെ സൂചിപ്പിച്ച കാര്യം ഞാൻ വളരെ വിശദമായി അന്വേഷിച്ചിരുന്നു. വാർത്ത ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ ജില്ലാ കളക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. റിപ്പോർട്ടിനെ സംബന്ധിച്ച് ഞാൻ വിശദമായി സൂചിപ്പിക്കുന്നില്ല. റിപ്പോർട്ട് എന്റെ കയ്യിലുണ്ട്. അതുപോലെ ഭവന നിർമ്മാണത്തിന്റെ കാര്യം....

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: റിപ്പോർട്ടിൽ എന്താണ് പറഞ്ഞിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീമതി പി.കെ. ജയലക്ഷ്മി</u>: റിപ്പോർട്ടിന്റെ കോപ്പി അങ്ങേക്ക് നേരിട്ട് നൽകാം. ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്ന സമയത്ത് ഭവന നിർമ്മാണത്തിന് നൽകിയിരുന്ന ധനസഹായം ഒരുലക്ഷത്തി ഇരുപത്തി അയ്യായിരം രൂപയായിരുന്നു. അതിപ്പോൾ മൂന്നര ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം വീടില്ലാത്ത കുടുംബങ്ങളുടെ കണക്കെടുത്തപ്പോൾ ഏകദേശം മുപ്പതിനായിരത്തിലധികം ഭവനരഹിതരായിട്ടുള്ള കുടുംബങ്ങൾ പട്ടികവർഗ്ഗ വിഭാഗത്തിലുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. അതനുസരിച്ച് പ്രത്യേകമായനുവദിച്ച additional tribal sub plan ഉപയോഗിച്ച് വീടില്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും വീട് കൊടുക്കുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. ഈ വർഷം ജനറൽ ഹൗസിംഗ്, എ.റ്റി.എസ്.പി. എന്നീ പദ്ധതികൾ പ്രകാരം ഹഡ്കോയിൽ നിന്ന് ലഭിച്ച വായ്പ ഉപയോഗിച്ച് ഏകദേശം 12,000 വീടുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചു കഴിഞ്ഞു. അതോടൊപ്പം ഐ.എ.വൈ. ഫണ്ടുപയോഗിച്ചുള്ള വീടുനിർമ്മാണവും ഗ്രാമ വികസന വകുപ്പുവഴി നടപ്പിലാക്കുന്നുണ്ട്. അതുപോലെ ഭൂമി ഒരു വലിയ പ്രശ്നം തന്നെയാണ്. 'ആശിക്കുന്ന ഭൂമി ആദിവാസിക്ക് സ്വന്തം' എന്ന സ്കീമിൽ ഉൾപ്പെടുത്തി ഏകദേശം 500-ഓളം കുടുംബങ്ങൾക്ക് ഭൂമി വാങ്ങിക്കൊടുക്കാൻ സാധിച്ചിട്ടുണ്ട്. ഏകദേശം 25 സെന്റ് മുതൽ ഒരേക്കർ വരെ ഭൂമിയാണ് ഈ സ്കീമിൽ ഉൾപ്പെടുത്തി വാങ്ങിനൽകിയത്.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, വയനാട്ടിൽ ഭൂമി വാങ്ങാൻ വേണ്ടി മുൻ ഗവൺമെന്റ് 50 കോടി രൂപ നീക്കിവച്ചിരുന്നു. ആ തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

<u>ശ്രീമതി പി. കെ. ജയലക്ഷ്മി</u>: സർ, പ്രസ്തുത തുക ഉപയോഗിച്ച് വയനാട് ജില്ലാകളക്ടറുടെ നേതൃത്വത്തിൽ ഏകദേശം 100 ഏക്കറോളം ഭൂമി വാങ്ങി കഴിഞ്ഞു. അതിന്റെ നെഗോസിയേഷനും മറ്റു നടപടിക്രമങ്ങളുമൊക്കെ പൂർത്തീകരിച്ച് കഴിഞ്ഞിട്ടുണ്ട്. ജോയിന്റ് വെരിഫിക്കേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റ് ഏകദേശം പന്ത്രണ്ടായിരത്തിലധികം കുടുംബങ്ങൾക്ക് വനാവകാശ നിയമമനുസരിച്ച് ഭൂമിയുടെ individual right കൊടുത്തുകഴിഞ്ഞു.

അപേക്ഷിച്ച ആളുകൾക്ക് development right-ഉം കൊടുത്തുകഴിഞ്ഞു. വനാവകാശ നിയമപ്രകാരം സർവ്വേ നടക്കാത്തത് ഇടുക്കി ജില്ലയിലാണ്. അതിന്റെ സർവ്വേ നടന്നുകൊണ്ടിരിക്കുകയാണ്.

ഹോസ്റ്റലുകളെ സംബന്ധിച്ച് ഇവിടെ എല്ലാവരും സൂചിപ്പിക്കുകയുണ്ടായി. ഹോസ്റ്റലുകൾക്ക് സ്ഥലം ലഭ്യമായിടത്തെല്ലാം കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. ഏകദേശം പത്തോളം പുതിയ കെട്ടിടങ്ങൾ ഇതിനോടകം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. ഹോസ്റ്റലുകൾക്കായി സ്ഥലം ലഭ്യമാകാത്തിടങ്ങളിൽ അതിനായി അന്വേഷിച്ചു കൊണ്ടിരിക്കുകയാണ്. കൂടുതൽ മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കുന്നതിനായി വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. ഏകദേശം പത്തോളം സ്കൂളുകൾ അനുവദിക്കണ മെന്നാവശ്യപ്പെട്ടു കൊണ്ട് കേന്ദ്രഗവൺമെന്റിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. പഠനവുമായി ബന്ധപ്പെട്ട് ഗോത്ര സാരഥിപോലുള്ള പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ട്. എസ്.എസ്.എൽ.സി. അല്ലെങ്കിൽ പ്ലസ് ടു കഴിഞ്ഞ് പഠനം നിർത്തുന്ന കുട്ടികളെ പ്രത്യേകമായി കണ്ടെത്തി അവർക്ക് NTTF-ന്റേതടക്കമുള്ള വിവിധ കോഴ്സുകൾ പഠിപ്പിക്കുന്നതിനായി വകുപ്പ് നേരിട്ട് ഇടപെടുന്നുണ്ട്. ഡിഗ്രി, പ്ലസ് ടു തുടങ്ങിയ കോഴ്സുകൾ കഴിഞ്ഞ കുട്ടികൾക്ക് പ്രത്യേകമായി പി.എസ്.സി. ട്രെയിനിംഗ് കൊടുക്കുന്നുണ്ട്. കൽപ്പറ്റയിലെ അമൃതയിൽനിന്ന് ട്രെയിനിംഗ് ലഭിച്ച ഏകദേശം അൻപതോളം കുട്ടികൾക്ക് ഇതിനകം തന്നെ ജോലി നേടാൻ സാധിച്ചിട്ടുണ്ട്.

അട്ടപ്പാടിയിലെ വിഷയങ്ങളെ സംബന്ധിച്ച് പലപ്രാവശ്യം സഭ ചർച്ച ചെയ്തതാണ്. വിവിധ വകുപ്പുകളുടെ എകോപനത്തോടുകൂടി അവിടെ ഫലപ്രദമായ പ്രവർത്തനങ്ങളുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നുണ്ട്.

പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ വനം വകുപ്പ് അനുവദിച്ച ഭൂമി ആദിവാസികൾക്ക് നൽകുന്നതിനായി ആദിവാസി സംഘടനകളുടെയും രാഷ്ട്രീയ പാർട്ടി നേതാക്കളുടെയുമൊക്കെ നേതൃത്വത്തിൽ ജോയിന്റ് വെരിഫിക്കേഷൻ പൂർത്തീകരിച്ച് അതിന്റെ നടപടിക്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഇതിനായി ഒറ്റപ്പാലം സബ് കളക്ടറെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. വളരെപെട്ടെന്ന് ഭൂമി കൊടുക്കാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുകയാണ്.

പട്ടികവർഗ്ഗ വികസന വകുപ്പ് ഏറ്റവും കൂടുതൽ മുൻഗണന കൊടുക്കുന്നത് വിദ്യാഭ്യാസ മേഖലയ്ക്കാണ്. അതിന്റെ ഭാഗമായി കളക്ടറുടെ നേതൃത്വത്തിൽ താലൂക്ക് തലത്തിൽ പ്രത്യേകമായി ക്യാമ്പയിൻ നടത്തി ഈ വർഷം പ്ലസ് വൺ-ന് അഡ്മിഷൻ ലഭിക്കാത്ത കുട്ടികൾക്ക് ഓപ്ഷൻ നൽകിയിട്ടുള്ള സ്കൂളിൽത്തന്നെ അഡ്മിഷൻ വാങ്ങിച്ചുകൊടുക്കാനുള്ള ശ്രമങ്ങളും നടത്തിയിട്ടുണ്ട്.

ശ്രീ. ഇ. പി. ജയരാജൻ: സർ, ബഹുമാനപ്പെട്ട പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രി പേരാവൂരിലെ സംഭവം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. യഥാർത്ഥത്തിൽ ആ ഉദ്യോഗസ്ഥർ ചെയ്തിരിക്കുന്നത് ഏറ്റവും വലിയ കുറ്റമാണ്. അതിനെ മുഴുവൻ ന്യായീകരിക്കാൻവേണ്ടി ഒരു റിപ്പോർട്ട് എഴുതി ഗവൺമെന്റിന് നൽകിയിരിക്കുകയാണ്. യഥാർത്ഥത്തിൽ സർക്കാർ ഇത് അന്വേഷിച്ച് നടപടി സ്വീകരിക്കേണ്ടതാണ്. ഒന്നര കിലോമീറ്ററിനപ്പുറം ആ കുട്ടികൾ നടന്നുപോയി. മാലിന്യങ്ങൾ നിക്ഷേപിക്കുന്ന സ്ഥലത്തിനടുത്ത് രണ്ട് ചേച്ചിമാരുണ്ടെന്നും അവർ കഴിക്കാൻ കൊണ്ടുവന്ന പഴത്തിൽനിന്ന് രണ്ടുപഴം ഈ കുട്ടികൾക്ക് കൊടുത്തുവെന്നും അത് വാങ്ങിയാണ് കുട്ടികൾ കഴിച്ചതെന്നുമൊക്കെയാണ് റിപ്പോർട്ടിൽ എഴുതിയിരിക്കുന്നത്. ശ്രീ. എം. വി. ശ്രേയാംസ് കുമാറിന്റെ മാതൃഭൂമി പത്രത്തെയും റിപ്പോർട്ടിൽ ആക്ഷേപിച്ചിട്ടുണ്ട്. ഗവൺമെന്റിനെ തെറ്റിദ്ധരിപ്പിക്കാൻ ഉണ്ടാക്കിയിട്ടുള്ള തെറ്റായ ഈ റിപ്പോർട്ട് ഗൗരവത്തിൽ കൈകാര്യം ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീമതി പി. കെ. ജയലക്ഷ്മി: സർ, ഇക്കാര്യം പ്രത്യേകമായി പരിശോധിക്കുന്നതാണ്. ഇത്രയും കാര്യങ്ങളാണ് ചർച്ചയിൽ ഉന്നയിച്ചത്. ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു. ചർച്ചയിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി.

പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് അവതരിപ്പിച്ച പ്രമേയത്തെക്കുറിച്ച് വളരെ നല്ല ഒരു ചർച്ചയാണ് ഇവിടെ നടന്നത്. മഹാനായ ഡോ. ബി. ആർ. അംബേദ്കറുടെ 125-ാം ജന്മവാർഷികം രാജ്യവ്യാപകമായി ആചരിക്കുന്ന സന്ദർഭത്തിൽ ഇത്തരമൊരു ചർച്ച നടത്താൻ കഴിഞ്ഞുവെന്നുള്ളത് ഏറെ അഭിമാനത്തോടുകൂടി പറയാൻ കഴിയുന്നൊരു കാര്യമാണ്. ദേശീയതലത്തിലും കേരളത്തിലും ദളിത് സമൂഹം അനുഭവിക്കുന്ന പ്രശ്നങ്ങളും ഗവൺമെന്റിന്റേതായ പ്രശ്നങ്ങളുമൊക്കെ ചർച്ചയ്ക്ക് വന്നുവെന്നുള്ളത് എടുത്തുപറയേണ്ട കാര്യമാണ്. ഓരോന്നിനെയും ഓരോ തലത്തിൽ നമ്മൾ കാണേണ്ടി വരും. സ്വതന്ത്ര ഭാരതത്തിൽ ദേശീയ തലത്തിലുണ്ടായ നേട്ടങ്ങളെയും ഐക്യകേരള രൂപീകരണത്തിനുശേഷം കേരളത്തിലുള്ള നേട്ടങ്ങളെയുമൊക്കെ വിലയിരുത്തുമ്പോൾ നാം ഏറെ മുന്നോട്ടു പോയിട്ടുണ്ടെന്ന് കാണാവുന്നതാണ്. കുറേയേറെ കാര്യങ്ങൾ ഇവിടെ ചർച്ചചെയ്യുകയുണ്ടായി. ഗവൺമെന്റിന്റെ പ്രവർത്തനങ്ങളും ഇവിടെ ചർച്ചയ്ക്ക് വിധേയമായി. കൂടുതൽ കാര്യങ്ങളിലേക്ക് കടന്നുപോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

ഇവിടെ പ്രതിപക്ഷ ഉപനേതാവ് സംസാരിച്ച് തുടങ്ങിയത് എയ്ഡഡ് മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ചാണ്. അക്കാര്യത്തിൽ ഗവൺമെന്റിന്റെ ഒരു നിലപാടെന്ന് പറയുന്നത് ചർച്ച നടത്തി ഒരു സമവായാന്തരീക്ഷത്തിലേക്ക് കാര്യങ്ങൾ കൊണ്ടുവരിക എന്നുള്ളതാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ആറ് തവണയാണ് കേരളത്തിൽ അധികാരത്തിൽ വന്നത്. ഏഴ് തവണയാണ് യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നത്. രണ്ട് ഗവൺമെന്റിനും ഇക്കാര്യത്തിൽ ഒന്നും ചെയ്യാൻ സാധിച്ചില്ല. നമ്മൾ പ്രതിപക്ഷത്തിരിക്കുമ്പോൾ മാത്രം ഉന്നയിക്കുന്ന ഒരു വിഷയമായി ഇത് മാറിയിരിക്കുകയാണ്. ഞാൻ കുറ്റപ്പെടുത്താൻ വേണ്ടി പറയുന്നതല്ല. ചില യാഥാർത്ഥ്യങ്ങൾ കാണുന്നതുകൊണ്ട് പറയുന്നതാണ്. ഈ ഗവൺമെന്റിനും കഴിഞ്ഞിട്ടില്ല. പക്ഷെ ഞങ്ങൾക്ക് അഭിമാനത്തോടുകൂടി പറയാൻ കഴിയുന്ന മറ്റൊരു കാര്യമുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് എയ്ഡഡ് മേഖലയിലെ കണക്കുകൾ സൂചിപ്പിക്കുകയുണ്ടായി. എയ്ഡഡ് മേഖലയിൽ ഒരു ലക്ഷത്തിലധികം ജീവനക്കാർ ഉണ്ടായിട്ടും അതിൽ ആയിരത്തോളം ജീവനക്കാർ പോലും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർ ഇല്ല എന്ന് പറയുന്നത് സത്യമാണ്. കഴിഞ്ഞ നാലര വർഷം മുമ്പുവരെ പട്ടികജാതി മാനേജ്മെന്റിന്റെ കീഴിൽ കോളേജുകളൊന്നുമുണ്ടായിരുന്നില്ല. എന്നാൽ മൂന്ന് എയ്ഡഡ് കോളേജുകൾ പട്ടികജാതി മാനേജ്മെന്റിന്റെ കീഴിൽ ആരംഭിക്കാൻ കഴിഞ്ഞുവെന്നത് ഭാവിയിൽ ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ അഭിമാനത്തോടുകൂടി പറയാൻ കഴിയുന്ന കാര്യമാണ്. ഇതിനുമുമ്പുണ്ടായിരുന്ന ഒരു ഗവൺമെന്റിനും കഴിയാത്ത കാര്യമാണിത്.

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, എയ്ഡഡ് മേഖലയിലെ റിസർവേഷൻ നിർബന്ധമാക്കുന്നതിനെ സംബന്ധിച്ച് ഒരു പ്രഖ്യാപനമുണ്ടാകുമോയെന്ന് ബഹുമാനപ്പെട്ട എ. കെ. ബാലൻ ചോദിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയും അങ്ങും മറുപടി പറഞ്ഞത് ഇക്കാര്യത്തിൽ ഒരു സമവായം ഉണ്ടാക്കുമെന്നാണ്. എന്നത്തേക്ക് സമവായം ഉണ്ടാക്കാൻ സാധിക്കും; റിസർവേഷൻ എപ്പോൾ നടപ്പിലാക്കുമെന്ന് പറയാൻ സാധിക്കുമോ?

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: അങ്ങ് കേരളത്തിൽ അഞ്ചുവർഷം മന്ത്രി പദവിയിലും അഞ്ച് വർഷം സ്പീക്കർ പദവിയിലും ഇരുന്നിട്ടുള്ള ആളാണല്ലോ. അന്നും കേരളത്തിൽ എയ്ഡഡ് കോളേജുകളിൽ സംവരണം ഉണ്ടായിരുന്നില്ല. സംവരണം ഏർപ്പെടുത്താൻ അങ്ങേക്ക് കഴിഞ്ഞില്ല. യു.ഡി.എഫ്. ഗവൺമെന്റിനും സാധിച്ചില്ല. അതുകൊണ്ട് നമ്മൾ പരസ്പരം കുറ്റം പറഞ്ഞിട്ട് കാര്യമില്ല.

പ്രതിപക്ഷത്തിരിക്കുമ്പോൾ മാത്രം ഉന്നയിക്കേണ്ട വിഷയമാണോ ഇത്? പരസ്പരം പഴിചാരാതെ യാഥാർത്ഥ്യബോധത്തോടുകൂടി കാര്യങ്ങൾ മനസ്സിലാക്കി എന്ത് ചെയ്യാൻ സാധിക്കുമെന്നുള്ളത് ആലോചിക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, മുമ്പില്ലാതിരുന്ന ഒരു പുതിയ പ്രശ്നം ഇപ്പോൾ വന്നിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് എയ്ഡഡ് കോളേജുകളിൽ സംവരണം നടപ്പിലാക്കണമെന്ന് കേരള ഹൈക്കോടതി വിധി പുറപ്പെടുവിക്കുകയുണ്ടായി. ആ വിധി നടപ്പിലാക്കുന്നതിനായി ഒരു അഭിപ്രായ സമന്വയത്തിനുവേണ്ടി ശ്രമിച്ചിട്ടുണ്ടോ ; ഇടതുപക്ഷത്തിന്റേതുൾപ്പെടെ കേരളത്തിലെ എല്ലാ പാർട്ടിക്കാരുടെയും അഭിപ്രായങ്ങൾ ആരാഞ്ഞിട്ടുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ: ഞാൻ പറഞ്ഞല്ലോ, ഇക്കാര്യത്തിൽ നമ്മൾ പരസ്പരം കുറ്റപ്പെടുത്തേണ്ടതില്ല. യാഥാർത്ഥ്യം എല്ലാവർക്കും ബോധ്യമുള്ളതാണ്. സംവരണം നടപ്പാക്കാൻ നമുക്ക് ഹൈേക്കോടതിയുടെ ഒരു നിർദ്ദേശം വേണമായിരുന്നോ; അല്ലാതെതന്നെ ചെയ്യേണ്ട ഉത്തരവാദിത്വം മുഖ്യധാരാ രാഷ്ട്രീയപാർട്ടികൾക്കില്ലേ? ഹൈക്കോടതി വിധി വന്നതുകൊണ്ട് മാത്രമാണെങ്കിൽ, ആ വിധി ഇപ്പോൾ സ്റ്റേ ചെയ്തിരിക്കുകയാണെന്ന് പറയാം. സുപ്രീം കോടതിയോ ഹൈക്കോടതിയോ പറയാതെ തന്നെ ഇവിടത്തെ മുഖ്യധാരാ രാഷ്ട്രീയ പാർട്ടികൾക്ക് സംവരണം കൊണ്ടുവരാനുള്ള ഉത്തരവാദിത്വമുണ്ട് എന്നുമാത്രമേ ഞാൻ പറഞ്ഞിട്ടുള്ളൂ. ഇതിനുമുമ്പ് പല ഗവൺമെന്റുകളും മാറിമാറി ഭരിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിന് ഒരു ആർട്ട്സ് ആന്റ് സയൻസ് കോളേജ് കൊടുക്കണമെന്ന് ആർക്കെങ്കിലും തോന്നിയോ; ഈ ഗവൺമെന്റിനല്ലേ അത് തോന്നിയത്? നിങ്ങൾ ഇത്രയുംപേർ സംസാരിച്ചപ്പോഴും പട്ടികജാതി മാനേജ്മെന്റിന് മൂന്ന് കോളേജുകൾ അനുവദിച്ച ഈ ഗവൺമെന്റിനെ അഭിനന്ദിക്കാനുള്ള മനസ്സ് ആരും കാണിച്ചില്ല. ഈ ഗവൺമെന്റ് അങ്ങനെയൊരു കാര്യം ചെയ്തുവെന്ന് പുറത്തുപറയാൻ നിങ്ങൾക്ക് മടിയാണ്. ആദ്യമായി ഇത്തരമൊരു കോളേജിനുവേണ്ടി എന്റെ മണ്ഡലത്തിൽ 5 ഏക്കർ സ്ഥലം എസ്.സി. മാനേജ്മെന്റിന് കൊടുത്തപ്പോൾ അതിനെതിരെ സി.പി.ഐ.(എം) സമരം നടത്തുകയും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് കൊടുക്കുകയും ചെയ്തു. അവരുടെ ഈ പ്രവൃത്തിയിൽ ഞാൻ അത്ഭുതപ്പെട്ടു പോയി.

ശ്രീ. എ. കെ. ബാലൻ: സർ, നിങ്ങൾ ജെനുവിനായിട്ടുള്ള ആളുകൾക്ക് കൊടുത്താൽ ഒരു പ്രശ്നവുമില്ല. നിങ്ങൾ രാഷ്ട്രീയമായ ഉദ്ദേശ്യം വച്ചുകൊണ്ടല്ലേ ആ മാനേജ്മെന്റിന് കൊടുത്തത്?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഒരിക്കലുമല്ല. പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളുകളുടെ സംഘടനയിൽനിന്ന് ആര് മുന്നോട്ട് വന്നാലും കൊടുക്കാൻ കഴിയുന്നത് നമ്മൾ കൊടുക്കും. കേരളത്തിൽ കെ.പി.എം.എസ്. എന്നുപറയുന്നത് ആരാണെന്ന് ഇടതുപക്ഷത്തിന് ഞാൻ പഠിപ്പിച്ചുതരേണ്ടതുണ്ടോ? ആ കെ.പി.എം.എസ്-നാണ് കൊടുത്തത്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, പി.ആർ.ഡി.എസ്.-ന് ഒരു കോളേജ് തുടങ്ങുന്നതിനുവേണ്ടി ഒരു കോടി രൂപ ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഈ ഗവൺമെന്റാണ് കൊടുത്തത് എന്നത് അങ്ങേയ്ക്ക് അറിയാവുന്നതല്ലേ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഇവർ ചെയ്യേണ്ട ഉത്തരവാദിത്വങ്ങളൊന്നും ഇവർ ചെയ്തിട്ടില്ല. ഒരു കാലഘട്ടത്തിൽ കേരളത്തിലെ ദളിത് സമൂഹത്തിൽ 70 ശതമാനവും ഇടതുപക്ഷത്തോടൊപ്പമായിരുന്നു. ഇന്ന് അതൊക്കെ പോയി. അന്ന് നിങ്ങൾക്ക് അവരോട് വലിയ ഉത്തരവാദിത്വമുണ്ടായിരുന്നു. ഇപ്പോൾ ആ ഉത്തരവാദിത്വം നിങ്ങൾ നിറവേറ്റുന്നില്ല. നിങ്ങൾ അവരെ മുദ്രാവാക്യ തൊഴിലാളികളാക്കി നിർത്തി. അതുകൊണ്ടാണ് ഇന്ന് നിങ്ങളുടെ പാർട്ടിയിൽനിന്ന് മറ്റ് പാർട്ടികളിലേക്ക് അവരുടെ കുത്തൊഴുക്കുണ്ടായിരിക്കുന്നത്.

ശ്രീ. എ. കെ. ബാലൻ: സർ, അവർ മറ്റുപാർട്ടികളിലേക്ക് പോയതു കൊണ്ടാണോ ഈ സഭയിലുള്ള പതിനാറ് സംവരണ അംഗങ്ങളിൽ പതിനാല് പേരും ഇടതുപക്ഷത്തുള്ളവരായത്?

ശ്രീ. എ. പി. അനിൽ കുമാർ: സർ, പട്ടികജാതിക്കാർ മാത്രം വോട്ട് ചെയ്തിട്ടല്ലല്ലോ 14 പേർ നിയമസഭയിൽ വന്നത്. പൊതുവായ മറ്റ് വോട്ടുകളും ലഭിക്കുന്നുണ്ട്. പട്ടികജാതിക്കാരുടെ വിഭാഗത്തിൽനിന്ന് വലിയ ചോർച്ച ഇടതുപക്ഷത്തിനുണ്ടായി. കെ.പി.എം.എസ്. പോലൊരു സംഘടന ഒരു കാലത്ത് ഇടതുപക്ഷത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട മുഖമായിരുന്നു. കെ.പി.എം.എസ്.-ന്റെ രണ്ട് വിഭാഗവും ഇന്ന് ഇടതുപക്ഷത്തോടൊപ്പം ഉണ്ടോയെന്ന് ശ്രീ. എ.കെ. ബാലൻ പറയണം.

ശ്രീ. എ. കെ. ബാലൻ: സർ, ഞങ്ങളുടെ കൂടെ പട്ടികജാതി ക്ഷേമസമിതിയുണ്ട്. കെ.പി.എം.എസ്.-ന്റെ കൂടെയല്ല കേരളത്തിലെ പട്ടികജാതിക്കാർ മുഴുവനുമുള്ളത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, നമ്മൾ ഇതുസംബന്ധിച്ച് ഒരു തർക്കത്തിലേക്ക് പോകേണ്ടതില്ല. പട്ടികജാതി ക്ഷേമസമിതി എന്ന ഒരു സംഘടന രൂപീകരിക്കുകയും അതിന്റെ അദ്ധ്യക്ഷ സ്ഥാനത്ത് ശ്രീ. കെ. രാധാകൃഷ്ണനെ

നിയമിച്ചതിനെയും ഞാൻ സ്വാഗതം ചെയ്യുകയാണ്. എത്രയോ കാലം ജാതി സംഘടന വേണ്ട എന്ന നിലപാട് നിങ്ങൾക്കുണ്ടായിരുന്നു. ആ നിലപാടിൽനിന്ന് നിങ്ങൾ പിന്നിലേക്ക് പോവുകയും അങ്ങനെയൊരു സംഘടന രൂപീകരിക്കുകയും ചെയ്തത് എന്തിനാണ്? മുമ്പ് അങ്ങനെയൊരു സംഘടന രൂപീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് അങ്ങേയ്ക്ക് പറയാൻ കഴിയുമോ? പരസ്പരം വിമർശിക്കാനല്ല, കാര്യങ്ങൾ സൂചിപ്പിക്കാനായാണ് ഞാനിത് പറഞ്ഞത്. ഈ ഗവൺമെന്റ് നടപ്പാക്കിയ പദ്ധതികളെക്കുറിച്ച് പൊതുവായുള്ള ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചു. പലപ്പോഴും പറഞ്ഞിട്ടുള്ളതുകൊണ്ട് ഞാനത് ആവർത്തിക്കുന്നില്ല. നമുക്ക് ഇരുപത്തിയാറോളം മെഡിക്കൽ കോളേജുകളുണ്ട്. 26 കോളേജുകളിലുമായി എസ്.സി. വിഭാഗത്തിൽനിന്ന് 130-ഓളം കുട്ടികളാണ് പഠിച്ചിരുന്നത്. പാലക്കാട് പട്ടികജാതി മെഡിക്കൽ കോളേജ് ആരംഭിച്ചപ്പോൾ കഴിഞ്ഞവർഷം മാത്രം 70 കുട്ടികൾക്ക് അഡ്മിഷൻ കൊടുക്കാൻ സാധിച്ചു. ഈ ഗവൺമെന്റിന്റെ ഏറ്റവും അഭിമാനകരമായ നേട്ടങ്ങളിലൊന്നായി ഇത് അറിയപ്പെടും. ഇത്തരത്തിലുള്ള ധാരാളം കാര്യങ്ങൾ ചെയ്തു. എല്ലാം ചെയ്തു എന്ന് പറയുന്നില്ല. ഗവൺമെന്റ് തന്നെ എല്ലാം ചെയ്തുകൊണ്ട് ഈ വിഭാഗത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയില്ല. ഈ വിഭാഗത്തിന് ലഭിക്കുന്ന തുക കൊണ്ട് എല്ലാം പരിഹരിക്കാൻ കഴിയും എന്നൊരു ധാരണ പൊതുവെയുണ്ട്. ഇവിടെ നടക്കുന്ന ചർച്ചകളിൽ പലപ്പോഴും അങ്ങനെ പറയാറുള്ളതാണ്. അതൊരു ആലങ്കാരിക പ്രയോഗമാണ്. പ്ലാൻ ഫണ്ടിൽനിന്നുള്ള തുക കൊണ്ട് മാത്രം അവരുടെ പ്രശ്നം പരിഹരിക്കാൻ കഴിയുമോ? പ്ലാൻ ഫണ്ട് എത്രയുണ്ടാവുമെന്ന് അങ്ങേക്ക് അറിയാമല്ലോ. അതുകൊണ്ട് ചെയ്യാവുന്ന കാര്യങ്ങൾക്ക് പരിമിതിയുണ്ട്. പക്ഷെ എല്ലാവരും പറയുന്നത്, ഇത്രയും കാലത്തെ പണം കൊടുത്തുകഴിഞ്ഞാൽ അവർ ലക്ഷപ്രഭുക്കളാകും എന്നൊക്കെയാണ്. പ്ലാനും നോൺ പ്ലാനും കൂടി കൂട്ടിയാൽ എത്ര കിട്ടുമെന്നത് ഈ സഭ പരിശോധിച്ചിട്ടുണ്ടോ? ഈ കിട്ടുന്ന 10 ശതമാനത്തിൽ നല്ലൊരു ശതമാനം ത്രിതല പഞ്ചായത്തുകൾക്ക് പോകുന്നു. സംസ്ഥാന ഗവൺമെന്റിന് കിട്ടുന്ന വിഹിതത്തിനനുസരിച്ച് ചെയ്യാവുന്നതൊക്കെ ചെയ്യുന്നുണ്ട്. നിങ്ങളും ചെയ്തിട്ടുണ്ട്, ഞങ്ങളും ചെയ്യുന്നുണ്ട്. നിങ്ങൾ ചെയ്തതിന്റെ തുടർച്ചയായുള്ള കാര്യങ്ങളും പുതിയ കാര്യങ്ങളും ഞങ്ങൾ ചെയ്യുന്നുണ്ട്. പ്ലാൻ ഫണ്ട് കിട്ടുന്നതുകൊണ്ട് എല്ലാം മാറ്റിമറിക്കാം എന്നുള്ള പ്രചരണം അപ്പുറത്തും ഇപ്പുറത്തും അവസാനിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അങ്ങനെയൊന്നും ലക്ഷപ്രഭുക്കളാകാൻ കഴിയില്ല. നമുക്ക് കിട്ടുന്ന ഫണ്ട് നമ്മൾ പരമാവധി

വിനിയോഗിക്കുന്നുണ്ട്. എന്നാൽ പ്ലാൻ ഫണ്ടും അതുമായി ബന്ധപ്പെട്ടതുമല്ലാതെ നമ്മൾ എന്തൊക്കെ ചെയ്യുന്നുണ്ട്? ഒരു ജനതയുടെ വികാസത്തിന് എന്തെല്ലാം കാര്യങ്ങൾ ആവശ്യമാണ്; അവരെ പൊളിറ്റിക്കൽ പവർ ആക്കണ്ടേ; നമ്മൾ അക്കാര്യം സമ്മതിക്കുന്നുണ്ടോ? ഇവിടെത്തന്നെ 14 പേർ വരുന്നത് ഭരണഘടനയിൽ സംവരണമുള്ളതുകൊണ്ടാണ്. അല്ലെങ്കിൽ വരില്ല. ഇവിടെ രാജ്യസഭാംഗങ്ങളില്ലേ; ഐക്യകേരളം ഉണ്ടായതിനുശേഷം ഈ വിഭാഗത്തിൽനിന്ന് എത്ര രാജ്യസഭാംഗങ്ങൾ ഉണ്ടായി? ഞാൻ പൊതുവായിട്ടാണ് പറയുന്നത്. ഇത് സംബന്ധിച്ച് കോൺഗ്രസ് പാർട്ടിയും മാർക്സിസ്റ്റ് പാർട്ടിയും ആലോചിക്കണം. ഈ വിഭാഗം സംവരണത്തിലൂടെ മാത്രം വളർന്നാൽ മതിയെന്ന ചിന്ത നമ്മൾ മാറ്റണം. പൊളിറ്റിക്കൽ പവറായി മാറാനുള്ള കഴിവു കൊടുക്കണം, സാമ്പത്തിക ശക്തിയാക്കണം, വ്യവസായിക ശക്തിയാക്കി മാറ്റണം, വ്യവസായ രംഗത്തുള്ള കടന്നുവരവുണ്ടാകണം. ഇവയിൽ എന്തെങ്കിലും നമുക്ക് ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ? നിങ്ങൾ അധികാരത്തിൽ വന്നാലും ഞങ്ങൾ വന്നാലും ചെയ്യുന്ന കാര്യങ്ങൾ എന്തൊക്കെയാണ്; അവർക്ക് കൊടുക്കുന്ന അധികാരം എത്രയാണ്? ഇവിടെ 100 കണക്കിന് കോർപ്പറേഷൻ വാർഡുകളുണ്ട്. രണ്ട് പാർട്ടികളും എത്ര കോർപ്പറേഷൻ വാർഡുകളാണ് അവർക്ക് കൊടുക്കുന്നത്? അത്തരം കാര്യങ്ങൾകൂടി നമ്മൾ ചർച്ച ചെയ്യണം. എസ്.സി. വിഭാഗങ്ങൾക്ക് സംവരണത്തിലൂടെ ലഭ്യമാകുന്ന കാര്യങ്ങൾകൊണ്ടുമാത്രമാണ് ഇത്രയും വളർച്ചയുണ്ടായത്. പക്ഷേ അത് മാത്രം പോര, അതിനപ്പുറത്തേക്ക് വളരാൻ കഴിയണം. സംവരണത്തിന്റെ വ്യാപ്തി കുറഞ്ഞുവരികയാണ്. ഇന്ത്യയിൽ തൊണ്ണൂറുകൾക്കുശേഷം സ്വകാര്യ മേഖല വളരെയധികം വളർന്നിട്ടുണ്ട്. അവിടെ എന്തെങ്കിലും സ്വാധീനം ചെലുത്താൻ കഴിയുന്നുണ്ടോ? മുഖ്യധാരാ രാഷ്ട്രീയപാർട്ടികൾ അതിനുവേണ്ടി എന്തെങ്കിലും ചെയ്യുന്നുണ്ടോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, രാജ്യസഭയിലേയ്ക്ക് സി.പി.ഐ.(എം) കേന്ദ്ര കമ്മിറ്റി മെമ്പറായ സഖാവ് ചാത്തുണ്ണി മാസ്റ്ററെ രണ്ട് തവണ ഞങ്ങൾ അയച്ചു. ആരെയും അയച്ചിട്ടില്ല എന്ന് പറയരുത്.

<u>ശ്രീ. എ. പി. അനിൽ കുമാർ:</u> സർ, ഞാൻ അങ്ങനെ പറഞ്ഞില്ല. എത്ര പേരെ അയച്ചു എന്നാണ് ചോദിച്ചത്. ബഹുമാനപ്പെട്ട അംഗം തെറ്റിദ്ധരിച്ചതാണ്. അങ്ങ് പറഞ്ഞത് ശരിയാണ്. കോൺഗ്രസ്സിൽനിന്നും വന്നിട്ടുണ്ട്. ഞാൻ പറഞ്ഞത് ഐക്യ കേരളം ഉണ്ടായതിനുശേഷം ആനുപാതികമായി അവർക്ക് രാജ്യസഭാംഗത്വം

ലഭിച്ചില്ല എന്നാണ്. കോർപ്പറേഷനുകളിൽ എസ്.സി./എസ്.ടി. കോർപ്പറേഷന്റെ ചെയർമാനാക്കും. അതിനപ്പുറത്തേക്ക് അധികാരം കൊടുക്കുകയില്ല. അതിലൊക്കെ ഒരു മാറ്റം വരുത്തേണ്ടതല്ലേ; അധികാരം ഇവർക്ക് കൊടുക്കേണ്ടേ? ഞാൻ കൂടുതൽ പറയുന്നില്ല. അപ്രിയ സത്യങ്ങൾ പറയരുതെന്നാണ്. പൊളിറ്റിക്കൽ പാർട്ടികളുടെ സംഘടനാപരമായ സംവിധാനം പരിശോധിച്ചാൽ അവിടത്തെ സ്ഥിതിയെന്താണ്; അതൊക്കെ ആരെങ്കിലും ചർച്ച ചെയ്യുന്നുണ്ടോ? ഇവിടെ പ്ലാൻ ഫണ്ട് കിട്ടുന്നുണ്ടോ തുടങ്ങിയ ചർച്ചകളാണ് നടത്തുന്നത്. ഐക്യകേരളം രൂപം കൊണ്ടതിനുശേഷം യൂണിവേഴ്സിറ്റി വൈസ് ചാൻസലർമാരായി അപൂർവം ആളുകളാണ് വന്നത്. ഇവിടെ കഴിവുള്ളവരില്ലേ? കെ.ആർ. നാരായണൻ ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറായിട്ടുണ്ട്. പക്ഷേ കേരളത്തിൽ എത്ര വൈസ് ചാൻസലർമാരുണ്ടായി? മുമ്പ് ക്ഷേത്രങ്ങളിലും മറ്റുമാണ് അയിത്തമുണ്ടാ യിരുന്നതെങ്കിൽ ഇന്ന് അധികാരസ്ഥാനങ്ങളിൽ ഇവർക്ക് അയിത്തം കൽപ്പിക്കുകയാണ്. അതിന് മാറ്റമുണ്ടാകണമെങ്കിൽ രാഷ്ട്രീയ പാർട്ടികളുടെ ചിന്തയിൽ മാറ്റമുണ്ടാകണം. നമ്മൾ ഇവിടെ മാത്രം സംസാരിച്ചതുകൊണ്ട് കാര്യമായില്ല. ഭൂമി കൊടുക്കുന്നതും വീട് കൊടുക്കുന്നതുമായ ചർച്ച കൊണ്ടുമാത്രം ഒരു ജനതയെ മാറ്റാൻ സാധിക്കില്ല. ഇത്തരം കാര്യങ്ങളിൽ അവർക്ക് അർഹമായ പ്രാതിനിധ്യം കൊടുക്കാൻ കഴിയണം.

ശ്രീ. വി. ശിവൻകുട്ടി: സർ, കേരള യൂണിവേഴ്സിറ്റി പി.വി.സി. യുടെ വീട് ആക്രമിക്കപ്പെട്ടു. അതിന്റെ കഥകളൊന്നും ഞാൻ പറയുന്നില്ല. ആ സംഭവത്തിൽ ഒരു നടപടിയും ഇതുവരെ എടുത്തിട്ടില്ല.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ ഇത്രയും കാര്യങ്ങൾ പറഞ്ഞത് പൊതുവായി ഇത്തരം കാര്യങ്ങൾകൂടി നമ്മുടെ ചർച്ചയ്ക്ക് വിധേയമാകണമെന്നുള്ളതു കൊണ്ടാണ്. അല്ലാതെ പ്ലാൻ ഫണ്ട് ചെലവഴിച്ച് ഭൂമിയും വീടും കൊടുക്കുമ്പോൾ അതിലുള്ള കാര്യങ്ങൾ മാത്രം ചർച്ച ചെയ്താൽ ഒരു സമൂഹത്തിന് വളരാൻ കഴിയില്ല. ഇന്നത്തെ സാഹചര്യത്തിൽ ഇത്തരമൊരു ചർച്ച കൊണ്ടുവന്നത് ഏറ്റവും നല്ല കാര്യമാണ്. കാരണം ദേശീയ തലത്തിൽ ഇവിടെ സൂചിപ്പിക്കപ്പെട്ടതുപോലെ ആർ.എസ്.എസ്. ഉൾപ്പെടെയുള്ള വർഗ്ഗീയ സംഘടനകൾ സംവരണത്തിനെതിരായി ബോധപൂർവമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. അത്തരമൊരു സാഹചര്യത്തിൽ നമുക്ക് ഇത്തരമൊരു ചർച്ച അനിവാര്യമാണ്. ഗുജറാത്തിൽ ശ്രീ.

ഹാർദിക് പട്ടേൽ നേതൃത്വം നൽകുന്ന സമരത്തിൽ പട്ടേൽ വിഭാഗത്തിന് സംവരണം വേണമെന്നാണ് പറയുന്നത്. സംവരണം വേണമെന്ന് പറയാനുള്ള അവകാശത്തെ ചോദ്യം ചെയ്യാൻ കഴിയില്ല. എന്നാൽ അവർക്ക് സംവരണം കൊടുത്തില്ലെങ്കിൽ മറ്റാർക്കും സംവരണം കൊടുക്കേണ്ട എന്നാണവർ പറയുന്നത്. സംവരണത്തിനുവേണ്ടിയുള്ള ഹാർദിക് പട്ടേലിന്റെ സമരത്തെ എന്തുകൊണ്ട് എതിർക്കുന്നു എന്ന് ചോദിച്ചാൽ നമ്മൾ ചില വിലയിരുത്തലുകൾ നടത്തിയാൽ അത് മനസ്സിലാകും. സമരം പ്രഖ്യാപിച്ച് ഹാർദിക് പട്ടേൽ പറഞ്ഞത് അവിടെയുള്ള പട്ടേൽ സമുദായാംഗങ്ങളുടെ ബാങ്ക് ഡിപ്പോസിറ്റ് പിൻവലിച്ചുകൊണ്ട് സമരം നടത്തുമെന്നാണ്. കേരളത്തിൽ പാവപ്പെട്ട പട്ടികജാതിക്കാരൻ അമ്പതിനായിരമോ ഒരു ലക്ഷമോ രൂപ കടമെടുത്തത് എഴുതിത്തള്ളണമെന്നും അവരുടെ കിടപ്പാടം നഷ്ടപ്പെടുത്തരുതെന്നും പറഞ്ഞുകൊണ്ട് സമരം നടത്തുമ്പോൾ പട്ടേൽ വിഭാഗങ്ങൾ സമരം നടത്തുന്നത് കോടികൾ പിൻവലിക്കുമെന്ന് ഗവൺമെന്റിനെ ഭീഷണിപ്പെടുത്തി കൊണ്ടാണ്. പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയെ അമേരിക്കയിൽവച്ച് തടയാൻ ശക്തിയുള്ള പട്ടേൽ വിഭാഗമാണ് സംവരണം ചോദിക്കുന്നത്. അതും ആർ.എസ്.എസ്.-ന്റെ മുദ്രാവാക്യവും ഒരുമിച്ച് കൂട്ടിവായിച്ചുകഴിഞ്ഞാൽ ഇന്ത്യയിലെ മുഴുവൻ വിഭാഗങ്ങളുടെയും സംവരണം തകർക്കുവാനുള്ള ആർ.എസ്.എസ്.-ന്റെ ബോധപൂർവമായ ശ്രമമാണ് ഇന്ത്യയിൽ നടന്നുകൊണ്ടിരിക്കുന്നതെന്ന് കാണാൻ കഴിയും. അതിന്റെ പ്രതിഫലനമാണ് ഗുജറാത്തിലും നടക്കുന്നത് എന്നത് നമ്മൾ ഗൗരവത്തോടെ മനസ്സിലാക്കി സംവരണവിഷയം അതിന്റേതായ അർത്ഥത്തിൽ കണ്ടില്ലെങ്കിൽ വലിയ പ്രശ്നങ്ങൾ നമ്മുടെ നാട്ടിലുണ്ടാകും. അതുകൊണ്ട് അർഹമായ അവകാശങ്ങൾ നൽകുക. ഈ ചർച്ച മുന്നോട്ടുകൊണ്ടുവന്ന ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവിനെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. അതോടൊപ്പംതന്നെ സമൂഹത്തിന്റെ എല്ലാ തലങ്ങളിലും ദളിത് വിഭാഗങ്ങൾക്ക് പങ്കാളിത്തം നൽകാനുള്ള ഒരു തുറന്ന ചർച്ചയും സമീപനവും കേരളത്തിലെ മുഖ്യധാരാ രാഷ്ട്രീയ പാർട്ടികൾക്കുണ്ടാക്കാൻ കഴിഞ്ഞാൽ ഒരു വലിയ മാറ്റം ഈ മേഖലയിലുണ്ടാകും എന്ന് സൂചിപ്പിച്ചുകൊണ്ട് മഹാനായ ഡോ. ബി. ആർ. അംബേദ്കറുടെ ഓർമ്മകൾക്കുമുന്നിൽ പ്രണാമമർപ്പിച്ചു കൊണ്ട് നിർത്തുന്നു.

മി. സ്പീക്കർ: ചട്ടം 130 അനുസരിച്ചുള്ള ചർച്ച അവസാനിച്ചിരിക്കുന്നു.

## XI പ്രത്യേക പരാമർശം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, തമിഴ്‍നാട്ടിൽ തുടർച്ചയായ മഴയെത്തുടർന്നുണ്ടായ വെള്ളപ്പൊക്കത്തിന്റെ കെടുതികളെ സംബന്ധിച്ച വാർത്തകൾ രാവിലെ മുതൽ വന്നുകൊണ്ടിരിക്കുന്നു. ഇപ്പോൾ സ്ഥിതി അതിരൂക്ഷമാണെന്നാണ് വിവരം ലഭിച്ചിരിക്കുന്നത്. ഇവിടെ നിന്ന് തമിഴ്‍നാട്ടിലേക്ക് യാത്ര പോയവരുടെ വിവരങ്ങൾ ഉച്ചവരെ അറിയാൻ സാധിച്ചിരുന്നെങ്കിലും ഇപ്പോൾ അവരെ ബന്ധപ്പെടാൻ സാധിക്കുന്നില്ല. അവരെ സഹായിക്കുന്നതിനായി എന്താണ് ചെയ്യാൻ കഴിയുന്നതെന്നത് സംബന്ധിച്ച് മന്ത്രിമാരെല്ലാം കൂടിച്ചേർന്ന് ആലോചിക്കുന്നതാണ്. ഒരു കൺട്രോൾ റൂം തുറക്കുന്നത് സംബന്ധിച്ചും ആലോചിക്കുകയാണ്. പക്ഷേ തമിഴ്‍നാട്ടിലെ ഒരു നമ്പറുമായും ബന്ധപ്പെടാൻ സാധിക്കുന്നില്ല. ഗവൺമെന്റുമായും ബന്ധപ്പെടാൻ സാധിക്കുന്നില്ല. ഏതായാലും അക്കാര്യത്തിൽ ഉടൻതന്നെ ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നുള്ള വിവരം സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ: ഓർഡർ, ഓർഡർ ......... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2015 ഡിസംബർ മാസം 3-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാത്രി 9.33-ന് പിരിഞ്ഞു.)